BLUE INK BOOKS

കാട്ടാളൻ

മനോജ്

കാട്ടാളൻ

നോവൽ

മനോജ്

ബ്ലൂ ഇങ്ക് ബുക്സ്
കാട്ടാളൻ
(Kattalan)
(Novel)
By Manoj
*
Published in :2025 December
Published by:
Blue Ink Books
*
Blue Ink Books & Multi Media
I[st] Floor, Epsilon Annex Buildings
Sadhoo Complex, Fort Road, Kannur -1
*
email:editorblueinkbooksknr@gmail.com
blueinkbooksknr@gmail.com
Web:www.blueinkbookskannur.com
Ph: 9446265661, 7012701361
*
Cover Design:.Nived Kothery
Printing at: Blue Ink Multimedia

*
© All rights reserved
No part of this publication may be reproduced,
stored in or introduced into a retrieval system, or transmitted,
in any form, or by any means, electronic, mechanical,
photocopying, recording or otherwise without the prior
written permission of the publisher
BIB-KNR-SL No.**55** D-K-P-K L-R-55/25 C5H
ISBN: 978-81-993534-5-9
Price :799/-

കാട്ടാളൻ

(നോവൽ)

മനോജ്

ബ്ലൂഇങ്ക് ബുക്സ്

മനോജ്

1956 മെയ് 6 ന് കഞ്ചിക്കോട് ജനിച്ചു. ബാല്യകൗമാരങ്ങൾ കല്ലേപ്പുള്ളിയിലും യൗവ്വനാരംഭകാലം ചിറ്റൂരിലും ആയിരുന്നു. പിന്നീടുള്ള 38 വർഷം കൊല്ലങ്കോടായിരുന്നു താമസം. ആത്മാന്വേഷണത്തിന്റെയും സ്വത്വാന്വേഷണത്തിന്റെയും ഭാഗമായി വിദ്യാഭ്യാസവും ജോലിയും ഉപേക്ഷിച്ചു. മുഴുവൻ സമയ എഴുത്തുകാരനായിരുന്നു. *മിന്നാമിനുങ്ങുകൾ മെഴുകുതിരികൾ* എന്ന ആദ്യത്തെ നോവലിന് ദേശാഭിമാനി സ്റ്റഡി സർക്കിൾ അവാർഡ് ലഭിച്ചിട്ടുണ്ട്. *ജീവിക്കുന്നവരുടെ ശ്മശാനം, കാട്ടാളൻ, കാലാവധി, വേദാരണ്യം, സത്യവാഗീശ്വരൻ, രാക്ഷസകുലം, ദേഹവിയോഗം, ജ്ഞാനയോഗം, ജീവകാരുണ്യം, സുഖവാസികളുടെ ലോകം, ശരിയുത്തരങ്ങൾ, ചിതയൊരുക്കം, ശവസംസ്കാരം, മാംസഭുക്കുകൾ, സഹജം (നോവലുകൾ), യുദ്ധമുഖം, ചിതലെടുക്കാത്ത ജീവിതം, ബ്രഹ്മജ്ഞാനത്തിന്റെ ഗൂഢാർത്ഥങ്ങൾ, ആദ്ധ്യാത്മികതയുടെ ഭൗതികപരിസരം (ലേഖനങ്ങൾ), മതബോധനത്തിന്റെ ദൃശ്യശാസ്ത്രം (പഠനം), മഹാബലി, തണുപ്പ് (നാടകങ്ങൾ), സമാന്തരയാത്രകൾ, യാത്രയിൽ തനിയെ (സംവാദങ്ങൾ), ഗന്ധർവകഥകൾ (കൗമാരനോവൽ) എന്റെ എഴുത്തിന്റെ ദർശനവും എം.സുകുമാരനും (കത്തുകൾ, ലേഖനങ്ങൾ),*എന്നിവയാണ് പുസ്തകരൂപത്തിൽ പ്രസിദ്ധീകൃതമായ കൃതികൾ. *ഇങ്ങനെയും ഒരാൾ* (മുണ്ടൂർ രാവുണ്ണിയുമായുള്ള അഭിമുഖം), *യോഗവിയോഗം* എന്നിവ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കാനുണ്ട്.

കോയമ്പത്തൂർ കേരള കൾച്ചറൽ സെന്ററിന്റെ 2013 ലെ സാഹിത്യ അവാർഡ് ലഭിച്ചിട്ടുണ്ട്.

വാക്കറിവ് എന്ന മാസികയുടെ പത്രാധിപരായിരുന്നു. 2022 ആഗസ്റ്റ് 6 നു നിര്യാതനായി.

ഭാര്യ : ഡോ.പി.സുഖലത
'ഗയ',
പോസ്റ്റ് ഓഫീസിനു പിൻവശം,
കൊല്ലങ്കോട് പി.ഒ. 678506
മൊബൈൽ : 9446638940

പ്രസാധകക്കുറിപ്പ്

വിവിധ സാഹിത്യശാഖകളിലൂടെ മലയാളത്തിന് നിസ്തുലമായ സംഭാവനകൾ നൽകിയ എഴുത്തുകാരനാണ് മനോജ്. ജീവിതത്തിന്റെ ഏറിയ പങ്കും തന്റെ സർഗസപര്യയ്ക്കായി അദ്ദേഹം നീക്കിവെച്ചു. എഴുത്തുകാർ സാധാരണ സഞ്ചരിക്കാറുള്ള വഴികളിലൂടെ അദ്ദേഹം സഞ്ചരിച്ചില്ല. ദാർശനികമായ ഉൾക്കാഴ്ചകളോടെ പ്രത്യാശാഭരിതമായ ജീവിതക്കാഴ്ചകളെ വിലയിരുത്താനും അവ രചനകളിലാവിഷ്ക്കരിക്കാനും അദ്ദേഹം എന്നും ശ്രമിച്ചു. കാലത്തിന്റെ രാഷ്ട്രീയദർശനം ഉൾച്ചേർന്ന എഴുത്തായിരുന്നു മനോജിന്റേത്.

കാട്ടാളൻ എന്ന കൃതി മനോജ് എന്ന എഴുത്തുകാരന്റെ മാസ്റ്റർപീസ് രചനകളിലൊന്നാണ്. ഭൂതകാല കേരളീയ സാംസ്കാരിക-രാഷ്ട്രീയ പശ്ചാത്തലം ഇതിൽ നിറഞ്ഞുകിടക്കുന്നു. ഈ വർത്തമാനകാലത്ത് വായനയുടെ പുതിയ മാനങ്ങൾ കണ്ടെത്താൻ *കാട്ടാളന്റെ* പുതിയ പതിപ്പിന് കഴിയുമെന്ന് പ്രത്യാശിക്കുന്നു. ബ്ലൂ ഇങ്ക് ബുക്സ് സസന്തോഷം ഈ ബൃഹദ് കൃതി പ്രസാധനം ചെയ്യുന്നു.

സി.പി.ചന്ദ്രൻ
മാനേജിംഗ് എഡിറ്റർ
ബ്ലൂ ഇങ്ക് ബുക്സ്

പാഠകം ഒന്ന്

ഒന്ന്

പുരാതനനഗരത്തിലേതുമാതിരി തീക്ഷ്ണമായിരുന്നില്ല നാട്ടിൻ പുറത്തെ ചൂട്. ലേശം തണുത്തകാറ്റ് തീകാച്ചുന്ന വെയിലത്തും ഇഴഞ്ഞു നടക്കുന്നുണ്ടായിരുന്നു.

മേൽത്തട്ടിലെ ഈട്ടികട്ടിലിൽ ഉച്ചയുറക്കം കഴിഞ്ഞു വശംകെട്ട് പാർത്ഥൻ കിടന്നു. അയാളുടെ തളർന്നമനസ്സിൽ ഒരുറക്കത്തിന്റെ ശേഷിച്ച ഭാഗം പൊരിഞ്ഞുനീറി. എണീക്കാൻ മടിച്ച് കിളിവാതിലിന്റെ കുത്തഴികളിലൂടെ വെയിലാറി തണുക്കുന്ന പാടത്തേക്കു നോക്കുമ്പോൾ വിളഞ്ഞ് കഴുത്തുതൂങ്ങി കിടക്കുന്ന നെല്ക്കതിരുകളുടെ സാമ്രാജ്യത്തെയാണു കാണുന്നത്. കാവൽച്ചാളയിൽ സമയം പോക്കാനായി കൂനിയിരിക്കുന്ന കന്നാലിപിള്ളേർ. പാടം പകുത്തുപോകുന്ന നിരത്തിൽനിന്ന് ഓരിയിടുന്ന ഇടയ്ക്കിടെ മാത്രം പോവുന്ന ബസ്സുകൾ.

അനന്തേട്ടൻ പ്രതാപത്തെ സംരക്ഷിക്കാനായി കാറുതന്നയയ്ക്കുകയായിരുന്നു. ഗ്രാമപ്പാതയിലൂടെ പൊടി പറത്തിക്കൊണ്ട് വാഹനം കടന്നുപോകുമ്പോൾ ആഹ്ലാദം മൂത്ത് തുള്ളിച്ചാടുന്ന പിള്ളേർ.

അനന്തേട്ടൻ വഴിമറന്നിട്ടും ആരുടെയോ കാല്പാടുകളിലൂടെ മേനികാട്ടി പ്രഗൽഭനാവുന്നു. താഴെനിന്ന് രേണുകേടത്തിയുടെ ഒച്ചകേൾക്കാനുണ്ട്. നാലുനാൾക്കുമുമ്പാരംഭിച്ച അമ്മായിയുടെ തിരക്ക് ഇനിയും അവസാനിച്ചിട്ടില്ല.

അഴിഞ്ഞ ഉടുമുണ്ടു വാരിച്ചുറ്റി പാർത്ഥൻ വീണ്ടും കട്ടിലിൽ തന്നെ കിടന്നു.

പറയത്തക്ക യാതൊന്നും ചെയ്യാനില്ല. ഞാനിവിടെ വന്നുകൂടിട്ട് ദിവസങ്ങൾ നാലഞ്ചുകഴിഞ്ഞിരിക്കുന്നു. അവിടെനിന്നു പുറപ്പെടുമ്പോൾ എനിക്ക് വേഗം തിരികെ ചെല്ലണമെന്നുണ്ടായിരുന്നു. ഇവിടെ വന്നപ്പോഴാണു ബോധങ്ങൾക്കൊക്കെ പുനഃരൂപീകരണം നടന്നത്.

ഒരിടത്തും അധികകാലം തങ്ങുന്നതുകൊണ്ട് പ്രത്യേകിച്ചു കോട്ടങ്ങളൊന്നും എനിക്കു സംഭവിക്കാനില്ല. മനസ്സിന്റെ ആധി

അടങ്ങുമ്പോൾ പതിവില്ലാതെ ചെന്നു കൂടിയിരിക്കുന്ന താവളത്തിൽനിന്ന് മടങ്ങിപോരേണ്ടതായി വന്നേയ്ക്കാം.

ഡോക്ടർ അനന്തൻ എന്നെ കാറിൽ നിന്നകറ്റിനിർത്തി ചുണ്ടിനു താഴെ മാത്രമായി രൂപമണിയുന്ന പതിഞ്ഞ വാക്കുകളുതിർത്തു:

''വി ഹാവ് സം പ്രെസ്റ്റിജ് ടു കീപ്പ്. യൂ നോ ഇറ്റ്. യുവർ റെസ്പോൺസിബിലിറ്റി ഈസ് ടു കീപ്പ് ഇറ്റ് ഫോർ എവർ.''

ഒരു പടുവങ്കന്റേതുപോലെ സാരോപദേശങ്ങൾ കേട്ടുകൊണ്ടു നില്ക്കുമ്പോൾ എന്നിൽ ഊറിക്കൂടിയിരുന്നത് പറഞ്ഞുതീർക്കാനാവാത്ത വെറുപ്പായിരുന്നു.

ഡോക്ടർ അനന്തന്, എന്റെ അനന്തേട്ടന് ജനപ്രളയത്തിൽ നഗ്നനായി നിന്നതുപോലെ തോന്നുവാൻ തക്കവണ്ണം യാതൊന്നും സംഭവച്ചിട്ടുണ്ടായിരുന്നില്ല.

മിസ്സിസ്സ് പത്മനാഭന്റെ നനുത്ത ഭാവുകങ്ങൾ.

''സ്പെന്റ് യുവർ ഡേയ്സ് വെരി ഹാപ്പിലി.''

ഔപചാരികത മാത്രമുള്ള ആ വാക്കിന് പറഞ്ഞുപഴകിവന്ന മർമ്മം ഭേദിച്ചുചെല്ലാത്ത ഒരു ശീലിന്റെ അത്ഥവ്യാപ്തി മാത്രം.

രേണുകേടത്തിയുടെ മുഖം പ്രസന്നമായിരുന്നു. രണ്ടു നാളുകൾക്കുമുമ്പേ അവർ എന്നോട് ഉത്സാഹത്തോടെ നാട്ടിലെ ഗുണഗണങ്ങളെ ഒന്നൊന്നായി പറഞ്ഞു കേൾപ്പിച്ചിരുന്നു. നഗരത്തിന്റെ തിരതല്ലലിൽനിന്ന് രക്ഷനേടുമ്പോൾ കൈമോശം വന്ന എന്തെല്ലാമോ വീണ്ടും കണ്ടെത്തുമെന്ന പ്രതീക്ഷ!

മര അഴിയിട്ട കോണിപ്പടികൾ ചടച്ച ഒച്ചയിട്ടു. നടന്നുതേഞ്ഞ കാൽപ്പെരുമാറ്റം കട്ടിളതാണ്ടി അവസാനിച്ചു. രേണുകേടത്തി ഉച്ചയുറക്കം മായ്ക്കാനായി വീണ്ടും കുളിച്ചിരുന്നു.

''പാർത്ഥേട്ടൻ ഒറക്കന്യാണ്ന്ന് കരുതി.''

''രണ്ടിനു കെടന്നതല്ലേ. ഇനിയും കിടന്നാൽ രാത്രി ഉറങ്ങില്ല.''

രേണുകേടത്തി ചിത്രക്കാലുകളുള്ള മേശചാരി വെറുതെനിന്നു. അവരുടെ പൗഡറിടാത്ത നഗ്നമായ മുഖത്ത് എന്തിന്റേയോ പാട പൊതിഞ്ഞു കിടക്കുന്നതായി തോന്നി. കണ്ണുകൾക്കു താഴെ മാലിന്യമായി അടിഞ്ഞു കൂടിയിരിക്കുന്ന വിളർത്ത കവിളുകൾ.

''നീം അങ്ങ്ടന്യെ പോണംല്ലോ.....''

രേണുകേടത്തിയുടെ നെടുവീർപ്പ് ചെവിയ്ക്കൽ വീണടഞ്ഞു. പാർത്ഥൻ ചുവരുചാരി എണീറ്റിരുന്നു. അമ്മയുടെ കാളതെളിയ്ക്കും അച്ഛന്റെ കണക്കുകൂട്ടലുകൾക്കും ഇടയ്ക്ക് ഒന്നിനേ സ്ഥാനമുണ്ടായിരുന്നുള്ളൂ, പണത്തിന്.

പെങ്ങളുടെ നെല്ലുകുമിഞ്ഞ് സ്വർണ്ണം പെരുകുന്ന അറയെ

അച്ഛൻ അത്രകണ്ട് ആരാധിച്ചിരുന്നു. എന്തും അനുഷ്ഠാനത്തോടെ ചെയ്തുതീർക്കുന്ന മകൻ വലിയവരുടെ ഏതു വിവരക്കേടിലും സ്വന്തം ഉന്നതിയെ ലാക്കു കാണുമ്പോൾ ഞാൻ നിസ്സഹായനായി പിന്മാറുകയായിരുന്നു.

അനന്തേട്ടനുമായി കുറേനേരം വാക്കുതർക്കിച്ച് സമയം കളഞ്ഞതു മിച്ചം.

“ആ കൊട്ടത്തളത്തില് കൊപ്ലിച്ചോള്ളു.. ഞ്യാ ഒണർന്നോന്നു നോക്കാൻ വന്നതാ.”

അവർ വീണ്ടും അകന്നു. ചൂടുപൊയ്പ്പോയ മുറിയിൽ വെളിച്ചത്തിന്റെ തെളിച്ചമില്ലായിരുന്നു.

പാർത്ഥൻ മുഖം കഴുകി കൊപ്ലിച്ച് മുറിയിൽ ഉലാത്തി. ക്ഷീണവും, പാരവശ്യവും മാറാനായി കൈകൾ ഉയർത്തി നടുനിവർത്തു. കിളിവാതിലിലൂടെ ലോകത്തെ നോക്കിയപ്പോൾ മാഞ്ചോട്ടിലെ കാറിന്റെ മേല്പുരയിൽ നിറച്ചും പഴുത്തിലകൾ. പൊടിപിടിച്ച് അലങ്കോലപ്പെട്ട കാറ്. കിണറ്റിൻപള്ളയിലെ തളം കെട്ടിക്കിടക്കുന്ന വെള്ളത്തിൽ ചിറകുതല്ലി കളിക്കുന്ന കാക്ക. മഴത്തുള്ളികളെ പോലെ ജലകണങ്ങൾ പിറകിൽനിന്നു വീഴുമ്പോഴും അത് കൂട്ടരെ വിളിച്ച് ഉച്ചത്തിൽ കരഞ്ഞു.

കാരോലപ്പവും കുന്നമ്പഴവുമായി നാലുമണിനേരത്തെ കാപ്പി കുടി. നാട്ടിമ്പുറത്തിന്റെ സ്വാദ് നാവിൻ തുമ്പുനുണച്ചു. എല്ലാം തിന്നുതീർത്തപ്പോൾ അമ്മായി ചോദിച്ചു:

“നീം വേണോ...?”

“വേണ്ട...”

നഗരത്തിലെ കോഫീഹൗസുകളിൽ ചടഞ്ഞിരിക്കുമ്പോൾ രസാനുഭൂതി പോലുമില്ലാതാക്കുന്ന വെപ്രാളം. നൂറുകൂട്ടം കാര്യങ്ങൾ ഒരേ നിമിഷത്തിൽ ചെയ്തുതീർക്കാനാവാഞ്ഞുള്ള വൈഷമ്യം. ഇവിടെ എല്ലാം ഒരു താളനിബദ്ധതയോടെ സാവകാശം നീങ്ങുന്നു.

“അമ്മായിക്ക് വീട്ടിലേക്കൊന്നു വന്നൂടേ...?”

“നിന്റെ യാത്ര ഒരുദ്ദേശത്തിലേക്കേള്ളൂ. നരകാച്ചാനരകം സ്വർഗ്ഗച്ചാ സ്വർഗ്ഗം.” പിന്നീട് ഒരു തെറ്റുതിരുത്തുന്നതുപോലെ അവർ പറഞ്ഞു: “വിശേഷൊക്കേണ്ടാവുമ്പൊന്റെ വരവ്ണ്ടാവും. ആര് വന്നച്ചാലും പാർത്ഥനവടൊന്നുംണ്ടാവില്ലല്ലോ..!”

തെണ്ടിത്തിരിഞ്ഞ് രാത്രി ഏറെ ഇരുട്ടി മുറിയിലെത്തുമ്പോൾ ശാസിക്കാനോ, പുറംതിരിഞ്ഞുകിടക്കാനോ ആരുമുണ്ടാവില്ല.

കതകുതുറന്ന് പിന്നാക്കം മാറിനില്ക്കുന്ന അമല ഉറക്കം വെടിഞ്ഞതിനാലുള്ള വെറുപ്പുപോലുമില്ലാതെ മലർക്കെ നിന്നു ചിരിക്കയാവും.

അരമതിലിലെ ഓട്ടുകിണ്ടിയെടുത്ത് പാർത്ഥൻ കൈകഴുകി. മുണ്ടിന്റെ കോന്തലയിൽ ചിറിതുടച്ച് വീണ്ടും കസേരയിലിരുന്നു. ഒഴിഞ്ഞ പാത്രങ്ങൾ അകത്തുവെച്ച് അമ്മായി തിരിച്ചെത്തി. അവരുടെ മുഖത്തേക്ക് സങ്കോചത്തോടെ അയാൾ നോക്കി. മുഖമാകെ മേഘപടലം വീണ് ആകെ വിഷണ്ണമായിരിക്കുന്നു.

തൊണ്ടപൊളിച്ച് വാക്കുകൾ എവിടേയോ ഒളിച്ചു. അന്യഥാ കടന്നുവന്ന ഭയം ചിറകടിച്ചുതുടിച്ചു. മൗനിത നിമിഷങ്ങളുടെ നീണ്ട വരവ് പതുക്കെ ഉടഞ്ഞു.

അമ്മായി പറഞ്ഞു: ‘‘കട്ട്യോളെ ഒരെടത്തേക്കയയ്ക്കണത് സുഖമായി കഴ്യാനാ. അവരുടെ തൃപ്ത്യാ പെറ്റോർടെ പുണ്യം. നിയ്ക്കാകേ ഒര് മോളള്ളൂ.’’

എന്റെ അച്ഛൻ മുന്നിൽക്കണ്ടത് ആ ഒരു ബിന്ദുവെതന്നെയാണ്. പന്തീരാണ്ടുതിന്നാലും തീരാത്ത സ്വത്ത്. എല്ലാറ്റിനും അവകാശിയായി ഏക മകൾ. നഗരത്തിലെ സമ്പന്നകുടുംബങ്ങളിലെ നീണ്ട പട്ടികകളെ ഒരു കുടുംബചർച്ചക്കുശേഷം അവർ മെതിച്ചു തൂത്തെറിയുകയായിരുന്നു. മുൻവശത്തിരുന്ന് കാര്യബോധത്തോടെ പ്രശ്നം ചർച്ചചെയ്യുമ്പോൾ എന്റെ അടുത്തായി അനന്തേട്ടനും. മൂപ്പർക്കു തികച്ചും വ്യതിരിക്തമായ തീരുമാനങ്ങളുമൊന്നുമുണ്ടായിരുന്നില്ല.

അച്ഛന്റെ തിരഞ്ഞെടുപ്പിൽ എള്ളിടബന്ധുത്വത്തിന്റെ മുൻഗണനയും.

അമ്മായി കവിളുകീറികരഞ്ഞു. അവരുടെ തേങ്ങൽ ഇഴഞ്ഞിഴഞ്ഞ് തണലുവീണ മുറ്റം കവച്ചു. പാർത്ഥൻ അസ്വസ്ഥതയോടെ ചുറ്റിലും നോക്കി.

‘‘നിക്ക് ആദ്യന്യെ ലേശം പേട്യാർന്നൂ. പഠിപ്പും പത്രാസ്സൊന്നില്ലാത്തോളാർന്നു. ഏട്ടന്റെ നെലയ്ക്ക് ഏഴകളന്യാ. ന്ട്ടും രക്തബന്ധായതോണ്ട് പിരിമുറുകട്ടേന്നെച്ച് സമ്മതിച്ചതാർന്നൂ! അവള് ന്നോട് കാര്യന്നും പറയ്യേണ്ടായിട്ടില്യന്നാലും പെറ്റോർക്കറിയാല്ലോ വിശേഷായിന്തെങ്കിലും...?’’

‘‘ഏയ്.... ഇല്ല.....’’

‘‘എന്താച്ചാലും പറഞ്ഞോളൂ’’

‘‘പറയത്തക്ക ഒന്നുമുണ്ടായിട്ടില്ല.’’

കൂട്ടത്തിൽ ഒറ്റതിരിഞ്ഞ് വഴിതെറ്റി പൊതു മൈതാനത്തിലെ

ആൾത്തിരക്കിൽ വന്നുപെട്ടതുപോലുള്ള രേണുകേടത്തിയുടെ അവസ്ഥ. അനന്തേട്ടന്റെ സമയനിബന്ധിത പരിപാടിയായി ചില വഴിയുന്ന ദിവസങ്ങൾ! ഉള്ളു തുറന്ന് സല്ലപിക്കുന്നതുപോലും അപഹാസ്യതയായി കരുതുന്ന മാന്യത!

എന്റെ മുന്നിൽപോലും അവർക്ക് തിരശ്ശീലകളുണ്ടായിരുന്നു. ''അവളാച്ചാന്റെ വെഷമോർത്ത് ന്നോടൊന്നും പറയ്യേണ്ടാവില്ല. പെങ്കുട്ട്യോൾക്ക് കൊറേക്കെ അത് വേണ്ടതന്യ. ന്നാലും പരിധി തെറ്റുമ്പോ ഒക്കെ വെഷമന്യാവും.''

''ഞാനെന്നും വീട്ടിലുണ്ടാവില്ലല്ലോ. എനിക്കും കൂടുതലായൊന്നും അറിയില്ല. ഇയ്യിടെ ആയി വരാറേഇല്ല. പിന്നെ പ്രധാനമായും ഈ വരവാണ്.''

''ആദ്യന്യെനിക്ക് കൊറേക്കെ ബോദ്ധ്യംണ്ടാർന്നതാ. ഭാര്യേം ഭർത്താവും പെണക്കൊക്കെ പതിവാണെന്നാച്ച് അടങ്ങിരിക്ക്യാർന്നു. പറഞ്ഞുവന്ന പെണക്കൊന്നുംല്യാന്നാതോന്നണ് ന്നോട് രേണു പറയ്യേണ്ടായത് അവൾക്കവ്ടായി ചേരണില്യാന്നാ!''

''എനിക്കും അതാണ് തോന്നിയത്. രേണുകേടത്തിക്ക് അവരുമായി ഒട്ടും ബന്ധപ്പെടാൻ കഴിഞ്ഞിട്ടില്ല.''

''പെങ്കുട്ട്യോളാവുമ്പൊ അവനവന്റെ തോന്നലൊക്കെ അടക്കി ശീലിക്കണം ന്നാ പണ്ടുള്ളോര് പറയ്യാ. ന്റെ കാലത്തൊന്നും ങ്ങ്നെണ്ടാർന്നില്ല്യ.''

രേണുകേടത്തിയെപ്പോലെ സൗമ്യമായ, ശാലീനതയുള്ള ഫ്രോക്കുമിട്ട് പൂപോലെ പാറിനടക്കുന്ന ശാലിനി. പതിമൂന്നാം വയസ്സിൽ അവൾ മരിച്ചുവീഴുകയായിരുന്നു. എന്റെ അനുജത്തി. അവളുടെ ഹതവിധി തീർത്ത വിടവ് രേണുകേടത്തി നികത്തുപോന്നു.

കോൺവെന്റ് സമ്മാനിച്ച ആംഗ്ലേയചുവയുള്ള മലയാള ഭാഷണം. നനുത്ത മീശകിരുത്ത മുഖത്ത് നിഷ്ക്കാമമായ പുഞ്ചിരി.

''നിക്ക് ഏടത്ത്യമ്മായി സംസാരിക്കണം ന്ന് ണ്ടാന്നൂ. ന്റെ വരവും സംസാരൊന്നും അവർക്കിഷ്ടാവില്ലാന്ന്യേച്ചാ''

''ഞാൻ എട്ടനോടൊന്ന് സംസാരിക്കാം. ഭാര്യഭാർത്താക്കൻമാർക്കും പറഞ്ഞുതീരുന്നതിന് ഒരു പരിധിയുണ്ടല്ലോ..''

''ഞാച്ചാലും ഒക്കെ തലവിധിപോലെ വര്യന്യാവും.''

അമ്മായി നെടുതായി നിശ്വസിച്ചു. പുകഞ്ഞു കത്തിക്കൊണ്ട് കുറെ ശിലകൾ ഉയർന്നു. അവ സ്തൂപങ്ങളായി വളർന്ന് ഭീകരത പൂണ്ടു.

ആർക്കും ആരോടും പറഞ്ഞൊതുക്കാവുന്ന ഒന്നും എവിടേയുമില്ല. അമർഷത്തിന്റേയും പ്രാക്കുകളുടേയും ഇടയിൽ നീണ്ട

മൗനത്തിന്റെ പേരിൽ സാന്ത്വനമാകാൻ, അതിലുപരി സംഘർഷം കുറയ്ക്കാൻ ആവതു ശ്രമിക്കുകതന്നെ.

എന്റെ മുന്നിലൂടെ രേണുകേടത്തി വാടിയ മുഖവുമായി കടന്നു പോകുമ്പോൾ അപരിചിതനെപോലെ നില്ക്കേണ്ടിവന്നിട്ടുണ്ട്. കുറേ കണ്ടില്ലായ്മ നടിക്കുക!

മൂവാണ്ടൻമാവിന്റ കാനൽ മുറ്റം മുഴുക്കെ ഗ്രസിച്ചു. പകലൊടുങ്ങ മ്പോഴുള്ള ഇളംവെയിലിന് മഞ്ഞിച്ചനിറം പകർന്നു. നേരാംവണ്ണം സമയമറിയാഞ്ഞ് സന്ധ്യയായിട്ടും ദൂരെ കോഴികൂവി.

ഇരിക്കപൊറുതി നഷ്ടപ്പെട്ട പാർത്ഥൻ മുറ്റത്തേക്കിറങ്ങി.

അമ്മായി പുറകെ എത്തുമെന്നു ഭയന്നപ്പോൾ അതുതന്നെ യുണ്ടായി. ഉടഞ്ഞുപൊടിയുന്ന മണൽത്തരികളുടെ ആത്മഭേദനം അമ്മായിയുടെ വൃദ്ധമുഖത്ത് അയാൾ കണ്ടു.

മരണത്തിന്റെ നടുക്കടലിലേക്ക് ഒരു കിഴവികൂടി നീങ്ങിക്കൊ ണ്ടിരിക്കുന്നു.

“നിക്ക് പണ്ടൊക്കെ തോന്നിരുന്നത് അവളെ പാർത്ഥന് തരണംന്നാ..”

അയാൾ കഴുത്തുവെട്ടിച്ച് അവരുടെ നേർക്ക് തിരിഞ്ഞുനിന്നു. അമ്മായി പറഞ്ഞുവന്നത് മുഴുവനാക്കി.

“ഏട്ടനങ്ങ്ട് അനന്തന്റെ കാര്യായിവന്നപ്പൊണ്യാ കാര്യായി പറഞ്ഞില്ലാന്നേള്ളൂ. ന്താച്ചാ പാർത്ഥന്റെ നടപ്പന്യാർന്നു പ്രശ്നം ണ്ടാക്കിത്. പ്രകടനോ സമരായി നടന്നതോണ്ട് ഒരു പെങ്കുട്ട്യേ പൊലാർത്താങ്കഴില്ലാലോ.”

“ഞാനത്തരത്തിലൊന്നും കരുതിയിരുന്നില്ല.”

“ഉംം....നിക്കതറിയാ.... ഞാമ്പറയണതിതാ. ആകേള്ളത് നിക്കിനി രേണ്വാ. അവൾടെ സുഖാന്റേത്. രേണൂനിഷ്ടാച്ചാവ്ടെ നിന്നോട്ടേ ...ന്താ ? ”

നീണ്ടൊരു നിമിഷത്തെ ഇടവേളയ്ക്കു ശേഷം അയാൾ പറഞ്ഞു:

“രേണുകേടത്തി എന്റെ കൂടെ വരുമെന്നു പറഞ്ഞിരുന്നു. അവൾ ക്കിഷ്ടമാണെങ്കിൽ ഇവിടെ താമസിക്കട്ടെ. ഞാൻ വിവരമറി യിക്കാം.”

“ന്ന്യാരേണ്ടോട് ചോദിക്കട്ടേട്ടോ........?”

അവർ അകത്തേക്ക് തളർന്നു തൂങ്ങുന്ന ഇല അനങ്ങുന്നതു പോലെ നടന്നു. മുറ്റത്തിന്റെ അതിരിൽ പടിക്കല്ലു ചാരിനിന്നു അയാൾ.

കൊയ്ത്തിനായി ചാണകം മെഴുകിയ പറമ്പിൽ പിള്ളേർ പന്തു കളിക്കുന്നു. കറുത്തു കോലംകെട്ട അവരുടെ മുഖത്ത് മതിമറന്ന

ആകാംക്ഷയാണ്. ആരോ ഊക്കനടിതൊടുത്തപ്പോൾ പന്ത് ആകാശം മുട്ടെ ഉയർന്ന് വിളഞ്ഞ പാടത്തേക്കു വീണു. കുട്ടികളും ഉരുണ്ടു തെറിക്കുന്ന പന്തുകളായി വയലിലേക്കു ചാടി.

രേണുകേടത്തിയുടെ പുറകെ വെട്ടുവഴിയുടെ എറപറ്റി പുതു കാഴ്ചകൾ കണ്ടുനടക്കുമ്പോൾ പാർത്ഥൻ പതിവിലേറെ വ്യാകുല നായിരുന്നു. അപരാധബോധത്തിന്റെ അണയാത്ത നാമ്പ് അയാളുടെ സിരകളിലെവിടേയോ കിടന്നാളി.

അമ്മായിയുടെ എല്ലാം സ്വരൂപിക്കപ്പെട്ട മകൾ ദുഃഖിതയാണ്. അതിനൊരു ഉപായം കണ്ടേ പറ്റൂ. അനന്തേട്ടന്റെയോ അമ്മയുടേയോ എന്റെ തന്നേയോ വഴികളൊന്നും അവർക്ക് ചെന്നെത്താവുന്നതായിരുന്നില്ല.

കർക്കിടകത്തിന്റെ നനവു മാറാത്ത കാറ്റ് സൂചിതുളച്ച് മജ്ജയെ തേടി. നനഞ്ഞു ചീഞ്ഞ ഇലകളുടെ ഗന്ധം വഴിതടഞ്ഞതുപോലെ എത്തി.

“അമ്മ കൊറേ സംസാരിച്ചുല്ല്യേ?”

“ഉം.....”

“അങ്ങ്ട് ഞാനുംണ്ട്”

അയാൾ ഭാവപകർച്ചയോടെ അവരെനോക്കി. രേണുകേടത്തി പതിയെ ചിരിച്ച് ഇത്തിരി ചായ്ഞ്ഞ കഴുത്തുയർത്തിപ്പറഞ്ഞു.

“സ്ത്രീന്ന്വെച്ചാ കൊറേ സഹിക്കണംന്നാ പുരാണത്തില്. ൻറ സഹനശക്ത്യേവ്ട്യാന്ന് നോക്കാലോ...”

രേണുകേടത്തിക്ക് അവടെ സുഖമൊന്ന്വാവില്ല. പിന്നെ.....

“വ്ടെ കൂട്യാലും മറിച്ചൊന്ന്വല്ല. അവ്ട്യാച്ചാ കൊറേ ചോദ്യങ്ങളെ മറക്കാംന്ന്വേ.....”

തനി നാടൻ മരുമകളെ സംസ്ക്കാരത്തിന്റെ മേടകളിലേക്കെഴുന്നെള്ളിക്കാൻ മടിക്കുന്ന അമ്മ. ലജ്ജയുടെ പേരിൽ അടങ്ങിയിരിക്കുന്നതും മാനേഴ്സ് ഇല്ലായ്മയാണ്. അനന്തേട്ടന് നെഴ്സിങ്ങ് ഹോമിനപ്പുറം ലോകത്തിന്റെ വെളിച്ചം കടന്നുചെല്ലുന്നതു കാണാൻ കഴിവില്ലായിരുന്നു. പിന്നെ ഇടവേളയ്ക്കായിവന്നു കുടുംബത്തിൽ അലോസരതയുയർത്തി കടന്നുപോകുന്ന ഞാനാണ്.

സ്വന്തം സ്വരം ചവറ്റുകുട്ടയെ നേടുന്നതുകണ്ടപ്പോൾ പുതുഭൂമിയെതേടി പുതു അർത്ഥത്തെ തേടി ഞാൻ കടന്നുചെല്ലുകയായിരുന്നു.

“വ്ടെ കാവില് വേലയ്ക്ക് കൊടിയേറ്റീരിക്ക്യാ. വന്നോരാരും പോവാമ്പാടില്ല...”

“എന്നാ വേല ?”
“നീം ആറു ദിവസംണ്ട്.”
“ഞാൻ നാളെപോവും..”
“ഞാനുംണ്ട്..”

വളവുതിരിഞ്ഞ് ഇടവഴിയുടെ കുടുക്കിൽനിന്നു രക്ഷപ്പെട്ട് പാടവരമ്പത്തേക്കിറങ്ങി. ദൂരെ പൊന്തപിടിച്ച മരങ്ങൾക്കപ്പുറത്ത് കുന്നിനുമുകളിൽ അമ്പലം. ദീപാരാധനയുടെ മണികിലുക്കം നാലുദിക്കിലും കേൾക്കാനുണ്ട്.

മുമ്പ് ഏതോ കാലത്ത് അമ്മായിയോടൊത്ത് ഞാൻ അമ്പലത്തിന്റെ പടികൾ കയറിയിരിക്കുന്നു.

അച്ഛൻ സ്കൂൾ പൂട്ടിനും എന്നെ നാട്ടിമ്പുറത്തു നിർത്തി തിരിച്ചുപോവുകയായിരുന്നു പതിവ്. അനന്തേട്ടന് പാടവരമ്പും കാടുതിങ്ങിയ ഇടവഴിയും മഹാബോറായിരുന്നു. വൃത്തികെട്ട പിള്ളേരെ പടിക്കപ്പുറം കാണുമ്പോൾ അനാവശ്യ ഗോഷ്ഠികൾ കാട്ടി അനന്തേട്ടൻ അട്ടഹസിക്കും.

നാലുനാളത്തെ പുറംലോകത്തെ കാണാതുള്ള ഇരുപ്പ് മടിയനാക്കിയതുപോലെ. രേണുകേടത്തി വിളിച്ചപ്പോൾ എങ്ങോട്ടാണെന്നു പോലുമോർക്കാതെ ഇറങ്ങിപുറപ്പെട്ടു.

“പാർത്ഥേട്ടന്റെ ജോലി വേഗന്യെ ശര്യാവില്ലേ ?”
“ഉംം”
“എന്താന്നോറ്റ്യെ അറിയ്യോ..?”
“ഇല്ല.” അയാൾ പരുഷമായി തൊണ്ട ചിനക്കിക്കൊണ്ടു പറഞ്ഞു.
“ഒരു പക്ഷേ ജോലികിട്ടിയില്ലെന്നും വരാം.”

അമർഷത്തിന്റെ തന്മാത്രയെ നെഞ്ചത്ത് പൂഴ്ത്തിവെയ്ക്കാനല്ലാതെ അതു പ്രകടിപ്പിക്കാൻ ആരും തയ്യാറില്ലായിരുന്നു. എന്റേതുപോലെ പറഞ്ഞുവരുമ്പോൾ ചിലടത്തെല്ലാം അടിയിളക്കം അനുഭവപ്പെടുന്നു. അന്യരുടെ ദാക്ഷിണ്യത്തിനായി മുമ്പിൽ ചെല്ലാതിരിക്കുമ്പോൾ നേടുന്നതും കുറെ ശത്രുക്കളെയാണ്.

തെറ്റുതിരുത്താമെന്ന്, ഇനി നല്ലൊരു മകനായിവർത്തിക്കാമെന്ന് അമ്മയോട് പറയാത്തതിനാൽ ഞാൻ മിസ്സിസ്സ് പത്മനാഭന്റെ പ്രിയ പുത്രനാവുന്നില്ല. ചെറിയൊരു ജോലി സ്വീകരിച്ചതുകൊണ്ട് കുലത്തിനും കൊള്ളാത്തവനായി.

രേണുകേടത്തിക്കുവേണ്ടി ഇനി തർക്കിക്കുമ്പോൾ ഞാൻ പുറന്തള്ളപ്പെട്ടേയ്ക്കും.

“മറ്റുള്ളോരുടെ കാര്യാവുമ്പൊ തലേടണതിന് ഒരളവൊക്കേണ്ട്.

സ്വന്തംനെല എപ്പഴും സുരക്ഷിതന്യാവണം.''

''ഞാനതിൽ വിശ്വസിക്കുന്നില്ല.''

വെയിലുകൊണ്ട് പഴുത്തമണ്ണിൽ നിന്ന് ഇപ്പോൾ തണുപ്പാണ് പൊന്തുന്നത്. സന്ധ്യയെ കണ്ട് മടങ്ങിപ്പോവുന്ന പക്ഷികൾ തൊണ്ട അടച്ചതുപോലെ തേമ്പുന്നു.

രേണുകേടത്തിയുടെ കുനിഞ്ഞമുഖത്ത് കണ്ണുനീരിന്റെ നനവ യാൾ ദർശിച്ചു. പാടവരമ്പത്തും തൊടിയിലും ഓടിഒളിച്ചുനട ക്കുമ്പോൾ കൂട്ടുകാരി രേണുക മാത്രമായിരുന്നു. തലമുതിർന്ന എന്നെ പഴയ ആവർത്തനം മൂലം ഏടത്തിയമ്മയായിട്ടും മേധാവി ത്വത്തോടെ വിളിക്കാൻ രേണുകേടത്തിക്കായില്ല.

അമ്പലത്തിന്റെ ചവിട്ടുകല്ലുകൾ കുന്നിന്റെ താഴ്‌വരയോളം എത്തിയിരുന്നു. പാറയിൽ പണിത പടവുകളിൽ വേനൽക്കാലം മുഖം കരിച്ച പൂപ്പുല്ലുകൾ.

രേണുകേടത്തി പടവുകൾ കയറുമ്പോൾ അയാൾ ആൽത്തറ ചൂണ്ടി പറഞ്ഞു.

''ഞാനിവിടെ ഇരിക്കാം. രേണുകേടത്തി പോയ് വരൂ.''

ഒരു ചെറുചിരിയോടെ അവർ നടന്നകലുമ്പോൾ പാർത്ഥൻ ആൽത്തറയിൽ ചടഞ്ഞുകൂടി ഇരുപ്പാരംഭിച്ചിരുന്നു.

അഷ്ടപദിയുടെ ഈരടികളാണ് അമ്പലത്തിൽ നിന്നുകേൾ ക്കുന്നത്. ഭക്തജനങ്ങളുടെ വാതോരാതുള്ള ദൈവസ്തുതികളു മുണ്ട്. ഭഗവാന്റെ നാമധേയങ്ങളുടെ പര്യായ പട്ടികകൾ വായുവിലിഴ ഞ്ഞെത്തി. ധൂപത്തിന്റെയും ചന്ദനകൂട്ടിന്റെയും സുഗന്ധമുള്ള അന്തരീക്ഷത്തിൽ ജനത്തിരക്കിൽ മനംതുറന്ന് കേഴാനാവാതെ നില്ക്കുന്ന രേണുകേടത്തി.

ഒരു വാലാട്ടി പട്ടിയെപോലെ നടക്കുന്ന അനന്തേട്ടനോട് എന്നും പുച്ഛമാണ് തോന്നാറ്. മൗലികമായ യാതൊന്നും കാത്തു സൂക്ഷിക്കാത്ത അയാൾ ഒരു മൺപാവയെപോലെ നികൃഷ്ടനായി രുന്നു. ഇനി പറഞ്ഞാതൂക്കാവുന്ന വേളകളെല്ലാം അവസാനിച്ചിരി ക്കുന്നു.

പാർത്ഥൻ ചുറ്റിലുമൊന്നു കണ്ണോടിച്ചു. കുന്നിൻ നെറുകയിൽ നിന്ന് തിലകകൂട്ടുതൊട്ട ചെവിയ്ക്കൽ പൂക്കൾ തിരുകിയ ജനം നീരൊഴുക്കുപോലെ താഴേയ്ക്ക്. എല്ലാവരിൽനിന്നും അപരിചി തനായി എല്ലാരേയും നിരീക്ഷിച്ചുകൊണ്ടിരിക്കുന്നത് കൗതുക മാണ്. മേന്മയൊന്നുമില്ലെങ്കിലും ഒരു രസാനുഭൂതി.

കുന്നിൻമുകളിലേറ്റിയ കൊടി, ദീപസ്തംഭത്തിനും മേലെയായി ഭഗവതിയുടെ രൗദ്രരൂപവുമണിഞ്ഞ് വായുവിൽ കോമരം തുള്ളുന്നു. ചുറ്റിലും അരയാലിന്റെ പഴുത്തിലകളാണ്. ശിഖരങ്ങളിലിരുന്ന് പക്ഷികൾ തൊള്ളച്ചിനക്കുന്നുമുണ്ട്.

മുറ്റത്തേക്കു പടർന്ന അരയാലിന്റെ വേരിനുമപ്പുറത്ത് കുഞ്ഞിനെ മുലയൂട്ടിക്കൊണ്ടിരിക്കുന്ന ശാന്തിക്കാരന്റെ ധർമ്മപത്നി. പാർത്ഥന് കാത്തിരുപ്പ് മടുപ്പായിത്തീർന്നിരിക്കുന്നു. കോളേജ് കാമ്പസ്സിലെ മുഷിപ്പൻ പ്രസംഗം തീരാനായി കാത്തിരിക്കുന്നതുപോലെ.

പെണ്ണുങ്ങൾ ചിലച്ചുംകൊണ്ട് അയാളെ നോക്കി നടന്നകന്നു. കുന്നിനപ്പുറത്ത് പടിഞ്ഞാട്ട് സൂര്യൻ വീണുതാണു. നേർത്തുവന്ന ഇരുട്ടിൽ പഴകിയ കണ്ണുകൾ വഴി തിരിച്ചറിഞ്ഞു.

ബദ്ധപ്പാടോടെ കടന്നുവന്ന സ്ത്രീകളുടെ നിരയ്ക്കുപിന്നിൽ രേണുകേടത്തി. ഇരുട്ട് പെരുത്ത് ഭൂമിയെ അപ്പാടെ വിഴുങ്ങുന്നുണ്ടായിരുന്നു.

വീണ്ടും വരമ്പത്തേക്ക്, ഇടവഴിയിലേക്ക്. പകലിന്റെ ബാക്കി വെളിച്ചമൂറ്റികുടിച്ച് ചീർക്കുന്ന ഇരുട്ടിനെ നോക്കിക്കൊണ്ട് രേണുകേടത്തി പറഞ്ഞു.

“അമ്പലത്തിപോവണോണ്ട് ഒരു കാര്യേള്ളൂ. മനസ്സിന്റെ ആധി കൊറക്കലന്ന്യെ! പലപ്പോഴും ജീവിക്കണംന്ന് തോന്നണില്ല്യ. അതുണ്ടാക്കാനുള്ള ഒരു മാർഗ്ഗാദ്.”

ഒന്നും പറയാനാവാതെ നിയതമായി ഒന്നും ചിന്തിക്കാനാവാതെ ഒരു ശിശുവിന്റെ ഉൾപിടച്ചിലോടെ പാർത്ഥൻ നടന്നു. രേണുകേടത്തി മുമ്പിലുണ്ടാർന്നിട്ടും ശ്രദ്ധിച്ചില്ല.

രണ്ട്

വൈവിധ്യം വിട്ടകന്ന രാത്രിയുടെ ഒരു മുഖാവരണം കൂടി. ഊണു കഴിഞ്ഞ് വായയിൽ തേട്ടിവരുന്ന സമ്പാറിന്റെ മണവുമായി പാർത്ഥൻ കിടന്നു. പുറത്ത് ഇരുട്ടാണ്. മാഞ്ചോട്ടിലെ കാറിന്റെ നിറം വഴിതെളിക്കുന്നു.

രേണുകേടത്തിയുടെ ഒച്ചതാഴേന്ന് കേൾക്കാനുണ്ട്. വിട്ടതിരി കടഞ്ഞ് കോസറി നിവർത്തുമ്പോൾ അവർ പറഞ്ഞു:

“നീ ദിന് വേറൊരാള്ണ്ടാവണം.”

ഒരു പഴങ്കഥയുടെ സാരാംശത്തിലേക്കിറങ്ങി ചെല്ലാനാവാത്തതു

പോലെ ഞാനിരുന്നു. രേണുകേടത്തി മുഖത്തേക്ക് തറപ്പിച്ചു നോക്കിയപ്പോൾ വീണ്ടും ചോദ്യമുയരുമെന്നാണ് കരുതിയത്. അതുണ്ടായില്ല.

ഒരു ദീർഘനിശ്വാസത്തിൽ വാക്കുകളെ ഒതുക്കി അവരകന്നു.

അനന്തേട്ടന് ആരോടുമായി അധികം സംസാരിക്കാനിടം കിട്ടാറേയില്ല. ഭാര്യയോടുപോലും വിരളമായി ചിലവഴിക്കുന്ന നിമിഷങ്ങൾ. മിണ്ടിയാൽപോലും നഷ്ടപ്പെടുന്ന വിലപ്പെട്ടസമയം. തൊലിക്കപ്പുറമുള്ള അവരുടെ ശുഷ്കമായ ഹൃദയത്തിൽ പുകമറ കനത്ത മതിലുകൾ തീർത്തിരുന്നു.

നഗരത്തിന്റെ ക്ഷേമതാല്പര്യങ്ങളുടെ മുന്നോടിയായി ഒരു മഹിളാസമാജത്തിന്റെ തലപ്പത്തിരുന്ന് ആർഭാടത്തോടെ ഡിന്നറും പാർട്ടിയും സംഘടിപ്പിക്കുന്ന അമ്മ, ഏതുനിമിഷത്തിലും നേഴ്സിങ്ഹോമിലെ ക്യൂവിന്റെ നീളം അനന്തതയിലേക്കു വ്യാപിക്കുന്നതു കാണാനാഗ്രഹിക്കുന്ന ഏട്ടൻ. അനുജൻ, മുകുന്ദൻ മറ്റൊരു നഗരത്തിൽ സകുടുംബം വസിച്ച് ജൂനിയർ അഡ്വക്കേറ്റായി ജീവിച്ചു പോരുന്നു.

ആർക്കും ആരുടെ മുന്നിലും ഉന്നതികൾക്ക് കുറവുണ്ടാകരുതെന്ന ശാഠ്യം.

കുഴൽപ്പണക്കാരുടെ മുമ്പിലിരുന്ന് അമ്മ പുതുതായി അടപ്പു പൊട്ടിച്ച വിദേശമദ്യത്തിന്റെ സ്വാദ് നുകരുകയായിരിക്കും. ഒരിക്കൽ തെരുവിലൂടെ നടക്കുമ്പോൾ ആകസ്മികമായി കുടിച്ചു കുന്തം മറിഞ്ഞ് എന്റെ മുന്നിൽ വന്നുപെട്ട അനന്തേട്ടൻ. അദ്ദേഹം നിർത്താതെയുള്ള ഈ പരക്കംപാച്ചിലിനിടക്ക് അതെവിടേയോ ഉപേക്ഷിച്ചു.

ചെയ്തുവന്ന ശീലങ്ങൾ മറ്റനേകം ആവർത്തനങ്ങൾക്ക് വഴിമാറേണ്ടിയിരിക്കുന്നു. പുതുതായി ഒന്നുനേടുമ്പോൾ ചിലത് പിന്നാക്കം വിണ്ടുതകരുന്നു. ഒരു പുനർജന്മത്തിനായി പിടഞ്ഞെണീറ്റ് നിവരാൻ ശ്രമിക്കുമ്പോൾ മറ്റൊന്നിന്റെ പതനത്തോടെ എല്ലാം സമ്പൂർണ്ണമാവുന്നു.

ചടച്ചുമെലിഞ്ഞ അമ്മായി കോണിപ്പടികൾ കയറിയ കിതപ്പോടെ അകത്തേക്കു വന്നു. അവരുടെ കഴുത്തിലെ നീലഞരമ്പുകൾ വാക്കുകൾക്കായി പിടഞ്ഞു.

“അപ്പൊ നാളന്യ പോവും ല്ല്യേ?”

കട്ടിലിൽ കൊടുകൈകുത്തി എണീറ്റിരിക്കുമ്പോൾ പറഞ്ഞു.

“അതെ”

“വീണ്ടും പരുഷമായൊരു മൗനത്തിന്റെ വരവ്.”

വാതോരാതെ തർക്കിച്ച് ഒരു ദിശയിലേക്കും ചെന്നെത്താത്ത

ആലോചനായോഗങ്ങൾ. എതിരാളിയുടെ ശിരസ്സിൽ പതിക്കേണ്ടുന്ന ഖഡ്ഗത്തിന്റെ മൂർച്ച വെറും വാക്കുകൾക്ക്.

ആസന്നമായ സമരാഹ്വാനമായിരിക്കും ഞങ്ങളുടെ വിഷയം.

അമ്മായി കട്ടിലിന്റെ ഓരം പറ്റി കാലുകൾ തൂക്കിയിട്ട് ഇരുന്നു.

"പാർത്ഥൻള്ളതോണ്ട്ന്റെ മനസ്സിനൊര് സമാധാനംണ്ടാച്ചാലും അവൾക്കൊരു രക്ഷ്യാവും ല്ല്യോ"

താഴെ, വാതിലുകൾ ഇടവിട്ടടഞ്ഞു. ഓടാമ്പലുകൾ ശബ്ദമില്ലാത്ത മുറികളിൽ പ്രതിദ്ധ്വനികളായി. പണിയെല്ലാം തീർത്ത് രേണുകേടത്തി എത്തി. അവരെ കണ്ടപ്പോൾ അമ്മായി മൗനം പൂണ്ടു.

നിലാവ് തീരെ ഇല്ലാതായിരിക്കുന്നു. കുടശീല തുന്നിക്കൂട്ടിയതുപോലെ ആകാശത്ത് കുറെ നരച്ച കീറതുണികൾ വിതറിക്കിടപ്പുണ്ട്.

ഞാൻ മുറ്റത്ത് മാനം കണ്ട് ഉറങ്ങാതെ നില്ക്കുമ്പോൾ അമ്മായി വലിച്ചിഴച്ചു അകത്തേക്ക് കൊണ്ടുപോവാറാണു പതിവ്. അപ്പോൾ ചീറി ചീറ്റി വാശിപിടിച്ച് കുരയുകയായിരിക്കും.

ആണൊരുത്തനായതിന്റെ വിലക്ക് പെരുമാറ്റത്തിൽ പോലും ബാധിക്കപ്പെട്ടിരിക്കുന്നു.

"ജോലി വേഗന്യെ ശരിപ്പെടില്ല്യേ?"

"ഉവ്വ്....."

"ഞാ അടുത്ത് വരവൊന്നുംണ്ടാവില്ല്യോല്ലേ?"

അയാൾ ചിരിച്ചു.

"സൗകര്യണ്ടാവ്മ്പൊങ്ങ്ട് വന്നോള്ളൂട്ട്വോ....നിക്ക് ഒരാങ്കുട്ടീല്ല്യ.... കൊള്ളിവെയ്ക്കാനാച്ചാ പേരക്കുട്ട്യാവശ്യം."

നേരത്തെ കിടക്കുമായിരുന്നു. അമ്മായി എണീറ്റ് താഴ്വാരത്തേക്കു ചെന്നു. നഗരത്തിന്റെ കുത്തൊഴുക്കിൽപ്പെട്ട് വളരെ വൈകി മാത്രം ഉറങ്ങി ശീലിച്ച അയാൾ കണ്ണുകൾ മിഴിച്ചിരുന്നു. വാതിൽപടിയിൽ തലചേർത്തിരിക്കുന്ന രേണുകേടത്തി പാതി ഉറക്കത്തിന്റെ വക്കത്താണ്.

അടുത്ത ദിവസങ്ങളിലായി അവരിൽനിന്നകന്നിരുന്ന ഭയാനകമായ മൂകത വീണ്ടുമെത്തിയിരിക്കുന്നു. കല്ല്യാണത്തിനു മുമ്പുള്ള മുഖത്തെ രക്തപ്രസാദം പിശാചൂറ്റിക്കുടിച്ചതുപോലെ ഇല്ലാതായിരിക്കുന്നു.

അനന്തേട്ടന് സ്വന്തം ഭാര്യയുടെ മനോവൈഷമ്യത്തെ കണ്ടറിയാനുള്ള ഉപാധികളൊന്നുമില്ല. കണ്ണുകളിലെ നീലിമ വരണ്ട് മഞ്ഞകയം വളരുന്നതും അയാൾ കാണുന്നേയില്ല.

വർഷാന്തങ്ങളിൽ എപ്പോഴെങ്കിലും കടന്നുചെല്ലുന്ന എനിക്ക് എല്ലാം കാണാനായിരുന്നു. അവരുടെ പരിക്ഷീണമായ കാൽ

വെയ്പ്പിന്റെ നാന്ദി എന്തിനാണെന്നു പോലും ഊഹിക്കാൻ കഴിഞ്ഞിരുന്നു. അമ്പലക്കുളത്തിൽ വീണ് വായുവിനുവേണ്ടി തുടിച്ചിരുന്ന പെൺകുട്ടിയെ കരകയറ്റാൻ ഏറാടിയുണ്ടായിരുന്നു. ഇവിടെ എല്ലാവരും നിസ്സഹായരും നിർവീര്യരുമാണ്.

രാത്രിയുടെ വരവിനുശേഷം ഏതോ നിമിഷത്തിൽ പൊഴിയാനാരംഭിച്ച മഞ്ഞ്. ശിലകൾപോലും തണുത്ത് ഉറഞ്ഞുകൂടി ജലമാവുന്നതു പോലെ. കിളിവാതിൽ വഴി വരുന്ന ഇത്തിരിപോന്ന കാറ്റിലും കോച്ചുന്ന തണുപ്പ്. വൃശ്ചികത്തിന്റെ വരവിനുമുമ്പേയുള്ള കിടിലം കൊള്ളിക്കുന്ന ഈ അവസ്ഥ.

അടയ്ക്കാൻ പൊളിയില്ലാത്ത ഈ കൊച്ചുജനാല ഇരുട്ടത്തും സ്വാഗതമരുളുന്ന നഗരത്തിന്റെ ആരംഭത്തെപോലെയാണ്.. കാറിന്റെ മേല്പുരയിൽ തണുത്തുറഞ്ഞ മഞ്ഞിൻ തുള്ളികൾ തിളങ്ങുന്നുണ്ട്. നിശ്ശബ്ദതയെ തകർത്ത് മോങ്ങുന്ന പട്ടി ഒരു സഞ്ചയത്തിന്റെ തന്നെ തൊള്ളതുറക്കാൻ അവസരം കൊടുക്കുന്നു.

ഉറക്കം വന്നിട്ടും ഉറങ്ങാതെ ഇരിപ്പാണ് രേണുകേടത്തി. അവരുടെ പ്രാപഞ്ചികദുഃഖത്തെ പേറിയ മുഖം വിളർത്ത് ഭഗ്നമായിരിക്കുന്നു.

ആളെണ്ണം വളരെ കുറവായിരുന്നിട്ടും എനിക്ക് ഓഫീസിലെ ആരുമായും കനത്തൊരു സൗഹൃദബന്ധം സ്ഥാപിക്കുവാൻ കഴിഞ്ഞിരുന്നില്ല. അഞ്ചുപേർ മാത്രമുള്ള ഷോടതി ഓഫീസ് കുറേ ഭാഗ്യഹീനരായ പ്രാരബ്ധക്കാരുടെ താവളമായിരുന്നു.

ഷോടതി എടുത്താൽ മാത്രം ചെയ്തുതീർക്കേണ്ടുന്ന അടിയന്തരജോലികൾ. മാലതി എന്റെ എതിരെയാണ് ഇരിക്കാറ്. മറ്റൊരിടത്തുനിന്ന് സ്ഥലംമാറി വന്ന അവൾ പുതുതായൊരു പരിചയവൃന്ദത്തെ കിട്ടാഞ്ഞ് ഒറ്റപ്പെട്ടതുപോലെയായിരുന്നു.

വീറില്ലാത്ത ഡംഭുമാത്രമുള്ള വെളുത്ത കുപ്പായക്കാരെ ഒന്നിക്കേണ്ടുന്ന പ്രാമുഖ്യത്തെകുറിച്ചായിരുന്നു എന്നുമെന്റെ ചിന്ത. ആരും ഒരുത്തനിൽ നിന്നും താഴെ അല്ലെന്ന ശക്തിയായബോധം. വാശിയോടെ അനേകം കൈകൾ കടന്നുപിടിച്ചാൽ വഴങ്ങാത്തതായ യാതൊന്നുമില്ല. പുറംപൂച്ചിന്റെ വലയം ഭേദിച്ച് ഉള്ളിലേക്കു ചെല്ലുമ്പോൾ മനുഷ്യൻ ഭീരുവാണ്. അവനെ ശക്തനാക്കേണ്ടത് മനുഷ്യൻ തന്നെ ആകുന്നു.

പറഞ്ഞു മടുത്ത കുറേ വാക്കുകൾ ഇവിടെയുണ്ട്. അവ ആരോ പറത്തിവിട്ട പതിരുകളായി തീർന്നിരിക്കുന്നു. വിളയാതെ അദ്ധ്വാനം മാത്രം നഷ്ടപ്പെടുത്തുന്ന മുകുളങ്ങളില്ലാത്ത വിത്തുകൾ.

ഭാഗ്യമൂർത്തികളായ കുറെ മനുഷ്യർ ആഹ്ലാദമത്തരായി പടി കയറി വന്നിരിക്കുന്നു. നറുക്കെടുപ്പിന്റെ തുകനേടി കഴിയുമ്പോൾ അവർക്കു ഉന്മാദം ബാധിച്ചതുപോലെയാണ്.

പെൺകുട്ടി ഉച്ചയൂണു കഴിഞ്ഞ് തനിച്ചിരിക്കുന്നതു കണ്ടപ്പോൾ അലംഭാവത്തോടെ നോക്കി. അവൾ ജലാംശമില്ലാത്ത മണ്ണാങ്കട്ടയെ പോലെ പരവശയായിരുന്നു.

''മാലതി, വൈയൂ ആർ സോ സാഡ്....?'' കുറ്റബോധത്തോടെ മലയാളമുരച്ചു. ''എന്താണിത്ര ദുഃഖം?''

അവളുടെ ചലനമറ്റ നാവിൻതുമ്പ് അനങ്ങിയില്ല. ടൈപ്പ് റൈറ്ററിന്റെ മൊരട്ശബ്ദം പതിവിൽ കവിഞ്ഞ് ഗാംഭീര്യതയെ നേടുന്നുണ്ടായിരുന്നു. സമീപത്തുള്ള മനുഷ്യർക്കാർക്കുംതന്നെ സഹപ്രവർത്തകരെ ശ്രദ്ധിയ്ക്കാൻ തക്ക അവസരമുണ്ടായിരുന്നില്ല.

പഴയ ഓഫീസന്തരീക്ഷം.

എട്ടുമക്കളുടെ അച്ഛനായ പ്യൂൺ ഗോപാലപിള്ളക്ക് കുട്ട കമഴ്ത്തുന്നതുപോലെ പ്രസവിക്കുന്ന ഭാര്യയോട് വെറുപ്പാണ്. അയാളുടെ നാല്പത്തെട്ടു കഴിഞ്ഞ മുഖത്ത് എഴുപതിനപ്പുറത്തെ ദയനീയത. ഹെഡ്ക്ലാർക്ക് വാസവൻനായരുടെ പ്രശ്നം ഭാര്യ മച്ചി ആയതാണ്. കുബേരയായ, മോന്തകാണാൻ കൊള്ളാത്ത അവളെ മിന്നുകെട്ടുമ്പോൾ സുഭിക്ഷതയെ അയാൾ സ്വപ്നം കണ്ടിരുന്നു.

പിന്നെ ഓഫീസറാണ്. പഞ്ചപാവത്തെ പോലുള്ള അയാൾക്കും ദുരിതങ്ങളാണ്. കെട്ടിച്ചു കൊടുത്തിട്ടും തിരിച്ചുവന്ന മകൾ. കാസരോഗം വിടാതുള്ള ഭാര്യ.

സന്ധ്യ കഴിഞ്ഞിറങ്ങിയപ്പോൾ അവൾ ഏതോ ഇടവഴിയിലൂടെ വിമൻസ് ഹോസ്റ്റലിനെ തേടുന്നുണ്ടായിരുന്നു.

ദിവസങ്ങൾ ഏറിവരവേ എല്ലാം അപ്രധാനമാവുന്നു. ഒരിടത്തും വിലപേശിനിന്ന് സമയം കളയാൻ ആർക്കും അവസരമുണ്ടാവുന്നില്ല.

അഞ്ചുമണിയോടടുത്ത നേരത്തായിരിക്കും.

ടിക്കറ്റ് വില്പനയുടെ ചിലവെഴുതി തിട്ടപ്പെടുത്തി, പഴയ ഭാഗ്യവാന്മാരുടെ വിലാസങ്ങൾ പകർത്തിക്കാൻ എന്റെ ഒരു ദിവസം പാഴാക്കി കളഞ്ഞിരുന്നു.

കോണിപ്പടി ഇറങ്ങിയപ്പോഴായിരുന്നു പേന മേശപ്പുറത്തുതന്നെ വെച്ചുവെന്നോർത്തത്. യൂണിയന്റെ യോഗമുണ്ടായിരുന്നതിനാൽ എഴുത്തിന് അതാവശ്യമായിരുന്നു. അകത്തേയ്ക്കു കയറി പേനയെടുത്തു തിരിക്കുമ്പോൾ ഒരു നേർത്ത രോദനം ഹാഫ് ഡോറിനപ്പുറത്തുനിന്നു കേട്ടതായി തോന്നി.

പരിഭ്രാന്തിയോടെ ചെല്ലുമ്പോൾ മാലതി മദ്ധ്യവയസ്ക്കനായ ഓഫീസറുടെ കൈക്കുള്ളിൽ കിടന്നു പിടയുന്നു. എന്റെ വരവുകണ്ട് അവൾക്കു മോചനം ലഭിച്ചു. മോക്ഷം ലഭിച്ച തൃപ്തിയോടെ അവൾ പുറത്തേയ്ക്കു പാഞ്ഞപ്പോൾ ഞാൻ നിന്നു ചീറി.

''സ്റ്റുപ്പിഡ് വെയർ യു ഹൈഡ്....?''

പരുത്ത കൈകൾ ആഞ്ഞുവീശി അയാളുടെ മുഖമടച്ചൊന്നു കൊടുത്തു. തലക്കറക്കത്തോടെ മുഖമുയർത്തുമ്പോൾ ഒന്നും കൂടി. കല്പിച്ചുകൂട്ടി അവളെ ടൈപ്പറൈറ്ററിനു മുമ്പിലിരുത്തി താമസിപ്പിച്ചത് ഇതിനായിരുന്നുവെന്നറിഞ്ഞില്ല.

തെറി പറഞ്ഞു പുറത്തു കടന്നപ്പോൾ മാലതി മതിലിനപ്പുറത്തു നിന്ന് തേങ്ങുന്നുണ്ടായിരുന്നു.

''വരൂ''

അവൾ ചെത്തമുണ്ടാക്കാതെ പുറകെ വന്നു. ജനത്തിരക്കിൽ പ്രവേശിക്കുമ്പോഴേയ്ക്കും മാലതി പുതിയൊരു ഭാവവ്യത്യാസം നേടിക്കഴിഞ്ഞിരുന്നു. ഒന്നും സംഭവിക്കാത്തതുപോലുള്ള കനത്ത എടുത്തുപിടിച്ച മുഖം. നിരത്തിൽ പരതുന്ന നമ്രമായ കണ്ണുകൾ.

കോട്ടയുടെ പാർശ്വഭാഗത്തെ ആളൊഴിഞ്ഞ ഇടത്തുവെച്ച് അവൾ എന്നോട് എല്ലാം പറഞ്ഞു. പലരുമിരുന്ന് ചതുങ്ങിയ പുല്ലുകൾ ഉണങ്ങിയിരുന്നു. കിടങ്ങിലെ വെയിലുകൊണ്ട് ചൂടുപിടിച്ച വെള്ളത്തിൽ മീനുകൾ പുളയുന്നുണ്ടായിരുന്നു.

മാലതിയുടെ കണ്ണുനിറഞ്ഞ് കിടങ്ങിനെ പോലെ തുളുമ്പി.

''മാലതി കരയാതിരിക്കൂ; നമുക്കാമനുഷ്യനെ ഒരു പാഠം പഠിപ്പിക്കണം. ഇത്തരമൊരാളെ ഇവിടെ ഇരുത്തരുത്.''

''എന്തായാലും പഴി എനിക്കേ ആവൂ. ഞാനൊരു സ്ത്രീയാണ്. പുറത്ത് നാലാളറിഞ്ഞു കഴിയുമ്പോൾ തലനിവത്തി നടക്കാനാവില്ല.''

''ഉം..അയാളിനി ഇതാവർത്തിക്കില്ല. ഞാൻ രണ്ടുകൊടു ത്തിട്ടുണ്ട്. മാന്യൻ....'' പുച്ഛത്തോടെ വാക്കുകളുരച്ചു. സിവിൽ സ്റ്റേഷനിലെ ഇരുണ്ട ഗുഹകളൊഴിഞ്ഞ് മനുഷ്യരെല്ലാം വെളിച്ചം തേടിയിരുന്നു. ഭൂമുഖം സന്ധ്യയോടടുത്തിരുന്നു.

എണീറ്റ് വെളിച്ചം വീണു നഗരപ്പാതയിലൂടെ നടക്കുമ്പോൾ മാലതി എന്ന പ്രൗഢയായ പെണ്ണിന്റെ ബാഹ്യകവചങ്ങളുടെ ചിതമ്പലുകൾ പൊഴിഞ്ഞു വീണുകഴിഞ്ഞിരുന്നു. അവൾ മടിച്ചുമടിച്ചു പറഞ്ഞു വന്നപ്പോൾ കുറേ ദുരിതങ്ങളെ എനിക്കു കാണാൻ കഴിഞ്ഞു.

ഇവിടെ മണൽക്കാടുകളിൽ പൊന്നുതേടുകയാണു മനുഷ്യൻ. തന്റെ പരിധിയിലൊതുങ്ങുന്നവർക്ക് ശാദ്വലഭൂമി നല്കുന്നതിനായി കിണഞ്ഞു ശ്രമിക്കുന്നു. ചിരസ്ഥായിത്വം കല്ലിച്ച് എല്ലുവെള്ളമാക്കി ചെന്നെത്തുന്നത്, അനാഥത്വത്തിന്റെ കോട്ടയിലേക്കാണ്. ഇതുവരെ വെറുതെ മണൽതരികളെ എണ്ണി നടക്കയായിരുന്നുവല്ലോ ഞാനും.

വിളക്കുകളണയാത്ത ഒരു നഗരം കൺമുമ്പിൽ തത്തികളിക്കുന്നു. നഗരത്തിന്റെ അന്തർഗതത്തിൽ നിന്നുയരുന്ന, വികലമായ സ്വരങ്ങൾ കുറേ മനുഷ്യരുടേതാണ്. പതിതരായ അവർക്ക് വെളിച്ചത്തെപ്പോലും ഭയമാണ്. കനത്ത ഇരുട്ടിന്റെ മറവിൽ സ്വന്തം മുഖങ്ങൾ മറ്റാർക്കും തിരിച്ചറിയാനാവില്ലല്ലോ എന്ന രക്ഷാബോധത്തോടെ കർമ്മനിരതയെ തേടുന്നു.

ഇവിടെ എല്ലാ പുഷ്പങ്ങളും മൊട്ടിന്റെ പരുവത്തിൽ തന്നെ വിടരാതെ പുഴുകയറി മുരടിക്കുന്നു. എന്റെ കഥയും നിങ്ങളുടെ കഥയും.

രേണുകേടത്തി എണീറ്റുപോയത് എപ്പോഴാണെന്നോർത്തില്ല. അവർ വായമൂടികെട്ടിയുള്ള ഇരുപ്പുസഹിക്കാനാവാതെ സ്ഥലം വിടുകയായിരുന്നു. പുറത്ത് രാത്രി, ഗ്രാമത്തിന്റെ നാലുദിശകളിലും കട്ടിയുള്ള ഇരുട്ട്.

മുറിയ്ക്കകത്തേക്കു കയറിയ പുകമഞ്ഞിന്റെ തണുപ്പ് അനുഭവിച്ചറിയാനാവുന്നുണ്ട്. ഇഴക്കമുള്ള അന്തരീക്ഷം ശ്വസനത്തിനു പോലും പ്രയാസപ്പെടുത്തുന്നു.

കുത്തഴികൾക്കുമീതെ പത്രം ചെരിച്ചുവെച്ച് അയാൾ കിളിവാതിലിന്റെ മുഖദ്വാരം അടച്ചു. രേണുകേടത്തി വീണ്ടും തിരിച്ചുവന്ന് അതേ ഇടത്തുതന്നെ കുത്തിയിരിക്കുന്നു.

"രേണുകേടത്തി പോയുറങ്ങൂ."

"ക്ക് പേടിതോന്ന്വാ.. ആളുണ്ടാപ്പാഴും തനിച്ചമ്വാ. നീം അതാവും. പാർത്ഥേട്ടൻ വേഗന്യെപോവും ല്ല്യേ?"

"അതു പറയാനാവില്ല. ഞാനേതായാലും അധികദിവസം അവിടെ നില്ക്കില്ല."

വിരലിലെണ്ണിയാലൊടുങ്ങുന്ന വിശേഷദിവസങ്ങളിൽ മാത്രം രക്തബന്ധത്തിന്റെ പേരിൽ വന്നുപോയ അമ്മായി. രേണുകേടത്തി അപ്പോഴും അവിടെ ഒരധികപ്പറ്റായിരുന്നു. എന്റെ അടുപ്പമാണു മറ്റു പലരുമായുള്ള അകൽച്ച നികത്തിയത്. അവരുടെ കല്ല്യാണത്തിനു പോലും ആ ഗതി മാറ്റാനായില്ല.

രേണുകേടത്തി നനവുതാണ്ടി കാറുന്ന തൊണ്ട ചിനക്കി

പറഞ്ഞു. “അനന്തേട്ടൻ പാവാണ്. നിക്കതറിയാം. ഒരു ഭാര്യാവുമ്പോ ഒന്നിച്ചു ജീവിക്യാന്നൊാക്കേണ്ടല്ലോ. ആൾക്കപ്പഴും കാര്യബോധി ല്ല്യാന്നാ തോന്നണ്''

''ഉം...'' പതിയെ അയാൾ മൂളി.

പിന്നീട് കുനിഞ്ഞ മുഖമുയർത്തി രേണുകേടത്തി പറഞ്ഞു:

''അമ്മ പറഞ്ഞ വിവരൊന്നും അവരറിയര്ത്തുട്ടോ....?''

''ഇല്ല...''

''കാലത്ത് നേർത്തേന്യാ യാത്ര?''

''ആ....ഒമ്പതു കഴിഞ്ഞിട്ടുമതി?''

കനത്ത് വിരസമായ മുഖത്തോടെ രേണുകേടത്തി പോയപ്പോഴും കടന്നുവരാത്ത ഉറക്കവുമായി അയാൾ മല്ലിട്ടുകൊണ്ടു കിടന്നു. വിളക്കു കെടുത്തി കഴുത്തറ്റം പുതപ്പുമൂടി ഉറങ്ങാനായി ശ്രമിച്ചു. തണുപ്പുണ്ട്. പല രാത്രികളിലുമായി കെട്ടികിടക്കുന്ന ഉറക്കവുമുണ്ട്. കണ്ണുചിമ്മിയാൽ അമൂർത്ത നൃത്തമാടുന്ന രാക്ഷസീയ രൂപങ്ങൾ. വൈകല്യം ബാധിച്ച മനുഷ്യർ.

കുന്നുകൂടി കിടക്കുന്ന സ്റ്റെതസ്ക്കോപ്പുകളും ലോട്ടറി ടിക്കറ്റുകളും. ഒഴിഞ്ഞ കണ്ണഞ്ചിപ്പിക്കുന്ന ലേബലുള്ള മദ്യക്കുപ്പികൾ വേറേയും.

വട്ടമേശയിലെ വാരികപ്പുറത്തുവെച്ച റിസ്റ്റ് വാച്ചിൽ സമയം പന്ത്രണ്ടിനോടടുക്കുന്നു. രേണുകേടത്തി കതകുചാരി ഉറങ്ങാൻ കോപ്പു കൂട്ടിക്കഴിഞ്ഞു.

ഓഫീസറുടെ അഴിഞ്ഞാട്ടത്തിനെതിരെ മാലതിയുടെ ഭാവിയെ ഓർത്തുകൊണ്ട് എനിക്ക് തുറന്നരീതിയിൽ എതിരിടാനായില്ല. അന്നത്തെ തല്ലുകൂടൽ ഞങ്ങൾക്കു മൂന്നുപേർക്കു മാത്രമറിയാവുന്ന രഹസ്യമായി മാറിയിരുന്നു. വളരെ പരുഷമായി അയാൾ പെരുമാറുമ്പോൾ വാക്കുകളിൽ അനാദരവുമായി ഒരു തെണ്ടിച്ചെറുക്കനാണ് മുമ്പിൽ നില്ക്കുന്നതെന്ന കരുതലോടെ എനിക്കാ മനുഷ്യനെ കാണാൻ കഴിഞ്ഞു.

വിദ്യാത്ഥിയായിരിക്കുമ്പോഴും മേലാള് ആദരണീയനായി തീരാൻ ധാർമ്മികത്വത്തിനപ്പുറമുള്ള ചിലതുപോലും ഒരാൾക്കുണ്ടാവണമെന്ന് ഞാൻ കരുതിയിരുന്നു. ഇവിടെ എന്റെ മുമ്പിൽ പടുബോറനും വിടനുമായ ഒരുത്തനാണ്.

ഒരു ശീതസമരത്തിന്റെ ലാഞ്ചനയുള്ള അന്തരീക്ഷം. കതനക്കുറ്റിയ്ക്കകത്തെ അടിച്ചുകുത്തി കോളാക്കിയ വെടിമരുന്നിന്റെ നില. മാലതി എല്ലാറ്റിനോടും ഇഴുകിച്ചേരാൻ തയ്യാറായിരുന്നു.

എവിടേയും പുതുപറിച്ചുനടീൽ നടത്താനാവുന്ന സ്ത്രീക്ക് ഹൃദയ ശൂന്യമായ അനേകം അവസരങ്ങളെപോലും പുറന്തള്ളാൻ കഴിഞ്ഞിരുന്നു.

ഓഫീസറുടെ പക എന്നോടായിരുന്നു. അയാളുടെ ജന്മാവകാശത്തെ ഞാൻ നിഷേധിച്ചുവെന്നതുപോലുള്ള പെരുമാറ്റം. വക്രിച്ച പഴിചാരിക്കൊണ്ടുള്ള വാക്കുകൾ.

ഒരുനാൾ ലീവെടുത്ത് യൂനിയനുവേണ്ടി ചുറ്റിത്തിരിഞ്ഞ് പിറ്റേന്നു ഓഫീസിൽ ചെന്നതായിരുന്നു. മതിയായ കാരണമില്ലാത്തതിന്റെ പേരിൽ ലീവ് എനിക്ക് നിഷേധിച്ചുവെന്നറിഞ്ഞു. ഹാഫ് ഡോർ തള്ളിത്തുറന്ന് അകത്ത് ചെന്ന് സാമീപ്യമറിയിച്ച് ഒട്ടുനേരം നിന്നപ്പോഴും അയാൾ ഫയലുകളുടെ കൂമ്പാരത്തിൽനിന്ന് മിഴിയുയർത്തിയില്ല.

"ഇന്നലത്തെ എന്റെ ലീവ് അനുവദിച്ചില്ലെന്നറിഞ്ഞു."

"ഇല്ല." ഒരു ചാഞ്ചല്യവുമില്ലാതെ മറുപടി.

"കാരണം?"

"ഞാൻ പറയണോ? എനിക്ക് അനുവദിക്കാതിരിക്കാനും അധികാരമുണ്ട്."

"പക്ഷേ, ഇതു മറ്റു ചിലതിന്റെ പേരിലാണ്."

"യൂ ആർ സെയിങ്ങ് എബൌട്ട്....."

ഞാൻ ചുണ്ടുകോട്ടി ഉച്ചത്തിൽ പറഞ്ഞു

"നിങ്ങളുടെ താന്തോന്നിത്തത്തിന് ഞാൻ കൂട്ടുനിന്നില്ല. ഒരു പെണ്ണിനെ വേഴ്ക്കാനുള്ളതല്ല ഈ ഓഫീസ്."

"നിങ്ങൾ അധികം സംസാരിക്കുന്നു."

വിളർത്ത മുഖത്ത് വിയർപ്പുകണങ്ങൾ. ചുവന്നു മലക്കം മറിയുന്ന കണ്ണുകൾ.

"ഞാൻ ആരോടുമിതു പറയേണ്ടെന്നു കരുതിയതാണ്."

അപ്പോഴേക്കും ഹാഫ്ഡോറിനുമുകളിൽ കണ്ട സഹപ്രവർത്തകരുടെ അനേകം തലകൾ. തിരശ്ശീല നീക്കി പുറത്തുവന്നു. ഒരു വിവരണം അവർക്ക് അത്ഭുതമായിരുന്നു. മുറിക്കു പുറത്തു കടന്നപ്പോൾ ടൈപ്പ്റൈറ്ററിൽ മുഖമമർത്തി മാലതി കരയുകയായിരുന്നു.

പുറത്തുകടന്നു വരാന്തയിൽ നിൽക്കുമ്പോൾ ഓഫീസർ പ്യൂണിനോട് തട്ടിക്കയറുന്നതുകേട്ടു. പഴയപടി എല്ലാവരും സ്വന്തം ഇരിപ്പിടത്തിലിരുന്നു പണിയിൽ മുഴുകി. ആരും പറഞ്ഞറിയിക്കാത്ത വാക്കുകളുടെ അപ്പുറത്തേയ്ക്ക് അവർ നവീനമായി പലതും മെനഞ്ഞു ചേർത്തു.

മാലതി പിറ്റേന്നുമുതൽ ലീവിലായിരുന്നു. സ്ഥലംമാറ്റത്തിന് അവൾ ശ്രമിക്കുന്നെന്നും കേട്ടു.

എന്നിട്ടും പുകപടരാതെ കാത്തുസൂക്ഷിക്കേണ്ടുന്ന അവസ്ഥ.

രേണുകേടത്തിയുടെ എഴുത്ത് കഴിഞ്ഞദിവസം വന്നിരുന്നു. അവരുടെ പരിദേവനം നിറഞ്ഞവാക്കുകളെ, വീർപ്പുമുട്ടലിന്റെ അസഹനീയതയെ ആരോടും പറഞ്ഞറിയിക്കാനുണ്ടായിരുന്നില്ല.

വ്യക്തി പലേടത്തും നിസ്സഹായനാണെന്ന് തോന്നുന്നു. ദൈർഘ്യം കുറഞ്ഞ ജീവിതത്തിനിടക്ക് തക്കതായി നിന്നുചിന്തിച്ച് ഒരു തീരുമാനത്തിലും ചെന്നെത്താനുള്ള കാലയളവില്ല. പലപ്പോഴും വളരെ വൈകീട്ട് അപരാധത്തെ കുറിച്ചോർക്കുന്നു. പിന്നീട് ബലഹീനതയിൽ നിന്നുള്ള ഒഴിഞ്ഞുമാറ്റം ഒരു കുറ്റബോധമായി പരിണമിക്കുന്നു.

എനിക്ക് സസ്പെൻഷൻ ഉത്തരവുലഭിച്ചു. കാരണം വിചിത്രമായിരുന്നു. മേലധികാരിയോട് അപലപനീയമാം വിധം, അപമര്യാദയോടെ പെരുമാറി എന്നതുതന്നെ.

മേപ്പൊട്ടേറിഞ്ഞ കല്ല് സ്വന്തം ശിരസ്സിൽ വീഴുമെന്നു കേട്ടറിഞ്ഞിട്ടേയുണ്ടായിരുന്നുള്ളു. പണിക്കരാണ് ഓഫീസറുടെ പക്ഷം ചേർന്നുള്ള സാക്ഷി. ജനമിരമ്പുന്ന തെരുവിൽ വിജനമായ പുൽപ്പരപ്പിലൂടെ നടക്കുന്നതുപോലെയായിരുന്നു.

സുഭിക്ഷതയോടെ ജീവിച്ചുശീലിച്ച എനിക്ക് പുതിയൊരു നിത്യവൃത്തിയെയാണു അഭിമുഖികരിക്കേണ്ടിയിരുന്നത്. ഓഫീസർക്ക് മേലാളിൽ സ്വാധീനം ചെലുത്തക്കത്തവണ്ണമുള്ള ബന്ധങ്ങളുണ്ടായിരുന്നു.

പടവെട്ടി മുന്നേറുമ്പോൾ എന്നെ ആരോ കഴുത്തിനുപിടിച്ച് തൂത്തെറിയുകയായിരുന്നുവല്ലോ. അന്വേഷണമുണ്ട്. കേസ്സുണ്ട്. എല്ലാ തീരുമാനവും കോടതി മുഖാന്തരം. മലയോട് വീണുകേണപേക്ഷിക്കാൻ എന്നെക്കൊണ്ടായിരുന്നില്ല.

അഗ്രഹാരത്തിലെ പാതാളം പോലുള്ള വീടുകളിലൊന്നിനോടായിരുന്നു ദയവ്. ഒരു പുതുനിയമത്തിന്റെ പേരിൽ വായ്ക്കരി പോലുമില്ലാത്ത കൂട്ടർ. വേദവാക്യങ്ങളുടെ പരിചരണത്തോടെ മനുസ്മൃതിയുടെ സന്തതസഹചാരിയായി ചലിച്ച കൂട്ടർ.

വർഗ്ഗമൊടുക്കുന്ന ഒരു ഹിമപാതമായി തീർന്നിരിക്കുന്നു ഭൂപരിഷ്ക്കരണം!

വേട്ട കുടുംബത്തിൽനിന്ന് മൊട്ടത്തലയുമായി തിരിച്ചുവന്ന വൃദ്ധ. കലികാലത്തെ പഴിച്ച്, പാപത്തിന്റെ ആവനാഴി ദൈവപാദത്തിൽ ചൊരിയാനായി കാശിക്കുചെന്ന അച്ഛൻ. വർഷങ്ങൾ കഴി

ഞ്ഞിട്ടും അദ്ദേഹം വന്നില്ല. മരണവൃത്താന്തം ആരോ പറഞ്ഞു കേൾക്കുകയായിരുന്നുവത്രേ.

തൈക്കുരുന്നായ അമലയാണ് ഒരു നെടുംതൂണ്.

മേൽത്തട്ടിലെ മുറിയിൽ താവളമുറപ്പിച്ചതിൽ പിന്നീട് ഒരു കുടുംബബന്ധത്തിന്റെ ശക്തിയും ദൗർബ്ബല്യവും അനുഭവിച്ചറിയുകയായിരുന്നു. മാസാമാസം ഞാൻ നല്കുന്ന തുകകൊണ്ട് അവക്കു അരിഷ്ടിച്ച് ജീവിക്കാനാവും.

ഇനി അവരുടെ ഗതിയാണ് വഴിമുട്ടി ഇല്ലാതാവുന്നത്. സഹപ്രവർത്തകർ ഒറ്റക്കെട്ടായിനിന്ന് പ്രതിഷേധം പ്രകടിപ്പിക്കാൻ തീരുമാനിച്ചു. പക്ഷേ ഒഴിഞ്ഞുകിടക്കുന്ന സത്യത്തെ പുറം ലോകത്തിട്ടു കാട്ടാനായിരുന്നു വിഷമം. അവധിയെടുത്ത് നാട്ടിലേക്കു തിരിച്ച മാലതി മടിച്ചു മൂകയായി.

അവൾക്ക് കനപ്പെട്ട മറ്റുപലതും നഷ്ടപ്പെടാനുണ്ടായിരുന്നു. ആത്മാർത്ഥതയുടെ പേരിൽ വെറുപ്പും പകയും നേടുന്നവനേ സൽഗതി വരാതുള്ളൂ.

ചുക്കിച്ചുളിഞ്ഞ ദിവസങ്ങൾ വിരസതയോടെ കടന്നു പോയി. ശനിയാഴ്ച അമല എഴുത്തെത്തിച്ചു. ഉരുണ്ട കയ്പടയിൽ മാലതി എഴുതി.

എന്നോടു ക്ഷമിക്കൂ. ഒരു പുരുഷന്റെ നെഞ്ചു പ്രദർശിപ്പിക്കാൻ എനിക്കാവില്ല. ഞാൻ വെറുമൊരു പെണ്ണാണ്. അവിവാഹിതയായ ഒരു സ്ത്രീ ഇരുട്ടിലേക്കു തറച്ചുനോക്കുന്നതുപോലും സൂക്ഷിച്ചു വേണം. സത്യത്തെ ചിലയിടത്ത് തുറന്ന് സമ്മതിക്കുമ്പോൾ ജീവിതത്തിൽ പല ഇടത്തും കയ്പുനീരു കുടിക്കേണ്ടിവരും. എനിക്കൊന്നും പ്രവർത്തിക്കാനാവത്ത നിമിഷമാണ്. പാർത്ഥേട്ടനു വേണ്ടി ഞാൻ കൂട്ടുനിന്നാൽ ഒരു സ്ത്രീയുടെ ഭാവിയാണ് വഴിയാധാരമാവുക. ട്രാൻസ്ഫറിനു ശ്രമിക്കുന്നുണ്ട്.

പിന്നീട് അവൾ ഒഫീഷ്യലായി ഔദ്യോഗികകാര്യങ്ങളിലേക്കിറങ്ങി ചെന്നിരുന്നു.

അമലക്ക് മാലതിയെ കുറിച്ചറിയുമായിരുന്നില്ല. എങ്കിലും അവൾ കൂടി പക പുലർത്തികൊണ്ടു പറഞ്ഞു:

“പെണ്ണാണെന്നുവെച്ച് സത്യം പറഞ്ഞാലെന്താ?” പിന്നിട് തുടർച്ചയായി ചിലവാക്കുകൾ കൂടി.

“എല്ലാവരും സ്വാർത്ഥരാണ് പാർത്ഥേട്ടാ. ആർക്കും ആരേയും കാത്തിരിക്കാൻ തക്കമനഃസ്ഥിതിയില്ല. സ്വന്തം ഉന്നതിയാലേ മനുഷ്യൻ തൃപ്തനാവൂ. അതിനായാണ് അവന്റെ എല്ലാ ശ്രമവും!”

അഗ്രഹാരത്തിലെ മണൽ പുതഞ്ഞുകിടക്കുന്ന വഴിയിൽ പകൽ

രാത്രിക്കു വഴിമാറിക്കൊടുക്കുന്നുണ്ടായിരുന്നു. വെളിച്ചം കുറഞ്ഞ ഊടുവഴിയിൽ നിന്ന് മീനാക്ഷി അമ്മ്യാരുടെ വിശന്നുപൊരിഞ്ഞ ശബ്ദം കേൾക്കാനുണ്ട്.

അവരുടെ കീറിപ്പൊളിഞ്ഞ സ്വരം ജന്മാന്തരങ്ങളിലൂടെ എന്നെ പിന്തുടരുന്നതായി തോന്നുന്നു. മോചനമില്ലാത്തവിധം വിഷബീജങ്ങളാണു എങ്ങും.

മാലതി സ്ഥലംമാറ്റം വാങ്ങിച്ച് സുരക്ഷിതത്വം തേടി പോയിരിക്കും. എന്റെ പ്രശ്നം ഒരു കീറാമുട്ടിയായി കിടക്കുന്നു. അന്വേഷണോദ്യോഗസ്ഥന്മാരുടെ കേട്ടുതഴമ്പിച്ച ചോദ്യങ്ങൾക്കുത്തരം നൽകിയും അവരുടെ എഴുത്തുകൾക്ക് മറുപടി നൽകിയും കാലവിളംബം തുടരുന്നതേ ഉള്ളു.

കണ്ണുകൾ കോച്ചുന്നതുപോലെ. ഇരുട്ടു കടന്നുവരുന്നുണ്ട്. വയലുകൾക്കപ്പുറത്തെ ഗ്രാമപ്പാതയിൽ ഏതോ ചക്കടാവണ്ടി ഞരങ്ങുന്നു. തെന്നി തെറിക്കുന്ന കുടമണികളുടെ കിലുക്കവുമായി കാറ്റു വരുന്നുണ്ട്. ചുടലഭൂതത്തെപ്പോലെ തീ ആളുന്ന റാന്തൽ വിളക്കിന്റെ നാവുമായി വണ്ടി നീങ്ങിക്കൊണ്ടേ ഇരുന്നു.

പാർത്ഥൻ സുഷുപ്തിയുടെ കയത്തിലേക്ക് എടുത്തിട്ടതുപോലെ വീണു.

ഉണർന്നപ്പോൾ വെട്ടംവീണു ഭൂമി ശുദ്ധയായിരിക്കുന്നു. പാർത്ഥൻ ഉറക്കം മാറാത്ത കണ്ണു തുറന്നു മേൽത്തട്ടിലേക്ക് നോക്കിക്കൊണ്ടു കിടന്നു.

വട്ടമേശപ്പുറത്ത് അന്നത്തെ പത്രം കൊണ്ടുവെച്ച് രേണുകേടത്തി തിരിച്ചു പോയിരിക്കുന്നു. അടുക്കളയിലെ പുകച്ചൂര് ഭിത്തികൾ താണ്ടി മുകളിലെത്തുന്നുണ്ട്. അമ്മായി തളത്തിൽ നിന്നാവും പുറംവേലക്കാരിയെ പണിക്ക് കൊള്ളില്ലെന്നു പറഞ്ഞ് ശകാരിക്കുന്നത്. രേണുകേടത്തി പതിഞ്ഞ കാലൊച്ചകളുമായി കടന്നു വന്നു. ഓട്ടു കിണ്ടിയും ഗ്ലാസ്സും മേശപ്പുറത്തുവെച്ച് അവർ പറഞ്ഞു.

“ഞ്യാ വരുമ്പൊ ഒറക്കാർന്നു. വായ് കഴുകിക്കോളൂ. പ്പ്ഴെന്ത്യ ലേശം തണുത്ത ചായ്യാ” കിളിവാതിലിൽ തണുപ്പിനു മറയിട്ട പത്രം താഴെ കിടപ്പാണ്. കയ്പ്പു നിറഞ്ഞ വായകൊപ്ലിച്ചു ചായ മോന്തി കുടിച്ചു. രേണുകേടത്തിയുടെ ദയനീയമായ മുഖത്തേയ്ക്ക് കണ്ണുകളുടക്കാതിരിക്കാൻ ശ്രദ്ധിച്ചു.

എന്റെ പതിതബോധങ്ങളാണ് അനാവശ്യമായ ദുഃഖത്തിനാധാരം. അനന്തേട്ടൻ വരുത്തി കൂട്ടുന്നതിനെല്ലാം യാതൊരു നീതീകരണമില്ലെങ്കിലും എനിക്കാണ് വൈഷമ്യം.

"വെയില് മൂക്കണ മുമ്പേ പോവാം. വേഗന്യെ ഒരുങ്ങിക്കോളൂ. വ്ടന്യെ കുളിച്ചാമതി. കൊളത്തില്പ്പോ പെൺപടൃാവും"

അവർ എണ്ണക്കുപ്പി എടുക്കാനായി താഴെക്കിറങ്ങിച്ചെന്നു.

വഴുക്കലുള്ള പാശാറ് പൊത്തിക്കിടക്കുന്ന വെള്ളത്തിലാണ്ട പടവിൽ ഞാൻ നിൽക്കുമ്പോൾ അമ്മായി നഗരത്തിലുള്ള അച്ഛനെ അറിയിക്കുമെന്നു പറഞ്ഞ് പേടിപ്പെടുത്തും. ശകാരിച്ചു മടുത്ത് മുത്തശ്ശിയെ അമ്മായി കൂട്ടു പ്രാപിക്കുമ്പോൾ ഞാൻ കുളിച്ചു തുവർത്തി കരയ്ക്കുകയറി ഇരിക്കും.

ബുദ്ധിയുറച്ച് വകതിരിവു ലഭിക്കുന്നതുവരെ മുത്തശ്ശിക്കു ഞാനായിരുന്നു കൂട്ട്. മുത്തശ്ശിയുടെ ദുഃശാഠ്യം മൂലം ഏറെക്കുറെ എന്റെ വളർച്ച ആദ്യ കാലത്ത് ഇവിടെ തന്നെയായിരുന്നു.

രേണുകേടത്തി തന്ന ചട്ടുക കണയിട്ടു മൂപ്പിച്ച എണ്ണ തലയിൽ പൊത്തി അയാൾ കോണിയിറങ്ങി. ഇടനാഴിയിലൂടെ നടക്കുമ്പോൾ അമ്മായി എതിരെ വരുന്നതു കണ്ടു.

"നീ യിനി എന്നാവര്യാ..?"

"സ്കൂളൊഴിവിന് വരാം.."

അമ്മായി നടക്കാൻ മറന്നതുപോലെ നിന്നു. ഒരു രാത്രിയ്ക്കു ശേഷം പൊടുന്നനെ അവരുടെ ചുളിവുവീണ മുഖത്ത് പത്തുവർഷത്തിന്റെ പഴക്കം കൂടുതൽ.

ഇവിടെ വന്നു തിരികെ പോവുമ്പോൾ ജന്മനാടുമായുള്ള ബന്ധം അറുത്തുമുറിക്കുന്നതുപോലെ. അമ്മായി കണ്ണീരു വീണമുഖം തുടച്ച് അകത്തേക്കു നടന്നു.

കിണറ്റിൻ കരയിൽനിന്ന് ഒരുപാട് തണുത്തവെള്ളം കോരി ഒഴിക്കുമ്പോൾ അയാൾ മടുപ്പിക്കുന്ന നേഴ്സിങ്ങ് ഹോമിന്റെ അന്തരീക്ഷത്തെ കണ്ടു. അച്ഛൻ അനന്തരാവകാശിയായി അനന്തേട്ടനെ വളർത്തി എടുക്കയായിരുന്നു. അച്ഛന്റെ ഇംഗിതത്തിനൊത്താടി മാന്യത നേടിയപ്പോൾ അനന്തേട്ടൻ നടന്നൊപ്പമെത്തേണ്ടുന്നവളെപ്പോലും മറന്നു.

വെളിച്ചം കാണാതെ കെട്ടിക്കിടക്കുന്ന വെള്ളത്തിനുവല്ലാത്ത തണുപ്പ്. കൊട്ടക്കോരി ഓരോ തവണ കിണറിന്റെ കറുത്ത ഗുഹയിൽ വീഴുമ്പോഴും ചുറ്റോളങ്ങൾ പൊട്ടി പെരുകുന്നു. അവ തേഞ്ഞ് തേഞ്ഞ്, വളയം വലുതാക്കിക്കൊണ്ട് ഇല്ലാതാവുന്നു.

കാറ്റിന് എല്ലു തുളയ്ക്കുന്ന തണുപ്പുണ്ട്. പല്ലുകൾ കിടുകിടുത്തു ഉരഞ്ഞു കരഞ്ഞു.

അഞ്ചുനാളായി അനക്കമറ്റുകിടക്കയാണ് കാറ്. അച്ഛന്റെ പഴഞ്ചൻ കാറ് ചുരുങ്ങിയ വിലക്കു അനന്തേട്ടൻ വില്ക്കുകയായിരുന്നു.

ആധുനികത ഉൾക്കൊള്ളുന്ന നവീനപുരുഷന്റെ കണ്മുമ്പിൽ അതൊരു വിലകുറഞ്ഞ വസ്തുവായിരുന്നു.

കുളികഴിഞ്ഞ് പാർത്ഥൻ ഇറയത്തേക്കു കയറിയപ്പോൾ രേണുകേടത്തി ഉടുത്തൊരുങ്ങി നില്ക്കുന്നതു കണ്ടു. ചൈതന്യമെല്ലാം അകന്ന് കട്ടപിടിച്ച വികാരശൂന്യത ബാധിച്ച കല്ലിച്ച മുഖം.

അവധിക്കാലത്തു ഞാൻ വരുന്നതിനായി രേണുകേടത്തിയാണ് ധൃതികൂട്ടാറ്. പപ്പടം പോലത്തെ അക്ഷരങ്ങളിൽ അവർ തന്റെ ആവശ്യങ്ങളെ കുറിച്ചെഴുതും. ചാന്തുപൊട്ട്, കണ്മഷി, റിബ്ബൺ, ശംഖുമാല.

ഇന്ന് അവരുടെ പഴയ വീറും വാശിയും പൊയ്പോയിരിക്കുന്നു. മുത്തശ്ശിയുടെ മടിയിൽ ഞാൻ കിടക്കുമ്പോൾ അവകാശം സ്ഥാപിക്കാനായി ചിണുങ്ങി എത്തുന്ന പെണ്ണ് കല്ലുപോലെ മരവിച്ചവളായിരിക്കുന്നു. തൊള്ളതുറന്നുള്ള ചിരിയും കരച്ചിലും വിദൂരതയിലെ മുഴക്കമായിരിക്കുന്നു.

ഇഷ്ടക്കേടുകളുമായി പൊരുത്തപ്പെടുകയാണ് ഇവിടെ ആവശ്യം! എന്റെ ഇച്ഛകളെ അന്യർക്കായി അടിച്ചമർത്തുക! വെറുക്കുന്നവയേയും സ്നേഹിക്കാൻ പഠിക്കുക!

അമല പറയാറുണ്ടായിരുന്നതും അതായിരുന്നു. കഠിന യാതനകൾ സഹിച്ചപ്പോൾ അവൾക്കും പരുക്കൻ ജീവിതത്തെ ഉൾക്കൊള്ളാനായി. ഇവിടെ കഴുത്തുവെട്ടിച്ച് വിരണ്ടുനില്ക്കുന്നത് ഞാൻ മാത്രമാണെന്നു തോന്നുന്നു. മറ്റിടങ്ങളിൽ എന്നെപ്പോലുള്ള അനേകം പേരും.

മേൽത്തട്ടിലേക്കു കയറി ഉടുത്തൊരുങ്ങിക്കഴിഞ്ഞപ്പോൾ മരപ്പലകകളിൽ പതിയുന്ന ചവിട്ടടികളുടെ ഒച്ചകേട്ടു. അമ്മായി അകത്തേക്കുവന്നു.

"നിക്ക് പാർത്ഥനോടൊന്നാ പറയാനുള്ളത്. രേണുയെ എടയ്ക്കൊക്കെ ചെന്നു കാണണം. വിശേഷെന്താച്ചാലും ന്യെ അറിയിക്കണം."

"ഓ...."

"ആരോരും ല്ലതാവ്മ്പഴാ ണ്ടാർന്നവരുടെ വെല അറ്യാ."

"അമ്മായിക്ക് അവ്ടെ താമസിച്ചൂടെ?"

അവർ ചിരിച്ചു. പിന്നെ ഉള്ളു തുറന്നതുപോലെ പറഞ്ഞു.

"ഏടത്ത്യമ്മായി നീക്ക് ചേർച്ചേണ്ടാവില്ല്യ. ന്നാ താഴേയ്ക്ക് വായോ...."

ഒരു പടുകിഴവനെ കെട്ടി അയാളുടെ അനാരോഗ്യത്തെ ചൂഷണം ചെയ്ത് മദിച്ചുനടന്ന അമ്മമ്മ. എന്റെ അമ്മ രണ്ടാം

കെട്ടിലെ ഏകമോളായിരുന്നു. പണപ്രാന്ത് മൂത്ത് അമ്മയ്ക്കും അമ്മായിയുടെ വകയിലുള്ളതും കൈവശമാക്കണമെന്നായി.

അമ്മായി പലവട്ടം വായുവിനോടെന്നവണ്ണം പറഞ്ഞ് പഴങ്കഥകളെ എനിക്കു കേൾപ്പിച്ചിരുന്നു.

താഴെ വെന്തുപൊങ്ങി ആവിപറക്കുന്ന ഇഡ്ഡലിയുടെ അടുത്ത്. രേണുകേടത്തിയും ആവുന്നത്ര തീറ്റിക്കാൻ ശ്രമിക്കുന്നുണ്ട്. ഒര സുലഭാവസരത്തെ സമ്മേളിക്കുന്ന കൊതിയോടെ അയാളും തീറ്റി തുടർന്നു.

വെയിലും കാഞ്ഞ് ചൂടുകൂടുന്നതിനു മുമ്പെ അവർ പടിയിറങ്ങി. കാറ് വയലിനു നടുക്കുള്ള വണ്ടിപ്പാതയിലൂടെ പായുമ്പോഴും അമ്മായി പടിയ്ക്കൽ നിന്നുകരയുന്നുണ്ടായിരുന്നു.

മൂന്ന്

പടിഞ്ഞാട്ടുനോക്കി പകിട്ടുള്ള അവിടെ ചെന്നെത്താനായി ഗോപുരത്തിലിരിക്കുന്നവർക്ക് കിഴക്കിന്റെ പുരാതന മഹിമയെക്കുറിച്ചു പറയുന്നത് ഒരാവരണമായിരിക്കുന്നു. നഷ്ടപ്രായമായ ചൈതന്യത്തിന്റെ ആ നാളുകൾ വീണ്ടെടുക്കുകയെന്നു കേൾക്കുമ്പോൾ ഒരു മായികപ്രപഞ്ചം കണ്ടതുപോലെ പലരും ആർത്തു രസിക്കുന്നു.

എനിക്കു നിഷിദ്ധമായിരുന്ന പിന്നാമ്പുറത്തെ ഇടവഴി. ചേരിപ്രദേശത്തെ ഉടുക്കാനും തിന്നാനുമില്ലാത്ത കുട്ടികൾ. കൈക്കുമ്പിളിൽ മണലും കോലും വെച്ച് മറ്റൊരുത്തൻ കണ്ണുപൊത്തി പിടിച്ച് ദൂരെക്കു നയിക്കുമായിരുന്നു. അതെല്ലാമെവിടേയോ നിക്ഷേപിച്ച്, താനുപേക്ഷിച്ച തിളങ്ങുന്ന മണൽതരികളെ തേടിനടക്കുമായിരുന്നു കുഞ്ഞുങ്ങൾ.

നഗരത്തിന്റെ തുടക്കത്തിൽ വർണ്ണപകിട്ടുള്ള കമാനങ്ങൾ. പ്രവേശനദ്വാരങ്ങൾ. കസ്തൂർബാ ഗേറ്റു മുതൽ ശാരദാകൃഷ്ണയ്യർ കവാടംവരെ. വെളുത്ത അന്യന്റെ ചുവരുകളിൽ കട്ടപിടിച്ച നിറകൂട്ടുകൊണ്ടെഴുതിയ അക്ഷരങ്ങൾ. ആധുനിക ഇന്ത്യൻ മഹിളയും ആർഷസംസ്ക്കാരവും.

രേണുകേടത്തി യാത്രയുടെ ആരംഭംതൊട്ടേ ഉറക്കമായിരുന്നു. നിരത്തിലെ കുണ്ടിൽ ചക്രങ്ങൾ വീണുതെന്നുമ്പോൾ ഞെട്ടി ഉണരുന്ന അവരുടെ ഇറുക്കിയ കണ്ണുകളിൽ ഭീതിയായിരുന്നു. ഒരു ഭീകരസത്വത്തെ ഇരുട്ടത്തു കണ്ടതുപോലെ.

പോർച്ചിൽ കാറുനില്ക്കുന്നതിനു മുമ്പെതന്നെ പണിക്കാരത്തി എത്തി. ഡോറുതുറന്ന് പുറത്തിറങ്ങി ഡിക്കിയിൽ വെച്ച സൂട്ട്കേസ്സ് അയാളിറക്കി വെച്ചു. ഡിക്കി അടച്ച് ഉലഞ്ഞകുപ്പായം ശരിപ്പെടുത്തി നിവർന്നപ്പോൾ രേണുകേടത്തി നിശ്ശബ്ദതയിലാണ്ടു കിടക്കുന്ന അകമുറികളിലേക്കു നോക്കി നില്പാണ്.

നീല കാർപ്പെറ്റ് വാതിൽ കട്ടിളയുടെ ആരംഭംതൊട്ടേ. സന്ദർശ കമുറിയിൽ ചിത്രങ്ങൾ, സെറ്റികൾ, കൗതുകവസ്തുക്കൾ, ആരും വായിക്കാത്ത വിദേശത്തു നിന്നു വരുത്തുന്ന വാരികകൾ പോലും ഒരു മാന്യതയായിരിക്കുന്നു.

അമ്മ പണ്ടുതൊട്ടേ, മലക്കറികളുടെ വെച്ചുവിളമ്പിനെ കുറിച്ചെ ഴുതുന്ന വാരികയേ വായിക്കാറുണ്ടായിരുന്നുള്ളൂ.

പണിക്കാരത്തി പെട്ടിയുമായി അകത്തേക്കുപോയി. ചൂണ്ടവിരൽ ചാവിവളയത്തിലിട്ട് പാർത്ഥൻ നിന്നു.

മതിൽക്കെട്ടിനുപുറത്തു ലോകം ഭരിക്കുന്ന കടുത്തവെയിലാണ്. നടപ്പാതക്കപ്പുറം വാഹനങ്ങളും മനുഷ്യരും കലമ്പികുഴഞ്ഞ് വെറിയോടെ പറയുന്നു.

“അകത്ത് പോവാ.”

പറഞ്ഞറിയിക്കാനാവാത്ത മടുപ്പ് എവിടേയോ കിളുർത്തു വളരുന്നു. വെറുക്കപ്പെട്ട മനുഷ്യർക്കുനടുവിൽ, വന്യമൃഗങ്ങൾക്കു നടുവിൽ വന്നുപെട്ടതുപോലെ.

ഇനി എന്നാണ് ഒരു തിരിച്ചുപോക്കുണ്ടാവുക?

രേണുകേടത്തി വീണ്ടും വിളിക്കാൻ തുനിഞ്ഞപ്പോൾ അയാൾ കൂടെചെന്നു. മൊസൈക്കിട്ട തറയും ശീതനിയന്ത്രണമുള്ള മുറിയും എന്തോ വെടിഞ്ഞതായിരുന്നു.

പിശുക്കനായ അച്ഛന്റെ ധാരാളിത്തം നാലാൾ കാൺകെ വിളിച്ചു പറയാനായിരുന്നു എല്ലാം. ഐശ്വര്യത്തോടെ വാഴുന്നതുകണ്ട് കലുഷമായ മനസ്സോടെ കുറേപ്പേർ നീറിനടക്കുന്നതു കാണുമ്പോൾ എലിക്കുഞ്ഞിനെ ഞെരിച്ചുരസിക്കുന്ന പൂച്ചയുടെ അവാച്യ നിർ വൃതി.

ഞാനും തട്ടിൻമേൽ നാലാൾ കാണാൻ കുത്തുനടത്തുക തന്നെ യായിരുന്നു.

മുറിയിലെ ഡബിൾകോട്ട് ബെഡിൽ യാത്രക്ഷീണം തീർക്കാ നായി പാർത്ഥൻ കിടന്നു. രേണുകേടത്തി കുളിരുള്ള നാരങ്ങനീര് മേശപ്പുറത്തു വെച്ചു.

“നിന്ത്യാവ്ടെ അടച്ചിട്ട പോല്യാ.”

അയാൾ മൗനത്തോടെ നീരു കുടിച്ചു. രേണുകേടത്തി തുടർന്നു.

“മനുഷരെ കാണുന്നതു നിഷിദ്ധാവ്ടെ”

ഉറക്കത്തിന്റെ പതുപതുത്ത മെത്തയിലേക്ക് ചായുമ്പോൾ രേണു കേടത്തി അകന്നു. അവർ വാതിൽ പതിയെ ചാരുകയുണ്ടായി. പുറത്തെ ഇരമ്പം ഗതിമുട്ടി ഒച്ച കുറഞ്ഞിരിക്കുന്നു. ആർത്തു കൊണ്ടുനടക്കുന്ന വില്പനക്കാരന്റെ സ്വരം ജനലുകളെ പോലും ഭേദിക്കുന്നുണ്ട്.

കിടക്കയിലെണീറ്റിരുന്നു മേശപ്പുറത്തെ പൊട്ടിക്കാത്ത എഴുത്തു കളെടുത്തു. അവിടെ നിന്നു പുറപ്പെടുമ്പോൾ രഹസ്യമായ കർമ്മം ചെയ്യുന്നതുപോലെ എണ്ണിപെറുക്കിയ ആളുകൾക്കു മാത്രം വിലാസം നൽകി.

മാസം ഒന്നുകഴിഞ്ഞിട്ടും ഒരു തുമ്പും കിട്ടാതെ ജോലിയെ ക്കുറിച്ചു വേവലാതിയുമായി നടക്കാൻ അസാദ്ധ്യമായിരുന്നു. കണ്ടു പഴകിയ മനുഷ്യർ എന്നെ കാണുമ്പോൾ ഉയർത്തുന്ന ചോദ്യം.

“എന്തായി ?”

കുറുകിയ അവരുടെ വാക്കുകൾ നൽകിയത് അസ്വസ്ഥത മാത്ര മായിരുന്നു. യൂനിയന്റെ ഒരു മുഴുപ്രവത്തകനെ പോലെ ഉലകം ചുറ്റുകതന്നെയായിരുന്നു. തളർന്നു കിടന്ന പല താലൂക്കുകൾക്കും വീര്യം നല്കികൊണ്ടുള്ള പാഞ്ഞു നടപ്പ്.

പട്ടാളച്ചിട്ടയോടെ കടന്നുപോയ ദിവസങ്ങൾ ഒരപൂർവ്വാനു ഭവമായിരിക്കുന്നു. വിശന്നു പൊരിഞ്ഞ് നിലവിളിക്കുന്ന അമ്മ്യാ രുടെ സ്വരം പാതിരാഗാനം പോലെ എന്നെ ചൂഴ്ന്നു നടക്കുന്നുണ്ടാ യിരുന്നു. വൃന്ദ കഴിവതും വാക്കുകളൊതുക്കി മൂകയായി. അമലയാ യിരുന്നു ചില നിമിഷങ്ങൾക്ക് വർണ്ണപൊലിമ നല്കിയിരുന്നത്.

പഴയ നിനവുകളെ ഉടച്ചുവാർക്കുമ്പോൾ പുതുതായി സുഭിക്ഷത മാത്രമുള്ള മറ്റൊന്ന് ആവശ്യമായിരിക്കുന്നു. ദുരിതങ്ങളെ ഏറ്റു വാങ്ങാൻ തയ്യാറാണെങ്കിൽത്തന്നെയും അവയെ ഉചിതമായി തഴഞ്ഞ് മാധുര്യമുള്ളവയെ ആസ്വാദ്യതയോടെ ചിന്തിക്കുക.

ചുവരു പിടിച്ചുനടക്കുന്ന പൊട്ടക്കണ്ണി അമ്മ്യാർക്ക് ലോകം വന്യമായ, വെളിച്ചം കേറാത്ത കൊടുംകാടാണ്. പഴയ പാതകളിലെ വിളക്കുകാലുകളുടെ നിഴലുകൾ അവരെ അലട്ടിക്കൊണ്ടേയിരി ക്കുന്നു.

രോഹിണിയുടെ എഴുത്ത് മറ്റൊരു നിമിഷത്തെ വായനയ്ക്ക് വെയ്ക്കുമ്പോൾ പാർത്ഥൻ പതിയെ ചിരിച്ചു. അവളുടെ ചന്തമുള്ള മുഖം മുന്നിൽ തെളിഞ്ഞു വരുന്നതുപോലെ തോന്നി. മരുന്നിന്റെ വാട മാറാത്ത അന്തരീക്ഷത്തിലായിരുന്നു ഞാനവളെ കണ്ടത്.

ശുഭ്രമായ വസ്ത്രങ്ങളുമായി അവൾ അരികു കടന്നുപോവുമ്പോൾ മുഖത്ത് തണുത്ത പനിനീർചാറ് വീണതുപോലിരുന്നു.

ആശുപത്രി അങ്കണം. നിരത്തിപെറുക്കിയിട്ട കട്ടിലുകൾ. വേദന കൊണ്ട് പൊറുതിമുട്ടുമ്പോഴും കളിതമാശ പറയുന്ന രോഗികൾ. വിഷാദത്തോടെ കടന്നുവരുന്ന ബന്ധുക്കളെ ആശ്വസിപ്പിക്കാനൊരുമ്പെടുന്നവർ.

പത്തുമണിവരെ എന്റെ കട്ടിലിനു തലയ്ക്കൽ തിരക്കുന്നതന്നെയായിരിക്കും. പിന്നിട്ട് അഞ്ചിനുശേഷവും. കലക്ടറേറ്റ് പിക്കറ്റു ചെയ്തപ്പോൾ ലാത്തി അടിയേറ്റതായിരുന്നു. നാളുകൾ കഴിഞ്ഞപ്പോൾ ചൊറിഞ്ഞു പൊട്ടിയ മുറിവ് പഴുത്ത് ചീഞ്ഞ് ദിനമായി. പനി വിടാതെ തുടർന്നു.

രാമുവിന്റെ വളഞ്ഞു കുത്തിയ വിലാസമെഴുത്തു കണ്ട് അയാൾ കൂടുതുറന്നു.

നിന്റെ പ്രശ്നം ഉടൻ പരിഹരിക്കുമെന്നു തോന്നുന്നു. ഇന്നലെ ഒരുദിവസം ജില്ലാ തലസ്ഥാനത്തെ ഓഫീസുകളെല്ലാം നിനക്കുവേണ്ടി മുടക്കി. പണി ഒരിടത്തും നടന്നിട്ടില്ല. അന്വേഷണത്തിനു വന്ന ഉദ്യോഗസ്ഥന്റെ തീരുമാനത്തെ കുറിച്ചൊന്നും അറിയാൻ കഴിഞ്ഞിട്ടില്ല. എങ്കിലും അദ്ദേഹം നമ്മുടെ അനുഭാവിയാണെന്നാണ് അറിയാൻ കഴിഞ്ഞത്. വലിയ കുഴപ്പങ്ങളൊന്നും ചെയ്യില്ലെന്ന് പ്രതീക്ഷിക്കാം.

ഞങ്ങൾ വൈകിട്ട് പ്രകടനവും നടത്തുകയുണ്ടായി. പൊതുയോഗത്തിന് ധാരാളം പേരുണ്ടായിരുന്നു. ഏതായാലും നിന്റെ പേര് വിശ്വപ്രസിദ്ധമായി തീർന്നിരിക്കുന്നു.

പാർത്ഥൻ പറഞ്ഞതുപോലെ നൂറ്റമ്പതു രൂപാ അമലയുടെ വീട്ടിലെത്തിച്ചിട്ടുണ്ട്. ആ കുട്ടിക്ക് തന്റെ നിലപാടിനെ കുറിച്ചു വിഷമമുണ്ടെന്നു തോന്നി.

പെരുംകുഴിയിൽ വീണുകിടക്കുമ്പോഴും അയാൾക്ക് സായൂജ്യം തോന്നി. അവർ എനിക്കുവേണ്ടി ഒറ്റക്കെട്ടായി നിരന്നിരിക്കുന്നു. സ്വരമുയർത്തിയിരിക്കുന്നു. എന്നിൽ കവിഞ്ഞ് അനേകരുടേതായി നിലപാട് വളർന്നിരിക്കയാണ്.

ഒരുപാടു രാത്രികളിൽ ഉറക്കമിളച്ച് മുറികളിൽ ചടഞ്ഞിരുന്ന് വാതോരാതെ പറഞ്ഞത് ഈ ഒരു അപൂർവ്വനിമിഷത്തിനു വേണ്ടിയാണെന്നു തോന്നുന്നു. പതിരുകെട്ട ചണ്ടികൂറ്റൻ വൃക്ഷമായി ദിശകളിലേക്കു പടരുകയാണ്.

തേച്ചുമിനുക്കി എഴുതിയ അമലയുടെ വാക്കുകൾ. നാവിൻതുമ്പ് പലർക്കും, എച്ചിൽ കലം പോലെ വൃത്തികെട്ടതാണ്. ഒരിക്കൽ

പറഞ്ഞ വാക്കുകൾ സമയം പോക്കാൻ മാത്രം ഉപകരിക്കുന്നു. ആദർശം ഭംഗിയുള്ള കുപ്പായമാണെന്ന് എനിക്കു തോന്നുന്നു. അതണിഞ്ഞ് മരണത്തോളം നടക്കുകയാണ് വിഷമം, ഓരോ നിമിഷത്തിലും പുതിയ പുതിയ ആദർശത്തിന്റെ കുപ്പായങ്ങളണിയാനാണ് മനുഷ്യർക്കിഷ്ടം.

ഇവിടെ സഹിക്കാൻ പഠിക്കുക, മെരുങ്ങാൻ പഠിക്കുക അതാണാവശ്യം. പാർത്ഥേട്ടനെ വിഡ്ഢിയാണെന്ന് ഞാൻ പറയില്ല. അല്ലെങ്കിൽ വിഡ്ഢി ആയതുകൊണ്ടാണല്ലോ ഞങ്ങളെ സഹായിക്കുന്നത്. മനുഷ്യരെ സ്നേഹിക്കുന്നവരായി ഇവിടെ വളരെ കുറച്ചു പേരേയുള്ളു, പാർത്ഥേട്ടാ. എല്ലാവരും തന്നെത്തന്നെ സ്നേഹിക്കുന്നവരാണ്. മനുഷ്യനാകാൻ ഇവിടെ ആർക്കും ഇഷ്ടമില്ല, പാർത്ഥേട്ടാ. എല്ലാവർക്കും മനുഷ്യത്വത്തെ കുറിച്ചു ഉച്ചത്തിൽ പറയാനാണിഷ്ടം.

ഇരുട്ടുപോലെ മന്ദത വിതറുന്ന പെരുവഴിയിലെ വേനലിനെ നോക്കി അയാൾ വിചാരിച്ചു. അമല വളർന്നിരിക്കുന്നു. പ്രായത്തിൽ കവിഞ്ഞ പക്വതയാർന്ന ചിന്തയാണ് അബദ്ധം. വ്യക്തമായ ബോധങ്ങൾ ഉണ്ടാവുമ്പോൾ സത്യത്തിൽ ഒരിടത്തും ചെന്നെത്താനാവില്ല.

വീടു ശരിപ്പെടുത്തിതന്നതു രാജുവായിരുന്നു. കഷ്ടപ്പാടുകണ്ട് അവരുടെ അംഗമായി ലയിക്കുമ്പോൾ ഒരാത്മസംതൃപ്തിയായിരുന്നു. വ്യക്തിഗതമായവ വീണ്ടെടുക്കാനുള്ള ഒരു ശ്രമംകൂടി. എന്റെ പോക്കുവരത്തിന് ഞാൻ കണ്ടെത്താവുന്ന അഭയം.

കൂലംകുത്തി അമറി പായുന്ന ഇവിടം. കളിയും ചിരിയും മറന്ന് ഊമയായ രേണുകേടത്തി.

അകമുറികളിൽ നിശ്ശബ്ദതതന്നെയാണ്. മണൽവിരിച്ച നടപ്പാതയ്ക്കു പുറംതോട്ടക്കാരൻ പുല്ലു കത്രിക്കുന്നു. അവന്റെ കറുത്ത ഉറച്ച ശരീരത്തു വെള്ളം തെളച്ചതുപോലെ വിയപ്പാണുള്ളത്.

രേണുകേടത്തി വാതിൽ ഒച്ചയുണ്ടാക്കാതെ തുറന്നു.

‘‘പാർത്ഥേട്ടനൊറങ്ങ്വാന്ന് കരുതി.’’

‘‘ഞാനെഴുത്തു വായിക്കുകയായിരുന്നു.’’

‘‘ആരടെ?’’

‘‘രാമുവും അമലയുമെഴുതീട്ടുണ്ട്.’’

അമലയുടെ എഴുത്തു കിട്ടി. നീട്ടിയപ്പോൾ അവർ വാങ്ങിച്ചു. വായിച്ചു തിരികെ തരുമ്പോൾ പറഞ്ഞു.

‘‘ആ കുട്ടി ബുദ്ധിമത്യാണ്.... ന്ന്ട്ടെന്താ..?’’

പത്താം ക്ലാസ്സിൽ ചുറ്റുവട്ടത്തിലെ കുട്ടികളെക്കാൾ അധികം മാർക്കുവാങ്ങിയ രേണുകേടത്തി കളിചിരി പറയുമ്പോഴും കാര്യ

ത്തിന് ചിന്ത പെരുകുന്ന മുഖം. ബാലിശമാണെന്നറിഞ്ഞിട്ടും അവർ മണ്ഡപത്തിൽ കഴുത്തും കുനിച്ചിരിപ്പായിരുന്നു. പൊരുത്തക്കേടോ അലോഹ്യതയോ ആർക്കും എങ്ങും കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല. അതൃപ്തി അമ്മായിക്കായിരുന്നു.

രേണുകേടത്തി ചൂരൽ കസേരയിലിരിക്കുന്നു.

''രേണുകേടത്തി വന്നത് അനന്തേട്ടനറിഞ്ഞില്ലേ?''

''ഓ ആൾക്ക് ആസ്പത്രിലെ സ്റ്റെതസ്കോപ്പുപോല ന്യാഞാനും. നിക്ക് ജീവന്ണ്ടുന്ന് മാത്രം.''

ഉള്ളുരുകി വിണ്ടുപൊട്ടി ചോരപൊടിഞ്ഞു ഒരെത്തുംപിടിയും കിട്ടാതെ കരകാണാത്ത ജലാശയത്തിൽ രക്ഷപ്രാപിക്കുമെന്ന് ആശപോലുമില്ലാതെ നീന്തി തുടിക്കുക; ജീവിക്കുക.

പാർത്ഥൻ നെടുതായി നിശ്വസിച്ചു. ഉറച്ചു കട്ടിയായ വാക്കുകൾ ശിലയെപോലെ അനങ്ങാതെയായി. താണുതാണ് ഘനീഭവിച്ചു.

''നിക്ക് ങ്ട് വന്നതും വരണ്ടീര്ന്നില്ല്യാന്ന് നേംമ്പ്വാ.....''

''ഉംം...?''

''സത്രത്തിലെ പ്രാവിനെപോലെ ആർക്കാവശ്യം.?''

രേണുകേടത്തിയുടെ കുനിഞ്ഞ മുഖത്ത് കണ്ണീരു കൂടി. സ്വല്പം വിളർത്ത മുഖം പരവശമായി. അവരുടെ മുഖത്തേക്കുറ്റുനോക്കാനാവാഞ്ഞ് പാർത്ഥൻ തലകുമ്പിട്ടിരുന്നു.

ചുറ്റുപാടുകളിൽ നി ന്നെല്ലാം ഒഴിഞ്ഞുമാറി അയാൾ താനേ ചിന്തിച്ചുപോന്നു.

പൂത്തിരി കത്തിയതുപോലുള്ള ശോഭയുമായി രേണുകേടത്തിയോടൊത്തു വളർന്ന നാളുകൾ. കുന്നിൻപള്ളിയിലെ ഓലമേഞ്ഞ സ്കൂളിൽ കളിച്ചു തുള്ളി പിന്നിടുകയായിരുന്നു. അവരുടെ കൈക്കുപിടിച്ച് ഒരു ജേതാവിനെ പോലെ മുതിർന്നവനായ താൻ എറമ്പ കടന്നു ചെല്ലുമായിരുന്നു.

''അമ്മവ്ടില്ല്യ. പ്രസംഗത്തിന് പോയിരിക്ക്യാ. വൈക്യോ വരൂന്ന് അടിച്ചുതെളിക്കാരത്തി പറഞ്ഞു.''

പോർച്ചിൽ ഷൂസ്സിന്റെ മടമ്പുരഞ്ഞു. വാതിൽക്കലേക്കു ചെന്ന രേണുകേടത്തി തലചെരിച്ചു പറഞ്ഞു. അനന്തേട്ടനാ... ഞാമ്പോവ്വാ.

ആരേയും നുള്ളി നോവിക്കാതെ മിതഭാഷിയായി, സൗമ്യതയോടെ വശ്യതയും വെടിപ്പുമുള്ള നവീന വസ്ത്രങ്ങളും ധരിച്ച് ലോകത്തിന്റെ ഗതിയെക്കുറിച്ചുപോലും ചിന്തിക്കാതെ ജീവിക്കേണ്ടിയിരിക്കുന്നു! സ്വന്തം ഉൽക്കർഷത്തെക്കുറിച്ചുമാത്രം ചിന്തിക്കുമ്പോഴും കലാശാല തേടിയ അന്യന്റെ വാക്കുകളെ ഉരുവിടുന്നത്

കൊള്ളാം. ആർക്കാനും വേണ്ടി ഓക്കാനിക്കുന്നതുപോലെ ചില തെല്ലാം ചെയ്തു ശീലിക്കേണ്ടിയിരിക്കുന്നു.

അകമഴിഞ്ഞ് കൊതിയുണ്ടെങ്കിൽത്തന്നെയും രോഹിണിയുമായുള്ള എന്റെ ബന്ധിപ്പ് ഇടക്കിടെ മാത്രമായിരുന്നു. അവൾ പലവട്ടം കാത്തുനിന്നിട്ടും കൃത്യത്തിന് ചെല്ലാൻ കഴിഞ്ഞിരുന്നില്ല.

എന്റെ ജീവിതം ചെങ്കുത്തായ പാതയിലൂടെ ആണെന്നു കരുതി തരളമായ മനോഭാവത്തിലേക്ക് ഇറങ്ങിച്ചെല്ലാൻ ഭയമായിരുന്നു. മേനിപ്പുറത്ത് പുതച്ച കവചം ഭേദിച്ച് തോളുരുമി നടക്കാൻ വിനീതമായ ഭയം!

മെരുങ്ങിയ ആനയെപ്പോലെയായിരുന്നു അച്ഛൻ. നാട്ടാരുടെ മുമ്പിൽ സൗഭാഗ്യത്തിന്റെ ധവളിമ വിതറിക്കൊണ്ട് ജീവിക്കുകയായിരുന്നു.

ഇരുണ്ടൊരു സന്ധ്യയ്ക്ക് ആളൊഴിഞ്ഞ പാതയിലൂടെ നടക്കുമ്പോൾ ശബ്ദമുയർത്താതെ എന്നോടായി രോഹിണി പറഞ്ഞു.

“എനിക്ക് കുറേ സഹിക്കാൻ തയ്യാറുള്ള ധീരരായ മനുഷ്യരെയാണ് ഇഷ്ടം.”

“അപ്പോൾ എന്നെ?”

“പാർത്ഥേട്ടനും നല്ല മനുഷ്യനാണ്.!”

“ഉം.”

പതിഞ്ഞ സ്വരം പൂപോലെ മധുരമായിരുന്നു.

പഠിപ്പുപാതിക്കു നിർത്തി തെരുവിലേക്കിറങ്ങിയപ്പോൾ നാട്ടാരുടെ അപഹാസ്യത്തിനു പുറമെ ശകാരിച്ചു നടന്നത് അമ്മയായിരുന്നു. ഡിഗ്രി ഇല്ലാത്ത, തലമറന്ന് തെണ്ടിനടക്കുന്ന മകൻ അവരുടെ ഉന്നതശ്രേണികളിൽ ഒരു ചോദ്യചിഹ്നം തന്നെ ആയിരുന്നുവത്രേ.

പല വാഗ്ദാനങ്ങൾ: മററൊരു കോളേജിലേക്ക് പോവാം. നിനക്കിഷ്ടമാണെങ്കിൽ സ്വന്തമായി ഒരു ബിസ്സിനസ്സാരംഭിക്കാം.

പിന്നീട് നീണ്ടൊരു കാലവിളംബത്തിനു ശേഷം പുനരാരംഭിച്ച പഠിപ്പ്.

അച്ഛന് ആദ്യകാലത്ത് വാക്ക് ചാതുര്യമുള്ള മകനെ ബാരിസ്റ്ററാക്കാനായിരുന്നു ഇഷ്ടം. കരിംഭൂതത്തെ പോലെ കുപ്പായമിട്ട വക്കീൽ! പിന്നീട് ആ തോന്നൽ ഒരെഞ്ചിനീയറോളമെത്തി.

തെരുവിലൂടെ നടക്കുമ്പോഴെല്ലാം പഴങ്കഥകൾ പറയാൻ മടിച്ചു രോഹിണി മൗനമായിരിക്കും. അവളുടെ കണ്ണുകളിലെ തീക്ഷ്ണ ദുഃഖത്തിന്റെ ആലക്തികദീപങ്ങളെ എനിക്കു കാണാൻ കഴിഞ്ഞിരുന്നു.

എഴുത്തു വായിച്ച പാർത്ഥൻ ഒരു ചെറുചിരിയുമായി കിടക്കയിൽ മലർന്നുകിടന്നു. ഉച്ചയൂണിന്റെ ഒരുക്കൂട്ടങ്ങൾ അകത്തു നടക്കുന്നു. മിനുസമുള്ള മേശയുടെ പ്രതലത്തിലൂടെ പാത്രങ്ങൾ ഞരങ്ങുന്നതു കേൾക്കാനുണ്ട്. സമയം ഗണിച്ചുവെച്ച് ചെയ്തു തീർക്കുന്ന പണിയെ പോലായിരിക്കുന്നു അനന്തേട്ടന് ഊണ്.

രോഹിണി അക്ഷരങ്ങൾക്ക് അടിവരയിട്ട് എഴുതി. എഴുത്തിലൂടെ കേവലമാത്രമായി വളരുന്ന ബന്ധമാണ് നമ്മുടെതെന്ന് എനിക്കു തോന്നുന്നില്ല. പലവട്ടം കണ്ടിട്ടില്ലെങ്കിലും എനിക്ക് പാർത്ഥേട്ടനെ മനസ്സിലാക്കാനാവും. സ്വയം വഞ്ചിക്കാത്ത ഒരാൾ ഒരിക്കലും മറ്റുള്ളവരെ വഞ്ചിക്കാൻ ശ്രമിക്കില്ല. തന്നെ അകമഴിഞ്ഞ് സ്നേഹിക്കുന്ന മനുഷ്യന് തന്റെ ഇണയും എല്ലാമാണ്.

ആശുപത്രി ജീവിതത്തിന് പറയത്തക്ക പുതുമയൊന്നുമില്ല. രോഗികൾ നിറഞ്ഞ കിടക്കകൾ. പരാധീനരായ മനുഷ്യരെ സഹായിക്കുമ്പോൾ വളരെ അധികം സംതൃപ്തി തോന്നുന്നുണ്ട് പാർത്ഥേട്ടാ. ഒരു പക്ഷേ ഞാനും പരാധീനയല്ലേ? അതു കൊണ്ടാവും.

ലോകം ഒറ്റപ്പെടുത്തിയ അനാഥയായ പെൺകുട്ടിക്ക് നോവുകൾ നിറഞ്ഞ നീണ്ടൊരു കഥ എന്നോടു പറയാനുണ്ടായിരുന്നു. സുന്ദരിയെങ്കിലും പ്രകൃത്യാതന്നെ കരച്ചിലുമുട്ടിയ രോഹിണിയോട് ആദ്യമാത്രത്തിൽ അതിരു കവിഞ്ഞ അനുകമ്പയാണ് തോന്നിയിരുന്നത്.

പതിതയും ഏകയുമായ ഒരുത്തി! ഞാനും കൂട്ടം വിട്ട് നടന്നുതുടങ്ങിയപ്പോൾ കുടുംബത്തിൽ നിന്നകന്ന് ഏകനായിരുന്നുവല്ലോ.

അമലയ്ക്ക് രോഹിണിയെകുറിച്ചു ഒരു പാടുപറയാനുണ്ടായിരുന്നു. അവിചാരിതമായി മുറിയിലേക്കു കയറിവന്ന അവൾ ചോദിച്ചു.

‘‘ഡയറിയിലൊരു ഫോട്ടോ കണ്ടു. അതാരുടേതാ?’’

പതർച്ചയോടെ, കളവ് ചെയ്യാഞ്ഞിട്ടും ക്ലാസ്സിൽ കുറ്റവാളിയായി നില്ക്കുന്ന കുട്ടിയെ പോലെ ചകിതനായി തന്നെ ഇരിക്കുകയായിരുന്നു, ഞാൻ. അമല ചിരിച്ചുകൊണ്ടു പറഞ്ഞു.

‘‘പാർത്ഥേട്ടൻ പറഞ്ഞില്ലെങ്കിലും എനിക്ക് ആളെ മനസ്സിലായി. ആശുപത്രിയിലെ നെഴ്സാണ്. സുന്ദരിയാണ്. ചോദിക്കാനും ശാസിക്കാനും ആളില്ല. പിന്നെ...’’

രോഹിണിയെക്കുറിച്ച് പിന്നീടും എനിക്കായി ഒരുപാടു വിശേഷങ്ങൾ.

തിന്നാലടങ്ങാത്ത വിശപ്പുണ്ട്. തുടർച്ചയായി കാറോടിച്ചതിലാണെന്നു തോന്നുന്നു, ക്ഷീണവുമുണ്ട്. നാളുകൾക്ക് മുമ്പ് മറന്നവിദ്യ പുനരാരംഭിച്ചതുപോലെയായിരുന്നു യാത്ര.

രേണുകേടത്തി കുത്തിപ്പൊക്കി എന്നെ തയ്യാറെടുപ്പിക്കുകയായിരുന്നു. പലരിൽ നിന്നും ഒഴിഞ്ഞുമാറി. തന്മൂലം അനാവശ്യ ചോദ്യങ്ങളെ ഒഴിവാക്കാൻ കഴിയുമായിരുന്നു. തനിച്ചിരിക്കാനായിരുന്നു കൊതിച്ചത്. ഉറ്റസുഹൃത്തുക്കളെപോലും കാണാൻ ചെന്നിരുന്നില്ല.

എന്റെ ആരുമല്ലാത്ത മാലതിക്ക്, മാലതിക്കുവേണ്ടി പൊരുതി ഞാൻ ഒരു വികടകഥാപാത്രത്തെപോലെ പലർക്കും കൗതുകമായിരുന്നു.

പാർത്ഥൻ എണീറ്റ് മുറിക്കു പുറത്തുകടന്നു. കോണിപ്പടി ഇറങ്ങിവരുന്ന രേണുകേടത്തി താഴേക്കെത്തുന്നതിനു മുമ്പെ പറഞ്ഞു.

“ഊണിനും വൈകീല്ലേ? അനന്തേട്ടനൊക്വൊായി.....”

ഊൺ തളത്തിൽ മിനുത്തമേശയെ തേടി അയാൾ അകത്തേക്കു കടന്നു.

ഊണിനുശേഷം ചിട്ടയോടെ രണ്ടുമണിക്കൂർ നേരത്തേക്ക് ഉറക്കം. പിന്നീട് കിറുകൃത്യമായി രണ്ടു നിമിഷത്തേക്ക് മുഖം കഴുവൽ. അതിനുശേഷം അഞ്ചുമിനിറ്റോളം നീണ്ടുനില്ക്കുന്ന ഉടുത്തൊരുങ്ങൽ.

അച്ഛന്റെ ദിനചര്യയെ അതേപടി, യാതൊരു നീക്കുപോക്കുമില്ലാതെ പിന്തുടരുന്നു അനന്തേട്ടൻ.

ഊണുകഴിഞ്ഞ് ഉറക്കത്തിന് വട്ടം കൂട്ടീട്ടും പാർത്ഥന് ഉറങ്ങാൻ കഴിഞ്ഞിരുന്നില്ല. പഴയ പത്രമാസികകളിലൂടെ വൃഥാ കണ്ണുപായിച്ച് അയാൾ കിടന്നു. പുറത്തെ വേനലിന്റെ ക്ഷുത്ത് അപ്പോഴും അടങ്ങിയിരുന്നില്ല. തീപാറുന്ന ആവിയുടെ നാവുകൾ കാറ്റിൽ കാട്ടുതീയെ പോലെ ഒഴുകി നടക്കുന്നുണ്ടായിരുന്നു.

അനന്തേട്ടൻ പതിവില്ലാതെ അകത്തേക്കു കടന്നുവന്നപ്പോൾ അത്ഭുതത്തോടെ പാർത്ഥൻ എണീറ്റു. ഔപചാരികതയോടെ തലവണങ്ങി അനന്തേട്ടൻ കസേരയിൽ ഇരുപ്പുറപ്പിച്ചു.

“എക്സ്ക്യൂസ്മീ.... നീ ഉറങ്ങുകയായിരുന്നില്ലെന്നു ഞാൻ കരുതുന്നു.”

“ഞാൻ വെറുതെ വായിച്ചുകൊണ്ടു കിടന്നു.”

“അമ്മായിക്ക് സുഖം തന്നെയല്ലേ?”

“അതെ.”

“ഞാനവരെ കണ്ടിട്ട് ഒരു വർഷം കഴിഞ്ഞു.”

പുറത്തെ വെയിലിന്റെ ആക്കം കുറഞ്ഞുവരുന്നുണ്ട്. കാൽ നടക്കാരെ കൊണ്ട് നിരത്ത് വീണ്ടും സജീവമായിരിക്കുന്നു. വിയർപ്പു

നിറഞ്ഞ ആളുകളെ കുത്തിനിറച്ച ടൗൺബസ്സ്. ഇംഗ്ലീഷ് പള്ളിക്കപ്പുറത്തേക്കു കുതിക്കുന്നു.

"പിന്നെ നിനക്കൊരു രജിസ്റ്റേർഡ് ലെറ്റർ വന്നിട്ടുണ്ട്. ഇന്നലെ വന്നതാണ്. ഡയറക്ടറുടേതാണെന്നു തോന്നുന്നു."

"എന്താവും..."

"ജോലിയുടേതു തന്നെ.."

ത്രാസ്സിന്റെ തൂക്കതട്ടിൽ തുല്യവിതാനത്തോടെ നിന്ന ഒരു നിമിഷത്തെ അവസ്ഥ.

സസ്പെൻഷൻ ഉത്തരവ് കൈപ്പറ്റുമ്പോൾ എന്റെ മനസ്സാകെ അങ്കലാപ്പുകൊണ്ട് പുകുഞ്ഞുനീറുകയായിരുന്നു. ഗത്യന്തരമില്ലാഞ്ഞിട്ടും ഇങ്ങോട്ടുപോരാൻ മടി.

അച്ഛന്റെ മരണം പൊടുന്നനവെയായിരുന്നു. ജോലികിട്ടി ആറു മാസം തികയുന്നതിനുമുമ്പെ കമ്പികിട്ടി. ഓടിപിടഞ്ഞെത്തുമ്പോൾ നിരത്തിൽ എമ്പാടും വാഹനങ്ങളായിരുന്നു. പരശ്ശതം സമ്പന്ന മനുഷ്യക്കിടയിൽ വകയ്ക്കുകൊള്ളാത്ത സന്തതിയായി അന്യനെ പോലെ കഴിഞ്ഞുകൂടുകയായിരുന്നു കുറച്ചുനാൾ.

"എനിക്ക് നിന്നോടൊന്നു പറയാനുണ്ട്. അതിനാണ് ഞാൻ വന്നത്."

"എന്താ?"

"മുൻപും പറഞ്ഞതുതന്നെയാണ്. നീ ഈ ജോലി രാജി വെയ്ക്കണം. സ്വന്തമായി എന്തെങ്കിലും ആരംഭിക്കണം."

"എനിക്കും പഴയ ഉത്തരം തന്നെ."

"എനിക്കും നിന്റെ അമ്മയ്ക്കും ഇവിടെ ചില പൊസിഷൻ സ്സെല്ലാമുണ്ട്. എന്റെ അനുജൻ തല്ലുകൂടി നടക്കുന്നതും ചില്ലിക്കാശുകിട്ടുന്ന ഒരു ജോലി ചെയ്യുന്നതും ഞാനിഷ്ടപ്പെടുന്നില്ല."

"അതു അനന്തേട്ടന്റെ ഇഷ്ടം. എന്റെ ഇഷ്ടക്കേട് മറ്റു പലതിനോടാണ്. നിങ്ങളോട് ഞാനതിനെ വകവെയ്ക്കാൻ പറയുന്നില്ലല്ലോ.."

"ഞങ്ങൾക്ക് അതിന്റെ ആവശ്യമില്ല."

എത്ര പറഞ്ഞാലും ഗുണം പിടിക്കില്ലെന്നു കരുതി ആവണം അനന്തേട്ടൻ തുടർന്നൊന്നും സംസാരിക്കാതെ പോയത്. തറപൊളിച്ച് നടന്നു നീങ്ങുന്ന ഭർത്താവിനെ നോക്കി രേണുകേടത്തി വാതിൽക്കൽ നിൽപ്പുണ്ടായിരുന്നു.

മുടികോതി അഴയിലെ കുപ്പായമിട്ട് അയാൾ പോസ്റ്റാഫീസിലേക്കിറങ്ങി. പടിയിറങ്ങുമ്പോൾ രേണുകേടത്തിയോടായി പാർത്ഥൻ പറഞ്ഞു:

“ഓഫീസിൽനിന്നും കത്തു വന്നിട്ടുണ്ടെന്ന്. ഞാനതു വാങ്ങി ച്ചുവരാം.”

നിരത്തിലേക്കിറങ്ങിയ അയാൾ ഉച്ചച്ചൂട് മുഖത്തേറ്റപ്പോൾ നിന്നു പരുങ്ങി. ആളൊഴിഞ്ഞുവന്ന ഓട്ടോറിക്ഷയെ മാടിവിളിച്ച് അതിൽ കയറി ഇരുന്നു.

അനന്തേട്ടന് തെരുവിലൂടെ അനുജൻ നടക്കുന്നതുപോലും വില കുറവായിരുന്നു. സിനിമാ ഹാളിൽ ഏറെതാഴെയല്ലാത്ത നിരക്കിൽ ഇരുന്നാൽ പോലും വഴക്കു പറയാനേ അവർക്ക് നേരമുണ്ടായി രുന്നുള്ളു. ബി. എ. കഴിഞ്ഞ് തുടർന്നു പഠിക്കാനുള്ള സമ്മർദ്ദങ്ങളെ വകവെയ്ക്കാത്ത നാളുകൾ. ഞാൻ മനുഷ്യർക്കായി ജനത്തെ തേടി നടപ്പായിരുന്നു. തോന്നിയപാട് വീട്ടിൽനിന്നിറങ്ങി പോവുക. ശരി ക്ക് ഉരുളാത്ത നിത്യവൃത്തി. അഴുക്കു നിറഞ്ഞ് കോലംകെട്ട വസ്ത്ര ത്തിന് ചിലപ്പോൾ അനേകം നാളുകളുടെ പഴക്കമുണ്ടായിരുന്നു.

അനുജനായ മുകുന്ദനുപോലും എന്നോട് അവജ്ഞ.

അമ്മായിയുടെ വീട്ടിൽ ചെല്ലുമ്പോൾ രേണുകേടത്തി ആശ്വസി പ്പിക്കാനുണ്ടായിരുന്നു. പുരാണകഥാകഥനം പോലെ അവർ ഉപ ദേശങ്ങൾ ചൊരിയുമ്പോൾ പലപ്പോഴും വെറുപ്പുമായി എനിക്കും കേട്ടു നിൽക്കാൻ കഴിഞ്ഞിരുന്നു.

നൊച്ചിയും നീരോലിയും നിറഞ്ഞ ചെമ്മൺകുന്നും, പച്ചപ്പുല്ലു കൾ തഴച്ചുനിൽക്കുന്ന പള്ള്യാലയും. എന്റെ ഒരുപാടു കാലങ്ങൾ അവിടെ കൊഴിഞ്ഞുവീണിരിക്കുന്നു.

കുലുങ്ങി തെറിക്കുന്ന വാഹനത്തിൽ നിന്നിറങ്ങി, തീപാറുന്ന നിരത്തു കവച്ച് പാർത്ഥൻ പോസ്റ്റാഫീസിലേക്കു കയറി. തിരക്കു കുറഞ്ഞ കൗണ്ടറിൽ അധികനേരം കാത്തുനിൽക്കേണ്ടിവന്നില്ല. കൂടു പൊളിക്കുമ്പോൾ കറുത്തമഷി തെളിച്ച് പതിയാത്ത അക്ഷര ങ്ങളിലൂടെ കണ്ണോടിക്കുമ്പോൾ.

ഒടുക്കം സമാധാനത്തോടെ അയാൾക്കു നിശ്വസിക്കാനായി.

എന്റെ ജോലി തിരിച്ചു ലഭിച്ചിരിക്കുന്നു. ഓഫീസർക്ക് വിദൂരത്തിലേക്ക് സ്ഥലംമാറ്റവും. ദിഗ്വിജയിയെ പോലെ ഒന്നുറക്കെ അട്ടഹസിക്കണമെന്ന്, വാതോരാതെ ചിരിക്കണമെന്ന് അയാൾക്കു തോന്നി.

തെരുവിലേക്കിറങ്ങി വീണ്ടും ഓട്ടോവിൽ കയറി. ഇരിപ്പിടത്തിൽ ചായ്ഞ്ഞിരിക്കുമ്പോൾ ചൂടുകാറ്റിലും ലേശം തണുപ്പുണ്ടെന്ന് പാർത്ഥൻ കരുതി.

നാല്

പെട്ടിയിൽ കുത്തി നിറച്ച വസ്ത്രങ്ങള കട്ടിലിൽ കമഴ്ത്തികൊട്ടി രേണുകേടത്തി ഭംഗിയായി അടുക്കിവെയ്ക്കുകയാണ്. പാർത്ഥൻ ജനാലകമ്പിയിൽ മുഖമണച്ച് പുറമേക്കു നോക്കിക്കൊണ്ടുനിന്നു.

അനന്തേട്ടൻ രാത്രി വിസിറ്റിനായി നേഴ്സിങ്ങ് ഹോമിലേക്കു ചെന്നിരിക്കുന്നു. രോഗികളുടെ പരാധീനതകൾ മാത്രമറിയാവുന്ന അനന്തേട്ടൻ ജീവിക്കുന്ന രേണുകേടത്തിയുടെ സൗഖ്യത്തെ പാടെ മറന്ന മട്ടാണ്.

നിരത്ത് വെളിച്ചത്തിൽ കുളിച്ചിരിക്കുന്നു. ആളൊഴിഞ്ഞ ബസ്സുകൾ കുലുക്കത്തോടെ പകലോട്ടം നിർത്താൻ വെമ്പി ഷെഡ്ഡിലേക്കു പായുന്നു.

ജോലി കിട്ടിയപ്പോൾ ആദ്യമായി രേണുകേടത്തിയെ കാണാനായിരുന്നു ചെന്നത്. അവരുടെ അമിത ആഹ്ലാദംകൊണ്ടു വിടർന്ന സന്തുഷ്ടമായ മുഖം കണ്ടപ്പോൾ എന്റെ അകം നിറച്ചും തൃപ്തിയായിരുന്നു.വളർന്ന വീട്. ലാളിച്ചുവഷളാക്കിയ മുത്തശ്ശി. കാല്പാടുകൾ പതിഞ്ഞു ജന്മബന്ധം സ്ഥാപിച്ച മണ്ണ്.

രേണുകേടത്തി പെട്ടി ഒരുക്കി നിവർന്നുനിന്നു. അപ്പുറത്ത് അമ്മ അപരിചിതയെപോലെ തന്റെ ലോകത്തിൽ ബദ്ധശ്രദ്ധയായി തിരക്കുപിടിച്ച് ആർക്കോ കാൾ ചെയ്യുന്നു. പൊങ്ങി തെറിക്കുന്ന ചിരിയും മലയാളമസാല നിറഞ്ഞ ഇംഗ്ലീഷും കേൾക്കുന്നുണ്ട്.

ഇവരുടെ നടുക്ക് ഞാൻ ഒരു നികൃഷ്ടജീവിയെപ്പോലെ മുളച്ചു പൊന്തുകയായിരുന്നു. നെറിയും കൂറുമില്ലാതെ കൊടുക്കൽ വാങ്ങലുകളെ മാത്രം ആശ്രയിച്ചു കഴിയാൻ എനിക്കു കഴിഞ്ഞിരുന്നില്ല.

“ന്വെന്നാ പാർത്ഥേട്ടൻ വര്വാ?”

അയാൾ നാവനക്കുന്നതിനു മുമ്പേ രേണുകേടത്തി തുടർന്നു.

“നിക്കാക്കെന്തു വെഷമംച്ചാലും പറയാൻള്ളത് പാർത്ഥേട്ടനന്യാ. എടയൊക്കെ ങ്ങ്ട് വരണം.”

“വരാം”

“അമ്മയെ ഓർക്കുമ്പളാ വെഷമം മുഴുക്കെ. വയസ്സ്കാലായീട്ടും ആധി തീര്യേണ്ടായില്യ. പാർത്ഥേട്ടന്റ്ട്ത്ത് ജോലിരാജിവയ്ക്കണം പറഞ്ഞില്ല്യോ?”

“അതെ...”

“അത് വേണ്ടാട്ട്വോ. എളിമ്യായി ജീവിക്കുമ്പോ ഒരു സ്വസ്തതേം സുഖംണ്ട്. നീം വഴക്കുണ്ടാക്കി ജോലി പോവ്വോ?”

"വേണ്ടിവന്നാൽ അതുമുണ്ടാവും."

അകമുറിയിൽ ഗാനാലാപത്തോടെ ക്ലോക്ക് നേരം അറിയിച്ചു. രേണുകേടത്തി ധൃതിയോടെ മുറിവിട്ടുപോയി.

ആകാശത്ത് നിലാവും നക്ഷത്രങ്ങളുമില്ല. ഇരുട്ട് കൊടികുത്തി വാഴുന്ന വിശാലവീഥി. നഗരത്തിന്റെ വെളിച്ചം എല്ലാം തുടച്ചു വെളുപ്പിച്ചിരിക്കുന്നു.

മുത്തശ്ശിയുടെ മടിയിൽ മുഖം പൂഴ്ത്തി കിടക്കുമ്പോൾ അവർ ഹരിയുടേയും ശിവന്റേയും കഥകൾ പറയുമായിരുന്നു. അപ്പോൾ പൊട്ട ചെക്കൻ വളയം പോലെ നീണ്ട അവരുടെ ചെവിതുളയിൽ വിരലുകടത്തി രസിക്കുകയായിരിക്കും.

ഗുഹയിലെ വെളിച്ചം കേറാത്ത മലകളെ പോലെ കൊടും കാട്. പച്ചിലകൾ മറയിടുന്ന സൂര്യപ്രകാശം. നീരൊഴുക്കുകൾ ഒന്നിച്ചു വലുതായി ഒഴുകുന്ന പുഴ. പുഴയുടെ തീരത്തുതന്നെയാണു ശ്മ ശാനവും അമ്പലവും വിളനിലവും പട്ടണങ്ങളും. തിന്നുരസിച്ച് മരിക്കാനായുള്ള മണ്ണ്.

വ്യക്തിയുടെ ഇടുങ്ങിയ തെരുവിനപ്പുറത്തേക്ക് മനുഷ്യൻ വളരേണ്ടിയിരിക്കുന്നു.

മാലതിക്കു അവളുടെ സുരക്ഷിതത്വം അരക്കിട്ടുറപ്പിക്കുകയാ ണാവശ്യം. നിത്യവൃത്തിക്കു ഭംഗം വന്നതിനാൽ തളത്തിലെ ചായ് പ്പിലിരുന്ന് പൊട്ടക്കണ്ണി അമ്മ്യാര് പ്രാകിക്കൊണ്ടേ ഇരുന്നു. ഞായ റാഴ്ചത്തെ സുദീർഘ ഉറക്കം കഴിഞ്ഞ് എണീക്കാൻ മടിച്ച് കട്ടിലിൽ കിടക്കുകയായിരുന്നു ഞാൻ. തേയിലയിട്ടു പാകപ്പെടുത്തിയ ചായ ജനാലപ്പടിയിൽ വച്ച് അമല താഴേയ്ക്കു ചെന്നിരുന്നു.

അവൾ ഇന്നലെ വൈകിട്ടാണു പറഞ്ഞത്.

"പാർത്ഥേട്ടനു എന്തിനും ചില പരിമിതികളൊക്കെയുണ്ട്. പാർത്ഥേട്ടൻ അവയെ ഇല്ലാതാക്കിയാലും അതു നിലനിൽക്കും."

"അമല പറഞ്ഞുവരുന്നത്?"

"ചവിട്ടി അകറ്റിയാലും അകലാത്ത ചില സ്വഭാവങ്ങൾ മനുഷ്യ രിലുണ്ട് പാർത്ഥേട്ടാ...." പൊതുവിൽ വിവിധതരത്തിലുള്ള മനുഷ്യ രെക്കുറിച്ച് ഞങ്ങൾ ചർച്ചചെയ്യുകയായിരുന്നു.

ആരെയും അകമഴിഞ്ഞു സ്നേഹിക്കാതിരിക്കുക! പൂർണ്ണമായി വിശ്വസിക്കാതിരിക്കുക! ഉള്ളുതുറന്ന് എല്ലാ കഥകളും പറയാതിരി ക്കുക! പൊള്ളയായ ചെറുവാക്കുകളിലൂടെ കെട്ടിപ്പടുക്കുന്ന സൗ ഹൃദമാണാവശ്യം! സ്വന്തം നിലനില്പ്, സുരക്ഷിതത്വം അതു കണ്ടേ പറ്റൂ! ഉന്നതിയുടെ പടവുകളായിരിക്കണം എന്നും മാന

ദണ്ഡം! ബ്രഹ്മത്തെ ആകെ വിലയ്ക്കെടുക്കാൻ സന്നദ്ധനാകേണ്ടി യിരിക്കുന്നു!

ഉഗ്രശാസനങ്ങളും ശാപങ്ങളും നൽകി നാട്ടാരെ കാൽകീഴിലൊ തുക്കിയ പുരോഹിതന്മാരുടെ അവസാനത്തെ കണ്ണി. ജീവിതത്തി ന്റെ പഴയ അന്തസ്സത്ത ചോർന്ന് പുതുതായൊന്നുൾക്കൊണ്ട അമലയ്ക്ക് എന്തും താങ്ങാനുള്ള കെൽപ്പുണ്ടായിരുന്നു.

തീൻമേശയ്ക്ക് അരികെ ഇരുന്ന് ഊണുകഴിക്കുമ്പോൾ പാർ ത്ഥൻ നിശ്ശബ്ദനായിരുന്നു. രേണുകേടത്തി ഒഴിഞ്ഞ പാത്രങ്ങളി ലേക്ക് വിഭവങ്ങൾ വിളമ്പിക്കൊണ്ടിരുന്നു.

''ദെൻ യൂ റിമെൻ കണ്ടിന്യൂ യുവർ ജോബ്?''

ചിക്കൻ ഫ്രൈ ആർത്തിയോടെ തിന്നുന്നതിനിടയിൽ അമ്മ ചോദിച്ചു.

''അതെ.....''

''ബട്ട് ഷുവർലി ഇറ്റ് ഈസ് ഡേർട്ടി.''

''എന്നെനിക്കു തോന്നുന്നില്ല.''

''ബിക്കാസ് യു ആർ എ സ്കൗണ്ടറൽ''

അവർ പറഞ്ഞു ഉറക്കെ ചിരിച്ചപ്പോൾ പാർത്ഥൻ ഊണു മതിയാക്കി എണീറ്റു. വാഷ് ബേസിനിൽ കൈ കഴുവുമ്പോൾ വീണ്ടും കേട്ടു.

''ഹീ ഈസ് എ ഫൂൾ. ഈ ലോകത്തിലെ ആകെ വഞ്ചനയെ ഒരു മനുഷ്യന് തൂത്തെറിയാമെന്ന് അവൻ വിശ്വസിക്കുന്നു.''

മുറിയിൽ ചെന്ന് മുണ്ടു കുടഞ്ഞുടുത്ത് യാത്രയ്ക്കു തയ്യാറെ ടുത്തു. ദേഷ്യം മൂത്ത് വലിഞ്ഞു ചുരുങ്ങിയ മുഖം അമർത്തി തുടച്ച് പൗഡറിട്ടു. സൂട്ട്കേസ് തൂക്കി വാതിൽകട്ടിളയോളം നടന്നപ്പോൾ വേവലാതിയോടെ രേണുകേടത്തി കടന്നുവരുന്നത് പാർത്ഥൻ കണ്ടു.

''ഞാൻ പോട്ടെ. വിവരത്തിന് എഴുത്തിടാം.''

''ങ്ങനെ പോയാലോ. അമ്മയോട് തരത്തിനു സംസാരിച്ചൂടാ ർന്നോ?''

''എനിക്കിതുപോലെ മാത്രമേ സംസാരിക്കാനറിയൂ.''

പേറുകഴിഞ്ഞ് നാല്പതുതികയുന്നതിനു മുമ്പേ തലസ്ഥാനി യിൽ മേള ആരംഭിക്കുകയായിരുന്നു. മാറു കെട്ടിപ്പൊക്കി ചമഞ്ഞു കൊഴുത്തു ചെന്ന മിസ്സിസ് പത്മനാഭന് മുലക്കണ്ണുകളെ മറന്ന മകനെ ഒരോർമ്മപ്പിശകായി വെച്ചുപോരാൻ തക്ക മനക്കരുത്തു പോലും ഉണ്ടായിരുന്നു.

എന്റെ മുന്നിൽ മുത്തശ്ശി ആയിരുന്ന അമ്മ : അമ്മൂമ്മയും.

“ഏട്ടൻ വര്യാന്നു പറഞ്ഞിരുന്നൂ.....”

അവർക്കൊരുത്തരവും നൽകാതെ പോർച്ചിലേക്കു നടന്നപ്പോൾ അനന്തേട്ടൻ സിഗരറ്റു പുകച്ച് കാറിനകത്തിരിക്കുന്നു ണ്ടായിരുന്നു. ഒരു സംവാദത്തിനു കളമൊരുക്കേണ്ടെന്നു കരുതി പാർത്ഥൻ മുൻവാതിൽ തുറന്ന് അകത്തുകയറി ഇരുന്നു.

“വി ആർ സോ ഏർലി.”

കാറുമണൽവിരിച്ച വഴിത്താര കടന്ന് നിരത്തിലെത്തി. കണ്ണഞ്ചിപ്പിക്കുന്ന പ്രകാശം പരന്നുകിടക്കുന്ന നഗരത്തിലൂടെ പാഞ്ഞു. ഇരിപ്പിടത്തിൽ ചായ്ഞ്ഞിരുന്ന പാർത്ഥന്റെ മനസ്സിൽ നിറച്ചും അമർഷമായിരുന്നു. ആരോടെന്നില്ലാതെ ഒടുങ്ങാത്ത പക.

പ്രീയ്ക്ക് പഠിക്കുമ്പോൾ തൊട്ടേ അമ്മയുമായി കലമ്പിപ്പിരിയലായിരുന്നു പതിവ്. റേഡിയോഗ്രാമിന്റെ ഉച്ചശ്രേണിയിലുള്ള സ്വരം കേൾക്കുമ്പോൾ എത്രകണ്ട് പണിപ്പെട്ടിട്ടും എനിക്കു സംജാതമായ പൊട്ടിത്തെറിയെ ഒഴിവാക്കാൻ കഴിഞ്ഞിരുന്നില്ല.

കൊടുംകാട്ടിൽനിന്ന് നാട്ടിൻപുറത്തേയ്ക്ക് പിഴുതുമാറ്റിയ മെരുങ്ങാത്ത കാട്ടാന.

മൗനം സർവ്വഭൂഷണമായി കരുതി വാക്കുകളെ മറന്ന അച്ഛൻ.

ഡ്യൂട്ടിയുടെ ഭാഗമായ പകിട്ടിനുവേണ്ടിയുള്ള വസ്ത്രധാരണം. പതിയെ ആംഗ്യവിക്ഷേപത്തോടെ ഉതിരുന്ന വാക്കുകൾ.

“ഷീ ഈസ് ഔവർ മദർ. യു ആർ വെരി റൂഡ് ടു ഹേർ. ഐ ലൈക്ക് യു വിൽ അപ്പോളജൈസ്.”

അനന്തേട്ടൻ പറഞ്ഞുതീരുന്നതിനു മുമ്പേ പറഞ്ഞു:

“അതിന്റെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല.”

ചിതറിക്കിടക്കുന്ന കാറുകളുടെ നടുക്ക് അനന്തേട്ടൻ വാഹനം നിർത്തി. അണമുറിഞ്ഞതുപോലെ മനുഷ്യപ്രവാഹം; സ്റ്റേഷനകത്തുനിന്ന് ഷെഡ്ഡിൽ ഷണ്ടിംഗ് നടത്തുന്ന എഞ്ചിനുകളുടെ ഒച്ച കേൾക്കാനുണ്ട്. പുക സ്റ്റേഷനുമുകളിൽ കാർമേഘപടലത്തെപ്പോലെ പരുങ്ങിനിൽക്കുന്നു.

വളരെ നേരത്തെ എത്തിയിരിക്കുന്നു. സമയനിബന്ധന കൈവെടിഞ്ഞ തീവണ്ടി വരാവുന്ന ഏതോ ഒരു നിമിഷത്തേയും കാത്ത് അവർ നിന്നു.

അഞ്ച്

വൈകി എത്തിയ തീവണ്ടിയിൽ ഉറക്കമിളച്ചിരുന്ന് സ്ഥലത്തെത്തുമ്പോൾ സൂര്യൻ കാതങ്ങൾ നടന്ന് ഉയർന്നിരുന്നു. യൂണിയൻ

ആഫീസിലേക്കോ സുഹൃത്തുക്കളേയോ ചെന്നുകാണാൻ നേരമുണ്ടായിരുന്നില്ല. നേരെ മുറിയിലേക്കു ചെല്ലുകയായിരുന്നു പാർത്ഥൻ.

വെയിലു കാഞ്ഞുകൊണ്ടിരിക്കുന്ന ഗ്രാമം. തറപറ്റാറായ മേൽക്കൂരകൾക്കിടയ്ക്ക് പിടിച്ചുനിൽക്കാനായവരുടെ പുതുക്കി പണിത കടുംചായം തേച്ച തലയെടുപ്പുള്ള വീടുകൾ.

ചെതലു കയറിയ അമലയുടെ വീട് അഴിച്ചു പണിയേണ്ടിയിരിക്കുന്നു. പൊത വീണ് ദ്രവിച്ചു കോലംകെട്ട മച്ചിലെ കൃഷ്ണശിലയെ നോക്കി അമല പറയുകയായിരുന്നു. ഒരൊഴിവുദിവസം. ഉച്ചയുറക്കം കഴിഞ്ഞനേരം. ചൂടാറി തണപ്പു കയറുന്ന ചുറ്റോടുകൾ.

“പഴയ വിഗ്രഹങ്ങളെ ഇനി പുതുക്കി പണിയാനാവില്ല പാർത്ഥേട്ടാ. അവ നശിച്ച് വെണ്ണീറാവാറായി. അതാവശ്യവുമാണ്. ഒരു തൈ ചീഞ്ഞാലേ മറ്റൊന്ന് വളരൂ. പക്ഷേ കാലപ്പഴക്കമുള്ള ഒരു മരം പൊടുന്നനെ വീഴുന്നതു കാണുമ്പോൾ സങ്കടം തോന്നുന്നുണ്ട്.”

എന്റെ മുന്നിൽ ചടച്ച് എല്ലിച്ച ഉച്ചയുറക്കം ഇല്ലാതായി. ഉറക്കം കണ്ണിൽ കൂരിരുട്ടായി പടരുമ്പോഴും ഞാൻ അമ്മയുടെ ഭാവിയെ ഓർക്കുകയായിരുന്നു. തുഴ വെടിഞ്ഞു തടാകത്തിൽ കൈകാലിട്ടു തല്ലുന്ന പ്രതീതി.

നവീന പരിഷ്കരണം ഇവിടെ ആത്യന്തികമായി ഒരു പരിണാമവും വരുത്തീട്ടില്ലെന്നാണു തോന്നുന്നത്. തിന്നു മദിച്ച ഒരുകൂട്ടർ തറപറ്റിയപ്പോൾ ഒഴിഞ്ഞ ഇരിപ്പിടങ്ങളിലേയ്ക്ക് സുഖലോലുപന്മാരായ മറ്റൊരുത്തർ കയറിപ്പറ്റിക്കൂടുകയായിരുന്നു. അന്യാധീനം വന്ന അമ്പലങ്ങളും പൊളിഞ്ഞടർന്ന മതിൽക്കെട്ടുകളും ബാക്കി. ത്രാസ്സിന്റെ തട്ടുകൾ അപ്പോഴും താണും പൊന്തിയും തന്നെയായിരുന്നു. സമാന്തരമെന്നത് ഒരു പകൽകിനാവിനെപ്പോലെ അന്യം. പരിഷ്കരണത്തിന്റെ ലിപികളിൽ പുകമറയിട്ട് പരിവർത്തനത്തെ അകറ്റിയിരിക്കുന്നു.

രാമുവിന് ഘോരമായി കുറെ വാക്കുകൾ പറയാനുണ്ടായിരുന്നു.

പിച്ചതെണ്ടുന്ന അമ്മ്യാര്. പ്രായം തികഞ്ഞ വെറുതെ അണിഞ്ഞൊരുങ്ങാൻ മാത്രം വിധിക്കപ്പെട്ട് വഴികണ്ണുമായി സന്ധ്യയെ പഴിചാരുന്ന നവോഢകൾ. തിന്നാനും ഉടുക്കാനുമില്ലാതെ ഒരിക്കൽ പടിഇറങ്ങിപ്പോയ അമലയുടെ അച്ഛൻ.

അമലയുടെ പരിക്ഷീണമായ മുഖത്ത് എന്നും പുഞ്ചിരിയുടെ നാമ്പുകൾ പോലും ഉണ്ടായിരുന്നില്ല. കരഞ്ഞുകളിച്ച് തൊള്ള തുറക്കാനും അവൾക്ക് കഴിഞ്ഞിരുന്നില്ല.

മുറിയിലെത്തി ഉടുപ്പുമാറ്റിയ പാർത്ഥൻ കിണറ്റിൻകരയിലേക്കു ചെന്നു. കുറ്റിരോമങ്ങൾ കാട്ടി തലയിൽനിന്നു വഴുതിവീണ ചേല വീണ്ടും വലിച്ചിട്ട് വൃന്ദ വഴി ഒതുങ്ങിനിന്നു. ഓട്ടുതാമ്പാളം കഴുകുകയായിരുന്നു അമല.

"പാർത്ഥേട്ടന് വീണ്ടും ജോലികിട്ടിയല്ലേ? ഏതായാലും പാർത്ഥേട്ടൻ തന്നെ ജയിച്ചു. രാമുവേട്ടൻ ഇവിടെ വന്നിരുന്നു. ഇന്നലെ എങ്കിലും ഞങ്ങൾ വരുമെന്നു കരുതി."

"ഞാൻ വീട്ടിലുണ്ടായിരുന്നില്ല. അമ്മായിയെ കാണാൻ പോയി."

കിണറിലെ തൂണിൽ തൂക്കിയ കവുങ്ങുപാളയിലെ ഉമിക്കരി കൈവെള്ളയിലിട്ട് ഞെരിച്ചു തൂളാക്കി പല്ലു തേച്ചുകൊണ്ടിരിക്കുമ്പോൾ അമല പറഞ്ഞു:

"ഒരെഴുത്തെങ്കിലും പാർത്ഥേട്ടൻ അയച്ചില്ലല്ലോ?"

"ഞാനാർക്കും എഴുതീട്ടില്ല."

"ആർക്കും?"

അവളുടെ വാക്കുകൾക്കു പിന്നിലുള്ള ധ്വനിയെ ഓർത്ത് പാർത്ഥൻ ചിരിച്ചു.

രോഹിണിയുടെ രണ്ടാംവട്ടത്തെ എഴുത്തു വന്നപ്പോഴായിരുന്നു ഞാൻ മറുപടി കത്തിട്ടത്. ഇമ്പമുള്ള വാക്കുകളിൽ ആണ്ടിറങ്ങുമ്പോൾ അകാലത്തിലുണ്ടായ വിടവിന്റെ സാന്ദ്രമായ വേദന അറിഞ്ഞു. അവൾക്കു രാത്രിയിൽ കണ്ണുനിറച്ചും എന്റെ രൂപമായിരുന്നു വത്രെ!

"അമല രോഹിണിയെ കണ്ടിരുന്നോ?"

"ഉവ്വ്."

"വിശേഷിച്ച് ?"

"ചേച്ചിയ്ക്കു സുഖം തന്നെയാണ്. പിന്നെ കുറച്ചു കംപ്ലെയിന്റ് ഉള്ളതു പാർത്ഥേട്ടനെക്കുറിച്ചാണ്."

"ഞാനിന്നു കാണാം."

വൃന്ദ അകത്തളത്തിലേക്കു പയ്യനെ വലിഞ്ഞിരുന്നു. ഉറങ്ങുന്ന കിണറിന്റെ മാറത്തേയ്ക്ക് കൊട്ടക്കോരി വലിച്ചിട്ട് അമല തൊട്ടിയിൽ വെള്ളം നിറച്ചു. മുഖം കഴുവി വായ് കൊപ്ലിച്ച് പാർത്ഥൻ മുണ്ടിന്റെ കോന്തലയിൽ മുഖം തുടച്ചു.

താമ്പാളം ചാരമിട്ട് മിനുപ്പിച്ചശേഷം അമല ക്ലാവുപിടിച്ച് ഇരുണ്ട ഓട്ടുമൊന്ത തേച്ചുമിനുക്കാനാരംഭിച്ചു. അവൾ ഒന്നൊന്നായി പാത്രങ്ങൾ തേച്ചുകൊണ്ടേയിരുന്നു.

ഓഫീസുകഴിഞ്ഞ് കാറ്റുംകൊണ്ട് മുറിയിലേയ്ക്കു നടക്കുകയായിരുന്നു. പാതയുടെ വളവുതിരിഞ്ഞപ്പോൾ അമല മുന്നെ

നടക്കുന്നതു കണ്ടു. അവളുടെ കൂട്ടുചേർന്ന് പയ്യെ നടക്കുമ്പോൾ ഒച്ചതാഴ്ത്തി ചിരിച്ചും കൊണ്ട് കടന്നുപോയ യുവാക്കൾ നിന്ദ്യമായ ഒരു ദുഃസൂചനയായിരുന്നു നൽകിയത്.

"മുറി കൊടുത്ത് ആളെ വലയ്ക്കിട്ടിരിക്കയാണ്."

കാലപ്പഴക്കത്തിൽ പൊടിപ്പും തൊങ്ങലും നഷ്ടപ്പെട്ട് വാക്കുകൾക്ക് തേയ്മാനം വന്ന് വൈവിധ്യം ഇല്ലാതാവുമ്പോൾ മറ്റൊരു പുതിയ സംഭവവികാസത്തെ തേടുന്ന ജനം. എന്നിൽ വിശ്വസനീയത ഉണ്ടായിരുന്നിട്ടും രോഹിണി കരയുകയായിരുന്നു. പലരുടേയും വാക്കുകളെ കൂസ്സാതെ നടക്കുമ്പോൾ എന്നിൽ അവാച്യമായ സംതൃപ്തി.

മുറിയിൽവന്ന് കസേരയിൽ ചടഞ്ഞിരുന്നപ്പോൾ അമല ചായയുമായി എത്തി. ചായകുടിച്ചുകൊണ്ടിരുന്നപ്പോൾ അമല ചോദിച്ചു.

"പാർത്ഥേട്ടൻ ഉറങ്ങുന്നുണ്ടോ? രാത്രി മുഴുവൻ ട്രെയിനിൽ തന്നെ ആയിരുന്നുവല്ലോ..."

"ഓഫീസിലേക്കു വേഗം പോണം. അമലയ്ക്കിന്നു കോളേജില്ലേ?"

"ഇല്ല. ക്വാർട്ടർലി ടേമിനുള്ള സ്റ്റഡി ലീവാണ്. പാർത്ഥേട്ടൻ കുളിക്കുന്നില്ലേ?"

"ഉവ്വ്."

"എണ്ണ കൊണ്ടുവരട്ടേ?"

അമല മുറിയിൽനിന്നിറങ്ങി പോയപ്പോൾ അയാൾ വീണ്ടും തനിച്ചായി. യാത്രയുടെ ക്ഷീണം തളർച്ചയായി. കണ്ണുകൾ പെരുത്തുകനത്തു.

പുറത്തെ വെയിലിനു കുറേക്കൂടി തിളക്കം വന്നിരിക്കുന്നു. ചൂടുമേറീട്ടുണ്ട്. തുറന്നിട്ട കുറിയ ജനാലയിലൂടെ കാണുന്നത് എതിരെയുള്ള ഒറ്റവരി വീടുകളെയാണ്.

തിന്നാനില്ലാതെ ഭാണ്ഡം കെട്ടിക്കൂട്ടി നാടുവിട്ട കുറെ കൂട്ടർ. ഗതികെട്ട ആത്മാക്കളെപ്പോലെ തരംതിരിവുകളുടെ പേരിൽ ഒരിടത്തും കയറിക്കൂടാനാവാഞ്ഞ് ബ്രാഹ്മണ്യത്തിന്റെ മകുടിയിൽ ശാപഗ്രസ്തരെപ്പോലെ കാലം കഴിക്കുന്ന യുവാക്കൾ.

കുന്നിൻമോളിലെ അമ്പലത്തിൽ പുതുതായി വന്ന ശാന്തിക്കാരന് ഡിഗ്രി സർട്ടിഫിക്കറ്റുണ്ടായിരുന്നു. ഒരുപജീവനമായി പുഷ്പാർച്ചന നടത്തി തൊഴാനെത്തുന്നവരുടെ ദാക്ഷിണ്യം ചൊരിയുന്ന നാണയങ്ങളെ പെറുക്കിക്കൂട്ടി നാട്ടിലേയ്ക്കു തുക അയയ്ക്കുകയായിരുന്നു അയാൾ. ബ്രാഹ്മണ്യം കൊടികുത്തി വാണിരുന്ന കാലം അയാൾക്ക് മുജ്ജന്മസ്മൃതിപോലുമായിരുന്നില്ല.

പൊട്ടക്കണ്ണി അമ്മ്യാര് അകമുറിയിലിരുന്ന് നാട്ടാരെ ആകെ തെറി പറയുന്നുണ്ട്. വൃന്ദ ശാസിക്കുമ്പോഴും അത് തുടരുന്നേയുള്ളു. തെരുവിൽ ആൾനടപ്പ് ആരംഭിച്ചിരിക്കുന്നു. ഉറക്കമുലഞ്ഞ പെണ്ണുങ്ങളും മെലിഞ്ഞ് കോലുപോലെ ആയ ആണുങ്ങളും.

മുക്കൂട്ടുവഴി കടന്ന് ജനശൂന്യമായ തെരുവിലൂടെ നടക്കുകയായിരുന്നു ഞങ്ങൾ. രോഹിണിയുടെ കണ്ണിൽ കെട്ടിക്കിടക്കുന്ന വെള്ളം. മൗനം നീണ്ടുനീണ്ട് ഭൂമി ഇരുട്ടിലാഴുവോളമെത്തി. സന്ധ്യ കനക്കുന്നതിനുമുമ്പെ പുറപ്പെട്ടതായിരുന്നു.

രോഹിണിയെ കാണാൻ ചെല്ലേണ്ടിയിരിക്കുന്നു. യൂണിയൻ ഓഫീസിലേയ്ക്കും. നെഞ്ചിനു പറ്റിച്ചേർന്നു നിൽക്കുമ്പോൾ രോഹിണിക്ക് എന്നോടായി ഊഷ്മളതയുള്ള വാക്കുകൾ പറയാനുണ്ട്. ചൈതന്യവത്തായ അവളുടെ കണ്ണുകൾ അപ്പോൾ പൂത്തിരി കത്തുന്നതുപോലെ പ്രകാശിതമായിരിക്കും.

നാലുനാൾ ലീവെടുത്ത് തുരുത്തുകളെപ്പോലെ ഒറ്റപ്പെട്ട ഗ്രാമങ്ങളിലെ ഓഫീസുകൾ കയറി ഇറങ്ങുകയായിരുന്നു ഞാൻ. പിന്നീടു കണ്ടപ്പോൾ രോഹിണി നാട്യത്തോടെ പരിഭവം കാട്ടി. ലോകത്തിന്റെ അനന്തവിശാലതയെ കുറിച്ചോ, മനുഷ്യരുടെ ദുരന്തത്തെക്കുറിച്ചോ അവൾക്കൊന്നും അറിയേണ്ടിയിരുന്നില്ല. തന്റെ ചുറ്റുവട്ടത്തിലുള്ള ഇടുങ്ങിയ പാതയിലെ നീർപ്പോളകളുടെ ഭംഗിമാത്രം നുണഞ്ഞാൽ മതി.

“എനിക്ക് ആരെക്കുറിച്ചും അറിയണ്ട. പാർത്ഥേട്ടന്റെ കാര്യം അറിഞ്ഞാൽ മതി. നടന്നു നടന്ന് ആള് മെലിഞ്ഞു.”

അപ്പോൾ കുളുർന്ന ചന്ദനം നെഞ്ചിലിറ്റിവീണ് എന്റെ അകം കണ്ടു. അമല കുടുക്കയിൽ എണ്ണയുമായെത്തി.

നെറുകയിൽ എണ്ണപൊത്തി ചുമലിൽ തോർത്തിട്ട് അയാൾ കോണി ഇറങ്ങി.

കിണറ്റിൻകരയിൽ എണ്ണ ഒലിച്ചിറങ്ങി എരിയുന്ന കണ്ണുകളുമായി പാർത്ഥൻ നിന്നു. അമല കലം മുഴുക്കെ വെള്ളമൊഴിച്ചു നിറച്ചു. അവൾ നനഞ്ഞ ധാവണിയുടെ തുമ്പ് പിഴിഞ്ഞ് നിവരുമ്പോൾ ചോദിച്ചു:

“എന്നും ഈ പണി ഞാൻ തന്നെ ചെയ്യണോ?”

“ഇനിയും കുറേക്കാലം കൂടി വേണ്ടിവരും.”

“അധികം നീണ്ടാൽ ഞാനെടയ്ക്കു നിർത്തും.”

“അതേതായാലും വേണ്ട.”

മഴ നനഞ്ഞൊലിക്കുന്നതുപോലെ എണ്ണ തേച്ച് മുത്തശ്ശി വെയിലുകായാൻ നിർത്തുമായിരുന്നു. ശരീരം വെടിച്ച് എണ്ണ കിനിവ്

ഇല്ലാതാവുമ്പോഴേ കുളിക്കാനായുള്ള അനുമതി കിട്ടുമായിരുന്നുള്ളു.

പന്ത്രണ്ടു പെറ്റ് പത്തുമക്കളെ നൈവേദ്യം ചാർത്തിയ മുത്തശ്ശി. ശേഷിച്ചവയെ പൊന്നുപോലെ കാത്തുപോന്നു. അമ്മായിയും അച്ഛനും. കുടുംബത്തിലെ അഭിശപ്തത ഇല്ലാതാവാനായി നേർച്ചകൾ നേർന്ന് കൈവിട്ടുപോയ പണക്കിഴികൾ.

ബാലാരിഷ്ടത താണ്ടി പെഴച്ച അരുമസന്തതിയായ അച്ഛൻ ദുർവൃത്തിയുടെ പര്യായമായിരുന്നു. മുത്തശ്ശി മകന്റെ വിലാസങ്ങൾ ദുഃഖത്തോടെ പറയുമായിരുന്നു.

അമല തിരികെ പോയിരിക്കുന്നു. ചെങ്കല്ലുകൾ ഉതിർന്നുവീണ മതിൽകെട്ടിനപ്പുറത്തു നിന്ന് പാളിനോക്കിയ പെൺകുട്ടി മെയ്യൊതുങ്ങി തൊടിയിലൂടെ നടപ്പാണ്.

പാർത്ഥന് അധികനേരം കാത്തുകെട്ടി നില്പാൻ സമയമുണ്ടായിരുന്നില്ല. തിരികെ എത്തുന്ന ഉറക്കത്തെ തല്ലിക്കൊല്ലുന്ന തണുപ്പ് വെളിച്ചം കേറാത്ത കിണറ്റിലെ വെള്ളത്തിനുണ്ടായിരുന്നു.

എന്തും ആരുടേയും സ്ഥായിയായ സ്വന്തമല്ലെന്നതാണ് സത്യം. ഭൂമി വെട്ടിപ്പിടിച്ച് കൊമ്പുകുത്തിവാഴുമ്പോൾ അത്തരുണത്തിൽ നഷ്ടപ്പെട്ട ആത്മാക്കളുടെ തുടിപ്പിനെ ആരും കാണുന്നില്ല. അജ്ഞനായിരിക്കുക എന്നതു ഒരു രക്ഷാകവചത്തെ പോലെ അവശ്യമായിരിക്കുന്നു. അതിന് പ്രയാസമുള്ളവന് നെരിപ്പോടിന്റെ കാന്തി നെഞ്ചത്തൊളിപ്പിച്ചേ പറ്റൂ.

മരണവക്ത്രത്തിൽനിന്നും രക്ഷപ്പെട്ട മാലതിയെ കുറിച്ച് ഓർക്കേണ്ടതില്ല. എന്നെ തള്ളി പറഞ്ഞതുകൊണ്ട് അവൾക്കു ലഭിച്ചത് നല്ലൊരു ബാന്ധവമായിരുന്നു.

രാമു അയച്ച കത്തിൽ വിശദമായി എല്ലാം എഴുതിയിരുന്നു. അന്വേഷണത്തിന്റെ കൈവഴികളിൽ നിന്നൊഴിഞ്ഞുമാറി നല്ലപിള്ള ചമയാനായിരുന്നു പലർക്കും തിടുക്കം.

മേലുദ്യോഗസ്ഥനോട് അപമര്യാദയായി മെക്കിട്ടുകേറി എന്നതിന്റെ പേരിലാരംഭിച്ച അന്വേഷണം കുത്തഴിഞ്ഞ പ്രാമാണിക പ്രവണതയെ വെളിക്കു കാട്ടുകയാണുണ്ടായത്.

പ്യൂൺ ബാലകൃഷ്ണനെ അഞ്ചിനല്പം മുമ്പ് ദൂരേക്കയച്ച് കറുത്തൊരു കളം വരച്ച് അയാൾ മാലതിയ്ക്കായി വേട്ട ഒരുക്കുകയായിരുന്നുവല്ലോ.

എന്തുതന്നെയായിട്ടും അന്ത്യഫലമായി മൂടിപുതപ്പിച്ച ചീഞ്ഞുനാറിയ അജീർണ്ണങ്ങളെ വലിച്ചു പുറത്തേക്കിടുകയായി. കഥാ

വസാനത്തെ കുറിച്ചറിയാൻ ജിജ്ഞാസുക്കളായിട്ടും ഒന്നുമറിയാത്ത വരെ പോലെ നടിച്ചു നടക്കുകകയായിരുന്നു പലരും.

കഴുത്തു വെട്ടിച്ച് അപരിചിതത്വം പാലിക്കേണ്ടിയിരുന്ന ഞാനായിരുന്നു തികച്ചും എല്ലാവരുടേയും മുന്നിൽ പിഴയാളി. ലീവെടുത്ത് സ്ഥലം കാലിയാക്കിയ മാലതിയ്ക്ക് മറെറാരിടത്തേക്ക് മാറ്റം കിട്ടുകയാണുണ്ടായത്.

അതിരറ്റ് സ്നേഹിക്കുന്ന ഭർത്താവുമൊത്ത് അവൾക്ക് കാംക്ഷിച്ചത് മാതിരി സർവ്വാർപ്പണവുമായി ജീവിക്കാനാവുന്നു.

ഇവിടെ ആരും ആരിൽ നിന്നും വ്യതിരക്തനാവേണ്ടതില്ല. ചുറ്റുപാടുകളിലേക്കു നോക്കാതെ വശങ്ങൾ മറച്ച് വഴിമാത്രം കണ്ടുനടക്കുന്ന വണ്ടിക്കുതിരയെ പോലെ മെരുക്കപ്പെട്ട മൃഗമാവുകയാണ് നൂതന മനുഷ്യൻ. പതിതരുടെ ദീനരോദനമോ മുറവിളിയോ കേട്ടില്ലെന്നു നടിക്കുകയായിരുന്നു ആവശ്യം.

രേണുകേടത്തി പറഞ്ഞത് ഒറ്റക്കു നിന്ന് പോരാടുന്നതിന്റെ ഭവിഷ്യത്തുകളെ കുറിച്ചായിരുന്നു. അച്ഛന്റെ മുമ്പിൽ അനന്തേട്ടൻ മുട്ടുമടക്കി ദണ്ഡനമസ്ക്കരം ചെയ്യുമ്പോൾ വെറും നഗ്നവാനരന്റെ പരിധിയിലേക്ക് തരം താഴുകയായിരുന്നുവല്ലോ.

സൂപ്രണ്ട് പണിക്കർ ഓഫീസറുടെ കൂടിയാട്ടത്തിനൊത്ത് താളമിടുന്ന ഒരു മരപ്പാവയായിത്തീരുക യായിരുന്നു. അയാളുടെ ചേതോവികാരങ്ങൾ മാനിക്കപ്പെടാതെ തന്നിൽ തന്നെ അലിഞ്ഞില്ലാതായി.

രാമു അറിയാവുന്ന പുതുവിവരങ്ങളെ കണിശതയോടെ എനിക്കെഴുതിയിരുന്നു. ഒരു ദിക്കിൽ നിന്ന് പടർന്ന് ഭൂമിയെ ആകെ ഗ്രസിക്കാൻ തുനിഞ്ഞു നിൽക്കുന്ന കാട്ടുതീ.

പണിക്കരുടെ പ്രാരബ്ദങ്ങൾ വിട്ടൊഴിയാത്ത കുടുംബം. പുരനിറഞ്ഞുനിൽപ്പുള്ള മൂന്നുപെൺമക്കളും. പത്തു തോററ് തെണ്ടിതിരിയുന്ന ഒരുത്തനും പിന്നെ താഴെ രണ്ടെളയതുങ്ങളും.

ഞാൻ ഒരിക്കൽ മാത്രമേ അങ്ങോട്ടു പോവുകയുണ്ടായുള്ളു. ചെന്നപ്പോൾ പാലുപാർന്ന കാപ്പിപോലും തരാനില്ലാഞ്ഞ് സൂപ്രണ്ട് പരക്കം പായുകയായിരുന്നു.

അയാളുടെ എല്ലാ കെടുതികളെ കുറിച്ചറിഞ്ഞിട്ടും രാമു എഴുതി.

ആ മനുഷ്യൻ വിചാരിച്ചാൽ സത്യസ്ഥിതി അറിയിക്കാനാവും.

ഞാൻ ഓഫീസറെ തല്ലുന്നതുകണ്ട ഏകസാക്ഷി സൂപ്രണ്ടായിരുന്നു. പിൻമറയിൽ നടന്ന നാടകത്തെക്കുറിച്ച് അന്നുവരെ ആർക്കും അറിവുണ്ടായിരുന്നില്ല.

ഓഫീസറുടെ വാക്കുകളെ മാനിച്ചതിനാൽ പണിക്കർക്ക് മൂത്ത

മോളെ പറഞ്ഞുവിടാൻ കഴിഞ്ഞിരുന്നു. എളേതിന്റെ കെട്ടിനുള്ള തയ്യാറെടുപ്പും നടത്താനൊത്തു.

സാക്ഷിപ്പട്ടികയിൽ നിന്നു തെന്നിമാറി തനിക്കറിയാവുന്ന നിജസ്ഥിതി പറയാൻ നെഞ്ചൂക്കു കാട്ടിയ ബാലകൃഷ്ണനായിരുന്നു അന്വേഷണത്തിനു പ്രധാനി. എല്ലാത്തിലും നിന്നകലാൻ ശ്രമിച്ചിട്ടും ഒടുക്കം മാലതിക്കും ഭാഗഭാക്കാകേണ്ടിവരുകയായിരുന്നു. രഹസ്യമായ അവളുടെ മൊഴിയും ഏറ്റുവാങ്ങി.

ഓഫീസിൽ മാലതി എനിക്കായി അയച്ച വിവാഹക്ഷണപത്രിക കിടപ്പുണ്ടായിരുന്നു. തങ്കധൂളികൾ വിതറിയ മിനുത്ത മെഴുകു കടലാസ്സിൽ വധൂവരന്മാരുടെ പേര്.

രോഹിണിയുടേതും എന്റേതും.

അനന്തേട്ടന്റെ വിവാഹം എന്നതിൽ കവിഞ്ഞു രേണുകേടത്തിയുടേത് എന്നതിനോടായിരുന്നു എനിക്ക് കൂടുതൽ പ്രിയം. ആണൊരുത്തനില്ലാത്ത അമ്മായിയുടെ വീട്ടിൽ കാര്യനടത്തിപ്പുകാരനായി മാസങ്ങൾക്കു മുമ്പേ ചെന്നു താവളമടിക്കുകയായിരുന്നു.

വിവാഹ ക്ഷണപത്രം എഴുതുവാനും അച്ചടിപ്പിക്കുവാനും അവവേണ്ടുന്നിടത്തേക്കെത്തിക്കുന്നതിനും ഞാനൊരുത്തൻ തന്നെ വേണ്ടിയിരുന്നു. കാലത്താരംഭിച്ച യാത്രകൾ രാത്രി ഏറെ ഇരുട്ടിക്കഴിയുമ്പോഴേ പലപ്പോഴും അവസാനിക്കുമായിരുന്നുള്ളു. നാടും നാട്ടാരും അവിഭാജ്യഘടകമായി.

പെരുങ്കാലൻ പപ്പുവും ആണിക്കാലൻ ആശാരി പരമുവും സ്നേഹിതരാവുകയായിരുന്നു.

രേണുകേടത്തി കാത്തുസൂക്ഷിച്ച ചെറുതായ സ്വപ്നം പൂത്തുലസിക്കുന്ന വടവൃക്ഷത്തെപ്പോലെ വളർന്നിരുന്നു. പുറംമോടിയോടെ ചിരിച്ചുകാട്ടി നടക്കുന്ന അനന്തേട്ടന് എന്തും ഉച്ചകോടിയിലേക്കുള്ള പടവുകൾ തന്നെ.

രേണുകേടത്തി വീട്ടിൽ കുടിപാർത്തതിന്റെ പിറ്റേന്നായിരുന്നു. അമ്മ ചിറി കോട്ടി ഒരു സദസ്സിനെ അഭിമുഖീകരിക്കുന്ന ഭാവത്തിൽ പറഞ്ഞു.

“നീ എന്റെ മകന്റെ ഭാര്യ മാത്രമല്ല സമുദായത്തിലെ മാന്യമായ ഒരു തലത്തിലെ പുതിയൊരംഗമാണെന്നതാണ് കാര്യം. ഞാൻ പറഞ്ഞു വരുന്നതിതാണ്; ആർഷസംസ്കാരവും ഭാരതീയ വനിതയും തമ്മിലുള്ള ആത്മീയബന്ധത്തെ ലോകർക്കറിയിക്കുകയാണാവശ്യം. തറവാടും പ്രതാപവുമെല്ലാം ഉപയോഗിച്ച് നിനക്ക് ഇവിടെ ചിലതു ചെയ്യാനാവും.”

മിസ്സിസ് പത്മനാഭന്റെ കയ്യാളി അമ്മിണിക്കുഞ്ഞമ്മയുടെ നാടൻ

കലാരൂപങ്ങൾ. എളിമയുള്ള വസ്ത്രധാരണം. മുണ്ടും വേഷ്ടിയും. സീമന്തരേഖയിൽ സിന്ദൂരം തൊട്ട് ഭർത്തൃപൂജ നടത്തുന്ന അവർ നാല്പതുകഴിഞ്ഞിട്ടും ഉറക്കറയിൽ യുവാക്കളെ കാത്തുസൂക്ഷിക്കുമായിരുന്നു.

ചെറ്റപ്പുരകളിൽ കയറി ഇറങ്ങുമ്പോഴും, പാചകരമ നടത്തുമ്പോഴും ലോകമേള ഒരുക്കുകയായിരുന്നു അവർ. എല്ലാം സാമുദായിക മാന്യതയ്ക്കായിരുന്നുതാനും.

വെയിലിന് ഒടുങ്ങാത്ത ചൂടാണുണ്ടായിരുന്നത്. വിയർപ്പ് നീരൊഴുക്കായി പാദങ്ങളെ തേടുന്നു. ആൾക്കൂട്ടത്തിൽ വകതിരിവു നഷ്ടപ്പെട്ടവനെപ്പോലെ നടക്കുകയായിരുന്നു പാർത്ഥൻ.

പുരാതനകോട്ട കടന്നു ചരിത്രപ്രസിദ്ധമായ കുതിരക്കുളമ്പടികളെ കണ്ട്, കോടതിവളപ്പ് പിന്നിട്ട് അയാൾ നടന്നു.

പത്തിനു മുമ്പേ എത്തിയതിനാൽ വിശേഷമറിയാനായി പലരും ഓടിയെത്തുന്നുണ്ടായിരുന്നു. എല്ലാവരും ഒച്ചപ്പാടോടെ പതിവിൽ കവിഞ്ഞ് ഉറ്റസുഹൃത്തുക്കളായി. അവർ പെരുമയായി പാർത്ഥന്റെ ധീരതയെ എടുത്തുകാട്ടി.

കൂട്ടത്തിൽ കുടുംബസ്ഥിതി അറിയാവുന്ന ഒരാൾക്ക് ഒരു നെടുങ്കൻപ്രസംഗം നടത്താൻ തക്ക കരുത്തുണ്ടായിരുന്നു. മുമ്പ് പലവട്ടം വന്നപ്പോഴും ആരും എന്നെ ഗൗനിക്കുകയേ ഉണ്ടായിരുന്നില്ല.

ഓഫീസിന്റെ വരാന്തയിൽ കാറ്റുകൊള്ളാനും തിരക്കു കുറയ്ക്കാനുമായി അയാൾ നിന്നു. കോണി കയറി ഓടി പിടഞ്ഞു വിയർത്തു നാറി എത്തിയ ടാക്സ് ദിവാകരൻ മുമ്പിൽ വന്നു. കൈ പിടിച്ചു കുലുക്കുമ്പോൾ അയാൾ പറഞ്ഞു:

“പഹയൻ വീണ്ടും വന്നുവല്ലേ. താനൊരു ശല്യമാണെങ്കിലും രസമായിരുന്നു കേട്ടോ. തന്റെ വരവില്ലാതെ ഞങ്ങളുടെ ലോഡ്ജ് ഉറങ്ങിക്കിടപ്പാണ്.”

ഒഴിവുകിട്ടിയാൽ സമയം പോക്കാനായി ഒരിടം. ദിവാകരന്റെ എലിക്കുഞ്ഞുങ്ങളെ പോലെ മനുഷ്യരുള്ള പത്മാസനം ലോഡ്ജ്. ആഴ്ചയിലൊരിക്കൽ ഞായറാഴ്ച വൈകിട്ട് പതിവായി അങ്ങോട്ടു പോകുമായിരുന്നു.

റമ്മി കളിച്ച് തോറ്റ് തുന്നംപാടി ശകാരിച്ച് ഉറങ്ങാൻ കിടക്കുന്ന വേണുക്കുറുപ്പ് ഒരു നിത്യരോഗിയായിരുന്നു.

“നിന്നെ വൈകിട്ടൊന്നു സൽക്കരിക്കണം. ഞാനിറങ്ങട്ടെ.” ദിവാകരൻ പോയപ്പോൾ പിന്നീട് പലരും. അടുത്ത ഓഫീസിലെ പെണ്ണുങ്ങൾ മാറിനിന്ന് അടക്കം പറഞ്ഞ് ചിരിച്ചു. അവർ ഒരു വിശ്വജേതാ

വിനെ അപൂർവ്വമായി കണ്ടെത്തിയതുപോലെ അയാളെ നോക്കി ക്കൊണ്ടു നിന്നു.

അമ്മായിയ്ക്ക് വിവരത്തിന് ഒരെഴുത്തിടേണ്ടിയിരിക്കുന്നു.

ഒരു സൂചനപോലും ലഭിക്കാതിരുന്നതിനാൽ സഹപ്രവർത്ത കർക്ക് ഒരു സ്വീകരണം പോലും നൽകാൻ കഴിഞ്ഞിരുന്നില്ല. വാടക സൈക്കിൾ ചവിട്ടി കിതച്ചു രാമു വന്നു.

"ഞാൻ നീ ഇന്നലെ വരുമെന്നു കരുതി."

"ഇന്നലെയേ വിവരമറിഞ്ഞുള്ളൂ."

വിയർപ്പ് തൂവാലയിൽ തുടച്ച് കിതപ്പാറ്റാനായി രാമു നിന്നു. പാർത്ഥൻ അയാളുടെ തോളിൽ കൈവച്ച് നാലുപാട് മുന്നാക്കം നടന്നു.

ആദ്യാവസാനം എനിക്കു കൂട്ട് രാമു മാത്രമായിരുന്നു. സ്വയം കണ്ടെത്തിയ നീതിബോധത്തിനായി പൊരുതുന്നത് തികച്ചും ആവശ്യമാണെന്നു രാമുവേ കരുതുകയുണ്ടായിരുന്നുള്ളൂ.

"വൈകിട്ട് യൂണിയന്റെ വക ഒരു ചെറിയ സ്വീകരണമുണ്ട്. പാർ ത്ഥൻ വരണം."

"ഞാനെത്താം. പിന്നെ പുതിയ വിശേഷങ്ങൾ?"

"ഒന്നുമില്ല. ജില്ലാസമ്മേളനം നടത്തണം. അതടുത്തുവരുകയാ ണല്ലോ. രോഹിണിക്കെഴുത്തിട്ടിരുന്നില്ലല്ലോ. ആ കുട്ടി എന്നോടു ചോദിച്ചാണ് എല്ലാ വിവരവും അറിയാറ്."

പലതവണ വായിച്ചിട്ടും എഴുതാൻ തോന്നാതിരുന്ന അവസ്ഥ. മൂന്നെഴുത്തുകൾ വന്നുകഴിയുമ്പോഴേ എന്റെ ഒരെഴുത്ത് അവൾക്ക് കിട്ടുമായിരുന്നുള്ളൂ.

"ഒന്നു ചെന്നു കാണൂ. പിന്നെ താൻ എന്റെ വീട്ടിലും വരണം."

"വരാം."

രാമു പോയപ്പോൾ പാർത്ഥൻ വീണ്ടും വരാന്തയിലേക്കുതന്നെ നടന്നു. പഴയ പെരുകിവരുന്ന ആൾക്കൂട്ടത്തിനു നടുക്ക്. ജോലി പൊയ്പോകുമെന്നു പലരും പ്രതീക്ഷിച്ചിരുന്നുവത്രെ. ഓഫീസ റുടെ സ്വാധീനവലയത്തെക്കുറിച്ച് ഒരു പഴമ്പുരാണം തന്നെയുണ്ടാ യിരുന്നു.

റാങ്കുകാരനെ കടത്തിവെട്ടിച്ച് രണ്ടാംക്ലാസ്സുകാരൻ സർക്കാർ സർവ്വീസിൽ കടന്നുകൂടുകയായിരുന്നു. പി.എസ്.സി.മെമ്പർ മാതുല നായതിനാൽ അയാൾ വേണ്ടുന്ന ഒത്താശകൾ ഓഫീസറുടെ അഭ്യുന്നതിക്കായി ചെയ്തിരുന്നു.

ഒരു പുതിയ വൈവാഹികബന്ധം മന്ത്രിയുടെ അനിയന്റെ മോളു മായി ഒപ്പിച്ചെടുത്തപ്പോൾ അയാൾ തനിക്കായി ഒരു കയറ്റുകോണി

സ്ഥാപിക്കുകയായിരുന്നു. കുറുക്കുവഴികളും നേരുകേടും നിറഞ്ഞ പാത, എല്ലാവരുടെ പതനവും തന്റെ മേൽക്കണ്ട ഉയർച്ചയ്ക്കായി ക്കൊണ്ട്.

അമല വൃന്ദയുടെ പുനർവിവാഹത്തെക്കുറിച്ച് പറയുകയായിരുന്നു. ബ്രാഹ്മണ്യം വിലക്കു കല്പിച്ച ചിന്ത. അഴുകി ഇല്ലാതാവുന്ന മനുഷ്യർ പലപ്പോഴും ഇവിടെ ആരുമല്ലാതാവുന്നു.

സമയം നീണ്ടുപെരുകി പത്തിനോടടുത്തു.

വരാന്തയിലെ ആൾത്തിരക്ക് കുറഞ്ഞുവന്നു. പാർത്ഥൻ ഓഫീസിനകത്തേക്കു നടന്നു. ഒഴിഞ്ഞ ഇരിപ്പിടത്തിൽ പൊടിതട്ടി കടന്നിരുന്നപ്പോൾ അയാൾ നെടുതായി നിശ്വസിച്ചു. മേശപ്പുറത്ത് ചുവപ്പും പച്ചയുമാർന്ന കരുക്കുകളിൽ കുടുങ്ങിക്കിടന്ന ഫയലുകൾക്കു കാലപ്പഴക്കമുണ്ട്. ഭാഗ്യവാന്മാരുടെ നിർഭാഗ്യമായി തീർന്നിരിക്കുന്നു അവ.

വരാന്തയിലെ ആൾക്കൂട്ടത്തിനു നടുക്കു നിൽക്കുമ്പോൾ പണിക്കർ അകത്തേക്കു കടന്നുവന്നത് കാണുകയുണ്ടായില്ല. വെറ്റിലക്കറ പിടിച്ച പുഴുക്കുത്തു വീണ പല്ലുകൾ കാട്ടി ജാള്യതയോടെ അയാൾ ചിരിച്ചു. പിന്നീട് ബദ്ധശ്രദ്ധനായി പണിതുടർന്നു.

ഹാഫ്ഡോറിനു നേരെ നടക്കുന്ന പ്യൂണിനെ പാർത്ഥൻ വിളിച്ചു. അയാൾ അരികത്തു വന്നപ്പോൾ പാർത്ഥൻ പറഞ്ഞു:

“നേരിൽ കണ്ട് കുറെ സംസാരിക്കണമെന്നു കരുതിയാണ് എഴുത്തിടാതിരുന്നത്. എന്നെ പടിയിറക്കാനായിരുന്നു പലർക്കും ഇഷ്ടം. അതിനായി അവർ വേണ്ടുവോളം പ്രവർത്തിച്ചിട്ടുമുണ്ട്.”

സൂപ്രണ്ട് പണിക്കർ തലയുയർത്തുകയും അറിയാത്ത ഭാവത്തിൽ താഴ്ത്തുകയുമുണ്ടായി. ഡി.എൻ.ഒ. കസേര നമ്പർ രണ്ടിൽ ഇരിക്കുന്ന പണിക്കർക്ക് ഓഫീസുജോലി രണ്ടാംതരം പ്രവർത്തി മാത്രമായിരുന്നു. രാത്രികാലങ്ങളിൽ ഉറക്കമൊഴിച്ച് പന്ത്രണ്ട് രാശിചക്രത്തിലൂടെ അയാൾ മറ്റുള്ളവരുടെ ഭാവി നിർണ്ണയിക്കുമായിരുന്നു.

കസേരയിൽ എന്നും ചടഞ്ഞുകൂടിയുള്ള ഇരുപ്പ്. ഇടയ്ക്കിടെ നാസാദ്വാരങ്ങളിലേക്കു ഇരച്ചുകയറുന്ന മൂക്കുപൊടി. തലയ്ക്കുമുകളിൽ ഇരിപ്പിടത്തിനു പിൻവശത്തായി കലണ്ടറിൽ നിന്നും വെട്ടിയെടുത്ത് ചുവരിൽ പതിച്ച, കുടത്തിൽ നിന്നു സ്വർണ്ണനാണയങ്ങൾ ചൊരിയുന്ന മഹാലക്ഷ്മിയുടെ പടം.

പണിക്കർ, കാലാകാലങ്ങളിൽ സർക്കാർ നടത്തുന്ന ലോട്ടറിക്ക് സ്ഥിരമായി രൂപ നൽകിക്കൊണ്ടേ ഇരുന്നു. മറ്റുള്ളവരുടെ ഭാഗ്യമോർത്ത്. കുനിഷ്ഠ് ഭാവിക്ക മാത്രമായിരുന്നു അയാളുടെ വിധി.

“ബാലകൃഷ്ണൻ എന്നെ വീണ്ടുമെടുക്കാനായി വളരെ സഹായിച്ചിട്ടുണ്ട്. എനിക്കതു മറക്കാനാവില്ല.”

“ഞാനാരേയും സഹായിച്ചിട്ടില്ല സാറേ. സത്യം പറഞ്ഞെന്നേയുള്ളു. പിന്നെ തൻകാര്യം നേടാനായി നുണ പറഞ്ഞില്ല. സാറ് സ്വന്തം കാര്യത്തിനൊന്നുമല്ലല്ലോ ഇതുണ്ടാക്കിയത്? ഏതായാലും ആ മനുഷ്യൻ ജീവിതത്തിലിനി ഇതുപോലൊന്നു ചെയ്യില്ല. നല്ല പാഠം പഠിച്ചു. ഭാര്യ ബന്ധം വേർപെടുത്തി എന്നാണു കേട്ടത്.”

ഷൂസിന്റെ പരുക്കൻശബ്ദം വരാന്തയിൽ കേട്ടപ്പോൾ ബാലകൃഷ്ണൻ സ്റ്റൂളിൽ ചെന്നിരുന്നു. അകത്തേക്കു കടന്നുവന്ന ഓഫീസറെ കണ്ട് എണിറ്റ് ഹാഫ് ഡോർ പാതി തുറന്നുപിടിച്ച് അയാൾക്ക് വഴികാട്ടി. ഓഫീസർക്കു പിമ്പെ ടൈപ്പിസ്റ്റുമെത്തി.

പഴയ പ്രവർത്തകയുടെ കഥ ഇവളും കേട്ടിരിക്കുമെന്നു തോന്നുന്നു.

ചുറ്റിലും നിരന്തരമുയരുന്ന ശബ്ദങ്ങളാണ്. സിവിൽ സ്റ്റേഷന്റെ സകല അവയവങ്ങളും കർമ്മനിരതമായിരിക്കുന്നു. കെട്ടുപിണഞ്ഞ തീരാത്ത പ്രശ്നങ്ങളുമായി ഓടിനടക്കുകയാണ് ജനം. വെയിലുമൂക്കുന്നതിനു മുമ്പേ കറക്കമാരംഭിച്ച ഫാനുകൾ ഇഴുകിയ ഒരന്തരീക്ഷം സൃഷ്ടിച്ചിരിക്കുന്നു.

ബാലകൃഷ്ണൻ രജിസ്റ്ററുമായി ഇരിപ്പിടങ്ങളിലേക്കെത്തി. ഒപ്പിട്ടുകഴിഞ്ഞപ്പോൾ അയാൾ പറഞ്ഞു:

“സാറ് വിളിക്കുന്നുണ്ട്.”

തികച്ചും മുൻകൂട്ടി പ്രതീക്ഷിച്ചതായിരുന്നു. ഇരിപ്പിടത്തിൽ നിന്നും എണീറ്റ് ഹാഫ് ഡോർ തുറന്ന് പാർത്ഥൻ അകത്തേക്കു ചെന്നു. കസേരയിൽ നിന്നെണീറ്റ് കൈകുലുക്കുമ്പോൾ ഓഫീസർ പറഞ്ഞു: “ഇരിക്കൂ....”

പാർത്ഥൻ മെടഞ്ഞ് പതം വരുത്തിയ ഇരിപ്പിടത്തിൽ ഇരുന്നു.

“എന്റെ സഹപ്രവർത്തകർ ഇത്തരത്തിൽ തന്നെ ആയിരിക്കണമെന്നാണ് ഞാൻ കരുതുന്നത്. ബ്യൂറോക്രസിയുടെ കണ്ണിയാണെങ്കിൽപോലും മനുഷ്യത്വത്തിനു വേണ്ടി അതിനെതിരെ പൊരുതുന്നവരെയാണ് എനിക്കിഷ്ടം.”

മറ്റൊരു വേളയിൽ ഇതേ ഇരിപ്പിടത്തിൽ നിന്ന് ചീറിപ്പാഞ്ഞുവന്ന കുറേ ദുഷിച്ച വാക്കുകൾ, എന്റെ പരിമിതമായ സഹനശക്തിയുടെ ബണ്ടുപോലും അപ്പോൾ തകരുകയായിരുന്നു. കൺപോളകളുടെ മേൽക്കുപോലും കടന്നാക്രമിച്ച തിമിരബാധ ഉൽക്കടമായ ഒരവസ്ഥയുണ്ടാക്കി. തുടർന്ന് എന്റെ സ്ഥാനമൊഴിച്ചിലും കയറ്റിലും.

“ഞാൻ പാർത്ഥന്റെ പേരിലുള്ള മുഴുവൻ ആരോപണങ്ങളെക്കുറിച്ചും പഠിച്ചിട്ടുണ്ട്. എന്നാൽ ആവുംവിധം ഞാൻ അന്വേഷിക്കുകയും ചെയ്തു. എനിക്കാദ്യമേ വ്യക്തമായൊരുത്തരം ലഭിച്ചു. പക്ഷേ തെളിവായിരുന്നു പ്രശ്നം. പാർത്ഥന്റെ സഹപ്രവർത്തകർ പോലും കയ്യാളാവുന്നതാണ് ഞാനിവിടെ കണ്ടത്.”

“പൊതുവിൽ എവിടെയും ഇതുതന്നെയാണു നടക്കുന്നത്.”

“അതറിയാം. പാർത്ഥനെപോലുള്ള കുറച്ചുപേരാണ് ഇവിടെ ഇനി വളർന്നുവരേണ്ടത്. തെറ്റിനെ എതിർക്കാൻ ചിന്തമാത്രം പോരാ, നെഞ്ഞൂക്കുകൂടി വേണം.”

രേണുകേടത്തിക്കും പറയാനുണ്ടായിരുന്നത് ഇതിൽ കവിഞ്ഞൊന്നുമല്ലായിരുന്നു.

അനന്തേട്ടന്റെ ചെയ്തികളെ ഭാര്യയുടെ പേരിൽ കയ്പ്പോടെ കുടിച്ചിറക്കുമ്പോഴും വെറുപ്പ് ഒരു ഹിമപടലത്തെപ്പോലെ അവരുടെ ഉള്ളിൽ നിറഞ്ഞുനിന്നിരുന്നു.

കുനുന്നനെയുള്ള അക്ഷരങ്ങളിലൂടെ ഒരുപാടു കഥകൾ അവരെഴുതി. വരികളുടെ അവസാനത്തിൽ പരാജയത്തിന്റെ കുളമ്പടികൾ ഒതുങ്ങിക്കിടക്കുകയായിരുന്നു. പ്രത്യക്ഷത്തിൽ സൗമ്യശീലയായ, ആരോടും കലമ്പൽ കൂട്ടാത്ത ഒരു പാവം പിടിച്ച പെണ്ണിനെപ്പോലെ.

അമ്മായിയുടെ മനസ്സിലും അള്ളിക്കിടപ്പാണ് വെറുപ്പ്. അതിര് തെറ്റി പടരുന്ന ഭയം വ്യക്തികൾക്കപ്പുറമുള്ള ലോകത്തിന്റെ ശാപമാണെന്നു തോന്നുന്നു. ഫലം ഭൂമി കുറെ കുഞ്ഞാടുകളുടെ മേച്ചിൽപ്പുറം മാത്രമായി തീരുക എന്നതാവും. ഉള്ളിലെല്ലാമൊതുക്കി നെഞ്ചിൽ പനയെപ്പോലെ പെരുത്ത അമർഷത്തെ ഏറ്റുമ്പോഴും ഭീരുത്വം ഭരിക്കപ്പെടുമ്പോൾ ചലിക്കുന്ന ജീവച്ഛവങ്ങൾ കോലം കെട്ടുന്ന ഒരിടമായി തരം താഴുകയാവും.

ഇരിപ്പിടത്തിൽ വീണ്ടുമെത്തിയ പാർത്ഥൻ ഫയലുകളുടെ കെട്ടുകളഴിച്ചു. പറഞ്ഞുവന്നാൽ ഒരർദ്ധനിമിഷത്തിൽ തന്നെ ചെയ്തുതീർക്കാവുന്നതാണ് എല്ലാം. പക്ഷേ അനാവശ്യമായ കത്തിടപാടുകൾ കാലവിളംബം സൃഷ്ടിക്കുന്നു.

ടൈപ്പ്റൈറ്ററിന്റെ കീ ബോർഡിൽ വിരലുകളോടിക്കുമ്പോൾ പോലും രമ വിയർക്കുന്നുണ്ട്. തടിച്ച മേദസ്സുനിറഞ്ഞ ശരീരത്തിൽ നിറച്ചും കൊഴുപ്പു മാത്രമാണ്.

അവളുടെ അടുത്തുചെന്ന് പരിചയപ്പെടേണ്ടിയിരിക്കുന്നു. സൂപ്രണ്ട് ഇപ്പോഴും തല കുനിച്ചുതന്നെയാണിരുപ്പ്. അയാളുടെ ചുറ്റുപാടുകളെക്കുറിച്ചോർത്തപ്പോൾ പാർത്ഥന് സഹതാപം

തോന്നി. എന്റെ പേരിൽ ഒരു മോളുടെ എങ്കിലും വിവാഹം നടത്താനായി. അവൾക്കെങ്കിലും ഒരാശ്രയം ലഭിക്കുകയായിരുന്നുവല്ലോ.

ബാലകൃഷ്ണന്റെ കണ്ണുകളിൽ ഉറക്കം കുടിയേറിയിരിക്കുന്നു. സിനിമ കാണൽ ദിനചര്യ ആക്കിയ അയാൾ ഇന്നലേയും രണ്ടാം കളിക്ക് ചെന്നിരിക്കാം.

നാട്ടുകാരെല്ലാം ഏറ്റിപൊക്കി ഒരു കുഗ്രാമത്തിൽനിന്ന് കൊച്ചു തൊമ്മനെ കൊണ്ടുവരുകയായിരുന്നു. കറുത്ത് വണ്ണിച്ച കുറിയ രൂപം. മൂക്കും ഉണ്ടൻ കണ്ണുകളും.

കൊച്ചുതൊമ്മന് പഴയ പത്രം വിലക്കെടുക്കലായിരുന്നു ജോലി. ഇടവഴികൾ തെണ്ടി നടന്ന് ശേഖരിക്കുന്ന പത്രങ്ങളെ പട്ടണത്തിൽ കൊണ്ടുചെന്നു വിറ്റ് അയാൾ ഉപജീവനം നയിച്ചിരുന്നു. മറ്റു പലരുടേയും കഷ്ടകാലത്തിന് കൊച്ചുതൊമ്മൻ ലോട്ടറി ടിക്കറ്റെടുത്തു. ഭാഗ്യം മൂത്ത അയാൾക്കു തന്നെയായിരുന്നു പാരിതോഷികം ലഭിച്ചത്.

അതോടെ കൊച്ചുതൊമ്മന്റെ കാലം തെളിഞ്ഞു. കുടിലുപോക്കി അയാൾ ഉടനടി മണിമാളിക കെട്ടുകയായി. സുഖയാത്രയ്ക്ക് കാറ്. പ്രസിദ്ധ ഫാക്ടറികളിൽ ഷെയറുകൾ, സമൂഹത്തിലെ ഉന്നതശ്രേണികളുടെ മണ്ഡലമായ ലയൺസ് ക്ലബ്ബിൽ അംഗത്വം. നഗരത്തിലെ കണ്ണിലുണ്ണിയായ പൗരമുഖ്യനായി അയാൾ വളരുകയായിരുന്നു.

മറ്റ് ജില്ലാ ഓഫീസുകളിൽ നിന്ന് മറുപടി ലഭിക്കാത്തതിനാൽ വീതിച്ചുകൊടുക്കാനാവാതെ മുടങ്ങികിടക്കുന്ന ചെറുതുകകൾ ഭാഗ്യനമ്പറുകളുണ്ടായിരുന്നിട്ടും വിവരമറിയാത്തവർ. ബസ്സുകൂലി കൊടുക്കാൻ മടിച്ച് ദൂരെ നിന്നും വരാത്തവർ വേറേയും.

സൂപ്രണ്ട് പണിക്കർ ഷോഡതി കിട്ടുന്ന ഒരു നിമിഷത്തിനായി കാത്തിരിക്കുന്നു.

ഫയലുകളിലൂടെ പാർത്ഥൻ കണ്ണോടിച്ചു. ജില്ലയിൽ ആകമാനം ഏജന്റുമാർക്ക് വിതരണം ചെയ്ത ടിക്കറ്റുകളുടെ എണ്ണമുണ്ട്. ട്രഷറിയിൽ അവർ ഒടുക്കിയ തുകയും കണിശം തന്നെ.

വെയിലുകൊണ്ട് കെഞ്ചിനടക്കുന്ന പിള്ളേർ. ഒരു ടിക്കറ്റിന്റെ വില്പനയിൻമേൽ പത്തുപൈസ മാത്രം അവർക്കു ലഭിക്കുന്നു. അത്രകണ്ട് ഏജന്റിനാണ്.

ടി.വി.കിട്ടുവും ഒരേജന്റായിരുന്നു. കാറിൽ കൂവിയാർത്ത് വില്പന നടത്തിയപ്പോൾ അയാളുടെ ദാരിദ്ര്യം പാടെ നീങ്ങി. പിന്നെ ഉച്ചകോടിയിലുള്ള ഉന്നതിയായിരുന്നു. എന്റെ ഇങ്ങോട്ടുള്ള വരവിനു മുമ്പുതന്നെ അതൊരു പഴങ്കഥയായി അസ്തമിച്ചിരുന്നു.

കിട്ടുവിന് ആയിടെ പ്രസ്സും ജില്ലാമേഖലയിൽ വില്പനയുള്ള പത്രവുമുണ്ടായിരുന്നു. ഒടുക്കം ഒരു കഥ കേൾക്കാനായി. പ്രസ്സും മറ്റും അയാൾക്കൊരു മറയായിരുന്നുവത്രെ!

വിവിധ സംസ്ഥാനങ്ങളുടെ ടിക്കറ്റുകൾ കിട്ടുവിന്റെ പ്രസ്സിൽ നിന്നു രൂപംകൊള്ളുന്നു. അവ സഹവർത്തികളായ ഏജന്റുമാർ മുഖേന മറ്റിടങ്ങളിലേക്കെത്തുന്നു. മുഖവിലയുടെ പപ്പാതി ഇരുവർക്കും വീതിക്കപ്പെടുന്നു.

സർക്കാരിറക്കുന്ന ടിക്കറ്റിന്റെ ഇനീഷ്യൽ മുൻകൂട്ടി ചോർത്തിയെടുത്ത് തന്ത്രപൂർവ്വം മറ്റുള്ളവ നല്കുകയായിരുന്നു അയാൾ. സമ്മാനതുകയുടെ പേരിൽ രണ്ടുപേർ കലമ്പിചെന്നാൽ കുടുക്കിൽ അകപ്പെടാവുന്നത് ഒരു സഞ്ചിത വലയമായിരിക്കുമല്ലോ.

കിട്ടുവിന്റെയും ഗതികേടടുത്തു. കൂട്ടാളി തെറ്റിപിരിഞ്ഞു. പങ്കാളി ഒറ്റിക്കൊടുത്ത് അയാളെ തടവറയിലാക്കുകയായിരുന്നു. അയ്യായിരം രൂപ പിഴയും മൂന്നുവർഷത്തെ കഠിന തടവും. അതുവരെ നേടിയ സ്വത്തുക്കൾക്കൊക്കെ എന്നിട്ടും സുരക്ഷിതത്വമുണ്ടായിരുന്നു.

ഭൂമിമുഴുക്കെ പുകഞ്ഞു നീറുകയാണ്. ചൂടുകാറ്റ് വിടാതെ കൂടിയിരിക്കുന്ന മുറി. പറ്റു പുസ്തകത്തിൽ മുടക്കിയ ഇടത്തുനിന്ന് കണക്കു തുടർന്ന് പാർത്ഥൻ ചായ കുടിക്കാനിരുന്നു. ഒഴിഞ്ഞ ഗ്ലാസ്സുകളുമായി പയ്യൻ പോവുകയായി.

പുതുനഗരക്കാരൻ മുഹമ്മദിന് മറ്റൊരു സംസ്ഥാനത്തിന്റെ ഷോഡതി കിട്ടിയ കഥ. ബീഡിതെറിപ്പുകാരനായ അയാൾക്ക് അവിചാരിതമായി കൈവന്ന ഭാഗ്യം. അയാളുടെ നിക്കാഹ് ഉറപ്പിച്ച് വിവാഹക്കുറി അടിച്ചിരുന്നു. പഴയ എളിമയ്ക്കൊത്ത പെണ്ണ്. ധാടിയും മോടിയും വന്നുകൂടിയപ്പോൾ, മാളിക പണിയാൻ കോപ്പുണ്ടായപ്പോൾ പ്രൗഢിക്കൊത്ത മറ്റൊരുത്തിയെ തേടിപ്പിടിക്കുകയായിരുന്നു അയാൾ. അഞ്ചാനയും പന്തീരായിരം പറ വിളനിലവുമുള്ള ഭൂപ്രഭുവിന്റെ ഏക മോളായിരുന്നു ബീടര്. കൊട്ടും കുരവയും ഒപ്പനയും അത്തറിന്റെ ഗന്ധവുമുള്ള അന്തരീക്ഷത്തിൽ നിക്കാഹൊ രുക്കപ്പെടുമ്പോൾ ദൂരെ മാനഹാനിയെ ഓർത്ത്, കണ്ട കിനാക്കളെല്ലാം പെയ്തുപോയതോർത്ത് വ്യസനത്തോടെ ഒരുത്തി മാങ്കൊമ്പത്ത് ജീവിതത്തെ സാക്ഷാൽകരിക്കുകയായിരുന്നു.

ഒരു നീരിക്ഷകനായി ദേശാടനം നടത്തേണ്ടിയിരുന്നു. എങ്ങു ചെന്നാലും പുറമോടിയുള്ളവയെ മാത്രമേ കീശയിലൊതുക്കാവൂ! ചിന്തിക്കുകയും അനുതപിക്കുകയും അനാവശ്യമായ ഒരു പാഴ്വൃത്തി മാത്രമത്രെ!

അമല പറഞ്ഞതും മറ്റൊന്നല്ല. പർഫ്യൂമിന്റെ രൂക്ഷഗന്ധമുള്ള കോളേജന്തരീക്ഷത്തിൽ, ചിന്തക്ക് ചാലുകളുള്ള യുവാക്കളുടെ നടുക്കു ഞാൻ തികച്ചും വ്യത്യസ്തനായിരുന്നു. പഠിപ്പിൽ കവിഞ്ഞ് ലോകകാര്യം ശ്രദ്ധിക്കുന്നവൻ, എന്തിനും മുമ്പെ നില്ക്കുന്നവൻ. ഒരു ശുദ്ധവിഡ്ഢി!

സൂപ്രണ്ടിനുനേർക്ക് ചെന്ന ചെറുപ്പക്കാരനെ അയാൾ പാർത്ഥന്റെ നേർക്ക് വഴിതിരിച്ചുവിട്ടു. കുപ്പായ കീശയിൽ നിന്ന് ടിക്കറ്റെടുക്കുമ്പോൾ അയാൾ പറഞ്ഞു:

''ഇരുപത്തഞ്ചുറുപ്പിക കിട്ടാനുണ്ട്. ഭാഗ്യനമ്പറാണ്.''

''ഏജന്റേതാ?''

''തൃശ്ശൂരുകാരനാണ്.''

''എന്നാൽ ടിക്കറ്റു തരൂ. രൂപ എം.ഒ. അയയ്ക്കാം. അതല്ലെങ്കിൽ പിന്നിട് വന്ന് വാങ്ങിച്ചാൽ മതി.'' ടിക്കറ്റും വിലാസവും തന്ന് അയാൾ സ്ഥലംവിട്ടു. സമയം ഒന്നു കഴിഞ്ഞിരിക്കുന്നു. മുറിയിലെ ഇരിപ്പിടങ്ങളെല്ലാം ശൂന്യമായിരിക്കുന്നു.

രമ ബാഗുമായി കൂട്ടുകാരികളെ തേടി അടുത്ത ഓഫീസിലേക്കു പോയിരിക്കുകയാണ്. വീട്ടിൽനിന്ന് കൊണ്ടുവന്ന പകർച്ച കാന്റീനിൽ ചെന്നിരുന്ന് കഴിക്കാൻ തിടുക്കപ്പെട്ടിരിക്കുന്നു പണിക്കര്. ഓഫീസർ അകത്തുതന്നെയാണ്.

പാർത്ഥൻ എണീറ്റ് കാന്റീനിലേക്കു നടന്നു.

ഊണു കഴിഞ്ഞുവന്ന പാർത്ഥൻ രേണുകേടത്തിക്കു എഴുത്തിടാനിരുന്നു. വാതില്ക്കൽ വന്നുനോക്കിയ പലരും എഴുത്തിനു തടസ്സമിടാൻ മടിച്ചു തിരികെ പൊയ്കൊണ്ടിരുന്നു. പതിവുപടി മഹാലക്ഷ്മിയുടെ ചിത്രത്തിനു താഴെയുള്ള ചുവരിലെ ദ്വാരത്തിൽ നിന്ന് ചന്ദനതിരി പുകഞ്ഞുകത്തുന്നുണ്ട്. പണിക്കർ മുറുക്കിനുള്ള ഒരുക്കൂട്ടത്തിനായി മാടക്കടയെ തേടിയിരിക്കുന്നു. കീ ബോർഡിൽ മുഖമമർത്തി കിടപ്പാണ് രമ.

പുതുവർത്തമാനങ്ങളൊന്നും രേണുകേടത്തിക്കെഴുതാനുണ്ടായിരുന്നില്ല.

ആരേയും ദുഃഖിപ്പിക്കരുതെന്ന് കരുതുമ്പോഴും നമ്മുടെ മേത്ത് കനത്തദുഃഖങ്ങൾ വന്നു പതിയ്ക്കയാണ് പതിവ്. സ്ഥാനമാനങ്ങൾക്കും പ്രതാപത്തിനും വേണ്ടി ചിലർ പ്രവർത്തിക്കുമ്പോൾ അതിന്റെ അനന്തരഫലം മറ്റു ചിലരാണ് അനുഭവിക്കേണ്ടിവരുന്നത്. രേണുകേടത്തി ഒരു കല്ലറകളേയും പൊളിച്ചുമാറ്റാൻ തയ്യാറില്ല. അതാണ് ദുഃഖം. ഇവിടെ സൗമ്യശീലനായ മനുഷ്യൻ എല്ലാം

ഏറ്റുവാങ്ങാൻ മാത്രം വിധിക്കപ്പെട്ടവനാണ്. പരുക്കനും പ്രാകൃതനുമാവേണ്ടിയിരിക്കുന്നു.

രേണുകേടത്തിയ്ക്ക് എല്ലാം കണ്ടും കേട്ടും അനുഭവിച്ചും പതം വന്നിരിക്കുന്നു. വെറ്റില മുറുക്കി ചിറി ചൊകപ്പിച്ച് കടന്നുവന്ന സൂപ്രണ്ട് പണിക്കർ പാർത്ഥന്റെ അരികത്തെത്തി. എതിരെയുള്ള സ്റ്റൂളിൽ ഇരിക്കുമ്പോൾ അയാൾ രമയെ ശ്രദ്ധിക്കുകയായിരുന്നു.

"പാർത്ഥന് എന്നോട് ദേഷ്യം കാണുമല്ലേ?"

"എന്തിന്?"

"എനിക്കാണെങ്കിലും അതു തോന്നാവുന്നതാണ്. പക്ഷേ അന്ന് മറ്റൊന്നും ചെയ്യാൻ എനിക്ക് കഴിയുമായിരുന്നില്ല."

ചെടിപ്പും മടുപ്പും കുന്നുകൂടി മനസ്സ് ചവറ്റുകൂടയെ പോലെ ആയിരിക്കുന്നു. എന്തും സഹിക്കുന്ന മെരുക്കം വന്ന മനുഷ്യൻ.

പാർത്ഥൻ വാച്ചിൽ നോക്കി സമയം തിട്ടപ്പെടുത്തി.

"സത്യത്തിൽ ഞാൻ നിങ്ങളെ ദ്രോഹിക്കണമെന്നൊന്നും കുരുതിയിരുന്നില്ല."

"എന്നാൽ സഹായിക്കാനാവും?"

പണിക്കരുടെ മുഖം തൂമ്പിലയെ പോലെ വിളറിവന്നു.

"പാർത്ഥന് എന്റെ മൂത്തമോളിന്റെ പ്രായമേയുള്ളൂ. അവൾ ആർക്കും വേണ്ടാതെ ജീവിക്കേണ്ടതായിരുന്നു. അന്നതിനു കൂട്ടു നിന്നപ്പോൾ ഒരു വിവാഹം നടത്താൻ കഴിഞ്ഞു."

പണിക്കരുടെ തൊണ്ട ഇടറി കനത്ത ശബ്ദം മെലിഞ്ഞു നേർത്തു. നരവീണ പുരികങ്ങൾ കോടി. അയാൾ തുടർന്നു പറഞ്ഞു.

"മക്കള് നിന്നു പോവുന്നതു കണ്ടാൽ ഒരച്ഛൻ കൊലയും ചെയ്യും. പാർത്ഥൻ എന്നോടു ക്ഷമിക്കണം."

പണിക്കർ പാർത്ഥന്റെ കൈവിരലുകളെ ചേർത്തുപിടിച്ചു.

"ഞാൻ ഒന്നിനും സ്ഥിരത കല്പിച്ചിട്ടില്ല. എനിക്ക് എന്നെ വഞ്ചിക്കാതിരിക്കുകയാണാവശ്യം. സാറിന്റെ ഒരു മകളുടെ പ്രശ്നമെങ്കിലും തീർന്നല്ലോ, അതെനിക്കും സന്തോഷമാണ്."

"പാർത്ഥന്റെ ഊണ് ഇന്നെന്റെ വിട്ടിൽ വെച്ചാണു."

"അതുപറ്റില്ല. യൂനിയനോഫീസ്സിൽ ചില പരിപാടികളെല്ലാമുണ്ട്. രാത്രി വളരെ വൈകും."

"എത്ര വൈകിയാലും ഞാൻ കാത്തിരിക്കും. പാർത്ഥൻ തീർച്ചയായും വരണം."

പണിക്കർ എണീറ്റ് സ്വന്തം ഇരിപ്പിടത്തെ തേടി.

പിരിമുറുക്കം നഷ്ടപ്പെട്ട, അയവുവന്ന അന്തരീക്ഷത്തിൽ, പാർത്ഥൻ സ്വസ്ഥനായി.

ടൈപ്പ്റൈറ്റർ വീണ്ടും തേങ്ങുവാനാരംഭിച്ചിരിക്കുന്നു. മുഴക്കത്തിന്റെ ആക്കം കൂടുന്നേയുള്ളൂ.

ബാലകൃഷ്ണന്റെ പുറകെ വീണ്ടും ഓഫീസ് റൂമിലേക്ക്.

ഫയലുകളിൽ നിന്നും കണ്ണെടുക്കാതെ അയാൾ പറഞ്ഞു:

“പാർത്ഥന്റെ സീറ്റ് കൈകാര്യം ചെയ്തിരുന്നത് ഒരു എംപ്ലോയ്മെന്റ് ഹാന്റായിരുന്നു. അയാൾ ഒന്നും നേരാംവണ്ണം ചെയ്തിട്ടില്ല. ഇനി എല്ലാം വീണ്ടും ശരിയാക്കണം. പാർത്ഥൻ വീണ്ടും പഴയ ഫയലുകൾ പഠിക്കാൻ ശ്രമിക്കൂ. കുറച്ചു കൂടുതലദ്ധ്വാനിച്ചാൽ പെൻഡിങ്ങ് ഫയലുകൾ തീർക്കാം.”

“ശരി സാർ”

കൂമ്പാരം കൂടിയ റാക്കിനകത്തെ ഫയലുകൾക്കു നടുവിൽ നീളവാലൻ പുഴുവിനെ പോലെ പാർത്ഥൻ പരതി. വൃത്തികെട്ട കയ്യക്ഷരവും കാക്കത്തൊള്ളായിരം അക്ഷരതെറ്റും. നീണ്ട ഇടവേളക്കുശേഷമുള്ള പണിയായതിനാൽ മടുപ്പില്ലാതെ ശുഷ്ക്കാന്തിയോടെ ചെയ്യാനായി.

ആറ്

ഇരുട്ട് കണ്ട് തഴക്കംവന്ന കണ്ണുകൾക്ക് വഴിതെളിച്ചറിയാനായിരുന്നു. വെളിച്ചം അമർന്ന് ഇരുട്ടുകൂത്താടുന്ന ചാളകൾ പിന്നിട്ടു നടക്കുമ്പോൾ പാർത്ഥൻ ചുറ്റിലും നോക്കി.

നഗരത്തിന്റെ സഹവാസം വെടിഞ്ഞ ഇവിടം യുധിഷ്ഠിരൻ കണ്ട നരകതുല്യമായി. ദുർഗന്ധം വിട്ടുമാറാതെ കാറ്റിൽ ചാളകളിൽ ഗുഹ്യരോഗങ്ങളുടെ സന്തതസഹചാരിയായി പട്ടിണിയും പകർച്ചവ്യാധിയും. വോട്ടു കുത്തി ചത്തൊടുങ്ങുന്ന ജനം അവശതയിൽ നിന്നുയർത്തെണീക്കുന്നേയില്ല.

ഹാളിനകത്ത് മണിക്കൂറുകളോളം നീണ്ടുനില്ക്കുകയായിരുന്നു സ്തുതിഗീതങ്ങൾ. അവരുടെ തുടർച്ചയായുള്ള കൈതട്ടൽ കേൾക്കുമ്പോൾ എനിക്കു നേർത്തൊരപകർഷതാബോധമായിരുന്നു.

നാടുതെണ്ടി സമരം സംഘടിപ്പിച്ച രാമുവിന്റെ സ്വരം വാക്കുകൾ പറഞ്ഞുതീർക്കുമ്പോൾ ഇടറുന്നുണ്ടായിരുന്നു. രാമുവിന് തുടർച്ചയിട്ടുകൊണ്ട് പലരും പലതവണയും പറഞ്ഞുപോന്നു. അമല എന്നുമെന്നും പുലമ്പിയിരുന്നത് അർത്ഥരാഹിത്യം വന്നു ശുഷ്കമായ വാഗ്ദാനങ്ങളെ കുറിച്ചായിരുന്നു.

മുമ്പ് ഒരിക്കൽ മാത്രം വന്ന വഴി. സൂപ്രണ്ടിന്റെ ഒടുക്കത്തെ കുഞ്ഞ്കാലം കണ്ട ദിവസം. തലേന്ന് അയാൾ എന്നോട് പത്തുരൂപ കടം വാങ്ങിച്ചിരുന്നു.

വഴി പാടവരമ്പത്ത് അവസാനിക്കാറായിരിക്കുന്നു. ചരൽകല്ലുകൾ കാൽകീഴിൽ ഞെരുങ്ങുന്നുണ്ട്. മുന്നിൽ അവസാനിക്കുന്ന വിളക്കുകാലുകളുടെ നിര.

വിളക്കുകാലാണ് ആദ്യമേതന്നെ ഞാൻ അടയാളമായി ഗണിച്ചിരുന്നത്.

മുറ്റത്തേക്കു കാൽ വെച്ചപ്പോൾ തന്നെ പാർത്ഥൻ സൂപ്രണ്ടിനെ കണ്ടു.

''ഞാൻ കാത്തിരിക്കുകയായിരുന്നു വരൂ...'' കാറപൊളിഞ്ഞ കാലപ്പഴക്കം വെളിച്ചത്തുകാട്ടിയ തിണ്ണയിലെ ഓലത്തടുക്കിൽ പാർത്ഥനിരുന്നു. അരികത്തായി ഇരിക്കുമ്പോൾ സൂപ്രണ്ട് പറഞ്ഞു:

''വെളക്ക് കനക്ക്ഷനുണ്ട്. അറുപതുരൂപടെ ഒന്നിച്ചു ബില്ലുവന്നു. രൂപ കെട്ടാനായില്ല. അവർ ഫ്യൂസൂരി.''

പകരം ഓട്ടുവിളക്കും ചിമ്മിനി കറുത്ത റാന്തലും മഷിക്കുപ്പി തുളച്ച് തിരിയിട്ട താല്ക്കാലികവിളക്കുകളും.

അകമുറിയിൽ നിന്ന് വായൊതുക്കിയ സംസാരം കേൾക്കാനുണ്ട്. കാലടികൾ തിടുക്കത്തോടെ മുറികളെ തേഞ്ഞു തഴുവുന്നു.

അയാളുടെ മനസ്സിൽ തേമ്പി അലച്ചിരുന്ന വികാരങ്ങൾ ഓന്നൊന്നായി പൊഴിഞ്ഞുവീണുകൊണ്ടേ ഇരുന്നു. ഞാൻ ആദ്യനിമിഷത്തിൽകണ്ട അതേ പ്രകൃതം തന്നെ പണിക്കർക്കിപ്പോഴും.

വെറ്റില മുറുക്കി നിറംമങ്ങിയ ചുണ്ടും വായും. ചുളിവീണ കവിളുകളും ചെന്നിക്കുകയറിയ നരയും. നെറുകയിലെ ഒത്ത നടുക്കുള്ള മുറിപ്പാടിനെക്കുറിച്ച് അയാൾക്കു നീണ്ടൊരു കഥ പറയാനുണ്ടായിരുന്നു.

വാതിൽക്കൽ ആളനക്കം. നെരിയാണിയെ മൂടിയ മുഷിഞ്ഞ മുണ്ടിൻതുമ്പ് കാണാറായി. മെലിഞ്ഞ് പച്ചീർക്കിലോളം പോന്ന സ്ത്രീ മുൻവശത്തേയ്ക്കു വന്നു.

''ഊണു കഴിക്കാം. എന്നിട്ടാവാം സംസാരം. മോനെക്കുറിച്ചു ഇവരു കൊറെ പറഞ്ഞിട്ടുണ്ട്. എണീറ്റ് കൈ കഴുകാം.''

''കുറെ കഴിഞ്ഞൂണു മതി.''

അവർ വീണ്ടും ഉൾവലിഞ്ഞപ്പോൾ പാർത്ഥൻ മുറ്റത്തേക്കിറങ്ങി ചാലിട്ടു നടന്നു. പണിക്കർ ചെല്ലപ്പെട്ടി തുറന്ന് മുറുക്കിനുള്ള ഒരുക്കൂട്ടാരംഭിച്ചിരുന്നു.

ജനാലപ്പടിയിലെ ചിമ്മിനിവിളക്കിന്റെ നാളം ഇടനാഴിയിലൂടെ

വലിഞ്ഞിഴയുന്നു. നിരക്കനെ വിതറിയിട്ടതുപോലെ കിടക്കയാണ് പിള്ളേർ. കുമ്മായം കാണാത്ത ചുവരിൽനിറച്ചും മൂട്ടകളെ ഞെരിച്ചു കൊന്ന പാടുകളാണ്.

രേണുകേടത്തിയുടെ പോർത്തിക്കാരൻ പെന്നാലിന്റെ വീട്ടിലാണ് ഇതൊക്കെ. സൂപ്രണ്ട് ചിറി കോട്ടി വെറ്റിലചാറു തുപ്പി അയാളുടെ അടുത്തെത്തി.

"എന്റെ അവസ്ഥ ഇതാണ്. ഇനിയും കരകയറാനായിട്ടില്ല."

"സാറിന്റെ ഈ സ്ഥിതിയൊന്നും എനിക്കറിയില്ല."

"അധികമൊന്നും ഞാനാരോടും പറയാറില്ല. ചിലതെല്ലാം ഞാൻ പാർത്ഥനോട് സൂചിപ്പിച്ചിട്ടുണ്ട്. ഇതൊരു തുളവീണ കടത്തു വഞ്ചിയാണ്. കുറച്ചുപേരെങ്കിലും അക്കരെയെത്തിയെങ്കിൽ അതു തന്നെ ഭാഗ്യം."

അയാൾ നെടുതായി നിശ്വസിച്ച് വീണ്ടും തിണ്ണയിലേക്ക് തന്നെ ചെന്നു.

ദാരിദ്ര്യത്തിന്റെ അല്ലലറിയാതെ വളർന്ന ഞാൻ വീണ്ടും ഒറ്റപ്പെടുന്നതുപോലെ. മുലയൂട്ടൽ സംസ്ക്കാരഹീനതയായി കണക്കാക്കിയ അമ്മ പകരം മുലക്കുപ്പി നല്കുകയായിരുന്നു. പാൽപ്പൊടി കലക്കികുടിച്ചു ശീലിച്ച എനിക്കു പഴങ്കഞ്ഞിയുടെ സ്വാദ് ഗണിച്ചറിയാനെ ആവുന്നുള്ളൂ. ഉള്ളിലാണ്ടുചെന്ന് നീരൊഴുക്കു തേടിപ്പിടിച്ചാലും ആസ്വാദ്യത ഇല്ലെന്ന തോന്നൽ.

രേണുകേടത്തി നെഞ്ചിടറലോടെ പറയുകയായിരുന്നു. നാട്ടിമ്പുറത്തെ വയലിറമ്പിൽ തണുത്ത കാറ്റും കൊണ്ട് നില്പായിരുന്നു ഞങ്ങൾ. അവർ വൈരസ്യത്തിന്റെ വിടവ് നികത്തായി ഒരു കുഞ്ഞിനെ കിനാക്കണ്ട് കാത്തിരിപ്പാണെന്നറിയിച്ചു.

പതിവു മറവിയെ പോലെ അനന്തേട്ടന് ഇവിടെയും ഉള്ളുകാളി കരളുപൊട്ടി ചിന്തിയ ചോരകൾ വികൃതമാക്കപ്പെട്ട പാടുകളായി തീർന്നിരിക്കുന്നു.

മഹാലക്ഷ്മിയെ ധ്യാനിച്ച് കാലം കഴിക്കുന്ന, തന്റെ സുവർണ്ണ ദശ സ്വപ്നം കാണുന്ന സൂപ്രണ്ടിന് ദൈനംദിന ജീവിതം കിടിലം കൊള്ളിക്കുന്ന ഒന്നാണ്.

ഭാര്യ വീണ്ടും മുഖം കാണിച്ചപ്പോൾ പണിക്കർ എണീറ്റു പാർത്ഥന്റെ അടുത്തെത്തി.

"വരൂ..."

ഓട്ടുമൊന്തയിലെ വെള്ളം തെങ്ങിൻ തടത്തിലെ ഇരുട്ടിന്റെ തുരുത്തിലേക്കെറിഞ്ഞ് അയാൾ അകമുറിയിലേക്കു ചെന്നു. ഓല അടുക്കിൽ പണിക്കരുടെ അരിക് ചേർന്ന് വിഭവങ്ങൾക്കു മുമ്പിൽ

മണൽ കൂമ്പാരമിട്ടതുപോലെ നാക്കിലയിൽ ചോറ്. പൊരിച്ച മീനും സാമ്പാറും.

ഊണു തുടർന്നുകൊണ്ടേ ഇരിക്കുമ്പോൾ പാർത്ഥൻ കൂടുതൽ മൗനിയായി. തുച്ഛമായ ശമ്പളം കൊണ്ട് തീറ്റിപ്പോറ്റേണ്ടുന്ന പട ജനങ്ങൾ. വിസ്താരം കുറഞ്ഞ മുറികളിൽ ശുദ്ധവായുവേല്ക്കാതെ തിക്കുമുട്ടി കിടക്കുന്ന സന്താനങ്ങൾ.

പുക കയറിയ റാന്തലിന്റെ അരണ്ടവെളിച്ചം കടുത്തകാറ അടർന്ന നിലത്തു ഇഴയുന്നുണ്ട്. ചായ്പിൽ നിന്നുയരുന്നത് പ്രായം തികഞ്ഞ പെണ്ണുങ്ങളുടെ നനുത്ത കുശുകുശുപ്പാണ്. തലയുയർത്തിയപ്പോൾ ദൃഷ്ടിപഥത്തിൽപ്പെട്ട നീണ്ടുമെലിഞ്ഞൊരുത്തി വാതിൽ പൊളിക്കപ്പുറത്തേക്കു തെന്നിമാറുന്നത് അയാൾക്കു കാണാനായി.

രേണുകേടത്തിയുടെ തെരണ്ടുകല്ല്യാണം. അത്യുത്സാഹം കാര്യവിവരമില്ലാത്ത എനിക്കായിരുന്നു.

നാക്കിലയിലെ ഒരു പടംചോറു തീർന്നപ്പോൾ അവർ തവിയുമായെത്തി. കയ്യുയർത്തി വിലക്കി പാർത്ഥനെണീറ്റു.

കാറ്റും കൊണ്ട് തിണ്ണയിൽ ചായ്ഞ്ഞിരിക്കുമ്പോൾ പാർത്ഥന്റെ കണ്ണുകളിൽ ഉറക്കം കൂത്താടുന്നുണ്ടായിരുന്നു. സൂപ്രണ്ട് പണിക്കർ അപ്പോഴും നിർത്താതെ ചിലച്ചുകൊണ്ടേയിരുന്നു. തീനു കഴിഞ്ഞ് പാത്രങ്ങൾ വെടിപ്പാക്കി പെണ്ണുങ്ങൾ ചെവികൂർപ്പിച്ച് ഇടനാഴിയിൽ ചടഞ്ഞിരിപ്പാണ്.

ആകാശത്ത് ഒറ്റ നക്ഷത്രമില്ല. വെളിച്ചത്തിന്റെ ശകലം സൂചനയില്ല. വിളക്കുകാലിനപ്പുറത്ത് പാടം അദൃശ്യമേഖലയിലേക്ക് വ്യാപിച്ചിരിക്കുന്നു.

ഒരടുക്കും ചിട്ടുമില്ലാതെ ഒരാത്മമിത്രത്തോടെന്നോണം പണിക്കർ ഭൂതകാലത്തിന്റെ ചൂടുറ്റ ചെപ്പു തുറന്നു കാട്ടുകയായി. നഗരത്തിലും പിന്നീടു മിലിട്ടറിയിലും അയാൾ രക്ഷാകവചം തേടുകയായിരുന്നുവത്രേ! താനും തന്റെ വലയത്തിനുള്ളിൽ സംരക്ഷണം പ്രാപിക്കുന്ന കുറേ മനുഷ്യരും.

മിലിട്ടറി സ്മരണികയായി കിട്ടിയ പ്രേമവിവാഹത്തിൽ സാമ്പത്തികനേട്ടം യാതൊന്നും തന്നെ ഇല്ലായിരുന്നു. മേജർ സാഹിബിന്റെ ധാരാളിത്തവും കമനീയതയും ഉപേക്ഷിച്ചുപോന്ന പെണ്ണിന് എന്നും അരിഷ്ടം തന്നെയായിരുന്നു.

എല്ലാം പറഞ്ഞു തീരുമ്പോൾ രാവേറെ ചെന്നിരുന്നു. പണിക്കർ തോരാതെ സംസാരിച്ച് മുഴക്കം വീണ തൊണ്ട ചിനക്കി.

“എനിക്ക് പാർത്ഥനോട് ചെയ്തതിനെക്കുറിച്ചോർക്കുമ്പോൾ എന്നും കുറ്റബോധം തോന്നിയിരുന്നു. അവളെങ്കിലും രക്ഷപ്പെട്ടു. ഇനിയും ഇവിടെ പ്രായം തെകഞ്ഞ അഞ്ചെണ്ണമുണ്ട്.”

അയാൾ നെടുതായി നിശ്വസിച്ചു.

“ഒരുത്തിയെ കാണാൻ ഒരാൾ വന്നു. നല്ലൊരു ബന്ധമാണ് പക്ഷേ.....”

“എന്താ?”

“എങ്ങനെയും പറഞ്ഞുവിടാൻ രണ്ടായിരം വേണം, ഉരുപ്പടി ഒന്നും ഇല്ലെങ്കിലും.”

“അയാൾക്ക് ജോലിയുണ്ടോ?”

“ഉവ്വ്. മിലിട്ടറിക്കാരൻ തന്നെ.”

സർവ്വീസ് കോപ്പറേറ്റീവ് ബാങ്കിൽ നിന്നും, പി.എഫിൽനിന്നും സൂപ്രണ്ട് ആവത് തുക കടമെടുത്തിരുന്നു. മാസാമാസം തുച്ഛസംഖ്യ കൈപ്പറ്റുന്നതോർക്കുമ്പോൾ കുടുംബത്തിലെ അംഗവ്യാപ്തി അറിയാവുന്ന എനിക്ക് അത്ഭുതമായിരുന്നു. ഇനി മറ്റൊരിടത്തും അദ്ദേഹത്തിനു ചെന്നുമുട്ടാനാവില്ല. സർക്കാരിനും നാട്ടാർക്കും നൽകേണ്ടുന്ന ഭീമമായ തുകകൾ! പറ്റുകടയിൽ മാസാമാസം മുടങ്ങി കിടക്കുന്ന തുകകൾ.

“അവരുടെ എഴുത്ത് രണ്ടുതവണ വന്നിരുന്നു; രണ്ടിലൊന്നു തീരുമാനിച്ച് വിവരം അറിയിക്കണമെന്നാണ്. എനിക്കിപ്പോൾ ഒരു തീരുമാനമേയുള്ളൂ.”

“ഏതായാലും അവർക്ക് മറുപടിയെഴുതൂ. നമുക്ക് വേണ്ടതു ചെയ്യാം. ഞാൻ പി.എഫിനപേക്ഷിക്കാം...” പണിക്കർ അയാളുടെ കൈവിരലുകളെ കൂട്ടിപ്പിടിച്ചു. പ്രായം ചെന്ന കാലങ്ങളെ കണ്ട് തഴക്കംവന്ന കണ്ണുകൾ നിറഞ്ഞു തുളുമ്പുന്നുണ്ടായിരുന്നു.

“എനിക്കൊരു മോനുണ്ടായിരുന്നു. അവൻ പതിനാറുതികയുന്നതിനു മുമ്പെ മരിച്ചു. പാർത്ഥൻ എന്റെ ആ മകനാണ്.”

പാർത്ഥൻ ചുണ്ടു പിളർന്ന് പതിയെ ചിരിച്ചു.

ഓഫീസ്സിലെ ഇടവേളകളിൽ വിടുവാ പറഞ്ഞു വിരസ സംസാരത്തിന് ആക്കം കൂട്ടുന്ന സൂപ്രണ്ടിനോട് എനിക്ക് കഠിനമായ വെറുപ്പായിരുന്നു. ലക്ഷ്മിയുടെ താഴെ പുകയുന്ന ധൂപത്തെ കാണുമ്പോൾ അവജ്ഞയായിരുന്നു. പൂച്ചക്ക് മണികെട്ടിയതുപോലെ പിന്നെ അയാൾ പറഞ്ഞ സത്യവാചകവും!

അകമുറിയിലെ ഉറക്കം പെരുത്ത കണ്ണുകൾ വിടർന്ന് ഒച്ചതാഴ്ത്തി ചിലയ്ക്കാനാരംഭിച്ചിരുന്നു. ആരാധനയോടെ വഴുതിവീഴുന്ന കണ്ണുകളെ പാർത്ഥനു കാണാനായി.

പുറത്തെ ഇരുട്ടിന് കനം വെച്ച് ലോകമപ്പാടെ മൂകതയിലേക്ക് മലക്കടിച്ചു വീണിരിക്കുന്നു. പാടങ്ങളുടെ വിഹായസ്സിൽ നേരം കൊല്ലാനായി ചീവിടുകൾ കരഞ്ഞ് കേളികൊട്ടുന്നു.

യാത്ര പറഞ്ഞ് ഇടവഴിയിലേക്കിറങ്ങുമ്പോൾ അയാളുടെ കണ്ണുകളിൽ ഉറക്കം തമ്പേറടിച്ചു കിടപ്പായിരുന്നു.

വെളിച്ചം വീണ് ഭൂമി ഉണരുന്നതിനു മുമ്പെ അമ്മ്യാരുടെ സുഷുപ്തി അവസാനിക്കുന്നു. തിമിരം ബാധിച്ച് ശൂന്യഗോളങ്ങളായ കണ്ണുകളിൽ ഒരുപാട് പീള അടിഞ്ഞു കിടപ്പുണ്ടാവും. നാട്ടാരെ ഉണർത്താനെന്നോണം പരുത്ത തൊണ്ടയിൽ നിന്നാരംഭിക്കുന്ന ദേവഗീതങ്ങൾ മാറ്റൊലിയായി ഗ്രാമത്തിന്റെ പാതാളം പോലുള്ള ഇടുങ്ങിയ, സദാ ഇരുട്ടുള്ള വീടുകളിലെ അറകളിലേക്കു കടക്കുന്നു.

അമ്മ്യാരുടെ ശബ്ദം കിളിമൊഴിയെ പോലെ സുന്ദരമായിരുന്നുവത്രെ!

പാണ്ഡ്യനാട്ടിൽ നിന്ന് യജ്ഞഗാനങ്ങളുമായി കുലമഹിമയും പൗരോഹിത്യ മഹത്വവും ജല്പിച്ച ചിന്താദീപ്തരായ ഒരു വർഗ്ഗത്തിന്റെ കഥ കാലാന്തരത്തിൽ ഒരു കടങ്കഥയായി പരിണമിക്കുന്നു.

ഒരു സന്ധ്യയ്ക്ക് അമല അവൾക്കറിയാവുന്ന ചരിത്രത്തെ പറയുകയായിരുന്നു. അവളുടെ അച്ഛന്റെ വംശാവലിയുടെ കാരണവർ പാണ്ഡ്യരാജാവിന്റെ പുരോഹിത പ്രമാണിയായിരുന്നു. ആചാരങ്ങളുടെ സത്ത തീണ്ടാത്ത ചേരനാട്ടിനെ ബ്രഹ്മജ്ഞാനത്തിലൂടെ മോക്ഷത്തിന്റെ പാതയിലേക്കു നയിക്കുകയായിരുന്നു അവർ.

അമല സൂര്യൻ കിഴക്കു കാണുന്നതിനുമുമ്പെ ഉണർന്ന് പഠിക്കുവാനാരംഭിച്ചിരിക്കുന്നു. അവളുടെ ആവർത്തിച്ചുള്ള വായന താഴെ മുറിയിൽനിന്ന് കേൾക്കാനുണ്ട്.

ഉറക്കച്ചടവുമാറാത്ത കണ്ണുകളുമായി പാർത്ഥൻ കിടന്നു.

സൂപ്രണ്ടിന്റെ വീട്ടിലെ വിരുന്നൂട്ടൽ എന്റെ മുന്നിൽ ഒരു നഗ്നയാഥാർത്ഥ്യത്തെ തുറന്നുകാട്ടുകയായിരുന്നു. ക്ഷയരോഗബാധിതനെ പോലെ ശോഷിച്ച ആ മനുഷ്യനോട് ഒരു തീരാപക തന്നെയുണ്ടായിരുന്നു എനിക്ക്. സമ്പന്നന്റെ വീട്ടിലെ പരുഷലോകത്തിന്റെ യാതനകളൊന്നുമറിയാത്ത സ്വാഗതമായ ഉന്നതിയിൽ മാത്രം സായൂജ്യം തേടുന്ന വായനശീലനായ ഒരു വിദ്യാർത്ഥിയെ പോലെ പണിക്കർക്ക് ഓഫീസുകാര്യങ്ങൾക്കപ്പുറം ലോകമേ ഉണ്ടായിരുന്നില്ല.

കോളേജിലെ കൃശഗാത്രനായ സഹപാഠിക്ക് അക്ഷീണം പ്രയത്നിച്ച് ഉയർന്ന നിലവാരത്തിൽ വിജയിയായി പണക്കൊ

ഴുപ്പുള്ള ഒരു ഉദ്യോഗം തേടുക എന്നതായിരുന്നു ലക്ഷ്യം. പൊടുന്നനെ അവന്റെ തലക്കിരച്ചു കയറിയ രക്തം ഒരു ജീവനൊടുക്കു കയായിരുന്നു.

അമ്മ്യാര് കോണിപ്പടികൾ തപ്പി പിടിച്ച് മേൽത്തട്ടിലെത്തി. പാർത്ഥന്റെ മുറിയിലേക്കു വരാതെ അവർ വാതില്പടിയിലിരുന്നു.

"പാർത്ഥനിര്ക്കാ?"

"ഓ...."

അഴിഞ്ഞ് പടർന്ന മുണ്ട് വാരിച്ചുറ്റി അയാൾ കട്ടിലിൽ നിന്നിറങ്ങി.

"നേത്ത് കാണലേ. അതിനാലെത്താൻ നാൻ വന്തേൻ. നീ എങ്കേ പോയിര്ന്തേ?"

"ഒരാളെ കാണാൻ ചെന്നു...."

"അമലാവുക്ക് പീസ് കൊടുക്കണും. അവള് എതാവത് ശൊന്നാളാ?"

"ഇല്ല.... അമലയെ വരാൻ പറയൂ...."

അമ്മ്യാര് തപ്പിപിടിച്ചു വീണ്ടും കോണി ഇറങ്ങി. ചുവരിലെ ആണിയിൽ തൂക്കിയ കുപ്പായകീശയിൽ നിന്ന് രൂപയെടുത്ത് അയാൾ എണ്ണി തിട്ടപ്പെടുത്തി.

രാത്രി കതകിന് മുട്ടിവിളിച്ചപ്പോൾ തുറന്നത് വൃന്ദയായിരുന്നു. അവളുടെ കലങ്ങിച്ചുവന്ന കണ്ണുകളെ കണ്ടപ്പോൾ നെഞ്ചടക്കം എരിഞ്ഞു കത്തുന്നതുപോലെ. യൗവനത്തിന്റെ ഉച്ചവേളയിൽ തന്നെ അകാലവൃദ്ധയാവുകയായിരുന്നു, അവൾ. കൂടാതെ ഒരു വന്ധ്യയും.

എന്റെ സാമീപ്യത്തെപ്പോലും അവൾ അകാരണമായി ചാപല്യത്തോടെ ഭയപ്പെടുന്നുണ്ടായിരുന്നു. അപവാദത്തിന്റെ ചടുലമായ വാക്കുകൾക്കുപരി അവൾ ബന്ധനത്തിലിട്ടിരുന്നത് തന്നെ തന്നെയായിരുന്നു.

അമലയോ വൃന്ദയുടെ രണ്ടാം കെട്ടിനെക്കുറിച്ച് സൂചിപ്പിക്കുകയായിരുന്നു. സുഹൃത്തുക്കളിൽ ആരെങ്കിലും ദാക്ഷിണ്യത്തോടെ രണ്ടാം കെട്ടിന് തയ്യാറായെങ്കിൽ.

അമലയുടെ കണ്ണിൽ ഒരഗ്നികുണ്ഡം നിന്നെരിഞ്ഞു. നാടുമുഴുക്കെ സംബന്ധം വെച്ച് നായരുകുടികളിൽ സന്തതികളെ സൃഷ്ടിച്ച് പുനരുദ്ധാനം നടത്തിയ വർഗ്ഗത്തോട് ജന്മരോഷമായിരുന്നു അവൾക്കുണ്ടായിരുന്നത്. രേണുകേടത്തിക്ക് പഴയ ആചാരസംഹിതകളെ പോറ്റിവളർത്താനായിരുന്നു ഇഷ്ടം. അമ്പലവും നാലുകെട്ടും പ്രഭുവും പണിയാളനും എല്ലാമെല്ലാം...

വെയിലുമൂത്ത് ചൂടിന്റെ മേളക്കൊഴുപ്പ് ആരംഭിച്ചിരിക്കുന്നു. ഗ്രാമത്തിലെ റേഷൻ ഷാപ്പിനുമുമ്പിൽ നീണ്ട ക്യൂവാണ്. യാതൊരലട്ടുമില്ലാതെ വളർന്ന മനുഷ്യരെല്ലാം തന്നെ തൂക്കുസഞ്ചിയുമായി തെരുവിലേക്കിറങ്ങിയിരിക്കുന്നു.

വകതിരിവുകെട്ട ആജ്ഞാപകന്റെ നിഷ്ഠൂരതയെ വിളിച്ചോതുന്നതുമാതിരി ആയിരിക്കുന്നു എല്ലാം.

ഇവിടെ തത്വങ്ങളുടെ ജീവരക്തമായി നിലകൊള്ളുന്ന മനുഷ്യത്വത്തെ മറക്കുകയാണാവശ്യം. മനുഷ്യന്റെ പേരിൽ മുറവിളി കൂട്ടുമ്പോഴും തന്റെ വലയത്തിന്റെ വികസനത്തെയേ കണക്കാക്കേണ്ടതുള്ളൂ! മനുഷ്യനെ പാടെ മറക്കുകയാണാവശ്യം!

പട്ടിണി പാവങ്ങളുടെ സ്ഥാനമാറ്റമാണെന്നു പറഞ്ഞു ലോകരെ ആകെ അവഹേളിക്കാൻ അമലയ്ക്ക് തണ്ടുണ്ടായിരുന്നു. അവളുടെ വാക്കുകളെ നിഷ്കരുണം തട്ടിമാറ്റാൻ എനിക്കാവുന്നില്ല.

ലോകം കണ്ടു ജീവിച്ചു പുതുരൂപം വന്ന മനസ്സിനുമുമ്പിൽ തുലോം നിസ്സാരനാണ് എന്നുമെന്നും ഞാൻ. എന്റെ നിശ്ചയദാർഢ്യമുള്ള ചിന്തകൾക്കപ്പുറത്താണ് അവരുടെ വിതാനങ്ങൾ.

കുളിച്ച് ഉടുത്തൊരുങ്ങിയ രൂപവുമായി അമല മുകളിലേക്കു വന്നു. രൂപ നല്കുമ്പോൾ അയാൾ പറഞ്ഞു:

''അമലയ്ക്ക് നേരിട്ടെന്നോടുതന്നെ ചോദിക്കാമായിരുന്നു...''

''കുളിക്കാൻ പോവുമ്പോൾ ഞാനമ്മയോടു പറഞ്ഞതാണ് രൂപ ചോദിക്കാൻ.''

''പരീക്ഷ അടുത്തില്ലേ?''

''ഉവ്വ്....''

''അമല ഇത്തവണ ക്ലാസ്സ് വാങ്ങിക്കണം.''

അവൾ ചിരിച്ച് മേശപ്പുറത്ത് ചിതറിക്കിടന്ന നുറുങ്ങു സാധനങ്ങളെ ചിട്ടയോടെ അടുക്കിവെച്ചു.

രേണുകേടത്തി വിരസതയെക്കുറിച്ചു പറഞ്ഞുവന്നപ്പോൾ എന്റെ കീഴേ ഒരനുജത്തി ഇല്ലാത്തതിന്റെ പോരായ്മയെ സൂചിപ്പിക്കുകയായിരുന്നു. എങ്കിൽ കുറേ മണിക്കൂറുകളെ ഇരുവർക്കും കൂടെ കൊന്നൊടുക്കാനാവും.

പഠിപ്പു മുടങ്ങി പാത്രം മോറി മിനുപ്പിക്കാൻ തയ്യാറെടുത്ത അമല വീണ്ടും അദ്ധ്യയനം തുടരുന്നു. അവളുടെ തളർന്നകാലുകൾ ഒരുദ്യോഗസ്ഥയാവുക എന്ന പരിധിയെ തേടുന്നു. വൃന്ദയ്ക്ക് വിശാലതയിലേയ്ക്ക് പോകാവുന്ന ഒരു ചിന്തകളുമില്ല.

വീണ്ടും ചുഴിഞ്ഞു ചോദിച്ചപ്പോൾ അവൾ എന്റെ മുമ്പിൽ സ്വജീവിതത്തിന്റെ അർത്ഥരാഹിത്യത്തെ തുറന്നുകാട്ടുകയായിരുന്നു.

ഒരൊഴിവു ദിവസം; ഉച്ചകഴിഞ്ഞ നേരം.

കടൽതുരുത്തിൽനിന്ന് എല്ലാവരും രക്ഷനേടാൻ ആഗ്രഹിക്കുന്നു. സങ്കീർണ്ണമായ പ്രശ്നങ്ങളിൽ നിന്ന് ഒഴിഞ്ഞ് ശാന്തതയും സമാധാനവും കാംക്ഷിക്കുന്നു.

അമ്മായി എന്നും കൊതിച്ചിരുന്നത് മകളുടെ സൗഭഗമാർന്ന ജീവിതത്തെ കാണാനായിരുന്നു. പോർക്കളത്തിൽ വീരാഹൂതി അടഞ്ഞവരുടെ ആത്മാവുകൾ കിനാകണ്ടിരുന്നത് സുഭിക്ഷതയുള്ള ഒരു ദിവസത്തെ ആയിരുന്നു.

രേണുകേടത്തി ഒച്ചതാഴ്ത്തി പതിയെ പറഞ്ഞു.

"ന്റെ വെഷ്മം ന്റെ തന്യാ അമ്മ്യോടും പാർത്ഥേട്ടനോടും പറയാങ്കഴിഞ്ഞൂന്നാവില്ല്യ."

അവരുടെ തൊണ്ടയിൽ വരണ്ട ഗതകാലത്തിന്റെ കൂമ്പുകൾ അടഞ്ഞുകിടപ്പുണ്ടായിരുന്നു.

"കുട്ട്യോളായിരുന്നപ്പൊ ഒരു ചിന്തേംണ്ടാർന്നില്ല. പ്ലാ ഒക്കെ..." അമ്മാവന്റെ അധീനതയിൽ ദുശ്ശാഠ്യവുമായി വളർന്നപ്പോൾ അവർക്ക് സൗഖ്യം ലഭിച്ചിരുന്നു.

ഏക മോളായിരുന്നതിനാൽ എല്ലാം കൈ എത്തുന്ന അകലത്തായിരുന്നുതാനും.

"പഠിച്ചുകഴിഞ്ഞാലും ഞങ്ങൾക്കത്ര വേഗമൊരു ജോലി കിട്ടില്ല പാർത്ഥേട്ടാ. തിന്നാനില്ലെങ്കിലും ജാതി ഉയർന്നതാണല്ലോ..."

"ക്ലാസ്സും മറ്റുമുണ്ടെങ്കിൽ വേഗം കിട്ടും."

"കിട്ടുമായിരിക്കും.. പാർത്ഥേട്ടൻ കുളിക്കാൻ വരൂ."

"ഉം.."

അവൾ അകന്നപ്പോൾ മുറിയിൽ വീണ്ടും ശബ്ദങ്ങളുടെ ശൂന്യത. ഉറക്കം വിട്ടുമാറാത്ത കണ്ണകളിൽ എന്തിനേയോ ഓർത്തു അങ്കലാപ്പ്. ദുരൂഹമായ പൂർവ്വബോധങ്ങൾ.

അനന്തേട്ടനോട് സാരോപദേശകഥകൾ പറഞ്ഞ് തോൽവി ഏറ്റുപാടുകയായിരുന്നു ഞാൻ. വിവാഹം കഴിഞ്ഞ് ഏഴുനാൾ കഴിഞ്ഞിട്ടും തെളിച്ചമേല്ക്കാത്ത രേണുകേടത്തിയുടെ മുഖം. കൈപ്പിഴ സംഭവിച്ചതു പോലായിരുന്നു അവർക്ക് കല്ല്യാണം.

മേനിക്കൊഴുപ്പുകാട്ടി കാമ്പസ്സിനകത്തെ വിവാദവിഷയമായി വിലസിയിരുന്ന മുകുന്ദനും കൈച്ചാലുകളിൽ നിന്ന് വേറിട്ട് തുഴഞ്ഞിരുന്നില്ല.

ഇവിടെ മനുഷ്യനെ മാനിക്കാൻ മടിക്കുകയാണാവശ്യം! വാക്കുകളിൽ ആത്മാർത്ഥത പുരട്ടി സംസാരിക്കുമ്പോൾ മറ്റൊരുത്തൻ മേല്ക്കോയ്മക്കായി ഒരു ചുറ്റുകോണി പണിയുകയായിരിക്കും!

വസ്ത്രങ്ങളുടെ തുഞ്ചത്ത് സംസ്ക്കാരത്തിന്റെ പേരിൽ കമനീയ മാർന്ന പകിട്ടും ധനപുഷ്ടിയും കാട്ടുന്ന പരിഷ്കാരമാണ് ആവശ്യം! വികലമായ നേട്ടങ്ങളുടേതാവുമ്പോഴേ നിയതരൂപമാവൂ!

എല്ലാവർക്കുമായി പറയുമ്പോഴും സ്വന്തം മേൽഗതിയെ ലാക്കാക്കുക! സിംഹാസനത്തിന്റെ ഔന്നത്യത്തിൽ ചെന്നുപറ്റിയാൽ കഴിഞ്ഞ കാലത്തെ അവഗണിക്കേണ്ടിയിരിക്കുന്നു. നേരും നെറിയും മറന്ന് പൂർവ്വോത്തരം പ്രശസ്തിക്കായി മുട്ടും അതിനപ്പുറവും വളയ്ക്കാൻ ശീലിക്കേണ്ടിയിരിക്കുന്നു!

പുസ്തകത്തിന്റെ താളുകളിലൂടെ മനഃപാഠമാക്കാൻ മാത്രം തത്വദീക്ഷകൾ, പഠിച്ചത് വീണ്ടുമോർത്ത് തനതായ പന്ഥാവു കണ്ടെത്തുന്നവൻ വകയ്ക്കുകൊള്ളാത്തവനായി പരിണമിക്കുന്നു!

അമ്മയും അനന്തേട്ടനും മുകുന്ദനും പറഞ്ഞത് മറ്റൊന്നല്ല. അവരുടെ പ്രവർത്തികൾക്കെല്ലാം രക്ഷാകവചമായിരുന്ന തത്വബോധങ്ങൾ. നേട്ടങ്ങളുടെ ലിപിയിൽ മരിച്ച ആത്മാക്കളെ ചവിട്ടി താഴ്ത്തുകയാണ്. കണ്ടില്ലെന്നു നടിക്കുകയാണ് ആവശ്യം.

കിണറ്റിൻകരയിലേക്ക് ഉമിക്കരി തേടിച്ചെന്നു. വൃന്ദ വേലിയ്ക്കൽ തോരാനിട്ട തുളവീണ ചെമപ്പുചേലയിൽ നിന്ന് വെള്ളം വാർന്നുകൊണ്ടേയിരുന്നു. പുലർച്ചെ എണീറ്റ് ഭഗവത്സ്തോത്രങ്ങൾ ചൊല്ലുന്ന അവൾ ഒരു യാഗാഗ്നിയെ തന്നെ നെഞ്ചത്തൊളിപ്പിച്ചിരുന്നു.

ഒരിക്കൽ അവിചാരിതമായാണു അവളുടെ ശിരസ്സ് കാണുകയുണ്ടായത്. കോണിച്ചോട്ടിൽ വെച്ച്. എന്റെ മുന്നിൽ പൂർണ്ണ നഗ്നയായ ആരോ പ്രതിഷ്ഠിച്ചതുപോലെ അവൾ നിന്നു ചൂളുകയായിരുന്നു. പുക കയറാത്ത ചട്ടിയെ പോലെ ശിരസ്സിൽ ചുരുണ്ടു തഴച്ച കുറ്റിരോമങ്ങൾ.

പല്ലുതേപ്പുകഴിഞ്ഞു മോളിലെത്തുമ്പോൾ നേരം പിന്നേയും വൈകിയിരുന്നു. നെറുകയിൽ തേയ്ക്കാൻ എണ്ണയുമായെത്തിയ അമല പറഞ്ഞു.

"വേഗം കളിച്ചുവരൂ. എനിക്കൊരു കാര്യം പറയാനുണ്ട്."

ഓഫീസ്സിലെ പാഡിൽ തീരാത്ത ഫയലുകൾ. രാഷ്ട്രീയ ചേരിതിരിവിൽ ശത്രുസംഹാരത്തിനെന്നോണം പോർവിളി നടത്തുന്നു യൂണിയന്റെ ആഹ്വാനങ്ങൾ. കഴിഞ്ഞ ഒരു സമരത്തിന്റെ തിക്തഫലമോർത്ത് ഒരു നുറുങ്ങു പൈപോലും ത്യജിക്കാൻ സന്നദ്ധരല്ലാത്ത അംഗങ്ങളുടെ അമർഷത്തിന്റെ മുറുമുറുപ്പുകൾ.

തിരക്കിട്ട് വർദ്ധിപ്പിക്കേണ്ടുന്ന അംഗസംഖ്യ. ഒരുജ്ജ്വല

ശക്തിയാക്കി അണികളെ നിരത്തി അവകാശങ്ങളെ കയ്യും കണക്കുമായി പിടിച്ചു പറ്റേണ്ടിയിരിക്കുന്നു. തീക്ഷ്ണമായ ജീവിതത്തിന്റെ പരുക്കൻ പ്രതലത്തിൽ ശിരസ്സുതട്ടി ബോധഹീനരാവുകയാണ് പലരും.

എന്റെ മുന്നോടിയായി പോർവിളി നടത്തിയിരുന്ന പലരും ഇവിടെ ആരുമല്ലാതായിത്തീർന്നിരിക്കുന്നു. അവരുടെ പേരുപോലും ഓർത്തു വെച്ചിരിക്കുന്നവർ ചുരുക്കമാണ്.

കുളികഴിഞ്ഞു മേൽത്തട്ടിലേക്കു വന്നപ്പോൾ അമല ചിരിച്ചുകൊണ്ടു നില്പാണ്. മുടിചീവി വസ്ത്രം മാറ്റുന്നതിനിടയിൽ അയാൾ ചോദിച്ചു:

"എന്താ പറയാനുള്ളത്?"

"ഞാൻ രോഹിണിയേടത്തിയെ കണ്ടിരുന്നു. ആൾക്ക് പാർത്ഥേട്ടനോട് പരിഭവമാണ്."

പാർത്ഥൻ വെറുതെ ചിരിച്ചു.

"അവരെ കാണാൻ പോവുന്നില്ലേ?"

മനസ്സിന്റെ ഒതുക്കിവെച്ചകോണിൽ ഒരു കുറ്റബോധം. സവിസ്തരം ഒരെഴുത്തു പോലും ഒരു തവണയും അയക്കുകയുണ്ടായില്ല.

സൂട്ട്കേസ്സിനകത്തെ ഉള്ളറയിൽ കുറുങ്ങിയ കണ്ണുകളുള്ള രോഹിണിയുടെ ഒരു ഫോട്ടോ ഇരിപ്പുണ്ട്. നേഴ്സിങ്ങ് ട്രെയിനി ആയിരിക്കുമ്പോൾ അവളെടുത്തതായിരുന്നു. ഒറ്റവാക്കിൽ അവൾ തരുമെന്നറിഞ്ഞിട്ടും ആൽബത്തിൽ നിന്ന് സുഖദമായ കൗതുകത്തോടെ അതു മോഷ്ടിക്കുമ്പോൾ സംതൃപ്തിയായിരുന്നു. പീന്നിട് വിവരം തുറന്നു പറയുമ്പോൾ അവൾ പ്രദർശിപ്പിച്ചു കണ്ട നിഷ്ക്കളങ്കമായ പരിഭവം.

വ്യക്തികൾക്ക് വിടവുനല്കുന്ന പാത ഏതോ ബിന്ദുവിൽ ലയിച്ച് ഒന്നാവുന്നു. ഒന്നിന്നൊന്ന് കൂട്ടുപിണഞ്ഞ് വിഭിന്നത വെടിയുന്നു.

"എനിക്കിന്ന് നേരത്തെ ഓഫീസിൽ പോണം."

"എന്താ വിശേഷം?"

"ഒന്നുമില്ല."

രോഹിണിയെ കാണണം.

"എന്നാൽ വരൂ വല്ലതും കഴിക്കാം."

"അമല പോവൂ. ഞാൻ വരാം."

അമല കോണിപ്പടിയിറങ്ങുമ്പോൾ പടവുകൾ ഞെരുങ്ങുന്ന ശബ്ദം ഒഴിഞ്ഞ മുറികളിൽ മുഴക്കമായി. പുറത്ത് വെയിൽ

കാളുന്നുണ്ട്. ഉണർന്ന ഗ്രാമം ചലനാത്മകമായിരിക്കുന്നു. പാർത്ഥൻ വാതിലടച്ച് താഴേക്കിറങ്ങി.

തേടിപ്പിടിച്ച് വാർഡിൽ ചെന്നപ്പോൾ രോഹിണി ഡ്യൂട്ടിയിലില്ലെന്നറിഞ്ഞു. അവൾക്ക് നൈറ്റ് ഷിഫ്റ്റ് ആയിരുന്നുവത്രേ. സഹപ്രവർത്തക ചിരിച്ച് ദുസ്സൂചനയോടെ ചോദിച്ചു:

"എന്താ വിശേഷം?"

രോഹിണിയുടെ കിടക്ക കൂട്ടുകാരിയായ അവൾക്ക് സ്നേഹിതയുടെ കാമിത കഥയെക്കുറിച്ച് നല്ലോണം അറിവുണ്ടായിരുന്നു. മറുപടിനൽകാതെ പോകാൻ നിന്നപ്പോൾ അവൾ പറഞ്ഞു:

"മുറിയിലുണ്ടാവും..."

സമയത്തിന് അത്യധികം വിലയുണ്ടായിരുന്നതിനാൽ കൂടുതലുരിയാടാതെ അയാൾ പടിയ്ക്കലേക്കു ചെന്നു. നെഴ്സസ്സ് ക്വാർട്ടേഴ്സ് അകലത്തായിരുന്നില്ല.

രോഹിണിയോടൊത്തു നടന്ന് വഴി വല്ലാണ്ടു പരിചയമായിരിക്കുന്നു.

പടിയും കതകും അടഞ്ഞുകിടപ്പാണ്. രണ്ടാവർത്തി വാതിലിനു മുട്ടി വിളിച്ചപ്പോഴേ തുറക്കുകയുണ്ടായുള്ളൂ. ഉറക്കം ചാലിച്ച കവിളുകൾ ചീർത്ത മുഖം കാട്ടി അവൾ ചിരിച്ചു.

"വരൂ പാർത്ഥേട്ടാ...."

കസേരയിൽ മൂകനായിരിക്കുമ്പോൾ അയാൾ അവളെ ആകമാനം ഒന്നുഴിഞ്ഞു നോക്കി. പെണ്ണ് മെലിഞ്ഞ് കോലം കെട്ടിരിക്കുന്നു. എമ്പാടും വിളർത്ത മേത്ത് രക്തത്തിന്റെ ലാഞ്ചന പോലുമില്ല.

ആശുപത്രിയിൽ പരിചരണത്തിനായി അടിക്കടി എത്തുമ്പോഴും ഇതേ പ്രകൃതമായിരുന്നു. എനിക്കായി വരുന്നെന്നത് മറയ്ക്കാനായി അവൾ അടുത്ത രോഗിയേയും പരിശോധിക്കുമായിരുന്നു.

"പാർത്ഥേട്ടൻ വന്നതും ഇവിടെ വരുമെന്നുകരുതി."

"പല തിരക്കുമുണ്ടായിരുന്നു."

"പാർത്ഥേട്ടന് എന്നെക്കാട്ടിലും വലുതാണെല്ലേ മറ്റെല്ലാം."

ചുവരുചാരി നില്പുറച്ച അവളുടെ അരികെ ചെന്നു തോളത്ത് കൈകൾ വച്ച് അയാൾ പറഞ്ഞു.

"ഞാൻ എന്നും എന്റെ കാര്യങ്ങൾക്കു രണ്ടാം സ്ഥാനമേ നൽകിയിരുന്നുള്ളൂ. അതെന്നും അങ്ങനെതന്നെ ആവും."

അവളുടെ പ്രളയജലം നിറഞ്ഞ കണ്ണുകളെ നേരിടാനാവാഞ്ഞ് കസേരയിലേക്ക് തിരികെ നടക്കുമ്പോൾ അയാൾ താനേ ശപിക്കുകയായിരുന്നു. ജന്മമോക്ഷം ഒരു വീരചരമാവണമെന്നു കരുതി

യിരുന്ന ഞാൻ എവിടെയോ ചെന്നെത്തപ്പെടുന്നു. ബാഹ്യമോടിക്കു തമ്പേറുകൊട്ടുന്ന കോളേജന്തരീക്ഷത്തിൽ.

എന്തിനും നെഞ്ചൂക്കുകാട്ടി മുന്നാക്കം ചാടുന്നവരെ ആരാധിക്കുന്ന ബഹുഭൂരിപക്ഷം വിദ്യാർത്ഥിനികളുടെ അരികെനിന്നു വലയങ്ങളുടെ കണ്ണികൾ ഭേദിച്ച് തന്ത്രപൂർവ്വം മോചനം പ്രാപിക്കയായിരുന്നു. പ്രേമം ഒരപഹാസ്യമായി കരുതിയ കാലഘട്ടം.

ആരിലും വെറുപ്പുളവാക്കാതെ, തീവ്രമായ വൈയക്തികബന്ധം അരക്കിട്ടുറപ്പിക്കാതുള്ള സഹവർത്തിത്തത്തിലൂടെ അവിടെ നിന്നും രക്ഷനേടുകയായിരുന്നു.

പിന്നീട് മൂത്ത് അന്യം വന്ന മനസ്സ് എന്നിട്ടും രോഹിണിയെ കാംക്ഷിക്കയായിരുന്നുവല്ലോ. കോപ്പയിലെ ചായ മൊത്തിക്കുടിക്കുമ്പോൾ അയാൾ വാച്ചിലേക്കു നോക്കി. എട്ടര കഴിഞ്ഞിരിക്കുന്നു.

"പാർത്ഥേട്ടന്റെ ധീരതയും മറ്റും എനിക്കിഷ്ടമാണ്. പക്ഷേ എന്നെ തീരെ അവഗണിക്കുന്നതു കാണുമ്പോൾ..."

"രോഹിണി ഇവിടെ ഇരിക്കൂ..."

എതിരെയുള്ള കസേരയിൽ അവളിരുന്നപ്പോൾ അയാൾ തുടർന്നു:"ഇനി എന്താണെങ്കിലും പറയൂ. ഞാനെല്ലാം കേൾക്കാൻ തന്നെയാണ് വന്നത്."

"എനിക്കൊന്നും പറയാനില്ല."

സ്നേഹത്തോടെ അടിയറവു പറയുന്ന അവളെ കണ്ടപ്പോൾ അയാൾ പുളകിതനായി.

രേണുകേടത്തി ഗുപ്തമായി കൊതിച്ചുകൊണ്ടിരുന്നത് ഇത്തരം അത്ഭുത നിമിഷത്തിനായിരുന്നു. തിട്ടപ്പെടുത്തിയ സമയത്ത് ചിട്ടയോടെ സംസാരിക്കുന്ന അനന്തേട്ടനോട് അവർക്ക് സഹതാപമേ ഉണ്ടായിരുന്നുള്ളൂ.

"പാർത്ഥേട്ടന് ഇന്ന് ഒഴിവുണ്ടോ?"

"ഉം?"

"ഒരു സിനിമ കാണാമെന്നു കരുതി."

"ഇന്നു വേണ്ട. രണ്ടു ദിവസം കഴിഞ്ഞുപോവാം."

"എന്നായാലും പോണം."

"ഓ.... രോഹിണിക്കുറക്കം വരുന്നുണ്ടോ? എങ്കിൽ പോയി കെടന്നോളൂ."

"ഏയ്യ്...."

അവളുടെ ചീർത്ത കൺപോളകൾക്ക് പതിവില്ലാത്ത കാന്തി തോന്നിച്ചിരുന്നു.

രേണുകേടത്തി പൊടുന്നനെ എടുത്തിട്ട ചോദ്യം എന്നിൽ അമ്പരപ്പായിരുന്നു ഉളവാക്കിയത്. ആരോ പറഞ്ഞ് അവർ എന്റെ പ്രേമത്തെക്കുറിച്ചറിഞ്ഞെന്നു കരുതി. ഒരു മറയിടലിന്റെ ആവശ്യമില്ലാത്തതിനാൽ എല്ലാം തുറന്നു പറഞ്ഞപ്പോൾ ഒരു രക്ഷാധികാരിയെപോലെ, എങ്കിലും സൗമ്യമായും വിവേകപൂർണ്ണമായും വരും വരായ്കകളെ മുന്നിൽ തുറന്നുകാട്ടുകയായിരുന്നു രേണുകേടത്തി.

നേരിട്ട് ദ്യോതിപ്പിക്കാതെ തന്നെ അമലയ്ക്കും വ്യംഗ്യമായി ഒരുപാട് സദുപദേശങ്ങൾ നല്കാനുണ്ടായിരുന്നു. കഠിനത അനുഭവിച്ച് ഇരുത്തം വന്ന പെണ്ണ് ഒരു മുത്തശ്ശിയെപ്പോലെ കാര്യങ്ങൾ സംസാരിക്കുന്നതു കേൾക്കാൻ രസമായിരുന്നു.

സങ്കോചം വെടിഞ്ഞ് ഉള്ളുതുറന്നു കാട്ടിയപ്പോൾ രോഹിണി തിടുക്കത്തോടെ അന്നു ബസ്സ് സ്റ്റോപ്പിലേക്കു നടക്കുകയായിരുന്നു. ഒരു സന്ധ്യയിൽ അവിചാരിതമായി നടുത്തെരുവിൽ വെച്ച് കണ്ടതായിരുന്നു.

“വീട്ടിലെന്തെല്ലാമുണ്ട് വിശേഷങ്ങൾ? രേണുകേടത്തി എന്തു പറഞ്ഞു?”

“വെറുതെ അവരും ജീവിക്കുന്നു. ഇഷ്ടപ്പെടാത്തതെങ്കിലും ചില കുപ്പായങ്ങളെ മനുഷ്യൻ അണിഞ്ഞേ പറ്റൂ. പക്ഷേ അതിനൊരുക്കമില്ലാത്തവർക്കാണ് ഇവിടെ ജീവിക്കാൻ വിഷമം. അവൻ വ്യക്തി എന്ന നിലയിൽ തികച്ചും പരാജയമായിരിക്കും.”

ഹോസ്പിറ്റലിന്റെ പടികടന്ന് അകത്തേക്ക് പാഞ്ഞ വാഹനത്തിന്റെ ഇരമ്പം അകലേന്നും കേൾക്കാനുണ്ട്. അത്യാസന്ന നിലയിൽ എത്തപ്പെട്ട മനുഷ്യന്റെ ഞരക്കം നാലതിരുകളെ പൊട്ടിച്ചൊഴുകുന്നു.

രോഹിണി ആദ്യമായി മോർച്ചറിയിൽ കടന്ന് ചെന്ന് ശവങ്ങളെ കണ്ട കാഴ്ച വിവരിക്കുകയായിരുന്നു. രാത്രിയിൽ ദുഃസ്വപ്നം കണ്ടുണർന്ന പെൺകുട്ടി പിന്നീട് ഉറക്കെ നിലവിളിച്ചു തന്നെ കിടക്കയിൽ ഭീതിയോടെ കുത്തി ഇരുപ്പായിരുന്നുവത്രേ!

സിനിമാ തിയ്യേറ്ററിലെ പ്രകാശം തീരെ ഇല്ലാത്ത അന്തരീക്ഷത്തിൽ എന്റെ ചുമലിൽ മുഖമണച്ച് വാതോരുവോളം പൊതിരെ കരഞ്ഞ രോഹിണിക്ക് ഏകാന്തതയുടെ ഭാരിച്ച നിമിഷങ്ങളെക്കുറിച്ച് ധാരാളം പറയുവാനുണ്ടായിരുന്നു. അവളുടെ അമ്മ, അച്ഛൻ, കൂടാതെ നാട്ടാരും.

ആർക്കും വേണ്ടാത്ത അസുരസന്തതിയെ പിണ്ഡംവെച്ച് പടി ഇറക്കി വിടുകയായിരുന്നു. ഗർഭം ഒഴിയാറായ വയറുമായി അവൾ

നാടുനീളെ വഞ്ചിക്കപ്പെട്ട ഒരു കുടിവെയ്പിനുള്ള അഭിലാഷവുമായി അലഞ്ഞുതിരിയുകയായിരുന്നു. തണ്ണീർപന്തലിന്റെ കോലായിൽ പേറുനടത്തിയ അവൾക്ക് അവിടം തന്നെയായിരുന്നു അന്തിപമത്തിനും ഉറക്കത്തിനുമുള്ള കൂര.

പുനരാഖ്യാനം നടത്തുമ്പോൾ രോഹിണി കരയുകയായിരുന്നു. കുലപെരുമയ്ക്ക് കുളം തോണ്ടി അന്യമതസ്ഥനായ പുരുഷനുമായി വേഴ്ച ആരംഭിച്ചതായിരുന്നു ദ്രൗഹിത്ര എന്ന തമ്പുരാട്ടി ചെയ്ത കടുങ്കൈ. മോഹനസങ്കല്പങ്ങളുടെ കടമ്പയിലൂടേയും ആകർഷണീയമായ പുരുഷന്റെ പാഴ്‌വാക്കുകളിലൂടേയും അവൾ അധഃകൃതയായി പരിണമിക്കുകയായിരുന്നു.

പള്ളവീർത്ത് നാട്ടാരുടെ കണ്ണുവെട്ടിക്കാനാവാഞ്ഞപ്പോൾ ബ്രാഹ്മണ്യം കൊടികുത്തി വാണ ഇല്ലം കലിതുള്ളി. പൂണൂലിന്റെ തുഞ്ചത്ത് ചാപല്യം ഏറ്റുപറഞ്ഞ് വിലപിക്കുന്ന വകതിരിവുകെട്ട നല്ലതും തിയ്യതുമറിയാത്ത പെണ്ണ് ദാക്ഷണ്യമേ അർഹിക്കുന്നുണ്ടായിരുന്നില്ല.

പെണ്ണിന് ജനവിധി അനുഭവിച്ചുതീർക്കാൻ ജീവപ്രാപ്തിക്കുമുമ്പേ കല്പിക്കപ്പെട്ടിരുന്നു. കേളികേട്ട ഇല്ലങ്ങളിലെ കാരണവന്മാരൊത്തുകൂടി ഭ്രഷ്ട്കല്പിക്കുമ്പോൾ എല്ലാറ്റിനും ഹേതുവായ പുരുഷൻ സർവ്വരേയും ഭയന്ന് പുതുനാടിനെ നേടിയിരുന്നു.

നാടും വീടും പുറന്തള്ളിയ അകത്തമ്മ നോക്കുകുത്തിയെപ്പോലെ പരിഹാസിതയായിത്തീർന്നിരുന്നു. വഴിയമ്പലത്തിലെ പുറമ്പോക്കുമണ്ണിൽ കാല്പാടുകൾ തെളിയിച്ചുനടന്ന കുഞ്ഞ് യുവതിയാവുമ്പോൾ അവളും പരിത്യജിത തന്നെയായിരുന്നു.

നാട്ടാരുടെ മുമ്പിൽ തലകുമ്പിടേണ്ടുന്ന ഗതികേട് അനഘ്രാതയും പവിത്രയുമായ മകളേയും തീണ്ടിയിരുന്നു. ഭർത്താവിന്റെ പേരുപോലും പറയാഞ്ഞു ലോകരുടെ കണ്ണിൽ നിത്യകളങ്കിതയായി വാണ ദ്രൗഹിത്ര ഒരു രാത്രി പൊടുന്നനെ മരണമടയുകയാണുണ്ടായത്.

രോഹിണി എന്നോട് വിവരണം തുടർന്ന് മടിയിൽ മുഖം പൂഴ്ത്തി തേങ്ങി. അവളുടെ ഉള്ളിൽ അമ്മയോട് അതിരില്ലാത്ത വെറുപ്പായിരുന്നു. അവഹേളിതയും അപരാധിനിയുമാക്കിയ അവൾ രോഹിണിയുടെ ജന്മശാപവുമായിരുന്നു.

പേമാരികൾ പെയ്തൊടുങ്ങുമ്പോൾ വന്യഭൂമികൾക്ക് ആകർഷണീയത കൈവരുന്നു. ദ്രൗഹിത്രിക്ക് അന്തിയുറക്കത്തിന് കൂട്ടായി നാട്ടിലെ മടിശ്ശീലക്ക് കനംതൂങ്ങിയ അനേകം ആണുങ്ങളുണ്ടായിരുന്നു. അവരുടെ ചോരയും നീരും വാർന്ന് പോവുകയും പത്താ

യത്തിലെ പണപ്പെട്ടി ശൂന്യമായിത്തീരുകയും ചെയ്യുമ്പോൾ യൗവ്വനവും രൂപഭംഗിയുമുള്ള പണക്കാരനായ മറ്റൊരുത്തനെ കണ്ടെത്താനുള്ള അക്ഷീണയത്നത്തിലായിരുന്നു ഇല്ലത്തമ്മ.

കമഴ്ത്തി ഇട്ട് അരയ്ക്കു തട്ടിയാൽ പൊതിരെ വീഴാവുന്ന അണുക്കൾ അവരുടെ ഗുഹ്യത്തിലുണ്ടായിരുന്നു. രക്തപ്രസാദവും ആകാരവടിവും ഇല്ലാഞ്ഞപ്പോൾ അവർ പേപ്പട്ടിയെപ്പോലെ ഓടിച്ചു കൊല്ലപ്പെടുകയായിരുന്നു.

നാട്ടാര് കൂട്ടം ചേർന്നു വീടാക്രമിക്കുമ്പോൾ രോഹിണി നേഴ്സിങ്ങ് ട്രെയ്നിയായിരുന്നുവത്രേ. ആരോ പുരപ്പുറത്തേക്കിട്ട ഊക്കൻ കല്ല് അരികത്തുകിടന്ന യുവാവിനെ പരിണയിക്കാതെ ദ്രൗഹിത്രിയുടെ ജന്മമൊടുക്കുകയാണുണ്ടായത്.

നാടും കുടിയുമില്ലാത്ത ഒരനാഥയായി രോഹിണി. അവളുടെ അഭിശപ്തമാർന്ന നിമിഷങ്ങളിൽ കൊരുത്തു കിടക്കുന്ന മോഹങ്ങൾ.

രേണുകേടത്തിയോട് രോഹിണിയുടെ കഥ മുഴുക്കെ പറയുകയായിരുന്നു ഞാൻ. പെൺകുട്ടിയോട് സഹതാപമുണ്ടായിരുന്നുവെങ്കിലും ആദ്യന്തം കേട്ടുകഴിഞ്ഞപ്പോൾ വധുവായി സ്വീകരിക്കാൻ തക്ക മനഃസ്ഥിതി അവർക്കുണ്ടായിരുന്നില്ല. അതിരുകടന്ന പ്രാചീനചിന്ത അവരെ എന്തന്നെന്നില്ലാതെ കൂച്ചുവിലങ്ങിട്ട് വിലക്കിയിരുന്നു.

രേണുകേടത്തി എന്റെ മുഖത്തേക്കു നോക്കാതെ പറഞ്ഞു:

"പാർത്ഥേട്ടൻ പറയ്യേണ്ടായപ്പൊ കുട്ടി നല്ലൊരുത്ത്യാന്ന് തോന്നേണ്ടായി. ന്നാലും അമ്മേടെ ദുഷിച്ചല് ചാവുമ്പോഴും കൂട്ടിനന്ന്യേണ്ടാവും. ഒരു കുട്ടിക്ക് ജീവിതം നല്കാന്ന്യേന്മാസുകൃതന്യാണ്."

"ആരെതിർത്താലും എനിക്ക് ശരിയെന്നു തോന്നുന്നത് അതു മൂലം ആർക്കും ദോഷമില്ലെങ്കിൽ ഞാനതു ചെയ്യും."

"അമ്മാമടെ മോന്റെ വീരസ്യ്യാക്ക്വെ നിക്കറിയാ..."

ആശുപത്രി വളപ്പിനകത്ത് ജനം കടന്നൽ പറ്റത്തെപ്പോലെ ഒത്തുകൂടിയിരിക്കുന്നു. ഒറ്റയ്ക്കും തെറ്റയ്ക്കും നിന്ന് അവർ കുശുകുശുക്കുന്നു.

ജനാലയ്ക്കൽ ചെന്നുനോക്കിയ രോഹിണി അനായാസമായി പറഞ്ഞു: "ഒരു കുത്തുകേസ്സാണ്. ഇന്നലെ രാത്രിതന്നെ രണ്ടുപേരെത്തി. ഞാനായിരുന്നു ഡ്യൂട്ടിയിൽ. ചോരപ്രളയം കണ്ടതും എനിക്ക് തല ചുറ്റി. കുടുംബ വഴക്കാണെന്നാണു കേട്ടത്."

"ഞാൻ ചെല്ലട്ടേ?"

"ഒന്നും വേണ്ട. ഇവിടെ ഇതുതന്നെയാണെന്നും."

വീണ്ടും ശുദ്ധശൂന്യത. പാർശ്വവർത്തികളായി ബന്ധുജനമില്ലാതെ സുഹൃത്തുക്കൾ മാത്രം ഉൾക്കൊണ്ട പ്രൗഢിയുള്ള ഒരു സദസ്സ്. രോഹിണി അന്ന് വധുവായിരിക്കും.

അമ്മയും അനന്തേട്ടനും എന്നെ പണ്ടേതന്നെ എഴുതിത്തള്ളിയിരുന്നു. കുരുത്തംകെട്ട അവൻ നാറിയ കൂട്ടുകൂടി സ്ഥാനമാനങ്ങളെ മാനിക്കാതെ മാനഹാനി വരുത്തുമെന്ന് അവർ ഗണിച്ചുവെച്ചിരുന്നു.

നേരം അധികരിച്ചുവരുന്നുണ്ടായിരുന്നു.

പെൺകുട്ടിയുടെ കൈപ്പത്തി ഞെരിച്ച് വിടകൊള്ളുമ്പോൾ പാർത്ഥന്റെ മനസ്സിൽ ഒരു ഹാസ്യചിത്രണമായിരുന്നു ഉണ്ടായിരുന്നത്.

രോഹിണിയേയും കൂട്ടി നാട്ടിൽ ചെന്നാലത്തെ വിശേഷം. ചകിതരായി നിൽക്കുന്ന അനന്തേട്ടനും അമ്മയും. രേണുകേടത്തി ചെറിയയൊരു മന്ദഹാസവുമായി വരവേൽപ്പ് നൽകുവാനുണ്ടായിരിക്കും. നാട്ടാർക്ക് ആരോടും മുൻതൂക്കം നല്കി പറയാവുന്ന തിരുമുല്ക്കാഴ്ച ആയിരിക്കും ഞങ്ങളുടെ സ്ഫോടനാത്മകമായ വിവാഹം.

ഏഴ്

ജൈത്രയാത്രയായി കടന്നുവരുന്ന തിരിക്കിട്ട മണിക്കൂറുകൾ. സാവകാശമായി ഒരിടത്തും നില്ക്കാനാവാതെ ധൃതിപ്പെട്ട് ഓടിനടക്കുകയായിരുന്നു പാർത്ഥൻ.

സുപ്രണ്ടിനായി പി.എഫ്. ഫാറം പൂരിപ്പിച്ചു നല്കുമ്പോൾ ഒരാത്മനിർവൃതിയായിരുന്നു. വയസ്സുചെന്ന അയാൾ വികാരവിവശനായി അപ്പോഴും കരയുന്നുണ്ടായിരുന്നു. എന്നിട്ട് യാന്ത്രികമായി പുറംതിരിഞ്ഞുനിന്ന് ദേവീപടത്തിന്റെ നേർക്ക് കൈകൾ കൂപ്പി പ്രാർത്ഥിച്ചുപോന്നു.

വാർത്ത സൈറന്റെ ഹുങ്കാരത്തെ പോലെ ദിശകളിലേക്ക് പ്രസരിച്ച് എല്ലാവരേയും അത്ഭുതസ്തബ്ധരാക്കി. എതിർസാക്ഷി പറഞ്ഞിട്ടും ഞാൻ പണിക്കരെ സഹായിക്കുന്നതിന്റെ പൊരുളായിരുന്നു പലർക്കും പിടികിട്ടാതിരുന്നത്.

വൈകിട്ട് ഓഫീസുവിട്ടിറങ്ങുമ്പോൾ പണിക്കർക്ക് ആദരവോടെ കുറേ കാര്യങ്ങൾ പറയുവാനുണ്ടായിരുന്നു. ഒരു ദൃഢമായ പഴുതുകളില്ലാത്ത മൈത്രീബന്ധത്തെ അയാൾ വാർത്തെടുക്കുകയായിരുന്നു.

ഓഫീസിന്റെ ദൈർഘ്യം കുറഞ്ഞ സമയപരിധിയ്ക്കൊത്തു ദിവസങ്ങളുടെ കൊതുമ്പുകളും ഒന്നൊന്നായി അടർന്നുവീഴുന്നു. രോഹിണിയുടെ ഇടച്ചിൽ തട്ടിയ മനസ്സ് പുഷ്ടിപ്പെട്ട് ശാദ്വലമായിരുന്നു. അവളുടെ സമൃദ്ധമായ പുഞ്ചിരി വീണ്ടും വികസിതമായി.

യൂണിയന്റെ ഹാളിൽ മുരട്ടുവാദങ്ങളുമായി തടിച്ചുകൂടിയിരുന്ന ജനത്തിന് വരാനിരിക്കുന്ന ഒരു സമരത്തിന്റെ മുന്നോടിയെ കുറിച്ചറിയാമായിരുന്നു. നേതാക്കൻമാർ വ്യാഘ്രത്തെ പോലെ അലറി ചീറ്റുമ്പോൾ, മുഖാമുഖം കണ്ട് പഴിപറയുമ്പോൾ അവർ ഒരു രണാങ്കണത്തെ മുൻകണ്ടിരുന്നു.

രേണുകേടത്തിയുടെ വീണ്ടും വന്ന എഴുത്തിന് മറുകത്തിടാൻ അയാൾക്കു കഴിഞ്ഞില്ല. പേരിനുമാത്രം വാക്കുകൾ നിറച്ച് അമ്മായിയെ പ്രീണിപ്പിക്കാൻ ശ്രമിക്കയായിരുന്നു.

രേണുകേടത്തിക്ക് പഴയ ആവലാതികളെ ഉണ്ടായിരുന്നുള്ളൂ. ആരാച്ചാരുടെ വരവിനായി കാത്തുകഴിയുന്ന കുറ്റവാളിയെപ്പോലെ എന്തിന്റെയോ സമാപ്തിക്കായി അവർ ക്ഷമയോടെ കാത്തിരിക്കുന്നു. രേണുകേടത്തിയുടെ പഴയ ഓജസ്സിന്റെ ശൈലിപോലും വാക്കുകളിൽ നിന്നകന്നിരിക്കുന്നു.

അമ്മായിക്ക് ആശ്രയമില്ലാതുള്ള വ്യഥയാണ്. അകാലത്തിൽ വിയോഗം സൃഷ്ടിച്ച അമ്മാവൻ ഭംഗിയുള്ള ഓർമ്മകൾ നല്കുന്ന ഒരു സ്മൃതി മാത്രമാണ്.

വീട്ടിലേക്ക് ഒരെഴുത്തിടുവാൻ തക്ക മനപ്പൊരുത്തം ഉണ്ടായിരുന്നില്ല. എന്റെ കുശലങ്ങൾ രേണുകേടത്തി പറഞ്ഞ് അവർക്കെല്ലാം അറിയാനാവും.

പഴയ ടൈപ്പിസ്റ്റിന്റെ എഴുത്ത് ക്ഷമാപണത്തോടെ വീണ്ടും വന്നിരുന്നു. പുതിയ നറുക്കെടുപ്പിന്റെ ഒരുക്കങ്ങൾ പൂർത്തിയായിരുന്നതിനാൽ ഭാഗികമായെങ്കിലും പഴയ ഫയലുകളുടെ പണി മുഴുമിക്കേണ്ടതുണ്ടായിരുന്നു. കൃത്യനിഷ്ഠയോടെ പണിതീർക്കേണമെന്ന് പലവട്ടം പറഞ്ഞുപോന്ന ഓഫീസറോട് പാർത്ഥന് അകമെ ആദരവുണ്ടായിരുന്നു.

പ്യൂൺ തന്റെ പഴയ ഓഫീസർക്കായി ചന്ത സാമാനങ്ങൾ വാങ്ങുന്ന പതിവ് നിർത്തിവെച്ചിരുന്നു. മസാലിച്ചി അടിച്ചുതെളിച്ചു തന്റെ പാട്ടിന് നിഷ്ഠയോടെ പൊയ്ക്കൊണ്ടേ ഇരുന്നു.

പഴയ ചേരുവയായ ഫയലുകളുടെ കൂമ്പാരം ഇടിഞ്ഞു തുടങ്ങിയിരുന്നു. കാത്തുകെട്ടിനിന്നവർക്ക് തുച്ഛസംഖ്യയാണെങ്കിലും അവയെ വീതിക്കാനായി.

ഓഫീസിൽ നിന്നു ക്ഷീണിതനായി ഇറങ്ങുമ്പോൾ, ഗ്രാമവീഥി

കടന്ന് തിരികെ ഇരുട്ടത്ത് കൂടാരം തേടുമ്പോൾ പാർത്ഥന് തന്റെ വേരുകൾ ഇവിടെ വല്ലാണ്ട് അഗാധമായി ആണ്ടിരിക്കുന്നതായി തോന്നി.

നാട്ടിൽ എന്നും ഒരന്യനായിരുന്നു ഞാൻ. നേരമ്പോക്കു പറഞ്ഞ് സമയം കൊല്ലുന്ന സുഹൃത്തുക്കൾക്ക് തലപുകഞ്ഞ് ചിന്താധീന നായി നടക്കുന്ന ഞാൻ ഒറ്റപ്പെട്ട ജ്ഞാനിയായിരുന്നു.

വേരുകളെ തേടിച്ചെല്ലാതെ വെറുതെ അനുധാവനം ചെയ്തു ശീലിക്കാൻ പഠിക്കേണ്ടിയിരിക്കുന്നു! ചെറിയ കാര്യം പുലമ്പു മ്പോഴും പൊള്ളയായി ഉച്ചത്തിൽ ഔപചാരികമായി ചിരിക്കാൻ ശീലിക്കുക! കുടിലശത്രുവെപോലും സുഹൃത്ഭാവത്തോടെ വീക്ഷി ക്കുന്നവനുത്തമൻ! ഉള്ളിൽ തീ പുകയുന്നുണ്ടെങ്കിൽ തന്നെയും!

പരശുരാമന്റെ ഗതികേട് മറ്റൊന്നായിരുന്നു. ശത്രുവെ ശത്രുവി ന്റെ കൗശലത്തോടെയേ അയാൾക്ക് നേരിടാൻ കഴിഞ്ഞിരുന്നുള്ളൂ. എവിടേയും മാറുകാട്ടി നിന്ന് അയാൾ തർക്കുത്തരം ശക്തമായി പറയുമായിരുന്നു.

പാതിക്ക് പഠിപ്പുനിർത്തി നാടുവിട്ട പരശുരാമൻ. എങ്ങാണെ ന്നറിയാൻ എനിക്കായില്ല. യൂണിയൻ ആവശ്യങ്ങളുടെ നീണ്ട പട്ടിക സർക്കാരിനു സമർപ്പിച്ചിരിക്കയാണ്. ഒരു സമരത്തിന്റെ മേഘാ വൃതമായ അന്തരീക്ഷം ഓഫീസ് തലങ്ങളെ ചൂഴ്ന്നുനിൽക്കുന്നു.

ജില്ലാ കമ്മിറ്റിയിലേക്കുള്ള തിരഞ്ഞെടുപ്പിന് അധിക നാളുകളു ണ്ടായിരുന്നില്ല. തിടുക്കത്തോടെ എല്ലാം നടത്തിച്ച് ഒന്നൊഴിഞ്ഞാ ശ്വസിക്കുകയാണാവശ്യം.

നാട്ടാർക്കും, വീട്ടാർക്കും, പുകഞ്ഞ കാട്ടുകൊള്ളിയായി തെണ്ടി നടന്നിരുന്നപ്പോൾ അമ്മായിയാണ് അരികത്തു ചേർത്തു നിർത്തി ഉപദേശിക്കാറ്. ശരവർഷം പോലെ വീഴുന്ന വാക്കുകൾക്കുശേഷം അവർക്ക് സ്വാന്ത്വനിക്കാനായി നല്ല പിള്ളചമയുമായിരുന്നു ഞാൻ.

സംസ്ഥാനതലത്തിലുള്ള വ്യവസായ മന്ത്രി മരിച്ചതിനാൽ ഉച്ചതിരിഞ്ഞ് ഓഫീസിന് അവധിയായിരുന്നു.

കോണിപ്പടികൾ കയറി മുറിയിലേക്കു കയറിചെന്നപ്പോൾ അമല തറയിൽ പടിഞ്ഞിരുന്ന് അപ്പോഴും വടിവൊത്ത അക്ഷരത്തിൽ പോസ്റ്റർ എഴുതുകയായിരുന്നു. രണ്ടുനാൾ മുഴുക്കെ അവൾ കിണ ഞ്ഞുപരിശ്രമിച്ചിട്ടും ഇരുപതെണ്ണം പൂർത്തിയാക്കാൻ കഴിഞ്ഞി രുന്നില്ല.

കസേരയിൽ ചായ്ഞ്ഞിരുന്ന് നെഞ്ചിലേക്കൂതി വിയർപ്പാറ്റി ക്കൊണ്ടിരിക്കുമ്പോൾ അവൾ പാർത്ഥനോടായി പറഞ്ഞു:

“ഇന്നു വൈകിട്ടുതീരും. രാത്രി കഴിയുമ്പോഴേക്കും ഉണങ്ങും. പാർത്ഥേട്ടന് നാളെ കൊണ്ടുപോവാം.”

“ഞാനിന്നെത്തിക്കാമെന്നാണ് പറഞ്ഞത്. രോഹിണി എല്ലാം എഴുതി കഴിഞ്ഞെന്നു പറഞ്ഞു.”

“അവരെ സഹായിക്കാൻ വേറെ സിസ്റ്ററും കാണും.”

വൃന്ദ ആദ്യാക്ഷരങ്ങൾ പോലും പഠിച്ചിരുന്നില്ല. കുലപ്രതാപം ധാരാളമുണ്ടായിരുന്ന അക്കാലത്ത് നാലുപേരറിയെ വളർന്ന പെണ്ണ് പെരുവഴിയിലൂടെ നടക്കുന്നത് അനൗചിത്യമായിരുന്നു.

മോക്ഷപ്രാപ്തിക്കായിമാത്രം ഉപജീവനം നയിച്ചിരുന്ന ഒരു സംഘം ബ്രാഹ്മണർ പൂതലുകയറി തീരെ ഇല്ലാതാവുകയാണ്. രേണുകേടത്തിയുടെ അമ്പലങ്ങളോടുള്ള സ്നേഹവും ആരാധനയും ഇനിയൊരു കാലഘട്ടത്തിന്റെ ഐതിഹാസിക സ്മരണയായി രൂപപരിണാമം നേടാവുന്നതാണ്.

അമലയുടെ മേത്താകെ നിറക്കൂട്ടുകളാണ്. കൊഴുത്ത കറുപ്പും ചുവപ്പും നീലയും. മൂക്കിൻ തുമ്പത്ത് ചുവന്ന കല്ലുപതിച്ച മൂക്കുത്തിയെപ്പോലെ ചായം ഉണങ്ങി പറ്റിപ്പിടിച്ചിരിക്കുന്നു.

ഓണം അഡ്വാൻസ് വാങ്ങിച്ച് പോരാത്ത തുകയും ചേർത്ത് കാതിനും കഴുത്തിനും ഒരുവിധം ഒപ്പിച്ചെടുത്ത ആഭരണങ്ങൾ ഉണ്ടാക്കി നൽകുമ്പോൾ അമലയുടെ കണ്ണുകൾ നിറഞ്ഞിരുന്നു. പൊടുന്നനെ അവൾ ഒരു പുണ്യവാളനെ മുമ്പിൽ കണ്ടതുപോലെ പാദങ്ങൾ തൊട്ട് നെറുകയിൽ മുകരുകയാണുണ്ടായത്.

എന്റെ ചെറിയ അദ്ധ്വാനത്തെപ്പോലും പലരും മഹോന്നത കൃത്യമായി വില കൽപിക്കുന്നതു കാണുമ്പോഴാണ് വൈഷമ്യം.

സർവ്വസ്വവും ത്യജിക്കുക എന്ന വാക്കിന്റെ പരിധിയെകുറിച്ചു പറയുമ്പോൾ രേണുകേടത്തി വികാരവിവശയാവും. അവർക്ക് അരികെ നിസ്തുല സേവനത്തിന്റെ പേരും പറഞ്ഞ് പണമൂറ്റി ശേഖരിക്കുന്ന അനന്തേട്ടനെയായിരുന്നു എന്നും കാണാൻ കഴിഞ്ഞിരുന്നത്.

അമല ചായ കൂട്ടാനായി താഴേക്കു ചെന്നിരിക്കുന്നു. നടുത്തളത്തിൽ പകലും രാവുമറിയാത്ത അമ്മ്യാര് ഉറക്കമാണ്. ഏതെങ്കിലും ചെറുപ്രകാശമുള്ള മുറിയിൽ ആനന്ദവികടന്റെ പഴയലക്കങ്ങളെ അഭയം പ്രാപിച്ചിരിക്കയാവും വൃന്ദ.

വൃന്ദയെ പോലെ അകാല വൈധവ്യം ബാധിച്ച് പിന്നീട് മുടക്കം വന്ന പഠനം മുഴുമിക്കാനായി എന്നോടൊത്ത് പഠിച്ചവളായിരുന്നു ശ്യാമള.

സിന്ദൂരം തൊടാത്ത നെറ്റിയും തൂവെള്ള വസ്ത്രം ചുറ്റിയ

കോലുപോലത്തെ ശരീരവും. ചെറിയ സ്വല്പം നീണ്ടമുഖത്തിന്റെ സിംഹഭാഗവും ദുഃഖം ഒലിച്ചിറങ്ങി മലിനമായിരിക്കും. മഷിപുരളാത്ത കണ്ണുകളും വളയണിയാതെ ഒഴിഞ്ഞ കൈത്തണ്ടയും ഒരു വിരോധാഭാസമായിക്കൊണ്ട്.

വീണ്ടും ശ്യാമളയ്ക്ക് പഠിപ്പുതുടരാനാവാത്ത നിലയായിരുന്നു വന്നുചേർന്നത്. ഏകരക്ഷിതാവായ അമ്മാവന്റെ മരണത്തോടെ കലാശാലയോട് വിടപറഞ്ഞു. പിന്നീട് പറഞ്ഞു കേട്ടതിൽ നിന്ന് അവൾ ഒരു വിഭാര്യന്റെ സഹധർമ്മിണീപദം അലങ്കരിക്കുകയും ചെയ്തുവെന്നറിഞ്ഞു.

അമല എഴുതി അടുക്കിയ, അക്ഷരങ്ങൾ ഉണങ്ങിയ പോസ്റ്ററുകൾ അയാൾ എടുത്തു പരിശോധിച്ചു. ചായ്ഞ്ഞും ചെരിഞ്ഞും കിടക്കുന്ന വാക്കുകൾ ദൂരേന്നേ ശ്രദ്ധപിടിച്ചു പറ്റാവുന്നതാണ്.

കോളേജിലെ പഠനകാലം മുഴുക്കെ ഞാനായിരുന്നു എല്ലാ പോസ്റ്ററും എഴുതിത്തീർത്തിരുന്നത്. സംഘം ചേർന്ന് അന്യന്റെ മതില്ക്കെട്ടിലും എങ്ങുനിന്നും ശ്രദ്ധപിടിച്ചു പറ്റാവുന്ന കെട്ടിടങ്ങളിലും അവ പതിക്കാൻ അത്യുത്സാഹമായിരുന്നു.

നാലഞ്ചുരാത്രികൾ മുഴുക്കെ ഇനി ഉറക്കമിളക്കേണ്ടിയിരിക്കുന്നു.

പുറത്ത് വെയിലാറുന്നുണ്ട്. ചുറ്റോടുകളിലെ തീ കിനിയുന്നതിന് ശമനം വന്നിരിക്കുന്നു. ഉടുത്തൊരുങ്ങിയ, ബീജങ്ങളെ കാണാതെ വന്ധ്യകളായ പെണ്ണുങ്ങൾ വീടുകളുടെ മുഖപ്പിനെ അലങ്കരിക്കാൻ കാത്തുകെട്ടി നില്പാണ്.

അമല കൊണ്ടുവെച്ച ചായ കുടിക്കുകയും കടിച്ചാലും പൊട്ടാത്ത ചീട തിന്നുകയും ചെയ്തു.

"ഞാനുണ്ടാക്കിയതാണ്. നന്നായിട്ടുണ്ടോ?"

"ഉവ്വ്. അമല കഴിച്ചില്ലേ?"

"അതെല്ലാം നേരത്തെ കഴിഞ്ഞു."

താമസമാരംഭിച്ചതിന്റെ ആദ്യനാളുകളിലായിരുന്നു. അന്യനെന്ന ഭാവം വിട്ടുമാറാത്ത പെൺകുട്ടി ഒളിഞ്ഞും തെളിഞ്ഞും പാത്തും പതുങ്ങിയുമാണ് മുറികളിലൂടെ നടന്നുകൊണ്ടിരുന്നത്. ഒരിക്കൽ രാമു ഏതോ കുടുംബത്തിന്റെ കഥയെന്നമട്ടിൽ ദുഃഖചിത്രത്തെ പറഞ്ഞറിയിച്ചപ്പോഴായിരുന്നു എന്റെ മനസ്സിൽ ഒരു തോന്നലുദിച്ചത്.

ആവതും വേഗം തന്നെ അമലയുടെ മേൽപഠിപ്പിനായി പിന്നീട് കരുക്കൾ നീക്കുകയാണുണ്ടായത്. കാലയളവ് കഴിഞ്ഞിട്ടും സൗഹൃദത്തിന്റെ പേരിൽ സ്വാധീനമുപയോഗിച്ച് കോളേജിൽ പ്രവേശനം നേടിയെടുക്കുകയായിരുന്നു.

ചിരകാലമായി നിലനിന്നിരുന്ന വിടവ് താനേ ഉതിർന്നുതിർന്ന് തീർത്തും ഇല്ലാതായി.

"അമലയ്ക്ക് പാസ്സായാൽ എന്തു ചെയ്യാനാണിഷ്ടം?"

"വീണ്ടും പഠിക്കണം."

"എന്തിന് ?"

"ബി.എ. കഴിഞ്ഞ് ഒരു ടീച്ചറാകണം."

"അതിനിയും നാലുകൊല്ലം വേണ്ടിവരും."

"പിന്നെന്തു ചെയ്യാൻ?"

ഒരെത്തും പിടിയും കിട്ടാതെ കുറേ മനുഷ്യാത്മാക്കൾ പ്രേതത്തെപ്പോലെ അലഞ്ഞുതിരിയുന്നു. ആർക്കും ആരോടും പരാതി പറയാനില്ല. ബാദ്ധ്യതകളുടെ ഊരാക്കുടുക്കുകൾ കഴുത്തിനു മുറുക്കി ശ്വാസം തീരെ നിന്നുപോവും വിധമാണ്.

എന്റെ വരവിനുശേഷം അധികം കഴിയുന്നതിനു മുമ്പെയായിരുന്നു. വൃദ്ധനായ, ശിവങ്കോവിലിലെ ശാന്തിക്കാരന്റെ തൂങ്ങിച്ചാവൽ ഘോരമായ ഒരു നടുക്കം തന്നെയാണു സൃഷ്ടിച്ചത്. മെലിഞ്ഞു നീണ്ട കൈകൾ നീട്ടി നടയ്ക്കൽ വിരളമായി എപ്പോഴെങ്കിലും കടന്നുചെല്ലുന്ന ഭക്തർക്ക് അയാൾ പ്രസാദം നൽകിയിരുന്നു.

അയാളുടെ മരണം ഗ്രാമത്തിന്റെ അലങ്കോലപ്പെട്ട ചുവരുകൾക്കപ്പുറത്തേക്ക് ദൈന്യതയാർന്ന ഒരു വാർത്തയായി എത്തിയിരുന്നു. എറയത്ത് തൂങ്ങിനിന്നിരുന്ന ശവത്തിന്റെ കാലുകളെ കെട്ടിപ്പിടിച്ച് മുറവിളികൂട്ടിയിരുന്ന അമ്മ്യാർക്ക് ചുറ്റിലുമായി ആറംഗങ്ങളുള്ള വിശന്ന് എല്ലുകൾ മുഴച്ച മക്കളുമുണ്ടായിരുന്നു.

അഗ്രഹാരത്തിലെ അയൽവാസികളെല്ലാം ചേർന്ന് തലയ്ക്ക് എട്ടണ കണക്കാക്കി പിരിച്ച് അയാളുടെ ശവമടക്കു നടത്തി. എന്നിട്ടും മക്കൾ പട്ടിണി തന്നെ. ഒടുക്കം അവർ കുടുംബസഹിതം പുതുമണ്ണിനെ തേടിപോവുകയായിരുന്നു.

പഴമ്പുരാണങ്ങളും കൊടിയ യാതനകളും സങ്കലിച്ച് നവീന രൂപമായി ആർക്കും വ്യാഖ്യാനിക്കാനാവാതെ ഇവിടെ കൂടികുഴമ്പി കിടക്കുന്നു.

കോട്ടപ്പറമ്പുപോലെ വിസ്താരമുള്ള അഗ്രഹാരത്തിലെ അറകൾ മരണങ്ങളുടെ ശവക്കല്ലറയാണ്. കാനേഷുമാരിയിൽപോലും അംഗമാകാത്ത സമ്മതിദായകർ പോലുമല്ലാത്ത കുറെ മനുഷ്യർ ചത്തൊടുങ്ങാനും ജീവിതം സുഖപ്രദമായി തുടരാനുമാവാതെ അദ്ധ്വാനിച്ച് ആരെയെല്ലാമോ പഴിച്ചുംകൊണ്ട് മണ്ണടിയാനായി കാത്തിരിക്കുന്നു. ആഢ്യത്തം മനുഷ്യനെ തെരുവുതെണ്ടുന്നതിനെ ചങ്ങലക്കിട്ട് വിലക്കിയിരിക്കുന്നു.

എന്റെ വരവ് ഗ്രാമത്തിൽ മുച്ചൂടും ഒരു കോലാഹലം തന്നെയായിരുന്നു സൃഷ്ടിച്ചത്. നീറിപ്പുകയുന്ന വെറുപ്പുമായി ജനം പഴി പറഞ്ഞു കൊണ്ടേ നടന്നു. അന്യമതസ്തർ ഗ്രാമത്തിൽ കുടിപാർപ്പു തുടങ്ങിയിരുന്നെങ്കിൽ തന്നേയും ഒരു ബന്ധുവെ പോലെ ആരും എങ്ങുമില്ലായിരുന്നു.

പട്ടിണികിടന്ന് വശംകെട്ട് ആരേയും കൂസ്സാക്കാതെ തന്റേടത്തോടെ നിന്ന അമലയായിരുന്നു എല്ലാവർക്കും നോട്ടപ്പുള്ളി, അവളുടെ ലോകം ഭരിക്കുന്ന ദുഷിച്ച നാവ് ആരേയും അടുക്കാൻ ധൈര്യപ്പെടുത്തിയിരുന്നില്ല.

എരപ്പാളി അമ്മ്യാര് വീടുകൾതോറും ചോറ്റുകിണ്ണവുമായി കയറി ഇറക്കമാണ്. അവരുടെ കഥ വൃന്ദയായിരുന്നു പറഞ്ഞത് . അവരും വൃന്ദയെപ്പോലെ ഹതഭാഗ്യയായിരുന്നു. ഓർമ്മ കിളുർക്കുന്നതിനുമുമ്പേ പത്താംവയസ്സിൽ നടന്ന വിവാഹമായിരുന്നുവത്രേ. പതിനാറാം വയസ്സിലെ നെറപ്രായത്തിൽ അവർ വിധവയാവുകയായിരുന്നു. നടപ്പുദീനം വന്ന് മാനം പൂകിയ ഭർത്താവ്.

കസേരയിൽ നിന്നെണീറ്റ് പാർത്ഥൻ ചാലുകളിട്ട് മുറിയിൽ നടന്നു. മേഘങ്ങളിൽ നിന്ന് മഴ കിനിഞ്ഞ് ഭൂഗർഭം തേടുന്നതുപോലെ മനസ്സിന്റെ അടിത്തട്ടിലേയ്ക്ക് എന്തെല്ലാമോ ആണ്ടിറങ്ങുന്നു.

അമലയുടെയും സൂപ്രണ്ടിന്റെയും ചട്ടക്കൂടുകളുടെ അപ്പുറത്തും ദുരിതം തന്നെയാണ്. സൗഖ്യം ഒരു മരീചികയായി തീർന്നിരിക്കുന്നു! തുല്യത ഒരു പാഴ്കിനാവുമാത്രമാണ്! വെറുതേ പറഞ്ഞു പറഞ്ഞ് തേയ്മാനം വന്ന രസാവഹമായ ഒരു ശാന്തിവാക്ക്.

കുത്തിയിരുന്ന് മടുത്ത് അയാൾ താഴേക്കിറങ്ങിച്ചെന്നു. അമല തുടർന്നും എഴുതുക തന്നെയായിരുന്നു.

സന്ധ്യ അടുത്തെത്തുന്നു. മഞ്ഞവെയിൽ തളർച്ചയോടെ ചുറ്റിലും തൂവികിടപ്പാണ്. ഗ്രാമത്തിലെ നവോഢകൾ ജമന്തി പൂക്കൾ ചൂടി ഉമ്മറപ്പടിയിലിരുന്നു കുശുമ്പ് പറഞ്ഞ് ആർത്തുചിരിപ്പാണ്.

ചുവരുതപ്പി നടന്നുവരികയായിരുന്ന അമ്മ്യാര് പാർത്ഥന്റെ വരവറിഞ്ഞു കൂട്ടുകൂടാനായി തയ്യാറെടുത്തു.

അവർ പതിവുപോലെ പൗരാണിക പംക്തിയിലേക്കു നീങ്ങിയപ്പോൾ ഒരു വിടപറച്ചിൽ നടത്തി അയാളെണീറ്റു. അടുക്കളചായ്പിലെ ചാരുപടിയിൽ കാൽമുട്ടിൽ മുഖം പൂഴ്ത്തി ഇരിക്കുകയായിരുന്നു വൃന്ദ. അയാളെ കണ്ടപാടെ പിടഞ്ഞെണീറ്റ് കൽതൂണിനുമറയിട്ട് അവൾ നിന്നു.

പാർത്ഥൻ വീണ്ടും മുറികളിലൂടെ നടക്കുകതന്നെയായിരുന്നു.

തിരികെ മേൽത്തട്ടിലെത്തിയപ്പോൾ റാന്തലിന്റെ വെട്ടത്തിൽ പണി തുടരുകയായിരുന്നു അമല. അവളുടെ അഴിഞ്ഞുലഞ്ഞ മുടിയുടെ നിഴൽ ഇരുണ്ടൊരു വടവൃക്ഷത്തിന്റെ ഛായയെ പോലെ ചുവരിൽ പതിഞ്ഞിരിക്കുന്നു.

കട്ടിലിൽ മലർക്കെ കിടക്കെ പെട്ടെന്നു മുറികൾ ശബ്ദമുഖരിത മാകുന്നതറിഞ്ഞു. എള്ളിട എഴുത്തുനിർത്തിയ അമല വീണ്ടും തുടർന്നു.

അമ്മ്യാരുടെ ശാപവചനങ്ങൾ കാറ്റിന്റെ കാഹളമായി. അവർക്ക് പഴിചാരാൻ നൂറുകൂട്ടം മാരണങ്ങളുണ്ടായിരുന്നു. ഭൂമി അപ്പാടെ കൈവശം വെച്ച് ഒരു പ്രഭാതത്തിലെണീറ്റ് അധീശത്വം കാട്ടിയ കുടിയാനോട്, അതിനു കളമൊരുക്കിയ സർക്കാറിനോട്, എല്ലാ റ്റിനും പുറമേ അനാഥരാക്കി കടന്നുകളഞ്ഞ അയ്യരോട്.

അമ്മ്യാരുടെ മുറവിളി സഹിക്കാഞ്ഞാവണം വൃന്ദ മേൽത്ത ട്ടിലേക്ക് വന്ന് വാതില്പടിയിൽ ഇരുപ്പുറപ്പിച്ചത്.

"അക്കാ ശാപ്പിട്ടാച്ചാ?"

"ഇല്ലൈ. ഉനക്കെന്ന പശിക്കറതാ....?"

"ഇല്ലൈ......"

അമല അയാളുടെ നേർക്കുതിരിഞ്ഞു പോദിച്ചു.

"പാർത്ഥേട്ടന് ഉണ്ണാറായോ ?"

"എയ്യ്....."

ഒടുക്കം എല്ലാം എഴുതിതീർത്ത് അമല എണീറ്റ് താഴേക്കു നടന്നു. അമല പോയ്കണ്ടപ്പോൾ വൃന്ദ അകത്തേക്കുവന്നു. ചുണ്ടത്ത് അരിച്ചുനടന്ന വാക്കുകളെ പറയാൻ അവൾ ചുറ്റിലും നോക്കിക്കൊണ്ടുനിന്നു.

"എന്താ വൃന്ദേ?"

"എനിക്ക്....പാർത്ഥേട്ടന്റെ ആപ്പീസിൽ അടിച്ചുതെളി ജോലിയെ ങ്കിലും കിട്ടില്ലേ? പഠിക്കാത്താവർക്കും ആ ജോലിയെല്ലാം കിട്ടു മെന്ന് കേട്ടിട്ടുണ്ട്."

"വൃന്ദക്കിപ്പോഴെന്തു പറ്റി?"

"ഇങ്ങനെ ജീവിക്കാൻ വയ്യ..."

രേണുകേടത്തിയും പറയുന്നതു മറ്റൊന്നല്ല. രാമുവും ചില രാത്രി കളിൽ മൂക്കറ്റം കുടിച്ച് അഴുക്കുചാലിന്റെ ആഴമറിഞ്ഞ് ദുർഗന്ധ ത്തിന്റെ സാന്ദ്രതയുമായി രാത്രി തീർക്കുന്നു. അയാളും ഈ പൊരു ത്തമില്ലായ്മയെ പേറാനാവാഞ്ഞുള്ള ഒരു തരം നെട്ടോട്ടമായിരുന്നു നടത്തിയിരുന്നത്. മന്ത്രോച്ചാരണം പോലെ തെറ്റിനെ ചൂണ്ടിക്കാ

ണിക്കുമ്പോൾ നേർച്ചക്കാളയെപ്പോലെ തലകുലുക്കുന്ന അയാൾ ഇടക്കിടെ വീണ്ടും ചെന്നുപതിക്കുന്നത് പുകഞ്ഞു കത്തുന്ന റാക്കിന്റെ സമ്മോഹനബിന്ദുവിലായിരിക്കും.

അനാവശ്യമായി ജീവിതത്തെ വലിച്ചുനീട്ടുന്ന എരപ്പാളി അമ്മ്യാര്ക്ക് പരാതികളൊന്നും ആരോടും വിളിച്ചു പറയാനില്ല. ചോറുകിട്ടാഞ്ഞ് ചില ദിവസങ്ങളിൽ ആളൊഴിഞ്ഞ ഏതെങ്കിലുമൊരു വീടിന്റെ തിണ്ണയിൽ ചുരുണ്ടുകൂടി കിടന്ന് അവർ നിശ്ശബ്ദം എല്ലാം സഹിക്കുകയായിരിക്കും.

''പാർത്ഥേട്ടന് ഒരു ജോലി ശരിപ്പെടുത്തി തരാനാവില്ലേ?''

''ഇക്കാലത്ത് അതിനു മാത്രമേ വിഷമമുള്ളൂ. ഒരുപക്ഷേ ബാക്കി എന്തും കുറച്ചുകാലം കൊണ്ട് നേരായ മാർഗ്ഗത്തിലൂടെ തന്നെ നേടാനാവും.''

''നാലണ കാശുകിട്ടുന്ന ജോലി കിട്ടിയാൽ മതിയായിരുന്നു.''

തലകുമ്പിട്ടിരിക്കുമ്പോഴും റാന്തലിന്റെ വെളിച്ചത്തിൽ വൃന്ദയുടെ കവിളുകൾ മിനുങ്ങുന്നുണ്ടായിരുന്നു. നീലിച്ച കണ്ണുകളിൽ വറ്റിവരളുന്ന ജന്മം കിടന്നു പിടയുന്നു.

ഇതേ പാതയിലൂടെ നടന്നാൽ അധികകാലത്തിനു മുമ്പെ ചെന്നെത്താവുന്നതു ഒരു മണൽപ്പരപ്പിന്റെ നടുവിലേക്കാണ്. ഊഷരമായ അവിടെ വൃന്ദ മാത്രമായിരിക്കും. മച്ചിയും ഏകയുമായി തന്റെ ദുഃഖത്തേയും സുഖത്തേയും ഹോമിച്ച് ജീവിതവൃത്തിയുടെ സാക്ഷാൽക്കാരത്തെ വികലമായ ചിട്ടയോടെ പിതാമഹൻമാർ സ്ഥാപിച്ച മാർഗ്ഗത്തിലൂടെ പിന്തുടരുമ്പോൾ പ്രത്യേകിച്ചൊന്നും സംഭവിക്കുന്നില്ല.

ഊണു വിളമ്പിയെന്നറിയിക്കാനായി അമല മേൽത്തട്ടിലേക്കു വന്നു. രാത്രി ഉറക്കമിളക്കേണ്ടുന്നതിനെ ഓർത്തും കൊണ്ട് അയാൾ പടികളിറങ്ങി.

ഉണക്കം തട്ടിയ പോസ്റ്ററുകളെല്ലാം ഏറ്റിപ്പിടിച്ച് അയാൾ തെരുവിലേക്കിറങ്ങി.

കൂട്ടുമൊക്കിൽ കാവിയും പശകുറുക്കിയ പാട്ടകളു മായി രാമുവും മറ്റു മൂന്നു പേരും നില്പുണ്ടായിരുന്നു.

സന്ധ്യ കഴിഞ്ഞിരുന്നതിനാൽ രാമുവിന്റെ കണ്ണുകൾ ചെമ്പരത്തി പൂക്കളെപ്പോലെ തുടുത്തുംകൊണ്ടായിരുന്നു. അയാൾ ഉഴറിവീഴുന്ന വാക്കുകളെ പറയാൻ മടിച്ച് അഗാധമായ മൗനത്തെ തേടുകയാണുണ്ടായത്.

പകലിൽ ജനം ഊച്ചയാർക്കുന്ന തെരുവ് ശൂന്യമാണ്. ഇരുമ്പു

ഷട്ടറുകൾക്കരികെ ഉറക്കത്തിലാണ്ടുകിടക്കുന്ന കട്ടകൂടിയ പുഴു ക്കളെപ്പോലുള്ള തെരുവുപിള്ളേരാണ്.

മുക്കൂട്ടുവഴികളിലെ ഒഴിഞ്ഞ മതിൽക്കെട്ടുകളെ തേടി അവർ നടന്നുകൊണ്ടേയിരുന്നു. ചോരത്തിളപ്പിന്റെ ആദ്യഘട്ടത്തിൽ വിമോചനസമരത്തിനെതിരെ സഹപാഠികളെ എല്ലാം ചേർത്ത് വമ്പനൊരു പ്രക്ഷോഭം സംഘടിപ്പിക്കാൻ ശ്രമിക്കുകയായിരുന്നു ഞാൻ. കോളേജിലെ രജിസ്റ്ററിൽ നിന്ന് പേര് നീക്കം ചെയ്തിരുന്നി ല്ലെങ്കിലും ക്ലാസ്സുകളിൽ ഞാനന്യനായിരുന്നു.

എന്റെ മണംപോലും അടുത്തെങ്ങും ഇല്ലെന്നറിയുമ്പോൾ പിള്ളേർക്ക് പറയാവുന്നത് ഒരേ കാര്യമാണ്.

''അവന് തല കുത്തിനടന്നാലും ജീവിക്കാനുള്ള വഴിയുണ്ട്.''

ഇവിടെ ആത്മബോധങ്ങൾ മുന്നേറിവരുമ്പോൾ വാക്കുകളുടെ ശീതളഛായയിൽ രക്ഷനേടാനാണ് എല്ലാവർക്കും വ്യഗ്രത. തെറ്റി നെ ന്യായീകരിക്കുവാനും നിലനിൽപിന്റെ പേരിൽ സ്വയം ആശ്വസി ക്കാനായി മറ്റുള്ളവരെ പഴിചാരി അകന്നുനിൽക്കാനുമാണ് എല്ലാവ രുടേയും ശ്രമം.

കോളേജ് ഹോസ്റ്റലിൽനിന്ന് രാത്രി ഇരയെ റാഞ്ചിയെടുക്കു ന്നതുപോലെ പൊക്കിക്കൊണ്ടു പോവുകയായിരുന്നു എന്നെ. പതിനഞ്ചു ദിവസത്തെ ലോക്കപ്പ് വാസത്തിനുശേഷം ചതവുപറ്റിയ എല്ലുകളിൽ നിന്നുപോലും രക്തം ഇറ്റിവീഴുന്നുണ്ടായിരുന്നു.

ജയിലിലെ അപരാധികളെന്നു മുദ്രകുത്തപ്പെട്ട സഹസ്രം മനുഷ്യ രോടൊത്ത് പിന്നീട് മാസങ്ങളോളം അധിവസിക്കുകയുമുണ്ടായി. നിഷ്കരുണം അവിടേയും മർദ്ദനമായിരുന്നു എന്തിനും തക്ക പോംവഴി.

പ്രൈമറിക്ലാസ്സിലും തുടർന്ന് ഹൈസ്കൂളിലും ഒരേ ബെഞ്ചി ലിരുന്നു പഠിക്കുകയായിരുന്നു ഞാനും വിശ്വനാഥനും. തെക്കേ ദേശത്തിലുള്ള കോളേജിൽ പഠിച്ച അവൻ ജനസമ്മതനായ ഒരു പോലീസുദ്യോഗസ്ഥനായിരിക്കുന്നു. അവന്റെ ചൊല്പടിക്ക് ഏറാൻ മുളാനും ഏത് ഹീനകൃത്യത്തിനും നിയമത്തിന്റെ സാധുത യണിഞ്ഞ് പ്രവർത്തിക്കുവാനും തക്ക സഞ്ചിതവലയം അവന്റെ കീഴിലുണ്ടായിരുന്നു.

നാട്ടിൽ എസ്.ഐ. ആയി നിയമനം കിട്ടിയപ്പോൾ തീരാത്തൊരു തലവേദന സൃഷ്ടിക്കരുതെന്നു കരുതിയാവണം അവനെന്നെ വിളിച്ച് ഒരു സദുപദേശത്തിനായൊരുമ്പെട്ടത്.

ജനസഞ്ചാരം തീരെ കുറഞ്ഞ തെരുവിൽ പോസ്റ്ററൊട്ടുകയോ ചുവരിൽ എഴുതിക്കൂട്ടുകയോ ചെയ്തില്ല. രാമു പലേടത്തും

വടിവൊത്ത അക്ഷരങ്ങളിൽ ആകാര സൗഷ്ടവത്തോടെ ഭീമാകാര ത്തിൽ നിറച്ചും എഴുതിപ്പോന്നു.

രാത്രിയിലും വില്പന നടത്തിയിരുന്ന ചായക്കടയിൽ നിന്ന് കടുംചായ കുടിച്ച് വീണ്ടും നിരത്തിലേക്കുതന്നെ. മൊത്തത്തിൽ ഏറെ നടന്നതിനാൽ ആറുപേരും ക്ഷീണിതരായിരുന്നു.

എല്ലാടത്തും എഴുതി നിറച്ച് ഒടുക്കം യൂണിയനാഫീസ്സിൽ എത്തുമ്പോൾ നേരം പുലർച്ചെയായിരുന്നു. പൂവങ്കോഴി ഒരു വട്ടം കൂവിക്കഴിഞ്ഞിരിക്കുന്നു. പ്രഭാതത്തിന്റെ മുന്നോടിയായുള്ള കിളികളുടെ ചിലപ്പ് ആരംഭിച്ചുകഴിഞ്ഞു. ചെമപ്പ് കിഴക്കേ ആകാശ ത്തിൽ കുറിക്കൂട്ടു നടത്തിക്കൊണ്ടേ ഇരിക്കുന്നു.

''മുറിതുറന്നു ഉറങ്ങാനായി ഒരുക്കൂട്ടുമ്പോൾ രാമു പറഞ്ഞു.''

''നാളെ പത്തിനാണ് യോഗം. നമുക്ക് കോളേജിന്റവ്ടെ നിന്നു ബസ്സുകയറാം.''

''ഓ.....''

ജില്ലാക്കമ്മറ്റിയിലേക്ക് പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കു ന്നുണ്ടായിരുന്നു.

ബീഡിക്കുറ്റികളെ പെറുക്കിക്കളഞ്ഞ് പഴയ പത്രങ്ങൾ വിരിച്ച് അവർ മട്ടമലക്കനെ കിടന്നു. കൊതുകുകളെ ഓടിക്കാനായി ഫാൻ കറങ്ങിക്കൊണ്ടേയിരുന്നു.

കിടന്നപാടെ പലരും ഉറക്കമാരംഭിച്ചിരുന്നു.

ഒരു ദിവസത്തെ അവധി എടുത്ത് നാളെ തിരഞ്ഞെടുപ്പിന് ചെല്ലേണ്ടിയിരിക്കുന്നു. അവധി എഴുത്ത് നൽകുമ്പോൾ സൂപ്രണ്ട് പറഞ്ഞു:

''ഞാനവർക്ക് എനിക്ക് സമ്മതമാണെന്നു വെച്ച് എഴുത്തി ട്ടിട്ടുണ്ട്.''

''ഇനിയും അവർ വരില്ലേ?''

''ദിവസം നിശ്ചയിക്കാനേ വരൂ.''

അടുത്തൊരു ദിവസം വീണ്ടും സൂപ്രണ്ടിന്റെ വീട്ടിലേക്ക് എത്ത പ്പെടുകയായിരുന്നു. സന്ധ്യക്ക് നടുറോഡിൽ വെച്ചുകണ്ടപ്പോൾ അയാൾ എന്നെ പിടിച്ച പിടിയാലെ വീട്ടിലേക്കു നയിക്കുകയാ യിരുന്നു. ചായ കുടിച്ച് വെറുതെ വയൽവരമ്പിലൂടെ നടക്കുമ്പോൾ അയാൾ മറഞ്ഞുകിടന്നിരുന്ന ഒരു കഥയെ അനാവരണം ചെയ്തു.

തിരക്കുറ്റ വീട്ടിലെ അംഗസംഖ്യകളിൽ രണ്ടുമക്കൾ മറ്റൊരു പെണ്ണുങ്ങളുടേതായിരുന്നു. ദുർനടപടിയുള്ള ഭർത്താവുമായി ഭാര്യ പിണങ്ങിവരികയായിരുന്നുവത്രേ. പക്ഷെ കെട്ടുകയറിന്റെ തല യ്ക്കൽ നിന്നുപോലും ഇരുവരും പിന്നീട് കൂട്ടുപിരിഞ്ഞു. ഭർത്താവ്

മറ്റൊരുത്തിയുമായി കുടിപാർപ്പാരംഭിച്ചുവെന്നു കേട്ടപ്പോൾ ഏട്ടന്റെ കരങ്ങളിൽ മക്കളെ ഏല്പിക്കുന്നുവെന്നഴുതിവെച്ച് ലോകം വെടിഞ്ഞ പെങ്ങളെക്കുറിച്ചു പറയുമ്പോൾ പണിക്കർ നിർവ്വികാരനായിരുന്നു.

ഒടുക്കം അയാൾ പറഞ്ഞു.

“നരകതുല്യമുള്ള ഗൃഹസ്ഥാശ്രമവും ഒരു മോക്ഷമാണ്. കർമ്മമാർഗ്ഗത്തെ പിന്തുടരുന്നവർക്ക് ഇതനുഭവിച്ചേ പറ്റൂ....യുക്തിഹീനതയുടെ തണ്ടിൽ ഒന്നിനേയും ബന്ധിച്ച് അപ്പുറമെത്താനാവുന്നില്ല...”

രേണുകേടത്തി നാഗത്താൻമാർക്ക് പാലൂട്ടുമ്പോൾ എട്ടും പൊട്ടും തിരിയാത്ത ഞാൻ പേരാലിന്റെ മറപറ്റിനിന്നു കൂവി ആർക്കുമായിരുന്നു. അന്നു മുത്തശ്ശിയുള്ള കാലം. എന്നിട്ട് മുത്തശ്ശി കുശുമ്പുകാരനെ പൊതിരെ തല്ലി കൈയുടെ തരിപ്പ് തീർത്തുപോന്നു.

മരണത്തിലൂടെ ജീവിതാർത്ഥം തേടുന്ന മനുഷ്യൻ പുനർജനിയിലൂടെ എങ്കിലും തന്റെ ചിരസ്ഥായിത്വത്തെ തേടുന്നു!

ജില്ലാതലത്തിൽ നടന്ന കഴിഞ്ഞ ജനറൽ ബോഡി യോഗം കലമ്പി പിരിയുകയായിരുന്നു. ഖജാൻജി തോന്ന്യാസം കാട്ടി പണം ധൂർത്തടിച്ചതുപോലെ പലർക്കും യാത്രാബത്തയും മറ്റും നൽകി ചെലവിടുകയായിരുന്നു. ഒടുക്കം പിഴയായി അയാൾ തുക കെട്ടിവച്ച് സ്വന്തം കൈ ശുദ്ധമാക്കി തടിക്ക് കോട്ടം തട്ടാതെ സ്ഥാനത്തിൽ നിന്നിറങ്ങി പോവുകയാണ് ഉണ്ടായത്.

വരവുചെലവുകൾ ഒന്നിനൊന്നു ചോദിച്ചുകൊണ്ട് സദസ്സിനെ പ്രകമ്പനം കൊള്ളിച്ച എന്നോടായിരുന്നു ചിലർക്കെല്ലാം വ്യക്തിഗതമായ വൈരാഗ്യം. കുടുംബസ്വത്തിന്റെ കണക്കുകൾ ആവശ്യപ്പെട്ട് ജനമദ്ധ്യത്തിൽ ബോധിപ്പിക്കാൻ ആജ്ഞാപിക്കുന്നെന്ന ഭാവമായിരുന്നു പലർക്കും.

മതിവരാത്ത ഉറക്കവുമായി പാർത്ഥൻ വീട്ടിലേക്കു ചെല്ലുകയാണുണ്ടായത്. തിടുക്കത്തോടെ കുളിയും തേവാരവും കഴിഞ്ഞു ഗ്രാമത്തിനുപുറത്തേയ്ക്കു കടക്കുമ്പോൾ രാമു ആളെ കാണാഞ്ഞ് തിരഞ്ഞുവരുന്നുണ്ടായിരുന്നു.

പാർട്ടി ഓഫീസിലെ, പെട്രോഗാർഡിലെ തൊഴിലാളികളെ അഭിസംബോധന ചെയ്തുകൊണ്ടുനിൽക്കുന്ന നേതാവിന്റെ ചില്ലിട്ട ചിത്രത്തിനപ്പുറത്തെ ഹാളിൽ നിരക്കനെ കസേരകളിട്ടിരുന്നു. കാലേകൂട്ടി വന്ന പലരും തങ്ങളുടെ ഇരിപ്പിടം വെട്ടിപ്പിടിച്ച് ഇരിപ്പാണ്. ഹാളിലേക്കു കടന്നപ്പോൾ നമ്പ്യാർ അകലേന്ന് കൈമാടി വിളിച്ചു. രാമുവും ഒത്തുവന്നു.

“ഇത്തവണ ഞാൻ പാർത്ഥനെ നോമിനേറ്റു ചെയ്യും.”

ജില്ലാതലത്തിലാണെങ്കിലും അതൊരു ഭാരിച്ച ചുമതലയായി അയാൾക്കു തോന്നി.

“കുറച്ച് ഐഡ്യോളജിയും ഉള്ള മനുഷ്യരെയാണ് നമുക്കാവശ്യം. രാമുവെന്തു പറയുന്നു? എന്റെ തീരുമാനത്തിൽ പിശകൊന്നുമില്ലല്ലോ?”

“ഏയ്യ്.....”

“എക്സിക്യൂട്ടിവിൽ ഞാനാവില്ലെന്നു പറഞ്ഞിരുന്നു.”

“അതൊന്നും പറഞ്ഞാൽ പറ്റില്ല.”

തലകുമ്പിട്ട് അവരുടെ തീരുമാനത്തിന് കീഴ്വഴങ്ങുമ്പോൾ ഒരു നഷ്ടത്തെക്കുറിച്ചറിഞ്ഞു. ഇനി എന്റെ നേർക്കാണ് ശരങ്ങൾ വന്നു വീഴുക.

വെയിലിന് ചൂടു കൂടിവരുന്നേ ഉണ്ടായിരുന്നുള്ളൂ.

നമ്പ്യാർ ആളൊഴിഞ്ഞ ഇടത്തേക്ക് അയാളെ നയിച്ചു. തഴമ്പു വീണ കൈകൾ കാട്ടി അയാൾ പറഞ്ഞു.

“എന്റെ അനുജന്റെ മരണം എന്നെ തളർത്തി പാർത്ഥൻ. അവന്റെ ഭാര്യ വീട്ടിലുണ്ട്. ആ കുട്ടിയെ എങ്ങിനെയാണ് ഞാനഭിമുഖീകരിക്കുക? അവന്റെ കുട്ടി കരയുമ്പോഴേ ഞാൻ വല്ലാതാവും.”

ബോംബേ നഗരത്തിൽ കനത്ത തുക ശമ്പളം പറ്റി വാണിരുന്ന ഭാസ്കരൻ നമ്പ്യാർ പൊടുന്നനെയായിരുന്നു മരിച്ചത്. എലക്ട്രിക്ക് ട്രെയിനിൽ നിന്ന് കാലുവഴുതി വീണ അയാളുടെ ജഡം പോലും തിരിച്ചറിയാനായില്ല. നുറുങ്ങുകളായി തെറിച്ച ശരീരത്തിന്റെ പ്രത്യക്ഷലക്ഷണങ്ങളായിരുന്നു ആളെ തിരിച്ചറിയിച്ചത്.

“ഏതായാലും ആ കുട്ടീടെ വിവാഹം നടത്തണം. എനിക്കിനി ഉയർത്തെണീക്കാനാവുമെന്നു തോന്നുന്നില്ല.”

നമ്പ്യാർ തന്റെ വല്ലായ്മകൾ പറഞ്ഞ് പ്രസിഡന്റ് സ്ഥാനത്തു നിന്നും രാജിവെയ്ക്കുകയായിരുന്നു. എക്സിക്യൂട്ടിവ് അംഗങ്ങൾ മാത്രമായിരുന്നതിനാൽ വിപുലമായ തോതിൽ സന്നാഹങ്ങളൊന്നും ആവശ്യമുണ്ടായിരുന്നില്ല.

പരശുരാമൻ ഒരിക്കലും യൂണിറ്റ് യോഗങ്ങളിൽപോലും സന്നിഹിതനായിരുന്നില്ല. ഇന്ത്യൻ ഇക്കണോമിയുടെ ഘടനയെക്കുറിച്ച് പ്രൊഫസർ പറഞ്ഞുവന്നപ്പോൾ അദ്ദേഹത്തിന്റെ പൊള്ളയായ വാദമുഖങ്ങളെ എതിർക്കാൻ ഞാനും പരശുരാമനുമായിരുന്നു തയ്യാറെടുത്തത്. അവസാനം പ്രൊഫസർ ദേഷ്യത്തോടെ പുസ്തകം ചുരുട്ടി മേശപ്പുറത്തേക്കെറിഞ്ഞു ക്ലാസ്സിൽ നിന്നിറങ്ങിപ്പോവുകയാണുണ്ടായത്.

നമ്പ്യാർ മറ്റുപലരോടുമായി കുശലാന്വേഷണങ്ങൾക്കായി പോയിരിക്കുന്നു. രാമുവിന്റെ അരികത്തു ചെന്നിരുന്ന് യോഗത്തിന് വന്നുപെട്ട അംഗങ്ങളുടെ പേരെഴുതുവാനാരംഭിച്ചു.

ജനാലയിലൂടെ നോക്കിയാൽ കാണുന്നത് നഗരത്തിന്റെ ഒരു ശകലത്തെയാണ്. ഓവുചാലുകൾ തൂത്തുവാരി വൃത്തിയാക്കുകയാണ് തെരുവുജോലിക്കാർ. അടഞ്ഞുകിടക്കുന്ന ഷട്ടറുകൾ ക്കു താഴെ അന്തിയുറങ്ങിയിരുന്ന മനുഷ്യർ ഉറക്കമുണർന്ന് സ്ഥലം വിട്ടിരിക്കുന്നു. രാത്രി പതിച്ച സിനിമാ പോസ്റ്ററിനരികെ വട്ടംകൂടി നില്പാണ് മനുഷ്യർ. കൊഴുത്ത് മുഴുത്ത അവയവങ്ങൾ പ്രദശിപ്പിച്ച് നിരീക്ഷകരെ ക്ഷണിക്കുന്ന കുപ്രസിദ്ധ അഭിസാരികയായ നടിയുടെ ചിത്രം എത്ര അകലേന്നും കാണാം.

മിസ്സിസ്സ് പത്മനാഭന്റെ കേളീരംഗമായ നഗരത്തിലൂടെ തലയുയർത്തിക്കാൻ എനിക്കെന്നും സങ്കോചമായിരുന്നു. പൊരുത്തക്കേടിന്റെ ഉത്തമനിദാനമായിരുന്നു അവിടെ ഞാൻ. എത്ര അടുത്താലും ഒരു മുൾവേലി ആരുമറിയാതെ ജനങ്ങളിൽനിന്ന് എന്നെ വേർതിരിച്ചിരുന്നു.

കൃത്യം ഒമ്പതിന് കമ്മറ്റി ആരംഭിക്കുമെന്നു കാണിച്ചാണു എഴുത്തുകിട്ടിയിരുന്നത്. അംഗങ്ങളുടെ പേരെഴുത്തു തുടർന്നുകൊണ്ടിരുന്നപ്പോൾ വരിക്കുമുന്നിലെത്തിയ സദാശിവൻ ചോദിച്ചു.

"എന്നെ മറന്നില്ലല്ലോ. ജോലിക്കുചേർന്ന വിവരം അറിഞ്ഞു. എനിക്കു നേരിട്ടു വന്നഭിനന്ദിക്കാൻ കഴിഞ്ഞില്ല. കോഴിക്കോട്ടേക്കു ട്രാൻസ്ഫറായി. അടുത്തമാസം തന്നെ ഞാൻ വീണ്ടും ഇവിടെ എത്തും."

"അതൊന്നും സാരമില്ല. സമയത്തിനെത്തിയതു തന്നെ വളരെ നന്നായി."

"ങാ....ഞാൻ എല്ലാവരേയും ഒന്നു കാണട്ടേ."

അയാൾ ബദ്ധപ്പെട്ട് ഹാളിനകത്തെ ആൾക്കൂട്ടത്തിലേക്കു കയറി.

ഒമ്പതിനുതന്നെ ചിട്ടയോടെ സമ്മേളനം ആരംഭിച്ചു. ഔപചാരികമായി സംസാരിക്കാനെണീറ്റ നമ്പ്യാരുടെ തൊണ്ട വാക്കുകൾ പറഞ്ഞു തീർക്കുമ്പോൾ ഇടറുന്നുണ്ടായിരുന്നു. അയാൾ സ്വതഃസിദ്ധമായ പതറുന്ന ഒച്ചയോടെ തുടർന്നു.

"ഞാനെന്നും ഈ രംഗത്തു തന്നെയുണ്ടാവും. പക്ഷെ ഒരു ചുമതല വഹിക്കുവാൻ തക്ക കാര്യക്ഷമത എനിക്കു നഷ്ടപ്പെട്ടിരിക്കുന്നു."

അനുജന് ആറുവയസ്സു തികയുന്നതിനുമുമ്പെ മരിച്ച അച്ഛൻ.

കടംകൊണ്ടു മൂടിയവീട് വില്ക്കേണ്ടി വന്നിട്ടും നമ്പ്യാർ പിടിച്ചു നിന്നു. പെങ്ങന്മാരെ കെട്ടിച്ചയക്കുമ്പോഴും തനിക്ക് പ്രായാധിക്യമാവുന്നത് അയാൾ കണ്ടില്ലെന്നു നടിക്കയായിരുന്നു. കുടുംബത്തിനായി നേർന്നുവിട്ട അയാളുടെ ജീവിതം അനുജൻ നല്ലൊരുദ്യോഗസ്ഥനായപ്പോൾ പൂർണ്ണത നേടി.

നമ്പ്യാരുടെ എഴുത്ത് ഒരു ക്ഷണക്കത്തിനെ പോലെയാണു വന്നത്. അനുജൻ ആദ്യശമ്പളം പറ്റി നാട്ടിലേക്കു തുക അയച്ചപ്പോൾ നമ്പ്യാർ സുഹൃത്തുക്കൾക്കു തേയില സല്ക്കാരം നല്കിക്കൊണ്ട് തന്റെ ആനന്ദം പ്രദർശിപ്പിക്കുകയായിരുന്നു.

വാക്കുകളുടെ പരിധിയിൽ ഒതുങ്ങാത്ത എന്തോ ഒന്ന് ചൈതന്യവത്തായ ചില നിമിഷങ്ങളെ തച്ചുടയ്ക്കുന്നു. ഈച്ചയെപ്പോലും നോവിക്കാത്ത കോളേജിലെ പരമസാധുവായ അദ്ധ്യാപകന്റെ ഏകമകൻ പറയത്തക്ക കാരണങ്ങൾ ഇല്ലാഞ്ഞിട്ടും ആത്മഹത്യ ചെയ്തപ്പോൾ അയാൾ മുച്ചൂടും തകർന്ന് നിലംപരിശാവുകയായിരുന്നുവല്ലോ.

നമ്പ്യാരുടെ പ്രസംഗത്തിനുശേഷം സെക്രട്ടറി സദാശിവന്റെ വാക്കുകളും. നമ്പ്യാർ വീണ്ടുമെണീറ്റ് പറഞ്ഞു.

“നമുക്ക് ഇനി പുതുതായൊരു പ്രസിഡന്റിനെ തിരഞ്ഞെടുക്കയാണാവശ്യം. ഞങ്ങൾ മുൻപേ ഏകദേശരൂപമായി ഒന്നുരണ്ടു പേരെ നിശ്ചയിച്ചിരുന്നു. ഞാൻ പറഞ്ഞുവരുന്നതു പാർത്ഥനെയാണ്. എതിർപ്പുണ്ടെങ്കിൽ നമുക്കു വേറെ ആളെ തിരഞ്ഞെടുക്കാം.”

“ഏയ്...... പാർത്ഥനെന്താ കുറവ്?”

ഇരിപ്പിടത്തിൽ നിന്ന് ചുറ്റിലും നോക്കിയിട്ടും ആ വാക്കുകളുടെ ഉടമസ്ഥനെ പാർത്ഥനു കാണാൻ കഴിഞ്ഞില്ല. കൂട്ടത്തിൽ മൗനം സമ്മതമാക്കിയവരായിരുന്നു അധികപക്ഷവും.

ഉണരുന്ന നഗരത്തിന്റെ മുഴക്കംമാത്രം ജനാലയ്ക്കപ്പുറത്തു നിന്നും ഇഴഞ്ഞെത്തുന്നുണ്ട്.

നമ്പ്യാർ വീണ്ടും പറഞ്ഞു:

“ഓട്ടുവേണമെങ്കിൽ ഇനി അതാവാം. നിങ്ങൾക്ക് വേറെ ആരെയെങ്കിലും പറയാനുണ്ടോ?”

ഒന്നു രണ്ടാളുകൾ ഒന്നിച്ച് സ്വരമനക്കി. സദാശിവൻ അപ്പോഴും മിനുറ്റ്സ് എഴുത്ത് തുടരുന്നുണ്ടായിരുന്നു.

നമ്പ്യാർ പാർത്ഥന്റെ പുതിയ സ്ഥാനമാനത്തെ കുറിച്ചറിയിച്ചപ്പോൾ ഒരു നീണ്ട കയ്യടി മേമ്പൊടിയിട്ടു. സദാശിവന് നടക്കാനിരിക്കുന്ന സമരത്തിന്റെ അത്യാസന്നനിലയെപ്പറ്റിയാണ് പറയാനുണ്ടായിരുന്നത്.

ജീവിതത്തോതിനൊത്ത് ഉയരാത്ത ശമ്പളം. വേണ്ടത്ര സ്റ്റാഫു കളില്ലാത്തതിനാൽ ചെയ്യേണ്ടിവരുന്ന അധികജോലി. തുച്ഛമായ കാഷ്വൽ അവധി ദിവസങ്ങൾ. ശത്രുസംഹാരത്തിനെന്നോണമുള്ള പുനഃസ്ഥാപിക്കപ്പെട്ട പോലീസ് വെരിഫിക്കേഷൻ. കടിശ്ശിക യുള്ളഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലൂടെ താൽ ക്കാലികമായി നിയമിക്കപ്പെട്ടുവെന്നതിന്റെ പേരിൽ വർഷങ്ങൾ പിന്നിട്ടിട്ടും സ്ഥിരത ലഭിക്കാത്തവർ. സംസ്ഥാനതലങ്ങളിൽ തന്നെ ഒരേ ജോലി ആയിരുന്നിട്ടും വ്യത്യസ്തനിരക്കിലുള്ള ശമ്പളം. അതേ ആനുപാതികമായ പൊരുത്തക്കേടുതന്നെ കേന്ദ്രതലത്തിലെ ഉദ്യോഗസ്ഥന്മാരുമായിട്ടും.

ഭരണകക്ഷിയോട് ആഭിമുഖ്യമുള്ള പുറത്തു മാന്യരാണെന്നു ഭാവിച്ച് ചായ്വ് പ്രദർശിപ്പിക്കുന്ന സംഘടനകൂടി സമരത്തിനു പിന്തുണ പ്രഖ്യാപിച്ചിരുന്നു. ആദ്യ നടപടിയായി ജില്ലാ തലത്തിൽ ഒരു ഐക്യസമര സമിതി രൂപീകരിക്കേണ്ടുന്നതിനേയും സമരം വിജയപ്രദമാക്കി തീർക്കേണ്ടുന്നതിനേയും കുറിച്ച് സദാശിവൻ ഒരാവർത്തികൂടി പറഞ്ഞു.

ഇനിയും പുതുതായി അംഗങ്ങളെ ചേർക്കേണ്ടിയിരിക്കുന്നു. ഗ്രാമങ്ങളിലെ ആളൊഴിഞ്ഞ വില്ലേജ് ഓഫീസുകളിൽ പോലും പ്രവർത്തകർ ചെന്നേപറ്റൂ.

പാർത്ഥന് പ്രസംഗവേളയിൽ പ്രത്യേകിച്ച് ഒന്നും പറയാനു ണ്ടായിരുന്നില്ല. സമരത്തിന്റെ അടിയന്തിര പ്രാധാന്യത്തെക്കുറിച്ചു എല്ലാർക്കും നിശ്ചയമുണ്ടായിരുന്നു.

അയാൾ പതിയെ പറഞ്ഞു: ''എന്റെ കഴിവിനൊത്ത് പ്രവർ ത്തിക്കാമെന്ന് ഞാനുറപ്പുനൽകാം. ഏത് തീരുമാനത്തിലും ഞാൻ വ്യക്തിബന്ധങ്ങളെ പരിഗണിക്കില്ലെന്ന് തീർത്തുപറയാം. നമുക്ക് സംഘംചേർന്നു പ്രവർത്തിച്ചാലേ ഇവിടെ ജീവിക്കാനെങ്കിലുമാവൂ.''

സഭ പിരിയുമ്പോൾ നേരം ഉച്ചയോടടുത്തിരുന്നു. ഇടയ്ക്ക് വിത രണം ചെയ്ത വെറും ചായമാത്രമായിരുന്നു ഓരോരുത്തരുടേയും ഭക്ഷണം.

നമ്പ്യാര് ഓഫീസിലേക്ക് ഓട്ടോവിൽ കയറി പാഞ്ഞു. സദാ ശിവന് പഴയ സൗഹൃദബന്ധങ്ങളെ പുതുക്കേണ്ടതുണ്ടായിരുന്നു.

രാമുവോടൊത്ത് സ്റ്റാന്റിലേക്കു നടക്കുമ്പോൾ പാർത്ഥൻ ചിന്താ ധീനനായിരുന്നു. കനത്ത ഉത്തരവാദിത്തങ്ങൾ ഒഴുക്കിന്റെ വഴിതട ഞ്ഞ് ഗതി നിയന്ത്രിക്കയാണ്. എല്ലാം തൂത്തെറിഞ്ഞ് ജലാശയ ത്തിന്റെ അന്തരാളത്തിലേയ്ക്ക് ആണ്ടിറങ്ങുമ്പോഴും ബലഹീനത തളർത്തുകയാണ്.

ഹൈസ്കൂളിലെ ലീഡറായി തെരഞ്ഞെടുത്ത് ആഹ്ലാദത്തോടെ കൂക്കും തിമർപ്പുമായി തെരുവിൽ പ്രദക്ഷിണം നടത്തുകയാണുണ്ടായത്. കൊട്ടും മേളവും കരിമരുന്നു പ്രയോഗവും.

വിവരമറിഞ്ഞപ്പോൾ രേണുകേടത്തിക്കായിരുന്നു സന്തോഷം കൂടുതൽ. പിന്നീട് ഏറെനാൾ കഴിഞ്ഞാണ് അവർ പറഞ്ഞത്:

“അപ്പ് പാർത്ഥേട്ടന് ലോകാകെ കീഴടക്ക്യ ഭാവാർന്നൂ. ന്നപ്പൊ ആ ആളൊന്ന്വല്ല.”

സ്റ്റാന്റിൽ മൂന്നാം നമ്പർ ബസ്സ് ആളെ കാത്തുകിടപ്പായിരുന്നു. ഒഴിഞ്ഞ ഇരിപ്പിടത്തിൽ ചെന്നിരിക്കുമ്പോൾ രാമു പറഞ്ഞു:

“തെരഞ്ഞെടുപ്പ് ഇത്ര ലളിതമായിത്തീരുമെന്നു ഞാൻ കരുതിയിരുന്നില്ല.”

“എന്തായാലും ഉത്തരവാദിത്തങ്ങൾ ഒരു തരത്തിൽ ബാദ്ധ്യതയാണ്.”

“പക്ഷേ പാർത്ഥനേ ഇത് നേരാംവണ്ണം കൊണ്ടുനടത്താനാവൂ. ഞങ്ങൾക്കെല്ലാം എന്തുതന്നെയായാലും ജീവിതത്തിൽ ഇത്തരം പ്രവർത്തനത്തിന് ചില വിട്ടുവീഴ്ചകളെല്ലാം ചെയ്യേണ്ടിവരും!”

അമ്മായി സൂചിപ്പിച്ച മോഹം അവർക്കും ചെയ്യേണ്ടിവന്നത് വിട്ടുവീഴ്ചയായിരുന്നു. എന്നിട്ടും ഒരിടത്തും ചെന്നെത്താനാവാതെ പതിരുപോലെ കാറ്റിൽ പാറുകയാണ് രേണുകേടത്തി. രേണുകേടത്തിയെക്കുറിച്ച് വകതിരിവുകെട്ട തോന്നലൊന്നും എന്നിലില്ലായിരുന്നു. മുത്തശ്ശി മുതുകത്തു തട്ടി തമാശക്കെന്നോണം ഇടക്കിടെ ഞങ്ങളുടെ കല്യാണത്തിന്റെ ആർഭാടത്തെക്കുറിച്ചു പറയുമായിരുന്നു. എന്നിട്ടും ഭ്രാതൃസഹജമായ സ്നേഹമായിരുന്നു എനിക്കവരോട്.

കൊന്നാൽ തീരാത്ത വെറുപ്പ് അനന്തേട്ടനോട്. അന്ന് വിമ്മിഷ്ടത്തോടെ എതിർപ്പു പ്രദർശിപ്പിച്ചപ്പോൾ ആരും എന്റെ വാക്കുകളെ വിലമതിക്കുന്നുണ്ടായിരുന്നില്ല. അമ്മാവന്റെ വാക്കുകളെ മീറി തന്റെ പാതയെ കണ്ടെത്താൻ രേണുകേടത്തി അശക്തയായിരുന്നുവല്ലോ.

എട്ട്

നേരംകെട്ട നേരത്ത് മുറിയിലേക്കെത്തുമ്പോൾ അമല മൗനത്തോടെ മുകമായി തന്റെ എതിർപ്പ് പ്രദർശിപ്പിക്കുന്നുണ്ടായിരുന്നു. എത്ര വൈകിചെന്നാലും അവൾ ഊണുകാലാക്കി ഇരിക്കുന്നതു കാണുമ്പോൾ നേർത്ത ഒരപകർഷതാബോധമാണു തോന്നാറ്.

രാത്രിയുടെ പാതിക്കുവരെ വായിച്ച് ഒന്നുറങ്ങാൻ ശ്രമിക്കുമ്പോഴായിരിക്കും എന്റെ വരവ്. ഗ്രാമത്തിലെ ഒരേ ഒരു വീട്ടിൽ; അമലയുടെ മുറിയിൽ പാനീസുവിളക്കിന്റെ തിരി താണ് മങ്ങിയ ഒളി ചിതറി പകലിന്റെ വരവുവരെ കത്തിക്കൊണ്ടേ ഇരിക്കും.

കണ്ണുപുളിച്ച് വായന മതിയാക്കുന്ന അവൾ ചത്തപോലെ തളർന്ന് ഉറങ്ങുകയായിരിക്കും. നാടായ നാടോടി നടന്ന്, പുതിയ പരിചയവൃന്ദങ്ങളെ സമ്പാദിച്ച് അംഗസംഖ്യ വർദ്ധിപ്പിക്കുകയായിരുന്നു; പാർത്ഥൻ മൂന്നും നാലും പേരോടൊത്ത് പലയിടങ്ങളിലുമായി അലഞ്ഞുനടക്കുമ്പോൾ അണഞ്ഞമരുന്ന ഓരോ ദിവസത്തേയും കുറിച്ചു ബോധവാനായിരുന്നില്ല.

രോഹിണിയെ കണ്ടിട്ട് ഒരുപാട് നാളുകളായിരിക്കുന്നു. ഒരു സന്ധ്യയ്ക്ക് തിടുക്കത്തോടെ അവളുടെ മുറിയിലേയ്ക്കു ചെന്ന് പോസ്റ്ററുകൾ വാങ്ങിച്ചു നടകൊള്ളുകയായിരുന്നു. പത്രത്തിൽ വന്ന വാർത്തയേയും ഫോട്ടോവിനേയും കുറിച്ച് അവൾക്കൊരുപാടു പറയാനുണ്ടാർന്നിട്ടും ഞാൻ ധൃതിയോടെ ഇറങ്ങി നടക്കുകയാണുണ്ടായത്.

പെണ്ണിന്റെ കണ്ണുകൾക്കുതാഴെ വീണ്ടും വിഷാദം കരികലക്കി ഇരിക്കുന്നു.

കമ്മറ്റി വീണ്ടും കൂടി അംഗസംഖ്യയുടെ തോതിനെക്കുറിച്ച് തീരുമാനമെടുത്തിരുന്നു. പുതുതായി ആയിരത്തോളം പേരെ ചേർക്കാൻ തീവ്രമായി അദ്ധ്വാനിച്ചേ മതിയാവൂ.

പതിവില്ലാതെ വന്ന അനന്തേട്ടന്റെ എഴുത്ത്.

നിന്റെ വിശേഷങ്ങൾ രേണുക പറയലുണ്ട്. നിനക്ക് എനിക്കായി ഒരെഴുത്തുപോലും ഇടുന്നതിൽ ഇത്രകണ്ടു വൈമനസ്സ്യമുണ്ടെന്നറിഞ്ഞിരുന്നില്ല. എങ്കിലും ഞാൻ നിന്റെ ഏട്ടനാണല്ലോ.

തെറ്റ് ആർക്കും എപ്പോഴും പറ്റാവുന്നതാണ്. അതു കണ്ടറിഞ്ഞ് ശരിയാംവണ്ണം നടക്കുന്നവനേ ഇവിടെ ജീവിക്കാനാവൂ.

ഞാൻ നിന്റെ നേർക്ക് ഒരു പഴിയും ചാരുന്നില്ല. എന്തോ ഇങ്ങനെ എല്ലാം സംഭവിച്ചെന്നു കരുതി ആശ്വസിക്കാൻ ശ്രമിക്കുന്നു. നിന്റെ വിവാഹ കാര്യത്തിനായാണ് ഈ എഴുത്തിടുന്നത്. അമ്മയുടെ സുഹൃത്തിന്റെ മോളാണെന്നു പറഞ്ഞു. നല്ല കുലമഹിമയുള്ളവരാണ്. പത്തിരുപത്തഞ്ചു ഫോറിൻ എക്സ്പോർട്ട് കമ്പനികളിൽ പാർട്ട്ണർഷിപ്പുണ്ട്. കുട്ടിയെ ഞാൻ കണ്ടിരുന്നു. സൗന്ദര്യമുണ്ട്. സൽസ്വഭാവിയുമാണ്. മഞ്ജുഷ എന്നാണ് പേര്.

നീ ഉടനടി വന്ന് അവളെ കാണൂ. നിന്റെ വില്ലത്തരമറിഞ്ഞ് അവൾക്കൊരുതരം ആരാധനയാണ്. വിവാഹം കഴിഞ്ഞാൽ

അവരുടെ തന്നെ ഏതെങ്കിലുമൊരു കമ്പനിയിൽ മാനേജരായി കൂടാം.

അനന്തേട്ടന് തക്ക മറുപടി എഴുതുകയേ ഉണ്ടായില്ല. ഒരു പുതിയ സമ്മാനം വാഗ്ദാനം നൽകിക്കൊണ്ട് ചെമ്പിന്റെ കനംനോക്കുന്ന കൊടിച്ചി പട്ടികളുടെ ഇടയ്ക്ക് വീണ്ടും ആനയിക്കാനാണു ഭാവം.

രേണുകേടത്തി അത്തരമൊരു വാർത്തയെക്കുറിച്ച് ഒരു ദുഃസ്സൂചന പോലും നൽകിയിരുന്നില്ല. കുരുത്തം കെട്ട അനിയൻ ഒന്നിനും വഴിപ്പെടില്ലെന്ന് അവർക്ക് തികച്ചും ബോദ്ധ്യമായിരിക്കും. അമ്മായിയുടെ കത്തിൽ മറ്റൊരുത്തിയെക്കുറിച്ചായിരുന്നു.

അമ്മാവന്റെ ആത്മസുഹൃത്തിന്റെ മോളാണ്. ഇപ്പോൾ കുടുംബമാകെ നിലംപറ്റി. തിന്നാൻ പോലും അരിഷ്ടിച്ചാണ്. പത്തു പാസ്സായി പെൺകുട്ടി വീട്ടിലിരുപ്പാണ്. വയസ്സ് ഇരുപതു കഴിഞ്ഞു. രേണുവിന്റേയും സ്നേഹിതയാണ്. താഴെ ഇനിയും രണ്ടെണ്ണമുണ്ട്.

അമ്മായിക്ക് തൊട്ടും തൊടാതെ ഒരു മറുപടി എഴുതി രക്ഷപ്പെട്ടെന്നു കരുതുകയായിരുന്നു.

കുറുകിക്കൂടിയ ശബ്ദത്തോടെ പരിഭവവുമായി രോഹിണിയുടെ ചോദ്യം:

"എന്റെ കാര്യങ്ങളെല്ലാം ഞാൻ തന്നെ നടത്തിയേ പറ്റൂ. പാർത്ഥേട്ടന്റെ ഇന്നത്തെ അവസ്ഥയും അതുതന്നെ. വെറുതെ എന്തിനാണ് ഇത് നീട്ടിക്കൊണ്ടുപോവുന്നത്."

ചെന്നു ചാടുമ്പോഴേ നിന്റെ ദുർഗ്ഗതി നീയറിയൂ. രേണുകേടത്തി പറയുകയായിരുന്നു.

മഴയുടെ കോളുള്ള അന്തരീക്ഷത്തിൽ സമരത്തിന്റെ വീറുമായി നടക്കുമ്പോൾ എന്റേതായ പലതും പിന്തള്ളപ്പെട്ടുപോവുന്നു. സമരത്തിന്റെ ആവശ്യകതയെ കുറിച്ച് വാനോളം ഉച്ചത്തിൽ പറഞ്ഞ് ചുറ്റും കൂടിനിൽക്കുന്ന സഹപ്രവർത്തകരെ ബോദ്ധ്യപ്പെടുത്തുമ്പോൾ, അവരുടെ അകമഴിഞ്ഞ സഹകരണം കാണുമ്പോൾ സ്വർഗ്ഗപ്രാപ്തനായതുപോലുള്ള തോന്നൽ.

ഐക്യസമരസമിതി ജില്ലാതലത്തിലും രൂപീകൃതമായിരുന്നു. സമരത്തിന്റെ തുടക്കം രണ്ടുമാസങ്ങൾക്കകമാവുമെന്ന സൂചനയും കിട്ടി.

യൂണിയൻ അച്ചടിച്ച സർക്കുലറുകൾ കൈകൾ മാറി പലരും വായിക്കുമ്പോൾ ഓഫീസുകളിലെ ഇഴുകിയ അന്തരീക്ഷം ഒരു വാഗ്വാദത്തിന്റെ ആരംഭം കുറിക്കുകയാവും.

മനസ്സിന്റെ മനസ്സിൽ പൂട്ടിയവാക്കുകളെ ഒരിയ്ക്കലും വെളിക്കു

കാട്ടാത്തവരാണ് അധികപക്ഷവും! രണ്ടുനാളത്തെ ശമ്പളം ഒരു സമരത്തിലൂടെ നഷ്ടപ്പെടുത്തുക എന്നതുപോലും അവർക്ക് കനത്തൊരു നഷ്ടമാണ്. സ്വന്തം സ്ഥാനമാനങ്ങൾക്ക് ഒരു കോട്ടവും തട്ടാതെ കാലാകാലത്തിന് സർക്കാർ ചെയ്യേണ്ടതു ചെയ്യുമെന്നു പറഞ്ഞ് ഇല്ലാത്ത യോഗ്യതകാട്ടി വീമ്പിളക്കി സമരത്തെക്കുറിച്ച് സംസാരിക്കുന്നതുപോലും ഹീനമായി കരുതുകയാണ് അവർ.

എന്നാൽ സന്ധ്യക്ക് നടക്കാനിറങ്ങുമ്പോൾ പോലും അവർക്ക് പുതിയ ജി.ഒ.വിനെക്കുറിച്ചോ, വർദ്ധിപ്പിച്ച യാത്രാബത്തയെക്കുറിച്ചോ, പ്രമോഷൻ സാദ്ധ്യതകൾ വിരളമായ സർക്കാരിന്റെ നയത്തെക്കുറിച്ചോ സംസാരിക്കാനേ നേരമുണ്ടായിരുന്നുള്ളൂ.

ഞായറാഴ്ചയായിരുന്നു. പുലർച്ചെ വന്ന് കട്ടിലിൽ കയറിക്കൂടിയ പാർത്ഥൻ പ്രാതലിനുശേഷം വീണ്ടും കിടപ്പു തുടരുകയായിരുന്നു. അന്യം നിന്നുപോയ ഉറക്കം ഒന്നിച്ചാക്രമിച്ചു കണ്ണുകളെ കീഴ്പ്പെടുത്തി.

പരിചിതമായ സ്വരം കേട്ട് കണ്ണുതുറന്നപ്പോൾ രോഹിണി താഴെ ഉണ്ടെന്ന് അയാളറിഞ്ഞു. ആളെ കാണാഞ്ഞ് തിരഞ്ഞുവന്നതാവും.

അമലയുടെ തെളുന്നനെയുള്ള ചിരി കേൾക്കാനുണ്ട്. വൃന്ദയുടെ ഗ്രാമ്യമായ ഭാഷ മുറികൾ കടന്നെത്തുമ്പോൾ വക്കുകൾ തേഞ്ഞ് ഇല്ലാതാവുന്നു.

ഒരു കാമുകന്റെ വേഷമിടാൻപോലും അപ്രാപ്തനാണ് ഞാൻ. കോളേജിൽ വരിക്കച്ചക്കയ്ക്കു വട്ടമിടുന്ന ഈച്ചയെപ്പോലെ മണം പിടിച്ചു നടപ്പായിരുന്നു; വത്സല ജി. മേനോൻ. നാണം ലവലേശമില്ലാതെ അവൾ അഭിലാഷത്തെക്കുറിച്ചറിയിച്ചപ്പോൾ വെറുപ്പായിരുന്നു തോന്നിയത്.

പിന്നീട് അവൾ തന്നെയായിരുന്നു എനിക്ക് പുരുഷത്വമില്ലെന്ന് പറഞ്ഞു കൂട്ടുചേർന്ന് കളിയാക്കിയത്. വസ്ത്രത്തിന്റെ അരികുപാളികളിൽ ജീവിതത്തിന്റെ ഉച്ചനീചത്വങ്ങളെ കാണുന്ന, ജ്ഞാനിയും പുരോഗമനേച്ഛുക്കളുമെന്നഭിമാനിക്കുന്ന അവരോട് എനിക്കെന്നും സഹതാപമായിരുന്നുവല്ലോ.

രോഹിണിയെ മുറിയിൽ കൊണ്ടാക്കിയ അമല ഒരവസരത്തിന് കളമൊരുക്കികൊണ്ട് താഴേക്കിറങ്ങിപ്പോയി. മൗനത്തോടെ മുറിയിൽ പരുങ്ങിനിന്ന് അവളെ നേരിടാനാവാഞ്ഞ് പാർത്ഥൻ കട്ടിലിൽ ചടഞ്ഞിരുന്നു.

ഈ ശപിക്കപ്പെട്ട ദുർനിയമങ്ങളോട് മുമ്പ് കഠിനമായ വെറുപ്പായിരുന്നു.

പുറത്ത് വെയിൽ അധികരിച്ചിരിക്കുന്നു. ചുറ്റോടുകളുടെ വിടവുകളിലെ പാഴ്ച്ചെടികൾ കരിഞ്ഞ് കോലം കെട്ടിരിക്കുന്നു.

ബസ്സിറങ്ങി നടന്നതിനാലാവണം രോഹിണി വിയത്തു കുളിച്ചിരുന്നു.

“ഇവിടെ വന്നു നിന്നോളൂ. ലേശമെങ്കിലും കാറ്റുകിട്ടും.”

നിറകണ്ണുകളെ വഴിക്കുനട്ട് അവൾ ജനാലയ്ക്കൽ കാറ്റുകൊണ്ടു നിന്നു. പാർത്ഥൻ അരികത്തു ചെന്നപ്പോൾ പൊടുന്നനെ പുറംതിരിഞ്ഞുനിന്നു അവൾ അയാളുടെ മാറിൽ മുഖമമർത്തി തേങ്ങുവാനാരംഭിച്ചു.

“എനിക്കു വയ്യാ പാർത്ഥേട്ടാ...”

അനാഥയും അപഹാസ്യയും ആർക്കും വേണ്ടാത്തവളുമായ പെൺകുട്ടി. പ്രകൃതത്തിൽ കവിഞ്ഞ രോഹിണിയുടെ ദുഃഖത്തിന്റെ ആഴത്തിനോടായിരുന്നു ദാക്ഷിണ്യം കൂടുതൽ തോന്നിയിരുന്നത്.

അവളുടെ മിനുത്ത തോളിൽ വിരലോടിച്ചുകൊണ്ട് ആശ്വസിപ്പിക്കാൻ വാക്കുകളില്ലാതെ അയാൾ പരുങ്ങി. ഇടയ്ക്കെല്ലാം ചെന്നു കാണേണ്ടതായിരുന്നു.

എനിക്കു ചെന്നുപറ്റാൻ ലോകത്തെവിടേയും കൂടുകളുണ്ട്. രോഹിണിക്ക് ഞാൻ മാത്രമാണ്. അവൾ എന്നുമെന്നും പറഞ്ഞു പോന്നത് അതുതന്നെയായിരുന്നു.

കൊടികുത്തി വാണ ഇല്ലത്തെ പ്രൗഢി കാലഹരണപ്പെട്ടിരിക്കുന്നു. നരകത്തെ പോലെയായി തീർന്നിരിക്കുന്ന ഇല്ലത്തെ അകമുറികൾ. ദ്രൗഹിത്രി തമ്പുരാട്ടിയെ പിണ്ഡംവെച്ച് പുറംതള്ളിയ നമ്പൂതിരി തീപ്പെട്ടു. നാഗത്താൻമാരെ കുടിവെച്ചിരുന്നിടത്ത് ഇംഗ്ലീഷ് പഠിച്ച മകൻ ഈർച്ചമില്ല് ആരംഭിക്കുകയായിരുന്നുവത്രേ!

“ഇന്നു ഹോസ്പിറ്റലിൽ പോയില്ലേ?”

“ഇന്ന് ലീവാണ്, നാളെ ഓഫും. പാർത്ഥേട്ടൻ വന്നില്ലെങ്കിൽ ഞാൻ തെരഞ്ഞുവരും!” ജനാലയിലൂടെ പുറമേക്ക് നോക്കിക്കൊണ്ട് രോഹിണി തുടർന്നു:

“പാർത്ഥേട്ടന് എന്നോട് സ്നേഹമില്ലേ....? എന്നോട് പാർത്ഥേട്ടന് വെറുപ്പു തോന്നുന്നുണ്ടോ?”

“അതല്ല... രോഹിണി...”

“പിന്നെ ഏതായാലും ഞാൻ അമ്മയെപ്പോലെ ജീവിക്കില്ല. എന്നെപ്പോലെ ഇവ്ടെ ഒരു മോളും ജനിക്കരുത്.”

“നിനക്കെന്തു പറ്റി....?”

“പാർത്ഥേട്ടന് എന്നെ വേണ്ട... അതുതന്നെ.”

അവൾ അണപൊട്ടിയതുപോലെ, സ്വരത്തിന്റെ ഉച്ചസ്ഥായി

യെപ്പോലും മറന്ന് കരയുവാൻ തുടങ്ങി. പെൺകുട്ടിയുടെ മുഖത്തു നിന്ന് കണ്ണീരു തൂത്തുമാറ്റുമ്പോൾ അയാൾ പതിയെ ചിരിച്ചു.

ഹോസ്റ്റലിലെ വളപ്പുചാടി അർദ്ധരാത്രിക്ക് തത്തമംഗലത്തെ പപ്പടക്കാരിയെ തേടിപ്പോയ സഹപാഠികൾക്ക് കനത്തൊരു അമളി പറ്റുകയാണുണ്ടായത്. കതകിനു തട്ടിവിളിച്ചപ്പോൾ വാതിൽപ്പൊളി തുറന്ന് അകത്തേക്കു വഴികാട്ടിയ പെണ്ണിന്റെ മറപറ്റി അവരുടെ മലയാളം അദ്ധ്യാപകനുണ്ടായിരുന്നു.

എക്സ്ട്രാ ക്ലാസ്സിന്റെ പേരിൽ ഉടുത്തൊരുങ്ങി ശനിയാഴ്ച വീട്ടിൽ നിന്നിറങ്ങുന്ന പെണ്ണുങ്ങൾക്ക് ചെന്നുപറ്റാൻ മറ്റുപലയിടങ്ങളുമുണ്ടായിരുന്നു.

പ്രേമത്തിന്റെ ഗാർഹിക പാഠങ്ങളിൽ വിശ്വാസമില്ലാതിരുന്നിട്ടും ഇവിടേക്ക് എത്തപ്പെട്ടിരിക്കുന്നു.

''എനിക്ക് ആരുമില്ല, ആകെയുള്ളത് പാർത്ഥേട്ടനാണ്. ആ പാർത്ഥേട്ടൻ പോലും എന്നെ കൈവിട്ടാൽ ഞാൻ ജീവിക്കില്ല.''

''ഇന്നെന്താണിങ്ങനെ തോന്നാൻ?''

''പാർത്ഥേട്ടന്റെ പെരുമാറ്റം തന്നെ. എന്നോട് സ്നേഹമില്ലാത്തതുപോലെയാണ്...''

''എനിക്കിനി നിന്നെ പറഞ്ഞു ബോദ്ധ്യപ്പെടുത്താനൊന്നുമാവില്ല. നിനക്കെന്നെ വിശ്വാസമില്ലെങ്കിൽ ഞാനെന്തുപറയാൻ. ഏതായാലും ഞാനിനി എന്തുചെയ്യണം?''

''നമ്മുടെ വിവാഹം.....''

''അതു നടത്താം. നിനക്കെന്താ അത്രകണ്ട് കിടക്കപ്പൊറുതിയില്ലെന്നുണ്ടോ....?''

നാണംകൊണ്ട് അവൾ മുഖം തിരിച്ചപ്പോൾ വെളുത്തകവിളുകൾ ചുവന്നുതുടുത്തിരുന്നു. രോഹിണിയുടെ ചുമലിൽ കൈവെച്ചു അവളുടെ കണ്ണുകളിലേക്ക് ചുണ്ടുകൾ താഴ്ത്തുമ്പോൾ അയാൾ പറഞ്ഞു.

''കഴിവതും വേഗം നടത്താം...''

കോണിപ്പടികളുടെ രോദനത്തോടൊത്ത് അമലയുമെത്തി. അകത്തേക്കുകയറാൻ മടിച്ച് വാതില്ക്കൽ നിന്നു അവൾ ചോദിച്ചു.

''രോഹിണി ചേച്ചീടെ പരിഭവം തീർന്നോ?''

''എന്നോട്.... രോഹിണിക്കോ....?''

''പാർത്ഥേട്ടനെപ്പറ്റി തൊള്ളായിരം പരാതികൾ പറഞ്ഞു. കഴിഞ്ഞ പ്രാവശ്യത്തെപ്പോലെ ഇത്തവണയും ഞാൻ തന്നെ വേണ്ടിവന്നു. പരാതി തീർക്കാൻ.''

ഡ്യൂട്ടികഴിഞ്ഞ് നേരിട്ട് സിനിമാ തിയ്യേറ്ററിലേക്കുവരാൻ

പറഞ്ഞതായിരുന്നു. യൂണിയന്റെ ആവശ്യത്തിനായി പൊടുന്നനെ എനിക്കു മറ്റൊരിടത്തേക്കു പോവേണ്ടിവന്നു. കാത്തുനിന്ന് മടുത്ത രോഹിണി തിരികേയും.

രണ്ടുനാളത്തെ അലച്ചിലിനുശേഷമുള്ള വേർപാടിനെ സുഖദമായി ഇണക്കിച്ചേർത്തത് അപ്പോഴും അമലയായിരുന്നു.

രോഹിണിയുടെ കൈക്കുപിടിച്ച് അമല താഴേക്കു നയിച്ചപ്പോൾ അയാൾ വീണ്ടും തനിച്ചായി. മച്ചിട്ട മുറിയായിരുന്നിട്ടും ആവി പെരുത്തു.

മുറിയിൽ പുഴുക്കമാണ്. ഗ്രാമവീഥിയിൽ തീനാമ്പുകൾ വളഞ്ഞുപുളഞ്ഞ് പടരുന്നു.

കൈകാലുകഴുകാനായി താഴേക്കിറങ്ങിയ രോഹിണിയും അമലയും കിണറ്റിൻ കരയിൽ നില്പുണ്ടായിരുന്നു. കൊട്ടക്കോരിയിലെ വെള്ളം മുഖത്തു തെളിച്ച് മുണ്ടിന്റെ കോന്തലയിൽ മുഖം തുടച്ച് മുഖമുയർത്തിയപ്പോൾ രോഹിണി ഇമപൂട്ടാതെ അയാളെത്തന്നെ നോക്കിനില്പായിരുന്നു.

ഉച്ചയൂണുകഴിഞ്ഞ് കട്ടിലിൽ ചായ്ഞ്ഞു കിടന്നപ്പോൾ രോഹിണി വീണ്ടും വന്നു. വാലുപോലെ അവളെ പിടികൂടിയിരുന്ന അമല താഴത്ത് അമ്മ്യാരോട് ശുണ്ഠിയോടെ ഉച്ചത്തിൽ സംസാരിക്കുന്നുണ്ടായിരുന്നു.

വന്നപാടെ രോഹിണി പറഞ്ഞു:

“നമുക്ക് വല്ലടത്തും പോവാം. എനിക്കാകെ മടുപ്പുതോന്നുന്നു. ആശുപത്രിക്കുവേണ്ടി ജീവിക്കുക. ആകെ കാണുന്ന നല്ലൊരു മുഖം പാർത്ഥേട്ടന്റേതാണ്.”

“എനിക്കേതായാലും കുറച്ചുദിവസം ഇവിടെ നിന്നനങ്ങാനാവില്ല. ഒരു പക്ഷേ അടുത്തുതന്നെ സമരമുണ്ടാവും. കൂടാതെ പാർട്ടിയുടെ സംസ്ഥാന സമ്മേളനം കോഴിക്കോട്ടു വെച്ചുണ്ട്. ഇന്ന് സെക്രട്ടറിയെ കാണാമെന്ന് ഞാനേറ്റതാണ്. മൂന്നിനവ്ടെ എത്തണം.”

“പാർത്ഥേട്ടന്റെ വഴിയും എന്റെ വഴിയും.. എനിക്കെന്തോ വല്ലാത്ത പേടി തോന്നുന്നു.”

“നീ കുറച്ച് വിശാലമായി ചിന്തിക്കാതെയാണ്. നാമെല്ലാം നമുക്കായി മാത്രം ജീവിച്ചാൽ പോരാ. മനുഷ്യർക്കായി ജീവിക്കണം...”

“എന്തോ...!”

കൈ എത്തിച്ചു പിടിച്ച് അവളെ അയാൾ അരികത്തിരുത്തി. ആശയറ്റ് ആരോരുമില്ലാത്ത ഒരുത്തിയായി ചവിട്ടി തള്ളപ്പെട്ട രോഹിണിയോട് കൂടുതൽ അനുതാപം അയാൾക്കുതോന്നി.

എന്നോടൊത്ത് ജീവിച്ചാൽ ഇവൾക്കു കിട്ടാവുന്നത് കുറേ കണ്ണീരുമാത്രമായിരിക്കും. വകയ്ക്കു കൊള്ളാത്ത ഒരുത്തന്റെ; മനുഷ്യരെ സ്നേഹിച്ച് മനുഷ്യത്വത്തിനായി പൊരുതി മരിച്ചെന്നു പട്ടം കിട്ടിയ ബഹുമാന്യന്റെ സന്തതസഹചാരിണിയായിരുന്നെന്ന പദവിയായിരിക്കും ഒടുക്കം മിച്ചം.

അമ്മ്യാര് താഴത്തെ ചായ്പിലിരുന്ന് പ്രാക്കു തുടരുന്നുണ്ട്. ഇപ്പോൾ കാശിക്ക് മോക്ഷം തേടിപ്പോയ ഭർത്താവാണ് കേന്ദ്രബിന്ദു.

ഗ്രാമമാകെ എരിപൊരികൊണ്ട് പ്രാണഭീതിയോടെ പുകഞ്ഞുകൊണ്ടേയിരിക്കുന്നു. ശിവങ്കോവിലിലെ ഊട്ടുപുരയിൽ ഒത്തുകൂടിയ വെങ്കിടാചലപതി അയ്യരുടെ 'കമ്പൻ വമ്പൈ' കേൾക്കാൻ തടിച്ചുകൂടിയിരിക്കയാണ് ജനം.

രേണുകേടത്തിയോടൊത്ത് നൊയമ്പുനോറ്റ് അമ്പലത്തിലേക്ക് രാത്രി കഥകളി കാണാനായി ചെല്ലുകയായിരുന്നു. കോറക്കളി തിന്നുമടുത്തപ്പോൾ ചമ്പാനരിയുടെ വറച്ചോറ് കട്ടുതിന്ന വിവരം ആർക്കും അറിവുണ്ടായിരുന്നില്ല.

ഏഴുകഴിഞ്ഞുള്ള അവധിക്കാലം. നാടൊട്ടുക്കും പാഞ്ഞു നടക്കുന്ന വസൂരിയും ചേനപ്പുണ്ണും. മണൽ മാരി വന്ന് കാച്ചിയ പപ്പടം പോലുള്ള മുഖവുമായി രേണുകേടത്തി കിടക്കുന്നതു കണ്ടപ്പോൾ ഞാൻ സഹിക്കവയ്യാഞ്ഞ് നിന്നു കരയുകയായിരുന്നു.

വിമോചന സമരകാലത്ത് എതിരുനിന്ന എന്നെ ഭീകരനായ രക്തദാഹിയായ കൊലപാതകിയെ എന്നോണം നാടുമുഴുക്കെ തിരഞ്ഞു നടന്നപ്പോൾ അമ്പലമേട്ടിലെ വാരസ്യാരുടെ വീട്ടിൽ നാട്ടാരറിയാതെ ഒളിച്ചു പാർക്കാൻ ഏർപ്പാടാക്കിയ രേണുകേടത്തി.

പിന്നീട് നഗരത്തിൽ കാലുകുത്തിയപ്പോൾ വലവിരിച്ചിരിക്കുന്ന കാട്ടാളൻമാരെപോലെ അവർ ഓടിച്ചിട്ടുപിടിക്കയായിരുന്നു. അതിനുശേഷം കണ്ണിൽ ചോരയില്ലാത്ത നീണ്ട ഭേദ്യവും സത്യം പറയിക്കാനുള്ള ദണ്ഡനമുറകളും.

ഉച്ചച്ചൂട് എരിഞ്ഞുകൊണ്ടിരിക്കുമ്പോൾ തന്നെ അവർ പടിയിറങ്ങി. ഗ്രാമവാസികളെല്ലാം തന്നെ ഒരത്ഭുത കാഴ്ചകാണാനായി ജനാലയുടെ ചതുരഴികൾക്കുപിമ്പിൽ നിലയുറപ്പിച്ചിരുന്നു. പുരുഷന്മാർ കമ്പരുടെ മഹിമയെവാഴ്ത്തിക്കൊണ്ടേ ഇരുപ്പാണ്.

ഗ്രാമവും ജനസഞ്ചയമൊഴുകുന്ന നിരത്തും കടന്ന് അവർ വീണ്ടും നടന്നു.

എന്നെക്കുറിച്ച് വീണ്ടും ഗ്രാമത്തിൽ മുറുമുറുപ്പാരംഭിച്ചിരിക്കാം. എന്തിനും ഏളുതകാട്ടി അവസരം കൊടുക്കുന്ന അമലയുടെ വീട്ടുകാരോടാവും അവർക്ക് പക.

വിയർപ്പ് തിരയിട്ട് ഒഴുകുന്നുണ്ട്. നേഴ്സായിരുന്നതിനാൽ രോഹിണിയെ നാട്ടുകാർക്കെല്ലാം അറിയാമായിരുന്നു. നിഗൂഢമായ തോന്നലോടയാണു പലരും നോക്കുന്നത്.

ആൾതിരക്കു കുറഞ്ഞ തെരുവിലെത്തിയപ്പോൾ രോഹിണി ചോദിച്ചു:

"അമലയുടെ സ്വഭാവം നന്നോ?"

അവളുടെ പിടയുന്ന മനസ്സിനെ കണ്ട് അയാൾ പറഞ്ഞു:

"അത്ര നല്ലതൊന്നുമല്ല. ഏതൊരുത്തൻ വിളിച്ചാലും പോവും."

"ഞാൻ വെറുതെ ചോദിച്ചതാണ്."

"അതറിയാം..."

എതിരെവന്ന ആളൊഴിഞ്ഞ ഓട്ടോറിക്ഷയെ കൈ മാടിവിളിക്കുമ്പോൾ അയാൾ പറഞ്ഞു: "രോഹിണിയെ ക്വാട്ടേഴ്സിന്റെ മുന്നിലിറക്കാം. ഞാൻ നേരെ പാർട്ടി ഓഫീസിലേക്കാണ്."

പതുപതുപ്പുള്ള ഇരിപ്പിടത്തിൽ അമർന്നിരുന്ന് രോഹിണിയോടൊത്തു ഒരു യാത്ര കൂടി.

സീറ്റിൽ ഇഴഞ്ഞുകിടന്നിരുന്ന അവളുടെ നീണ്ട മിനുത്ത വിരലുകളെ അയാൾ അമർത്തിപ്പിടിച്ചു. അയാളുടെ വിരലുകൾക്ക് വിധേയയായതു പോലെ അവൾ സ്വല്പം ചേർന്നിരുന്നു.

ജില്ലാസെക്രട്ടറിയും മുൻമന്ത്രിയുമായിരുന്ന ഇസ്മായിൽ സേട്ടിന് ഒരുപാടു കാര്യങ്ങൾ പ്രത്യക്ഷത്തിൽ വിവരിക്കാനുണ്ടായിരുന്നു.

പാർട്ടിയുടെ സംസ്ഥാന സമ്മേളനമാണ് വരുന്നത്. തീയതി നിശ്ചയിക്കപ്പെട്ടിരിക്കുന്നു. ജനപിന്തുണയുടെ ശക്തിദുർഗ്ഗത്തെ ലോകർക്കാകെ തെളിയിച്ചുകൊടുക്കേണ്ടുന്ന സന്ദർഭമാണ്.

ചായമൊത്തി കുടിച്ചുകൊണ്ടിരുന്നപ്പോൾ അയാൾ പറഞ്ഞു.

"നമ്മുടെ ജില്ലയ്ക്ക് കനത്ത ഭാരമാണ് വന്നുവീണിരിക്കുന്നത്. പ്രതിനിധികൾക്ക് ഊണിനുള്ള അരി നാം തന്നെ എത്തിക്കണം."

"പല പിരിവുകളും കൊണ്ട് പൊറുതിമുട്ടിയിരിക്കയാണ് ജനം." കർഷകത്തൊഴിലാളി നേതാവ് പറഞ്ഞു.

വീണ്ടും വമ്പിച്ചൊരു തുക പിരിച്ചെടുക്കേണ്ടതിനെക്കുറിച്ച് പാർത്ഥന് സങ്കല്പിക്കാൻ പോലും അസാദ്ധ്യമായിരുന്നു. സമരത്തിനായി കനത്തൊരു തുക പിരിച്ചുകഴിഞ്ഞിട്ടേ ഉണ്ടായിരുന്നുള്ളൂ. ക്ലിപ്തമായ തുക പറ്റുന്ന, കടം വീട്ടാനും ജീവിതച്ചെലവ് ഒപ്പിക്കാനുമാവാതെ സന്ത്രാസപ്പെട്ട് ഞെരിപിരികൊള്ളുന്ന ഉദ്യോഗസ്ഥപ്പരിഷകളെ വീണ്ടും സമീപിക്കുകയെന്നത് ബീഭത്സമായിരുന്നു.

അല്ലെങ്കിൽ തന്നെ ആട്ടും തുപ്പും കേട്ട് ചെവിക്ക് തഴമ്പു വീണി രിക്കുന്നു.

"സംസ്ഥാന സമിതിയുടെ ഫണ്ടിൽ തുകയൊന്നുമില്ല. മുഴുവൻ സമയ പ്രവർത്തകർക്ക്പോലും ശരിയാംവണ്ണം ഒന്നും നല്കാ നാവാത്ത പാർട്ടിയാണ്. മറ്റുള്ളവരുടെ സ്ഥിതി ഇതല്ല. അവർക്ക് എന്തിനും തക്ക സാമ്പത്തിക ശേഷിയുണ്ട്. നമുക്ക് അരിമാത്രം എത്തിച്ചുകൊടുത്താൽ മതി. പിന്നെ ചെറിയൊരു തുക സംഭാവ നയും. പാർത്ഥനെന്തു പറയുന്നു?"

"ഒരുവിധം പിരിക്കാൻ ശ്രമിക്കാം. സമരസമിതിയുടെ പിരിവു തുക തന്നെ ഇനിയും പലരും തന്നിട്ടില്ല."

"നമ്മുടെ സഖാക്കൾ തരുന്നതുമതി. മറ്റാരെയും ഇതിനായി സമീപിക്കരുതല്ലോ."

കർഷകത്തൊഴിലാളി നേതാവ് വെറ്റിലചണ്ടി ജനാലയിലൂടെ നീട്ടിതുപ്പി. അയാൾ ചിറി തുടച്ച് പറഞ്ഞു:

"കൊയ്ത്തു കഴിഞ്ഞ കാലമാണ്. ആരുടെ കയ്യിലും പൈസയും നെല്ലും കാണില്ല. മൂന്നു ദിവസത്തിന് അരലോറിയെങ്കിലും വേണം."

"നമുക്കെല്ലാമൊന്നിച്ചിറങ്ങണം. നെല്ലും പണവും മാത്രം പിരി ച്ചാൽ പോര. കിട്ടുന്നതെല്ലാം വാങ്ങിക്കണം."

"പക്ഷെ നാട്ടിൽ ഒന്നും തന്നെ ഇല്ലാത്ത സ്ഥിതിയാണ്."

"പാർത്ഥനാണ് കൂടുതൽ ചുമതല വഹിക്കേണ്ടത്."

"അതെന്താ?"

"രൂപകൊണ്ട് പലതും നികത്താൻ കഴിയും. അരി പിരി ച്ചെടുക്കാ നായില്ലെങ്കിലും വാങ്ങിച്ചു ചേർക്കാമല്ലോ. പാർത്ഥൻ കിണഞ്ഞൊ ന്നു ശ്രമിച്ചാൽ മതി. ഉടൻതന്നെ ജില്ലാകമ്മറ്റി വിളിച്ചുകൂട്ടണം. പാർട്ടിയുടെ തീരുമാനത്തെ അറിയിക്കണം. താലൂക്കിന് ഒരോ നിശ്ചിത തുക വീതം നല്കിയാൽ മതി. പ്രവർത്തന ക്ഷമമാണെ ങ്കിൽ കാര്യമെല്ലാം എളുപ്പത്തിൽ ആവും."

"ഞാൻ എന്റെ കഴിവിന്റെ പരമാവധി ശ്രമിക്കാം."

"അതറിയാം. പാർട്ടിയുടെ തീരുമാനത്തെ നമുക്കനുസരിക്ക ണമല്ലോ. ഒരു മുൻമന്ത്രിയുടെ ജില്ലയിൽ പാർട്ടി ഏല്പിച്ച ഒരു കാര്യം ചെയ്തുതീർക്കാൻ ആവില്ലെന്നുവെച്ചാൽ അത് പാർട്ടിക്കു തന്നെ കുറച്ചിലാണ്. കൂടാതെ വ്യക്തിപരമായി എനിക്കൊരു തളർച്ചയുമാണ്."

"വ്യക്തിക്കായല്ലല്ലോ ഇതെല്ലാം....?"

ജാള്യത മറയ്ക്കാനായി അയാൾ ചിരിച്ചുകൊണ്ടു പറഞ്ഞു.

“അതതേ.... ജില്ലയ്ക്ക് ഒരു ചീത്തപ്പേരുണ്ടാകരുതെന്നു കരുതിയാണ് ഞാൻ പറഞ്ഞത്. നമുക്കേതായാലും ഒത്തൊരുമിച്ചു പ്രവർത്തിച്ചു കാര്യസിദ്ധി നേടണം.”

“അതാവാം...”

“ഇനിയുമുണ്ട് പ്രശ്നങ്ങൾ. ഒരാറുബസ്സെങ്കിലും താലൂക്കിൽ നിന്നു വേണം. എൻ.ജി.യോസ് രണ്ടുബസ്സിനുണ്ടാവില്ലേ?”

“തീർത്തു പറയാനാവില്ല. ഏകദേശമുണ്ടാവും...”

“ആറുബസ്സും പന്ത്രണ്ടുലോറിയുമായെങ്കിൽ എല്ലാം ശരിയാവും. മാന്യമായി നമുക്ക് സംഗതികളെ നേരിടാമാവുമായിരുന്നു. ലോറിയിൽ വരുന്നവരിൽനിന്ന് ഒന്നും വസൂലാക്കാൻ കഴിഞ്ഞെന്നുവരില്ല. അവർക്ക് അത്ര കണ്ട് ദാരിദ്ര്യമായിരിക്കും. ബസ്സിനും മറ്റുമായി വേറേയും തുക കണ്ടെത്തണം.”

“നമുക്കിതിങ്ങനെ ചിന്തിച്ചാലാവില്ല. ജില്ലാക്കമ്മെറ്റി ഇടപെടട്ടേ...”

“അതെല്ലാം നിശ്ചയിച്ചുകഴിഞ്ഞു. ഓരോ സംഘടനകൾ അയക്കേണ്ടുന്ന അംഗങ്ങളെ കുറിച്ചുവരെ തീരുമാനിച്ചുകഴിഞ്ഞു. എന്റെ കണക്കുകൂട്ടലിൽ എല്ലാം ശരിയാവും.”

“ജില്ലാസമിതി വിളിച്ചുകൂട്ടട്ടേ. എന്നിട്ട് ഞാൻ വിവരമറിയിക്കാം.”

“എന്നു ചേരനാവും?”

“മറ്റന്നാൾ സമരത്തെക്കുറിച്ച് പ്രത്യേകിച്ചെന്തെങ്കിലുമറിഞ്ഞോ?”

“ഇല്ല...”

“അപ്പോൾ എന്തെങ്കിലും തീരുമാനമുണ്ടാവാനിടയുണ്ടാവും.”

പുകഞ്ഞ് കൊടുമ്പിരിക്കൊണ്ടിരുന്ന അന്തരീക്ഷം തണുത്തുറച്ച് കട്ടിയാവുന്നതു പോലെ. ഭരണകക്ഷിയോട് ചായ്‌വുള്ള സംഘടനയുടെ നേതാക്കൾ ഇരുതോണിയിൽ കാലുവെച്ച് വാതോരാതെ ചിലച്ചുകൊണ്ടേ ഇരിപ്പാണ്.

എന്തുവന്നാലും സമരം ചെയ്യില്ലെന്ന് കച്ചകെട്ടി നിന്നിരുന്ന അവരുടെ തീരുമാനത്തിന് വ്യതിയാനമുണ്ടായപ്പോൾ സമരം നിഷിദ്ധമായി കരുതിയ കുറേ അംഗങ്ങളെല്ലാം വിവിധ സംഘടനകളിലേക്കായി തെന്നിമാറിയിരുന്നു.

വീണ്ടും പുതുതായൊന്നിന്റെ ഉത്ഭവം വായുവിലുണ്ട്. നല്ലപിള്ള ചമയാനായി, നേട്ടത്തിന്റെ കരുക്കൾ നീക്കാൻ മാത്രം പഠിച്ച എതിർപ്പിന്റെ സ്വരമറിയാത്ത കുറേപ്പേർക്ക് ഒന്നും നഷ്ടപ്പെടാതെ നേട്ടത്തെ ഉൽഘോഷിക്കുന്നതിനായുള്ള വഴികണ്ടെത്തേണ്ടിയിരിക്കുന്നു.

പാർട്ടി ഓഫീസിൽ നിന്നിറങ്ങുമ്പോൾ സമയം സന്ധ്യയോടടു

ത്തിരുന്നു. ഒരിടത്തും കൂട്ടുകൂടാതെ ഒറ്റയാനായി വളരേണ്ടിയിരുന്നു! നേട്ടത്തെ മാത്രം കിനാകാണാൻ ശീലിക്കേണ്ടിയിരുന്നു! തന്നിൽ കവിഞ്ഞ് മറ്റുള്ളവരുടെ ചുറ്റുപാടുകളെ കണ്ടറിയുകയെന്നത് ദുരിതമായി കണക്കാക്കുകയാണാവശ്യം.

ഓഫീസിൽ പെൻഡിങ്ങ് ഫയലുകൾ മേശപ്പുറത്ത് കൂമ്പാരമിട്ടു കിടപ്പാണ്. പ്യൂണിനെ വഴിക്കുവെച്ച് കാണാമെന്ന തോന്നലോടെ അയാൾ നടന്നു. അല്ലെങ്കിൽ ഓഫീസറുടെ വീട്ടിൽ ചെന്നു ചാവി വാങ്ങിക്കുകയുമാവാം.

നാലഞ്ചുനാൾ ഉറക്കമിളച്ചാൽ തീരാവുന്ന ഫയലുകളേ കെട്ടിക്കിടപ്പുള്ളൂ.

ഒൻപത്

സമരം നീട്ടിവെച്ചുവെന്ന് പത്രത്തിൽ കണ്ടപ്പോൾ പാർത്ഥന് നീരസമാണ് തോന്നിയത്. കുറേ നാളത്തെ കഠിനാദ്ധ്വാനവും വാക്കുകളും വ്യർത്ഥമായിരിക്കുന്നു.

വിമത സംഘടനയുടെ നേതാക്കൾ സർക്കാരിനു കീഴ്പെട്ട് സ്വരമടക്കിയിരിക്കയാണ്. ഒരൊത്തുതീർപ്പിന്റെ ലോഞ്ചിൽ കരപറ്റാൻ ശ്രമിക്കുകയാണു കൂട്ടുകക്ഷികൾ.

സത്യത്തിൽ എല്ലാരും സമരത്തെ ഭയപ്പെടുന്നതുപോലെ തോന്നുന്നു. സിംഹഗർജ്ജനം മുഴക്കാനല്ലാതെ രണാങ്കണത്തിലേക്ക് കുതിച്ചുചാടാൻ ആരും തയ്യാറില്ല.

പാർത്ഥന് അനേകം പേരോട് ഉത്തരം നല്കാനുണ്ടായിരുന്നു. എല്ലാവരോടും മുട്ടുന്യായങ്ങൾ പറഞ്ഞ് രക്ഷനേടുകയായിരുന്നു പതിവ്.

സ്ഥിരം മൂരാച്ചിയായ സൂപ്രണ്ട് പണിക്കർ അഞ്ചുരൂപ സംഭാവന നല്കിയത് ഏറെക്കുറെ സംസാരവിഷയമായിരുന്നു. കഴിഞ്ഞ സമരത്തിന് സൂപ്രണ്ട് തലയിൽ തുണിയിട്ട്, തെറി യാതൊരു കൂസലമില്ലാതെ കേട്ട് ഇരിപ്പിടം തേടിപ്പോവുകയായിരുന്നുവത്രേ.

അല്ലാതെ തന്നെ വിശന്നു പൊരിഞ്ഞ് ഗതിമുട്ടിനില്ക്കുന്ന കുറേ മനുഷ്യാത്മാക്കളെക്കുറിച്ച് എനിക്കറിയാം. അവരുടെ ആർത്തി പൂണ്ട ഉണ്ടക്കണ്ണുകൾ ലോകത്തെ ആകെ ദഹിപ്പിക്കാൻ പോന്നവയാണ്.

സൂപ്രണ്ട് ഒരു പൂർവ്വാനുഭവം വിവരിക്കയായിരുന്നു. ഇതിനിടെ

എന്തും ഒളിമറയില്ലാതെ തുറന്നുപറയാൻ തക്ക മൈത്രി ഞാൻ നേടിയെടുത്തിരുന്നു.

ലഡാക്കിനപ്പുറത്തെ കൊടുംകാട്ടിൽ കല്ലുമരവിക്കുന്ന ശീതകാലത്ത് ശത്രുവിന്റെ നെഞ്ചുപിളർത്തി തീയുണ്ട വർഷിക്കേണ്ടിയിരുന്ന അയാൾ ഉത്തരപ്രദേശുകാരനായ മറ്റൊരു ജവാനോടൊത്ത് കാട്ടിൽ അഭയം തേടുകയായിരുന്നു. പിന്നീട് ശത്രുപിടിച്ച് യുദ്ധാവസാനമുണ്ടായ കരാറ് പ്രാബല്യത്തിൽ വരുന്നതുവരെ തടങ്കൽ പാളയത്തിലായിരുന്നുവത്രേ.

വീട്ടിലെ പുകയാത്ത അടുപ്പുകണ്ട് കണ്ണീരും കയ്യുമായി മിലിട്ടറിയിലേക്കു ചെന്നു. മനുഷ്യർ ഘോരമായ വനാന്തരത്തിൽവെച്ച് ചീറിവന്ന ഷെല്ലിന് ഇരയാവുമ്പോൾ ധീരനും ദേശാഭിമാനിയുമായ ജവാന്മാരുടെ കുടുംബം വീണ്ടും പതിക്കുന്നത് പട്ടിണിയുടെ പാളയത്തിലേക്കാണ്!

ഇവിടെ കർമ്മത്തിന്റെ യഥാതഥമായ അർത്ഥം പോലും നഷ്ടപ്പെട്ടിരിക്കുന്നു! യാന്ത്രികത്വത്തിന്റെ മുഖഛായയുള്ള പ്രവൃത്തി ചെയ്തുതീർക്കുമ്പോൾ അലോസരപ്പെടുന്ന സ്വന്തം മനസ്സിനോട് അടങ്ങിക്കിടക്കുവാൻ കല്പിക്കുകയേ നിവൃത്തിയുള്ളൂ.

പ്യൂൺ ബാലകൃഷ്ണന്റെ വിവാഹത്തിന് കൂട്ടായി പിരിച്ച സമ്മാനവുമായി ചെല്ലുമ്പോൾ അടുത്തു വസൂലാക്കേണ്ടുന്ന സദ്യയെക്കുറിച്ച് പറഞ്ഞ് എന്റെ വിവാഹത്തിന് പഴുതിട്ട് പണിക്കർ സംസാരിക്കുകയായിരുന്നു.

രോഹിണിയെ തുറസ്സായ മൈതാനത്തു നിന്ന് കാടുപടലം കയറിയ വിട്ടിലേക്ക് വെറും കയ്യോടെ ക്ഷണിക്കേണ്ടിയിരിക്കുന്നു. അവകാശങ്ങളുടെ പേരിൽ ഇരുവർക്കും കുടുംബമഹിമയെപ്പറ്റി വീമ്പിളക്കാവുന്നതാണ്. ഫലത്തിൽ തൂത്തെറിഞ്ഞ, കുടി ഒഴിക്കപ്പെട്ട ദുർഭൂതങ്ങളാണ്.

പെണ്ണിന്റെ മനസ്സറിഞ്ഞ് ഇടക്കിടെ ചെന്നുകാണുമ്പോൾ അവൾക്ക് അമിതാഹ്ലാദമാണ്. പന്ത്രണ്ടുകഴിഞ്ഞതും എന്നെ കവച്ച് തിടുക്കത്തോടെ മുന്നാക്കം നടന്ന, പ്രായം തികഞ്ഞ രേണുകേടത്തിയോട് എനിക്കസൂയ ആയിരുന്നു. അമ്പലത്തിൽ സന്ധ്യക്കെന്നും കൂട്ടിന് ഞാനായിരുന്നുവല്ലോ ചെല്ലാറുണ്ടായിരുന്നത്.

പാടവക്കത്തെ കലുങ്കിലിരുന്ന് ചൂളംകുത്തി രേണുകേടത്തിയെ ഏറുകണ്ണിട്ടു നോക്കി രസിച്ചിരുന്ന യുവാവിനെ ഒരു ശകുനപ്പിഴയെപ്പോലെ എന്നും കാണുമായിരുന്നു. രേണുകേടത്തി ഇടംവലംവെട്ടി വഴി അകന്നു നടക്കുമ്പോൾ അയാൾ അപ്പോഴും ഇരുപ്പു തുടരുക തന്നെ ആവും.

എന്നിട്ട് ഒടുക്കം അയാളുടെ മുഖമടച്ച് രേണുകേടത്തി ഇഷ്ടക്കേട് പ്രദർശിപ്പിച്ചപ്പോൾ ഒഴിയാബാധയ്ക്ക് ഒരു വിരാമം വീഴുകയായിരുന്നു.

അനന്തേട്ടൻ വീണ്ടുമൊരാവർത്തികൂടി എഴുത്തിട്ടിരിക്കുന്നു. അമ്മ ചൊല്ലിക്കൊടുത്ത വാചകങ്ങളെ അതേപടി ഉരുവിട്ടിരിക്കയാണ്.

വെറുതെ സംസാരിച്ചുവന്നപ്പോൾ പ്രേമത്തെക്കുറിച്ച് അമല തന്നെയാണ് പറഞ്ഞത്.

"സ്നേഹിക്കാൻ തക്ക ഹൃദയമുള്ളവരാരും ഇവിടെ ഇല്ല പാർത്ഥേട്ടാ. എല്ലാവരേയും കാമിക്കാൻ കൊള്ളാം. രഹസ്യമായി എന്തിനും മനുഷ്യർ തയ്യാറാണ്, പക്ഷേ ലോകരറിയുമ്പോഴേ ഉള്ളൂ എല്ലാവർക്കും വെഷമം. മാനഹാനിയുടെ പേരിൽ ഇത്രയുംകാലം നിലനിർത്തിപ്പോന്ന സ്ഥാനമാനങ്ങൾക്ക് ഇടിവുതട്ടുന്നതോർത്താണ് പലർക്കും ഭയം!"

"അപ്പോൾ എന്റേത്?"

"പാർത്ഥേട്ടൻ പൊതുവിൽ ഇന്നത്തെ പലരിൽനിന്നും വ്യത്യസ്തനാണ്."

മിനുത്തതും ആർഭാടമില്ലാത്തതുമായ തരംതാണ വസ്ത്രങ്ങളണിഞ്ഞുനടക്കുമ്പോൾ രോഹിണിക്ക് ലേശം പരിഭവമുണ്ട്. മുഷിഞ്ഞു കോലംകെട്ട എന്റെ പ്രാകൃത രൂപത്തെക്കണ്ട് പലപ്പോഴും കളിയാക്കപ്പെടുന്നത് അവളാണ് താനും.

അമല തീയിട്ട് പെട്ടി ചൂടാക്കി എന്റെ വസ്ത്രങ്ങൾ ഇസ്തിരി ഇടുന്നത് കാണുമ്പോൾ നേർത്തൊരു ചിരിയാണ് തോന്നാറ്. ഒരിക്കൽ ശമ്പളം വാങ്ങിച്ചതിന്റെ തലേന്ന് ഒരിരുമ്പുപെട്ടി വാങ്ങണമെന്ന് ശഠിച്ച് കീശയിൽനിന്ന് അവകാശപൂർവ്വം രൂപയെടുക്കയായിരുന്നു അവൾ.

രണ്ടു രാത്രി ഉറക്കമിളച്ചതിന്റെ ഫലമായി കെട്ടിക്കിടന്നിരുന്ന ഫയലുകളെല്ലാം തന്നെ തീർന്നിരിക്കുന്നു.

പാർട്ടി ഓഫീസിൽനിന്ന് ഓടിപ്പിടഞ്ഞ് ഓഫീസിലെത്തുമ്പോൾ സമയം പത്തിനോടടുത്തിരുന്നു. പാർത്ഥൻ സീറ്റിൽ ചെന്നിരുന്ന് പാഡിന്റെ ചുവന്ന കുടുക്കഴിക്കുമ്പോൾ ബാലകൃഷ്ണൻ രജിസ്റ്ററുമായെത്തി. ഒപ്പിട്ട് പണി തുടരുമ്പോൾ ടൈപ്പ്റേറ്ററിന്റെ താളമേളങ്ങളും ഒപ്പത്തിന് ഉയരുന്നുണ്ടായിരുന്നു.

രാത്രി പെയ്ത മഴ പൊങ്ങിപ്പെരുത്ത ചൂടിന് ശാന്തി നൽകിയിരിക്കുന്നു. ആകാശത്ത് നരച്ച കാർമേഘങ്ങൾ ഒറ്റതിരിഞ്ഞ് നടപ്പുണ്ട്. സൂര്യപ്രകാശത്തിന് ലേശം മങ്ങലേറ്റിട്ടുണ്ട്.

സൂപ്രണ്ട് പണിക്കർ ബദ്ധശ്രദ്ധനായി എഴുത്തു തുടരുകയാണ്. രണ്ടു നാൾകൊണ്ട് മേശപ്പുറത്തു മാസങ്ങളായി കെട്ടിക്കിടന്നിരുന്ന ഫയലുകൾ ഒഴിഞ്ഞപ്പോൾ എല്ലാവർക്കും ആശ്ചര്യമായിരുന്നു. ഓഫീസർ അകത്തേക്കു വിളിച്ച് എന്റെ കാര്യക്ഷമതയെ പുരസ്ക്കരിച്ച് അഭിനന്ദിക്കുക പോലുമുണ്ടായി.

വീണ്ടും ഏജൻസിക്കായി അപേക്ഷിക്കപ്പെട്ട ഫയൽ വിറ്റുകിട്ടിയ തുക ട്രഷറിയിൽ ഒടുക്കാഞ്ഞു കേസ്സും കൂട്ടവുമായി ഒടുക്കം വീട് ജപ്തിചെയ്യേണ്ടിവരുന്ന ഘട്ടം ആസന്നമായപ്പോൾ പിഴസംഖ്യയടക്കം തുകകെട്ടി വെച്ച് രക്ഷപ്രാപിക്കുകയായിരുന്നു അബൂബക്കർ. പഴയ ഓഫീസർ ഉണ്ടായിരുന്നപ്പോഴും അയാളുടെ അപേക്ഷ നിരാകരിക്കുകയായിരുന്നു.

പാർത്ഥൻ ഫയലുമായി അകത്തേക്കു നടന്നു.

ഓഫീസർ അപേക്ഷയിലൂടെ കണ്ണോടിച്ചു നോക്കിയതിനു ശേഷം പറഞ്ഞു:

“നമുക്കനുവദിച്ചു കൊടുക്കാമല്ലോ.”

“പക്ഷേ ഒരിക്കൽ ഏജൻസി ഡീബാർ ചെയ്തതാണ്. തുക അടച്ചിരുന്നില്ല. പിന്നീട് ഒരപേക്ഷ തന്നപ്പോഴും റിജക്ട് ചെയ്യുകയാണുണ്ടായത്.”

“ഓ...ഞാൻ അനുവദിക്കണമെന്നു കരുതിയതാണ്.. പാവം മനുഷ്യനാണ്. ദൈന്യങ്ങളെക്കെ പറഞ്ഞു എന്നെ വീട്ടിൽ വന്നു കണ്ടു. ശരി ആ ഫയൽ തരൂ. ഏതായാലും റിജക്ട് ചെയ്തേ പറ്റൂ....”

ഫയലു നൽകി തിരിച്ചുനടക്കുമ്പോൾ അയാൾ പുറകേന്നു വിളിച്ചു. പാർത്ഥൻ തിരിഞ്ഞുനിന്നപ്പോൾ ചോദിച്ചു:

“ഞാനിന്നലെ മുകുന്ദനെ കണ്ടിരുന്നു. അപ്പോഴാണ് പാർത്ഥൻ മുകുന്ദന്റെ ഏട്ടനാണെന്നറിഞ്ഞത്. ഞങ്ങൾ ക്ലാസ്സ്മേറ്റ്സ് ആയിരുന്നു.”

ഒരു തുറന്ന സംസാരം ഒഴിവാക്കാനായി തിരികെ സീറ്റിലേക്കു നടക്കുമ്പോൾ അയാൾ മുകുന്ദൻ പറഞ്ഞിരിക്കാവുന്ന വാക്കുകളെക്കുറിച്ച് ചിന്തിക്കയായിരുന്നു.

സീനിയർ വക്കീലിന്റെ കേസ്സിനായി കോടതിയിൽ വരാറുണ്ടെന്ന് അറിയാമായിരുന്നു. ഒരു തവണപോലും എന്നെ വന്നുകാണാൻ തക്ക സന്മനസ്സ് അവൻ പ്രദർശിപ്പിച്ചിരുന്നുമില്ല. അവന്റെ സ്ഥാനമാനങ്ങൾക്കൊത്ത വിധം ബഹുമാന്യനല്ലാത്ത, പിച്ചക്കാശു പോലെ തുച്ഛശമ്പളം പറ്റുന്ന എന്നെ അടുപ്പിക്കുന്നതിലേ അത്ഭുതമുള്ളൂ.

ഭാര്യയുടെ അച്ഛൻ വക്കീൽപണി നിർത്തുന്നതോടെ അവന്റെ

ശുഭ്രനക്ഷത്രം തെളിയുകയാവും. പ്രസിദ്ധ ക്രിമിനൽ വക്കീലായ അയാളുടെ പ്രശസ്തി പിന്നീട് മുകുന്ദനാവും. ഉന്നതിയുടെ കോണികൾ ചവിട്ടികയറാനായി അവൻ ഒരു വിവാഹം നടത്തുകയായിരുന്നുവല്ലോ.

ലായറിന്റെ പുന്നാരമോളുടെ വീരസ്യം പറഞ്ഞ് രേണുകേടത്തി മൂക്കത്ത് വിരൽ വെച്ചു. കോളേജിലേക്ക് രണ്ടു നേരവും കൊണ്ടു ചെല്ലുന്ന ഡ്രൈവറിൽ നിന്ന് കാമത്തിന്റെ ആദ്യപാഠം പഠിച്ച് വിരചിതയായ പെണ്ണ്.

പുരുഷനോടൊത്ത് ഒളിച്ചോടിയ അവളെ തിരഞ്ഞു പിടിച്ച് നല്ലൊരുത്തന്റെ കൈക്കേല്പിക്കാനായി കാത്തിരുന്നപ്പോൾ ഭീമമായ ഒരു കളങ്കത്തെ അവസരോചിതം ഉപയുക്തമാക്കുന്നതിൻ വിജയം വരിക്കുകയായിരുന്നു മുകുന്ദൻ.

സ്ത്രൈണത തൊട്ടുതീണ്ടാത്ത മിസ്സിസ്സ് മുകുന്ദനെ ഒരു നോക്കുപോലും ഞാൻ കാണുകയുണ്ടായില്ല. വിവാഹക്ഷണക്കത്ത് കിട്ടിയപ്പോൾ അറിഞ്ഞില്ലെന്നു ഭാവിച്ചിരിപ്പായിരുന്നു. സാന്നിദ്ധ്യ പ്രതീക്ഷകരുടെ പേരു വിവരത്തിൽ നിന്നുപോലും ഞാൻ മാറ്റപ്പെട്ടിരുന്നു.

ഇടവേളയ്ക്കുള്ള ചായകുടിച്ചുകൊണ്ടിരിക്കുമ്പോൾ പണിക്കർ അരികത്തുവന്നു.

‘‘ഇന്ന് ചെറുക്കന്റെ വീട്ടുകാർ വീണ്ടും വരും. പാർത്ഥൻ വരണം.’’

‘‘ഞാനോ....? അതിനൊന്നും ഞാൻ വരേണ്ടതില്ലല്ലോ...?’’

‘‘അതല്ല, എന്റെ സംതൃപ്തിക്കാണ്. പാർത്ഥൻ തീർച്ചയായും വരണം. വൈകിട്ടേ അവർ വരൂ.’’

‘‘ഇന്നേതായാലും വരാൻ പറ്റില്ല. വൈകിട്ട് ഒരു യോഗമുണ്ട്.’’

പാർട്ടിയുടെ പിരിവ് ഒരു വിധം പുരോഗമിക്കുന്നുണ്ട്. ടാർജറ്റിന്റെ അറ്റമെത്താറായിരിക്കുന്നു പിരിച്ചുകിട്ടിയ തുക. എല്ലാം ചെയ്തു തീർത്ത് ഒന്ന് ഇരിക്കപ്പൊറുതി കിട്ടിയാൽ മതിയായിരുന്നു.

സൂപ്രണ്ട് വീണ്ടും ജോലിയിലേക്ക് ശ്രദ്ധതിരിച്ച് ജാഗരൂകനായിരിക്കുന്നു. ചുഴറ്റിക്കൊണ്ടിരിക്കുന്ന ഫാനിന്റെ മുഴക്കം മുറിയെ ഭേദിക്കുന്നുണ്ട്. മഴക്കാലത്തിന്റെ വരവറിയിക്കുന്ന മേഘങ്ങൾ ആകാശത്ത് തമ്പേറു നടത്തുകയാണ്.

അമ്മായിയുടെ വീട്ടിലെ തൃക്കാക്കരപ്പൻ മനസ്സിൽ അള്ളിപ്പിടിച്ചു കിടപ്പാണ്. അത്തച്ചമയങ്ങൾക്കൊപ്പം ആരംഭിക്കുന്ന ഓണത്തിന്റെ ദൈർഘ്യം സ്കൂളവധി കഴിയുന്നതുവരെ നീണ്ടുനിൽക്കും.

ഉണ്ണിയപ്പവും പുത്തിരിയും തിന്ന് മേനികൊഴുത്തു നടക്കുകയായിരുന്നു അന്നൊക്കെ. മുത്തശ്ശിയുടെ പടുകഥകൾകേട്ട് ഉച്ച

നേരത്ത് ഉറക്കം തൂങ്ങിക്കൊണ്ടിരിക്കുന്ന ചെക്കൻ ആപ്രത്യക്ഷ നായിരിക്കുന്നു.

പശിമയും വളക്കൂറുമുള്ള മണ്ണിന്റെ തന്മയത്വമുള്ള പ്രകൃതിയുടെ ഛേദമായിവളർന്നു വന്ന അച്ഛൻ തറവാട്ടിന്റെ പിഴയായി തീരുക യായിരുന്നു. നാടും വീടും കൂറ്റുകാരേയും മറന്ന് നഗരത്തിന്റെ മോടി യിൽ അഭയം തേടിയ അച്ഛൻ.

മുത്തശ്ശിക്ക് ഏകമകൻ ജീവിച്ചിരിക്കേ തന്നെ വേർപിരിഞ്ഞു വല്ലോ എന്നോർത്തായിരുന്നു ദുഃഖം. ചിന്തകൾ മദിച്ച മനസ്സുമായി ഇടയ്ക്കെല്ലാം അവർ കരയുമായിരുന്നു.

വിധിയുടെ തുറുപ്പുചീട്ടിൽ അഭയം തേടുക ആശ്വാസകരമാണ്! ഒരെത്തും പിടിയും കിട്ടാതെ ഭഗ്നനായി ജീവിതത്തെ ചികഞ്ഞു കൊണ്ടിരിക്കുകയാണ് ദുഃഖം, ദുരന്തം! തന്റെ നേട്ടങ്ങളെല്ലാം ചിര സ്ഥായിയാണെന്നു ഭാവിച്ച്, മഹോന്നതമാണെന്നുകരുതി, ജീവി ക്കാൻ പഠിക്കേണ്ടിയിരിക്കുന്നു!

പുരകത്തുമ്പോൾ അതിനകത്തകപ്പെട്ട് വെന്തുവെണ്ണീറാകുന്ന മനുഷ്യരെ ഓർക്കാതിരിക്കുക അസാദ്ധ്യമാണ്. കഴിവതും അവർ ക്കായി ഒരു നിമിഷമെങ്കിലും പാഴാക്കേണ്ടിയിരിക്കുന്നു.

ഉച്ചയ്ക്കുള്ള ഇടവേളയിൽ നിരത്തിലെ മാടക്കടക്കരികെ നിന്ന് പതിവുപോലെ സിഗരറ്റ് പുകക്കുകയായിരുന്നു പാർത്ഥൻ. ചുമലിൽ വീണ എല്ലിച്ച കൈപ്പത്തിയെ എടുത്തുമാറ്റുമ്പോൾ അപരിചിതന്റെ മുഖത്തേക്ക് തറപ്പിച്ചുനോക്കി.

തിരിച്ചറിയാനായില്ലെന്നു മനസ്സിലാകാഞ്ഞാവും അയാൾ പറഞ്ഞു: “വരൂ പറയാം...”

ഓഫീസുകെട്ടിടത്തിന്റെ ആളൊഴിഞ്ഞ പിൻവശത്തെത്തിയ പ്പോൾ അയാൾ പറഞ്ഞു:

“ഞാൻ പരശുരാമനാണ്.”

തികച്ചും വിഭിന്നമായ രൂപം. കണ്ണുകൾക്ക് ആഴം വീണിരിക്കുന്നു. എങ്കിലും തിളക്കമുണ്ട്. ക്ഷൗരം ചെയ്യാത്തമുഖം രോമാവൃതമാണ്. തലയിലെ ചകിരിപോലത്തെ എണ്ണമയമില്ലാത്ത മുടി ചുമലിനു താഴേക്ക് പടരുന്നുണ്ട്. ശരീരം നീണ്ടു ചടച്ച് വല്ലാത്ത പരുവത്തി ലാണ്.

“നീ ഇവിടെ ?”

“അതെ... വന്നുപെട്ടുവെന്നേ ഉള്ളൂ. ഉടനടിതന്നെ എനിക്ക് പോ വുകയും വേണം. നീ ഇവിടെയാണെന്ന് പെട്ടെന്നാണ് ഓർത്തത്.”

“ഒരു നീണ്ട യാത്ര കഴിഞ്ഞു...” ക്ഷീണിച്ചതും ആലസ്യം നിറ

ഞ്ഞതുമായ സ്വരം. പരശുരാമന്റെ ചിത്രം പത്രത്തിൽ പൂർണ്ണ വലുപ്പത്തിൽ പ്രസിദ്ധീകരിച്ചിരുന്നു.

തീവ്രാവേശമെന്ന് പരക്കെ വാഴ്ത്തപ്പെടുന്ന ഒരു പന്ഥാവിലൂടെ രാജ്യഭാരമെന്ന സിംഹാസനത്തിന്റെ ആണിക്കല്ലുകളെ ധൂളിയാക്കാൻ ശ്രമിക്കുകയായിരുന്നു അയാൾ. തോക്കിനുനേരെ തോക്കു ചൂണ്ടിനില്ക്കുമ്പോൾ കിരാതന്മാരുടെ കാലശേഷം പൊട്ടിവിടരാവുന്ന പരിശുദ്ധവും ദിവ്യവുമായ ദിവസങ്ങളെ അവർക്ക് മുന്നിൽ കാണാൻ കഴിഞ്ഞിരുന്നു.

ഒരിക്കലും അടിയറവു പറയാത്ത, ക്ഷമിക്കാത്ത, ഇരുമ്പിന്റെ കാഠിന്യമുള്ള ശക്തിമത്തായ ബലിഷ്ഠ മനസ്സുകൾക്കു മുമ്പിൽ നരകത്തെപ്പോലും കിടിലംകൊള്ളിക്കുന്ന, സംസ്കാരത്തിന്റെ അറിവുതീണ്ടാത്ത പൈശാചിക മേലാളന്മാരുടെ ഉത്തരവിനെ നെറിയോടെ അനുസരിക്കുന്ന അവരുടെ ആയുധങ്ങളുടെ മുനമ്പുകൾ മനുഷ്യമാംസത്തിന്റെ രുചിയറിഞ്ഞ് മടുത്ത് പിൻമാറുകയായിരുന്നു.

മൊട്ടുസൂചി മുനകൾ കയറി പരശുരാമന്റെ കാൽവിരലുകൾ പഴുത്ത് ചലംകെട്ടിയിരുന്നു.

ജയിലിന്റെ സംരക്ഷിത ഭിത്തിയെ നടുക്കിക്കൊണ്ട് ഒരർദ്ധരാത്രിക്ക് മൂവരും രക്ഷപ്പെടുകയായിരുന്നുവല്ലോ.

“എനിക്കൊരു പത്തു രൂപ വേണം....”

പാർത്ഥൻ കീശയിൽ തപ്പിനോക്കി.

“അഞ്ചേയുള്ളൂ...”

“മതി...”

രൂപ വാങ്ങിച്ച് ചുമലിലെ ഭാണ്ഡക്കെട്ടിലേക്ക് തിരുകുമ്പോൾ അയാൾ പറഞ്ഞു.

“നീ എന്റെ വരവിനെ പോലീസിന് ഒറ്റുകൊടുക്കില്ലെന്ന് വിശ്വസിക്കുന്നു. ഇനി എനിക്കൊന്നുറങ്ങണം. നിനക്കതിന് സൗകര്യം ചെയ്തു തരാനാവുമോ ?”

“എന്റെ മുറിയുണ്ട് ഞാനൊരു വീട്ടുകാരോടൊത്താണു താമസം.”

“അതാണു സൗകര്യം...”

“എന്നാൽ വരൂ...”

ടൗൺബസ്സിൽ കയറുമ്പോഴും ഗ്രാമത്തിലൂടെ നടക്കുമ്പോഴും പരശുരാമനെ ആരും തിരിച്ചറിയുന്നില്ലെന്നു തിട്ടപ്പെടുത്താൻ ശ്രമിക്കുകയായിരുന്നു പാർത്ഥൻ. പത്രത്തിൽ സുമുഖനായ ഒരുത്തനായിരുന്നു. കോളജിൽ പഠിക്കുന്ന കാലത്തെടുത്ത പടം.

ഗ്രാമം ആളനക്കമില്ലാതെ ശൂന്യമായി കിടപ്പാണ്. വാതിൽ

തുറന്ന വൃന്ദ അപരിചിതനെ കണ്ട് പിന്നോക്കം മാറിനിന്നു. മുറിയിലെത്തിയപ്പോൾ പറഞ്ഞു:

"ഇവിടെ കിടന്നോളൂ. ഞാൻ വൈകിട്ടുവരാം. ആ ജനാല തുറന്നിട്ടാൽ നല്ല കാറ്റു കിട്ടും."

താഴെ കോണിച്ചുവട്ടിൽ വൃന്ദ അത്ഭുതം പൂത്ത കണ്ണുകളുമായി നിൽപ്പുണ്ടായിരുന്നു.

"എന്റെ സ്നേഹിതനാണ്. വല്ലതും ആവശ്യപ്പെട്ടാൽ കൊണ്ടു കൊടുക്കണം." അവൾ അതെയെന്നറിയിക്കാനായി തലകുലുക്കി.

സൂട്ട്കേസിൽനിന്ന് ചില്ലറ തപ്പിയെടുക്കാനായി വീണ്ടും മേലോട്ടുചെന്നപ്പോൾ പരശുരാമൻ അന്തംവിട്ടതുപോലെ കിടന്നു റക്കമാണ്. എല്ലാവർക്കും വേണ്ടി ഗോദായിലിറങ്ങി ആർക്കും വേണ്ടാത്തവനെപ്പോലെ തെണ്ടിനടന്ന് ആകെ വശംകെട്ടിരിക്കുന്നു!

വൈകിട്ട് ഒരു ഡോക്ടറെ ചെന്നു കാണിക്കണം.

അട്ടയെപ്പോലെ നികൃഷ്ടനും ക്രൂരനുമാണെന്ന് പലരും വിളിച്ചോതുമ്പോഴും പരശുരാമനെ അവഗണിക്കാനാവുന്നില്ല. ഒരു തരത്തിൽ എന്നിൽ പരിധിക്കപ്പുറം വളരാവുന്ന കാഴ്ചപ്പാട് സൃഷ്ടിച്ചത് പരശുരാമനായിരുന്നുവല്ലോ.

കോളേജിനപ്പുറത്തുള്ള വെളിപ്രദേശത്തിലിരുന്ന് ഉശിരൻ വാഗ്വാദങ്ങൾ നടത്തുമ്പോൾ പരശുരാമന്റെ ധീരോദാത്തമായ വാചാലതയെ മറികടക്കാൻ ഞാനശക്തനായിരുന്നു. സമൂഹത്തിലെ പൊരുത്തക്കേടുകളുടെ സംക്ഷിപ്തരൂപത്തെ അനായാസമായി വിശ്ലേഷിച്ച് അന്തരാളത്തിൽ കുടി കൊണ്ടിരുന്ന ആത്മസത്തയെ ചികഞ്ഞുപിടിക്കാൻ ആൾ വിരുതനായിരുന്നു.

പരശുരാമൻ പൗരാണിക പരശുരാമനെപ്പോലെ ദിഗ്വിജയിയായി കിരാതന്മാരുടെ രക്താഭിഷേകം നടത്തി ഇപ്പോഴും വിലസുന്നു. നാടുകൾതോറും ഒളിവുസങ്കേതങ്ങൾ തേടി പുനഃപ്രതിഷ്ഠിക്കപ്പെടുന്നു.

ചെമ്പോട്ടിയുടെ മകനായ പരശുരാമന് വാർപ്പിന്റെ കേടുപാടുകളെകുറിച്ചേ അറിയേണ്ടിയിരുന്നുള്ളൂ. എന്നിട്ടും അയാൾ ലോകത്തെ കണ്ടുപിടിക്കയായിരുന്നു.

സന്താനങ്ങൾ ധാരാളമുള്ള കുടുംബത്തിലെ തലതൊട്ടപ്പനായിരുന്നു അയാൾ. മകനെ പട്ടിണി കിടന്ന് പഠിപ്പിക്കുമ്പോഴും ഒരു നല്ല നാളയെ, സുഭിക്ഷദിനങ്ങളെ അച്ഛൻ മുന്നിൽ കണ്ടിരുന്നു.

വ്യക്തമായ അവബോധത്തോടെ പാഠപുസ്തകങ്ങളുടെ താഴും തഴതുമിട്ട ചാലുകളെ മീറി, ആഭാസമയമായ വാക്കുകളുടെ പരിധി വിട്ട് സഞ്ചരിച്ചപ്പോൾ മറച്ചുപിടിച്ചിരുന്ന ഒരു കണ്ണാടിയിൽ പ്രതി

ബിംബിച്ചുകണ്ട അനേകം നിഴലുകളെ അയാൾക്ക് തിരിച്ചറിയാനായി.

ക്ലാസ്സുമുടക്കുന്നതിനെ ശാസിച്ച അദ്ധ്യാപകന്റെ മുഖത്തു നോക്കി പരശുരാമൻ പറഞ്ഞു:

“എനിക്കിതിൽ പ്രത്യേകിച്ചൊന്നും കാണാൻ കഴിയുന്നില്ല സാറെ. സായിപ്പ് പറഞ്ഞുവന്നതിനെ ആവശ്യമറിയാതെ പഠിപ്പിച്ചു കൊണ്ടിരിക്കുന്ന നിങ്ങളും കുതിരക്ക് കണ്ണടവെച്ചതുപോലെ സത്യത്തെ കാണാതെ ചൂണ്ടിക്കാണിക്കുന്ന വഴിക്കുമാത്രം നടക്കുന്ന ഞാനും വിഡ്ഢികളാണ്. സാറിന്റെ കുടുംബത്തിൽ വകയുണ്ടായിരുന്നു. പഠിച്ചതിന്റെ പേരിൽ നാലക്കം ശമ്പളം വാങ്ങാനൊത്തു. കന്നുമേയ്ക്കുന്ന ചാത്തു ദരിദ്രനാണ്. അവന് അവസരമില്ലാത്തതിനാൽ മറ്റൊരുത്തന്റെ ദാസ്യപ്പണി ചെയ്യേണ്ടിവരുന്നു. സാറ് സർക്കാറിനായി മറ്റു ബുദ്ധികളെ സൃഷ്ടിക്കാൻ ദാസ്യപ്പണി ചെയ്യുന്നു; അത്രന്നെ.”

കോപം മൂത്ത് മാഷ് ക്ലാസിൽനിന്നിറങ്ങിപ്പോവാൻ ജല്പിക്കുമ്പോൾ ചുണ്ടത്ത് നറുംപുഞ്ചിരിയുമായി പുസ്തകം കക്ഷത്തിലിറുക്കി പിടിച്ച് വെളിക്കുകടക്കുകയായിരുന്നു, പരശുരാമൻ.

റബ്ബറിന്റെ മണമുള്ള മലഞ്ചരുവുകളിൽ അടിച്ചമർത്തപ്പെട്ട മനുഷ്യരുടെ പുനർജനിക്കായി യത്നിച്ച് ഒടുക്കം മോചനത്തിന്റെ വ്യക്തവും നൂതനവുമെന്നു പറയാവുന്ന ഒരു പാതയിൽ അയാൾ ചെന്നെത്തിയപ്പോൾ ഏതോ ഒരു ഭീകരസത്വത്തിന്റെ പേരുകേൾക്കേ എന്നോണം പത്രലോകം വാർത്തകൾക്കു നിറംപിടിപ്പിച്ച് അച്ചടിച്ചുപോന്നു.

നാട്ടിലെ ഊടുവഴികളിൽവെച്ച് എന്നെങ്കിലും കാൺകെ അയാൾ മൃദുവായി മന്ദഹസിച്ച് നടന്നുനീങ്ങുകയായിരുന്നു പതിവ്.

ബലിഷ്ഠമായ ആത്മബന്ധമായിരുന്നിട്ടും ഒരു വിടവ്, ഇടയ്ക്കു വളർന്നുവന്നിരുന്ന താത്വികചിന്തയുടെ വേരുകൾ ചെന്നെത്തിയത് നിശിതമായ രണ്ടു വിഭിന്ന ധ്രുവങ്ങളിലായിരുന്നുവല്ലോ-

രാത്രി വീണ്ടും മഴപെയ്യുമെന്നു തോന്നുന്നു. ആകാശം മൂടിക്കെട്ടികിടപ്പാണ്. കാർമേഘങ്ങൾ ഉരുണ്ടുകൂടി കിഴക്കിൽ അടിഞ്ഞിരിക്കുന്നു.

ഒരു കർക്കടകത്തിൽ കോളുപൊട്ടി പുഴവക്കത്തുള്ള അമ്മായിയുടെ പാടം നിറച്ചും വെള്ളം കവിഞ്ഞു കിടപ്പായിരുന്നു. കതിരണിഞ്ഞ ഞാറ് ചീഞ്ഞ് ദ്രവിച്ച് പുഴയുടെ അംശമായി.

ഏറ്റുമീനുകൾ മുറ്റത്തുപോലും എത്തിയിരുന്നു. രേണുകേടത്തിയുമൊത്ത് കവറക്കുടയുമായി പറമ്പത്തേക്കു നടക്കുമ്പോൾ

അമ്മായി അകമുറിയിലിരുന്ന് ശകാരിക്കുകയാവും. വിരുന്നുകാരനായതിനാലാവും ഭാഗ്യത്തിന് ഞാൻ ഒഴിവാക്കപ്പെട്ടിരുന്നു.

തെങ്ങുകൾ മുക്രയിടുന്നു, ഇരുട്ടു കൊടുമ്പിരിക്കൊണ്ടു വാഴുന്ന, ഇടിവെട്ടത്തിൽമാത്രം വഴി തെളിഞ്ഞുകാണുന്ന നാട് ധന്യമാണ്.

അനന്തേട്ടന് അവിടമെന്നും ഓണംകേറാമൂലയായിരുന്നു. സംസ്ക്കാരശുദ്ധിയില്ലാത്ത അവിടേയ്ക്കു ചെല്ലാൻ എന്നും ഭയമായിരുന്നുവല്ലോ.

പാർത്ഥൻ ഓഫീസിലെത്തുമ്പോൾ അരമണിക്കൂർ അധികരിച്ചിരുന്നു. വിസിറ്റിന് മറ്റൊരിടത്തേയ്ക്ക് ഓഫീസർ പോയതിനാൽ രണ്ടിനുതന്നെ സമയംവെച്ച് രജിസ്റ്ററിൽ ഒപ്പിട്ടു.

പണി തുടരുമ്പോഴും അയാളുടെ മനസ്സിൽ പരശുരാമനായിരുന്നു.

ഓഫീസു വിട്ടാൽ ഉടനെ ചെന്നു കാണാനാവില്ല. പിരിവെടുത്ത സംഖ്യ തിട്ടപ്പെടുത്താനായി യൂണിയൻ ഓഫീസിലേക്കു ചെല്ലേണ്ടിയിരിക്കുന്നു. കമ്മറ്റിയുണ്ട്.

ഇരുട്ടിയതിനാൽ പിന്നീട് ചെല്ലുമ്പോൾ പരശുരാമൻ തനിച്ചിരുന്നു മുഷിച്ചിലാരംഭിച്ചിരിക്കും. അല്ലെങ്കിൽ അയാൾ തുടർന്നും ഉറങ്ങുക തന്നെയാവും.

സൂപ്രണ്ട് വീണ്ടും മുൻപിൽ വന്നു.

"പാർത്ഥൻ പി.എഫ്. ഈ മാസംതന്നെ കിട്ടും. അടുത്തമാസം കല്യാണം നടത്താം. അത്യാവശ്യത്തിനുള്ള ഉരുപ്പടിയെല്ലാം അവൾക്കു സ്വതേ ഉണ്ട്. ഇനി അധികമൊന്നും വാങ്ങേണ്ടിവരില്ല. ഏതായാലും പാർത്ഥൻ തീർച്ചയായും വരണം. ഞാനിന്ന് പാർത്ഥൻ വരുമെന്നു പറഞ്ഞിട്ടുണ്ട്."

"എനിക്കിന്നു പറ്റില്ല."

മുൻശുണ്ഠിയോടെ രോഹിണിയും ദേഷ്യപ്പെട്ട് നടപ്പാണ്. അവൾക്കു നൽകിയ വാക്ക്. സിനിമ കാണാൻ തക്ക അവസരം ഇനിയും കിട്ടുകയേ ഉണ്ടായില്ല.

എന്റെ അസാന്നിദ്ധ്യത്തിലും നടക്കാവുന്നതാണ് ചടങ്ങുകൾ.

പണിക്കർ വീണ്ടും സീറ്റിനെ അഭയം തേടിയിരിക്കുന്നു. രണ്ടുനാളായി സൂപ്രണ്ട് അത്യുത്സാഹത്തോടെയാണ് നടപ്പ്. എടുത്തുചാട്ടവും എന്തും ചെയ്യുന്നതിനുള്ള അമാന്തവും അസ്തമിച്ചപോലെയാണ്.

ബാലകൃഷ്ണൻ സ്റ്റൂളിൽ കൂനിക്കൂനിയിരുന് ഉറക്കമാണ്. ടൈപ്പ്റൈറ്ററിന്റെ മീതെ മാസിക നിവർത്തി വായനക്കിരിക്കയാണ് രമ.

സൂപ്രണ്ട് ചുവരിൽ തൂക്കിയ കാക്കിസഞ്ചിയെടുത്ത്, ചെല്ല പ്പെട്ടിതുറന്ന് മുറുക്കിനുള്ള കളമൊരുക്കുന്നു.

ചുവരിൽ പതിച്ച ലക്ഷ്മിയുടെ പടത്തിനുകീഴെ, ആണി തുള യിൽ ധൂപം അപ്പോഴും എരിയുന്നുണ്ടായിരുന്നു. പണിക്കർ ദിനചര്യ യെപ്പോലെ ഇത്തവണയും ടിക്കറ്റെടുത്തുവെന്നു തോന്നുന്നു.

ഓഫീസിൽനിന്ന് പുറത്തേക്കിറങ്ങിയപ്പോൾ പാർത്ഥൻ ആകെ തളർന്നിരുന്നു. വെറുതെ അലക്ഷ്യനായി ആൾത്തിരക്കിലൂടെ മുങ്ങാൻകൂളിയിട്ട് ബദ്ധപ്പാടോടെ നടക്കാൻ കൊതിതോന്നുന്നു.

ഹോസ്റ്റലിന്റെ വിളിപ്പാടകലെയായിരുന്നു മൊട്ടക്കുന്ന്. സന്ധ്യ യ്ക്ക് അവിടെ ചെന്നിരിക്കുമ്പോൾ നാലുപാടും ചുവക്കുന്നതും പിന്നീടിരുളുന്നതും കാണാമായിരുന്നു. കുന്നിന്റെ പള്ളയിലൂടെ ഒഴുകുന്ന പുഴ ഒരു വെള്ളി അരഞ്ഞാണത്തെപ്പോലെയാണ് പച്ചിച്ച നെല്പാടങ്ങൾ. കള്ളിമുണ്ട് വിടർത്തിയെറിഞ്ഞതുപോലെ കിട ക്കുന്നുണ്ടാവും.

ഹോസ്റ്റലിലെ കുശിനിയിൽനിന്ന് ചോറ്റുപകർച്ച നിത്യേന ഇരുട്ട ത്തു കുടുംബത്തിലേക്കെത്തിക്കുക യായിരുന്നു വാർഡൻ. മതിൽ ക്കെട്ടിനപ്പുറത്തു പതിയിരിക്കുന്ന ആൺമക്കൾ നിഴലുകളായി നീണ്ടുകുറുകി. കാമ്പസിനപ്പുറത്ത് അപ്രത്യക്ഷമാവും.

പിടിക്കപ്പെട്ടപ്പോൾ വീണുകേണ് വാർഡൻ മാപ്പുപറയുക യാണുണ്ടായത്.

താലൂക്കിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് പിരിച്ച സംഖ്യ എണ്ണി തിട്ടപ്പെടുത്തുമ്പോൾ രാമു പറഞ്ഞു.

''രശീതിയ്ക്കൊത്ത് രൂപയൊന്നും കിട്ടീട്ടില്ല. ഒന്നാം തീയതി കഴിഞ്ഞാലെ കണക്ക് ശരിയാവൂ...''

''പിരിച്ചവർതന്നെ അതിന്നായിറങ്ങണം. ഇനിയും കൂട്ടു ചേർന്നു പോവാനാവില്ല.''

''ചിലടെത്തെല്ലാം ഒന്നിച്ചാണല്ലോ പോയത്?''

''തരില്ലെന്നുറപ്പുള്ളവർക്കാർക്കും കൊടുത്തിട്ടില്ല. നമുക്കറി യാവുന്നവർ തന്നെയാണ് എല്ലാവരും.''

തുക എണ്ണി തിട്ടപ്പെടുത്തിവന്നപ്പോൾ അന്തിമലക്ഷ്യത്തിന്റെ അരികത്തുപോലും എത്തീട്ടില്ല. രശീതിബുക്കുകളാവട്ടെ സംഭാവന തുക കൊണ്ട് നിറഞ്ഞുമിരുന്നു. ഒരു താളുപോലും ബാക്കിയുണ്ടാ യിരുന്നില്ല.

''രാമു ചെന്നു സെക്രട്ടറിക്കു ഫോൺ ചെയ്യൂ. ആളില്ലെങ്കിലും ഓഫീസിലറിയിച്ചാൽ മതി. അവർ പറഞ്ഞോളും.''

ചില്ലറ എണ്ണി പെറുക്കി കടലാസ്സിൽ പൊതിഞ്ഞു. നോട്ടുകൾ വീണ്ടും എണ്ണി കണക്കാക്കി.

കോണികയറി കിതച്ച് അകത്തേക്കെത്തിയ രാമു പറഞ്ഞു:

"സെക്രട്ടറി തന്നെയാണ് ഫോൺ എടുത്തത്. തുക കഴിവതും വേഗം പാർത്ഥനോടെത്തിക്കാൻ പറഞ്ഞു."

"നാളെ കാലത്ത് ഞാൻ ചെന്നേല്പിക്കാം."

പയ്യൻ പങ്കിട്ട ചായ കുടിച്ച് മുറിയിലെ ഇഴുക്കമുള്ള കാറ്റുമേറ്റിരിക്കുമ്പോൾ വീട്ടിൽ അടച്ചിട്ട വെരുകിനെപ്പോലെ കഴിച്ചുകൂട്ടുന്ന പരശുരാമന്റെ ചിത്രമാണുയരുന്നത്.

ദുർഭൂതത്തെപ്പോലെ ഭീകരനായ പരശുരാമൻ! ക്രൂരനായ കർണ്ണൻ. ചോരയില്ലാത്ത മെലിഞ്ഞ ചെറുപ്പക്കാരൻ! വായ്ത്താരി പാടുന്ന പത്രങ്ങളുടെ നാവിന് യാതൊരു ബന്ധനവുമില്ലായിരുന്നു. അവർ അയാളുമൊത്തു കരിവാരി തേയ്ക്കാനെന്നോണം ഒരു സ്ത്രീയുമായുള്ള സദാചാരവിരുദ്ധമായ നടപടിയേയും ചൂണ്ടിക്കാണിച്ചിരുന്നു.

ഹാളിൽ നിന്നുപുറത്തിറങ്ങി കൂടുതേടുന്ന, വേവലാതിയുമായി നടക്കുന്ന മനുഷ്യരെ താണ്ടി അയാൾ ഗ്രാമത്തിലെത്തുമ്പോൾ പതിവുപോലെ രാത്രിയായി.

വിളക്കുകാലുകൾ മങ്ങിയമുഖംകാട്ടി കത്തുന്നുണ്ട്. അമ്മ്യാര് പടി ഞ്ഞാറേ മൂലയ്ക്കൽനിന്ന് ചോറ്റിനെരക്കുന്നത് എങ്ങും കേൾക്കാം. ചവിട്ടേറ്റ് മായ്ഞ്ഞ കോലം കടന്ന് ചവിട്ടുകല്ലിൽ നില്ക്കുമ്പോൾ ഉമ്മറത്ത് വായനയിൽ മുഴുകി ഇരുന്ന അമല മുഖമുയർത്തി. അകത്തേക്കു കയറുന്നതിനുമുന്നേ അയാൾ ചോദിച്ചു:

"സ്നേഹിതൻ അവിടെ ഇല്ലേ?"

"ഇല്ല... ഞാൻ വന്നതും പോയതാണ്. പാർത്ഥേട്ടന് ഒരെഴുത്തു തന്നിട്ടുണ്ട്."

പുസ്തകത്തിൽ നിന്നെടുത്തുതന്ന എഴുത്ത്, അലങ്കോലപ്പെട്ട അക്ഷരങ്ങൾ.

എന്നെ ഒന്നുറങ്ങാൻ അനുവദിച്ചതിന് നന്ദി. അനുവാദവും സൗഹൃദവും പുലർത്തിക്കൊണ്ട് ഒരു യാത്ര പറയുന്ന കാലം എനിക്കജ്ഞാതമാണ്.

വായിച്ചുതീർത്ത് അയാൾ നിശ്വസിക്കുമ്പോൾ അമല ചോദിച്ചു:

"പരശുരാമനല്ലേ അയാൾ....?"

അവൾ തന്നെ തുടരുകയുമുണ്ടായി:

"പാർത്ഥേട്ടൻ പലതവണ പറഞ്ഞിരുന്നുവല്ലോ. പിന്നെ പത്രത്തിൽ ഫോട്ടോയും കണ്ടിരുന്നു."

അയാൾ മൗനത്തോടെ അകത്തേക്കു നടന്നു. പിൻതുടർന്നു വന്ന അമല മുറിയിലെത്തിയപ്പോൾ പറഞ്ഞു:

“വിരിപ്പ് തോരാനിട്ടിരിക്കയാണ്. അതിൽ നിറച്ചും ചലമായിരുന്നു!”

കസേരയിൽ ചായ്ഞ്ഞിരുന്ന് അയാൾ ജനാലയിലൂടെ വെളിയിലേക്കു നോക്കി. പരശുരാമൻ പോയ വഴി വ്യക്തമല്ല. പോലീസിന്റെ കൈയ്യിലകപ്പെട്ടാൽ..

പത്ത്

ഹജ്ജിനുപോയി അവിടെത്തന്നെ കബറടക്കം ചെയ്യപ്പെടുകയായിരുന്നു ഇബ്രഹാം മുഹമ്മദ്. ഇസ്മായിൽ സേട്ടിന്റെ പ്രതാപിയായ മുത്തച്ഛൻ.

കോലത്തിരിയുടെ തിട്ടൂരവും അവകാശപത്രവും അനന്തരാവകാശികളിലേക്കും വ്യാപിക്കത്തക്കവണ്ണം, അധികാരസീമ വിപുലമായിരുന്നു.

കോലത്തിരിക്കു നേരെ രക്തദാഹവുമായി കുതിച്ചുചാടിയ കടുവയെ കുന്തത്തിന്റെ മുനമ്പിൽ ജീവനവസാനിപ്പിക്കുകയായിരുന്നു സാധാരണക്കാരനായ ഒരു മുസ്ലീം പടയാളി.

ഇസ്മായിൽ സേട്ടിന്റെ മുതുമുത്തച്ഛനായിരുന്നു അയാൾ.

കരമൊഴിവായി കിട്ടിയ ഭൂമിയും രാജാവിന്റെ ഉറ്റദാസനായതിനാലുള്ള അധികാര പ്രമദയും അവരുടെ കുലത്തിന്റെ പെരുമയ്ക്ക് തറക്കല്ലിടുകയായിരുന്നു. കോലത്തിരി നാടുനീങ്ങുകയും ഏറനാട് സാമൂതിരിയുടെ മേല്ക്കോയ്മ അംഗീകരിക്കുകയും ചെയ്തിട്ടും പഴയ സ്ഥാനമാനങ്ങൾ ഇസ്മയിൽ സേട്ടിന്റെ കുടുംബത്തിനുണ്ടായിരുന്നു.

മൈനാവും അമാലൻമാരും വെട്ടുവഴികളെ എന്നും സജീവമാക്കിയിരുന്നു. കൺവട്ടത്തിൽ അളക്കാൻ കഴിയാത്ത ഭൂമിയിലെ നെല്ലുകുമിഞ്ഞ് പത്തായത്തിന്റെ പള്ളവീർത്തിരുന്നു. അടിയാൻമാരും ഉടയാൻമാരും തറവാട്ടിന്റെ പുറങ്കോലായിൽ അന്തികൂടി രാവിനെ പകലാക്കിയിരുന്നു.

എന്നും പതിനാലുവട്ടം കറികളുമായി കുശിനി ഒരുക്കുമ്പോൾ ധാരാളിയായ, ആരേയും തള്ളിപ്പറയാത്ത, ഇബ്രഹാം മുഹമ്മദ് മറ്റൊരു സംഘം അതിഥികളെ വരവേല്ക്കുകയാവും. പുട്ടും പഴവും പത്തിരിയും തിന്ന്, നെയ്ച്ചോറിന്റേയും ബിരിയാണിയുടേയും

മണമുള്ള ഉള്ളങ്കയ്യുമായി നടന്നു നീങ്ങുന്ന ആളുകൾ വാനോളം ഇബ്രഹാം മുഹമ്മദിനെ സ്തുതിക്കുമായിരുന്നു.

ഇബ്രഹാമിനുശേഷം അവകാശം വന്നുപെട്ടത് യൂസഫിനായിരുന്നു. ഇസ്മായിൽ സേട്ടിന്റെ അച്ഛൻ ധൂർത്തടിച്ച് കുശാലായി നടന്ന് തറവാട് തരിശ്ശാക്കിയ കഥ അപ്പോഴേ ലോകരറിഞ്ഞുള്ളൂ. ധാരാളിയായ ഇബ്രഹാം വിള പാടങ്ങളെ ഒന്നൊന്നായി തീറെഴുതി പണയപ്പെടുത്തിയിരുന്നു.

കുശിനിയിലെ പുക ഫാക്ടറിയുടെ ചിമ്മിനിയിൽ നിന്നെ ന്നോണം വീണ്ടും ഉയരുകയുണ്ടായില്ല. കയ്യും മെയ്യും ചൊറിഞ്ഞ് പഴമ്പുരാണങ്ങൾ പറഞ്ഞ് ചറളിയടിച്ച് ചെള്ളിനെപ്പോലെ കടിച്ചു തൂങ്ങിയിരുന്ന പരശതം വേലക്കാരെ യൂസഫ് പറഞ്ഞൊഴിക്കയായിരുന്നുവത്രേ. പത്തേമാരിയിൽ വന്നിറങ്ങിയ അത്തറുകളും ഇബ്രഹാം മുഹമ്മദ് സൗഹൃദത്തിന്റെ ചിഹ്നമായി പലർക്കും സമ്മാനിച്ചിരുന്നു. അലമാരയിൽ അട്ടിയിട്ട് വെച്ചിരുന്ന തുർക്കി തൊപ്പികളും വിശേഷദിവസങ്ങളിൽ അലങ്കരിക്കുവാൻ മാത്രമായി തീരുകയാണുണ്ടായത്.

ഭൂമി ഒന്നൊന്നായി അന്യാധീനപ്പെടുന്നത് ദുഃഖത്തോടെ കണ്ടിരിക്കേണ്ട ഗതികേടായിരുന്നു യൂസഫിന്. വിഭജിച്ച് കുറുതായി വന്ന ഭൂമി തറവാടിന്റെ മട്ടുപ്പാവിൽനിന്നു നോക്കിയാൽ കാണാമായിരുന്നു.

അതിൽപിന്നീട് യൂസഫിന്റെ ഹജ്ജിനു പോക്കോടെ എല്ലാം തീർന്നു. ഒരാത്മസുഹൃത്ത് തരത്തിന് വഞ്ചിക്കയായിരുന്നു. അന്നൊക്കെ ഹജ്ജ് യാത്ര ഒന്നാം മരണത്തിലേക്കുള്ള പാത തന്നെയായിരുന്നുവത്രേ! തിരിച്ചുവരുമോ എന്ന് ആർക്കും ദാർഢ്യത്തോടെ പറയുവാൻ തക്ക നെഞ്ചൂറ്റമുണ്ടായിരുന്നില്ല.

ആത്മസുഹൃത്തിന്റെ പേർക്ക് വിൽപത്രമെഴുതി, തിരിച്ചുവന്ന് അതു തിരികെ വാങ്ങിക്കാമെന്നു കരുതി യാത്രതിരിച്ച സത്യസന്ധനും ദുർമോഹിയുമല്ലാത്ത യൂസഫ് കപ്പലുപൊളിഞ്ഞ് കടലിലെ മത്സ്യങ്ങൾക്ക് ഇരയാവുകയാണുണ്ടായത്.

സ്നേഹിതൻ കുടിയിറക്കി തെരുവാധാരമാക്കിയപ്പോൾ അതൃമാന്റെ കൈക്കുപിടിച്ച് കൊച്ചനുജനായ ഇസ്മായിൽ സേട്ട് നടക്കയായിരുന്നു.

അന്ന് അവരുടെ ദയനീയമായ കാഴ്ചകാണാൻ എമ്പാടും ആളുകൾ വേലിയിറമ്പിൽ തിങ്ങി നിൽപ്പുണ്ടായിരുന്നു. അവരുടെ എല്ലാം കണ്ണുകൾ നിറഞ്ഞു തുളുമ്പുന്നുണ്ടായിരുന്നു.

ഇബ്രഹാം മൂഹമ്മദ് പണം കോരിച്ചൊരിഞ്ഞ് പുതുക്കിപണിത

അഞ്ചുതട്ടുള്ള പള്ളിപ്പറമ്പിൽ അവരെത്തുമ്പോൾ ജനം വീർപ്പടക്കിനിന്നു.

സഭകൂടി അന്തി ഉറങ്ങാൻ പള്ളിവക ഭൂമി പതിച്ചു നല്കാമെന്ന തീരുമാനം കൈപ്പറ്റിയതോടെ വെയിലു കാഞ്ഞ് നെറം പകരാത്ത ചൊകന്ന ബീവിയുടെ കരുത്താകെ ചോർന്നു പോയിരുന്നു.

എന്തു പടുപണിക്കും ചെന്ന് തടിമിടുക്കുകൊണ്ട് കഞ്ഞിക്കുള്ള വക സമ്പാദിക്കുമായിരുന്നു അതൃമാൻ. ബീഡിതെറുപ്പുകാരൻ കുഞ്ഞുവാവയുടെ ശിക്ഷണത്തിലായിരുന്നു ഇസ്മായിൽ.

കാലം തെളിഞ്ഞപ്പോൾ കഥ പറയാൻ കരുത്തുണ്ടായി.

അതൃമാന്റെ ജവുളിവ്യാപാരവും അഞ്ചാളെ പണിക്കു നിർത്തിയുള്ള ഇസ്മായിലിന്റെ പ്രസിദ്ധ മൈനമാർക്ക് ബീഡിയും. പുതുവീട്ടിൽ നേരത്തിന് ആഹാരവും മോടിയും..

പക്ഷേ പിന്നീടും ശനിദശയുടെ ആരംഭമായിരുന്നു. ലോകകാര്യത്തെ കാണാതെ, താൻ സഞ്ചരിക്കുന്ന വഴി ദൈവ പ്രാപ്തമെന്നു കരുതി ജീവിക്കയായിരുന്നു അതൃമാൻ. സ്വാതന്ത്ര്യത്തിന്റെ മുറവിളിയെ എതിരേറ്റ്, മൈനാ ബീഡി കമ്പനിയുടെ ഗുദാമിൽ നിന്നിറങ്ങി, തെരുവുകളെ സജ്ജമാക്കാൻ പാടുപെട്ടു നടക്കയായിരുന്നു ഇസ്മായിൽ.

അഹിംസയുടെ രചനാത്മകമല്ലാത്ത ചേരുവയിൽ അയാൾ അതൃപ്തനായിരുന്നു. ഷെൽട്ടറുകളിൽ കൂനിക്കൂടിയിരുന്ന് ബാപ്പയേയും ഉമ്മയേയും ഓർക്കുമ്പോൾ നെഞ്ചു നീറിയിരുന്നെങ്കിൽ തന്നേയും പരാധീനത നിത്യസൗഖ്യമാക്കിയ അനേകം പേരെ ഓർത്ത് അയാൾ ശാന്തനായി. പക്ഷേ അതന്നത്തെ കഥ; ഇസ്മായിൽസേട്ട് ഈ ഭൂമുഖത്ത് സർവ്വപ്രധാനി അല്ലാതിരുന്നപ്പോൾ നടക്കുകയുണ്ടായത്.

ഒരുദിവസത്തെ ആറെച്ച് ഉപയോഗപ്പെടുത്തി വീട്ടിലേക്കു ചെല്ലുമ്പോൾ മുൻമന്ത്രി കസേരയിൽ ചടഞ്ഞിരുന്നു പത്രം വായനയാണ്. പാർത്ഥനെ കണ്ടപ്പോൾ അയാൾ പത്രം ചുരുട്ടി മേശപ്പുറത്തേക്കിട്ടു.

എതിരെ കസേര നല്കിക്കൊണ്ട് ഇസ്മായിൽ സേട്ട് ചോദിച്ചു.

“ആയിരം ഉറുപ്പികയോളം പിരിഞ്ഞില്ലേ?”

“രശീതി എഴുതി തീർത്തിട്ടുണ്ട്. ഇരുനൂറുറുപ്പികയോളം ഇനിയും പിരിഞ്ഞുകിട്ടാനുണ്ട്. ഒന്നിനുശേഷം അതുമാവും.”

മടിക്കുത്തിൽ നിന്ന് അയാൾ രൂപയെടുത്ത് മേശപ്പുറത്തു വെച്ചു. രശീതി കുറ്റികളിലെ അക്ഷരങ്ങളെ എണ്ണിത്തീക്കുകയായിരുന്നു ഇസ്മായിൽ സേട്ട്.

ചവിട്ടും കുത്തും കൊണ്ട് തഴമ്പുവീണ മാറ് നഗ്നമാണ്. ചുമലിൽ ടർക്കിവിടർത്തി ഇട്ടിരിക്കുന്നു. കനംവീണ മുഖത്ത് ചോര ഇരച്ചുകയറി ഇറ്റിവീഴാൻ കാത്തിരിക്കുന്നു.

ഇസ്മായിലിന്റെ പഴയ കഥകൾ എന്നോ പൊയ്പോയിരിക്കുന്നു. കുറുക്കുവഴികളെ കണ്ടെത്തുന്നതിൽ നിപുണനാണെന്നാണ് എന്നോടു രാമു പറഞ്ഞത്. ഈ നാടുമായി ജന്മബന്ധമുള്ള അയാൾക്ക് മറ്റനേകം കഥകളും പറയുവാനുണ്ടായിരുന്നു.

കുളിച്ച് ഉടുത്തൊരുങ്ങി പുറമേക്കിറങ്ങുമ്പോൾ അവധി എടുത്തിരിക്കയാണെന്ന് അമലയോട് പറയുകയുണ്ടായില്ല.

മലപോലെ വന്ന് മഞ്ഞുപോലെ പോയ പരശുരാമനെയായിരുന്നു രാത്രി മുഴുക്കെ ഞാൻ ഓർത്തുകൊണ്ടിരുന്നത്. അയാൾ സാക്ഷാൽ പരശുരാമനെപ്പോലെ ശത്രുസംഹാരത്തിനും ശാന്തിക്കുമായി നാടായ നാടൊക്കെ അലഞ്ഞു നടപ്പാണ്.

ലേശം തണുപ്പ് വായുവിലുണ്ട്. രാത്രിയുടെ ഏതോ ഒരു നിമിഷത്തിൽ മഴ പെയ്തിരുന്നുവെന്ന് നനഞ്ഞ മണ്ണു കണ്ടപ്പോൾ മാത്രമാണ് അറിഞ്ഞത്.

ഇസ്മായിൽ സേട്ട് രൂപയും രശീതിബുക്കും എണ്ണി തിട്ടപ്പെടുത്തി കഴിഞ്ഞിരുന്നു.

‘‘നെല്ലും മറ്റും ആവുമെന്നാണ് തോന്നുന്നത്. എന്നെ ഏല്പിച്ചിരുന്ന രശീതി ബുക്ക് മുഴുവനും പിരിച്ചാലേ ആകെ കൂടെ എല്ലാറ്റിനും തികയൂ.’’

‘‘മറ്റെല്ലാറ്റിന്റേയും കണക്കു കിട്ടിയോ?’’

‘‘കിട്ടിവരുന്നു. കുറച്ചു രൂപയെങ്കിലും ഉടനടി സംസ്ഥാന സമിതിക്കെത്തിക്കേണ്ടിയിരുന്നു. അതാണ് ഞാനിത്ര ധൃതി പിടിച്ചത്. പാർത്ഥൻ ഒരു കാര്യമേറ്റാൽ അത് ഏറ്റതുപോലായിരിക്കുമെന്ന് എനിക്കറിയാം. പക്ഷേ മറ്റുള്ളവരാണ് പ്രശ്നം.’’

ട്രേയിൽ ചായക്കോപ്പകളുമായി പണിക്കാരത്തിവന്നു. സൺമൈക്ക പതിച്ച ടീപ്പോയിൽ ട്രേ വെച്ച് അവളകന്നു.

ചായകുടിച്ചുകൊണ്ടിരുന്നപ്പോൾ പാർത്ഥൻ ചുറ്റിലും നിരീക്ഷിക്കയായിരുന്നു. പോർച്ചിൽ നീല കാറാണ്! പകലറിയാതെ കത്തുന്ന ഡോം ലൈറ്റ്! ശതാവരിവള്ളികൾ തൂങ്ങിക്കിടക്കുന്ന മതിൽക്കെട്ട്! മട്ടുപ്പാവും ധാരാളം അറകളുമുള്ള ഇരുനിലക്കെട്ടിടം!

എല്ലാം ഒരു വിരോധാഭാസംപോലെ തോന്നുന്നു. ആട്ടിൻകൂട്ടത്തിലേക്ക് സൂത്രത്തിൽ ചെന്നുപറ്റിയ ചെന്നായയുടെ സ്മരണ!

ബൂർഷാസിയുടെ കമ്മ്യൂണിസ്റ്റ്കാരോടുള്ള നിലപാടിനെക്കുറിച്ച് സുദീർഘം ചർച്ചനടക്കുകയായിരുന്നു. അവസരോചിതം

അവരെ വിനിയോഗിക്കുമ്പോൾ പടവുകളെ തേടുന്ന അവർക്ക് എല്ലാം ഉച്ചകോടിയിലേക്കുള്ള ഏണിക്കല്ലുകളാണെന്നു പറയുമ്പോൾ സഭക്കാകെ ശ്വാസം മുട്ടലേറ്റ മട്ടായിരുന്നു. അപ്പോൾ മുൻ മന്ത്രിയുടെ മുഖം പപ്പടംപോലെ വിളർത്തിരുന്നു.

അകത്തുനിന്നും കരയുന്ന ഷൂസ്സുകളുമായി യൂണിഫോമിട്ട കുട്ടികൾ ഓടിച്ചാടിയെത്തി. ചവിട്ടുകല്ലിറങ്ങുമ്പോൾ അവർ കൈകൾ വീശി പറഞ്ഞു.

"ഡാഡി ബൈ, ബൈ, മമ്മി വാൺസ് യൂ"

"എസ് മൈ ബോയ്സ്....."

അവരുടെ കലമ്പൽ അകന്നപ്പോൾ പാർത്ഥൻ അസ്വസ്ഥനായി. പുറംപൂച്ചു കണ്ടുമടുത്ത് പടിയിറങ്ങുകയായിരുന്നു ഞാൻ. എന്നിട്ടോ?

എതിരെയുള്ള നിരത്തിൽ ആളൊഴുക്ക് കൂടുന്നുണ്ട്. ആംഗലചുവ നിറഞ്ഞ ഭാഷയിൽ ആലങ്കാരികമായി സംസാരിച്ചുകൊണ്ടു പോവുന്ന കോൺവെന്റ് പിള്ളേരാണ് അധികപക്ഷവും.

"എന്തു തന്നെയായാലും ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് അതിന്റേതായ ഗുണമെല്ലാമുണ്ട്. കുട്ടികൾക്ക് ചെറുപ്പകാലം തൊട്ടേ നല്ല ശീലങ്ങളുണ്ടാവും. വൃത്തിയും വെടുപ്പും അന്തസ്സുള്ള സംഭാഷണവും നല്ല പെരുമാറ്റവും. സർക്കാറു സ്കൂളുകളിലയച്ചാൽ മക്കളൊന്നും നന്നാവില്ല. നന്നായി സംസാരിക്കാൻപോലും അവർക്കാവില്ല. പിന്നെ സംസ്ക്കാരമോ."

"തുകയെല്ലാം ശരിയല്ലേ....?"

"അതേ."

"എനിക്ക് ധൃതിയുണ്ട് ഞാനിറങ്ങട്ടേ."

മുൻമന്ത്രിയുടെ അന്തസ്സിനെ രക്ഷിക്കാൻ വീട്ടുതെരുവിലേക്കിറങ്ങുമ്പോൾ അയാളുടെ മനസ്സ് ക്ഷോഭിച്ച് പുകഞ്ഞുകത്തുകയായിരുന്നു. തുരുത്തിൽ ചെന്നുപറ്റിയപ്പോൾ കണ്ടെത്താനാവുന്നത് വലയിട്ട് പടരുന്ന അഗ്നിനാമ്പുകളെയാണ്. വീട്ടിന്റെ തനിമുഖച്ഛായ കണ്ടെത്തിയതുപോലെ അനന്തേട്ടന്റെ പ്രകൃതമുള്ള മനുഷ്യർ ഏതെല്ലാമോ മുറികളിലുണ്ടാവും.

നഗരത്തിലൂടെ നേർച്ച കാളയെപ്പോലെ, അലഞ്ഞുതിരിഞ്ഞ് സ്റ്റാന്റിലെത്തുമ്പോൾ മൂന്നാം നമ്പർ ബസ്സ് വന്നിരുന്നില്ല. ആൾതിരക്കിൽ നിന്നകന്നു നില്ക്കുമ്പോൾ അയാൾ നാലുപാടും വീണ്ടും കണ്ണോടിക്കുകയായിരുന്നു.

പരശുരാമൻ ഇപ്രദേശം തന്നെ വിട്ടിരിക്കുമോ ആവോ?

കോളേജിലെ സഹപാഠി വമ്പുപറഞ്ഞതിനെക്കുറിച്ചു സംസാ

രിക്കുകയായിരുന്നു അമല, മാസങ്ങളായി അവൻ അവളുടെ മൂടു നോക്കി നടക്കയായിരുന്നുവത്രേ!

ഒടുക്കം വിവശനായി പ്രേമാഭ്യർത്ഥന നടത്തിയപ്പോൾ കൂസലന്യേ കടിച്ചുപിടിച്ച പല്ലുകളുമായി അവൾ അവന്റെ നേരെ കുരച്ചു ചാടുകയായിരുന്നു. പാമ്പിന്റെ വായിൽ നിന്നു രക്ഷപ്പെട്ട തവളയെപ്പോലെ അവൻ തന്റെ സങ്കേതം തേടി പ്രാണഭീതിയോടെ പാഞ്ഞു.

ഉലഞ്ഞുചിരിച്ച് അമല സംഭവം വിവരിച്ചപ്പോൾ ഞാൻ ചോദിച്ചു:

''അമല പുരുഷവിദ്വേഷിയാണല്ലോ....!''

''ഏയ്യ് അല്ല..........''

''പിന്നെ ജാതിയും മറ്റും നോക്കിയതാണോ?''

''അതല്ല. എനിക്ക് പാർത്ഥേട്ടന്റെ മനസ്സുള്ള ഒരാളെ സ്നേഹിക്കണം. രോഹിണിയേടത്തി ഇല്ലാതിരുന്നെങ്കിൽ ഞാൻ പാർത്ഥേട്ടനെ അടിച്ചെടുത്തേനേ...''

പെണ്ണിന്റെ വളച്ചുകെട്ടില്ലാത്ത നാവിന്റെ നീളം കുറേ കൂടുന്നുണ്ടായിരുന്നു. അനായോഗ്യം എങ്ങും പ്രയോഗിക്കുമ്പോൾ പലർക്കും അതസുഖകരമാവുന്നു.

വൃന്ദ പരിഭവം പറയാറുണ്ടായിരുന്നതും ശാസിക്കാറുണ്ടായിരുന്നതും അടക്കവുമൊതുക്കവുമില്ലാത്ത, വിളഞ്ഞു പരുത്ത അവളുടെ പെരുമാറ്റത്തെ നിയന്ത്രിക്കാനായിരുന്നു.

വൃന്ദ ഒരു വിവാഹത്തെക്കുറിച്ചായിരുന്നു പറഞ്ഞത്. ഗ്രാമത്തിൽ നിന്ന് ചോറിനായി മദിരാശിക്കുചെന്ന വെങ്കിടാചലപതി. ഒരുവിധം കഴിഞ്ഞു പോവാൻ തക്ക ജോലിയുമുണ്ട്.

വിവരമറിഞ്ഞപ്പോൾ അമല എന്റെ മുറിയിലേക്കു കയറിവന്നു.

''പാർത്ഥേട്ടൻ എന്റെ സ്വന്തം ഏട്ടനെപോലാണ്. എന്റെ കല്ല്യാണം നടത്തുന്നതുകൊണ്ടൊന്നും ഈ കുടുംബം നന്നാവില്ല. ഒരു പക്ഷേ ഞാൻ രക്ഷപ്പെട്ടെന്നിരിക്കും. ഒരു ജോലി കിട്ടിയതിനുശേഷമാണെങ്കിൽ കുടുംബവും രക്ഷപ്പെടും.''

ദൂരക്കാഴ്ചയുള്ള അവളുടെ മുഖം വല്ലാണ്ടു വികസിച്ചിരുന്നു. സ്വല്പം ചെറിയ കണ്ണുകൾ കറുങ്ങി ഇല്ലാതായതുപോലെ.

അമ്മ്യാര് അറ്റകയ്യിനെന്നോണം അവളെ മണപ്പന്തലിലേക്ക് പറഞ്ഞുവിടാൻ തിടുക്കപ്പെടുകയായിരുന്നു. അവർക്ക് ഒരു ഭാരമൊഴിഞ്ഞുവെന്നു വിചാരിച്ച് ആശ്വസിക്കേണ്ടതേയുള്ളൂ.

അമ്മയുടെ ഗർഭത്തിലൂറാഞ്ഞിട്ടും രക്തപാശത്തിന്റെ ആഴമാണ് ഇവിടെ എനിക്കു തോന്നുന്നത്.

നെഴ്സസ്സ് ക്വാട്ടേഴ്സിലെത്തുമ്പോൾ കതകടഞ്ഞു

കിടപ്പായിരുന്നു. വാതിൽ തുറന്ന അനുരാധ ചിരിച്ച് അകത്തേക്കു വിളിച്ചു. വിസിറ്റിങ്ങ് റൂമിലെ കസേരയിലിരിക്കുമ്പോൾ അവൾ പറഞ്ഞു.

‘‘രോഹിണി കുളിക്കയാണ്.’’

പ്രത്യേകിച്ചൊന്നും പറയാനില്ലാഞ്ഞ് അയാൾ പത്രം മറിച്ചു കൊണ്ടേ ഇരുന്നു. പിൻവലിക്കപ്പെട്ട സമരത്തെ പ്രകീർത്തിച്ചുകൊണ്ടുള്ള മുഖ്യന്റെ നെടുങ്കൻ ഭാഷണമുണ്ട്. വിവിധ കക്ഷികൾ ഏകീകരിച്ച് പുനരുത്ഥാനം കൊള്ളേണ്ടുന്നതിന്റെ ആവശ്യകതയെക്കുറിച്ചാണ് പ്രതിപക്ഷനേതാവിന്റെ ആഹ്വാനം. പിന്നെ ഏതോ സ്വാമികൾ ചെയ്ത ആത്മീയ ഉത്ബോധനമാണ്. പോലീസുകാർ കൃത്യനിർവ്വഹണം കാര്യക്ഷമമായി ചെയ്തു തീർത്തതിനെ ശ്ലാഘിക്കുന്നതിന് സമാനമായി ലാത്തിച്ചാർജ്ജ് ചെയ്തതിന്റെ ചെറു വിവരണമാണ്.

അനുരാധ അകത്തേക്കു പോവാതെ അപ്പോഴും അവിടെ തന്നെ നിൽപ്പുണ്ടായിരുന്നു.

‘‘ഞാൻ പാർത്ഥനോട് സംസാരിക്കണമെന്നു വിചാരിച്ചതല്ല. രോഹിണിയുടെ വിഷമം കണ്ടപ്പോൾ പറയുന്നതാണ്. ഇത്തരത്തിൽ എത്ര കാലം കഴിയാനാണ് നിശ്ചയം?’’

കുളിമുറിയിൽ പാട്ടയിൽ നിന്നു കോരി ഒഴിക്കുന്ന വെള്ളത്തിന്റെ ശബ്ദം കേൾക്കാനുണ്ട്. കുളി കഴിഞ്ഞ് മുടികോതുന്ന രോഹിണി ഒരു മനോഹര ചിത്രമാണ്.

ആശുപത്രിയിലെ നീണ്ടനിര അകലേന്നും കാണാം.

പത്രം മടക്കി മേശപ്പുറത്തിട്ട് പാർത്ഥൻ നിവർന്നിരുന്നു.

‘‘രോഹിണി പ്രത്യേകിച്ചെന്തെങ്കിലും പറഞ്ഞോ?’’

‘‘പറയാതെ തന്നെ എനിക്കറിയാം. ആ കുട്ടിക്ക് ആകെ വേണ്ടപ്പെട്ട മനുഷ്യനെന്നു പറയാൻ പാർത്ഥനേയുള്ളൂ. നിങ്ങളും ഇത്ര ലാഘവത്തോടെ കാര്യങ്ങളെ അഭിമുഖീകരിച്ചാൽ വിഷമമാണ്. രാത്രിയും പകലും ഇവിടെ കരച്ചിലുതന്നെയാണ് അവൾ.’’

‘‘ഏതായാലും വേഗമെന്തെങ്കിലും ചെയ്യാം?’’

‘‘രോഹിണിയ്ക്ക് വലുതായി ചിന്തിക്കാനൊന്നുമില്ല. കൂട്ടിന് സുഹൃത്തുക്കളായ ഞങ്ങൾ കുറച്ചുപേർ കാണും. നിങ്ങൾക്കാണ് പ്രശ്നങ്ങളുള്ളത്. വീട്ടിൽ വിവരമറിയിക്കേണ്ടേ?’’

‘‘അതിന്റെ ആവശ്യമില്ല. അവർക്കാർക്കും ഇഷ്ടമുണ്ടാവില്ല. അപ്പോൾ അനുവാദത്തിന്റെ പ്രശ്നമേ ഉത്ഭവിക്കുന്നില്ലല്ലോ...’’

രേണുകേടത്തിക്ക് വിശദമായി ഒരെഴുത്തിടേണ്ടിയിരിക്കുന്നു. ഒരു പുരുഷന്റെ വികാരത്തെക്കുറിച്ച് അകരാദി അറിവില്ലാതിരുന്ന

അവർ ഭയപ്പാടോടെയാണ് എന്നോട് കല്യാണത്തിന്റെ തലേന്ന് സംസാരിച്ചത്.

അനന്തേട്ടൻ എന്നും അവർക്കപരിചിതനായിരുന്നു. തമ്മിൽ കാണുമ്പോൾ മൗനം ദീക്ഷിച്ച് തിടുക്കത്തോടെ നടകൊള്ളുന്ന അനന്തേട്ടനോട് ഒരു വിടവ് ആദ്യമേ ഉണ്ടായിരുന്നുവല്ലോ.

അനുരാധ അകത്തേക്കുചെന്നു കാപ്പിയുമായെത്തി. കാപ്പി അരികത്തു വെച്ച് അവർ വീണ്ടുമകത്തേക്ക്.

വെള്ളം വാർന്നുകഴിഞ്ഞ് കുളിമുറി നിശ്ശബ്ദമായിരിക്കുന്നു. വാതില്ക്കൽ ചെന്ന് കളിപറഞ്ഞ് അനുരാധ ഉച്ചത്തിൽ ചിരിക്കയാണ്.

നാട്ടിലെ സ്കൂളിൽ പഠിപ്പുതുടരുന്ന മക്കളും ബോർഡറിൽ ശത്രുസംഹാരത്തിനൊരുങ്ങി ഇരിക്കുന്ന ജവാനായ ഭർത്താവും. ഒഴിവുകാലത്ത് കൊണ്ടാടപ്പെടുന്ന അവരുടെ ദാമ്പത്യ ജീവിതം അധികം വൈകാതെ തന്നെ ഒരു പുക വണ്ടിയുടെ ഇരമ്പത്തോടെ മാസങ്ങൾക്കകം അവസാനിക്കുന്നു.

അനന്തേട്ടന് ഒരു മറുപടിയെഴുതേണ്ടിയിരിക്കുന്നു.

ഞാൻ ഇവിടെ രോഹിണി എന്നൊരു പെൺകുട്ടിയെ സ്നേഹിക്കുന്നുണ്ട്. അവളുമായുള്ള എന്റെ വിവാഹം ഉടനടി തന്നെ നടക്കും.

ഒരു ഓണ അവധിക്കാലം. യൂണിയനായി സമയം ചിലവഴിക്കുമ്പോൾ രോഹിണി തിരഞ്ഞുപിടിച്ച് കാണാനെത്തുന്നു. തിരുവോണത്തിന് വിരുന്നൂട്ടാനുള്ള അവളുടെ ഒരുക്കങ്ങൾ.

ഊണ് വിളമ്പുമ്പോൾ അവളുടെ ചുണ്ട് വിതുമ്പുന്നുണ്ടായിരുന്നു. ഉച്ചകഴിഞ്ഞ് കൃത്യം ആറിനെത്തേണ്ടുന്ന മീറ്റിങ്ങിന് പോവാനൊരുങ്ങുമ്പോൾ അവൾ ഇമ പൂട്ടാതെ വാതില്ക്കൽനിന്നു നോക്കുകയായിരുന്നു.

അമ്മയുടെ ഉടപ്പിറപ്പിന്റെയോ അനന്തരവന്മാരുടേയോ വിശേഷങ്ങളൊന്നും, ഇല്ലത്തെ തകർച്ചയൊന്നും അവൾക്കറിവു ണ്ടായിരുന്നില്ല. പതിനായിരക്കണക്കിന് പാട്ടവരവുണ്ടായിരുന്ന ഇല്ലത്തെ അവൾ കണ്ടിട്ടുപോലുമില്ലായിരുന്നു.

അനാഥയെന്നതിനെക്കാളുപരി ഒരു പതിതയുടെ മകളാണല്ലോ എന്നോർത്തായിരുന്നു രോഹിണിക്ക് മനോവിഷമം. ആൾക്കൂട്ടത്തിൽ നിൽക്കുമ്പോൾ, ചുറ്റുപാടുള്ള ജനം ആർത്തുചിരിക്കുമ്പോൾ അതൊരവഹേളനമാണെന്ന തോന്നലായിരുന്നു അവൾക്ക്.

പലവട്ടം എന്നോടുപറഞ്ഞ് കണ്ണീർ തൂവിയിരുന്നത് അവൾ ഒരു

നിർഭാഗ്യനിമിഷത്തെ ഓർത്തായിരുന്നു. അമ്മയുടെ ഗർഭത്തിൽ അനാശാസ്യമായി ഊറിയ ആ നിമിഷം!

കുളിച്ച് ഈറൻ തോരാനായി വിടർത്തിയിട്ട, എണ്ണമിനുപ്പാർന്ന ചിരിക്കുന്ന മുഖവുമായി രോഹിണി വാതില്ക്കൽ വന്നുനിന്നു. പതിവില്ലാതെ അയാളെ കണ്ട് ചോദിച്ചു;

"ഇന്നെന്താ കാലത്തുതന്നെ?"

"ഒന്നുനിന്നെ കാണാൻ തോന്നി."

"അകത്തു വരൂ...."

ആശുപത്രി വളപ്പിൽ നിന്നുനോക്കിയാൽ വിസിറ്റിങ്ങ് റൂമിലെ കാഴ്ച കാണാമായിരുന്നു. അകമുറിയിലേക്കു നടക്കുമ്പോൾ അവൾ പറഞ്ഞു:"പാർത്ഥേട്ടൻ എന്നെ മറന്നെന്നു കരുതി."

"മറന്നതായിരുന്നു. പക്ഷേ പിന്നേയും ഓർത്തു ഇന്ന്. തെറ്റാണോ?"

"അതെ."

അനുരാധ വാതില്ക്കലോളം വന്നുനിന്നു.

"ഞാൻ ഷോപ്പിങ്ങിന് പോട്ടേ. നീ ഇവിടെ കൂടിക്കോ."

അവൾ അനുമതിക്കായി കാത്തുനില്ക്കാതെ ചവിട്ടുകല്ല് താണ്ടിക്കഴിഞ്ഞിരുന്നു. നേർത്ത മൗനത്തിന്റെ ആവരണം പൊട്ടിക്കാനാവാഞ്ഞ് പാർത്ഥനിരുന്നു.

പുറത്തെ നഗരത്തിന്റെ മദിക്കുന്ന സ്വരത്തിന് താഴ്ചവന്നിരിക്കുന്നു. സ്കൂളുകളുടേയും ഓഫീസുകളുടേയും നിയതമായ ചാലുകളിൽ ബന്ധിതരായിരിക്കയാണു മനുഷ്യർ.

"അനുരാധ എന്നോടു കുറെ സംസാരിച്ചു. രോഹിണിയ്ക്ക് ഇനി അധികം കാത്തിരിക്കേണ്ടി വരില്ല."

എന്നിട്ടും അവൾ പറഞ്ഞു:

"അനുരാധയോട് ഞാനൊന്നും പറഞ്ഞിട്ടില്ല. അവർക്കെല്ലാമറിയാം. എനിക്കൊന്നും ചിന്തിക്കാനില്ല പാർത്ഥേട്ടാ, എന്തു സംഭവിച്ചാലും ആരും ചോദിക്കുകയുമില്ല."

പറഞ്ഞുതീരുമ്പോൾ അവളുടെ കണ്ണുകൾ നിറഞ്ഞു തുളുമ്പിയിരുന്നു. കവിളുകളിലൂടെ ചാലിട്ടൊഴുകിയ നീര് തുടച്ചു കളഞ്ഞ് അവൾ വീണ്ടും പ്രസന്നയാവാൻ ശ്രമിച്ചു.

ദൗഹിത്രിയുടെ ചാപല്യം ഒരു കൊടും ശാപമായി ജന്മാന്തരങ്ങളിലേക്കാണ് വ്യാപിക്കുന്നത്.

കോളേജിൽ നിന്നകലത്തല്ലാതെ കുബേരൻമാരുടെ തെരുവിൽ അധിവസിക്കുന്ന അഭിസാരിക. അവളുടെ തരുണിയായ പെൺകുട്ടി ആത്മഹത്യചെയ്യുകയായിരുന്നു.

നെറികെട്ട് പെരുമാറിയ അമ്മയുടെ വാണിഭക്കാരനെ വെട്ടി കണ്ടമാക്കി അവൾ കിണറ്റിൽ ചെന്നുചാടുകയായിരുന്നുവത്രേ. പുലർച്ചെയാണ് വിവരിമറഞ്ഞത്. തേനീച്ചയെപ്പോലെ സംഘം ചേർന്ന് ഞങ്ങൾ അവിടെ എത്തുമ്പോഴേയ്ക്കും വീട്ടുവളപ്പിനു ചുറ്റിലും പോലീസ് ബന്തവസ്സുണ്ടായിരുന്നു.

വെളുത്ത് കിളരം കുറഞ്ഞ എല്ലുമ്പിപെണ്ണിനെ പലവട്ടം കണ്ടിരുന്നു.

‘‘പാർത്ഥേട്ടന്റെ വീട്ടുകാർ..?’’

‘‘അതറിയാവുന്നതാണ്...അവരിൽനിന്നും കൂടുതലൊന്നും പ്രതീക്ഷിക്കാനില്ല.’’

‘‘ഞാൻ കാരണം പാർത്ഥേട്ടന്റെ നല്ലൊരു ഭാവിയാണില്ലാതാവുന്നത്. എന്റെ വിധി ഇതാണ്. പാർത്ഥേട്ടൻ വേറൊരുത്തിയെ കല്ല്യാണം കഴിക്കൂ.’’

‘‘രോഹിണിക്ക് ഭ്രാന്തുണ്ടോ?’’

‘‘അതില്ല. അതാണ് ദുഃഖവും. എങ്കിൽ ആരെക്കുറിച്ചും ഓർത്ത് വിഷമിക്കേണ്ടതില്ല.’’

‘‘രോഹിണി ചെയ്യാത്ത തെറ്റിനെ കുറിച്ചോർത്തിട്ട് കാര്യമില്ല. ജീവിച്ചിരിക്കേ നാം ചെയ്യുന്നതിനേ ഉത്തരവാദികളാകേണ്ടതുള്ളൂ. സ്വയം തെറ്റാണെന്നറിഞ്ഞും തെറ്റുചെയ്യുമ്പോഴേ കുറ്റക്കാരനാവൂ.’’

‘‘ആരും അത്തരത്തിലൊന്നുമല്ല കണക്കാക്കുന്നത്.’’

ഹൈസ്കൂളിൽ ചവിട്ടി അരയ്ക്കപ്പെട്ടതുപോലെ കഴിഞ്ഞു പോരുകയായിരുന്നു രോഹിണി. പഴയ കഥകൾ പറയുമ്പോൾ അവളുടെ കണ്ണുകൾ മടുപ്പും ചെടിപ്പും കൊണ്ട് വിടർന്നിരിക്കും.

സ്കൂൾ മാനേജരുടെ മെയ്മിടുക്കും പണക്കൊഴുപ്പുമുള്ള യുവാവായ മകൻ പോലും ദ്രൗഹിത്രിയുടെ അന്തിക്കൂട്ടുകാരനായിരുന്നു. അതാകട്ടേ പൂരപ്പാട്ടുപോലെ നാട്ടിൽ പ്രസിദ്ധവുമായിരുന്നു.

അപമാനിതയും ഏകയുമായി ജനസഞ്ചയത്തിലൂടെ നടന്നുനീങ്ങുക. പാർത്ഥന് അതേക്കുറിച്ച് ചിന്തിക്കാൻ പോലും കഴിഞ്ഞില്ല.

ഒരു വീരനേതാവിനെപ്പോലെ, നാലുവട്ടവും സഹപാഠികളുമായി പ്രക്ഷുബ്ദമായ ഒരന്തരീക്ഷത്തിലായിരുന്നു എന്റെ പഠനം. ആരാധകരും ശത്രുക്കളും ഒരുപാടുണ്ടായിരുന്നുതാനും.

അച്ഛന്റെ മാസാമാസമെത്തുന്ന കനത്ത മണിയോർഡറുകൾ താന്തോന്നിത്തം കാട്ടി അധികം ചിലവഴിച്ചിരുന്നില്ലെങ്കിൽ തന്നേയും ഒന്നും മിച്ചപ്പെടുത്താൻ കഴിഞ്ഞിരുന്നില്ല. റൂംമേറ്റ് ജോസഫിന്റെ മെസ്സ് ഫീ എന്നുമടച്ചിരുന്നത് ഞാനായിരുന്നു.

കുരിശുമാല പണയം വെച്ച് അച്ഛനില്ലാത്ത മകന്റെ ആശ നിറ

വേറ്റാനായി കോളേജിലേക്കയക്കയായിരുന്നു അമ്മ. വർഷങ്ങൾക്കു ശേഷം കുന്നങ്കുളത്തുവെച്ച് അവരെ കണ്ടപ്പോൾ മകന്റെ സുഹൃത്തിനോടുള്ള അതിരറ്റ സ്നേഹം ഞാനനുഭവിച്ചിരുന്നു.

എവിടേയും ഞാൻ ജനസമ്മതനായിരുന്നു എന്നതാണ് കാര്യം. വായ്ക്കുവഴിയായി കേട്ട എന്റെ കഥകൾ പോലും പലരിലും മതിപ്പാണുണ്ടാക്കിയത്.

രോഹിണി ചോറുവാർക്കാനായി അടുക്കളയിലേക്കു പോയിരിക്കുന്നു. ജനാലയ്ക്കപ്പുറത്തു പൂക്കൾ നിറഞ്ഞ ചെറിയൊരു തോട്ടമാണ്. വെയിലുകൊണ്ട് ദളങ്ങൾ വാടിയ പൂക്കളാണ് അധികവും.

രോഹിണി വീണ്ടും വന്നപ്പോൾ പാർത്ഥൻ പഴയ ഇരുപ്പ് തുടരുക തന്നെയായിരുന്നു. കാച്ചിയ എണ്ണയുടെ ഗന്ധം മൂക്കിലേക്കിരച്ചു കയറിയപ്പോൾ അയാൾ മുഖമുയർത്തി. എതിരെ ഇരുന്ന രോഹിണി പറഞ്ഞു:

''പാർത്ഥേട്ടൻ എന്തു ചെയ്താലും ഞാൻ തെറ്റുപറയില്ല. ഏതൊരാണും നല്ലൊരു ബന്ധത്തിനേ ആശിക്കൂ: പക്ഷേ ഒന്നുണ്ട് എനിക്കിപ്പോൾ തന്നെ ഈ ജീവിതം മടുത്തുകഴിഞ്ഞു.''

''ഏതായാലും വേഗം തന്നെ എല്ലാം തീർക്കാം. ഞാൻ പോട്ടേ?''

''ഇന്നു ലീവല്ലേ?''

''അതെ''

''ഊണു കഴിഞ്ഞു പോയാൽ മതി...''

''ഇന്നെന്താ വിശേഷം?''

''ഒന്നുമില്ല. എനിക്കു വേണ്ടപ്പെട്ട ഒരാളെ ഉണ്ണിക്കാം. അതു തന്നെ.''

ഊണും ഉറക്കവും കഴിഞ്ഞ് അയാൾ കട്ടിലിൽ കിടക്കയായിരുന്നു. അനുരാധ വൈകിട്ടത്തെ ഷിഫ്റ്റിന് പോയിരുന്നു. ഉച്ചയുറക്കം നാളുകളായുള്ള അലച്ചലിന്റെ ക്ഷീണത്തെ ആകെ വലിച്ചു പുറത്തേക്കിടുകയാണുണ്ടായത്.

എണീക്കാൻ മടിച്ചുകിടക്കുമ്പോൾ രോഹിണി ചായയുമായെത്തി, രുചിയോടെ ചായ മോന്തി കുടിക്കുമ്പോൾ രോഹിണി പറഞ്ഞു:

''നമുക്കൊന്നു നടക്കാനിറങ്ങാം.''

ആളൊഴിഞ്ഞ തെരുവിലൂടെ നടക്കുമ്പോൾ അവൾക്ക് വാതോരാതെ സംസാരിക്കാൻ ഒരുപാടു കാര്യങ്ങളുണ്ടായിരുന്നു. ഏഴിൽ പഠിക്കുമ്പോൾ ഒരുത്തി അമ്മക്കു പറഞ്ഞ് ചീത്തവിളിച്ചത്. ഉയർന്ന ക്ലാസ്സുകളിൽ ഇത്തിരിപോന്ന ആൺപിള്ളേർ തൊട്ട് അദ്ധ്യാപകൻ

വരെ ദ്രൗഹിത്രിയുടെ ദേശസേവനത്തിന്റെ പേരിൽ മകളേയും കൂട്ടിനുവിളിച്ചത്.

പച്ചപിടിച്ച മൈതാനം കവച്ചു നടക്കുമ്പോൾ അവരുടെ തലക്കു മുകളിൽ ആകാശം ഇരുൾകെട്ടി ഒരു മഴയ്ക്കായി കനത്തു കൂടിയിരുന്നു.

സന്ധ്യയായതിനാൽ പൊതുവെ തിരക്ക് ജാസ്തിയാണ്. കുഞ്ഞുകുടുംബസഹിതം നടക്കാനിറങ്ങിയിരിക്കയാണ് പലരും. ബസ്സുകൾ കടന്നൽ കൂടിനെപ്പോലെ ആളെക്കൊണ്ട് നിറഞ്ഞിരിക്കുന്നു.

കോളേജവധിക്കാലത്ത് നാട്ടിൽ വന്നതായിരുന്നു. ഒഴിവുകാലം മുഴുക്കെ ചെലവിട്ടത് അമ്മായിയുടെ വീട്ടിൽ തന്നെ. ക്ലാസ്സു തുറക്കുന്നതിനുമുമ്പെ വീട്ടിലേക്കു തിരിച്ചപ്പോൾ രേണുകേടത്തി കൂട്ടിനുണ്ടായിരുന്നു.

ആളൊഴിഞ്ഞ ഇടവഴിയിലെത്തിയപ്പോൾ രോഹിണി അത്യധികം അരികുചേർന്നു നടന്നു.

"പാർത്ഥേട്ടന് അമ്പലത്തിലൊന്നും വിശ്വാസമില്ലല്ലോ...?"

"ഉം....."

"നമുക്ക് ഒരമ്പലത്തിൽ വെച്ച് വിവാഹം നടത്തിയാൽ മതിയായിരുന്നു."

"മുമ്പ് നല്ലൊരു വിശ്വാസിയായിരുന്നു. കുറേക്കാലമായി അവിശ്വാസിയാണ്. ഏതായാലും കയ്യിൽ കാശില്ലാത്ത നിലക്ക് രജിസ്റ്ററാഫീസാണ് നല്ലത്."

"എന്റെ പേരിൽ കുറേ രൂപ ബാങ്കിലുണ്ട്. പിന്നെ പി.എഫിൽ നിന്നും മറ്റും കിട്ടും."

"അതൊന്നും വേണ്ട.."

അവൾ എതിരു പറഞ്ഞില്ല. തെല്ലിടനടന്നപ്പോൾ രോഹിണി ചോദിച്ചു:

"പാർത്ഥേട്ടന്റെ ഇഷ്ടമെല്ലാം ഇനി എന്റേതുമാവണമല്ലേ? എനിക്കതിനിഷ്ടമാണ്."

"പക്ഷേ എനിക്കു പേടിയാണ്. ഇതുവരെ ഓറ്റയാനായി വളർന്നു. തോന്നിയിടത്തു കിടന്നുറങ്ങി. അടികൊള്ളുമ്പോഴും എനിക്കായി ദുഃഖിക്കാൻ ഒരുത്തിയുണ്ടായിരുന്നില്ല. ഇനി അതെല്ലാം ആരംഭിക്കയാണ്."

നടന്നുനടന്ന് നാഴികകൾ പിന്നിട്ടിരിക്കുന്നു. അപരിചിതമായ ഏതോ മേഖലയിലേക്ക് അതിക്രമിച്ചു കടന്നതുപോലെ.

കുശുമ്പും കുന്നായ്മയുമോടെ വീക്ഷിക്കുന്ന അനേകം കണ്ണുകളെ ഒഴിവാക്കാനാവുന്നുണ്ട്. തുറന്ന മനസ്സോടെ എന്നോടു

പെരുമാറുന്ന രാമുവിനു പോലും അസ്കിത രോഹിണിയുമായുള്ള ബന്ധത്തെക്കുറിച്ചായിരുന്നു.

ഞാറ്റുപാട്ടിനെപ്പോലെ എങ്ങും അറിവുള്ള സംഗതി. ഹെഡ്നെഴ്സ് സൗമ്യത്തോടെ, ഒരു മാതാവിന്റെ സ്ഥാനമലങ്കരിച്ച് ഉപദേശരൂപേണ സംസാരിച്ചപ്പോൾ രോഹിണി നിന്നു കരയുകയായിരുന്നുവത്രേ. അവളുടെ വാചാലമായ നാവ് അവാച്യതയെ അഭയം പ്രാപിച്ചിരുന്നു.

രേണുകേടത്തിക്കാണ് അടുത്തതായി വിവരമറിയാനുള്ള ജിജ്ഞാസ. അവരുടെ ഓരോ എഴുത്തിന്റെ അവസാനത്തിലും രോഹിണിയുടെ കുശലാന്വേഷണങ്ങൾക്ക് ഇടമുണ്ടായിരുന്നു.

രോഹിണി എന്തെന്നില്ലാതെ കൂടുതൽ മൂകയാണ്. അവളുടെ പാതി തുറന്ന കുരുന്നു പല്ലുകളെ വെളിക്കുകാട്ടുന്ന ചുണ്ടത്ത് ഒരു പുഞ്ചിരിയുടെ ശേഷിച്ച ഭാഗം കെട്ടിക്കിടപ്പുണ്ടായിരുന്നു.

സാധാരണക്കാരിൽ നിന്ന് വ്യത്യസ്ഥമല്ലാത്ത ഒരു മോഹം. പട്ടുവിരിയിട്ട കിടക്ക. മങ്ങിയ ദീപാലംകൃതമായ മുറി. സഹപ്രവർത്തകരുടെ ഗൂഢാർത്ഥമുള്ള, അശ്ലീലചുവയുള്ള, വാക്കുകൾ. തുടികൊട്ടുന്ന മനസ്സിൽ ലഹരി പൊഴിക്കുന്ന ഒരു രാത്രിയുടെ; പലരും പറഞ്ഞ് മാന്ത്രിക ജിഹ്വയായി തീർന്ന ഒരു രാത്രിയുടെ സങ്കല്പം.

ദൂരെ നാട്ടിമ്പുറത്തെ രാജാവായ, വയലുകളുടെ സാമ്രാജ്യത്തിൽ നിന്നു പണം കോരുന്ന പ്രമേഹവും രക്തസമ്മർദ്ദവും സ്ഥാനമഹിമയായി കണക്കാക്കുന്ന വൃദ്ധന്റെ മകളുടെ ലളിതവിനോദം തരത്തിനു കിട്ടുന്നവരെ എല്ലാം ഒന്നു പ്രേമിക്കുകയെന്നതായിരുന്നു. നഗരത്തിൽ സുഖവാസത്തിനെന്നോണമുള്ള ഊക്കൻ ബംഗ്ലാവ്. വിനാഴികകൾക്കൊത്ത് വസ്ത്രം മാറി മേടയിൽ സമയം കൊല്ലാനായി സദാ പുസ്തകങ്ങൾ വായിച്ചിരിക്കുന്ന സുശീലയ്ക്ക് കേവലമായ അർത്ഥങ്ങൾ നല്കി എന്തിനേയും കവർന്നെടുക്കാമായിരുന്നു.

അവധിക്കാലത്ത് നാട്ടിലെത്തിയിരുന്ന അനന്തേട്ടനും അവളുടെ കമിതാക്കളുടെ പട്ടികയിൽ ഒരംഗമായിരുന്നുവല്ലോ...

വിളക്കുകാലുകളിൽ വെളിച്ചം കയറിക്കൂടിയപ്പോൾ അവർ തിരികെ നടത്തമാരംഭിച്ചു.

“നമുക്ക് ബസ്സിനു പോവാം!”

എട്ടിനുമുമ്പേ രോഹിണിയ്ക്ക് ആശുപത്രിയിലെത്തേണ്ടിയിരുന്നു. വിശപ്പുണ്ടായിരുന്നിട്ടും കോഫി ഹൗസുകളിലൊന്നും കയറുകയുണ്ടായില്ല. അത്തരം ശീലം മുന്നേ ഒഴിവാക്കിയതായിരുന്നു.

രോഹിണിയെ ആശുപത്രിക്കരികെ ഇറക്കിവിട്ട്, അഞ്ചുവിള ക്കിനരികെ ബസ്സിറങ്ങുമ്പോൾ പാർത്ഥൻ രാമുവിനെ കണ്ടു. അയാൾ കുടിച്ചു മത്തനായി, നിലയുറയ്ക്കാത്ത കാലുകളുമായി വിളക്കുകാലിനരികെ നില്പുണ്ടായിരുന്നു.

അകലേനിന്നുതന്നെ ഉഴറുന്ന വായയുമായി രാമുവിളിച്ചു. അരി കെ ചെന്നപ്പോൾ പാർത്ഥന്റെ ചുമലിൽ കയ്യിട്ട് രാമു നടത്തമാരം ഭിച്ചു. കാനയിൽ വീഴാതെ വീട്ടിലെത്തിച്ചേരാൻ സഹായിയായി ആരെയോ കാത്തുനില്പായിരുന്നു രാമു.

ചാരായത്തിന്റെ രൂക്ഷവും ഓക്കാനിപ്പിക്കുന്നതുമായ ഗന്ധം. ആൾപെരുമാറ്റമുള്ള വഴികളെ പിന്നിടുമ്പോൾ പലരും ഒരു ഹാസ്യ നാടകം കാണുന്നതുപോലെ നിരീക്ഷിക്കുകയായിരുന്നു.

ഹൈസ്കൂളിന്റെ പറമ്പിനരികെ എത്തിയപ്പോൾ പാർത്ഥൻ പറഞ്ഞു. "നമുക്കിവിടെ കുറച്ചിരിക്കാം..."

"ഓ....."

ഇരുന്ന പാടെ രാമു മലർന്നടിച്ചു വീണു. കാൽക്ഷണം കൊണ്ട് അയാൾ ഉറക്കവുമാരംഭിച്ചു. പോർക്കിന്റെ ശ്വാസഗതിയെപ്പോലെ കൂർക്കംവലി നാലുപാടും ഒഴുകി.

രാമുവിന് ഒരു തകർന്ന പ്രണയത്തിന്റെ കഥ പറയുവാനുണ്ടാ യിരുന്നു. പോരാതെ തറപറ്റിയ ഒരു ദാമ്പത്യത്തിന്റേയും.

യൂണിയൻ മീറ്റിങ്ങിന് കയറിവന്നപ്പോൾ അയാൾ കുടിച്ചു കുന്തം മറിഞ്ഞ മട്ടായിരുന്നു. കഴുത്തിനു പിടിച്ച് സകലരും ചേർന്ന് പുറന്തള്ളി മീറ്റിങ്ങ് ആരംഭിച്ചപ്പോഴും അയാൾ താഴെ നിൽപ്പു തന്നെയായിരുന്നു. നട്ടരാത്രിക്ക് ആളൊഴിഞ്ഞപ്പോൾ എന്നെ തേടി യെത്തിയ അയാൾ അക്ഷോഭ്യനായി ഒരു കഥ പറയുകയാണു ണ്ടായത്.

ദൊരമാരുടെ ശിങ്കിടിയായി നടന്ന, അവരുടെ പരമ്പരാഗത പുരാണങ്ങൾ ഹൃദിസ്തമാക്കിയ അയാളുടെ അച്ഛൻ ക്രമാനുസൃതം അവരുടെ കീഴ്വഴക്കമായ മദ്യപാനത്തിലേക്ക് നിരന്തരം കൂപ്പുകു ത്തുകയായിരുന്നു. നാടിന് കൂച്ചുവിലങ്ങിട്ട് വാണിരുന്ന തുക്ടി സായ്പ്പിന്റെ താന്തോന്നിത്തങ്ങൾക്ക് സ്വാതന്ത്ര്യം നേടാനായി മുറ വിളി കൂട്ടിയവരെ വെടിവെച്ചും തച്ചുകൊന്നൊടുക്കുന്ന പ്രവണ തയ്ക്ക് അയാളും കൂട്ടുചേരുകയായിരുന്നു വത്രേ.

എന്നിട്ട് ബ്രിട്ടീഷുകാർ അവരുടെ ജന്മഭൂമിയെ ശരണം പ്രാപിച്ച പ്പോൾ ആർക്കും വേണ്ടാത്തോനായിത്തീർന്ന പരമുനായർ, കുടിച്ച് തെറി പറയാൻ മാത്രം ശീലിച്ച അയാൾ, കരളുപൊട്ടി ചോരതുപ്പി ഇടവഴിയിൽ വീണ് ഒരു രാത്രിയിൽ മരിക്കയാണുണ്ടായത്.

പതിനെട്ടുതികയാത്ത രാമു വിവരമറിഞ്ഞു ഓടിച്ചെന്നപ്പോൾ കണ്ടത് കട്ടപിടിച്ച കൊഴുത്ത രക്തത്തിൽ കമഴ്ന്നു കിടക്കുന്ന, മുഖത്തും വായിലും സ്വച്ഛന്ദം കുനിയനുറുമ്പുകളരിക്കുന്ന പരമു നായരെന്ന ഒറ്റുകാരനെയായിരുന്നു.

മകനെ അച്ഛൻ ചൊട്ടയിൽ ശീലിപ്പിച്ചത് ചുടലവരേക്കുമുള്ള ഒരു തുടർച്ചയായി.

അച്ഛന്റെ മരണത്തിനുമുമ്പേ കതിരിട്ടതായിരുന്നു അയൽവാസിയും അകന്ന ബന്ധുതയുമുള്ള രാഗിണിയുമായുള്ള ബന്ധം. നാട്ടിൽ ഒരു മൂരിക്കുട്ടനായി കുടിച്ചു കൈക്കസർത്തുനടത്തി തെരുവുകൾതോറും നടന്നിരുന്ന അയാളെ വരിക്കാൻ രാഗിണിക്കു പോലും മനഃപ്രയാസമുണ്ടായിരുന്നു.

അവൾ അച്ഛന്റെ ഇച്ഛക്കുവഴങ്ങി പണക്കൊഴുപ്പും ജാതകപ്പൊരുത്തവും രാശിച്ചേർച്ചയുമുള്ള മറ്റൊരാളുടെ വിശ്വസ്തയും പതിവ്രതയുമായ ഭാര്യയാവുകയാണുണ്ടായത്.

പഴയകഥ സംഹരിച്ചതിനുശേഷം പുതുതായൊന്നുകൂടി.

അന്തസ്സും ആഭിജാത്യവും കുലമേന്മയുമുള്ള നളിനാക്ഷി എന്നവളുമായുള്ള വൈവാഹികം മൂന്നുവർഷം പിന്നിട്ടിട്ടും അവൾക്ക് മാതാവാകാൻ കഴിയുകയുണ്ടായില്ല. വിദഗ്ദ്ധന്മാർ അവളുടെ ഇടുങ്ങിയ ബീജരന്ധ്രത്തെക്കുറിച്ചും അവൾക്കില്ലാത്ത ഗർഭപാത്രത്തെക്കുറിച്ചും വെളിവാക്കിയപ്പോൾ നളിനാക്ഷി സ്വയമേ ബന്ധം വിട്ടൊഴിയുകയായിരുന്നുവത്രേ.

എന്റെ വരവറിഞ്ഞ് രാമു അന്നുതന്നെ പരിചയപ്പെടാനായി ഓടിപിടഞ്ഞെത്തുകയായിരുന്നു. അയാളായിരുന്നു ലോഡ്ജും അതിൽ പിന്നീട് അമലയുടെ വീടും ശരിപ്പെടുത്തിത്തന്നത്.

ലോകം മറന്നുറങ്ങുന്ന രാമുവിനെ ഇട്ടെറിഞ്ഞു നടകൊള്ളാൻ പാർത്ഥനു മനസ്സുവന്നില്ല.

അയാളുടെ വിളിച്ചുണർത്താനുള്ള ശ്രമം തീർത്തും വിഫലമാവുകയാണുണ്ടായത്. വിരലുകൾ മേത്തുകൊള്ളുമ്പോൾ രാമു മുരടനക്കുന്നുണ്ട്.

ചുറ്റിലും ഇരുട്ടാണ്. പറമ്പിനപ്പുറത്തെ നിരത്തിൽ ആൾ സഞ്ചാരം കുറഞ്ഞിരിക്കുന്നു. ഇടവിട്ട് കടന്നുപോവുന്ന വാഹനങ്ങളുടെ വെളിച്ചം അകന്ന് മിനിട്ടുകൾക്കുശേഷമേ ഇരമ്പം ഇല്ലാതാവുന്നുള്ളൂ.

അനന്തേട്ടൻ കുടിച്ചു ശീലിച്ചിരുന്ന കഥ ആർക്കുമറിവുണ്ടായിരുന്നില്ല. ഡോക്ടർ പട്ടം വാങ്ങി നാട്ടിലെത്തിയപ്പോൾ സുഹൃത്തുക്കളുടെ സല്ക്കാരകർമ്മം അനന്തേട്ടന്റെ വിശ്വരൂപത്തെ തുറന്നു

കാട്ടുകയായിരുന്നു. പാൻറ്സും ഷർട്ടും ഛർദ്ദിൽ കൊണ്ടഭിഷേകമായി, തെന്നിത്തെറിക്കുന്ന കാലുകളുമായി അയാൾ വീടെത്തുകയായിരുന്നു.

അച്ഛന്റെ ശാപവചനങ്ങളെ വറുതിക്കെടുത്ത് മകനെ ഹാർദ്ദമായി സ്വീകരിക്കുന്ന അമ്മ. അമ്മയ്ക്ക് മാനേഴ്സില്ലാതെ, തെരുവുകൂത്താടിയെപ്പോലെ സർവ്വർക്കും കാണാവുന്ന വിധത്തിൽ പ്രത്യക്ഷമായി മകൻ കുടിച്ചു മദിച്ചതോർത്തായിരുന്നു വ്യസനം.

പൊങ്ങച്ചങ്ങൾ കാട്ടി ഗുപ്തമായി ആരോരുമറിയാതെ എന്തും ചെയ്യുവാൻ പരിശീലിക്കേണ്ടിയിരിക്കുന്നു. കൂടുതൽ മൗനനാവുന്നതിലൂടെ ഏറ്റവും മെച്ചപ്പെട്ട സൗവർണ്ണമേട കരസ്ഥമാക്കാനുള്ള പടവുകൾ ഒരുക്കയാണ്. ദാസ്യതയോളം ചെന്നെത്താവുന്ന എളിമ പ്രദർശിപ്പിക്കുകയും ഒരു കഴുത്താട്ടിയായി വ്യക്തി തരം താഴുകയും ചെയ്യുന്നതിലൂടെ നമുക്ക് കൈവരിക്കാനാവുന്നത് രാഷ്ട്രീയ സാമുദായിക നിയന്ത്രാക്കളുടെ ശ്രേണിയിൽ ഒരംഗത്വമായിരിക്കും.

എനിക്ക് ആവാനാവാഞ്ഞതും അതുതന്നെയായിരുന്നു.

ടോർച്ച് തെളിച്ചുകൊണ്ട് കടന്നുവന്ന രണ്ടുപേർ രാമുവിന്റെ കിടപ്പുകണ്ട് ഊഹിച്ച് കാര്യമറിഞ്ഞ് നടന്നകന്നു. അവർ അകലേക്കു പോവുമ്പോഴും പിറുപിറുക്കുന്നുണ്ടായിരുന്നു!

വീണ്ടും പലയാവർത്തി കുലുക്കിവിളിച്ചപ്പോൾ രാമു ഉണർന്നു. അയാളുടെ സ്വബോധം തിരിച്ചുകിട്ടിയിരുന്നു. എണീറ്റ് യാതൊരു ഭാവപകർച്ചയും കൂടാതെ ഇരുവരും യാത്ര തുടർന്നു.

നിരത്തുവക്കിലെ പൈപ്പിൽ അയാൾ നല്ലതുപോലെ മുഖം കഴുകി. ദേഷ്യം മൂത്ത് പാർത്ഥൻ പുകഞ്ഞു നീറുകയായിരുന്നു.

സമയം ഒരുപാടായിരിക്കുന്നു. കാലത്തുതന്നെ ഇറങ്ങിയതിനാൽ അമല വേവലാതിയോടെ കാത്തിരിക്കുകയാവും.

അനന്തേട്ടന്റെ വരവുകണ്ട് വാതിൽ കൊട്ടിയടച്ച് കിടപ്പു തുടരുകയായിരുന്നു ഞാൻ. തലേന്നുതന്നെ സിനിമാതിയ്യേറ്ററിൽ വച്ചു നടന്ന അനന്തേട്ടന്റെ വിക്രിയകളെകുറിച്ച് കേട്ടറിഞ്ഞിരുന്നു. സിനിമ കാണാൻ ചെന്ന അയാൾ ഛർദ്ദിച്ച് ഇരിപ്പിടത്തിൽ ശ്വാസ മിടിപ്പു മാത്രമുള്ള മാംസപിണ്ഡമായി തളർന്നു കിടപ്പായിരുന്നുവത്രേ. അയാൾക്ക് ബോധം തെളിഞ്ഞപ്പോൾ ചുറ്റിലും കൊട്ടക നടത്തിപ്പുകാരായിരുന്നു. ഷോ അവസാനിച്ച് അടുത്തതിനായി രാഗം ആലപിക്കുന്നുണ്ടായിരുന്നു.

ലോകരറിയാതെ, കിടപ്പറയിലെ സേഫിൽനിന്ന് കുപ്പി അനങ്ങുന്നതുപോലുമറിയാതെ, മാന്യമായ രീതിയിൽ ആലങ്കാരി

കമായിതന്നെ മദ്യപിക്കാൻ ഇപ്പോൾ അനന്തേട്ടൻ പരിശീലിച്ചിരിക്കുന്നു.

കാറ്റുകൊണ്ട് തലക്കനം കുറഞ്ഞപ്പോൾ രാമു പറഞ്ഞു:

“പാർത്ഥനാണ് എന്റെകൂടെയെന്ന് ഞാനറിഞ്ഞില്ല. എന്തിനാണ് അരികത്തുതന്നെയിരുന്നത്? എത്ര വൈകിയാലും ഞാൻ തനിയെ വീടെത്തും.”

“ശവമാണെങ്കിലും സ്നേഹിതന്റേതാവുമ്പോൾ കുറച്ചെല്ലാം ഉള്ളുരുക്കം തോന്നും. നിനക്ക് ഇതൊന്നു നിർത്തിക്കൂടേ?”

“നിർത്തണം...”

പുനരാവർത്തനം നടത്തി വാക്കുകളുടെ അർത്ഥപുഷ്ടി തേഞ്ഞുമാഞ്ഞ് അപ്രത്യക്ഷമായിരിക്കുന്നു. മദ്യപിക്കില്ലെന്ന് നൂറുവട്ടം കുമ്പസാരം നടത്തീട്ടും രാമു സന്ധ്യക്ക് മുറപോലെ ഇടറുന്ന കാലുകളുമായി തെരുവുകളിലൂടെ നടക്കുകയാവും.

ഒന്നിനുവാങ്ങുന്ന തുക വൈകിട്ടുതന്നെ അച്ചിൽ വാർത്ത കണക്കുകളായി പറ്റുകടകളിൽ വീതിക്കപ്പെടുന്നു. ഹോട്ടലിൽ, കള്ളുഷാപ്പിൽ, ചാരായക്കടയിൽ. ശീമമദ്യം പൂശുമ്പോൾ റൊക്കം പണം കൊടുക്കാറാണു പതിവ്. മുഴുപട്ടിണിയും അരപ്പട്ടിണിയുമായി ദിവസങ്ങൾ തള്ളിനീക്കുന്ന കുടുംബം. കെട്ടിക്കാറായ പെങ്ങൾ. പഠിപ്പുതുടരുന്ന മറ്റൊരനുജത്തിയും അനുജനും.

മുമ്പ് ഒരു കുടുംബാംഗത്തെപ്പോലെയായിരുന്നു ഞാനവിടെ. അമ്മയുടെ കണ്ണീരുനിറഞ്ഞ പരാതികളും മകനെ മേല്പടിക്കു കൊണ്ടുവരാനുള്ള അപേക്ഷകളും കേട്ട് ഒന്നും ചെയ്യാനാവാതെ വീണ്ടും കയറിച്ചെല്ലാൻ മനസ്സുവരുന്നില്ല.

“ഇന്ന് എന്റെ ജീവിതത്തിലൊരു പ്രധാന ദിവസമാണ്?”

“ഉം?”

“എന്റെ അനുജത്തി എനിക്കെതിരു പറഞ്ഞു.”

“അതു പറയും. പറയാതിരുന്നാലേ അത്ഭുതമുള്ളൂ.”

“അവൾക്കൊരുത്തനെ ഞാൻ തിരഞ്ഞു പിടിച്ചെത്തിച്ചതാണ്. ആളെ കണ്ടുകഴിഞ്ഞതും അവൾ വേണ്ടെന്നു പറഞ്ഞു. ഞാൻ കാരണം ചോദിച്ചപ്പോൾ എന്നെപ്പോലെ കുടിയനായ ഒരാൾ അവളുടെ ഭർത്താവായാൽ മരിക്കുന്നതാണ് നല്ലതെന്നു പറഞ്ഞു.”

“അതു നല്ലൊരു സത്യമാണ്.”

പാർത്ഥൻ ഉച്ചത്തിൽ ചിരിച്ചപ്പോൾ രാമു അന്ധാളിപ്പോടെ അയാളെ നോക്കി.

“എന്റെ വെഷമം ആരുമറിയുന്നില്ല.”

“നിന്റെ അമ്മയും പെങ്ങളും ഇതാണ് പറയുന്നത്.”

“ഞാൻ കുടി നിർത്തും...”
“നിർത്തേണ്ടതാണ്.....”
“നിർത്തും, പക്ഷേ എന്നിട്ടോ?”
നിരയിട്ട് ഒന്നിനുപിമ്പേ ഒന്നായി കടന്നുവരുന്ന പഴയകഥകൾ.
പാർത്ഥൻ രാമുവിന്റെ ചുമലിൽ കൈവെച്ചു പറഞ്ഞു:
“കഴിഞ്ഞ സംഭവങ്ങളെ മറക്കാൻ ശ്രമിക്കണം. പക്ഷേ മറക്കാനുള്ള ഓരോ ശ്രമവും വീണ്ടും വീണ്ടും ഓർമ്മിക്കലാണ്. ആ ഓർമ്മിക്കലിലൂടെ നമുക്ക് സംഭവത്തിന്റെ തീക്ഷ്ണത കുറയ്ക്കാൻ കഴിയും. അതിലൂടെ വിവേചനപരമായി ചിന്തിച്ച് പൂർവ്വസംഭവത്തെ ഒരനുഭവമാക്കി മാറ്റാനുമാവും. ഒരു കടുത്ത അനുഭവം അത്തരത്തിലുള്ള മററൊരനുഭവത്തിൽ നിന്ന് രക്ഷനേടാനും നമ്മെ സഹായിക്കും.”
രാമുവിനെ വീട്ടുപടിക്കൽ കൊണ്ടാക്കി തിരിച്ചു നടക്കുമ്പോൾ പാർത്ഥന്റെ മനസ്സ് ആനന്ദംകൊണ്ട് നിറഞ്ഞു തുളുമ്പുകയായിരുന്നു. വേഗതയിൽ നീങ്ങുന്ന അയാളുടെ കാലടികൾക്ക് ഗ്രാമം അകലെയായിരുന്നില്ല.
ശാന്തമായുറങ്ങുന്ന അനക്കമറ്റ ഗ്രാമത്തിലെ ഇരുണ്ടവീടുകൾ. പാനീസു വിളക്കിന്റെ അരണ്ടവെളിച്ചത്തിൽ അമല അപ്പോഴും പഠിക്കുന്നുണ്ടായിരുന്നു. ഗ്രാമവീഥിയിൽ മുറിയിലെ ജനാല ചതുരത്തിലുള്ള പ്രതിഛായ നിഴലിച്ചു കിടന്നിരുന്നു.

പതിനൊന്ന്

അമല അയാളെ തട്ടിവിളിച്ചുണർത്തുകയായിരുന്നു. കണ്ണു തിരുമ്മി പാർത്ഥൻ കിടക്കയിൽ എണീറ്റിരുന്നപ്പോൾ അവൾ പറഞ്ഞു: “മീനാച്ചി അമ്മ്യാര് ചത്തു.”
“എങ്ങനെ?”
“അതറിയില്ല. വീട്ടിന്റെ കോലായിൽ കെടന്നതാണ്. പുലർച്ചെ പോവുന്ന ആരോ അവർ വഴിയിലേക്ക് വീണുകിടക്കുന്നതുകണ്ടു. അയാൾ ചെന്നുനോക്കിയപ്പോഴാണ് വിവരമറിഞ്ഞത്.”
പാർത്ഥൻ കട്ടിലിൽ നിന്നിറങ്ങി കുപ്പായമിടുമ്പോൾ അമല പറഞ്ഞു.
“പാർത്ഥേട്ടൻ പോവരുത്. ജാതിക്കാര് വേണ്ടതു ചെയ്തോളും.”
ഒരു മുന്നറിയിപ്പിന്റെ നാന്ദിയുണ്ടായിരുന്നു അവളുടെ വാക്കുകൾക്ക്.

മീനാക്ഷി അമ്മ്യാരുടെ കാലം ഇവിടെ അവസാനിക്കുന്നു. ജനനത്തിലൂടെ മരണത്തെ ഗ്രസിക്കാനായി ജീവിച്ചുപോന്നപ്പോൾ അവർ അനുഭവിച്ചത് കുറേ നൊമ്പരങ്ങളെയാണ്.

പഴയ കാലങ്ങളിൽ വീടൊന്നുവെച്ച് അവർക്ക് ദിവസവും ചോറു നല്കിയിരുന്നുവത്രേ!

മീനാക്ഷി അമ്മ്യാരുടെ എരക്കുന്ന വിറപൂണ്ട സ്വരത്തെ ഗ്രാമം ഇനി കേൾക്കില്ല. ഉഷ്ണം സഹിക്കാഞ്ഞ് അവർ പാടുന്ന പരുക്കൻ ഗാനങ്ങളെ ആരുമിനി ആസ്വദിക്കില്ല. കൂവിയാർത്ത് പിന്നാലെ കൂടുന്ന പിള്ളേരെ നവീനമായ പുലയാട്ടു വിളിക്കാൻ മറ്റാരും ഇവിടെ കടന്നുവരില്ല.

ഗ്രാമത്തിന്റെ മുകളിൽ ശോകമായ ഒരന്തരീക്ഷം തളംകെട്ടി നില്ക്കുന്നതുപോലെ.

വീഥിയിൽ ആളനക്കം കുറവാണ്. കടന്നുപോവുന്നവരുണ്ടെങ്കിൽ തന്നെ അവരെല്ലാം അമ്മ്യാരുടെ സുവർണ്ണകാലത്തെയാണ് വാഴ്ത്തുന്നത്.

വാതില്ക്കൽ ചെന്ന് ഗ്രാമത്തിലേക്കു നോക്കിയപ്പോൾ പാർത്ഥൻ ശിവങ്കോവിലിനരികെ വട്ടമിട്ടുനില്ക്കുന്ന പൂണൂലും പാളത്താറും ചുറ്റിയ ചുള്ളിക്കോലുകളെപ്പോലെ മെലിഞ്ഞ, ക്ഷയം പിടിച്ചതു പോലുള്ള വയസ്സരായ ഗ്രാമവാസികളെ കണ്ടു. ചെറുപ്പക്കാർ എങ്ങും പോവാനാവാതെ തിണ്ണകളിൽ കൂടിയിരിക്കയാണ്.

എരന്നു നടക്കുന്ന മീനാക്ഷി അമ്മ്യാരോട് എനിക്ക് ആദ്യമേ തന്നെ സഹതാപം തോന്നിയിരുന്നു. അമലയുടെ അമ്മ അവരുടെ പൂർവ്വചരിതം പറഞ്ഞപ്പോൾ അതിരട്ടിക്കുകയുമായിരുന്നു.

എന്റെ വരവിനുശേഷം മൂന്നുമാസത്തോളം കഴിഞ്ഞിരുന്നു. രാത്രിയിൽ മുറിയിലെത്തി കിടക്കാനൊരുങ്ങിയ എന്നെ അവർ താഴേയ്ക്കുവിളിച്ചു. അമലയോടൊത്തു ചെന്നപ്പോൾ ഒരു കുടുംബസമ്മേളനത്തിനെന്നോണം അംഗങ്ങളെല്ലാം ഹാജരുണ്ടായിരുന്നു.

മീനാക്ഷി അമ്മാൾ നെറുകയിൽ കൈവെച്ച് എന്നെ ആശീർവദിച്ചു.

“ശത്താലും ഉനക്ക്ത്താൻ ബ്രഹ്മ കെടയ്ക്കും, ജീവിക്കറപോത് പുണ്യം ശെയ്യവെൻതാൻ മന്ഷൻ. വിശ്വാമിത്രനോടെ കതൈ ഉനക്ക് തെരിയുമേ..... ശൂദ്രനായിര്ന്താലും ധർമ്മമിരുന്താ സ്വർഗ്ഗവും പക്കം വരും.”

തൊണ്ടവരണ്ട് ഒരിറ്റുവെള്ളം കിട്ടാതെ അവർ മരിച്ചിരിക്കുന്നു. കൊട്ടിയടച്ച പുണ്യം പറഞ്ഞ് മനുഷ്യരെ മറന്ന ബ്രഹ്മതേജസ്സ് ഒരു

സാധ്വിയുടെ മരണക്കിടക്ക ബാല്യത്തിൽതന്നെ പണിതീർക്കു കയായിരുന്നു. സുഖത്തിന്റെ അർത്ഥവ്യാപ്തി അവർക്കെന്നും അന്യമായിരുന്നുവല്ലോ.

"അമ്മാ വെങ്കിടി.....?"

അമല വൃന്ദയോടായി പറഞ്ഞു.

"അങ്കെ പോയിർക്കാൻ..പാവം യാര്മില്ലെ എന്നോട ഗതിയും" അവൾ വാക്കുകൾക്ക് അർദ്ധവിരാമമിട്ടപ്പോൾ ക്രൂദ്ധതയോടെ അമല വൃന്ദയെ നോക്കി.

അതിക്രമിച്ചുവരുന്ന ചിന്തയെ ആർക്കും തടുക്കാനാവില്ല. അവ ബഹിർഗമിക്കുമ്പോൾ വെളിക്കറിയാത്ത ഒരു അധോലോകത്തെ യാണ് കാഴ്ചവെയ്ക്കുന്നത്. വെളിച്ചത്തിൽ നില്ക്കുമ്പോഴും പ്രകാശത്തിപ്പുറത്തേക്കുള്ള ഇരുട്ടിലേക്ക് കണ്ണുകൾ പായിക്കുക സാധാരണമാണ്.

നേർത്ത മഞ്ഞിൻധൂളികൾ വായുവിൽ ഒഴുകിനടപ്പുണ്ട്. ശവ ത്തെ പലരും ചേർന്ന് ഏറ്റിപിടിച്ച് തിണ്ണയിലേക്കു കിടത്തിയിരി ക്കുന്നു.

മീനാക്ഷി അമ്മാൾക്ക് ബന്ധുമിത്രാദികളായി ആരുംതന്നെ വരാ നില്ല. പ്രതാപങ്ങളുടെ മരണമടഞ്ഞ ശിഥില ചിന്തകളുമായി, ബ്രാഹ്മ ണ്യത്തിന്റെ കൊടുമുടിയിൽ വാഴുന്നവരോട് അവർക്ക് അകമേ വെറുപ്പായിരുന്നു.

ഞാൻ കുടിപാർപ്പ് തുടങ്ങിയനാൾ ആദ്യമായി എന്നെ വന്നു കണ്ടത് അവരായിരുന്നു.

ആളുകൾ ഒന്നൊന്നായി ഇഴപിരിഞ്ഞ് അകലുവാൻ തുടങ്ങി യിരിക്കുന്നു. മീനാക്ഷി അമ്മ്യാരുടെ ഉറ്റസുഹൃത്തുക്കളായ വൃദ്ധ കൾ ശവത്തിന് ചുറ്റിലും വട്ടമിട്ടിരുപ്പുണ്ട്. പിന്നെ കുറേ മുതിർന്ന ആണുങ്ങളും ചെറുപ്പക്കാരെല്ലാം അവനോന്റെ ദിനകൃത്യങ്ങളിൽ വ്യാപൃതരായിരിക്കയാണ്.

മഞ്ഞിൻ പടലങ്ങളെ തൂത്തു മാറ്റുന്ന വെയിലിന് ശക്തികൂടു ന്നുണ്ട്. തെരുവിലേക്കിറങ്ങി ശവത്തിനു നേരെ പാർത്ഥൻ നടക്കു മ്പോൾ അമല പിൻവിളി വിളിക്കുന്നുണ്ടായിരുന്നു. കൂട്ടത്തിൽ നിന്ന് അയാൾ മീനാക്ഷി അമ്മ്യാരുടെ ശവത്തെ ഒരു നോക്കുകണ്ടു.

ദേഹമാസകലം ഭസ്മം പൂശിയിരിക്കുന്നു. അടഞ്ഞ കൺപോള ലേശം തുറന്നിട്ടുണ്ട്. അതിലൂടെ തിളങ്ങുന്ന കണ്ണുകളെ കാണാം. പ്രായാധിക്യം മൂലം നരകയറി കൊഴിഞ്ഞ കൺപുരികങ്ങൾ ചുരു ണ്ടുകൂടിയിരിക്കുന്നു കോറുവായിൽനിന്നും നേർത്ത നീരൊലി പ്പുണ്ട്.

അപ്പോഴും അവർ മരണവെപ്രാളത്തോടെ ഉരുണ്ടുവീണപ്പോൾ തെന്നിത്തെറിച്ച ഇടത്തുതന്നെ കിടക്കുകയാണ് കവടി പിഞ്ഞാണവും മുഷിഞ്ഞ ഭാണ്ഡക്കെട്ടും.

മൂകരായി നില്ക്കുന്ന ആരും നാവനക്കുന്നേയില്ല. ഈ നില്പു തുടർന്നാൽ സന്ധ്യകഴിഞ്ഞാലും ശവമടക്കൽ നടപ്പില്ലെന്ന് പാർത്ഥനുതോന്നി.

ശൂദ്രനായ ഞാൻ ഇവിടെ അന്യനാണ്.

എങ്കിലും അയാൾ മുഖപരിചയമുള്ള തിരുവയ്യരെ വിളിച്ചു പറഞ്ഞു:

"ആരേയും കാത്തു നില്ക്കാനില്ലല്ലോ. നാലുപേർ ചേർന്നാൽ എല്ലാം ഭംഗിയായി നടത്താൻ കഴിയും. തുകപിരിച്ചെടുത്താൽ മതി. ഇങ്ങനെ കിടന്നാൽ മുൻസിപ്പാലിറ്റിക്കാരാവും വരുക."

"നീങ്കളെതർക്ക് ആത്രപ്പെടണം? ഉങ്കളോടെയാരുമല്ലേയേ. മുൻസിപ്പാലിറ്റിയിലിരുന്ത് ആള് വരപോറാ."

ശവത്തെ വീണ്ടും നോക്കാൻ നില്ക്കാതെ പാർത്ഥൻ തിരികെ നടന്നു. നാഥരില്ലാത്ത അനാഥ ശവമായി പൊതുശ്മശാനത്തിൽ ഭൗതികാവശിഷ്ടം അടക്കം ചെയ്യപ്പെടുമ്പോൾ ഗ്രാമവാസികൾക്ക് ആശ്വാസമായിരിക്കും.

ഇനി ആരും ഒരിറ്റു വെള്ളം പോലും അവർക്കായി നല്കേണ്ടതില്ല. അവരുടെ മഹിമയെ വാഴ്ത്താനായി ചിലവഴിക്കാൻ എല്ലാർക്കും സമയമെമ്പാടും ഉണ്ടുതാനും.

പാർത്ഥന്റെ ക്ഷതമേറ്റ മുഖം കണ്ടപ്പോൾ അമല ചിലതെല്ലാം ഊഹിച്ചറിഞ്ഞു. അവൾ ഗ്രാമവാസികളെ നോക്കി പറഞ്ഞു:

"നല്ലവരെ അടുപ്പിക്കാൻ ഇനിയും പഠിച്ചിട്ടില്ല. പഴയ പ്രതാപം പറഞ്ഞ് സ്വന്തം ദേഹത്തെ പുണ്ണിനെ പട്ടിട്ടു മൂടാനാണ് ശ്രമം. അവരെന്തു പറഞ്ഞു പാർത്ഥേട്ടാ?"

"മുൻസിപ്പാലിറ്റിക്കാർ ശവമെടുക്കുമെന്നു തോന്നുന്നു."

അവൾ നെടുതായി നിശ്വസിച്ചു. പിന്നീട് ശവം കിടക്കുന്നിടത്തേക്കു നോക്കിക്കൊണ്ടു പറഞ്ഞു.

"ചന്ദനമുട്ടിയിൽ ദഹിപ്പിച്ചാലും വളപ്പെരട്ടിയിൽ ദഹിപ്പിച്ചാലും ശവത്തിന് മഹത്വമൊന്നുമില്ല. തനിക്കുവേണ്ടി വായ്ത്താരി പാടുന്നതോ കൊട്ടിഘോഷിക്കുന്നതോ അതൊട്ട് അറിയുന്നില്ല. മരണത്തിനുശേഷം ഒന്നുമറിയാത്ത അവസ്ഥയാവുമ്പോൾ ചിലവു കുറഞ്ഞ മാർഗ്ഗമാണല്ലോ നല്ലത്."

എങ്കിലും ഒറ്റ മുളയിൽ ഈന്തപ്പായിൽ വരിഞ്ഞു കെട്ടി നഗര പ്രദക്ഷിണം നടത്തി നിർവ്വികാരതയോടെ മദ്യത്തിന്റെ ലഹരിയിൽ

ചെയ്യാവുന്ന ശവമടക്ക്. അമ്മ്യാരുടെ മരണം ആരുടേയും ഹൃദയങ്ങളിലേക്ക് ഇറങ്ങി ചെല്ലുന്നില്ല.

"നേത്ത് നാൻ പോനപോത്" എന്നുപറഞ്ഞുകൊണ്ടാരംഭിക്കുന്ന അവരുടെ കഥാകഥനത്തിന്റെ അവസാനം സകലർക്കും അവകാശപ്പെട്ട ശ്മശാനഭൂമിയിലാണ്.

രേണുകേടത്തി ഈയ്യിടെയായി മരണത്തെക്കുറിച്ച് അത്യധികം ചിന്തിക്കുന്നുണ്ട്. അവരുടെ വിരസമായ എഴുത്തുകളിൽ ജീവിതത്തിന്റെ അർത്ഥശൂന്യതയാണു കൂടുതലായി നിഴലിച്ചു കാണുന്നത്. എന്റെ കാൽചുവടുകളെ കണ്ടെത്താത്തതിന്റെ പേരിൽ എനിക്കവരെ പഴിപറയാനാവുന്നില്ല. എന്നാൽ എനിക്കൊട്ട് അവരെ പിന്തുടരാനുമാവില്ല.

ജീവിതത്തിനുമപ്പുറമുള്ള കാലഘട്ടത്തെക്കുറിച്ചായിരുന്നു ഞങ്ങൾ സംസാരിച്ചുകൊണ്ടിരുന്നത്. രേണുകേടത്തി പറഞ്ഞുവന്നത് മഹേശ്വരിയുടെ തൃപ്പാദങ്ങളെത്തേടിയുള്ള യാത്രയാണ് ജീവിതമെന്നായിരുന്നു.

ഒറ്റതിരിഞ്ഞ് കേൾക്കാവുന്ന സ്വരത്തെ കാര്യമായി ആരും എങ്ങും ഗൗനിക്കാറേ ഇല്ല. കാലാന്തരത്തിൽ അയാൾ പറഞ്ഞുവന്ന വാക്കുകളുടെ മേന്മയെക്കുറിച്ചറിയുമ്പോൾ സ്മാരകശിലകളായി മണ്ഡപങ്ങളും ചതുരങ്ങളും പണിത് പൂജ്യനാക്കി തീർക്കുകയാണു പൊതുജനകൃത്യം.

ജീവിച്ചിരിക്കേ ക്രൂശിലേറ്റപ്പെട്ടതിനു ശേഷമാണ് കാലം കഴിഞ്ഞ് കുരിശുപോലും ആരാധനാമാദ്ധ്യമമായി തീരുന്നത്!

ഒരിക്കൽ പിറന്ന മഹാത്മാക്കൾ പിന്നീട് ഭൂരിപക്ഷത്തിന്റെ ശാപമായും കേവലപക്ഷത്തിന്റെ മുഖംമൂടിയണിയിക്കാനുള്ള കവചമായും പരിണമിക്കുന്നു.

വീണ്ടും പലരും ആൾക്കൂട്ടത്തിൽ നിന്ന് താവഴിപിരിഞ്ഞകലുകയാണ്. മുൻസിപ്പാലിറ്റിക്കാരുടെ വരവുകാത്തുനില്പാണ് ഒരു കൂട്ടർ.

മരണവൃത്താന്തമറിഞ്ഞപ്പോൾ അടുപ്പിൽ വെന്തുമലരുന്ന ചോറ് ഇറക്കിവെയ്ക്കുകയായിരുന്നു വൃന്ദ. ഗ്രാമത്തിലെ ഒരംഗത്തിന്റെ മരണം സകലർക്കും തീരാനഷ്ടമാണെന്ന ആചാര പ്രബലമായ വിശ്വാസം. ശവമടക്കുന്നതുവരെ ആരും ഭക്ഷിക്കരുതെന്നാണ് വെയ്പ്.

മീനാക്ഷി അമ്മ്യാർക്കായി ഇവിടെ പുലകുളിക്കാൻ പോലും ആരുമില്ല. ദയാപരനായ ജന്മിയെ വാഴ്ത്തിക്കൊണ്ട്, അയാൾ ചെയ്തിരുന്ന കൊടുംപാതകങ്ങളെ മറന്ന് അരയ്ക്കുമേൽ മുണ്ടു

ചുറ്റി ഓച്ഛാനിച്ചുനിന്നിരുന്ന തലമുറ അസ്തമിച്ചിരിക്കുന്നു. മല വെള്ളം വന്നതുപോലെ ഒരു അഭൂതാവസരം ലഭിച്ച് മദ്യത്തി ന്റേയും പെണ്ണിന്റേയും ഗന്ധമേറ്റ്, ആഹ്ലാദോന്മത്തരായി, ആർക്കും വിലകല്പിക്കാതെ, ആധുനികതയുടെ പരിവേഷത്തിൽ മയങ്ങി കിടപ്പാണ് പുത്തൻ കൂറ്റുകാർ.

ഗ്രാമത്തിലെ മിക്ക വീടുകളിലും അടുപ്പ് പുകഞ്ഞു കത്തുന്നു ണ്ടായിരുന്നു. കുടിയും നിലവുമില്ലാത്ത അമ്മ്യാരുടെ മരണം ആരേ യും ബാധിച്ചിരുന്നില്ല.

സ്റ്റേറ്റ്ബാങ്കിലെ മാനേജർ വിശേഷവിധിയായി ഒന്നും സംഭവി ക്കാത്തമട്ടിൽ കാറോടിച്ചു പോവുകയാണുണ്ടായത്. അയാളുടെ അമ്മയുടെ ചാവടിയന്തരത്തിന് മൃഷ്ടാന്നം ഭുജിച്ച് തൃപ്തരായിറ ങ്ങിയ ഗ്രാമവാസികൾ കാലം മാറീട്ടും അയാൾ ചെയ്തുപോന്ന അക്ഷയമാർന്ന മാതൃസ്നേഹത്തെക്കുറിച്ച് പുകഴ്ത്തി പറയുന്നു ണ്ടായിരുന്നു.

വൃന്ദ അകത്തേക്കുനടന്ന് വാതിലുകൾക്ക് തഴുതിട്ട് വീണ്ടും വന്നു. പാർത്ഥൻ മേൽത്തട്ടിലേക്ക് കയറിച്ചെന്നു. ജനാലയ്ക്കരികെ കസേരവലിച്ചിട്ടിരുന്നപ്പോൾ ഗ്രാമത്തിന്റെ ഒത്ത ഒരു വിഹഗ വീക്ഷണം കിട്ടി.

മുത്തശ്ശിയുടെ മരണത്തിന് നാട്ടുകാരൊക്കെ ഒത്തുകൂടിയിരുന്നു. അവരുടെ മരണമൊഴിപ്രകാരം കുടമുടച്ച് ശേഷക്രിയകൾ ചെയ്തു തീർത്തത് ഞാനായിരുന്നു. മകനായിരുന്നിട്ടും അച്ഛന്റെ അന്തഃ സ്സത്തയിലില്ലാതിരുന്ന സ്നേഹത്തെ നാലാൾ കാൺകെ അറിയി ക്കാനായിപ്പോലും മുത്തശ്ശി ആശിച്ചിരുന്നില്ല.

മരണക്കിടക്കയിൽ രണ്ടുനാൾ അന്നംകഴിക്കാതെ നാമമുരു വിടുന്ന നാവുമായി മുത്തശ്ശി കിടക്കയായിരുന്നു. പ്രീ യൂണിവേഴ് സിറ്റി പരീക്ഷക്കാലം. വിവരമറിഞ്ഞു ഞാൻ ചെന്നപ്പോൾ എല്ലും തോലുമായ അവരുടെ കൈകൾ എന്നെ അണച്ചുപിടിച്ച് വായ തുറന്നു. പൂജാമുറിയിലെ മച്ചിൽ പവിത്രമായി കാത്തുപോന്ന സ്നാനഘട്ടിലെ നീര് തൊണ്ടയിൽ വീണപ്പോൾ മാത്രമായിരുന്നു അവരുടെ ശ്വാസഗതി നിലച്ചത്.

മെഡിക്കൽ അതോറിട്ടിയുടെ സമ്മേളനത്തിനുപോയ അച്ഛൻ ശവദാഹം കഴിഞ്ഞേ എത്തുകയുണ്ടായുള്ളൂ. മൂന്നുനാൾ കനത്ത ദുഃഖമാചരിച്ച് അടച്ചിട്ടമുറിയിൽ കഴിച്ചുകൂട്ടി അമ്മയോടൊത്ത് ഉടനടി തിരികെ പോവുകയായിരുന്നു

സമയം അധികരിച്ചുവരുന്നുണ്ടായിരുന്നു. ദിനകൃത്യങ്ങൾ ഒന്നും കഴിഞ്ഞിരുന്നില്ല. അമല മേല്പടിയിലേക്ക് കയറിവന്നു.

“പാർത്ഥേട്ടനിന്ന് ഓഫീസിൽ പോവുന്നില്ലേ?”

“ഉവ്വ്.”

“ഞാനിന്ന് കോളേജിലേക്കില്ല. ശവമെടുക്കാതെ ഗ്രാമത്തിലെ ആരും ഒന്നും കഴിക്കരുതെന്നാണ്. പാർത്ഥേട്ടൻ പൊറമേന്നു കഴിക്കൂ.”

“ഉം...”

“പല്ലുതേപ്പെല്ലാം നടത്തൂ...”

പല്ലുതേപ്പും കുളിയും കഴിഞ്ഞു വരുമ്പോഴും വൃന്ദയും അമലയും വാതില്ക്കൽ അതേ നില്പുതന്നെ. നിരക്കനെയുള്ള വീടുകളുടെ കോലായകളിലെല്ലാം പെണ്ണുങ്ങളാണ്. ഒരു മരണം വരുത്തി വെച്ച വിന അറിയിക്കാനായി കോലമിടാത്ത കളങ്ങളാണെങ്ങും.

തെരുവിൽ വീണ്ടും ജനമൊഴുകുന്നുണ്ട്. ഓഫീസുകളെ തേടി ച്ചെല്ലുന്ന അവർ സ്വതേയുള്ള വാചാലത കൈവെടിഞ്ഞിരിക്കു ന്നെന്നു മാത്രം.

ഗ്രാമത്തിലെ പടുകിഴവിയും പുരാതന കഥാപാത്രവുമായ അമ്മ്യാര്. ചെറുപ്പകാലത്ത് അവരായിരുന്നുവത്രേ ആവശ്യത്തിന് ചികിത്സയും ചെയ്യാറ്.

സൈക്കളിൽ പാഞ്ഞെത്തിയ പയ്യന്റെ ചുറ്റിലും ശവത്തിനു കാവൽപരിഷകളായി നിന്നിരുന്ന ജനം ഒത്തുകൂടി. വയസ്സൻമാ രോട് അവൻ ആകാശത്തിലേക്ക് വിരലുയർത്തി അംഗവിക്ഷേപ ത്തോടെ പത്ത് എന്നു കാണിച്ചത് പാർത്ഥൻ കണ്ടു.

പത്തുരൂപ കൈമടക്കു കൊടുത്തപ്പോഴേ ശവമെടുപ്പുകാർ സമ്മതിച്ചിരിക്കൂ. ഇനി അവരുടെ വരവിനായുള്ള കാത്തിരിപ്പാണ്.

പയ്യൻ വീണ്ടും സൈക്കളുമായി വന്നിടത്തേക്കു തന്നെ പാഞ്ഞു. അവർ പതിയെ പറഞ്ഞു. “ശവമെടുക്കാൻ ആളുവരും!”

ആരോടും ദ്വേഷമില്ലാതെ പടിക്കൽ ചെന്നാൽ ആട്ടിപ്പുറത്താ ക്കുന്ന മനുഷ്യരോടുപോലും പുഞ്ചിരിയോടെ അവസ്ഥാന്തര ത്തെക്കുറിച്ചു അമ്മ്യാർ പറയുമായിരുന്നു.

മുത്തശ്ശിയുടെ അവസാനകാലത്ത് മുഖത്ത് ഉജ്ജ്വലതേജസ്സാ യിരുന്നുവത്രേ. തന്റെ കാലയളവിന്റെ പരിമിതിയെക്കുറിച്ചറിഞ്ഞ അവർ പൂർവ്വോപരി ഭക്ത്യാധീനയാവുകയായിരുന്നു.

മരംകോച്ചുന്ന വൃശ്ചികത്തിലും പുലർച്ചെ കുളിയും ജപവും. അമ്പലത്തിൽ നിത്യേന തിരിവെയ്ക്കാൻ എണ്ണ കൊടുത്തയക്കുക. ഉച്ചനേരത്ത് മുമ്പത്തെപ്പോലെ മയങ്ങിക്കിടക്കാതെ ഗാഥാശീലു കളോടെ ഭാഗവതം പാരായണം ചെയ്യുക. പടി കടന്നുവരുന്ന ഏതു പിച്ചക്കാരനും ധർമ്മം നല്കുക, അങ്ങനെ പലതും.

കാറിൽ ചിതാഭസ്മവും അസ്ഥിയും നിമജ്ജനം ചെയ്യാൻ പാപ നാശിനിയിലും ഗംഗാസംഗമത്തും പോവുമ്പോൾ അച്ഛനോടൊത്ത് ഞാനും ചെന്നിരുന്നു. ഫലത്തിൽ മുത്തശ്ശിയുടെ അന്ത്യകൂദാശ കളെല്ലാം അച്ഛന്റെ സ്ഥാനം കവർന്ന് ചെയ്തുതീർത്തത് ഞാനായി രുന്നുവല്ലോ.

മുത്തശ്ശിയോടൊത്ത് ആജീവനാനന്തം കഴിച്ചുകൂട്ടിയതിനാൽ അമ്മായിക്കും രേണുകേടത്തിക്കും തോരാത്ത സങ്കടമായിരുന്നു. വീട്ടിലെത്തിയപ്പോൾ അമ്മ പറഞ്ഞു.

“അവളുടെ ഒരു ഭാവാഭിനയം. മകളുടെയും തരക്കേടില്ല. എന്നാ ലും നാട്ടുകാരെ ബോധിപ്പിക്കാൻ ഇത്രയും വേണോ.... എനിക്കും അമ്മായി മരിച്ചതിൽ ദുഃഖമുണ്ട്. കുറേ കരഞ്ഞപ്പോൾ അതെല്ലാം തീർന്നു. അല്ലാ... നിങ്ങളുടേതുമാണല്ലോ അമ്മ.”

“എസ്. ഐനോ.... ബട്ട് ഷീസ് ഏ ഹിസ്റ്റീര്യാ പേഷ്യന്റ്. ”

അച്ഛൻ വീണ്ടും ആശുപത്രി ഭിത്തികളെ അഭയം തേടുന്നു. അമ്മ രാഷ്ട്രപുനർനിർമ്മാണ സമിതിയേയും.

കിഴക്കുനിന്നു തന്നെ ഇരുമ്പുചക്രങ്ങളുടെ തേങ്ങൽ കേൾക്കു ന്നുണ്ടായിരുന്നു. പൊട്ടിപ്പൊളിഞ്ഞ ചിരപുരാതനമായ വണ്ടിയെ വലിച്ചിഴയ്ക്കുകയാണ് ഒരാൾ. മറ്റേയാൾ പിൻവശത്തും. പയ്യൻ സൈക്കളിൽ വഴികാട്ടിയായി മുന്നെ നടപ്പാണ്.

വന്ന ദിശയിലേക്കുതന്നെ വണ്ടിയെ തിരിച്ചു നിർത്തി അവർ ആൾക്കൂട്ടത്തിലേക്കു നോക്കി. തിരുവയ്യർ രൂപ എണ്ണി തിട്ടപ്പെ ടുത്തി അവർക്കു നല്കി. വൃദ്ധകളെല്ലാം അലമുറയിട്ട് കരിച്ചിലാ രംഭിച്ചിരുന്നു.

ഓലപ്പായയിൽ പൊതിഞ്ഞ് വണ്ടിയ്ക്കകത്തേക്കു ലാഘവ ത്തോടെ ശവമേറ്റിവെയ്ക്കുമ്പോഴും ആരും അന്യത്ര കൂട്ടുനിന്നില്ല.

അഗ്രഹാരത്തിനു നടുവിലൂടെ വണ്ടി നീങ്ങിയപ്പോൾ പിമ്പേ ചെന്ന പിള്ളാരെ ശാസിച്ചൊതുക്കുകയായിരുന്നു അമ്മമാർ.

ഓലപ്പായയിൽ പൊതിഞ്ഞ അമ്മ്യാരുടെ മുടിവടിച്ചുകളഞ്ഞ് കഷണ്ടിയായ തല കാണാനുണ്ട്. കാലുകളും അനാവരണം ചെയ്യ പ്പെട്ടിരിക്കുന്നു. ഉന്തുവണ്ടിയിൽ തന്നെയാണ് ഭാണ്ഡവുമുള്ളത്. അവരുടെ ഉപജീവനമാർഗ്ഗമായ കവടിപിഞ്ഞാണം ഗ്രാമത്തിന്റെ ഭാഗഭാക്കായി ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു.

ഉന്തുവണ്ടി വളവുതിരിഞ്ഞ് കൺമറഞ്ഞപ്പോൾ വാതിലുകൾ ഒന്നൊന്നായി അടഞ്ഞുതുടങ്ങി. കോലായിൽ കരഞ്ഞുകൊണ്ടി രുന്ന വൃദ്ധകൾ എണീറ്റ് കൂട്ടുപിരിയുവാനാരംഭിച്ചു.

ഓഫീസിലെ ഫയലുകളിൽ ബദ്ധശ്രദ്ധനായിരുന്നപ്പോഴും പാർത്ഥൻ മീനാക്ഷി അമ്മ്യാരുടെ മരണത്തെ കുറിച്ചായിരുന്നു ചിന്തിച്ചിരുന്നത്.

ആർക്കും അവകാശപ്പെടാനില്ലാത്ത അവരുടെ ജീവിതം. കെട്ടി ഇരുപ്പായി ഒന്നും തന്നെ കരുതിയുമില്ല. ശൂന്യഹസ്തയായി പിറന്ന മണ്ണിൽ നിന്ന് അതേപടിതന്നെയാണ് അവരുടെ തിരിച്ചുപോക്കും. അവരിൽ മാത്രം തുടികൊട്ടിയിരുന്ന കുറേ നൊമ്പരങ്ങൾ ഒടുങ്ങുകയും ചെയ്തിരിക്കുന്നു.

ഫയലുകളുടെ അക്ഷരവടിവുകളിൽ ആണ്ടിറങ്ങാൻ, ഉന്മേഷത്തോടെ പണിയെടുക്കാൻ പാർത്ഥനു കഴിഞ്ഞില്ല.

കാലത്തുവന്ന പോസ്റ്റൽ പൊട്ടിക്കുകയായിരുന്നു സൂപ്രണ്ട് പണിക്കർ. കൃത്യനിഷ്ഠയോടെ പത്തുമണിക്കെത്തുമായിരുന്ന ഞാൻ പതിനഞ്ചുനിമിഷങ്ങളോളം വൈകി കണ്ടപ്പോൾ രമ പോലും അതിന്റെ കാരണം തിരക്കി.

അമ്മ്യാരുടെ മരണം അവർക്കു കുറച്ചുനേരത്തേയ്ക്ക് പറഞ്ഞു പോകാൻ തക്ക കഴമ്പില്ലാത്ത വിഷയം മാത്രമായിരുന്നു.

പോസ്റ്റൽ വായിച്ചുതീർന്ന പണിക്കർ സീറ്റിനരികെ എത്തി. അയാൾ അമിതാവേശത്തോടെ പറഞ്ഞു:

"പാർത്ഥന്റെ പി.എഫ്. സാങ്ഷനായിട്ടുണ്ട്. ഉടൻതന്നെ തുക വാങ്ങിക്കാനാവും."

"അടുത്ത മാസമല്ലേ കല്യാണം?"

"അതെ, നാലിന്. പാർത്ഥനന്ന് വരാഞ്ഞ് അവൾക്കു വിഷമമുണ്ടായിരുന്നു."

"ഏതായാലും കല്യാണത്തിനെത്താം."

ശവപറമ്പിലെ അസംഖ്യം ശരീരങ്ങളഴുകി കറുപ്പുവീണ് പൊതിഞ്ഞു കിടക്കുന്ന മണ്ണിൽ അന്ത്യവിശ്രമം കൊള്ളുകയാണ് അമ്മ്യാര്.

തൊടിയിലായിരുന്നു മുത്തശ്ശിയെ സംസ്കരിച്ചത്. നിത്യേന വിളക്ക് കൊളുത്താൻ അമ്മായിയായിരുന്നു പോവാറ്. ജീവിച്ചിരിക്കുമ്പോൾ അതിരറ്റു സ്നേഹിച്ച മുത്തശ്ശിയെ അവർ മരിച്ചപ്പോൾ രേണുകേടത്തി ഭയന്നിരുന്നു.

ലേശം തലവേദനയുണ്ട്. ബാലകൃഷ്ണൻ വാങ്ങിച്ചുതന്ന അനാസിൻ കഴിച്ച് തണുത്ത കാറ്റേൽക്കാനായി പാർത്ഥൻ ബാൽക്കണിയിൽ നിന്നു. സൂപ്രണ്ട് രണ്ടുവട്ടം കുശലം അന്വേഷിച്ച് തിരികെ ചെന്നിരുപ്പാണ്.

രോഗം വന്ന് സ്വന്തം അവശതയറിയുമ്പോഴാണ് ഊന്നുവേരു

കളെ തേടുന്നത്. രോഹിണിയുടെ വൃത്തപരിധിയിൽ ഒതുങ്ങി നിന്ന് നവ്യമായ ആശകളെ തോൾക്കുതോളുരുമ്മി മെനഞ്ഞെടുക്കാനാവുന്നതും അതുകൊണ്ടു തന്നെ ആവും.

അസഹ്യമായ തലക്കഴപ്പുണ്ടാർന്നിട്ടും പാർത്ഥൻ വീണ്ടും ഫയലുകളെ തേടി. എടുത്തുതീർക്കാൻ തക്ക ലീവില്ല. മാസങ്ങൾ ഇനിയുമുണ്ടുതാനും.

ശിരസ്സ് പൊട്ടുന്ന ഉച്ചവെയിൽ കൊള്ളാൻ മടിച്ച് ബാലകൃഷ്ണനെത്തിച്ച കാപ്പിയും പഴം പൊരിച്ചതും തിന്ന് വിശപ്പടക്കുകയായിരുന്നു പാർത്ഥൻ. സ്വസ്ഥമായി ഒന്നു കിടക്കാൻ കൊതിച്ചിട്ടും സ്ഥലപരിമിതിയുള്ള മുറിയിൽ അതിനായില്ല.

സൂപ്രണ്ട്, ഓഫീസറുടെ കൈയ്യൊപ്പും വാങ്ങിച്ച് ഖജനാവിലേക്ക് വെച്ചടിച്ചിരിക്കയാണ്. കൈവന്ന നല്ലൊരവസരത്തെ പാഴാക്കാൻ അയാൾ മിനക്കെടുന്നില്ല.

ഫയലുകളുടെ കൂമ്പാരത്തിൽ വീണ്ടും ചടഞ്ഞിരുപ്പ്. ബാലകൃഷ്ണൻ വന്നു വിളിച്ചപ്പോൾ ഹാഫ് ഡോർ തുറന്ന് ഓഫീസറുടെ മുന്നിലെത്തി.

സിഗരറ്റ് പുകക്കുകയായിരുന്ന അയാൾ ഫയലുകളിൽ നിന്ന് കണ്ണെടുക്കാതെ പറഞ്ഞു.

"പാർത്ഥൻ പൊയ്ക്കോളളൂ..കുറച്ചു റെസ്റ്റെടുത്താൽ തലവേദന മാറും."

ബാലകൃഷ്ണനോട് സ്ഥലവിവരമറിയിച്ച് പൊരിഞ്ഞ വെയിൽ താഴാനായി സ്റ്റാഫ് റിക്രിയേഷൻ ക്ലബ്ബിലേക്കു ചെന്ന് ഒഴിഞ്ഞ ബെഞ്ചിൽ അയാൾ കിടന്നു.

മീനാക്ഷി അമ്മ്യാരുടെ വിറങ്ങലിച്ച ശരീരത്തിന്റെ സാമീപ്യം ഉയിരോടെ ഉണ്ടെന്ന തോന്നൽ. അവരുടെ വിറപൂണ്ട ഋതുക്കളെ കണ്ട് പതംവന്ന വാക്കുകൾ ചുറ്റിലും അലയടിക്കുന്നുണ്ടെന്ന തോന്നൽ.

ശബ്ദമുഖരിതമായ അന്തരീക്ഷത്തിലും ഒരുറക്കത്തിന്റെ പടുകുഴിയിലേക്ക് പാർത്ഥൻ കൂപ്പുകുത്തി വീഴുകയായിരുന്നു.

കനംവീണ് പുളിച്ച കണ്ണുതിരുമ്മി എണീറ്റിരുന്നപ്പോൾ പാർത്ഥൻ ചകിതനായി. സിഗരറ്റിന്റെ പുകവലയം സൃഷ്ടിച്ച് അടുത്തു തന്നെ ഇരിക്കുകയായിരുന്നു ജോസഫ്.

"നിനക്കെന്നെ വിളിക്കാമായിരുന്നു. വന്നിട്ടൊരുപാടായോ?"

"ങാ....ഒരു മണിക്കൂറാവും. തലവേദനയുമായി കിടപ്പാണെന്നറിഞ്ഞു ശല്യപ്പെടുത്തേണ്ടെന്നു കരുതി."

ഓഫീസിൽ ചെന്ന് ബാഗുമായി പുറമേക്കിറങ്ങുമ്പോൾ പാർത്ഥൻ ചോദിച്ചു:

"എന്താ വിശേഷം?"

"വിശേഷങ്ങളെല്ലാമുണ്ട്. ആദ്യമായി നമുക്കൊരു ചായ കുടിക്കാം."

കോളേജുകളും സ്കൂളുംവിട്ട തിരക്കാണ്. ബസ്സുകളിൽ അകമൊഴിഞ്ഞുകിടന്നിട്ടും പൂർവ്വികരെ പോലെ ചവിട്ടുപടിയിൽ തൂങ്ങിപ്പിടിച്ചുനില്പാണ് പിള്ളേർ.

ഉച്ചസ്ഥായിയിൽനിന്ന് വഴുതിവീണിട്ടും വെയിലിന് നല്ലതുപോലെ ചൂടുണ്ടായിരുന്നു. ഇടുങ്ങിയ റോഡിലെ ശബ്ദായമാനമായ അന്തരീക്ഷത്തിൽ മനുഷ്യരെക്കാളുപരി വാഹനങ്ങളാണ്.

തിരക്കുകുറഞ്ഞ വെടിപ്പും ചിട്ടയുമുള്ള ഹോട്ടലിലിരിക്കുമ്പോൾ, മെനു അനുസരിച്ച് ആവശ്യപ്പെട്ട വിഭവങ്ങൾക്കായി കാത്തിരിക്കുമ്പോൾ ജോസഫ് പറഞ്ഞു:

"ഇന്ന് ചെലവെല്ലാം എന്റെ വകയാണ്."

"കാരണം."

"ദീപാവലിക്കുള്ള ബോണസ്സ് കിട്ടി."

"ഓ.... അതാണല്ലേ കഥ."

കോളേജുവളപ്പിൽ ഉശിരോടെ ആഹ്വാനങ്ങൾക്കും ആവശ്യങ്ങൾക്കുമായി വാദിക്കുമ്പോൾ ജോസഫ് ലോകമറിയാത്ത തള്ളക്കോഴിയുടെ ചിറകുകളിലൊളിച്ച കോഴിക്കുഞ്ഞിനെപ്പോലെ അശ്രാന്തം പരിശ്രമിക്കുകയായിരുന്നു, ക്ലാസ്സോടെ ജയിക്കാൻ.

പലപ്പോഴുമുള്ള എന്റെ ചോദ്യങ്ങൾക്കെല്ലാം അയാൾ ഒറ്റക്ഷണത്തിൽ മറുപടി പറയും:

"പാർത്ഥന് പണമുണ്ട്. വീട്ടിൽ ചടഞ്ഞിരുന്നാലും തിന്നാനുണ്ട്. എന്റെ കഥ അതല്ല. മുകളിൽ ആകാശവും താഴെ തരിശുഭൂമിയുമാണ്."

കട്ട്ലറ്റിന്റേയും പപ്പ്സിന്റേയും സ്വാദിഷ്ടമായ രുചിയിൽ അമർന്നിരിക്കുമ്പോൾ പാർത്ഥന്റെ ഉള്ളിൽ ചിരിമുട്ടി. കീശയിൽ കാൽക്കാശില്ലാതെയാണു നടപ്പ്. നാളെ ശമ്പളദിവസമാണെന്ന ആശ്വാസം.

ക്രിസ്തുമസ്സ് അവധിക്ക് ജോസഫിന്റെ നിർബ്ബന്ധം സഹിക്കവയ്യാഞ്ഞ് കുന്നങ്കുളത്തിലേക്കു പോവുകയായിരുന്നു. മകന്റെ എഴുത്തിലൂടെ ചിരപരിചിതനായ എന്നെ കണ്ടപ്പോൾ അവരുടെ കണ്ണുകൾ നിറഞ്ഞുകുമിഞ്ഞിരുന്നു.

ആകാശത്തെ നക്ഷത്രങ്ങളെ കാട്ടുന്ന ഓലപ്പുരയും പൂളയും അമ്പതു തെങ്ങും തികഞ്ഞ ഭൂമിയും. ജോസഫിന്റെ അമ്മച്ചി

അകാല വൃദ്ധയായി കഴിഞ്ഞിരുന്നു. അവർക്ക് കൂട്ടിന് അയലത്തെ സ്റ്റെല്ല എന്ന പെൺകുട്ടിയായിരുന്നു.

സ്റ്റെല്ലയെക്കുറിച്ചു ജോസഫ് ഒരിക്കൽ പറയുകയുണ്ടായിട്ടുണ്ട്. അവനായി ഉഴിഞ്ഞുവിട്ടതുപോലെ വളരുന്ന പെൺകുട്ടിയായിരുന്നു.

ഹോട്ടലിൽനിന്നു പുറത്തുകടന്നപ്പോൾ നിരത്തിൽ ജനത്തിരക്കു വർദ്ധിച്ചിരിക്കുന്നതു കണ്ടു. രണ്ടാം സിനിമ ആരംഭിക്കുന്നതോടെ ശാന്തമാവുന്ന നഗരം വീണ്ടും രാത്രിയുടെ മദ്ധ്യയാമത്തിൽ ഉണരുകയാണു പതിവ്.

ആൾതിരക്കില്ലാത്ത ഒരിടത്തെ കണ്ടെത്തണമെങ്കിൽ ഇനി കോളേജിനപ്പുറത്തേക്ക് ചെന്നേ പറ്റൂ. മുറതെറ്റാതെ എനിക്കെഴുത്തിടുമ്പോൾ ജോസഫ് ഒരു ഡിഗ്രിക്കായി ജീവിച്ച പഴയ നാളുകളെ വീണ്ടും വീണ്ടും ഓർമ്മിപ്പിച്ചിരുന്നു.

അയാളുടെ പുറംലോകത്തിനറിയാത്ത നെഞ്ചിൻ കൂട്ടിനകത്ത് ഒരഗ്നിപർവ്വതത്തിലെ ലാവയാകെ തിളച്ചുനില്പുണ്ടായിരുന്നു.

പുരയിടം ഒഴിപ്പിക്കാനായി ജന്മിയുടെ കിരാതപരിപാലകർ വീടു വളഞ്ഞപ്പോൾ ലോന പിച്ചാത്തിയുമായി നടുമുറ്റത്തേക്കു ചാടി. നാട്ടിലെ കുപ്രസിദ്ധ ചട്ടമ്പിയുടെ കുടലുപിളർന്നതോടെ കട്ടപ്പാരയുടെ കനത്ത ഇരുമ്പുദണ്ഡ് തലക്കുവീണു. അതേ ഇടത്തുതന്നെ ലോനയും പിടഞ്ഞു മരിക്കുകയായിരുന്നു.

അന്ന് പന്ത്രണ്ടുതികയാത്ത പയ്യനായിരുന്നുവത്രേ ജോസഫ്. മകനെ കരയ്ക്കടുപ്പിച്ച് വിശ്രമിക്കാൻ കൊതിച്ച അമ്മ മലക്കറി വിറ്റ് കാലം കഴിച്ചു.

ഹോസ്റ്റലിലെ ഇടുങ്ങിയ മുറിക്കുള്ളിലിരിക്കുമ്പോൾ ജോസഫ് പലവട്ടം പറഞ്ഞുപോന്നത് തന്റെ അപ്പച്ചന്റെ ധീരതയെകുറിച്ചായിരുന്നു. സ്റ്റെല്ലയുടെ സൗശീല്യത്തെക്കുറിച്ചും സ്നേഹം ചൊരിയുന്ന നിഷ്കാമമായ വാക്കുകളെക്കുറിച്ചും അയാൾക്ക് പറയാനുണ്ടായിരുന്നു.

അപ്പോഴെല്ലാം പ്രേമിക്കുന്നവരോട് അവജ്ഞയായിരുന്നു; എനിക്ക്. ലോകം കാണാതെ ഒരു പെണ്ണിനെ ചുറ്റിപ്പറ്റി സാമ്രാജ്യം പടുത്തുനടക്കുന്ന വിഡ്ഢികൾ.

തികച്ചും വിരുദ്ധമായി ഇരുട്ടിനുമുമ്പെ കയറിച്ചെന്നപ്പോൾ വൃന്ദപോലും അമ്പരന്നു.

അമ്മ്യാരു കോലായിലിരുന്നു മീനാക്ഷി അമ്മ്യാരുടെ അപദാനങ്ങളെ പ്രകീർത്തിക്കുന്നുണ്ടായിരുന്നു.

മേൽത്തട്ടിൽ ചെന്ന് വസ്ത്രം മാറി ഉടുക്കുമ്പോൾ അമല

ചായകോപ്പകളുമായെത്തി. ചായമൊത്തികുടിക്കുമ്പോൾ ജോസഫ് ചോദിച്ചു:

"ഈ അക്ഷയപാത്രത്തിന്റെ അവസാനം എന്താണ്?"

"എന്നു വെച്ചാൽ....?"

"കുമാരി രോഹിണി എന്നാണ് ശ്രീമതി ആവുക."

"അതടുത്തുതന്നെ ഉണ്ടാവും. പിന്നെ നിന്റെ കാര്യം."

"അതാണു പ്രശ്നം."

"ഉം..?"

"അമ്മക്കിപ്പോൾ ഞാൻ വേറൊരുത്തിയെ കെട്ടണമെന്നാണ്."

"നിനക്കോ!"

അമ്മ എനിക്കുവേണ്ടിയാണ് ജീവിക്കുന്നത്. അവരുടെ വാക്കുകളെ തട്ടിമാറ്റാനുള്ള കെല്പാണെനിക്കാവശ്യം.

"സ്റ്റെല്ല നിനക്കായാണ് കാത്തിരിക്കുന്നത്. കഴിഞ്ഞ തലമുറയെപ്പോലെ സ്വാർത്ഥപരമായ ലാഭേച്ഛയെ കരുതി നാമൊന്നും മനുഷ്യരല്ലാതാവരുത്. നഗ്നവാനരനിൽനിന്ന് മനുഷ്യരായി വേർതിരിയുന്നത് ചില മൗലികതയെല്ലാം, വ്യവച്ഛേദിക്കാനാവാത്ത അർത്ഥവ്യാപ്തിയെല്ലാം നമുക്കുള്ളതുകൊണ്ടാണ്."

"നിനക്കെന്തും പറയാം. നിന്റേതല്ലാതെ മാറ്റാരും നൽകിയ ചട്ടക്കൂടിന്റെ പരിധി നിന്നെ ഭരിക്കുന്നില്ല."

കമിതാവിന്റെ സുഹൃത്തിനോട് ലോഹ്യം ഭാവിച്ചുവരുകയായിരുന്ന സ്റ്റെല്ല. ചട്ടയും മുണ്ടും ധരിച്ച വേഷം. സ്ഥൂലിച്ചതല്ലെങ്കിലും കൃശമല്ലാത്ത ശരീരം. അവൾക്കറിയാനുണ്ടായിരുന്നത് ജോസഫിന്റെ സ്വഭാവത്തെ കുറിച്ചായിരുന്നു.

ആഴംതേടി ദൂഷ്യങ്ങളെ തപ്പിപ്പിടിക്കുന്ന കുറേ ചോദ്യങ്ങൾ. അവളുടെ പരിശുദ്ധമായ മനസ്സ് താളം പിഴച്ചു നൃത്തം ചവിട്ടാൻ വെമ്പുന്ന അയാളെ ഓർത്ത് സംഭീതമായിരുന്നു.

സ്റ്റെല്ല ജോസഫ് പത്തിനു പഠിക്കുമ്പോൾ ഫീസ് കെട്ടാനായി കാതിലെ പൊന്നുവിറ്റ് അയാൾക്ക് രൂപ നൽകുകയായിരുന്നു. വീട്ടിൽ ചെന്ന് ആഭരണം കളഞ്ഞെന്നു പറഞ്ഞ് ഒരുപാട് തല്ല് വാങ്ങിക്കുകയായിരുന്നുവത്രേ.

കുനുന്നക്ഷരങ്ങളിൽ ജോസഫിനെഴുത്തിടുമ്പോൾ എന്റെ കുശലങ്ങളുമന്വേഷിക്കാൻ അവൾ മറന്നിരുന്നില്ല.

പുറത്തെ മഞ്ഞവെയിൽ വറ്റിവരണ്ട് ഇല്ലാതായിരിക്കുന്നു. ഇരുട്ടിനുമുമ്പുള്ള നാട്ടുവെളിച്ചം ഗ്രാമത്തെ ആകെ ഗ്രസിച്ചിരിക്കുന്നു ശിവക്ഷേത്രത്തിൽനിന്ന് അസ്തമനപൂജ കഴിഞ്ഞുള്ള മണിമുഴക്കം കേൾക്കാം.

അമ്മ്യാരുടെ മരണം ഒരു പുക കാറ്റിന്റെ ഉത്ഭവത്തിനുശേഷ മുള്ള ശാന്തതയിലേക്ക് വഴുതിവീണിരിക്കുന്നു. അനാഥനായി രുന്നെങ്കിലും ശീലുപട്ടർ മരിച്ചപ്പോൾ ബന്ധുത്വവുമായി മുമ്പോട്ടു വരാൻ പലരുമുണ്ടായിരുന്നു.

ബ്രഹ്മചാരിയായി നാടിന്റെ നാനാഭാഗങ്ങളിൽ ഉദ്യോഗം ഭരിച്ച് കനത്തതുക ബാങ്ക് ഡപ്പോസിറ്റുമായി ഉദ്യോഗത്തിൽ നിന്നും വിര മിച്ച അയാൾ ഗ്രാമത്തിലെ പൂർവ്വികർ താമസിച്ചുപോന്ന വീടിന്റെ താഴുകൾ എണ്ണയിട്ടു തുറന്ന് ശേഷംകാലം ജീവിക്കുകയായിരുന്നു. ബന്ധുമിത്രകളത്രാദികളില്ലാത്തപ്പോൾ, അയാളുടെ മടിക്കുത്തിന്റെ കനമറിഞ്ഞ ഗ്രാമവാസികൾ അട്ടയെപ്പോലെ പറ്റിക്കൂടുകയായി രുന്നു.

എന്നിട്ട് ശവദാഹം കഴിഞ്ഞപ്പോഴാണ് കഥ ലോകമറിഞ്ഞത്. ബാങ്കിലെ നിക്ഷേപവും വീടുപോലും അയാൾ രാമകൃഷ്ണാ മിഷനായി ഒസ്സ്യത്തെഴുതിയിരുന്നുവത്രേ!

പാർത്ഥൻ താഴേക്കിറങ്ങി ചെന്നപ്പോൾ തളത്തിൽ ആരേയും കണ്ടില്ല. പുകക്കുഴൽപോലെ നീണ്ട ഇടനാഴിയിലൂടെ നടന്ന് അമല യുടെ മുറിയിലെത്തി. അവൾ പഠിക്കുകയായിരുന്നു. അയാളുടെ വരവറിഞ്ഞപ്പോൾ വായന നിർത്തി കസേരയിൽ നിന്നെണീറ്റു.

"ജോസഫ് ഇന്നിവിടെ ഉണ്ടാവും. രാത്രി ഊണുവേണം."

"ചോറുണ്ടാവും. കൂട്ടാൻ ഒന്നേയുള്ളൂ."

"ഓ.... അവൻ പഴങ്കഞ്ഞി പാൽപ്പായസമാക്കി വളർന്നതാണ്." കോളേജ്ജീവിതത്തെക്കുറിച്ചു പറഞ്ഞപ്പോൾ ജോസഫിനെ ക്കുറി ച്ചും അമലയോട് പറഞ്ഞിരുന്നു. അപ്പോഴവൾ സൂചിപ്പിച്ചത് ഞാനെ ന്നും വിഡ്ഢിയായിരുന്നുവെന്നാണ്.

അമ്മ്യാര് ആരോടെന്നില്ലാതെ മുൻവശത്തിരുന്ന് പുലമ്പുക തന്നെയാണ്. തല്ലിക്കളിച്ച് വളർന്ന ആൾ പൊടുന്നനെ വേർപിരിയു മ്പോൾ, ഇല്ലാതാവുമ്പോൾ തന്റെ അസ്തിത്വത്തെക്കുറിച്ചും ആരും ഓർത്തു പോവുന്നു.

തളത്തിലെ കുന്നുകൂടിയ ഇരുട്ടിൽ തനിച്ചിരുപ്പാണ് വൃന്ദ. ലേശം വിളർത്തതെങ്കിലും തിളങ്ങുന്ന കവിളുകളെ ഇരുട്ടത്തും കാണാ നുണ്ട്. അമ്പലത്തിലെ കോലാഹലങ്ങളെല്ലാം അടങ്ങി ഗ്രാമം സ്വസ്ഥതയുടെ ഗർഭത്തിലേക്ക് വഴുതിവീണിരിക്കുന്നു.

ജോസഫിന് വിരസമായി മുറിയിൽ ചടഞ്ഞുകൂടിയിരിക്കാൻ മടിയായിരുന്നു. അയാളോടൊത്ത് വീണ്ടും പുറമേക്കിറങ്ങി.

പറയത്തക്ക ലക്ഷ്യം എങ്ങോട്ടേക്കുമില്ല. കാറ്റിന്റെ ഗതിക്കൊത്ത് ഒഴുകുന്നതുപോലെ അവർ നടന്നു.

ബഹുമുഖമായ കൊഴുത്ത അനേകം തുടയിടുക്കുകളും മാംസള മായ ഭൂലോകത്തെപ്പോലെ ഉരുണ്ട ഗോളങ്ങളേയും കണ്ട് മടുപ്പോടെ സിനിമയുടെ പാതിക്കുവെച്ച് അവർ ഇറങ്ങി നടക്കുകയായിരുന്നു.

കതകു തുറക്കുമ്പോഴും, ഉണ്ണുമ്പോഴും യൗവ്വനയുക്തയായ അമലയെപ്പോലും നോക്കാൻ പാർത്ഥന് ജാള്യതയായിരുന്നു. നെറി കെട്ട എന്തോ ചെയ്തുവെന്ന തോന്നൽ!

ഊണുകഴിഞ്ഞ് സിഗരറ്റിന്റെ ആസ്വാദ്യതയുമായി കഴിഞ്ഞു കൂടുന്ന ജോസഫിനോട് പാർത്ഥൻ ചോദിച്ചു :

"നിനക്കെത്ര ബോണസ്സുകിട്ടി?"

"മുവ്വായിരം വരും..."

"ഏതായാലും നിന്റെ പേർക്ക് കുറച്ചുരൂപ സംഭാവന തരണം. പാർട്ടിയുടെ സംസ്ഥാന സമ്മേളനമാണ്."

"പാർത്ഥൻ ചോദിച്ചതുകൊണ്ട് തരാം. ഇതു ഞാൻ പണ്ടേ ഉപേക്ഷിച്ചതാണ്."

അഴയിൽ തൂക്കിയിരുന്ന പാന്റ്സിൽനിന്ന് അയാൾ രൂപയെ ടുത്തു.

"ഇരുപത്തഞ്ചു പോരേ?"

"അമ്പതാകട്ടേ."

രൂപ വാങ്ങിച്ച് മേശപ്പുറത്തെ ഡയറിയിൽ തിരുവുമ്പോൾ പാർത്ഥൻ പറഞ്ഞു:

"രശീതി ഞാനയച്ചുതരാം എന്റെ കയ്യിലെ ബുക്കുകളെല്ലാം തിരിച്ചേല്പിച്ചുകഴിഞ്ഞു."

"അതൊന്നും വേണ്ട."

തെരുവിലൂടെ നടക്കുമ്പോൾ ജോസഫ് വീണ്ടും പറഞ്ഞുവന്നത് അയാളുടെ വിവാഹത്തെക്കുറിച്ചായിരുന്നു.

"അമ്മച്ചി കണ്ടുവെച്ച പുതുപ്പെണ്ണ് ചന്തവും ഒത്ത ശരീരവടി വുമുള്ള സിസിലിക്കുട്ടി. കുടുംബത്തിൽ വിളഭൂമിയും പൊന്നും പണ്ടവും എമ്പാടും. കാര്യക്കാരും മാനംനോക്കികളും സേവ നട ത്തുന്ന നാട്ടിലെ പഞ്ചായത്തു പ്രസിഡന്റാണ് അപ്പച്ചൻ. സർവ്വർ ക്കും ബഹുമാന്യനും ആരാധ്യനും."

"മൂത്തമകളെ ഒരു തോട്ടമുടമസ്ഥനായിരുന്നു വിവാഹം കഴിച്ചത്. പക്വമതിയായ എളേതിനെ ഒരുദ്യോഗസ്ഥന് പിടിച്ചുവിടാനായി കാത്തിരിക്കുകയായിരുന്നുവത്രേ!"

താന്തോന്നിയും മൂരിക്കുട്ടനെപ്പോലെ ശൂരത്വവുമുള്ള അലവലാ തിയായ ലോനയുടെ മകനെ വലയ്ക്കിടാനായി ആളെ വിട്ട്

ബാന്ധവത്തിനൊരുങ്ങുകയായിരുന്നു. പഞ്ചായത്ത് പ്രസിഡന്റിന്റെ കടുംബത്തിലെ കയ്പാർന്ന അനുഭവങ്ങളെ മാന്യമായൊരു ബന്ധത്തിലൂടെ, സകല ബഹുമാന്യതകളും പണവും കിട്ടാവുന്ന വിവാഹത്തിലൂടെ ഏറ്റി എഴുന്നള്ളിയ്ക്കാൻ കാത്തു നില്ക്കുകയായിരുന്നു അമ്മച്ചി.

പാർത്ഥൻ ഉറക്കം പിടിച്ചിട്ടും ജോസഫ് ഉറങ്ങുകയായിരുന്നില്ല. അയാൾ തുറന്ന കണ്ണുകളുമായി കിടക്കയിൽ കിടന്ന് സ്റ്റെല്ലയെക്കുറിച്ചോർക്കുകയായിരുന്നു.

അഞ്ചിനു വിളിക്കണമെന്ന് ചട്ടം കെട്ടിയിരുന്നതിനാൽ അമല അതങ്ങനുസരിച്ചു. കുന്നങ്കുളത്തേക്കുള്ള ആദ്യത്തെ ബസ്സ് അഞ്ചരയ്ക്കായിരുന്നു.

കട്ടൻകാപ്പി കൊണ്ടുതന്ന് അമല വീണ്ടും പഠിക്കുവാനായി താഴേക്കിറങ്ങിച്ചെന്നു. വൃന്ദ അടുക്കള ചായ്പ്പിൽ തിടുക്കത്തോടെ പണിയുകയാണ്. തീപ്പെട്ടിക്കൊള്ളിയുടെ പ്രഭയോടെ ആരംഭിക്കുന്ന അവളുടെ ഒരുദിവസം രാത്രിയിൽ തലയ്ക്കുമേട്ടിലെ വിളക്ക് ഊതി അണച്ച് ഇരുട്ടാക്കുന്നതോടെ അവസാനിക്കുന്നു.

പുറത്ത് വെളിച്ചത്തിന്റെ കണികപോലുമില്ല. ഗ്രാമം ഇരുട്ടുമൂടിയ കുന്നിനെപ്പോലെ ദുരൂഹമായി സ്ഥിതിചെയ്യുന്നു.

മീനാക്ഷി അമ്മ്യാരുടെ ഒരു ദിവസം പഴക്കം വന്ന ശവം ചീഞ്ഞ് വീർത്തിരിക്കാം. തൊലിയും മജ്ജയും അഴുകി മണ്ണിന്റെ അംശമാവുന്നതോടെ, പുല്ലുകൾ കിളിർക്കുന്ന ഭൂനിരപ്പിൽ പുതിയൊരു ശവമടക്കിനായി കുഴിവെട്ടാരാംഭിക്കുകയാവും.

നന്നെ മെല്ല വെളിച്ചം പടരുന്ന തെരുവിലൂടെ നടക്കുമ്പോൾ ജോസഫ് പറഞ്ഞു: ‘‘എനിക്കുവേണ്ടി ജീവിക്കുന്നവരാണ് അമ്മയും സ്റ്റെല്ലയും. ആ രേയും വഞ്ചിക്കാൻ എനിക്കുവയ്യ. പക്ഷേ ഞാൻ എന്തെങ്കിലുമൊരു തീരുമാനമെടുത്തേപറ്റൂ.’’

ഓരോ അവധിക്കാലത്തും നാട്ടിൽ നിന്നും തിരിച്ചെത്തുമ്പോൾ ജോസഫിന് ഒരു പാട് നുറുങ്ങുകാര്യങ്ങൾ പറയാനുണ്ടാവും. പരിഭവവുമായി സ്റ്റെല്ല കരഞ്ഞ നിമിഷങ്ങൾ. അയാൾക്കായി അവൾ പ്രത്യേകം തയ്യാർ ചെയ്തുകൊണ്ടുവന്ന മധുരപലഹാരം. അമ്മച്ചിയെ കബളിപ്പിച്ച് ഇരുവരും തെങ്ങിൻതോപ്പിലൂടെ നടക്കാനിറങ്ങിയത്. പിന്നെ പ്രവാസം ആരംഭിക്കാവുന്ന നിമിഷത്തിൽ വളരെ പ്രയാസപ്പെട്ട് വീണ്ടും കാണാമെന്ന ആശ്വാസവുമായി ആരംഭിക്കുന്ന വിടപറച്ചിൽ.

നല്ലൊരു ചിത്രകാരനായ ജോസഫിന്റെ നോട്ടുപുസ്തകത്തിലെ താളിൽ സ്റ്റെല്ലയുടെ സുന്ദരമായ ഒരു ചിത്രമുണ്ടായിരുന്നു.

അവർ സ്റ്റാന്റിലെത്തിയപ്പോൾ ബസ്സുകളെല്ലാം തലങ്ങും വിലങ്ങും കിടപ്പായിരുന്നു.

കുന്നങ്കുളത്തേക്കുള്ള ബസ്സ് പുകവിട്ട് യാത്രക്ക് തയ്യാറെടുക്കുന്നു. ഒഴിഞ്ഞ ഇരിപ്പിടങ്ങളാണ് ഒട്ടുമുക്കാലും.

"പാർത്ഥൻ ഒരു ദിവസം വരണം. അമ്മച്ചിയോടു സംസാരിച്ച് ഒരു തീരുമാനത്തിലെത്തണം."

"ഒഴിവു കിട്ടട്ടേ..ഞാൻ വരാം."

"വിവാഹത്തിന് എന്നെ അറിയിക്കണേ. ഞാ അങ്ങനങ്ങ് കഴിഞ്ഞു എന്നു പറഞ്ഞാൽ പറ്റില്ല. ഞാനെന്തായാലും വരും..."

പുകതുപ്പി ബസ്സ് നെരങ്ങിയപ്പോൾ പാർത്ഥൻ സ്റ്റാന്റിൽ നിന്നു പുറത്തുകടന്നു. ഇത്തിരി തണുപ്പുണ്ട്. നേരത്തെ എണീറ്റതി നാലാവും ഉന്മേഷം തോന്നി.

പാർത്ഥൻ ബസ്സിനു കാത്തുനില്ക്കാതെ തിരികെ ഗ്രാമത്തിലേക്കു തന്നെ നടന്നു.

പന്ത്രണ്ട്

ബാല്യം മുതലേ കണ്ടുപഴകി തമിരിട്ടതുപോലെ ഗാഢമായ ഒരു സ്നേഹ വായ്പിലേക്കു വീണ്, സങ്കല്പത്തിന്റെ തിരകളുടെ തുടുപ്പിൽ ഏന്തിയലച്ചു നടക്കുകയായിരുന്നു ജോസഫ്. അയാളിന്ന് ഒരു ബദൽ തീരുമാനത്തിനായി അമ്മച്ചിയേയും സ്റ്റെല്ലയേയും പിണക്കാനാവാഞ്ഞ് ഉഴറുന്നു.

പുതുതായി ജോലിക്കു ചെല്ലുമ്പോൾ പോലും എന്നോട് കുടിശ്ശികയായി രൂപ വാങ്ങീട്ടായിരുന്നു ജോസഫ് ചെന്നത്.

നാട്ടിലെ ആദ്യത്തെ ഉന്നതബിരുദധാരിയായിരുന്നു അയാൾ. കാണാൻ കൊള്ളാവുന്ന സുമുഖനായ മനുഷ്യൻ. പക്വവും മിതവുമായ പെരുമാറ്റം. വീമ്പുപറയാത്ത, ബഹുമാനപുരസ്സരം വണങ്ങേണ്ടുന്നവരെ വണങ്ങുന്ന സ്വഭാവം. തമിഴ്നാട്ടിലെ കെമിക്കൽ ഫാക്ടറിയിൽ ഉയന്ന ഉദ്യോഗവും ജീവിതസൗകര്യങ്ങളും.

മകളെ കെട്ടിച്ചയച്ചാൽ ജോലി സ്ഥലത്താവും ജോസഫ് പൊറുതി കൂടുന്നതെന്ന പഞ്ചായത്തുപ്രസിഡന്റിന്റെ നിഗമനം ഒരിക്കലും അണുവിട പിഴച്ചെന്നു വരില്ല.

സൗകര്യപൂർവ്വം വാഗ്ദാനങ്ങളെ മറക്കുകയാണാവശ്യം! അല്ലെങ്കിൽ ഊമയെപ്പോലെ രക്ഷാകവചമണിഞ്ഞു നട്ടംതിരിയാനെങ്കിലും ശീലിക്കേണ്ടിയിരിക്കുന്നു. ഹൃദയത്തിൽനിന്ന് വേരുകളെ

പിഴുതെറിയുമ്പോൾ വാണിജ്യത്തിൽ തനിക്കു ലഭിക്കാവുന്ന ഉൽക്കർഷത്തെയാണ് ലക്ഷ്യമാക്കേണ്ടത്! തെറ്റു ചെയ്യുമ്പോഴും അതാരോ വരുത്തിക്കൂട്ടിയതാണെന്ന തനിക്കുമപ്പുറമുള്ള ലോകസ്രഷ്ടാവിന്റെ കരങ്ങളാണ് ചക്രംതിരിക്കുന്നതെന്ന, ഭാവമാണ് ആവശ്യം! ഒരു വിഷയത്തെ ആസ്പദമാക്കി അധികകാലം ചിന്തിക്കുന്നവനെ ഒരു മൂഢനായി ജനം കൊട്ടിഘോഷിക്കുന്നു.

മൂഢവും അർത്ഥശൂന്യവുമായ ഒരു ചെയ്തിയെന്നാണു അമല വിദ്യാഭ്യാസത്തെ വിശേഷിപ്പിച്ചത്.

“ഒരു ചില്ലിക്കാശിനുപോലും വകയില്ലാത്ത ഞാൻ സഹകരണ വ്യവസ്ഥയിലോ, മുതലാളിത്ത വ്യവസ്ഥയിലോ ഫാക്ടറി സ്ഥാപിച്ചാൽ മെച്ചമുണ്ടാവുമെന്ന് പഠിക്കേണ്ടിയിരിക്കുന്നു. നേരത്തിന് ആഹാരം പോലുമില്ലാത്ത മനുഷ്യൻ അറിയേണ്ടത് അണുശക്തി വികസനത്തിൽ ഇന്ത്യ വഹിച്ച പങ്കിനെക്കുറിച്ചാണ്.”

“പക്ഷേ ഉപജീവനത്തിന് ഇതെല്ലാം കൂടിയേ കഴിയൂ അമലേ.”

പാർത്ഥൻ ഓഫീസിലെത്തുമ്പോൾ ബാലകൃഷ്ണൻ മാത്രമേ ഹാജരുണ്ടായിരുന്നുള്ളൂ. കോണിച്ചുവട്ടിൽവെച്ച് മുറികൾ അടിച്ചുതൂത്ത് തിരികെ പോവുന്ന മസാലച്ചിയെ കണ്ടു.

സീറ്റിൽ ചെന്നിരുന്നപ്പോൾ ബാലകൃഷ്ണൻ എഴുത്തുകൂടുതന്നു. പൊട്ടിച്ചുവായിക്കുമ്പോൾ അയാൾ പറയുന്നതു കേട്ടു.

“ആസ്പത്രി കമ്പോണ്ടർ കൊണ്ടുതന്നതാണ്...”

എനിക്ക് ഒട്ടും വയ്യ. ഒന്നുകാണാൻ തോന്നുന്നു. ഉടനടിവരുമല്ലോ. രോഹിണിയുടെ അക്ഷരങ്ങൾ വരിയും താളവും തെറ്റി വികൃതമായിരുന്നു.

എഴുത്ത് ഡ്രാവിനകത്തിടുമ്പോൾ പാർത്ഥൻ പറഞ്ഞു:

“ഈ ലീവ് ലെറ്റർ കൊടുക്കൂ...”

പടിയിറങ്ങി തെരുവിലേക്കു കുതിക്കുമ്പോൾ നെഞ്ചുപിടച്ച് വാക്കുകൾ തൊണ്ടയിൽ മലരുകളായി കുന്നുകൂടുന്നുണ്ടായിരുന്നു. സംഭ്രാന്തിയോടെ നിരത്തുവക്കിൽ നിന്നിരുന്ന അയാൾ ഓട്ടോറിക്ഷക്കായി ചുറ്റിലും നോക്കി.

അനുരാധയായിരുന്നു പാർത്ഥനെ എതിരേറ്റത്.

അവൾ രോഹിണിയുടെ മുറിയിലേക്കുനയിച്ച് അടുക്കളയിലേക്കു പിന്മാറി.

രോഹിണി കട്ടിലിൽ കിടപ്പായിരുന്നു. അയാളെ കണ്ടപാടെ എണീക്കാൻ ശ്രമിച്ചെങ്കിലും പാർത്ഥൻ തടഞ്ഞ് കട്ടിലിനോരം ചേർന്നിരുന്നു. അവളുടെ കൊലുന്നനെയുള്ള കൈവണ്ണയിലൂടെ

വിരലോടിക്കുമ്പോൾ പെണ്ണിന്റെ കണ്ണുകൾ നിറഞ്ഞു കൂടുന്നത് അയാൾ കണ്ടു.

അപ്പോഴും പുറത്ത് വെയിൽ നിന്നെരിയുന്നുണ്ടായിരുന്നു.

“എന്തു പറ്റി രോഹിണി?”

രോഹിണി ഒന്നു ചിരിക്കാനായി പണിപ്പെട്ടു.

വാതിൽക്കൽ വന്നുനിന്ന അനുരാധ പറഞ്ഞു :

“രണ്ടുമൂന്നു ദിവസമായി അവൾക്കൊറക്കമൊന്നുമില്ല. നേരാംവണ്ണം ഊണും കഴിക്കില്ല. ആശുപത്രിയിൽ ചെന്നാലും ഒരേ ഇരുപ്പാണ്. കാലത്ത് കുളിക്കാൻ ചെന്നതാണ് കളിമുറിയിൽ തലകറങ്ങി വീണു. ഡോക്ടർ വന്നു പരിശോധിച്ചപ്പോൾ ശരീരം വളരെ ക്ഷീണിച്ചിട്ടുണ്ടെന്നും മനസ്സിനാണ് കൂടുതൽ അസുഖമെന്നുമാണ് പറഞ്ഞത്.”

“വേറെ പ്രത്യേകിച്ചെന്തെങ്കിലും?”

“ഒന്നുമില്ല.. മനസ്സിലെ വെഷമം ആരോടും പറയില്ല. പാർത്ഥൻ ചോദിച്ചുനോക്കൂ.”

അവൾ അമ്മയുടെ പുരാവൃത്തം പറഞ്ഞതുതന്നെ അകമഴിഞ്ഞ പെരുമാറ്റത്തെ മുൻകണ്ടായിരുന്നു. എല്ലാം പറഞ്ഞു തീർന്നപ്പോൾ രോഹിണി ചോദിച്ചു.

“ഇപ്പോഴും എന്നോട് സ്നേഹമുണ്ടോ?”

“ഉം?”

“ഞാനൊരു തെമ്മാടിച്ചീന്റെ മകളാണല്ലൊ. പാർത്ഥേട്ടന്റെ സല്പ്പേരുപോലും എന്റെകൂടെ ചേർന്നാൽ ഇല്ലാതാവും...”

അവളുടെ വ്യാകുലമായ മുഖം വേനൽകാലത്തെ പാശാറുമൊരിഞ്ഞ പുതു ഓടിനെപ്പോലെ വികൃതമായിരുന്നു.

അനുരാധ അകത്തുതന്നെയാണ്. തിടുക്കപ്പെട്ട് അവൾ അടുക്കളയിൽ ഒരുക്കങ്ങൾ നടത്തുന്നു. വീട്ടിലെ മറ്റു മുറികളിൽ നിശബ്ദതതന്നെ.

തലയിണയിൽ മുഖമമർത്തി കമഴ്ന്നുകിടന്നു തേങ്ങുകയായിരുന്നു രോഹിണി. അവളുടെ ചുമലിൽ പിടിച്ച് അയാൾ മലർത്തിക്കിടത്തി.

“എന്നോടു പറയൂ. എന്താ രോഹിണിക്കിത്ര വെഷമം?”

രേണുകേടത്തി സകലതും അനായാസം കഥ പറയുന്നതുപോലെ ഉരുവിട്ട് തീർക്കുമായിരുന്നു. ഒന്നിനൊന്ന് പറഞ്ഞുതീരുമ്പോൾ അവരുടെ മുഖത്ത് അത്യധികമായി ആശ്വാസത്തിന്റെ തെളിച്ചമായിരിക്കും.

“പാർത്ഥേട്ടനേയും ഞാൻ നശിപ്പിക്കയാണെന്നു തോന്നുന്നു...”

“ഇപ്പോഴിതു തോന്നാൻ?”

“എനിക്കുവേണ്ടി പാർത്ഥേട്ടൻ എല്ലാവരുടെ മുമ്പിലും വെറുക്കപ്പെട്ടവനാകാൻ പോവുകയാണ്. പണവും പ്രതാപവും ഉറ്റവരായി ആരോരുമില്ലാത്ത അനാഥ. അമ്മ നല്കിയ കുറേ ദുഷ്പേരു മാത്രമുണ്ട് കൂട്ടിന്.”

“എല്ലാവരുമുണ്ടെങ്കിലും ഞാനും അനാഥൻ തന്നെയാണ്. ഈ ദോഷങ്ങളെല്ലാമുള്ള രോഹിണിയെയാണ് എനിക്കിഷ്ടം. വെറുതെ നീ ചിന്തിച്ചുവരുത്തിയതാണ് ഈ അസുഖം.”

“എന്തായാലും എനിക്കെന്തോ കുറ്റബോധം തോന്നുന്നു.”

ദ്രൗഹിത്രിയെ ലോകർക്കായി തീറ്റിക്കിട്ട് കടന്നുകളഞ്ഞ പുരുഷന് കുറ്റബോധമില്ലായിരുന്നു. ആത്മാഭിമാനവും തണ്ടുമില്ലാത്ത അയാളെ ഒരുനിമിഷം കാണണമെന്ന നിഗൂഢമായ ആശ രോഹിണിക്കുണ്ടായിരുന്നു.

ഒരോണത്തിന് തളികയിൽ എനിക്ക് വിഭവങ്ങൾ വിളമ്പുമ്പോൾ അവൾ പറയുകയാണുണ്ടായത്.

ഒരുജന്മം മുഴുക്കെ അനാഥയായി കാലഹരണപ്പെട്ട മീനാക്ഷി അമ്മ്യാര്.

രോഹിണിയുടെ മുഖമപ്പാടെ വിവശമാണ്. ശിരസ്സിലെ തുടച്ചു മാറ്റിയ എണ്ണ മുഖത്തേക്കു വ്യാപിച്ചിട്ടുണ്ട്. കണ്ണുകളിലെ തിളക്കം അകന്നിരിക്കുന്നു.

ഗതിയറ്റ ഈ അവസ്ഥയാണ് എല്ലാറ്റിന്റേയും ധൂമകേതു. അനാവശ്യമായ ഈ വലിച്ചുനീട്ടൽ അവസാനിപ്പിക്കേണ്ടതുണ്ട്.

എന്റെ മുന്നിൽ തരണം ചെയ്യാനാവാത്ത പ്രശ്നങ്ങളൊന്നുമില്ല; രോഹിണിയ്ക്കും. അയാളുടെ വിരലുകളെ മുറുകെപിടിച്ചിരുന്ന അവൾ ഉറക്കമാരംഭിച്ചിരുന്നു. കൺപോളകൾ അടഞ്ഞ ചിപ്പിയെപ്പോലെ മനോഹരമായിരിക്കുന്നു.

മുറിയിൽ പൊടുന്നനെ സംജാതമായ ആശുപത്രിയുടെ അന്തരീക്ഷം. മേശപ്പുറത്ത് നൂറുകൂട്ടം മരുന്നുകൾ. ക്ഷീണംതീർക്കാനായി ഗ്ലൂക്കോസ്സും മറ്റും.

അമ്മാവന്റെ മുറി കാഴ്ചയിൽ ഒരായുർവ്വേദ ഔഷധശാലതന്നെയായിരുന്നു. രാസ്നാദിപൊടി മുതൽ ഗോമേദകംവരെയുള്ള അവശ്യമരുന്നുകൾ. സ്വയം അരച്ചുകലക്കി വാറ്റിയുണ്ടാക്കിയ എണ്ണയായിരുന്നു മരണവേളവരെ അദ്ദേഹം ഉപയോഗിച്ചിരുന്നത്.

അനന്തേട്ടനോടെന്നപോലെ രേണുകേടത്തിയ്ക്ക് അലോപ്പതി മരുന്നിനോടും വെറുപ്പായിരുന്നുവല്ലോ.

അവർക്ക് ഒരെഴുത്തിടേണ്ടിയിരിക്കുന്നു.

നഗരത്തിലെ ഗുജറാത്തി പെണ്ണിനെ കെട്ടി വീടും കുടിയും മനുഷ്യരേയും മറന്ന് വാണരുളുകയായിരുന്നു മുത്തശ്ശിയുടെ ആങ്ങള. മീശമുളയ്ക്കാത്ത പരുവത്തിൽ നാടുവിട്ട അനുജനെക്കുറിച്ച് വാതോരുവോളം അവർക്ക് പറയാനുണ്ടായിരുന്നു.

അതീവ സ്നേഹവത്സലനായ അയാൾ പുളി ഉറുമ്പു നിറഞ്ഞ മാവിൽനിന്ന് നിത്യേന കടിയേറ്റ്, നോവു സഹിച്ചു മുല്ല മൊട്ടുകളിറുക്കുന്നത്. നാട്ടിലെങ്ങുമുള്ള പൂരത്തിന് ആവേശത്തോടെ ചെല്ലുന്ന അയാൾ തിരികെ എത്തുമ്പോഴെല്ലാം കൊണ്ടുവരുന്ന മഷിക്കൂട്ടും ചാന്തുപൊട്ടും പക്കവളകളും.

എഴുത്തുകുത്തുകൾപോലും അയാൾ പാടെ അവസാനിപ്പിച്ചെന്നും മുത്തശ്ശി പറയുകയായിരുന്നു.

മിസ്സിസ്സ് പത്മനാഭന്റെ ചളിയേറ്റ് വളിച്ചമുഖത്തെ എനിക്കു കാണാനാവുന്നുണ്ട്. അനന്തേട്ടൻ ഭാഗികമായ വ്യതിയാനങ്ങളൊന്നുമില്ലാതെ തന്റെ പതിവുകൃത്യം തുടരുകതന്നെയാവും.

മിസ്സിസ്സ് പത്മനാഭനും പുച്ഛത്തോടെ എനിക്കായി പറയാൻ ഒരു വാക്കുണ്ടാവും:

“ഹി കേം ഫ്രം എ ഹെൽ...”

മിസ്സിസ്സ് പത്മനാഭന്റെ തലയറഞ്ഞു നടക്കുന്ന, കുരുത്തംകെട്ട, മാന്യമായ കുടുംബത്തിന് കരിതേയ്ക്കുന്ന മകനെക്കുറിച്ച് സമൂഹത്തിലെ പരിഷ്കാരമണ്ഡലങ്ങളിൽ തർക്കവിതർക്കങ്ങൾ നടത്താൻ പലരുമുണ്ടാവും.

പാർത്ഥൻ അകത്തേക്കു ചെന്നപ്പോൾ അനുരാധ കസേരയിലിരുന്ന് പുസ്തകം വായിക്കുകയായിരുന്നു. എതിരെയുള്ള കസേര അയാൾക്കു നല്കിയതിനുശേഷം അവൾ ചോദിച്ചു.

“രോഹിണി ഉറങ്ങുകയാണല്ലേ....?”

“അതെ. രോഹിണിയെ ഞാൻ അങ്ങോട്ടുകൊണ്ടുപോവാൻ ഉദ്ദേശിക്കുന്നു.”

“അമലയുടെ വീട്ടിലേക്കല്ലേ?”

“അതെ.....”

“വിവാഹം കഴിഞ്ഞിട്ടുപോരേ....?”

“രോഹിണിയ്ക്ക് താൻ ഏകയാണെന്ന ബോധമാണ്. അനാഥയാണെന്ന തോന്നലും അനാവശ്യമായ കുറ്റബോധവും.”

“ആ കുട്ടി അങ്ങനെയാണ്. സ്വന്തം തെറ്റല്ലെന്ന് ബോധ്യമുണ്ടെങ്കിലും വെറുതെ ദുഃഖിക്കുകയാണ്. ആരെങ്കിലും തറച്ചുനോക്കിയാൽ പുതിയ കഥകൾ മെനഞ്ഞെടുക്കുന്നെന്നാണ് അവളുടെ തോന്നൽ.”

“ഞാനവിടെ ഒരു കുടുംബവുമായിതന്നെയാണല്ലോ താമസം. അസുഖം ഭേദമായാലുടനെ വിവാഹം നടത്താം. ഒറ്റപ്പെട്ട ജീവിതം രോഹിണിക്കു കൂടുതൽ വിഷമമേ നൽകൂ.”

“എനിക്കവൾക്ക് സുഖമുണ്ടാകണമെന്നേ ആശയുള്ളൂ. കുറേ സഹിച്ചവളാണാക്കുട്ടി. പാർത്ഥൻ രോഹിണിയെ ഒരിക്കലും ദുഃഖിപ്പിക്കരുത്.”

“ഇല്ല”

ഒരു പൂർണ്ണസംതൃപ്ത ജീവിതത്തെ സ്വപ്നം കണ്ട രേണുകേടത്തി വിറങ്ങലിച്ച ദിവസങ്ങളെ തള്ളിനീക്കുന്നു. കഴിഞ്ഞദിവസം അമലയ്ക്ക് അവർ എഴുത്തിട്ടിരുന്നുവത്രേ.

പകൽകിനാവിനെപ്പോലെയാണ് ജീവിതം. സങ്കല്പത്തിൽ നിന്നുണർന്ന് ചുറ്റിലും നോക്കുമ്പോൾ ചാവുകുടീരങ്ങളുടെ സ്മാരകങ്ങളെയാണ് നമുക്ക് കാണാൻ കഴിയുക അമലേ.

തൊടിയിൽ അക്ഷീണം പ്രയത്നിച്ച് കൈവണ്ണയിൽ തഴമ്പും രക്തവാതം വന്ന് ഞരമ്പുകൾ പടലവേരുകളെപ്പോലെ ഉരുണ്ടുകൂടിയ കാൽവണ്ണയുമുള്ള അമ്മാവൻ, മകളെ തറയിൽ തൊടിക്കാതെ വളർത്തിയ അമ്മാവൻ മകളുടെ ദയനീയാവസ്ഥയെക്കുറിച്ചറിഞ്ഞ് മരണക്കിടക്കയിൽ എരിപൊരി കൊണ്ട് ശ്വാസഗതി വിടാതെ കിടപ്പായിരുന്നു.

അനന്തേട്ടന്റെ സൗകര്യം പരിഗണിച്ച് സ്ഥലത്ത് ചെല്ലുമ്പോൾ ചേതനയറ്റ, വിറങ്ങലിച്ച, അടച്ചുപൂട്ടിട്ടും തുറക്കുന്ന മിഴികളോടുകൂടിയ അമ്മാവനെയായിരുന്നു രേണുകേടത്തി കണ്ടത്.

ആശുപത്രിവളപ്പിൽ നിന്ന് പൊടുന്നനെയുയർന്ന കരച്ചിൽ ദിശകളിലലച്ചു. പ്രസവവാർഡിൽ നിന്നാണ്. ഏതോ ഒരു ഗർഭിണി മരിച്ചിരിക്കുന്നു. വൃദ്ധയായ അമ്മയുടെ ഹൃദയം പൊട്ടുന്ന തരളമായ ശബ്ദം കുറുകലോടെ തുടരുന്നു. ഓടിപ്പിടഞ്ഞു നടക്കുന്ന നേഴ്സുമാരെ അകലേന്നും അയാൾക്കു കാണാൻ കഴിഞ്ഞു.

മൂടിക്കെട്ടിയ വിഷണ്ണമായ മനസ്സോടെ പാർത്ഥൻ അകമുറിയിലേക്കു നടന്നു. രോഹിണി അപ്പോഴും ഉറങ്ങുകയായിരുന്നു. തളർന്ന് ഞെട്ടറ്റപോലെ കോസറിയിൽ കിടക്കുന്ന കൈകളെ അയാൾ പതുക്കെ തലോടി.

രേണുകേടത്തിക്ക് വിശദമായി എഴുതി.

ഞാൻ രോഹിണിയെ വിവാഹം കഴിക്കാൻ നിശ്ചയിച്ചു. ഒരാഴ്ചയ്ക്കകം അതു നടക്കും. എനിക്ക് രേണുകേടത്തിയെ മാത്രമേ അവിടെ അറിയിക്കേണ്ടതുള്ളൂ. അനന്തേട്ടന്റെ എഴുത്തിൽ മറ്റുചില

സൂചനകളുണ്ടായിരുന്നു. ഒരിക്കലും നല്ലകുട്ടി അല്ലാതായിരുന്ന ഞാൻ ഇത്തവണയും അതുതന്നെ ആവുന്നു.

വളരെ ലളിതമായി നടത്താനാണ് നിശ്ചയം. രേണുകേടത്തി വരുമല്ലോ? ദിവസം നിശ്ചയിച്ചിട്ടില്ല.

മുകുന്ദന്റെ ശ്രീമതിയെക്കുറിച്ചു പറഞ്ഞപ്പോൾ രേണുകേടത്തി എന്റെ വിവാഹക്കാര്യം സംഭാഷണ വിഷയമാക്കുകയായിരുന്നു. നാടൻ പ്രകൃതമുള്ള, എളിമയും സ്നേഹലോലയുമായ ഒരു സ്ത്രീ യെയായിരുന്നു അവർ എന്നും പറഞ്ഞു പോന്നിരുന്നത്.

രോഹിണിയെക്കുറിച്ചു പറഞ്ഞപ്പോൾ അവർക്ക് അറിയാ നുണ്ടാ യിരുന്നതും അവളുടെ സ്വഭാവത്തെ കുറിച്ചായിരുന്നു. ദ്രൗഹി ത്രിയുടെ ദൂഷ്യം കാർമേഘപടലത്തെപ്പോലെ രോഹിണിയുടെ തലയ്ക്കുമുകളിൽ നിലകൊള്ളുന്നതിനെ അവർ ഭയന്നിരുന്നു.

രോഹിണിയെ കാണാനെത്തിയ സഹപ്രവർത്തകർ എന്നെ ക്കണ്ട് കുശുമ്പു പറഞ്ഞ്, രോഹിണിയെ ഉണർത്തരുതെന്ന നിശ്ച യവുമായി പോയിരിക്കുന്നു. അനുരാധ രോഹിണിയുടെ മുറിയിൽ തന്നെയാണ്.

സഹപാഠിനിയുമായുള്ള മുകുന്ദന്റെ പ്രേമം ഒരു ജനകീയ കാവ്യമായി തീർന്നിരുന്നു. ഏതൊരു നിമിഷത്തിലും തികച്ചും ലാഘവത്തോടെ ഒരു ക്രിസ്ത്യാനിച്ചിയുടെ ചുമലിൽ കയ്യിട്ട് പോർച്ചിലേക്കു വരുമെന്നായിരുന്നു ഞാൻ പ്രതീക്ഷിച്ചത്.

ഒന്നു രണ്ടുവട്ടം ഹോട്ടൽ മുറിയിൽ രമ്യമായി സമ്മേളിച്ച അവർ എല്ലായിടത്തും പരക്കെ പ്രചുരപ്രചാരം നേടിയിരുന്നു. മിസ്സിസ്സ് പത്മനാഭന്റെ കരുത്തുനീണ്ട കരങ്ങൾക്ക് എങ്ങും കടന്നു ചെന്നെത്താനാവുന്ന, അദൃശ്യതയിൽപോലുമുള്ള എന്തിനേയും നിയന്ത്രിക്കാനാവുമെന്ന വൈഭവം തെളിച്ചു കാട്ടിയ സന്ദർഭം.

പതിനായിരം രൂപയുടെ തുറുപ്പുശീട്ടിൽ ഒതുക്കിയ വിലാസകഥ ക്രിസ്ത്യാനിച്ചിയുടെ മംഗളമായ വിവാഹത്തോടെ പര്യവസാനി ക്കുകയായിരുന്നുവല്ലോ.

നഗരത്തിലെ പ്രഗൽഭനും പ്രശസ്തനുമായ അഡ്വക്കേറ്റിന്റെ ഉത്ഭവം പവിത്രതയുടെ കപടഭാവമണിഞ്ഞ ഒരുത്തിയെ ഭാര്യാപദവിയിലേറ്റി നടക്കുക എന്നതോടെ ആരംഭിക്കുന്നു.

കുടുംബവുമായുള്ള ശേഷിച്ച കണ്ണിയും അറുത്തുമുറിക്കു കയാവും എന്റെ വിവാഹം. ഒരു സാധാരണക്കാരിയും തരംതാണ നെഴ്സ് ഉദ്യോഗം ഭരിക്കുന്നവളും ഉന്നതമണ്ഡലങ്ങളിൽ ലേബലൊ ന്നും ഇല്ലാത്ത രഹസ്യവൃത്തി അല്ലാത്തതിനാൽ പരക്കെ ദുഷിച്ചവ ളെന്നു പറയപ്പെടുന്ന ദ്രൗഹിത്രിയുടെ പുത്രി വാതിൽപ്പടി താണ്ടു

ന്നതിന് ഒട്ടും യോഗ്യ അല്ലായിരിക്കും. അത് അനാശാസ്യമാ യിരിക്കും.

അച്ഛൻ എനിക്കായി കണ്ടുവെച്ചിരുന്നത് സുഹൃത്തിന്റെ പുത്രി യെ ആയിരുന്നു. ഒതുക്കമുള്ളവളെങ്കിലും സമ്പന്നയായ മല്ലിക എന്നവൾ. ഉത്തരേന്ത്യയിലെ ഒരു കുഗ്രാമത്തിൽ പ്രൊജക്ട് സൈ റ്റിൽ ഒരെഞ്ചിനീയരുടെ കുലീനയും അടക്കമൊതുക്കവുമുള്ള നല്ലൊരു ഭാര്യയായി ഇപ്പോൾ അവൾ കഴിയുകയാവും.

ഉച്ചയൂണുകഴിഞ്ഞ് കസേരയിൽ ചായ്ഞ്ഞിരുന്നുറക്കം പിടിക്കു മ്പോൾ രോഹിണി ഉണർന്നു. നല്ലൊരുറക്കം കിട്ടിയതിനാൽ അവ ളുടെ ക്ഷീണമെല്ലാം പമ്പ കടന്നിരുന്നു. കിടക്കയിൽ എണീറ്റിരുന്ന അവൾ ചോദിച്ചു: ‘‘പാർത്ഥേട്ടന്റെ ഊണുകഴിഞ്ഞില്ലേ....?’’

‘‘ഉവ്വ്.... രോഹിണി കഞ്ഞികുടിക്കൂ.’’

അകമുറിയിൽ ഉറങ്ങുകയായിരുന്ന അനുരാധ എണീറ്റുവന്ന് അവളെ താങ്ങിപ്പിടിച്ച് ഊൺതളത്തിലേക്കു കൊണ്ടുപോയി.

രോഹിണി തിരികെവന്ന് കട്ടിലിൽ കിടക്കുമ്പോഴും പാർത്ഥൻ അതേ ഇരുപ്പു തുടരുകയായിരുന്നു. കോസറിയിൽ തലയിണ ചുവരുചേർത്തുവെച്ച് ചായ്ഞ്ഞിരുന്ന രോഹിണി ചോദിച്ചു:

‘‘പാർത്ഥേട്ടനെന്താ ഒരു ചിന്ത?’’

ഞാൻ നമ്മുടെ വിവാഹത്തെ ഓർക്കയാണ്.

‘‘ഇപ്പോഴോ?’’

‘‘അതെ. ഇനിയും അധികകാലം അതു നീട്ടിക്കൊണ്ടുപോ വാനാവില്ല. രോഹിണിയുടെ മനസ്സ് എനിക്കറിയാം.’’

‘‘ഞാൻ ട്രാൻസ്ഫർ വാങ്ങാൻ പോവുകയാണ്.‘‘

‘‘ഉം....?’’

‘‘പാർത്ഥേട്ടനെങ്കിലും രക്ഷപ്പെടൂ. ഞാനൊരബദ്ധം ചെയ്തു. സ്നേഹമുണ്ടായിരുന്നെങ്കിലും ഞാനത് പാർത്ഥേട്ടനോട് തുറന്നു പറയരുതായിരുന്നു. എന്തിനാണ് മറ്റൊരാളേയും ദുഃഖിപ്പിക്കാനായി ജീവിതത്തിലേക്കു വലിച്ചിഴക്കുന്നത്?’’

എന്റെ അമ്മ ദ്രൗഹിത്രിയുടെ ശാപം ഇല്ലങ്ങളിലേക്കാണ് പട രുന്നത്. മുൻതലമുറയിലെ തീപ്പൊള്ളി മരിച്ച പൂവമ്പഴം പോലെ യുള്ള ആര്യാടു മനയ്ക്കലെ അന്തർജ്ജനത്തിന്റെ കഥ. നാടെങ്ങും സംബന്ധവുമായി നടക്കുന്ന ഭർത്താവ് തേതിക്കുട്ടിയുടെ മരണം പലരും തുറന്നുപറയാൻ മടിച്ച ദാരുണമായ ചാപല്യമാർന്ന ഒരാ ത്മഹത്യയായിരുന്നു. തേതിക്കുട്ടിയിൽനിന്നും ദ്രൗഹിത്രിയിലേക്ക് ജന്മം നീങ്ങുമ്പോഴും കൊടുങ്കാട്ടിൽ പെരുവഴി തേടുന്ന കണ്ണു പൊട്ടൻമാർ തന്നെയായിരുന്നു മനുഷ്യർ.

രോഹിണിയുടെ ഒറ്റപ്പെട്ടചിന്തയാണ് ഇതെല്ലാം വരുത്തി വെച്ചത്. പലതിനേയും എതിർത്ത് തോല്പിക്കുകയാണാവശ്യം. അല്ലാതെ ഒച്ചിനെപ്പോലെ ഉൾവലിഞ്ഞ് അനുഭവിച്ചു തീർക്കുകയല്ല.

പലരും പറഞ്ഞ ശ്രുതികൾകേട്ട് അച്ഛൻ എന്റെ നേർക്കണയുമ്പോൾ, ഒരു സംഹാരനൃത്തത്തിനുള്ള മനക്കരുത്തോടെ ഞാൻ നിൽക്കുന്നതു കാണുമ്പോൾ അവർക്കായിരുന്നു യാഥാർത്ഥത്തിൽ ഭയമുണ്ടായിരുന്നത്. ഒരിടത്തും സ്ഥായിയായി തുടരാനാവാതെ പലേടത്തുമായി അദ്ധ്യയനം മുഴുമിക്കയായിരുന്നു. ഒരു കുറ്റവാളിയെപ്പോലെ പ്രിൻസിപ്പലിന്റെ മുറിയിലേക്ക് വിളിക്കപ്പെടുമ്പോൾ, തെല്ലും കൂസാതെ ചടുലമായി സംസാരിക്കുന്ന എന്നെ പലരും അത്ഭുതത്തോടെയാണു വീക്ഷിച്ചിരുന്നത്.

മിണ്ടാപൂച്ചയായിരുന്നിട്ടും ആകസ്മികമായി വിസ്ഫോടനം നടത്തുന്ന പരശുരാമനാണു മറ്റൊരുത്തൻ.

വികലമായ വാക്കുകളിലൂടെ ബാഹ്യതലത്തിൽ കലഹിച്ച്, ഒരു ചുടലക്കളത്തെ തീർത്ത, മനുഷ്യരുടെ സംഹാരത്തിനുശേഷമുള്ള ശാന്തിയുടെ പുനർജ്ജനിക്കായി പരശുരാമൻ അശ്വത്ഥാമാവിന്റെ പകയോടെ ഊര് ചുറ്റുന്നു. പത്രത്തിൽ വീണ്ടും ഫോട്ടോവും അടിക്കുറിപ്പുമുണ്ടായിരുന്നു.

മരണം സാധാരണ കാഴ്ചയായ ആശുപത്രിവളപ്പിൽ വീണ്ടും ശാന്തതയാണ്. അപരാഹ്നത്തിന്റെ വരവിനൊത്ത് വെയിലാറിവരുന്നുണ്ട്.

“രോഹിണി എന്റെ കൂടെ വരൂ. അമലയുടെ വീട്ടിൽ അസുഖം ഭേദമാകുന്നതുവരെ കൂടാം. രോഹിണിക്കിപ്പോൾ വേണ്ടപ്പെട്ടവരുടെ സാമീപ്യമാണാവശ്യം. അതിനുശേഷം ഉടനടിതന്നെ വിവാഹം നടത്താം. രോഹിണി എന്തുപറയുന്നു?”

“ഞാൻ...” അവൾ നിവർന്നിരുന്ന് തുടർന്നുപറഞ്ഞു:

“ഞാൻ വരാം... അധികം ചിന്തിക്കുന്നതും തെറ്റാണല്ലോ?”

“അനുരാധയുടെ പേർക്കല്ലേ വീട്....?”

“അതെ.”

“ഞാനമലയെ കാണട്ടേ?”

“നമുക്കൊരു വീടു നോക്കീട്ടുണ്ട്. അമ്പതുറുപ്പിക വാടക വരും.”

അവളുടെ വിളർത്ത കവിളിലൂടെ വിരലോടിക്കുമ്പോൾ പാർത്ഥൻ പറഞ്ഞു.

“മണ്ടീ... നീ തന്നെ എല്ലാം ചെയ്തുതീർത്തിട്ടുണ്ട്. പിന്നെയാണ് ഈ അനാവശ്യ ചിന്തകൾ. വരുമ്പോൾ ഒരു ടാക്സി വിളിച്ചുവരാം.”

ഒരു വൈതരണി താണ്ടിയ ആയാസത്തോടെ പാർത്ഥൻ ചവിട്ടു

കല്ലിറങ്ങി തെരുവിലൂടെ നടക്കുമ്പോൾ അയാളുടെ മനസ്സിലും മോഹനമായ സർക്കാരിന്റെ നിലവാരത്തിലുള്ള ഒരു കുടുംബ ചിത്രമായിരുന്നു.

വിഷാദമഗ്നനെങ്കിലും സകലതിനോടും വീറും വാശിയുമുള്ള നിയതമായ രൂപഭാവങ്ങളെ എല്ലാം പുതുക്കി പണിയണമെന്നാ വശ്യപ്പെടുന്ന രാമുവിന്റെ അകത്തും രോഹിണിയോട് വെറുപ്പാ യിരുന്നു. അതയാൾ എന്നോടു പ്രകടിപ്പിക്കപോലുമുണ്ടായിട്ടുണ്ട്.

തല കരിഞ്ഞ പനയെപ്പോലെ ചുറ്റപാടുകളൊന്നും ബാധിക്കാ ത്ത വൃന്ദയ്ക്ക് പ്രത്യേകിച്ച് ഒരു ഭാവവും പ്രദർശിപ്പിക്കു വാനുണ്ടാ യിരുന്നില്ല. രോഹിണിയെക്കുറിച്ചറിഞ്ഞപ്പോൾ അമല അതിയായി ആഹ്ലാദിച്ചു.

പാർത്ഥൻ മുറിയിലേക്കുകയറി ചെന്നപ്പോൾ അമല വാരിക വായിക്കുകയായിരുന്നു. അയാൾ ഒരു മുഖവുരയിടാതെ പറഞ്ഞു.

“രോഹിണിക്ക് വയ്യ. കുറച്ചുദിവസം ഇവിടെ താമസിപ്പിക്കണ മെന്നുണ്ട്. അവൾക്ക് അന്യയാണെന്ന തോന്നലാണ് കൂടുതൽ. അമലയെന്തു പറയുന്നു?”

“ഞാനെന്തു പറയാൻ.... രോഹിണേടത്തിയെ പാർത്ഥേട്ടൻ കൊണ്ടുവരൂ.”

“ഈ ഗ്രാമം?”

“ഓ.... വൃന്ദക്കാൾക്ക് പ്രത്യേകിച്ചൊന്നും പറയാനുണ്ടാവില്ല. പിന്നെ അമ്മയ്ക്കാണ്. അതും കണക്കു തന്നെ.”

“എന്നാലും വൃന്ദയോടൊന്നു പറയണമല്ലോ.”

“ഞാൻ പറയാം.”

അവൾ മുറിവിട്ടകന്നപ്പോൾ അയാൾ തനിച്ചായി.

ഇടനാഴിയിലൂടെ തപ്പിത്തടഞ്ഞ് നാമമുരുവിട്ടു നടക്കുന്ന അമ്മ്യാരുടെ സ്വരം കേൾക്കാം. ഇടുങ്ങിയതും എണ്ണക്കൂടുതലുള്ള തുമായ മിക്കമുറികളും നിശ്ശബ്ദമാണ്.

കാലപ്പഴക്കംകൊണ്ട് പഴമവിളിച്ചോതുന്ന മുറി. അമലയുടെ മുത്ത ച്ഛന്റെ ചീഞ്ഞഴുകിയ ശവത്തിന്റെ ഗന്ധം മുറികളിലെല്ലായിടത്തും ഒഴുകിനടപ്പുണ്ട്. അമല അവൾക്കറിയാവുന്ന പഴയ കഥകൾ പറയുകയായിരുന്നു.

പതിനാലു വർഷക്കാലം തളർവാതം പിടിച്ച് പൊതറുതടിയെ പ്പോലെ കിടന്നായിരുന്നു അവളുടെ മുത്തച്ഛന്റെ മരണം.

അമലയുമൊത്ത് വൃന്ദ വന്നപ്പോൾ പാർത്ഥൻ കുമുദത്തിന്റെ താളുകൾ നോക്കിക്കൊണ്ടിരിക്കയാണ്.

“അമല വിവരം പറഞ്ഞില്ലേ?”

വൃന്ദ ഉവ്വെന്നറിയിക്കാനായി തലകുലുക്കി.

മുറിയിൽനിന്നു പുറത്തുകടന്ന് മേൽത്തട്ടിലേക്കെത്തിയപ്പോൾ അമല അയാളുടെ പുറകെ എത്തി. കസേരയിൽ ചടഞ്ഞിരുന്ന പാർത്ഥനോട് അവൾ പറഞ്ഞു:

“ഞാനും രോഹിണിയേടത്തിയെ കാണാൻ വരട്ടേ?”

“വരൂ...”

പിടഞ്ഞുതുള്ളുന്ന മനസ്സ് അനാവശ്യമായി വ്യാകുലപ്പെടുന്നു. പ്രകമ്പനം ഒരു ഭീതിയായി പരിണമിക്കുന്നു.

സൂപ്രണ്ടിനുപോലും ഒരിക്കൽ ചോദിക്കുവാനുണ്ടായിരുന്നത് രോഹിണിയെക്കുറിച്ചായിരുന്നു. അവളുടെ പൂർവ്വകഥകളെ അയാൾ പോലും ഹൃദിസ്ഥമാക്കിയിരുന്നു.

വിവാഹക്കുറി അടിച്ചതിന്റെ തലേന്നായിരുന്നു. രേണുകേടത്തി ആരോപറഞ്ഞ് അനന്തേട്ടന്റെ സ്വഭാവശീലത്തെപ്പറ്റി അറിഞ്ഞിരുന്നു. അപ്പോഴും പിണങ്ങി പിന്മാറാൻ ഉപദേശിച്ചപ്പോൾ കുടുംബബന്ധത്തിന്റെ കെട്ടുപാടിൽ അവർ സ്വയം ചെന്നു ബന്ധിതയാകുകയായിരുന്നുവല്ലോ.

ഗ്രാമം സന്ധ്യയുടെ ആക്രമണത്തിന് തടയിടാനായി തിരക്കുറ്റതുപോലെ.

നിരത്ത് സജീവമായിരിക്കുന്നു.

അണിഞ്ഞൊരുങ്ങിയ യൗവ്വനം വീണ് മണ്ണടിയാറായവരും തരുണികളും ആരുടേയോ വരവിനായി കാത്തിരിക്കുന്നതുപോലെ വാതിൽപ്പടികളിലിരുപ്പാണ്.

അമലയോടൊത്ത് പുറമേക്കിറങ്ങിയപ്പോൾ പലരും അർത്ഥം വെച്ച് നോക്കുന്നുണ്ടായിരുന്നു. ഞാനിവിടെ താമസമുറപ്പിച്ചതിന്റെ പിറ്റേന്ന് വൈകിട്ടായിരുന്നു.

ഓഫീസുകഴിഞ്ഞ് മുറിയിലെത്തി അരമിനിറ്റുകഴിയും മുമ്പെ നിരത്തു നിറച്ചും ഗ്രാമവാസികളെക്കൊണ്ട് നിറഞ്ഞിരുന്നു. ഉയർന്ന ഘോരശബ്ദങ്ങളെ കേട്ട് താഴേക്കിറങ്ങിച്ചെന്നപ്പോൾ അമല സർവ്വരേയും അഭിമുഖീകരിക്കുകയാണ്. വൃന്ദ കൽതൂണിനു പിന്നിൽ ഒതുങ്ങിക്കൂടിയിരിക്കുന്നു.

“ആമാം... നാൻ അന്താളോടെ വെപ്പാട്ടിതാൻ. നീങ്കയാരാവത് ആണായിരുന്താ നാനിന്തവേലൈ ശെയ് വാളാ? ശണ്ഡപുള്ളൈ.... പേശ വറാ? ഉങ്കളുക്കെന്നാ ഇതിലെ വമ്പ്...”

അവളുടെ തെറിച്ച ആരേയും മാനിക്കാത്ത നാവ് വീണ്ടും പിടഞ്ഞപ്പോൾ ജനക്കൂട്ടം ഒറ്റതിരിഞ്ഞു കൂടുകളെ തേടുകയായിരുന്നു.

അമലയുടെ പരീക്ഷ അടുത്തുവരുന്നു. ജയിക്കുമെന്നറിയാമായിരുന്നിട്ടും അവ്യക്തമായ പേടിയാണ്.

അമലയെ തുടർന്നും പഠിപ്പിക്കേണ്ടിയിരിക്കുന്നു. ഒരു തീരത്തെത്തിപ്പിച്ചേ എനിക്കാശ്വസിക്കാനാവൂ. പഴയപാട് ചുറ്റിലും നോക്കാതെ എങ്ങും ചെന്നുതലയിടാൻ ഇനി എനിക്കാവില്ല.

രമ എതിരെവരുന്നുണ്ടായിരുന്നു. അവൾ നിരത്തിനു കുറുകെ നടന്ന് അരികത്തെത്തിയപ്പോൾ അയാൾ നടത്തം നിർത്തി.

‘‘ബാലകൃഷ്ണൻ വിവരം പറഞ്ഞു. അസുഖം കൂടുതലൊന്നുമില്ലല്ലോ?’’

‘‘ഏയ്’’

ടാക്സിയിൽ ചാഞ്ഞിരിക്കുമ്പോൾ രോഹിണിയോടൊത്ത് ചിലവഴിക്കാവുന്ന ബാക്കിയുള്ള ജീവിതത്തെ മുഴുവനുമോർത്ത് പാർത്ഥൻ പുഞ്ചിരിച്ചു.

പതിതയായ ദ്രൌഹിത്രിയുടെ മകൾ എന്റെ ജീവിതത്തിന്റെ തന്നെ നിലനില്പിന് ആധാരമായിരിക്കുന്നു. ഒരുപക്ഷേ ഈ വിവാഹം രോഹിണിക്ക് നല്കാവുന്നത് ശാന്തിയുടേതായ നിത്യസംതൃപ്തി ആയിരിക്കും.

പതിമൂന്ന്

രോഹിണി എം.സി. കൊടുത്ത് നീണ്ട അവധിയിലായിരുന്നു; സൂപ്രണ്ട് പണിക്കരും. ആളെണ്ണം കുറവായതിനാൽ അവധി എടുക്കുവാൻ തക്ക പരുവമല്ലായിരുന്നു.

കിടക്കയ്ക്കരികിൽ നിന്നെണീറ്റുപോരുമ്പോൾ രോഹിണിയുടെ വിഷാദത്തിന്റെ ആഴം കൂടുന്നേയുള്ളൂ. എങ്കിലും ഒരു നവ്യമായ, സംതൃപ്തമായ അവളുടെ മനസ്സിനെ എനിക്ക് കാണാനായി.

ഓഫീസുകഴിഞ്ഞ് ചിട്ടയോടെ പടികയറി ചെല്ലുമ്പോൾ കുളിച്ചു തൊടുകുറിതൊട്ട് ഉന്മേഷവതിയായി കാണുന്ന അവൾ എന്നെ പ്രതീക്ഷിച്ചാണ് കാത്തിരിക്കുന്നത്. അവളുടെ സന്തുഷ്ടമായ കണ്ണുകളിൽ നിർവൃതിയുടെ അത്യുജ്ജ്വല സമ്മേളനമായിരിക്കും.

രേണുകേടത്തി എഴുത്തിന് നീണ്ടൊരു മറുപടി അയച്ചിരിക്കുന്നു.

പാർത്ഥേട്ടനും രോഹിണിക്കും ഭാവുകങ്ങൾ.

ഒരുത്തന് എല്ലാരുടേയും ചൊല്പടിക്കു നിന്ന് എളുപ്പത്തിൽ നല്ല കുട്ടിയാവാം. സ്വയം വഞ്ചിക്കാതെ, തന്നിലടിയുറച്ച വിശ്വാസങ്ങളുമായി മുന്നോട്ടു പോവുമ്പോഴേ മനുഷ്യൻ എന്ന പദത്തിന് യാഥാർത്ഥത്തിൽ ആരും അർഹനാകുന്നുള്ളൂ.

ഞാനും കുറേപ്പേരെ പ്രീണിപ്പിക്കാൻ വേണ്ടി സമയം ചെലവഴിച്ചു. അതു വേണ്ടായിരുന്നു.

പാർത്ഥേട്ടന്റെ കരളുറപ്പ് എനിക്കില്ലാതെ പോയതാണു ദുഃഖം. രോഹിണി നല്ലൊരു ഭാര്യയായിരിക്കും. എവിടേയും മെരുങ്ങാത്ത പാർത്ഥേട്ടനെ അവൾക്ക് കൊണ്ടുനടക്കാൻ വിഷമമാവും. രോഹിണിയ്ക്ക് പ്രത്യേകമായി അനുജത്തി നീ ഭാഗ്യവതിയാണെന്ന ആപ്തവചനവും.

രോഹിണിയുമൊത്ത് എഴുത്തുവായിച്ചപ്പോൾ അവൾ അലമുറെ പതിയെ കരയുകയായിരുന്നു. പെണ്ണിന്റെ മനസ്സിൽനിന്ന് അപ്പോഴും ദ്രൗഹിത്രി തമ്പുരാട്ടിയുടെ പെഴച്ചമോളെന്ന സാമൂഹ്യപദവി ഉപേക്ഷിക്കപ്പെട്ടിരുന്നില്ല.

അവധിയായിരുന്നിട്ടും സൂപ്രണ്ട് മുറിയിലേയ്ക്കു വന്നപ്പോൾ ഫയലുകളുടെ മസ്തിഷ്ക്കത്തിൽ ആത്മാവുകളെ തേടിയിരുന്ന ഞാൻ വിവരം അറിയുകയുണ്ടായില്ല.

പുറമേക്കു വിളിച്ച് ബാൽക്കണിയിൽവെച്ച് സ്വകാര്യമായി സംസാരിക്കുമ്പോൾ അയാളുടെ ചുളിവീണ വെറ്റിലക്കറ പിടിച്ച ചുണ്ടുകൾ വിറയ്ക്കുന്നുണ്ടായിരുന്നു.

"പാർത്ഥൻ ഏതോ നെഴ്സിനെ കെട്ടാൻപോണെന്നു കേട്ടു. ആ വർഗ്ഗമാകെ പെഴച്ചതാണ്. രോഗിയെ തൊട്ടുതലോടി പിന്നെ കെടക്കറവരെ കൊണ്ടുപോവുന്ന ജാതികൾ. നാണംകെട്ട വർഗ്ഗം. പാർത്ഥന് വേറൊരുത്തിയേയും കിട്ടിയില്ലേ? അമ്മയും ഏട്ടനും പറഞ്ഞതുകേട്ട് അവർക്കിഷ്ടപ്പെടുന്ന ഒരുത്തിയെ കല്യാണം കഴിക്കൂ. അല്ലെങ്കിൽത്തന്നെ അവളുടെ അമ്മയുടെ മഹിമ നാട്ടിൽ പാട്ടാണ്."

ഒരു മറുപടിയും നൽകാതെ തിരിഞ്ഞു നടക്കാൻ ഭാവിച്ചപ്പോൾ പണിക്കർ എന്റെ വഴി തടഞ്ഞുനിന്നു.

"ഞാൻ പറഞ്ഞുവരുന്നതിതാണ്. പാർത്ഥന് ഞാൻ പെൺകുട്ടിയെ തരാം. താനീ നാറ്റത്തരത്തിനു നിൽക്കരുത്."

ശാന്തനായി അദ്ദേഹത്തെ പടികളിറക്കി അയയ്ക്കുമ്പോൾ പണക്കൊഴുപ്പുള്ള, കാണാൻ മോശമായ, ചക്കപോലെ വീർത്ത വയറുള്ള കഷണ്ടിക്കാരനെ പരിണയിച്ച് പ്രേമിതർക്ക് ഇടവേള നൽകി അകന്ന സുശീലയുടെ സ്മരണയായിരുന്നു.

രണ്ടു പെറ്റ് മന്തിച്ചിയായ അവൾ പഴയ കഥകളെ കുഞ്ഞാടിനെപ്പോലെ അയവിറക്കുന്നു. രേണുകേടത്തിയോടൊത്ത് ആടിനു കിളുന്തുപുല്ലിനായി അലഞ്ഞുനടക്കുമ്പോൾ മനയ്ക്കലെ പിന്നാമ്പുറത്തെ കുണ്ടിനിടവഴിയിൽ തമ്പടിച്ചു നിൽക്കുന്ന ചെറുപ്പക്കാരനെ എന്നും കാണാമായിരുന്നു.

ആത്തേമ്മാലിന്റെ ഒളിസേവയുടെ വിശേഷങ്ങൾ രേണുകേടത്തി തന്നെയായിരുന്നു പറഞ്ഞത്.

യൂണിയനാഫീസിലെ അംഗസംഖ്യ കുറഞ്ഞ ഹാളിലിരുന്ന് പാർട്ടി സമ്മേളനത്തിനു പോവുന്നവരുടെ കണക്കു കുറിക്കുമ്പോൾ ഇടയ്ക്കു വഴുതിവീണ ചോദ്യം എന്റെ വിവാഹത്തെക്കുറിച്ചായിരുന്നു. സദാശിവൻ ഹർഷോന്മാദത്തോടെ എന്നെ പുണർന്ന് ഒരുത്തമവഴികാട്ടിയെ താൻ കണ്ടെത്തിയെന്നുപറഞ്ഞു പ്രകീർത്തിക്കുകയാണുണ്ടായത്.

മലബാറിലെ സഹപ്രവർത്തകയായ നാടൻ പെണ്ണിന്റെ മനസ്സിൽ വിത്തുകളിട്ട് തെക്കുചെന്ന് ജാതിമതാധീനനായി ഒരുത്തിയെ വരിച്ച് മറ്റൊരിടത്തേക്ക് സ്ഥലംമാറ്റം വാങ്ങിച്ചെന്ന അയാളുടെ വീരസ്യത്തെ നമ്പ്യാരായിരുന്നു എന്നോട് പറഞ്ഞത്.

ജോസഫിന്റെ എഴുത്തിൽ അമ്മച്ചിയെ അനുധാവനം ചെയ്ത അയാളുടെ ദുഷ്കരമായ അവസ്ഥയെക്കുറിച്ചായിരുന്നു. മൊഞ്ചുള്ള, ഒത്ത പെണ്ണ്. കൺകുളുർക്കെ കണ്ട് കരഞ്ഞ് ഓടിയൊളിച്ച സ്റ്റെല്ലയെക്കുറിച്ചും അയാൾ എഴുതിയിരുന്നു.

രാമു വീണ്ടും കണ്ടപ്പോൾ പറഞ്ഞത് മദ്യപാനം അയാൾ തീർത്തും ഉപേക്ഷിച്ചുവെന്നാണ്. ആദ്യമൊക്കെ വിവാഹത്തിന് ഇടഞ്ഞുനിന്ന അയാൾ ഇപ്പോൾ അവധിയെടുത്ത് പലേടത്തും എനിക്കായി പാഞ്ഞു നടക്കുന്നു.

ഹിമപടലംപോലെ ഭൂമണ്ഡലത്തെ ആകെ ഗ്രസിച്ച വാർത്തകൾക്കു നടുവിലൂടെ അയാൾ നടന്നു.

പാർട്ടി ഓഫീസിലേക്കു പോവാനൊരുങ്ങിയ അയാളെ വാതില്ക്കലോളം അനുഗമിക്കുമ്പോൾ രോഹിണി ശുദ്ധശൂന്യഹസ്തനായി വിവാഹമണ്ഡപത്തിലേക്കു ചെല്ലുന്നെന്നു പറഞ്ഞു തമാശയാക്കുകയായിരുന്നു.

കിട്ടാവുന്ന സർക്കാർവായ്പകളെല്ലാം വാങ്ങിച്ച് തുക മാസാമാസം ഒടുക്കുകയാണ്. പണിക്കർക്കായി പി. എഫിൽനിന്നും തുകയെടുക്കുമ്പോൾ എന്റെ വിവാഹം ആസന്നമാണെന്ന് കരുതിയിരുന്നില്ല.

പാർട്ടി ഓഫീസിലേക്കു കയറിച്ചെന്നപ്പോൾ ഇസ്മായിൽ സേട്ട് ആരേയോ കാത്തിരുപ്പായിരുന്നു. എതിരെയുള്ള കസേരയിലിരിക്കുമ്പോൾ പാർത്ഥൻ പറഞ്ഞു:

“അമ്പതുരൂപ സുഹൃത്തു തന്നിട്ടുണ്ട്. രശീതി വേണം. എന്റെ പുസ്തകമെല്ലാം ഞാൻ തിരിച്ചേല്പിച്ചിരുന്നുവല്ലോ...”

“അതു തരാം...”

അയാൾ മേശവലിച്ചു തുറന്ന് രശീതിപുസ്തകമെടുത്തു ജോസഫിന്റെ വിലാസവും തുകയും നൽകുമ്പോൾ പാർത്ഥൻ പരിചയം പുതുക്കുന്നതു പോലെ ചുറ്റിലും നോക്കി.

ചുവരിൽ നിറച്ചും പടങ്ങളാണ്. കയ്യൂരുതൊട്ട് കണ്ണന്ത്രപ്ര വരെ ചേറ്റുകണ്ടത്തിൽ വീണു മരിച്ച സഖാക്കൾ. നീണ്ടൊരു രക്തഹാരം എല്ലാർക്കുമായി വീതിക്കപ്പെട്ടിരിക്കുന്നു.

ദേശാടനം നടത്തി എത്തിയ കുറുപ്പ് കടമ്പിടിയിൽ തന്റെ മണ്ണിനെ കണ്ടെത്തുകയായിരുന്നു. എന്തിനുംപോന്ന തന്റേടിയും നിസ്വാർത്ഥനുമായ അയാളുടെ പരുക്കൻശബ്ദം ഭൂമികിട്ടി രാജാവായ പുതുമോടിക്കാരന്റെ തോക്കിന്റെ തിരകൾ തകർക്കുകയായിരുന്നു. മരണവെപ്രാളത്തിലും അരയിൽ നിന്ന് പിച്ചാത്തി ഊരിയ കുറുപ്പ് പിടച്ചിൽ നിർത്തുമ്പോഴേയ്ക്കും മറ്റൊരാളുടേയും അന്ത്യനിമിഷമൊരുക്കുകയായിരുന്നുവല്ലോ?

വാർത്തയറിഞ്ഞു കാറുപിടിച്ച് ഞങ്ങൾ ചെല്ലുമ്പോൾ അടഞ്ഞു കിടക്കുന്ന പീടികകളും ആളുകൾ കൂട്ടത്തോടെ ഒരേ ബിന്ദുവിലേയ്ക്ക് പായുന്ന ചെറിയൊരു പട്ടണവുമാണ് ഞങ്ങളെ സ്വാഗതം ചെയ്തത്.

മൂകമായ ജാഥയോടെയും അകമ്പടി ജനങ്ങളോടുകൂടിയും കുറുപ്പിന്റെ ജഡം തിരികെ നാട്ടിലേയ്ക്കു കൊണ്ടുപോവുകയായിരുന്നു. അവിടെ അയാളുടെ പരുവമാകാത്ത നാലു കുഞ്ഞുങ്ങളും ദുഃഖാർത്തയായ ഭാര്യയും.

പുഞ്ചിരിക്കുന്ന കുറുപ്പിന്റെ പടം സകലരിൽനിന്നും എളുപ്പത്തിൽ ശ്രദ്ധപിടിച്ചുപറ്റുന്നുണ്ട്.

ഇസ്മായിൽ സേട്ട് രശീതി താള് കീറിത്തന്നപ്പോൾ പാർത്ഥൻ അത് ഡയറിയ്ക്കകത്തു വെച്ചു.

“ഒരു ബസ്സിനുള്ള എൻ. ജി. ഓസ് ഇവിടെ നിന്നുണ്ടാവുമല്ലോ?”

“അതു തീർച്ചയാണ്.”

“ഏതായാലും അടുത്താഴ്ച തന്നെ ഞാൻ പോവും. ബാക്കിതുക അതിനുമുമ്പെ കിട്ടാൻ നോക്കണം.”

കുടിശ്ശിക തുക പിരിക്കാൻ വീണ്ടുമൊരലച്ചിൽ കൂടിവന്നേയ്ക്കാം. കൂമനെപ്പോലെയുള്ള രാത്രി സഞ്ചാരത്തിന് ഇനി അറുതി വരുത്തേണ്ടിവന്നേയ്ക്കും.

“പാർത്ഥനും രോഹിണിക്കും ഞങ്ങളൊരു സല്ക്കാരം നല്കാൻ നിശ്ചയിച്ചിട്ടുണ്ട്. മറ്റന്നാൾ കാലത്തു തന്നെയല്ലേ? ഞാനും വരും...”

“ശരി.”

നിരത്തിലൂടെ നടക്കുമ്പോൾ അയാളുടെ മനസ്സുനിറച്ചും വിവാഹത്തെക്കുറിച്ചുള്ള സംഭ്രാന്ത ചിന്തകളായിരുന്നു.

അനന്തേട്ടന്റെ കല്ല്യാണത്തിന് നിരത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റംവരെ കാത്തുകെട്ടിക്കിടക്കുന്ന കാറുകളായിരുന്നു. നഗരത്തിലെ പ്രമുഖ ഡോക്ടർമാർ, വക്കീലന്മാർ, പെൻഷൻപറ്റിയ പഴയ ഉദ്യോഗപ്രമത്തതയെക്കുറിച്ച് വീമ്പുപറയുന്ന വൃദ്ധന്മാർ, കൂടാതെ രാഷ്ട്രീയആചാര്യന്മാരും.

കനത്ത തുക നിർലോഭം ചെലവഴിക്കപ്പെടുമ്പോൾ അവർക്ക് സ്ഥാനപെരുമയുടെ കനം ഒന്നുകൂടി ഊടുവെയ്പിക്കാനായി. മുകുന്ദന്റെ വിവാഹവും അതേമാതിരി തന്നെ.

വെറുപ്പും അമർഷവും അപകർഷതാബോധവും ഒഴിവാക്കാനായി, അത്തരമൊരു അത്യാസന്ന നിലയെ തരണം ചെയ്യാനായി ഓഫീസുഫയലുകളിൽ തന്നെ ആണ്ടിരിക്കയായിരുന്നു ഞാൻ. ക്ഷണക്കത്തും അടികുറിപ്പോടുകൂടിയ മുകുന്ദന്റെ എഴുത്തും കിട്ടീട്ടും ഞാൻ ചെല്ലുകയുണ്ടായില്ല. പിന്നീട് അവൻ നേരിൽ കണ്ട് പരിഭവം പറയുകയായിരുന്നു.

ഉച്ചനേരത്തെ ഇടവേളയ്ക്ക് ഓഫീസർ അകമുറിയിലേക്ക് വിളിപ്പിച്ചപ്പോൾതന്നെ എനിക്ക് വ്യക്തമായി ഊഹിക്കാനായി. പിന്നീട് എന്റെ അഭ്യൂഹം ഒന്നും പിഴച്ചില്ലെന്നും അറിയുകയുമായിരുന്നു.

മേശപ്പുറത്തെ ആഷ്ട്രേയിൽ സിഗരറ്റിന്റെ ചാരം ചൊരിഞ്ഞുകൊണ്ട് അയാൾ പറഞ്ഞു:

“പാർത്ഥന് എന്റെ ജേഷ്ഠന്റെ പ്രായമുണ്ട്. ഒരിക്കലും ഈ ജോലിക്കു വരേണ്ട ആളുമല്ല പാർത്ഥൻ. മുകുന്ദൻ താങ്കളെക്കുറിച്ച് പലതവണ എന്നോടു പറഞ്ഞിട്ടുണ്ട്. പാർത്ഥന്റെ കല്യാണമാണെന്നു കേട്ടു. മുകുന്ദൻ എന്റെ സുഹൃത്തായതുകൊണ്ട് പറയുകയാണ്. നല്ലൊരുത്തിയെ വിവാഹം കഴിക്കുന്നതല്ലെ ഭംഗി?”

“ഇത് എന്റെ വ്യക്തിഗതമായ കാര്യമാണ്.”

“അതറിയാം. വിവരമറിഞ്ഞിട്ടും ഞാനറിയാത്ത ഭാവം നടിച്ചാൽ മുകുന്ദനോട് ഞാനനീതി ചെയ്യുകയാവും.”

“എനിക്ക് എന്നേയേ മാനിക്കേണ്ടതുള്ളൂ.”

പലരുടേയും അധിക്ഷേപവാക്കുകൾ കേട്ട് കാതിന് തഴക്കം വന്നിരിക്കുന്നു. രേണുകേടത്തിക്കു നേടാൻ കഴിഞ്ഞ കല്ലിന്റെ നിസ്സംഗത.

ഞായറാഴ്ച ആയതിനാൽ നഗരം പൊതുവേ ശാന്തമാണ്. ബസ്സുകളിൽ ഒഴിഞ്ഞ ഇരിപ്പിടങ്ങളാണധികം.

അടഞ്ഞു കിടക്കുന്ന പീടികകളാണ് എങ്ങും.

വനിതാകോളേജും ഗാന്ധിബസാറും കടന്ന് സ്റ്റാന്റിന്റെ പിറകിലെ ഊടുവഴിയിലൂടെ പാർത്ഥൻ നടന്നു.

രേണുകേടത്തി ആദ്യമായി ഇവിടം കണ്ടപ്പോൾ ജിജ്ഞാസകൊണ്ട് ചുറ്റുപാടുംനോക്കി രസിച്ചു നടക്കുന്ന പിഞ്ചുകുഞ്ഞിനെപ്പോലായിരുന്നു. നാട്ടിൽനിന്ന് അമ്മായിയോടൊത്തു വന്നതായിരുന്നു.

എതിരെ കണ്ട, അവധിദിവസമായിട്ടും തുറന്ന കടയിലേക്ക് അയാൾ കയറിച്ചെന്നു.

വീണ്ടും പരീക്ഷയുടെ മുന്നോടിയായി പഠനത്തിനുള്ള ഒഴിവുദിവസങ്ങളാണ് അമലയ്ക്ക്. അടച്ചിട്ട മുറിയിൽ നിന്ന് അവളിറങ്ങുന്നേയില്ല. കൊണ്ടുപിടിച്ച ഊണും ഉറക്കവും മറന്നുള്ള പഠിപ്പ് അവളെ ആകെ ക്ഷീണിതയാക്കിയിരിക്കുന്നു.

കനത്ത പാക്കറ്റുകളും താങ്ങിപിടിച്ച് മേൽത്തട്ടിലേക്കു ചെന്നപ്പോൾ രോഹിണി പള്ളപൊളിഞ്ഞ മൂലയ്ക്കലിട്ട സൂട്ട്കേസ്സിൽ എന്തോ തിരയുകയായിരുന്നു.

പുസ്തകങ്ങളെല്ലാം തറയിലേക്ക് വലിച്ചിട്ടിരിക്കുന്നു. അനാവശ്യമായ കടലാസ്സുകഷണങ്ങളെ നുറുക്കിക്കൂട്ടിയിരിക്കുന്നു. പാക്കറ്റുകൾ മേശപ്പുറത്തു വെച്ച് പാർത്ഥൻ കട്ടിലിലിരുന്നു.

‘‘എന്താ ഇങ്ങനെ തിരയാൻ?’’

‘‘എല്ലാമൊന്നടുക്കി വെയ്ക്കണം.’’

‘‘ഞാനതാരേയും തൊടാൻ സമ്മതിക്കാത്തതാണ്.’’

‘‘ഇനി ചിലതിനെല്ലാം സമ്മതിച്ചേ പറ്റൂ.’’

രാത്രി പെയ്ത മഴയേറ്റ് ചുറ്റോടുകളിൽ വീണ്ടും തഴച്ചുവളർന്ന ചെടികൾ. സ്വച്ഛവും അടിച്ചുവെടുപ്പാക്കിയതുമായ നീലാകാശം. ശോഭയാർന്ന വെയിലിന് ചൂടുകൂടി വരുന്നേയുള്ളൂ. വെയിലുകൊണ്ടുരുകിയ മഞ്ഞ് നാലുപാടും ഉയരുന്നുണ്ട്.

രോഹിണിയുടെ കുളികഴിഞ്ഞിരിക്കുന്നു. ചന്ദനവും സിന്ധൂരവും തൊട്ട നെറ്റിയും ജലകണങ്ങൾ മുഴുക്കനും വാർന്നുപോവാത്ത തലമുടിയും ആകർഷകമാണ്.

നാടുമുഴുക്കെ ചുറ്റിത്തിരിഞ്ഞ് ഒടുക്കം വീടണയുക എന്ന ശീലം ഇയ്യിടെയായി പാടെ വർജ്ജിച്ചമട്ടാണ്. കൂട്ടുതിരിഞ്ഞ് ഒറ്റക്കുനടക്കുമ്പോൾ രാമുവാണ് വിവാഹത്തെക്കുറിച്ചു പറഞ്ഞത്. ജീവിതം എല്ലാം അനുഭവിക്കാനുള്ളതാണ്. ഒന്നിൽനിന്നും ഒഴിഞ്ഞുമാറാനുള്ളതല്ല.

കൗമാര പ്രായത്തിലെ കോളേജുകാരന്റെ മോഹം ഊഷരമായ

മണ്ണിൽ വീണ് ഉണങ്ങിക്കരിഞ്ഞിരിക്കുന്നു. അന്നവന് സ്വജീവിതം ത്യജിച്ച്, യാതൊരു ബാദ്ധ്യതകളുമില്ലാതെ ധീരോദാത്തം മരണം വരിച്ച മഹാന്മാരുടെ നെടുങ്കൻ പേരുകൾ ഉദാഹരണമായി പറയാനുണ്ടായിരുന്നു.

കൗതുകത്തോടെ രോഹിണി പാക്കറ്റുകൾ ഒന്നൊന്നായി അഴിച്ചു. ജാക്കറ്റുതുണികളും സാരികളും പിന്നെ ക്ഷീണം മാറാനായുള്ള കുറേ മരുന്നുകളും.

"ഇങ്ങനെ സാധനങ്ങൾ വാങ്ങിച്ചാൽ ബാങ്കിൽ നിന്നിനിയും എടുക്കേണ്ടിവരും."

"അതറിഞ്ഞല്ലേ നീ ഇട്ടുവെച്ചത്....?"

"കല്യാണം കഴിക്കാൻ പോലും കയ്യിൽ കാശില്ലാത്ത മഹാൻ."

രാത്രി താഴേയ്ക്ക് പോവുന്നതിനു മുമ്പെ നെഞ്ചിൽ മുഖമമർത്തി കിടന്നിരുന്ന രോഹിണിയ്ക്ക് രഹസ്യമായ ഒരു മോഹത്തെക്കുറിച്ചായിരുന്നു പറയാനുണ്ടായിരുന്നത്. ഒരമ്പലത്തിൽ വെച്ച് നാലാൾ കാൺകെ താലികെട്ടുക. തനിച്ച് കുടിവെച്ച് എല്ലാരോടും മിത്രഭാവേന ജീവിക്കുക.

രാമുവായിരുന്നു ഒരു പോംവഴി കണ്ടെത്തിയത്. ആദ്യമായി രജിസ്ട്രാഫീസിൽ. പിന്നെ അമ്പലത്തിൽ ചെന്ന് നാട്ടുനടപ്പിനായി താലികെട്ടും മാലചാർത്തും.

വിവരമറിഞ്ഞപ്പോൾ രോഹിണി പുഞ്ചിരിച്ചു.

"വൈകിട്ട് വീടു നോക്കാൻ പോണ്ടേ..."

"വേണം. നൂറ്റിരുപതു രൂപ അഡ്വാൻസും കൊടുക്കണം."

"ഞാനും വരാം..."

രാമുവോടൊത്ത് ചെന്ന് ഞാൻ വീടുകണ്ടിരുന്നു. ഒതുങ്ങിയ ചെറിയൊരു കുടുംബത്തിന് വസിക്കാവുന്ന അടുക്കളയും രണ്ടുകിടപ്പറകളുമുള്ള വീട്. പൂമുഖത്തു നിന്നു നോക്കിയാൽ ഇടവഴിക്കപ്പുറം വയലുകളെയാണു കാണുക. രണ്ടുചാൽ നടന്നാൽ ചെന്നെത്താവുന്നത് നിരത്തിലേയ്ക്കുതന്നെ.

ആശുപത്രിക്കടുത്തായിരുന്നതിനാൽ രോഹിണിക്കായിരുന്നു കൂടുതൽ സൗകര്യം. രേണുകേടത്തിയുടെയും മനസ്സിൽ ചെറിയൊരു മോഹമുണ്ടായിരുന്നുവല്ലോ.

കല്യാണം കഴിഞ്ഞു മാസം തികയുന്നതിനുമുമ്പെ ആർഭാടഭൂയിഷ്ഠമായ ജീവിതത്തിന്റെ വിരസതയെക്കുറിച്ച് അവർ എന്നോട് പറയുകയുണ്ടായിട്ടുണ്ട്.

കാറ്റു ചിക്കുന്ന പുറത്ത് വെയിൽ ചുട്ടുകല്ലിക്കുന്നു. തപ്പിത്തടഞ്ഞ് സകലടത്തുമെത്തുന്ന അമ്മ്യാരെ വഴക്കുപറയുകയാണ് വൃന്ദ.

“ഒരു സാരിയും ജാക്കറ്റും അമലയ്ക്കാണ്. പെണ്ണ് പഠിപ്പിന്റെ തിരക്കിലാണല്ലോ. ക്ഷീണം തീർക്കാൻ ഒരുകുപ്പി ഹാർലിക്സും വാങ്ങിച്ചു.”

“വൃന്ദയ്ക്ക് ?”

“ഓ... അവൾക്കൊന്നും വേണ്ട. പതിനെട്ടു മുഴം നീണ്ട തലപുത യ്ക്കാൻ കഴിയുന്ന ഒരു ചേലമാത്രം മതി.”

അയാൾ നെടുതായി നിശ്വസിച്ചു.

രോഹിണി പാക്കറ്റുമായി താഴേക്കിറങ്ങിച്ചെന്നു.

അമലയോട് വൃന്ദയുടെ പുനർവിവാഹത്തെക്കുറിച്ച് സംസാരി ക്കുകയായിരുന്നു. വാതിലിന്റെ അരികുപറ്റി നിന്നിരുന്ന വൃന്ദയുടെ സാമീപ്യം ഞങ്ങളറിഞ്ഞില്ല.

പിന്നീട് എന്നെ തനിച്ചുകണ്ടപ്പോഴായിരുന്നു വൃന്ദ അതു പറഞ്ഞത്: “എനിക്ക് വയസ്സ് മുപ്പത്തഞ്ചായി. ഇനി ഏറിയാൽ ഒരിരുപതു കൊല്ലം കൂടി. അതിനുമുമ്പ് എന്തിനാണ് എല്ലാവരു ടേയും ശാപം തലയ്ക്കു വലിച്ചുകയറ്റുന്നത്. ബ്രാഹ്മണരിൽനിന്ന് ഒരാളും വരില്ല. പിന്നെ അന്യജാതിക്കാരനാവണം. എനിക്കതിനാ വില്ല. തൊലിപ്പുറത്ത് താളംകൊട്ടി വിണ്ടുകീറിമരിക്കുന്ന വികാര ങ്ങൾ.”

ആത്തേമാരുടെ മാനം കളഞ്ഞുകുളിച്ച ദ്രൗഹിത്രിദേവി പെഴച്ച പെണ്ണായിത്തീർന്നത്, ഭ്രഷ്ടുകല്പിക്കപ്പെട്ടത് കാരണക്കാരനായ പുരുഷൻ പരദേശത്തേക്ക് രക്ഷപ്രാപിച്ചതിനാലായിരുന്നു.

അല്ലെങ്കിൽ തണ്ടുറപ്പോടെ എന്തിനേയും നേരിട്ട് അവർക്ക് ജീവിക്കാമായിരുന്നു.

വർഷാവർഷം കാട്ടുകനി തിന്ന് ഭ്രൂണം കലക്കി പഴന്തുണി നിറച്ചും ചോരയുമായി രാത്രി തൊടികിളച്ച് അവയെ മണ്ണിട്ടുമൂടുന്ന ദ്രൗഹിത്രിയെ കുറിച്ച് രോഹിണി നീണ്ടതായി ഉപന്യസിച്ചിരുന്നു.

ഒരു കുടിവെയ്പിനുള്ള സാമാനങ്ങളാക്കെ വാങ്ങിക്കാനായി അലഞ്ഞുനടപ്പാണ് രാമു. പുതുജീവിതമാരംഭിക്കുന്ന ഞങ്ങളെ ക്കാളുപരി ആഹ്ലാദം രാമുവിനായിരുന്നു എല്ലാമൊരുക്കൂട്ടാൻ.

പതിഞ്ഞ കാലടികളുമായി അമല മേൽത്തട്ടിലേക്കു കയറി വന്നത് പാർത്ഥനറിഞ്ഞില്ല. അവളുടെ ചോദ്യം കേട്ടപ്പോഴാണ് അയാൾ മുഖമുയർത്തിയത്:

“പാർത്ഥേട്ടൻ എന്തിനാണിതെല്ലാം വാങ്ങിയത്?”

“നിനക്കിഷ്ടപ്പെട്ടില്ലേ?”

“ഉവ്വ്...”

“പിന്നെ?”

“പുതിയ താമസമാരംഭിക്കുമ്പോൾ ഒരുപാട് ചെലവുകാണാം.”

“പാർത്ഥേട്ടൻ എന്നാണ് താമസം മാറുക?”

“നാലുദിവസത്തിനകമുണ്ടാവും.”

എന്റെ മുമ്പിൽ പനപൊക്കം മാത്രമുള്ള എല്ലും തോലുമായി ഒളിച്ചുനടന്നിരുന്ന പെണ്ണ്. ഒത്ത ഒരു യുവതിയായിരിക്കുന്നു. അന്നെല്ലാം രാമുവിന്റെ സഹപാഠിയായ, വൃന്ദയുടെ എളയ അനുജനെക്കുറിച്ച് അമലയ്ക്ക് ഒരുപാടു പറയാനുണ്ടായിരുന്നു.

പതിനെട്ടുതികയുന്നതിനു മുമ്പെ കാലൻ പിടിച്ചു വിഴുങ്ങുകയായിരുന്നു അയാളെ.

“പാർത്ഥേട്ടൻ എനിക്കൊരു ജോലി ഉണ്ടാക്കിത്തരണം. ഇതുവരെയും പാർത്ഥേട്ടൻ തനിച്ചായിരുന്നു. ഇനി അതല്ല രോഹിണിയേടത്തിയുമുണ്ട്.”

“വിവാഹം കഴിഞ്ഞെന്നുവെച്ച് ആരും അമ്മ പെങ്ങൻമാരെ ഉപേക്ഷിക്കില്ലല്ലോ....”

അമല ചുറ്റിലും നോക്കിയതിനുശേഷം പറഞ്ഞു:

“എത്ര ആയാലും സ്ത്രീയെന്നും സ്വാർത്ഥയാണ് പാർത്ഥേട്ടാ. തന്റെ ഭർത്താവിന്റെ മേൽ സർവ്വ അധികാരവും ആശിക്കാത്ത സ്ത്രീകളില്ല.”

രോഹിണിയോടു മുൻകൂട്ടി സംസാരിച്ചു പ്രശ്നത്തെ ഒരിടത്തെത്തിച്ചിരുന്നു. അമലയ്ക്ക് നില്ക്കക്കള്ളി കിട്ടുന്നതുവരെ എന്തെങ്കിലും ചെയ്തേ പറ്റൂ. അവൾക്ക് തൃപ്തിയായിരുന്നു അപ്പോൾ.

ഒരു നിമിഷത്തിൽ പഴയ പോലെ തെരുവാധാരമാക്കിക്കൊണ്ട് കടന്നുകളയാൻ എനിക്കാവില്ല. പറ്റുകടയെപ്പോലെ താമസിക്കാൻ ഏർപ്പാടാക്കിയതായിരുന്നു രാമു. അതിലുപരി വളർന്നു വികസിച്ച ഒരു ബന്ധം എന്നേയും കുടുംബത്തിലെ ഒരംഗമാക്കുകയായിരുന്നുവല്ലോ.

നാട്ടുകാർക്കു പുലയാട്ടു പറയാനായി ഒരു വിഷയം ലഭിച്ചപ്പോൾ, എന്നേയും അമലയേയും ബന്ധിപ്പിച്ച് കഥകൾ മെനയാൻ അവസരം ലഭിച്ചപ്പോൾ, അമല കളികണ്ട് ഉറഞ്ഞു ചിരിയ്ക്കയായിരുന്നു.

ശിവങ്കോവിലിലെ കുളത്തിൽ നിത്യേന പുലർച്ചെ കുളിക്കാൻ ചെന്നിരുന്ന അമല അതു നിർത്തലാക്കിയത് ആയിടെ ആയിരുന്നു. കുളക്കടവിലെ ഭിത്തിയിൽ, പാശ്ശാറിൽ കുത്തിവരച്ച അസഭ്യങ്ങളും ആഭാസ ചിത്രങ്ങളുമായിരുന്നു നിറച്ചും.

കിണറ്റിനരികെ മറച്ചുകെട്ടിനകത്ത് കുളിക്കുന്നതിനെക്കുറിച്ചന്വേഷിച്ചപ്പോഴാണ് അവൾ വിവരം പറഞ്ഞത്. നാവുപെടച്ച് ക്ഷീണിച്ചപ്പോൾ ഗ്രാമവാസികൾ മറ്റൊരിതിവൃത്തത്തെ തേടുകയായി

രുന്നു. കൂടാതെ അവർ രോഹിണി എന്നൊരുത്തിയെക്കുറിച്ചും കേട്ടുതുടങ്ങിയിരുന്നു.

"അമല ഇപ്പോൾ പഠിച്ചു പാസ്സാവൂ. പിന്നീടു വേണ്ടത് ഞാൻ ചെയ്യാം."

അവൾ താഴേക്കിറങ്ങിയപ്പോൾ പൊടുന്നനെ വന്ന മൗനത്തിന്റെ തേമ്പലുമായി അയാൾ തനിച്ചായി.

ഒരു വിവാഹം പ്രശ്നങ്ങളെ ഉയർത്തുകയാണ് ചെയ്യുന്നത്. അവസാനിപ്പിക്കുകയല്ല. ഒരു പുതിയ കുടിവെയ്പും താമസവും നാട്ടിലെ അറുത്തു മുറിക്കേണ്ടുന്ന ബന്ധവും അമലയുടെ പഠിപ്പും മറ്റും.

കാറിന്റെ തേങ്ങുന്ന എഞ്ചിന്റെ ഒച്ചകേട്ട് പാർത്ഥനുണർന്നു. തലയെത്തിച്ചു താഴേക്കു നോക്കിയപ്പോൾ പുറമേക്കിറങ്ങി നില്ക്കുന്ന മുകുന്ദനെ കണ്ടു. അയാൾ കതകിനു നേരെ നടക്കുന്നതു കണ്ടിട്ടും പാർത്ഥൻ അതേ കിടപ്പു തുടരുകയായിരുന്നു.

അകത്തേക്ക് വെപ്രാളത്തോടെ കടന്നുവന്ന രോഹിണി അയാളുടെ അചഞ്ചലമായ കിടപ്പുകണ്ട് ചകിതയായി. അവൾ പതിയെ പറഞ്ഞു.

"അവർ പാർത്ഥേട്ടനെയാണന്വേഷിക്കുന്നത്. ഏട്ടനും അനിയനുമാണെന്നു തോന്നുന്നു."

"ഉം..."

"ഇവിടെ ഇങ്ങനെ കിടന്നാൽ....?"

തോർത്തുപുതച്ച് താഴേക്കിറങ്ങിച്ചെന്നപ്പോൾ മുകുന്ദൻ അമലയോട് സംസാരിക്കുകയായിരുന്നു. പാർത്ഥനെ കണ്ടപ്പോൾ മുകുന്ദൻ പറഞ്ഞു:"ഞങ്ങൾ പാർത്ഥേട്ടനെ കാണാൻ വന്നതാണ്."

കാറിനകത്ത് അനന്തേട്ടനുമുണ്ടായിരുന്നു. രേണുകേടത്തി അരികത്തുതന്നെ ഉണ്ടാകുമെന്ന പ്രതീക്ഷയായിരുന്നു. അതില്ല.

"എന്താ വിശേഷം?"

അയാളുടെ ചോദ്യം കേട്ട് നടുക്കത്തിൽ നിന്ന് തെല്ല് മോചിതനാകാനുള്ള ശ്രമത്തോടെ മുകുന്ദൻ തുടർന്നു:

"പാർത്ഥേട്ടനോട് കുറേ സംസാരിക്കാനുണ്ട്. ഒന്ന് കൂടെ വന്നാൽ നന്നായിരുന്നു."

"ഉം..."

തിരികെ മുകളിലേക്കു ചെല്ലുമ്പോൾ രോഹിണി ഈറൻ തുണിയുടുത്തതുപോലെ നിന്നു വിറയ്ക്കുന്നുണ്ടായിരുന്നു. അവളുടെ മുഖം വല്ലാതെ വിളർത്തിരുന്നു.

രോഹിണിയുടെ ചുമലിൽ കൈവച്ച് പാർത്ഥൻ പറഞ്ഞു.

“അവർക്കെന്നോടു സംസാരിക്കണമെന്ന്... ഞാൻ പോയ് വരാം...”

“വേണ്ട പാർത്ഥേട്ടാ... അവരെന്തെങ്കിലും...”

ഭയന്ന് ഇറുകെ പിടിച്ച പെൺകുട്ടിയുടെ വിരലുകളെ പിടിച്ചു മാറ്റുമ്പോൾ പാർത്ഥൻ പറഞ്ഞു:

“അതിനു തക്കധൈര്യം അവർക്കില്ല. ഉണ്ടായിരുന്നെങ്കിൽ എന്നേ എന്നെ കൊല്ലുമായിരുന്നു.”

ഡോറു തുറന്ന് കാറിനകത്തിരിക്കുമ്പോൾ ഗ്രാമത്തിലെ അനേകം കണ്ണുകൾ പിന്തുടരുന്നുണ്ടായിരുന്നു. വളവുതിരിയുമ്പോഴും മേൽത്തട്ടിലെ ജനാലയിലൂടെ നോക്കുന്ന ഭീതിപൂണ്ട രോഹിണിയുടെ കണ്ണുകളെ അയാൾക്കു കാണാൻ കഴിഞ്ഞു.

കാറിനകത്തെ നിശ്ശബ്ദതയെ എഞ്ചിന്റെ മുരൾച്ച ഭേദിക്കുന്നുണ്ട്. തിരക്കുകുറഞ്ഞ നിരത്തുകൾ ജനാരണ്യമാവാൻ തുടങ്ങിയിരിക്കുന്നു.

ആദ്യരാത്രിയുടെ തലേന്ന് കാമുകിയെ ബലാൽക്കാരമായി കാറിൽ പിടിച്ചു കയറ്റി പിന്നീട് കടൽത്തീരത്ത് ശവം ഉപേക്ഷിച്ച ഒരു ഇംഗ്ലീഷ് ചാരനോവലിന്റെ കഥ അയാൾക്കോർമ്മവന്നു. പുറംചട്ടയിൽ സുന്ദരിമാരുടെ ശരീരലാവണ്യം പ്രദർശിപ്പിക്കുന്ന ആ പുസ്തകം കോളേജിലെ സഹപാഠി തന്നതായിരുന്നു.

ഹോസ്റ്റലിൽ പാർത്തിട്ടും സരോജിനിയുടെ പ്രേമം വീട്ടുകാരറിയുകയായിരുന്നു. ഒരു നാൾ അവിചാരിതമായെത്തിയ അച്ഛനും ആങ്ങളയും അവളെ നാട്ടിലേക്ക് ആട്ടി തെളിക്കുകയാണുണ്ടയത്. പിന്നീട് ശുഭമായി സരോജിനിയുടെ വിവാഹം കഴിഞ്ഞെന്നു കേട്ടു.

ചവോക്ക് മരങ്ങളുടെ ഈന്തതണലുള്ള, കൊഴുത്തചായം ഭംഗിയായി തേച്ച മതിൽക്കെട്ടുകടന്നു കാറ് അകത്തേക്കു പാഞ്ഞപ്പോൾ പാർത്ഥൻ നിവർന്നിരുന്നു.

പ്രൈവറ്റ് റൂമിൽ ശീതളപാനീയങ്ങളുടെ മുമ്പിലിരിക്കുമ്പോഴും മൂവരും ദുസ്സഹമാംവിധം നിശ്ശബ്ദരായിരുന്നു. ചുറ്റിലും ശബ്ദമുഖരിതമാണ്. കിന്നരിത്തലപ്പാവുവെച്ച വെയിറ്റർമാർ തിടുക്കത്തോടെ പായുമ്പോൾ തറയിലുരസ്സുന്ന ചെരുപ്പുകളുടെ മേളം കേൾക്കാനുണ്ട്.

രോഹിണി പറഞ്ഞതനുസരിച്ച് അമലയുമൊത്ത് വന്നതായിരുന്നു. ഇവിടെ വന്നുപെട്ടപ്പോൾ അവർക്ക് അമ്പരപ്പും നാണവുമായിരുന്നു.

“നിന്റെ കല്ല്യാണത്തെക്കുറിച്ചു കേട്ടു....”

നീല തേച്ച സീലിങ്ങിലേക്കുനോക്കി അനന്തേട്ടൻ പറഞ്ഞു.

“ഉവ്വ്”

“നിനക്ക് ഒരു കുടുംബവും ഏട്ടനനുജൻമാരുമുണ്ട്. നീ അവരെ അപമാനിക്കാനാണൊരുക്കം.”

“എനിക്കു മനസ്സിലാവുന്നില്ല...”

അർത്ഥശൂന്യതയെ കണ്ടെത്തിയപ്പോൾ ഞാൻ ഗുഹയ്ക്കു വെളിയിൽ ചാടുകയായിരുന്നുവല്ലോ.

വരമ്പുകളും ഔപചാരികതയുമായി വേർതിരിക്കപ്പെട്ട ബന്ധങ്ങൾ എന്റെ കണക്കുകൂട്ടലുകളുടെ അപ്പുറമായിരുന്നു.

റൂഷിന്റെ വർണ്ണകാന്തിയിൽ, ബാങ്ക് ബാലൻസുകളുടെ വമ്പിച്ച അക്കങ്ങളിൽ, ആംഗ്ലേയച്ചുവ കലർന്ന മലയാളത്തിൽ ജീവിതത്തിന്റെ നിലവാരം കണക്കുകൂട്ടപ്പെടുക!

മനുഷ്യർക്കായി പറയാൻ മാത്രം ശീലമാക്കേണ്ടിയിരിക്കുന്നു. വാക്കുകൾക്കുപരിയായി പ്രവൃത്തിപഥത്തിലേക്കെത്തുമ്പോൾ വകയ്ക്ക് കൊള്ളാത്തവൻ എന്ന നാമവുമായി ജീവിക്കാനാവുന്നു.

പത്മനാഭന്റെ കരവിരുതുള്ള കൗശല്യമുള്ള തികഞ്ഞ ബുദ്ധി പണിയാളുകളെപ്പോലെ എന്തിനും തുനിയുന്ന കുറച്ചു മക്കളെ സൃഷ്ടിക്കയായിരുന്നു.

“പാർത്ഥേട്ടൻ ഈ വിവാഹത്തിൽനിന്നു പിന്മാറിയേ പറ്റൂ. എനിക്കും അനന്തേട്ടനും അമ്മയ്ക്കും ഇവിടെ ജീവിക്കണം. ഇതു നടന്നാൽ ഞങ്ങൾക്കിനി തലനിവർത്തി നടക്കാനാവില്ല. അല്ലെങ്കിൽതന്നെ...”

മുകുന്ദൻ മുഴുമിക്കാത്ത വാചകത്തെ പാർത്ഥൻ മുന്നിൽകണ്ടു. രോഹിണിയുടെ കരഞ്ഞുകലങ്ങിയ മുഖത്തെ അയാൾക്കു കാണാൻ കഴിഞ്ഞു. തെരുവിൽ കൊടിച്ചിപട്ടിയെപ്പോലെ തെണ്ടിനടക്കുമ്പോഴും എന്റെ മനസ്സിൽ നിറച്ചും പകയായിരുന്നു.

മാന്യന്മാരുടെ കുടുംബത്തിലെ കൈപ്പിഴപറ്റി ഗർഭിണിയാവുന്ന പെണ്ണുങ്ങളുടെ ഭ്രൂണം കലക്കുന്ന അച്ഛൻ. ചോരവാർന്ന് മെലിഞ്ഞ് ഈർക്കിൽ പോലായ പെണ്ണുങ്ങൾക്ക് വിശ്രമകാലത്തിനായി നഗരത്തിൽനിന്ന് അകന്നു പണിത ഒരു സംഘം വീടുകൾ.

കന്യക ഗർഭിണിയായിരുന്നുവെന്ന വസ്തുത എന്നുമെന്നും രഹസ്യമാക്കിവെയ്ക്കുന്നതിലൂടെ കനത്ത തുക പറ്റുകയായിരുന്നു അച്ഛൻ.

നാട്ടിൽ പരക്കെ അറിയാവുന്ന നെഴ്സിങ്ങ് ഹോമിലെ ചികിത്സാക്രമം. അനന്തേട്ടൻ ശരിക്കും അച്ഛന്റെ പിൻഗാമി ആയിരുന്നു.

വിവരമറിഞ്ഞപ്പോൾ രേണുകേടത്തി മൂകയാവുകയാണു

ണ്ടായത്. രാമു നഗരത്തിന്റെ പാർശ്വഭാഗത്തുള്ള ശ്മശാനത്തെക്കുറിച്ച് പറഞ്ഞിരുന്നു. പിശാചുക്കളേയും ഭൂതങ്ങളേയും ഭയക്കാതെ പോലീസുകാരുടെ കൺവട്ടത്തു നിന്നുമറഞ്ഞ് ഡിഗ്രി എടുത്തിട്ടും ജോലിയന്വേഷിച്ച് ഉപജീവനമാക്കിയ യുവാവ് കള്ളവാറ്റുചാരായം വിറ്റുപോന്നു.

"രാമു കുടിനിർത്തി എന്നാണല്ലോ പറഞ്ഞത്!"

"പാർത്ഥേട്ടനെ പറഞ്ഞു ശരിപ്പെടുത്താൻ എന്നെക്കൊണ്ടാവില്ല. ആ കുട്ടിയെക്കുറിച്ച് ഞങ്ങൾ പലതും കേട്ടു. എന്തിനാണ് ആർക്കും വേണ്ടാത്ത വിഴുപ്പ് പാർത്ഥേട്ടനേറ്റുന്നത്?"

"അതെനിക്കും തോന്നേണ്ടതാണ്. ഞാനൊന്നുറച്ചാൽ ഉറച്ചതാണ്. മുകുന്ദൻ പോവൂ."

"പാർത്ഥേട്ടനെ ഞങ്ങൾക്കറിയാം പക്ഷേ... ഇതു ഞങ്ങളുടെ പൊസിഷന്റെയും പ്രശ്നമാണ്. ബാറിൽ ഇതുതന്നെയാവും വർത്തമാനം. നല്ല കക്ഷികൾ പോലും വക്കാലത്ത് മാറ്റും. പാർത്ഥേട്ടന് തെരുവുതെണ്ടിയായി നടന്നാലും ഒന്നുമില്ല. പക്ഷേ ഞങ്ങൾക്കതല്ലല്ലോ..."

"ഈ സംസാരം ഇവിടെ നിർത്താം."

പാർത്ഥൻ ഒഴിഞ്ഞ കോപ്പ ട്രേയിൽവെച്ച് എണീറ്റു. വെയിറ്റർ തട്ടിൽ ബില്ലുവെച്ച് തിരിഞ്ഞുനടക്കാൻ ഭാവിച്ചപ്പോൾ പാർത്ഥൻ പറഞ്ഞു:

"ഒന്ന് തനിച്ചെഴുതിയാൽ മതി."

വെയിറ്റർ രൂപയുമായി പോയപ്പോൾ അനന്തേട്ടൻ മുരടനക്കി.

"നീ ഇരിക്ക്, ഒന്നുമില്ലെങ്കിലും ഞാൻ നിന്റെ ഏട്ടനാണല്ലോ. ഞാൻ പറയുന്നതെങ്കിലും ശ്രദ്ധിച്ചാൽ നന്ന്. ഇതുവരെയായി ഞങ്ങളൊന്നും നിന്നെ അകറ്റീട്ടില്ല. എന്നും എല്ലാം വരുത്തിവെച്ചത് നീ തന്നെയാണ്. ഇതോടുകൂടി പലതിന്റെയും അവസാനമാകുകയാവും. പാർത്ഥൻ അമ്മയെ എങ്കിലും ഓർക്കണം."

കുടിച്ച് മുക്രയിടുന്ന അച്ഛൻ അമ്മയെ പുലഭ്യം പറയുമ്പോൾ ഒരു ചെറുപ്പക്കാരന്റെ പേരുകൂടി ചേർക്കുമായിരുന്നു. മിസ്സിസ്സ് പത്മനാഭന്റെ രക്ഷകനെപ്പോലെ വാതുവെച്ച് ആരോടും സംസാരിക്കുന്ന സുമുഖനും പരിഷ്കാരപ്രേമിയുമായ ഒരുത്തൻ.

മക്കൾ വളരുകയും വാർദ്ധക്യത്തിന്റെ വരമ്പ് അതിരുകളുടെ തട പൊട്ടിക്കുകയും ചെയ്തപ്പോൾ ചെറുപ്പക്കാരൻ അമ്മയെ കയ്യൊഴിഞ്ഞ് പുതിയ മേച്ചിൽപുറം തേടുകയായിരുന്നുവത്രേ.

വീണ്ടും കാറിലേയ്ക്കുതന്നെ.

ഓടിക്കൊണ്ടിരിക്കുന്ന കാറിലിരുന്ന് അനന്തേട്ടൻ അയാളുടെ

പഴയ താന്തോന്നിത്തങ്ങളെ ഒന്നൊന്നായി പറഞ്ഞു. ആർക്കും വേണ്ടാത്തൊരു ഗുലുമാലുപിടിച്ചു പാർട്ടിയിൽ ചെന്നുപെട്ടതു മുതൽ സസ്പെൻഷൻവരെ.

''നിന്നോട് ഇതു പറയാൻ തന്നെയാണ് ഞങ്ങൾ വന്നത്. നീ തന്നെയാണു എല്ലാം തകർക്കുന്നതെന്ന് ഓർക്കണം.''

നാട്ടിലേക്കുള്ള റോഡിലേയ്ക്ക് വാഹനം കുതിച്ചപ്പോൾ പാർത്ഥ നിറങ്ങി. അവർ വീണ്ടും യാത്ര ആരംഭിച്ചപ്പോൾ അയാൾ തെരുവി ലൂടെ നടന്നു.

നിരത്തിൽ ജനം കുമിഞ്ഞുകൂടിയിരിക്കുന്നു. സിഗരറ്റിന്റെയും വിയർപ്പിന്റെയും കൂടികലമ്പിയ ഗന്ധമാണ് അവരുടെ വസ്ത്ര ങ്ങൾക്ക്. സിനിമാതിയ്യേറ്ററിലെ മാറ്റിനിഷോ വിട്ട തിരക്കാണ്.

ഒരൊഴിവുദിവസത്തെ ആഘോഷിക്കാനായി പ്രശ്നങ്ങളിൽ നിന്നൊഴിഞ്ഞുമാറി ഒരുങ്ങിക്കെട്ടി സന്ധ്യയെത്തേടി അലയുക യാണ് ജനം.

ആകാംക്ഷയോടെ കാത്തുനിൽപ്പായിരുന്നു രോഹിണി. അവ ളുടെ ശ്വാസമിടിപ്പുമാത്രമുള്ള നെഞ്ച് പിടഞ്ഞുകൊട്ടുന്നു ണ്ടായി രുന്നു.

ഞാൻ കാറിൽ കയറിയപ്പോൾ യാതൊരു ഗത്യന്തരവുമില്ലാതെ നോക്കി നിൽക്കുകമാത്രം ചെയ്തിരുന്ന അവൾ അതെന്റെ അവസാനത്തെ കാഴ്ചയാണെന്നായിരുന്നു കരുതിയിരുന്നത്.

അടുത്തതായി നിർബന്ധപൂർവ്വം മറ്റൊരുത്തിയെ പിടിച്ചുകെട്ടി ക്കുക. അതേ മട്ടിൽ ഉദ്യോഗം രാജിവെയ്പിക്കുക. മാന്യമായ നില വാരത്തിലേയ്ക്ക് ഏതെങ്കിലും കമ്പനിയുടെ മാനേജിംഗ് പോസ്റ്റി ലേക്ക് നിയമിതനാവുക.

രോഹിണി പറഞ്ഞുവന്നപ്പോൾ അമല ഉള്ളുതുറന്നു ചിരിക്കുക യായിരുന്നു. അരികു പിന്നിട്ടുനടന്നിരുന്ന എല്ലാവരേയും അവർ തഴഞ്ഞുതള്ളി.

വാടകവീടു ചെന്നു കാണാനിറങ്ങിയതായിരുന്നു അവർ. അന ന്തേട്ടന്റെ വരവും പോക്കും ഒരു കൊടുങ്കാറ്റിന്റെ വിത്തുപാവു കയാണുണ്ടായത്.

രേണുകേടത്തിയുടെ കത്തിൽനിന്നാവും അവർ വിവരമറിഞ്ഞ ത്. അല്ലെങ്കിൽ ഓഫീസർ മുകുന്ദനെഴുത്തിട്ടിരിക്കാം.

അമലയുടെ ചോദ്യം ഒരു മുഴക്കമായി മനസ്സിൽ ശേഷിക്കുന്നു. അവളെ കരയ്ക്കണക്കുന്നതുവരെ തുഴവെടിയാതിരിക്കുകയാണാ വശ്യം.

സന്ധ്യയുടെ പാതാളപൊത്തിൽ വീണ നഗരം. പ്രകാശമാനമായ നഗരവീഥി. നിരത്തുവക്കിലെ കച്ചവടക്കാർക്കു ചുറ്റിലും ആളുകളുണ്ട്.

ഞായറാഴ്ച ആയതിനാൽ കോള് മറ്റാർക്കുമല്ല.

ഇടവഴിയിലൂടെ നടന്ന് വീടിനു മുന്നിലെത്തിയപ്പോൾ രാമുവെ കണ്ടില്ല. താക്കോലുമായി അയാൾ വരാമെന്ന് ഏറ്റതായിരുന്നു. നിന്നു കാലുകഴച്ച് ആളെ കാണാഞ്ഞ് സ്ഥലം വിട്ടിരിക്കാം. ഇരുമ്പു പടിയും പൂട്ടിക്കിടപ്പുതന്നെ.

"കാണാൻ നന്നായിട്ടുണ്ട്. അകത്തു ചെന്നുകണ്ടാലേ ശരിയാവൂ."

"രാമു വരാമെന്നു പറഞ്ഞതാണ്."

നൂറാവർത്തി ക്ഷമാപണം ചെയ്തിട്ട് അടുത്ത നിമിഷത്തിൽ മൂക്കുന്നിറ്റിവീഴുന്ന ചാരായവുമായി രാമു മുന്നിൽ വന്നു നില്ക്കും. കഴുത്തുവെട്ടിച്ച് അപരിചിതത്വം നടിക്കുമ്പോഴായിരിക്കും അയാൾ കൂടുതൽ വികാരധീനനാവുക.

നടന്നു വിയർത്ത് ഓടിക്കിതച്ചതുപോലെ രാമുവന്നു. അയാൾ വന്നപാടെ പറഞ്ഞു:

"നിങ്ങളിങ്ങോട്ടുവന്നുവെന്ന് വഴിക്കുവെച്ചു തന്നെ അറിഞ്ഞു."

പടിയും കതകും തുറന്ന് അകത്തേക്ക് ഇരുട്ട് കൊടികുത്തി വാഴുന്ന മുറികളിൽ പ്രതിദ്ധ്വനിയുതിർക്കുന്ന പൂമുഖത്ത് കുട്ടിച്ചാക്കിൽ കെട്ടിയൊരുക്കിയ സാമാനങ്ങൾ. അലൂമിനിയപാത്രവും സ്റ്റൗവും.

പ്ലാസ്റ്റിക്ക് മെടഞ്ഞ നടുകുഴിഞ്ഞ കസേരയിൽ രാമുവിരുന്നു. അരികെ പാർത്ഥനും. അമല രോഹിണിയുമായി അകമുറികൾ കാണാനായി നടപ്പാണ്.

അമലയുടെ നനുത്ത സ്വരം പോലും മുഴക്കമാവുന്നുണ്ട്.

"യൂണിയനും പാർട്ടിയും ചേർന്ന് ചെറിയ സ്വീകരണം നല്കുന്നുണ്ട്."

"അന്ന് വൈകീട്ടാണോ?"

"അല്ല."

"പതിനൊന്നിന്."

"ഏതായാലും ബന്ധുമിത്രാദികളൊന്നുമുണ്ടാവില്ല. കുറച്ചു സുഹൃത്തുക്കളേ കാണൂ."

നിരത്തുവക്കിൽവെച്ച് സൂപ്രണ്ടിനെ കണ്ടപ്പോൾ അയാൾ ചുണ്ടു മലർക്കെ തുറന്നു പുഞ്ചിരിച്ചു. വിവാഹത്തിന്റെ സുദീർഘമായ ചടങ്ങുകളെക്കുറിച്ചും കടലിൽ നഞ്ഞുകലക്കിയതുപോലെ

ചെലവിടേണ്ടുന്ന പൈസയെക്കുറിച്ചുമായിരുന്നു അയാൾക്ക് പറയാനുണ്ടായിരുന്നത്.

അനന്തേട്ടന്റെ തിരിച്ചുവരവിനുശേഷം മിസ്സിസ്സ് പത്മനാഭൻ വളിച്ച നാലു തെറിപറഞ്ഞ് എന്നെ ശകാരിക്കുകയാവും.

രാമുവുമൊത്ത് അകമുറികൾ കണ്ടുനടന്നു. കാറ്റോട്ടവും മച്ചുമുള്ള കിടക്കറകൾ. ഊൺ തളത്തിൽ മേശ. അടുക്കളയിൽ അമ്മിയും അരിയാട്ടുകല്ലും.

തൊടിചുറ്റി നടപ്പായിരുന്നു രോഹിണിയും അമലയും. കാടുപിടിച്ച തൊടി ചെത്തികോരിയിരിക്കുന്നത് അടുത്ത കാലത്താണ്. നാരകവും കരിവേപ്പുമരവും പിന്നെ വേലിയ്ക്കലായി പടുകൂറ്റൻ പുളിയും.

അയൽപക്കത്തെ വീടുകളിൽ നിന്ന് പലരും പാത്തും പതുങ്ങിയും നോക്കുന്നുണ്ട്. ഒരപൂർവ്വജീവിയെ കണ്ടതുപോലെ എല്ലാവർക്കും ജിജ്ഞാസയാണ്.

മതിൽക്കെട്ടിനരികെ വന്ന് ഒരുത്തി അമലയോട് സൗഹൃദ സംഭാഷണമാരംഭിച്ചിരിക്കുന്നു.

രേണുകേടത്തിയുടെ വിവാഹം കുറിച്ചതിന്റെ പിറ്റേന്ന് അമ്മാവൻ അകമുറിയിലേക്കു വിളിച്ചു. പെന്നും കടലാസ്സുമായി രാത്രി മുഴക്കെ ഞാൻ പലരുടേയും വിലാസങ്ങൾ എഴുതുകയായിരുന്നു. അതും പോരാതെ ചിലവു വഹകളുടെ നീണ്ടൊരു പട്ടികയും.

നാട്ടാരെ എല്ലാം പന്തിയിരുത്തി കൊട്ടും കുവരയും പക്കമേളത്തോടെയും ആരംഭിച്ച ബന്ധം ഇപ്പോൾ ഗതിമുട്ടി നിൽപ്പാണ്. പർവ്വതത്തിൽ നിന്നാരംഭിച്ച് പ്രശാന്തയായി ഒഴുക്കു തുടരുമ്പോൾ നദിയുടെ മുന്നിൽ ഒരു കുന്ന് ഗതി തടഞ്ഞുനിൽക്കുന്നതുപോലെ.

"ഒരു കട്ടിലിനേർപ്പാട് ചെയ്തിട്ടുണ്ട്. നാളെ കാലത്തെത്തും. മുന്നൂറ്റമ്പത് റുപ്പികയോളമാവും..."

"അതധികമാണ്. പിന്നെ എന്റെ കഥ നിനക്കറിയാമല്ലോ... കാൽകാശ് കയ്യിലില്ലാതെയാണ് ഇതിനിറങ്ങിയത്. രോഹിണി സ്വരൂപിച്ചതു മുഴുവൻ ഇതിനായി തീർത്താൽ പിന്നെ തിന്നാനൊന്നും ഉണ്ടാവില്ല."

"ഞാൻ ആദ്യമേ പറഞ്ഞതാണ് പാർത്ഥൻ ഇതിലൊന്നും തലയിടരുതെന്ന്. വീടെല്ലാം ശരിപ്പെടുത്തി ഞാൻ താക്കോൽ തരും. താമസമാരംഭിക്കുകയാണ് നിങ്ങളുടെ ജോലി."

തെങ്ങിൻമണ്ടയിൽനിന്ന് വാരിവിതറിയതുപോലെ മഴ. കാടുകുലുക്കുന്ന കാറ്റ് ഇടവഴികളിൽ. തുലാവർഷത്തിന്റെ കറുത്ത ആകാരം ആകാശത്ത് തളം കെട്ടി കിടക്കുന്നുണ്ടാവും.

മുത്തശ്ശി എന്നെ അണച്ചുപിടിച്ച് അച്ഛന്റെ ബാല്യകാലം വിവരിക്കുകയായിരുന്നു. “കുടുംബസ്നേഹോം സൽസ്വഭാവുള്ള ഒരുത്തനായിരുന്നൂട്ടോ.”

കുഞ്ഞു കരുപിടിച്ചിട്ടും അച്ഛൻ ഒരു കുടുംബത്തിന്റെ പ്രതാപം രക്ഷിക്കാനായി ശ്രമിക്കുകയായിരുന്നുവത്രേ. ചത്തുമലച്ച കണ്ണുകളുമായി ചോരക്കുഞ്ഞ് വെളിക്കുവന്നപ്പോൾ യുവതിയും മരിക്കുകയായിരുന്നു.

വിഷണ്ണനായി പുലർച്ചെ പടികയറിവന്ന അച്ഛൻ അമ്മയോടു പറഞ്ഞപ്പോൾ അവർ ചിരിച്ചു.

“യൂ ആർ എ ഡോക്ടർ. ദെൻ യു മെ കൺട്രോൾ യൂവർ സെൽഫ്...”

“ബട്ട് ഷീ ഈസ് ഡെഡ്.”

മീനാക്ഷി അമ്മ്യാരുടെ മരണം ആരേയും ബാധിക്കാതെ അവസാനിച്ചിരിക്കുന്നു. ഗ്രാമത്തിലെത്തുമ്പേഴത്തെ പോരായ്മ അവരുടെ വിശന്നു കുറുകിയ ശബ്ദത്തിന്റെ വേർപാടാണ്.

വാതോരാതെ അമല രോഹിണിയോട് സംസാരിച്ചുകൊണ്ടേ ഇരുന്നു. പ്രധാന നിരത്തിലേക്കു കയറിയപ്പോൾ രാമു നിന്നു. താക്കോൽ കൂട്ടത്തിൽനിന്ന് ഇരട്ടത്താക്കോൽ നല്കിയതിനു ശേഷം അയാൾ പറഞ്ഞു.

“വീടിന്റേതും പടിയുടേതുമാണ്. ഓരോന്ന് എന്റടുത്തുമുണ്ട്.”

ജനം ക്രോഡീകരിച്ച് വിഹരിക്കുന്ന പ്രധാന നിരത്ത് കഴിഞ്ഞ് നടക്കുമ്പോഴും പാർത്ഥൻ മൗനിയായിരുന്നു. അറിയാതെ കടന്നുവന്ന ദുഃശ്ചിന്തകൾ അയാളുടെ മനസ്സിനെ മഥിച്ചു.

അറുത്തെറിയാൻ കാംക്ഷിച്ചതായിരുന്നുവെങ്കിലും സമ്പൂർണ്ണമായി എല്ലാം അവസാനിക്കുന്നുവെന്നറിയുമ്പോൾ വിഷാദവും സന്തോഷവും ദുഃഖവും ഇടകലർന്ന ഒരു ഭാവമാണ്.

തളിരുപോലെയുള്ള ഉണ്ണിക്കാലുകൾ ഓടിതഴമ്പിച്ചത് നെഴ്സിങ്ങ് ഹോമിന്റേയും വീട്ടിന്റേയും മുറ്റത്താണ്. ഒരു വർഷം മാത്രം വിധിക്കപ്പെട്ട മുലയൂട്ടലായിരുന്നുവെങ്കിലും അമ്മയുടെ സ്വാദിഷ്ടമായ പാല് എന്റെ ചുണ്ടുകളും നുകരുകയുണ്ടായിട്ടുണ്ട്. പക്ഷേ ഇതനിവാര്യമാണ്.

പതിനാല്

ഇവിടെ ഒന്നുതിരിയാൻ പോലും തരമില്ല. വരാത്തതിൽ ക്ഷമിക്കുമല്ലോ.

സൂപ്രണ്ടിന്റെ എഴുത്തുമായി വന്ന ബാലകൃഷ്ണൻ പറഞ്ഞു.

“സാറിനും ഈ ലോകത്തെ സാധാരണ മനുഷ്യരെ അറിയില്ല. അവർക്കെല്ലാം സ്വന്തം കാര്യങ്ങളാണ് മുഖ്യം. സാറിന്റെ പി.എഫ്. പോയതു തന്നെ മിച്ചം. സാറിനെ കുടുക്കാൻ പോലും തയ്യാറായ മനുഷ്യനെയാണു സഹായിച്ചത്. അയാളുടെ മനസ്സിൽ ചില കണക്കുകൂട്ടലുകൾ ഉണ്ടായിരുന്നു.”

“അതു സാരമില്ല ബാലകൃഷ്ണാ.... എന്റെ പേരിൽ ഒരു പെൺ കുട്ടിയെങ്കിലും രക്ഷപ്പെടട്ടേ. അതേ ഞാൻ കരുതുന്നുള്ളൂ.”

പി.എഫ്.കിട്ടിക്കഴിഞ്ഞപ്പോഴാണ് ഞാൻ രാമുവിനോടു പറഞ്ഞ ത്. അയാൾ ഒരുപാട് ശകാരിക്കുകയായിരുന്നു. രോഹിണി ചിരിച്ചു കൊണ്ട് തന്നെ വെറുതെ നിന്നു.

പൂരപ്രമാണങ്ങളോടെ, ബഹുമുഖം കേമമായി പകിട്ടോടെ ആരം ഭിക്കുന്ന ഒരു വിവാഹം. പൂഴി വിതറിയാൽ തറ കാണാത്തവിധം ജനം.

രോഹിണി പുതിയ തീരുമാനമറിയിച്ചപ്പോൾ സന്തോഷമാ യിരുന്നു. അമ്പലത്തിൽ വെച്ച് കെട്ടൊന്നും വേണ്ട. രജിസ്ട്രാഫീ സോടെ എല്ലാം തീർക്കാം.

രോഹിണിയുടെ നിശ്ചയവുമായി പൊരുത്തപ്പെട്ടുപോവാൻ ശ്രമിക്കുമ്പോൾ അലോസരത ഉയരരുതെന്ന ചിന്തമാത്രമായിരുന്നു മനസ്സിൽ.

രാമു ഉറ്റപ്പെട്ടവർക്കെല്ലാം കമ്പി അടിച്ചിരുന്നു.

ബന്ധുജനങ്ങളുടെയും നാട്ടാരുടേയും അകമ്പടിയില്ലാത്ത ഒരു വിവാഹം. അമ്മായി വിവരമറിയുമ്പോൾ അന്ധാളിക്കും. വീട്ടിൽ ചെന്നാൽ വിവാഹത്തെക്കുറിച്ചുതന്നെയായിരിക്കും അവരുടെ സംസാരം.

മുകന്ദന്റേതും നിശ്ചയിക്കപ്പെട്ടപ്പോഴായിരുന്നു. അമ്മായി അരി കെ വിളിച്ച് സദുപദേശം ചെയ്തു.

മൂത്തവൻ നില്ക്കെ എളയവൻ കല്ല്യാണം കഴിക്കരുത്. അത് മഹാപാപമാണ്.

പിന്നീട് പണമില്ലെങ്കിലും ആഢ്യത്തവും ചന്തവുമുള്ള അനേകം പെണ്ണുങ്ങളുടെ രത്നച്ചുരുക്കം അവർ ഹാജരാക്കുകയായിരുന്നു.

അവസാന കയ്യായി അമ്മ എഴുത്തിട്ടിരിക്കുന്നു. നീ കരിതേയ്ക്കു ന്നത് നിന്റെ മുഖത്തുതന്നെയാണ്. രേണുകേടത്തിയുടെ എഴു ത്തിൽ വീട്ടിലെ വിശേഷങ്ങളായിരുന്നു.

മുകുന്ദൻ പിണങ്ങിയാണ് പോയത്. അനന്തേട്ടനും ആരോടും മിണ്ടാട്ടമില്ല. പാർത്ഥേട്ടന്റെ വിവാഹം കഴിഞ്ഞുവെന്ന വാർത്ത

യാണ് ഇവിടെ പ്രചരിപ്പിച്ചിരിക്കുന്നത്. അതിനാൽ അമ്മ പുറത്തിറങ്ങുന്നേയില്ല.

എനിക്ക് വരണമെന്നുണ്ട്. ഇവരുടെ അനുവാദം കിട്ടിയെന്നുവരില്ല. കഴിവതും വരാൻ ശ്രമിക്കാം.

പുതിയ താമസത്തെക്കുറിച്ചും മറ്റും അവർ ആരാഞ്ഞിരുന്നു.

അനുരാധ കൂട്ടുകാരികളോടൊത്ത് പലവട്ടം വന്നുപോയിരിക്കുന്നു. എതിരുപറയാനോ തടയിടാനോ ആരുമില്ലാത്തതിനാൽ വിവാഹത്തെക്കുറിച്ച് പരക്കെ അറിയാവുന്നതാണ്.

നെറുകയിൽ വെയിലു തട്ടി മിന്നുന്ന താമ്പോല കമഴ്ത്തിയതുപോലുള്ള കഷണ്ടി അച്ഛൻ.

കാണാത്ത മുത്തശ്ശനെക്കുറിച്ച്, മുത്തശ്ശി ഒരുപാട് സ്തുതിക്കുമായിരുന്നു. മുത്തച്ഛന്റെ ഗാംഭീര്യം തന്നെയായിരുന്നുവത്രേ മകനും.

എന്നിട്ടോ, മിസ്സിസ്സ് പത്മനാഭന്റെ കൊള്ളരുതായ്മകൾക്ക് ഒരു പാറാവുകാരനെപ്പോലെ ദൃക്സാക്ഷിയായിരുന്നു അച്ഛൻ.

അടച്ചിട്ട മുറിയിൽ നിന്ന് രോഹിണി ഇറങ്ങുന്നേയില്ല. ഒരപൂർവ്വ ജീവിയെ കാണുന്നതുപോലെയാണ് എല്ലാവരും നോക്കുന്നത്.

തമിഴ്നാട്ടിൽനിന്ന് രാത്രിക്ക് രാത്രിവണ്ടി കയറി എത്തിയ ജോസഫ്, സദാശിവൻ. എന്റെ വിവാഹത്തിനുശേഷം തലസ്ഥാന നഗരിയിലേക്കു പോവാമെന്നു കരുതിയിരിക്കുന്ന ഇസ്മായിൽ സേട്ട്; നമ്പ്യാർ. നാട്ടിൽനിന്ന് കാലത്തുമാത്രം എത്തപ്പെട്ട രേണുകേടത്തി. യൂണിയൻ പ്രവർത്തകരും സുഹൃത്ത് ജനങ്ങളും.

രോഹിണിയുടേതായി അനുരാധയും കൂട്ടരും; പിന്നെ അമലയും. കനത്ത രജിസ്റ്ററിൽ കയ്യെഴുത്തിടുമ്പോൾ പാർത്ഥന്റെ വിരലുകൾ വിറയ്ക്കുന്നുണ്ടായിരുന്നു. മുഖത്ത് ഉരുണ്ടുകൂടിയ വിയർപ്പുതുള്ളികളെ തൂവ്വാലയിലൊപ്പിയെടുത്ത് മുഖമുയർത്തിയപ്പോൾ അയാൾ കണ്ടത് നാവനക്കാതെ അക്ഷമരായി നിൽക്കുന്ന ജനങ്ങളെ ആയിരുന്നു.

സാക്ഷിയായി രാമുവും നമ്പ്യാരും.

കോട്ടയ്ക്കകത്തെ വിശാലമായ അങ്കണത്തിൽ പറിച്ചുനട്ടതുപോലെ നിലത്തിഴയുന്ന കൊമ്പുകളുമായി മാവുകൾ. ജയിൽ വളപ്പിൽ പച്ചക്കറി തോട്ടമാണ്. കിണറ്റിൽനിന്ന് പോത്തൻതൊട്ടി വലിച്ചുകയറ്റുന്ന കള്ളന്മാരുടെ മുഖത്ത് ഭാവഭേദമൊന്നും കാണാനില്ല.

രോഹിണിയോടൊത്ത് നടക്കല്ലിറങ്ങുമ്പോൾ കൂട്ടത്തിൽ ആരോ പറഞ്ഞു:

“രജിസ്ട്രാഫീസ്സായാലും കൈക്കുപിടിച്ചൊക്കെ നടക്കാം... പകലായതുകൊണ്ട് അതുമാത്രം മതി.”

ചിന്നിത്തെറിക്കുന്ന വെള്ളത്തുള്ളികളെപ്പോലെ പാറുന്ന ചിരി. രോഹിണിയുടെ കുനിഞ്ഞ മുഖത്ത് നാണത്തിന്റെ ചുവന്ന ആവരണമുണ്ടായിരുന്നു.

ഇക്കൂട്ടരെകണ്ട് കൊറേ വഴി ഒഴിഞ്ഞു നടന്നതാണ്. ഇനി അതൊഴിവാക്കാം. സഖാവിന്റെ യൂണിയൻ പ്രവർത്തനത്തിനിടയിലും ഒരു പ്രവർത്തനം.

“പോടോ..തന്റെ കഥ. ദാ അതുപോട്ടേ ശ്രീമാൻ പാർത്ഥനും സംസാരം രുചിക്കുന്നില്ലെങ്കിൽ അതറിയിക്കണം...”

“ഇന്നല്ലേ നിങ്ങൾക്കു പറയാനാവൂ...”

“അതാണ് കാര്യം. ഇന്നുമുതൽ ഒന്നരമാസത്തേയ്ക്ക് മെഡിക്കൽ ലീവിൽ കൂടിയിരിക്കുന്ന ഇദ്ദേഹത്തിന്റെ ദേഹത്തിന് പ്രായോഗിക തലത്തിൽ ക്ഷീണമോ ബലക്കുറവോ ക്ലിഷ്ടാരിഷ്ടങ്ങളോ ഒന്നുമുണ്ടാവരുതെന്ന് നമുക്കു പ്രാർത്ഥിക്കാം.”

“ആമേൻ...”

സദാശിവൻ പറഞ്ഞുനിർത്തിയപ്പോൾ ആരോ വിളിച്ചുകൂവി.

പാർത്ഥൻ അരികെ നടന്നിരുന്ന രാമുവിനോടായി ചോദിച്ചു:

“ഹോട്ടലിൽ ഏർപ്പാടുചെയ്തിട്ടില്ലേ...?”

“ഉവ്വ്.....”

ഹോട്ടലിനകത്ത് തീൻമേശക്കരികെ ഇരിക്കുമ്പോഴും എല്ലാരും തൊള്ളയിട്ട്, അനാവശ്യമായി ചിരിച്ചും കൊണ്ട് സംസാരിക്കുകയായിരുന്നു.

പാർത്ഥൻ രാമുവിനരികെ ഇരിക്കാൻ ആഞ്ഞപ്പോൾ ഇസ്മായിൽ സേട്ടു പറഞ്ഞു:

“പെണ്ണും ചെക്കനും ഒന്നിച്ചാവട്ടേ അതാണ് മര്യാദ...” പൊതുതീറ്റക്കായി മുമ്പിലിരിക്കുമ്പോൾ രോഹിണി ചൂളിച്ചുരുങ്ങിയതുപോലെ.

മധുരം വേണ്ടുവോളം തിന്നണം. ഇനിവരുന്ന കയ്പൊക്കെ ഈ മധുരത്തിലൊതുങ്ങണം.

കാപ്പിക്കുപകരം കൂൾഡ്രിംങ്ങ്സാണ്.

രോഹിണി ലെഡ്ഡുവിനെ നോവിക്കാതെ ഉടച്ച് പെറുക്കി തിന്നുകയായിരുന്നു. അവളുടെ കണ്ണുകൾ വിലസിതിരിഞ്ഞ് അയാളെ അഭിമുഖീകരിച്ചപ്പോൾ പൊടുന്നനെ പിന്മാറി.

കാറ്റനക്കമില്ലാതെ ഭൂമി വന്ധ്യയായതുപോലെ തോന്നുന്നു. പൊത്തു കയറിയ വയസ്സൻ കൂറ്റൻ വൃക്ഷങ്ങളിൽ ചിറകുകൾ

മിനുക്കി ക്ഷീണമാറ്റുന്ന കാക്കകളാണ്. ഇസ്മായിൽ സേട്ടുമായി കൊണ്ടുപിടിച്ചു സംസാരിക്കുകയാണ് ഓഫീസർ. പാത്തും പതുങ്ങിയും ജോടിപ്പൊരുത്തം നോക്കുന്ന അനേകം കണ്ണുകളാണ് നാലുപാടും.

സഹാദ്ധ്യേതാക്കളോ മറ്റാരെങ്കിലുമോ നാട്ടിൽനിന്നെത്തുക യുണ്ടായായില്ല. രേണുകേടത്തിയുടെ വരവ് തികച്ചും അപ്രതീക്ഷിതമായിരുന്നുവല്ലോ.

“മധുരം രണ്ടുകൂട്ടരും തീറ്റിക്കണമെന്നാ ആചാരം.”

നമ്പ്യാര് ഒരു പൊതുതത്വജ്ഞാനിയായി.

“ഏതായാലും അതിനെന്നെ കിട്ടില്ല.”

“എന്നാൽ ശ്രീമതി കൊഴഞ്ഞല്ലോ, കൈക്കുഞ്ഞും നവവധൂവരന്മാരും വൃദ്ധദമ്പതികളും ഒന്നാണെന്നാ പ്രമാണം.”

നേരത്തെ തിന്നെണീറ്റ് കൗണ്ടറിനരികെച്ചെന്ന് രാമു ആളുകളെ എണ്ണിത്തുടങ്ങി. എണ്ണം തിട്ടപ്പെടുത്തി രൂപ നൽകിയതിനുശേഷം അയാൾ പറഞ്ഞു:“ഇനി പാർട്ടി ഓഫീസിലേയ്ക്കു പോവാം.”

തീറ്റി കഴിഞ്ഞ് മാഞ്ചോട്ടിലെത്തിയപ്പോൾ അമല എത്തി.

“ഞാനും രേണുകേടത്തിയും വീട്ടിലേയ്ക്കു പോട്ടെ. ഉച്ചയൂണു ശരിപ്പെടുത്തണം.”

“ശരി...”

രോഹിണി പെണ്ണുങ്ങളുടെ നടുക്കകപ്പെട്ടിരിക്കുകയായിരുന്നു.

ഒരുക്കിയിട്ട കാറിലിരിക്കുമ്പോൾ പലരും കൂട്ടം പിരിഞ്ഞകലുകയായി. ഇസ്മായിൽ സേട്ടോടൊത്ത് രാമുവും കൂട്ടരും കൂടിയിരിക്കയാണ്. മറ്റു പലർക്കുമായി വേറെ രണ്ടു കാറുകളും.

രോഹിണിയോടൊത്ത് ടാക്സിയിൽ സഞ്ചരിക്കുമ്പോൾ മനസ്സ് വാചാലമായിരുന്നെങ്കിലും അയാൾ കൂടുതൽ മൂകനാവുകയായിരുന്നു.

വ്യൂഗ്ലാസ്സിൽ പെരുമ്പാമ്പിനെപ്പോലെ നീണ്ടതും വളഞ്ഞുപുളഞ്ഞതുമായ നിരത്താണ് കാണുന്നത്. പാർശ്വങ്ങളിൽ ആകാശം തുളയ്ക്കുന്ന എടുപ്പുകളാണ്.

കണ്ണുകളിലേക്ക് ഉറക്കം കുടിയേറി വരുന്നുണ്ട്. ഡ്രൈവർ നിരത്തിൽനിന്ന് കണ്ണുതെന്നിക്കുന്നേയില്ല.

രോഹിണിയുടെ ഇരിപ്പിടത്തിലേക്കഴിഞ്ഞുകിടക്കുന്ന വിരലുകൾ അമർത്തിപ്പിടിച്ചപ്പോൾ അവൾ പതിയെ വിടുർത്തു.

സദസ്സിനുമുന്നിൽ പ്രതിഷ്ഠിക്കപ്പെട്ടതുപോലെ അവരിരുന്നു. ഹാളിലെ ജനം കാതുകൾ കൂർപ്പിച്ച് വാക്കുകൾക്കായി കാത്തിരുന്നു.

ഇസ്മായിൽ സേട്ട് തൊണ്ട ചിനക്കി പറഞ്ഞു:

“നാം യഥാർത്ഥ മുന്നണി പോരാളിയെ കണ്ടെത്തിയിരിക്കുന്നു; തത്വങ്ങൾ പറയുക എന്നതിൽ കവിഞ്ഞ് പ്രാവർത്തികമാക്കുന്ന മനുഷ്യനെ.”

“പാർത്ഥനെക്കുറിച്ച് ഞാൻ നിങ്ങളോട് സവിസ്തരം പറയുന്നില്ല. അതെല്ലാവർക്കും അറിയാവുന്നതാണ്. സ്ഥാനമോഹി അല്ലാത്തതിനാൽ മാത്രമാണ് അദ്ദേഹം ഒരു എം.എൽ.എ പോലും ആകാതിരുന്നത്. വിമോചനസമരം നമുക്കു നൽകിയ ഒരു ധീരനായ സേനാനിയാണ് എന്തും സഹിക്കുവാൻ തക്ക വീട്ടിയുടെ കാതൽ പോലെ ബലവത്തായ ദാർഢ്യമുള്ള മനുഷ്യൻ.

സമ്പന്നമായ ഒരു കുടുംബത്തിൽ നിന്ന് എല്ലാം ഉപേക്ഷിച്ച്, നമുക്കായി, നമ്മുടെ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കുവേണ്ടി സൗഭാഗ്യങ്ങളെ ത്യജിച്ച് ഇറങ്ങിവന്ന മഹാമനസ്കനായ മനുഷ്യനാണ്. അദ്ധ്വാനത്തിന്റെ മഹത്വത്തെ കരുതി മാത്രമാണ് മാന്യവും കൊഴുത്ത ശമ്പളം കിട്ടുന്ന പല ഉദ്യോഗങ്ങളേയും ശ്രീ. പാർത്ഥൻ ഉപേക്ഷിച്ചത്.

ഒരു സമ്പൂർണ്ണ ജീവിതത്തിലേക്കു പ്രവേശിക്കുന്ന വിവാഹിതനാകുന്ന ഈ വേളയിൽ നമുക്ക് നല്ലൊരു ദാമ്പത്യ സൗഭാഗ്യം ലഭിക്കാനായി ആശിർവ്വദിക്കാം.”

ഇസ്മായിൽ സേട്ടിന്റെ ചുവടുപിടിച്ചായിരുന്നു പിന്നീട് സന്നിഹിതരായവരും സംസാരിച്ചത്. ഭാവുകങ്ങളും ആശീർവ്വാദങ്ങളും.

രാമുവിന്റെ സ്വരം തികച്ചും വ്യത്യസ്തമായിരുന്നു. അയാൾ പറഞ്ഞത് രോഹിണിയെക്കുറിച്ചായിരുന്നു. ഒരു പൊതുപ്രവർത്തകന്റെ ഭാര്യയാവുക എന്ന ദുരന്തത്തിന്റെ ചിത്രം. തന്റെ ഭർത്താവ് സമൂഹത്തിന്റേതാണെന്നു കരുതേണ്ടുന്ന സ്ത്രീ. ജന്മംമുഴുക്കെ അവൾ അനുഷ്ഠിക്കേണ്ട ജനത്തിനായുള്ള വീട്ടുവീഴ്ച.

കുറ്റിയിൽ തളച്ചിട്ടതുപോലെ ഇരിപ്പായിരുന്നു പാർത്ഥൻ. പുലർച്ചെ ആരംഭിച്ച തിടുക്കപ്പെട്ട നിമിഷങ്ങൾ തുടരുക തന്നെയാണ്.

അമലയായിരുന്നു കിടക്കയിൽനിന്ന് വിളിച്ചുണർത്തിയത്. കണ്ണു തിരുമ്മി എണീറ്റിരുന്നപ്പോൾ അവൾ പറഞ്ഞു:

“ഇന്നത്തോടെ എന്റെ ഈ പണിയും തീർന്നു. ഇനി ഇത് രോഹിണിയേടത്തിയുടെ അവകാശമാണ്.”

“അങ്ങനെ തീരുന്നതാണോ അമലേ പലതും...”

എന്റെ ചോദ്യം കേട്ട് അമല പുഞ്ചിരിക്കാൻ ശ്രമിച്ചു. അതൊരു വിഫലശ്രമമാണെന്നു ബോദ്ധ്യം വന്നപ്പോൾ അവൾ പറഞ്ഞു:

“പാർത്ഥേട്ടന്റെ ജീവിതത്തിനും ഒരു മാറ്റമാണ് വരുന്നത്. ഇനി

പഴയതുപോലെ ജീവിക്കാനായെന്നുവരില്ല. പൊരുത്തപ്പെടാത്ത പലതിന്റെ മുമ്പിലും ഒന്നു കീഴ്‌വഴങ്ങേണ്ടിവരും. സത്യത്തിൽ വ്യക്തിക്കപ്പുറം സമൂഹത്തെ കാണുന്ന, ജീവിതത്തെ കാണുന്ന ആരും വിവാഹം കഴിക്കേണ്ടെന്നാണ് എനിക്കു തോന്നുന്നത്.''

''അതെന്താ?''

''ഇവിടെ കുറച്ചു സ്ത്രീകളേ മനുഷ്യജീവിതത്തെക്കുറിച്ച് ചിന്തിക്കുന്നുപോലുമുള്ളൂ. മിക്കവരും തിന്നാനും ഉടുക്കാനും ആസ്വദിക്കാനുമായി ജീവിക്കുന്നു.''

അർത്ഥവത്തായ വാക്കുകൾ സൃഷ്ടിച്ച ആരാധനയോടെ അമലയെ നോക്കി. വഷളത്തരത്തിൽ നിന്നെല്ലാം ഒഴിഞ്ഞുമാറി കാര്യമാത്രപ്രസക്തനായി നടന്നിരുന്ന കാലത്ത് ആജീവനാനന്തമുള്ള അവിവാഹിതത്വത്തെക്കുറിച്ചായിരുന്നു ചിന്തിച്ചത്.

എന്റെ മരണശേഷം എനിക്കായി കണ്ണുനീർ തൂകുവാൻ അവകാശത്തിന്റെ പേരിൽ ആരുമില്ലാതിരിക്കുക? കടും ചോരയണിഞ്ഞ് പെരുവഴിയിൽ കിടക്കുന്ന ശവത്തെ കഴുകൻമാർ കൊത്തി ചിനക്കുമ്പോൾപോലും ആരും നൊമ്പരപ്പെട്ടു കരയരുത്!

കൂനന്റെ മലകയറാനുള്ള മോഹത്തെപ്പോലെ അതവസാനിച്ചിരിക്കുന്നു. മേശപ്പുറത്ത് കുന്നുകൂടിക്കിടപ്പാണ് പുഷ്പമാലകൾ. തൊള്ള തുറന്ന് സ്തുതിക്കുകയാണു കർഷകതൊഴിലാളി നേതാവ്.

പാർത്ഥൻ ഒച്ചതാഴ്ത്തി രോഹിണിയോടു ചോദിച്ചു:

''കേട്ടുമടുത്തുവല്ലേ... വേഗം കഴിയും.''

ഇസ്മായിൽ സേട്ട് ഇരിപ്പിടത്തിൽ നിന്നെണീറ്റുവന്നു.

''ഞാൻ പോട്ടേ. അല്പം തിരക്കുണ്ട്. പിന്നെ രണ്ടുപേരും സമ്മേളനത്തിനെത്തണം.''

''വരാം...''

അയാൾ അകന്നപ്പോൾ പുറത്ത് കാറിന്റെ ഇരമ്പം കേൾക്കായി. രാമു പുച്ഛത്തോടേ അയാളെക്കുറിച്ചു പറയുകയായിരുന്നു, ത്യാഗത്തിന്റെ പൂർവ്വകഥനവും ഉൽഘോഷിച്ച് ഉന്നതമണ്ഡലങ്ങളിൽ വിഹരിക്കുന്ന മഹാനായ നേതാക്കൻമാരെപ്പറ്റി.

ഒളിച്ചു നടന്ന് വീട്ടിൽ അഞ്ചാംപക്കം വന്നു കയറിയതായിരുന്നു. അരികെ വിളിച്ച് സൗമ്യനായി സംസാരിച്ച അച്ഛൻ പൊള്ളയായ വരട്ടുവാദവുമായി തത്വദീക്ഷയില്ലാത്ത, കച്ചവടമനസ്ഥിതിയും കുടുംബക്ഷേമ താല്പര്യവുള്ള കുറേ മനുഷ്യരുടെ ചിത്രങ്ങൾ വരച്ചുകാണിക്കയാണുണ്ടായത്.

രേണുകേടത്തിയും പറഞ്ഞത് അഭിശപ്തതയായി തീരാവുന്ന ആത്മാർത്ഥതയേയും ജീവിതത്തേയും കുറിച്ചായിരുന്നു.

സദസ്സു പിരിയുമ്പോൾ ഉച്ചയായിരുന്നു.

എരിപൊരി കൊള്ളുന്ന വിശപ്പ്. വാക്കുകൾ കേട്ട് പ്രതിദ്ധ്വനികൾ സൃഷ്ടിക്കുന്ന ചെവി.

ആശ്വാസത്തോടെ ഹാളിൽ നിന്ന് പുറത്തുകടന്നപ്പോൾ രാമു പറഞ്ഞു:

"നേരിട്ട് വീട്ടിലേക്കു പൊയ്ക്കോളൂ. ഞാൻ പോട്ടേ..."

"ഊണ് അവടെന്നാവാം..."

"അതു വേണ്ടാ..."

ബഹളത്തിൽ നിന്നൊഴിഞ്ഞ് വീട്ടിലെത്തുമ്പോൾ വിയർത്ത് നനഞ്ഞ പഴന്തുണിയെപ്പോലെയായിരുന്നു. കാറു വാടക കൊടുത്ത് അകമുറിയിലെ കസേരയിൽ വീഴുമ്പോൾ പാർത്ഥൻ പറഞ്ഞു:

"ഒരു ഗ്ലാസ്സ് വെള്ളം തരൂ രോഹിണി."

ഒരു പകൽ മുഴുക്കെ ചിട്ടയോടെ രാമുവുമൊത്ത് സാധനങ്ങൾ ഒരുക്കൂട്ടുന്ന തിരക്കിലായിരുന്നു അമല. മുറികൾ അടിച്ച് തെളിച്ച്, ഉദ്ദിഷ്ട സാധനങ്ങൾ യഥാസ്ഥാനത്തു വെച്ച് വെടിപ്പാക്കുകയായിരുന്നു.

മുത്തശ്ശി ഭൂതപ്രേതങ്ങളുടെ കഥ പറഞ്ഞ് രസിപ്പിച്ച കാലം. പേടിച്ചു വിറച്ചു തുള്ളി മടിയിൽ മുഖം പൂഴ്ത്തി കിടക്കുമ്പോൾ അവർ ആശ്വസിപ്പിക്കാനായി മുതുകത്തു തട്ടുകയായിരിക്കും.

മദിരാശിയിലെ ചാളയിൽ അധിവസിച്ച് നൂലുമില്ലിൽ പണിക്കു പോയ പെരുമാൾ. നാട്ടിൽ തിന്നാൻ വകയില്ലാഞ്ഞ് നാടുവിട്ടതായിരുന്നു അയാൾ. പ്രായം തികഞ്ഞ് പണക്കൊഴുപ്പോടെ, കറുത്തുരുണ്ട ദേഹവുമായി, തിരികെ എത്തിയപ്പോൾ അയാളെക്കുറിച്ചുള്ള വാർത്ത പുകപോലെ ചുറ്റിലും പരക്കുകയാണുണ്ടായത്.

പളുങ്കുപോലത്തെ, തടിച്ചും മുഴപ്പുമുള്ള പെണ്ണുകെട്ടി നാട്ടിൽത്തന്നെ കൂടിയ അയാൾ അതീവ ചാതുര്യത്തോടെ ഒരു രഹസ്യം മറച്ചുവെയ്ക്കുകയാണുണ്ടായതത്രേ! കറുത്ത ആജാനുബാഹുവായ, എപ്പോഴും വെറ്റിലച്ചാറു നുണച്ചുകൊണ്ട് നടക്കുന്ന ഒരുത്തിയുടേയും രണ്ട് കരിമാടിക്കുട്ടൻമാരുടേയും രക്ഷിതാവായിരുന്നു അയാൾ.

പെരുമാളിന്റെ കല്ല്യാണത്തിനുശേഷം പൊടുന്നനെ വന്ന ജ്വരം ഒരു മരണമണിയായിരുന്നു.

പക്ഷേ മുത്തശ്ശി കഥ തുടരുന്നത് പിന്നീടാണ്.

അതൊരു മരണമായിരുന്നില്ല. തമിഴത്തിയുടെ ദുർമന്ത്രവാദം മാത്രം. രായ്ക്കു രാത്രി സ്ഥലത്തെത്തിയ അവൾ ശ്മശാനത്തിലെ കുഴിതോണ്ടി ശവം പുറത്തേക്കെടുക്കുകയായിരുന്നു. മരിച്ച

പെരുമാൾ അവൾ മുന്നോട്ടുനടന്നപ്പോൾ ഉണർന്നെണ്ണീറ്റതു പോലെ പിന്തുടർന്നു.

മറ്റൊരു ശവമടക്കിനു വന്നവരാണ് ദൃക്സാക്ഷികളായത്. കൂടാതെ മദിരാശിയിൽവെച്ച് പെരുമാളെ വീണ്ടും കണ്ടവരുമുണ്ടായിരുന്നു. വാക്കുകളെ പാടേ ഉപേക്ഷിച്ച അയാൾ ഒരദൃശ്യശക്തിയുടെ കൃത്യനിർവ്വഹണം മാത്രം തുടരുകയായിരുന്നുവത്രേ!

മുത്തശ്ശിയുടെ മടിയിൽത്തന്നെ പേടിച്ചു വിറച്ച് തണുപ്പുകയറിയ ശരീരവുമായി ഉച്ചയുറക്കം ആരംഭിക്കുന്നു. എന്റെ കൺമുമ്പിൽ തെളിഞ്ഞു വരുന്നത് ജടഅഴിച്ചിട്ട് പ്രേതഭൂമിയിലൂടെ നടക്കുന്ന കറുത്ത ചോരക്കണ്ണുകളുള്ള തമിഴത്തിയുടെ രൂപമായിരിക്കും.

ഒരുറക്കത്തിന്റെ നടുക്കയത്തിൽനിന്ന് രോഹിണി വിളിച്ചുണർത്തിയപ്പോൾ പാർത്ഥൻ കണ്ണുതുറന്നു. പൂപോലെ പുഞ്ചിരിച്ചു നില്ക്കുന്ന അവളെ കണ്ട് അയാൾ പറഞ്ഞു:

''ഇവിടെ ഇരിക്കൂ...''

തുറന്നുകിടക്കുന്ന വാതിൽ കാലെത്തിച്ച് തട്ടി അടച്ചു. അകത്ത് അമലയും രേണുകേടത്തിയുമാണ്. അടുക്കളയിൽ നിന്നുയരുന്ന മണം മൂക്കുതുളച്ച് അസ്ഥികളിലേക്കു പടരുന്നു.

കട്ടിലിലിരുന്ന് അയാളുടെ ചുമലിൽ മുഖം ചായ്ച് രോഹിണി ചോദിച്ചു:

''എന്താ?''

പതിരുകളായി കുറേ വാക്കുകൾ പറയാനുണ്ട്. വ്യക്തിത്വത്തിന്റെ അടിത്തട്ടിലേക്ക് ചൂഴ്ന്നിറങ്ങി എല്ലാം കണ്ടെടുത്തപ്പോൾ ഈ അപൂർവ്വ നിമിഷത്തിന് വശ്യത അത്രയൊന്നുമില്ല.

രേണുകേടത്തി ആദ്യരാത്രിയെ സൂചിപ്പിക്കുകയായിരുന്നു. അനന്തേട്ടൻ അത്യാസന്ന നിലയിലുള്ള ഒരു രോഗിയെ പരിചരിക്കാനായി എണീറ്റു പോവുകയായിരുന്നു. ശകുനപ്പിഴയായി സംഭവിച്ച അയാളുടെ മരണവും.

മുകുന്ദൻ അനാവശ്യമായ, ആസ്വാദ്യത നഷ്ടപ്പെടുത്തുന്ന ഒരു കുഞ്ഞിന്റെ പിറവിക്ക് തടയിടുമ്പോൾ രേണുകേടത്തി ഒരു കുഞ്ഞിന്റെ ജന്മത്തിനായി കാത്തിരിക്കുന്നു.

രാമു സല്ക്കാരത്തിനായി വീട്ടിലേക്കു ക്ഷണിച്ചിരിക്കുന്നു. കൂടാതെ മറ്റു പലരും.

''പാർത്ഥേട്ടൻ വരൂ. ഊണുകഴിക്കാം...''

''നീ ഉണ്ടോ?''

''ഇല്ല...''

''ഉം...''

“ഭർത്താവുണ്ടിട്ടേ ഭാര്യ ഉണ്ണാവൂ...”

“നമുക്കേതായാലും അതു നടപ്പിലാക്കാൻ പറ്റില്ല. നിനക്ക് നേരംകെട്ട നേരത്താണ് ജോലി. ഒന്നുകിടക്കാൻ വിചാരിച്ചാൽ നിന ക്കെണീറ്റ് ജോലിക്കു പോണം. ഏതായാലും വിശക്കുന്നവർ ആദ്യമുണ്ണണം. ആ നയമേ നമുക്കു പറ്റൂ...”

“പാർത്ഥേട്ടൻ ഈയ്യിടെയായി കുറേ മെലിഞ്ഞിട്ടുണ്ട്. നാടു തെണ്ടിനടന്നിട്ടാണ്. നേരത്തിന് ആഹാരം കഴിക്കലുമില്ലല്ലോ... ഇനി അങ്ങനെ ഒന്നും ആയാൽ പറ്റില്ല. സമയത്തിനുണ്ണണം. അതുപോലെ തന്നെ ഉറക്കവും...”

“ഞാൻ തന്നെ എന്നെ നന്നാക്കാൻ ശ്രമിച്ച് തോറ്റിരിക്കയാണ്. നിനക്ക് ചിട്ടയും ക്രമവും വരുത്താൻ കഴിഞ്ഞാൽ അതു നല്ല താണ്...”

തുടർന്നുവന്ന സംഭാഷണം പൊടുന്നനെ ദുസ്സഹമായ മൗന ത്തിന്റെ പടുകുഴിയിലേക്കു വീഴുകയുണ്ടായി. രോഹിണി അയാ ളുടെ ചുമലിൽ മുഖമമർത്തി വെറുതെ ചിരിച്ചു.

“പാർത്ഥേട്ടനെ ആദ്യം കണ്ടപ്പോൾ എനിക്കെന്താണ് തോന്നിയ തെന്നോ...?”

“പറഞ്ഞാലല്ലേ അറിയൂ....”

“ഇയ്യാളും എന്റച്ഛനെപ്പോലായിരിക്കുമെന്ന്. എന്തെങ്കിലും വരു ത്തിക്കൂട്ടി കൈകഴുകി മാറുമെന്നു തോന്നി.”

“എന്നാലിപ്പോഴോ?”

അവളുടെ മുഖത്തേക്ക് വകഞ്ഞു മാറ്റീട്ടും വീണ്ടും വന്നുവീഴുന്ന കുറുനിരകളെ അയാൾ മാടി ഒതുക്കിക്കൊണ്ടേ ഇരുന്നു. അവളുടെ സ്വല്പം നീണ്ടമൂക്ക് പിടിച്ചു കശക്കിയപ്പോൾ വല്ലാണ്ടുചുകന്നു.

“നാട്ടുകാർക്ക് പറഞ്ഞു നടക്കാൻ മാത്രമുള്ള എന്നെ എന്തിനാ ണു സ്നേഹിച്ചത്...?”

“അതാണ് ജന്മരഹസ്യം. പെണ്ണുകെട്ടണ്ടെന്നു വിചാരിച്ച എനി ക്കു നിന്നെ കെട്ടാൻ തോന്നി.”

അയാൾ ഉച്ചത്തിൽ ചിരിച്ചപ്പോൾ അവൾ വായ പൊത്തിപി ടിച്ചു. “അവരു കേൾക്കും.”

“ഓ...”

വിശന്നു പൊരിയുന്നുണ്ടെങ്കിലും എണീക്കാനുള്ള മടിയോടെ പാർത്ഥനിരുന്നു.

വിവാഹത്തിന്റെ പങ്കിലവും ദൈന്യതയുമാർന്ന നിമിഷങ്ങ ളെക്കുറിച്ചായിരുന്നു രാമു പറഞ്ഞിരുന്നത്. രേണുകേടത്തിയുടേയും അനുഭവം വ്യത്യസ്തമല്ല.

പിന്നെ തെരുവിൽ കണ്ട് മുഖപരിചയമുള്ള ദമ്പതികളുടേതാണ്. അമലയോട് പ്രേമത്തെക്കുറിച്ചു സംസാരിക്കയായിരുന്നു. ഇരുത്തം വന്ന ഒരുത്തിയായിരുന്നിട്ടും എന്നിൽ നിന്ന് സങ്കോചം വിട്ടുമാറിയിരുന്നില്ല.

അമല പറഞ്ഞു:

“ഞാൻ നിന്റേതാണെന്നു പറയുമ്പോൾ നീ എന്റേതായിരിക്കണ മെന്ന ധ്വനിയുണ്ട്. നിനക്കായി ഞാനീ ഭൂമിയെ വെടിയുന്നു എന്നു പറയുമ്പോൾ നീയും അതിന് കടപ്പെട്ടിരിക്കുന്നു എന്നതാണ് സത്യം. അപ്പോൾ... പ്രേമം വ്യക്തിയുടെ സ്വാർത്ഥതയുടെ ഒരു മുഖം മാത്രമാണല്ലോ പാർത്ഥേട്ടാ...”

നാവടക്കി പിന്മാറിയ ഒരുനിമിഷം. അമലയുടെ ചിന്താശക്തി യാകെ അപാരതയിലേക്കാണ് നീളുന്നത്. ശവക്കുഴിയിൽ നിന്നെ ണീറ്റുവന്നതുപോലുള്ള അവളുടെ രൂപം കാണുമ്പോൾ ഭയമാണ് തോന്നുന്നത്.

ഊൺ തളത്തിൽ, പുൽപായയിൽ രോഹിണിയെ അരികത്തി രുത്തി രേണുകേടത്തി വിളമ്പുമ്പോൾ, അവരെ സഹായിക്കാനായി അമല തിടുക്കത്തോടെ നടക്കുമ്പോൾ പാർത്ഥൻ കൂടുതൽ ചിന്താധീനനാവുകയായിരുന്നു.

ഇതോടെ പറിച്ചുനട്ട മറ്റൊരു ജീവിതവും കൂടി ആരംഭിക്കുന്നു. പൊരുത്തമാവില്ലെന്നു കരുതിയിടത്തെല്ലാം ഇണങ്ങിച്ചേരാൻ ശീലിക്കേണ്ടി ഇരിക്കുന്നു.

പതിനഞ്ച്

വൈകിവന്നതിന്റെ പേരിൽ ക്ഷമാപണത്തോടെ വീടുതേടി പ്പിടിച്ച് പലരുമെത്തുന്നുണ്ടായിരുന്നു. നേർച്ചപ്പശുവിനെ കാഴ്ചക്കി രുത്തിയതുപോലെ ഓരോ തവണയും എഴുന്നള്ളത്തു നടത്താൻ രോഹിണിയ്ക്ക് മടിയായിരുന്നു.

അടുക്കളയിൽ ചായപ്പാത്രം തിളച്ചുകൊണ്ടേയിരുന്നു. രേണുകേ ടത്തിയുടെ വെളുത്തമുഖം പുകയേറ്റ് കരിവാളിച്ച് വിയർത്തു പോന്നു. അമല തടത്തിൽ കരികയറി മുഖം കറുത്ത പാത്രങ്ങൾ തേയ്ക്കുകയായിരുന്നു.

ഒരു ദിവസത്തെ വെപ്പുപണിയിൽനിന്ന് രോഹിണിയെ രേണു കേടത്തി ഒഴിവാക്കിയിരിക്കയാണ്. നാളെത്തൊട്ട് അവൾ തന്നെ യാണു കുടുംബനായിക.

നാട്ടിലും നാട്ടുമ്പുറത്തുമായി പര്യവസാനിച്ച എന്റെ വിദ്യാഭ്യാസം. മുത്തശ്ശിയുടെ കാറിയ തൊണ്ടയിലൂടെ കേട്ടുതഴമ്പിച്ച ശ്രീകൃഷ്ണചരിതം അത്ര അകലത്തൊന്നുമല്ല. അമ്മായിക്ക് വിവരമറിയുമ്പോൾ നടുക്കമായിരിക്കും. നാട്ടുകാർക്ക് മുമ്പും തോന്നിയവാസിയായ എന്നെക്കുറിച്ച് അധികമൊന്നും പറയാനുണ്ടാവില്ല.

കസേരയിൽ ചടഞ്ഞിരുന്ന് പത്രം വായിക്കുകയായിരുന്നു പാർത്ഥൻ. രേണുകേടത്തിയും രോഹിണിയും അകമുറിയിലാണ്. പുറത്തെ കത്തുന്ന വെയിൽ ഒന്നടങ്ങിയിരിക്കുന്നു. ഇടവഴിയിലൂടെ പോവുന്ന ജനം ജിജ്ഞാസയോടെ അകത്തേക്ക് പാളി നോക്കുന്നുണ്ട്.

രേണുകേടത്തി അകത്തേക്കു കടന്നുവന്നത് അയാളറിഞ്ഞില്ല. പത്രത്തിൽനിന്ന് ശ്രദ്ധതെന്നി മാറിയപ്പോൾ മുഖമുയർത്തിയ അയാൾ രേണുകേടത്തിയെ കണ്ടു. ഭാവങ്ങൾ തിങ്ങിക്കൂടി കല്ലിച്ച മുഖം. അകാലത്തിൽ കറുപ്പുവീണ കണ്ണുകൾ.

“രേണുകേടത്തി ഇരിക്കൂ...”

എതിരെ കസേരയിൽ കുഴഞ്ഞുവീണതുപോലെ ഇരിക്കുമ്പോൾ രേണുകേടത്തി പറഞ്ഞു:

“നിക്ക് ന്നന്യ പോണം...”

“അതേതായാലും കഴിയില്ല. എട്ടേമുപ്പതിനൊരു വണ്ടിയുണ്ട്. അത് പുലർച്ചെ അവിടെ എത്തും. രേണുകേടത്തി കാലത്തു പോയാൽ മതി. വൈകീട്ടെത്തും.”

“ഞ്യാന്റെ വീട്ടിലിക്ക്വാണ്...”

“എന്താ രേണുകേടത്തീ...? അവിടെ...”

“വെഷമൊക്കെ ജീവിക്കുമ്പോണ്ടാവും. ന്നാലും അതിനും ഒരർത്ഥ്യോക്കേണ്ട്. ഒരു ലക്ഷ്യണ്ടാവുമ്പൊ ത്യജിക്ക്വേ മരിക്ക്വേ ഒക്കാവാം. വെറുതെ സഹിക്കണം. ന്ന്വേമ്പാ.... ങ്ങട് വരാമ്പാടില്ലാന്നാ അനന്തേട്ടൻ പറയ്യേണ്ടായത്. ങ്ങ്ട് വന്നൂച്ചാങ്ങ്ട് വരണ്ടാന്നും...”

അപ്പോൾ...

പാർത്ഥൻ കസേരയിലിരുന്ന് തലകിഴുക്കാംതൂക്കം വീണതുപോലെ ഒന്നുപിടഞ്ഞു.

ഒരു ഗോപുരം പണിയുമ്പോൾ മറ്റൊന്നിടിയുകയായിരുന്നു വല്ലേ.

“കളം താണ്ടണാച്ചാലും ഒരു കാലാവധീം തരംണ്ട്. പാർത്ഥേട്ടന്റെ പേരിലല്ലാച്ചാലും ഞ്യാ വര്യേണ്ടാവും. നിക്കവ്ടെ മട്ത്തൂ....”

കണ്ണുകൾ ജലസ്രോതസ്സുകളായിട്ടും രേണുകേടത്തി അറിഞ്ഞില്ല. വാക്കുകൾ വീണ്ടുകീറിയ തൊണ്ടയുമായി ചങ്കിടിപ്പോടെ

പാർത്ഥനിരുന്നു. അയാളുടെ മുന്നിൽ തിമിരം ബാധിച്ച ഒരു ലോകം വ്യഥാ ഉരുണ്ടുസമയം പോക്കി.

നെഞ്ചത്ത് അവസാനത്തെ ശ്വാസം പിടയ്ക്കുമ്പോഴും, ഊർദ്ധ ശ്വാസം വലിക്കുമ്പോഴും അമ്മാവന് രേണുകേടത്തിയെ ഓർത്താ യിരുന്നു ദുഃഖം. ഭൂമുഖത്ത് എല്ലാവർക്കും നടുവിൽ അന്യയാക്കി പോവുന്നെന്ന തോന്നൽ.

"ഇനി എന്തുചെയ്യാൻ തീരുമാനിച്ചു?"

"അമ്മയ്ക്ക് ആളയക്ക്വേണ്ടാവും. ങ്ങ് ട് വേഗന്യെ പോണം...."

"പോവാം. രേണുകേടത്തി എല്ലാം ചിന്തിച്ചോ...?"

"ന്റെ ചിന്താക്ക്യെതീർന്നൂ. മല എളകണംന്നെമ്പാ കഷ്ടാണ്."

"എനിക്കും വരണമെന്നുണ്ട്. പക്ഷേ...."

"രോഹിണ്യേടത്ത്യായി പോവാല്ലോ.... ഞ്യാമ്പറഞ്ഞച്ചാ അമ്മ കേൾക്കേണ്ടാവും. പാർത്ഥട്ടന്റെ കഥ്യെക്കെ അമ്മയ്ക്കും ലേശൊ ക്കെ പിടീണ്ട്."

രേണുകേടത്തി ഏത് നിമിഷത്തിലാണ് മുറിവിട്ടുപോയതെന്ന് പാർത്ഥനറിഞ്ഞില്ല.

വിവാഹത്തിന്റെ തലേന്ന് കുശുമ്പുപറഞ്ഞ് രേണുകേടത്തിയെ കളിയാക്കുകയായിരുന്നു. അമ്മായിയും കൂട്ടുചേർന്നെങ്കിലും ഒടുക്കം അവർ പിന്മാറുകയാണുണ്ടായത്.

നരച്ചൊരു സന്ധ്യയ്ക്ക് രേണുകേടത്തി ചോദിച്ചതോർക്കുന്നു. പാമ്പിൻകാവ് കാടുകുത്തിനില്ക്കുന്ന പാഴ്ച്ചെടികൾ. മുട്ടറ്റം വളർന്ന പുല്ലുകൾക്കു നടുക്ക് നടന്നുതേഞ്ഞ് മുഖം തെളിഞ്ഞ വഴി.

എന്നിൽ ഒരു സഹോദരനെ കണ്ടെത്തുകയായിരുന്നു അന്നവർ. മരുന്നും സ്റ്റെതസ്ക്കോപ്പുമായി കഴിയുന്ന അനന്തേട്ടൻ ഇപ്പോഴും ആശുപത്രിയിൽ തന്നെയാവും.

തിടുക്കത്തോടെ കടന്നുവന്ന രോഹിണിയ്ക്കും അമലയ്ക്കും ചോദിക്കാനുണ്ടായിരുന്നത് വ്യത്യസ്ത ചോദ്യമല്ല. ഉത്സാഹ തള്ളി ച്ചയുമായി ആരംഭിച്ച് ചിന്നിച്ചിതറിപ്പോയ ഒരു ദിവസത്തെ അയാൾ കണ്ടു.

ഇന്ന് എന്റെ വിവാഹദിവസമാണ്! രേണുകേടത്തിയുടെ ബന്ധം ഉപേക്ഷിക്കപ്പെടുന്ന ദിവസവും!

"രേണുകേടത്തി ചെയ്തതിൽ തെറ്റൊന്നുമില്ല. വസ്തുക്കളെ പ്പോലെ വിലപേശാനുള്ളതല്ല മനുഷ്യജീവിതം. പൊരുത്തമില്ലെ ങ്കിൽ ഉപേക്ഷിക്കണം."

അമല ഖണ്ഡിച്ചു പറഞ്ഞു.

"അമല മനുഷ്യരെ മനസ്സിലാക്കീട്ടില്ല. സ്നേഹിച്ചാൽ കീഴ്പ്പെ

ടാത്ത മനുഷ്യരില്ല. രേണുകേടത്തി അനന്തേട്ടനെ നല്ലപോലെ സ്നേഹിച്ചിരുന്നെങ്കിൽ എല്ലാം ശരിപ്പെടുമായിരുന്നു.''

''ഓ ഇന്നാളു വന്നൊരു സ്നേഹക്കാരി. രോഹിണ്യേടത്തി കഴിഞ്ഞ നൂറ്റാണ്ടിൽ നിന്നെണീറ്റു വന്നതാവും.''

മുറിയിൽ ഉലാത്തിക്കൊണ്ടിരുന്ന പാർത്ഥൻ പുറന്തിരിഞ്ഞു നിന്ന് പറഞ്ഞു:

''രേണുകേടത്തിയോട് കൂടുതലൊന്നും ചോദിക്കരുത്.''

ഇരുട്ടുവീണ് ഭൂമി കനക്കുന്നതിനു മുമ്പെ അമല പോയി. ഒരു തുമ്പും കിട്ടാതെ ഒരിടത്തും എത്തപ്പെടാത്ത ചിന്തകളുമായി പാർത്ഥൻ മുറിയിൽ കഴിച്ചുകൂട്ടി.

രോഹിണിയുടെ കൂട്ടുകാർ വന്നപ്പോഴും അയാൾ അതേ നിലപാട് തുടരുകയായിരുന്നു. അവർ പടിയിറങ്ങിയപ്പോൾ മൂകതയുടെ ആവരണം വീടിനെയാകെ വിഴുങ്ങി.

അടുത്ത മുറിയിലേക്കു ചെന്നപ്പോൾ രേണുകേടത്തി ചുവരു ചാരി ഇരിപ്പായിരുന്നു. രോഹിണി അടുക്കളയിൽ തിരക്കിട്ട് വെച്ചൊരുക്കുന്നു.

അനന്തേട്ടന്റെ വിവാഹത്തിനുശേഷം ജ്യേഷ്ഠപത്നി എന്ന പേരിൽ ഭവ്യതയോടെ പെരുമാറാനുള്ള എന്റെ ശ്രമം. പഴയ പോലെ കൂവിയാർത്ത്, തല്ലുകൂടി ചിരിക്കുക അസാദ്ധ്യമായിരുന്നു.

എന്റെ പെരുമാറ്റത്തിൽ നേർത്തൊരകൽച്ചയെ കണ്ടതുകൊണ്ടാവും അവർ പരാതി പറഞ്ഞത്.

മിസ്സിസ്സ് പത്മനാഭൻ അടക്കവും ഒതുക്കവുമുള്ള ശാലീനയായ മരുമകളെ സദസ്സുകളിൽ എഴുന്നള്ളിച്ച് ഭാരതത്തിന്റെ പൗരാണികത്വത്തെക്കുറിച്ചു വമ്പു പറയുകയായിരുന്നു.

അമ്മായി മകളുടെ വാടിയ മുഖം കണ്ട് കാര്യങ്ങൾ ഊഹിച്ചറിഞ്ഞപ്പോഴും രേണുകേടത്തി നിർവ്വികാരയെപ്പോലെ നില്പു തുടരുകയായിരുന്നുവല്ലോ. എന്റെ ഭർത്താവ്, എന്റെ കുടുംബം, ആമയെപ്പോലെ എല്ലാം ഉള്ളിലൊതുക്കി കഴിയണമെന്ന മുത്തശ്ശിയുടെ തത്ത്വോപദേശം.

മുത്തശ്ശിയ്ക്ക് അനന്തേട്ടനെക്കാട്ടിലും എന്നോടായിരുന്നു ഇഷ്ടം. രേണുകേടത്തിയുമായുള്ള വിവാഹത്തെക്കുറിച്ച് സൂചിപ്പിച്ചപ്പോൾ കൗമാരദശയിൽ തന്നെ ഞാൻ തട്ടിയകറ്റുകയായിരുന്നു.

രോഹിണിയെ അടുക്കളയിലേക്കു തേടിച്ചെന്നു പാർത്ഥൻ പറഞ്ഞു:

''ഇന്നുതന്നെ രേണുകേടത്തിയുടെ വീട്ടിൽ ചെല്ലണം...''

“അനന്തേട്ടൻ ഒരുപക്ഷേ വീട്ടിലേക്കു പോയിരിക്കും. അമ്മായിക്ക് വെഷമമമാവും.

“ഇന്നുതന്നെ...”

“അതെ... ഊണുകഴിഞ്ഞ് ടാക്സിയിൽ പോവാം.”

നീണ്ടനാളുകളായി മുന്നിൽക്കണ്ട ആദ്യരാത്രിയും മാദകത്വമാർന്ന പട്ടുകിടക്കയും. രേണുകേടത്തിയുടെ തകർന്ന ദാമ്പത്യങ്ങളുടെ നടുക്കാണു കൊട്ടാരം പണിയേണ്ടത്.

മിസ്സിസ്സ് പത്മനാഭനെപ്പോലെ കോലംതുള്ളി ഞെളിഞ്ഞുനടക്കാൻ രേണുകേടത്തി പരിശീലിക്കേണ്ടിയിരുന്നു. എങ്കിൽ അനന്തേട്ടൻ കൂത്തുമേടയിലെ പാവയെപ്പോലെ താളത്തിനൊത്ത് തുള്ളുകയാവും ചെയ്യുക.

ഇവിടെ പൊരുത്തമില്ലായ്മയാണ് മുഖ്യധാര. മനസ്സുകൾ തമ്മിലും മണ്ഡലങ്ങൾ തമ്മിലും. സ്വയം അടിച്ചു തീറ്റിക്കുന്നതു പോലെ സർവ്വ സഹനശക്തിയുമുപയോഗിച്ച് എന്തും ചെയ്യുകയാണാവശ്യം. അസഹ്യമാണെങ്കിൽ തന്നേയും എങ്ങും തലകുമ്പിട്ട് അനുസരിക്കുക.

രേണുകേടത്തിയുടെ വിപര്യയം വീർപ്പുമുട്ടിയ നിമിഷത്തിൽ തല നിവർത്തെണീറ്റതാണ്. എതിർത്തു ചാടി പുറപ്പെട്ടതാണ്.

ആകാശത്ത് കാർമേഘങ്ങളടിഞ്ഞുകൂടിയതുപോലെ ഇരുട്ട് തമ്പേറുന്നുണ്ട്. ഇടവഴിയിൽ വിളക്ക് തെളിഞ്ഞിരിക്കുന്നു. ഇരുട്ടു നിറഞ്ഞമുറിയിൽ വെളിച്ചത്തെ ഭയപ്പെട്ടതുപോലെ പാർത്ഥനിരുന്നു.

ഇന്ന് എന്റെ വിവാഹദിവസമാണ്.

ചിരിയുടേയും കരച്ചലിന്റയും വക്കത്ത് മനസ്സകപ്പെട്ടിരിക്കയാണ്. പ്രേതലോകത്തിൽ നിന്നെണീറ്റുവന്നതു പോലെ ആത്മാവുകൾ പുലമ്പുന്നു. മുത്തശ്ശിയും അമ്മാവനും രേണുകേടത്തിയുടെ നിരാധാരമായ ഈ അവസ്ഥയെക്കുറിച്ചറിഞ്ഞിരുന്നുവെങ്കിൽ.

രേണുകേടത്തി ഊണുകഴിക്കാതെ മുറിയിൽത്തന്നെ ഇരുപ്പായിരുന്നു. പാർത്ഥൻ ചെന്നുവിളിച്ചിട്ടും അവരെണീക്കുകയുണ്ടായില്ല. ഊതിവിർപ്പിച്ച ബലൂൺ പൊട്ടിയതുപോലെ അവരാകെ തകർന്നിരിക്കുന്നു. ഒതുക്കിപ്പിടിച്ച അവരുടെ മൗനത്തിന്റെ ആഴം ഒരു മൃത്യുവായിരുന്നുവല്ലോ.

രോഹിണി ഊണു വിളമ്പിയപ്പോൾ അവൾക്കായി തിന്നെന്നു വരുത്തി അയാളെണീറ്റു.

“ഊണുകഴിക്കൂ പാർത്ഥേട്ടാ, വെറുതേ വിഷമിച്ചതുകൊണ്ട് ഒന്നും നേടാനാവില്ല...”

“നിനക്ക് രേണുകേടത്തിയുമായുള്ള എന്റെ ബന്ധത്തെക്കുറിച്ച റിയില്ല. തല്ലിക്കളിച്ചുവളർന്നതാണ്. അവടെതന്നെയായിരുന്നു അധികകാലവും. എന്റെ ഒരു പെങ്ങളാണ് അവർ... അവർക്കാണ്...”

ഇടറിയ തൊണ്ട ശരിപ്പെടുത്തി പാർത്ഥൻ തുടർന്നു:

“ഞാൻ കാറുവിളിക്കാൻ പോട്ടേ...”

തെരുവിലൂടെ ഏകനായി നടക്കുമ്പോൾ മുന്നിൽ പെരുകി നീളു ന്ന സ്വന്തം നിഴലിനെക്കണ്ട് ഞെട്ടി. അധമനായ അനന്തേട്ടൻ കുരു തികൊടുത്തത് എന്നെത്തന്നെയാണ്. ഇവിടെ ഇരയാക്കപ്പെട്ടത് മറ്റാരുമല്ല.

പതിനാറ്

നടുപാതിരയ്ക്ക് കയറിച്ചെന്നപ്പോൾ വാതിൽ തുറന്ന അമ്മായി സംഭ്രമത്തോടെ ഞങ്ങളെ നോക്കുകയാണുണ്ടായത്. അപരിചിത യായൊരുത്തിയെ, രോഹിണിയെ കണ്ട അമ്പരപ്പായിരുന്നു അവ ർക്ക്.

രേണുകേടത്തി തന്മയത്വത്തോടെ സംഭവങ്ങളുടെ ചുരുളുക ളഴിച്ചപ്പോൾ പതംവന്ന, ആധിതീർന്ന മനസ്സുമായി അമ്മായി ഞ ങ്ങളെ സ്വീകരിക്കുകയാണുണ്ടായത്.

നെടുതായി നിശ്വസിക്കുമ്പോൾ അമ്മായി അച്ഛന്റെ അകാല മരണത്തെക്കുറിച്ചും, ബന്ധങ്ങൾ തകർന്ന് വിലപേശി തീർന്നതി നെക്കുറിച്ചും പരിഭവത്തോടെ പറയുകയായിരുന്നു.

കാറിൽ യാത്ര തുടരവേ രേണുകേടത്തി പൂർവ്വാധികം മൂക യായി. നഗരത്തിന്റെ പശ്ചാത്തലം പിന്നിലുപേക്ഷിച്ച്, ഇരുട്ട് കൊടി യേറ്റം നടത്തുന്ന വയലിറമ്പുകളെ മുമ്പിൽക്കണ്ട് കുതിക്കുമ്പോൾ അവർ സ്വരം താഴ്ത്തി അമ്മയെക്കുറിച്ചു പറഞ്ഞുപോന്നു.

നാട്ടിൽ എത്തപ്പെട്ടാൽ അമ്മായിക്ക് മുന്നിൽ നിലകൊള്ളുന്ന നെടുങ്കൻ കോട്ടയായിരുന്നു ഞാനും രോഹിണിയും. രേണുകേ ടത്തിയുടെ പൂർവ്വാപരബന്ധമില്ലാത്ത വസ്തുതകൾ അവർക്ക ന്യമായിരുന്നുവല്ലോ.

കാറിന്റെ ഇരമ്പത്തോടൊപ്പം തുടികൊട്ടുന്ന നെഞ്ച് പുതിയ അവബോധങ്ങളെ തേടുന്നു. അനന്തേട്ടന് ഒരൊഴിയാബാധ തീർത്ത ആശ്വാസമായിരിക്കും. മിസ്സിസ്സ് പത്മനാഭന് പടിക്കല്ലുതാണ്ടിയ രേണുകേടത്തിയുടെ അപരാധങ്ങളെ ഏറ്റുപാടുന്ന സഭയ്ക്കു മുമ്പാകെ വിസ്തരിച്ചു പറയാനാണ് ഉണ്ടാവുക.

രേണുകേടത്തി തരത്തിന് പറയാമെന്നേറ്റപ്പോൾ അമ്മായിയുടെ മുമ്പിൽ ഞാൻ നിശ്ശബ്ദനാവുകയായിരുന്നു. അവർക്കറിയേണ്ടിയിരുന്നത് രോഹിണിയെക്കുറിച്ചായിരുന്നു. നാടേതാണ്? ജാതിയോ? ഇല്ലത്തിന്റെ പേര്? മോൾക്ക് ഇവനെയല്ലാതെ വേറെ ആരേയും ഇഷ്ടപ്പെടാൻ തോന്നിയില്ലേ!

രേണുകേടത്തി തിരശ്ശീല തൂക്കി, തേച്ചുമിനുക്കി രോഹിണിയുടെ ചരിതം അവതരിപ്പിച്ചിരുന്നു. വൈദിക പ്രമാണിമാരുടെ മദ്ധ്യേ അപരാജിതയും പരിത്യജിതയുമായി നില്ക്കേണ്ടിവന്ന കുരുത്തം കെട്ട ദ്രൗഹിത്രിയുടെ ജീവിതം.

പകൽ വെളിച്ചത്തോടെ വിഷക്കാറ്റു പോലെ നാടുനീളെ വാർത്ത പരക്കുകയായിരുന്നുവല്ലോ. എന്നെക്കാണാനെന്ന ഭാവത്തിൽ പടികയറിവന്നവർക്കെല്ലാം രോഹിണിയെ ആയിരുന്നു ലക്ഷ്യം. വാർത്ത സത്യമോ എന്നറിയേണ്ടുന്ന പൊറുപ്പുള്ള ജനം!

മറയിടാതെ അമ്മായി എല്ലാം തുറന്നു പറയുകയായിരുന്നു. ചായ സല്ക്കാരം കഴിഞ്ഞ് അമ്മായിയുടെ ഇഷ്ടത്തിനൊത്തു മൂളിയ അവർ വയലിറമ്പും ഇടവഴിയും താണ്ടിയപ്പോൾ കാറിത്തുപ്പി അസഭ്യം പറഞ്ഞ് അവജ്ഞയോടെ പുഞ്ചിരിച്ചു തൃപ്തരായി.

രേണുകേടത്തിയുടെ മുറിയിൽ കാഴ്ചബംഗ്ലാവിലെ വിരളമായ വന്യജീവിയെപ്പോലെ ഒരത്ഭുത പ്രതിഭാസമായിക്കൊണ്ട് മേൽത്തട്ടിൽ തന്നെ ഇരുപ്പായിരുന്നു രോഹിണി. അപ്പോഴും രേണുകേടത്തിയുടെ വിങ്ങിപ്പൊട്ടിയ മനസ്സ് ഏച്ചുകൂട്ടാനാവാത്ത വിധം തകർന്ന ഒരു ബന്ധത്തെ ഓർത്ത് വിലപിക്കുന്നു ണ്ടായിരുന്നു.

വിവാഹത്തിനുശേഷം രേണുകേടത്തിയെ ആദ്യമായി കാണുകയായിരുന്നു. എന്റെ വരവറിഞ്ഞിട്ടും അകമുറിയിൽ തന്നെ കഴിച്ചുകൂട്ടിയ അവരെ ഞാൻ ചെന്നു കണ്ടു. പ്രസന്നതയും ചുടുലതയും നഷ്ടപ്പെട്ട അവർ അപ്പോൾത്തന്നെ അവർണ്ണനീയമായ ഒരവസ്ഥാവിശേഷത്തിലകപ്പെട്ടിരിക്കുകയായിരുന്നു.

തിരിച്ചുപോവുമ്പോൾ രേണുകേടത്തി എന്നോടുപറഞ്ഞത് ബന്ധനരൂപം സ്വീകരിക്കാവുന്ന വൈവാഹികബന്ധത്തെക്കുറിച്ചായിരുന്നു.

ഉള്ളുതുറന്ന് രോഹിണിയെ വരവേറ്റ അമ്മായി അടുക്കളയെ വിഭവങ്ങളുടെ സാന്ദ്രമായ മണംകൊണ്ടു നിറച്ചു. അനന്തേട്ടൻ അമ്മായിയെ തേടി ചെല്ലുമെന്നത് വെറും ഒരു ഭീതിയായി അവശേഷിക്കുകയാണുണ്ടായത്.

ശിരസ്സറ്റ പനയുടെ മുന്നിൽ ഋതുഭേദങ്ങൾ ഒന്നുമല്ലാതായി; പ്രാബല്യത്തിൽ യാതൊരു വികാരപ്പൊലിമയുമുണ്ടാക്കാതെ

അധഃപതിക്കുന്നു. എന്റെ വിവാഹം തീർത്ത നടുക്കത്തിൽനിന്ന് രക്ഷനേടുന്നതിനു മുമ്പേ തീപ്പൊരി പാറുന്ന മറ്റൊരു നടുക്കം കൂടി.

അമ്മായി ഉന്മാദിനിയെപ്പോലെ എന്റെ മുറിയിലേക്കു കയറിവരികയായിരുന്നു. വിരണ്ടുഭയന്ന കണ്ണുകളും അംഗചേഷ്ടയും. പിമ്പേ നിന്നു രേണുകേടത്തിയെ കണ്ടപ്പോൾ എല്ലാം ഊഹിച്ചറിയാനായി.

പിന്നീട് നീണ്ട ഒരു കരച്ചിലിന്റെ തുടക്കമായിരുന്നു. ശാന്തയും സമചിത്തയുമായി അമ്മായി കേട്ടുതഴമ്പിച്ച പഴയ സംഭവങ്ങളെ വിവരിക്കുകയായിരുന്നു. അച്ഛനെ ആശാഭംഗപ്പെടുത്തേണ്ടെന്നു കരുതിയ, രേണുകേടത്തിക്ക് വിമ്മിഷ്ടമാണെന്നറിഞ്ഞിട്ടും കെട്ടിനൊരുങ്ങിയ ആ അശുഭ നിമിഷം.

പൗത്രിയുടെ കല്ല്യാണം കണ്ട് കണ്ണടക്കണമെന്നു കൊതിച്ച മുത്തശ്ശി കാലഹരണപ്പെട്ടു കഴിഞ്ഞിരുന്നു. കുടുംബത്തെ ഒരു നിലക്കെത്തിച്ച് വിശ്രമിക്കണമെന്നു കരുതിയ മുത്തച്ഛനും.

രേണുകേടത്തിയുടെ ഭാവശൂന്യമായ ഭാവിയെ ഓർത്തായിരുന്നു അമ്മായിക്ക് അങ്കലാപ്പ്. തലമുറകൾ തന്നെ തിന്നാൽ തീരാത്ത വിളനിലമുണ്ട്. പാട്ടം നല്കിയ കുടിയായ്മ അസ്തമിച്ചിട്ടും അതിരറ്റ കൈവശ ഭൂമിയാണുള്ളത്.

ഉച്ചച്ചൂടിനുശേഷം അന്തിയടുത്തനേരം അമ്മായി അന്നത്തെ അവരുടെ സങ്കല്പങ്ങളെക്കുറിച്ചു പറയുകയായിരുന്നു. രേണുകേടത്തി അനന്തേട്ടനോടൊത്തു എത്ര കഷ്ടപ്പെട്ടാലും ശേഷം കാലം കഴിച്ചുകൂട്ടുന്നത് ഇവിടെത്തന്നെയായിരിക്കും. മണ്ണിന്റെ പെരുമയും വിലയുമറിയാവുന്ന പൗത്രൻ പൊന്നിൽവിള സൃഷ്ടിച്ച് കുടുംബം നടത്തുന്നതിനെക്കുറിച്ചും അവർ ചിന്തിച്ചിരുന്നു.

വരണ്ട മണ്ണിലെ മുകുളങ്ങളായി എല്ലാം അസ്തമിച്ചിരിക്കുന്നു.

രേണുകേടത്തിക്ക് അനന്തര നടപടികളെക്കുറിച്ച് തിട്ടമിട്ട് പറയാനൊന്നുമുണ്ടായിരുന്നില്ല. പൂർവ്വാനുഭവങ്ങളുടെ അഭിശപ്തത അവരെ ഭയപ്പെടുത്തുമാറ് നിലകൊണ്ടിരുന്നു. ബധിരയും മൂകയുമായ സ്ത്രീ മാത്രമായിത്തീർന്നിരിക്കുന്നു രേണുകേടത്തി ഇപ്പോൾ.

എന്റെ അവധിക്കാലത്തെ വരവിനായി കാത്തുകെട്ടി ഉന്മേഷവതിയായിരുന്ന രേണുക ഒരു ഭൂതകാലപ്രേതമാണ്.

ചെവിക്കുചെവി അറിയാഞ്ഞാലും കാട്ടുതീ പോലെ പരക്കുന്ന നാട്ടിലെ ഗൃഹചത്വരവാർത്തകൾ. രേണുകേടത്തിയോട് അനുതാപം പ്രകടിപ്പിക്കാനായി പലരും വന്നുകേറുന്നുണ്ടായിരുന്നു.

അമ്മായി നെഞ്ചൂക്കാകെ തകർന്ന് പരവശയായതുപോലെ. തന്റെ കാലശേഷം ഏകയും അനാഥയുമാക്കപ്പെടുന്ന മകൾ. എന്നിൽ അതിരുകവിഞ്ഞ ആശ്വാസം കണ്ടെത്താൻ

അവർക്കാകുമായിരുന്നില്ല. മറ്റുള്ളവരെ മാനിക്കാതെ തെരുവു കൂത്താടി നടക്കുന്ന എന്നെ ശാസിച്ചൊതുക്കുന്നതും അവർ തന്നെ യായിരുന്നുവല്ലോ.

രാവുപകലാക്കി ഊടുവഴികളിൽ വീണു പിരണ്ടെണീറ്റ് നടത്തം തുടർന്ന് ചെന്നെത്തുന്നത് അമ്മായിയുടെ വീട്ടിലായിരിക്കും. അസ മയത്തു ചെന്നാലും എനിക്കായി അവർ ഒരു വയറ് ശാപ്പാട് കരുതി വെയ്ക്കുമായിരുന്നു. പറഞ്ഞൊതുക്കാവുന്നതിന്റെ പരിധിതെറ്റി യെന്നറിഞ്ഞപ്പോൾ മൗനവുമായി മുഖം ചൊമപ്പിക്കാതെ ഊണു വിളമ്പി ത്തരുമ്പോൾ, ഉണ്ടെണീറ്റ് ഞാൻ ഇരുട്ടത്തു മറയുമ്പോൾ മണ്ണെണ്ണ വിളക്കിന്റെ അരണ്ട വെട്ടത്തിൽ നിർനിമേഷയായി അവർ നില്ക്കുമായിരുന്നു. അരികത്ത് രേണുകേടത്തിയായിരിക്കും.

ആന ചവുട്ടിത്താണ കണ്ടം കടന്ന് നടക്കുമ്പോൾ അമ്മായിയും പുറകെ വന്നു. അവരുടെ ഉടഞ്ഞ് ചിന്തിയ മനസ്സ് താണുകേണു.

എടയ്ക്കൊക്കെ ങ്ങ്ട് വരണേ.

രേണുകേടത്തി അരനിമിഷം മുമ്പുപറഞ്ഞത് അനന്തേട്ടനെ ക്കുറിച്ചായിരുന്നു. ഭർത്താവുമായുള്ള പൊരുത്തപ്പെടലിന്റെ സഹി ക്കാവുന്നതിന്റെ പരമാവധിയും ആയി എന്നവരുപറഞ്ഞപ്പോൾ എനിക്ക് നിശ്ചലനാവാനേ കഴിഞ്ഞുള്ളൂ.

ഇനി ബാന്ധവം നിയമവിധേയമായി അവസാനിപ്പിക്കലാണ്. പറ്റുവരവുകാരന് കുടിശികതീർക്കുന്ന ലാഘവത്തോടെ; അതേ സമയം ആശ്വാസത്തോടെയും കണക്കുതീർത്ത് പിരിയാൻ രേണുകേടത്തി തയ്യാറാവേണ്ടിയിരിക്കുന്നു.

പുനർവിവാഹമെന്നത് സ്വപ്നേപി വിചാരിച്ചിട്ടില്ലെന്നും അവർ പറയുകയുണ്ടായി. അനന്തേട്ടനെ ചെന്നു കാണുക എന്നത് ഒരു വ്യാമോഹം മാത്രമായിത്തീർന്നിരിക്കുകയാണ്. തടാകത്തിന്റെ വിതാനത്തിൽ അടിത്തട്ടിലെ പ്രളയബാധയെ അറിയാതെ, ആകാ ശത്ത് ഉരുണ്ടുകൂടുന്ന മഹാമാരിയുടെ കോളിനെ കണ്ടറിയാതെ യാത്രതുടരുന്ന നൗകയുടെ അവസ്ഥയാണ് ഇപ്പോൾ.

ചൂളം കുത്തുന്ന കാറ്റുമായി കടന്നുവന്ന ചാറൽമഴ അവസാനിച്ചി രിക്കുന്നു. നിരത്തിൽ കുട ചൂടാത്ത മനുഷ്യർ തലക്കു തുണിയിട്ട് നടപ്പുണ്ട്.

ടാർ റോഡിലെ കല്ലിളകി കുഴിവീണ ഇടങ്ങളിൽ തളംകെട്ടി കിടക്കുകയാണ് വെള്ളം.

പീടിക തിണ്ണയിൽ മഴ ശമിക്കുന്നതിനായി കാത്തുനില്പായിരു ന്നു പാർത്ഥൻ. ചാറ്റല് ഒട്ടൊന്നു കുറഞ്ഞപ്പോൾ തൂവ്വാല തലക്കു കെട്ടി അയാൾ നിരത്തിലേക്കിറങ്ങി.

ഇരുണ്ട ആകാശം ലേശം പ്രകാശമാനമായിരിക്കുന്നു. കരിക്കലത്തിലെ തുളയെപ്പോലെ അങ്ങിങ്ങ് മേഘങ്ങളെ കാണാം.

മുഖപരിചയമുള്ള ഒരു പ്രേമവിവാഹത്തിന്റെ ചൂടുള്ള വാർത്തയറിയാവുന്ന ജനം അയാളെ പൊളിച്ചു മാന്തുന്നതുപോലെ നോക്കുന്നുണ്ടായിരുന്നു.

ഗ്രാമവീഥിയിലെ നനഞ്ഞ മണ്ണ് ചവിട്ടിത്തള്ളി അകത്തേക്കു കയറിയപ്പോൾ അമലയുടെ മുറിയിൽ വെളിച്ചം കണ്ടു. അവൾ ഉരുവിട്ടു പഠിക്കുകയായിരുന്നു.

പാർത്ഥനെ കണ്ട് പുസ്തകം മേശപ്പുറത്തു കമഴ്ത്തിവെച്ച് അമല എണീറ്റു.

“അമ്മായിയെന്തു പറഞ്ഞു...?”

“എന്തു പറയാൻ.”

പാരവശ്യത്തോടെ അയാൾ കസേരയിലിരുന്നു.

അമ്മായി പുഞ്ചിരിക്കാൻ ശ്രമിക്കുമ്പോഴും കടിച്ചുപിടിച്ച് അണക്കിട്ട ഒരുപാടു ദുഃഖങ്ങളെ ഒതുക്കിപ്പിടിക്കുകയായിരുന്നു. ഇപ്പോൾ സർവ്വശക്തിയും ചോർന്നതുപോലെയാണ്. നാട്ടാര് നാല്പതു പറഞ്ഞാൽ അമ്പതും ചെയ്യാവുന്ന അമ്മാവനെ കടിഞ്ഞാണിട്ട് നിയന്ത്രിച്ചിരുന്നത് അമ്മായി ആയിരുന്നുവല്ലോ.

പുറത്ത് മഴയുടെ കോളുകെട്ടിയ അന്തരീക്ഷം രൂക്ഷമാവുകയാണ്. കാറ്റുപിടിച്ച് അടയുന്ന ജനാലകളുടെ ഒച്ച കേൾക്കാം. ചോരുന്ന വീടിനെ ശപിക്കുകയാണ് അയൽവാസി.

ചിതലുതിന്ന കഴുക്കോലും ഇളകിവീണ സ്ഥാനംതെറ്റിയ ചുറ്റോടുകളുമുള്ള ഗ്രാമം മഴയെ ഭയാശങ്കയോടെ വീക്ഷിക്കുന്നു. കഴിഞ്ഞ കർക്കിടകത്തിലായിരുന്നു ശിവങ്കോവിലിന്റെ പിന്നാമ്പുറം ഇടിഞ്ഞുവീണത്. അതിനുമുമ്പത്തെ തുലാവർഷത്തിൽ നിലംപറ്റിയ അടച്ചുപൂട്ടിക്കിടക്കുന്ന ഒന്നു രണ്ടു വീടുകൾ.

രോഹിണി അവിടെ തനിച്ചാണ്. മഴയുടെ വരവറിയിക്കുന്ന തണുത്ത കാറ്റുപോലും അയാൾ പടിയിറങ്ങുമ്പോൾ ഉണ്ടായിരുന്നില്ല.

മൂടിക്കെട്ടിയ തെളിച്ചമില്ലാത്ത ഒരു സന്ധ്യയുടെ പരുഷമായ മുഖം മാത്രമായിരുന്നു.

“ഇനി ബന്ധം വേർപ്പെടുത്തേണ്ടേ?”

“വേണം... രേണുകേടത്തിയുടെ വിവാഹത്തിന് ഓടിനടന്നതും ഞാനാണ്. ബന്ധം വേർപെടുത്താനും ഞാനാവും...”

ഒരു പുരുഷസന്തതിയുടെ അഭാവത്തെ ഇല്ലാതാക്കിയ എന്നെക്കുറിച്ച് അമ്മാവൻ എല്ലാവരോടും പുകഴ്ത്തി പറയുന്നുണ്ടാ

യിരുന്നു. ഏട്ടന്റേതായിട്ടും ആളില്ലാത്തതറിഞ്ഞ് ഇവിടെ കൂടി യിരിക്കയാണ്.

മകളെ കാണാതെ പൊറുതിമുട്ടി മാസാമാസം പൊതിക്കെട്ടുകളുമായി ചെല്ലുമായിരുന്നു അമ്മാവൻ. കരിങ്കണ്ണി പശുവിന്റെ വെണ്ണ കുറുക്കി പരിശുദ്ധിയോടെ ഉണ്ടാക്കിയ നെയ്യപ്പം. എരിവ് പഥ്യമായുള്ള രേണുകേടത്തിക്ക് കടുമാങ്ങയും ചീനിമുളകും.

അമ്മാവന്റെ ചരിത്രപ്രസിദ്ധമായ യാത്ര ഒന്നാംതീയതിയോടെ ആരംഭിക്കുമായിരുന്നു.

അമല കൊണ്ടുവെച്ച ആവി പാറുന്ന കാപ്പി ഊതിക്കുടിച്ചു കൊണ്ടിരിക്കുമ്പോൾ അകലേന്നുള്ള മഴയുടെ ആരവം പാർത്ഥൻ കേട്ടു. പൊടുന്നനെ തന്നെ മഴയുടെ വരവും ഉണ്ടായി.

ചരൽക്കല്ലുകൾ വന്നു വീഴുന്നതുപോലെയാണ് മഴത്തുള്ളികളുടെ പ്രവാഹം. ഓടുകളുടെ അരികുപാളിയിലൂടെ തിരിയിട്ടതുപോലെ വെള്ളമൊഴുകുന്നുണ്ട്. മഴ നനഞ്ഞ് ആർത്തു ചിരിച്ചോടുന്ന കുട്ടികളാണ് നിരത്തിൽ.

കഴിഞ്ഞ മഴക്കാലത്ത് തണുത്തുവിറച്ച് കൂനിനടക്കുന്ന മീനാക്ഷി അമ്മ്യാർക്ക് ഒരു കരിമ്പടം സമ്മാനിക്കുകയായിരുന്നു. ജന്മപാപങ്ങളിൽനിന്ന് എനിക്ക് മോക്ഷം ലഭിക്കുമെന്നാശീർവ്വദിച്ച അവരുടെ കണ്ണുകൾ അപ്പോൾ നിറഞ്ഞ് തുളുമ്പുന്നുണ്ടായിരുന്നു.

മുൻവശത്തെ തുറന്നിട്ടവാതിൽ അടച്ച് അമല തിരിച്ചെത്തി.

“രോഹിണിയേടത്തിയേയും കൊണ്ടുവരായിരുന്നില്ലേ...?”

“ഈ മഴയത്തോ........ അമല നാളെ അങ്ങോട്ടുവരൂ.”

“വരാം...”

“അക്കൗണ്ട് ബുക്കെവിടെ... കണക്കൊന്നു കൂട്ടൂ...”

മടിക്കുത്തിൽനിന്ന് രൂപ എണ്ണിതിട്ടപ്പെടുത്തുമ്പോഴേയ്ക്കും അമല തുകകൾ കൂട്ടിക്കഴിഞ്ഞു. പുസ്തകം വാങ്ങിച്ച് ഒരാവർത്തി പരിശോധിച്ചതിനുശേഷം പാർത്ഥൻ പറഞ്ഞു:

“ഇരുന്നൂറ്റമ്പതു രൂപയുണ്ട്. വെച്ചോളൂ.”

“പാർത്ഥേട്ടന്?”

“എന്റെ കഥ ഇങ്ങനെ നീങ്ങും... ഏതായാലും ചെലവ് കഴിവതും ചുരുക്കണം...”

“പാർത്ഥേട്ടനും ഒരു കുടുംബമായി...”

“കുറേ കഴിഞ്ഞാൽ അമലയ്ക്കും ഒരു കുടുംബമാവും...”

പാനീസിന്റെ ചടച്ചുനീണ്ട പ്രകാശനാളം കാറ്റത്താടുന്നുണ്ട്. കാറ്റിന് എല്ലുതുളയ്ക്കുന്ന തണുപ്പാണ്. മഴയുടെ ആക്കം കുറയുന്നേ ഇല്ല.

മുറിയിൽനിന്നു പുറത്തുകടന്നപ്പോൾ തളത്തിൽ ഇരുട്ട് നിറഞ്ഞു നില്ക്കുന്നത് പാർത്ഥൻ കണ്ടു. ചങ്ങലവട്ടയിലെ കാറ്റത്തുകെട്ട തിരിയുടെ മണം ചുറ്റിലും പ്രസരിക്കുന്നുണ്ട്. അയാളുടെ വര വറിഞ്ഞ് ഇരുട്ടിലേക്ക് തുറിച്ചു നോക്കിക്കൊണ്ടിരുന്ന വൃന്ദ എണീറ്റു.

തിരികെ നടക്കാൻ ഭാവിച്ചപ്പോൾ വൃന്ദ അയാളെ വിളിച്ചു:

“രോഹിണി തനിച്ചല്ലേ?”

“അതെ.”

“ആ കുട്ടി എങ്ങനെ?”

ഒരുത്തരം ലഭിക്കാഞ്ഞപ്പോൾ വൃന്ദ തുടർന്നു:

“എനിക്കെന്റെ ഭർത്താവിന്റെ മുഖം പോലും കണ്ട ഓർമ്മയില്ല. പലരുടേയും ഛായയാണ് തോന്നാറ്. കേട്ടുകേൾവിപോലുമില്ലാത്ത ഒരാൾ മരിച്ചപ്പോൾ ദുഃഖമാചരിക്കാൻ വിധിക്കപ്പെട്ടതുപോലെ യാണ്.”

വൃന്ദ വെളക്കുകൊളുത്താനായി അകത്തേക്കുനടന്നപ്പോൾ പാർ ത്ഥൻ മുറിക്കു പുറത്തുകടന്നു. അടച്ചവാതിൽ തുറന്ന്, തോരാതെ പെയ്യുന്ന മഴയെ നോക്കി അയാൾ നിന്നു.

യൂണിയൻ ഓഫീസിലേയ്ക്ക് ഇനി ചെല്ലാനാവില്ല. കനത്തമഴ. ആളില്ലാതെ മുറി അടഞ്ഞുകിടക്കയാവും. സമ്മേളനത്തിനു ചെ ല്ലാൻ അംഗങ്ങളെ ഒരുക്കൂട്ടേണ്ടിരിക്കുന്നു. രാമു തന്നിൽ നിക്ഷി പ്തമായ ചുമതലയെന്നോണം എല്ലാം ഏല്ക്കുകയാണുണ്ടായത്.

കുടി നിർത്തിയെന്നു പറഞ്ഞ സ്ഥിതിയ്ക്ക് പുരയിൽതന്നെ ഉണ്ടാവും. അല്ലെങ്കിൽ പാർട്ടി ഓഫീസിലോ-

കൺപോളകൾക്കുമീതെ ആവരണമിട്ടതുപോലെയാണ് മഴ. ഒന്നും കാണാനാവുന്നില്ല. ചരിഞ്ഞു കുത്തിവീഴുന്ന ശക്തമായ മഴക്കെതിരെ കുടപിടിച്ച് പ്രായസപ്പെട്ട് നടക്കുന്നവരെല്ലാം നന ഞ്ഞുകുളിച്ചിട്ടുണ്ട്.

തട്ടുയരം കുറഞ്ഞ നടുമുറിയിൽ, പ്രാചീനമരങ്ങളിലെ കൊ ത്തുപണിയും അവയുടെ ഗന്ധവുമേറ്റുകിടക്കുമ്പോൾ ആകാശം ചോരുന്നതുപോലെ പെയ്യുന്ന മഴയുടെ ഉഗ്രതാണ്ഡവത്തെ ക്കുറി ച്ചറിയില്ല. മുത്തശ്ശിയുടെ ഞവരക്കിഴി പോലുള്ള ഇടിഞ്ഞുതാണ മുലകളിൽ വിരലോടിച്ചു കിടക്കുമായിരുന്നു. അകത്തേക്ക് ഇട ക്കിടെ വരുന്ന രേണുകേടത്തി ചെക്കന്റെ നാണംകെട്ട പണിയെപ്പറ്റി പറഞ്ഞ് ഉച്ചത്തിൽ ചിരിക്കുമായിരുന്നു.

പഴയ കഥകളെ നൊട്ടിനുണച്ച് അയവിറക്കുക രേണുകേടത്തി യുടെ ഒരു ദൂഷ്യസ്വഭാവമായിത്തീർന്നിരിക്കുന്നു.

സ്കൂൾ അവധി കഴിയുമ്പോൾ കുസൃതിപ്പിള്ളാരെപ്പോലെ

കുറുമ്പുകാട്ടി നടക്കുന്ന മഴയുടെ വരവായിരിക്കും. ഒമ്പതിനും നാലിനും ശേഷം ആരംഭിക്കുന്ന മഴ. പടിഞ്ഞാറേതറയിലെ ലോവർ പ്രൈമറി സ്കൂളിൽ നനഞ്ഞൊലിച്ചുവരുന്ന, പട്ടക്കുടയുമായെത്തുന്ന കിടുകിടെ വിറച്ചുതുള്ളുന്ന പിള്ളേർ.

പുത്തൻ ശീലക്കുടയുമായി എഴുന്നള്ളത്തുനടത്തുന്ന ഞാനായിരുന്നു കേമൻ. ഏഴാംതരം കഴിഞ്ഞപ്പോൾ നഗരത്തിലേക്കു പറിച്ചുനട്ട അദ്ധ്യയനകാലം. ശാഠ്യത്തോടെ അലറികരഞ്ഞപ്പോഴും മുത്തശ്ശിയുടെ യാചനകളേയും അവഗണിച്ച് അച്ഛൻ എന്നെ കൊണ്ടുപോവുകയായിരുന്നു.

മഴ തോർന്ന് പ്രശാന്തമായപ്പോൾ പാർത്ഥൻ വീണ്ടും നിരത്തിലേക്കിറങ്ങി. മണ്ണ് കലമ്പികുഴഞ്ഞ് നിറച്ചും ചെളിയാണ്. കുണ്ടും കുഴിയും നിറഞ്ഞ നിരത്തിനെ ഒരു മഴക്കാലം നിരപ്പാക്കിയിരിക്കുന്നു.

രോഹിണി പരിഭവത്തോടെ മുഖം തിരിച്ചുനിന്നു. വിളക്കിന്റെ മങ്ങിയ പ്രഭയിൽ അവളുടെ കൂമ്പിയ, മിഴികൾ തുടിയ്ക്കുന്നമുഖം കൂടുതൽ സുന്ദരമായിരുന്നു.

ഒരാശ്ലേഷത്തിലൊതുങ്ങുമ്പോൾ താനേ പൂട്ടുന്ന അവളുടെ ഇമകളിൽ അമർത്തി ചുംബിച്ച്, അതോടൊപ്പം എണ്ണ കിനിയുന്ന മാർദ്ദവമായ ചുമലിൽ തലോടുമ്പോൾ അയാൾ പറഞ്ഞു:

"എന്റെ മോൾക്ക് തനിച്ചിരുന്നു മടുപ്പുതോന്നിയോ...?"

"ഇല്ല... ഹും..."

"പിന്നെ...?"

"പാർത്ഥേട്ടൻ മുമ്പുപറഞ്ഞതിനെ ഓർക്കുകയായിരുന്നു."

വെറിപിടിച്ച് അവതാളത്തിലായതുപോലെ അകപ്പെട്ട നിമിഷത്തിൽ പറഞ്ഞ വാക്കുകൾ. പെൺകുട്ടിയ്ക്ക് ഒരു രക്ഷാകവചം നല്കുമ്പോഴും സ്വസ്ഥത നഷ്ടപ്പെട്ട് പുകഞ്ഞു കത്തുകയായിരുന്നു ഞാൻ. ഒരനുരഞ്ജനത്തിലൂടെ പറഞ്ഞുതീർന്ന് പിന്മാറാവുന്ന കാര്യമല്ല. മുമ്പോട്ടു പോവുന്തോറും പൊന്തപിടിച്ചു കിടപ്പാണ്.

തിരക്കുപിടിച്ച നിമിഷങ്ങളാണെന്ന ഭാവത്തിൽ രോഹിണിയുടെ കൺവെട്ടത്തു നിന്നകന്നു നടക്കുകയായിരുന്നു പലപ്പോഴും. ശാലീനതയും ദുഃഖവുമുള്ള അവളുടെ മുഖം കാണുമ്പോൾ ഇടയിളകി പുതിയ അവബോധങ്ങളെ തേടുകയായിരുന്നുവല്ലോ.

നെഞ്ചത്ത് പറ്റിപ്പിടിച്ച് മഴയുടെ തണുപ്പിൽനിന്ന് രക്ഷനേടാനെന്നോണം ഇറുകെ മുഖം പൂഴ്ത്തിയ രോഹിണി പറഞ്ഞു:

"പാർത്ഥേട്ടൻ കുറേദിവസം എവ്ടയും പോവരുത്. എനിക്ക് കണ്ടുകൊണ്ടു തന്നെ ഇരിക്കണം."

“എന്നിട്ട്...?”

തുടർന്ന് രോഹിണിയുടെ സരളവും നനുത്തതുമായ ചിരി മുറിയിൽ മുഴങ്ങി. അപ്പോൾ ഓട്ടിമ്പുറത്ത് മഴത്തുള്ളികൾ വീണുകൊണ്ടേയിരുന്നു. ഇടവഴിയിലൂടെ കടന്നുപോവുന്ന മനുഷ്യർ അകാലത്തിൽ വന്ന മഴയെ ശപിക്കുന്നുണ്ടായിരുന്നു.

വയറുനിറഞ്ഞിട്ടും നിർബ്ബന്ധിച്ച് തീറ്റിക്കുന്ന രോഹിണിയ്ക്ക് കീഴ്‌വഴങ്ങുകയായിരുന്നു പാർത്ഥൻ. അമ്മായിയുടെ സാമീപ്യത്തിനായി ഓടിച്ചെന്നിരുന്നത് ആസ്വാദ്യകരമായി അവർ വിളമ്പുന്ന നിമിഷത്തിനു വേണ്ടിയായിരുന്നു. കിണ്ണത്തിൽ ഒരുവറ്റുപോലും ബാക്കിയാവരുതെന്ന നിർബ്ബന്ധം.

ഹോസ്റ്റലിലെ സർവ്വാണിസദ്യ നല്കുന്ന ആഹാരത്തിനോടുള്ള മടുപ്പ് നാട്ടുമ്പുറത്തെ പുന്നെല്ലിന്റെ ഊണോടെ അവസാനി ക്കുമായിരുന്നു.

ഊണുകഴിഞ്ഞ് മുറിയിലേക്കുവന്ന് പാർത്ഥൻ പത്രവായനക്കിരുന്നു. മഴ ധാരമുറിയാതെ പെയ്യുന്നുണ്ടെങ്കിലും ജാസ്തി തണുപ്പില്ല. മിതോഷ്ണമാണ്.

രേണുകേടത്തി ഇപ്പോൾ ഉറക്കംവരാതെ കിടക്കുകയാവും. ആദ്യന്തം അവരുടെ മുന്നിൽ നിലകൊള്ളുന്ന ഒരുപാടുകാര്യങ്ങൾ. നേർത്തൊരു ചെറുത്തുനില്പ് പ്രകടിപ്പിക്കാനുള്ള എന്റെ ആഹ്വാനത്തെ അവർ ചെവിക്കൊള്ളുകയേ ഉണ്ടായില്ല. ഇപ്പോൾ നിരാലംബയായിരിക്കുന്നു.

വ്യസനംകൊണ്ട് വാക്കുകളില്ലാതായ അമ്മായി. മുകുന്ദന് സമചിത്തതയോടെ, നിർവ്വികാരനായി അനന്തേട്ടൻ എന്ന കക്ഷിയുടെ വക്കാലത്തുപിടിച്ച് നിയമസാധുതയെ വിശകലനം ചെയ്ത് ഒരു വക്കീലിന്റെ മനോഗതിയോടെ സംസാരിക്കാനാവും.

മനുഷ്യത്വത്തിന്റെ പേരിൽ ചിന്തിച്ച് വെപ്രാളപ്പെടുന്നവന് അനുതപിക്കാനേ വിധിയുള്ളൂ! അവന്റെ ജീവിതത്തിന്റെ അർത്ഥപുഷ്ടി അനാഥമാക്കപ്പെട്ട കുറേ പിഞ്ചു മനുഷ്യരാവും! ഒരു മരണത്തോടെ ആരംഭിക്കുന്ന പരിഹാസച്ചുവയുള്ള ചിരി ഒഴിവാക്കാൻ തന്നിലേക്കുതന്നെ പിന്തിരിഞ്ഞുപോവുകയാണാവശ്യം!

എനിക്കതിനായില്ല. അതാണെന്റെ ധർമ്മസങ്കടവും. കതകുകൾക്ക് താഴിട്ട് രോഹിണിവന്നു. ലജ്ജകലർന്ന ചിരിയോടെ അവൾ പറ്റിപതുങ്ങിനിന്നു. രോഹിണിയെ അരികിലേക്ക് മാടിവിളിച്ചപ്പോൾ അവൾ പുറന്തിരിഞ്ഞുനില്ക്കുകയാണുണ്ടായത്. എണീറ്റു ചെന്ന് അവളെ അടക്കം പിടിച്ച് കട്ടിലിനുനേരെ നടക്കുമ്പോൾ അയാൾ ചോദിച്ചു:

“ഇത്രകണ്ട് പരിചയിച്ചിട്ടും നിന്റെ നാണം...”

വിവാഹത്തിന്റെ ആദ്യരാത്രിക്കുതന്ന ആരംഭിച്ച ആധിപിടിച്ച ഓട്ടം ഇന്നവസാനിക്കുന്നു. പെണ്ണിന്റെ സിരകളിലെ കത്തിക്കാളുന്ന അഗ്നി രൂക്ഷമാവുകയായിരുന്നു.

വിവാഹം കഴിഞ്ഞിട്ടും ഒത്തുചേരാതെ അന്യർക്കുവേണ്ടി ചിന്തിച്ചു തലപുകച്ച് വേവലാതിയോടെ നടക്കുന്ന ഭർത്താവ്.

ശക്തമായ ഒരാശ്ലേഷത്തിൽ ഞെരിഞ്ഞമർന്ന രോഹിണി ഒരു ഇടവേളക്കെന്നോണം അയാളുടെ കൈകൾ പിടിച്ചുകറ്റി.

ചുവരലമാര തുറന്ന് സൂട്ട്കേസ്സിൽനിന്ന് ആഭരണപ്പെട്ടിയെടുത്ത രോഹിണി പറഞ്ഞു:

“പാർത്ഥേട്ടൻ ഇത് കെട്ടിത്തരൂ...”

സ്വർണ്ണച്ചങ്ങലയിൽ കൊരുത്ത നാഗപടത്താലി അവളുടെ കഴുത്തിലണിയിക്കുമ്പോൾ അയാൾ ചോദിച്ചു;

“ഇതെവ്ടന്നു കിട്ടി?”

“സഹപ്രവർത്തകരുടെ വകയാണ്. അനുരാധേടെ പണിയായിരിക്കും. എന്നോട് കാര്യമന്വേഷിച്ചിരുന്നു. ഇതിനുവേണ്ടിയാണ് ഞാൻ അമ്പലത്തിൽ പോകണമെന്നു പറഞ്ഞത്.”

കാച്ചിയ എണ്ണയുടെ സുഗന്ധമുള്ള, നൂലിഴകൾ വിതറി ഇട്ടതു പോലെ ഒറ്റപിണഞ്ഞ അവളുടെ മുടിയിൽ മുഖമമർത്തി, രോഹിണിയെ വിധേയത്വത്തോടെ കിടക്കയിലേക്കു നയിക്കുമ്പോൾ പാർത്ഥൻ, കുനിഞ്ഞ അവളുടെ മുഖം പിടിച്ചുയർത്തി ചുണ്ടുകളിൽ അമർത്തി ചുംബിച്ചു.

അപ്പോഴും പുറത്തു കാറ്റ് ചീറിപായുന്നുണ്ടായിരുന്നു.

രോഹിണിയുടെ തുഷാരത്തിന്റെ നനവുള്ള നനുത്ത ചുണ്ടുകൾ നെറ്റിയിൽ മുകർന്നപ്പോഴേ പാർത്ഥൻ ഉണരുകയുണ്ടായുള്ളൂ. അയാളുടെ നെറുകയിലൂടെ വിരലോടിച്ച് അവൾ പറഞ്ഞു:

“കുംഭകർണ്ണൻ... സമയം ഏഴാവും...”

പുതപ്പ് വലിച്ചുമാറ്റാൻ മുതിർന്ന അയാൾ ഉച്ചത്തിൽ ചിരിച്ചു. അഴിഞ്ഞുലഞ്ഞു കിടന്ന മുണ്ടുവാരിച്ചുറ്റി പാർത്ഥൻ കിടക്കയിൽ എണീറ്റിരുന്നു.

കുളിച്ചീറനായ രൂപമാണ്. നെറ്റിയിൽ കുറുകെ ചന്ദനം തൊട്ടിരിക്കുന്നു.

വിടർത്തിയിട്ട മുടിയിൽ ജലകണങ്ങളുണ്ട്.

ഒരുറക്കത്തിനുശേഷം ഞെട്ടിയുണർന്നപ്പോൾ അരികെ കിടക്കുന്ന നഗ്നയായ രോഹിണിയെക്കണ്ട് അമ്പരക്കുകയായിരുന്നു.

സ്വബോധം തിരിച്ചുകിട്ടിയപ്പോഴേ ഭാര്യയാണ് സമീപത്തെന്ന് ചിന്തിക്കാനായുള്ളൂ.

"കാപ്പി കൊണ്ടുവരട്ടെ...?"

"വേണ്ട... പല്ലുതേച്ചതിനുശേഷം മതി..."

അവളെ എത്തിപ്പിടിച്ച് പാർത്ഥൻ അരികത്തിരുത്തി. അയാളുടെ നെഞ്ചത്ത് മുഖം ചായ്ച്ച് പ്രഭാതത്തെ കണ്ടുകിടക്കുമ്പോൾ രോഹിണി ചോദിച്ചു:

"പാർത്ഥേട്ടൻ ഈ സ്നേഹമൊക്കെ ഒളിച്ചുവെച്ചിരിക്കയായിരുന്നുവല്ലേ?"

പതിനേഴ്

പരശുരാമന്റെ ഫോട്ടോ നാടിന്റെ നാനാഭാഗത്തും പ്രത്യക്ഷപ്പെട്ടിരിക്കുന്നു. സകല പോലീസ്സ്റ്റേഷനുകളിലും റെയിൽവേസ്റ്റേഷനുകളിലും. കൂടാതെ നാലാൾ കൂടാവുന്ന ഓണംകേറാമൂലകളിലുള്ള കവലകളിലും.

കോളേജുകാലത്തെ പഴയൊരു ഫോട്ടോയായിരുന്നു അത്. നേരിൽ കണ്ടാൽതന്നെ തിരിച്ചറിയാനാവാത്ത വിധം ഇപ്പോൾ ആളാകെ മാറിയിരിക്കുന്നു.

പരശുരാമൻ എന്റെ അതിഥിയായത് കൗതുകമുള്ള ആർക്കും അറിയാത്ത ഒരു വാർത്തയായി കലാശിച്ചിരിക്കുന്നു. അയാൾ അന്തർധാനം ചെയ്ത മാതിരിയായിരുന്നുവല്ലോ മുറിയിൽ നിന്നും അകന്നത്.

പത്രത്തിന്റെ ഇടുങ്ങിയ കോളങ്ങളിൽ പരശുരാമന്റെ വാർത്തയ്ക്ക് സ്ഥിരം വേദി കിട്ടിയിരുന്നു. ജീവിതസംഗ്രഹവും പിന്നെ തിരിച്ചറിയാനുള്ള അടയാളങ്ങളും.

സുപ്രണ്ടിന്റെ മകളുടെ വിവാഹം കേമമായി നടത്തപ്പെട്ടിരിക്കുന്നു. അറിയാവുന്ന തുണ്ടുമുറി സുഹൃത്തുക്കളെപ്പോലും ക്ഷണിച്ചിരുന്നു. ജാതികോയ്മയെ തൂത്തെറിയാൻ തുനിഞ്ഞ, ജാതികെട്ട ഞാൻ കളത്തിനുപുറത്തേക്ക് വകഞ്ഞുമാറ്റപ്പെടുകയായിരുന്നു വത്രേ!

പരുക്കനും പ്രാകൃതനുമായ രാമു രോഷത്തോടെ സൂപ്രണ്ടിന്റെ മകളുടെ വിവാഹ നടത്തിപ്പിനെക്കുറിച്ച് പറഞ്ഞ് പോകാവുന്നവരെ പിന്തിരിപ്പിക്കുകയായിരുന്നു. മടിശ്ശീലയിൽ ഒച്ചയോടെ വന്നുവീഴാവുന്ന കനത്ത തുക ശേഷിച്ചുവരുന്നതിനെ ഓർത്തായിരിക്കും

സൂപ്രണ്ടിനു വ്യസനം. അയാൾ പറഞ്ഞിരുന്നത് മംഗളാശംസക ളോടെ സുഹൃത്തുക്കൾ നല്കാവുന്ന പണം ബാങ്കിൽ നിക്ഷേപിച്ച് അടുത്തതായി എളിമയോടെ, ചെലവുചുരുക്കി നടത്താൻ തര പ്പെടുന്ന മകളുടെ വിവാഹത്തെക്കുറിച്ചായിരുന്നു.

ഒരു രാത്രിയിൽ അവരൊരുക്കൂട്ടിയ വിഭവങ്ങളുടെ സമൃദ്ധമായ സ്വാദ് ഒരോർമ്മ മാത്രമാണ്. ക്ഷയോന്മുഖമായ യൗവ്വനം, ചവിട്ടി മെതിച്ച കറ്റയെപ്പോലെ കോലംകെട്ടു പോവുന്ന കാഴ്ച നല്കുകയാ യിരുന്നു കുറെ സ്ത്രീരൂപങ്ങൾ.

മാസാവസാനം രൂപ തികയാഞ്ഞപ്പോൾ രോഹിണി അനുരാധ യോട് അമ്പതുരൂപ വാങ്ങുകയായിരുന്നു. തലേന്ന് അവൾ ക്ഷേമം കാട്ടി, ധൂർത്തനല്ലെങ്കിലും ദാനം ചെയ്ത് കുടി അസ്തുവാക്കിയ ഒരു ബ്രാഹ്മണകുമാരന്റെ കഥ പറയുകയായിരുന്നു.

അമലയുടെ വിഷാദം പാടകെട്ടിയ കണ്ണുകൾ ഇടവിട്ട് മുന്നിൽ തെളിയുന്നു. കളിതമാശകൾ പറഞ്ഞ് ആർത്തുചിരിക്കുമ്പോഴും അവൾ ചിന്താകുലയായിരുന്നു.

ഞാൻ ചികഞ്ഞുകുത്തി ചോദിച്ചപ്പോൾ അമല പറഞ്ഞു:

‘‘സ്വന്തം ഏട്ടനാണെങ്കിലും വിവാഹം കഴിഞ്ഞാൽ പിന്നെ ആശ്ര യിക്കരുത്. മോടിയോടെ ജീവിക്കാൻ എല്ലാവർക്കും കൊതികാണും. എല്ലാ തത്വശാസ്ത്രങ്ങളും ജീവിതസുഖത്തിനുവേണ്ടി മാത്രമാണ്. പക്ഷേ ഇവിടെ മനുഷ്യൻ നിസ്സഹായനാണ്. പറഞ്ഞുതീർക്കാ നല്ലാതെ ആർക്കും പ്രവർത്തിക്കാനാവുന്നില്ല.’’

അമലയുടെ ദുര്യോഗം പരദേശത്തേക്ക് മോക്ഷയാത്ര പോയ അച്ഛനിലൂടെ ആരംഭിക്കുന്നു. കിരാതമായ ജീവികളെ, പട്ടിണി യിലും ബ്രഹ്മഗാനം പൊഴിക്കുന്ന മനുഷ്യരെ കണ്ടു നിസ്സംഗത കൈക്കൊണ്ടിരിക്കയാണ് മനസ്സ്.

കുനുകുന്നനെയുള്ള അക്ഷരങ്ങളിൽ രേണുകേടത്തിയുടെ എഴുത്ത്.

ആശിക്കാനില്ലാത്ത, ചലനമില്ലാത്ത നാളുകൾ. ഒരു കുന്നിൻ മുകളിൽ കയറി പിന്നിട്ട ഇരുട്ടുവഴികളിലേക്ക് തിരിഞ്ഞുനോ ക്കുന്നതുപോലെ. മനസ്സിന് ഒരിക്കലും സംതൃപ്തിപ്പെടാനാവില്ലെ ന്നറിയാം. എങ്കിലും എന്നും വ്യാകുലപ്പെടാതിരിക്കത്തക്ക ഒരവസ്ഥ യുണ്ട്.

എന്റെ മുന്നിൽ കൈമോശം വന്ന കുറെ നാളുകളുണ്ട്. അവ എന്റെ നേർക്ക് കൊഞ്ഞനം കുത്തുന്നു. പാർത്ഥേട്ടൻ ആത്മധൈര്യം നല്കീട്ടും ഞാൻ ഭീരുത്വം വെടിഞ്ഞില്ല. ഇത് വിധിയാണ് പാർത്ഥേട്ടാ. അല്ലെങ്കിൽ ദൈവം മനുഷ്യനു നല്കിയ ചിന്തയുടെ

പരിധി. ഈ നിമിഷത്തെ അന്നെനിക്കു കാണാൻ കഴിഞ്ഞില്ല. എല്ലാം മുൻകൂട്ടി കണ്ടറിയാനുള്ള കഴിവുണ്ടാകുമ്പോൾ മനുഷ്യൻ നിശ്ശേഷ്ഠനായി തീർന്നേക്കും.

പിന്നെ അനന്തേട്ടന്റെ എഴുത്തിനെക്കുറിച്ച്. നീണ്ടൊരു കാലവിളംബത്തിനുശേഷം അനന്തേട്ടൻ അമ്മായിക്കിടുന്ന എഴുത്തിൽ ഒരു കണക്കുതീർക്കലിന്റെ പര്യവസാനം മാത്രമായിരുന്നുവത്രേ. മുകുന്ദൻ വരുന്നുണ്ട്. വിവാഹറദ്ദിനുള്ള കടലാസ്സുകളിൽ ഒപ്പിട്ടാൽ നന്നായിരിക്കും. എനിക്കും അതാണിഷ്ടവും.

കല്ല്യാണത്തിനു മുമ്പും പിമ്പും രേണുകേടത്തി കരയുക തന്നെയായിരുന്നു. ഇപ്പോൾ അവരുടെ മനസ്സ് പാറപോലെ കടുപ്പംവെച്ചിരിക്കുന്നു. എന്തും ലാഘവത്തോടെ കാണാനുള്ള ശക്തി നേടിയെടുത്തിരിക്കുന്നു.

കരുത്തോടെ, നഗരത്തെ വിഹ്വലമാക്കിക്കൊണ്ട് ആരംഭിച്ച ലക്ഷങ്ങൾ അണിനിരന്ന പാർട്ടിസമ്മേളനം കഴിഞ്ഞിരുന്നു! പത്രത്തിൽ നെടുനീളൻ ജാഥയുടെ ചിത്രവും ഒരു പോയിന്റ് കടക്കാനെടുത്ത മണിക്കൂറിന്റെ ദൈർഘ്യവുമുണ്ടായിരുന്നു.

ഒരു ശുഷ്ക്കിച്ച പ്രഭാതത്തിന്റെ വർണ്ണങ്ങളാണ്. പുറത്ത് പല്ലുകോച്ചുന്ന തണുത്ത കാറ്റ്. മഞ്ഞിൻകണങ്ങളിൽ ജ്വലിക്കുന്ന സൂര്യരശ്മികൾ. പുലർച്ചതന്നെ ജനബഹുലമായ നിരത്ത്.

ആകാശം കഴുകി മോറിയതുപോലെ സ്വച്ഛമായിരിക്കുന്നു. രാവിന്റെ നെടുങ്കൻ നിശ്വാസത്തിനുശേഷം പകലിന്റെ വരവ് പ്രശാന്തതയോടെയാണ്.

രോഹിണി അടുക്കളയിൽ തിരക്കിട്ട പണിയിലാണ്. അവൾ ഹോസ്പിറ്റലിലേക്കുള്ള പതിവുയാത്ര വീണ്ടും ആരംഭിച്ചിരിക്കുന്നു.

വിവാഹത്തിന്റെ ശാപമായ നൈറ്റ് ഡ്യൂട്ടിയാണ് ഇപ്പോൾ.

പ്രതിജ്ഞാബദ്ധനായ, നേർവഴി തേടിപ്പോയ കുഞ്ഞിനെപ്പോലെ കതകടച്ച് ഒറ്റക്ക് രാത്രി കിടന്നുറങ്ങുമ്പോൾ പാർത്ഥൻ സ്വയം പരിഹസിച്ച് ചിരിക്കാറുണ്ടായിരുന്നു. പകലിന്റെ വരവോടെ തളർന്നു വിവശയായി കടന്നുവരുന്ന രോഹിണിയെ കാണുമ്പോൾ സഹതാപമാണ് തോന്നാറ്.

തിളപ്പിച്ച ചായ ഗ്ലാസ്സുകളിലേക്കു പകർന്ന് രോഹിണിയെത്തി. അവൾ എതിരെ കസേരയിലിരുന്നപ്പോൾ അയാൾ പറഞ്ഞു:

"നമുക്കൊരു പണിക്കാരത്തിയെ ഏർപ്പാടു ചെയ്യണം..."

"എന്തിന്... ഇവ്ടെ എനിക്ക് ചെയ്യാവുന്ന പണിയേ ഉള്ളൂ..."

“രാത്രിയിൽ ആശുപത്രിയിലെ തിരക്കും, പിന്നെ ഈ പണിയും. ഇങ്ങനെ ആയാൽ അധികകാലം ഈ ശരീരം കാണില്ല.”

മുന്നോട്ടാഞ്ഞ് അയാളുടെ ചുമലിൽ മുഖമമർത്തി, നെറുകയിലൂടെ വിരലോടിച്ച് അവൾ പറഞ്ഞു:

“പാർത്ഥേട്ടന് എന്നും ഞാൻതന്നെ വെച്ചുവെളമ്പിത്തരണം. അതാണെനിക്കിഷ്ടം. വേറെ ആരേയും ഞാനതിന് സമ്മതിക്കില്ല...”

ഉറക്കത്തിന്റെ ചടവ് കണ്ണുകളിൽ കുടികൊള്ളുന്നുണ്ട്. കുളിച്ചിട്ടും എണ്ണയുടെ പരിമളം വിതറുന്ന മുടി കാറ്റിൽ പാറുന്നു. അവളെ മാറോടണച്ച് ഒരു നിമിഷത്തിന്റെ വലയത്തിൽ വിലയിക്കുമ്പോൾ പാർത്ഥൻ തനിക്കപ്രാപ്തയാണു രോഹിണിയെന്നു ഭാവിച്ചു നടന്നിരുന്ന കാലത്തെ ഓർക്കയായിരുന്നു.

“പാർത്ഥേട്ടനെ രാത്രി ഒറ്റക്കിരുത്തി പോവാനാ എനിക്കു മടി.”

“ഉംം....?”

“പകലുവന്നാൽ രാത്രിയിലത്തെ ക്ഷീണമായിരിക്കും. പിന്നെ ഒരു രസവും തോന്നില്ല.”

“എന്തിന്?”

അയാളുടെ കുസൃതി നിറഞ്ഞ ചോദ്യത്തെ ചുണ്ടിൻതുമ്പത്തു നിന്ന് ഒപ്പിയെടുക്കുമ്പോൾ അവൾ പറഞ്ഞു:

“എനിക്കറിയില്ല. വെറുതെ കണ്ടിരിക്കാനാവും.”

രോഹിണി അടുക്കളയിലേക്കു പിന്മാറിയപ്പോൾ പാർത്ഥൻ എണീറ്റു.

അടുത്ത താലൂക്കിലെ യൂണിയൻ സമ്മേളനത്തിന്റെ തുടക്കം കുറിക്കുന്ന യോഗത്തിനു വൈകിട്ട് പോവേണ്ടിയിരിക്കുന്നു. തുടർന്ന് കുറച്ചു ദിവസങ്ങൾക്കകം മറ്റു താലൂക്കുകളിലേക്കും.

ഇനിയും പതിനഞ്ചുനാൾ നീണ്ടുനിൽക്കുന്ന സംവത്സരങ്ങൾ പോലുള്ള മുഷിപ്പൻ അവധി ദിവസങ്ങളാണ്. സർവ്വരും ഓടിപ്പിടഞ്ഞ് വെപ്രാളത്തോടെ നടക്കുമ്പോൾ നിശ്ചലനായതുപോലെ കഴിച്ചുകൂട്ടുക!

രണ്ടുനാൾ അവധിയെടുത്ത് അമ്മായിയെ കാണാൻ ചെന്നതായിരുന്നു. രണ്ടുവർഷം കഴിഞ്ഞിട്ടും ഗർഭിണിയാവാത്ത രേണുകേടത്തിയെക്കുറിച്ചു സംസാരിക്കുകയായിരുന്നു അവർ. ഒരു കുഞ്ഞിന്റെ സാമീപ്യമുണ്ടെങ്കിൽ അനന്തരാവകാശിയുടെ ഭാവിയെ ഓർത്തും അവന്റെ പയ്യെയുള്ള വളർച്ചയെ മുന്നിൽ കണ്ടും അവർക്ക് കഴിഞ്ഞുകൂടാമായിരുന്നു. അപ്പോൾ ഈ മോചനത്തിന്റെ കെട്ടുപാടുകളെ പൊട്ടിച്ചെറിയാനായ നിമിഷം എത്രയോ അകലത്തായിരിക്കും.

കതകു തുറന്ന് മുറ്റത്തേക്കിറങ്ങിയപ്പോൾ ഇടവഴി ഇറങ്ങിവരുന്ന ജോസഫിനെ കണ്ടു. അയാളെ സ്വീകരിച്ച് അകത്തേക്കു നടക്കുമ്പോൾ പാർത്ഥൻ ചോദിച്ചു:

"എന്താ വിശേഷം?"

പതറിയ കണ്ണുകളുമായി ചോര വാർന്നതുപോലെ മുഖവുമായി ജോസഫ് കസേരയിൽ മലർന്നുവീണു. നവാഗതന്റെ സ്വരം കേട്ട് വാതിൽക്കൽ വന്നുനിന്ന രോഹിണി അകത്തേയ്ക്കുതന്നെ പോവാൻ തുനിഞ്ഞു.

"ഞാൻ പറഞ്ഞിരുന്ന ജോസഫ്."

അവൾ ഒരു മുഖവുരയായി ചിരിച്ച് അകത്തേയ്ക്കു നടന്നു.

ചായ മൊത്തിക്കുടിച്ചുകൊണ്ടിരിക്കുമ്പോഴും ജോസഫ് മൗനം തുടരുകതന്നെയായിരുന്നു. പുറത്തെ ഉഷ്ണിച്ച നഗരം തീ തുപ്പാനാരംഭിച്ചിരിക്കുന്നു. ഇടവഴിയിലെ പാടവരമ്പ് അതിരിട്ട വീട്ടിൽ ഉച്ചത്തിലുള്ള ശകാരവർഷമാണ്.

കിഴവന്റെ പൂർവ്വപരാക്രമങ്ങളെ സവിസ്തരം പ്രതിപാദിക്കുകയാണു വയസ്സി. പിണങ്ങിപ്പിരിഞ്ഞ് സംബന്ധം മുറിച്ചുപോയ വീണ്ടും വന്നുകൂടിയ ബഹുലമായ പുരാവൃത്തം.

മുറിയിൽ വെറുതെ നടക്കുകയും ടീപോയിലെ സ്ഥാനംതെറ്റി അലങ്കോലപ്പെട്ടുകിടന്നിരുന്ന പത്രങ്ങളെ ചിട്ടയോടെ യാന്ത്രികമായി അടുക്കിവെച്ചതിനും ശേഷം ജോസഫ് പാർത്ഥന്റെ മുഖത്തേക്കു നോക്കാതെ പറഞ്ഞു:

"ഞാൻ സിസിലിയെ വിവാഹം കഴിക്കാൻ നിശ്ചയിച്ചു. പാർത്ഥനെന്തുപറയുന്നു?"

"ബലവത്തായ ഇടത്തെ കണ്ടെത്തിയിരിക്കുന്നു ജോസഫ്."

സ്റ്റെല്ലയുടെ ലോലവും കാമ്പുള്ളതുമായ വാക്കുകളെല്ലാം തന്നെ വനരോദനമായിത്തീർന്നിരിക്കുന്നു. അവളുടെ വിടപറച്ചിൽ ഉയർത്തിയ കണ്ണീര് അനാദിയിലേക്കാണ് നീളുന്നത്.

ഒരിക്കൽ മാത്രം കണ്ട സ്റ്റെല്ലയെ ഓർത്ത് പാർത്ഥൻ നിശ്വസിച്ചു. പിന്നിട്ട വഴികളെ തരിമ്പും ഓർക്കാതെ മറക്കുകയാണാവശ്യം! പുതിയ പടവുകളിൽ നിലകൊള്ളുമ്പോൾ തദനുരൂപമായ ഔന്നത്യങ്ങളെയാണു കൊതിക്കേണ്ടത്! ആത്മാർത്ഥതയുടെയോ മനസ്സാക്ഷിയുടേയോ പേരിൽ പുറങ്കാലുയർത്താൻ മടിക്കുന്നവൻ ഇവിടെ പരാജിതനേ ആവൂ.

അപ്പോൾ ഞാൻ തികച്ചും ഒരു പരാജിതനാണ്!

മുണ്ടിന്റെ തുമ്പിൽ മുഖത്തെ വിയർപ്പൊപ്പുകയായിരുന്നു ജോസഫ്.

തൊണ്ടയിൽ മുളച്ചുകരിഞ്ഞ വാക്കുകളെ പാർത്ഥൻ വിലക്കിട്ടു.

അനന്തേട്ടൻ ചൂണ്ടിക്കാണിച്ച പാത എന്റെ സൽഗതിക്കുള്ള തായിരുന്നു. ഈടുറ്റ സമ്പത്തും നൈപുണ്യവുമുള്ള ഒരുത്തി. എന്നിട്ടോ?

"സ്റ്റെല്ല ജീവിച്ചിരിക്കുന്നുണ്ടോ? അതോ അവൾ ആത്മഹത്യ ചെയ്തോ...?"

"പാർത്ഥന് എന്തും തമാശയാണ്..."

"എന്തോ അതെനിക്കറിയില്ല. ഒരു കൊലപാതകം ചെയ്യാത്ത തിന്റെ പേരിൽ ഞാൻ സ്റ്റെല്ലയെ പഴിക്കും."

"എന്റെ അവസ്ഥ പാർത്ഥനറിയാഞ്ഞിട്ടാണ്?"

ഹോസ്റ്റൽ മുറിയിലിരുന്ന് ജോസഫ് ഹൃദയബന്ധത്തെക്കുറിച്ച് പറയുകയായിരുന്നു. കൂടംകൊണ്ട് തച്ചാലും പൊട്ടാത്ത കാരിരു മ്പിന്റെ കാഠിന്യമാണത്രേ!

നേർച്ചപ്പശുവിനെപ്പോലെ വളർന്ന പെണ്ണ് വഴിപാടുകഴിഞ്ഞ് വാരിക്കൂട്ടി എറിഞ്ഞ രക്തപുഷ്പത്തെ പ്പോലായിരിക്കുന്നു.

രേണുകേടത്തിയോട് ജോസഫിന്റെ പ്രേമത്തെക്കുറിച്ചു പറയുക യായിരുന്നു. ഒരു വെക്കേഷൻ കാലം. വർണ്ണഭംഗിയുള്ള ഒരു പ്രേമ കഥയെ ആലേഖനം ചെയ്തപ്പോൾ അവർ അതിന്റെ അവസാന മറിയാൻ ആകാംക്ഷയോടെ ചോദ്യങ്ങൾ തൊടുത്തുപോന്നു.

ഇപ്പോൾ എനിക്ക് ഒരുത്തരം നൽകാനാവും. കാരണവന്മാർ പറഞ്ഞുറപ്പിച്ച വിവാഹത്തിൽ സമ്പൂർണ്ണത കണ്ടെത്തിയ രേണു കേടത്തി അവഹേളിതയും പരാജിതയുമായിരിക്കുന്നു. അമ്മായി യുടെ എഴുത്തിൽ രേണുകേടത്തിയെക്കുറിച്ചുള്ള പരാതികളായി രുന്നു നിറച്ചും.

മുറിയിൽനിന്നു പുറമേക്കേ ഇറങ്ങുന്നില്ല. ആൾക്കാരെ കണ്ടൂടാ ത്ത മട്ടാണ്. എന്നോടുപോലും വിരോധമാണ്. ഞാനറിഞ്ഞു കൊണ്ട് അവളെ നശിപ്പിക്കുകയായിരുന്നുവെന്നാണ് പറച്ചിൽ.

വീണ്ടും മുഖം കാണിച്ചകന്ന രോഹിണി പാർത്ഥന്റെ ചോരച്ച മുഖത്തേയും ജോസഫിന്റെ വിളർത്ത മുഖഭാവത്തേയും കണ്ട് അമ്പരക്കുകയായിരുന്നു.

"മനസ്സമതം കഴിഞ്ഞോ...?"

"ഉവ്വ്... തീയതിയും നിശ്ചയിച്ചു. ക്ഷണപത്രികയുണ്ട്."

ജോസഫ് അയാളുടെ പേരെഴുതിയ ക്ഷണപത്രിക വാരികയുടെ ഇടയിൽ നിന്നെടുത്തു നൽകിയപ്പോൾ പാർത്ഥൻ കണ്ണോടി ക്കാതെ അത് മേശപ്പുറത്തിട്ടു.

സ്റ്റെല്ലയുടെ അസ്ഥിമാടത്തെപ്പോലെ ക്ഷണപത്രിക!

“പാർത്ഥന് എന്തും പ്രശ്നമാക്കാനില്ല. കാരണം പാർത്ഥൻ അത്തരക്കാരനാണ്. എന്റെ സ്ഥിതി അതല്ല. നരകയാതന അനുഭവിച്ചായിരുന്നു അവരെന്നെ വളർത്തിയത്.”

“ഒരു കാഴ്ചപ്പാടിൽ അടിയുറച്ച് നില്ക്കുന്നവന് എന്നും നഷ്ടത്തിന്റെ കണക്കുകളെ പറയാനുണ്ടാവൂ. പക്ഷേ ജീവിതത്തെ അതിന്റെ മുഴുരൂപത്തിൽ വീക്ഷിക്കുമ്പോൾ ഒരു ബാലിശമായ ചിത്രരചന മാത്രമാണ്. അതിനെ മഹനീയമാക്കാൻ അടിയുറച്ച കാഴ്ചപ്പാടുകൾക്കു കഴിയുമെന്നെനിക്കു തോന്നുന്നു. എന്റെ വിവാഹം എനിക്ക് സന്തോഷമേ നല്കീട്ടുള്ളൂ. അതാണ് ഞാനിച്ഛിച്ചതും.”

സമയം പത്തരകഴിഞ്ഞിരിക്കുന്നു. ഇടവഴി പ്രായേണ ഒഴിഞ്ഞു കിടപ്പാണ്. വൃദ്ധ ദമ്പതികളുടെ കിടമത്സരം അവസാനിച്ചിരിക്കുന്നു. അടുക്കളയിലെ അനക്കങ്ങൾ കേൾക്കാനുണ്ട്.

പടി ഇറങ്ങുമ്പോൾ ജോസഫ് പറഞ്ഞു:

“രോഹിണിയുമായി പാർത്ഥൻ വരൂ. വൈകിട്ട് വീട്ടിലെത്തിയാൽ മതി. ഞായറാഴ്ചയാണല്ലോ കെട്ട്. ശനിയാഴ്ച വന്നാൽ ഞായറാഴ്ച തിരിക്കാം.”

“ഞാൻ വരില്ല...”

“എനിക്കതറിയാം, ഏതായാലും ഞാനവളുമായി നിന്നെ കാണാൻ വരും.”

മുറിയിലേക്ക് തിരികെ എത്തിയപ്പോൾ രോഹിണി പോദിച്ചു:

“വിശക്കുന്നില്ലേ...? ആരാണ് അയാൾ?”

“ഞാൻ നിന്നോടു പറഞ്ഞിരുന്നു, ഒരു ജോസഫിന്റെ കഥയെക്കുറിച്ച്. വിദ്വാൻ മറ്റൊരു പെണ്ണിനെ കെട്ടാനൊരുങ്ങുന്നു.”

പിന്നീട് വാതിൽ തഴുതിട്ട് അയാളെ ഗാഢമായ ഒരാലിംഗനത്തിന്റെ പിടിക്കുള്ളിലാക്കുകയായിരുന്നു രോഹിണി. അയാളുടെ പരുക്കൻ വിരലുകൾ ചുമലിനു താഴോട്ട് ഇഴഞ്ഞപ്പോൾ അവൾ പറഞ്ഞു:

“എന്റെ പാർത്ഥേട്ടൻ നല്ലവനാണ്. എന്നെ വഞ്ചിച്ചില്ലല്ലോ.”

പൂപോലെ മൃദുലമായ മുഖം. കുണ്ടുകിണറ്റിന്റെ ഇരുണ്ട തിളക്കമുള്ള, കൂമ്പിയ മിഴികളുള്ള കണ്ണുകൾ. പെണ്ണ് ഈയ്യിടെയായി തടിച്ചിരിക്കുന്നു.

രോഹിണിയുടെ മുഖത്തിനുനേരെ ചുണ്ടുകൾ താഴ്ത്തിയപ്പോൾ അവൾ പറഞ്ഞു:

“വിശക്കുന്നില്ലേ...?”

“ഉവ്വ്... എല്ലാം വിശപ്പാണല്ലോ...”

അവളെ അണച്ചുപിടിച്ച് അകത്തേക്ക് നടക്കുമ്പോൾ പാർത്ഥൻ പതിയെ ചിരിച്ചു.

നടുരാത്രിവരെ നീണ്ടുനിന്ന യോഗം. ഉറക്കച്ചടവില്ലാത്ത കണ്ണുകളും തിളയ്ക്കുന്ന മസ്തിഷ്ക്കവും.

കടുംചായ മാത്രമായിരുന്നു പാനീയം.

സമ്മേളനത്തിന് തിരഞ്ഞെടുക്കേണ്ടുന്ന സ്കൂൾ. അതോ ടൗൺ ഹാളോ? ഒടുക്കം സ്കൂൾ തന്നെ ആകട്ടേ എന്നുവച്ചു. സംബന്ധിക്കേണ്ടുന്ന സംസ്ഥാന യൂണിയൻ നേതാക്കൻമാരും പാർട്ടി നേതാവായി ഒരാളും. ഊണു കഴിച്ച് കൂടേണ്ടുന്ന പ്രതിനിധികൾ. മൂന്നു നാളത്തെ ചിലവിന്റെ ആകെ വഹകൾ.

മൊത്തം പിരിക്കേണ്ടുന്ന സംഖ്യ. അതിനു കണ്ടെത്തേണ്ടുന്ന മാർഗ്ഗങ്ങൾ. യൂണിയനാഫീസ്സിലെ നടുവളഞ്ഞ മുതുക്കൻ ബെഞ്ചിൽ പാർത്ഥൻ രാത്രി കഴിച്ചുകൂട്ടുകയാണുണ്ടായത്. അസഹ്യമാം വിധം തൊലി ചീമ്പി രക്തംകുടിക്കുന്ന മുട്ടകളും ഇരുട്ടിന്റെ വരവറിഞ്ഞ് പൊന്തകളിലും കാനകളിലും നിന്നു ഹെലിക്കോപ്പ്ട്ടറുകളെപ്പോലെ പറന്നുവന്ന് വേട്ടയാടുന്ന കൊതുകുകളും.

ദുരിതപൂർണ്ണമായ ഒരു രാത്രിയുടെ അന്ത്യത്തോടെ പുലർച്ചെ ആദ്യത്തെ ബസ്സിനുതന്നെ വെച്ചടിക്കുകയായിന്നു പാർത്ഥൻ.

മഞ്ഞിന്റെ പുകമറയെ നീക്കി ബസ്സ് നഗരത്തിലെത്തുമ്പോൾ വെളിച്ചംവീണ ഭൂമി പരക്കെ ദൃശ്യമായിരുന്നു.

ചുവപ്പുമാറാത്ത ചായകുടിച്ചെന്നുവരുത്തി, ചായക്കടക്കാരനെ ഉള്ളാലെ ശപിച്ച് അയാൾ വീട്ടിലേക്കു നടന്നു.

രോഹിണിയോട് രാത്രി എത്തുമെന്നാണ് പറഞ്ഞിരുന്നത്. കാലത്തും അടഞ്ഞുകിടന്നിരുന്ന കതകുപാളികളെ കാണുമ്പോൾ അവൾക്കു അമ്പരപ്പായിരിക്കും. നാളെത്തോടെ നൈറ്റ്ഡ്യൂട്ടി അവസാനിക്കുന്നെന്നാണ് പറഞ്ഞത്.

അയാൾ ആശ്വാസത്തോടെ നിശ്വസിച്ചു.

ഇടവഴിയിലേക്കിറങ്ങിയപ്പോൾതന്നെ വീടിന്റെ തുറന്നുകിടക്കുന്ന വാതിലുകൾ പാർത്ഥൻ കണ്ടു. മുറ്റത്തേക്കു കയറിയ അയാളെ കണ്ട് രാമുവും പവിത്രനും എണീറ്റു.

തലേന്നു രാത്രിയേ സമ്മേളനം കഴിഞ്ഞ് അവരെത്തുമായിരുന്നുള്ളൂ. കസേരയിലിരിക്കുമ്പോൾ പാർത്ഥൻ ചോദിച്ചു:

“സമ്മേളനം ഉജ്ജ്വലമായില്ലേ?”

“അതെല്ലാം ഭംഗിയായി നടന്നു.”

രോഹിണിയുമൊത്തുള്ള ഒരു യാത്ര അസാദ്ധ്യമായ വേള.

അവൾക്ക് വീണ്ടും അവധി കിട്ടാൻ പ്രയാസം. കൂടാതെ വിവാഹത്തിന്റെ ആദ്യകാലങ്ങളെന്നു പറഞ്ഞ് രാമുവും പിന്തിരിപ്പിക്കുകയായിരുന്നു.

അകത്തെ മുറിയിൽ തിരക്കിട്ട പണി തുടരുകതന്നെയാണ് രോഹിണി.

"ജോസഫ് എത്ര രൂപയാണ് നൽകിയത്?"

"ഉംം..."

"ആർക്കാണ് തെറ്റു പറ്റിയതെന്നറിയില്ല..."

രാമു മുന്നോക്കം കുനിഞ്ഞിരുന്ന് തുടർന്നു:

"അവ്ടെ ജില്ലകളിൽനിന്നു പിരിഞ്ഞുകിട്ടിയ തുകയുടെ കണക്കെടുക്കുകയായിരുന്നു. പവിത്രന്റെ കൂടെ ഞാനുമുണ്ടായിരുന്നു. അപ്പോഴാണു കണ്ടത് ജോസഫിന്റെ രശീതിയുടെ കൗണ്ടർ ഫോയലിൽ അഞ്ചുരൂപ എന്നേ എഴുതിയിരുന്നുള്ളൂ..."

ഇസ്മായിൽ സേട്ട് രശീതി ചീന്തിത്തരുമ്പോൾ കൗണ്ടർഫോയിലിലെ അക്കത്തെ നോക്കുകയുണ്ടായില്ല ഞാൻ. ബഹുമാന്യനായ, ത്യാഗത്തിന്റെയും പരിത്യജിക്കലിന്റെയും പ്രതീകമായ നേതാവ്! പാവങ്ങളുടെ കണ്ണിലുണ്ണിയായ ദുഃഖിതരുടെ ദുരിതങ്ങൾക്ക് അഹോരാത്രം പോംവഴി കണ്ടെത്താൻ വെമ്പിനടക്കുന്ന, അതൊരു ജീവിതസമ്പ്രദായമാക്കിയ ആദിമനുഷ്യൻ!

"ഇസ്മായിൽ സേട്ട് പിരിച്ച സംഖ്യകളുണ്ട്. പലരും വമ്പന്മാരാണ്. നമുക്കവയൊന്നും കൃത്യമായറിയില്ല. പക്ഷേ-"

പവിത്രൻ ബീഡി ആഞ്ഞുവലിച്ചുകൊണ്ടേയിരുന്നു. വായിലെ ചായയുടെ ചവർപ്പ് വെടിച്ചകന്നിരിക്കുന്നു.

ചെറിയൊരു ഹിമകണത്തിൽനിന്നും ദുർഭൂതവും വിനാശകാരിയുമായ ഹിമപാതം രൂപം പ്രാപിക്കുകയായിരുന്നുവല്ലോ.

ഇസ്മായിൽ സേട്ടിന്റെ ധീരോജ്ജ്വലമായ പല വെട്ടിപ്പിന്റേയും കഥകൾ കേൾക്കാറുണ്ടായിരുന്നു. ബീഡി തെറുത്തുനടന്ന്, ഉപജീവനം പോലും വെടിഞ്ഞ് പ്രസ്ഥാനത്തിന് ചോരയും നീരും നൽകി മുന്നേറിയ അയാൾ കുബേരനെപ്പോലെ ബഹുമുഖരംഗങ്ങളിൽ വിലസുന്നതുകാണുമ്പോൾ ഒരു പന്തികേടായിരുന്നു തോന്നിയിരുന്നത്. ജന്മാവാകാശങ്ങളെപ്പോലെ ചിലേടത്തെല്ലാം സുസ്ഥിരം അള്ളിപ്പിടിച്ചുള്ള നിൽപ്പ്.

അപ്പോഴും സാക്ഷ്യപ്പെടുത്താനാവാത്ത വിധം എല്ലാം ദുരൂഹമായിരുന്നു.

"ആ കൗണ്ടർ ഫോയിൽ കിട്ടേണ്ടിയിരുന്നു."

"ഞാനാ പുസ്തകം തന്നെ എടുത്തിട്ടുണ്ട്. കണക്കുവഹകൾ

പരിശോധിച്ചതിനുശേഷം ഞാനാ കെട്ടിൽനിന്ന് തക്കത്തിന് മാറ്റി വെച്ചതാണ്. കാര്യം ആർക്കും അറിയില്ല.''

താളുകൾ മറിച്ചപ്പോൾ ഒരു ചരിത്രമെഴുതാവുന്ന അഞ്ച് എന്ന അക്കത്തെ പാർത്ഥൻ കണ്ടു. അയാളുടെ നെഞ്ച് വിറച്ച് തുടികൊട്ടി.

എല്ലാം പടവുകളാണെന്നറിഞ്ഞിട്ടും ഇവിടം സംശുദ്ധിയുള്ള ഇടമാണെന്നു ധരിക്കുകയായിരുന്നു. വന്നുകൂടിയവരെല്ലാം ധീരോദാത്തനായകന്മാർ; ജീവനെപ്പോലും ഏതു നിമിഷത്തിലും വെടിയാവുന്നവർ. ത്യാഗത്തിന്റെ പൂർവ്വ പ്രാബല്യത്തിൽ സംരക്ഷണം തേടുകയാണ് പലരും.

''ഏതായാലും ഇത്തരം ആളുകളെ പ്രസ്ഥാനവുമായി ബന്ധിപ്പിച്ചുകൊണ്ടുപോവാനാവില്ല. നാം സമൂഹത്തിന്റെ ആകെയുള്ള അഭിവൃദ്ധിയെക്കുറിച്ചാണു പറയുന്നത്. വ്യക്തിയുടേതല്ലല്ലോ...?''

''എന്തായാലും എതിർക്കണം പാർത്ഥൻ.''

''ജോസഫിന്റെ രശീതി കിട്ടേണ്ടിയിരുന്നു...''

''പക്ഷേ അയാളുടെ അടുത്തുണ്ടാവുമോ?''

''ചെന്നുനോക്കണം... ആളിപ്പോൾ ജോലിസ്ഥലത്തല്ലേ...?''

''വീട്ടിലുണ്ടാവും. വിവാഹം അടുത്തുതന്നെ നടക്കും. അതിന്റെ തിരക്കിലാണ്.''

ക്ഷണപത്രികയുടെ കൂടുതുറന്നതിനുശേഷം അതെവിടെയോ അലസമായി ഇടുകയാണുണ്ടായത്. നിരുപദ്രവിയും ഒരു വഞ്ചനയുടെ തിക്തരസം ആസ്വദിക്കാൻ വേണ്ടിമാത്രം കാത്തിരുന്നവളുമായ സ്റ്റെല്ലയുടെ മുഖമാണ് മുന്നിൽ തെളിയുന്നത്.

രോഹിണി ജോസഫിനെ നിത്യശത്രുവെന്നോണം കണക്കാക്കുകയാണുണ്ടായത്. സ്റ്റെല്ലയുടെ മനോവികാരങ്ങളെക്കുറിച്ചായിരുന്നു അവൾക്ക് പറയാനുണ്ടായിരുന്നത്.

''നമുക്കിന്നുതന്നെ ജോസഫിനെ കാണണം. ഇതൊരു കാലിത്തൊഴുത്താക്കിത്തീർക്കാൻ വയ്യ, എന്നിട്ട് കൂടുതലായി തീരുമാനിക്കാം. ഞാനൊന്ന് കുളിക്കട്ടേ... ഇരിക്കൂ വേഗംതന്നെ വരാം...''

അടുക്കളയിലേക്കു ചെന്നപ്പോൾ രോഹിണി ചോറുവാർക്കയായിരുന്നു. കാലത്തെ ഒറ്റവെയ്പോടെ രാവിലേയ്ക്കും ഉച്ചയ്ക്കു മുള്ള വിഭവങ്ങൾ അവസാനിക്കുന്നു.

അടപ്പൂറ്റി നല്ലതുപോലെ കമഴ്ത്തിയതിനുശേഷം നിവർന്നുനിന്ന് രോഹിണി ചോദിച്ചു:

''പഴയ ഒറ്റയാന്റെ സ്വഭാവം വിട്ടിട്ടില്ലല്ലേ. ചെന്നിടത്തുതന്നെയുള്ള കിടന്നുറക്കം.'

നെറുകയിൽ എണ്ണപൊതിയുകയായിരുന്നു പാർത്ഥൻ.

എണ്ണകിനിഞ്ഞിറങ്ങി കണ്ണുകൾ വല്ലാതെ എരിയുന്നുണ്ട്.

“സ്വഭാവങ്ങളൊന്നും അങ്ങനെ മാറില്ലല്ലോ. ഇപ്പോഴെന്തു തോന്നുന്നു?”

“എനിക്കതിഷ്ടം തന്നെ. പക്ഷേ എന്നേയും ഓർക്കണം. കുളിച്ചോളൂ. എന്നിട്ടാവാം സംസാരം.”

“എനിക്ക് ജോസഫിനെ ചെന്നു കാണണം.”

ചായ്പിലെ കളിമുറിയിൽ കയറി പാട്ടയിൽ തണുത്തവെള്ളം കോരി ഒരുപാടൊഴിക്കുമ്പോഴും പാർത്ഥന്റെ തലയ്ക്കകത്ത് ഒരു രശീതി പുസ്തകത്തിന്റെ താള് കിടന്നു പാറുകയായിരുന്നു. മുൻമന്ത്രിയും സംസ്ഥാനതല നേതാവുമായ ഇദ്ദേഹം കല്പകവൃക്ഷത്തിലെ ഒരു പഴുത്തിലയാണ്. അശരണരായ, തെരുവിൽ തറിക്കുത്തവകാശമുള്ള കുറെ ജനങ്ങളാണ് ഇവർക്കു പിമ്പേ!

രാമുവും പവിത്രനുമൊത്ത് ഊണു കഴിക്കാനിരിക്കുമ്പോഴും പാർത്ഥൻ അതീവ ചിന്താധീനനായിരുന്നു.

രോഹിണിയോട് യാത്രപറഞ്ഞ് മൂവരും പടിയിറങ്ങിയപ്പോൾ അമല എതിരെ വരുന്നതു കണ്ടു. ഓടിയുണങ്ങിയതുപോലെ ശരീരം വല്ലാണ്ട് മെലിഞ്ഞ് കരുവാളിച്ചിരിക്കുന്നു.

“അമലടെ പരീക്ഷ കഴിഞ്ഞില്ലേ...?”

“ഉവ്വ്... ഇനി റിസൾട്ടറിയുന്നതുവരെ ഇരുപ്പുതന്നെ.... പാർത്ഥേട്ടനെങ്ങോട്ടാ?”

“ജോസഫിനെ കാണണം.”

കൂടെ ആളുള്ളതുകണ്ടാവണം അവൾ കൂടുതലായി സംസാരിക്കാൻ മിനക്കെട്ടില്ല. വീണ്ടും തുടരേണ്ടുന്ന പഠിപ്പിനെക്കുറിച്ചായിരുന്നു അമല പറഞ്ഞത്. ഒരു ജോലി.

ഉടനടി ചെന്നാൽ കുന്നങ്കുളത്തേക്കു ബസ്സുകിട്ടും. അല്ലെങ്കിൽ മണിക്കൂറുകളോളം കാത്തുനിന്നതിനുശേഷമേ ആവൂ.

പവിത്രനാണ് എന്നോടതു പറഞ്ഞത്. അപ്പോൾ കൂട്ടിന് രാമുവുമുണ്ടായിരുന്നു. മുമ്പും രാമു പല വിവരണങ്ങളും എന്നോട് സൂചനയോടെ നൽകുകയുണ്ടായിട്ടുണ്ട്. ഇസ്മായിൽ സേട്ട് മന്ത്രി ആവുന്നതിനുമുമ്പായിരുന്നു. ട്രേഡ് യൂണിയൻ രംഗമായിരുന്നുവല്ലോ അയാൾക്ക് എന്നത്തേയും പോലെ വിലാസരംഗം.

നഗരത്തിൽനിന്ന് അത്ര അധികം ദൂരത്തൊന്നുമായിരുന്നില്ല ‘അന്നലക്ഷ്മി മിൽസ്’ സ്ഥിതി ചെയ്തിരുന്നത്. അവിടത്തെ പ്രധാന വാണിഭം നൂലും അതിനോടനുബന്ധിച്ച ഉല്പാദന വസ്തുക്കളുമായിരുന്നു.

മൂവ്വായിരത്തോളം വരുന്ന തൊഴിലാളികൾ. ഭീമമായ കൂറ്റൻ കെട്ടിടങ്ങൾ. മുതലാളിയ്ക്ക് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലായി മറ്റനേകം മില്ലുകളുമുണ്ടായിരുന്നു. കേരളത്തിൽ സ്ഥാപനം ആരംഭിച്ച നിമിഷം തന്റെ ജീവിതത്തിലെ കഷ്ടകാലം ഉറവപൊട്ടുകയാണുണ്ടായതെന്നാണ് അയാളെങ്ങും പറഞ്ഞിരുന്നത്.

എങ്കിൽതന്നെയും തൊഴിൽകുഴപ്പങ്ങളെ സമർത്ഥമാംവണ്ണം നേരിടുന്നതിനു തക്ക നൈപുണ്യം അയാൾ കാലക്രമത്തിൽ സമ്പാദിച്ചിരുന്നു.

ഫാക്ടറിയുടെ പാതിയിലേറെ തൊഴിലാളികളും തമിഴന്മാരായിരുന്നു. കൂടാതെ തൊഴിലാളികളുടെതന്നെ ആശ്രിതന്മാരായിരുന്നു മറ്റുപലരും. ഒരു തൊഴിൽസമരത്തിന്റെ സാദ്ധ്യതയെ ഭാഷാപരമായ ശത്രുതയെ ചൂഷണം ചെയ്ത് ഉപയുക്തമാക്കാൻ അയാൾക്കു കഴിഞ്ഞിരുന്നു.

അദ്ധ്വാനിക്കാൻമാത്രം പഠിച്ച വകതിരിവില്ലാത്ത തമിഴർ. ദൈവത്തെപ്പോലെ സംരക്ഷണം നല്കി, കുടുംബാംഗങ്ങൾക്ക് ജോലി നല്കി കാത്തുപോരുന്ന മുതലാളി.

അധികരിച്ച അദ്ധ്വാനവും ശമ്പളക്കുറവും. ഏതു നിമിഷത്തിലും ഉടമസ്ഥന്റെ അപ്രിയത്തിന്റെ പേരിൽ നഷ്ടപ്പെടാവുന്ന ജോലിയും.

വടകരയിൽനിന്നും തൊഴിലന്വേഷിച്ചെത്തിയ അയ്യപ്പൻ ഫാക്ടറിയിൽ അംഗമായതുമുതൽ അദ്ധ്വാനിക്കുന്നവരെ ഏകീകരിക്കുന്നതിനായുള്ള അക്ഷീണയത്നത്തിലായിരുന്നു. അയാൾ കയ്യിൽനിന്ന് കാശുചെലവാക്കി നേതാക്കളെക്കണ്ട് സംഘടനയുടെ രൂപീകരണത്തിനായി അത്യധികം ഉത്സാഹത്തോടെ പ്രവത്തിച്ചുപോന്നു.

അയ്യപ്പന്റെ പ്രവർത്തനത്തോടൊപ്പം മറ്റു പാർട്ടികൾക്കും പഴുതുകൾ ലഭിക്കുകയായിരുന്നു. സംഘടനയുടെ പ്രവർത്തനം കാര്യക്ഷമമായിത്തീർന്നപ്പോൾ മുതലാളിയും തന്റെ സിൽബന്ധികളെ നേതൃത്വത്തിലിരുത്തിക്കൊണ്ട്, തൊഴിലാളികളുടെ ഉന്നമനത്തെക്കുറിച്ച് പുലമ്പുവാനാവശ്യപ്പെടുകയും എന്നാൽ സ്വന്തം താല്പര്യങ്ങളുടെ സംരക്ഷണത്തിനായി ഉപയോഗിക്കുകയും ചെയ്തുകൊണ്ട് ഒരു സംഘടന സ്ഥാപിക്കുകയാണുണ്ടായത്.

മിൽതുണിത്തരങ്ങൾക്ക് കമ്പോളമില്ലെന്നും കൂടാതെ സർക്കാറിന്റെ ഭാരിച്ചനികുതിയും അനാവശ്യമായി വന്നുചേർന്ന കറന്റ് കട്ടും മൂലം കണക്കറ്റ് തൊഴിലാളികളുള്ള ഫാക്ടറി തുടർന്നും സുഗമമായി നടത്തിക്കൊണ്ടു പോവേണ്ടുന്നതിന്റെ ആവശ്യത്തിനായി കുറച്ചുതൊഴിലാളികളെ പിരിച്ചു വിടുകയാണുണ്ടായത്.

അയ്യപ്പനും കൂട്ടരുമായിരുന്നു പ്രധാനമായും പിരിച്ചുവിട പ്പെട്ടവർ.

പിരിച്ചുവിടലിനെതിരേയും ഇരുപത്തഞ്ചു ശതമാനം ബോണ സ്സിനും കൂടാതെ തൊഴിൽ സമയം എട്ടുമണിക്കൂറായി ക്ലിപ്തപ്പെടു ത്തുന്നതിനും വേണ്ടിയായിരുന്നു തൊഴിലാളികൾ സമരത്തിനിറ ങ്ങുകയുണ്ടായത്. സമരസമിതിയുടെ നേതൃത്വം പതിവുപോലെ അഖില ടെക്സ്റ്റയിൽ തൊഴിലാളി നേതാവായ ഇസ്മായിൽ സേട്ടി നായിരുന്നു.

കോലാഹലത്തോടെ; മൈക്കിന്റെയും ജാഥയുടേയും ഉഗ്രൻ പ്രസംഗത്തിന്റെയും അന്തരീക്ഷത്തിൽ ആരംഭിച്ച സമരത്തിന് ഫാക്ടറി പ്രവർത്തനത്തെ പരിപൂർണ്ണമായും സ്തംഭിപ്പിക്കാൻ കഴിയു കയുണ്ടായില്ല. അപ്പോഴും സ്പിന്നിങ്ങ് സെക്ഷനും വീവിങ്ങ് സെക്ഷനും നിരന്തരം പ്രവർത്തിച്ചുകൊണ്ടേയിരുന്നു.

മുതലാളിയുടെ ആശ്രിതസംഘടനയിലെ അംഗങ്ങളും വണ്ടി ക്കാളയെപ്പോലെ ആയിത്തീർന്ന തമിഴന്മാരും കൃത്യവിലോപം വരുത്താതെ എന്നും ഹാജരായിരുന്നു.

പക്ഷേ അത്യാവശ്യത്തിന് തൊഴിലാളികളില്ലാത്തതിനാൽ പ്രവർത്തനം മന്ദഗതിയിലായതുമൂലം ഒടുക്കം മുതലാളിക്ക് മില്ലിന്റെ പ്രവർത്തനം നിർത്തിവെയ്ക്കേണ്ടിവന്നു. തുടർന്ന് ലോ ക്കൌട്ടുമുണ്ടായി. അപ്പോഴേയ്ക്കും സമരം മുപ്പതു ദിവസം പിന്നിട്ടിരുന്നു.

ഗത്യന്തരമില്ലാഞ്ഞ് മുതലാളി ഇസ്മായിൽ സേട്ടിന്റെ നേതൃത്വ ത്തിൽ അനുരഞ്ജനയോഗം വിളിച്ചുകൂട്ടുകയാണുണ്ടായത്. അച്ച ടക്കനടപടിയുടെ പേരിലും അധികതൊഴിലാളിയാണെന്നതിന്റെ പേരിലും പിരിച്ചുവിട്ട അയ്യപ്പനേയും കൂട്ടരേയും തിരിച്ചെടുക്കാൻ അയാൾ ഒരിക്കലും സന്നദ്ധനായിരുന്നില്ല. മില്ലിന്റെ നടത്തിപ്പ് കൃത്രിമ കണക്കുകൾ കാണിച്ച് നഷ്ടമാണെന്ന് ബോദ്ധ്യം വരുത്താൻ ശ്രമിക്കുകയുമായിരുന്നു. എട്ടുശതമാനം ബോണസ് തരാമെന്ന വാഗ്ദാനവുമായി അയാൾ ദാക്ഷിണ്യം പ്രദർശിപ്പിച്ചു.

ഫലം സംഭാഷണം അലസിപ്പിരിയുകയും സമരം തുടരുകയും ഫാക്ടറിയുടെ വാതിലുകൾക്ക് തുരുമ്പ് നല്ലതുപോലെ വീഴുക യുമായിരുന്നു.

എന്നാൽ പൊടുന്നനെയാണ് സംഭവവികാസങ്ങൾക്ക് ഗതിമാറ്റം സംഭവിച്ചത്. അത് തൊഴിലാളികളെപ്പോലും അത്ഭുതപ്പെടുത്തി.

പന്ത്രണ്ടരശതമാനം ബോണസ്സ് നല്കുകയും പിരിച്ചുവിടപ്പെട്ട ഏഴുപേരിൽ ഗുരുതരമായ അച്ചടക്കലംഘനം നടത്തിയ

അയ്യപ്പനൊഴികെ ബാക്കി ആറുപേരയും തിരിച്ചെടുക്കാൻ തയ്യാറാണെന്ന നിബന്ധനയിന്മേൽ സമരം പിൻവലിക്കപ്പെടുകയും ചെയ്തു.

അയ്യപ്പന്റെ മേലുള്ള ആരോപണം ലേബർ കോടതിയുടെ മുമ്പിൽ വിധിതീർപ്പിനായി വിട്ടിരിക്കുകയായിരുന്നു. അവിടെ ആകട്ടെ മുതലാളിയുടെ ചരടുവലിക്കൊത്താണ് കാര്യങ്ങൾ നീങ്ങിയിരുന്നത്.

എന്നിട്ടും അയ്യപ്പനും നാലുകൂട്ടുകാരും സമരം തുടരുകയായിരുന്നു. അവരുടെ സമരത്തിന് സംഘടനയുടെ പിൻബലമുണ്ടായിരുന്നില്ല.

പന്ത്രണ്ടരശതമാനം ബോണസ്സിന് തൊഴിലാളികളെക്കൊണ്ട് സമ്മതിപ്പിക്കുമ്പോൾ, വേറെ രണ്ടരശതമാനത്തോളം പോന്ന സംഖ്യ ഇസ്മായിൽ സേട്ട് നേടിയെടുത്തുവെന്ന് അയ്യപ്പൻ പ്രസംഗിക്കുകയുണ്ടായത് വെറും അഭ്യൂഹം മാത്രമാണെന്നാണ് പറയപ്പെടുന്നത്.

പക്ഷേ സമരത്തിനുമുമ്പും പിമ്പും മുതലാളിയുടെ കാറിൽ ഇസ്മായിൽ സേട്ട് നഗരത്തിൽ ചുറ്റിക്കറങ്ങിയിരുന്നത് പലരും കാണുകയുണ്ടായിട്ടുണ്ട്.

അയ്യപ്പനും കൂട്ടരും സമരം തുടർന്നുകൊണ്ടേയിരുന്നു. എട്ടാം ദിവസംവരെ നീണ്ടുനിന്ന നിരാഹാരസത്യാഗ്രഹത്തിലൂടെ അയ്യപ്പൻ ആശുപത്രിയിൽ എത്തപ്പെടുകയാണുണ്ടായത്. അയാൾ അകന്നപ്പോൾ സമരം വെറും പ്രഹസനമായി അവസാനിക്കുകയായിരുന്നു.

പിന്നീട് അയ്യപ്പൻ നാടുപേക്ഷിച്ച് മറ്റൊരു മണ്ണുതേടി പോവുകയായിരുന്നുവത്രെ!

പവിത്രന് ഇസ്മായിൽ സേട്ടിനെക്കുറിച്ചുള്ള മറ്റുപല കഥകളും അറിവുണ്ടായിരുന്നു.

ബോർഡംഗമായിരുന്നതിനാൽ ഉദ്യോഗാർത്ഥിയെ നിയമിക്കുന്നതിലൂടെ ലഭിച്ചിരുന്ന വമ്പിച്ച തുകകൾ. ബോർഡംഗങ്ങളെല്ലാം തന്നെ ഉദ്യോഗാർത്ഥിയുടെ നിയമനക്കാര്യത്തിൽ പങ്കുവെച്ച വിഹിതങ്ങളായിരുന്നു പറ്റിയിരുന്നത്. കൂടാതെ അടുത്ത ഫാക്ടറികളിൽ നടക്കുന്ന തൊഴിൽ കുഴപ്പങ്ങളും സമരങ്ങളും രമ്യമായി തീർക്കുന്നതിലൂടെ തന്ത്രപൂർവ്വം മുതലാളിമാരിൽനിന്ന് കൈപ്പറ്റിക്കൊണ്ടിരുന്ന സംഖ്യകളും.

ഇസ്മായിൽ സേട്ടിന്റെ നേതൃത്വത്തിലായിരുന്നു 'അലൈഡ് കെമിക്കൽസിലും' ഒത്തുതീർപ്പു സംഭാഷണം നടക്കുകയുണ്ടായത്.

അവിടേയും ബോണസ്സായിരുന്നു പ്രശ്നം. എന്നാൽ തക്ക കരുത്തോടെ കോൺഗ്രസിന്റെ യൂണിയനും സമരരംഗത്തുണ്ടായിരുന്നു.

കോഴിക്കോട്ടു കടപ്പുറത്ത് ഉപ്പുകുറുക്കി സിവിൽ നിയമലംഘനം നടത്തി എന്ന് അനുനിമിഷം അവകാശവാദം മുഴക്കുന്ന കെ. എൻ. പണിക്കരായിരുന്നു സംഘാടകൻ. എന്നാൽ മുതലാളിയുടെ കോഴ സ്വാതന്ത്ര്യസമരഭടനും തുല്യമായി വീതിച്ചുകൊണ്ട് ഇസ്മായിൽ സേട്ട് സമരം അവസാനിപ്പിക്കുകയായിരുന്നുവത്രേ!

ഇത്രയൊക്കെ ആയിട്ടും ഇസ്മായിൽ സേട്ട് തുടർന്നും ഇവിടെ രാജവാഴ്ച നടത്തുന്നതിനെ ഓർത്താണ് പാർത്ഥൻ അത്ഭുതപ്പെട്ടത്.

പവിത്രൻ പറഞ്ഞുനിർത്തിയപ്പോൾ രാമു തുടർന്നും ചിലതു പറയുകയുകയുണ്ടായി.

"അച്ചടക്കം ദാസ്യതയോളം ചെന്നത്തിയിരിക്കുന്നു. സ്വന്തം താവളത്തിലെ തെറ്റുകളെ അനുസരിക്കാൻമാത്രം പഠിച്ചവരാണ് അനുയായികൾ."

അന്യന്റെ മുഖത്തെ കറുത്ത പാടിനെ ചോദ്യം ചെയ്യാൻ ഇവിടെ എല്ലാവരും ഉത്സുകരാണെന്നും അതിലൂടെ അവർ സംതൃപ്തി കണ്ടെത്തുകയാണെന്നും തോന്നുന്നു.

പതിനെട്ട്

പവിത്രന്റെ പലായനം ഒരു സഹകരണസ്ഥാപനത്തിന്റെ അടിത്തറതൊട്ട് ആരംഭിക്കുന്നു. അതുവരെ ഡിപ്ലോമ സർട്ടിഫിക്കറ്റുമായി നാട്ടിൽ അലഞ്ഞുനടക്കുകയായിരുന്നു അയാൾ. തറവാട്ടിന്റെ മാനംകെടുത്തി ചെറുമക്കളോടും ഈഴവരോടുമുള്ള സഹവാസത്തോടെ അയാളുടെ കർമ്മരംഗം തുടരുന്നു.

വരമ്പത്ത് കൊടിപിടിച്ച് നടന്ന പവിത്രന്റെ തലയ്ക്ക് ജന്മിയുടെ പണിയാളുകൾ കമ്പുകൊണ്ടടിച്ചു ചതയ്ക്കുകയാണുണ്ടായത്. ആശുപത്രിവാസത്തിനുശേഷം പുറലോകം കണ്ട അയാളുടെ മുമ്പിൽ കുടുംബത്തിന്റെ വാതിൽ പൂർണ്ണമായും അടയുകയായിരുന്നു. പിന്നീട് അയൽക്കാർ മുഖാന്തരം ഭൂസ്വത്തിന്റെ വിഹിതം അച്ഛൻ നൽകിയപ്പോൾ നഗരത്തിൽ ആയിടെ മന്ത്രി ഉൽഘാടനം നിർവ്വഹിച്ച സഹകരണസ്ഥാപനത്തിൽ അയാൾ അംഗമാവുകയായിരുന്നു. എഞ്ചിനീയർമുതൽ സാധാരണ തൊഴിലാളിവരെ

പതിനായിരം മുതൽ രണ്ടായിരംവരെയുള്ള അംഗത്വ സംഖ്യകൾ. അത്രതന്നെ ബോർഡംഗങ്ങൾക്ക് കോഴയും.

പത്രത്തിൽ തയ്യൽമിഷ്യന്റെ ചിത്രത്തോടെ, സഹകരണപ്രസ്ഥാനത്തിന്റെ സ്തുത്യർഹമായ നേട്ടത്തെക്കുറിച്ചുമുള്ള വാർത്തയുമായി പ്രത്യക്ഷപ്പെട്ട സ്ഥാപനം ഒരു ചതുരംഗക്കളിയിലെ കരുക്കൾ മാത്രമായിരുന്നു. സർക്കീട്ടിനും വിദഗ്ദ്ധപരിശീലനത്തിനുമായി കനത്ത തുക ഒഴുകിയപ്പോഴും തയ്യൽമെഷീന്റെ നിർമ്മാണം പത്രത്തിൽ മാത്രം ഒതുങ്ങി. എന്നിട്ടും എങ്ങും വില്പനയ്ക്കായുള്ള പരസ്യങ്ങൾ പ്രത്യക്ഷപ്പെട്ടിരുന്നു.

വയറ്റുപിഴപ്പിനായി കിടപ്പാടം വിറ്റുപോന്നവർ എമ്പാടുമുണ്ടായിരുന്നു. അയ്യായിരംരൂപ കടലിൽ കലക്കുകയായിരുന്നെന്ന് അപ്പോഴൊന്നും പവിത്രനറിയുകയുണ്ടായില്ല.

ഒരു സുപ്രഭാതത്തിൽ ഫാക്ടറിയുടെ കതക് എന്നത്തേയ്ക്കുമായി അടഞ്ഞതോടെ ദീനരോദനങ്ങളുടെ മുറവിളി ആരംഭിക്കുകയായി.

പുല്ലുവളർന്ന മുറ്റവും പെയിന്റ് അടർന്നുപോയ നെയിംബോർഡും. ആരോടെന്നില്ലാതെ ആരംഭിച്ച സമരം വാഗ്ദാനങ്ങളുടെ പരിമളത്തോടെ അവസാനിക്കുകയായിരുന്നു. പതിവുപോലെ ഇസ്മായിൽ സേട്ടായിരുന്നു സമരത്തിനു നേതൃത്വം നൽകിയത്.

എന്നാൽ അപ്പോഴും പുതുതായി അംഗങ്ങളെ തിരഞ്ഞെടുക്കുന്ന തിരക്കിലായിരുന്നു ബോർഡ് അംഗങ്ങൾ. ഇസ്മായിൽ സേട്ടും ഒരംഗമായിരുന്നു. പാതിയ്ക്ക് പിരിച്ചുവിടപ്പെട്ടവരും തുക ഒടുക്കിയിട്ടും ജോലിപോലും ലഭിക്കാതെ കബളിപ്പിക്കപ്പെട്ട കുറെ പേർ വേറെയും. എങ്ങും പോവാനില്ലാത്ത പവിത്രന് പഴയ പാർട്ടി ഓഫീസായിരുന്നു ആധാരം. അക്ഷരമാല അറിയാത്ത ജനത്തിന്റെ അപേക്ഷ എഴുത്തുമുതൽ നോട്ടീസ് ഡ്രാഫ്ററ് ചെയ്യുന്നതുവരെയും അയാളുടെ കൈകളിലൂടെയായിരുന്നു.

പവിത്രന്റെ ഊണും ഉറക്കവും പാർട്ടി ഓഫിസിൽത്തന്നെ. നാട്ടിലെ വിലാസംപോലും അയാൾ പാടെ മറന്നിരുന്നു.

അവർ ജോസഫിന്റെ വീട്ടിലെത്തുമ്പോൾ അയാൾ അവിടെ ഇല്ലായിരുന്നു. സദ്യവട്ടത്തിനുള്ള മുന്നോടിയായി ആളെ ഏർപ്പാടു ചെയ്യാൻ ചെന്നിരിക്കുന്നു.

പന്തലിൽ ചിട്ടതെറ്റി കിടക്കുന്ന കസേരയിൽ രാമുവിനെയും പവിത്രനെയും ഇരുത്തിയതിനുശേഷം പാർത്ഥൻ അകത്തേക്കു നടന്നു. ബഹളത്തിൽ ആർക്കും ആരേയും തിരിച്ചറിയാനാവുന്നില്ല. അവാന്തര വിഭാഗത്തിൽപ്പെട്ട ഏതെല്ലാമോ സ്വന്തക്കാർ ഒരു

വിവാഹത്തിന്റെ പേരിൽ ആഴ്ചകൾക്കു മുന്നേവന്നു കൂടിയിരിക്കയാണ്.

പെണ്ണുങ്ങളുടെ നടുവിലിരുന്ന് യാതനകളുടെ ചുരുളുകളഴിക്കുകയായിരുന്നു അമ്മച്ചി. അയാളെ കണ്ടപാടെ അവരെണീറ്റുവന്നു.

"മോൻവന്നോ. നേരത്തെ വന്നതേതായാലും നന്നായി. ജോസഫ് വേഗം വരും വാ...മോനെ..."

കൂട്ടുകൂടിയിരുന്നവരോട് അയാളെ പരിചയപ്പെടുത്തി. അവർ അയാളുമായി പുറമേക്കിറങ്ങി. തൊടിയിൽ നിറച്ചും തെങ്ങും കവുങ്ങുമാണ്. കവുങ്ങിൽ ചുറ്റിപ്പടർന്നു നില്പാണ് മുളകിൻ കൊടികൾ.

തെങ്ങിന്റെയും കവുങ്ങിന്റെയും കാനലിലൂടെ നടക്കുമ്പോൾ അമ്മച്ചി പറഞ്ഞു:

"ഈ തൊടിയെപ്പോലാണ് അവനിന്ന്. കുടുംബത്തിനൊന്ന് പച്ചപിടിക്കാനൊത്തു. മോൻ കല്ല്യാണത്തിന് വരവില്ലാന്നാണ് ജോസഫ് പറഞ്ഞത്."

അപ്പോൾ മകൻ സവിസ്തരം എല്ലാം പ്രതിപാദിച്ചിരിക്കുന്നു. അയാൾ അയൽപക്കത്തെ തൊടിയ്ക്കു നോക്കിയപ്പോൾ അവർ പറഞ്ഞു:

"അവളും കുടുംബവും ഇവടെ ഇല്ല. ജോസഫിന്റെ കല്ല്യാണം കഴിഞ്ഞാലേ ഇനി വരൂ. മോൻ ജോസഫിനോട് ഇനി ഇതേക്കുറിച്ചു സംസാരിക്കരുത്, അവനാകെ കലങ്ങിയ പരുവത്തിലാണ്. സ്വന്തം നെല ഉയർന്നാൽ ആ നെല തന്നെ തേടിപ്പിടിക്കണം മോനേ. എന്നാലെ ഈ ലോകത്ത് ജീവിക്കാനൊക്കൂ..."

സ്റ്റെല്ല ഒരു കടുങ്കയ്യും ചെയ്യാതിരിക്കട്ടേ.

തിരികെ മുൻവശത്തേക്കു തന്നെ നടക്കുമ്പോൾ പാർത്ഥൻ ഏറെ അസ്വസ്ഥനായിരുന്നു. ഒരു നരകക്കുഴിയിൽ അകപെട്ടതുപ്പോലെ. സ്റ്റെല്ലയെ ബലികൊടുത്തുള്ള ജോസഫിന്റെ വിവാഹം കാണരുതെന്നാശിക്കയായിരുന്നു. അതൊഴിവാക്കാനുള്ള ശ്രമം വിവാഹത്തിന്റെ ഒരുക്കത്തിനുമുന്നേ എത്തിച്ചിരിക്കുന്നു.

പവിത്രനും രാമുവും ഇസ്മായിൽ സേട്ടിന്റെ പുരാതന ഗാഥ ആവർത്തിക്കയാണ്. ഓലപ്പന്തലിൽ തോരണങ്ങൾ തൂക്കുകയാണ് നാട്ടിലെ വാല്യക്കാർ. ചെത്തിക്കോരിയ കിഴക്കേപുറത്ത് മറപ്പുരയുണ്ടാക്കുന്ന മദ്ധ്യവയസ്ക്കനും കൂട്ടരും.

അകത്തളത്തിലെ കുഞ്ഞുങ്ങളുടെ ബഹളം മേൽക്കൂരയെ ഭേദിക്കുന്നുണ്ട്. പെണ്ണുങ്ങളുടെ നീണ്ട ശകാരങ്ങൾ കാറ്റത്തൊഴുകി എത്തുന്നു.

ഉച്ചകഴിഞ്ഞതിനാൽ തീ പോലുള്ള വെയിൽ ആറുകയാണ്. തെങ്ങിൻ തടത്തിലെ നിഴൽ ഇരുട്ടിനെ തേടി വളരുന്നു.

സഹപാഠികളുടെ മൂരിശൃംഗാരത്തെക്കുറിച്ച് അവജ്ഞയോടെ സംസാരിക്കുകയായിരുന്നു ജോസഫ്. പ്രായം തികഞ്ഞ് പരുവം മുട്ടി നില്ക്കുന്ന അവരുടെ വിമോചന മേഖലയായ കാമ്പസ്സിനകം രക്ഷിതാക്കളുടെ അടുക്കൽ വാർത്തകളെത്താത്ത ഒരു കോട്ടപോലെയായിരുന്നു. പരീക്ഷക്കാലത്തോടെ കാമ്പു കുറഞ്ഞ് മുരടിക്കുന്ന പ്രേമം പിന്നീട് തളിർക്കാതെ വാടുന്നു.

അപ്പോൾ ജോസഫ് ഊടുറ്റ സ്വരത്തോടെ ദൃഢമായ സ്വന്തം പ്രേമത്തെക്കുറിച്ച്, ആഴത്തിലിറങ്ങിയ ആത്മബന്ധത്തെക്കുറിച്ച് അതൊരിക്കലും പിഴുതെറിയാനാവാത്ത വിധം അതിശക്തവും അഗാധവുമാണെന്ന് ഉൽഘോഷിക്കുമായിരുന്നു.

സന്ധ്യചുവക്കുന്നതിനുമുമ്പേ ജോസഫ് വന്നു. പാർത്ഥനെ കണ്ട് ചകിതനായ അയാൾ ഒരു നിമിഷം മൂകനായി പടിയ്ക്കൽ തന്നെ നില്ക്കുകയാണുണ്ടായത്.

"കുറേ നേരമായോ വന്നിട്ട്...?"

"ങാ..."

പാർത്ഥൻ ഇരിപ്പിടത്തിൽനിന്നെണീറ്റ് ജോസഫുമായി തൊടിയിലേക്കു നടന്നു. ജോസഫിന്റെ വിളർത്ത മുഖത്തെ ഭാവഭേദങ്ങളെ അയാൾക്കൂഹിക്കാനായി. സ്റ്റെല്ലക്കുവേണ്ടി അവസാന നിമിഷത്തിൽ കൂട്ടുചേർന്ന് അറ്റകൈ പ്രയോഗിക്കാൻ വന്നതെന്നാവും.

രാമുവിന്റെ ശരവ്യങ്ങളായ ചോദ്യങ്ങളെ നേരിടാനാവാതെ നമ്പ്യാർ നിന്നുചൂളുകയായിരുന്നു. യൂണിയന്റെ ജില്ലാ കമ്മറ്റി കൂടിയ ദിവസം, ഹാളിലെ എണ്ണിപ്പെറുക്കാവുന്ന മനുഷ്യർ.

യോഗം കഴിഞ്ഞ് രാത്രി തെരുവിലൂടെ നടക്കുമ്പോൾ നമ്പ്യാർ ഇന്ത്യയുടെ വർഗ്ഗപരമായ വിഭജനത്തെക്കുറിച്ചാണ് പറഞ്ഞത്. ഇവിടെ ഒരു പുതിയ ഐക്യനിരയിലൂടെ എന്തും നേടിയെടുക്കാനാവും. രാമു അപ്പോഴും അതൃപ്തിയോടെ മുഖം തിരിച്ചുപോന്നു.

"ഞാനന്നയച്ചുതന്ന രശീതി ജോസഫിന്റടുത്തില്ലേ?"

"എന്താ... മേശവലുപ്പിലുണ്ടാവുമെന്നു തോന്നുന്നു. എന്താ അത്യാവശ്യം?"

"ഒന്നു വേണ്ടിയിരുന്നു."

നെറ്റി ചുളിച്ച് പാർത്ഥന്റെ മുഖത്തേക്കു നോക്കി അയാൾ ചോദിച്ചു.

"ഉംംം..."

ഉത്തരം കിട്ടാഞ്ഞപ്പോൾ ജോസഫ് തുടർന്നു:

“ഒരു പാർത്ഥനെ ഇവ്ടെ സ്വയം നശിക്കാനായി തയ്യാറാകൂ. ബാക്കി എല്ലാവരുടെയും കണക്കുകൂട്ടൽ സ്വന്തതാല്പര്യങ്ങൾ മാത്രമാണ്. ഇസ്മായിൽ തുക വെട്ടിച്ചുവല്ലേ?”

“എന്നു വ്യക്തമായി പറയാനാവില്ല. അതന്വേഷിക്കാനാണ്. രശീതി കിട്ടേണ്ടിയിരുന്നു. തിരക്കിലൂടെ ആണ്, തളത്തിലെ പെൺ പറ്റങ്ങളെ കടന്ന് മുറിയിലെത്തി മേശവലിപ്പു തുറന്ന് അവർ തിരച്ചിലാരംഭിച്ചു. വലിപ്പുനിറച്ചും കടലാസ്സു നുറുങ്ങുകളാണ്. വാരികകളുടെ താളുകൾതൊട്ട് പത്രങ്ങളിലെ ചിന്തിയെടുത്ത കുറിപ്പുകൾ വരെ.

മുറിയിൽ സദ്യക്കു വേണ്ട ഒരുക്കങ്ങൾ. കായ്കറികളും തട്ടിലെ വളയത്തിൽ നിന്ന് തൂങ്ങിക്കിടക്കുന്ന പഴക്കുലകളും.

പഴയ ഡയറികളുടെ താളുകൾ സൂക്ഷ്മമായി പരിശോധിക്കുകയായിരുന്നു പാർത്ഥൻ. ഇസ്മായിൽ സേട്ടിന്റെ നേർക്ക് ചാട്ടാവുന്ന അനേകം പിഴവുകളുടെ നേർക്കുള്ള ഏക തുറുപ്പുശീട്ടാണ് രശീതി. അതു കണ്ടെത്തിയാലേ ഒരു പുനർനിർമ്മാണമാവൂ. ആധികാരികമായി സാക്ഷ്യപ്പെടുത്തിയാലേ തരത്തിന് ഒത്താശചെയ്ത് കീശയിൽ ചാർത്തെഴുതി ചേർക്കുന്ന ഇവരുടെ കേളീരംഗത്തിന് അറുതിവരുത്താനാവൂ.

വിയർത്ത മുഖവുമായി തുണ്ടുകടലാസ്സുകളുടെ കൂമ്പാരത്തിൽ നിന്ന് മുഖമുയർത്തിയ ജോസഫ് പറഞ്ഞു:

“ഇതാ നിന്റെ രശീതി, ഇനി നീ നീതിക്കായി യുദ്ധം ചെയ്യ്.”

പന്തലിലേക്ക് തിരിച്ചെത്തിയപ്പോൾ വിയർപ്പുതാനേ താണു. രാമു രശീതി വാങ്ങിച്ച് ഒന്നോടിച്ചുനോക്കി ഇസ്മായിൽ സേട്ടിന്റെ കയ്യൊപ്പ് രശീതിക്കു താഴെയായി നീണ്ടുവലിഞ്ഞു കിടപ്പുണ്ട്.

ജോസഫ് കഴുത്തിൽ ഏലസ്സുകെട്ടിയ വൃദ്ധനോട് തിരിക്കിട്ട് സംഭാഷണത്തിലേർപ്പെട്ടിരിക്കയാണ്. പന്തൽ ദീപാലംകൃതമായിരിക്കുന്നു. തോരണങ്ങൾ കെട്ടിത്തൂക്കി ചെറുപ്പക്കാർ സ്ഥലം വിട്ടിരിക്കുന്നു. ആൾതിരക്കിലും വാതുവെച്ച് ഓടിക്കളിക്കയാണ് പിള്ളേർ.

“നമുക്കു പോവാം ഇനി വൈകിക്കേണ്ട...”

രാമുവിന്റെ അവസാനത്തെ വാക്കുകൾ കേട്ടുവന്ന ജോസഫ് പറഞ്ഞു.

“ഊണു കഴിച്ചുപോയാൽമതി. എട്ടരയ്ക്ക് ലാസ്റ്റ് ബസ്സുണ്ട് വരുകൈ കഴുകാം.”

ഊണുകഴിക്കാൻ തളത്തിൽ വിരിച്ച പായയിലിരിക്കുമ്പോഴും പാർത്ഥൻ ഇസ്മായിൽ സേട്ടിനെ തന്നെയാണോർത്തിരുന്നത്.

പഴയൊരു ത്യാഗത്തിന്റെ പേരിൽ അദ്ധ്വാനിക്കാതെ, അദ്ധ്വാന

ത്തിന്റെ മൂല്യത്തെ പ്രമാണമാക്കിയ ഒരു തത്വശാസ്ത്രത്തെ ആണ് അയാൾ വ്യഭിചരിക്കുന്നത്.

കോളേജ് പ്രിൻസിപ്പൽ വീട്ടിൽ ചെന്നുകാണാൻ ആവശ്യപ്പെട്ടതു പ്രകാരം പോവുകയാണുണ്ടായത്. ചായസൽക്കാരത്തിനുശേഷം എന്റെ ചുമലിൽ കയ്യിട്ട് തോട്ടത്തിലൂടെ നടക്കുമ്പോൾ അയാൾ പറഞ്ഞത് രാഷ്ട്രീയത്തിന്റെ പടുകുഴികളെക്കുറിച്ചായിരുന്നു.

എന്തിനെയും വളക്കൂറാക്കി ഉപയുക്തമാക്കുന്നവനേ മുന്നേറാനാവൂ!

ഊണുകഴിഞ്ഞ്, നാട്ടുവെളിച്ചത്തിന്റെ സഹായത്തോടെ നിരത്തിലേയ്ക്കു നടക്കുമ്പോൾ ജോസഫും അവർക്ക് കൂട്ടിനുണ്ടായിരുന്നു. നിരത്തിനോരംപറ്റി ബസ്സുകാത്തുനിൽക്കുമ്പോഴും നാട്ടിലെ പ്രമാദമായി നടക്കാവുന്ന കല്യാണവീട്ടിലെ ബഹളം അന്തരീക്ഷത്തെ പിച്ചിച്ചീന്തിയെറിയുന്നത് പാർത്ഥൻ കേട്ടു.

തെങ്ങുകളുടെ കടയ്ക്കലൂടെയും സ്ഥാനംതെറ്റി നിലകൊള്ളുന്ന വീടുകളുടെ പഴുതുകളിലൂടെയും പന്തലിലെ വെളിച്ചം കാണുന്നുണ്ട്. കൂട്ടത്തിൽ നിഴലുകളെപ്പോലെ നീങ്ങുന്ന ആൾരൂപങ്ങളേയും.

അഗ്നിസാക്ഷിയും മംഗല്യകയറുമില്ലാതെ നടന്ന, മാമൂലുകളും ആഡംബരവുമില്ലാത്ത, നാട്ടുകാർക്ക് ഒരു സദ്യ നഷ്ടപ്പെടുത്തിയ തന്റെ വിവാഹത്തേയും അയാൾ ഓർത്തു.

രോഹിണി ആശുപത്രിയിലേക്കു പോയിരിക്കയാവും. വീട് അടഞ്ഞുകിടക്കയാവും. ഈ തിരക്കിൽ വീണ്ടുമവൾ രണ്ടാംനിരയിലേക്ക് തള്ളപ്പെടുക എന്നതാണ് പരമമായ സത്യം. എന്തും സഹിക്കുന്ന ദുഃശ്ശാഠ്യംപോലും കാട്ടാത്ത അവളുടെ മുഖമാണ് ദുഃഖം നൽകുന്നതും.

പത്തൊമ്പത്

മുഖത്ത് വിയർപ്പ് കണങ്ങളുമായി മാറത്ത് തളർന്നുവിവശയായി മുഖം പൂഴ്ത്തിക്കിടക്കുകയായിന്നു രോഹിണി. എന്റെ ചോദ്യത്തിന് അവൾ അപ്പോഴും മറുപടി നല്കിയിരുന്നില്ല.

“എന്താ..?”

“പാർത്ഥേട്ടന്റെ ഓരോ തോന്നലാണ്. പാർത്ഥട്ടൻ എന്നെ സ്നേഹിക്കുന്നേടത്തോളം കാലം ഞാനെന്തും സഹിക്കും.”

പഴയതുപോലെ കുത്തഴിഞ്ഞ പ്രവണതയിലേക്കു മൂക്കുകുത്തി വീഴുമ്പോൾ രോഹിണിയെ പാടെ മറന്നതുപോലെ. യൂണിയനായി

അകമഴിഞ്ഞിറങ്ങുമ്പോൾ അപരാധബോധത്തിന്റെ നേർത്തൊരു നാമ്പ് എന്നിൽ വിരിയാറുണ്ടായിരുന്നു.

ഉദ്യോഗസ്ഥ ആയിട്ടും വീട്ടിലുള്ളപ്പോഴല്ലാം എന്നെ കാത്ത് ആഹാരം കഴിക്കാതെ കുത്തിയിരുപ്പു തന്നെയാവും. ഉറക്കംതൂങ്ങിയാലും പടിയുടെ കിലുക്കംകേട്ടാൽ അവൾ ഉടനടി കതകു തുറക്കുമായിരുന്നു.

ഓഫീസിലെ പതിവുകൃത്യങ്ങൾ വീണ്ടും ആരംഭിക്കുന്നു. സൂപ്രണ്ട് സൃഷ്ടിച്ച അരക്ഷിതാവസ്ഥയിൽ ആണ്ടുകിടക്കുകയാണ് സ്റ്റാഫ്. ബാലകൃഷ്ണന്റെ ഒളിച്ചും തെളിച്ചുമുള്ള കൂരമ്പുകളെ കൂസ്സലന്യേ കേട്ടിരുപ്പാണു പണിക്കർ.

പ്യൂൺ വിളിച്ചതുപ്രകാരം ഹാഫ്ഡോർ തുറന്ന് ഞാൻ ഓഫീസറെ ചെന്നുകാണുകയായിരുന്നു. അതീവതാല്പര്യത്തോടെ അയാൾ കുടുംബക്ഷേമത്തെക്കുറിച്ചന്വേഷിച്ചപ്പോൾ ചാരിതാർത്ഥ്യമാണ് തോന്നിയത്.

ഇപ്പോൾ ഉറ്റസുഹൃത്തുക്കളായി ഭാവിക്കുന്നവരോടുപോലും അതിരു കവിഞ്ഞ സ്നേഹം തോന്നുന്നു!

രണ്ടാം ശനിയാഴ്ചയുടെ അലസതയിൽ മുങ്ങിക്കിടപ്പായിരുന്നു പാർത്ഥൻ. കുളികഴിഞ്ഞിട്ടും അലസനായി കിടക്കയിലേക്കുതന്നെ ഇഴഞ്ഞ് ചെല്ലുകയാണുണ്ടായത്.

അകത്ത് രോഹിണിക്കു സഹായിയായി അമലയാണ്. ഒന്നിടവിട്ട ദിവസങ്ങളിൽ കാണാനെത്തുന്ന അവളുടെ മുഖം ഏറെ ചിന്താകുലമായിരിക്കുന്നു.

അമല ജയിക്കും എന്നതുറപ്പാണ്. വീണ്ടും മൂന്നുവർഷത്തേക്കുള്ള ചുമടാണ് ഏറ്റി നടക്കേണ്ടത്.

അമല അടച്ചിട്ട മനസ്സിലെ ആശയെ തുറന്നുകാണിക്കുകയായിരുന്നു. ഒരു ഹൈസ്കൂൾ ടീച്ചറെങ്കിലുമാവാൻ കഴിഞ്ഞെങ്കിൽ...

വിവാഹത്തെ ഒരു നിഷേധാത്മകമായ നിലപാടിലൂടെയാണു അവൾ വീക്ഷിച്ചിരുന്നത്. പണിതീർത്തു സാരിത്തുമ്പിൽ കൈ തുടച്ച് കടന്നുവന്ന രോഹിണിയെ പാർത്ഥൻ ശ്രദ്ധിക്കുകയുണ്ടായില്ല. അയാൾ തുറന്നിട്ട ജനാലയിലൂടെ പുറമേക്കു നോക്കി ഇരിക്കുകയായിരുന്നു. കിടക്കയിൽ പാർത്ഥന്റെ ഓരം പറ്റിയിരുന്ന അവൾ പറഞ്ഞു: ‘‘അമല വീട്ടിലേക്കു വിളിക്കുന്നു...’’

‘‘പൊയ്ക്കോ...’’

‘‘പാർത്ഥേട്ടനില്ലാതേയോ...’’

അയാൾ മുഖം തിരിച്ചുപറഞ്ഞു: ‘‘എന്നാൽ വൈകിട്ടു പോവാം. ഞാനും വരാം...’’

തുറന്നുകിടക്കുന്ന കതകിനെ ശങ്കയോടെ ഒരു നിമിഷം നോക്കിയതിനുശേഷം രോഹിണി എണീറ്റു കതകടച്ചു. അയാളുടെ കഴുത്തിൽ കൈകൾ വരിഞ്ഞു ചുറ്റി, രണ്ടു നാളത്തെ പഴക്കമുള്ള മുഖത്തെ കുറ്റി രോമങ്ങളിൽ കവിൾത്തടമുരസിക്കൊണ്ടു പറഞ്ഞു:

“നമുക്കെങ്ങോട്ടേക്കെങ്കിലും പോണം...”

“എങ്ങോട്ട്?”

“രേണുകേടത്തിയെ ചെന്നുകണ്ടാലോ?”

“അടുത്ത ആഴ്ച പോവാം. ശനിയാഴ്ച വൈകിട്ടു ചെന്നാൽ ഞായറാഴ്ച വരാം. ലീവൊന്നുമെടുക്കേണ്ട.”

രേണുകേടത്തി ഈയ്യിടെയായി കത്തുകളേ അയയ്ക്കാറില്ല. അമ്മായിയുടെ എഴുത്തുകളിൽ നിറച്ചും പരാതി ആയിരിക്കും. പിന്നെ മകളുടെ ഭാവിയെ ഓർത്തുള്ള ആശങ്കയും.

ഹോസ്റ്റലിലെ എഴുത്തുപെട്ടിയിൽ കനത്ത ലക്കോട്ട് മുറതെറ്റാതെ ആഴ്ചക്കൊന്നുവീതം കിടക്കുന്നതു കാണുമ്പോൾ മറ്റന്തേവാസികൾക്കെല്ലാം അഭ്യൂഹങ്ങളേ പറഞ്ഞുപരത്താനുണ്ടായിരുന്നുള്ളു. വെക്കേഷനും നേരിൽ ചെന്നും വിവരമറിയിച്ചപ്പോഴും രേണുകേടത്തിക്ക് പരിഭവമേ ഉണ്ടായിരുന്നില്ല.

എനിക്കാകെ ഒരിടത്തേക്കേ എഴുത്തിടുവാനുള്ളൂവെന്നു പറഞ്ഞ് അവർ വീണ്ടും എഴുതുകയായിരുന്നുവല്ലോ–

അയാളുടെ വിറങ്ങലിച്ച മുഖത്തേയ്ക്കുതന്നെ നോക്കി ഇരിപ്പായിരുന്നു രോഹിണി. പന്തികെട്ട, താളംപിഴച്ചതുപോലെ ഉറക്കമിളച്ച് പൂമുഖത്ത് മലർന്നുകിടക്കുന്ന അയാളെ കാണുമ്പോൾ അവൾക്കും പേടിയായിരുന്നു.

ഇസ്മായിൽ സേട്ടിന്റെ വെട്ടിപ്പിന്റെ രഹസ്യം അവളുമറിഞ്ഞിരുന്നു.

രോഹിണി ചികഞ്ഞുകുത്താതെ മുറിവിട്ടകന്നപ്പോൾ പാർത്ഥൻ പൂമുഖത്തേയ്ക്കു ചെന്നു. പത്രം വായിക്കുകയായിരുന്ന അമല എണീറ്റു.

“പാർത്ഥേട്ടനോട് ഒന്ന് ചോദിക്കാനുണ്ട്. ഞാൻ ട്രെയിനിങ്ങിന് ചേരട്ടെ?”

“ഡിഗ്രിയെടുത്താലും അത്രവേഗത്തിലൊന്നും ജോലി കിട്ടില്ല. പിന്നെ ബി.എഡിന് ഒരു വർഷംകൂടെ പഠിക്കണം. പാർത്ഥേട്ടനും കുടുംബം കൂടിവരുകയാണല്ലോ?”

“രണ്ടുവർഷം വെറുതെ നഷ്ടമായി.”

“ഗ്രാജുവേറ്റ്സും മറ്റുമാണു ഇപ്പോഴത്തെ ട്രെയ്നികൾ. പി.ഡി.സി. ഉണ്ടെങ്കിലേ അഡ്മിഷൻ കിട്ടു.”

“എന്നാലയയ്ക്കാം. അമല ഇൻസ്റ്റിട്യൂട്ടിൽനിന്ന് സർട്ടിഫിക്കറ്റ് ടൈപ്പ് ചെയ്താൽ മതി. അല്ലെങ്കിൽ ഞാൻ ഓഫീസിൽ നിന്നടിപ്പിക്കാം.”

പരീക്ഷ കഴിഞ്ഞപ്പോൾ അമലയെ ടൈപ്പിങ്ങിനയക്കുകയായിരുന്നു. ഏതെങ്കിലും തുരുത്തിൽ അവൾക്ക് ഒരു രക്ഷാസങ്കേതം കണ്ടെത്താൻ കഴിഞ്ഞെങ്കിൽ–

രേണുകേടത്തിയുടെ ഇച്ഛയും ഒരു സ്കൂൾ അദ്ധ്യാപിക ആകാനായിരുന്നു. അമ്മയോട് താണുകേണു പറഞ്ഞിട്ടും എല്ലാം വിഫലമാവുകയാണുണ്ടായത്. എന്റെ അപേക്ഷയും അമ്മായി തഴഞ്ഞുതള്ളി.

–ആകേ ഒരു സന്തത്യാ. വ്ടെ തിന്നാതീരാത്തവകേണ്ട്. ന്ന്ട്ടാ അവൾടെ ഒരാശ പഠിക്കണോടത്തന്യേ താമസിക്ക്യേ? കണ്ണ് വട്ടത്തിലിരിക്കുമ്പോഴേ, അമ്മേ പൊടീടാൻ നോക്കണ പ്രായം. അവൾടെ ഒത്താശ്ശ്യായി വന്നൂച്ചാ പാർത്ഥന്റെ വക കിട്ട്യേണ്ടാവും.

ശിരസ്സുപൊളിയുന്ന ഉച്ചവെയിലാണ് പുറത്ത്. കാറ്റനക്കമേ ഇല്ല. വായുവിൽ ഊയലാടി പറക്കുന്ന പ്രാണികൾ അപ്രത്യക്ഷമായിരിക്കുന്നു.

നാട്ടിമ്പുറത്ത് –

കൊടുംവേനലിന്റെ മദ്ധ്യത്തിലും പാടവരമ്പത്തെ കാറ്റിൽ ഈർപ്പം കലർന്നിരിക്കും. കൂടാതെ മാമ്പൂക്കളുടെ ഗന്ധവും പശിമ വിടാത്ത മഞ്ഞിന്റെ നനവും.

ഉച്ചതിരിയുമ്പോൾ മുറവിളികൂട്ടുന്ന ചെമ്പോത്തുകളുടെ പരുക്കൻ ഒച്ചകേൾക്കുമ്പോൾ മുത്തശ്ശി നാടുനീളെ പരക്കുന്ന കണ്ണ്ദീനത്തിന്റെ വരവിനെ സൂചിപ്പിക്കുമായിരുന്നു. മൊട്ടപ്പറമ്പിലെ നാരു നിറഞ്ഞ പനമ്പഴം തിന്ന് പൂത്തകണ്ണുമായി തെളിച്ചം കാണുമ്പോൾ പീളകെട്ടിയ പോളകൾ അറച്ചറച്ചുതുറന്ന് മുത്തശ്ശിയുടെ മടിയിൽ ചായ്ഞ്ഞുകിടന്നുറങ്ങുമായിരുന്നു ഞാൻ. വമ്പുപറഞ്ഞ് ദീനക്കാരനെ കളിയാക്കി നടക്കുമ്പോഴും രേണുകേടത്തി മുലപ്പാലിനായി അയൽ വീടുകളിലെ പെറ്റുകൂട്ടുന്ന പെണ്ണുങ്ങളെ സമീപിക്കും. ഒടുക്കം വേനൽ അവധി തീരുന്നതിനു മുമ്പേ അവരുടെ കണ്ണുകളും പൂത്തുചെമന്നിരിക്കും.

ഇടവഴിയിലേക്ക് ഞെങ്ങിഞെരുങ്ങി വന്ന കാർ പടിക്കൽ നിന്നപ്പോൾ പാർത്ഥൻ തലയെത്തിച്ചുനോക്കി. കാറിൽ നിന്നിറങ്ങി പടി തുറന്ന് വളിച്ച ചിരിയുമായി ഇസ്മായിൽ സേട്ട് മുറ്റം കവച്ചു വരുന്നുണ്ടായിരുന്നു.

രോഹിണിയോട് ചായകൂട്ടാൻ ആവശ്യപ്പെടാഞ്ഞും അവൾ അതൊരുക്കുകയാണുണ്ടായത്. വാക്കുകൾക്കുപരിയായി നിന്ന

മൗനത്തിന്റെ ദുഃസ്വാദ് കുറയ്ക്കാനായി പാർത്ഥൻ ചായ പതുക്കെ നുകർന്നുകൊണ്ടേ ഇരുന്നു.

മുന്നിലിരിക്കുന്ന ഇസ്മായിൽ സേട്ടിന്റെ മുഖം ചിന്താഭരിതമാണ്. നരച്ച മിനുത്ത ശിരസ്സുകാട്ടുന്ന മുടിയിഴകൾ അലസമായി ചിതറിക്കിടക്കയാണ്. ചോരച്ചമുഖത്ത് രക്തപ്രസാദം തീരെ കുറവാണ്. ഒരു നീണ്ട യാത്രയുടെ ക്ഷീണം കനംതൂങ്ങുന്ന കൺപോളകളിൽ കാണാം.

സംസ്ഥാന കമ്മിറ്റിക്ക് വിശദമായി, തെളിവുപകർപ്പു സഹിതം ഒരെഴുത്തിട്ട് അനന്തര നടപടിക്കായി കാത്തിരിക്കുകയായിരുന്നു അയാൾ.

ഇരുത്തംവന്ന ശ്രദ്ധവെച്ചുള്ള പ്രവൃത്തിയിലൂടെ പഴുതുകളെ തേടി രക്ഷപ്രാപിക്കാനുള്ള രോഗബീജത്തിന്റെ ശ്രമത്തേയും കണ്ടറിയേണ്ടിയിരിക്കുന്നു.

ജനാലവിരിക്കു പിന്നിൽ അമലയും രോഹിണിയുമാണ്.

"സഖാവു വരാൻ എന്താണാവോ കാരണം?"

"ഓ... വെറുതെ. പാർത്ഥന്റെ വിവാഹശേഷം ഞാൻ ആദ്യമായി വരുകയാണല്ലോ. ഈ വഴിക്കുവന്നപ്പോൾ ഒന്നു കയറിയെന്നു മാത്രം. സുഖം തന്നെയല്ലോ?"

"അതെ."

ശ്രദ്ധയിൽപ്പെട്ട ആദ്യനിമിഷത്തിൽതന്നെ ഒരു പൊരുത്തമില്ലായ്മയാണ് തോന്നിയത്. കുടിപകയോടെ നടപ്പായിരുന്നു രാമു. അതിനുതക്ക കാരണം വെളിവാക്കാൻ അയാൾക്കുതന്നെ കഴിഞ്ഞിരുന്നില്ല. മന്ത്രിസ്ഥാനത്തോടെ വിപുലമാവുന്ന കുറേ താന്തോന്നി ത്തങ്ങളുടെ പ്രാരംഭങ്ങൾ. രാമു എണ്ണിപ്പെറുക്കി ഓരോന്നും കാഴ്ചവെയ്ക്കുകയായിരുന്നു.

സ്വാധീനമുപയോഗിച്ച് ഒരു ബന്ധുവിന് കൂപ്പുലേലം നൽകിയ, വനം വെട്ടിത്തെളിക്കാൻ അനുവാദം നൽകിയ കഥ. മനഃപാഠം പോലെ സുപരിചിതമായിട്ടും എല്ലാരും പുറംപൂച്ചായി എന്നിട്ടും മറച്ചിടുകയാണല്ലോ-

"പാർത്ഥൻ സ്റ്റെയിറ്റ് കമ്മറ്റിക്ക് ഒരാക്ഷേപം ബോധിപ്പിച്ചുവെന്നു കേട്ടു..."

"എന്താ ശരിയല്ലെന്നുണ്ടോ..."

"ശരിയോ തെറ്റോ അതെന്തുമാവട്ടേ പാർത്ഥൻ."

അയാൾ കിംങ്ങ്സ് ഫിൽട്ടറിന്റെ നാമ്പത്ത് ഗ്യാസ് ലൈറ്റിന്റെ നീലജ്വാല അരുമയോടെ പടർത്തി പുകവിടുവാനാരംഭിച്ചു.

ഇടവഴിയെ ആകെ ഗ്രസിച്ച് വഴിതടഞ്ഞു കിടന്നിരുന്ന കാറിനെ

ശപിച്ചുകൊണ്ട് പോവുകയാണ് കാൽ നടക്കാരായ ജനം. വേലി യിറമ്പുപറ്റി നടക്കുമ്പോൾ മുള്ളുകൊണ്ട് ഉയരുന്ന നോവ് അവരു ടേതു മാത്രമാണ്.

പാടശേഖരത്തിന്റെ നടുക്ക് വെടികൊണ്ട് മാറുപൊളിഞ്ഞ് ചത്ത കുറുപ്പിന്റെ ജീവിതത്തെ ആർക്കും വിസ്മരിക്കാൻ കഴിഞ്ഞിട്ടില്ല. വർഷാവർഷം ആഘോഷിക്കുന്ന രക്തസാക്ഷിദിനത്തിലൂടെ അയാളുടെ യശസ്സ് വർദ്ധിക്കുകയായിരുന്നു. ചരിത്രത്തിന്റെ ചെപ്പേ ടിൽ അസാധാരണമായൊരു മരണത്തിന്റെ രഹസ്യം നിത്യസത്യ മായി നിലകൊള്ളുകയാണ്.

''പാർത്ഥൻ എന്നെ എതിരിടുകയാണ്...''

''അതല്ല, ഒരു വ്യക്തിയെ എനിക്കെതിരിടേണ്ടതില്ല. പ്രസ്ഥാന ത്തിന്റെ ഉള്ളിൽ അട്ടകളെപ്പോലെ ചോരകുടിച്ച് സ്വന്തം ശരീരം വീർപ്പിക്കാനായി ജീവിക്കുന്ന മനുഷ്യരെയാണ് എതിരിടുന്നത്. താങ്കളും അത്തരത്തിലാണെങ്കിൽ എതിരിട്ടേ പറ്റൂ...''

കൈലേസ്സിലെ മിനുപ്പിൽ മുഖത്തെ വിയർപ്പൊപ്പുമ്പോൾ ഇസ്മ യിൽ സേട്ട് പറഞ്ഞു:

''രശീതി പുസ്തകവും മറ്റും പാർത്ഥന്റെ കയ്യിലുണ്ടെന്നറിഞ്ഞു...''

''ഉണ്ട്''

''അതുവേണ്ടിയിരുന്നു.''

''എന്തിന്?''

''ശത്രുവിനോടാണ് യുദ്ധം ചെയ്യേണ്ടത്, നമ്മൾ തമ്മിലല്ല. നമ്മു ക്കടരാടാനായി വർഗ്ഗശത്രുക്കൾ പുറമെയുണ്ട്. അവരെ കണ്ടില്ലെ ന്നു നടിച്ച് സ്വയം നിന്നു പൊരുതുന്നത് ഉചിതമല്ല. ആർക്കും അതു കൊണ്ട് ഒരു നേട്ടവും ഉണ്ടാകില്ല. പ്രസ്ഥാനത്തിനുതന്നെ അത് തളർച്ചയേ ഉണ്ടാക്കൂ...''

''പ്രസ്ഥാനം... മണ്ണിന്റെ ആഴത്തിലിറങ്ങാത്ത ഒന്നും എവിടെയും വളരില്ല. അതിനു തടസ്സമായി നില്ക്കുന്നവരെ തൂത്തെറിഞ്ഞേ പറ്റൂ...''

''അപ്പോൾ ഞാൻ മാത്രമല്ലല്ലോ പോവുക. പിന്നീട് പാർത്ഥനും നാലഞ്ചുപേരും കാണും ഇവ്ടെ ബാക്കി. നമുക്കേതുപ്രശ്നവും പറഞ്ഞുതീർക്കാം. അനുരഞ്ജനത്തിലൂടെ തീരാത്തതായി ഒന്നു മില്ലല്ലോ- പാർത്ഥൻ രശീതിയും മറ്റും തരൂ. ഇത്ര ചെറിയ പ്രശ്ന ത്തെ വെറുതെ ഊതിപ്പെരുപ്പിക്കരുത്...''

''ചെറുതോ...ഇതൊന്നുമാത്രമാണെന്നെനിക്കറിയാം. ബീഡി തെറപ്പുകാരൻ കാറുകാരനായതിന്റെ പിന്നിൽ ഒരുപാടുകഥകൾ പറയാനുണ്ട്. ഏതായാലും ഞാനിതു തരാനുദ്ദേശിക്കുന്നില്ല...''

“ഇല്ല......”

“അതെ......”

ഇസ്മായിൽ സേട്ട് ഒരുനിമിഷം ഉള്ളംകയ്യിൽ മുഖം താങ്ങി നിശ്ചലനായിരുന്നു. അയാളുടെ ചോരവാർന്ന മുഖത്ത് മ്ലാനത പടരുന്നുണ്ടായിരുന്നു. കനംതൂങ്ങി താണ കൺപോളകൾ കൂടുതൽ ഇറുകി ചെറുതാകുന്നതുപോലെ.

“പാർത്ഥന് രാഷ്ട്രീയത്തിന്റെ പ്രാവർത്തികജ്ഞാനം കുറവാണ്. അതിന്റെ അക്ഷരമാല പഠിക്കേണ്ടിയിരിക്കുന്നു.”

മുന്നാക്കം ആഞ്ഞിരുന്ന് സിഗരറ്റ് പുക പുകക്കുഴലിൽ നിന്നെ ന്നോണം ഉതിർത്ത അയാൾ തുടർന്നു:

“പ്രസ്ഥാനത്തിനുവേണ്ടി ഒരുപാട് സഹിച്ചവനാണ് ഞാൻ. ആവുന്ന കാലത്ത് ഞാനെന്റേതായതെല്ലാം നൽകി. വൈകിയ വേളയിൽ ഒരു വിവാഹവും കഴിച്ചു. തലനരച്ചപ്പോഴേ കുഞ്ഞുങ്ങൾ സംസാരിക്കാറായുള്ളൂ. പാർത്ഥന് അവരെ തെരുവിലിറക്കാനാവും അത്രതന്നെ.”

“രണ്ടുജന്മത്തിന്റെ സ്വത്ത് നിങ്ങളുണ്ടാക്കീട്ടുണ്ടല്ലോ....”

ഒരന്തവുമില്ലാതെ തുടരുന്ന വാക്കുകൾക്ക് വിരാമമിടാനായി ഇസ്മായിൽ സേട്ട് എണീറ്റു.

“ഞാൻ നേരിട്ടുവന്നു ചോദിച്ചു. പാർത്ഥൻ തരുന്നില്ലെന്ന് അറിയാനുമായി. ശരി....”

അയാൾ ഒരു പേമാരി വിട്ടുമാറുന്നതുപോലെ അകലുകയാ യിരുന്നു. ഇടവഴിയുടെ ഗതി തടഞ്ഞുനിന്ന കാറ് അകന്നപ്പോഴും ഇസ്മായിൽ സേട്ടിന്റെ പരുക്കൻ ശബ്ദം ചുറ്റിലും മുഴങ്ങുന്നതായി, പ്രതിദ്ധ്വനികൾ ഉയർത്തുന്നതായി പാർത്ഥനു തോന്നി.

അകത്തേയ്ക്കു തിരിച്ചുനടക്കുമ്പോൾ അയാൾ പൂർവ്വാധികം കോപിഷ്ടനായിരുന്നു. അമലയോ രോഹിണിയോ സംസാരിക്കാ നായി ശ്രമപ്പെട്ടില്ല.

പാർട്ടിയുടെ സാംസ്ക്കാരിക വിഭാഗം നടത്തിയ കഥാപ്രസംഗം ഒരു വെട്ടിപ്പിന്റെ തനിനിറം പുറത്തുകാട്ടുകയായിരുന്നു. നെല്ലിന്റെ ഗീതമാലപിക്കുന്നതു കേട്ടിരുന്ന ജനം ആകെ അച്ചടിച്ച ടിക്കറ്റു കളുടെ എണ്ണത്തെക്കുറിച്ച് ബോധവാന്മാരായിരുന്നില്ല. ഇസ്മായിൽ സേട്ട് പ്രമാണിത്തം കാട്ടി ടിക്കറ്റു ബുക്കടിക്കാനും മറ്റുമായി ഏർ പ്പാട് ചെയ്യുകയാണുണ്ടായത്. പിരിഞ്ഞുകിട്ടിയ തുക ഒരു പ്രഹസന മായി വരവുവെച്ച് കഥാപ്രസംഗത്തിന്റെ നടത്തിപ്പിനുശേഷം സ്വന്തം കൈകാശ് ചിലവായെന്ന് പറഞ്ഞ് വിലപിക്കയായിരുന്നു.

രാമുവിന്റെ കടിപ്പക അതോടെ ആരംഭിക്കയായി. കാറിൽ

ഇസ്മായിൽ സേട്ടിനോടൊത്ത് നൂറിന്റെയും ഇരുനൂറ്റമ്പതിന്റെയും ടിക്കറ്റുകൾ വില്പനക്കായി ചെന്നിരുന്ന അയാൾക്ക് വരവുതുക യുടെ ഏകദേശരൂപം അറിയാമായിരുന്നു.

എന്റെ വരവിനുമുമ്പേ നടന്ന കഥ രാമു വിവരിക്കയായിരുന്നു. പിന്നെ പാർട്ടി പ്രതിനിധി നടത്തിയ അന്വേഷണത്തിൽ, പ്രസ്സുകാ രന്റെ അച്ചടി രശീതിയുടെ സാക്ഷ്യത്തിൽ കള്ളി വെളിച്ചത്തായ പ്പോൾ കുടത്തിന്റെ വായ് മൂടിക്കെട്ടി വാർത്ത ഒതുക്കുകയായി രുന്നുവല്ലോ–

"പാർത്ഥേട്ടൻ ഒന്നു താണെങ്കിൽ പതിനായിരം തടഞ്ഞേനെ..." അമല പറഞ്ഞപ്പോൾ അയാൾ ക്രോധത്തോടെ നോക്കി. അവൾ നിന്നു ചിരിച്ചു.

"ഞാൻ വെറുതെ പറഞ്ഞതാണ്. ചിന്തയും പ്രവൃത്തിയും വിഭിന്ന രൂപമായാണ് ഇവടെ. എന്തുപറഞ്ഞാലും മറ്റൊന്നു പ്രവർ ത്തിക്കാൻ വെമ്പുന്നവരാണ്. എല്ലവർക്കും പറഞ്ഞുതീർക്കാൻ ന്യായവാദങ്ങളുമുണ്ട്..."

അമല മുമ്പും ഒരു സൂചന നല്കുകയുണ്ടായി.

തെരുവിന്റെ ദുഃഖം നെഞ്ചത്തേറ്റുന്നെന്നവകാശപ്പെടുന്ന മനു ഷ്യർപോലും എയർകണ്ടിഷണറുടെ ഇമ്പമുള്ള സ്വരം കേൾക്കാ താവുമ്പോൾ, പരുക്കൻ അന്തരീക്ഷത്തിൽ ചെന്നകപ്പെടുമ്പോൾ അസ്വസ്ഥരാകുന്നു.

ഇവിടെ ചിന്തയുടെ പാതയെ കർമ്മമണ്ഡലത്തിൽ നിന്നകറ്റുക യാണാവശ്യം. സ്വരച്ചേർച്ചയില്ലാത്ത വിഭിന്ന ധ്രുവങ്ങളായി ഗണിച്ച് അവസരോചിതം തരത്തിന് പെരുമാറാൻ പരിശീലിക്കുകയാണ വശ്യം.

പരശുരാമൻ പറഞ്ഞുവന്നത് ഒരു നാടിന്റെ സാംസ്കാരിക മണ്ഡലത്തിന്റെ ദ്രവിച്ച് വെണ്ണീറാവുന്ന അവസ്ഥയെ ക്കുറിച്ചാ യിരുന്നു. കർമ്മപഥത്തിൽ ചിന്താസരണിയുടെ ഏകീകരണം കണ്ടെത്താത്ത ജനതയെക്കുറിച്ച് പരമപുച്ഛത്തോടെ വിലപിക്കു കയായിരുന്നു അയാൾ.

സെമിനാറും ഘോഷയാത്രകളും കൺകെട്ടുവിദ്യയുടേതു പോലെ തെരുവ് സജ്ജമാക്കാനേ ഉപകരിക്കുന്നുള്ളൂ!

പുറത്ത് വെയിൽ ആളുന്നുണ്ട്. നഗരത്തിന്റെ ആരവം കാറ്റിൽ ഒഴുകി എത്തുന്നു. സംസാരിക്കാനൊന്നുമില്ലാതെ മുറിയിൽ ചുറ്റിപ്പറ്റി നിന്ന അമല അകത്തേക്കുപോയിരിക്കുന്നു.

പാർത്ഥൻ കട്ടിലിൽ മേൽത്തട്ടിലേയ്ക്കുറ്റുനോക്കിക്കൊണ്ടു കിടക്കുമ്പോൾ പുറകേ രോഹിണിയുമെത്തി. കട്ടിലിനോരംപറ്റി

ഇരുന്ന് അയാളുടെ ഉമിക്കരി പരുവത്തിൽ രോമം കിളുർത്ത മുഖത്തൂടെ വിരലോടിച്ച് അവൾ പറഞ്ഞു:

"പാർത്ഥേട്ടൻ ഇങ്ങനെ ഇരുന്നാൽ ശരിയാവില്ല. എനിക്ക് പാർത്ഥേട്ടന്റെ ഈ മുഖത്തെ കാണാൻ വയ്യ......"

വെറുതെ, തികച്ചും ചെയ്തു തഴമ്പിച്ച ഒരു പതിവുകൃത്യത്തെപ്പോലെ അയാൾ അവളുടെ നെറുകയിലൂടെ സാന്ത്വനപൂർവ്വം വിരലോടിക്കുയായിരുന്നു.

ക്ഷതം പറ്റിയ മനസ്സുമായി നിശ്ശേഷ്ടനായി കട്ടിലിൽ അനങ്ങാതെ കിടക്കുമ്പോൾ സന്ധ്യയോടെ രാമുവും പവിത്രനും വരുന്നതു പാർത്ഥൻ കണ്ടു. രോഹിണി അവരുടെ വരവിനെക്കുറിച്ചു പറഞ്ഞകന്നപ്പോഴും അതേ കിടപ്പ് തുടരുകയായിരുന്നു അയാൾ.

ഒരു യാത്രക്കായി ഒരുക്കൂട്ടുകയാണു അകമുറിയിൽ പെണ്ണുങ്ങൾ. അമല നിമിഷങ്ങളുടെ ഗൗരവമറിഞ്ഞു കൂടുതൽ മൂകയായിരിക്കുന്നു. ചങ്ങാടത്തിൽ ദിശകളിലേക്കു പടരുന്ന ജലപ്പരപ്പിൽ ഞാൻ ഏകനായതു പോലുള്ള തോന്നൽ. വീറും വാശിയും കെട്ടടങ്ങുകയാണോ എന്നു സംശയം. പക്ഷേ ഇസ്മായിൽ സേട്ടുമാരെ തുടച്ചു നീക്കുന്നതിലൂടേയേ ഒരു പരിവർത്തനത്തിനുള്ള കാലാവസ്ഥയെങ്കിലുമുണ്ടാവൂ.

പൂമുഖത്തേക്കു ചെന്നപ്പോൾ രാമുവും പവിത്രനും പത്രം അലക്ഷ്യമായി മറിച്ചുനോക്കുന്നുണ്ടായിരുന്നു. തളർന്ന കാലുകളുമായി അവരുടെ അരികുപറ്റി മൗനത്തോടെ പാർത്ഥനിരുന്നു.

"നമ്പ്യാർ വീട്ടിലുണ്ടാവില്ലേ...?"

"ഉവ്വ്."

"നമുക്കൊന്നു ചെന്നുകാണാം."

"ഉം."

രാമു മുഖമുയർത്തിയപ്പോൾ പാർത്ഥൻ തുടർന്നു.

"ഒരാവശ്യമുണ്ട്. ഇസ്മായിൽ സേട്ടിന്റെ പ്രശ്നം തന്നെ."

അമലയേയും രോഹിണിയേയും ഗ്രാമത്തിലേയ്ക്ക് പറഞ്ഞുവിട്ട് പടി ഇറങ്ങുമ്പോഴും പാർത്ഥൻ മൗനം തുടരുകതന്നെയായിരുന്നു.

പൊടുന്നനെ വന്നു തിരോധാനം ചെയ്ത ഇസ്മയിൽ സേട്ട് ഒരു ദുർമന്ത്രവാദിയെപ്പോലെ, ചോര നക്കുന്ന രാക്ഷസ്സിനെപ്പോലെ വളരുന്നു. അയാളുടെ വൈവിധ്യമുള്ള പൂർവ്വചരിത്രം ഒരു കള്ളറയായി പരിണമിച്ചിരിക്കുന്നു.

ഇവിടെ അകമഴിഞ്ഞുള്ള, ഒരിക്കൽ ചെയ്ത ശ്രേഷ്ഠത്വംപോലും വില പേശാനുതകുന്ന കനത്തൊരായുധമാണ്!

സന്ധ്യയുടെ വരവിനുമുമ്പേ വിളക്കുകാലുകൾ കാവൽ ഭടൻമാരുടെ തീപാറുന്ന കണ്ണുകളുമായി ജ്വലിച്ചുനില്പായിരുന്നു. വർണ്ണശബളിമയുള്ള നഗരത്തിലൂടെ, അനാവശ്യമായി തൊള്ളതുറന്ന് പൊട്ടിച്ചിരിക്കുന്ന പുരുഷാരത്തിലൂടെ, മനസ്സിൽ വെന്തുനീറുന്ന ഒരു ദ്വീപുമായി നടക്കുകയായിരുന്നു അവർ!

കാട്ടുകള്ളനെപ്പോലെ ഇരുട്ട് വെളിച്ചമായി സ്വീകരിച്ച് സെല്ലുകളിൽനിന്ന് മറ്റൊരു സുരക്ഷിതകേന്ദ്രത്തിലേക്ക് പടരുകയായിരുന്നു ഞാൻ. മനുഷ്യസഹവാസം വെടിഞ്ഞ്, സകലരുടേയും കാലനാണെന്ന മുദ്രയുമായി നടക്കുകയായിരുന്നു അപ്പോൾ.

ദുഃഖച്ഛവിയുള്ള അന്തരീക്ഷത്തിൽ, വിറങ്ങലിച്ച മൗനം പാടകെട്ടിയ ചുറ്റുപാടിൽ ഒച്ചിനെപ്പോലെ അകത്തേക്ക് ഉൾവലിഞ്ഞ് മുറിക്കു പുറത്തുള്ള ലോകത്തെ മറന്നിരിപ്പായിരുന്നു നമ്പ്യാർ.

ഒരു കൊച്ചുപയ്യൻ കതകിനുതട്ടി വിവരമറിയിച്ചപ്പോഴായിരുന്നു അയാൾ വാതിൽ തുറന്നത്. കസേരയിൽ ചടഞ്ഞു തുടങ്ങുമ്പോൾ നമ്പ്യാർ ചോദിച്ചു.

''എന്താ പാർത്ഥൻ വിശേഷം?''

''ഇസ്മായിൽ വന്നിരുന്നു. എന്റെ ആക്ഷേപത്തെക്കുറിച്ച് അയാളറിഞ്ഞെന്നു തോന്നുന്നു. രശീതി പുസ്തകം വേണമെന്നു പറഞ്ഞു.''

''അതെന്തിന്...?''

രാമു ബീഡിക്ക് തീകൊടുത്ത് പുകവിടാൻ ആരംഭിച്ചിരുന്നു.

കൂട്ടുചേർന്നാൽ ഒരു സംഖ്യ കൈപ്പറ്റിക്കൊണ്ട് പൂഴ്ത്തിവെയ്ക്കാവുന്ന മഹനീയ കൃത്യമാണ്. പിന്നീട് ഹീനതയ്ക്കു മറപിടിച്ചാൽ ഞാൻ വെടിഞ്ഞ സമ്പന്നതയുടെ കൂടാരത്തിലേക്ക് പൊതുപ്രവർത്തകന്റെ പ്രശസ്തിയുമായി കടന്നുകൂടാനാവും.

''നമുക്കിതിനെ എതിർത്തേ പറ്റൂ...''

ഒരു കൊടുങ്കാറ്റിന്റെ ഭീഷണിയോടെ നമ്പ്യാർ പറഞ്ഞു:

''എങ്ങനെ...?''

രാമുവിന്റെ മുഖത്തേക്ക് തറച്ചുനോക്കിയ അയാൾ ഒരുപാടു നേരം ചിന്താധീനനായി.

ഈയ്യിടെ ആയി രാമു കുടി തീർത്തും ഉപേക്ഷിച്ചിരിക്കുന്നു. തെളിമയും വെടിപ്പുമുള്ള വസ്ത്രങ്ങളുമായി തക്കസമയത്തിന് കൃത്യനിഷ്ഠയോടെ എങ്ങും എത്തുന്നുണ്ട്.

''ഒരു പക്ഷേ ഒരുൾപ്പാർട്ടി സമരം തന്നെ വേണ്ടിവരും. ഇത്തിക്കണ്ണികളെ വെച്ചുപുലർത്താനാവില്ല. മരം ആസകലം നശിക്കുന്നതിനുമുമ്പേ ഒരു ശിഖരത്തെ മുറിച്ച് രക്ഷനേടുകയാണല്ലോ നല്ലത്.''

“പക്ഷേ പ്രസ്ഥാനത്തെ തളർത്താൻ ഇതുപകരിക്കരുത്.”

“വ്യക്തിഗതമായ നേട്ടമല്ലല്ലോ നാം മുന്നിൽ കാണുന്നത്.”

രാമുവിന്റെ മുഖത്തേയ്ക്ക് ഉറ്റുനോക്കിക്കൊണ്ട് പാർത്ഥൻ തുടർന്നു:

“എനിക്കോ രാമുവിനുവേണ്ടിയോ ആരും ഇവ്ടെ ധീരരാകേണ്ട. ഞാൻ എന്നാൽ ആവുന്നതുവരെ എതിർക്കും... തത്വശാസ്ത്രത്തിന്റെ പരിധിവരെ എങ്കിലും മനുഷ്യൻ ഉയർന്നേ പറ്റൂ.”

ഇസ്മായിലിന്റെ, മുൻമന്ത്രിയുടെ സുപരിചിത കഥ അമലയ്ക്കും അറിയാമായിരുന്നു. അവജ്ഞയോടെ അവൾ പറഞ്ഞുകേട്ട വസ്തുതകളെ തേട്ടിയപ്പോൾ ഞാനത് വിലകല്പിക്കാതെ തട്ടിത്തെറിപ്പിക്കുകയായിരുന്നുവല്ലോ. അമലയുടെ കോളേജിലെ പോസ്റ്റ് ഗ്രാജുവേറ്റുകാരി അയാളുടെ കിടപ്പറ സഖിയാണെന്ന പൊതുവാർത്ത.

നമ്പ്യാർക്കും ദുർഗ്ഗമമായ ഒരു പോരിനെക്കുറിച്ചായിരുന്നു പറയാനുണ്ടായിരുന്നത്. ഒരു പണയപ്പൊരുളാകാതെ യുദ്ധം ചെയ്യേണ്ടുന്ന അവസ്ഥ.

പടി ഇറങ്ങി ഇടവഴിയുടെ ഇരുട്ടിൽ സന്നികയറിയതുപോലെ കൈകാലിട്ടടിച്ചു നടക്കുമ്പോൾ മുൻമന്ത്രിയുടെ നെഞ്ചിൽ കത്തിയുടെ മുനമ്പ് ആണ്ടിറങ്ങുന്നതിനെക്കുറിച്ച് ചിന്തിക്കയായിരുന്നു അയാൾ.

രാമുവും പവിത്രനും വിടപറഞ്ഞ് വിഭിന്നദിശകളിലേക്കു കടന്നതേ അയാളറിഞ്ഞില്ല.

നെഞ്ച് അഗ്നികുണ്ഡത്തെപ്പോലെ പുകഞ്ഞു പെരുകുന്നു. ഇരുട്ട്വീണ് പൊതവന്ന തെരുവിൽ ആളൊഴിഞ്ഞിരിക്കുന്നു. കടകളുടെ ഷട്ടറുകൾ ഒച്ചപ്പാടോടെ വീഴുന്നുണ്ട്. ഒരുറക്കത്തിനായി കടത്തിണ്ണകളിൽ അഭയം തേടുകയാണു ഭാരതമക്കൾ.

കരച്ചിലിന്റേയും ചിരിയുടേയും അപ്പുറത്തേക്കുള്ള മേഖലയിലേക്ക് തലകുത്തനെ വീണതുപോലെ അയാൾക്കു തോന്നി.

എന്റെ നാട് സമ്പന്നമാണ്; തെരുവും; ജനങ്ങളും; ഞാനും വിവിധ പ്രസ്ഥാനങ്ങളും!!!

ഇരുപത്

രേണുകേടത്തി അനന്തേട്ടനുമായുള്ള ബന്ധം വിടർത്തിയതോടെ എന്നിലേയും അവശേഷിച്ച കണ്ണിയും പൊട്ടിപ്പിളരുകയായിരുന്നു.

അനന്തേട്ടൻ സവിസ്തരം ഒരു പിഴയാളിയല്ലെന്നറിയിക്കാനായി

എഴുത്തിടുകയാണുണ്ടായത്. ഒരു മറുപടിപോലും അയയ്ക്കാനൊരുമ്പെട്ടില്ല ഞാൻ. രേണുകേടത്തിയായിരുന്നു ഒരു വാർത്താമാദ്ധ്യമമായി നിലകൊണ്ടിരുന്നത്.

ശവപ്പെട്ടിയുടെ അടപ്പു തുറക്കുന്നതുപോലെ ഷാമ്പെയിനിന്റെ കോർക്ക് വലിച്ചുമാറ്റുന്ന മിസ്സിസ്സ് പത്മനാഭമേനോന് ഭാരതീയ മാതൃത്വത്തിന്റെ സാംസ്കാരികവശങ്ങളെക്കുറിച്ച് പ്രഭാഷണം നടത്താനേ ആവൂ!

ഡോക്ടർ അനന്തൻ എണ്ണയിട്ട് ഓട്ടം ശരിപ്പെടുത്തിയ യന്ത്രത്തെപ്പോലെ അപസ്വരങ്ങളുയുർത്താതെ കൃത്യാന്തരബഹുലനായി യഥോചിതം ചലിക്കുന്നു. ദിവസങ്ങളെ കൊന്നൊടുക്കി ജീവിക്കുന്നു.

പൊരുത്തക്കേടിലും ലയിക്കാൻ പഠിക്കാത്ത രേണുകേടത്തിയാണ് തെറ്റുകാരി!

രാത്രി മുഴുക്കെ കണ്ണിൽ വന്നുപെടാൻ മടിച്ച ഉറക്കവുമായി ശാഠ്യത്തോടെ മാത്സര്യം നടത്തുകയായിരുന്നു പാർത്ഥൻ. ഏതോ ഒരു നിമിഷത്തിൽ സുഷുപ്തിയിലേക്ക് കൂപ്പുകുത്തിയെങ്കിലും ഗ്രാമത്തെ ആകെ ഉണർത്തുന്ന ഒച്ചകേട്ട് അയാൾ ഉണരുകയാണുണ്ടായത്.

കുന്നങ്കുളത്തുനിന്നു ആദ്യബസ്സിന് പുറപ്പെട്ട ജോസഫിനേയും നവവധുവിനേയും കണ്ട് അയാൾ അമ്പരക്കുകയായിരുന്നു.

ഒരു വിവാഹമുയർത്തിയ നേർത്തൊരു വിടവ് തല്ലിക്കൂട്ടി ശരിപ്പെടുത്തുകയാണ് ജോസഫ്. വീണ്ടും വന്ന അയാളുടെ ക്ഷമാപണത്തോടെയുള്ള എഴുത്തിൽ ഒരു ന്യായികരണത്തിന്റെ വാദമുഖങ്ങളുണ്ടായിരുന്നു.

എഴുത്തിന് ക്ഷണത്തിൽ മറുപടി ഇട്ടില്ലെങ്കിൽ നേരിൽ കാണുമ്പോൾ ഗർവ്വോടെ മുഖം വീർപ്പിച്ചുനടക്കുമായിരുന്നു രേണുകേടത്തി. എന്റെ രണ്ടെഴുത്തുകൾക്കും അവർ മറുപടിയിടുകയേ ഉണ്ടായില്ല.

നാട്ടിലെ കുളവക്കിൽ തടിച്ചുകൂടി, പെണ്ണിന് അഹന്ത മൂത്ത് വീട്ടിലേക്കെത്തി എന്ന് പരിഹസിക്കുന്ന സർവ്വാണികൾ. അമ്മായി മൂകയായി ആരോടും ഒന്നുമുരിയാടാതെ കഴിഞ്ഞുകൂടുകയാവും. പിന്നെ എന്തും സഹിക്കാൻ തക്ക കരുത്ത് രേണുകേടത്തിക്കായിരിക്കും.

താഴെനിന്ന് ആഹ്ലാദത്തിമർപ്പോടെ ഉയരുന്ന സ്വരം കേൾക്കാനുണ്ട്. രോഹിണിയുടെ അടക്കിപ്പിടിച്ച ചിരിയാണ് ചെവിതുളച്ചെത്തുന്നത്.

ജോസഫിന്റെ നവവധു പുതുഇടമായതിനാലാവണം നാവന ക്കുന്നേ ഇല്ല.

മദ്ധ്യാഹ്നത്തോടടുത്ത് വെയിലിന്റെ ചൂട് മൂർദ്ധന്യാവസ്ഥ യിലാണ്. പൊടിപറത്തിക്കൊണ്ട് ഗ്രാമവീഥിയിലൂടെ ചീറിപ്പായുക യാണ് കാറ്റ്.

കുംഭത്തിന്റെ ആദ്യത്തോടെ പാടശേഖരങ്ങളാകെ കൊയ്ത്തൊ ഴിഞ്ഞ് കിടപ്പാവും. രേണുകേടത്തിയോടൊത്ത് കൊടുംവെയി ലത്തും സർക്കീട്ടുതന്നെയാവും ഞാൻ. നീണ്ട ഇടവേളയ്ക്കു ശേഷം കാണുന്നതിനാലാവും അവർ എന്നോട് ഒരുപാട് വിശേഷ ങ്ങൾ വാതോരാതെ പറഞ്ഞറിയിച്ചിരുന്നത്.

കൊക്കറണിയിൽ പോത്തുവീണു ചത്തതുമുതൽ അമ്പല നടയ്ക്കലെ നമ്പൂതിരി ആഭാസം പറഞ്ഞതുവരെയുള്ള വിശേഷ ങ്ങൾ.

ജോസഫ് ഉറക്കം തുടരുകതന്നെയായിരുന്നു. കസേരയിൽ നിന്നെണീറ്റ് പാർത്ഥൻ കോണിപ്പടികളിറങ്ങി.

അമ്മ്യാരു പഴയപടി ലോകരെ പ്രാകിക്കൊണ്ടേ ഇരിക്കുന്നു. വൃന്ദ സർവ്വ നിസ്സംഗയായി, ചുറ്റുപാടും നടക്കുന്നത് ഗൗനിക്കാതെ, അടുക്കള ചായ്പ്പിൽ. കാറ്റിൽ വൈവിധ്യമുള്ള അടുക്കള വിഭവ ങ്ങളുടെ പരിമളമുണ്ട്.

ഊൺ തളത്തിലേക്കു കടന്നപ്പോൾ വൃന്ദ മോറിവെടുപ്പാക്കിയ ഓട്ടുമൊന്തയുമായി എതിരെ വരുന്നുണ്ടായിരുന്നു. അയാളെ കണ്ട് പകച്ച് ലേശം വഴി ഒതുങ്ങിനടന്നു.

പുലർച്ചെ നേരത്തെ എണീക്കേണ്ടിവരുമ്പോൾ വൃന്ദയായിരുന്നു അമലയെ കണിശതയോടെ എന്നെ ഉണർത്താനായി പറഞ്ഞ യക്കാറ്.

ചുവപ്പുപുരണ്ട കല്ലിച്ച കവിളുകളുമായി, ഇരുട്ട് കണ്ട് വെളിച്ചം മറന്ന മനസ്സുമായി ഇപ്പോഴും വൃന്ദ അനാവശ്യമായ ലക്ഷ്യത്തോടെ ജീവിതം തുടരുന്നു.

“പാർത്ഥേട്ടന് ഇടയ്ക്കെല്ലാം ഒന്നുവന്നൂടെ...? അതല്ല കല്ല്യാണ ത്തിന്റെ രസത്തിൽ ഞങ്ങളെ മറന്നോ...?”

“ഏയ്യ് കുറച്ചു തിരക്കായിരുന്നു....”

അവൾ അടുക്കള ചായ്പിലേക്കു കയറിയപ്പോൾ അയാൾ പുറകെ ചെന്നു.

സന്ധ്യയ്ക്കു കയറിവന്ന രാമു ഒരു പുതുവിഷയത്തിന് കോപ്പൊ രുക്കയായിരുന്നു. അയാൾക്കു പറയാനുണ്ടായിരുന്നത് ഒരു

ബ്രാഹ്മണ സുഹൃത്തിന്റെ വിവാഹത്തെക്കുറിച്ചായിരുന്നു. ഏ.ജിസ് ഓഫീസിലാണ് ജോലി. സുമുഖൻ. കുറച്ചെല്ലാം പുരോഗ മനേച്ഛുവുമാണ്. വിധവയായ ബ്രാഹ്മണിയെ രണ്ടാംകെട്ടുചെയ്യാൻ പോലും അയാൾ തയ്യാറായിരിക്കുന്നു.

ഒരു തുടക്കം കുറിക്കാനായി കാത്തുനിന്ന പാർത്ഥൻ പതിയെ പറഞ്ഞു:

"വൃന്ദ പലപ്പോഴും സമ്മതിക്കാത്തതാണ്. പക്ഷേ ഞാൻ വീണ്ടും പറയുന്നു. ഒന്നു ചിന്തിച്ച് തീരുമാനിക്കൂ... വൃന്ദയെ ഒരാൾ വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്നുണ്ട്..."

വിവാഹിതയെ കിടപ്പറയിലേക്കു ക്ഷണിച്ച യുവാവിനെ നോക്കുന്ന അമ്പരപ്പോടെ വൃന്ദ പാർത്ഥനെ നോക്കി.

വൃന്ദ ഇതുവരെ ജീവിച്ചിട്ടേ ഇല്ല. ചെതലു കാർന്നുതിന്നുന്ന ഉണങ്ങിയ മരത്തേപ്പോലെ മനുഷ്യൻ അധഃപതിക്കരുതല്ലോ–

"ഒരുദ്യോഗസ്ഥനാണ്. വിവാഹത്തിനുശേഷം വൃന്ദയ്ക്ക് തിരുവനന്തപുരത്തു താമസിക്കാം..."

അവൾ അപ്പോഴും മൗനം തുടരുകതന്നെയായിരുന്നു. രാമു ഒരു പാഴ്ശ്രമത്തിനു കളമൊരുക്കുകയാണെന്ന സൂചനയോടെ അറിയിക്കുകയായിരുന്നു വൈവാഹികപ്രശ്നം.

"അകം ഇന്നും എല്ലാവരുടെയും പുരാതനമാണ് പാർത്ഥേട്ടാ. വളരെ പഴഞ്ചൻ. പുറംമോടിക്ക് കുറെ മാറ്റങ്ങളെല്ലാം വന്നിട്ടുണ്ടെന്നു തോന്നുന്നു. മനസ്സുകളെല്ലാം തുരുമ്പിച്ചതാണ്..."

എള്ളിട വ്യതിയാനമില്ലാതെ ദുരന്താത്മകമായി ജീവിതം തുടരുന്നവരുടെ ഹതവിധിയെക്കുറിച്ച് രാമുവും പറയുമായിരുന്നു. പണക്കൊഴുപ്പിന്റെ മേദസ്സോടെ പൊള്ളയായ പ്രതാപൈശ്വര്യങ്ങൾ താഴേക്കിടയിലേക്കിറങ്ങുന്നുവെന്നതാണ് സത്യം.

"ഞാൻ പാർത്ഥേട്ടനോട് എല്ലാം പറഞ്ഞിട്ടുണ്ട്. എനിക്കീ ജീവിതം തന്നെ മതി. ഇനിയും ദൈവകോപംവരുത്തി അടുത്ത ജന്മത്തേയും നശിപ്പിക്കരുതല്ലോ..."

മുറിക്കുപുറത്തേക്കു കടന്ന് മുൻവശത്തേയ്ക്കു നടക്കുമ്പോൾ പാർത്ഥൻ നെടുതായി നിശ്വസിച്ചു. സ്വയം അണിയുന്ന കരുക്കുകളുടെ കെട്ട് സ്വയമേവ മുറുകുകതന്നെയാണ്.

രേണുകേടത്തിയോട് വിവാഹവിഛേദത്തെക്കുറിച്ച് സംസാരിക്കുകയായിരുന്നു. ദൈവിക ലിഖിതങ്ങളെ തുടച്ചുനീക്കാനാവില്ലെന്ന പരമാർത്ഥത്തെ വിളിച്ചറിയിക്കുകയായിരുന്നു അവർ.

എന്നിട്ടും രേണുകേടത്തി ചെന്നെത്തിയത് മോചനത്തിന്റെ പാതയിലാണ്. താൻ ഉറ്റുശ്രമിച്ചിട്ടും മരണം വരിച്ച രോഗിയുടെ

സമീപത്തിൽ നിന്നകലുന്നതുപോലെ അനന്തേട്ടന്റെ കെട്ടുപാടുകൾക്കപ്പുറം കടന്നുചെല്ലാവുന്ന ഒന്നും തന്നെ അവർക്കില്ലെന്നു തോന്നുന്നു.

എന്റെ അമ്മയ്ക്ക്, മിസ്സിസ്സ് പത്മനാഭന് അച്ഛനോട് അത്യുഗ്രമായി കലമ്പൽ കൂടിയ അതെ നിമിഷത്തിൽ തന്നെ ഔപചാരികത ദീക്ഷിച്ച് നാലാൾക്കു മുമ്പിൽ പുഞ്ചിരിക്കാനും കഴിഞ്ഞിരുന്നു.

പുത്രഭാര്യയുടെ ആളെ കൊല്ലുന്ന ചിരിയെക്കുറിച്ച് മുത്തശ്ശി പറയുമായിരുന്നു.

മേൽത്തട്ടിലേക്കു വീണ്ടും വന്നപ്പോൾ ജോസഫ് ഉണർന്നിരുന്നില്ല. ഗ്രാമം തീ ആളുന്ന തുറസ്സായ മൈതാനത്തെപ്പോലെ വെന്തു നീറുന്നു. നിരത്ത് ആളൊഴിഞ്ഞു കിടപ്പാണ്. ശിവങ്കോവിലിന്റെ അങ്കണ ത്തിലിരുന്ന് ചിറകുതല്ലി കരഞ്ഞ കാക്ക മരത്തണൽ തേടി പറന്നിരിക്കുന്നു. കൂപ്പൺ കടക്കുമുന്നിലെ തിരക്ക് അവസാനിക്കുന്നേയില്ല.

പരശുരാമന്റെ തുടക്കം ഒരു റേഷൻഷാപ്പിനോടനുബന്ധിച്ചായിരുന്നു. പട്ടിണിയുമായി നാഡീനാഭീബന്ധം പുലർത്തുന്ന അവശരായ ജനത്തിന് ഒരു നാളത്തെ ആഹാരമൊരുക്കുകയായിരുന്നു അയാൾ.

റേഷൻവകയിൽ തിരിമറി ചെയ്യുന്ന, പഞ്ചസാരയും അരിയും കരിഞ്ചന്തയ്ക്ക് വില്ക്കുന്ന കൊച്ചീപ്പനോടായിരുന്നു അയാളുടെ സമരം. ലാഭക്കൊതിയോടെ റേഷൻഷാപ്പിന്റെ നിലവറയിൽ സൂക്ഷിച്ച ധാന്യം കതകുകുത്തിപ്പൊളിച്ച് പൊതുജനത്തിന് വീതിക്കുമ്പോൾ തന്റെ നേർക്ക് തൊടുക്കാവുന്ന ഭവിഷ്യത്തിന്റെ കഠോരതയെക്കുറിച്ചും അയാൾ ബോധവാനായിരുന്നു.

പരശുരാമൻ പോലീസിന്റെ വരവിനായി തെരുവിൽ കാത്തു നില്ക്കയാണുണ്ടായത്. നീലവാനിൽ സുഖയാത്ര നടത്തി, ജയിലിൽ സുഖവാസം ചെയ്ത് തിരിച്ചുവന്നപ്പോഴും അയാൾക്ക് എന്നോട് പറയാനുണ്ടായിരുന്നത് രക്തദാഹിയായ അട്ടയെപ്പോലെ വാഴുന്ന അനേകം പേരുടെ മരണം അത്യാന്തപേക്ഷിതമായ ഒരു യുഗത്തെക്കുറിച്ചായിരുന്നു.

ചലവും ചോരയും ഒലിക്കുന്ന വിണ്ടകാലുമായി അവിചാരിതമായി കടന്നുവന്ന പരശുരാമൻ എവിടേയോ ആണ്. തെളിച്ചം കലരാത്ത ഏതോ ഗുഹാമുഖത്ത്.

കോണിപ്പടികളുടെ തുടർച്ചയായുള്ള തേങ്ങലിനുശേഷം രോഹിണി വാതില്ക്കലെത്തി. അകത്തേക്കു കയറാൻ മടിച്ച് അവൾ നില്ക്കുന്നത് കണ്ടപ്പോൾ അയാൾ മുറിക്കുപുറത്തു കടന്നു.

“ഊണു കഴിക്കേണ്ടേ...? അയാളെ വിളിക്കൂ...”
“ഉണരട്ടെ... നിനക്ക് നാളെ ഡേ ഡ്യൂട്ടിയല്ലേ...?”
“ഉം..... എന്താ....?”
“ഏയ്യ്...എനിക്ക് രേണുകേടത്തിയെ കാണണമെന്നുണ്ട്.”

കൂട്ടത്തിൽ നിന്നോടി ഇരുളിനെ അഭയം പ്രാപിക്കുകയായിരുന്നു രേണുകേടത്തി. വിവാഹവാർഷിക മെത്തുന്നതിനുമുമ്പേ അന്തസത്തയില്ലാത്ത ദാമ്പത്യത്തെ വരച്ചുകാട്ടാൻ അവർക്ക് കഴിഞ്ഞിരുന്നു.

“രണ്ടുദിവസം പാർത്ഥേട്ടൻ ലീവെടുക്കൂ നമുക്കു പോവാം...”
“ഉം...... പക്ഷേ ഈ കലക്കം ഒന്നു മാറിക്കിട്ടണം.....”

കാളകൂടവിഷത്തെപ്പോലെ ഭീകരമായ, പ്രസ്ഥാനങ്ങളുടെ ശാപമായ ഇസ്മായിൽ സേട്ടുമാരുടെ അന്ത്യം ഒരു പുനർജനിയാണ് ഉണ്ടാക്കുക. അതോടെ സ്വച്ഛമായ ഒരു നീലാകാശം എങ്ങും ഉദിക്കുന്നു.

രോഹിണി വീണ്ടും താഴേക്കിറങ്ങി ചെല്ലുകയായി.

രാത്രിയിലെ മരംകോച്ചുന്ന മഞ്ഞത്തും ഒരെത്തുംപിടിയും കിട്ടാതെ, ശിബിരത്തിലെ തന്നെ ചുവരുകാർന്നു തിന്നുന്ന ചിതലുകളുടെ സംഹാരത്തിനായി ഉപായങ്ങൾ കണ്ടെത്താൻ ഉറക്കമിളയ്ക്കുകയായിരുന്നു. സ്വന്തം ചേരിയിൽ ഉൾപ്പിരുവുകൾ സൃഷ്ടിച്ച്, ഭേദിക്കാനാവാത്ത കോട്ടകെട്ടിയ, മാദ്ധ്യമമാക്കിയ ഒരേ പടനിലത്തിലെ പടയാളിയാണ് ഏറെ ബലവാനെന്നു തോന്നുന്നു. ഏറ്റവും വലിയ ശത്രുവും അയാൾ തന്നെയാണ്.

ഇവ്ടെ എനിക്കറിയാവുന്ന യുദ്ധമുറകളെല്ലാം അയാൾക്കും അറിയാം. ബാഹുബലത്തിനപ്പുറമുള്ള ആത്മനിഷ്ഠമായ ശക്തിയാണാവശ്യം.

കാലത്ത് ജോസഫുമായി വീട്ടിലേയ്ക്ക് പോകാനൊരുങ്ങുമ്പോൾ അമല വഴിതടഞ്ഞതുപോലെ നില്പായിരുന്നു. അവളുടെ വാശിക്ക് കീഴ്വഴങ്ങുമ്പോൾ പെണ്ണ് അമിതാഹ്ലാദത്തോടെ താഴേയ്ക്ക് ഓടിച്ചെല്ലുകയാണുണ്ടായത്.

പിന്നെ തിരക്കോടെ ഒരുക്കപ്പെടുവാനാരംഭിച്ച വിഭവങ്ങൾ. അപരിചിതയായ പഞ്ചായത്ത് പ്രസിഡണ്ടിന്റെ മകൾക്കായിരുന്നു വിങ്ങലാകെ.

ഉച്ചയൂണുകഴിഞ്ഞ് കനലിക്കുന്ന വെയിലിന്റെ സംഭരിതശക്തി കുറയാനായി കാത്തിരിക്കുകയായിരുന്നു അവർ.

ജോസഫ് വീണ്ടും കട്ടിലിൽ കയറി കിടപ്പാരംഭിച്ചിരിക്കുന്നു. അയാളുടെ ചുണ്ടത്ത് നീറിക്കൊണ്ടിരിക്കുന്ന സിഗരറ്റാണ്.

കോളേജ് മൈതാനത്തുവെച്ച് സന്ധ്യക്ക് ആദ്യമായി സിഗരറ്റ് പുകക്കുകയായിരുന്നു. പുക നെഞ്ചുനിറഞ്ഞപ്പോൾ ഒരു വ്യാധി യെപ്പോലെ പടരുകയായി.

നാട്ടിൽചെന്ന് രഹസ്യമായി രേണുകേടത്തിയെ അറിയിച്ചപ്പോൾ അവർ ശകാരിക്കുന്നതിനുപകരം തുറന്നുപറഞ്ഞതിന് എന്നെ ശ്ലാഘിക്കുകയാണുണ്ടായത്. പിന്നീട് മുന്നറിയിപ്പു നൽകുകയും.

‘‘പാർത്ഥനെന്തായാലും കല്യാണത്തിനു വരുമെന്നു കരുതി...’’ അന്തരീക്ഷത്തിൽ വിലയിക്കുന്ന പുകപടലങ്ങളെ നോക്കിക്കൊണ്ട് ജോസഫ് പറഞ്ഞു.

ജീവിച്ചിരിക്കേ ശവസംസ്കാരം നടത്തപ്പെട്ട സ്റ്റെല്ല ഇനി ഒരവ താരകന്യക ആവേണ്ടിയിരിക്കുന്നു. അവളുടെ ശവപ്പറമ്പിനു മീതെ യാണ് ജോസഫിന്റെ രമ്യഹർമ്മ്യം.

കൊള്ളിക്കിഴങ്ങ് തിന്നു ക്ലിഷ്ടതയോടെയാണു ജോസഫിന്റെ ജീവിതമെങ്കിൽ സ്റ്റെല്ലതന്നെ ആയിരിക്കും അയാളുടെ വധു.

ഒഴിവുദിവസങ്ങളിൽ ജോസഫിന് കുരുന്നുമുളതൊട്ടേ അറിയാ വുന്ന സ്റ്റെല്ലയെക്കുറിച്ച് എമ്പാടും പറയാനുണ്ടായിരുന്നു. നല്ലൊരു കേൾവിക്കാരനായുള്ള എന്റെ ഇരുപ്പ് അയാളെ പ്രോത്സാഹിപ്പിച്ചു പോന്നു.

‘‘സ്റ്റെല്ല മരിച്ചില്ലല്ലോ....?’’

പച്ചച്ചോര മുഖത്തേക്കിറ്റിവീണതുപോലെ ജോസഫ് കഴുത്താട്ടി. അയാളുടെ ഉറക്കം മാറാത്ത കണ്ണുകൾ കുറുകി കുറുകി ചെറുതായി.

വേനലിന്റെ ഉല്ക്കടമായ താണ്ഡവം അപ്പോഴും ഭൂമുഖത്ത് നിരന്തരം തുടരുന്നുണ്ടായിരുന്നു. കാറ്റിന്റെ കുത്തൊഴുക്കിനു ശമനം വന്നിരിക്കുന്നു.

‘‘കഴുത്തറക്കാതെതന്നെ ഇവടെ മനുഷ്യനെ കെല്ലേണ്ടിവരും. അത് എന്റെ മാത്രം തെറ്റല്ല. ആർക്കും സുരക്ഷിതമില്ലാത്ത അവ സ്ഥയാണ്. ഒരോട്ടപ്പന്തയത്തിൽ പലരേയും ചവുട്ടിമെതിച്ച് മുന്നോ ട്ടുപോയേ പറ്റൂ!’’

‘‘അത് മനുഷ്യത്വമല്ല.’’

‘‘അല്ലായിരിക്കും. എനിക്കു മനുഷ്യന്മാരെ മുഴുക്കെ ചിന്തിക്കാ നാവില്ല. ഞാൻ എന്ന മനുഷ്യന്റെ നിലനില്പാണ് പ്രശ്നം. എന്റെ വഴി ഒരു ഗണിതശാസ്ത്രജ്ഞന്റേതാണന്നറിയാം. പക്ഷേ ഇവ്ടെ അതാവാനേ പറ്റൂ...’’

ജോസഫ് വീണ്ടും മറ്റൊരു സിഗററ്റിന് തീകൊളുത്തി.

കീശയിൽ വായു മാത്രം സംഭരിച്ച് ഓട്ടമുക്കാലിനുപോലും വക യില്ലാതെ നടക്കുമ്പോൾ പോലും ജോസഫ് മുടി കോതിമിനുക്കി

പ്രതാപം കാട്ടുമായിരുന്നു. കാറ്റു നിറഞ്ഞ വയറുമായി നടക്കുമ്പോഴും ശുചിത്വത്തോടെ ഇസ്തിരിയും കോപ്പുമായി തിളക്കത്തോടെ നടക്കുകയാണാവശ്യം. പൂക്കില്ലാഞ്ഞാലും പ്രദർശനം ഒരാവശ്യമായിരിക്കുന്നു!

തിരിച്ച് ഹോസ്റ്റലിലേക്ക് യാത്രക്കൊരുങ്ങുമ്പോൾ അമ്മായി നൂറുകൂട്ടം ഉപദേശങ്ങൾ തരുമായിരുന്നു. മേമ്പൊടി ചേർത്ത് രേണുകേടത്തിയും..

-നല്ലതുപോലെ ആഹാരം കഴിക്കണം. പഠിക്കണം. കൂട്ടുകൂടി നാട്ടാരെ പോറ്റാനായി തെണ്ടിത്തിരിയരുത്. സല്പേര് മാത്രം വാങ്ങിച്ച കുടുംബമാണ്. അപഖ്യാതി പരന്നാൽ ഞാൻ ജീവിക്കില്ല. ആവശ്യത്തിന് പൈസ ചെലവഴിക്കണം...

പിന്നേയും പരശതം ആവലാതികൾ.

രേണുകേടത്തി സൗകര്യപൂർവ്വം പറഞ്ഞത് മറ്റൊന്നായിരുന്നു. പാർത്ഥേട്ടൻ നല്ലൊരുത്ത്യേഷ്ടപ്പെട്ടോളൂ.

പാളം തെറ്റിയെന്ന് രേണുകേടത്തി കരുതിയ എന്നെ കുരുക്കിലിടാൻ, പക്വതയോടെ കാര്യപ്രാപ്തനാക്കാൻ ഒരു പെണ്ണിനു കഴിയുമത്രേ. രോഹിണിയുടെ വിധേയത്വമാർന്ന, രക്ഷാകവചം പോലുള്ള സാമീപ്യം ഒരു പുതുചൈതന്യം എനിക്കു നൽകിയിട്ടുണ്ടെന്ന തിനെ ഒളിക്കാനാവില്ല.

ജോസഫിനു സന്ധ്യയ്ക്കുള്ള അവസാനത്തെ ബസ്സിന് സ്ഥലം വിടേണ്ടിയിരിക്കുന്നു.

അമ്മ എന്നോടു പരിഭവിച്ചെന്നു പറഞ്ഞപ്പോൾ ഞാൻ അയാളെ നോക്കി മൃദുലമായി പുഞ്ചിരിക്കയായിരുന്നു. കുലീനതയുള്ള കുടുംബത്തിൽനിന്ന്, നാട്ടിലെ ഉത്തമപുരുഷന്റെ സന്തതിയെ വേട്ടതിന്റെ പേരിൽ ആത്മനിർവൃതി പൂണ്ടിരിപ്പായിരിക്കും അവർ.

തെങ്ങിൻനിഴലുകളും മരച്ചീനിയുടെ പഴുത്തിലകളുമുള്ള തനിക്ക് പരിചിതമായ മണ്ണിൽനിന്ന് വേരറുത്ത് മകന്റെ ജോലിസ്ഥലത്തേക്ക് പോവാൻ അവർക്ക് കഴിയുമായിരുന്നില്ല.

അമ്മയെ തനിച്ചാക്കുന്നതിനെക്കുറിച്ചു പറയുകയായിരുന്നു ജോസഫ്. ജോലിസ്ഥലത്തു ചെന്നതിൽ ആദ്യത്തെ കാഴ്ച. അപ്പച്ചന്റെ ചോര അഴുകിയ മണ്ണ് അമ്മച്ചിക്ക് പത്ഥ്യമായിരുന്നുവത്രേ.

ജോസഫ് താഴേയ്ക്ക് ഇറങ്ങിപ്പോയിരിക്കുന്നു.

വെടിച്ചുവിണ്ട മണ്ണിന്റെ ഗന്ധം കാറ്റ് മാറത്തൊളിപ്പിച്ചിട്ടുണ്ട്. കൂട്ടത്തിൽ ചൂടും. ശിവങ്കോവിലിലെ പൂജാരി ഓട്ടുമൊന്തയുമായി പാളത്താറു ചുറ്റിയ ഈർക്കിൽ കാലുകൾ വലിച്ചിഴച്ചു പോവുകയാണ്.

ഇനി മദ്ധ്യാഹ്നം കഴിഞ്ഞുള്ള അപരാഹ്നത്തിന്റെ വരവാണ്. ഒരപരാഹ്നത്തിലായിരുന്നു രേണുകേടത്തിയുടെ തിരണ്ടുകുളി നടന്നത്. ഓണം കഴിഞ്ഞു തിന്നുമടുത്ത് അജീർണ്ണം ബാധിച്ച വയറുമായി നടക്കുകയായിരുന്നു ഞാൻ.

മലയോരത്തിന് വെള്ളി അരഞ്ഞാണമിടുന്ന പുഴയിലൂടെ വാഴപ്പോള തിരിനാളമുള്ള ഒരു തോണിയായി ഒഴുകുമ്പോൾ ഒരു കാഴ്ചക്കാരനായി ഞാൻ നില്പുണ്ടായിരുന്നു.

തിടുക്കത്തോടെ ഓടിയെത്തിയതുപോലെ ജോസഫ് ഭാര്യയുമായെത്തി. അവർക്കു പുറമെ രോഹിണിയും അമലയും.

അകത്തേക്കു കടന്നുവന്ന ജോസഫ് പറഞ്ഞു: ‘‘വരൂ...’’

അവൾ അകത്തേക്കുവന്ന് മടിയോടെ ചുവരുചാരിനില്ക്കുമ്പോൾ പാർത്ഥൻ ആകപ്പാടെ ഒന്നുനോക്കി.

ആകർഷകമായ സൗന്ദര്യമുണ്ട്. മെലിഞ്ഞ് നീണ്ടരൂപത്തിൽ വശ്യമായ ഭംഗി. കരുവാളിച്ച് പ്രദർശിപ്പിക്കാത്ത ഇരുനിറം, ചേതോഹരമാണ്.

‘‘എന്താ പാർത്ഥേട്ടാ ആളെങ്ങനെ...?’’

അമല കൂസ്സാതെ ചോദിച്ചപ്പോൾ പാർത്ഥൻ ചിരിച്ചു.

ഒരു കാഴ്ചപിണ്ഡത്തെപ്പോലെ രേണുകേടത്തിയും സഭാമദ്ധ്യത്തിൽ ഇരുപ്പായിരുന്നു. ഒന്നിനൊന്ന് ഇടവിട്ട് കാണാനെത്തുന്ന ബന്ധുജനങ്ങളും മിത്രങ്ങളും.

ഏകയായി സന്ധിച്ചപ്പോൾ ശപിക്കപ്പെട്ട, ബന്ധനസ്ഥ ആയതുപോലുള്ള ആ നിമിഷത്തെക്കുറിച്ചു പറയുകയായിരുന്നു രേണുകേടത്തി.

‘‘ഇതാണ് ഞാനന്നു പറഞ്ഞ പാർത്ഥൻ. ആള് മഹാനാണ്. ഇയാളില്ലെങ്കിൽ ഇന്ന് എന്റെ പുറകെ നീയുണ്ടാവില്ല. ഏതെങ്കിലും ഒരു സാധാരണക്കാരിയായിരിക്കും. പഞ്ചായത്തു പ്രസിഡണ്ടിന്റെ മകൾക്ക് ഞാനർഹനായിരിക്കില്ല.’’

ജോസഫ് തുടർന്നു.

‘‘ഞങ്ങൾക്ക് വേഗംതന്നെ പോണം. പാർത്ഥനൊരു ദിവസം വൈഫുമായി വരൂ. എന്തുപറയുന്നു?’’

അയാളുടെ ചോദ്യത്തിനുത്തരമായി രോഹിണി പാർത്ഥന്റെ മുഖത്തേക്കുനോക്കി. നീണ്ടുപെരുകുന്ന മൗനത്തെ കണ്ട് അമല പറഞ്ഞു:

‘‘മണ്ണാന് അലക്കൊഴിഞ്ഞു കാശിക്കു പോവാനാവില്ലെന്നു പറഞ്ഞതുപോലാണ്. പാർത്ഥേട്ടന്റെ വരവുണ്ടാവില്ല...’’

ഏതെങ്കിലും ഒരിടത്ത് രണ്ടുനാൾ സന്തുഷ്ടിയോടെ കഴിയണ

മെന്ന രോഹിണിയുടെ ആശ. രേണുകേടത്തിയും മനഃതൃപ്തി യോടെ കുറച്ചെങ്കിലും ജീവിക്കണമെന്നു വിചാരിച്ചിരുന്നു.

നാട്ടിൽ ഊളങ്കുളിയിട്ടു നടക്കുമ്പോൾ സുഖദമായ, പകൽക്കിനാ വിനെപ്പോലെ സുന്ദരമായ ദിവസങ്ങളെ ഞാനോർത്തിരുന്നു. അല്ലലും അലട്ടുമില്ലാത്ത മനുഷ്യർ! നിത്യേന സദ്യ തിന്ന് തേട്ടുന്ന, സമൃദ്ധിയുള്ള വീടുകൾ...

അകമുറിയിൽ നിന്ന് അമ്മ്യാരുടെ ശകാരം കേൾക്കാനുണ്ട്, മൊട്ടച്ചിയായിത്തീർന്ന വൃന്ദയാണ് ഹേതുവെന്ന് തോന്നുന്നു.

വഴക്കുകേട്ട് കണ്ണീരുതൂവുമ്പോഴും ചിരിക്കാൻ ശ്രമിച്ചിരുന്ന അവ ൾ ഇപ്പോൾ മുഖത്ത് സ്ഥായിയായ കനത്ത ഭാവത്തെയാണ് പേറുന്നത്. വികാരശൂന്യമായ, തടത്തിലേക്കാണ്ടിറുങ്ങുന്ന കണ്ണു കൾ.

ഭീതിജനകമായ നരച്ചൊരു രാത്രിയെക്കുറിച്ച് അമല പറയുക യായിരുന്നു. അച്ഛൻ ഉപേക്ഷിച്ചുപോന്ന ആ കാളരാത്രി അമ്മ്യാര് തപ്പിത്തടഞ്ഞ് തൊടിയിലെ കിണറ്റിൽ വീണ് ജീവനൊടുക്കാൻ ശ്രമിക്കുകയായിരുന്നുവത്രേ.

കഷ്ടിച്ച് ഞെരുക്കത്തോടെ ചെലവിടുമ്പോൾ അമലയ്ക്ക് പഴയതുക നല്കാനാവുന്നുണ്ട്. യാത്രയ്ക്കും മറ്റുമായി വമ്പിച്ചൊരു തുക വിനിയോഗിക്കുമ്പോഴും പരുഷമായി പെരുമാറാത്ത, വെറുപ്പു കാട്ടാത്ത രോഹിണി.

ജീവിതത്തിന് പുതിയൊരു നിയതരൂപം സ്വീകരിക്കേണ്ടുന്ന തിനെക്കുറിച്ച് രാമു സംസാരിക്കുകയായിരുന്നു. കല്ല്യാണത്തിനും നാലുനാൾ മുമ്പ്.

അരക്ഷിതാവസ്ഥയുടെ ഗതികെട്ട ഒഴുക്ക്, വിരസമായ ദിനങ്ങ ളോടുള്ള മടുപ്പ് കുറഞ്ഞിരിക്കുന്നെന്നു തോന്നുന്നു. എനിക്കായി കാത്തിരിക്കുന്ന, എന്റെ വരവിനായി രാത്രി ഉറക്കമിളക്കുന്ന രോഹി ണി സകലരിലും അനുകമ്പയാണ് ഉയർത്തുന്നത്.

രേണുകേടത്തിയുടെ ഉറക്കമിളപ്പിന്റെ പ്രാധാന്യതയെ അനന്തേ ട്ടൻ അവഗണിക്കുമായിരുന്നു.

അച്ഛന്റെ വാണിജ്യപ്രതാപമുള്ള ജീവിതത്തിൽ അമ്മയുടെ ഉറക്കം വിങ്ങിയ കണ്ണുകൾ അജ്ഞാത മായിരുന്നു.

അസമയത്ത് അത്യാസന്നനിലയിലുള്ള രോഗിയെകണ്ട്, നേഴ് സിങ്ങ്ഹോമിൽ നിന്നെത്തുമ്പോൾ മിസ്സിസ്സ് പത്മനാഭൻ അച്ഛനെ ശകാരിച്ച് വരവേല്ക്കാറായിരുന്നു പതിവ്.

ചുവന്ന വെയിൽകാഞ്ഞ് ഗ്രാമവീഥി കിടക്കുമ്പോൾ അവർ പടിയിറങ്ങി.

തുറന്ന വാതിലിനുപുറകെ അമല നില്പായിരുന്നു. അമംഗള യായ വൃന്ദ മുഖം കാട്ടാതെ അകത്തുതന്നെയാണ്.

സ്റ്റാന്റിലെ ഈച്ചയാർക്കുന്ന ആൾക്കൂട്ടത്തിൽ നിരത്തിയിട്ട ബസ്സുകളിൽ ലക്ഷ്യസ്ഥാനത്തേക്കുള്ള വണ്ടിയെ കണ്ടെത്താനായി ജോസഫ് നടന്നു.

ഇരിപ്പിടം കരസ്ഥമാക്കി ചായ്ഞ്ഞിരുന്നപ്പോൾ അയാൾ ചോദിച്ചു:

"ആ രശീതി പ്രശ്നം എന്തായി?"

അപരിചിതനോട് തുറന്നു പറയുന്നതു പോലെ പാർത്ഥൻ പറഞ്ഞു.

"യുദ്ധം തുടരുന്നു..."

ഇസ്മയിൽ സേട്ടിനോട്, അവസരോചിതം വിലസുന്ന ഒരു ദുഷ്പ്രഭുവിനോട് യുദ്ധം തുടരുകതന്നെയാണ്.

എല്ലു ചലമാക്കി തല്ലുകൊണ്ട് നടുപൊളിഞ്ഞ് ചോരതുപ്പി ചത്തുവീണ മനുഷ്യരുടെ സ്മരണ രക്തസാക്ഷി ദിനത്തിന്റെ പാളയ ത്തിൽ തത്വദീക്ഷയോടെ ഔപചാരികമായി തളച്ചിടാൻ കഴിഞ്ഞി രിക്കുന്നു. അവർ ക്രൂശിക്കപ്പെട്ട നവീന ജീവാത്മാക്കളാണ്.

നാല്പത്തെട്ടിൽ വെറും നെഞ്ചൂക്കിന്റെ ബലത്തിൽ നാടു നന്നാക്കാനിറങ്ങിയ മാധവേട്ടന് നെറികേടിന്റെ കുറെ കഥകളെ യായിരുന്നു പറയാനുണ്ടായിരുന്നത്. പിന്നീട് ക്ഷയം ബാധിച്ച് ചോരതുപ്പി അയാൾ മരണമടയുകയായിരുന്നു. അനാഥരായ മക്കൾ തെരുവുതെണ്ടികളെപ്പോലെ വാഴുമ്പോൾ പരിതപിക്കുന്നത് ഒറ്റ പ്പെട്ട ചിലർ മാത്രമായിരിക്കും.

ഇവിടെ സമ്പന്നനാവാനുള്ള മാദ്ധ്യമമാണ് എന്തും. പൊതുജനം രാഷ്ട്രീയപ്രവർത്തകന്റെ ഖജനാവാണ്. തക്കത്തിന് ഉപയോഗി ക്കുന്നവർ മഹാന്മാരാവുന്നു.

കോൺവെന്റിന്റെ വികലമായ അക്ഷരശുദ്ധിയോടെ മലയാളം ചിലയ്ക്കുന്ന പിള്ളേർ! പോർച്ചിൽ കാറ്. ചെരുപ്പിൽ നിന്ന് മോചനം കാണാത്ത പാദം! വിലപിടിപ്പുള്ള വിദേശവസ്ത്രം മാത്രമുടുക്കുന്ന അഭിജ്ഞയായ ഭാര്യ! കോലാഹലത്തോടെ നടക്കുന്ന തീൻമേശ യിലെ വിഭവസമൃദ്ധമായ അത്താഴവിരുന്നുകൾ...

ജോസഫ് വീണ്ടും ക്ഷണിച്ചപ്പോൾ ദൃഢനിശ്ചയത്തോടെ വരാമെന്നു പറയാൻ പാർത്ഥനായില്ല. അവരോട് യാത്ര പറഞ്ഞു പിരിയുമ്പോൾ ആകാശം കറുക്കുന്നത് അയാൾ കണ്ടു.

ആൾത്തിരിക്കിലൂടെ ഊളിയിട്ടുനടക്കുമ്പോൾ രോഹിണി പറഞ്ഞു: "വേഗം നടക്കൂ... ചെന്നതും ചോറുണ്ടാക്കണം."

“ഓ, ഏതായാലും നമുക്കിന്നു പുറമേന്ന് കഴിക്കാം... ഒരു സിനിമ കാണാൻ നേരമുണ്ടെന്നു തോന്നുന്നു.”

കഴമ്പുള്ള ഒറ്റൊന്നും പ്രദർശനത്തിനുണ്ടായിരുന്നില്ല. എന്നിട്ടും ഒരുല്ലാസത്തിനായി, രോഹിണിയുടെ കാലപ്പഴക്കമുള്ള ഒരാവശ്യം നിറവേറ്റുന്ന ചാരിതാർത്ഥ്യത്തോടെ അയാൾ അവളെ തിയ്യേറ്ററിലേക്കാനയിച്ചു.

തിയ്യേറ്ററിലെ വെളിച്ചം കുറഞ്ഞ അന്തരീക്ഷത്തിൽ അയാളുടെ ചുമലിൽ മുഖമണച്ച് വാതോരാതെ കരയുകയായിരുന്നു രോഹിണി. നടന്ന് വീടെത്തിയപ്പോഴും അവളുടെ പാരവശ്യമുള്ള മുഖം ചീർത്ത് ചെമന്നിരുന്നു.

ഇസ്മായിൽ സേട്ടുയർത്തിയ കൊടുങ്കാറ്റിന്റെ ചുഴിക്കുത്തിൽ നിന്ന് പാർത്ഥൻ മോചിതനായിരുന്നില്ല. ജില്ലാതലത്തിൽ എതിരിടുവാൻതക്ക കരുത്തില്ലെന്നതാണ് സത്യം. പണിയാളുകളെപ്പോലുള്ള, ചിന്താധാര നഷ്ടപ്പെട്ട അനുയായികളാണെങ്ങും.

പത്രത്തിൽ, മേനോൻ സർക്കാറിനെ ധാർമ്മികത്വത്തിന്റെ പേരിൽ ഭരിക്കാൻ അവകാശമില്ലെന്നു പറഞ്ഞ് ഇ.എം. നിശിതമായി വിമർശിച്ചിരിക്കുന്നു.

പരശുരാമൻ പറഞ്ഞത് ഭരണം എന്തിനും ഒരു ഉപാധിയല്ലെന്നാണ്.

അയാളുടെ പാറയെപ്പോലെ ഉൾക്കരുത്തും ജീവസ്സും ജ്വാലകളുമുള്ള വാക്കുകൾ സശ്രദ്ധം കേൾക്കുകയായിരുന്നു ഞാൻ.

രാഷ്ട്രീയത്തിന്റെ ഏങ്കോണിച്ച, നിരപ്പില്ലാത്ത മൂലകളെക്കുറിച്ചു പറയുമ്പോൾ അമല വെറുതെ ചിരിക്കുമായിരുന്നു.

ഒരു രാത്രി മേശപ്പുറത്ത് പുസ്തകം അടുക്കിവെയ്ക്കുകയായിരുന്ന അവൾ തിരിഞ്ഞുനിന്നു ചോദിച്ചു.

തുടർച്ചയായുള്ള സംസാരത്തിന് അവളുടെ ചോദ്യം ഒരു വിരാമമായി.

“മനുഷ്യർക്കാകെ വേണ്ടിയല്ലേ പാർത്ഥേട്ടാ ഇത്? പിന്നെന്തേ കുറച്ചു മനുഷ്യർ മാത്രം ഇതിന്റെ പേരിൽ സുഖിക്കുന്നു.”

പരാധീനരെ, അവശരെ സഹായിക്കുകയാണ് ഭിഷഗ്വരന്റെ കടമ. എങ്കിലും എന്റെ അച്ഛൻ സർക്കാർ സർവ്വീസിൽ നിന്ന് രാജിവച്ച് സ്വന്തമായി നേഴ്സിങ്ങ്ഹോം പണിയുകയായിരുന്നു. അനന്തേട്ടന്റെയും മുകുന്ദന്റെയും പാതകൾ വ്യത്യസ്തമല്ല.

കിടക്കയിൽ ചമ്രംപടിഞ്ഞിരുന്ന് പത്രം വായിക്കുകയായിരുന്നു പാർത്ഥൻ. കാലത്തെ വായന ഒരോട്ട പ്രദക്ഷിണം മാത്രമാവുന്നു.

രോഹിണി പത്രം തട്ടിപ്പറിച്ച് മേശപ്പുറത്തേക്കിട്ട് അയാളുടെ ചുമലിൽ മുഖമണച്ചു കട്ടിലിലിരുന്നു.

പുറത്തു നിലാവിൽ കുളിച്ചുനില്പാണ് ഭൂമുഖം. ആകാശം തുറന്ന നീലച്ചെപ്പിനെപ്പോലെ മനോഹരമായിരിക്കുന്നു. മുഴുനിലാവിന്റെ വെട്ടം ജനാല കവച്ച് അകത്തേക്കുമെത്തുന്നുണ്ട്.

ആളൊഴിഞ്ഞ ഇടവഴിയിൽനിന്നും ഭീതിപ്പെടുത്തും വിധം ഓരിയിടുകയാണ് പട്ടി.

മാറത്ത് മുഖമണച്ച് അയാളുടെ നെറുകയിലൂടെ വിരലോടിക്കുകയായിരുന്നു രോഹിണി. അവളുടെ വിടർന്ന കണ്ണുകൾക്കു താഴെ ഉരുണ്ടുപായുന്ന കൃഷ്ണമണികളിലേക്കു നോക്കിക്കൊണ്ട് തന്നെ അയാൾ കിടന്നു.

ഒരു യതിവര്യനെപ്പോലെ ഉത്തംഗനായി നിലകൊള്ളുമ്പോൾ രേണുകേടത്തി ഗൗരവം കാട്ടി കളിയാക്കുമായിരുന്നു, ‘‘ഈ പൊറമ്പൂച്ച് മാറും ഒരുത്തി ങ്ട് വരട്ടേ...’’

നനുത്ത ചുണ്ടുകളുടെ സ്പർശം അയാളുടെ ചുണ്ടുകളറിഞ്ഞു. കൊലുന്നനെ നീണ്ട ഭംഗിയുള്ള വിരലുകൾ രോമാവൃതമായ അയാളുടെ നെഞ്ചിൽ പിടഞ്ഞുതുള്ളി.

‘‘അനുരാധയ്ക്ക് ഗർഭമാണ്...’’

‘‘ഉം... അതിന്......?’’

പുറത്തെ ലാവണ്യമുള്ള നിലാവിനെ നോക്കിക്കൊണ്ട് രോഹിണി പറഞ്ഞു:

‘‘നമുക്കും ഒരു കുഞ്ഞുവേണ്ടേ?’’

‘‘വേണ്ട... ഈ യുഗത്തിൽ എന്റെ കുഞ്ഞ് ജീവിക്കരുത്.’’

നെഞ്ചത്തു നിന്ന് പതർച്ചയോടെ മുഖമുയർത്താൻ ശ്രമിച്ച രോഹിണിയെ അടക്കിപ്പിടിച്ച് പാർത്ഥൻ തുടർന്നു:

‘‘നമുക്കും ഒരു മോൻ വേണം!’’

ഒരു കുഞ്ഞു ജനിച്ചിരുന്നുവെങ്കിൽ ഘനീഭവിച്ച നിമിഷങ്ങളുടെ കുരുക്കിൽനിന്നും രക്ഷനേടാനാവുമെന്നു കരുതിയ രേണുകേടത്തി. നെടുനാളത്തെ വൈവാഹികജീവിതത്തിനുശേഷവും ഭ്രൂണമൂറാത്ത വയറുമായി അവർ തിരിച്ചുപോവുകയായിരുന്നുവല്ലോ.

‘‘അവനും പാർത്ഥേട്ടനെപ്പോലെ ആയിരിക്കണം.’’

‘‘ഉം?’’

‘‘എതിർക്കേണ്ടതിനെ എതിർക്കാനുള്ള ധൈര്യം വേണം.’’

‘‘പിന്നെ?’’

‘‘നല്ല കരുത്തും.’’

ഗാഢവും ശക്തവുമായ നല്ലൊരാലിംഗനത്തിലമരുമ്പോൾ രോഹിണി മെയ്യൊതുങ്ങി അയാളോടു ചേർന്നുകിടന്നു. കെട്ടഴിഞ്ഞുതിർന്നുവീണ. പൂചൂടിയ, അവളുടെ മുടിക്കുത്തിൽ മുഖം താഴ്ത്തുമ്പോൾ നീണ്ട വിരലുകൾ കുപ്പായത്തിന്റെ കുടുക്കുകളെ തപ്പുന്നത് അയാളറിഞ്ഞു.

പുറത്ത് അപ്പോഴും നിലാവുള്ള രാത്രിയായിരുന്നു.

രാത്രിയുടെ അപഗ്രഥിക്കാനാവാത്ത ഏതോ ഒരു നിമിഷത്തിൽ പാർത്ഥൻ ഉണർത്തപ്പെടുകയാണുണ്ടായത്. കതകിന് തുടർച്ചയായുള്ള മുട്ടുകേട്ട് എണീറ്റുചെല്ലുമ്പോൾ പുറകെ വാരി ചുറ്റിയ സാരിയുമായി രോഹിണിയുമുണ്ടായിരുന്നു.

സാവകാശം വാതിൽ തുറന്ന പാർത്ഥൻ കാക്കി ഉടുപ്പുകളെക്കണ്ട് അമ്പരന്നു.

അകത്തേക്ക് ഹിമപാതത്തെപ്പോലെ ഇരച്ചുവന്ന ഇൻസ്പെക്ടറും പോലീസുകാരും.

"ഞങ്ങൾക്ക് ഈ വീട് പരിശോധിക്കണം."

"കാരണം...?"

തന്റേടത്തോടെയുള്ള അയാളുടെ ചോദ്യം കേട്ട് ഇൻസ്പെക്ടർ പോലീസുകാരോടായി പറഞ്ഞു:

"ങ്ങാ... മുറിയൊക്കെ നോക്ക്..."

അയാൾ പാർത്ഥന്റെ നേർക്ക് കഴുത്തുതിരിച്ചു തുടർന്നു.

"താങ്കൾ ഒരു നക്സലൈറ്റാണെന്നു തെളിഞ്ഞിട്ടുണ്ട്."

ചുവരിൽ അള്ളിപ്പിടിച്ചു വീഴാതെ നില്പായിരുന്നു രോഹിണി അകമുറികളിൽ വെപ്രാളത്തോടെയുള്ള തിരച്ചിൽ നടക്കുന്നുണ്ട്. പോലീസുകാരുടെ ഷൂസ്സു തറപൊളിക്കുന്നു. മേശവലിപ്പുകൾ ഒച്ചയോടെ തുറക്കുകയും അടയ്ക്കുകയുമാണ്.

"ഇവിടെ വരാൻ സർച്ച് വാറണ്ടുണ്ടോ...?"

"അതിന്റെ ആവശ്യം ജനസംരക്ഷകരായ ഞങ്ങൾക്കു വേണ്ട."

അകമുറിയിൽനിന്ന് പോലീസുകാർ ചുവരലമാരയിലെ ഒരു കെട്ടു പുസ്തകങ്ങളുമായെത്തി. ഇൻസ്പെക്ടർ ഹേഡിനോടായി തറപ്പിച്ചു ചോദിച്ചു:

"എല്ലാം കിട്ടിയില്ലേ!"

"ഉവ്വ്..."

"പാർത്ഥൻ സ്റ്റേഷനിലേക്കൊന്നുവരണം. കുറച്ചു ചോദ്യങ്ങൾ ചോദിക്കാനുണ്ട്."

ഇടിവെട്ടേറ്റതുപോലെ വിറങ്ങലിച്ചുനിൽക്കുന്ന രോഹിണിയുടെ അരികെചെന്ന് അയാൾ പറഞ്ഞു:

“ഞാൻ വേഗം വരാം... നീ വിഷമിക്കാതിരിക്കൂ...”

പാർത്ഥനും സംഘവും ഇടവഴിയിലേക്കിറങ്ങി വാഹനത്തിൽ കയറിപ്പറ്റുമ്പോഴേ അവൾക്ക് സ്ഥലകാലബോധം ലഭിക്കുകയുണ്ടായുള്ളൂ.

രോഹിണിയുടെ പച്ചമുള ചീന്തിയതുപോലുള്ള അലറൽ വാഹനം നിരത്തിലേയ്ക്കു കേറിയപ്പോഴും പാർത്ഥൻ കേട്ടു.

ഇരുപത്തിയൊന്ന്

പുറത്ത് രാത്രിയുടെ തുടിപ്പ് അവസാനിച്ചിട്ടേയില്ല. സ്റ്റേഷനു മുമ്പിലുള്ള അരയാലിൽ കാറ്റ് പിടയ്ക്കുന്നുണ്ട്. നരച്ച നിലാവ് ഉയർന്ന ജനാല പാളിയിലൂടെ അകത്തേയ്ക്കു വീഴുന്നു.

ഞാൻ വരുമ്പോഴും അയാൾ അതേ കിടപ്പായിരുന്നു. മാളത്തിൽ വന്നുപെട്ട പുതിയ ജീവിയെ ആശ്ചര്യത്തോടെ കാണുന്നതുപോലെയായിരുന്നു ഭാവം. പിന്നീട് ഉറക്കം തടസ്സപ്പെട്ട വിരസതയോടെ അയാൾ പുലമ്പിക്കൊണ്ട് ഇരുന്നു.

പഠിപ്പും ബിരുദവുമായി തെണ്ടിനടക്കുന്ന, സാമൂഹ്യപ്രവർത്തകനായ മകൻ. കെട്ടിച്ചു തിരികെ കൈക്കുഞ്ഞുമായെത്തിയ മകൾ. അകാല ചരമമടഞ്ഞ ഭാര്യ.

മകളുടെ വിവാഹത്തിന് തീറെഴുതിക്കൊടുത്ത ഭൂമി അന്യാധീനപ്പെടുകയായിരുന്നുവത്രേ!

നാട്ടിൽ നടന്ന ചില്ലറമോഷണങ്ങൾക്കുത്തരവാദിയായ അയാൾ ജയിലിലെ സ്ഥിരം അന്തേവാസി ആകുകയായിരുന്നു.

സ്റ്റേഷൻ വരാന്തയിൽ ഗാഢമായ സുഷുപ്തിയിലാണ്ടുകിടപ്പാണ് ചെല്ലപ്പൻ.

ഉറക്കം കൺപോളകളെ തീണ്ടാതെ പിന്നിട്ട മായികനിമിഷങ്ങളുടെ അവ്യക്തചിത്രമായി നില്പായിരുന്നു പാർത്ഥൻ.

രേണുകേടത്തിയെക്കൊണ്ട് പടി ഇറങ്ങുമ്പോഴായിരുന്നു പോലീസ് വളഞ്ഞ് പിടിച്ചത്. നാട്ടിൻപുറത്തെ ശബ്ദമുഖരിതമാക്കിയ ഭീതിപൂണ്ട് രേണുകേടത്തിയുടെ സ്വരം വാനിനകത്തിരിക്കുമ്പോഴും എനിക്ക് കേൾക്കാൻ കഴിഞ്ഞിരുന്നു.

വീട്ടിൽ അന്യനായ, കുലം മുടിച്ച എന്റെ ശേഷക്രിയ ജീവിച്ചിരിക്കെ തന്നെ നടന്നിരുന്നു. കനത്ത ബൂട്ടുകളും ലാത്തി നെഞ്ചത്ത് വീണ് തെന്നുമ്പോഴും സംഹാരരുദ്രരായ, വെറും ആജ്ഞാനുവർത്തികളായ ബുദ്ധിമരവിച്ച പാവക്കൂത്തുമാത്രം നടത്താന

റിയാവുന്ന അവർ എന്റെ പതനത്തിനായി കളമൊരുക്കുകയായിരുന്നു. എന്നിൽനിന്ന് ചുഴിഞ്ഞു കണ്ടെത്താനാവുമെന്ന് കരുതിയ ഉത്തരങ്ങൾ അവരുടെ വ്യാമോഹങ്ങൾ മാത്രമായിരുന്നുവല്ലോ - എന്നിട്ടോ എന്ന ചോദ്യം അനാവശ്യമായി വീണ്ടും നീളുന്നു.

അടിത്തട്ടിൽ ലേശം വെള്ളംമാത്രം ശേഷിച്ച വറ്റിവരണ്ട കുളത്തെപ്പോലെയായിരുന്നു പ്രസ്ഥാനം. മനുഷ്യർ ശ്വാസം കിട്ടാൻ പിടയ്ക്കുന്ന മീനുകളെപ്പോലെ. ആകാശത്ത് വട്ടമിടുന്ന കഴുകന്മാരെപ്പോലെ പ്രക്ഷുബ്ധരായ ഒറ്റുകാരായിരുന്നു എങ്ങും.

അമ്മായി എന്നും പറഞ്ഞിരുന്നത്, നീതിസാരം നടത്തിയത് സ്വന്തം ജീവിതത്തിന്റെ സുരക്ഷിതത്വത്തെക്കുറിച്ചായിരുന്നു. രോഹിണിയോടൊത്ത് ചെന്നപ്പോൾ തനിയെ കണ്ട അവർ പറഞ്ഞു:

“നീം പഴയപടി ആയ്യാ പറ്റില്ല്യാട്ട്വോ. ഒരു പെണ്ണൊരുത്തീം ഉള്ളതാ. അവൾക്കും മനസ്സമാധാനമായി ജീവിക്കണംന്ന്വൊക്കെ്ണ്ടാവും. എന്തന്യായാലും പരിധി വിടാതെ കളിച്ചോളൂ...”

ഉത്സാഹത്തിമർപ്പോടെ പ്രകീർത്തിക്കുമ്പോഴും അമല എന്നോടു പറഞ്ഞുപോന്നത്, പിടക്കോഴിയുടെ ചിറകിൻകീഴിൽ രക്ഷാമേഖല തേടുന്നതുപോലുള്ള അനേകം മനുഷ്യരെക്കുറിച്ചായിരുന്നു.

പഴയ കഥകൾ പുനരാഖ്യാനം നടത്തുമ്പോൾ രോഹിണി മിഴിചിമ്മാതെ, ആരാധനയോടെ നോക്കുമായിരുന്നു.

വാനിൽ നിന്നിറങ്ങി അകത്തേക്കു വന്നപാടേ ഇൻസ്പെക്ടർ വിളിപ്പിക്കുകയായിരുന്നു. അറസ്റ്റിന്റെ പ്രാമുഖ്യത്തെക്കുറിച്ച് അപ്പോഴും ചിന്തിക്കുകയായിരുന്നു ഞാൻ. ഒരെത്തും പിടിയും എനിക്ക് കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല.

പെരുമ്പറ കൊട്ടുന്നതുപോലെ മുഴുക്കത്തോടെ അയാൾ ചോദിച്ചു:

“പരശുരാമൻ വീട്ടിൽ വരാറുണ്ടോ?”

ഉൾക്കിടിലമുയർത്തിയ നടുക്കമുണ്ടായെങ്കിലും തറപ്പിച്ചുപറഞ്ഞു:

“ഇല്ല...”

“പരശുരാമനെ അറിയില്ലേ.”

“ഉവ്വ്... എന്റെ സഹപാഠിയായിരുന്നു.”

“പരശുരാമൻ വീട്ടിൽ പതിവായി വരാറുണ്ടെന്നും അദ്ദേഹത്തിന്റെ കീഴിൽ ഇവിടെ സ്റ്റഡീക്ലാസ്സുകൾ നടത്താറുണ്ടെന്നും ഞങ്ങൾക്കറിയാം.”

“എന്നാൽ എനിക്കറിയില്ല.”

“ഇവ്ടെ ആരും നേരിട്ട് സത്യം പറഞ്ഞിട്ടില്ല. താങ്കൾ പഴയ കേഡിയുമാണ്. ഒരു പരിപൂർണ്ണ നക്സലിന്റെ മുന്നിലാണ് നില്ക്കുന്നതെന്നും അറിയാം. യൂണിയൻപ്രവർത്തനത്തിലൂടെ താങ്കൾ നക്സലിസം പ്രചരിപ്പിക്കുകയാണെന്നാണ് എനിക്കറിയാൻ കഴിഞ്ഞത്.”

മാർദ്ദവത്തിലേക്ക്, സാധാരണക്കാരന്റെ നിലവാരത്തിലേക്ക് താണുകൊണ്ടിരുന്ന സ്വരത്തിന് ഗൗരവം ചാർത്തി അയാൾ തുടർന്നു: “പ്രസ്ഥാനത്തിന്റെ പ്രാവർത്തികവശങ്ങളിൽ വിശ്വസിക്കുന്നുണ്ടോ?”

“എനിക്കറിയില്ല.”

“അതറിയാം... താങ്കൾ വിശ്വസിക്കുന്നുണ്ട്. എല്ലാം ഞാൻ പറയിക്കും.” എന്നാൽ പ്രാകൃത നിഷാദന്മാരായ അവർ എന്നെ മർദ്ദിക്കുകയോ വായുവിൽ കിഴുക്കാംതൂക്കായി ചാഞ്ചാടിക്കുകയോ ചെയ്യുക ഉണ്ടായില്ല.

മുറിയിലെത്തപ്പെട്ടപ്പോൾ സൗഹൃദത്തോടെ സ്വീകരിക്കാൻ കൊച്ചുരാമനുണ്ടായിരുന്നു.

ഏകയായ രോഹിണി എന്തുചെയ്യുകയാവുമെന്നു ചിന്തിക്കാൻ പാർത്ഥനായില്ല.

അവൾ അലമുറയിട്ട് കരച്ചിൽ തുടരുകതന്നെയാവും. വിവരമറിയുമ്പോൾ ഓടിക്കൂടിയ നാട്ടുകാരും നിശ്ചലരായിരിക്കും.

ഓഫീസുകളിൽ അഭ്യൂഹങ്ങളുടെ വ്യാപ്തി പകച്ച വ്യാധിയെപ്പോലെ പടർന്നിരിക്കും. ഓഫീസറുടെ എഴുത്തു കിട്ടുമ്പോൾ സ്തംഭിക്കുന്ന മുകുന്ദൻ. അവന്റെ പൊസിഷന് ഇളക്കം തട്ടാവുന്ന ഒരു നിമിഷം.

ആകാശത്ത് പാതിരാവെളുക്കുകയാണ്. ജനാലയിലൂടെ ചുവപ്പുകയറുന്ന മേഘങ്ങളെ കാണുന്നുണ്ട്. ഒരു രാത്രിയുടെ കരവലയത്തിൽനിന്നും കുതറിമാറിയ ഭൂമി ചലിച്ചുതുടങ്ങിയിരിക്കുന്നു. കരഞ്ഞുതിമർക്കുന്ന കാക്കകളും പറവപ്പറ്റങ്ങളും – നിരത്തിൽ മുക്രയിടുന്ന വാഹനങ്ങൾ.

മുട്ടറ്റം ഉയരമുള്ള തിണ്ടിൽ കിടന്ന് കൊച്ചുരാമൻ വീട്ടിലെന്നോണം ഉറക്കം തുടരുകയാണ്. അയാളുടെ കുരച്ച നെഞ്ച് പതിയെ ഉയർന്ന് താഴുന്നുണ്ട്.

പ്രവേശന കവാടത്തിൽ കാവൽ ജോലി തുടരുന്ന, തോക്ക് തറയിൽ കുത്തിനില്ക്കുന്ന പോലീസുകാരന്റെ കണ്ണിൽ ഉറക്കം തമ്പടിച്ചുകിടപ്പാണ്.

നേരത്തെ ഉറക്കമുണർന്ന കൊച്ചുരാമൻ വരാന്തയിൽ ചുരുണ്ടു കൂടികിടക്കുന്ന ചെല്ലപ്പന്റെ കഥ പറയുകയായിരുന്നു.

കുടുംബത്തിൽ തിന്നാനും ഉടുക്കാനുമില്ലാതെ വന്നപ്പോൾ എട്ടുപേരിൽ മൂത്തവനായ അയാൾ കുട്ടിക്കാലത്തുതന്നെ നല്ലൊരു മോഷ്ടാവായിത്തീരുകയായിരുന്നുവത്രേ.

കൈവണ്ടിവലിച്ച് തുച്ഛമായ വരുമാനത്തോടെ ദിവസങ്ങൾ തള്ളിനീക്കിയ അച്ഛൻ. മക്കൾക്ക് ചോരപിഴിഞ്ഞ് മുലയൂട്ടി മാറത്ത് കാൻസർ ബാധിച്ച് പുണ്ണും ചലവുമായി പിടഞ്ഞുമരിച്ച അമ്മ.

ഭാരം കയറ്റിയ കൈവണ്ടിയിൽ ലോറികയറി അച്ഛൻ ചതഞ്ഞ രഞ്ഞ് മാംസക്കുഴമ്പായതോടെ ആയിരുന്നു ചെല്ലപ്പന്റെ ദുരന്തം.

ദുഷ്കൃത്യങ്ങൾ ആരംഭിക്കുകയാണുണ്ടായത്. പട്ടിണികൊണ്ട് വാവിട്ടു കരയുകയായിരുന്നു അവന്റെ ഉടപ്പിറന്നവൻ.

ചായക്കടകളുടെ താഴുകളുടെ ബലപരീക്ഷയിൽനിന്ന് ചെല്ലപ്പന്റെ കർമ്മവൈഭവം ഒടുക്കം ആഭരണക്കടയോളം ചെന്നെത്തുകയായിരുന്നു. തെരുവുതെണ്ടിയായിരുന്നപ്പോൾ കിട്ടാതിരുന്ന സൗകര്യങ്ങൾ.

അപ്പേഴേക്കും എളേതുകളെല്ലാംതന്നെ നല്ലൊരു പരുവത്തിലെത്തപ്പെട്ടിരുന്നു. കലാശാലയിൽ പഠിക്കുന്ന അനുജൻ. മറ്റൊരുത്തൻ ഉദ്യോഗസ്ഥൻ. വിവാഹിതകളായ അനുജത്തിമാർ

ചെറുപ്പകാലം ഒട്ടുമുക്കാലും ജയിലിന്റെ പരിസരത്തുതന്നെയായിരുന്ന ചെല്ലപ്പൻ വിവാഹത്തെ പാടെ മറന്ന മട്ടായിരുന്നു. അധികരിച്ച പ്രായവും തൊഴിലിന്റേതായ കുപ്രസിദ്ധ മഹത്വവും.

ചെല്ലപ്പന്റെ വഴിത്തിരിവ് അവസാനത്തെ അനുജനിൽ നിന്നാരംഭിക്കുന്നു. മൂങ്ങയെപ്പോലെ നിശബ്ദനായിരുന്ന ഉദ്യോഗസ്ഥൻ. എങ്കിലും ദുഷ്കീർത്തിയും പോലീസുകാരുടെ തിരഞ്ഞുപിടിക്കലും പതിവിൻ പടി തുടരുന്നുണ്ടായിരുന്നു.

നാട്ടിൽ നടക്കുന്ന കളവുകൾക്കെല്ലാം ഏക ഉത്തരവാദി. സ്വസ്ഥമായ കുടുംബാന്തരീക്ഷത്തിലെ ശാപമായ അയാൾ നല്ലൊരു ജീവിതത്തിന്നായി കുടിപാർപ്പാരംഭിച്ചപ്പോഴും ഒരു മാടക്കടയിൽ ഉപജീവനമാർഗ്ഗം കണ്ടെത്തിയപ്പോഴും ലോക്കപ്പ് മുറികളിൽ കളവു മുതലുകളുടെ കണ്ടെത്തലിനായി ഭേദ്യം ചെയ്യൽ അനുഭവിക്കേണ്ടി വന്നിരുന്നു.

പിന്നീട് ഉറക്കപ്പായയുമായി സ്റ്റേഷൻവരാന്തയിൽ രാവുകൾ മുഴുക്കെ അയാൾ കഴിച്ചുകൂട്ടുകയായിരുന്നു.

മുഖത്തും മാറത്തും നരച്ചരോമങ്ങളുള്ള കവിൾത്തടത്തിൽ

ഉഴവുചാലുകളെപ്പോലെ തൊലിചുളിഞ്ഞു തൂങ്ങുന്ന മദ്ധ്യവയസ്ക്കനായ ചെല്ലപ്പന്റെ മുഖത്ത് അതൃപ്തി രേഖകളെ കാണാനില്ല.

കൊച്ചുരാമന് ചെല്ലപ്പനുമായി കൂട്ടുചേർന്നു നടത്തിയ സാഹസികമായ ഒരു മോഷണത്തെക്കുറിച്ചും പറയാനുണ്ടായിരുന്നു.

ചെല്ലപ്പൻ നവ്യവും ശാന്തവുമായ ജീവിതത്തിന് പൊറുതിമുട്ടി ന്യായാസനങ്ങളുടെ മുമ്പേ കേണുകൊണ്ടിരിക്കുമ്പോഴും ജീവിതാന്ത്യംവരെ ജയിലിലും ഇടക്കാലത്ത് നാട്ടിലുമായി കഴിയുന്നതിൽ കൊച്ചുരാമൻ സംതൃപ്തനായിരുന്നു. അടികൊണ്ട് തഴമ്പു വീണ നെഞ്ച് കൊച്ചുരാമന്റെ വിശിഷ്ട ഫലകമായിരുന്നു.

കണ്ണുകളിൽ ഉറക്കത്തിന്റെ മതിവരാത്ത ആലസ്യവുമായി സിമന്റ് തിണ്ടിൽ കിടക്കുകയായിരുന്നു പാർത്ഥൻ.

പുതുതായി പണിത കെട്ടിടമായിരുന്നതിനാൽ ഊക്കനൊരു സിമന്റ് എടുപ്പാണ്. നടുവകത്ത് അനേകം മുറികളിൽ ചവിട്ടും തല്ലും കൊണ്ട് ചോരചിന്തി ജന്മശാപമായി തീരാവുന്ന രോഗങ്ങളുമായി കടന്നുപോയ മനുഷ്യരുടെ അദൃശ്യമായ കാല്പാടുകളാണ്.

നേർത്ത വെട്ടം വീണതോടെ ജീപ്പിന്റെ മുഴക്കത്തോടൊത്ത് ഇൻസ്പെക്ടറുമെത്തി.

സെൻട്രി നെട്ടനെ ഉയർത്തിപ്പിടിച്ച ശിരസ്സുമായി സല്യൂട്ട് ചെയ്തപ്പോൾ പ്രഭാവത്തോടെ, അയാൾ അകത്തേക്കു കയറിവന്നു.

ഫോണിന്റെ ഡയൽ കറങ്ങുന്നതിനോടൊത്ത് അയാളുടെ പരുക്കൻ ശബ്ദത്തെ പാർത്ഥൻ കേട്ടു.

"പുള്ളി അകത്തുണ്ട്..."

"................"

"ഏയ്യ്... ഒന്നും ചെയ്തില്ല. ഒന്നു കളിപ്പിക്കാനായായാണല്ലോ ഇതെല്ലാം!"

"................"

".... കത്തിച്ചതു നന്നായി."

"................"

"നന്ദിയൊന്നും വേണ്ട സാറെ, ഞാനെന്നായാലും ഇതു ചെയ്യണ്ടതാണല്ലോ..."

"ഇന്നല്ലെങ്കിൽ നാളെ വീണ്ടും സാറിന്റെ പാർട്ടി ഭരണത്തിൽ വരും. അപ്പോൾ സാറ് മന്ത്രിയുമാവും. ഞങ്ങൾക്ക് രാഷ്ട്രീയമില്ലല്ലോ."

"................"

"അതതേ... പരശുരാമനെക്കുറിച്ചു കേട്ടപ്പോൾ പുള്ളി നടുങ്ങുന്നുണ്ട്. നമുക്കൊരു പഴുതാണല്ലോ ആവശ്യം."

“................”

“അതു സൂക്ഷിക്കാം. ലായറാണെന്നറിയാം. കൂട്ടം തെറ്റിവന്നു ചേർന്നതുകൊണ്ടാണ് ഇത്രകണ്ട് ശല്യം. രംഗത്തെക്കുറിച്ചറിയാഞ്ഞാണ്...”

“കാലത്തുവിടാം. ഏതായാലും വേണ്ടതു ചെയ്യണം...”

അയാൾ ഫോൺവെച്ച് കസേരയിൽ ചായ്ഞ്ഞിരുന്നു. പ്രഭാതം വന്നതോടെ ചെല്ലപ്പൻ എണീറ്റുപോയിരിക്കുന്നു. കൊച്ചുരാമൻ ഗാഢമായ നിദ്രയിൽ തുടരുകതന്നെയാണ്. ജനാലയ്ക്കപ്പുറം കാണുന്ന നീല ആകാശത്തിൽ ചുവന്ന മേഘങ്ങളുമുണ്ട്.

അപ്പോൾ ഇസ്മായിൽ സേട്ടിന്റെ കരങ്ങളാണെങ്ങും. രോഷത്തോടെ പാർത്ഥൻ കൈകൾ കൂട്ടിഞ്ഞെരിച്ചു.

ഞാൻ പണിപ്പെട്ട് ശേഖരിച്ച തെളിവ് കത്തി ചാമ്പലായിരിക്കും. എന്റെ ആക്ഷേപപത്രം ഒരു ദുഷ്പ്രചരണം മാത്രമായിരിക്കും.

മുൻമന്ത്രിക്ക് രക്ഷാസങ്കേതം നല്കാൻ കേമന്മാരുടെ താവളം തന്നെയുണ്ട്. ഇസ്മായിൽ സേട്ടിന്റെ സംഹാരപാടവമുള്ള, മാന്യവും കണ്ണീരു തുടയ്ക്കുന്നതുമായ കൈകൾ കൗശലത്തോടെ പെരുമാറുകയാണ്.

കൂട്ടിലടയ്ക്കപ്പെട്ട മെരുങ്ങാത്ത കാട്ടുപോത്തിനെപ്പോലെ പാർത്ഥൻ മുറിയിൽ ചുവടുകൾവെച്ച് വെറിപിടിച്ചു നടന്നു.

രാത്രി നടന്ന വേട്ടയാടൽ ആർക്കും അറിയില്ലായിരുന്നു. വീട്ടിലേക്ക് തിരികെ എത്തിയപ്പോൾ ജനം പഴയതുപോലെ സ്വന്തം പ്രവൃത്തികളിൽ വ്യാപൃതരായിരിക്കുന്നതാണ് പാർത്ഥൻ കണ്ടത്.

പ്രഭാതത്തിന്റെ വരവോടെ എന്നെ മോചിപ്പിക്കുകയാണുണ്ടായത്. ലോക്കപ്പ് മുറിയുടെ ബന്തവസ്തിൽ നിന്ന് പുറത്തുകടന്നപ്പോൾ നമ്പ്യാരും പവിത്രനും രാമുവും അകമുറിയിൽ ഇരിക്കുന്നതു കണ്ടു. വരാന്തയിൽ വിഭ്രാന്തിയോടെ നില്പായിരുന്നു രോഹിണി.

കാറിലെ ഇഴുക്കമുള്ള അന്തരീക്ഷത്തിൽ വാചാലത വെടിഞ്ഞ് വെളിയിലേക്കു കണ്ണുകൾ നട്ടിരിക്കുമ്പോൾ മനസ്സിൽ അഗ്നിയുടെ നാമ്പ് വളർന്ന് വികസിച്ച് ഒരു ശുദ്ധികലശത്തിനായി തയ്യാറെടുക്കുകയായിരുന്നു.

അസംസ്കൃത വസ്തുക്കൾ അടിഞ്ഞുകൂടി മലിനമായിരിക്കയാണ് സ്വന്തം പടയണി. അവ തൂത്തുവാരി വെടിപ്പുണ്ടാക്കുമ്പോൾ തിളങ്ങുന്ന വായ്ത്തലയുള്ള അനേകം വാളുകളെ അഭിമുഖീകരിക്കേണ്ടിയിരിക്കുന്നു.

യാത്രയുടെ അവസാനംവരേയും രോഹിണി നിശ്ചലയും

മൂകയുമായിരുന്നു. അവളുടെ പതർച്ചപറ്റിയ മനസ്സിന്റെ ആഴത്തെ അയാൾക്കു കാണാനായി.

ഏകയായി അലഞ്ഞുതിരിഞ്ഞ് ഒരു ശീതളച്ഛായയിൽ അഭയം കണ്ടെത്തിയപ്പോഴാണ് ഇതൊക്കെ.

യാത്രയിൽ ഉടനീളം മൂവരും സംസാരിക്കുന്നുണ്ടായിരുന്നു; നമ്പ്യാരും രാമുവും പവിത്രനും. ഇസ്മായിൽ സേട്ടിന്റെ കരവിരുതിനെക്കുറിച്ച് അവർ അജ്ഞരായിരുന്നു. സർക്കാരിന്റെ അടിച്ചമർത്തുന്ന, പ്രസ്ഥാനത്തേയും ട്രേഡ് യൂണിയൻ പ്രവർത്തനത്തേയും തരിശ്ശാക്കുന്ന നയത്തെ അവർ നിശിതമായി വിമർശിക്കുകയായിരുന്നു.

രണ്ടുവർഷത്തെ ജയിൽവാസത്തിനുശേഷം ആദ്യമായി ചെന്നുകണ്ടത് അമ്മായിയെ ആയിരുന്നു. ജയിലിലേക്ക് രേണുകേടത്തി തുടർച്ചയായി എഴുത്തുകളിട്ടിരുന്നു.

അമ്മായിയുടെ കൈക്കുള്ളിൽ, അവരുടെ കണ്ണീരുവിങ്ങുന്ന നെഞ്ചിന്റെ സ്പർശനമേറ്റുനില്ക്കുമ്പോൾ ആകെ തളരുകയായിരുന്നു ഞാൻ. അമ്മായി മുത്തശ്ശിയുടെ സാമീപ്യത്തെക്കുറിച്ച് വാതോരാതെ പറയുന്നുണ്ടായിരുന്നു.

പിന്നീട് കുറെ ദിവസങ്ങൾ ചിട്ടയോടെ ഊണും ഉറക്കവും ദിനചര്യകളും, കടിഞ്ഞാണുപൊട്ടിച്ച് വീണ്ടും തെരുവിലേക്ക്. മറ്റൊരു കോളേജിൽ പൂർത്തിയാക്കാത്ത വിദ്യാഭ്യാസം ഏച്ചുകൂട്ടി മുഴുപ്പിക്കൽ.

ചായ കുടിച്ചുകൊണ്ടിരിക്കുമ്പോൾ നമ്പ്യാർ ചോദിച്ചു.

‘‘എനിക്കിതിന്റെ പൊരുൾ പിടികിട്ടുന്നില്ല...’’

പാർത്ഥൻ ഉച്ചത്തിൽ ചിരിച്ചപ്പോൾ അവർ മുഖാമുഖങ്ങളിലേക്കു നോക്കി. ചുവരിനു പുറകിൽ നിന്നിരുന്ന രോഹിണി തലയെത്തിച്ചു കാട്ടി.

വന്നപാടെ അകമുറിയിലേക്കുചെന്നു മേശവലിപ്പ് പരിശോധിക്കുകയായിരുന്നു പാർത്ഥൻ. രശീതിയും പുസ്തകവും വ്യാജമായ ഒരു തിരച്ചിലിന്റെ പേരിൽ അപ്രത്യക്ഷമായിരിക്കുന്നെന്നയാളറിഞ്ഞു. അവ ഇപ്പോൾ ഭസ്മപ്രായമായിരിക്കും.

‘‘മുൻമന്ത്രിയുടെ കേളീവിലാസമാണ്. നമ്മുടെ തെളിവുകളെല്ലാം അവർ നശിപ്പിച്ചിരിക്കുന്നു.’’

കോപം കൊണ്ട് വീർത്തുചുവന്ന മുഖം കാട്ടി രാമു അവജ്ഞയോടെ പുറത്തേക്ക് കാറിത്തുപ്പി. അയാളുടെ കണ്ണുകളിൽ ദീപനാളങ്ങൾ എരിഞ്ഞുപടർന്നു.

‘‘ഇനി നമുക്കെന്തു ചെയ്യാനാവും?’’

ക്രുദ്ധനായി വെറിയോടെ നടക്കുകയായിരുന്നു നമ്പ്യാർ.

പ്രഭാതത്തിനുശേഷം ഭൂമി തുടച്ചെടുത്തതുപോലെ വെളുത്തിരിക്കുന്നു. ഇടവഴിയിലൂടെ പതിവുയാത്രക്കാർ യാത്ര തുടരുന്നുണ്ട്.

വാതിലിനു മറപറ്റിനിന്ന രോഹിണി ഇപ്പോൾ അകത്താണ്. പുലർച്ചെ വന്ന പത്രം നിവർക്കാതെ അതേപടി കിടപ്പാണ്.

എന്റെ മോചനത്തോടെ വീടുമായുള്ള ബാഹ്യബന്ധവും അറ്റു വീഴുകയായിരുന്നു. മിസ്സിസ്സ് പത്മനാഭന്റെ സാംസ്കാരിക മണ്ഡലത്തിലെ പുഴുക്കുത്തായി പരിണമിച്ചിരുന്നു ഞാൻ.

അനന്തേട്ടനാണ് വർഷങ്ങൾ കഴിഞ്ഞിട്ടും ഒരേച്ചുകൂട്ടലിനായൊരുങ്ങിയത്. എന്തുതന്നെ ആയാലും അവർക്ക് എന്നെ വെറുതെ ചവിട്ടി അകറ്റാൻ കഴിഞ്ഞില്ല.

ഒരു തുമ്പും കണ്ടെത്താനാവാതെ മൂവരും പടിയിറങ്ങി. കട്ടിലിൽ ഒരുറക്കത്തിനായി കാത്തുകിടക്കുമ്പോൾ രോഹിണി എത്തി. അയാളുടെ നെഞ്ചിൽ പൊടുന്നനെ മുഖം പൂഴ്ത്തിക്കൊണ്ട് അവൾ കരച്ചിലാരംഭിച്ചു.

“രോഹിണി ഹോസ്പിറ്റലിൽ പോവുന്നില്ലേ...?”

അവൾ കിടന്നുകൊണ്ടുതന്നെ ഇല്ലെന്നറിയിക്കാനായി മുരടനക്കിയതേ ഉള്ളൂ.

“ഇല്ല... എനിക്കാകെ പാർത്ഥേട്ടനേയുള്ളൂ...”

ഒരു കമിതാവായിരുന്നപ്പോഴും അവൾ അതായിരുന്നു പറഞ്ഞത്. ഞാൻ ഏകയാണ്. ഞാൻ മരിച്ചാലും ആർക്കും ഒന്നും വരാനില്ല. നല്ലവനായ പാർത്ഥേട്ടന് ഒരു കളങ്കം മാത്രമായിക്കും ഞാൻ. പിന്നെ എത്രയോ നിഷ്കളങ്കമായ വാക്കുകളും.

“പാർത്ഥേട്ടന് എന്തെങ്കിലും പറ്റിയാൽ ഞാൻ ജീവിച്ചിരിക്കില്ല...”

അവളുടെ മൃദുവും കാച്ചിയ എണ്ണയുടെ മണവുമുള്ള മുടിയിഴകളെ അയാൾ തടവിക്കൊണ്ടേ ഇരുന്നു.

“എനിക്കൊന്നും സംഭവിച്ചില്ല...”

“പക്ഷേ എനിക്കെന്തോ പേടിതോന്നുന്നു.” ഒരു ദുർഭൂതത്തെ കണ്ട് ഭയന്നതുപോലെ അവൾ അയാളുടെ മാറിടത്തിൽ സംരക്ഷണം തേടി.

ബലഹീനമായ ഒരുനിമിഷം നല്കിയ ബന്ധനത്തിന്റെ അവർണ്ണനീയമായ സുഖം ഇപ്പോഴറിയുന്നു.

രോഹിണി എന്ന പെണ്ണിന് ഞാനെല്ലാമാണ്. അവളുടെ കെട്ടുറപ്പുള്ള ശോഭനമായ ഒരു ജീവിതം എന്നിലാണ് നിക്ഷിപ്തമായിരിക്കുന്നത്.

“എന്റെ ജീവിതത്തിൽ ഒരിക്കലും സ്വസ്ഥതയുണ്ടാവില്ല

രോഹിണി. നല്ലൊരു ദാമ്പത്യജീവിതത്തിനായി നീ എന്നിലേക്കു കടന്നുവരുകയായിരുന്നു.''

''ഞാനത്രയൊന്നും പ്രതീക്ഷിച്ചിട്ടില്ല. പക്ഷേ എന്റെ പാർ ത്ഥേട്ടന് വല്ലതും പറ്റിയാൽ...?''

''ഒന്നുമുണ്ടാവില്ല...''

ക്ലാസ്സിലെ അടക്കവും ഒതുക്കവുമുള്ള, ശാലീനയായ പെൺ കുട്ടിയെ ഒരുനാൾ പൊടുന്നനെ കാണുക യായിരുന്നു. താറുമാ റായി കിടന്നിരുന്ന എന്റെ വിദ്യാഭ്യാസം.

ആൾപെരുമാറ്റമുണ്ടായിരുന്ന ഇടമായിരുന്നിട്ടും അവൾ നിന്ന് ഉള്ളുരുകി കരയുകയായിരുന്നു. വലവിരിച്ച് ഇരതേടി നടക്കുക യായിരുന്ന പോലീസുകാരെക്കുറിച്ച് അവൾക്കും അറിവുണ്ടാ യിരുന്നു.

വെയിലിന് ചൂടുകൂടുന്നുണ്ട്. ഓഫീസിലേക്ക് ഒരുങ്ങേണ്ടിയി രിക്കുന്നു. കുളികഴിഞ്ഞ് ഉടുത്തൊരുങ്ങുമ്പോഴും രോഹിണി അയാ ളെ ചുറ്റിപ്പറ്റി നില്പ് തുടരുകയായിരുന്നു.

''പാർത്ഥേട്ടൻ ഇന്നു പോണ്ട.''

''ഉം.....''

''ഇന്ന് ഞാനൊരു രഹസ്യം പറയാം...''

പൊരുളറിയാതെ അമ്പരപ്പോടെ നോക്കുന്ന അയാളെ കണ്ട് രോഹിണി ചിരിച്ചു.

''ശമ്പളം വാങ്ങിക്കണം.''

ഓഫീസിൽ ചൂടുള്ള വാർത്തയായി വിവരം പ്രചരിപ്പിച്ചിരിക്കാം. സൂപ്രണ്ട് കലാശംകാട്ടി എല്ലാം വിവരിക്കുകയാവും. രമ ഒന്നുമ റിയാത്ത പരുവത്തിൽ, ഓഫീസർക്ക് എന്റെ ചെയ്തികളി ലൊന്നി ലും ആശ്ചര്യം പ്രകടിപ്പിക്കാനുണ്ടാവില്ല. പിന്നെ നല്ലവനായ ബാല കൃഷ്ണനാണ്.

അരികുപറ്റിനിന്ന രോഹിണി അയാളുടെ ചുമലിൽ മുഖമണച്ചു പാർത്ഥന്റെ നീണ്ടതും പതുപതുത്തതുമായ ചെവിയുടെ തുമ്പത്ത് പതിയെ കടിച്ചുകൊണ്ട് അവൾ പറഞ്ഞു:

''പാർത്ഥേട്ടൻ ഒരച്ഛനാവുന്നു...''

ശക്തമായ ഒരാശ്ലേഷത്തിനുശേഷം രോഹിണിയുടെ കൂമ്പിയ കണ്ണുകളിലേക്കമരുന്ന ചുണ്ടുകൾ. അവളുടെ വിളർത്ത കവിൾത്ത ടത്തിൽ അതിക്രമിച്ചു കയറിയ തുടുപ്പ്.

കൈവണ്ണയിലൂടെ ഇഴഞ്ഞ അയാളുടെ വിരലുകൾ അടിവയ റ്റത്തു ചെന്നവസാനിച്ചു ഉൾകുളിരോടെ രോഹിണി നടുങ്ങുന്നത് പാർത്ഥനറിഞ്ഞു.

അമ്മായി പറഞ്ഞത് ഒരു കുഞ്ഞുകാൽ തറയിൽ പതിയുന്ന അപൂർവ്വ നിമിഷത്തെക്കുറിച്ചായിരുന്നു. ജന്മത്തിന് സായൂജ്യം നല്കുന്നത് പുത്രനാണെന്നാണ് അവരുടെ വിവക്ഷ.

രോഹിണിയെ വാരിക്കോരി എടുത്ത് മുറിയിലേക്കു നടക്കുമ്പോൾ പാർത്ഥൻ ഒരുദിവസത്തെ അവധി എടുക്കാനായി നിശ്ചയിച്ചിരുന്നു.

ഇരുപത്തിരണ്ട്

പത്രത്തിലെ അക്ഷരങ്ങളിലൂടെ കണ്ണോടിച്ച പാർത്ഥൻ വിവശനായി. അയാളുടെ കാഴ്ച നഷ്ടപ്പെട്ടതുപോലെ മഞ്ഞിച്ച ഒരു മായിക പടലമാണ് മുമ്പിൽ.

–നക്സലേറ്റുകളുമായി ബന്ധമുണ്ടെന്നതിന്റെ പേരിൽ പാർത്ഥൻ എന്ന എൻ.ജി.ഒ. യൂണിയൻ പ്രവർത്തകനെ സസ്പെന്റ് ചെയ്തിരിക്കുന്നു. ഒരന്വേഷണ കമ്മിറ്റിയേയും നിയമിച്ചിട്ടുണ്ട്.

ഇസ്മായിൽ സേട്ടിന്റെ കരാളഹസ്തങ്ങളാണെങ്ങും.

പടക്കളത്തിൽ വീറോടെ എതിർത്തു മുന്നേറുമ്പോൾ സുഹൃത്തായ യോദ്ധാവുതന്നെ എന്നെ വെട്ടിവീഴ്ത്തിയതുപോലെ.

മാറത്ത് പത്രം വിടർത്തിയിട്ട് കസേരയിൽ ചായ്ഞ്ഞിരിക്കുകയായിരുന്നു അയാൾ. വിയർപ്പ് കിനിഞ്ഞമുഖം വാടിയ തളിരിലയെപ്പോലെയാണ്.

അകത്തേക്കുവന്ന രോഹിണി അയാളുടെ ഇരുപ്പുകണ്ട് മൗനത്തോടെ പിന്മാറുകയുണ്ടായി. നടുക്കയത്തിൽ ഏകനായി നീന്തിത്തുടിക്കുന്ന തോന്നലായിരുന്നു അയാൾക്ക്.

സന്ധ്യയ്ക്ക് അവിചാരിതമായി പ്രൊഫസറെ കണ്ടപ്പോൾ അദ്ദേഹം എന്നോടൊത്ത് കൂട്ടുചേർന്ന് നടക്കയായിരുന്നു. അച്ഛന്റെ സുഹൃത്തും സരളഹൃദയനും വിനീതനുമായ പ്രൊഫസറോട് ഭക്ത്യാദരത്തോടെ ഞാൻ പെരുമാറിപ്പോന്നു.

തിരക്കറ്റ വഴികൾ പിന്നിട്ടപ്പോൾ അദ്ദേഹം ഒരാഖ്യാനം നടത്തുകയായിരുന്നു

നാല്പത്തെട്ടിലെ ധീരയോദ്ധാവിന്റെ പതനത്തോടെ, വഴിത്തിരിവോടെ, ലായത്തിൽ പുതുതായൊരു അടിമയെ കൂട്ടിനു ലഭിക്കയായിരുന്നുവത്രെ!

പ്രൊഫസറുടെ വിദ്യാഭ്യാസം കഴിഞ്ഞകാലം. ജ്ഞാനത്തിന്റെ മേഖലകൾ കണ്ടെത്തിയ സുഭിക്ഷത പാകുമെന്നാശിച്ച മാർഗ്ഗം.

ചവിട്ടും കുത്തുമേറ്റ് നെഞ്ചുതഴമ്പിച്ചപ്പോൾ വൈകിവന്ന വെളിപാടോടെ അദ്ദേഹം സകലരിലും അന്തർലീനമായ നിജസ്ഥിതിയെ കണ്ടെത്തുകയായിരുന്നു. വ്യക്തിഗതമായ ഉന്നമനത്തിനുള്ള ഉപാധിമാത്രമാണ് ഇവിടെ എന്തും!

ആരോടും പറയാത്ത രഹസ്യമായി ഒരനുഭാവിയുടെ വൃത്താന്തം അതുവരെ ഒളിഞ്ഞുകിടപ്പായിരുന്നു.

ചുമലിൽ തട്ടി പ്രൊഫസർ പറഞ്ഞു:

"പാർത്ഥന് സ്വന്തം വഴി ഇന്ന് ശരിയായിത്തോന്നും. സ്വയം ശപിക്കാവുന്ന നിമിഷം വരരുതെന്നാണെന്റെ ആശ."

അമലയും പറഞ്ഞത് മറ്റൊന്നല്ല.

"പാർത്ഥേട്ടൻ ഒടുക്കം ദുഃഖിക്കരുത്..."

രേണുകേടത്തിയോ?

അമ്മായിയുടെ നീണ്ട എഴുത്തുവന്നിരിക്കുന്നു. ഓഫീസിൽ കിടപ്പായിരുന്നു. കൂടുപൊളിച്ചപ്പോൾ കണ്ടത് കുറെ ആവലാതികളെയാണ്.

രേണുകേടത്തി ശപിക്കപ്പെട്ട, മുക്തി നേടാനാവാത്ത നിമിഷങ്ങളുമായി പോരാടുകയാണ്.

പാർത്ഥനൊന്നുവരണം. നീ പറഞ്ഞാൽ അവൾ കേൾക്കും. എത്ര കാലമാണ് ഇങ്ങനെ ഇരുത്താൻ? എന്റെ കാലശേഷവും അവൾക്ക് ജീവിക്കേണ്ടേ?

അമ്മായി അന്വേഷിച്ചുപിടിച്ച് ഒരു പുതുവരനെ കണ്ടെത്തിയിരിക്കുന്നു. തിക്താനുഭവങ്ങൾ നല്കാൻ മാത്രം ഉതകിയ അനന്തേട്ടനുമായുള്ള ബന്ധത്തിന്റെ ചൂടാറുന്നതിനുമുമ്പെയാണ് ഇതെല്ലാം.

ഒന്നിച്ച് രേണുകേടത്തിയുടെയും എഴുത്തുണ്ടായിരുന്നു.

ഒരു ചലനവുമില്ലാതെ നാളുകൾ നീങ്ങുന്നു. പാടം വെളഞ്ഞു കിടപ്പാണ്. വെറുതെ അവിടം കണ്ടിരിക്കാൻ രസമാണ്.

ഇത് ജീവിതമാണെങ്കിൽ ഞാനും ജീവിക്കുന്നുണ്ട്. പിന്നെ ഒന്നേയുള്ളു ദുഃഖം. എന്നെക്കൊണ്ട് ആർക്കും, എനിക്കുപോലും ഒരുപകാരവുമുണ്ടായില്ലല്ലോ!

നേഴ്സിങ്ങ്ഹോമിന്റെ യാന്ത്രികത്വത്തിൽ തപ്പിത്തടയുന്ന അനന്തേട്ടന് രേണുകേടത്തി ഒരു പുരാതന സ്മരണയായിത്തീർന്നിരിക്കാം. മിസ്സിസ്സ് പത്മനാഭന്റെ ചലനാത്മക ജീവിതം ഒരു നിമിഷത്തിൽ കവിഞ്ഞ് ഒന്നിനെക്കുറിച്ചും ചിന്തിക്കാൻ അവസരം സൃഷ്ടിക്കുന്നുണ്ടാവില്ല. നാട്ടിമ്പുറത്ത് നാവുകളിൽ നിന്നരിച്ചരിച്ചു നീങ്ങുന്ന വാക്കുകൾ. മൂർച്ചയുള്ള കുന്തമുനകളായി ഊഹാപോഹങ്ങളെ തേടുന്നുണ്ടാവും.

രേണുകേടത്തി തന്റേടത്തോടെ അന്യരെ അഭിമുഖീകരിക്കേണ്ടി യിരിക്കുന്നു.

ഇസ്മായിൽ സേട്ട് വീണ്ടും ചെത്തുതൊഴിലാളി യൂണിയന്റെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട വിവരം ഫോട്ടോസഹിതം പത്രത്തിലുണ്ടായിരുന്നു.

ഉന്നതമണ്ഡലത്തിൽ കരുക്കൾ നീക്കാനാവശ്യമായ കരുത്തുള്ള അയാളോടാണ് ഏറ്റുമുട്ടേണ്ടത്.

വീണ്ടും കണ്ടപ്പോഴും ഇരുട്ടത്ത് തപ്പിത്തടയുന്ന പരുവത്തിൽ തന്നെയാണ് രാമുവും.

അയാൾ രശീതി ബുക്കുകൾ രഹസ്യമായി അടിച്ചിട്ടുണ്ടെന്നു പോലും അറിയാം. എല്ലാ കണ്ണികളെയും തകർക്കത്തക്ക ശക്തി ആ മനുഷ്യൻ നേടിയിരിക്കുന്നു! അയാൾക്ക് പലരും നൽകിയി രിക്കുന്നു!

പത്രത്തിലേക്കുതന്നെ വീണ്ടും കണ്ണോടിക്കാനാവാതെ ഒരു പുനർചിന്തനംപോലും നടത്താനാവാതെ പാർത്ഥൻ ഇരുപ്പ് തുടരുകയായിരുന്നു.

അകത്തേക്കുവന്ന രോഹിണി എതിരെ ഇരിക്കുമ്പോൾ പറഞ്ഞു. ''നല്ലവർക്കൊന്നും എവിടേയും സ്ഥാനമില്ല പാർത്ഥേട്ടാ... കുറുക്കു വഴികളെ കണ്ടെത്താത്തവർ വിഡ്ഢികളാണെന്നാണ് വെയ്പ്.''

സൂക്ഷ്മതയോടെ നോക്കുമ്പോൾ രോഹിണിയുടെ ഇത്തിരി പൊന്തിയ, അമിതമായ ഞരമ്പുകളെ കാട്ടുന്ന വയർ കാണാനുണ്ട്. കവിൾത്തടത്തിൽ വിളർപ്പ് കുടിയേറിയിരിക്കുന്നു. കണ്ണുകളിൽ വിട്ടുമാറാത്ത ക്ഷീണമാണ്.

''രോഹിണിയ്ക്ക് പോവാറായില്ലേ?''

''ഉവ്വ്.''

ഇനി ഒരു പണിക്കാരത്തിയെ കണ്ടെത്തുകയാണാവശ്യം. പക്ഷേ അവളുടെ ശാഠ്യം മറ്റൊന്നാണ്. എന്റെ പാർത്ഥേട്ടന് ഞാൻ തന്നെ വെച്ചുവിളമ്പും.

തനിച്ചുകാണുമ്പോൾ അമിതാഹ്ലാദത്തോടെ ഉത്സാഹപൂർവ്വം പണിതുയർത്താവുന്ന സംതൃപ്തി നിറഞ്ഞ ഒരു കുടുംബത്തെ ക്കുറിച്ചുപറയുകയായിരുന്നു രോഹിണി. ഒരു സമരത്തിന്റെ അലകൾ തിമർത്തടിക്കുകയായിരുന്നു എന്നിൽ.

ഒടുക്കം പരിഭത്തോടെ അവൾ വിടപറച്ചിൽ നടത്തിയപ്പോൾ എനിക്ക് ചിരിക്കാനെ ആയുള്ളൂ.

മഞ്ഞുകാലം കഴിഞ്ഞിരിക്കുന്നു. വേനലിന്റെ തീനാമ്പുകൾ പ്രഭാതത്തിലും അനായാസമായി കടന്നുവരുന്നു.

“ഞാൻ പോട്ടേ പാർത്ഥേട്ടാ...”

അവളുടെ ചുമലിൽ കൈവെച്ച് പൂമുഖവാതിൽവരെ നടന്നു. പടിയിറങ്ങുമ്പോൾ വീണ്ടും സമാശ്വസിപ്പിച്ച്, നിത്യേനയുള്ള നേർത്തൊരകൽച്ചയുടെ താങ്ങാനാവാത്ത വൈഷമ്യം പേറി അവൾ നടന്നു.

അവധിക്കാലം അവസാനിക്കുന്നതോടെ രേണുകേടത്തിയുടെ മുഖം ചുരുണ്ടുകൂടി ഉണക്കമുന്തിരിയുടേതുപോലെയായിരിക്കും. വല്ലപ്പോഴും ചെന്നിരിക്കുന്ന നാട്ടിമ്പുറത്തെ വായനശാലയിലെ നാലക്ഷരം മാത്രമറിയുന്ന അറിവിന്റെ ഭണ്ഡാഗാരം തലയിൽ പേറുന്ന സുഹൃത്തുക്കൾ തലേന്ന് യാത്രക്കുള്ള ഭാവുകങ്ങൾ കൃത്രിമച്ഛവിയോടെ ആശംസിച്ചിരിക്കാം.

അമ്മായി കെട്ടിപ്പിടിച്ച് അണമുറിഞ്ഞതുപോലെ കരയുമായിരുന്നു.

മിസ്സിസ്സ് പത്മനാഭന്റെ മൃദുലമായ ഭാവശൂന്യമായ പെരുമാറ്റത്തിന്റെ ഓർമ്മയാണ് എന്നിൽ വടുകെട്ടിനില്ക്കുന്നത്.

അച്ഛന്റെ മരണത്തിന്റെ നാലാം നാൾ ചേരിനിർമ്മാർജ്ജനത്തെക്കുറിച്ച് ഉശിരൻപ്രസംഗം നടത്താൻ അവർക്കു കെല്പുണ്ടായിരുന്നു. മാനസിക സ്വാസ്ഥ്യമുണ്ടായിരുന്നു.

ഓഫീസിന്റെ ചുറ്റുപാടിന് പുതിയ ഭാവരൂപങ്ങൾ. ഒരു നികൃഷ്ടജന്തുവിനെ ദർശിച്ച മട്ടായിരുന്നു അവർക്കെല്ലാം. മൗനത്തോടെ, ഭീതിയുമായി പണിതുടരുന്ന പണിക്കർ. ടൈപ്പ്റൈറ്ററിന്റെ ശബ്ദഘോഷം മാത്രം മുറിയിൽ.

വെള്ളിയാഴ്ച ആയതിനാൽ ഓഫീസർ രണ്ടിനുതന്നെ നാട്ടിലേക്കുള്ള ബസ്സിൽ കയറിപറ്റിയിരുന്നു. രണ്ടാം ശനിയാഴ്ച ഒരാഘോഷമായിത്തീരുന്ന വീട്. പൊതിക്കെട്ടുമായെത്തുന്ന മകൻ.

പതിവില്ലാതെ നേരത്തെ പാർത്ഥൻ വീട്ടിലേക്കു നടക്കുകയായിരുന്നു. പട്ടണത്തിലെ സകലരും പത്രത്തിലെ വാർത്ത ഗ്രഹിച്ചിരുന്നു.

കതകുതുറന്നു കട്ടിലിൽ കയറികിടക്കുമ്പോൾ അയാൾ പരവശനായിരുന്നു. തളർന്ന് നിലംപൊത്തിയെന്ന തോന്നൽ.

ഓഫീസിലേക്കുവന്ന രാമുവിന് പറയാനുണ്ടായിരുന്നത് അടിയന്തരമായി വിളിച്ചുകൂട്ടേണ്ടുന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയെക്കുറിച്ചാണ്. എതിർപ്പ് ഇനി അവിടെ നിന്നാരംഭിക്കേണ്ടിയിരിക്കുന്നു.

ഇവിടെ അടിമകളായിത്തീരാവുന്ന മനുഷ്യരെയാണാവശ്യം..!

അടിയറവുവെച്ച ചിന്തയും ചെയ്തികളും നല്ലവരുടെ, മാന്യന്മാ

രുടെ മുഖമുദ്രയാണ്. അമല അകത്തേക്ക് വന്നതോ സ്റ്റൗവിനു തീയിട്ട് കാപ്പി തിളപ്പിച്ചതോ പാർത്ഥനറിഞ്ഞില്ല.

കാപ്പി കുടിച്ചുകൊണ്ടിരിക്കുമ്പോൾ അവൾ പറഞ്ഞു:

"ആപ്ലിക്കേഷൻ ഫോം കൊണ്ടുവന്നിട്ടുണ്ട്."

ഫാറം പൂരിപ്പിക്കാനായി എന്തെങ്കിലും ചെയ്ത് മനസ്സിന്റെ ആധി കുറയ്ക്കാനായി അയാൾ ശ്രമിച്ചു.

വൈകിട്ട് രാമുവോടൊത്ത് യോഗത്തിന് ചെല്ലേണ്ടിയിരിക്കുന്നു. വിമോചന സമരത്തിനെതിരെ കൊടി ചൂടിനടക്കുമ്പോൾ ഒരുപാടു കല്ലേറ് കൊള്ളുമായിരുന്നു. അപ്പോൾ രക്ഷാകേന്ദ്രം നൽകിയത് സ്വന്തം പാളയമായിരുന്നുവല്ലോ–

ജാതി ഉച്ചാടനം ചെയ്യുമെന്നവകാശപ്പെടുന്ന, വിഭാഗീയ ചിന്താഗതികൾ വളർത്തുന്ന, ജാതി കസേരകയറ്റത്തിനുള്ള മാദ്ധ്യമമാക്കിയ സർക്കാറിന്റെ നിലപാടിനെപ്പോലെയാണെല്ലാം. പുറമ്പൂച്ചിന് ഒന്നു പറയുമ്പോഴും വെളുത്തേടനെ വണ്ണാനിൽ നിന്ന് വേർതിരിക്കുന്നു.

പൊരുത്തമില്ലായ്മയുടെ കേളീരംഗമാണെല്ലാം.

അപേക്ഷാപത്രം പൂരിപ്പിച്ചുകൊണ്ടിരിക്കെ അമല പറഞ്ഞു:

"പത്രത്തിലെ വിവരം ഞാനറിഞ്ഞു."

അയാൾ മുഖമുയർത്തുമ്പോൾ അവൾ തുടർന്നു:

"താത്വികരാണെന്നപേരിൽ, നല്ല മനുഷ്യർ ഇവ്ടെ പുറന്തള്ളപ്പെടുകയാണ് പാർത്ഥേട്ടാ. താൻ വിശ്വസിച്ചുപോരുന്ന ആദർശം ഒരു മുറയാവുമ്പോൾ അതെ സംഭവിക്കൂ. ഫലം ഒന്നുകിൽ നിരാശനാവുക, തന്മൂലം ഒന്നിലും വിശ്വാസമില്ലാത്തവനാവുക. അല്ലെങ്കിൽ ഒരു കലാപകാരി ആവുക.

എഴുതി തീർന്നപ്പോഴും പാർത്ഥൻ മൗനം തുടരുകയായിരുന്നു. അമല വീണ്ടും പറഞ്ഞുവന്നത് അവളുടെ പരിധിയ്ക്കകത്തൊതുങ്ങാവുന്ന കോളേജ് അന്തരീക്ഷത്തെക്കുറിച്ചായിരുന്നു.

ഒരു തെരഞ്ഞെടുപ്പുകാലത്തെ ആർഭാടമായ ബഹുജനങ്ങൾ. അസംഖ്യം ബാനറുകൾ. ഉച്ചഭാഷിണിയിലൂടെ മുഴങ്ങുന്ന സർവ്വസുഖപ്രാപ്തിയായ വാഗ്ദാനങ്ങൾ.

അപ്പോഴും ഫീസിന് തുക കെട്ടാനില്ലാതെ ഒരു പെൺകുട്ടി കോളേജിൽനിന്ന് പുറത്താക്കപ്പെട്ടിരുന്നത്രേ.

സൗഖ്യത്തിന്റെ പുതിയ പടവുകൾ കയറിപ്പറ്റിയ ജോസഫ് പഴയ കാലത്തെ പാടെ മറന്നിരിക്കുന്നു. സ്റ്റെല്ല എന്ന പാവപ്പെട്ട പെണ്ണിന്റെ മോഹങ്ങൾ നിഷ്കരുണം തച്ചുടയ്ക്കുമ്പോൾ അയാൾ നിർവ്വികാരനാവുന്നു.

വെയിലാറി ഭൂമി തണുക്കുന്നുണ്ട്. കറ്റയേറ്റി തഴമ്പിച്ച ശിരസ്സുള്ള മനുഷ്യരാണ് ഇടവഴിയിൽ.

"സന്ധ്യ ആവുമ്പോഴെ രോഹിണി വരൂ. എന്നിട്ടുവേണം അവൾക്ക് വെച്ചൊരുക്കാൻ."

"പാർത്ഥേട്ടൻ ഇനിയും ഇതു തുടരുന്നോ?"

"എന്താ...?"

"ഈ നിമിഷം പിന്മാറുന്നതാണ് ഭംഗി."

അയാൾ പതിയെ ചിരിച്ചു.

എന്നിൽ കവിഞ്ഞ് ചിലതുകാണാൻ ശ്രമിച്ചതിന്റെ പേരിൽ അച്ഛൻ സൗമ്യതയോടെ ഉപദേശിക്കയായിരുന്നു. മക്കളോട് ഇത്തിരി ആഹ്ലാദത്തോടെ സംസാരിക്കാൻ നേരം കിട്ടാതിരുന്ന അച്ഛന്റെ ചെയ്തി എന്നിൽ അത്ഭുതമാണ് ഉയർത്തിയത്.

പത്തുകഴിഞ്ഞ് വമ്പിച്ചൊരു തുകയുമായി മുകുന്ദൻ ഒരു പര്യടനത്തിനായിറങ്ങിയപ്പോഴും അച്ഛൻ നിശ്ചലനും മൂകനുമായിരുന്നു. അമ്മയ്ക്ക് മകന്റെ തിരോധാനത്തെക്കുറിച്ചും നാലാൾ അറിയുന്നതോർത്തായിരുന്നു അങ്കലാപ്പ്, നാണക്കേട്.

സ്റ്റൗവു കത്തിച്ച് പണി ഒരുക്കാനായി അമല അകത്തേക്കു നടന്നു. രോഹിണിയുടെ ഇടവഴിയിലൂടെ കടന്നുവന്ന കുറിയ രൂപം വലുപ്പം പ്രാപിച്ചു

അകത്തേക്കുവന്ന അവൾ ബാഗ് മേശപ്പുറത്ത് വെച്ച് അയാളുടെ ചുമലിൽ കൈകൾ ചുറ്റി.

"അമല അകത്തുണ്ട്..."

കരുപിടിക്കുന്ന കുഞ്ഞിന്റെ നേർത്ത സ്പന്ദനങ്ങൾ! മർദ്ദിക്കുമ്പോൾ ഞെരുങ്ങുന്ന അവളുടെ അടിവയറ്.

കൈകൾ പതുക്കെ അയാളുടെ ചുമലിൽ നിന്നെടുത്ത് രോഹിണി അകത്തേക്കു നടന്നു.

രേണുകേടത്തിക്ക് വിവരമറിയിച്ച് ഒരെഴുത്തിടേണ്ടിയിരിക്കുന്നു. അവർക്ക് പറഞ്ഞുതീർക്കാനാവാത്ത ആഹ്ലാദമായിരിക്കും.

നേർത്ത കരച്ചിലിന്റെ ഒലി വായുവിലലിഞ്ഞെത്തിയപ്പോൾ പാർത്ഥൻ അടുക്കളയിൽ ചെന്നു.

രോഹിണി അമലയുടെ ചുമലിൽ മുഖമണച്ച് കരയുകയായിരുന്നു. അവളുടെ നെറുകയിലൂടെ തലോ ടിക്കൊണ്ടിരുന്ന അമല പോലും മൂകയായിരിക്കുന്നു.

ഒരു നിമിഷം വാതില്ക്കൽ നിന്ന പാർത്ഥൻ തന്റെ വരവ് അവരറിഞ്ഞില്ലെന്ന് ബോദ്ധ്യപ്പെട്ടപ്പോൾ തിരിച്ചു നടക്കാനാരംഭിച്ചു.

രാമുവുമൊത്ത് തെരുവിലൂടെ നടക്കുമ്പോൾ എതിരെവന്ന മനുഷ്യൻ സുഹൃത്തിനോടായി പറയുന്നതുകേട്ടു.

"പത്രത്തിൽ വാർത്ത വായിച്ചില്ലേ... അതിദ്ദേഹമാണ്..."

"ആ... നക്സൽ."

"അതേ..."

പാർത്ഥന് നേർത്തൊരു സങ്കടം മാത്രമായിരുന്നു തോന്നിയത്.

ആൾക്കൂട്ടം ഒരത്ഭുത ജീവിയെ കണ്ടതുപോലെയാണ് നോക്കുന്നത്. എല്ലാവരുടേയും കണ്ണിൽ നിന്ന് പഴയ ഭാവങ്ങൾ അകന്നിരിക്കുന്നു. രക്തദാഹിയായ, കൊടുംപാതകിയായ ജന്തുവെ കണ്ടതുപോലെ ജനം വിളറുന്നുണ്ട്.

പരശുരാമന്റെ പടവും വാർത്തയും വീണ്ടും പത്രത്തിൽ സ്ഥാനം പിടിച്ചിരിക്കുന്നു. സ്തുത്യർഹമാംവിധം പോലീസിനെ കബളിപ്പിച്ച് ചായക്കടയിൽനിന്നു കടന്നുകളഞ്ഞ അയാളുടെ കേളീവിലാസമാണ് ഇപ്പോൾ.

പരശുരാമൻ ആദിമ പരശുരാമനായി, തിന്നുമുടിക്കുന്ന രക്തദാഹിയായ ഒരു വംശത്തിന്റെ തിരോധാനത്തിനു വേണ്ടി കച്ചകെട്ടി ഇറങ്ങിയിരിക്കുന്നു.

നിരത്തിലെ ആൾത്തിരക്കിൽ കണ്ണുകൾ പായിച്ചുകൊണ്ടേ പാർത്ഥൻ നടന്നു. മദ്യം പാടെ ഉപേക്ഷിച്ച രാമു ഇപ്പോൾ നിരന്തരം ബീഡി പുകയ്ക്കുന്നുണ്ട്. ഇനി ഒരു വിവാഹവും സ്വസ്ഥമായ ഒരു ജീവിതവുമാണാവശ്യം.

ഹാളിനകത്ത് നേരത്തെ സ്ഥലം പിടിച്ചിരുന്ന ജനം പാർത്ഥനെ കണ്ട് കൂടുതൽ മൗനം തേടി.

തുറസ്സായ ആകാശം കാണാവുന്ന നിരത്തിലേക്ക് ശ്രദ്ധചെന്നെത്തുന്ന ജനാലയ്ക്കു സമീപം കസേരയിൽ ചടഞ്ഞിരുന്നപ്പോൾ രാമു അയാളെ നിർബ്ബന്ധിച്ച് മുൻനിരയിൽതന്നെ ഇരുത്തി.

കാലത്തെ പത്രവാർത്ത എല്ലാവരിലും ഒരു നടുക്കം തന്നെ സൃഷ്ടിച്ചിരുന്നു.

സദാശിവൻ എണീറ്റുനിന്നു പറഞ്ഞു.

"നാം ഒരു പ്രതിസന്ധിഘട്ടത്തിലാണ്. ഇപ്പോൾ എന്താണ് ചെയ്യേണ്ടത്?"

ഒരാരവമാണ് എങ്ങും. പുകകയറിയ തേനീച്ചക്കൂടിനെപ്പോലെ മനുഷ്യർ ചിലയ്ക്കുന്നു.

നിരത്തിലെ വാഹനങ്ങളുടെ പ്രളയം കേൾക്കാനാവുന്നില്ല. മുഖം മങ്ങി കത്തുന്ന വിളക്കുകളുടെ ശോഭ മഞ്ഞിച്ച സൂര്യപ്രകാശത്തിൽ കുറവാണ്.

സദാശിവൻ തുടർന്നും സംസാരിക്കുന്നുണ്ടായിരുന്നു.

“നാമും വിപ്ലവപ്രസ്ഥാനത്തിന്റെ ഭാഗഭാക്കാണ്. മനുഷ്യന്റെ പരിപൂർണ്ണ സംതൃപ്തിയാണ് നമ്മുടെ ലക്ഷ്യം.”

“നമുക്ക് പാർത്ഥനെ അറിയാം. ഒരന്വേഷണത്തിനുശേഷം തിരിച്ചെടുക്കുമെങ്കിൽ തന്നേയും നമുക്കതിനനുവദിക്കരുതല്ലോ...”

“പക്ഷേ നമുക്കിവിടെ എന്താണ് ചെയ്യാനാവുക?”

ചിലമ്പുന്ന മനുഷ്യസ്വരത്തിൽ വാക്കുകളുടെ പ്രഭവകേന്ദ്രത്തെ തിരിച്ചറിയാനായില്ല.

“പാർത്ഥനെ നമുക്ക് നിരാകരിക്കാനാവില്ല.”

“അത് നാം തീരുമാനിക്കേണ്ടതല്ലല്ലോ - നേതൃത്വത്തെ ചോദ്യം ചെയ്യുകയല്ല, അനുസരിക്കയാണ് നമ്മുടെ കടമ.”

“തെറ്റിനെ ചോദ്യം ചെയ്തേ പറ്റൂ...”

രാമു എണീറ്റ് നിന്ന് ചുറ്റിലും നോക്കി.

“രാമു ഇരിക്കണം...”

ആരോ വിളിച്ചു കൂവി.

സകല മനുഷ്യർക്കും നടുവിൽ അപഹാസ്യനായിത്തീരുന്നെന്ന തോന്നലായിരുന്നു പാർത്ഥന്.

എണീറ്റുനിന്ന് സദസ്സിനെ ശാന്തനാക്കാൻ ശ്രമിച്ച നമ്പ്യാർക്ക് രണ്ടു ചോദ്യങ്ങളേ ഉന്നയിക്കാനുണ്ടായിരുന്നുള്ളൂ.

“പാർത്ഥനെ വേണോ? അതോ അന്വേഷണം കഴിയുന്നതുവരെ തൽസ്ഥാനത്തേക്ക് മറ്റൊരാളെ തിരഞ്ഞെടുക്കേണമോ?”

ഹാളിൽനിന്ന് രക്ഷപ്പെട്ടതുപോലെ പുറമേക്കു നടന്നപ്പോൾ പുറകെ രാമുവുമെത്തി. വിധികർത്താക്കളെപ്പോലെ അവർ ഏകകണ്ഠമായി തീരുമാനത്തിലെത്തിക്കഴിഞ്ഞിരുന്നു.

ഒരുത്തമപ്രവർത്തകന്റെ കടമ അനുസരണയാണെന്ന തത്വത്തിൽ അടിയുറച്ചു നില്പായിരുന്നു അവർ.

രാമു പുകഞ്ഞുനീറുന്ന തീക്കൊള്ളിയെപ്പോലെയായിരുന്നു. അയാളുടെ ഭാവരഹിതങ്ങളായ കണ്ണുകളിൽ തീ നിന്നാളി.

തെരുവിലൂടെ നടക്കുമ്പോൾ പവിത്രൻ എതിരെ വരുന്നുണ്ടായിരുന്നു. കൂട്ടുചേർന്ന് നടന്ന് കോട്ടയ്ക്കു പിന്നാമ്പുറത്തെ പുൽമേട്ടിൽ ആകാശം കണ്ട് അവർ മലർന്നുകിടന്നു.

ജോസഫ് ഏതൊരു നിമിഷത്തിലും പറഞ്ഞിരുന്നത് വ്യക്തിഗതമായ നഷ്ടത്തെ ഓർത്ത് വിലപിക്കേണ്ടിവരുന്ന നിമിഷത്തെക്കുറിച്ചായിരുന്നു. അപ്പോഴെല്ലാം തികഞ്ഞ അവഗണനയോടെ തൂത്തെറിയാൻതക്ക മനകരുത്തുണ്ടായിരുന്നുവല്ലോ.

നാട്ടിലെ പാർട്ടിഓഫീസിൽ ആവേശത്തള്ളിച്ചയോടെ രാവുകൾ

പകലാക്കി, തിരഞ്ഞെടുപ്പിനായി അക്ഷീണം അദ്ധ്വാനിക്കയായിരുന്നു. ചേരികളുടെ സഹവാസിയായി അലഞ്ഞുതിരിയുമ്പോൾ മാനഹാനിയെ ഓർത്ത് വിലപിക്കുകയായിരുന്നു മിസ്സിസ് പത്മനാഭൻ.

മുഖദാവിൽനിന്ന് സംസാരിക്കാൻ അനന്തേട്ടൻപോലും ശക്തനല്ലായിരുന്നു.

ഇസ്മായിൽ സേട്ട് തിരുവനന്തപുരത്ത് താവളമടിച്ചിരിക്കയാണ്. കത്തിചാമ്പലാക്കപ്പെട്ട തൊണ്ടിവസ്തുക്കൾക്ക് ശേഷം പുതിയ കരുനീക്കം നടത്താനൊരുങ്ങുകയായിരുന്നു അയാൾ.

ചാളപുരയിൽ ഓലമെടഞ്ഞ് പെഴയ്ക്കുന്ന ചെറുമി ചിരുതേയിക്ക് നീണ്ടൊരു വിലാപഗാഥയാണ് പറയാനുള്ളത്. കഞ്ഞികുടിക്കുമ്പോഴും നല്ലൊരു നാളേയ്ക്ക് വിത്തുപാകുമെന്ന തോന്നലോടെ അവളുടെ മുരുകൻ തന്റെ വീട് ഒരു ഷെൽട്ടറാക്കുകയായിരുന്നു.

ഇരുട്ടത്ത് കയറിവരുന്ന, ജനസമ്മതിയും പ്രമാണിത്തമുള്ള കുടുംബത്തിലെ മക്കൾ പറഞ്ഞുകേൾപ്പിച്ച നല്ലനാളുകൾ എത്രയോ അകലത്താണെന്നറിയുമ്പോഴേയ്ക്കും മുരുകന്റെ നെഞ്ച് കലക്കപ്പെട്ടിരുന്നു.

ഷെൽട്ടറിനെക്കുറിച്ച് രഹസ്യമായറിയാൻ കഴിഞ്ഞതിനാൽ ജനസംരക്ഷകരായ പോലീസുകാർ തൊടി കിളച്ച് പരുവമാക്കുകയാണുണ്ടായത്.

കായ്ച്ചുനിന്ന വാഴക്കുലകളെ മണ്ണിൽ ചവിട്ടിത്താഴ്ത്തി ഓലപ്പുരയുടെ നടുത്തൂൺ വലിച്ചു പുരയ്ക്ക് തീയിട്ടു. കൂടാതെ ബൂട്ടുകൾ തുടർച്ചയായി നിറഗർഭത്തിൽ പതിച്ചപ്പോൾ ചിരുതേയി മോഹാലസ്യപ്പെടുകയുമുണ്ടായി.

മാസങ്ങൾ കഴിഞ്ഞെത്തിയ മുരുകൻ ചുമച്ചുതുപ്പുമ്പോൾ നെഞ്ച് പൊളിച്ചെത്തിയ കട്ടച്ചോര കൊഴുന്നനെ വായിൽ ഉറഞ്ഞുകൂടിയിരുന്നു. അയാളുടെ മരണത്തോടെ പട്ടിണി ഉപജീവനമാർഗ്ഗമായി തീർ ന്നപ്പോൾ ശുഷ്കിച്ച ശരീരം യുവാക്കൾക്കർപ്പിച്ച് ജീവിക്കാനും അവൾ തയ്യാറായിരുന്നു. പിന്നീട് കണ്ണുകൾ കുണ്ടിലാണ്ട് വികൃതമായപ്പോൾ ഗത്യന്തരമില്ലാഞ്ഞ് ഓലമെടയാനും ആരംഭിച്ചു.

ചിരുതേയിയുടെ കഥ രാമു പറയുകയായിരുന്നു. ഇസ്മായിൽ സേട്ടും മുരുകന്റെ വീട്ടിൽ ഒളിച്ചുപാർത്തിരുന്നുവത്രേ.

പകൽ പടിഞ്ഞാറേ ചക്രവാളത്തിനപ്പുറത്ത് പൊഴിഞ്ഞുവീഴുന്നു. ഇരുൾ ദിക്കുകളിലേക്ക് പതിയിരുന്നാക്രമണം നടത്തുകയാണ്.

അലസരായി തെരുവുകളിലൂടെ വെറുതെ നടക്കുമ്പോഴും അവർക്ക് യുക്തമായൊന്നും ചിന്തിച്ചുറപ്പിക്കാനായില്ല.

സെല്ലുകളിൽനിന്ന് പകർച്ചവ്യാധിയെപ്പോലെ നീറിപ്പടരുന്ന രോഷവുമായി നടക്കയായിരുന്നു അന്ന് ഞങ്ങൾ. നിയതമായ ഒരു മാർഗ്ഗം മുമ്പിൽ കണ്ടെത്താനാവാതെ. ഇപ്പോഴും അതേ അവസ്ഥ തുടരുകതന്നെയാണ്.

മൈതാനവും ഹൈസ്കൂൾ ഗ്രൗണ്ടും കടന്ന് നടത്തം തുടരുമ്പോൾ രാമു പറഞ്ഞു.

"ഒരു നല്ല തീരുമാനം നമുക്ക് പാർട്ടിയിൽനിന്ന് പ്രതീക്ഷിക്കാൻ വയ്യ. ഇപ്പോൾ ഒരു നക്സലായ സ്ഥിതിയ്ക്ക് അതാണുണ്ടാവുക. പക്ഷേ എന്തുതന്നെ ആയാലും ഇസ്മായിലിനെ എതിർത്തേ പറ്റൂ."

എന്റെ വരവിനുമുമ്പേ കളവായി രശീതി കൂപ്പണുകൾ അടിച്ചിറക്കുന്നെന്ന് അഭ്യൂഹം പലർക്കുമുണ്ടായിരുന്നു. തക്ക തെളിവുകളില്ലാതെ എല്ലാം ഇപ്പോഴും മറഞ്ഞുകിടപ്പുതന്നെയാണ്.

ഒരെത്തും പിടിയുമില്ലാതെ ഇരുട്ടത്ത് തപ്പിത്തടയുക തന്നെയാണ്. പവിത്രൻ ഇടയ്ക്കുവെച്ച് വഴി തിരിഞ്ഞ് നടക്കുകയുണ്ടായി. കാളുന്ന വിശപ്പ് ചെറുകുടലിൽ കിടന്നു പെരുകുന്നു.

"ഇസ്മായിൽ സേട്ട് ഒരു മുന്നറിയിപ്പു നല്കാവുന്ന രക്തസാക്ഷി ആവുകയാണാവശ്യം."

പാർത്ഥൻ രാമുവിനെ തറച്ചുനോക്കിയപ്പോൾ അയാൾ തുടർന്നു.

"നല്ലവർ എവിടേയും രണ്ടാംതരക്കാരേ ആവൂ. അവസര വാദികളുടെ വിളനിലമാണ് ഇവിടം. സ്വന്തം ചോരയെ ശുദ്ധമാക്കാൻ നമുക്ക് അവസാനത്തെ മാർഗ്ഗമറിയാം. തെറ്റിന്റെയോ പ്രസ്ഥാനതത്വങ്ങളുടെ ചങ്ങലയോ എന്റെ മുന്നിലില്ല. അവസാനം തന്മൂലം ലഭിക്കാവുന്ന നേട്ടത്തെയാണ് ഞാൻ കാണുന്നത്."

"പക്ഷേ... രാമു?"

"നാമൊന്നും അഹിംസാവാദികളല്ല. സ്വന്തം താവളത്തിൽ ശത്രുക്കൾ കുടിയിരിക്കുമ്പോൾ അവർക്ക് കുടചൂടാൻ നമുക്കാവില്ല. എനിക്ക് തീർച്ചയായുമാവില്ല."

രാമുവിൽനിന്നും കൂട്ടുപിരിഞ്ഞ് ജനസഞ്ചാരം കുറഞ്ഞ തെരുവിലൂടെ നടക്കുമ്പേൾ പാർത്ഥൻ ശത്രുസംഹാരത്തിനുള്ള പോംവഴി തേടുകയായിരുന്നു.

ഇനിയും ഇവിടെ നീതി ലഭിക്കുമെന്നത് ഒരു മിഥ്യയാണ്. അപ്പോൾ എനിക്കെന്താണ് ചെയ്യാനാവുക?

ഇസ്മായിൽ സേട്ട് ഒരു ബീജാംശം മാത്രമാണ്.

രാമദാസിന്റെ സുഖലോലുപതയുടെ കഥ ഒരു രഹസ്യ സന്ദേശമല്ല.

പത്തിനൊന്ന് പതമ്പുവാങ്ങിയ തൊഴിലാളികളുടെ ഉന്നമനം

അയാളിലൂടെയായിരുന്നുവല്ലോ-എന്നിട്ടും ഒടുക്കം സമ്പന്ന തയുടെ കൂത്തരങ്ങിൽ ആഭാസങ്ങൾ മാന്യതയായി കൊട്ടിഘോഷി ക്കപ്പെടുന്ന രംഗത്ത് അയാൾ കയറിപ്പറ്റുകയായിരുന്നു.

രാമദാസിന്റെ പര്യടനത്തിന്റെ തുടർച്ച ശക്തരും ഊർജ്ജസ്വ ലരുമാകേണ്ട ജനസഞ്ചയത്തിൽ നിന്നു തെന്നിമാറി ഇന്ത്യയുടെ വിവിധ പൈശാചികമുഖങ്ങളെ തേടുന്നു.

കതകു തുറന്ന രോഹിണി ഉറക്കമിളച്ചിരുപ്പായിരുന്നു. ഒരു ശീല മായി തീർന്ന അവളോടൊത്തുള്ള ഊണു തുടരുമ്പോഴും പാർ ത്ഥൻ മൂകത പാലിക്കുകയാണുണ്ടായത്.

എന്നിലേക്കാവരണമിടുന്ന വിഷാദമയമായ നിശ്ചലയൊന്നെ ങ്ങും. അവിശ്വസനീയമാംവിധം ദിശകൾ വ്യക്തമല്ലാത്തൊരു കാട്ടിൽ കൂട്ടുപിരിഞ്ഞതു പോലെ.

കൂറ്റനൊരു നേഴ്സിങ്ങ് ഹോമിന്റെ അധീശത്വം പുലർത്തുന്ന അനന്തേട്ടൻ. നാലുവട്ടത്തെ സാംസ്ക്കാരിക, സാമൂഹിക പ്രമാണി യായി വിലസുകയാണ് മിസ്സിസ് പത്മനാഭൻ. മുകുന്ദൻ സ്വയം വില കല്പിച്ച് ഔചിത്യത്തോടെ അടിയറവു പറഞ്ഞതിലൂടെ ഉച്ചകോ ടിയിലേക്കുള്ള കമനീയ മാർഗ്ഗത്തെ സ്വാംശീകരിച്ചിരിക്കുന്നു.

അനുസരണയോടെ നടക്കുന്ന, ചിന്തയ്ക്കും പ്രവൃത്തിയ്ക്കും വിലക്കുകൾ കല്പിക്കുന്ന, സുരക്ഷിതത്വത്തേയും ഉയർച്ചയേയും നിരന്തരം കാംക്ഷിക്കുന്ന ഒരുത്തനാവേണ്ടിയിരുന്നു.

ഇസ്മായിൽ സേട്ടിന്റെ കിരാതമുഖത്തെ എതിർത്തേ പറ്റൂ. കിട ക്കയിൽ പാർത്ഥൻ മലർന്ന് കിടക്കുമ്പോൾ രോഹിണിയുമെത്തി. മുറിയിൽ ഇരുട്ടുവളർത്തി അയാളുടെ നെഞ്ചത്ത് മുഖം പൂഴ്ത്തി ക്കിടന്ന അവൾ പരുത്ത വിരലുകളെ അടി വയറ്റത്ത് വെച്ച് പതിയെ പറഞ്ഞു. “പാർത്ഥേട്ടന്റെ ദുഃഖമെല്ലാം തനിയെ മാറും. നമ്മുടെ മോൻ വരട്ടെ...”

രാമു പറഞ്ഞിടത്തെക്കുറിച്ചും ചിന്തിക്കേണ്ടിയിരിക്കുന്നു എന്നു തോന്നുന്നു. പക്ഷേ വ്യക്തി സീമതപ്പുറമാണെല്ലോ എന്തും...

ഇരുപത്തിമൂന്ന്

സുഹൃത്തുക്കളുടെ പരിധി വിരലിലെണ്ണാവുന്നതായി കുറ ഞ്ഞിരിക്കുന്നു. തെരുവിലേക്കിറങ്ങുമ്പോൾ തന്നോട് മുഖപരിചയം കാട്ടാൻമടിച്ച് ഇടവഴികളിലേക്ക് തെന്നിമാറി അകലുകയാണ് പലരും.

ആൾക്കൂട്ടത്തിൽനിന്ന് പൊടുന്നനെ പിടിച്ചുമാറ്റി ഏകാന്തമായൊരു ദ്വീപിൽ തടങ്കലിട്ടതുപോലെ പാർത്ഥൻ അസ്വസ്ഥനായിരുന്നു.

എം.സി.നൽകി ഒരാഴ്ചത്തെ അവധി എടുക്കുമ്പോൾ താല്ക്കാലികമായി പലരിൽ നിന്നുമുള്ള അകൽച്ച മനസ്സിന്റെ പ്രക്ഷുബ്ധാവസ്ഥയെ കുറയ്ക്കുമെന്ന് കരുതുകയാണുണ്ടായത്.

നഗരത്തിലെ ചുവരുകളിൽ വിവിധ വർണ്ണങ്ങളോടെ യൂണിയന്റെ പോസ്റ്ററുകൾ പുതുതായി പതിച്ചിരിക്കുന്നു. ഒരു സമരാഹ്വാനത്തിന്റെ ധ്വനിയാണ് വാക്കുകളിൽ.

യൂണിയൻ ഓഫീസിലേക്കുള്ള പാത രാമുവും പാടെ മറന്നതുപോലെയാണ്.

എല്ലാരിലും നടുക്കം സൃഷ്ടിച്ച പത്രവാർത്തക്കുശേഷം ഓഫീസിലേക്കു കടന്നുചെന്നപ്പോൾ യാതൊരു മാറ്റവുമില്ലാതെ ബാലകൃഷ്ണൻ മാത്രമായിരുന്നു പെരുമാറിയിരുന്നത്.

സിവിൽസ്റ്റേഷൻ വളപ്പിലെ സകലരും ഏതോ അത്ഭുത ജീവിയെ കണ്ടതുപോലെ ജിജ്ഞാസപ്പെടുകയും എന്നാൽ അതേസമയം പേടിയോടെ കണ്ണുകൾ തുറിച്ച് അകന്നുമാറിനിന്നു നോക്കുകയുമായിരുന്നു.

അവധിക്കത്തുവായിച്ച ഓഫീസർ നീണ്ടൊരു കുശലപ്രശ്നത്തിനായി തയ്യാറെടുത്തു. കെട്ടും മറയുമില്ലാതെ അയാളോട് എല്ലാം തുറന്നുപറഞ്ഞപ്പോൾ എന്റെ മനസ്സിൽ കാഠിന്യം ലേശം കുറഞ്ഞ് നീറ്റലടങ്ങി.

സിഗരറ്റിന്റെ പാറുന്ന പുകയെ നോക്കി ഓഫീസർ പറഞ്ഞു:

“പാർത്ഥൻ മറ്റൊരു സ്ഥലത്തേക്ക് മാറ്റത്തിനു ശ്രമിക്കൂ. പുതിയൊരന്തരീക്ഷത്തിനു പല പരിവർത്തനവും വരുത്തുവാൻ കഴിയും.”

എന്റെ അറസ്റ്റിനെക്കുറിച്ചറിഞ്ഞ് ഓടിപ്പിടഞ്ഞെത്തിയ അമല എന്റെ മുന്നിൽനിന്ന് കിതയ്ക്കുന്നുണ്ടായിരുന്നു. ഇൻസ്റ്റിറ്റ്യൂട്ടിൽ വെച്ച് വിവരം അവളോട് ആരോ പറഞ്ഞറിയിക്കുകയായിരുന്നുവത്രേ.

“സ്വന്തം പാളയത്തിലെ താന്തോന്നിത്തങ്ങളെ കണ്ടില്ലെന്നു നടിക്കുന്നവനേ ഇവിടെ രക്ഷയുള്ളൂ പാർത്ഥേട്ടാ. ഇക്കാലത്ത് തെറ്റിനെ ശരികൊണ്ട് തോല്പിക്കാനാവില്ല. അതിനു ശ്രമിക്കുന്നവൻ വിഡ്ഢിയാണ്.”

നഷ്ടപ്പെടുന്ന പ്രജ്ഞയെ കടിഞ്ഞാണിടാൻ ശ്രമിക്കുമ്പോൾ അവൾ എന്റെ മുന്നേക്കു വന്നുനിന്ന് തുടർന്നു.

“പാർത്ഥേട്ടൻ നല്ലവനാണ്. അതേസമയം ഇന്നത്തെ കാലാവസ്ഥയെ അറിയാത്ത ഒരു വിഡ്ഢിയുമാണ്.”

രോഹിണി അകമുറികളിൽ വാക്കുകളെ ഒതുക്കി നിഴലുപോലെ പണി എടുക്കുകയായിരുന്നു. അമല അകന്നപ്പോൾ മുറിയിൽ തനിച്ചായ ഞാൻ വൈധവ്യത്തിന്റെതുപോലെ ഭാവിയെ ഭീതിയോടെ മാത്രം കാണാനാവുന്ന സ്ഥിതിവിശേഷത്തിലകപ്പെടുകയായിരുന്നു.

രാഷ്ട്രീയ പ്രബുദ്ധതയുടെ കോളിളക്കത്തിനുശേഷം ജയിൽമോചിതനായപ്പോൾ നാല്ക്കവലകളിലെമ്പാടും കെങ്കേമമായ സ്വീകരണം ലഭിക്കുകയായിരുന്നു അതിലും മേലേക്കിടയായ സ്വീകരണം ഉള്ളുതുറന്ന് ചിരിച്ചു ഹാർദ്ദവമായ വരവേൽപ്പുനൽകിയ രേണുകേടത്തിയുടേതായിരുന്നു.

ഊണൂട്ടി പാൽപ്രഥമന്റെ മണം വായുതുളച്ചുകയറുന്ന അന്തരീക്ഷത്തിൽ. ഉച്ചചൂടുകുറഞ്ഞ തൊടിയിലൂടെ നടക്കുമ്പോൾ രേണുകേടത്തി മഹോന്നതസ്ഥാനത്തെ സൂചിപ്പിക്കുകയായിരുന്നു.

കഴിഞ്ഞ കാലങ്ങളിൽ വാർന്നുപോയ ചോരയ്ക്കും നീരിനും വിലപേശാനായി ഒരുക്കപ്പെടുന്ന മന്ത്രിക്കസേര.

എന്റെ വകതിരിവുകേടിനെ വിലമതിക്കുമ്പോഴും രേണുകേടത്തി നിത്യേന ഭാവിയെ ഓർമ്മിപ്പിച്ചിരുന്നുവല്ലോ–

രേണുകേടത്തി എഴുത്തുകൾക്കൊന്നും മറുപടി അയക്കുന്നേയില്ല. നാട്ടിമ്പുറത്തെ വെളിച്ചം കേറാത്ത മുറിയിൽ; പകലിന്റേയും രാത്രിയുടേയും നിറഭേദങ്ങളറിയാത്ത ചുറ്റുപാടിൽ അന്യയായി കഴിയുകയാവും രേണുകേടത്തി.

കട്ടിലിൽ തിരിഞ്ഞ് മറിഞ്ഞു കിടന്ന് കിടക്കപൊറുതി നഷ്ടപ്പെട്ട് പാർത്ഥനെണീറ്റു.

എന്റെ ആശ്വാസത്തിന്നോണം ടൈപ്പ് കഴിഞ്ഞാലുടൻ ഇങ്ങോട്ട് പോരുകയാണ് അമല. രോഹിണി പറഞ്ഞറിയിക്കാനാവാത്ത ഭീതിയോടെ അവളെ അതിനായി പറഞ്ഞു ശട്ടം കെട്ടുകയായിരുന്നു.

തീപാറുന്ന അടുപ്പിൽ ചീനച്ചട്ടിയിലെ എണ്ണ കുമിളകളുമായി തിളച്ചുപൊന്തുന്നു. വെളുത്ത പൊള്ളങ്ങളുമായി എണ്ണകിനിയുന്ന മുഖത്തോടെ ഈർക്കിൽ നാമ്പിലേക്കു കയറുകയാണ് പപ്പടം.

അടുക്കള ജനാലയിലൂടെ കാണുന്ന തൊടിയുടെ ഏകദേശരൂപം. അയൽവീട്ടിലെ പശുവിനെ പുല്ലുതീറ്റിക്കുകയാണ് ചെറുക്കൻ.

മദ്ധ്യാഹ്നം കണ്ടു വിറങ്ങലിച്ചു കിടപ്പാണ് ആകാശം. അമലയുടെ കരുവാളിച്ച മുഖത്ത് വിയർപ്പുകണങ്ങൾ തൂങ്ങിനിൽപ്പുണ്ട്.

ധാവണിയുടെ തുമ്പിൽ കയ്യും മുഖവും തുടച്ച് അമല നിവർന്നു നിന്നു.

"മറ്റന്നാളാണ് ഇന്റർവ്യൂ..."

ഒരു കരപറ്റാനുള്ള അമലയുടെ അക്ഷീണശ്രമം ഇനിയും തുടരുകതന്നെയാണ്. വീട്ടിലെ മുഷിപ്പൻ അന്തരീക്ഷത്തിലിരിക്കുമ്പോൾ യാന്ത്രികത്വത്തിന്റെ ഉരുക്കുമുഷ്ടിയിൽനിന്നു രക്ഷനേടാനായി രേണുകേടത്തി കണ്ടെത്തിയ പോംവഴിയും ഒരു ജോലിയായിരുന്നു.

മിസ്സിസ് പത്മനാഭൻ എന്ന സമുദ്ധാരിക അടുത്തു തന്നെ ചേരിനിർമ്മാർജ്ജനത്തേയും അധികൃതരുടെ ഉന്നമനത്തേയും ലാക്കാക്കിയുള്ള മഹിളാഫെഡറേഷന്റെ മേലധികാരിയായി അഖിലേന്ത്യാതലത്തിലോ, അതല്ല വിദേശരാജ്യങ്ങളിലോ ഒരു സ്തുത്യർഹമായ പര്യടനം നടത്തി തിരിച്ചെത്തിയേക്കാം.

ഇവിടെ സ്വന്തം ജീവിതപരിധിയോടൊത്ത് കാലത്തെ കാണുകയണാവശ്യം! മനോമോഹനമായ വാക്കുകളും ചെയ്തികളും കേവലപക്ഷത്തിനു മാത്രമായിരിക്കണം!

പുസ്തകത്താളിൽ നിന്ന് ഇന്റർവ്യൂ കാർഡുമായി അമലവന്നു. എഴുത്ത് ഒരാവർത്തി വായിച്ചതിനുശേഷം പാർത്ഥൻ പറഞ്ഞു:

"ചേരുമ്പോൾ തന്നെ പത്തിരുനൂറ്റമ്പത് രൂപ വേണ്ടിവരും. ഇവിടെ ആയതുകൊണ്ട് ബസ്സിൽ പോയ്‌വരാം. ഊണും കയ്യിലെടുത്താൽ മതി..."

യൂണിഫോമിനും മറ്റുമായി കനത്തൊരു തുക. പിന്നെ പുസ്തകങ്ങൾക്ക്.

പത്രത്തിൽനിന്ന് കീറിയെടുത്ത ഒരുകഷ്ണം രേണുകേടത്തി എനിക്ക് കാണിച്ചുതരുകയായിരുന്നു. അടിയന്തരമായി വരണമെന്നു കാണിച്ച് അവരെഴുത്തിട്ടപ്പോൾ ഞാൻ ചെല്ലുകയാണുണ്ടായത്.

ഒരദ്ധ്യാപിക ആവണമെന്ന അവരുടെ ആശ പതിവുപ്രകാരം കരിഞ്ഞു കൊഴിയുകയായിരുന്നുവല്ലോ–

ശനിയാഴ്ചക്കുശേഷം അങ്ങോട്ടു ചെല്ലേണ്ടിയിരിക്കുന്നു.

ഉച്ചയൂണും ഉച്ചയുറക്കവുമായി തീർന്ന പകൽ.

നേരം നാലായിട്ടും 'ചാണ്ഡില്യന്റെ' ചരിത്രപാണ്ഡിത്യമില്ലാത്ത ചരിത്രകഥയിൽ, രാജസ്ഥാനം നഷ്ടപ്പെട്ട ത്യാഗിയും സുന്ദരനും സുശീലനുമായ നായകന്റെ കെടുതിയിൽ ആണ്ടിറങ്ങി പരിതപിച്ചുകൊണ്ട് വായന തുടരുകയായിരുന്നു അമല.

പാർത്ഥനെണീറ്റെന്നറിഞ്ഞപ്പോൾ പുസ്തകം ടീപ്പോയിൽ കമിഴ്ത്തി വെച്ച് അവൾ അകത്തുചെന്ന് തീ കൂട്ടുകയായി.

പാർത്ഥൻ ചായ മൊത്തികുടിച്ചുകൊണ്ടിരുന്നപ്പോൾ രോഹിണി വരുന്നതു കണ്ടു. അവൾക്കു പുറകെ അനുരാധയും മീശതെറുത്തു കയറ്റിയ പുരുഷനുമാണ്.

ഔപചാരികതയോടെ ഭർത്താവിനെ പരിചയപ്പെടുത്തിയതിനു ശേഷം അനുരാധ രോഹിണിയോടൊത്ത് അകത്തേക്കു മറഞ്ഞു.

ഭർത്താവിന്റെ വരവോടൊത്ത് ആരംഭിച്ച അവളുടെ അവധി അവസാനിക്കേണ്ട ഗതികേടടുത്തിരിക്കുന്നു. കേവലദാമ്പത്യത്തിനു ശേഷം അയാൾക്കും തിരിച്ചുപോയേ പറ്റൂ.

ഹൈസ്കൂളിലെ ഒതുങ്ങിയ പെരുമാറ്റക്കാരനും ക്ഷമാശീലനുമായ പരമുവിനെ വീണ്ടും കാണുമ്പോൾ അയാളൊരു പട്ടാളക്കാരനായിരുന്നു. അഭ്യസനംകൊണ്ട് വിടർന്ന നെഞ്ചും കരുത്തുറ്റ ശരീരവും. പിന്നെ പറഞ്ഞുപോന്നതിനെമാത്രം പുലമ്പാൻ പഠിച്ച ചിന്തയും.

ചായകുടിപ്പിച്ച് ഉത്സാഹപൂർവ്വം സുഹൃത്തിനെ സല്ക്കരിക്കുമ്പോൾ അയാൾ ചെയ്തുതീർത്തതിനപ്പുറമുള്ള വീരകഥകൾ വർണ്ണപ്പകിട്ടോടെ പറയുകയായിരുന്നു.

ഒറ്റയ്ക്ക് ഒരു ഔട്ട് പോസ്റ്റ് ആക്രമിച്ചത് ഉണ്ടയില്ലാത്ത തോക്കായിരുന്നിട്ടും ആത്മധൈര്യം മാത്രം കൈമുതലാക്കികൊണ്ട് ബയണറ്റ് ചൂണ്ടി നാലുപേരെ തടവിലാക്കിയത്, ഒരു ട്രഞ്ചിൽ പതിനാലാളുകൾ ലവലേശം ആഹാരമില്ലാതെ ബോംബർ വിമാനത്തിന്റെ ആക്രമണത്തിൽനിന്നും രക്ഷനേടാനായി കുഴിച്ചുകൂട്ടിയത്, അങ്ങനെ പലതും.

രോഹിണി ഒരുമണിക്കൂർ അനുമതി വാങ്ങിച്ച് നേരത്തെവന്നതാവും. തെരുവിലെ നേർച്ചകാള കാനലു തേടി ഇടവഴിയിലെത്തി അയവിറക്കി വിശ്രമിക്കുകയാണ്. പുറത്തെ ചെള്ളും പെറുക്കയും കൊത്തിപ്പെറുക്കുകയാണ് കാക്ക.

അനുരാധ ഒച്ചയിട്ട് രോഹിണിയോട് തർക്കിക്കുന്നു. അമല വായ് മൂടിക്കെട്ടിയതുപോലെ നിശ്ശബ്ദയാണ്.

വീട്ടിൽ പുതുതായി ആളെത്തുമ്പോൾ രേണുകേടത്തി അത്യധികം മൂകയായിരിക്കും. കാൽപ്പെരുമാറ്റത്തിന്റെ ഒച്ചപോലും വളരെ താണായിരിക്കും.

പരശുരാമൻ ആദ്യമായി വീട്ടിൽ വന്നപ്പോഴായിരുന്നു.

"പാർത്ഥനെക്കുറിച്ച് അനുരാധ പറഞ്ഞിട്ടുണ്ട്..."

"ഓ..."

അതിഥിയെ പാടെ മറന്നമട്ടിലായിരുന്നു അയാൾ.

ഇസ്മായിൽസേട്ട് കുഴിച്ച വാരിക്കുഴിയിൽ നിന്ന് ഉയർത്തെണീറ്റ്

സേട്ടുവിന്റെ മരണക്കുഴി സൃഷ്ടിക്കാൻ കാംക്ഷിക്കുകയായിരുന്നു അയാൾ.

"പോസ്റ്റിംഗ് എവിടെയാണ്?"

"ഗൗഹത്തിയിൽ. മഞ്ഞും തണുപ്പും കൊണ്ട് വയറുകാക്കാൻ ശ്രമിക്കണം... ഏതായാലും ഇനി എട്ടുവർഷമേ ഉള്ളൂ. പിരിഞ്ഞു കഴിഞ്ഞാൽ എക്സ് മിലിട്ടറി എന്ന പേരിൽ ഇവിടെ എന്തിലെങ്കിലും കടന്നുകൂടാനാവും."

"ഇനി എന്നു പോവും?"

"അടുത്താഴ്ച. അനുരാധയും കൂടെയുണ്ടാവും."

രോഹിണി അനുരാധ എന്നെങ്കിലും നടത്തുമെന്നുറപ്പായ വിടപറച്ചിലിനെക്കുറിച്ചു പറയുകയായിരുന്നു.

നേഴ്സിങ്ങ് ട്രെയിനിങ്ങ് ആയിരുന്നപ്പോൾ ആരംഭിച്ച സൗഹൃദം ഒരു സഹോദരിയുടെതെന്നോണം തുടരുകയായിരുന്നു. അപകർഷതയുടെ ചളിക്കുണ്ടിൽ കിടക്കുമ്പോഴും രോഹിണിയ്ക്ക് അനുരാധയായിരുന്നു കരുത്ത് നൽകിയിരുന്നത്.

രോഹിണി കൊണ്ടുവെച്ച ചായ കുടിക്കുമ്പോഴും പാർത്ഥൻ അനുരാധയെക്കുറിച്ചോർക്കയായിരുന്നു.

പൊടുന്നനെയുള്ള അനുരാധയുടെ അകൽച്ച രോഹിണിയെ ഉലച്ചെന്നിരിക്കും. പിന്നെ ഇപ്പോൾ എന്റെ സാമീപ്യം ആശ്വാസം നല്കുകയാവും.

അനുരാധയുടെ ഭർത്താവ്, ദാമോദരൻ ചിറിതുടച്ചുകൊണ്ട് വീണ്ടും പറഞ്ഞു:

"മിലിട്ടറി ഒരു രാഷ്ട്രത്തിന്റെ സുരക്ഷിതത്വത്തിന് ആവശ്യമായിരിക്കാം. പക്ഷേ അതേറ്റവും നികൃഷ്ടമായ ഒന്നാണ്. ഒരു മൃഗം സ്വരക്ഷയ്ക്കുവേണ്ടിയോ ഇരയ്ക്കായിമാത്രമോ ആവും മറ്റൊരു മൃഗത്തെ കൊല്ലുക. എന്നാൽ ബുദ്ധിമാനായ മനുഷ്യൻ അത്തരത്തിലല്ല. പാർത്ഥനെന്തുപറയുന്നു?"

"പറയൂ..."

"ഒരെതിർപ്പിന്റെ സ്വരം മുഴക്കാനറിയാത്ത കുഞ്ഞാടുകളെ കാണാൻ പാർത്ഥനും ഒരിയ്ക്കൽ അങ്ങോട്ടുവരൂ."

കിനാവല്ലൂരിലെ ഗ്രാമ്യമായ, ഉള്ളുതുറന്ന മനസ്സുമായി ചെന്ന പത്മനാഭന്റെ കഥ എനിക്കന്യമല്ല. മുടന്തനും മുഖമാകെ ഷെല്ലുചീളുകളേറ്റ് വികൃതമായി അദ്ദേഹത്തെ തെരുവിൽവെച്ചു കാണുകയായിരുന്നു.

പിന്നീട് രാമുവായിരുന്നു കൂടുതലായി വിവരിച്ചത്.

താഴെ പ്രായം തികഞ്ഞു നില്ക്കുന്ന മൂന്നനുജത്തികൾ.

ലോകമറിയാതെ പഠനം നിരന്തരംതുടരുന്ന ഒമ്പതിലെത്തിയ അനുജൻ. പറക്കമുറ്റാത്ത രണ്ടുകുഞ്ഞുങ്ങൾ. തരുണിയായ ഭാര്യയും.

വീരസേനാനിയായ അദ്ദേഹത്തിന്റെ ഭാര്യ വേശ്യാവൃത്തി സ്വീകരിച്ചതിൽ ആർക്കും ദുഃഖമേ ഉണ്ടായിരുന്നില്ല.

അനുജത്തിമാർ കല്ല്യാണം കഴിഞ്ഞ് പുരവിട്ടിറങ്ങുമ്പോൾ ഭാര്യയുടെ ഗുഹ്യത്തിൽ കുടിയിരുന്ന അണുക്കളെക്കുറിച്ച് പത്മനാഭനേ അറിയുമായിരുന്നുള്ളൂ. പോലീസുകാർ സാമൂഹ്യവിരുദ്ധരുടെ കൂത്തരങ്ങായ ജവാന്റെ വീടുവളഞ്ഞപ്പോഴും മുടന്തൻകാലുമായി വാതില്ക്കൽ നെഞ്ചുകാട്ടിനില്ക്കാനും പത്മനാഭനു കഴിഞ്ഞിരുന്നു.

പത്മനാഭനെ ഇടയ്ക്കെപ്പോഴെങ്കിലും തെരുവിൽ കാണുമ്പോൾ പാർത്ഥന് എന്തിനെന്നറിയാതെ ഒരു സങ്കോചം തോന്നുമായിരുന്നു.

ദാമോദരൻ പത്രം വായനയിൽ മുഴുകിയിരുപ്പാണ്. അനുരാധ ഒരു നിർത്തലുമില്ലാതെ സംസാരം തുടരുന്നുണ്ട്. അമലയാണ് അടുക്കളയിൽ.

ഇരുനൂറു രൂപയോളം അത്യാവശ്യത്തിനു വേണ്ടിയിരിക്കുന്നു. ലോകം വെണ്ണീറാകുന്ന അമർഷത്തിന്റെ നാളവുമായി, കത്തിപ്പടരുന്ന രോഷവുമായി നടപ്പാണ് രാമു. വീടുതേടി ചെന്നിട്ടുപോലും പാർത്ഥന് അയാളെ കണ്ടെത്താനായില്ല.

പവിത്രൻ വീണ്ടും തന്റെ രക്ഷാസങ്കേതത്തിലേക്കുതന്നെ. കാൽക്കീഴിലെ മണ്ണുപോലും ഒഴുകിപ്പോവുമെന്നറിഞ്ഞപ്പോൾ എതിർപ്പിന്റെ അസ്ത്രങ്ങളെ ഭാണ്ഡത്തിലൊളിപ്പിച്ചു പുഞ്ചിരിയുടേയും വാഗ്ദാനത്തിന്റയും പുറഞ്ചട്ടയണിയുകയാണ് അയാൾ.

നാടുകിടിലം കൊള്ളിക്കുന്ന ജാഥ ഇവിടെ ഒരു പതിവു ചടങ്ങായിരിക്കുന്നു. നാല്ക്കവലയിൽ, ജനസമുദ്രത്തെ അഭിസംബോധന ചെയ്യുന്ന നേതാവിന്റെ സ്വരത്തെ, വാക്കുകളുടെ പറുദീസ എന്നതിൽ കവിഞ്ഞ് ആരും മാനിക്കുന്നില്ല. അനുയായികൾ നല്ല അനുയായികളാവാൻ മാത്രമാണ്. അനുസരണ പ്രദർശിപ്പിക്കാൻ മാത്രമാണ് നേതാവ് ഇച്ഛിക്കുന്നതും.

ഇസ്മായിൻ സേട്ട് വിനാശകാരിയായ ദുർഭൂതത്തെപ്പോലെ ഇപ്പോഴും വിലസുന്നു. അയാളുടെ കാറിന്റെ ഹെഡ്‌ലൈറ്റിലൂടെ സുവർണ്ണരാജ്യത്തിന്റെ രജതരേണുക്കളാണ് ഒളിചിന്നുന്നത്!

പാർത്ഥൻ അകമുറിയിലേക്കു കടന്നപ്പോൾ അനുരാധ കട്ടിലിൽ നിന്നെണീറ്റു.

കസേരയിലിരിക്കുമ്പോൾ പാർത്ഥൻ ചോദിച്ചു:

“ഇനി അടുത്തൊന്നും വരവുണ്ടാവില്ലല്ലോ?”

“ഏയ്യ്... പ്രസവവും അവിടെതന്നെയാവും. കുട്ടികൾ നാട്ടിൽ പഠിക്കട്ടേ... രോഹിണിയുടെ പ്രസവം ഇവിടെ തന്നെയല്ലെ?”

“അതെ...”

മിസ്സിസ്സ് പത്മനാഭന്റെ മേൽനോട്ടത്തിലായിരുന്നു വിവാഹം നടന്നതെങ്കിൽ അനന്തേട്ടന്റെ നേഴ്സിങ്ങ് ഹോമിലാവുമായിരുന്നു. ഇവിടെ സർക്കാർ ആശുപത്രിയുടെ ഭിത്തികൾക്കകത്ത് ഒരു കുഞ്ഞിന്റെ കരച്ചിൽ കൂടി പൊട്ടിവിടരാം.

രോഹിണിയുടെ കണ്ണുകൾ നിറഞ്ഞുതുളുമ്പാറായിരിക്കുന്നു.

ദാമോദരൻ ഒരാവർത്തികൂടി വിളിച്ചപ്പോൾ അനുരാധ മുൻവശത്തേക്ക് ചെല്ലുകയാണുണ്ടായത്. വാതിലുകൾക്ക് തഴുതിട്ട് മുൻവശത്തേക്കുവന്ന അമല പോദിച്ചു.

“അവർ പോയോ?”

“ഇല്ല.”

രേണുകേടത്തിയുടെ വിടപറച്ചിലിന്റെ നിമിഷം.

രോഹിണിയെ താഴെ നിർത്തി ഞാൻ മേൽത്തട്ടിലേക്കു ചെന്നപ്പോൾ അവർ കരയാനുമാവാതെ കട്ടിലിൽ വിറങ്ങലിച്ച് കിടപ്പുതുടരുകയായിരുന്നു. അതെ കിടപ്പായിരുന്നു കല്ല്യാണം കഴിഞ്ഞ മൂന്നുനാൾ; അമ്മായിയുടെ വീട്ടിൽ തിരികെ എത്തിയപ്പോഴും.

മുത്തശ്ശിയുടെ പ്രാക്ക് കാലങ്ങളെ ചീന്തിയെറിഞ്ഞെത്തുന്നതുപോലെ.

ഉച്ചനേരത്ത് അവർ പറഞ്ഞുവരാറുള്ള പഴമ്പുരാണം കേട്ടിരിപ്പായിരുന്നു ഞാൻ.

“പെറ്റതള്ളേടെ നെഞ്ചത്താ അവൻ തീക്കൂട്ട്യേണ്ടായേ... അവന്റെ സന്തതികൾടേം ഗതിമൊടക്കണെ ജാത്യാ. ഒക്കേ ജന്മദോഷന്യാ...”

എന്നിട്ട് എന്നെ അള്ളിപ്പിടിച്ച് ശിരസ്സിൽ കൈവെച്ച് മുത്തശ്ശി ആശീർവ്വദിക്കുകയായിരുന്നു.

അനുരാധ പടികളിറങ്ങുന്നതു കണ്ടപ്പോൾ രോഹിണിയുടെ കണ്ണീരുപൊട്ടി. അമല അരികെ ഉണ്ടായിരുന്നിട്ടും അവൾ അയാളുടെ ചുമലിൽ മുഖമണച്ച് കരയുകയായിരുന്നു.

ഒരു ക്രിസ്തുമസ്സ് അവധിക്കാലത്ത് അനുരാധയുടെ വീട്ടിൽ രോഹിണി ചെല്ലുകയായിരുന്നു.

ട്രഷറിയിൽ മാന്യമായ ഉദ്യോഗമുള്ള സഹോദരൻ. അദ്ധ്യാപികയും വിവാഹിതയും മാതാവുമായ ഏട്ടത്തി. തെരുവുതെണ്ടി നടന്ന് ഒടുക്കം ബോംബേക്ക് വണ്ടികയറിയ അനുജൻ.

വെവ്വേറെ കുടുംബങ്ങളായി ശിഥിലമായ ബന്ധങ്ങളുമായി കഴിഞ്ഞു കൂടുന്ന മനുഷ്യർ.

അനുരാധയുടെ ട്രെയിനിങ്ങിനുമുമ്പ് അവൾ ഏട്ടത്തിയുടെ പക്കലായിരുന്നു താമസം. കെട്ടി ഒരുക്കിയ കതിരയെപ്പോലെ ഭാര്യയുമായി ഉല്ലസിച്ചു നടക്കുന്ന ഏട്ടന് പണം ചെലവിടുന്നതിന്റെ പേരിൽ പെണ്ണുതേടിച്ചെന്നവരെപ്പോലും തരത്തിനു ഒഴിവാക്കുകയായിരുന്നുവത്രേ.

അനുജത്തിയെ ട്രെയിനിങ്ങിനയക്കാൻ അയാൾ മുതിരുകയുണ്ടായില്ല. തുച്ഛശമ്പളവുമായി ബോംബയിൽ അരിഷ്ടിച്ചു കഴിയുന്ന അനുജന്റെ സഹായത്തോടെ പഠിപ്പുതീർന്ന് നാട്ടിലേക്കു വന്നപ്പോൾ, അനുജത്തി അടുത്തുതന്നെ ഉദ്യോഗസ്ഥയും വരുമാനക്കാരിയുമാവുമെന്നറിഞ്ഞപ്പോൾ പെട്ടിയും കിടക്കയും ഏറ്റാനായി സ്റ്റേഷനിൽ വരാൻപോലും ഏട്ടൻ തയ്യാറായിരുന്നു.

തന്റെ വിവാഹത്തോടൊത്ത് ഏട്ടത്തിയുടെ വിവാഹവും ഒതുങ്ങിയ മട്ടിൽ കഴിക്കാൻ മുൻകൈഎടുത്തതും അനുജൻ തന്നെയായിരുന്നു.

അനുരാധയ്ക്കു പിറകെ അമലയും യാത്രയായപ്പോൾ രോഹിണിയോടൊത്ത് അയാളും നടക്കാനിറങ്ങുകയാണുണ്ടായത്.

സന്ധ്യയ്ക്കുള്ള ക്ലേശരഹിതവും സ്വച്ഛന്ദവായു ഉൾക്കൊണ്ടതുമായ നടപ്പ് ഗർഭാലസ്യം കുറയ്ക്കുമെന്ന് ഡോക്ടർ പറഞ്ഞിരുന്നു.

കാലുകൾ ഏന്തിവലിച്ച് നടപ്പാണ് രോഹിണി. വയറ് മുറ്റി പെരുത്ത് ഉരുളികമഴ്ത്തിയതുമാതിരി.

വഴിനീളെ അവൾ അനുരാധയുടെ കഥപറയുകയായിരുന്നു. അവളെ ആദ്യമായി കണ്ടത്. പരിചയപ്പെട്ടത്. പിന്നീട് ആത്മസുഹൃത്തുക്കളായത്.

ദ്രൗഹിത്രിതമ്പുരാട്ടി രോഹിണിയേയും കൂട്ടി ട്രെയിനിങ്ങ് സെന്ററിലേക്കു ചെന്നപ്പോൾ ആൺതുണയില്ലാതെ ഏട്ടത്തിയുമൊത്തു അനുരാധയും വന്നിരുന്നു.

ദ്രൗഹിത്രിയുടെ അകാലമൃത്യുവിനുശേഷമുള്ള കഠിന ദുഃഖത്തെ ആശ്വസിപ്പിക്കാൻ അനുരാധ മാത്രമേ ഉണ്ടായിരുന്നുള്ളുതാനും.

രോഹിണി ഒരലട്ടുമില്ലാതെ അമ്മയുടെ നാറുന്ന ചരിത്രം പറഞ്ഞപ്പോൾ മാനം കാക്കാൻ, അവയെ പൂഴ്ത്തിവെയ്ക്കാൻ ആവശ്യപ്പെട്ടതും അനുരാധയായിരുന്നു.

തണ്ടുപാളയം കവച്ചു കടന്ന് ജനമൊഴിഞ്ഞ നടപ്പാതയിലൂടെ അവർ നടന്നു.

അമലയ്ക്കായി ഇരുനൂറ്റമ്പതോളം രൂപ കണ്ടെത്തേണ്ടിയിരിക്കുന്നു.

അവൾക്കായി ഒരോ നൂലാമാലകളിൽ ചെന്നു കുടുങ്ങുമ്പോഴും. മഹത്തായ എന്തോ ചെയ്യുന്നുവെന്ന തോന്നലായിരുന്നു പാർത്ഥന്. ആദ്യകാലത്ത് രോഹിണിപോലും ചുഴിഞ്ഞ് അന്വേഷിച്ചിരുന്നു.

ആളൊഴിഞ്ഞ ഇടത്തെത്തിയപ്പോൾ രോഹിണി ഒരു നിമിഷം നിന്നു.

“നടന്നു മടുത്തോ?”

“എയ്യ്...”

വിളർത്ത മുഖം കൂടുതൽ പരവശമായിട്ടുണ്ട്. നീലിച്ചനഷ്ടപ്പെട്ട് തെളിച്ചമില്ലാത്ത കണ്ണുകൾ വല്ലാണ്ട് കുറുങ്ങിയിരിക്കുന്നു. സ്വല്പം മലച്ച ചുണ്ടുകളിൽ തൊലി അടർന്നതുപോലെ.

തളർന്ന് പാരവശ്യത്തോടെ നില്ക്കുന്ന രോഹിണിയെ കണ്ടപ്പോൾ പാർത്ഥന് നേർത്തൊരു പരിഭവത്തോടെ സ്വന്തം അവകാശത്തെ മറ്റാർക്കും വിട്ടുതരില്ലെന്ന് അവൾ അറിയിക്കുകയായിരുന്നു വല്ലോ–

നീരുവന്ന കാലുകളിൽ പെരുവിരൽ കൊള്ളുമ്പോൾ കുഴിയാനയുടെ കുഴിയെപ്പോലെയാണ് താഴുന്നത്.

അവളോടൊത്ത് പതിയെ വീണ്ടും റെയിലിനു സമാന്തരമായി അയാൾ നടന്നു.

ചുവന്നവെയിൽ, രക്തപ്രസാദമില്ലാത്ത മുഖത്തു വീഴുമ്പോൾ കൂടുതൽ അവർണ്ണനീയതയാണ്.

ഒളിവുകാലത്ത് -

പകൽ മുഴുക്കെ പുഴക്കയ്ക്കരെയുള്ള വാഴത്തോപ്പിലായിരിക്കും. കൂട്ടിനു നാട്ടിലെ പ്രമാണിയുടെ മകനായ സുദേവനും.

പൊള്ളുന്ന മണൽനിറഞ്ഞ പുഴകടന്ന് വേലുമാഷിന്റെ ഭാര്യ നിറവയറുമായി ഉച്ചകഞ്ഞി ഏറ്റിവരുന്നത് കാണുമ്പോൾ വൈഷമ്യം തോന്നാറുണ്ടായിരുന്നു. അനുജനെ ഊട്ടുന്നതുപോലെ അരികെ ഇരുന്ന് തീറ്റിക്കുന്ന അവർ എനിക്കൊരത്ഭുതമായിരുന്നു വല്ലോ–

പിന്നീട് വർഷങ്ങൾ പിന്നിട്ടപ്പോൾ വേലുമാഷെ ഒരു യതിവര്യനെപ്പോലെ കാണുകയാണുണ്ടായത്. ഒരു ചാപിള്ളയുടെ ജനനത്തിനുശേഷം അയാളുടെ ഭാര്യയും മരിക്കുകയായിരുന്നുവത്രേ!

നഖം പൊള്ളുന്ന പൂഴിമണലിലൂടെ നടന്നുവരുന്ന കൃശഗാത്രിയും ശാലിനിയുമായ ഒരു തരുണിയെ ഇപ്പോഴും ഒരു നിമിഷം നിനച്ചിരുന്നാൽ എനിക്കു കാണാനാവും. എന്തുപറഞ്ഞാലും

ഒച്ചതാഴ്ത്തി ചിരിക്കാൻ മാത്രം ശീലിച്ച അവരുടെ ശബ്ദം ഇടിമുഴക്കത്തിന്റെ പ്രതിദ്ധ്വനികളായി തേമ്പുന്നു.

ഒറ്റയടിപ്പാതയിൽ നിന്നകന്ന് കാടുപടലങ്ങളെ ചവിട്ടി പലരും ധൃതിപ്പെട്ട് പായുന്നതുകണ്ടപ്പോൾ പാർത്ഥൻ ചുറ്റിലും നോക്കി. മങ്ങിയ സന്ധ്യയുടെ വെളിച്ചത്തിൽ മനുഷ്യർ നിഴലുകളായിത്തീർന്നിരിക്കുന്നു. ശബ്ദങ്ങൾ കലർന്ന് മിശ്രണമായ വാക്കുകളെ തിരിച്ചറിയാനാവുന്നില്ല.

"എന്താ പാർത്ഥേട്ടാ?"

രോഹിണിയെപ്പോലെ അയാളും അക്കാര്യത്തിൽ അജ്ഞനായിരുന്നു.

"നമുക്കുചെന്നു നോക്കാം..."

ഭയന്നു തുറിച്ച കണ്ണുകളുമായി പിന്മാറിനടക്കുന്ന ജനങ്ങളേയും കാണാനുണ്ട്.

പൊന്തക്കാടുനിറഞ്ഞ വെളിമ്പറമ്പിലൂടെ മുമ്പേ പോവുന്ന മനുഷ്യർക്ക് പിമ്പേ യാത്ര. രോഹിണി ഭയന്നു വിറച്ചതുപോലെ അയാളുടെ വിരലുകളിൽ അള്ളിപ്പിടിച്ചിരുന്നു.

വട്ടമിട്ടുനിൽക്കുന്ന ആൾക്കൂട്ടത്തിനു നടുവിലേക്ക് പെരുവിരലൂന്നിനിന്നുകൊണ്ട് പാർത്ഥൻ തലയെത്തിച്ചു നോക്കി. മുന്നിലെ ആജാനുബാഹുവായ മനുഷ്യന്റെ ശിരസ്സ് എല്ലാറ്റിനും മറയിടുന്നു.

"എന്താ പാർത്ഥേട്ടാ?"

പുറകെ നിന്ന രോഹിണി ജിജ്ഞാസയോടെ ചോദിച്ചു.

സ്ത്രീസ്വരം കേട്ടാവണം അയാൾ ലേശം മെയ്യൊതുങ്ങിയത്. തലയെത്തിച്ചു നോക്കിയ പാർത്ഥന്റെ ശിരസ്സിൽ കൊള്ളിയാൻ മിന്നിയതുപോലെ തോന്നി.

വിവസ്ത്രയും ചോരയിൽ ഇഴുകി കിടക്കുന്നതുമായ മരിച്ച യുവതി. കറുത്തുണങ്ങിയ കട്ടച്ചോര പറ്റിക്കിടക്കുന്ന മുഖം തച്ചുടയ്ക്കപ്പെട്ട മൺകലത്തെപ്പോലെ മുഖമാകെ കുത്തി പൊളിച്ചിരിക്കുന്നു. തറയിലെ വാർന്നുവെടിഞ്ഞ മണ്ണിൽ തെറിച്ചുകിടപ്പാണ് കൊഴിഞ്ഞ പല്ലുകൾ.

ജീവനൊടുങ്ങുമ്പോൾ വിറങ്ങലിച്ച കൈകൾ പ്രാണഭീതിയോടെ അമർത്തിപ്പിടിച്ച മണ്ണ് വിരലുകളിലുണ്ട്. നഗ്ന മാക്കപ്പെട്ട മുലകൾ കടിച്ചുമാന്തി ചുരന്നു പൊട്ടി ചിന്തിതെറിച്ച തലച്ചോറിനെപ്പോലെ പടർന്നിരിക്കുന്നു. കീറിപ്പറിച്ചെറിഞ്ഞ അടി വസ്ത്രവും രക്തം പുരണ്ട ധാവണിയും കാരമുൾ കൂനയിൽ കുടുങ്ങി കിടപ്പാണ്. പിന്നെ അരികത്തായി പൊന്തക്കാട്ടിൽ കാറ്റത്തു പറന്നുതങ്ങിയ സർട്ടിഫിക്കറ്റും.

“വരൂ പാർത്ഥേട്ടാ... പോവാം. എനിക്കെന്തോ വല്ലായ്മ തോന്നുന്നു.” തലക്കറക്കത്തോടെ ചുമലിലേക്കു ചായ്ഞ്ഞ രോഹിണിയെ ചുറ്റിപ്പിടിച്ച് പാർത്ഥൻ പതിയെ ആൾക്കൂട്ടത്തിൽ നിന്ന് പുറമേക്കു കടന്നു.

ആസക്തിയോടെ കടന്നുപിടിച്ചപ്പോൾ ജീവരക്ഷയ്ക്കായി അലമുറയിട്ട പെൺകുട്ടിയുടെ ദീനസ്വരം തന്നെ വേട്ടയാടുന്നതായി അയൾക്കു തോന്നി.

നിലാവില്ലാത്ത ആകാശത്ത് നക്ഷത്രങ്ങളുമില്ല.

രാത്രിയുടെ ഞരക്കം നഗരത്തിന്റെ സിരകളിലൂടെ ചുറ്റുപാടും വ്യാപിക്കുന്നുണ്ട്. ആകാശത്തിലെ നരച്ചമേഘങ്ങളെ ഇരുട്ടത്ത് തിരിച്ചറിയാനാവുന്നില്ല.

കാണാൻ കൊള്ളാവുന്ന, നല്ല ശരീരവടിവുള്ള ജോലിതേടി നഗരത്തിലെത്തപ്പെട്ട അകാലമൃത്യുവിനിരയായ പെൺകുട്ടിയുടെ നിശ്ചലചിത്രത്തെ ഓർത്ത് കിടക്കുകയായിരുന്നു പാർത്ഥൻ.

രോഹിണി തീൻമുറി അടിച്ച് എച്ചിൽ പാത്രങ്ങൾ മോറുകയാണ്.

പൊടുന്നനെ ആൾക്കൂട്ടത്തിൽനിന്നകന്നപ്പോൾ മോഹാലസ്യത്തിന്റ വക്കത്തുനിന്നു അവൾ കരകയറുകയായിരുന്നു. പിന്നീട് മരിച്ച പെൺകുട്ടിയുടെ രൂപമായിരുന്നു മനസ്സിലെങ്കിലും പാർത്ഥൻ അതേക്കുറിച്ച് യാത്രയിൽ സർവ്വത്ര മൗനം പാലിക്കുകയായിരുന്നു.

കാമാന്ധന്മാരുടെ വെറി ഒരു ജീവനൊടുക്കിയിരിക്കുന്നു. ഇനി സർവ്വകക്ഷി പ്രതിഷേധയോഗങ്ങളും മൗനജാഥകളുമാവും!

രാമുവെ ആൾക്കൂട്ടത്തിലെവിടേയും കാണുകയുണ്ടായില്ലല്ലോ.

നാളെ വീടുവരെ ചെല്ലേണ്ടിയിരിക്കുന്നു. എന്നാണ് ട്രെയിനിങ്ങ് സ്കൂൾ തുറക്കുക എന്നറിയില്ല. കുറച്ചുരൂപ അത്യാവശ്യമാണ്.

പെൺകുട്ടിയുടെ ഉണങ്ങിയ കട്ടി ചോരയുടെ ഗന്ധം മൂക്കത്തടിക്കുമ്പോഴുള്ള പൊറുതിക്കേടുമായി പാർത്ഥൻ കട്ടിലിലെണീറ്റിരുന്നു. അകത്തുനിന്നും കടന്നുവന്ന രോഹിണി അംഗങ്ങൾ എമ്പാടുമുള്ള വീട്ടിൽ സ്വകാര്യസന്ദർശനത്തിനെത്തുന്നതുപോലെ വാതിൽ തഴുതിട്ട് കട്ടിലിനുനേരേ ചേർന്നിരുന്നു

“പാർത്ഥേട്ടനുറങ്ങിയില്ലേ...?”

“ഇല്ല...”

ബുദ്ധിയുറച്ചതിൽ പിന്നിട് ആദ്യമായി കണ്ട മരണം.

മഞ്ഞരളിക്കായ തിന്ന് മനയ്ക്കലെ കാര്യസ്ഥൻ പെരുവഴിയിൽ തൂറ്റലും ഛർദ്ദിയുമായി രാത്രികിടന്ന് ചാവുകയായിരുന്നു. അയാളോടനു ബന്ധിച്ച് ഉത്തരക്ഷണത്തിൽ ഒരു കഥയും കേൾക്കാനായി.

പൊന്നുപോലെത്തെ നിറമുള്ള ഇല്ലത്തെ തളിരിന്റെ വേളി പിറ്റേന്നായിരുന്നു നടക്കാനുണ്ടായിരുന്നത്.

വയറുവീർത്ത് കുടലുവെളിക്കു ചാടി അലങ്കോലപ്പെട്ടുകിടക്കുന്ന ശവത്തെ കണ്ടുവന്നപ്പോൾ മുത്തശ്ശി വൈക്കത്തപ്പനായി നാലണ ഉഴിഞ്ഞുവെച്ച് എന്നെ ഫൽഗുനനാമങ്ങൾ ചൊല്ലിക്കുകയാണുണ്ടായത്.

"എന്താ ഒരു ചിന്ത...? ആ ശവത്തെ കണ്ടിട്ടാണോ?"

അവൾ അയാളുടെ മുഖം അഭിമുഖമായി തിരിച്ച് നെറുകയിലൂടെ വിരലോടിച്ചു

"നമുക്കൊന്നു രേണുകേടത്തിയെ ചെന്നുകാണണം. അമ്മായീടെ രണ്ടെഴുത്തായി വരുന്നു. പിന്നെ അമലയെ ട്രെയിനിങ്ങിനും ചേർക്കണം... ഇനിയും പത്തു ദിവസമുണ്ട്, ഒന്നാം തിയ്യതിയ്ക്ക്..."

ഒന്നാം തിയ്യതികളിൽ മാത്രം സ്വപ്നം കാണാനറിയുന്ന ഉദ്യോഗസ്ഥന്റെ വികാരങ്ങളെ അനന്തേട്ടനറിയില്ല. അറ്റകൈക്ക് അനന്തേട്ടൻ പറയുകയായിരുന്നു. നിന്റെ ഭാഗം തരാം. ഒരു നിലയ്ക്ക് ജീവിച്ചാൽ മതി.

ഡോക്ടർ പത്മനാഭൻ അവിവാഹിതകളുടെ ഭ്രൂണംകലക്കി സ്വരൂപിച്ച സംഖ്യ എന്റെ അനന്തര തലമുറയിലേക്കു പടരരുതെന്ന തോന്നൽ.

അമല എന്നെങ്കിലും നാടുകാണിക്കണമെന്നാവശ്യപ്പെട്ടിരുന്നു.

"രൂപ കിട്ടിയാൽ തല്ക്കാലം പ്രശ്നം തീർന്നില്ലേ?"

"ഉവ്വ്..."

"എന്നാൽ രൂപയുണ്ടാവും. കടകവള ബാങ്കിൽ വെച്ചാൽ മതി. രണ്ടുപവനുണ്ടല്ലോ...?"

"അതു ശരിയല്ല..."

"ഊ... ഹും."

അയാളുടെ മാറിടത്തിൽ മുഖമണച്ചു കിടന്ന് അവൾ പയ്യെ പറഞ്ഞു.

"പാർത്ഥേട്ടന്റെ സന്തോഷം തന്നേയാണ് എന്റേയും. സ്വർണ്ണത്തിന്റെ ഉപയോഗം ഇതൊക്കെ തന്നെ."

പതുക്കെ രോഹിണിയെ അണയ്ക്കുമ്പോൾ അവളുടെ മുലപ്പാലുനിറഞ്ഞ മാറിടം തിങ്ങിവിങ്ങുന്നത് അയാളറിഞ്ഞു.

പെൺകുട്ടിയുടെ കൈകളിൽ നിന്നൂർന്നിറങ്ങിയ പാർത്ഥൻ അവളുടെ വയറ്റിൽ ചെവിചേർത്തുവെച്ചു. രോഹിണി ഇടയ്ക്കിടെ പറയാറുണ്ടായിരുന്നത് ചെറുതായി അനക്കമാരംഭിച്ചിട്ടുണ്ടെന്നായിരുന്നു.

ഇരുപത്തിനാല്

എന്നെ തിരഞ്ഞ് ബാങ്കുകവാടം വരെ രാമു എത്തിയിരുന്നു. മൈതാനവും കോട്ടയും പൊതുശ്മശാനവും കടന്ന് വീണ്ടും നടക്കുമ്പോൾ ഞാൻ രാമുവിന്റെ അഗാധമായ മൗനം താനേ പൊട്ടുമോ എന്നോർക്കുകയായിരുന്നു.

ശ്മശാനത്തിനുപുറത്തെ പറമ്പിൽ ചെന്നപ്പോൾ അയാൾ പൊടുന്നനെ ഇരിക്കുകയായി. മദ്യപിച്ചുമാത്രം ചുവന്നു കണ്ടിട്ടുള്ള രാമുവിന്റെ കണ്ണുകൾ അല്ലാതെ തന്നെ ചുവന്നിരുന്നു.

“പാർത്ഥൻ ഇനി എന്തുചെയ്യാൻ നിശ്ചയിച്ചു?”

ഇസ്മായിൽ സേട്ട് എന്നെ ആകെ വിഴുങ്ങുന്ന ചോദ്യചിഹ്നമായി നില്പുണ്ട്. പാർട്ടി ഓഫീസിനുമുമ്പിൽ ഇപ്പോഴും അയാളുടെ കാറ് കാത്തുകിടപ്പുണ്ട്. യോഗനടപടികൾ ആരംഭിക്കുമ്പോഴും പതിവദ്ധ്യക്ഷൻ സ്ഥാനത്ത് അയാൾ തന്നെയാണ്. അയാൾ തന്നെയാണ് സഭയിലെ അച്ചടക്കലംഘനത്തെ നിയന്ത്രിക്കുന്നതും.

“നമ്മുടെ എതിർപ്പിനും പരിധിയുണ്ട് പാർത്ഥൻ. വിമർശനം സ്വന്തം താവളത്തെക്കുറിച്ചാവാൻ ആരുമിഷ്ടപ്പെടില്ല. ഇനിയും പാർത്ഥന് ഇവിടെ ആശയുണ്ടോ...?”

“കുറച്ചുനിമിഷം നമ്മൾ കാത്തിരുന്നേ പറ്റൂ...”

“അതർത്ഥരഹിതമാണെങ്കിൽ...”

“അതാവില്ല...”

“ഇന്നത്തെ നിലയ്ക്ക് അതേ പറ്റൂ. ആവൂ. തത്വശാസ്ത്രത്തിന് പുകമറയിട്ട് പകൽക്കൊള്ള നടത്താൻ എനിക്കോ പാർത്ഥനോ ആവില്ല. നാം ആരെയാണോ എതിർക്കുന്നത് ഏത് ദുഷിച്ച പ്രവണതകൾക്കു നേരെയാണോ യുദ്ധം ചെയ്യുന്നത് അവർ ഇവിടം കീഴടക്കിക്കഴിഞ്ഞു. അവരെ തുരത്തി ഓടിക്കുകയാണാവശ്യം!”

“അതിന്...?”

“ഒരാത്മഹത്യകൊണ്ട് പലരുടേയും കണ്ണു തുറക്കാൻ കഴിയുമെങ്കിൽ ഞാനതുചെയ്യും. പക്ഷേ ഇവിടെ അതൊരു ഒളിച്ചോട്ടം മാത്രമായി അധഃപതിക്കും. ഒരു ഇസ്മായിൽ സേട്ടിനെ നശിപ്പിച്ചാൽ പുതുതായി മറ്റൊരാൾ കൂസ്സലില്ലാതെ കടന്നുവരില്ല. സ്ഥാനമാനങ്ങളെ തേടിയെത്തിയവർ പാളയം വിട്ടോടി ഒളിക്കുകയുമാവും.”

“നമ്മുടെ പ്രശ്നം സർവ്വവ്യാപിയായ ഒന്നായി കണക്കാക്കരുത്.”

“ഇതു തന്നെയാണ് ഏങ്ങും. കടുത്ത ക്ഷമയും തീവ്ര ആവേശവും ഒരുപോലെ വിപ്ലവകാരിക്കു ചേർന്നതല്ല. പിന്നെ പ്രശ്ന

ങ്ങളെ വിപ്ലവാഭിവാഞ്ഛയോടെ സമീപിക്കുമ്പോൾ പലപ്പോഴും കപട മുഖമൂടികൾ നല്കാവുന്ന വികാരത്തള്ളിച്ചകൊണ്ട് എടുത്തു ചാടിയെന്നോ, നാടിനേയും കാലിക പ്രാധാന്യത്തേയും മനസ്സിലാക്കാതെ പ്രവർത്തിച്ചെന്നോ ആയിരിക്കും. ഞാനേതുവാക്കുകളും കേൾക്കാനിഷ്ടപ്പെടുന്നവനാണ്."

പിന്നീട് രാമു ഇരുട്ട് കനത്തുവീഴുന്നതുവരെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടമാടിയ കൂത്തരങ്ങുകളെ വിവരിക്കുകയായിരുന്നു.

പവിത്രൻ പഴയ മാളത്തിലേക്ക് തന്നെ ഉൾവലിഞ്ഞിരിക്കയാണ്. രാമു തേടിച്ചെന്നപ്പോൾ അയാൾ രക്ഷപ്രാപിക്കുന്ന മട്ടിൽ അകന്ന് പോവുകയായിരുന്നുവത്രേ!

ഇപ്പോഴായി യൂണിയൻ അംഗങ്ങൾ രാമുവിനോടും മുഖം കറുപ്പിച്ചാണ് നടക്കുന്നത്. മിണ്ടാൻപോലും മടിക്കുന്ന അവർ പൂർവ്വബന്ധത്തിന്റെ പേരിൽ ചിരിക്കാൻ ശ്രമിക്കുന്നത് ഒരു പരാജയമായിത്തീരുന്നതു കാണുമ്പോൾ അനുകമ്പയാണ് തോന്നുന്നത്.

ആൾക്കൂട്ടത്തിൽ തനിയെ ആയതുപോലെ, കപ്പൽച്ഛേതം വന്ന് അപരിചിതവും വിജനവുമായ തീരത്തെത്തപ്പെട്ടതുപോലെ ഉഴറുകയാണ് ഞങ്ങൾ.

പരിധിക്കപ്പുറം ചെന്നെത്തുന്ന ക്ഷമ ഭീരുത്വമാണ്. എന്നാൽ ഒരന്തവുമില്ലാതെ, വ്യക്തമായി ചിന്തിച്ച് ഒരു വഴി കണ്ടെത്താനാവാതെ എടുത്തുചാടാനുമാവുന്നില്ല.

വീണ്ടും നഗരത്തിലേയ്ക്ക് മൂകരായി ഞങ്ങൾ നടക്കുകയായിരുന്നു. വഴിതിരിയേണ്ടുന്നിടത്തെത്തിയപ്പോൾ ഒരു മുന്നൊരുക്കവുമില്ലാതെ രാമു വെട്ടിത്തിരിഞ്ഞ് നടക്കുകയാണുണ്ടായത്.

നടക്കല്ലുകളിറങ്ങുമ്പോൾ പാർത്ഥൻ ആശ്വാസത്തോടെ നിശ്വസിച്ചു. കാലത്തുതൊട്ടുള്ള കാത്തുനിൽപ്പ് സന്ധ്യയോടെ അവസാനിച്ചിരിക്കുന്നു. എന്തിനുമുള്ള ഈ ബാഹുല്യം എന്നാണാവോ കുറയുക?

ഡി.ഇ.ഒ.ഓഫീസിലെ ചതുരൻ ബഞ്ചിൽ കാത്തുകെട്ടി ഇരിക്കുമ്പോൾ പലരും നാട്ടുവർത്തമാനത്തിന്റെ തിരശ്ശീലകൾ അഴിക്കുകയായിരുന്നു.

അമല കോളേജിലെ മറ്റൊരു സഹപാഠിനിയുമായി അപ്പുറത്തു നില്പാണ്. ഹാഫ്ഡോർ കടന്നുവരുന്ന പിള്ളരുടെ മുഖമെല്ലാം വിയർപ്പുകണങ്ങൾ കൊണ്ട് പൊതിയപ്പെട്ടിരുന്നു. അവരുടെ തൊണ്ട വരണ്ടിരുന്നതിനാൽ രക്ഷിതാക്കളുടെ ചോദ്യങ്ങൾക്കു

പോലും വ്യക്തമായ ഉത്തരം നൽകാൻ കഴിഞ്ഞിരുന്നില്ല. പ്യൂണി ന്റെ പേരുവിളിയ്ക്കൽ കൊലവിളിയെപ്പോലെ മുഴങ്ങിക്കൊണ്ടേ ഇരിക്കുന്നു.

അമലയുമായുള്ള ബന്ധം സൂചിപ്പിക്കേണ്ടുന്ന അപേക്ഷാ കോള ത്തിൽ സഹോദരൻ എന്നെഴുതിച്ചേർക്കുകയായിരുന്നു ഞാൻ. കോ ളേജിലേയ്ക്ക് ഇന്റർവ്യൂവിനു ചെന്നപ്പോൾ പരിചിതനായ ക്ലാർക്ക് കൂടുതലായി ചോദിക്കുകയുണ്ടായി.

ഇനി ഇവിടേയും അമലയ്ക്ക് രണ്ടുവർഷം തള്ളിനീക്കേണ്ടി യിരിക്കുന്നു. ചാർട്ടുകളുടെയും പാഠ്യപുസ്തകങ്ങളുടെയും ഇടയിൽ പൂതൽ കയറി അവസാനിക്കപ്പെടാം അമലയുടെ ജീവിതം.

രേണുകേടത്തിയുടെ ഗുപ്തമായ മോഹം തീപാറുമ്പോൾ അതൊരു പതിവു കൃത്യമായതിനാലാവും അവർക്ക് അത്യധികം നൊമ്പരം തോന്നാതിരുന്നത്. നാട്ടുമ്പുറത്തെ ഓലമേയ്ഞ്ഞ ഒരു സ്കൂളും കലമ്പൽ കൂട്ടുന്ന പിള്ളാരെ ശാസിക്കാൻ പോലുമാവാതെ നിന്നു ചിരിക്കുന്ന രേണുകേടത്തിയും.

പടിയിറങ്ങുമ്പോൾ അമല ഒരദ്ധ്യാപികയുടെ തൊഴിലിനെ ക്കുറിച്ച് പറയുകയായിരുന്നു.

ഒന്നാംക്ലാസിൽ കിട്ടിയാൽ ഗതികഴിഞ്ഞതുതന്നെ. പുതുതാ യൊന്നും ചിന്തിക്കാനോ പ്രവൃത്തിക്കാനോ ഇല്ല. വല്ലവരും പറ ഞ്ഞുവെച്ചത് അക്ഷരംപ്രതി ഛർദ്ദിക്കുകതന്നെയാവും.

കലാശാലയുടെ അതിരുകളെക്കുറിച്ചും അമലയ്ക്ക് അവജ്ഞ യോടെ സംസാരിക്കാൻ കഴിഞ്ഞിരുന്നു. ഭൂലോകത്തിലെ സാം സ്ക്കാരിക ജീവനാഡിയെ തലക്കേറ്റിനടക്കുന്നെന്ന് അഭിമാനി ക്കുന്ന, വൃഥാ നാട്യം കാണിക്കുന്ന, തരത്തിന് പരിതസ്ഥിതി ഒത്തു വന്നതിന്റെ പേരിൽമാത്രം നാലക്കം ശമ്പളം വാങ്ങുന്ന അദ്ധ്യാപക ന്മാരോടും നിർത്താതെ പുലമ്പാനും അർത്ഥശൂന്യമായി പൊട്ടിച്ചി രിക്കാനുമറിയുന്ന ഒരുങ്ങിക്കെട്ടി സ്വയമേറ്റി നടക്കുന്ന സഹപാഠിക ളോടും അവൾക്ക് അമർഷമായിരുന്നുവല്ലോ.

കഠിനമായി യത്നിച്ച് കടമ്പ ചാടാൻ ശ്രമിക്കുന്ന അവളെ ഞാൻ കളിയാക്കുകയായിരുന്നു.

വൃന്ദ ഉച്ചയുറക്കത്തിലമർന്നുകിടപ്പാണ്.

അമ്മ്യാരും.

പുസ്തകം മടിത്തട്ടിൽവെച്ച് നിവർന്നിരുന്ന അമല പറഞ്ഞു:

“ഇതേറ്റവും ബുദ്ധിശൂന്യമായ കാര്യമാണെന്ന് എനിക്കറിയാം പാർത്ഥേട്ടാ. ഒരുകൂട്ടർ കാണാതെ പഠിച്ച് കരകയറുമ്പോൾ മറ്റൊരു കൂട്ടർ കുറുക്കുവഴികളിലൂടെ പകർത്തി എഴുതിയും മറ്റും രക്ഷ

നേടുന്നു. പക്ഷേ ഇവിടെ ബലിയാടുകളാവുന്നതും ജന്മവാസന യുള്ളവരാണ്.''

പഠിപ്പും സാഹിതീസപര്യയും തുടരാനാവാതെ വിദ്യാഭ്യാസം പാതിക്കു നിർത്തുകയായിരുന്നു സുഹൃത്ത്. തന്റെ അഭിരുചിക്കൊത്ത് പുസ്തകം വായിച്ചപ്പോൾ, രാജ്യത്തിന്റെ ഭാഗധേയം നിർണ്ണയിക്കാനായി സ്വബുദ്ധി ഉരുകി ഒലിപ്പിച്ചപ്പോൾ വീട്ടിൽനിന്നു പോലും പുറത്താക്കപ്പെട്ട് ഒരു ഭിക്ഷാംദേഹിയെപ്പോലെ അയാൾ മറ്റെങ്ങോ അഭയം പ്രാപിക്കുകയാണുണ്ടായത്. പിന്നീട് പറഞ്ഞു കേട്ടുപോലും അയാളെക്കുറിച്ചറിയാനായില്ല.

തെരുവിലൂടെ നടക്കുമ്പോൾ അമല പറഞ്ഞു:

''എല്ലാം ക്ലാസ്സുകാരാണ്. എനിക്ക് തീർച്ചയായും അഡ്മിഷൻ കിട്ടും.''

''എന്നാണ് ക്ലാസ് തുറക്കുക?''

''പതിനഞ്ചിനാവുമെന്നു കേട്ടു.''

''രോഹിണ്യേടത്തിയുടെ വള പണയം വെച്ചുവല്ലേ?''

''ങാ..... അതു സാരമില്ല.''

ഉള്ളഴിഞ്ഞ് വള ഊരിത്തരുമ്പോഴും രോഹിണി പുഞ്ചിരിക്കുക യായിരുന്നു.

''ഞാൻ കാരണം അവർക്കും വെഷമമായി.''

''രോഹിണി അത്തരത്തിലൊന്നും കരുതീട്ടില്ല.''

പരശുരാമൻ ആദ്യമായി വീട്ടിൽവന്നത് പുലയക്കുടിലിൽ ചീഞ്ഞുനാറുന്ന കിടക്കപ്പുണ്ണുവന്ന പുരുഷന്റെ ചികിത്സാർത്ഥം കുറച്ചുരൂപ സ്വരൂപിക്കുന്നതിനായിരുന്നു. രേണുകേടത്തിയുടെ അകമഴിഞ്ഞ പെരുമാറ്റം പരശുരാമനിൽ പോലും ആദരണീയത വളർത്തുകയായിരുന്നുവല്ലോ-അതയാൾ സൂചിപ്പിക്കുകപോലുമു ണ്ടായി.

അമ്മായിയെ പറഞ്ഞു പിടിപ്പിച്ച് അമ്പതുരൂപ വസൂലാക്കിയത് രേണുകേടത്തിയായിരുന്നുതാനും. സന്ധ്യയ്ക്കുശേഷമുള്ള ഇരുട്ട് ആകാശത്തെ ചീന്തി ഒഴുകി വരുന്നു. വിളക്കുകാലുകളിൽ വെട്ടം മിന്നലിടുന്നുണ്ട്. സ്റ്റാൻഡിൽ അവർക്കുള്ള ബസ്സുണ്ടായിരുന്നില്ല. ബ്രേക്ക്ഡൗൺ ആയതിനാൽ അടുത്ത വണ്ടിക്കേ പോവാനാവൂ.

വിശപ്പും ക്ഷീണവും കൊണ്ട് പരവശനായി പാർത്ഥൻ പറഞ്ഞു:

''നമുക്ക് വല്ലതും കഴിക്കാം...''

ചായക്കടയിലും ജനം ആർക്കുകതന്നെയാണ്. ഒഴിഞ്ഞ രണ്ടിരിപ്പിടങ്ങൾക്കായി കാത്തുനില്പ് തുടരുമ്പോൾ പാർത്ഥന് അമർഷമല്ല, ചിരിക്കാനാണ് തോന്നിയത്.

ഇരുപത്തിയഞ്ച്

കുന്നുംപള്ളയിലെ ഓലമേഞ്ഞ സ്കൂളിലെ സഹപാഠിയായ ഗംഗാധരനെ ചുഴിഞ്ഞ് ചിന്തിച്ചിട്ടും പാർത്ഥന് ഓർമ്മിച്ചെടുക്കാനായില്ല. അമ്മായി ചടച്ചുനീണ്ട വെളുത്ത പ്രകൃതത്തെ വർണ്ണിച്ചപ്പോഴും അതേ അനുഭവമായിരുന്നു.

തെരുവിൽ വെച്ചുകാണുമ്പോൾ കോളേജിലെ ഉറ്റ സുഹൃത്തുക്കൾക്കുപോലും കണ്ടാൽ തിരിച്ചറിയാനാവാത്ത വിധം രൂപഭേദം കൈവന്നിരിക്കുകയാണ്.

അമ്മായിടെ എഴുത്ത് അയാളുടെ മനസ്സിനെ തുടികൊട്ടിക്കുകയായിരുന്നു. രേണുകേടത്തിയെ പറഞ്ഞ് പ്രേരിപ്പിച്ച് ഇനിയൊരു വിവാഹത്തിനു തയ്യാറെടുപ്പിക്കുക.

കാറ്റിനു തണുപ്പും മണ്ണിനു നനവുമുള്ള തൊടിയിൽനിന്നും തേങ്ങോലകളുടെ മർമ്മരം കേൾക്കാനുണ്ട്. രോഹിണി അമ്മായിയ്ക്ക് കൂട്ടുചേർന്നു അടുക്കളയിലാണ്. രേണുകേടത്തി തളത്തിലാവും.

വിഭാര്യനായ ഗംഗാധരൻമാസ്റ്റർ. താഴെ പത്തിനുപഠിക്കുന്ന ഒരനുജത്തി. കുഞ്ഞിനെ നോക്കാൻ പന്ത്രണ്ടുകാരിയാണ്. മൂത്ത പെങ്ങളുടെ കല്ല്യാണം കഴിഞ്ഞുപോയി. ഏട്ടൻ കുടുംബസമേതം ജോലി സ്ഥലത്താണ്.

കുടുംബത്തിൽ അംഗസംഖ്യ വിരളമായതിനാൽ രേണുകേടത്തിക്ക് തൊഴുത്തിൽകുത്തേല്ക്കില്ലെന്ന സാമാധാനമാണ് അമ്മായിയ്ക്ക്.

യാത്രയുടെ ക്ഷീണംതീർക്കാനായി കോസറിയിൽ കിടപ്പായിരുന്നു. അയാൾക്ക് ജനാലപ്പൊളിയില്ലാത്ത ജനലിലൂടെ തൊടിയേയും നോക്കെത്താവുന്നിടത്തോളം വയലുകൾ നിറഞ്ഞ ചുറ്റുപാടുകളെയും കാണാം.

അമ്മായി അകത്തേക്കു കടന്നുവന്നതോ അവർ എതിരെ കസേരയിൽ ഇരിപ്പുറപ്പിച്ചതോ പാർത്ഥൻ ശ്രദ്ധിക്കുകയേ ഉണ്ടായില്ല.

‘‘ന്റെ ജന്മം ഒടുങ്ങ്യാ അവൾടെ ഗെത്യെന്താവും ന്നാന്റെ പ്ലത്തെ ചിന്ത. ഗംഗാധരൻ മാഷ്ങ്ങ്ട് ആളയക്ക്യേണ്ടായതാ. പാർത്ഥൻ വന്നൂച്ചാ ഒന്നു കാണണംന്ന് പറയ്യേണ്ടായി...’’

അമ്മായി നെടുതായി നിശ്വസിച്ചു.

അവരുടെ മുഖത്ത് കഴിഞ്ഞൊരു വിവാഹത്തിന്റെ, ഒരു കീഴ്വഴങ്ങൽ സൃഷ്ടിച്ച ദുഃസ്ഥിതിയുടെ ഓർമ്മ നുരകുത്തി പായുന്നുണ്ടായിരുന്നു.

രേണുകേടത്തിയുടെ നീണ്ട പരിഭവങ്ങൾ കേൾക്കുമ്പോൾ അകമേ രോഷം തോന്നാറുണ്ടായിരുന്നു. ബലഹീനതയുടെ പേരിൽ ഒരുനിമിഷം മൗനിയായ അവർ സ്വയം ഒരു കൂച്ചുവിലങ്ങണിയുകയായിരുന്നുവല്ലോ...

“ഞ്യാ രേണൂനോട് കൊറേ പറഞ്ഞ് നോക്ക്വേണ്ടായി. ന്താച്ചാലും ലവലേശം കൂട്ടാക്കണില്ല്യ...”

വിവാഹത്തിന്റെ വർണ്ണഭംഗിയെക്കുറിച്ച് ഇനി അവർക്ക് ചിന്തിക്കാനാവില്ല. ട്രെയിനിലും കാറിലുമായി യാത്ര അവസാനിക്കുന്നതുവരെ രേണുകേടത്തിയെക്കുറിച്ചായിരുന്നു ചിന്തിച്ചുപോന്നത്. പിന്നെ ഇസ്മായിൽ സേട്ടിനേയും. കൊടുംമരണം വരിച്ച, ശവം പോലും തിരിച്ചറിയാനാവാത്ത പെൺകുട്ടിയേയും.

പുലർച്ചെ ആരംഭിച്ച യാത്ര അവസാനിക്കുമ്പോൾ ഉച്ചകഴിഞ്ഞിരുന്നു.

കാറിന്റെ വരവറിഞ്ഞ് മുൻവശത്തേക്കിറങ്ങിവന്ന രേണുകേടത്തി. ചടച്ച്നീണ്ട, രക്തപ്രസാദം നഷ്ടപ്പെട്ട് വിളർപ്പു ബാധിച്ച, വെയിലുകൊണ്ട് കരിഞ്ഞ മാന്തളിരിനെപ്പോലെ പ്രാകൃതരൂപം.

അവർ പണിപ്പെട്ട് പുഞ്ചിരിക്കുകയായിരുന്നു.

അമ്മാവൻ സർവ്വസുരക്ഷിതത്വവും കല്പിച്ചുനടത്തിയ വിവാഹം അന്യംവന്ന് തകർന്നിരിക്കുന്നു. അനന്തേട്ടന്റെ കൃത്യാന്തരബഹുല്യം രേണുകേടത്തിയുടെ തകരുന്ന ഒരു ജീവിതത്തെക്കുറിച്ചു ചിന്തിക്കാൻ അവസരം കൊടുത്തിരിക്കില്ല. വസ്ത്രം മാറ്റുന്നതു പോലെ വൈവാഹികബന്ധത്തെ തൂത്തെറിയാൻ തക്ക സാമൂഹിക മനഃസ്ഥിതി ഉരുത്തിരിയേണമെന്ന് നിത്യേന അവകാശമുന്നയിക്കുന്ന മിസ്സിസ് പത്മനാഭന് മനുഷ്യന്റെ തകർച്ച ഏശിയെന്നു വരില്ല.

അമ്മായി മൂക്കുപിഴിഞ്ഞ് കണ്ണീരുതൂവി അകലുകയാണുണ്ടായത്. അവരുടെ മുന്നിൽ മകളുടെ ഭാവിയെ ഓർത്തുള്ള അനിശ്ചിതത്വം ഒരു ആരാച്ചാരെപ്പോലെ നിലകൊണ്ടു.

കോണിപ്പടി കയറിവന്ന രോഹിണി കാൽമുട്ടുകളിൽ അമർത്തിപ്പിടിച്ച് നിന്നു കിതച്ചു. പാർത്ഥൻ എണീറ്റുചെന്ന് അവളെ അണച്ചുപിടിച്ചു കട്ടിലിലിരുത്തി.

പെൺകുട്ടിയുടെ വിയർപ്പ് മുണ്ടിന്റെ കോന്തലയിൽ ഒപ്പിയെടുക്കുമ്പോൾ അയാൾ ചോദിച്ചു:

“ഉം...? അടുക്കളയിലെ തീകാഞ്ഞിട്ടാവും. ക്ഷീണമുണ്ടെങ്കിൽ കിടന്നോളൂ.”

അവൾ കിടക്കുകയുണ്ടായില്ല. പകരം അയാളുടെ ചുമലിൽ മുഖമണച്ച് ചായ്ഞ്ഞിരുന്നു.

മുത്തശ്ശി അച്ഛന്റെ ജന്മനിമിഷത്തെക്കുറിച്ചു പറയുകയായിരുന്നു. ഒരു കർക്കിടകരാവ്. തോരാതെ പെയ്യുന്ന മഴ. എല്ലുതുളയ്ക്കുന്ന തണുപ്പ്.

കനത്ത മഴയത്തും ഓലച്ചൂട്ടുവീശി മുത്തശ്ശൻ പേറ്റിച്ചിയെ തേടി ചെല്ലുകയായിരുന്നുവത്രേ. അവർ വന്നതിനുശേഷം നീണ്ടൊരു കാത്തിരിപ്പായിരുന്നുതാനും ഫലം.

പത്തുപന്ത്രണ്ട് മണിക്കൂറിന്റെ നൊമ്പരവും നൽകി പിറന്നു വീണ അച്ഛൻ പിന്നീട് മുത്തശ്ശിക്ക് ഒരു ജീവിതം മുഴുക്കെയുള്ള ദുരിതം നൽകുകയായിരുന്നുവല്ലോ–

"പാർത്ഥേട്ടൻ കളിച്ചുനടന്ന സ്ഥലമല്ലേ... എനിക്കിവിടമാകെ ഒന്നു കാണണം..."

"നാളെ കാണാം..."

രണ്ടുനാളത്തെ അവധിയും ഒരോഫും കഴിഞ്ഞ് ഉടനടി തിരികെ ചെല്ലേണ്ടിയിരിക്കുന്നു. ഒരു വാദമുഖങ്ങളും കൂസാതെ അടുക്കള യിൽ പെരുമാറുന്നതുകാണുമ്പോൾ ദുഃഖമാണു തോന്നാറ്. അമ്മാ യി തറവാട്ടിൽ ഒരു കുഞ്ഞുകാൽ പതിയേണ്ടുന്നതിനെക്കുറിച്ച് പറയുകയായിരുന്നു. മകളുടെ രൂപംപ്രാപിക്കാത്ത ഗർഭത്തെ ഓർത്ത് അവർക്കായിരുന്നു വേവലാതി.

തൊടിയും വയലും മഞ്ഞവെയിലിൽ മുങ്ങിക്കിടപ്പാണ്. തിന്നു മടുത്ത കൊക്കുകൾ ചിറകുതല്ലി ആകാശത്തെ മുഖരിതമാക്കുന്നു. ചെമ്മൺനിരത്തിൽ തൊഴുത്തുതേടി പോവുന്ന പശുക്കൾ മുക്ര യിടുകയാണ്.

രോഹിണിയെ ചെരിച്ചുപിടിച്ച് പതിയെ കട്ടിലിൽ കിടത്തി. പാതി ഉറക്കത്തിലമർന്ന അവൾ പൂർണ്ണമായും സുഷുപ്തിയിലാണ്ടു.

കോണി ഇറങ്ങി താഴേയ്ക്കു ചെല്ലുമ്പോൾ അമ്മായി എതിരെ വരുന്നതു കണ്ടു. പാർത്ഥനെകണ്ടു നിന്ന അവർ ചോദിച്ചു:

"രോഹിണ്യെവ്ടെ..."

"മോളിലുണ്ട്. യാത്രചെയ്തതിനാലാവും ഉറക്കമാണ്..."

"ഗർഭായ കുട്ട്യോള് തോന്ന്യപാട് ഒറങ്ങണോണ്ട് കൊഴപ്പാണ്ടാ ച്ചാ തരല്ല്യാതെ തിരിഞ്ഞ് കെടക്കേണ്ടാവുമ്പോ കൊടല് പിള്ളേ്യ പെണത്ത്യേണ്ടാവും പ്പ്ഴും നീര്ണ്ട്ല്യോ...?"

"ഡോക്ടറെ കാണിച്ചിരുന്നു. മരുന്ന് കഴിക്കുന്നുണ്ട്..."

"ഇംഗ്ലീഷ് ചികത്സോണ്ടുള്ള വെനന്യാദ്. ബാർലി ആവണത്ര കഴിച്ചൂച്ചാ ഒന്നുംണ്ടാവില്ല. പുതുക്കുട്ട്യോളാവ്മ്പൊക്ക് ന്യാദൊക്കെ അറിണൂല്യേ?"

അവർ ചിരിച്ചപ്പോൾ പാർത്ഥനും ചിരിക്കുകയായി. പറഞ്ഞു

പഴുപ്പിച്ച്, പാരുഷ്യത്തോടെ നിർബ്ബന്ധിച്ച് ഡോക്ടറെ കാണിക്കാൻ രോഹിണിയെ കൊണ്ടു ചെല്ലുകയായിരുന്നു. നീരുവിങ്ങുന്ന കാലിനെക്കുറിച്ചു പറയുമ്പോഴും അതത്ര സാരമാക്കാതെ ഒരു ജന്മത്തിന്റെ ഭാഗഭാക്കാണെന്നമട്ടിൽ അവൾ സംസാരിക്കുകയായിരുന്നു.

അമലയേയും കൂട്ടിനു വിളിച്ച് ഡോക്ടറെ ചെന്നുകാണുമ്പോൾ അവരുടെ വാക്കുകൾ ഒരു രക്ഷാകേന്ദ്രം നല്കിയപ്പോൾ ഒരാശ്വാസമായിരുന്നു.

മുന്നോക്കം നടന്ന അയാളെ പിൻവിളിച്ച് അമ്മായി പറഞ്ഞു:

“എട്ടാമാസ്സോറ്റല്ല്യെ അവധ്യെ ട്ക്കേണ്ടാവ്വ്യാന്താ രോഹിണ്യങ്ങ്ട് കൊണ്ടന്നോള്ളൂ...”

“അമ്മായിയ്ക്ക്....?”

“ഏയ്യ്.... നിക്ക് രേണുകേം അവളും ഒരു പോലന്യാ. വയസ്സായോര്ടെ മേൽനോട്ടണ്ടാവ്മ്പോ അവൾക്കും ഒരു സമാധാനൊക്കേണ്ടാവും....”

മുറ്റത്തേക്കിറങ്ങിയപ്പോൾ അയാളുടെ മനസ്സിൽ നേർത്തൊരു തണുപ്പ് ഒഴുകിനടക്കുന്നുണ്ടായിരുന്നു.

മിസ്സിസ് പത്മനാഭന്റെ മുന്നിലാണ് ചെന്നകപ്പെട്ടതെങ്കിൽ അവർക്കെന്നോട് ആംഗ്ലേയ പുലഭ്യങ്ങളെ പറയാനുണ്ടാവൂ. മുകുന്ദന് കഴുത്തുവെട്ടിച്ചു നടക്കാനുള്ള മനക്കരുത്തുണ്ട്. പിന്നെ എന്തുകൊണ്ടോ ചപലനായ അനന്തേട്ടനാണ്–

മേൽത്തട്ടിൽനിന്നു അമ്മായി രോഹിണിയെ വിളിച്ചുണർത്തുന്നത് കേൾക്കാനുണ്ട്. രോഹിണിയുടെ ഉറക്കപ്പിച്ചു മാറാത്ത ശബ്ദമാണ് ഒഴുകിഎത്തുന്നത്. രേണുകേടത്തി അകമുറിയിലെവിടെയോ ആവും.

അകത്തേക്ക് ചെന്ന് അവരെ തേടിനടന്നെങ്കിലും പാർത്ഥന് രേണുകയെ കാണാനായില്ല. എറയത്തു പിടിച്ച് ചുറ്റുപാടുനോക്കി നിന്നപ്പോൾ അവർ തൊടിയിലൂടെ നടക്കുന്നതുകണ്ടു.

തൊടിയിലേക്ക് നീട്ടിവെച്ച കാലുകൾ തരത്തിന് പിൻവലിച്ച് പാർത്ഥൻ അകത്തേക്കു തന്നെ നടക്കുകയായിരുന്നു.

പെരും ഞാഞ്ഞൂളിനെപ്പോലെ നീണ്ടുമെലിഞ്ഞ ഒരുത്തൻ മുൻവശത്തെ ബെഞ്ചിൽ ആദ്യസ്ഥാനത്ത് ഇരിക്കുമായിരുന്നു. പാർത്ഥൻ എന്നും രണ്ടാം ബഞ്ചിലായിരുന്നു ഇരുപ്പ്. മാഷിന്റെ കൺവട്ടത്ത് കുറ്റിയടിച്ചതുപോലെ ഇരിക്കാൻ അവന് സങ്കോചമായിരുന്നു.

പ്രാഥമിക വിദ്യാഭ്യാസത്തിന്റെ അവസാനത്തോടെ നഗരത്തിലേക്ക് പഠനം പിഴുതുനട്ടപ്പോൾ പലരുടേയും കൂട്ടത്തിൽ ഗംഗാധ

രന്റെയും ഓർമ്മ ചാരക്കുഴിയിൽ അവസാനിക്കുകയാണുണ്ടായത്. പിന്നീട് എത്രയോതവണ കണ്ടിട്ടും അയാളെ തിരിച്ചറിയാൻ കഴിഞ്ഞിരുന്നില്ല.

അമ്മായി ഗംഗാധരന്റെ ചുറ്റുപാടുകളെക്കുറിച്ചു പറയുകയായിരുന്നു:

റെയിൽവേ സ്റ്റേഷൻമാസ്റ്ററുടെ നാലുസന്തതികളും ഭാര്യയുമുള്ള കുടുംബം പൊതുവെ സംതൃപ്തമായിരുന്നു. പഠിക്കാൻ ഒട്ടും പിന്നോക്കമല്ലാത്ത ആൺമക്കളും കുടുംബനടത്തിപ്പിനുതകുന്ന പെൺമക്കളും.

മകൾ തെരണ്ടു വളർന്നപ്പോൾ കോളേജിലേക്കൊന്നും അയയ്ക്കാതെ സ്നേഹിതന്റെ മകന് നല്കുകയാണുണ്ടായത്. പഠിച്ച് ബിരുദം വാങ്ങിച്ച മകൻ ശമ്പളവകയിൽ ഒട്ടും മോശമല്ലാത്ത തുക നേടാവുന്ന ത്രാണി ലഭിച്ചപ്പോൾ സഹപാഠിനിയും സ്വജാതിക്കാരിയുമായ, ധനസ്ഥിതി തരിമ്പും കുറവില്ലാത്ത ഒരുത്തിയെ പ്രേമവിവാഹം നടത്തുകയായിരുന്നു.

അമ്മ പെണ്ണുകണ്ടു ബോധിച്ച് നിശ്ചയിച്ച ഗംഗാധരന്റെ വിവാഹം ഭാര്യയുടെ മരണത്തോടെ കെടുതിയിലേക്ക് വീഴുകയായിരുന്നു. ആസ്മാരോഗിണിയും ക്ഷയം ബാധിച്ചതുപോലെ അനാരോഗ്യയുമായ പെൺകുട്ടിയെ അമ്മയെ കരുതിയായിരുന്നു അയാൾ വിവാഹം കഴിക്കുകയുണ്ടായത്.

അമ്മയുടെ മരണത്തിന് ഒരുവർഷം തികയുന്നതിനുമുമ്പേ അവളും വിടപറഞ്ഞു. അമ്മയെപ്പോലെ വിളർത്തതും മെലിഞ്ഞതുമായ ഒരു പെൺകുഞ്ഞ് ഒരു വൈവാഹികബന്ധത്തിന്റെ കണ്ണിയെ ഓർമ്മിപ്പിക്കാനായി അയാളുടെ മുന്നിലുണ്ടായിരുന്നു.

അമ്മായി കൂടുതലായി മാഷെക്കുറിച്ച് അന്വേഷിച്ചിരുന്നു. ഒതുങ്ങിയ മട്ടാണ്. ആർഭാടവും മോടിയുമൊന്നുമില്ല. സ്വഭാവദൂഷ്യമെന്നത് എന്താണെന്ന് അയാൾക്ക് അറിയില്ല. തനിതങ്കമാണ്. മകളേയും അനുജത്തിയേയും കൊണ്ട് ചിലപ്പോഴെല്ലാം നടക്കാനിറങ്ങും. പിന്നെ ആഴ്ചയിൽ രണ്ടുവട്ടം വായനശാലയിലേക്ക് പുസ്തകം മാറ്റാനും വരും.

കൂടാതെ സ്കൂൾവാർഷികത്തിന് ഗംഗാധരൻമാസ്റ്റർ എഴുതി അവതരിപ്പിക്കുന്ന ഒരു നാടകവുമുണ്ടായിരിക്കും.

കാലത്തെ പ്രാതൽ കഴിഞ്ഞ് മേൽത്തട്ടിൽ ചടഞ്ഞിരുപ്പായിരുന്നു പാർത്ഥൻ. അമ്മായി ഒരാവർത്തി കൂടി ഓർമ്മിപ്പിച്ചിരുന്നു.

രേണുകേടത്തിയുടെ കൊടും കയ്പുനിറഞ്ഞ അനന്തേട്ടനുമായുള്ള പൂർവ്വഅനുഭവം അയാളുടെ മുമ്പിൽ ഉറഞ്ഞുതുള്ളി നില്പു

ണ്ടായിരുന്നു. നേരിട്ടു എടുത്തടിച്ച് അവരെ പറഞ്ഞു സമ്മതിപ്പിക്കാൻ മനസ്സുവരുന്നില്ല.

കൊയ്തൊഴിഞ്ഞ വയലുകളിൽ ഉഴവിന്റെ തിരക്കാണ്. നുകം ആണ്ട് പിളരുന്ന ചളിയുടെ ഗന്ധം കാറ്റിൽ അലിഞ്ഞുകിടപ്പുണ്ട്. കന്നുതെളിക്കുന്ന വികൃതശബ്ദം എത്ര അകലേന്നും കേൾക്കാനാവും.

തെക്കേപ്പാടത്തെ കണ്ടം കൊയ്തുകൊണ്ടിരിക്കുന്നു. വരമ്പത്ത് അടുക്കിവെച്ച വിലങ്ങനെയിട്ട കറ്റകൾ, കൊയ്തുകഴിഞ്ഞ പാടങ്ങളിൽ കതിരുപെറുക്കുകയാണ് ചോമപിള്ളേർ.

കാക്കയും കൊക്കും ഉഴവുന്നവയലുകൾക്കു മീതെ മീനുകളെത്തേടി വട്ടമിട്ടു പറക്കുന്നു. താറാവിറങ്ങി കാട്ടം നാറുന്ന പാടവരമ്പത്തൂടെ നടക്കുമ്പോൾ ചേറിൽ പൂണ്ടുകിടക്കുന്ന മുട്ടകളെ രേണുകേടത്തി ചൂണ്ടിക്കാണിക്കും. പിന്നീട് ചേറിലേയ്ക്ക് കുതിച്ചുചാടി അവയെടുക്കുക എന്റെ ജോലിയായിരുന്നു.

പാർത്ഥൻ താഴേക്കിറങ്ങിച്ചെന്നപ്പോൾ രേണുകേടത്തിയുടെ നിഴൽ തൊടിയിൽ മിന്നിമറയുന്നതുകണ്ടു.

ഒരു സംവാദം അകറ്റാനെന്നോണം അയാളുടെ വരവുകണ്ട് അവർ ദൂരെയ്ക്കുവെച്ചടിച്ചു. പാർത്ഥൻ വീണ്ടും പുറകെ ചെന്നപ്പോൾ അവർ നടത്തം വളരെ പതുക്കെ ആക്കി.

തേക്കുകൊട്ട കമഴ്ത്തി തൊടിയാകെ നനഞ്ഞിരിക്കയാണ്. കുലച്ച തെങ്ങുകൾക്ക് താഴെ കൊഴിഞ്ഞ പൂവുകൾ ചിതറിക്കിടക്കുന്നു.

‘‘അമ്മായി എന്നോട് ഒരുകാര്യം പറഞ്ഞു...’’

‘‘ന്റെവസ്ഥ പാർത്ഥേട്ടനറിയാലോ...?’’

‘‘ഉം........’’

‘‘നിക്കിനീം കഷ്ടപ്പെടാങ്കഴില്ല്യ.....’’

‘‘ജീവിതം ആർക്കും എന്നും സുഖപ്രദമൊന്നുമല്ല രേണുകേടത്തി. എല്ലാവർക്കും ദുഃഖമുണ്ട്. സുഖത്തെ നേടാനുള്ള ശ്രമത്തിൽ ദുഃഖം മാത്രം അനുഭവിച്ചു മരിക്കുന്നവരാണ് അധികപക്ഷവും.’’

‘‘നിക്കൊന്നറീല്ല്യ. ഒരു കല്ല്യാണങ്കൊണ്ടെ മടുക്ക്വേണ്ടായി......’’

അവരുടെ വിളർത്ത മുഖത്ത് കരിവാരിത്തേച്ചതുപോലെ വിഷാദം വന്നുവീണു.

നടന്നുചെന്നത് തൊടിയുടെ അറ്റത്തേക്കായിരുന്നു. പൊതവീണ് കുണ്ടായ മണ്ണ് വയലിലേക്ക് ചെരിഞ്ഞുകുത്തി കിടപ്പാണ്.

ചായ്ഞ്ഞുനിന്ന കാഞ്ഞിരത്തിന്റെ തടി ചാരി പാർത്ഥൻ നിന്നു. രേണുകേടത്തി കാലുകൾ പിന്നോക്കം മടക്കിവെച്ച് തറയിലിരുന്നു.

‘‘അനന്തേട്ടന്റെ എഴുത്തുണ്ടോ....?’’

“ഏയ്യ്...”

“അമ്മായിക്ക് രേണുകേടത്തിയെ ഓർത്താണ് ദുഃഖം. രേണു കേടത്തി ഇങ്ങനെ ഇരുന്നാൽ അവർ സ്വസ്ഥതയോടെ മരിക്കില്ല... ചിലപ്പോൾ മരണം ഈ ചിന്തമൂലം വളരെ നേരത്തെയുമാവും.”

“ന്റെ തലവിധി നീം അനുഭവിക്കണംന്ന്വന്യാ? പാർത്ഥേട്ടനു ണ്ടാവ്മ്പോനിക്കെന്താ വെഷമം?”

“അതല്ല. സ്വയം ഒരു ജീവിതമുണ്ടല്ലോ. ഗംഗാധരനെ ചെന്നു കാണാൻ അമ്മായി പറഞ്ഞിട്ടുണ്ട്....”

“ഞ്യാ സമ്മതിക്കണോണ്ട് മറ്റുള്ളോര് സ്വസ്ഥതേണ്ടാവ്ന്ന്വച്ചാ നിക്ക് വിരോധൊന്നൂല്ല്യാ. ചെലരുടെ തലേലെഴുത്ത് ആദ്യവസാനം ദുഃഖംന്ന്വന്യ. കാരണം ന്താച്ചാ പറയാനൊന്നുംണ്ടാവില്ല്യ...”

രേണുകേടത്തി മുഖം തിരിച്ച് പാർത്ഥനോടായി പറഞ്ഞു:

“ഒര് പരിധിവരേള്ള ദുഃഖാക്കെ ന്യെക്കൊണ്ട് സഹിക്കാങ്കഴി യ്യേണ്ടാവും.”

എന്നും അതായിരുന്നുവല്ലോ രേണുകേടത്തി ചെയ്തിരുന്നതും.

നാട്ടുകാരെയും വീട്ടുകാരെയും രമ്യപ്പെടുത്താനായി കഴിവിന്റെ പരമാവധി സഹിച്ചും കൊണ്ട് അവർ അനന്തേട്ടനോടൊത്ത് ജീവി ക്കുകയായിരുന്നു.

“ഞാനന്ന് രേണുകേടത്തിയോട് അനന്തേട്ടനുമായുള്ള വിവാഹം വേണ്ടെന്ന് പറഞ്ഞിരുന്നു. അന്ന് രേണുകേടത്തിക്ക് അനാവശ്യമായ പലതിനേയും സംരക്ഷിക്കാനുണ്ടായിരുന്നു. രേണുകേടത്തി സുഖ മായി ജീവിക്കുന്നതു കാണാനാണ് എനിക്കിഷ്ടം. ഗംഗാധരന് ഒരു കുട്ടിയുള്ളതോർത്താണോ വിഷമം....”

മുഖമുയർത്താതെ തന്നെ അവർ ഇല്ലെന്നറിയിക്കാനായി തലകുലുക്കി.

“പിന്നെ?”

“നിക്കെന്തോ പേട്യാണ്.”

“രേണുകേടത്തി സമ്മതിച്ചാലേ ഞാൻ ഗംഗാധരനെ ചെന്നു കാണൂ...” അവർ മൗനം അതേപടി തുടരുകതന്നെയായിരുന്നു.

വിവാഹത്തെക്കുറിച്ച് ഒരിക്കൽ പരശുരാമനോട് സൂചി പ്പിച്ചപ്പോൾ അയാൾ വെളുക്കനെ ചിരിക്കുകയായിരുന്നു. കൊടുങ്കാ ടായ നഗരങ്ങളിലും ഗ്രാമങ്ങളിലും; ഗ്രാമങ്ങളിൽ സംഹാരത്തി നുശേഷമുള്ള സൃഷ്ടിക്കായി അക്ഷീണം യത്നിക്കുന്ന അയാൾക്ക് ഒന്നിരുന്ന് വ്യക്തിഗതതാല്പര്യങ്ങൾ ചിന്തിക്കുവാൻ തക്ക ഒഴിവു സമയം പോലും ഇല്ലായിരുന്നു.

പുതുമണ്ണിനെ തേടി പോവുന്ന രാമുവാണ് ഇനി.

രേണുകേടത്തി ഒരുപാടുനേരം കാൽമുട്ടിൽ മുഖംപൂഴ്ത്തി ഇരുപ്പുതുടരുകയായിരുന്നു. അവരുടെ ഭാവങ്ങൾ കനത്ത് വികലമായ മുഖം ചുങ്ങി ചുരുങ്ങി ചെറുതായി.

‘‘പാർത്ഥേട്ടൻ ആളെ ചെന്നു കണ്ടോളൂ... നീം പഴയഗതിന്യാച്ചാ ഞ്ഞാണ്ടാവില്ല്യ...’’

ഒരുൾനടുക്കത്തോടെ അയാൾ മുഖമുയർത്തിയപ്പോൾ രേണുകേടത്തി ചിരിക്കാൻ ശ്രമിക്കുകയായിരുന്നു.

തൊടിയിൽ നിന്ന് തിരിച്ചുനടക്കുമ്പോൾ പാർത്ഥൻ കാലടികൾ നീട്ടിവെച്ചു.

ശനിയാഴ്ച ആയിരുന്നതിനാൽ ഗംഗാധരൻ വീട്ടിൽ തന്നെയുണ്ടാവും. വീട് അമ്മായിയോട് ചോദിച്ചറിഞ്ഞേ പറ്റൂ.

നിരത്തുവക്കിൽ നിന്ന് രണ്ടു ചാൽ ഉള്ളോട്ടു തള്ളിയായിരുന്നു ഗംഗാധരന്റെ വീട്. അമ്മായി പറഞ്ഞ മാടക്കടയും പേരാലും കണക്കുവെച്ച് ഒരേകദേശരൂപം നിജപ്പെടുത്തി അയാൾ കടന്നുചെല്ലുകയായിരുന്നു.

ചാണകം മെഴുകിയ, തുളസിത്തറയും നെയ്‌വിളക്കുമുള്ള മുറ്റം. വേലിയുടെ അരികുചേർന്ന് പൂന്തോട്ടമാണ്. അതിനുമപ്പുറത്ത് ചെറിയൊരടുക്കളത്തോട്ടവും.

സഹപാഠിയായ ഗംഗാധരന്റെ രൂപത്തിൽനിന്ന് യുവാവായ പുരുഷന്റെ രൂപത്തെ മെനഞ്ഞെടുക്കാൻ പാർത്ഥനു കഴിഞ്ഞില്ല.

കതകിനു തട്ടിവിളിച്ചപ്പോൾ ഗംഗാധരൻ തന്നെയായിരുന്നു വാതിൽപൊളി തുറന്നത്. ഒക്കത്തെ മോണകാട്ടി ചിരിച്ച കുഞ്ഞ് അപരിചിതനെക്കണ്ട് അംഗചേഷ്ടകൾ നിർത്തി സൗമ്യയായി.

മുന്നിലെ കസേരയിലിരിക്കുമ്പോൾ ഗംഗാധരൻ പറഞ്ഞു:

‘‘ഞാനങ്ങോട്ട് വരണമെന്നു വിചാരിച്ചതാണ്. അമ്മായി വിവരം പറഞ്ഞില്ലേ?’’

‘‘ഉവ്വ്.’’

തലയെത്തിച്ചു നോക്കിയ പെൺകുട്ടി കുഞ്ഞിനേയും വാങ്ങിച്ച് അകത്തേക്ക് മറഞ്ഞു.

‘‘എന്റെ അനുജത്തിയാണ്.’’

‘‘പഠിക്കുന്ന കുട്ടി?’’

‘‘അതെ...’’

‘‘ഞാൻ പാർത്ഥനെ പലവട്ടം കണ്ടിട്ടുണ്ട്. പക്ഷേ ഇതുവരെയായി സംസാരിക്കാൻ കഴിഞ്ഞില്ല. ഒന്നിച്ചുപഠിച്ച പലരുടെയും അവസ്ഥ ഇതു തന്നെയാണ്.’’

മെലിഞ്ഞു ചടച്ചതെങ്കിലും ചോര നിഴലിക്കുന്ന രൂപം വശ്യമാണ്. കോലംകെടാതെ ഭംഗിയായി ഒതുക്കിവെച്ച മുടി ചെവിക്കുപിന്നിലേക്ക് നീളുന്നു. നഗ്നമായ ചുമലിൽ ഒരാവരണമായി ഈരിഴത്തോർത്ത് മാത്രമാണ്.

അടക്കവും ഒതുക്കവുമുള്ള ഒരദ്ധ്യാപകന്റെ ഭാവഛായ എങ്ങും. രേണുകേടത്തിയെ ഗംഗാധരന്റെ സമീപത്തായി നിർത്തി നോക്കിയപ്പോൾ തികഞ്ഞ ചേർച്ചയായിരുന്നു അയാൾക്ക് തോന്നിയത്.

പ്രേമ കൊണ്ടുവെച്ച ചായ കുടിക്കുമ്പോൾ ഗംഗാധരൻ ആദ്യഭാര്യയെക്കുറിച്ചു പറയുകയുണ്ടായി.

മറക്കേണ്ടുന്നവയെ അതിരുകളില്ലാതെ ഓർക്കുന്നവൻ കർമ്മനിരത നഷ്ടപ്പെട്ട്, ചൈതന്യം വാർന്ന് പ്രവർത്തനശൂന്യനാവുകയാണ് പതിവ്.

വളരെ സൗകര്യപൂർവ്വം വീട്ടുകാർ മകളുടെ അസുഖത്തെ ഒളിച്ച് കെട്ടിവെയ്ക്കുകയായിരുന്നു. കല്ല്യാണം കഴിഞ്ഞ് ആദ്യരാത്രിയിൽ പുതുതായൊരന്തരീക്ഷത്തിൽ വന്നുപെട്ടപ്പോൾ ഇന്ദിരയുടെ ഞരമ്പുകൾ വലിഞ്ഞുമുറുകി കടവായ തുറന്ന് നുരയിട്ട് ഉമിനീര് പ്രവഹിക്കുകയായിരുന്നുവത്രേ!

അമ്മ പിറ്റേന്നുതന്നെ കയ്യൊഴിയാൻ കല്പിച്ചിട്ടും ഗംഗാധരൻ ചെറുത്തുനിൽപ്പു തുടർന്നു. ഉരസലും വാക്ക്തർക്കവുമായാരംഭിച്ച ബന്ധം മാസങ്ങൾക്കകം ഒരു നവീന താളക്രമം കൈവരിക്കയാണുണ്ടായത്.

മരുമകൾ ഗർഭിണിയായതോടെ അമ്മായിയുടെ പരിചരണത്തിന്റെ ആക്കം വർദ്ധിച്ചുപോന്നു. മകന്റെ സന്തതിയെ കാണുന്നതിനു മുന്നേയുള്ള അവരുടെ ആകസ്മികമരണം. പിന്നെ ഇന്ദിരയുടെയും.

ശോഷിച്ച, രക്തത്തിന്റെ തരിമ്പും കൺതടത്തിലില്ലാത്ത അവൾ ഒരു കുഞ്ഞിന് ജന്മം നൽകിയതോടെ മരിച്ചുവീഴുകയായിരുന്നു. ഞരമ്പുകൾ വിങ്ങിപ്പൊട്ടിയ, പേറ്റുനോവ് കുപ്പിച്ചില്ലുകളായി നട്ടെല്ലിനെ തുളച്ചപ്പോൾ ആസ്തമയുടെ വലിവ് ശ്വാസകോശത്തിൽ വായുവിനായി ഞരക്കം സൃഷ്ടിച്ച് അവശതയോടെ തുടിച്ചുകൊണ്ടേയിരുന്നു.

കുഞ്ഞ് നാലുമാസക്കാലം എന്റെ പക്കലായിരുന്നു.

ചുവരിന്റെ മദ്ധ്യഭാഗത്തായി ചില്ലിട്ടുസൂക്ഷിച്ച വലിയ പടം ഇന്ദിരയുടെതാവും. മരണത്തിന്റെ സാമീപ്യം നേരത്തെ കണ്ടറിഞ്ഞതുപോലുള്ള മുഖമാണ്. കഴുത്തറ്റംവരെയുള്ള ചിത്രമായിരുന്നിട്ടും ഒടിഞ്ഞുകുത്തിയുള്ള നിൽപ്പാണെന്നത് വ്യക്തമാണ്.

“രേണുകേടത്തിയുടെ ഭർത്താവ് എന്റെ ജ്യേഷ്ഠനാണ്...”
“അറിയാം. കേശവൻനായർ എന്നോടു പറഞ്ഞിരുന്നു...”
കേശവൻനായർ വിവാഹദല്ലാളാവാം.
രേണുകേടത്തിയുടെ വൈവാഹികബന്ധം തകർന്നതിന്റെ രത്നച്ചുരുക്കം. അനന്തേട്ടൻ എന്ന ഡോക്ടർക്ക് സ്റ്റെതസ്കോപ്പിന്റെ ഉപയോഗ്യതപോലും കല്പിപ്പിക്കാനാവാഞ്ഞ ഭാര്യ. മരുഭൂമിയിൽ മഴയെ കാത്തിരിക്കുന്നതുപോലുള്ള രേണുകേടത്തിയുടെ നിലപാട്.
ഗംഗാധരൻ ഉള്ളുതുറന്ന് എല്ലാം പറഞ്ഞപ്പോൾ പാർത്ഥനും അടഞ്ഞ കതകുകളെ തുറക്കുകയായിരുന്നു.
സഹപാഠി ആയിരുന്നെങ്കിൽതന്നെയും ഗാഢമായോരു മൈത്രീബന്ധം ഇപ്പോഴാണ് തോന്നുന്നത്.
“ഞാൻ മറ്റന്നാൾ പോവും. ഗംഗാധരൻ അതിനകം അവിടെ വന്നാൽ നന്നായിരുന്നു.”
“ഞാൻ മാത്രം... ഏട്ടത്തിയമ്മയുണ്ടെങ്കിൽ നന്നായിരുന്നു.”
ഒരു നിമിഷത്തെ ഇടവേളയ്ക്കുശേഷം അയാൾ തുടർന്നു:
“പാർത്ഥനും ലീവുണ്ടാവില്ലല്ലോ – ഞാനും ഒരു സ്നേഹിതനും വരാം. മാഷാണ്, കൂടെ അയാളുടെ ഭാര്യയും കാണും.”
“എപ്പോഴെത്തും?”
“ഉച്ചതിരിഞ്ഞതും വരാം...”
പാത്രത്തിലെ കായവറുത്തുപ്പേരിയാകെ തിന്നുതീർത്തിരിക്കുന്നു. പ്രേമയുടെ ചുമലിൽ മുഖമണച്ചുകിടക്കുന്ന കുഞ്ഞ് ഉറക്കം പിടിച്ചിട്ടുണ്ട്.
പുറത്ത് സന്ധ്യയുടെ വർണ്ണഭംഗി ഏറിവരുകയാണ്. നിരത്തിലൂടെ വിരളമായി കടന്നുപോവുന്ന വാഹനങ്ങൾ കുമിഞ്ഞുകൂടിയ സഞ്ചരിക്കുന്ന ഇരുണ്ട നിഴലുകളെപ്പോലെയാണ്. ഗംഗാധരൻ മാസ്റ്ററോട് യാത്രപറഞ്ഞ് പാതയിലേക്കിറങ്ങിയ പ്പോൾ പാർത്ഥൻ സ്വയമേവ പുഞ്ചിരിച്ചു. രേണുകേടത്തിയുടെ താറുമാറായ കഴിഞ്ഞകാലജീവിതം പച്ച പിടിച്ചേക്കും. അവരുടെ മൗനം തേടുന്ന വാക്കുകൾ പ്രക്ഷുബ്ധവു മാവും.

ഉടനടി വീട്ടിലേക്ക് ചെല്ലാനോ ആഹ്ലാദത്തിമർപ്പോടെ അമ്മായിയോട് വിവരമറിയിക്കാനോ പാർത്ഥന് തോന്നുകയുണ്ടായില്ല.
രേണുകേടത്തി വിലങ്ങടിച്ചുള്ള നിൽപ്പുമാറ്റിയപ്പോൾ അമ്മായിക്ക് പറഞ്ഞുതീർക്കാനാവാത്ത സന്തോഷമായിരിക്കും.
മകളുടെ പൂതലുകയറി പാഴായ ജീവിതം താരും തളിരുമായുല്ലസിക്കുന്നതു കാണാൻ അവർക്കു കഴിഞ്ഞിരുന്നു.

കുടുംബത്തിലെ ഏകസന്തതി ആയിരുന്നതിനാൽ കെങ്കേമമായിട്ടായിരുന്നു രേണുകേടത്തിയുടെ അനന്തേട്ടനുമായുള്ള വിവാഹം നടത്തപ്പെട്ടത്. നിരത്തുതൊട്ട് വീട്ടുമുറ്റം വരെയ്ക്കും മുല്ലപ്പൂ തൂക്കിയ പന്തൽ. നാടടക്കം നാലുനാൾക്ക് പതിനാലുകൂട്ടം സദ്യ. കൂടാതെ സർവ്വാണി സദ്യയ്ക്കു വന്നവർക്കെല്ലാം മുണ്ടും ഈരെഴത്തോർത്തും. രേണുകേടത്തിയുടെ വിവാഹവും അതേത്തുടർന്നുണ്ടായ പതനവും നാട്ടാർക്കാകെ, കുശുമ്പോടെ പറഞ്ഞുരസിക്കാവുന്ന ഒരു കഥപോലായിരുന്നു.

കവലയും ആൾത്തിരക്കുകുറഞ്ഞ ഇടവഴിയും പിന്നിട്ട് പാർത്ഥൻ വായനശാലക്കു മുമ്പിലെത്തി. അകത്തെ ആളനക്കം പുറമേക്കറിയാനാവുന്നുണ്ട്. മങ്ങിയ പ്രകാശം വായനമുറി കടന്ന് ഇടവഴിയിലേക്കു വീഴുന്നു.

അപരിചിതരായ മനുഷ്യർക്കരികെ പത്രം നിവർത്തി വായനക്കിരിക്കുമ്പോൾ അയാൾ ചുറ്റിലും നോക്കി. പുകകയറിയതുപോലെ തെളിച്ചമില്ലാത്ത ദേശീയനേതാക്കന്മാരുടെ പടങ്ങളാണ് ചുവരിൽ. കൂടാതെ സ്ഥാപകപ്രസിഡന്റിന്റേയും. മൺചുവരിൽ ആണിപിഴുതുമാറ്റിയ ദ്വാരങ്ങളാണ് അധികവും.

പഴയ വായനക്കാരെല്ലാം തന്നെ നാടുപേക്ഷിച്ച് ചോറ്റിനുവക തേടി നഗരങ്ങളുടെ കൂടപ്പിറപ്പുകളായിരിക്കുന്നു.

ആധുനികദർശനത്തിന്റെ സ്ഥായീരൂപമണിഞ്ഞ് താടിയും തലയും നീട്ടി മൂകജീവിയെപ്പോലെ കഞ്ചാവു ബീഡിയുടെ പുകയിൽ അസ്തിത്വം നുകർന്നിരുന്ന ഭാസ്ക്കരൻ എവിടെയാണാവോ?

ജീവിതത്തിന്റെ പരുക്കൻ പ്രതലങ്ങളെ കണ്ടില്ലെന്നു നടിച്ചിരുന്ന അയാളും പുരാതന കഥാപാത്രങ്ങളായ കണ്ണകിയോ സീതയോ യാഥാർത്ഥ പതിവ്രതകളെന്ന് ചരിത്രഗവേഷണം നടത്തുന്ന, ഡോക്ടറേറ്റ് വാങ്ങിക്കാൻ കൊണ്ടുപിടിച്ച് ഉത്സാഹിക്കുന്ന അദ്ധ്യാപകനെപ്പോലെ വിഡ്ഢിയായിരുന്നുവല്ലോ!

ഭാസ്ക്കരന് കലാചാതുര്യമുള്ളാരു പ്രേമമുണ്ടായിരുന്നു. പ്രീയൂണിവേഴ്സിറ്റിക്കു തോറ്റ് പഠിപ്പുനിർത്തിയ ഉഷയുമായി.

രേണുകേടത്തിയോട് ഒരിക്കൽ അതെക്കുറിച്ചു ചോദിച്ചപ്പോൾ അവർ തൊണ്ട പൊട്ടുമാറ് ചിരിക്കുകയാണുണ്ടായത്. വിഭിന്നധ്രുവങ്ങളിൽ ഇരതേടുകയായിരുന്നുവത്രേ ഇരുവരും.

ഭക്തവത്സലൻ മാഷ് തന്നെയാണ് ഇപ്പോഴും ലൈബ്രേറിയൻ. കറുത്തിടതിങ്ങിയ അയാളുടെ താടിരോമങ്ങൾ പുഴമണൽ പോലെ വെളുത്തിരിക്കുന്നു. കണ്ണടയ്ക്കു കീഴെയുള്ള ഉണ്ടക്കണ്ണുകൾ തിളങ്ങുന്നുണ്ട്.

അയാൾക്ക് എന്നെ തിരിച്ചറിഞ്ഞില്ലായിരിക്കും.

“ആര് പാർത്ഥനോ? വരൂ...”

അകത്തേക്കു കയറി ചൂരൽമെടഞ്ഞ, മൂട്ട എമ്പാടുമുള്ള കസേരയിൽ ഇരിക്കുമ്പോൾ പാർത്ഥൻ ഒഴിഞ്ഞ അലമാരകളിലേക്കുനോക്കി. കുത്തഴിഞ്ഞതും ആദ്യാവസാനം താളുകളില്ലാത്തവയുമാണ് അധികപക്ഷം പുസ്തകങ്ങളും.

“പുസ്തകങ്ങളെല്ലാം പുരാതനമാണ്. ഗ്രാന്റ് ശരിക്കു കിട്ടുന്നില്ല. പിന്നെ ആർക്കും ഇതിന്റെ ആവശ്യമൊന്നുമില്ലെന്ന ധാരണയാണ്.”

മുഖത്തുനിന്ന് കണ്ണടയെടുത്ത് ചില്ലുകൾ തുടയ്ക്കുമ്പോൾ അയാൾ തുടർന്നു:

“നിങ്ങൾടെ ഗ്രൂപ്പോടെ നല്ല വായനക്കാർ കുറഞ്ഞു. ഇപ്പോൾ ത്രില്ലറുകളെയാണ് മനുഷ്യർക്കാവശ്യം.”

“മാഷ് നാട്ടിലേക്കു താമസം മാറ്റിയില്ലേ?”

“ഏയ്യ്... എന്റെ മണ്ണ് ഇതുതന്നെയാണ് പാർത്ഥൻ...”

ഇരുട്ടുവീണ് കണ്ണുകഴച്ചപ്പോൾ പാർത്ഥൻ പടിയിറങ്ങുകയായി. അപ്പോഴും അയാൾ ഭക്തവത്സലൻ മാഷെക്കുറിച്ചാണ് ഓർത്തിരുന്നത്.

ഭാര്യക്ക് ജാരനുണ്ടെന്നറിഞ്ഞപ്പോൾ, യാദൃച്ഛികമായി ഒരു രാത്രിയ്ക്ക് അവരുടെ സമ്മേളനം കണ്ണിൽപ്പെട്ടപ്പോൾ അക്ഷോഭ്യതയോടെ ഇറങ്ങിപ്പോന്ന, പിന്നീട് തപസ്വിയെപ്പോലെ ജീവിതം നയിച്ച ഭക്തവത്സലൻ മാഷ്!

ഇരുപത്തിയാറ്

പത്രത്തിൽ കോളം തികയ്ക്കാനെന്നോണമുള്ള വാർത്ത കണ്ടപ്പോൾ പാർത്ഥൻ അമ്പരക്കുകയാണുണ്ടായത്. രാമുവിന്റെ എടഞ്ഞുനില്പ് എന്തിനോ ഉള്ള നാന്ദിയാണെന്നറിയാമായിരുന്നു.

ഇസ്മായിൽ സേട്ടിന്റെ നേരെ നടന്ന ആക്രമണത്തെക്കുറിച്ച് വിശദമായൊരടിക്കുറിപ്പും ചേർത്തിരുന്നു.

ജില്ലാസമിതി കഴിഞ്ഞ് ഇസ്മായിൽ സേട്ട് യാത്രതിരിക്കുകയായിരുന്നുവത്രേ! കൂടെ പെൻഷൻ പറ്റിയ ഡി.എസ്.പി.യും. നഗരത്തിൽനിന്ന് അത്ര അകലത്തല്ലാത്ത വീട്ടിന്റെ മുൻവശത്ത് അയാൾ തന്നെ ഓടിച്ചിരുന്ന കാറ് നിർത്തുകയാണുണ്ടായത്. ഇരുമ്പുപടിതുറക്കാൻ ചെന്ന ഇസ്മായിൽ സേട്ടിന്റെ നേരെ മിന്നൽ വേഗത്തിൽ പതിയിരുന്ന അക്രമി കഠാരയുമായി ആക്രമിക്കുകയായിരുന്നു.

കാറിനകത്തുണ്ടായിരുന്ന റിട്ടേയ്ഡ് ഡി.എസ്.പി. അക്രമിയുടെ വരവുകണ്ട് സൂചനയോടെ അലറിയതു കൊണ്ടുമാത്രമായിരുന്നു എള്ളിട വ്യത്യാസത്തിൽ അഭിവന്ദ്യനേതാവ് മരണത്തിന്റെ പിടിയിൽനിന്നു രക്ഷനേടുകയുണ്ടായത്.

ഇരുട്ടിൽ ഓടിമറഞ്ഞ അക്രമിയെ പോലീസ് അന്വേഷിച്ചു വരുകയാണ്. ഈയ്യിടെ രാഷ്ട്രീയത്തിൽനിന്ന് പിന്മാറിയ രാമു എന്ന ഒരു എൻ.ജി.ഒ.വാണ് അക്രമിയെന്നാണ് ഇസ്മായിൽ സേട്ടിന്റെ അനുമാനവും ഡി.എസ്.പി.യുടെ വിവരണവും.

ജനനേതാക്കന്മാരുടെ നേർക്കു നടക്കുന്ന കിരാതവും ജനാധിപത്യമുറ തീണ്ടാത്തതുമായ കഠാരിയുദ്ധത്തെ സംസ്ഥാനതലത്തിൽ പാർട്ടി പ്രതിഷേധിക്കുകയും ഇസ്മായിൽ സേട്ടിന് ഒരു പോറൽ പോലുമേല്ക്കാതെ രക്ഷപ്പെടാനായതിൽ അദ്ദേഹത്തെ അഭിനന്ദിക്കുകയും ചെയ്തിരുന്നു. കൂടാതെ തക്കസമയത്ത് ജാഗരൂകനായ ഡി.എസ്.പി.യും സ്തുതിക്കപ്പെട്ടിരുന്നു.

താഴെ കോളത്തിൽ ഇസ്മായിൽ സേട്ടിന്റെ പ്രസ്താവനയായിരുന്നു.

ഇത് വ്യക്തിതലത്തിലുള്ള ആക്രമണമല്ലെന്ന് അദ്ദേഹം ഗണിച്ചെടുത്തിട്ടുണ്ട്. ജനസമ്മതരായ പാർട്ടിയുടെ നേതാക്കന്മാർക്കു നേരെ അഖിലേന്ത്യാതലത്തിൽ നടക്കുന്ന ഗൂഢവും ആസൂത്രിതവുമായ ഒരാക്രമണത്തിന്റെ ഭാഗമാണ്. ജനാധിപത്യ ധ്വംസനമാണ് ഇതിന്റെ പിന്നിലുള്ളത്.

രാഷ്ട്രീയത്തിന്റെ ഗന്ധം പോലുമില്ലാത്ത അനുയായികളെ സൃഷ്ടിച്ച് മഹാന്മാരായ നേതാക്കളെ കൊന്നൊടുക്കുന്ന ഒരു ഭീകര സംഘടനയാണ് ഇതിന്റെ പിന്നിലെന്ന് ഇസ്മായിൽ സേട്ടിന് വ്യക്തമായി അറിയാൻ കഴിഞ്ഞുവത്രേ!

പോഷക സംഘടനകളിൽ ഈ ഭീകരപ്രവർത്തകർ കടന്നുകൂടി ജനസേവകരായ നേതാക്കന്മാരുടെ നേർക്ക് ചളിവാരി എറിയുക എന്ന ഒരു പ്രവണത അടുത്ത കാലത്തായി പൊന്തിവന്നതിനേയും അയാൾ അപലപിച്ചിരുന്നു.

പാർട്ടി ഇത്തരം പ്രവത്തകരെ കണ്ടറിഞ്ഞ് പുറന്തള്ളേണ്ടതിന്റെ പരമപ്രാധ്യാനത്തെയും അയാൾ സൂചിപ്പിച്ചിരുന്നു.

സംസ്ഥാന നേതാവും മുഖ്യനും അനുശോചനം രേഖപ്പെടുത്തിയതിന്റെയും അക്രമിയെ നീതിന്യായത്തിന്റെ മുന്നിൽ ഹാജരാക്കി ശിക്ഷാനടപടികൾ സ്വീകരിക്കേണ്ടുന്നതിന്റെയും ആവശ്യകതയെക്കുറിച്ച് പത്രം മുഖപ്രസംഗവുമെഴുതിയിരിക്കുന്നു.

രാമു എങ്ങും തലനീട്ടാനാവാതെ ഒളിവിലാവും. ഒരു ശ്രമം

പാഴായതിന്റെ ഖേദം മനസ്സിലുണ്ടെങ്കിൽ തന്നേയും അയാൾ സംതൃപ്തനായിരിക്കും

രോഹിണി പത്രം വായിച്ച് കൂടുതലൊന്നും പറയാതെ മൂകയാവുകയായിരുന്നു. മുറിയിൽ നിന്നിറങ്ങിപ്പോയ അവൾ വീണ്ടും കയറിവന്നപ്പോൾ പറഞ്ഞു.

"അവിടെ ആയിരുന്നെങ്കിൽ പാർത്ഥേട്ടനും കൂട്ടുചേരുമായിരുന്നു..."

മുറികളിലെ മാറാല തട്ടിവെടിപ്പാക്കിക്കുകയാണ് അമ്മായി. ഒരു നിതാന്തവിഷാദത്തിന്റെ കല്ലിച്ച മുഖഭാവം അവരുടെ മുഖത്ത് നിന്ന് അകന്നപോലെയാണ് തോന്നുന്നത്.

ഗംഗാധരൻ വരുമെന്നു പറഞ്ഞപ്പോൾ അവർ സ്തബ്ധ ആയതിനാലാവണം മൂകയായത്. പുറന്തളത്തിലിരിക്കുകയായിരുന്ന രേണുകേടത്തി അപ്പോഴും യാതൊരു ഭാവപ്പകർച്ചയും പ്രദർശിപ്പിക്കാതെ ഒന്നു മുഖംപോലുമുയർത്താതെ വായനശാലയിലെ പുസ്തകത്തിന്റെ താളുകളിലൂടെ കണ്ണോടിക്കുകയായിരുന്നു.

തണലുതിങ്ങിയ തൊടിയ്ക്കുമപ്പുറത്തെ തീപൊരിയുന്ന വെയിലിന്റെ തിളയ്ക്കൽ അടങ്ങുകയാണ്. വിളഞ്ഞു മൂത്തു കൊയ്തൊഴിഞ്ഞ പാടങ്ങൾ പഴുത്ത നെൽച്ചെടികളുടെ കുറ്റിത്തലപ്പുമായി പരന്നുകിടക്കുന്നു. തൊടിയുടെ പടിഞ്ഞാറെ തലയ്ക്കലെ കുളത്തിൽ കറ്റമതിക്കുന്ന ഒച്ചകൾക്കാനുണ്ട്.

മുത്തശ്ശിയായിരുന്നു കാര്യസ്ഥനെപ്പോലെ തലയിൽ വിരിച്ചിട്ട മല്ലുമുണ്ടിന്റെ കോന്തലയുമായി കടുംവെയിലത്തും കാത്തു നില്ക്കാറുണ്ടായിരുന്നത്. മരണാസന്നയായപ്പോഴും തരംകിട്ടിയാൽ പണിക്കാര് നെല്ല് പുരയ്ക്കെത്തിക്കുമെന്ന അവരുടെ പ്രമാണത്തിന് മാറ്റമൊന്നുമുണ്ടായിരുന്നില്ല.

പത്രത്തിലെ വാർത്ത അകറ്റിയ ഉച്ച ഉറക്കവുമായി ഒരു ബലപരീക്ഷണത്തിലേർപ്പെട്ടുകിടപ്പായിരുന്നു പാർത്ഥൻ.

രാമു പോലീസിന്റെ കണ്ണിൽപ്പെടുന്നതിനു മുമ്പേ മറ്റൊരിടത്തേക്ക് പോവേണ്ടിയിരിക്കുന്നു.

ഇസ്മായിൽസേട്ട് എന്തുതന്നെയായിട്ടും മരണമില്ലാത്ത ജാംബവാനപ്പോലെ ഇവിടെ കൊടികുത്തിവാഴുകയാണ്.

അവസരോചിതം നിലപാടുമാറ്റിയ പവിത്രനാണ് മിടുക്കൻ.

വാക്കുകളിൽ തനിമയുമായി തത്വദീക്ഷപുലർത്തി ജീവിതാന്ത്യം തേടുന്നവർ ഇവിടെ ആദർശഭ്രാന്തന്മാരെന്ന ലേബലുമായി അധഃപതിക്കുകയേ ഉള്ളൂ. അവന്റെ ചെയ്തികൾക്കെല്ലാം മുഖമുടി

നല്കിക്കൊണ്ട് വിശകലനത്തിലൂടെ പുതിയ നേട്ടത്തിന്റതായ പന്ഥാവുകണ്ടെത്താൻ അനേകരുണ്ടുതാനും

ആദ്യാവസാനം എടഞ്ഞുനിന്ന പരശുരാമനായിരുന്നു അതികായനെന്നു തോന്നുന്നു. അയാൾ ഇപ്പോഴും ഭൂമുഖത്തെ സമരസന്നദ്ധമാക്കാനായി ഒളിവിൽതന്നെയാണ്.

കഴിഞ്ഞകാലം പൊടുന്നനെ വിവസ്ത്രയായി നിന്നപ്പോൾ പാർത്ഥനൊന്ന് ചൂളുകയുണ്ടായി. എന്നോ പ്രൊഫസർ ഓർമ്മിപ്പിച്ചത് ഈ നിമിഷത്തെ ആയിരുന്നു. അയാളുടെ അനുഭവപരിചയമുള്ള വാക്കുകളെ കീറുമ്പോൾ ഒരു ധീരനൂതനലോകത്തെ എനിക്ക് കൺമുമ്പിൽ കാണാൻ കഴിഞ്ഞിരുന്നു.

രേണുകേടത്തിയോടൊത്ത് സംസാരിച്ച് സമയം പോക്കിക്കൊണ്ടിരുന്ന രോഹിണി കോണിപ്പടികളുടെ തേമ്പലോടെ അകത്തേക്കുവന്നു.

ക്ഷീണത്തോടെ നടുചായ്ക്കാനായി കട്ടിലിൽകിടന്ന അവൾ അയാളുടെ നെറുകയിലൂടെ വിരലോടിച്ചു കൊണ്ടിരുന്നു.

പാർത്ഥന്റെ തുറന്ന കണ്ണുകളിലേക്ക് ദൃഷ്ടിനട്ട അവൾ പതുക്കെ പറഞ്ഞു:

''പാർത്ഥേട്ടൻ വിഷമിക്കണ്ട. കഴിഞ്ഞകാലത്തെ പാടെ മറന്നാൽ മതി.''

രമ്യഹർമ്മങ്ങളുടേയും ഡിന്നറുകളുടേയും വിവിധ തുറകളിലെ ഷെയറിന്റെയും വലിപ്പത്തിൽ ജീവിതത്തെ അളക്കുന്ന മിസ്സിസ്സ് പത്മനാഭൻ! കുലീനമാരുടെ മാനം രക്ഷിക്കാൻ കന്യകയ്ക്ക് ഭ്രൂണഹത്യ ചെയ്യുന്ന അനന്തേട്ടൻ! വലിയവരുടെ രക്ഷാകവചമായ പുരാതനനിയമത്തിന്റെ അലകും പിടിയും തേയ്മാനംവരാതെ ശിരോലിഖിതമെന്നതുപോലെ പരിരക്ഷിക്കുന്ന മുകുന്ദൻ.

അവിടെ ഞാനെന്ന പാർത്ഥനായിരുന്നു കൂട്ടംതെറ്റി കുഞ്ഞാടുകളുടെ പുനർജനിക്കായി മൊട്ടപ്പറമ്പിൽ മേയ്ഞ്ഞുകൊണ്ടിരുന്നത്.

അയാളുടെ അഹം ഉൽക്കടമായി തേങ്ങി.

ചിറ പൊട്ടിയതുപോലെ ശബ്ദകോലാഹലവുമായി രോഹിണിയുടെ മാറിൽ മുഖമമർത്തിയ പാർത്ഥൻ കരച്ചിലാരംഭിച്ചു. ആകപ്പാടെ അമ്പരന്ന രോഹിണി അതേ കിടപ്പു തുടരുകയായിരുന്നു.

വെയിലുതാണ് ചൂടാറിയപ്പോൾ ഗംഗാധരനും കൂട്ടരും വന്നു. തലമുഴുക്കെ കഷണ്ടികയറിയ ഹെഡ്മാസ്റ്റർ രാമൻനായർ. മാംസഭാരംകൊണ്ട് വീർപ്പുമുട്ടുന്ന അയാളുടെ സഹധർമ്മിണി.

പൂമുഖത്തെ കസേരയിൽ അവരിരുന്നപ്പോൾ ഗംഗാധരൻ പാർത്ഥനെ തട്ടിവിളിച്ച് പുറമേക്കിറങ്ങി.

"രേണുകയെ എനിക്കൊറ്റയ്ക്കൊന്ന് കാണണം. അത്രതന്നെ. ജാതകവും വേണം. മറ്റുചടങ്ങുകളൊന്നും വേണ്ട."

"ജാതകം...?"

"എനിക്ക് തികഞ്ഞ വിശ്വാസമൊന്നുമില്ല. എങ്കിലും ഒരു മുഹൂർത്തം കുറിക്കാനെങ്കിലും അതുവേണമല്ലോ."

അനന്തേട്ടന്റേയും രേണുകേടത്തിയുടേയും ജാതകപ്പൊരുത്തം വിശിഷ്ടമായിരുന്നു. അതുപോലെതന്നെ ആവും ഗംഗാധരന്റേയും ഇന്ദിരയുടേയും.

വാതില്പടിയിൽ നില്പുറപ്പിച്ച അമ്മായി ഹെഡ്മാസ്റ്ററുടെ ഭാര്യയുമായി ചൂടുപിടിച്ച വർത്തമാനത്തിലാണ്. പാർത്ഥൻ അകത്തേക്കു നടന്നപ്പോൾ അവരും പുറകെ എത്തി.

"ഗംഗാധരന് രേണുകേടത്തിയോട് തനിച്ചു സംസാരിക്കണമെന്ന്..."

"ആവ്വാലോ...."

അവർ അടുക്കളയിലേക്കു നടന്നപ്പോൾ പാർത്ഥൻ കോണിപ്പടികൾ കയറി.

അനന്തേട്ടനോടൊത്ത് ഞാനും ഒരതിഥിയായിരുന്നു. ഉടുത്തൊരുങ്ങിനിന്ന രേണുകേടത്തി ചടങ്ങുതീർക്കാനായി ട്രേയിൽ കോപ്പകളുമായി കടന്നു വരുകയായിരുന്നുവല്ലോ.

മിസ്സിസ്സ് പത്മനാഭന്റെ ഹാർദ്ദമായ സ്വരം.

"രേണുക ജനിച്ചതും വീട്ടിലേക്കാണെന്ന് ഞാൻ നിശ്ചയിച്ചതായിരുന്നു."

അനന്തേട്ടൻ രേണുകേടത്തിയെ ഒരു പുതിയഭാവത്തോടെ തറച്ചുനോക്കുന്നത് കണ്ടപ്പോൾ അമ്മ പറഞ്ഞു.

"ആസ് യു ലൈക്ക് ഹേർ...? സേ ഫ്രാങ്ക്‌ലി... നീ എന്തും ഒളിപ്പിക്കാതെ പറഞ്ഞോ. അമ്മാവനും അതാവും ഇഷ്ടം..."

അനന്തേട്ടന് രേണുകേടത്തിയെക്കണ്ട് തൃപ്തിയായിരുന്നു. രേണുകേടത്തിയെ ഓർത്ത് എനിക്കായിരുന്നു വെറുപ്പും ദേഷ്യവും.

അമ്മായി നിർബ്ബന്ധിച്ചതുകൊണ്ടാവും രേണുകേടത്തി അലക്കിത്തേച്ച സാരി ഉടുത്തിരുന്നത്.

പാർത്ഥനെ കണ്ടപ്പോൾ ജനാലയിലൂടെ പുറമേക്കുനോക്കി നിന്ന അവൾ തിരിഞ്ഞുനിന്നു-വിറങ്ങലിച്ച, ഭാവശൂന്യമായ പുഴവക്കത്തെ അലക്കിവെളുത്ത കല്ലിനെപ്പോലെ.

"അവർ വന്നു..."

“.................”

“ഗംഗാധരൻ ഒന്നു നേരിൽ കാണണമെന്ന് പറഞ്ഞു. ഞാൻ കൂടെ കൊണ്ടുവരാം...”

രേണുകേടത്തി മുഖമുയർത്തി അപ്പോഴേ നോക്കുകയുണ്ടായുള്ളൂ...

“പാർത്ഥേട്ടനെ ബോധിപ്പിക്കണച്ചാ ങ്ട് വരാമ്പറഞ്ഞോളൂ...”

“അപ്പോൾ എനിക്കുവേണ്ടിയാണല്ലേ ഇതെല്ലാം...?”

അതിനവർ ഉത്തരം നല്കുകയുണ്ടായില്ല.

വാതിൽക്കൽ പാർത്ഥന്റെ വരവിനായി കാത്തുനില്പായിരുന്നു അമ്മായി. ചായ കുടിച്ച് ഗംഗാധരനോടൊത്ത് മരപ്പടികൾ കയറുമ്പോൾ ഒരു പുതുമയും പ്രതീക്ഷിക്കാനില്ലാതിരുന്നിട്ടും അയാളുടെ നെഞ്ച് പിടച്ചു.

ഗംഗാധരൻ അകത്തേയ്ക്ക് വിളിച്ചപ്പോൾ പാർത്ഥനും കൂടെ ചെല്ലുകയായി.

കോണിച്ചുവട്ടിൽ ചെവികൂർപ്പിച്ചു നിൽപ്പാണ് അമ്മായിയും രോഹിണിയും. അടുക്കളപണിക്കാരത്തി തട്ടിത്തെറിപ്പിച്ച ഓട്ടുകിണ്ണത്തിന്റെ ചിലമ്പൽ മുറികളിൽ അലയ്ക്കുന്നുണ്ട്.

“പാർത്ഥൻ എന്റെ ചുറ്റുപാടുകളെക്കുറിച്ചു പറഞ്ഞിരിക്കുമല്ലോ...?”

രേണുകേടത്തി വരണ്ട തൊണ്ട നനയ്ക്കാനായി ഉമിനീരിറക്കിയപ്പോൾ കഴുത്തിലെ ഞരമ്പുകൾ എഴുന്നുപിടച്ചു.

“ഒന്നരവയസ്സായ ഒരു മോളുണ്ട്. പിന്നെ അനുജത്തിയും...”

“നിക്കറിയാതക്കെ...”

രേണുകേടത്തി നാവനക്കിയപ്പോൾ പാർത്ഥൻ ആശ്വാസത്തോടെ നെടുതായി നിശ്വസിച്ചു.

“രേണുകയുടെ കഴിഞ്ഞകാല ജീവിതം ഞാനറിയാൻ കഴിഞ്ഞിടത്തോളം ദുഃഖമേ നൽകീട്ടുള്ളൂ. എന്റെ അനുഭവവും അതുതന്നെയാണ്. രേണുകയ്ക്ക് ഭർത്താവുമായി പൊരുത്തപ്പെടാനായില്ല. എന്നാൽ എന്റെ അവസ്ഥ അതല്ല. എന്റെ ഭാര്യയെ ഞാൻ അതിയായി സ്നേഹിച്ചിരുന്നു. അവളിൽ ഒരു കുഞ്ഞുമുണ്ടായി.”

വികാരം തിങ്ങിയതിനാലാവണം ഗംഗാധരന്റെ മുഖം രക്തം ഇരച്ചുകയറി തുടുത്തത്. രേണുകേടത്തി വാക്കുകളെ കേൾക്കാനുള്ള തന്റേടമെങ്കിലും നേടിയിരിക്കുന്നുവല്ലോ–

അനന്തേട്ടന്റെ മുമ്പേ നിന്ന് വിയർത്തുകുളിച്ച് കട്ടിലിനെ തേടിയ അവർ പ്രേതബാധ വിട്ടൊഴിയുമ്പോഴുള്ള തളർച്ചയുമായി ഒരേ കിടപ്പുതന്നെയായിരുന്നു.

ആരു ചെന്നുവിളിച്ചാലും നൽകിയിരുന്നത് കനത്തൊരു മൗനമായിരുന്നു.

"പക്ഷേ നമ്മൾ രണ്ടുപേരെയും വിധി ക്രൂരമായവിധം കുരങ്ങു കളിപ്പിക്കുകയുണ്ടായി. രേണുകയ്ക്ക് ഈ വിവാഹത്തിന് ഇഷ്ടം തന്നെയല്ലേ...?"

രേണുകേടത്തി പതറുന്ന കണ്ണുകളുമായി മുഖമുയർത്തിയപ്പോൾ പാർത്ഥൻ അവരുടെ മുഖത്തേക്കുറ്റുനോക്കി.

മിസ്സിസ് പത്മനാഭന്റെ കാഠിന്യമുള്ള സ്ത്രൈണഭാവം തീണ്ടാത്ത സ്വരം.

കമഴ്ന്നടിച്ച് കട്ടിലിൽ കിടപ്പായിരുന്ന രേണുകേടത്തി അവരുടെ വരവുകണ്ട് എണിക്കുകയാണുണ്ടായത്.

"കെടന്നോളൂ മോളെ... അനന്തനെക്കുറിച്ച് നിന്റെ അഭിപ്രായമെന്താണ്? അവൻ നല്ലവനാണ്. നിനക്കവനെ ഇഷ്ടം തന്നെയല്ലേ...?"

രേണുകേടത്തി ഇഷ്ടക്കേടുപോലും പ്രദർശിപ്പിക്കാതെ ഒരു കീഴടങ്ങൽ നടത്തുകയാണുണ്ടായത്.

"ഞാൻ സമ്മതം തന്നെയാണെന്നു കരുതട്ടെ...?"

"ഉംം..."

ഗംഗാധരൻ നേർത്ത ചിരിയോടെ പുറമേക്കു കടക്കുകയായി.

രാമൻനായർ അമ്മായിയോട് പരിഷ്കാരം മൂത്ത് അവതാളത്തിലായ പഴയ ആചാരക്രമങ്ങളെക്കുറിച്ച് സംസാരിക്കുകയായിരുന്നു. പുടമുറിയും കളമെഴുത്തും മാറി രജിസ്റ്റർ ചെയ്യലും സിനിമാഗാനങ്ങളുമായി നാട് പുരോഗമിച്ചിരിക്കുന്നു.

വെയിൽ താണുവരികയാണ്. പണിക്കാരൊഴിഞ്ഞ വയലുകൾ സന്ധ്യയുടെ ചുവന്ന തെളിച്ചവുമായി പരന്നുകിടപ്പാണ്.

"കുട്ടിയുടെ ജാതകം വേണം..."

പട്ടുവില്ലിസ്സിൽപൊതിഞ്ഞ രേണുകേടത്തിയുടെ ജാതകം രാമൻനായർക്ക് നല്കുമ്പോൾ ഒരുനിമിഷം കണ്ണടച്ച് അമ്മായി ഉള്ളുരുകി പ്രാർത്ഥിക്കയായിരുന്നു.

ഗംഗാധരനോടൊത്ത് പടിയ്ക്കൽവരെ പാർത്ഥൻ ചെന്നു. സന്ധ്യവിരിക്കുന്ന ഇരുട്ടിന്റെ കമ്പളത്തിൽ ഇടവഴിയുടെ തുഞ്ചത്ത് അവരപ്രത്യക്ഷരായപ്പോൾ അയാൾ തിരിച്ചുനടക്കുക യാണുണ്ടായത്.

യുഗദർശിയായ ഏതോ മഹർഷിവര്യൻ തെക്കേദേശത്തെത്തി പലായനം തുടരുമ്പോഴായിരുന്നു, ജീവിതത്തിന്റെ അന്തിമ

ലക്ഷ്യത്തെക്കുറിച്ചുള്ള ബോധാവബോധങ്ങളുടെ നിഷ്കൃഷ്ടമായ ഒരേകീകരണത്തിനായുള്ള ശ്രമവേളയിലായിരുന്നു പാഴൂർ അംശത്തെ തലമുറകളുടെ കണ്ണികളിലൊരാളായ തേജസ്വിയായ യുവാവിനെ കണ്ടുമുട്ടിയത്.

ജ്ഞാനതൃഷ്ണയുമായി നടന്ന യുവാവിനെ ഹിമവൽസാനുവിന്റെ അന്തരാളത്തിലേക്ക് മഹർഷി പിന്നീട് നയിക്കുകയാണുണ്ടയത്. ഒരു വ്യാഴവട്ടകാലത്തിനുശേഷം നാടുകണ്ട യുവാവ് സന്യാസി നൽകിയ ത്രികാലജ്ഞാനമുൾക്കൊണ്ട ബ്രഹ്മജ്ഞാനത്തേയും ഗണിച്ചുപറയാവുന്ന ജൗതിഷിയായി.

രാജസ്വരൂപം ആ യുവാവിനെ, അഭിജ്ഞനായ മദ്ധ്യവസ്കനെ ബഹുമാനപുരസരം പീഠം നല്കിക്കൊണ്ട് രാജവംശത്തിന്റെ ജൗതിഷഗുരുവായി വാഴിക്കുകയായിരുന്നു.

കാലം ചെന്നപ്പോൾ മഹത്തായ ബ്രഹ്മശക്തിയുടെ പാരമ്പര്യം മണ്ണിടിഞ്ഞ്, പതിരായി പൊലിഞ്ഞുതാണു. എന്നീട്ടും പുരാതന തപസ്വിയുടെ പേരിൽ കുടുംബം പ്രസിദ്ധമായി. ധനം ആർജ്ജിതമായി.

പാഴൂർ പണിക്കരുടെ അനുമാനം ഒരിക്കലും പിഴച്ചിരുന്നില്ലെങ്കിലും രേണുകേടത്തിയുടെ വൈവാഹികബന്ധം അലസിപ്പിരിയുകയായിരുന്നുവല്ലോ–

വരാന്തയിൽ കാലുനീട്ടിവെച്ച് സ്വസ്ഥയായി ഇരുപ്പുറപ്പിച്ച അമ്മായി പഴയ കഥകൾ ഒന്നൊന്നായി പറഞ്ഞുതുടങ്ങി.

ഇനി അടുത്തൊരു വിവാഹമൊരുക്കേണ്ടുന്നതിന്റെ ചടങ്ങുകളാണ്. കൊട്ടിഘോഷിച്ച ഒരുത്സവപ്രതീതിയോടെ നടത്തപ്പെട്ട അനന്തേട്ടനുമായുള്ള രേണുകേടത്തിയുടെ വിവാഹം ഒരു ദുഃഖസ്മരണ മാത്രമായിരുന്നു.

പുറപ്പാടുകഴിഞ്ഞ് അനന്തേട്ടന്റെ അരികുചേർന്ന് രേണുകേടത്തി നടക്കുമ്പോൾ ഇടവഴിയുടെ ഇരുവശത്തും, വെളിമ്പറമ്പിലും കാഴ്ചക്കാരനായിരുന്നു നാട്ടുകാർ.

മേൽത്തട്ടിൽ രോഹിണിയോടൊത്ത് രേണുകേടത്തിയാണ്. ഊണുകഴിച്ച് ഉറക്കംവീഴുന്ന മിഴികളെ വറുതിക്കിടുക്കയാണ് അമ്മായി.

“നാളന്യെ പാർത്ഥന് പോണന്ന്ണ്ടോ...?”

അയാൾ നാവനക്കുന്നതിനുമുമ്പേ അവർ പറഞ്ഞുതുടങ്ങി.

“ഞ്യാപടിച്ച പണിപയറ്റീട്ടും അവള് വഴങ്ങാതിരിക്ക്യാർന്നു. പാർത്ഥൻണ്ടായതോണ്ടാണ് ദൊക്കെ ആയിദ്. ദ് നടത്തണച്ചാലും പാർത്ഥൻ ന്യെണ്ടാവണം. ന്ന്പൊരുത്തംനോക്ക്യാ നാളെ അറിയ്യാ...”

"ഉവ്വ്... ഞാനതറിഞ്ഞേ പോവൂ..."

"നീംങ്കിലും ന്റെ കുട്ടിക്ക് സുഖംണ്ടായാ മത്യാർന്നു..."

ഉള്ള് തേങ്ങിക്കരഞ്ഞമർന്ന മുത്തശ്ശിയും അതായിരുന്നു കൊതിച്ചത്. അമ്മായി വീണ്ടും പുരാവൃത്തം ആലപിക്കുന്നുണ്ടായിരുന്നു. മുപ്പെട്ടും രാവിനുള്ള രേണുകേടത്തിയുടെ ജനനം. ബാലാരിഷ്ടം ബാധിച്ച ഞാഞ്ഞൂലു പോലുള്ള പെണ്ണ് മരണത്തിന്റെ വിരലുകളിൽ നിന്ന് ഒരുവിധം രക്ഷപ്പെടുകയായിരുന്നുവത്രേ!

ഒറ്റ സന്തതിയായതിനാൽ അമ്പലത്തിൽ നടത്തപ്പെട്ട കെങ്കേമമായ ശീവേലിയും ബ്രാഹ്മണസദ്യയും.

ഇരുട്ടത്ത് തുഴഞ്ഞ് പതിനാലുകാരൻ എറയത്തെത്തിയപ്പോൾ അമ്മായി എണീക്കുകയായി. അടിച്ചുതളിക്കാരി അകന്നപ്പോൾ കതകുകൾക്ക് ഓടാമ്പലുകൾ വീഴുന്നതു കേട്ടു

കുട്ടിക്കാലം മുതൽക്കേ കണ്ടുപരിചയമായ മാതേയിതള്ള അടുക്കളചായ്പിൽ കിടന്നുതന്നെയാണ് മരിച്ചത്. മോറാത്ത ചെമ്പുകലത്തെപ്പോലെ തുറിച്ച അവരുടെ കണ്ണുകൾ ചത്തിട്ടും തുറന്നുതന്നെയായിരുന്നു.

മുത്തച്ഛന്റെ കാലത്ത് ഒരിത്തിരി ചോറിനിരന്നെത്തിയതായിരുന്നു അവർ. പിന്നീട് അടുക്കള ചായ്പ് അവരുടെ ലോകമായി.

കട്ടപിടിച്ച ഇരുട്ടത്ത് വയലുകളുടെ അതിരുകളെ കാണാനാവുന്നില്ല. കാൽച്ചുവട്ടിൽ മാത്രം പ്രകാശം പരത്തുന്ന മിന്നാമിനുങ്ങുകൾ കാറ്റത്തൊഴുകി നടക്കുന്നുണ്ട്. തണുപ്പിന്റെ ആധിക്യം കുറഞ്ഞ കാറ്റ് ശാന്തമായാണ് നീങ്ങുന്നത്.

പൊടുന്നനെ നഗരത്തെക്കുറിച്ചും രാമുവെക്കുറിച്ചും പരശുരാമനെക്കുറിച്ചും അയാൾ ഓർത്തു.

കൊലവിളിനടത്തിക്കൊണ്ട് വിഷപ്പനിയെപ്പൊലെ പടരുന്ന പരശുരാമന്റെ ആത്മശക്തിക്കുമുമ്പിൽ സർവ്വതും ചാമ്പലാവുക തന്നെയാണ്.

അമ്മായിയുടെ കാൽപെരുമാറ്റം വീണ്ടും കേട്ടപ്പോൾ പാർത്ഥൻ അകത്തേക്കുനടന്നു

കുറെനെടന്ന് സഹയാത്രക്കാരിൽ നിന്നൊറ്റപ്പെട്ട് കൊടുങ്കാട്ടിൽ അലഞ്ഞുതിരിയുന്ന പ്രതീതിയായിരുന്നു രേണുകേടത്തിയ്ക്ക്.

കഴിഞ്ഞ കാലത്തിന്റെ മാറാപ്പു ചുമക്കുന്നവൻ ഇവിടെ വിഡ്ഢിയാണ്! മുന്നിൽ കാണുന്ന ഊടുവഴിയിലൂടെ ലക്ഷ്യത്തെ പ്രാപിക്കുകയാണാവശ്യം!

രാത്രികളിലെ കൃത്യനിഷ്ഠയുള്ള ഉറക്കം ഒരു മരീചിക

യായിരുന്ന കാലം. ഊണുകഴിഞ്ഞ് കട്ടിലിൽ ചായ്ഞ്ഞു കിടക്കുമ്പോൾ അമല അകത്തേക്കു കടന്നുവന്നു. കുറെ നാളായി തരത്തിന് സൗകര്യപ്പെടാത്തതിനാലാവണം അവൾ വാതോരാതെ സംസാരിക്കുന്നുണ്ടായിരുന്നു.

"മനുഷ്യത്വവും ക്ഷമയും ഒരു പരിധിതെറ്റുമ്പോൾ ഭീരുത്വമാണ്. ഭീരുവായ മനുഷ്യന്റെ രക്ഷാസാങ്കേതങ്ങളാണ് അവ..."

അമലയുടെ വാക്കുകൾ എന്നാണ് പതിരുകളായത്.

പാർത്ഥൻ മേൽത്തട്ടിലെത്തിയപ്പോൾ രേണുകേടത്തി മാത്രമേ മുറിയിലുണ്ടായിരുന്നുള്ളൂ. രോഹിണി ഓവറയെ തേടി പോയിരിക്കുന്നു.

കട്ടിലിൽ പടിഞ്ഞിരിക്കുമ്പോൾ അയാൾ ചോദിച്ചു:

"രേണുകേടത്തിയ്ക്കു ഗംഗാധരനെ ഇഷ്ടപ്പെട്ടോ...?"

കുട്ടിത്തം മായ്ഞ്ഞ മുഖത്ത് ഇപ്പോൾ ദുഃഖമാണ് കാണുന്നത്. തന്റെ മുന്നിൽ നടക്കുന്ന, തനിക്കായുള്ള അണിയറ ഒരുക്കങ്ങളെ അവർ കാണുന്നേ ഇല്ലെന്നു തോന്നുന്നു.

അനന്തേട്ടന്റെ ശീലങ്ങളെ ഒന്നൊന്നായി ചോദിക്കുകയായിരുന്നു രേണുകേടത്തി. എല്ലാമറിഞ്ഞിട്ടും അവർ മൗനം തേടിയപ്പോൾ ഈ നിമിഷത്തിന് കളമൊരുക്കപ്പെടുകയാണുണ്ടായത്.

താഴെനിന്ന് അമ്മായിയുടെ പതിഞ്ഞശബ്ദം കേൾക്കാനുണ്ട്. രോഹിണിയുടെ വാക്കുകൾക്ക് തുടക്കമിടാനായി അമർത്തി മൂളുകയാണ്.

ജാതകപ്പൊരുത്തമറിഞ്ഞാൽ കാലാവധി അധികമില്ലാത്ത ഒരുദിവസത്തെക്കുറിച്ചാണറിയേണ്ടത്. എളിമയോടെ ഒരു വിവാഹംകൂടി നടത്തി രേണുകേടത്തിയെ വീണ്ടും ജീവിപ്പിക്കേണ്ടിയിരിക്കുന്നു.

"നിക്ക് പേടി തോന്ന്വാ..."

"എന്തിന്.....?"

കാഞ്ഞുകരിഞ്ഞ ഒരു വിവാഹം! കൂസലന്യേ നടക്കുന്ന, മനസ്സിന്റെ തേങ്ങലുകളെ അറിയാത്ത അനന്തേട്ടൻ.

വിവരമറിഞ്ഞാൽ വാശികേറി മിസ്സിസ് പത്മനാഭനും മകനും രണ്ടാംകെട്ടിന് കളമൊരുക്കുകയാവും. അനന്തേട്ടൻ ഒരു പാവയെപ്പോലെ കടമ നിർവ്വഹിക്കുകയും.

"നിക്ക് പേട്യന്യാ... ഒന്നേങ്ങ്ന്യായി നീം ന്താങ്ങാച്ചോ....?"

"എല്ലാം ശരിപ്പെടും രേണുകേടത്തി...."

രോഹിണി മേൽത്തട്ടിലേക്കു വന്നപ്പോൾ. ഉറക്കത്തിനുള്ള കളമൊരുക്കാനായി രേണുകേടത്തി താഴേക്കിറങ്ങി ചെല്ലുകയായി.

മസ്തിഷ്ക്കത്തെ പിടിച്ചുകുലുക്കിയ പത്രവാർത്ത ഇപ്പോഴും മുന്നിൽ നിലകൊള്ളുന്നുണ്ട്. രാമുവാണ് അക്രമി.... ഇസ്മായിൽ സേട്ട് നാട്ടുപ്രമാണിയും.

കുറിയ ജാലകത്തിലൂടെ പാർത്ഥൻ പുറംലോകത്തെ കണ്ടുകിടക്കുമ്പോൾ പാവാട ചരടയച്ചുകെട്ടി രോഹിണി കട്ടിലിലേക്കു കയറി.

അയാളുടെ മാറിൽ തലചായ്ച്ചുകിടന്ന അവൾ പതിയെ ചോദിച്ചു:

"തിരക്കിൽ എന്നെ മറന്നോ...?"

"എന്തു തോന്നുന്നു...?"

വാത്സല്യത്തോടെ അയാളുടെ നെറുകയിൽ മുകർന്ന അവൾ പറഞ്ഞു:

"പാർത്ഥേട്ടനു എന്നെ എന്നും മറക്കാനാവില്ല."

ആദ്യകാലങ്ങളിൽ രോഹിണിയെ ഒരു തീരാശാപംപോലെയായിരുന്നു കരുതിയിരുന്നത്. തത്വദീക്ഷയുള്ള ഒരു പുരുഷനെ ചങ്ങലക്കിടുന്ന നത്ത്!

ഇപ്പോൾ ഞാൻ ഇവിടെ എല്ലാമാണ് ആണ്ടുകിടക്കുന്നത്.

പുറത്ത് രാത്രി കനത്തു വരുമ്പോഴും രോഹിണിയ്ക്ക് ഒരുപാടു സംസാരിക്കാനുണ്ടായിരുന്നു. നമ്മുടെ കുഞ്ഞ്; കുസൃതിക്കുരുന്നായ അവൻ കളിച്ചുവളർന്ന് പുരുഷനാവുക, അച്ഛനെപ്പോലെ ധീരനും കരുത്തുള്ളവനുമാവുക.

ഗർഭവാട കെട്ടിയ രോഹിണിയുടെ കണ്ണുകൾ താനേ അടഞ്ഞപ്പോൾ പാർത്ഥൻ കട്ടിലിൽ നിന്ന് താഴെ ഇറങ്ങുകയായിരുന്നു.

പത്രവാർത്തയെ വീണ്ടും വായിച്ച പാർത്ഥൻ കസേരയിൽ ചായ്ഞ്ഞിരുന്ന് നെടുതായി നിശ്വസിച്ചു.

താഴെ മുറികൾ ഇരുട്ടിലും പരിസരം നിശ്ശബ്ദതയിലും ലയിച്ചുകിടപ്പാണ്. മേൽത്തട്ടിലെ ജനാലയിലൂടെ ഒഴുകുന്ന വെളിച്ചം മുറ്റത്തെത്തുന്നുമുണ്ട്.

രാമു എന്നോടൊത്ത് നാടുകാണാൻ വന്നതായിരുന്നു. തിരികെ വണ്ടിയിലിരിക്കുമ്പോൾ അയാൾ മതിപ്പോടെ പുഞ്ചിരിച്ചുപോന്നു. യൂണിയൻ ഓഫീസിലെ കുടുസ്സായ അന്തരീക്ഷത്തിൽ ചടഞ്ഞിരിക്കുമ്പോൾ ത്യാഗിയും ആദർശധീരനുമായ എന്റെ വർണ്ണചിത്രം വരയ്ക്കുകയായിരുന്നു അയാൾ.

ആ ഞാൻ...

സഹപ്രവർത്തകർ ഒറ്റുകാരനേയോ, പരാന്നഭോജിയേയോ കണ്ടതുപോലെ എന്നെ വെറുപ്പോടെ നോക്കുന്നു. ആട്ടി അകറ്റുന്നു.

ഇസ്മായിൽ സേട്ട് രാജോചിതം കാറിൽ വിലസുകതന്നെയാണ്. അയാളുടെ പിന്നിൽ അന്ധന്മാരുടെ അണി. അവരുടെ ആരവം.

ഉറക്കംവെടിഞ്ഞ മനസ്സുമായി പാർത്ഥൻ മുറിയിൽ നടത്തം തുടരുക തന്നെയായിരുന്നു.

ഉറക്കത്തിന്റെ പാതിക്കുവെച്ച് കണ്ണുമിഴിച്ച രോഹിണി തലയെത്തിച്ചുനോക്കിയപ്പോൾ അവളുടെ ഒരു ചോദ്യത്തെ അഭിമുഖീകരിക്കാനാവാഞ്ഞ് അയാൾ ചെന്നുകിടക്കുകയാണുണ്ടായത്. അപ്പോഴും അയാളുടെ കണ്ണുകളിൽ പകൽ തന്നെയായിരുന്നു.

ഇരുപത്തിയേഴ്

തോടും ചിറയും കടന്ന്, കുന്നിൻ പള്ളയും കൂത്തുമൈതാനവും കടന്ന് നടക്കുമ്പോൾ ഭക്തവത്സലൻ മാഷ് കിതച്ചു. അയാൾ നിർത്താതെ പറഞ്ഞുവന്ന വാക്കുകൾക്ക് അപ്പോൾ മാത്രമേ വിരാമം വീഴുകയുണ്ടായുള്ളൂ.

അന്യാധീനപ്പെട്ടുപോയ, തികച്ചും പാഴിലായ വർഷങ്ങളുടെ നീണ്ട നിര പാർത്ഥനും ദുഃഖമായിരുന്നു നൽകിയത്. ഉറ്റോരും ഉടയോരുമില്ലാത്ത ഏകനായിരിക്കുന്നു ഇപ്പോൾ മാഷ്.

മണിച്ചൂരലിന്റെ തുമ്പത്ത് പിഞ്ചുഹൃദയങ്ങളെ വിറപ്പിച്ചിരുന്ന മാഷിപ്പോൾ സ്വയം നടുങ്ങുകയാണ്. അന്യംവന്ന ഭാവി അയാളുടെ മുമ്പിൽ കൊമ്പുകുത്തി വാഴുന്നുണ്ട്.

ട്രെയിനിങ്ങ് കാലത്തെ അനുഭവങ്ങളെ വിവരിക്കുകയായിരുന്നു മാഷ്.

മാധവി എന്ന തിയ്യത്തിപ്പെണ്ണിന്റെ അകമഴിഞ്ഞ സ്നേഹം പുരോഗമനേച്ഛുവായിരുന്നിട്ടും അയാൾ നിരസിക്കുകയാണുണ്ടായത്. ജാതി കൊടികുത്തിവാണകാലം. എറച്ചിനുറുക്കി കുളത്തിൽ കെട്ടിത്താഴ്ത്തിയാലും ചോദ്യം ചെയ്യാനാവാത്ത അധികാരസീമ. ഭീരുത്വത്തിന് മുഖമൂടിയിട്ട് ഭക്തവത്സലൻ മാഷും ഓടി ഒളിക്കുകയായിരുന്നു.

മൂന്നുവർഷം മുമ്പത്തെ എന്റെ വരവിനായിരുന്നു. ജീവിതത്തിൽ നിന്ന് പുറന്തിരിഞ്ഞുനിന്ന മാഷ്, ഭാര്യനല്കിയ കനത്തൊരടി മൂലം, ആൾക്കൂട്ടത്തിൽ നിന്നോടിയൊളിക്കുകയായിരുന്നുവല്ലോ...

വായനശാലയിലെ തേക്കിൻകുഴയിട്ട ബെഞ്ചിലിരുപ്പായിരുന്നു പാർത്ഥൻ. പുസ്തകങ്ങൾ ചിട്ടയോടെ അടുക്കിവെക്കുകയാണ് ഭക്തവത്സലൻ മാഷ്. മഞ്ഞനിറം പകർന്ന, നീളവാലൻ പുഴുക്ക

ളോടുന്ന പുസ്തകം തട്ടിക്കുടയുമ്പോൾ പൊടിപടലങ്ങളാണ് മുറിയിൽ നിറയുന്നത്.

പരശുരാമൻ വായനശാലയെ ഒരു സിംഹാവലോകനം നടത്തി പതുക്കെ ചിരിക്കുകയാണുണ്ടായത്. ആദ്യമായും അവസാനമായും അയാൾ കണ്ട എന്റെ നാട്.

മനസ്സിൽ നെരിപ്പോടുകളെ പേറുന്ന കുറെ മനുഷ്യരെ ഇവിടെ സൃഷ്ടിക്കാൻ, ഈ ഗ്രാമ്യാന്തരീക്ഷത്തിൽ നിന്നുത്തേജിതരാകാൻ നമുക്കു കഴിയണം.

പരശുരാമനെ മുൻനിർത്തി ചോദ്യങ്ങളുതിർത്ത അമല എന്നെ അബലനാക്കുകയായിരുന്നുവല്ലോ.

പത്രത്തിൽ വീണ്ടും രാമുവെക്കുറിച്ചു തന്നെയാണ് വാർത്ത.

പ്രതി ഇപ്പോഴും ഒളിവിൽത്തന്നെയാണ്. അന്വേഷണം ദ്രുത ഗതിയിൽ പുരോഗമിക്കുന്നുണ്ട്.

കൂടാതെ സർവ്വകക്ഷികൾ ചേർന്നു നടത്തിയ ഒരു പ്രതിഷേധ യോഗത്തിന്റെ റിപ്പോർട്ടും.

ഇസ്മായിൽ സേട്ട് സംപൂജ്യനാവുന്നത് ഈ നിമിഷങ്ങളിലൂടെ യാണെന്നു തോന്നുന്നു. ഒരു തുറന്ന യുദ്ധത്തിനായി അയാളുടെ നേർക്ക് നടക്കുമ്പോൾ തളർന്നുവീഴുന്നത് മറ്റാരുമല്ല.

തഴുതിടാത്ത വാതിൽ തുറന്ന് അകത്തേക്ക് കടന്നുവന്ന ഗംഗാ ധരൻ പാർത്ഥന്റെ അരികത്തിരുന്നു.

"ഞങ്ങൾ രാത്രിതന്നെ ജാതകം നോക്കി."

"ഉം..."

"നല്ല പൊരുത്തമുണ്ട്."

പൊരുത്തം വന്ന, അഭേദ്യമെന്നു കരുതിയ പലതുമാണിവിടെ തകർന്നു ചിതറിയിരിക്കുന്നത്.

ഇന്ദിരയുടെ സാമീപ്യം ഒരു നിത്യസ്മരണയായി മൗനത്തോടെ ചുറ്റിലും പടർന്നുകിടക്കുന്നത് ഗംഗാധരന് കാണാനാവും. രേണു കേടത്തിയ്ക്ക് കയ്പുള്ള അനന്തേട്ടന്റെ ഓർമ്മയാണ്.

ഒരു ദ്വീപ് കണ്ടെത്തുന്നതിനായുള്ള തുഴച്ചിലിൽ അമല എല്ലാ റ്റിൽനിന്നും പിന്മാറുകയാണ്. അവൾ പണിപ്പെട്ടു ചിരിക്കുമ്പോഴും ദൈന്യതയുള്ള ആ മുഖത്തിനപ്പുറത്തെ തേങ്ങുന്ന മനസ്സിനെ എനിക്ക് കാണാൻ കഴിഞ്ഞിരുന്നു.

"അടുത്ത മാസം അഞ്ചിനൊരു മുഹൂർത്തമുണ്ട്. അതു തെറ്റി യാൽ പതിനാറിന്. പിന്നെ രണ്ടുമാസം കഴിഞ്ഞാലേ ഉള്ളൂ."

ഒരു രാത്രി മുഴുക്കെ ഉറക്കമിളച്ചതിന്റെ ക്ഷീണം ഗംഗാധരന്റെ മുഖത്തു കാണുന്നുണ്ട്.

കവിളുകൾ ചീർക്കുകയും കൺപോളകൾ തടിക്കുകയും ചെയ്തിരിക്കുന്നു.

“ഞാൻ ഉച്ചയ്ക്ക് വീട്ടിൽ വരാം. കഴിവതും വേഗം നടത്തണം.”

അകത്തേക്കു കയറിച്ചെന്നപ്പോൾ രേണുകേടത്തിയുടെ വാക്കുകളെ കേട്ടപ്പോൾ ചുവരുചേർന്ന് ചെവി കൂർപ്പിച്ചുനിൽക്കുകയായിരുന്നു ഞാൻ. രോഹിണിയുടെ മുഴച്ച വയറിലൂടെ വിരലോടിച്ച് അവർ ഒരു കുഞ്ഞിനു ജന്മമേകുന്നതിന്റെ മഹനീയതയെക്കുറിച്ചു പറയുകയായിരുന്നു.

നാട്ടിൽ ചെല്ലുമ്പോഴും അവർ ഒരു വിടവുനികത്താനായിപ്പോലും പിറക്കാത്ത കുഞ്ഞിനെക്കുറിച്ച് വിലപിക്കയായിരുന്നുവല്ലോ...

ഒരിരമ്പലോടെ വാഹനം വന്നുനിന്നപ്പോൾ, ബൂട്ടുകളുടെ തുടർച്ചയായ ശബ്ദം അന്തരീക്ഷത്തെ മുഖരിതമാക്കിയപ്പോൾ പാർത്ഥൻ മുഖമുയർത്തുകയാണുണ്ടായത്.

വാതിൽപൊളി ചവിട്ടിത്തുറന്നു അകത്തേക്കുവന്ന എസ്.ഐ.യും പോലീസുകാരും.

പാർത്ഥൻ ഒരു നടുക്കത്തോടെ എണീക്കുമ്പോൾ കേട്ടു.

“പുള്ളിയെ ആമം വെയ്ക്ക്.”

മുമ്പോട്ടു പോലീസുകാർ വന്നപ്പോൾ ഗംഗാധരൻ ചോദിച്ചു:

“എന്തിനാ...?”

“അത് തന്നോട് പറയണമല്ലേ ....? ഉം.....”

പോലീസുകാർ കൈക്കുപിടിച്ചപ്പോൾ പാർത്ഥൻ കുതറി. അവർ വീണ്ടുമടുത്തപ്പോൾ അയാൾ ഊക്കിന് കൈകളെ തട്ടിമാറ്റി. മുന്നോട്ടുകുതിച്ചെത്തിയ എസ്.ഐ.യുടെ പരുക്കൻ മുഷ്ടി മുഖത്തു വീണപ്പോൾ പാർത്ഥന്റെ തല ചുവരിൽ ചെന്നടിച്ചു.

ഇടറിയ കാലുകളെ അമർത്തിചവിട്ടിനിന്ന അയാളും ആജ്ഞാനുവർത്തികളായ മനുഷ്യർക്കുനേരെ ചെറുത്തുനില്പിനായി ആക്രമണമാരംഭിച്ചു.

പാർത്ഥന് പുതുതായൊരു നീതികരണവും കണ്ടെത്താൻ കഴിഞ്ഞില്ല.

കടവായിലൂടെ രക്തമൊലിപ്പിച്ച്, തല്ലുകൊണ്ട് നെറ്റിപൊട്ടി ചോരകിനിയുമ്പോഴും, ഇരുമ്പുചങ്ങലകൾ കൂച്ചുവിലങ്ങിട്ട കൈകളുമായി വാനിലെ ചോരക്കറയുള്ള മരപ്പലകയിൽ കമഴ്ന്നു കിടക്കുകയായിരുന്നു അയാൾ.

പോലീസുകാർ വാനിനകത്തേയ്ക്ക് ഒരു കൃമിയെ എന്നോണം എറിയുകയാണുണ്ടായത്. പിന്നീട് വാഹനത്തിന്റെ മുരൾച്ച

യോടൊത്താരംഭിച്ച മെരുക്കപ്പെട്ട മനുഷ്യരുടെ സംഹാരതാണ്ഡവവും. ബോധത്തിന്റെ കരിനീലമേഘങ്ങൾ കണ്ണിൽനിന്നകലു മ്പോൾ, പണ്ടത്തെ പരുക്കൻ ബൂട്ടുകളുടെ ഓർമ്മ തീരെ നഷ്ടപ്പെടുമ്പോൾ പാർത്ഥൻ മൗനത്തിനപ്പുറത്തുള്ള മേഖലയിലേക്ക് വീഴുകയായിരുന്നു.

വാഹനം അപ്പോഴും ഓടിക്കൊണ്ടേയിരുന്നു.

ഇരുപത്തിയെട്ട്

രാത്രി

ചുവന്ന ഇഷ്ടിക നിരത്തിയ തറയിൽ കമഴ്ന്നു കെട്ടിക്കിടപ്പു തുടരുകയായിരുന്നു പാർത്ഥൻ. സന്ധികൾ പൊട്ടിപ്പൊളിഞ്ഞ് വായുവിൽ പറക്കുന്നതുപോലെ. വരണ്ടതൊണ്ട ഒരിറ്റു വെള്ളത്തിനായി വിണ്ടുപിളരുന്നു.

യാത്രയിൽ മുഴുക്കെ മർദ്ദിക്കപ്പെട്ടിട്ടും പാർത്ഥന് വാഹനത്തിൽ നിന്നിറങ്ങി ലോക്കപ്പ് മുറിയോളം നടക്കാൻ കഴിഞ്ഞിരുന്നു. എസ്. ഐ. യും പരിവാരങ്ങളും ഹോട്ടലുകളിൽ ആഹാരത്തിനായി കുത്തിയിരിക്കുമ്പോഴും കടവായിൽ കട്ടപിടിച്ച ചോരയുടെ നനവുമായി അയാൾ വാനിനകത്ത് എണീക്കാനാവാതെ കിടപ്പ് തുടരുക തന്നെയായിരുന്നു.

കീറിപ്പറിഞ്ഞ കുപ്പായവുമായി കട്ടിളതാണ്ടിയപ്പോൾ രേണുകേടത്തി അടക്കി കെട്ടിപ്പിടിച്ച് കരയുകയായിരുന്നുവല്ലോ...

വിവരമറിയുമ്പോൾ രോഹിണി അലമുറയിടും, പരിഭ്രാന്തിയോടെ അമ്മായി നാടാകെ ഉഴറിനടക്കും. എന്റെ വഴിത്താരയെക്കുറിച്ച് ബോദ്ധ്യമുള്ള രേണുകേടത്തി നിശ്ചലയായിരിക്കും.

പാർത്ഥന് കിടന്നിടത്തുനിന്ന് ഒന്നെണീക്കാനോ പിന്നാക്കം തിരിഞ്ഞ് കാറ്റോട്ടമുള്ള ഇരുമ്പുവാതിലിനുനേരെ മുഖംതിരിച്ചു കിടക്കാനോ ആയില്ല.

ഇടനാഴിയിലെ മുനിഞ്ഞുകത്തുന്ന വിളക്കിന്റെ പ്രകാശം ഇരുമ്പഴികൾക്കകത്തേക്കെത്തുന്നുണ്ട്. ചുവന്ന ഇഷ്ടികകൾക്ക് ചോരനിറം വീണ് നിറപ്പകർച്ച സംഭവിച്ചിരിക്കുന്നു. ചുവരിന് എന്നോ വാരിവലിച്ചു തേച്ച കുമ്മായത്തിന്റെ കാലപ്പഴക്കമറിയിക്കുന്ന മഞ്ഞിച്ചനിറമാണുള്ളത്.

വയറുകാഞ്ഞ് എണീക്കാനാവാതെ കിടക്കുമ്പോഴും അയാൾ പതിയെ പുഞ്ചിരിക്കാൻ ശ്രമിച്ചു.

എന്തിനെന്നറിയാതുള്ള ഈ കിടപ്പ്!

മകന്റെ രക്ഷിതാവിനോട് അകമഴിഞ്ഞ് ആദരവുകാട്ടുന്ന ജോസഫിന്റെ അമ്മ ഒടുക്കം കുറെ ഉപദേശങ്ങളും നല്കുകയായിരുന്നു. ദേശത്തെകണ്ട് മുന്നോക്കം ചാടി ഒന്നുമാവാതെ പിടഞ്ഞു മരിച്ച ചിലരെക്കുറിച്ച് അവർക്ക് പറയാനുണ്ടായിരുന്നു.

വാനിന്റെ മുൻവശത്തിരുന്ന് എസ്.ഐ. വാതോരാതെ സംസാരിച്ചിരുന്നെങ്കിലും എഞ്ചിന്റെ മുഴക്കം വാക്കുകളെ ആകെ ഗ്രസിച്ച് വികൃതമാക്കിപ്പോന്നു.

കനത്തൊരു ചിരികേട്ട് മോഹാലസ്യത്തിൽനിന്ന് പതുക്കെ മോചനം നേടുമ്പോൾ: വാഹനം വളവുതിരിഞ്ഞപ്പോൾ ഓരം ചേർന്നതിനാലാവണം പോലീസുകാരൻ കാലുകൊണ്ട് തള്ളിനീക്കുകയുണ്ടായത്.

പിന്നീടും യാത്രയിൽ പലവട്ടം ബോധഹീനനാവുകയായിരുന്നുവല്ലോ. ഒരുപാട് ചോര വമിച്ചും നേരത്തിന് തിന്നാനില്ലാതേയുള്ള തളർച്ച. മുടിക്കു കുത്തിപ്പിടിച്ച് വലിച്ചിഴച്ചതിനാലാവണം തലയോട് പൊളിയുന്നതുപോലുള്ള വേദന.

വാനിൽ നിന്നിറങ്ങി പരിവാരങ്ങളോടൊത്ത് അകത്തേക്ക് നടന്നപ്പോഴും, ചവിട്ടുപടികൾ പിന്നിട്ടപ്പോൾ ഹെഡ് കഴുത്തിനുകുത്തിപ്പിടിച്ച്, അവശതയെ മുതലാക്കിക്കൊണ്ട് ലോക്കപ്പിനകത്തേക്കു തള്ളുകയായിരുന്നുവല്ലോ.

പതിനഞ്ചടിയോളം വിസ്താരമുള്ള, പന്ത്രണ്ടടിയ്ക്കപ്പുറത്ത് വെളിച്ചം കടക്കാൻ മാത്രം പാകത്തിൽ കമ്പിവല വിരിച്ച ഈ മുറി ഇപ്പോൾ തന്റെ രക്തത്തിന്റെയും സ്വാദറിഞ്ഞിരിക്കുന്നു.

സാഹചര്യങ്ങളുടെ കുത്തുപാളയിൽ കുടുങ്ങി, രാക്ഷസീയതയുടെ ബീഭത്സമായി ചവിട്ടും കുത്തുമേറ്റ് ചൊക്ലിപട്ടികളെ പ്പോലെ മാറാത്ത ഭീതിയുമായി തെരുവിൽ തെണ്ടി നടന്ന്, മനസ്സുമുഴുക്കെ വന്യമായ കാട്ടുതീയുടെ പകയുമായി ലോകത്തെ പൊടിയാക്കി ഊതിപ്പറപ്പിക്കാൻ കൊതിച്ച ഇരകിട്ടാനില്ലാതെ ചത്തുവീണ കുറെ മനുഷ്യരുടെ ദീനരോദനങ്ങൾ ഭിത്തികളിൽ അലയ്ക്കുന്നതായി പാർത്ഥനു തോന്നി.

കുടുംബം പട്ടിണിയായപ്പോൾ വാഴക്കുല കട്ട ഇല്ലത്തെ പണിക്കാരന്റ കഥ അമ്മായി പറയുകയായിരുന്നു. പോലീസുകാരുടെ തല്ലുകൊണ്ട് ചോരതുപ്പിനടന്ന അയാളുടെ ജഡം ഹൈസ്കൂൾ വളപ്പിൽ ഉറുമ്പരിച്ച് കിടപ്പായിരുന്നുവത്രേ!

ഒരുനേരത്തെ പൊറുതിമുട്ടിയുള്ള ആവേശം അയാളുടെ കുടുംബത്തിന് കാലക്രമേണ നിത്യപട്ടിണി നൽകുകയായിരുന്നു.

ചോന്നന്റെ അനാഥരായ ഭാര്യയേയും കുഞ്ഞിനേയും ഞാൻ കണ്ടിട്ടുണ്ട്. ചടച്ച് ഗ്രഹണിവീണ ആൺകുട്ടി ഈർക്കിൽ കാലുകളുമായി നടക്കുമ്പോൾ കാറ്റത്തുപിടയ്ക്കുന്ന ഓലത്തുമ്പിനെയാണ് ഓർമ്മിപ്പിച്ചിരുന്നത്.

രോഹിണി അനാഥയായ കുഞ്ഞുമായി തെരുവിൽ നടക്കുന്നതോർത്തപ്പോൾ, അവൾ വീണ്ടും ശപിക്കപ്പെട്ട ഏകത്വത്തിലേക്ക് പതിക്കുന്നതിനെക്കുറിച്ചോർത്തപ്പോൾ പാർത്ഥൻ ഞെട്ടുകതന്നെയുണ്ടായി.

ഇനി എന്റെ നിമിഷം ഏതാണാവോ?

അടുത്ത ലോക്കപ്പുമുറിയിൽ ഒരുപറ്റം പെണ്ണുങ്ങളാണ്. നഗരത്തിലെ മാന്യന്മാരുടെ ഏതോ ഹോട്ടലിൽ നിന്ന് കണ്ടുകെട്ടിയവർ. പോലീസ് റെയ്ഡിൽ കുടുങ്ങീട്ടും ഉന്നതതലത്തിൽ പിടിപാടുള്ള പുരുഷന്മാർ തന്ത്രപൂർവ്വം, നീതിയുടെ കരങ്ങളിലൂടെതന്നെ രക്ഷപ്പെട്ടിരിക്കുന്നു.

പെണ്ണുങ്ങൾ നിർത്താതെ ശപിക്കുകതന്നെയാണ്. അവർ ഒറ്റികൊടുത്ത ഒരുത്തനെക്കുറിച്ച് കടിച്ചുതിന്നാനുള്ള രോഷത്തോടെ അലറുന്നുണ്ട്.

ഉള്ളങ്കൈ പതുക്കെ തറയിലമർത്തി പാർത്ഥൻ എണീറ്റിരുന്നു.

പെണ്ണുങ്ങളുടെ വർദ്ധിച്ച ആക്രോശത്തിലാവണം പോലീസുകാരൻ ഇരുമ്പഴികൾക്ക് നേരെ നടന്നത്.

“എല്ലാതും അടങ്ങിക്കെടന്നോളിൻ...”

“എത്രപേരെ അടക്കിയവനാണാവോ.... എന്നാ ഒന്നുവാ....”

ഈറൻ മുളചീന്തുന്നതുപോലെ പെണ്ണുങ്ങൾ ചിരിച്ചപ്പോൾ പോലീസുകാരന്റെ മുഖം വിളറുന്നത് പാർത്ഥൻ കണ്ടു.

“നിന്റെ ഏമാനേയും അടക്കികെടത്തിയവളാ ഈ ജാനകി. ഒരു പോലീസുകാരൻ വന്നിരിക്കുന്നു അടക്കി ഭരിക്കാൻ.”

വിഷണ്ണനായി അയാൾ തിരിച്ചുനടക്കുകയായിരുന്നു. പിന്നീട്, നഗരത്തിലെ ഓണം കേറാമൂലയിൽ നടക്കുന്ന രാത്രിഞ്ചരന്മാരുടെ ലീലാവിലാസത്തെക്കുറിച്ച് കേട്ടറിവുണ്ടായിരുന്ന, രാമുവായിരുന്നു വീടുചൂണ്ടി ഒരു കഥപറഞ്ഞത്.

പെണ്ണുങ്ങൾ കൂട്ടത്തോടെ വീണ്ടും ചിലയ്ക്കുകതന്നെയാണ്. പോലീസു വന്നപ്പോൾ വിരണ്ടെണീറ്റ പുരുഷന്മാരെക്കുറിച്ചുള്ള വർണ്ണനകളാണ് അധികപക്ഷവും.

നാല്പത്തെട്ടിൽ ചോരതിളയ്ക്കുന്ന ആവേശവുമായി നടന്നിരുന്ന ഭാസ്കരൻ. സ്വഭാവദൂഷ്യത്തിന്റെ പേരിൽ പുറത്താക്കപ്പെടുകയായിരുന്നു.

രക്തത്തിൽ അലിഞ്ഞുചേർന്ന തത്വശാസ്ത്രത്തെ വിറ്റുകാശാക്കാൻ മടിച്ച അയാൾ പാർട്ടി പുറത്താക്കിയപ്പോഴും പ്രവർത്തനം തുടരുകയായിരുന്നു.

യൂണിയനാഫീസിലേക്കു കയറിവന്ന് അയാൾ സ്വയം പരിചയപ്പെടുത്തിയപ്പോൾ പലർക്കും വിമ്മിഷ്ടമായിരുന്നു.

കമ്പി അഴികളിൽ പിടിച്ച് പാർത്ഥൻ ചുറ്റുപാടും നോക്കി തിട്ടപ്പെടുത്തി. രാത്രിയുടെ ഏതുനിമിഷമാണെന്നു പറയാനാവുന്നില്ല. കിടന്നുകിടന്ന് തളർച്ചയോടെ കണ്ണുചിമ്മിയപ്പോൾ പെണ്ണുങ്ങളുടെ തെറികേട്ട് പാർത്ഥൻ ഉണരുകയാണുണ്ടായത്.

തലയെത്തിച്ച് ഇടനാഴിയിലേക്ക് നോക്കിയപ്പോൾ ലോക്കപ്പ് മുറിയുടെ വാതില്ക്കൽ പൊലീസുകാർ നില്ക്കുന്നതു കണ്ടു.

കനത്ത ഇരുമ്പുപൂട്ടുതുറക്കുകയും ഇരുമ്പുവാതിൽ പിന്മാറുകയും ചെയ്തപ്പോൾ അകത്തേക്ക് കടന്നു തിരിച്ചു നടന്ന ഒരോ പോലീസുകാരനും പെണ്ണൊരുത്തിയെ വീതം ബലമായി വലിച്ച് അയാളുടെ മുന്നിലൂടെ കടന്നുപോവുകയായി.

ഇരുവശങ്ങളിലുമായി ഒഴിഞ്ഞ ലോക്കപ്പ് മുറികളാണ്. ഇരുട്ടുമാത്രമുള്ള നാലുമുറികളും ശബ്ദായമാന മായപ്പോൾ പാർത്ഥന് കീഴ്ത്താടി അനക്കവയ്യാഞ്ഞിട്ടും ഉച്ചത്തിൽ ചിരിക്കാൻ തോന്നി.

അടുത്ത മുറിയിലെ പോലീസുകാരന്റെ പരുക്കൻ ശബ്ദം കേൾക്കാനുണ്ട്. എല്ലിച്ച മുഖത്ത് കവിളെല്ലുകൾ ഉന്തിനില്ക്കുന്ന, വിളർപ്പുകയറിയതുപോലുള്ള പെൺകുട്ടിയാണ് അയാൾക്ക് കൂട്ട്.

അധികാരസ്വരത്തിലുള്ള നീതിപാലകന്റെ ആജ്ഞാസ്വരം കേൾക്കുമ്പോൾ ചേമ്പിലയെപ്പോലെ വിറച്ചു ചൂളുന്ന ഒരുത്തിയെ പാർത്ഥന് ഓർക്കാനായി.

പുറത്തെ വരാന്തയിൽ തോക്ക് വലതുചായ്ച്ചുവെച്ച് സെൻട്രി കാവൽ തുടരുകതന്നെയാണ്. മതിൽക്കെട്ടിനപ്പുറത്തെ ആളൊഴിഞ്ഞ നിരത്തിൽ വഴിവിളക്കുകൾ പ്രകാശം പരത്തിയിരിക്കുന്നു.

ഇസ്മായിൽ സേട്ടൊരുക്കിയ മറ്റൊരു നിമിഷം. കിടക്കറയിൽ നിന്ന് പിടിച്ചുകൊണ്ടുവരപ്പെട്ട ഒരു രാത്രി.

അന്നത്തെ മാർദ്ദവവും സ്നേഹലോലുപവുമായ എസ്.ഐ.യുടെ പെരുമാറ്റം എന്നെ ഒരു ചളിക്കുണ്ടിലേക്ക്, വാരിക്കുഴിയിലേക്ക് വീഴ്ത്തുകയായിരുന്നുവല്ലോ...

പോലീസുകാർ ചിറി തുടച്ച് ഉലഞ്ഞ കാക്കി ഉടപ്പുകൾ ശരിപ്പെടുത്തി മുൻവശത്തേക്ക് നടന്നപ്പോൾ മറ്റൊരു കൂട്ടം ലോക്കപ്പുമുറികളിൽ പ്രവേശിക്കുകയായി.

തളർന്ന പെണ്ണുങ്ങളുടെ ഒച്ച ദീനരോദനമായി അവസാനിക്കുമ്പോൾ സുരതത്തിനു നിർബ്ബന്ധിക്കുന്ന ബലിഷ്ഠനായ കാട്ടാളൻ അസഭ്യതയെ വായുവിൽ പറഞ്ഞു നിറയ്ക്കുന്നു.

ജാനകി ആണെന്നു തോന്നുന്നു ഉച്ചത്തിൽ പുലയാട്ടുപറഞ്ഞു കൊണ്ടിരുന്നത്.

കോളേജ് കാമ്പസിലെ യുവതികളെ വിവസ്ത്രയാക്കാൻ തക്ക അതിശക്തമായ ദൃഷ്ടികളുള്ള കുമാരന്മാർ. ഉടുത്തൊരുങ്ങിയ പെണ്ണുങ്ങൾ അടുത്തെത്തുമ്പോൾ ചാപല്യം കാട്ടുകമാത്രമായിരുന്നു പോംവഴി.

സ്ത്രീവിദ്വേഷിയാണെന്ന ഭാവേന നടന്നപ്പോൾ രേണുകേടത്തിയും ഉപദേശിക്കുകയായിരുന്നു. അവരും എന്നോട് പറഞ്ഞത് സമൃദ്ധിയും സ്വസ്ഥതയുമുള്ള ഒരു കുടുംബാന്തരീക്ഷത്തെക്കുറിച്ചായിരുന്നു.

പോലീസുകാരുടെ ലോക്കപ്പ് മുറിയിലേക്കുള്ള കയറി ഇറങ്ങൽ തുടർന്നുകൊണ്ടേ ഇരിക്കുന്നു. നാവനക്കം ഇപ്പോൾ കേൾക്കുന്നേ ഇല്ല. ചതഞ്ഞരഞ്ഞതുപോലെ ക്ഷതപ്പെട്ട അവരുടെ ശരീരങ്ങൾ ജീവസ്സുനഷ്ടപ്പെട്ട് വിറങ്ങലിച്ചുകിടപ്പാവും.

സെൻട്രിക്കപ്പുറം കാണാവുന്ന ആകാശത്തിന് ഇപ്പോഴും കരാളരൂപമാണ്. കാറ്റത്തോടുന്ന മേഘങ്ങളെ ഇരുട്ടിന്റെ കുത്സിതരൂപം മറയിട്ടിരിക്കുന്നു. നിരത്തിലൂടെ ഇടയ്ക്കെങ്ങാനും പോവുന്ന വാഹനങ്ങൾ മുരൾച്ചയോടെ അകലുമ്പോൾ തറപോലും കിടുങ്ങുന്നുണ്ടെന്നാണ് തോന്നുന്നത്. ഉൾക്കിടിലത്തോടെ അവസാനിക്കുന്ന ഒരു രാത്രിയെക്കുറിച്ചോർത്തു.

വെട്ടം വീണ് ഭൂമിയുടെ ഉപരിതലത്തിൽ ചൂട് കേറിയപ്പോൾ ഇൻസ്പെക്ടർ വന്നു. ഇസ്തിരിയിട്ട വസ്ത്രങ്ങളും ഷേവുചെയ്തു പൗഡറിട്ട് മീശതെറുപ്പിച്ചുകയറ്റിയ ഗാംഭീര്യമിയന്നരൂപം. ചുവന്ന കണ്ണുകളിലും വളഞ്ഞ പുരികക്കൊടികളിലും നീതിന്യായത്തിന്റെ ദംഷ്ട്രങ്ങൾ.

കിടക്കാനോ എണീക്കാനോ ആവാഞ്ഞ് കിടപ്പ് തുടരുകയായിരുന്നു പാർത്ഥൻ. കാൽമുട്ടിൽ നീരുകെട്ടി പെരുത്തിട്ടുണ്ട്. കുതിങ്കാലിലെ ചോരപ്പാടുകൾ പുകഞ്ഞു കത്തുകയുമാണ്.

ഇൻസ്പെക്ടർ അകത്തേക്കു വന്നപ്പോഴും അയാൾ അതേകിടപ്പ് തുടരുകയായിരുന്നു. അയാളുടെ ആജ്ഞാപിത സ്വരം കേട്ടപ്പോഴേ എണീക്കാനുള്ള ശ്രമം നടത്തുകയുണ്ടായുള്ളൂ.

ഇൻസ്പെക്ടറുടെ പിന്നിൽ നിരക്കനെ നില്ക്കുന്ന പോലീസു

കാരാണ്. നെഞ്ച്പൊളിച്ച് ഭയം കുതറിച്ചാടാൻ ശ്രമിച്ചപ്പോൾ പാർത്ഥൻ കിതപ്പോടെ നടുനിവർന്നു നില്ക്കാൻ ശ്രമിച്ചു.

ഇവിടം എന്റെ അവസാനമാകുന്നെങ്കിൽ തന്നെയും എന്റെ അടി പതറരുത്. പരശുരാമൻ മാംസക്കഷ്ണങ്ങൾപോലും ചീളുകളായി തെറിക്കാവുന്ന ഒരവസ്ഥയെക്കുറിച്ചു പറയുകയായിരുന്നു.

ഇൻസ്പെക്ടർ ചുമലിൽ കൈവെച്ച് പാർത്ഥന്റെ മുഖത്തേക്ക് ആഴ്ന്നിറങ്ങുന്ന ദൃഷ്ടിയോടെ നോക്കി.

''ഞങ്ങൾക്ക് ഏതുസത്യവും വെളിച്ചത്തു കൊണ്ടുവരാനാവും. എല്ലാം തുറന്നു പറയുന്നതുതന്നെയാണു നല്ലത്.''

''ഞാനെന്തുപറയാൻ...?''

''സാവിത്രിയുടെ മരണത്തിനുത്തരവാദി നിങ്ങൾ തന്നെയല്ലേ? അവളെ നിങ്ങളെന്തിനു കൊന്നു?''

തണ്ടുപാളയത്തിനപ്പുറത്തെ കുറ്റിക്കാട്ടിൽകണ്ട പെൺകുട്ടിയുടെ മൃതശരീരമാണ് എന്റെ കഴുത്തിൽ താണുകിടക്കുന്നത്. ഒരു ഹീനമായ കൊലപാതകത്തിന്റെ ഭാരം എന്റെ ചുമലിലാണ് അർപ്പിതമായിരിക്കുന്നത്.

കഴിഞ്ഞ നിമിഷം ഇസ്മായിൽ സേട്ടായിരുന്നു. ഇവിടെ?

''എനിക്കറിയില്ല.''

''അറിയാം.''

അയാൾ തറപ്പിച്ചുപറഞ്ഞപ്പോൾ പാർത്ഥൻ ഉറക്കെ ചിരിച്ചു.

''പിന്നെന്തിനാണു നിങ്ങൾ എന്നെക്കൊണ്ട് പറയിക്കുന്നത്?''

''താൻ സത്യം പറയും...''

ഇൻസ്പെക്ടർ മാറത്ത് കൈകൾ പിണച്ചുകെട്ടി മുറിയിൽ നാലുചാല് നടക്കുകയായി. പോലീസുകാരുടെ വീര്യമുള്ള മുഖങ്ങൾ ചുവന്ന് കരുവാളിച്ചിരിക്കുന്നു. അവർ സംഹാരരുദ്രരായി നടന്നടുക്കാവുന്ന നിമിഷത്തെ പാർത്ഥനു കാണാൻ കഴിയുന്നുണ്ട്. അഭിമുഖമായി എതിരെനിന്ന ഇൻസ്പെക്ടർ പറഞ്ഞു:

''സാവിത്രി ഇന്റർവ്യൂവിനു വന്നതാണ്. കാലത്ത് സ്റ്റാന്റിൽ വെച്ചുതന്നെ താനവളെ കണ്ടു. അന്നുമുഴുക്കെ അവളെ ചുറ്റിപ്പറ്റിയായിരുന്നു നടത്തം. ഏറ്റവും അവസാനത്തെ നമ്പരായതിനാൽ അഞ്ചുകഴിഞ്ഞേ ഓഫീസിൽനിന്നിറങ്ങാൻ കഴിഞ്ഞുള്ളൂ...''

അയാൾ ശ്വാസം പിടിക്കാനായി എള്ളിടനിർത്തി.

''സ്റ്റാന്റിൽ നാട്ടിലേക്കുള്ള ബസ്സുതെറ്റി വിഷമിച്ചുനിന്ന പെൺകുട്ടിയെ ഒരു രാത്രി താമസിക്കാൻ സ്ഥലം ശരിപ്പെടുത്താമെന്നു പറഞ്ഞ് താൻ കബളിപ്പിച്ച് ഓട്ടോറിക്ഷയിൽ കയറ്റി. ഹോട്ടലിൽ ഊണുകഴിച്ച് രാത്രി ആവുന്നതുവരെ സഞ്ചരിച്ചു. ഒടുക്കം

റെയിൽവേഗേറ്റിന്റെ സമീപത്തിറങ്ങി ഒരു വീട്ടിലേക്കാണെന്നും പറഞ്ഞ് അവളുമായി നടന്നു...

...തന്റെ ദുരുദ്ദേശം മനസ്സിലായപ്പോൾ അവൾ ഒഴിഞ്ഞ പറമ്പിലൂടെ ഓടി. ഇരുട്ടത്ത് താനും പിന്തുടർന്നു. പിന്നീട് താൻ ആ പെൺകുട്ടിയെ ബലാൽക്കാരമായി നശിപ്പിച്ചു. അവൾ ഉച്ചത്തിൽ അലറിയപ്പോൾ തൊണ്ട അമർത്തിപ്പിടിക്കുകയുണ്ടായി...

...എല്ലാം കഴിഞ്ഞപ്പോഴാണ് താനറിഞ്ഞത്. അവൾ മരിച്ചിരിക്കുന്നുവെന്ന്. ആളെ തിരിച്ചറിയാതിരിക്കാനായി അടുത്തുകണ്ട പാറക്കല്ലെടുത്ത് അവളുടെ മുഖം കുത്തിപ്പൊളിച്ചു വികൃതമാക്കി...''

മുത്തശ്ശി പറയുമായിരുന്ന പുരാണകഥയെ ഓർത്തുകൊണ്ട് പാർത്ഥൻ നിൽപ്പു തുടരുക തന്നെയായിരുന്നു. ഇൻസ്പെക്ടരുടെ വാക്കുകൾ ഒരു കെണിയായി മുന്നിൽ പടരുന്നത് അയാളറിഞ്ഞു.

''രക്തം പുരണ്ട കുപ്പായവുമായി അമ്പരപ്പോടെ റെയിൽപാളം വഴി പിന്നീട് താൻ ഓടുകയായിരുന്നു. അപ്പോൾ എതിരെ രണ്ടു പേർ വരുന്നുണ്ടായിരുന്നു. സമയം രണ്ടുകഴിഞ്ഞിരുന്നു. ടോർച്ചിന്റെ വെളിച്ചത്തിൽ അവർക്ക് നിന്നെ കാണാനായി. അവരുടെ ചോദ്യത്തിനുത്തരം നല്കാതെ താൻ തുടർന്നു നടന്നു...

...വീണ്ടും നടന്ന അവർ ആ പെൺകുട്ടിയുടെ മരണാസന്നമായ സ്വരത്തെ കേട്ടു. എന്നാൽ പേടികൊണ്ട് അവർ ചെന്നുനോക്കുകയുണ്ടായില്ല...''

ഇൻസ്പെക്ടർ പറഞ്ഞ് നിർത്തിയപ്പോൾ പാർത്ഥൻ ചുവരിൽ അള്ളിപ്പിടിച്ചു.

''ഞങ്ങൾക്ക് സകല വസ്തുതകളും ലഭിച്ചിട്ടുണ്ട്. ഓട്ടോറിക്ഷ ഡ്രൈവർ മുതൽ പാർട്ടി ക്ലാസ്സുകഴിഞ്ഞിറങ്ങിയ ആ രണ്ടുപേർ വരെ സാക്ഷികളാണ്...''

ശിരസ്സിൽ പൊടുന്നനെ വെള്ളിടിമിന്നിയപ്പോൾ അയാൾക്കൊരു ചിത്രം കാണാനായി. ഇസ്മായിൽ സേട്ടിന്റെ വിദഗ്ദ്ധമായ കരങ്ങൾ തന്നെയാണ് ഇവിടേയും.

അളയിൽ നിന്നുപുറത്തു ചാടിച്ച എന്നെ അയാൾ ഇപ്പോഴും ഭയക്കുന്നു. എന്റെ ഉന്മൂലനാശത്തിനുശേഷമേ അയാൾക്കിവിടെ സ്വൈരവിഹാരം നടത്താനാവൂ.

ഒരു ശപിക്കപ്പെട്ട നിമിഷത്തിലായിരുന്നു പ്രൊഫസർ ഒരു സദുപദേശത്തിനു മുതിർന്നത്. അയാൾ ചൂണ്ടിക്കാണിച്ച അശക്തവും കാട്ടാളത്തവുമുള്ള നിമിഷം എന്നെ വേട്ടയാടുകതന്നെയാണ്.

രക്ഷാസങ്കേതം തേടിപ്പറന്ന രാമു ഇപ്പോൾ അപ്രസക്തനായിരിക്കുന്നു.

ഇസ്മായിൽസേട്ടിന്റെ ചിരി തുടരുകതന്നെയാണ്. അയാളുടെ വംശനാശം എന്നിലേക്കാണ് പടരുന്നത്.

"രക്തം പുരണ്ട ആ കുപ്പായവും മറ്റുമെവിടെ...?"

"ഞാനൊന്നും ചെയ്തിട്ടില്ല. എനിക്കൊന്നുമറിയില്ല. എല്ലാം കെട്ടിച്ചമച്ചതാണ്..."

"ഒരു പുണ്യവാളൻ... നക്സലേറ്റിന് പെണ്ണുവേണമല്ലേ... നീ പറയില്ലെങ്കിൽ... ഞങ്ങൾക്ക് പറയിക്കാനറിയാം..." അയാൾ തുടർന്നു.

"പ്രഭാകരൻനായരെ ഇവനൊന്നു നാവനക്കുമോ എന്നു നോക്ക്..."

ഇൻസ്പെക്ടർ മുറിക്കുപുറത്തുകടന്നപ്പോൾ ശവം കണ്ട കഴുകന്മാരെപ്പോലെ പോലീസുകാർ അയാൾക്ക് ചുറ്റിലും കൂടി.

"നീ പറയും... നായിന്റെ മോനേ..."

കനത്ത ബൂട്ട് അടിവയറ്റത്ത് ആഞ്ഞുപതിച്ചപ്പോൾ പാർത്ഥൻ തറയിൽ മലർന്നുവീണു. വശങ്ങളിലേക്ക് കൈകൾ പിടിച്ചുമാറ്റി അതിൻമേൽ പോലീസുകാർ നിന്നു. പിന്നെ കാൽമുട്ടിലും രണ്ടു പേർ.

പാദത്തിലെ പച്ചമാംസത്തിൽ, ലാത്തികൾ ഒന്നൊന്നായി ആഞ്ഞുപതിച്ചപ്പോൾ ഒന്നനങ്ങി എണീക്കാൻ ശ്രമിച്ചു. കൂരച്ച അയാളുടെ നെഞ്ച് ഉയർന്നതുകണ്ടാവണം പോലീസുകാരൻ വീണ്ടും ഉറക്കനെ ചവിട്ടിയത്.

അതോടെ സമത്വവും സാഹോദര്യവും അഹിംസയുമുള്ള, രാമരാജ്യത്തിന്റെ ശുദ്ധവായുവുള്ള വെളിവില്ലാത്ത അബോധമണ്ഡലത്തിലേക്ക് അയാൾ കൂപ്പുകുത്തിവീഴുകയായി.

ലാത്തിയുടെ നാവിൽ മാംസച്ചീളുകൾ പറ്റിപ്പിടിച്ചപ്പോഴും പച്ചച്ചോരയുടെ ഗന്ധം മുറിയിൽ നിറഞ്ഞപ്പോഴും അവർ ചോദ്യം ചെയ്യൽ, നീതി കണ്ടെത്താനുള്ള ശ്രമം തുടരുകതന്നെയായിരുന്നു.

പുറത്ത് അപ്പോഴും പ്രകൃതി വെയിൽ കായുന്നുണ്ടായിരുന്നു. ജീവജാലങ്ങൾ നിത്യവൃത്തിയേ തേടുന്നുമുണ്ടായിരുന്നു.

എന്റെ മുന്നിൽ ഇപ്പോൾ പോലീസുകാരില്ല. അവർ ക്ഷീണിതരായി മുൻവശത്തിരിപ്പാണ് എന്റെ ദാർഢ്യത്തെക്കുറിച്ചാണ് അവർക്ക് വാതോരാതെ പറയാനുള്ളത്.

പകലിന്റെ ഏതോ ഒരു നിമിഷത്തിൽ എനിക്ക് സ്വബോധം തിരിച്ചുകിട്ടുമ്പോൾ അടുത്ത മുറിയിലെ പെണ്ണുങ്ങളുടെ ആരവം അടങ്ങിയിരുന്നു. അവരെ കോടതിയിലേക്ക് കുറ്റവിചാരണയ്ക്കായി നയിക്കുകയായിരുന്നു.

രാത്രിയിൽ അവരുടെ മുറിയിൽ പലവട്ടം കയറി ഇറങ്ങിയ പോലീസുകാരൻ മേശക്കരികെ കുനിഞ്ഞിരുന്ന് എഴുത്തു തുടരുക തന്നെയാണ്.

എന്റെ നാഡീസ്പന്ദനം പോലും പാടെ നിലച്ച ഒരു നിമിഷത്തിൽ മുറിവിട്ടുപോയ അവർ ഒരു പതിവുകൃത്യം ചെയ്ത ലാഘവത്തോടെ പ്രവർത്തികൾ തുടരുന്നു.

പാർത്ഥൻ വെറും തറയിൽ കിടപ്പുതുടരുകയായിരുന്നു. അയാൾ ഞെരങ്ങിയപ്പോൾ പോലീസുകാരൻ തലയെത്തിച്ചുനോക്കി വീണ്ടുമകന്നു.

രണ്ടുപേരോടൊത്ത് അയാൾ വീണ്ടുമെത്തി.

കഴുത്തിനു കുത്തിപ്പിടിച്ച് പോലീസുകാരൻ പൊക്കിയപ്പോൾ നനഞ്ഞ തുണിയെപ്പോലെ പാർത്ഥൻ അയാളുടെ കൈയ്ക്കുള്ളിലൊതുങ്ങി.

ചുവരിനു ചേർത്തു നിർത്തി അടിവയറ്റത്ത് ലാത്തിയുടെ മടമ്പമർത്തി ഞെരിച്ചപ്പോൾ പാർത്ഥന്റെ കണ്ണുതെള്ളി കണ്ണീരുവീണു.

അപ്പോൾ അടുത്തതായി മറ്റൊരുത്തൻ കൂടി.

ശിരസ്സ് ചുവരിൽ ആഞ്ഞു കുത്തുമ്പോൾ ചോദ്യം :

“നീ സത്യം പറയില്ലേ...?”

പാർത്ഥൻ പതിയെ നാവനക്കാൻ ശ്രമിച്ചു. ആവുന്നേയില്ല.

ലാത്തിയുടെ മടമ്പ് അടിവയറ്റത്ത് ആണ്ടുപോവുകയാണ്. തലപൊട്ടി പിളരുമെന്നും തോന്നുന്നു.

പാർത്ഥൻ കൈകളുയർത്തി വായുവിൽ എത്തിപ്പിടിക്കാൻ ശ്രമിച്ചു. അതൊരു പാഴ്ശ്രമമായിത്തീരുമ്പോൾ അയാൾ ബോധരഹിതനായിരുന്നു.

ഇരുപത്തിയൊൻപത്

കോളേജ് പഠിപ്പ് പാതിക്കുപേക്ഷിച്ച് നാടുനന്നാക്കാനിറങ്ങിയ കാലം.

മൂന്നുമാസത്തെ അജ്ഞാതവാസത്തിനുശേഷം വീട്ടിലെത്തിയ ഞാൻ തളർന്നവശനായി കിടക്കയിൽ കിടപ്പുതുടരുകയായിരുന്നു. അച്ഛൻ അകത്തേക്കു വന്നപ്പോൾ ഞാനെണീക്കുവാൻ ശ്രമിച്ചെങ്കിലും അദ്ദേഹവും കിടപ്പ് തുടരുവാൻ ആംഗ്യം കാണിക്കുകയാണുണ്ടായത്.

മിതഭാഷിയും സൗമ്യനുമായ അച്ഛൻ സംസാരിക്കാനാരംഭിച്ചപ്പോൾ വികാരവിവശനാവുകയായിരുന്നു.

“ഞാൻ നിന്നെ നാട്ടിൽ പഠിപ്പിക്കുവാൻ നിശ്ചയിച്ചതായിരുന്നു തെറ്റ്. അമ്മയുടെ നിർബ്ബന്ധത്തിനു വഴങ്ങേണ്ടിയിരുന്നില്ല.”

പിന്നേയും അച്ഛന് ഒരുപാട് പരാതികളുണ്ടായിരുന്നു. എന്റെ കൂട്ടുകെട്ട്, എന്റെ തരംതാഴ്ന്ന സുഹൃത്തുക്കൾ, കുടുംബത്തിന്റെ അന്തസ്സുകളയുന്ന പെരുമാറ്റം ഇത്യാദികൾ.

പോവുമ്പോൾ അച്ഛൻ ഒരു താക്കീതെന്നോണം പറയുകയായി.

“ഗ്രാമത്തിലെ പച്ചമണ്ണിന്റെ ഗന്ധമറിഞ്ഞവൻ ഒരിക്കലും ഉന്നതി പ്രാപിക്കില്ല. ആ മണ്ണിന്റെ അംശമായിത്തന്നെ അവൻ കിടന്നു നരകിയ്ക്കും. എന്റെ മോൻ നന്നാവണമെന്നെനിക്കാശയുണ്ട്.....”

പക്ഷേ അച്ഛന്റെ മോന് വനവാസം തന്നെയായിരുന്നു വിധിക്കപ്പെട്ടിരുന്നത്. കാടുംമേടും താണ്ടിയുള്ള പലായനം.

പിന്നീട് ഒരപൂർവ്വനിമിഷത്തിൽ മറ്റൊരു സമ്മേളനം കൂടി. അപ്പോൾ അച്ഛന് കൂട്ടുചേരാൻ മിസ്സിസ് പത്മനാഭനാണുണ്ടായിരുന്നത്. അവരായിരുന്നു അച്ഛനെ എണ്ണയിട്ട് ഒരുക്കിയ യന്ത്രത്തെപ്പോലെ വാക്കുകൾ നല്കി രൂപപ്പെടുത്തിയിരുന്നത്.

അച്ഛൻ അറുത്തുമുറിച്ച വാക്കുകളുച്ചരിച്ചപ്പോൾ അമ്മ ഒത്തുചേരുകയായി.

“നീ ഒന്നുകിൽ ഞങ്ങളുടെ വാക്കുകൾ കേൾക്കണം. അല്ലെങ്കിൽ...”

അതുപറഞ്ഞുതീർക്കാൻ അവർക്കും കഴിയുമായിരുന്നില്ല. അച്ഛന്റെ വാക്കുകളെ മാനിക്കുക, ഒരു നല്ല പിള്ളയാവുക.

സുഹൃത്തിന് മേല്ക്കോയ്മയുള്ള എഞ്ചിനീയറിങ്ങ് കോളേജിൽ പ്രവേശനം ലഭിക്കാൻ വൈഷ്യമ്യമുണ്ടായില്ല. കോഴ്സ് കഴിഞ്ഞാൽ ഉടനടി ജോലിയും തരപ്പെടുത്താം.

പഴയ നിമിഷങ്ങളെ പുനരാവർത്തനം ചെയ്യുമ്പോൾ അമല ചിരിക്കാ റാണ് പതിവ്. നല്ലതെല്ലാം കളയാൻമാത്രം ശീലിച്ച എന്നെക്കുറിച്ച് അവൾക്ക് മതിപ്പായിരുന്നു. രേണുകേടത്തിയാണ് പിന്നെ ദീർഘനിശ്വാസമുതിർത്ത് വിലപിച്ചിരുന്നത്.

അച്ഛന്റെ വാക്കുകളെ ഗൗനിക്കാതെ പടിയിറങ്ങുകയും പിന്നെ അച്ഛന്റെ മരണത്തോടെ വീണ്ടും കയറിച്ചെല്ലുകയും ചെയ്തപ്പോൾ ഇടഞ്ഞുനിന്ന ഞാൻ പതിവുപോലെ അന്യനായിരുന്നു.

അഴുക്കുനിറഞ്ഞ് ചീഞ്ഞുനാറുന്ന തൊഴുത്ത് ശുദ്ധമാക്കാനുള്ള ശ്രമത്തിൽ നാല്ക്കാലിയുടെ ചവിട്ടും കുത്തുമേറ്റ് ഞാൻ മുറിവോടെ പുറന്തള്ളപ്പെടുകയായിരുന്നുവല്ലോ.

പ്രൊഫസർ സൂചിപ്പിച്ച പരീക്ഷണഘട്ടം എന്നിൽ നിന്നെ

ത്രയോ അകലെയാണെന്നായിരുന്നു ധരിക്കുകയുണ്ടായത്. അതെല്ലാം പലായന മനഃസ്ഥിതിക്കാരുടെ പൊതുവാക്കുകൾ മാത്രമാണെന്നുകരുതി നിസ്സാരമാക്കി പുറന്തള്ളിപ്പോന്നു.

പ്രൊഫസറുടെ നിഗമനങ്ങളോ, അമലയുടെ വ്യർത്ഥമെന്നു വിചാരിച്ച ഉദ്ബോധനങ്ങളോ പാഴാവുന്നില്ല. അവയെല്ലാം തന്നെ എന്നെ നോക്കി പരിഹസിച്ച് കൊഞ്ഞനം കുത്തുകയാണ്.

അമ്പത്തേഴിൽ കുരുതിക്കളത്തിലേക്കിറങ്ങിത്തിരിച്ച ത്യാഗ മനോഭാവം പുലർത്തി മനുഷ്യരെ തേടിയലഞ്ഞ ഞാനാണ് ഇപ്പോൾ വിഡ്ഢിയായിരിക്കുന്നത്.

നാലുനാൾ രാത്രി മുഴുക്കെ അടുപ്പിച്ച് ഉറക്കമിളക്കുകയായിരുന്നു. അഞ്ചാംനാൾ അഗാധമായൊരു ഉറക്കത്തിലാണ്ടതിനു ശേഷം ഉണർന്നപ്പോൾ അമല ഒരു സൂചന നല്കുകയായി.

''നല്ലൊരു കുടുംബത്തിൽ പിറന്ന സന്തതി. പ്രശസ്തനാകുവാനുള്ള അനേകം മാർഗ്ഗങ്ങളായിരുന്നു പാർത്ഥേട്ടന്റെ മുന്നിലുണ്ടായിരുന്നത്. പക്ഷേ പാർത്ഥേട്ടൻ നഷ്ടത്തെ ഓർത്ത് ദുഃഖിക്കുന്ന ഒരു നിമിഷം വരാതിരക്കട്ടേ...''

അവളുടെ വാക്കുകൾ എപ്പോഴാണ് ഒരു പ്രവചനമായിത്തീർന്നത്?

എന്റെ മാർഗ്ഗം എനിക്ക് ജീവിതാർത്ഥം തന്നെയാണ്. അർപ്പണത്തിലൂടെയുള്ള നാളുകളായിരുന്നു ജീവിത സാക്ഷാൽക്കാരവും.

പക്ഷേ ഞാനിപ്പോൾ സ്വന്തം താവളത്തിൽതന്നെ അന്യനും ഒറ്റുകാരനെപ്പോലെ അധമനും ആയിത്തീർന്നിരിക്കുകയാണല്ലോ. പരശുരാമന്റെ മാർഗ്ഗം എനിക്കെന്നും അന്യമായിരുന്നു. രാമുവാകട്ടേ എന്നിൽനിന്ന് ഒരു പടികൂടി മുന്നോട്ടു ചവിട്ടിയിരിക്കയാണ്.

തെറ്റിനു കൂട്ടുചേർന്ന് പിഴയാളികൾ ചക്രം നിയന്ത്രിക്കുന്ന ഇവിടെ ചോദ്യമുയർത്തുന്നവരുടെ ഗതി ഇതുതന്നെയാവും. പരശുരാമന്റെ ചോദ്യങ്ങൾ അഗ്നിജ്വാലകളെപ്പോലെ എങ്ങും പടരുകയാണ്. അയാളുടെ ആരേയും തടയിടുന്ന ആന്തരിക ശക്തിയാണ് എനിക്കില്ലാത്തതും.

ഇസ്മായിൽസേട്ട് ഹാളിനകത്തിരുന്ന് തീവ്രവാദികളുടെ അരാജകത്വത്തേയും; ഏകാധിപത്യത്തിനും അനാവശ്യമായ ചോരചിന്തലിനും ഇടവയ്ക്കുന്ന അവരുടെ പ്രവർത്തനശൈലിയേയും സവിസ്തരം പ്രതിപാദിക്കുകയായിരുന്നു.

ഇപ്പോൾ ഞാനൊരു നക്സലായിത്തീർന്നതിലൂടെ ജനസമ്പർക്കം തീരെ ഇല്ലാതായി ദ്വീപിനകത്ത് ദുസ്സഹമാംവിധം ഒറ്റപ്പെട്ടതുപോലാണ്. രാമു ഇസ്മായിൽ സേട്ടിന്റെ ജീവനു നേർക്കുയർത്തിയ

ഭീഷണി ഇപ്പോൾ എന്റെ നേർക്കായിരിക്കുന്നു. എല്ലാറ്റിനും മൂല കാരണം ഞാനാണെന്ന് ഇസ്മായിൽ സേട്ട് കണ്ടെത്തിയിരിക്കും.

എന്റെ മുന്നിൽ ഒരു തിരിച്ചുപോക്കിന്റെ പ്രശ്നമേ പൊന്തിവരുന്നില്ല. പരിത്യജിക്കപ്പെട്ട അവിടം എനിക്കെന്നും അജ്ഞാതവുമായിരുന്നുവല്ലോ.

ഇവിടെ എന്റെ വേരുകളാണ് അറ്റുപോയിരിക്കുന്നത്. വൃക്ഷത്തിന്റെ ശിഖരത്തിൽ കയറിക്കൂടിയ ഇത്തിക്കണ്ണി, വൃക്ഷത്തെ മുഴുവനും നശിപ്പിക്കത്തക്കവണ്ണം പെരുകിക്കൂടിയിരിക്കുന്നു. മരത്തിന്റെ സർവ്വയിടത്തും അവയാണ് കാണപ്പെടുന്നതും.

എന്തുതന്നെ ആയാലും എന്റെ നിലനില്പാണ് ചോദ്യചിഹ്നമുയർത്തുന്നത്. എങ്ങും പോവാനില്ലാത്ത അരക്ഷിതാവസ്ഥയിലൂടെ ഇപ്പോൾ മണിക്കൂറുകൾ നീങ്ങുന്നു.

എപ്പോഴാണ് ബോധം ലഭിക്കുകയും തുടർന്ന് ചിന്താശക്തി നേടുകയുമുണ്ടായെന്ന് പാർത്ഥനറിയില്ല. മഞ്ഞിൻ മറയിലൂടെ എന്നോണം പോലിസിന്റെ വരവിനേയും അവരുടെ പൈശാചിക പെരുമാറ്റത്തെയും ഓർക്കാനാവുന്നുണ്ട്.

നേരം പുലരുന്നതിനുമുമ്പേ വീണ്ടും അവർ വന്നേയ്ക്കും. ഭീകരമായ മർദ്ദനം തുടരുകയുമാവും.

എല്ലാം സഹിച്ചിട്ടും ഇതെല്ലാം തുടരുന്നതിന്റെ അർത്ഥം ഇപ്പോൾ നഷ്ടപ്പെട്ടിരിക്കയാണ്. പടപൊരുതുന്നത് വിഡ്ഢിത്തമായിത്തീരാവുന്ന ഒരു നിമിഷത്തിൽ അടിയറവു പറയുന്നത് രക്ഷപ്പെടലിനുള്ള പാത ഒരുക്കുകയാണ്.

എന്നിട്ടും രക്ഷപ്പെടൽ നല്കാവുന്ന ലക്ഷ്യമില്ലായ്മയെയാണ് പാർത്ഥൻ ഓർത്തുകൊണ്ടിരുന്നത്.

പോലീസുകാരുടെ പീഢനം മുമ്പും അനുഭവിക്കുകയുണ്ടായിട്ടുണ്ട്. ഇപ്പോൾ സ്വന്തം ചേരിയിലെ സുഹൃത്ത് എന്റെ കഴുത്തറുത്തു കൊണ്ട് മുന്നേറുകയാണ്. അമ്പതുരൂപയുടെ രശീതി താള് ഇസ്മായിൽ സേട്ടിന് നിമിത്തമായിരുന്നു. മരണപ്പെട്ട സാവിത്രിയാണ് എന്റെതായിത്തീർന്നിരിക്കുന്നത്.

രോഹിണിക്ക് എന്നിൽ പിതൃത്വം ആരോപിച്ചുകൊണ്ട് ഒരു സന്തതിക്ക് ജന്മംനല്കാം. രേണുകേടത്തിക്ക് അടുത്തുനടക്കാവുന്ന വിവാഹത്തിലൂടെ ജീവിതം സുന്ദരമാക്കിത്തീർക്കാൻ വീണ്ടും ശ്രമിക്കാം.

ഞാൻ ഈ തിരക്കിൽ പുറന്തള്ളപ്പെടുകയാണ്. കിരാതന്മാർ ഭരണവാഴ്ച നടത്തുമ്പോൾ ഇത് സ്വാഭാവികമാണുതാനും. പക്ഷേ ഒന്നോർക്കുമ്പോഴേ ദുഃഖമുള്ളൂ; സ്വന്തം രക്തം നല്കി പോറ്റിവളർ

ത്തിയതിനാലും മറ്റനേകം പേർ ജീവിതം സമർപ്പിച്ചതിനെ ഓർക്കുന്നതുകൊണ്ടുമാവും അതു തോന്നുന്നത്. മഹത്തായൊരു തത്വശാസ്ത്രം വളരെ തരംതാണവിധത്തിലാണ് ഇവിടെ വിലപേശി വ്യഭിചരിക്കപ്പെടുന്നത്.

എസ്.ഐ. നിരത്തിവെച്ച സാവിത്രിയുടെ മരണകാരണങ്ങൾ എന്റെ മുന്നിലുണ്ട്. ഒരു കുറ്റമേല്ക്കുന്നതിലൂടെ എനിക്ക് ലഭിക്കാവുന്ന ശിക്ഷാവിധി മരണമോ ജീവപര്യന്തം തടവോ ആവാം.

മണിമേടയിലേയ്ക്കുള്ള തിരിച്ചുപോക്ക് എനിക്ക് സ്വീകരിക്കാനാവില്ല. കർമ്മശക്തി അകന്ന് അചേതനവസ്തുവെന്നപോലെ ജീവിതം തുടരാനും എനിക്കാവില്ല. ഒരു ഭീകരപ്രവർത്തകനും വിടനും ആയ ഞാൻ ആർക്കും വേണ്ടാത്തവനാണ്.

പാർത്ഥൻ തേങ്ങലോടെ സിമന്റ് തിണ്ടിൽ മുഖം പൂഴ്ത്തി കിടന്നു.

എനിക്കിപ്പോൾ ഇത് സ്വീകരിക്കാനേ ആവൂ. തിരസ്കരിക്കാനായെന്നുവരില്ല.

തൊണ്ടയിലൂടെ ആയാസത്തോടെ ഒരിറക്കുവെള്ളം കുടിച്ച് ആശ്വാസത്തോടെ കിടപ്പുതുടരുകയായിരുന്നു പാർത്ഥൻ.

നീരുവന്ന് കനം തൂങ്ങിയ കാലുകൾ ശിലയെപ്പോലെയാണ്. ആമയുടെ അടിപ്പള്ളയെപ്പോലെ കവിളുകൾ വീർത്തിരിക്കുന്നു.

പോലീസുകാരുടെ അകമ്പടിയോടെ കഠിനമായി യത്നിച്ച് നാലു ചുവടുനടന്ന് മൂത്രമൊഴിക്കുമ്പോൾ വീഴുന്നതു കരൾകലങ്ങിയതുപോലെ ചുവന്ന ചോരകലർന്ന ലവണജലമാണ്.

പച്ചമാംസം തറയിൽ തൊടുമ്പോൾ അസ്ഥികൾ തുളയ്ക്കുന്ന വേദനയാണ് ഉയരുന്നത്.

എത്രതന്നെയായിട്ടും അവർക്ക് കണ്ടെത്താനാവാത്ത സത്യത്തെക്കുറിച്ചോർക്കുമ്പോൾ പാർത്ഥന് ചിരിക്കാനാണ് തോന്നുന്നത്.

ഹോട്ടൽകാരൻ അലുമിനിയപാത്രത്തിൽ ഇരുമ്പഴിക്കു കീഴിലൂടെ ചോറ് അകത്തേക്കു വെച്ച് കടന്നുപോയിരുന്നു.

ആർത്തിയോടെ അവ വാരിവലിച്ചുതിന്നുമ്പോൾ, തൊണ്ടനിറഞ്ഞ് വറ്റുകൾ ശ്വാസഗതി തടയുമ്പോൾ പാർത്ഥൻ നെഞ്ചുപൊട്ടുന്ന വേദനയുമായി പുളഞ്ഞു.

നാഭിക്കു താഴെ ഉറുപ്പിക വട്ടത്തിൽ പൊറ്റം പിടിച്ചുകിടക്കുന്ന ചോരക്കട്ട. ചതഞ്ഞു പൊട്ടിയ ശരീരം ആസകലം ദുർഗ്ഗന്ധമാണ്. ഉടുമുണ്ടു പോലും വാടകെട്ടിയിരിക്കുന്നു.

വിശന്നിട്ടും ഉണ്ണാനാവാതെ പാത്രം നീക്കിവെയ്ക്കുമ്പോൾ പാർത്ഥൻ തളർച്ചയോടെ ചുവരുചാരി ഇരിക്കുകയായി.

പ്രഭാതത്തിന്റെ വരവും ഇരുളിന്റെ മൂകതയും അടച്ചിട്ടമുറിയിലിരുന്ന് ആസ്വദിക്കുമ്പോൾ നാട്ടുനടപ്പുള്ള കീഴ്വഴക്കങ്ങൾ എന്റെ മുന്നിൽ പാറിപ്പറക്കുകയായിരുന്നു. പുതുതായി രാത്രിപിടിച്ച അന്തേവാസിയെപ്പോലും മോചിപ്പിച്ചിരിക്കുകയാണ്.

ബൂട്ട്സിന്റെ താളത്തോടെ ഇൻസ്പെക്ടർ അകത്തേക്ക്, പുറകെ നിരയായി നില്ക്കുന്ന പോലീസുകാരും.

ചുവരുചാരി പതറുന്ന കാലുകളുമായി നിന്ന പാർത്ഥൻ വീണ്ടും അഭിമുഖീകരിക്കേണ്ടുന്ന അത്യാസന്ന നിമിഷത്തെ ഓർത്ത് നടുങ്ങി.

"നീ സത്യം പറയില്ലല്ലേ...?"

മുഷ്ടി ചുരുട്ടി ഇൻസ്പെക്ടർ മുന്നോട്ടാഞ്ഞപ്പോൾ പാർത്ഥൻ മുരടനക്കി...

"പറയാം...."

"എന്നാൽ പറയ്യ്..."

"ഞാനാണ് സാവിത്രിയെ കൊന്നത്..."

സ്വന്തം ശബ്ദത്തെപ്പോലും അവിശ്വാസത്തോടെ പാർത്ഥൻ കേട്ടു. അയാൾ വീണ്ടും തറപ്പിച്ചു പറഞ്ഞു.

"ഞാനാണു ആ കുട്ടിയെ കൊന്നത്..."

അകത്തേക്ക് പാഞ്ഞ ഹെഡ് കടലാസ്സും പേനയുമായെത്തി.

ഒരു കെട്ടുകഥ മെനഞ്ഞ് ആശ്വാസത്തോടെ പറഞ്ഞപ്പോൾ അവർ അജയ്യരായതുപോലെ പുഞ്ചിരി തൂകുന്നുണ്ടായിരുന്നു.

അയാൾ ഒരിക്കൽ പറഞ്ഞുതീർത്ത കഥ അക്ഷരംപ്രതി ഏറ്റു പറയുക എന്ന കൃത്യം. കിതപ്പോടെ ചുവരുചാരി തളർന്നിരിക്കുമ്പോൾ പാർത്ഥൻ തുടർന്നു: "ചോര പുരണ്ട കുപ്പായവും മറ്റും ഞാൻ കുത്തിച്ചു ചാമ്പ ലാക്കി..."

പരിവാരങ്ങൾ അകന്നപ്പോൾ അയാൾ തറയിൽ പൊടിഞ്ഞു കിടന്ന് ഉച്ചത്തിൽ കരച്ചിലാരംഭിച്ചു. അയാളുടെ കണ്ണീരിന്റെ നനവ് ഇഷ്ടിക ഊറ്റിക്കുടിച്ച ചോരപ്പാടുകളെ പുണർന്നു.

പോലീസുകാരൻ വീണ്ടും വന്നു. അയാൾ ചൂണ്ടിക്കാണിച്ച ഇടങ്ങളിൽ ദൃഢതയോടെ ഒപ്പിടുമ്പോൾ പാർത്ഥന്റെ കൈകൾ വിറയ്ക്കുകയേ ഉണ്ടായില്ല. വാക്കുകളിലൂടെ അരക്ഷണം പോലും കണ്ണോടിക്കുവാൻ അയാൾ ശ്രമിച്ചതുമില്ല.

ഇൻസ്പെക്ടറുടെ രാക്ഷസീയ കൃത്യങ്ങളെക്കുറിച്ച് പറഞ്ഞറിവേ ഉണ്ടായിരുന്നുള്ളൂ.

താണകുലത്തിൽ, ഓലമടലും കപ്പയും മാത്രമുള്ള കുടുംബ ത്തിലായിരുന്നു അയാളുടെ ജനനം. നാട്ടുകാരുടെ പ്രീതിയോടെ അവരുടെ ദാക്ഷിണ്യം നൽകിയ തുകയുമായി പഠിച്ച അയാൾ ഒരുന്നത അധികാരസീമയുള്ള ഉദ്യോഗലബ്ധിയോടെ, കഴിഞ്ഞ കാലത്തെ പാടെ മറക്കുകയായിരുന്നു.

പണത്തിന്റെയും പ്രതാപത്തിന്റെയും പിമ്പേ വാലാട്ടി നടക്കു മ്പോൾ ഇല്ലാത്തൊരു വംശമഹിമയെ വാരിപ്പുണരാനാവുമെന്ന് അയാൾ കരുതുകയാണുണ്ടായത്.

രാമു വിഷജന്തുവെ കണ്ടതുപോലെ അയാളെ കാണുമ്പോൾ മുഖം തിരിച്ചുപോന്നു. നികൃഷ്ടരോട് സഹവാസം പുലർത്തുന്ന ഇസ്മായിൽ സേട്ടാണ് ഇവിടെ ബഹുമാന്യൻ!

ബൂട്ടുകൾക്കിടയിൽ ഞെരുങ്ങിയ വിരലുകൾക്ക് ചതവുപറ്റി വീർ ത്തിരിക്കുന്നു. കൊഴുത്ത ചലം തൊലിയ്ക്കിടയിൽ ഉരുണ്ടുകൂടു കയാണ്.

നാടുതെണ്ടി ആകസ്മികമായി വീടെത്തിയതായിരുന്നു. ചലം കെട്ടിയ കുതിങ്കാലിൽ മരുന്നുപുരട്ടുമ്പോൾ രേണുകേടത്തിയുടെ കണ്ണുകൾ നിറഞ്ഞിരുന്നുവല്ലോ–

അനാർഭാടമായി നടക്കാവുന്ന രേണുകേടത്തിയുടെ വിവാഹം. എന്റെ അസാമീപ്യത്തിലും അത് നടന്നേ പറ്റൂ.

ഇൻസ്പെക്ടരുടെ ചിലമ്പിച്ച ഒച്ച.

“സാറിന് ഇനി പേടിക്കാനൊന്നുമില്ല. ഏതായാലും കൗശലം ഫലിച്ചിട്ടുണ്ട്.”

“........”

“ഉവ്വ്... ഞാനല്ലേ സാറേ... രക്ഷപ്പെടാനൊന്നുമാവില്ല...”

“........”

“ഞങ്ങൾക്കു തന്നെ ഒരാളെ രക്ഷിക്കാനും കഴിയുമല്ലോ. ഇതിൽ പേടിക്കാനൊന്നുമില്ല. കാര്യങ്ങൾ സുരക്ഷിതമാണ്.”

“........”

“ഇന്നു ഹാജരാക്കാം. ഉച്ചയ്ക്കുശേഷം.”

“........”

“അതു വേണ്ടിവന്നു. ഇതിന്റെയും സ്വാദറിയണമല്ലോ.”

“.......”

“ഏയ്യ്....ആകെ ഒറ്റപ്പെട്ടതുപോലല്ലേ. ഒരഞ്ചാറുമാസംകൊണ്ട് എല്ലാമാവും.”

“.......”

“കാണാം. ഞാൻ റെസ്റ്റോറണ്ടിൽ വരാം.”

“വീട്ടിലോ...? അതാവും നല്ലത്. പിന്നെ എന്റെ സ്ഥലമാറ്റക്കാര്യം. തിരുവനന്തപുറത്തു ചെല്ലുന്നില്ലേ? അപ്പോൾ ഐ.ജി. യെ കണ്ടാൽ മതി.”

“അത്ര ധൃതിയൊന്നുമില്ല. മിസ്സിസിന് എട്ടാം മാസമാണ്. നാട്ടി നടുത്തു തന്നെ കിട്ടണം. ഒരു പതിനഞ്ചു മൈലെങ്കിലും അടുത്താ യിരിക്കണം.”

“......”

“സാറ് ചെയ്യുമെന്നെനിക്കറിയാം. ഓ...... ഞാനെത്താം.”

ഇൻസ്പെക്ടർ റിസീവർ യഥാസ്ഥാനത്ത് ശബ്ദത്തോടെ വെയ്ക്കുന്നത് കേൾക്കാനാവുന്നുണ്ട്. വായുവിലെ സിഗരറ്റിന്റെ പുകയിൽ അയാൾ കസേരയിൽ ചായ്ഞ്ഞിരുന്ന് നാട്ടിലെ നവീനരാജാവായി വാണരുളന്നതിനെ സ്വപ്നം കാണുകയാണെന്നൂഹിക്കാം.

അച്ഛന്റെ ഒന്നാംകെട്ടിലെ സന്തതിയായിരുന്നതിനാൽ ഇൻസ്പെക്ടറുടെ ബാല്യകാലം കഷ്ടപ്പാടുകൾ നിറഞ്ഞതായിരുന്നു. രണ്ടാനമ്മയുടെ ശാപവചനങ്ങളിൽനിന്നും ശത്രുവെ എന്നതുപ്പോലെ തല്ലുന്ന അച്ഛന്റെ ഉഗ്രദണ്ഡനങ്ങളിൽനിന്നും അയാൾക്ക് മോചനമേ ഉണ്ടായിരുന്നില്ല.

പഠിച്ചുവന്നപ്പോൾ, ഒരു നല്ല ജോലി ലഭിച്ചപ്പോൾ സഹപാഠിനിയായ ആംഗ്ലോ ഇന്ത്യൻ പെണ്ണിനെ വേട്ട അയാൾ ബന്ധങ്ങളെപ്പോലും പാടെ മറക്കുകയാണുണ്ടായത്.

അരിഷ്ടത്തോടെ കീഴ്സന്താനങ്ങൾ കഴിയുമ്പോഴും, അച്ഛൻ വയസ്സു കാലത്ത് തൊടികിളയ്ക്കാൻ ചെല്ലുമ്പോഴും ചില്ലിക്കാശു പോലും അയാൾ അയയ്ക്കുകയേ ഉണ്ടായില്ല.

ഒരു വിവാഹത്തോടെ ജന്മനാടിന്റെ പേരിനുപോലും സ്ഥലം മാറ്റം വന്നിരിക്കുകയാണ്. വെളുത്ത തൊലിയും ആനച്ചന്തവുമുള്ള ചട്ടക്കാരി പെണ്ണ് ഇഷ്ടക്കേടൊന്നും കാട്ടാതെ പണസഞ്ചിയുടെ കനത്തെ മാത്രം നോക്കി അയാളെ വേൾക്കുകയാണുണ്ടായത്.

ഇസ്മായിൽസേട്ടിന്റെ നിഴൽപാടായ പവിത്രന് ഇൻസ്പെക്ടരുടെ കുടുംബരഹസ്യംപോലും അറിയാമായിരുന്നു.

പാർത്ഥൻ പതിയെ നടന്ന് ഇരുമ്പഴികളിൽ പിടിച്ച് പുറമേക്കു നോക്കിക്കൊണ്ടുനിന്നു.

അടുത്ത മുറികൾ ഒഴിഞ്ഞുകിടപ്പാണ്. ആലിലകൾ നിറഞ്ഞ മുറ്റത്ത് മതിലോരം ചേർന്ന് കിടപ്പാണ് ജീപ്പ്. ഇൻസ്പെക്ടർ അകത്തുണ്ടെന്നു തോന്നുന്നു.

ഖദറും ജുബ്ബയുമിട്ട് ഒരുപറ്റം ആളുകൾ ആവേശത്തോടെ

സംസാരിച്ച്, പടിയ്ക്കലെത്തുമ്പോൾ മൗനരായി അകത്തേക്കു വരുന്നതുകണ്ടപ്പോൾ പാർത്ഥൻ വേച്ചുവേച്ച് വീണ്ടും പഴയ ഇടത്തിലേക്കുതന്നെ നടക്കുകയായി.

നീണ്ട മണിക്കൂറുകളുടെ നരകയാതന ഒന്നെണീറ്റു നിൽക്കാൻ പോലും അസാദ്ധ്യമാക്കി യെന്നറിഞ്ഞപ്പോൾ പാർത്ഥൻ തറയിൽ ചുരുണ്ടുകൂടിക്കിടന്നു.

പോലീസുകാരൻ തട്ടിയുണർത്തിയതിൽപ്പിന്നീട് കൈകളിൽ വിലങ്ങു വീഴുകയാണുണ്ടായത്. നഗരപ്രദിക്ഷണം നടത്തി ജീപ്പിൽ യാത്ര തുടങ്ങുമ്പോൾ പാർത്ഥൻ തലകുമ്പിട്ട് ഇരുപ്പു തുടരുകയായിരുന്നു.

പത്രവാർത്ത സൃഷ്ടിച്ച പ്രകമ്പനം നാടെങ്ങും ഒരു പാട്ടായി ത്തീർന്നിരിക്കുമെന്ന് അയാൾക്ക് ഊഹിക്കുവാൻ കഴിഞ്ഞു. എങ്ങും പരിചിതനായ ഞാൻ നോക്കുകുത്തിയെപ്പോലെ അപഹാസ്യനാവുന്ന നിമിഷത്തെ ഭയക്കുകയായിരുന്നുവല്ലോ...

കോടതിവളപ്പിൽ വാനിൽ നിന്നിറങ്ങുമ്പോൾ ആൾക്കൂട്ടം എമ്പാടുമുണ്ടായിരുന്നു. രൂപത്തിൽ കുറ്റവാളിയായ എന്നെ അവർക്ക് തിരിച്ചറിയാനായില്ലെന്നു തോന്നുന്നു.

വരാന്തയുടെ ഓരംചേർന്ന്. കുന്തിച്ചിരിക്കുമ്പോൾ സംശയത്തോടെ മേത്തു വന്നുവീഴുന്ന അനേകം കണ്ണുകളെ പാർത്ഥൻ കാണുന്നുണ്ടായിരുന്നു. ആളെ തിരിച്ചറിയുമ്പോൾ നട്ടെല്ലിലേയ്ക്കു പടർന്ന പേടിയോടെ മുഖം തിരിച്ചു നടക്കുകയാണു പലരും.

പോലീസുകാർ വാതോരാതെ വീണ്ടും വർത്തമാനം ആരംഭിച്ചിരിക്കുന്നു. ഇൻസ്പെക്ടർ ഫയൽക്കെട്ടുമായി കോടതിക്കകത്താണ്. കൂടെ ഹെഡ്ഡും.

ചതഞ്ഞ് കുഴമ്പുകലങ്ങിയ അസ്ഥികൾ കരളുതുളയ്ക്കുന്ന വേദനയാണുയർത്തുന്നത്. തൊണ്ടയിൽനിന്നു കിനിഞ്ഞ രക്തത്തിന്റെ നനവ് ഇപ്പോഴും വായിൽ ശേഷിക്കുന്നുണ്ട്.

കോടതിവളപ്പിലെ ആൾക്കൂട്ടം വർദ്ധിച്ചുവരുന്നുണ്ട്. ഭീകരനും പൈശാചികനുമായ കുറ്റവാളിയെ ഒരുനോക്കു കാണാൻ തടിച്ചു കൂടുകയാണ് ജനം.

സർവ്വരേയും കാണാനുള്ള വെറുപ്പോടെ, നേർത്തൊരു ജാള്യതയോടേയും കാൽമുട്ടിൽ മുഖം പൂഴത്തിയിരിക്കുമ്പോൾ പാർത്ഥൻ ചുറ്റുപാടുകളിൽനിന്നും ഓടിയൊളിയ്ക്കാൻ ശ്രമിക്കുകയായിരുന്നു.

രാമുവിന്റെ തോളിൽ കയ്യിട്ട് പാർട്ടി ഓഫീസിൽ നിന്ന് തിരിച്ചു

നടക്കുകയായിരുന്നു. തൊലി ചീന്തുന്ന തണുപ്പുള്ള രാത്രി. കിടുങ്ങിത്തെറിക്കുന്ന വാക്കുകളുമായി അയാൾ പറഞ്ഞത് സകലരും പാഴിലായിപ്പോയെന്നു പറയാവുന്ന ധന്യമായ ഒരു ജീവിത ത്തെക്കുറിച്ചായിരുന്നു.

ആ രാമു ഇപ്പോൾ എവിടെയാണ്.

നേരം രണ്ടാകാത്തതിനാൽ കോടതി ബാറ് ഒഴിഞ്ഞുകിടക്കുകയാണ്. ഒരു നോക്കു കണ്ട് മടങ്ങിപ്പോയ ഗുമസ്തൻമാർ പിൻവശത്തെ ബെഞ്ചിൽ കേസ്സുകെട്ടുകൾക്ക് കാവൽ തൂണുകളായിരിക്കുന്നു.

മുറ്റം കവച്ച് നിഴലുപാവുന്ന മാവിന്റെ പഴുത്തിലകളാണ് ചുറ്റിലും. കൂട്ടം ചേർന്ന് അങ്ങിങ്ങായി നില്പാണ് മനുഷ്യർ. പാർത്ഥന്റെ വരവിനെക്കുറിച്ചുള്ള വാർത്ത അന്തരീക്ഷത്തിലെ ദുഷിച്ച നാറ്റത്തെപ്പോലെ ദിക്കെങ്ങും പരന്നിട്ടുണ്ട്.

ചക്രങ്ങൾ തേമ്പിനിന്ന കാറിൽനിന്ന് അലമുറയുമായി രോഹിണി ഇറങ്ങി ഒതുക്കുകല്ലുകൾ ചവിട്ടിത്തള്ളി വരാന്തയി ലേക്ക് വന്നപ്പോൾ പോലീസുകാർ അവർക്ക് വഴിതടഞ്ഞുനിന്നു. അവരുടെ കൈകളെ വകഞ്ഞുമാറ്റാൻ ശ്രമിച്ച അവൾ തേങ്ങിക്കരയുന്നുമുണ്ടായിരുന്നു.

ചുറ്റുപാടും നിന്നുയർന്ന ജനാരവവും പെൺകുട്ടിയുടെ അലറലും കേട്ടാവണം ഇൻസ്പെക്ടർ അകത്തുനിന്നും കടന്നുവന്നത്.

“ഭാര്യ കുറച്ചുനേരം സംസാരിച്ചോട്ടെ...”

തിരികെ നടക്കുമ്പോൾ അയാൾ പറഞ്ഞു:

ചിറപൊട്ടിയതുപോലെ പാഞ്ഞെത്തി വരിഞ്ഞുമുറുക്കി ഉച്ചത്തിൽ കരച്ചിലാരംഭിച്ചപ്പോൾ പാർത്ഥൻ സ്തബ്ധനായി. അവളുടെ പരുക്കൻ മുടിയിഴകളിലൂടെ വിരലോടിക്കാനെ അയാൾക്കായുള്ളൂ.

വരാന്തയ്ക്കോരം ചേർന്നുനില്പാണ് ഗംഗാധരനും ഭക്തവത്സലൻമാഷും. അവർക്കരികിലായി രേണുകേടത്തിയും അമ്മായിയും.

രോഹിണി തുടർച്ചയായി കരയുമ്പോഴും നിർവ്വികാരനും നിസ്സംഗനുമായി പാർത്ഥൻ നില്പ് തുടരുകയായിരുന്നു.

അന്ന് പൊടുന്നനെ പോലീസ് വളഞ്ഞപ്പോൾ എല്ലാ രക്ഷാമാർഗ്ഗങ്ങളും അടഞ്ഞ് കീഴടങ്ങുകയായിരുന്നു. ഘോരമർദ്ദനത്തിലൂടെ താപശക്തിയെപ്പോലുള്ള എന്റെ ദാർഢ്യത്തെ വിലപേശിയപ്പോൾ അടിയറവു പറ്റിയത് അവർക്കുതന്നെയായിരുന്നുവല്ലോ...

മഹത്തായ സാർവ്വലൌകികതയെക്കുറിച്ചു പറയുമ്പോഴും കത്തിയുടെ വായ്ത്തല മിന്നിത്തിളങ്ങുകയാണ്. പൊതുവിൽ

ബാഹ്യമോടിയെ ഭേദിച്ച് അകം ചികയുമ്പോൾ കാണുന്നത് സ്വന്തം അധീശത്വത്തെ അരക്കിട്ടുറപ്പിക്കുന്ന മീമാംസയെയാണ്.

അമല മഹത്തായ വിവേചനശാലിയും കാരുണ്യവാനുമായ ഉള്ളുരുകി അന്യർക്കായി ജീവിക്കുന്ന മനുഷ്യനെക്കുറിച്ചു പറയുകയായിരുന്നു. പാഠ്യപുസ്തകത്തിലെ വരികളെ അവജ്ഞതയോടെ ചെറുത്തുവന്ന ഒരുനിമിഷം.

“ജീവജാലങ്ങളിൽവെച്ച് ഏറ്റവും ഹീനൻ മനുഷ്യനാണ് പാർത്ഥേട്ടാ, ഒരു മൃഗം സ്വജീവരക്ഷക്കോ, ഭക്ഷണത്തിനോ വേണ്ടി മാത്രമേ മറ്റൊരു ജീവിയെ കൊല്ലു. പക്ഷേ ബുദ്ധിശാലിയെന്നഭിമാനിക്കുന്ന മനുഷ്യന്റെ മുഖം അതല്ല.”

സ്വവർഗ്ഗത്തെ വെട്ടിനുറുക്കി ഭക്ഷിച്ച വംശജരെക്കുറിച്ച് അവൾക്ക് കൂടുതലായും പറയാനുണ്ടായിരുന്നു.

“എന്താ പാർത്ഥേട്ടാ......? എന്താണുണ്ടായത്?”

രോഹിണി തേങ്ങലടങ്ങിയപ്പോൾ ചോദിച്ചു.

പോലീസുകാർ ജാഗരൂകരായി അയാളുടെ അരികെ നിൽപ്പുതന്നെയാണ്. പാർത്ഥൻ ചിരിക്കുകയേ ഉണ്ടായുള്ളൂ.

അയാൾക്കുതന്നെ കഴിഞ്ഞ സംഭവങ്ങളെക്കുറിച്ച് വ്യക്തമായ അവബോധങ്ങളൊന്നും ഉണ്ടായിരുന്നില്ല.

“എനിക്കറിയില്ല രോഹിണീ.”

ഇന്നലെ മുഴുക്കെ അലഞ്ഞുനടന്നിട്ടും ഒരു വിവരവും കിട്ടുകയുണ്ടായില്ല. ഡി.എസ്.പി. ഓഫീസുവരെ കയറി ഇറങ്ങിയതാണ്.

പൊടുന്നനെയാണു അവൾ അയാളുടെ ദേഹത്തെക്കണ്ടത്.

“പാർത്ഥേട്ടനെ അവർ വല്ലാതെ ഉപദ്രവിച്ചുവല്ലേ?”

ലോക്കപ്പുകളിലെ തൂങ്ങിമരണത്തെക്കുറിച്ചു കേൾക്കുമ്പോൾ സത്യമറിയാവുന്ന എല്ലാവരും മുഖംകുനിച്ചു നടക്കുകതന്നെയാണ്. എല്ലും കരളും നുറുങ്ങിയുള്ള അയാളുടെ മരണം ഒരു കൊലപാതകമാണെന്നതായിരുന്നിട്ടും ഭരണത്തിന്റെ രക്ഷാമാർഗ്ഗങ്ങൾ അവരെ സുരക്ഷിതരാക്കുകയാണ്.

പരശുരാമൻ ഓരോ തെരുവുമൂലയിലും സ്ഥാപിക്കേണ്ടുന്ന തൂക്കുമരങ്ങളെക്കുറിച്ച് പറയുകയായിരുന്നു. പക്ഷേ ഇപ്പോൾ അയാൾക്കായാണ് ആരാച്ചാർ വേട്ടക്കൊരുങ്ങി കാത്തു നിൽക്കുന്നത്.

ഗംഗാധരൻ രണ്ടുവാക്കുകൾക്കായി മുന്നോട്ടുവന്നപ്പോൾ പോലീസുകാർ തടഞ്ഞു. അയാൾ പിൻവാങ്ങി വീണ്ടും മൂകസാക്ഷിയെപ്പോലെ നിന്നു.

കടുത്ത വേനൽ മാവിന്റെ തളിരുകളെപ്പോലും കരിവാളിപ്പിച്ചി

രിക്കുന്നു. വിയർപ്പും പൂഴിയും നിറഞ്ഞ മുഖവുമായി നിരത്തിൽ നിന്നുവരുന്ന മനുഷ്യർ മാഞ്ചോട്ടിൽ ക്ഷീണം മാറ്റാനായി നില്പാണ്. കൂട്ടത്തിൽ പുതിയ കാഴ്ച കാണാനും.

''പാർത്ഥേട്ടൻ അന്നുരാത്രി എന്റെ കൂടെയായിരുന്നില്ലേ?''

പാർത്ഥൻ മൗനം തേടിയപ്പോൾ രോഹിണി തന്നെ തുടർന്നു:

''എല്ലാം ആ മനുഷ്യന്റെ പണിയാണ്. എന്റെ പാർത്ഥേട്ടൻ....''

അവൾ വീണ്ടും ചിറപൊട്ടിയതുപോലെ കരച്ചിലാരംഭിച്ചപ്പോൾ പാർത്ഥൻ അസ്വസ്ഥനായി.

ഒരു ലക്ഷ്യത്തെ മുൻകണ്ട് സർവ്വതും ബലികഴിച്ച് ഇറങ്ങിയ നിമിഷം തൊട്ട് ചോരനക്കിക്കുടിക്കുന്ന കിരാതമായൊരു ബീഭത്സ രൂപത്തിന്റെ, കാലോചിതം കോലം കെട്ടിയ ഇസ്മായിൽ സേട്ടിന്റെ മുഖാമുഖം നോക്കിനിന്ന നിമിഷംവരെ അയാൾക്കോർക്കാൻ കഴിഞ്ഞു.

ഇൻസ്പെക്ടർ വീണ്ടും വന്നപ്പോൾ പോലീസുകാരൻ കയ്യാമം അഴിച്ചു:

ഇടവലം പോലീസുകാരുടെ അകമ്പടിയോടെ ഹാളിനകത്തേക്ക്.

പ്രതിക്കൂട്ടിൽ മൗനം വിതച്ച നിശബ്ദതയുമായി നില്ക്കുമ്പോൾ വാതില്ക്കൽ ഈച്ചയാർക്കുന്ന ജനം. രോഹിണിയും രേണുകേടത്തിയും അമ്മായിയും കൂട്ടരും..

കറുത്ത പാപത്തിന്റെ പ്രതീകമായ ഗൗണുമിട്ട് തടിച്ച പുസ്തകങ്ങളിലെ ചിരപുരാതനാർത്ഥങ്ങളെ തേടുകയാണ് ബെഞ്ചിലെ വക്കീലന്മാർ. തഴുവിത്തേഞ്ഞ കേസ്സുകെട്ടുകളാണ് മേശപ്പുറത്ത്.

രാക്ഷസന്റെ കൈനഖങ്ങളെപ്പോലെ നീണ്ട ചിറകുകളുള്ള, മരണത്തിന്റെ ദിശാസൂചകമായ ഫാൻ മുഴക്കത്തോടെ കറങ്ങുന്നുണ്ട്.

പ്രതിക്കൂട്ടിലെ ചായം തേച്ച അഴികളിൽ അമർത്തിപ്പിടിച്ച് തറയിലമരുമ്പോൾ ചോര കിനിയുന്ന പാദങ്ങളുമായി നിന്ന പാർത്ഥൻ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു:

''ഞാനാണാ പെൺകുട്ടിയെ കൊന്നത്. അവളെ ഞാൻ തന്നെയാണ് നശിപ്പിച്ചത്... എന്നേയും കൊല്ലൂ...''

അയാളുടെ വാക്കുകൾ ഇടിമുഴക്കത്തെപ്പോലെ നിരത്തിനുമപ്പുറത്തെ വായുവിൽ ലയിച്ചു.

ചുവന്ന വില്ലിസ്സുവിരിക്കു പിന്നിലിരുന്ന ജഡ്ജി തന്റെ കട്ടികണ്ണടയുടെ കീഴ്പാളിയിലൂടെ പ്രതിയെ നോക്കുമ്പോൾ സ്വരൂപിച്ച ശക്തിയാകെ ചേർന്നുപോയതുപോലെ പാർത്ഥൻ തളർച്ചയോടെ അഴിക്കൂട്ടിൽ ഇരുപ്പായിരുന്നു.

മുപ്പത്

ടിപ്പുവിന്റെ പടയോട്ടം ദേശത്തു വമ്പിച്ച രൂപപരിണാമങ്ങൾ വരുത്തുകയായിരുന്നു. കൊന്നു ചത്തുവീണ മനുഷ്യരുടെ പുനർ സൃഷ്ടിയായിരുന്നു അപ്പോൾ നടന്നുകൊണ്ടിരുന്നത്. പരിപാവന ങ്ങളെന്നു കല്പിക്കപ്പെട്ടിരുന്ന, വിളിച്ചാൽ വിളികേൾക്കുന്ന ദേവത കളുടെ തട്ടകംപോലും പുഴക്കിമാറ്റുകയാണുണ്ടായത്.

മൈസൂർ സിംഹത്തിന്റെ ഉഗ്രമായ വരവ് ഒരു വെള്ളപ്പൊക്ക ത്തിന്റെ സംഹാരരൂപത്തോടെ നടമാടുകയായിരുന്നു.

തീപ്പെട്ട തിരുവില്ലാമല തമ്പ്രാക്കൾ അന്തർജനങ്ങളും പരിവാര ങ്ങളുമായി രായ്ക്കുരായ്മാനം പലായനം ചെയ്യുകയായിരുന്നു വല്ലോ.

എതിർത്തുനിന്ന നായന്മാരുടെ നെഞ്ചുപിളർന്ന് ഹിന്ദുകുല ങ്ങളെ മതപരിവർത്തനത്തിന് വിധേയരാക്കിക്കൊണ്ട് ടിപ്പു തന്റെ ജൈത്രയാത്ര തുടരുകയായിരുന്നു. ഒടുക്കം വേണാടുസിംഹമാ യുള്ള ഏറ്റുമുട്ടൽവരെ അതങ്ങനെ നീണ്ടു.

ഒരു പടകുടീരമായി പണിത കോട്ട നാടെമ്പാടും നടന്ന ക്ഷേത്ര ധ്വംസനങ്ങളുടെ സ്മാരകമായിരുന്നു. കോട്ടയുടെ കനത്ത മതിലുക ളിൽ ഹനുമാന്റെയും കാളിയുടേയും ശബരീശ്വരന്റേയും എണ്ണകിനി യുന്ന ശിലാരൂപങ്ങൾ.

പൊളിച്ചുമാറ്റപ്പെട്ട ഏതോ അമ്പലത്തിലെ പ്രതിഷ്ഠകളായ അവ കോട്ടയുടെ കെട്ടുകല്ലുകളായി മാറിയിരിക്കുന്നു.

ടിപ്പുവിന്റെ വീരോചിതമായ മരണത്തോടെ കോട്ടയുടെ നടത്തി പ്പും ഇംഗ്ലീഷുകാരുടെ കൈകളിലമരുകയാണുണ്ടായത്. കോട്ടയുടെ ഇരുണ്ട ഗുഹാന്തർഭാഗത്ത് അർപ്പിക്കപ്പെട്ട പൊന്നും പണവും ഇന്നും രഹസ്യമായി മണ്ണിൽപ്പൂണ്ടുകിടക്കുന്നു. ശ്രീരംഗത്തേക്കുള്ള ഭൂഗർഭപാത മണ്ണിടിഞ്ഞ് വിഷപ്പാമ്പുകളുടെ അധിവാസകേന്ദ്രമായി ആരാലും അറിയപ്പെടാതെ മറഞ്ഞുകിടപ്പാണ്.

കോട്ടയുടെ ശില്പമേന്മയുള്ള ആനവാതിലുകൾ പൊളിഞ്ഞ് ചെതലുകാർന്ന് ഗവേഷകപിണ്ഡമായി ഒതുങ്ങിക്കിടപ്പാണ്.

പാർത്ഥന് പാഠ്യപുസ്തകത്തിലെ ടിപ്പുവിന്റെ കോട്ട ആകർഷ കമാർന്ന ഒരിടമായിരുന്നു.

ഇപ്പോൾ എന്റെ മുന്നിൽ കരിങ്കൽതൂണുകളും മതിൽക്കെട്ടു കളുമുയർത്തുന്നത് ബന്ധനത്തിന്റെ അടുത്തുനടക്കാവുന്ന ഒരു കൊടും ക്രൂരതയുടെ നഗ്നചിത്രമാണ്.

കാലം പിന്നിട്ടപ്പോൾ കോട്ടയുടെ ശിരസ്സിൽ സ്വതന്ത്രനാടിന്റെ മൂവർണ്ണക്കൊടി പാറുകയാണുണ്ടായത്.

കലക്ട്രേറ്റും രജിസ്ട്രറാഫീസും സബ് ജെയിലുമായി കോട്ടയുടെ പ്രഥമ ഭാഗങ്ങൾ വീതിക്കപ്പെട്ടിരിക്കുന്നു. ടിപ്പുവിന്റെ സൈനികർ പതിയിരുന്ന, പീരങ്കികളുടെ ആസ്ഥാന കേന്ദ്രങ്ങളായ കരിങ്കൽ കോട്ടയുടെ വിടവുകളെ നോക്കി പഴയ കഥകൾ പറയുന്ന കുട്ടികളെ പാർത്ഥൻ മുമ്പൊക്കെ കണ്ടിട്ടുണ്ട്.

യൂണിയന്റെ ആവശ്യത്തിനായി എത്തിയതായിരുന്നു. ഓഫീസുകളുടെ കവാടം കടന്ന് ഒഴിഞ്ഞ പുൽമേടും കടന്ന് നടക്കുമ്പോൾ കവല കിണറിൽനിന്ന് കനത്ത ഇരുമ്പു ബക്കറ്റ് ഏറ്റിവലിക്കുന്ന മനുഷ്യരെ കാണുകയായിരുന്നു. കൂട്ടിനുവന്ന രാമു അവർ ആരാണെന്നറിയിച്ചു.

ജയിലർ കൂടുപൊട്ടിച്ചുതന്ന എഴുത്തിൽ രോഹിണിയുടെ വികലമായ അക്ഷരങ്ങൾ.

പാർത്ഥേട്ടൻ എന്തിനാണ് ചെയ്യരുതാത്ത ഒരു കുറ്റം ഏറ്റുപറയുന്നത്. അതിന്റെ ഫലം പാർത്ഥേട്ടനറിയാമല്ലോ? പാർത്ഥേട്ടൻ തെറ്റുകാരനല്ലാഞ്ഞിട്ടും തെറ്റിന്റെ മുമ്പിൽ കീഴടങ്ങുകയാണോ?

അന്നുരാത്രി ഞാൻ പാർത്ഥേട്ടനോട് നമുക്കു ജനിക്കാവുന്ന മോന്റെ മേന്മകളെക്കുറിച്ച് പറയുകയായിരുന്നു.

പാർത്ഥേട്ടൻ അധീരനാവുകയാണോ?

സ്വയം ചെയ്യാത്ത കുറ്റം പാർത്ഥേട്ടൻ സമ്മതിക്കുകയാണ്. പക്ഷേ എനിക്ക് പാർത്ഥേട്ടനേയുള്ളൂ. നമ്മുടെ മോൻ അച്ഛനെ കണ്ടു തന്നെ വളരണം.

പാർത്ഥേട്ടൻ വളരെ നല്ലവനാണ്. പാർത്ഥേട്ടനൊന്നും സംഭവിക്കില്ല. പിന്നീടും കുറെ ആശ്വാസവാക്കുകൾകൂടി.

രേണുകേടത്തിയുടെ എഴുത്തിലും സാന്ത്വനിപ്പിക്കലാണ്. ജീവിതത്തിന്റെ കരാളരൂപത്തെക്കുറിച്ചേ അവർക്കും പറയാനുള്ളൂ.

പാർത്ഥേട്ടൻ ഈ നിമിഷത്തിലാണ് ശക്തനാവേണ്ടത്. അടി പതറാതെ എന്തിനേയും അഭിമുഖീകരിക്കേണ്ടത്.

ജഡ്ജിയുടെ പ്രകമ്പനം കൊള്ളുന്ന വാക്കുകൾ ഇപ്പോഴും വായുവിൽ അലയ്ക്കുന്നുണ്ടെന്നുതോന്നുന്നു. ഹതാശയനായ എന്റെ നില്പ്കണ്ട് രോഹിണിയും മോഹാലസ്യപ്പെടുകയായിരുന്നുവല്ലോ.

മുന്നിലൂടെ കടന്നുപോവുന്ന പകലുകളെപ്പോലെ, ഇരുണ്ട രാത്രികളെപ്പോലെ, വാനിനകത്തിരിക്കുമ്പോൾ പാർത്ഥൻ നിശ്ചലനായിരുന്നു. പ്രക്ഷുബ്ധമായ അന്തരീക്ഷം. എല്ലാ പരിധിയും തെറ്റുമ്പോൾ ശാന്തതയിലേയ്ക്കാണ് പതിക്കുന്നത്. വാർഡന്റെ വിനാ

ഴികകൾക്കൊത്തുള്ള ചലനം മുന്നിലൂടെ നീങ്ങുന്നുണ്ട്. അയാളുടെ കറുത്ത് എല്ലുന്തിയ മുഖത്തെ ദൃഷ്ടികൾ ചികഞ്ഞുമാന്തി മുറിയെ തുരന്നുചെന്ന് ആളെ കണ്ടെത്തുമെന്നുപോലും പാർത്ഥന് തോന്നി.

നിന്നുമടുത്തപ്പോൾ പാർത്ഥൻ മുഷിഞ്ഞുനാറുന്ന കരിമ്പടത്തിൽ ചുരുണ്ടുകൂടി. നീണ്ട വരാന്തയിലെ മുറികളിൽ ഒന്നിൽ കൂടുതൽ പേരാണ്. അറ്റത്തെ കുടുസ്സായ മുറിയിൽ ബന്ധിക്കുമ്പോൾ നക്സലൈറ്റും അപകടകാരിയും കൊലപാതകിയുമായ എന്നെക്കുറിച്ച് അവർക്ക് മുൻ ധാരണകളുണ്ടായിരുന്നു.

മുറിയിലെ കുമ്മായം കാണാത്ത കൽച്ചുവരിൽ നഖമിട്ടുരസി എഴുതിയ പൂർണ്ണരൂപമാകാത്ത വാക്കുകളുടെ പാടുകളാണ്. തറയിൽ അടർന്ന ഇടത്തുനിന്നെടുത്ത ചരൽക്കല്ല് അമർത്തി ഉരച്ചെഴുതിയ വികലമായ തമിഴ് അക്ഷരങ്ങൾ.

മുമ്പത്തെ അധിപതി ഏതോ തമിഴനായിരിക്കും. അയാളുടെ കുറ്റമെന്താണാവോ

ആരായിരുന്നാലും അയാൾ മനുഷ്യസാമീപ്യമില്ലാത്തതിന്റെ പേരിൽ മനസ്സിലെ ഉല്ക്കടമായ വിങ്ങൽ ആരോടും പറയാനാവാഞ്ഞ് അത്യധികം വ്യസനിച്ചിരിക്കും മുന്നിലെ കരിങ്കൽച്ചുവരിനെ തീപാറുന്ന കണ്ണുകളോടെ, അദമ്യമായ അഭിവാഞ്ഛയുമായി നേരിട്ടിരിക്കാം.

ദൂരെനിന്ന് മറ്റു തടവുപുള്ളികളുടെ വാക്കുകൾ പാർത്ഥന് കേൾക്കാൻ കഴിഞ്ഞിരുന്നു. തോട്ടത്തിലേക്ക് നിരനിരയായി കടന്നുപോവുന്ന അവർ എന്റെ സെല്ലിനെ കാണുമ്പോൾ കൂടുതൽ ഭീതിയോടെയാണ് നോക്കുന്നത്.

പിന്നെ സമീപവാസിയായ വൃദ്ധനാണ്-

അലുമിനിയ പിഞ്ഞാണത്തിൽ വൻപയറും നനഞ്ഞൊട്ടുന്ന, കൊഴുത്ത കഫക്കട്ടയെപ്പോലുള്ള ശർക്കര തുണ്ടും ക്ലാവുപിടിച്ച ചെമ്പു കൂടാരത്തിന്റെ മണമുള്ള മഞ്ഞിച്ച ചാക്കരിച്ചോറിൽ മീതെ തൊലിപോലുമില്ലാത്ത സാമ്പാർ, രാത്രി എണ്ണം വെച്ചുതരുന്ന ചപ്പാത്തിയും.

ഓക്കാനിക്കാൻ വന്നിട്ടും വിശപ്പിന്റെ ആധിക്യംമൂലം അവയെ തിന്നുതീർക്കാൻ പാർത്ഥൻ പഠിച്ചിരിക്കുന്നു.

പക്ഷേ മൂത്രമൊഴിച്ച് നിറഞ്ഞുനാറുന്ന മൺതൊട്ടിയുമായി വാർഡന്റെ അകമ്പടിയോടെ കക്കൂസിലെത്തുമ്പോൾ എത്ര തന്നെ ആയിട്ടും പാർത്ഥൻ ദിവസവും ഛർദ്ദിച്ചുപോന്നു.

മണിക്കൂറുകളുടെ ബോധമുണർത്തുന്ന മണിമുഴക്കമാണ് ഇവിടെ ദിവസത്തിന്റെ അളവുകോലായി പരിണമിച്ചിരിക്കുന്നത്.

രാത്രിയിൽ വരാന്തയിലെ കൽതൂണിൽ സ്ഥാപിച്ച വിളക്കിലെ മുനിഞ്ഞ പ്രകാശം അകത്തേക്കിഴഞ്ഞെത്തുമ്പോഴും പൂർവ്വകാല സ്മരണകളിൽ ഓർമ്മയിൽ മനസ്സ് അമ്പിക്കിടക്കുകതന്നെയായിരിക്കും.

അടുത്തെങ്ങോ ഉള്ള മുറിയിൽനിന്ന് ഇരുട്ടുവീഴവേ നിത്യവും കേൾക്കാനാവുന്ന ഇമ്പമുള്ള തമിഴ്ഗാനത്തിന്റെ തുടക്കം വാർഡന്റെ ശാസന കേൾക്കുമ്പോൾ അയാളും മൂകനാവാറാണ് പതിവ്.

രാത്രിയുടെ വരവോടെ ഉറങ്ങാനായി കല്പിക്കപ്പെടുമ്പോൾ പിന്നീട് ഇരുട്ടിനോട് നിരന്തരം തങ്ങളുടെ മനോദുഃഖങ്ങൾ പറഞ്ഞു സല്ലപിക്കുന്ന മനുഷ്യർ തടവറകളുടെ താഴുകൾ തുറക്കുന്നത്, സ്വതന്ത്രരായി തണുത്ത വായു ശ്വസിച്ചുകൊണ്ട് തെരുവീഥിയിലൂടെ നടക്കുന്നത് സ്വപ്നം കാണുകയാവും.

ഇവിടെ പൊടുന്നനെയാണ് ഇരുട്ട് ആക്രമിച്ചെത്തുന്നത്. കോട്ടയുടെ ഉന്നതമായ മതിൽക്കെട്ടിനപ്പുറത്ത് സന്ധ്യ അപ്പോഴും ചുവന്നുതന്നെ ആയിരിക്കും.

ഭിത്തി ചാരി തലചരിച്ച് ഇരുമ്പു വാതിലിനപ്പുറത്തേക്കു നോക്കിയാൽ പാർത്ഥന് തുറസ്സായ ആകാശത്തിന്റെ ഒരുകീറ് കാണാൻ കഴിയുമായിരുന്നു. അവിടെ ഇടക്കിടെ ചിലച്ചുപറക്കുന്ന പക്ഷികളും കാക്കകളും ഒരു ക്ഷണം തങ്ങിനിന്ന് അപ്രത്യക്ഷമാവുന്നത് അയാൾക്ക് ഒര പൂർവ്വകാഴ്ചയാണ്.

രാത്രിയുടെ നിശ്ചിതസമയം എത്രയാണെന്ന് പാത്ഥനറിയാൻ കഴിഞ്ഞില്ല. മുറിയിലെ സ്ഥിരമായ ഇരുട്ടുനിമിത്തം ആകാശത്തിന് നിറപ്പകർപ്പ് സംഭവിക്കുമ്പോൾ മാത്രമാണ് യാമങ്ങളെക്കുറിച്ചറിയാൻ കഴിയുന്നത്.

അയൽവാസിയായ കിഴവൻ ഇരുട്ടിനോട് പുലമ്പിക്കൊണ്ടിരിക്കുകയാണ്.

കറുത്തുകുറിയ പൊണ്ണനായ ആ മനുഷ്യനെ ഇരുവശത്തും കനത്ത കാവലോടെ കക്കൂസിലേക്കും മറ്റും തെളിച്ചുകൊണ്ടുപോവുന്നത് പാർത്ഥൻ കാണുകയുണ്ടായിട്ടുണ്ട്. ആക്രമാസക്തനും വാർഡന്മാരുമായി കയ്യാങ്കളി നടത്തുന്നവനുമായ അയാളുടെ ബന്ധനാവസ്ഥ അതിജാഗരൂകമായിരുന്നു.

മുറിയിലെ വാടകെട്ടിയ ദുർഗന്ധമുള്ള വായുവിലേക്കു നോക്കി അയാൾ ലോകരെ ആകെ ശപിച്ചുപോന്നു.

‘‘എന്നെ ശിക്ഷിക്കാൻ ഇവരാരാ....? ഞാനാ നായിനെ കൊന്നത് എന്റെ മകനേയും മരുമകളേയും കൊന്നിട്ടാണ്.’’

വിദൂരമായ ഗ്രാമത്തിലെ രാജവാഴ്ചയുടെ ഓർമ്മപുതുക്കുന്ന ജന്മി. കിഴവൻ പട്ടാപ്പകൽ, നട്ടുച്ചയ്ക്ക് ജന്മിയെ വെട്ടിനുറുക്കുകയായിരുന്നുവത്രേ!

ചുവന്ന നിറമുള്ള ചെന്തളിരിന്റെ നഖങ്ങളുള്ള മൈലാത്താളെ വധുവായി സ്വീകരിക്കുമ്പോൾ അവൾ മൂലം തന്റെ മകൻ ബലിയർപ്പിക്കപ്പെടുമെന്ന് കിഴവൻ നിനച്ചിരുന്നില്ല. പതിനെട്ടുതികയാത്ത മൈലാത്താളിനോട് കിഴവന് അതീവ വാത്സല്യമായിരുന്നു. അവളുടെ പിമ്പെ മണം പിടിച്ചുനടന്നിരുന്ന മകനെ കാണുമ്പോൾ കിഴവന് തന്റെ ചെറുപ്പകാലത്തെ ഓർക്കാൻ കഴിഞ്ഞിരുന്നു.

മൈലാത്താളുടേയും മുരുകായിയുടെയും ആനന്ദം ഹ്രസ്വകാലത്തേക്കു മാത്രമായിരുന്നു. നിറഞ്ഞ യൗവ്വനസൗന്ദര്യത്തിന്റെ വർണ്ണപ്പൊലിമയുള്ള മൈലാത്താളിന്റെ ദുരന്തം ഒരു സന്ധ്യയ്ക്ക് ദേശം കാണാനിറങ്ങിയ ജന്മിയുടെ വരവോടെ ആരംഭിക്കുകയായി.

നീലകരിമ്പിൻതോട്ടത്തിന്റെ നടുപകുത്തൊഴുകുന്ന വഴിയിലൂടെ മൺകുടത്തിൽ വെള്ളവുമായി വന്ന മൈലാത്താൾ കാമോദ്ദീപകമായ ജന്മിയുടെ നോട്ടത്തിന്റെ പൊരുൾ ഊഹിച്ചറിഞ്ഞിരുന്നു.

ആളെവിട്ട് വിലപേശിയിട്ടും അവൾ വഴങ്ങാഞ്ഞപ്പോൾ കരിമ്പിൻ കാട്ടിന്റെ മറവിൽ പതിയിരുന്ന ജന്മിയുടെ കിങ്കരന്മാർ വളഞ്ഞുപിടിച്ച് അവളെ അയാളുടെ മുന്നിൽ ഹാജരാക്കുകയാണുണ്ടായത്.

ഭാര്യയെ കാണാഞ്ഞുള്ള മുരുകായിയുടെ തിരച്ചിൽ രാവ് പുലരുന്നതുവരെ നീണ്ടുനിന്നു. അപ്പോഴേയ്ക്കും ജന്മിയുടെ കിടക്കറയിലെ മൃഗീയതയ്ക്ക് വിധേയയാക്കപ്പെട്ട അവൾ മരണമടഞ്ഞിരുന്നു.

ശവം പിറ്റേന്ന് കരിമ്പിൻകാട്ടിലെ വെളിച്ചം കേറാത്ത മൂലയിൽ കാണപ്പെടുകയാണുണ്ടായത്.

പരുക്കേറ്റ കടുവയെപ്പോലെ തീരാപ്പകയുമായി നടന്ന മുരുകായി ഭാര്യയുടെ ഘാതകനെ കണ്ടെത്താനുള്ള തീവ്രശ്രമം ആഴ്ചകളോളം നടത്തുകയായിരുന്നു. ഒടുക്കം കിങ്കരന്മാരിൽ ഒരുവനിൽ നിന്നുതന്നെ വാർത്ത ചോർന്നുവീണപ്പോൾ മുൻകൂട്ടി തേച്ച് മൂർച്ച കൂട്ടിയ വാങ്കുകത്തിയുമായി അയാൾ ജന്മിയുടെ പുരയെത്തേടി പായുകയായിരുന്നു.

സിംഹത്തെപ്പോലെ കുരച്ച് ഗർജ്ജിച്ചു ചാടിയ നായയെ കുത്തി മലർത്തിക്കൊണ്ട് അകമുറിയിലേക്കെത്തിയപ്പോഴേയ്ക്കും ജന്മി ജീവരക്ഷാർത്ഥം ഒരു മുറിയിൽകയറി ഒളിച്ചിരുപ്പായിരുന്നു.

പിന്നീട് വാതിൽ പഴുതിലൂടെ പന്നിവേട്ടക്കെന്ന ഭാവേന സമ്പാ

ദിച്ച തോക്കിന്റെ കുഴൽ അയാളുടെ നെഞ്ചിനുനേരെ നീളുകയാണു ണ്ടായത്.

വിശാലമായ, കാടുപോലുള്ള കരിമ്പിൻകാട്ടിൽ അയാളുടെ മൃത ദേഹം രാത്രിപുകയുയർത്തിക്കൊണ്ട് അണഞ്ഞമരുകയാണുണ്ടാ യത്.

ഭാര്യാവിയോഗം മൂലം ദുഃഖാർത്തനായി ഏതോ കൊക്കറണി യിൽവീണ് ജഡംപോലും കാണാനില്ലെന്ന ദുഷ്പ്രചരണം ഗ്രാമ ത്താകെ പരന്നപ്പോഴും രണ്ടുമരണത്തിന്റെ യഥാർത്ഥ ഹേതു ജന്മി യാണെന്ന് കിഴവനു അറിയാൻ കഴിഞ്ഞിരുന്നു.

കിഴവൻ ധന്യമായൊരവസരത്തിനായി കാത്തുകെട്ടിയിരുപ്പ് തുടരുകയായി.

കരിമ്പും കടലയും നെല്ലും വിറ്റ് അറ നിറഞ്ഞപ്പോൾ കുടിച്ചുന്മ ത്തനായ ജന്മി പുതുതായി കോവൈയിൽ നിന്നു വരുത്തിയ പെണ്ണി നോടൊപ്പം ശയിക്കാനൊരുങ്ങിയപ്പോൾ ഇരുട്ടുന്നതിനുമുമ്പേ അകത്തു കടന്ന് കട്ടിലിനു കീഴെ പതിഞ്ഞുകിടക്കുന്ന ശത്രുവായ കിഴവനെക്കുറിച്ചറിയുകയുണ്ടായില്ല.

മദ്യത്തിന്റെയും കാമത്തിന്റെയും അഗ്നി ജന്മിയുടെ കണ്ണുകളെ മഞ്ഞളിപ്പിച്ചപ്പോൾ ഇരുട്ടത്തു നെഞ്ചുതുളയ്ക്കുന്ന കത്തിയുടെ വായ്ത്തലപോലും തിരിച്ചറിയാനാവാതെ പിടഞ്ഞു മരിക്കുക യാണുണ്ടായത്.

പ്രഭാതത്തിൽ നാട്ടാരെ മുൻനിർത്തി താൻ ചെയ്ത പാതക ത്തെക്കുറിച്ചു പറഞ്ഞ കിഴവൻ ചോരപുരണ്ട കത്തിയുമായി കവല ക്കിണറിലേയ്ക്ക് നടന്ന് പതിവുപോലെ മുങ്ങിക്കുളിച്ച് വെള്ള ച്ചോറും തിന്ന് കടലക്കാട്ടിൽ കാക്കകളെ ഓടിക്കാൻ പോവുകയാ യിരുന്നു. ഒരു കൊടുംപാപിയുടെ മരണത്തിൽ; കാലാകാലമായി അയാളുടെ വംശപരമ്പര ചെയ്തുവന്ന ക്രൂരകൃത്യത്തിൽനിന്നു മോചനം നേടിയ ഗ്രാമീണർ ആഹ്ലാദത്തിമർപ്പോടെ ആശ്വസിച്ചു പോന്നു.

പോലീസും പരിവാരവും മുൻകരുതലോടെ ചെന്നപ്പോൾ താ നൊരു തെറ്റും ചെയ്തിട്ടില്ലെന്ന് കണിശമായി പറഞ്ഞ് ഇടഞ്ഞു നിൽപ്പായിരുന്നു കിഴവൻ. അറസ്റ്റിനുചെന്ന രണ്ടു പോലീസുകാരെ കരുത്തനും പ്രാകൃതനുമായ അയാൾ അടിച്ചുമലർത്തിയിരുന്നു.

ദുഷ്ടനും മനുഷ്യത്വമില്ലാത്തവനുമായ ജന്മിയെ കൊന്നതിൻറ പേരിൽ, ഗ്രാമവാസികളെ ആകെ ഒരു വന്യമൃഗത്തിന്റെ ക്രൂരഹസ്ത ത്തിൽനിന്ന് രക്ഷിച്ചുവെന്ന അഭിമാനമായിരുന്നു അയാൾക്കുണ്ടായിരുന്നത്. കിഴവന് സംസ്ക്കാരമില്ലാത്ത

തിനാലാണെന്നു തോന്നുന്നു നവീന ശിക്ഷാവിധിയുടെ ആവശ്യക തയെക്കുറിച്ച് ഒരു വകതിരിവുമുണ്ടായിരുന്നില്ല.

കിഴവൻ തന്റെ നേരെ കല്പനകളും ആജ്ഞകളുമായിവന്നവരെ എല്ലാം തച്ച് ഓടിക്കുകയായിരുന്നു. തന്റെ ശരിയുടെ മുനമ്പിൽ കടിച്ചുതൂങ്ങിയ കിഴവൻ മറ്റുള്ളവർ ചൂണ്ടിക്കാണിച്ച തെറ്റിനെക്കുറിച്ച് ഗൗനിക്കുകയേ ഉണ്ടായില്ല. ഫലം തടവറയിൽ മാരകമായ കാത്തുസൂക്ഷിക്കലും ഏകാന്തതയും.

കിഴവന്റെ ഇരുണ്ട ഗുഹയിൽ നിന്ന് തിരുക്കുറലിന്റെ തമിഴ് ശില് ഉയരുന്നുണ്ട്. മറ്റു സെല്ലുകൾ പ്രായേണ നിർജ്ജീവമാണ്. ചിട്ടയോടെ കടന്നുപോവുന്ന വാർഡന്റെ ബൂട്ട്സിന്റെ മുഴക്കം വരാന്തയുടെ അറ്റത്ത് തേഞ്ഞുതീരവേ തന്നെ അവ വീണ്ടും അടുത്തടുത്തു വരുകയാണ്.

ചോര കുടിച്ച് പുറന്തോട് എമ്പാടും ചുവന്ന മൂട്ടകളുള്ള, നാറ്റവും അനേകരുടെ വിയർപ്പിന്റെ നനവുള്ള കരിമ്പടത്തിൽ ഉറങ്ങാതെ കിടപ്പായിരുന്നു പാർത്ഥൻ. വരാന്തയിലെ മിനുങ്ങുപ്രകാശം ഇരുമ്പഴികളെ താണ്ടി ലേശം അകത്തേക്കെത്തുന്നുണ്ട്. ജയിൽ വളപ്പിലെ സ്തൂപം പോലുള്ള മതിൽക്കെട്ടിൽ നിഴലുവീഴ്ത്തുന്ന ആര്യവേപ്പിൽ നിലാവിന്റെ പൊലിമ വീണുതെന്നുകയാണ്.

എന്റെ മോചനവും തുടർന്നുള്ള ശാന്തമായ ജീവിതത്തേയും പ്രതീക്ഷിച്ച് രോഹിണി കാത്തിരുപ്പാണ്. അവളുടെ ഗർഭത്തിൽ പച്ചപിടിക്കുന്ന കുഞ്ഞ് വളരെ നിർഭാഗ്യവാനാണെന്നു തോന്നുന്നു. അവന്റെ മുഖം കാണുന്നതിനു മുമ്പെയാവും ഒരു പക്ഷേ എന്റെ വിധി നടപ്പിലാവുക.

കിഴവന്റെ ഗുഹയിൽനിന്ന് മുക്രയിടുന്നതുപോലുള്ള കൂർക്കം വലി കേൾക്കാനായി. നെരിപ്പോടിലെരിയുന്ന പകയുമായി പകലുകളെ നീക്കുന്ന കിഴവൻ പരിപൂർണ്ണമായും അബോധതലത്തിലേക്കെന്നോണമാണ് ഉറക്കത്തിലേക്കു വീഴുന്നത്.

പാർത്ഥനും നല്ലതുപോലെ ഒന്നുറങ്ങണമെന്നുണ്ടായിരുന്നു. പക്ഷേ. ഉറക്കം അയാളിൽനിന്നകന്നിട്ട് മാസങ്ങളെത്രയോ ആയിരിക്കുന്നു.

വേപ്പിന്റെ കമ്പ് ചതച്ച് പല്ലുതേച്ച്, മൂത്രപ്പാന ഏറ്റി ശൗചകർമ്മങ്ങൾ തീർത്ത് വീണ്ടും തടവറയെ പ്രാപിക്കുമ്പോഴേയ്ക്കും വെയിലിനു ചൂടുകയറിയിരിക്കും.

വാർഡർമാരുടെ അകമ്പടിയോടെ കിണറ്റിൻകരയിൽ നിന്നു തന്നെയാണ് പാർത്ഥന്റെ കുളി. പിഞ്ഞിപ്പൊളിഞ്ഞ ജയലധി

കാരികൾ ദാസ്യഭാവത്തോടെ നല്കിയ വിനീതവസ്ത്രം ചുറ്റി തിരികെ സെല്ലിലെത്തുമ്പോൾ ആസ്വാദ്യതയുയർത്തുന്ന ഇളം വെയിലിന്റെ ചൂടുപോലും നിഷേധിക്കപ്പെട്ടതോർത്തുള്ള മനോവൈഷമ്യമായിരിക്കും അയാൾക്ക്.

ഉച്ചയ്ക്ക് കുശുമ്പുകാട്ടിയതിനാൽ മുത്തശ്ശി അറയ്ക്കകത്ത് അടച്ചിടുകയായിരുന്നു. അവിടെ കിടന്ന് തൊള്ളപൊട്ടുമാറ് ഒച്ചയിട്ടപ്പോൾ മുത്തശ്ശി തോറ്റ് പിന്മാറുകയായിരുന്നുവല്ലോ.

കാലത്തെ മഞ്ഞിച്ചകഞ്ഞിയും ചീരക്കറിയും ഊതിപ്പാറ്റി അകത്താക്കിയത് എപ്പേഴോ ദഹിച്ചിരിക്കുന്നു.

വരാന്തയ്ക്കുപ്പുറത്തുള്ള തോട്ടത്തിൽ മറ്റന്തേവാസികൾ പണിയെടുക്കുകയാണ്. വാർഡന്മാർ മേൽനോട്ടം വഹിച്ച് ആര്യവേപ്പിന്റെ കീഴെ സംസാരിച്ചു നില്പാണ്.

കിഴവൻ പകയോടെ തന്നോടായിതന്നെ പുലമ്പുന്നുണ്ട്. വാർഡന്റെ ബൂട്ട്സിന്റെ താളം അടുത്തെത്തവെയാണ് അയാൾ കൂടുതൽ രോഷാകുലനാവുന്നത്.

ജയിലർ പതിവുപോലെ വീസിറ്റിങ്ങിനായി വരാന്തയിലൂടെ കടന്നുവന്നത് പാർത്ഥൻ കാണുകയുണ്ടായില്ല. ഇരുമ്പഴികൾക്കരികെ വന്നുനിന്ന അയാൾ മുഖം കുനിച്ച് അകത്തേക്കു നോക്കിയപ്പോഴേ പാർത്ഥൻ കാണുകയുണ്ടായുള്ളൂ.

"സുഖം തന്നെയല്ലേ....? ഇവ്ടെ വിഷമമൊന്നുമില്ലല്ലോ...."

ജയിലറുടെ ചോദ്യം കേട്ട് അത്ഭുതത്തോടെ പാർത്ഥൻ നോക്കി.

"സർക്കാരനുവദിച്ചിട്ടുള്ളതെല്ലാം അകമഴിഞ്ഞ് ചെയ്തുതരാൻ ഞാൻ സന്നദ്ധനാണ്. എനിക്ക് നിങ്ങളുടെ വൈഷമ്യം അറിയാം."

ആരുടേയോ തെറ്റിന്റെ, അതല്ല ജന്മാന്തരങ്ങളുടെതുതന്നെയോ കുരുക്കിൽ അകപ്പെട്ടു കിടക്കുകയാണ് ഇവിടെ പലരും. വ്യക്തിയുടെ അന്തർഗതത്തിൽ നീറിപ്പുകയുന്ന പക വ്യക്തികളിലൂടേയും അടുക്കും ചിട്ടയുമുള്ള ക്രമാനുസൃതമായ സംവിധാനത്തിലൂടേയും ഇവിടേയ്ക്കെത്തപ്പെടുമ്പോൾ അത് സമൂഹത്തിന്റെ നേർക്കായി പരിപൂർണ്ണമായി പിന്തിരിയുകയാണ്.

ഇരുമ്പഴികൾക്കകത്തെ ഭാരിച്ച ഒരോ നിമിഷവും പാർത്ഥന് കടുത്തതായിരുന്നു. വിചാരണയുടെ അവസാനംവരേയും തന്റെ സമചിത്തത ഉണ്ടാവുമോ എന്ന് അയാൾ ബലമായി സംശയിച്ചു.

"പാർത്ഥൻ വക്കീലിനെവെച്ച് വാദിക്കുന്നില്ലെന്നു കേട്ടു?"

"തെറ്റു ചെയ്യാഞ്ഞിട്ടും കുറ്റവാളിയാവുമ്പോൾ ശിക്ഷ അനുഭവിക്കുകയാണ് നല്ലതെന്നു തോന്നുന്നു. ചിലരുടെ വിധിയെ ആർക്കും തടുക്കാനാവില്ല."

ജയിലർ അകന്നപ്പോൾ പാർത്ഥൻ വീണ്ടും തനിച്ചായി. മണിക്കൂറുകളോളം നീണ്ടുനില്ക്കുന്ന മൗനത്തെ തച്ചുടയ്ക്കുന്ന ജയിലർ കനത്തൊരു ഭാരമാണ് ഇറക്കിവെയ്ക്കുന്നത്.

അമല ഒച്ചയിട്ടു സംസാരിക്കുമ്പോൾ വൃന്ദ അനാവശ്യമായി ശാസിക്കുമായിരുന്നു. മനുഷ്യന്റെ വാക്കുകൾ അപരിചിതമായ ഇവിടെ അവയെ കേൾക്കാനാണ് കൊതിക്കുന്നത്.

മനുഷ്യത്വത്തിനു വിലങ്ങുകളിടുന്ന ജയിലറുടെ പൈശാചികമായ ഒരു ചിത്രമായിരുന്നു എന്റെ മുമ്പിലുണ്ടായിരുന്നത്. ഇവിടെ അതല്ല. പരമശാന്തൻ. സുഹൃത്തുക്കളോടെന്നോണം കുശലങ്ങൾ പതിവായി അന്വേഷിക്കുന്ന മനുഷ്യൻ. ജയിൽ മാനുവലിനു കീഴെയുള്ള സർവ്വ സൗകര്യങ്ങളും നൽകാൻ സന്നദ്ധൻ.

ആദ്യകാല ജയിലനുഭവം-

രാഷ്ട്രീയക്കാരായിരുന്നതിനാൽ ഒറ്റക്കെട്ടായി എന്തിനേയും എതിർക്കാൻ പോന്ന ഉൾക്കാമ്പുണ്ടായിരുന്നു. പട്ടികൾപോലും തിന്നാത്ത ആഹാരം മുന്നിലെത്തുമ്പോൾ അവയെ തട്ടിനീക്കി നിരാഹാരം അനുഷ്ഠിച്ച് ഒരുവിധം മെച്ചപ്പെട്ട നിലവാരം പുലർത്തുന്ന ആഹാരം പോലും ഞങ്ങൾക്ക് നേടാൻ കഴിഞ്ഞിരുന്നു.

സെൻട്രൽ ജയിലിന്റെ മതിൽക്കെട്ടുകൾക്കകത്ത് വിഭിന്ന ദേശത്തെ പ്രതിനിധാനം ചെയ്യുന്ന മനുഷ്യരെ കാണുമ്പോൾ രാഷ്ട്രീയത്തിന്റെ ഏകരൂപമായ ഒരു ചിത്രമാണു ലഭിച്ചിരുന്നത്.

തുറസ്സായ ആകാശത്തിന്റെ ഒരു കീറുരൂപത്തിന് ഇപ്പോൾ നീലനിറമാണ്! കാറ്റത്തൊഴുകുന്ന മേഘങ്ങൾ പഞ്ഞികളെപ്പോലെ പാറുന്നു.

ഇരുമ്പുപടി തുറന്ന് വാർഡൻ വന്നപ്പോൾ പാർത്ഥൻ പുറകെ ചെല്ലുകയായി.

ജയിലോഫീസിൽ ചെന്നപ്പോൾ കസേരയിലിരിക്കുന്ന അനന്തേട്ടനെയും മുകുന്ദനെയും കണ്ട് പാർത്ഥൻ ഞെട്ടി.

പിൻതിരിഞ്ഞു നടക്കാൻ ശ്രമിച്ച അയാൾ മുകുന്ദന്റെ വിളികേട്ടു നിന്നു. പത്രത്തിലൂടെ വാർത്ത നാടെമ്പാടും കൊട്ടിഘോഷിക്കപ്പെടുകയാവും. വീടിന്റെ പടി താണ്ടുമ്പോൾ എന്റെ മുന്നിലെ ഏതു മതിൽ കെട്ടുകളേയും തകർക്കാമെന്ന് കരുതുകയായിരുന്നു.

അനന്തേട്ടന്റെ മുഖത്ത് വിഷണ്ണഭാവമാണ്. മുകുന്ദനും ദൈന്യതയോടെ ചടഞ്ഞുകൂടിയാണിരുപ്പ്

അനന്തേട്ടനോട് നെഞ്ചുനിവർത്തി സംസാരിക്കുകയായിരുന്നു ഞാൻ. എന്റെ മാർഗ്ഗങ്ങളിൽ അബദ്ധം കണ്ടെത്തിയവരെ എനിക്കു ചെറുക്കാൻ കഴിഞ്ഞിരുന്ന കാലഘട്ടം.

“പാർത്ഥേട്ടൻ നടന്ന സംഭവങ്ങൾ ശരിക്കു പറയണം. എനിക്കെന്തെങ്കിലും ചെയ്യാൻ കഴിയും.”

ഒരുപക്ഷേ അറ്റകൈക്ക് എന്നെ രക്ഷിക്കാനായെന്നുവരും. എന്നിട്ട് ഞാനെങ്ങോട്ടാണ് പോവുക?

വീണ്ടും പഴയമനുഷ്യരെ നേരിടാൻതക്ക കരുത്ത് എന്നിൽനിന്ന് ചോർന്നുപോയിരിക്കുന്നു. ഇസ്മായിൽ സേട്ടിന്റെ മുന്നിൽനിന്ന് ഞാൻ പിന്മാറേണ്ടിയിരിക്കുന്നു.

ജയിലർ ഫയലുകളിൽ ശ്രദ്ധപൂഴ്ത്തിയിരിക്കയാണ്. വാതില്ക്കൽതന്നെ തിരികെ കൊണ്ടുപോവാനായി വാർഡൻ കാത്തു നില്പാണ്. പൂർവ്വകഥാകഥനം നടുത്തുമ്പോൾ എവിടേയും എന്റെ ജനനം മുതല്ക്കാണ് ആരംഭിക്കേണ്ടത്. ഇവരോട് എല്ലാം പറഞ്ഞിട്ടു തന്നെയെന്ത്?

“ഞാനൊരു ക്രിമിനൽ വക്കീലാണ്. പ്രൊഫഷണലിലുള്ള ഒരു വക്കീലും തന്റെ സഹോദരൻ ശിക്ഷിക്കപ്പെടുന്നത് കാണാനിച്ഛിക്കില്ല. അതു സംഭവിച്ചാൽ അയാൾക്ക് വക്കീലായി തുടരാനാവില്ല.”

പാർത്ഥൻ പൊടുന്നനെ പൊട്ടിച്ചിരിച്ചപ്പോൾ മുകുന്ദൻ അമ്പരപ്പോടെ അയാളെ നോക്കി.

സ്വന്തം ഇരിപ്പടത്തെ കരുതലോടെ കാത്തുപോരുന്ന മുകുന്ദന്റെ രൂപമാണ് അപ്പോഴയാളുടെ മനസ്സിൽ മുളപ്പെടുകയുണ്ടായത്. മിസ്സിസ്സ് പത്മനാഭന് മകൻ സൃഷ്ടിച്ച പുതിയ വാർത്ത കനത്തൊരു ആഘാതമായിരിക്കും. അവരുടെ വിസ്തൃമായ മായികമണ്ഡലത്തിൽ അതേക്കുറിച്ചുതന്നെയാവും വൃത്താന്തം.

“ഞാൻ എന്റെ വഴി സ്വയം തിരഞ്ഞെടുത്തതാണ്. അവിടേയ്ക്ക് ആരും കടന്നുവരണമെന്നില്ല. എന്റെ ശരിയുടേയും തെറ്റിന്റേയും ഫലങ്ങളെ ഞാൻ തന്നെ അനുഭവിക്കാമെന്ന് പണ്ടേ നിശ്ചയിച്ചു കഴിഞ്ഞതാണ്.”

“പക്ഷേ പാർത്ഥേട്ടൻ ചെയ്യുന്നതിന്റെ ഫലം ഞങ്ങൾ കൂടി അനുഭവിക്കേണ്ടിവരുമ്പോൾ...?”

“അതിന് ഞാനല്ലല്ലോ തെറ്റുകാരൻ!”

“നീ നിന്നെക്കരുതിയെങ്കിലും കോടതിയിൽ വാദിച്ചേ പറ്റൂ. ചെയ്ത പ്രവൃത്തിയുടെ തെറ്റിനും ശരിക്കും ഇപ്പോൾ പ്രസക്തിയില്ല.”

ശാലീനയായ ഒരു പെൺകുട്ടിയെ ഞാൻ ആക്രമിച്ചു കൊന്നെന്ന് സകലർക്കും വിശ്വസിക്കാം. പത്രത്തിന്റെയും പോലീസിന്റെയും പ്രക്ഷേപണത്തിനപ്പുറം നിജസ്ഥിതിയെ കണ്ടെത്താനായി ആർക്കും ഉദ്യമിക്കേണ്ടതില്ല.

അനന്തേട്ടന് വീണ്ടും പഴയകഥകളേ പറയാനുണ്ടായിരുന്നുള്ളു. അവയെ കെട്ടുകളഴിക്കുമ്പോൾ അദ്ദേഹം വാചാലനുമായിരുന്നു.

ഞാൻ ആദ്യകാലത്ത് അമ്മയുമായി ഇടഞ്ഞതുമുതൽ ഇപ്പോൾ ഒരു കുടുംബത്തിന് മാനഹാനി വരുത്തിവെച്ച ആരേയും ലജ്ജിപ്പിക്കുന്ന പെൺകുട്ടിയുടെ മരണംവരെ.

അനന്തേട്ടൻ പോലും കൂടുതലായി സത്യസ്ഥിതിയെപ്പറ്റി ചോദിച്ചറിയുകയുണ്ടായില്ലെന്നത് പാർത്ഥൻ പ്രത്യേകം ശ്രദ്ധിക്കുകയുണ്ടായി.

മുറിയിൽനിന്ന് തിടുക്കത്തോടെ പുറത്തേയ്ക്കു കടന്നപ്പോൾ കാവൽ പരിഷയായ വാർഡനും അയാൾക്കു കൂട്ടുചേർന്നു.

ഇരുമ്പഴികൾക്കകത്ത് വീണ്ടും ബന്ധനസ്ഥനായപ്പോൾ, പാറക്കെട്ടിന്റെ നാലതിരുകൾക്കകത്ത് ലോകം വീണ്ടും കുറുതായി വന്നപ്പോൾ ജയിലർ തിടുക്കത്തോടെ എത്തി.

''ഞാനും പാർത്ഥന്റെ സംസാരം കേൾക്കുന്നുണ്ടായിരുന്നു. നമ്മൾക്ക് പ്രവർത്തിക്കാനേ ആവൂ. എല്ലാം വിധാതാവ് തന്നെയാണ് നിശ്ചയിക്കേണ്ടത്. അവസാന ശ്രമമായെങ്കിലും ചെയ്തുകൂടെ?''

നിരാശനായി ജയിലറേയും അയച്ച് തോട്ടത്തിലേക്ക് ശൂന്യദൃഷ്ടികളോടെ നോക്കിനില്ക്കുമ്പോൾ സമയമറിയിക്കുന്ന മണി മുഴങ്ങുന്നത് പാർത്ഥൻ കേട്ടു. പണിനിർത്തിയ തടവുകാർ വിയർത്തു കുതിർന്ന ശരീരങ്ങളുമായി വാർഡന്മാരുടെ പരിവാരസേവയോടെ തിരികെ പോവുകയാണ്. കന്നുകൾപോലും കുടിക്കാത്ത കാടിവെള്ളത്തെപ്പോലുള്ള വിഭവങ്ങൾ ഉച്ചയൂണിനായെത്താം.

അയൽവാസിയായ കിഴവൻ മകൻ മുരുകായിയുടെ പേരുപറഞ്ഞ് പുലമ്പുകതന്നെയാണ്. കറുത്തതെങ്കിലും ദൃഢവും, ശക്തവുമായ ദേഹത്തെക്കുറിച്ചും, അവൻ അവിവാഹിതനായിരുന്നപ്പോൾ ഗ്രാമത്തിലെ പെമ്പിള്ളേർ ആരാധനയോടെ മനസ്സിൽ പൂവിട്ടു പൂജിച്ചിരുന്നതിനെക്കുറിച്ചുമാണ് അയാൾ പറഞ്ഞുവരുന്നത്.

ജാതകപ്പൊരുത്തത്തോടേയും ഗ്രാമമുഖ്യന്റെ ആശീർവ്വാദത്തോടേയും നടന്നതായിരുന്നുവല്ലോ അയാളുടെ മകന്റെ കല്ല്യാണവും!

മുപ്പത്തിയൊന്ന്

പോലീസുകാരുടെ കടുംകാവലോടെ ആരംഭിക്കുന്ന യാത്ര, സന്ധ്യയോടെ മറ്റൊരു തീയതിക്ക് കേസ്സ് നീട്ടിയെന്ന അനുമാനവുമായി തിരിച്ചെത്തുമ്പോൾ പാർത്ഥൻ ആകെ തളർന്ന് വിവശനായിരിക്കും.

കോടതിവരാന്തയിലെ ആദ്യകാലരംഗങ്ങളെല്ലാംതന്നെ ഇപ്പോൾ പാടെ ഉപേക്ഷിക്കപ്പെട്ടിരിക്കയാണ്. പുതിയ വാർത്തകൾ ശ്രദ്ധയെ പിടിച്ചുപറ്റിയിരിക്കുന്നു. പഴുത്ത മാവിലകൾ നോക്കി അലസമായി ചടഞ്ഞിരിക്കുമ്പോൾ വയറുതാങ്ങി, വിളർത്ത മുഖവും എണ്ണയില്ലാതെ പാറിപ്പറക്കുന്ന മുടിയിഴകളുമായി കടന്നുവരുന്ന രോഹിണി നേർത്തൊരു കുറ്റബോധമാണു എന്നിലുയർത്തുന്നത്.

എന്റെ പിറക്കാത്ത കുഞ്ഞ്-എന്റെ കാലാവധിക്കുശേഷം രോഹിണി തുടരേണ്ടുന്ന ഇനിയത്തെ ജീവിതം.

രോഹിണിയുടെ കൂട്ടിന് രേണുകേടത്തി ആയിരിക്കും. കോടതി വളപ്പിൽവെച്ച് ആകാംക്ഷയോടെ എല്ലാം പറഞ്ഞുതീർക്കാൻ പോലീസുകാർ അനുവദിക്കാറില്ല.

രോഹിണിയോടൊത്ത് തെരുവിലൂടെ നടക്കുകയായിരുന്നു ഞാൻ. ഏതോ രാത്രി. നക്ഷത്രങ്ങൾ പോലും ഉറക്കത്തിലകപ്പെട്ട ആകാശം.

എന്റെ ഏതു പരുക്കൻ ജീവിതത്തിലും അലിഞ്ഞുചേരാൻ തക്ക മനശക്തി ഉണ്ടെന്നു പറയുകയായിരുന്നു അവൾ.

വാനിന്റെ സീറ്റിൽ തലകുമ്പിട്ടിരിക്കുമ്പോൾ ഭൂപ്രദിക്ഷിണം നടത്തുന്ന വയലുകളും ചെടപിടിച്ച ആൽവൃക്ഷവും സ്വാതന്ത്ര്യത്തിന്റെ നാളുകളെ ആയിരുന്നു ഓർമ്മിപ്പിച്ചിരുന്നത്. ശുദ്ധവായുവെ ഓർത്തുള്ള ഉല്ക്കടകമായ അഭിവാഞ്ഛ അയാളുടെ മനസ്സിൽ അഗ്നിനാളത്തെപ്പോലെ ജ്വലിക്കുന്നുണ്ടായിരുന്നു.

വീണ്ടും ജയിലറയിലേക്കുവന്ന മുകുന്ദന് പഴയവാക്കുകളെ ഉച്ചരിക്കനുണ്ടായിരുന്നുള്ളൂ.

പാർത്ഥേട്ടൻമൂലം ഞാൻ പ്രൊഫഷനിൽ നിന്നുപോലും പുറന്തള്ളപ്പെട്ടുപോവുക.

നൈരാശ്യത്തോടെ അവനെ തിരിച്ചയക്കുമ്പോൾ ജയിലർ ഇപ്പോൾ ഒരു സദുപേദേശത്തിനായൊന്നും മുതിരാറില്ല. തന്റെ കീഴിൽ നടത്തപ്പെടുന്ന പുതിയജീവിയുടെ ബാഹ്യപ്രകൃതവുമായി അയാളും പൊരുത്തപ്പെടുവാൻ ശ്രമിക്കുന്നുണ്ടെന്നു തോന്നുന്നു.

രേണുകേടത്തിയുടെ നെടുനീളൻ കത്തുകളിലും ചെയ്യാത്ത തെറ്റിനായി ശിക്ഷവരിക്കേണ്ടുന്നതിന്റെ അപാകതയെക്കുറിച്ചാണെഴുതിയിരുന്നത്. പഴയകാലങ്ങളിലേക്ക് അവരുടെ വാക്കുകൾ വെളിച്ചം വീശുമ്പോൾ പാർത്ഥൻ ഒരു നടുക്കത്തോടെ കഴിഞ്ഞ നിമിഷങ്ങളെക്കുറിച്ചോർക്കുകയായിരുന്നു.

പിന്നെ ജോസഫിന്റെ കത്താണ്.

വിവരമറിഞ്ഞ് തമിഴ്നാട്ടിൽനിന്ന് ഓടിപ്പിടഞ്ഞെത്തിയ

അയാൾക്ക് ഒരു പകൽ മുഴുക്കെ ജയിൽകവാടത്തിൽ കാത്തുനിന്നിട്ടും എന്നെ കാണാൻ തരപ്പെടുകയുണ്ടായില്ലത്രേ! ഒടുക്കം തിരികെ ജോലിസ്ഥലത്തുചെന്ന് എഴുതിയ എഴുത്തിലാണ് വിശദ വിവരങ്ങളെല്ലാം.

–സ്വന്തം സുരക്ഷിതത്വംപോലും നഷ്ടപ്പെട്ട നിലയിലാണ് പാർത്ഥനിപ്പോൾ. മഹത്വങ്ങളെ മാനിക്കുക എന്നല്ല അവയെ ഇല്ലാതാക്കാനുള്ള ശ്രമമാണ് നടക്കുന്നത്.

പാർത്ഥൻ ഈ കുടുക്കിൽനിന്ന് മോചനം നേടിയേപറ്റൂ. പിന്നീട് അയാൾക്ക് കൂടുതലായി ഓർമ്മിപ്പിക്കാനുണ്ടായിരുന്നത് വ്യക്തിഗതമായ ചില കടപ്പാടുകളെക്കുറിച്ചായിരുന്നു. രോഹിണിയുടെ ഭാവിജീവിതത്തെക്കുറിച്ച്.

കോടതിവളപ്പിലേക്കു ചെല്ലുമ്പോൾ അമലയെ കണ്ടുമുട്ടുമെന്ന ധാരണയായിരുന്നു മിക്കപ്പോഴും പാർത്ഥനുണ്ടായിരുന്നത്. എന്നാൽ അവളുടെ സാമിപ്യംപോലും എങ്ങും നിഷിദ്ധമായിരിക്കയാണ്.

സുഹൃത്തുക്കളായ സഹപ്രവർത്തകരോ യൂണിയൻ പ്രവർത്തകരോ കുശലങ്ങൾ അറിയാൻപോലും മിനക്കെട്ടിരുന്നില്ല. അവർക്ക് പുതിയ നയതന്ത്രങ്ങൾ രൂപീകരിച്ച് ഭരണമുഖത്തെ അഭിമുഖീകരിക്കുക എന്നതായിരുന്നു പ്രശ്നം.

നമ്പ്യാരുടേയും സദാശിവിന്റെയും ഒരെഴുത്ത് പാർത്ഥൻ പ്രതീക്ഷിച്ചിരുന്നു. അതൊട്ടില്ലാതാനും. പിന്നെ രാമുവാണ്.

ജയിൽ ഭിത്തികൾക്കപ്പുറത്തെ ശുദ്ധവായുശ്വസിക്കാനാവുന്നത് വാനിൽ കേടതിയിലേക്കു പോവുമ്പോൾ മാത്രമാണ് അപ്പോഴും ലോകം പിടഞ്ഞുതുള്ളുന്നതും ജീവിതത്തിനായുള്ള വെമ്പലിൽ ജീവിച്ചിരിക്കെ പലരും മൃതരാവുന്നതും അയാൾക്കറിയാൻ കഴിഞ്ഞിരുന്നു.

പുറംലോകവുമായുള്ള ബന്ധം പാടെ വിച്ഛേദിക്കപ്പെട്ട്, കവാത്തു നടക്കുന്ന വാർഡന്മാരുടെ ബൂട്ടുകളുടെ സംഗീതധ്വനിയുമായി ലയിച്ച്, ഒരു കീറാകാശത്തെ മാത്രം കണ്ട് കാലത്തിന്റെ ഒരണു പ്രായം മാത്രമായ മനുഷ്യജീവിതത്തെ ആരെല്ലാമോ ചേർന്ന് ഒരുക്കൂട്ടിയ ജയിലിന്റെ യാഗശാലയിൽ ബലിയർപ്പിക്കപ്പെടുമ്പോൾ അവിടെനിന്നു മോചിതനാവാനുള്ള സകലരുടേയും ശ്രമം ക്രൂരമായി വിഫലമാക്കപ്പെടുകയാണ്.

പാർത്ഥന്റെ മുന്നിൽ നിറപ്പകിട്ടില്ലാത്ത ദിവസങ്ങൾ ചിട്ടയോടെ ഒഴുകി. ബാഹ്യലോകത്തു നിന്നെത്തുന്ന പ്രാണവായുവായ എഴുത്തുകളിൽ വേണ്ടപ്പെട്ടവരുടെ ദുഃഖചിത്രങ്ങൾ മാത്രമായിരുന്നു.

ഞായറാഴ്ച, തടവുപുള്ളികൾക്കുപോലും വിധിയ്ക്കപ്പെട്ട ഒരൊഴിവു ദിവസം.

വെയിലാറിവരുമ്പോൾ തിളക്കം നഷ്ടപ്പെടുന്ന ആകാശത്തെ നോക്കി അറയിലിരുപ്പായിരുന്നു പാർത്ഥൻ.

മദ്ധ്യാഹനത്തിന്റെ ആലസ്യമാണ് എങ്ങും വ്യാപിച്ചിരിക്കുന്നത്. തടവുകളിൽ പുതുതായെത്തപ്പെട്ട സുഹൃത്തുക്കൾ പുതുമണ്ണിനെ കണ്ട് വീർപ്പമുട്ടി അധികമാരോടും മിണ്ടാട്ടമില്ലാതെ, സ്വയം ശപിച്ചും കൊണ്ട് കഴിഞ്ഞുകൂടുകയാണ്.

വിചാരണ കാത്തുകഴിയുന്ന പഴയ സുഹൃത്തുക്കൾക്ക്, പരുക്കൻ പ്രതലവുമായി ലയിക്കാനായതിലാവണം കുടുംബകാര്യത്തെക്കുറിച്ചുപോലും വാചാലതയോടെ സംസാരിക്കാനാവുന്നത്.

ജഡ്ജി വിധി പ്രസ്താവിക്കുന്ന തീയതി വ്യക്തമായി അറിഞ്ഞതിനാൽ കിഴവൻ കൂടുതലായി പ്രക്ഷുബ്ധനായിരിക്കയാണ്. ഇന്നലെ കോടതിയിൽനിന്ന് തിരികെ വന്നതു മുതൽ അയാൾ കോപാന്ധനായി കവാത്തുനടക്കുന്ന വാർഡനെപ്പോലും ശകാരിക്കുകയാണ്.

ദുഷ്ടനായ ജന്മിയെ കുത്തിമലർത്തിയ അയാൾക്ക് ഇപ്പോഴും അതേക്കുറിച്ച് കുറ്റബോധമൊന്നു മുണ്ടായിരുന്നില്ല. കിഴവൻ വർഷാവർഷം വിളവെടുപ്പുകഴിഞ്ഞാൽ പഴനിയ്ക്ക് മുരുകനെ ദർശിക്കാൻ പോവുമായിരുന്നുവത്രേ.

പരമഭക്തിയോടെ നേർച്ചകഴിച്ച് നൈവേദ്യവുമായി തിരിച്ചെത്തുന്ന കിഴവന് താനൊരു അപകടകാരിയെ, മനുഷ്യവംശത്തെ നശിപ്പിക്കുന്ന കണ്ടാമൃഗത്തെ കൊന്ന് ഗ്രാമീണരെ ആകെ രക്ഷപ്പെടുത്തിയതിന്റെ ചാരിതാർത്ഥ്യമാണ് തോന്നിയിരുന്നത്.

പതിവില്ലാതെ ജയിലറോടൊത്ത് രോഹിണിയും രേണുകേടത്തിയും വന്നപ്പോൾ പാർത്ഥൻ എണീറ്റു ഇരുമ്പഴികളിൽ പിടിച്ചു നിന്നു. ഇവിടെ കയ്യെത്താവുന്ന അകലത്തായിട്ടും പ്രിയപ്പെട്ടവരെ സമീപിക്കാനുള്ള അസ്വാതന്ത്ര്യം രോഷമോ, വെറുപ്പോ, ദുഃഖമോ എന്തെല്ലാമോ ആയിത്തീരുകയാണ്.

കഴിഞ്ഞ പ്രാവശ്യം രോഹിണി കൊണ്ടുവന്ന വിഭവങ്ങളെ ജയിലർ മുഖാന്തരം അന്തേവാസികൾക്കാകെ വിതരണം നടത്തുകയായിരുന്നു. പിറ്റേന്ന് ഉഴവുകാളകളെപ്പോലെ തോട്ടത്തിലേക്ക് ആനയിക്കപ്പെടുമ്പോൾ മനുഷ്യരിൽ നിന്നകറ്റപ്പെട്ട ഭീകരനായ കുറ്റവാളിയെ അവർ ആശ്ചര്യത്തോടെ നോക്കുന്നുണ്ടായിരുന്നു.

പലരുടേയും നാടും വീടും മനുഷ്യരുമായുള്ള സകലബന്ധങ്ങളും മുറിച്ചെറിയപ്പെട്ടതാണ്.

“പാർത്ഥേട്ടാ...”

രോഹിണിയുടെ നനുത്ത സ്വരം കുറുകിതേഞ്ഞില്ലാതായപ്പോൾ അയാൾ മുഖമുയർത്തി.

“മുകുന്ദൻ എന്നെ കാണാൻ വന്നിരുന്നു. പാർത്ഥേട്ടൻ എനിക്കു വേണ്ടിയെങ്കിലും ഒരു വക്കീലിനെ ഏർപ്പെടുത്തില്ലേ...? പാർത്ഥേട്ടൻ എന്തിനാണ് വെറുതെ തെറ്റുകാരനാവുന്നത്.”

ആരും നീതി ലഭിക്കപ്പെടാതെ ശിക്ഷിക്കപ്പെടരുത് എന്നതിന്റെ പേരിൽ സർക്കാരിന്റെ ഇളവുമൂലം ഒരു ഗവണ്മെന്റുവക്കീൽ എനിക്കായി കോടതിയിൽ ഹാജരാകാൻ നിയമേന സന്നദ്ധനാണ്.

പക്ഷേ മാളികയുപേക്ഷിച്ച് തെരുവിലേയ്ക്ക് ചെന്നപ്പോൾ, അവിടെനിന്നുപോലും പുറന്തള്ളപ്പെടുമ്പോൾ എങ്ങോട്ടാണ് ചെന്നു പറ്റുക

പുഴയുടെ ശക്തിമത്തായ ഒഴുക്കിൽ വെള്ളാരങ്കല്ലുകൾ തേഞ്ഞ് മിനുസം വരുന്നത് ഞാൻ കണ്ടിട്ടുണ്ട്. ഏതോ പർവ്വതത്തിന്റെ ഭാഗമായ ആ കല്ല് പുഴയുടെ ഒഴുക്കിനൊത്ത് നീങ്ങി, ചതുരങ്ങളെല്ലാം വെടിഞ്ഞ് വശ്യമായ രൂപം കൈപ്പറ്റുകയായിരുന്നു.

ഇവിടെ ആക്ഷേപങ്ങളും അഭിപ്രായങ്ങളുമില്ലാതെ, കാലാവസ്ഥയ്ക്കൊത്ത് കാര്യപ്രസക്തനായി ജീവിക്കേണ്ടിയിരിക്കുന്നു!

കിഴവനെ കാണാൻ വിദൂരമായ ഗ്രാമത്തിൽനിന്ന് ആരും വരാറുണ്ടായില്ല. അയാളുടെ രക്തബന്ധങ്ങളെല്ലാം മണ്ണുചേർന്നിരിക്കുന്നു. ഗ്രാമീണർക്കാകട്ടെ കിഴവൻ ധീരതയും വീര്യവുമുള്ള ജേതാവായിത്തീർന്നിരിക്കയാണ്.

“പാർത്ഥേട്ടന് ഇവിടെ തോൽവി പിണഞ്ഞാൽ എനിക്ക് ജീവിക്കാനാവില്ല പാർത്ഥേട്ടാ... നമ്മുടെ മോനും...”

പെണ്ണിന്റെ വയറ് ലേശംകൂടി മുതിർന്നിട്ടുണ്ട്. ചുണ്ടുകൾക്ക് കൂടുതൽ കരുവാളിപ്പാണുള്ളത്.

രോഹിണിയുടെ വയറ്റത്ത് ചെവിചേർത്ത് നേർത്ത സ്പന്ദനങ്ങൾ കേട്ട് പുളകിതനായ ഒരു നിമിഷത്തെക്കുറിച്ചോർത്തപ്പോൾ അയാൾ നെടുതായി നിശ്വസിച്ചു.

“രോഹിണി മരുന്നെല്ലാം ശരിക്കു കഴിക്കുന്നില്ലേ?”

“ഞ്യള്ളതോണ്ട് അടിച്ച് തീറ്റിക്കണപോലാ. അടുത്താഴ്ച ലീവ് തൊടങ്ങ്വാവും. ന്നാങ്ങ്ട് കൊണ്ടാണംന്നാ പാർത്ഥേട്ടന്റെ അഭിപ്രായെന്താ?”

“അതാവും നല്ലത്.”

രേണുകേടത്തി രോഹിണിയെ ശുശ്രൂഷിക്കാനായി നഗരത്തിൽ താമസമാക്കിയിരിക്കയാണ്.

അവരുടെ വിവാഹം മറ്റൊരു ശുഭമുഹൂർത്തത്തിലേക്കു നീട്ടിവെയ്ക്കപ്പെട്ടിരുന്നു.

ഒരു ഞായറാഴ്ച ഗംഗാധരൻ വന്നപ്പോൾ പാർത്ഥൻ അമ്പരക്കുകയായിരുന്നു. വിധി പറഞ്ഞതിനുശേഷമാവാമെന്ന അയാളുടെ പിടിവാശിയെ ഗത്യന്തരമില്ലാതെ അനുവദിക്കുകയായിരുന്നു. രേണുകേടത്തിയുടെ ഇഷ്ടവും അതുതന്നെ.

പക്ഷേ കാലദൈർഘ്യം വീണ്ടുമൊരു മനമാറ്റം രേണുകേടത്തിയിൽ സൃഷ്ടിക്കുമോ എന്ന ശങ്കയായിരുന്നു പാർത്ഥന്. അതു പറഞ്ഞപ്പോൾ എന്തോ ഒരു ക്ലിപ്തമായ വാഗ്ദാനം നല്ലിക്കൊണ്ട് രേണുകേടത്തി ചിരിക്കുകയായിരുന്നു.

വിധിപറയുമ്പോൾ കുഞ്ഞ് പിറന്നിരിക്കുമോ എന്തോ... അവന്റെ സുരഭിലമായ മുഖം മുന്നിൽക്കണ്ട തൃപ്തിയോടെ പാർത്ഥൻ നിന്നു.

"പാർത്ഥേട്ടൻ ഇതിലൊപ്പിടണം."

"ഞാൻ..."

അയാളുടെ തൊണ്ട കീറിപ്പിളർന്ന് വാക്കുകൾ മുങ്ങി. ഇരുമ്പുകമ്പികളെ അമർത്തിപ്പിടിച്ച അയാളുടെ വിരലുകളെ തഴുകിക്കൊണ്ട് രോഹിണി പറഞ്ഞു.

"പാർത്ഥേട്ടനില്ലെങ്കിൽ ഞാനും ഇവിടെ ജീവിക്കില്ല. നമ്മുടെ മോനും."

രേണുകേടത്തി ചൂണ്ടിക്കാണിച്ച ഇടങ്ങളിൽ ഒപ്പിടുമ്പോൾ പാർത്ഥൻ സ്വന്തം ചാപല്യത്തെ ശപിക്കുകയായിരുന്നു.

നിശ്ചിതസമയം കഴിഞ്ഞപ്പേൾ അവർപോയി. രോഹിണി സമ്മാനിച്ച പൊതിക്കെട്ട് അറയുടെ മൂലയ്ക്കൽ വെച്ച് പാർത്ഥൻ വീണ്ടും അവർ പോയിടത്തേക്കുതന്നെ, ജയിൽ കവാടത്തിലേക്കു തന്നെ നോക്കിനിന്നു.

പൊക്കമുള്ള മതിലുകൾ പ്രകാശത്തെ തടഞ്ഞിരുന്നതിനാൽ പൊടുന്നനെ വന്ന ഇരുട്ട് അറകളിലേതുപോലെ ജയിൽ വളപ്പിനേയും ആകെ വിഴുങ്ങി.

സുഹൃത്തുക്കളുടേയും ബന്ധുജനങ്ങളുടേയും ഓർമ്മ നല്കിയ നാടിന്റെ സ്മൃതിയുമായി തേങ്ങിക്കൊണ്ടിരിക്കുകയാണ് ജയിലറകൾ.

വാർഡൻ നിധികാക്കുന്ന ഭൂതത്തെപ്പോലെ വ്യതിയാനമില്ലാത്ത ചേഷ്ടകളുമായി കവാത്തു തുടരുകതന്നെയാണ്.

ഗ്രാമവാസിയായ ഒരാൾ തോളത്ത് വേഷ്ടിയുമായി എതിരെ നടന്നതിന്റെ പേരിൽ മാനഹാനി നേരിട്ടുവെന്നു ഭാവിച്ച് ജന്മി പനങ്കാട്ടിൽ പിടിച്ചുകെട്ടി, എണ്ണയിട്ട് പതംവരുത്തിയ മണിച്ചൂരൽ അയാളുടെ പുറത്ത് വെളുപ്പിക്കുകയായിരുന്നു.

ചുറ്റിലും കൂടിനിന്ന ഗ്രാമീണരുടെ നാവ് അനങ്ങുകയേ ഉണ്ടായില്ല. മറുത്തുപറഞ്ഞാൽ ഉത്തരക്ഷണത്തിൽ ജന്മിക്കിരയാവുമെന്ന കൊടുംഭീതി അവരെ ഭരിക്കുകയായിരുന്നു.

അടികൊണ്ട് ചോരകിനിയുന്ന മുതുകുമായി പൊരിവെയിലത്ത് പനഞ്ചോട്ടിൽ ബോധം കെട്ടുനിന്ന അയാളെ ശുശ്രൂഷിക്കുക എന്ന പ്രാഥമിക കടമയിൽനിന്നുപോലും ജന്മിയുടെ സുഗ്രീവാജ്ഞ അവരെ വിലക്കിടുകയാണുണ്ടായത്.

അന്നത്തെ യുവാവായ കിഴവന് മാത്രമേ ചങ്കൂറ്റത്തോടെ അയാളെ ചുമലിലേറ്റി ഗ്രാമത്തിലെത്തി ക്കാനുള്ള ധൈര്യമുണ്ടാ യിരുന്നുള്ളു. അപ്പോഴേ സ്വന്തം പരിധിയിൽപ്പെട്ട ഗ്രാമത്തിൽ ജന്മിയുടെ വാക്കുകളെ മാനിക്കാത്ത ഒരു പുരുഷന്റെ ജനനത്തെ ഗ്രാമവാസികൾ കണ്ടറിഞ്ഞിരുന്നു.

രാത്രി മുഴക്കെ കിഴവൻ പഴമ്പുരാണങ്ങൾ ഇരുട്ടിനോടായി വിളിച്ചുപറഞ്ഞുപോന്നു. വെളിച്ചം വീണിട്ടും ഉറക്കം വിണ കണ്ണുകളും പരുക്കൻ ശബ്ദവുമായി അയാൾ കഥ തുടരുകയായിരുന്നു.

തടവറയ്ക്കു മുകളിലെ ചുവന്ന ആകാശത്തേയും ചിറകുതല്ലി കരഞ്ഞ് ഇരതേടിപ്പറക്കുന്ന പക്ഷികളേയും കാണാനായി പാർത്ഥൻ പുലർച്ചേ പതിവായി ഉണരുമായിരുന്നു.

നാട്ടിമ്പുറത്തെ പ്രഭാതങ്ങൾ ദിക്കുകളെ ശബ്ദമുഖരിതമാക്കിക്കൊണ്ടാണ് ആരംഭിക്കുക. ചുവന്ന ആകാശം വെളുത്തുവരവേ മഞ്ഞ് ചൂഴ്ന്നുനില്ക്കുന്ന വയലുകളും, ഓലത്തുമ്പിൽ നിന്ന് ജലകണങ്ങളിറ്റി വീഴുന്ന തെങ്ങുകളുമാണ് എതിരേല്ക്കുക.

നാട്ടിമ്പുറത്തെ പുലർകാലങ്ങളെ, പുകമറയിടുന്ന മൂടൽ മഞ്ഞിലൂടെയേ പാർത്ഥന് ഓർക്കാൻ കഴിയുമായിരുന്നുള്ളൂ.

കാലത്തെ ഗോതമ്പുകഞ്ഞി പകർച്ചയും കുടിച്ച് സെല്ലിൽ ചടഞ്ഞിരുപ്പായിരുന്നു പാർത്ഥൻ. പതിവുപോലെ തോട്ടത്തിൽ തടവുകാർ പണിയെടുക്കുന്നുണ്ട്. കായ്ച്ചു നില്ക്കുന്ന വെണ്ടയും വഴുതിനയും പറിച്ചുകൂട്ടുകയാണ് ചിലർ. ചിലർ തടങ്ങൾ കൊത്തിക്കിളക്കുന്നുമുണ്ട്.

നിത്യേന പറിച്ചുകൂട്ടുന്ന കായ്കറികൾ ജയിൽ ഭിത്തിയിലെ ഏതു ദ്വാരത്തിലൂടെയാണാവോ ഉദ്യോഗവൃന്ദത്തിന്റെ വീടുകളിലെത്തുന്നത്?

കാലപ്പഴക്കം തീണ്ടാത്ത, ഏതു വിരുദ്ധകാലാവസ്ഥയേയും നേരിടുന്ന ഉരുളക്കിഴങ്ങും തിന്ന് നാവിന് ചവർപ്പു ബാധിച്ചിരിക്കുന്നു. അമ്മായിയുടെ വീട്ടിലെ വിഭവസമൃദ്ധമായ നല്ലൊരൂണിനെക്കുറിച്ചു പാർത്ഥന് ഓർക്കാനാവുന്നുണ്ട്.

ജയിലർ പരിശോധനനടത്തി തിരികെച്ചെന്നിരിക്കുന്നു. സമയമറിയിക്കുന്ന മണി എത്രതവണ മുട്ടിയെന്ന് പാർത്ഥനറിഞ്ഞിട്ടില്ല. എണ്ണങ്ങളെ പിടിച്ചെടുക്കുമ്പോഴും അവയെല്ലാം കലമ്പി കുഴഞ്ഞു.

കിഴവന്റെ അറതുറന്നു പുറമേക്കിറക്കി വാർഡർമാരുടെ കാവലോടെ അയാളെ കക്കൂസിലേക്കാനായിക്കുന്നത് പാർത്ഥൻ ശ്രദ്ധിച്ചു. വയസ്സന്റെ മൂത്രപ്പാനയിൽനിന്ന് രാത്രിമുഴുക്കെ ഉറക്കമിളച്ചതിനാലാവും മൂത്രം നിറഞ്ഞു തുളുമ്പി വിരലുകളിലൂടെ വാർന്നുവീഴുന്നുണ്ട്.

പരശുരാമനോ രാമുവോ പോലിസിൽ കുടുങ്ങിയോയെന്ന് അറിയാനായില്ല. എന്റെ മുന്നിൽ ലോകവാർത്തകളെല്ലാം തന്നെ ശിഥിലമായിത്തീർന്നിരിക്കുന്നു. ഉൾത്തുടിപ്പുകൾപോലുമില്ലാത്ത, അജ്ഞാനുവർത്തികൾ മാത്രമായ, മനുഷ്യരല്ലാത്ത മനുഷ്യർക്കിടയിൽ സ്വതന്ത്ര്യവായുവിനായി തേങ്ങുന്നവരുടെ, അസ്വാതന്ത്രത്തിന്റെ വാടയേറ്റ് മനസ്സ് കരിഞ്ഞുവിറങ്ങലിക്കുന്നവരുടെ കഥ ആരും അറിയുന്നേയില്ല.

പൊടുന്നനെ വാർഡന്മാരുടെ വിസിൽ മുഴങ്ങുകയായി.

നാലുപാടുംനിന്ന് വാർഡൻമാർ ചോരകണ്ട വേട്ടപ്പട്ടികളെപ്പോലെ ഓടുകയായി. ചൂരൽകമ്പുകൾ വായുവിൽ പുളഞ്ഞപ്പോൾ കിഴവന്റെ ആർത്തനാദം പാർത്ഥൻ കേട്ടു.

പിന്നെ നാലഞ്ചുപേർ ചേർന്ന് അവശനായ കിഴവനെ വലിച്ച് അറയ്ക്കകത്തേക്കു കൊണ്ടുവരുകയുമായി. പ്രായം ചെന്നിട്ടും ബലിഷ്ഠനായ കിഴവൻ കുതറിത്തെറിച്ച് സകലതിനേയും ചാമ്പലാക്കാനുള്ള ആവേശവുമായി അമറുകയാണ്.

വാർഡർമാർ അകന്നപ്പോൾ സെല്ലിൽ തനിച്ചാക്കപ്പെട്ട കിഴവൻ അമറിക്കൊണ്ടേ ഇരുന്നു.

ജയിലറയുടെ ഏതെങ്കിലും കോണിൽ നിന്ന് ദീനരോദനം കേൾക്കുമ്പോൾ ആദ്യകാലത്തുണ്ടായിരുന്ന അമ്പരപ്പ് ഇപ്പോൾ പാർത്ഥനിൽനിന്നകന്നിരിക്കുന്നു.

സ്വാതന്ത്ര്യത്തിനായി ഉയരുന്ന ചെറിയൊരു സൂചനപോലും ഇവിടെ മർദ്ദനത്തിലൂടെയും പീഡനത്തിലൂടെയും നിഷ്ക്കരുണം ഇല്ലാതാക്കുകയാണ്. തേഞ്ഞുതീരാറായ വാസനസോപ്പിന്റേതുപോലുള്ള, തടവറകളുടെ ഭിത്തികളിൽനിന്നതീതമായ ജീവിതം

പലരുടെയും മനസ്സിൽ പൂഴ്ത്തിവെയ്ക്കപ്പെട്ട ഒരു വികാരം മാത്ര മാണ്.

ധൃതിപ്പെട്ടെത്തിയ ജയിലർ കിഴവന്റെ മുറിയുടെ മുന്നിലെത്തി. ജയിലർക്ക് കാവൽഭന്മാരായി വാർഡൻമാരും.

"എന്താണുണ്ടായത്? ചിന്നസ്വാമി നിനക്ക് അടങ്ങിയിരുന്നൂടെ?"

"ഞാനെന്താ നിന്റെ മകനാണോ?"

"ഇതാണു സാർ ഞാൻ പറഞ്ഞത്."

കിഴവനുമായി കലമ്പൽ കൂടിയ വാർഡന്റെ പരവശമായ ശബ്ദം.

"ഇത് ജയിലാണ്... നിയമം അനുസരിച്ചില്ലെങ്കിൽ ഞങ്ങൾക്കു അതനുസരിപ്പിക്കാനറിയാം..."

"നീങ്ക വാങ്കോ. നാൻ ഒരു കൈ പാക്കറേൻ. നാനെന്ന ഉങ്കളോടെ പുള്ളയാ?" കിഴവൻ പ്രാകൃതമായ തമിഴിൽ പോരിനു വിളിച്ചപ്പോൾ അന്തരീക്ഷത്തിലെ സംഘർഷം കുറയ്ക്കാനായി ജയിലറും കൂട്ടരുമകന്നു.

മദ്ധ്യാഹ്നത്തിനും അതോടനുബന്ധിച്ചു കടന്നുവരാവുന്ന സന്ധ്യയ്ക്ക് പിന്നീടുള്ള രാത്രിക്കുമായി അയാൾ കാത്തിരുപ്പ് തുടർന്നു. ഭൂമിയുടെ നിർമ്മലരൂപമായ, ആര്യവേപ്പിനുമപ്പുറമുള്ള ആകാശത്തിന്റെ ഒരു കീറിനെ നോക്കി സമയം പോക്കാനായി പാർത്ഥൻ ചുവരുചാരി ലേശം നടുവ് വളച്ചിരുന്നു.

മുപ്പത്തിരണ്ട്

വിധിന്യായം കേൾക്കാനുള്ള കരുത്തോടെ കിഴവൻ യാത്രയ്ക്കൊരുങ്ങുകയായിരുന്നു.

പുലർച്ചേതന്നെ അയാളുടെ മുറിയിൽനിന്നാരംഭിച്ച തിരുക്കുറലിലെ തത്വജ്ഞാനങ്ങൾ അന്തരീക്ഷത്തിൽ ആത്മീയമായൊരു ഭാവം സൃഷ്ടിച്ച് അലഞ്ഞു നടപ്പായിരുന്നു.

കിഴവന്റെ എടുത്തുചാട്ടവും നെഞ്ചുക്കും കുറഞ്ഞതുപോലെ.

വാനിലിരിക്കുമ്പോൾ കുറത്തുമലച്ച ചുണ്ടുകൾ കോട്ടി മുരുകായിയുടേയും മൈലാത്താളിന്റെയും കഥ കിഴവൻ പറയുന്നുണ്ടായിരുന്നു. വാനിനകത്തായിരുന്നെങ്കിൽ തന്നേയും ഏകാഗ്രമായി ലോകത്തെ കാണാനുള്ള അവസരം നഷ്ടപ്പെട്ടതിന്റെ പേരിൽ പാർത്ഥൻ അതീവദുഃഖിതനായിരുന്നു.

കിഴവന് സ്വന്തം ഗ്രാമത്തെക്കുറിച്ചാണ് പറയാനുണ്ടായിരുന്നത്. മൈലാഞ്ചിക്കാടും ചെമ്മൺനിരത്തു മുള്ള ഗ്രാമത്തിനു താഴെ

കടലക്കാടിനരികെയുള്ള കവലക്കിണറ്റിൽ കാലാകാലമായി ജീവിച്ചുപോരുന്ന വയസ്സൻ ആമയെക്കുറിച്ചും കിഴവന് വാതോരാതെ പറയാനുണ്ടായിരുന്നു.

കിഴവൻ വിധിപ്രസ്താവനയ്ക്കായി മാസങ്ങളോളം കാത്തിരുപ്പു തുടരുകയാണ്. കിഴവന്റെ ഉൾക്കരുത്തോടെ തനിക്കാനിമിഷത്തെ നേരിടാനാവില്ലെന്ന് പാർത്ഥനുതോന്നി.

പ്രതിക്കൂട്ടിൽ ഒരു കുറ്റവാളിയായി നിലകൊള്ളുമ്പോൾ, സകലരും ഒരു പിഴയാളിയായി എന്നെ നോക്കുമ്പോൾ നിശ്ചയദാർഢ്യമുണ്ടാർന്നിട്ടും എന്റെ അടിപതറുകയാണ് പതിവ്. മുകുന്ദൻ വാതുവെച്ച് കോടതിക്കുനേരെ ഉരത്തു സംസാരിക്കുമ്പോൾ അതിന്റെ അർത്ഥരാഹിത്യത്തെക്കുറിച്ചാണ് ഞാൻ ഓർക്കുന്നത്.

കോടതിയിലേക്ക് ദിനകൃത്യം നിർവ്വഹിക്കുന്നതുപോലെ എത്താറുള്ള രോഹിണി അതവസാനിപ്പിച്ചിരിക്കുന്നു. നീണ്ടയാത്ര താങ്ങാനാവാത്ത വിധം അവൾ ക്ഷീണിതയാണ്.

യാത്രമുഴുക്കെ കിഴവൻ സംസാരിക്കുകയായിരുന്നു.

വാഹനം കോടതി വളപ്പിലേക്ക് കടന്നപ്പോൾ മാത്രമായിരുന്നു അയാൾ മൂകനാവുകയുണ്ടായത്. ചീർത്തകവിളും കുറിയകണ്ണുകളുമുള്ള കിഴവന്റെ മുഖം അജ്ഞാതമായ ഭയത്താൽ കൂടുതൽ ഇരുട്ടുകയറി ചിന്താഭരിതമാവുകയായിരുന്നു.

പോലീസിന്റെ അകമ്പടിയോടെ പാർത്ഥൻ ഒരു തവണകൂടി കോടതി വരാന്തയിൽ.

കയ്യാമവുമായി നോക്കുകുത്തിയെപ്പോലെ ആൾക്കൂട്ടത്തിനിടയ്ക്ക് നടക്കുന്നതോർത്തുള്ള സാങ്കോചം ഇപ്പോൾ അയാളിൽ നിന്നകന്നിട്ടുണ്ട്.

കിഴവന്റെ ഊഴമെത്തിയപ്പോൾ കോടതി മുറിയിലേക്ക് യാത്ര തിരിച്ച അയാളുടെ മുഖം ആകെ പരവശമായിരുന്നു.

വരാന്തയിലും ബാറിന്റെ പാർശ്വഭാഗങ്ങളിലുമായി ജനം അള്ളി നില്പാണ്. നാണയം വീണാൽ തിരിച്ചറിയാവുന്ന നിശ്ശബ്ദതയാണെങ്ങും.

പത്രങ്ങളിലൂടെ കിഴവൻചെയ്ത കൊലപാതകം പ്രചാരം നേടിയിരിക്കുന്നു. നല്ലൊരു വാർത്ത ലഭിക്കുമെന്ന സന്തുഷ്ടിയോടെ പത്രപ്രതിനിധികൾ ഓടിനടപ്പാണ്.

രോഹിണിയും മറ്റും വന്നിട്ടില്ലെന്നു തോന്നുന്നു. കൃത്യനിഷ്ഠയോടെ കടന്നുവരുന്ന മുകുന്ദൻ ഒരു വക്കീലിന്റെ സ്ഥാനമാനത്തോടെ മിതമായ വാക്കുകളുരച്ച് കടന്നുപോവുമ്പോൾ എന്റെ മോചനം എന്നിൽ കവിഞ്ഞ പ്രാധാന്യമാണ് അവനു നല്കുന്ന

തെന്നറിയാൻ കഴിയുന്നുണ്ട്. ജയിലറുടെ അനുമതിയോടെ മുകുന്ദൻ വീണ്ടും വരുകയായിരുന്നു. അനന്തേട്ടൻ ആദ്യത്തെ വരവോടെ തന്നെ എല്ലാം അവസാനിപ്പിച്ചിരുന്നു.

അനുജനിൽ കവിഞ്ഞ് ഒരു വക്കീലായി എന്റെ കഴിഞ്ഞകാലാനുഭവങ്ങൾ വിവരിച്ചപ്പോൾ അതുകേട്ടുകഴിഞ്ഞ അവന്റെ മുഖത്ത് നിന്ദ്യമായ പുച്ഛമായിരുന്നു വിളയാടിയിരുന്നത്.

തണ്ടും മനക്കരുത്തും കാട്ടി വാതിൽ കൊട്ടിയടച്ചു നടന്ന പാർത്ഥനെ അവന് ഓർക്കാനാവും. നിസ്സാരതയോടെ എന്തിനേയും സമീപിച്ചിരുന്ന എന്നെ അവന് ഇന്ന് നിസ്സാരനായി കാണാനാവും.

മിസ്സിസ്സ് പത്മനാഭൻ തറപറ്റി തരിശായിനിൽക്കുന്ന മകനെക്കണ്ട് ഉള്ളു തുറന്ന് പൊട്ടിച്ചിരിക്കുകയാവും ചെയ്യുക. അനന്തേട്ടന് തന്റെ നീക്കുപോക്കില്ലാത്ത ജോലിയിൽക്കവിഞ്ഞ് മറ്റൊന്നും പ്രശ്നസങ്കല്പമേ അല്ല.

സെഷൻസ് ജഡ്ജി ബാറിൽ പ്രവേശിച്ചതിനാലാണെന്നു തോന്നുന്നു ചുറ്റുപാടും ശ്മശാനമൂകത പരന്നത്.

പിന്നാക്കം നോക്കിയാലും കോടതിക്കകം പാർത്ഥന് കാണാൻ കഴിഞ്ഞിരുന്നില്ല. പെരുവിരൽത്തുമ്പിൽ നിലയുറപ്പിച്ച് അകത്തെ കാഴ്ചകൾ കാണ്മാനായി അക്ഷമരായി നില്പാണ് ജനം.

ജഡ്ജി മറിക്കുന്ന കടലാസ്സിന്റെ താളുകളുടെ നേരിയ ശബ്ദം പോലും പുറമേക്കു കേൾക്കാനുണ്ട്. ഇടയ്ക്കാരോ തൊണ്ട ചിനക്കിയത് ഗുഹയിലെ പ്രതിദ്ധ്വനികളുടെ മുഴക്കമാണ് ഉളവാക്കുന്നത്.

ചെവികൊടുത്ത് ജഡ്ജിയുടെ വാക്കുകളെ കേൾക്കാൻ ശ്രമിച്ചെങ്കിലും പാർത്ഥനൊന്നും തിരിച്ചറിയാനായില്ല. അപ്പോഴേയ്ക്കും ചുറ്റുപാടും നിന്ന ജനം നെടുവീർപ്പോടെ ചിലയ്ക്കുവാനാരംഭിച്ചിരുന്നു.

പോലീസുകാരൻ ആരോടെന്നില്ലാതെ പതിയെ പറഞ്ഞു:

"ജീവപര്യന്തമാണ്... ഞാൻ തൂക്കിക്കൊല്ലുമെന്നാണ് ധരിച്ചത്... ഏറെനേരം നിശ്ശബ്ദനായിനിന്ന കിഴവന് അമ്പരപ്പിന്റെ മങ്ങൽ അകന്നതിനുശേഷമാണ് യഥാർത്ഥ ബോധമുണ്ടായതെന്നു തോന്നുന്നു.

"ഞാൻ, തെറ്റു ചെയ്തതിനാണ് അയാളെ കൊന്നത്. അവൻ കാലാകാലമായി എന്റെ ദേശക്കാരെ മുഴുവൻ ദ്രോഹിക്കുകയായിരുന്നു... എന്നെ.... എന്നെ ശിക്ഷിക്കാൻ നിങ്ങളാരാ...?"

ഒരുനിമിഷം തളർച്ചയോടെ നിറുത്തിയതിനുശേഷം ഉറച്ച ശബ്ദത്തിൽ വീണ്ടും കേട്ടു:

"കുറച്ച് പഠിച്ചെന്നുവെച്ച് എന്നെ ശിക്ഷിക്കാൻ നീ ആരാ?"

പീലാത്തോസിന്റെ മാന്യതയുമായി ജഡ്ജി ചേംബറിനക

ത്തേയ്ക്കു പോയെന്നു തോന്നുന്നു. കിഴവന്റെ ധൈര്യത്തേയും വാക്കുകളേയും പുകഴ്ത്തിക്കൊണ്ട് ജനം അടുത്തനിമിഷത്തെ പുതുവാർത്തയേയും ജീവിതവൃത്തിയേയും തേടി ഒറ്റതിരിഞ്ഞ് അകലുവാനാരംഭിച്ചു.

ജനത്തിന്റെ തിമർപ്പു ഒന്നടങ്ങിയപ്പോഴേ കിഴവനെ അകത്തു നിന്നും ഇറക്കിക്കൊണ്ടുവന്നുള്ളു. പലരും മാഞ്ചോട്ടിലും മറ്റുമായി കിഴവനെ അവസാന നോക്കുകാണാനായി കാത്തുനില്പായിരുന്നു.

ഇടംവലം പോലീസുകാരുമായിവന്ന കിഴവൻ പാർത്ഥനെ കണ്ടപ്പോൾ നിന്നു.

‘‘ഞാൻ പോട്ടേ...’’

പാർത്ഥൻ മൗനത്തോടെ തലകുലുക്കിയപ്പോൾ ഇരമ്പിപ്പാഞ്ഞു മുറ്റത്തേക്കുവന്നുനിന്ന വാനിനകത്തേക്കു കിഴവൻ കയറുകയായി.

ഏതെങ്കിലും സെൻട്രൽ ജയിലിൽ കിഴവന് ജീവിതാന്ത്യംവരെ കഴിച്ചുകൂട്ടേണ്ടിയിരിക്കുന്നു. കാലാവധി തീരുന്നതിനുമുമ്പേ മരണ മടയുമ്പോൾ ശിക്ഷാവിധിയിൽ നിന്ന് അയാൾ മോചിതനാവുക യാവും.

കേസ്സുകൂടി ഭാവിയെക്കുറിച്ചറിയാനുള്ള വേവലാതിയോടെ ഒരു പിടി ആഹാരത്തിനായി മരവിച്ച നാവുമായെത്തുന്ന രുചിയറി യാത്ത മനുഷ്യർക്കു കൂട്ടുചേർന്നിരുന്ന് ഹോട്ടലിലെ ഊണ്.

പോലീസുകാർ സംരക്ഷണ ദീക്ഷയോടെ അയാളുടെ അരികെ ത്തന്നെയായിരുന്നു. മുഖം കുമ്പിട്ടിരുന്ന് ഊണുതുടരുമ്പോൾ പല രും ആഴ്ന്നിറങ്ങുന്ന കണ്ണുകളുമായി ഒരു മൃഗത്തെ കണ്ടതു പോലെ നോക്കുന്നുണ്ടായിരുന്നു.

വീണ്ടും കോടതിവരാന്തയിലെത്തിയപ്പോൾ മാഞ്ചോട്ടിൽ രേണു കേടത്തി. കൂടെ കൂട്ടിനായിവന്ന പയ്യനും.

വരാന്തയിലെ ബെഞ്ചിലിരുന്ന് പേലീസുകാർ സിഗരറ്റു പുക ക്കുകയായിരുന്നു. സംസാരിക്കാൻ മടിച്ചുനിന്ന രേണുകേടത്തി പതിയെ പറഞ്ഞു:

‘‘പൊലർച്ചേ പൊറപ്പെട്ട്യേണ്ടായതാ. ന്ന്ട്ടാ പ്പഴെത്തണെദ്.’’

‘‘രേണുകേടത്തി വരേണ്ടിയിരുന്നില്ല...’’

നാട്ടിൽനിന്ന് പുലർച്ചെ ആരംഭിക്കുന്ന യാത്ര ഉടനടി തിരികെ പുറപ്പെട്ടാൽ മറ്റൊരു പുലർച്ചെ അവസാനിക്കുന്നു.

രാത്രിമുഴുക്കെ തീവണ്ടിയിലിരിക്കുമ്പോൾ പരശുരാമൻ ഉറക്ക മിളച്ച് സംസാരിക്കുകയായിരുന്നു. അയാളുടെ ആദ്യകാലത്തെ യാത്രയുടെ ഓർമ്മയായി രേണുകേടത്തിയുടെ വീടുമുണ്ടാവും.

“രോഹിണിക്ക് വിശേഷമൊന്നുമില്ലല്ലോ?”

“ഇന്നോ നാള്യേഞ്ചെച്ച് കാത്തിരിക്ക്വന്യെ. ഒര് ലേഡിഡോക്ടര് ങ്ങ്ട്ട് ദിവസോം വരണ്ണ്ട്. നമ്മുടെ പിന്നാമ്പ്രത്താ അവരുടെ വിടേച്ച്. ഒരു വെഷമൂംണ്ടാവില്ല്യന്നാ അവര് പറഞ്ഞേര്ന്ന്...”

പാർത്ഥൻ നെടുതായി നിശ്വസിച്ചു അയാൾ അറിയാതെന്നോണം യാന്ത്രികമായി കൈവിലങ്ങുകളിലേക്ക് നോക്കി.

ഒരു പക്ഷേ മകന്റെ ജനനത്തോടെ തന്നെയാവും എന്റെ കേസ്സു വിസ്താരവും പൂർത്തിയാവുന്നത്. എനിക്ക് നിശ്ചയിക്കപ്പെടുന്ന വിധി അവന്റെ ജീവിതത്തെ ആകപ്പാടെ ബാധിക്കുമല്ലോ.

“മുടിയാങ്കാലത്തിണ്ടായതാ. ജനിച്ചപ്പഴന്യെ അച്ഛനെ കൊല മരമേറ്റ്യോനാ.”

പലരും പറഞ്ഞ് നോവിപ്പിക്കാവുന്ന വാക്കുകൾ എന്റെ മകനിൽ നിന്നൊഴിവാക്കപ്പെടട്ടെ.

രോഹിണിയുടെ അതൃപ്തമായ മനസ്സിന്റെ കോണിൽ ഓമനത്വമുള്ള കുറെ സ്വപ്നങ്ങളുണ്ടായിരുന്നു. നല്ല പൊന്നുപോലുള്ള ഒന്നുരണ്ടു കുഞ്ഞുങ്ങൾ. സന്തുഷ്ടിയും ശാന്തതയുമുള്ള കുടുംബാന്തരീക്ഷം. സകലർക്കും ആരാധ്യനായ ഭർത്താവ്.

മുകുന്ദൻ ധൃതിയോടെ കേസ്സുകെട്ടുമായി ബാറിനകത്തേയ്ക്ക് പായുന്നു. കാലത്ത് ഒരു നോക്കുകണ്ടപ്പോൾ, ഒരു വക്കീലിന്റെ ഔചിത്യദീക്ഷയോടെ രണ്ടുവാക്കുകൾ പറഞ്ഞകലുകയായിരുന്നു വല്ലോ.

ജയിലിലേക്ക് ഏതുനിമിഷവും കടന്നുവരാവുന്ന അനുമതി പത്രമുള്ളതിനാൽ കോടതിയിലേക്ക് ചെല്ലേണ്ടുന്നതിനു തലേന്നു തന്നെ മുകുന്ദനെത്തുന്നു. അയാളുടെ കുശാഗ്രബുദ്ധി നല്കുന്ന പോംവഴികളെ കൂലങ്കഷമായി ചിന്തിച്ചുറപ്പിച്ച് പാർത്ഥൻ പ്രതിക്കൂട്ടിൽ നില്ക്കുമ്പോൾ അനുസരിക്കുന്നു.

രോഹിണി പറഞ്ഞത് പ്രസവകാലത്തെങ്കിലും അടുത്തു തന്നെ ഉണ്ടാവണമെന്നായിരുന്നു!

“രേണുകേടത്തിയോട് എനിക്കൊന്നു പറയാനുണ്ട്...”

തെല്ലിട അവരുടെ മുഖത്തേക്കുതന്നെ തറപ്പിച്ചുനോക്കിയ അയാൾ തുടർന്നു.

“ഗംഗാധരനുമായുള്ള വിവാഹം വേഗം നടത്തു. എന്നെ പ്രതി കാത്തിരിക്കുമ്പോൾ ചിലപ്പോൾ അതു ദുഃഖമാവുകയേ ഉള്ളൂ. കേസ്സെന്നു തീരുമെന്നുപോലും വ്യക്തമായി പറയാനാവില്ല. അനാവശ്യമായുള്ള കാത്തുകെട്ടി നില്പ് ഒരവസരത്തെപ്പോലും നഷ്ടപ്പെടുത്തരുത്. ”

“നിക്കൊരാങ്ങളായിള്ളത് പാർത്ഥേട്ടനാ... പാർത്ഥട്ടേനില്ലച്ചാ അദ് നടക്കേംണ്ടാവില്ല്യ. കൊറച്ച് വൈകീന്നെവച്ച് തകരണതാച്ചങ്ങാട് തകർന്നോട്ട്വേ. പഴേ്യപോലാവണ മുന്നന്യെകഴിംല്യോ....”

ഉൾക്കിടിലമുയർത്തുന്ന കുറുത്ത ഗൗണുമിട്ട്, തടിച്ച കേസ്സുകളുടെ രക്ഷാവലയവുമായി വക്കീലന്മാർ ബാറിലേക്ക് പോവുന്നു. ഊണുകഴിഞ്ഞ് വീണ്ടും ഓഫീസുകളെത്തേടി എത്തുകയാണ് ഉദ്യേഗസ്ഥന്മാർ. തിരക്കുകൂടിവന്നപ്പോൾ രേണുകേടത്തി വരാന്തയിൽനിന്നു പിന്മാറി ഏതോ കേസ്സിനായി വന്നുചേർന്ന പെണ്ണുങ്ങളുടെ ഓരംപറ്റി നിന്നു.

വാച്ചുനോക്കി സമയം തിട്ടപ്പെടുത്തിയ പോലീസുകാർ ഉറക്കത്തിൽ നിന്നുണർന്നതുപോലെ പാർത്ഥനുമായി അകത്തേക്കു നടക്കുകയാണുണ്ടായത്.

കനത്തവെയിലിന്റെ ചൂട് വായുവിൽ നിറഞ്ഞുനില്പുണ്ടായിരുന്നു. ചെവികൂർപ്പിച്ച് സവിശേഷമായ കേസ്സുവിസ്താരത്തെ ആകാംക്ഷയോടെ കേൾക്കാനായി വെമ്പിനില്ക്കുന്ന ജനം. നരച്ച ശിരസ്സും മാംസം തൂങ്ങുന്ന കവിളുകളുള്ള മഹാദണ്ഡൻമാരായ വക്കീലന്മാർ.

മുകുന്ദന്റെ സീനിയർ ജൂനിയറുടെ, മരുമകന്റെ പാടവത്തെ കാണാനായി മുൻനിരയിൽതന്നെ ഇരുപ്പാണ്. കോടതിയിലെ കീഴ്വഴക്കങ്ങൾ പരിചിതമായപ്പോൾ എല്ലാം ചിട്ടയോടെ നടത്തപ്പെടുന്ന രാജശാസനം നിറവേറ്റുന്ന ഒരു ആരാച്ചാരുടെ കൊലമുറിയെയാണ് ഓർമ്മയിലുയർത്തുന്നത്.

നരച്ചപുരികങ്ങളും ചുക്കിച്ചുളിഞ്ഞ് മൊളിഞ്ഞ് എഴുന്നു നില്ക്കുന്ന തൊലിയുമുള്ള വൃദ്ധയാണ് കൂട്ടിൽ. പാർത്ഥൻ പതിവു സ്ഥാനത്തുതന്നെ.

“സാവിത്രി നിങ്ങളുടെ മകളല്ലേ?”

“അതെ.”

“അവൾ എന്നായിരുന്നു ഇന്റർവ്യൂവിന് പോയത്?”

“ആഗസ്റ്റ് പത്തിന്...?”

“മുഖം കത്തിച്ചതച്ച് ആളെ കണ്ടാലറിയാത്തവിധം വികൃതമാക്കപ്പെട്ട അവളെ നിങ്ങളെങ്ങനെയാണ് തിരിച്ചറിഞ്ഞത്?”

“എന്റെ മോളെ എനിക്കു തിരിച്ചറിയാൻ കഴിയില്ലേ സാറേ?”

“ചോദിച്ചതിനുത്തരം പറയൂ. ഇതു കോടതിയാണ്.”

“അവൾ ധരിച്ചിരുന്ന വസ്ത്രങ്ങളും ശരീരപ്രകൃതവും സർട്ടിഫിക്കറ്റും കണ്ടപ്പോൾ തിരിച്ചറിയാനായി.”

“നിങ്ങൾ സാവിത്രിയെ തനിച്ച് ഇന്റർവ്യൂവിനയക്കാൻ കാരണമെന്തായിരുന്നു?”

“വീട്ടിൽ ആണുങ്ങളൊന്നുമില്ലാഞ്ഞിട്ടുതന്നെ. ആകെ ആറ് മക്കളാ, അഞ്ചുപെണ്ണും ഒരാണും. അവന് അഞ്ചു വയസ്സേ ആയിട്ടുള്ളൂ. സാവിത്രിയ്ക്ക് മൂത്തത് രണ്ടെണ്ണത്തിന്റെ കല്യാണം കഴിഞ്ഞു. നേരെ താഴത്തേത് പത്തില് പഠിക്കൊന്നൊരു പെണ്ണാ. അല്ലെങ്കിലും സാവിത്രി മുമ്പത്തെ ഇന്റർവ്യൂവിനൊക്കെ തനിയാ പോയിട്ടുള്ളത്.”

“എത്രമണിക്കാണ് അവസാനത്തെ ബസ്സ് അവിടെ എത്തുക?”

“രാത്രി എട്ടരയ്ക്ക്?”

“ടൗണിൽ നിന്ന് എത്ര ദൂരമാണ് വീട്ടിലേക്കുള്ളത്?”

“സുമാർ ഇരുപതുമൈൽ കാണും.”

എല്ലാം പറഞ്ഞുതീർന്നപ്പോൾ വൃദ്ധ പാരവശ്യത്തോടെ അഴികളിൽ പിടിച്ചു നിൽപ്പായിരുന്നു.

പബ്ലിക്ക് പ്രോസിക്യൂട്ടർ കോടതിയുടെ നേരെ തിരിഞ്ഞു.

“യുവർ ഓണർ. അപ്പോൾ പെൺകുട്ടിയെ കല്പിച്ചുകൂട്ടി നശിപ്പിക്കണമെന്ന ദുരുദ്ദേശപരമായ ചിന്തയുമായി സാവിത്രിയെ പിൻതുടർന്നിരുന്ന പ്രതി, ഏകയും അബലയുമായി നാട്ടിലേക്കുള്ള അവസാനത്തെ ബസ്സ് തെറ്റി അമ്പരന്നുനില്ക്കുകയായിരുന്ന അവളെ സഹായഹസ്തം വാഗ്ദാനം ചെയ്ത്, കപടനാട്യവുമായി പ്രോസിക്യൂഷന്റെ വാദഗതി പ്രകാരമുള്ള സംഭവങ്ങളിലേക്ക് ആനയിക്കുകയായിരുന്നു.”

“ഹമീദ്, നിങ്ങൾ എത്രവർഷമായാണ് ഒട്ടോറിക്ഷ ഓട്ടുവാനാരംഭിച്ചിട്ട്?”

“പത്തുവർഷം കഴിഞ്ഞു.”

“സ്ഥിരമായി ഇവിടെതന്നെയല്ലേ?”

“അതെ.”

“ഈ നില്ക്കുന്ന പ്രതിയെ മുൻ പരിചയമുണ്ടോ?”

“ഇല്ല.”

“സംഭവം നടക്കുന്നദിവസം ഇദ്ദേഹം നിങ്ങളുടെ ഓട്ടോറിക്ഷയിൽ തന്നെയല്ലേ കയറിയത്.”

“അതെ.”

“പലരും യാത്രചെയ്യുമ്പോൾ എങ്ങനെയാണ് പ്രത്യേകമായൊരാളെ തിരിച്ചറിയാനാവുക?”

പൊതുവെ ആരെയും ശ്രദ്ധിക്കാനാവില്ല. എന്നാൽ പ്രതി ഒരു സ്ത്രീയുമൊത്തായിരുന്നു റിക്ഷയിൽ കയറിയത്. ഒരു ഹോട്ടലിൽ

നിന്ന് ഊണുകഴിച്ചിട്ടും റിക്ഷയെ വിടാഞ്ഞ് എന്നെ കാത്തുനിൽക്കാൻ ആവശ്യപ്പെടുകയായിരുന്നു. പിന്നീട് പ്രത്യേകിച്ച് ഒരു ലക്ഷ്യവും പറയാതെ പലയിടത്തേക്കുമായി റിക്ഷ ഓടിക്കുവാൻ ആവശ്യപ്പെട്ടു. എന്നുവെച്ചാൽ ആദ്യം ചർച്ച്ഗേറ്റിലേക്ക് റിക്ഷ ഓടിക്കുവാൻ പറഞ്ഞു. പക്ഷേ അവിടെ എത്തിയാപ്പാൾ ജൈനിമേടിലേക്കു പോവാൻ കല്പിച്ചു. വീണ്ടും അവിടെനിന്ന് ടാണിലേയ്ക്ക്.

സാധാരണയായി ഇത്തരം കാര്യങ്ങളൊന്നും ഞങ്ങൾ ശ്രദ്ധിക്കാറില്ല. പക്ഷേ പ്രതിയുടെ കൂടെ ഒരു സ്ത്രീയുമുണ്ടായിരുന്നതിനാൽ ശ്രദ്ധിക്കുകയാണുണ്ടായത്.

"പിന്നീട് നിങ്ങളവരെ എവിടെ ഇറക്കിവിട്ടു?"

"റെയിൽവേ ഗേറ്റിനരികെ."

"നിങ്ങൾ ഏതെങ്കിലും രാഷ്ട്രീയപാർട്ടിയിൽ അംഗമാണോ?"

"അല്ല..."

"പ്രതിയെ ഏതാൾക്കൂട്ടത്തിലും നിങ്ങൾക്ക് തിരിച്ചറിയാനാവുമല്ലേ?"

"അതെ."

ഹമീദിന്റെ മുഖത്ത് ജലകണങ്ങളെപ്പോലെ വിയർപ്പ് പൊടിഞ്ഞിരുന്നു. പബ്ലിക്ക് പ്രോസിക്യൂട്ടർ കോടതിയോടായി പറഞ്ഞു:

"യുവർ ഓണർ, പ്രതിയുടെ ഉദ്ദേശവും ലക്ഷ്യവും ഇവിടെ സംശയാതീതമായി തെളിയിക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്രോസിക്യൂഷന്റെ വാദം ഇവിടേയും പിഴച്ചിട്ടില്ലെന്നാണ് അറിയാൻ കഴിയുന്നത്."

പിന്നീട് പാപ്പച്ചൻ എന്ന പാർട്ടി പ്രവർത്തകൻ.

പ്രോസിക്യൂട്ടർ സാക്ഷിക്കൂട്ടിനരികെ ചെന്ന് തൊണ്ട ചിനക്കി ചോദിച്ചു.

"ഈ നില്ക്കുന്ന പ്രതിയെ നിങ്ങൾക്കറിയാമോ?"

"ഉവ്വ്..."

"മുൻപരിചയമുണ്ടോ?"

"ഇല്ല. പക്ഷേ അന്നുരാത്രി ഞാൻ ഇയാളെ ആയിരുന്നു കണ്ടത്."

"കൂരിരുട്ടത്താണ് പ്രതി എതിരെ ഓടിവന്നത്. നിങ്ങൾക്കെങ്ങനെയാണ് ആളെ തിരിച്ചറിയാൻ കഴിഞ്ഞത്?"

"ഞാനും മാളവ്യയും പാർട്ടിയോഗം കഴിഞ്ഞ് വരുകയായിരുന്നു. ഞാൻ ടോർച്ചും മിന്നിച്ചും കൊണ്ട് മുൻപേ നടക്കുകയായിരുന്നു. ആരോ നടന്നടുക്കുന്നെന്നു തോന്നിയപ്പോൾ ഞാൻ ടോർച്ച് പ്രതിയുടെ നേർക്കടിക്കുകയായിരുന്നു. ചോരപ്പാടുകളുള്ള കുപ്പായമിട്ടു വരുന്ന പ്രതിയെ വ്യക്തമായി കാണാൻ കഴിഞ്ഞിരുന്നു."

“കുപ്പായത്തിന്റെ നിറമെന്തായിരുന്നു?”

“വെളുപ്പ്.”

“നിങ്ങൾ മരണാസന്നയായിക്കിടന്ന സാവിത്രിയുടെ ഞരക്കം കേൾക്കുകയുണ്ടായെന്നും, എന്നാൽ ചെന്നു നോക്കുകയുണ്ടായില്ലെന്നുമാണ് ഇവിടെ നിങ്ങൾ സമ്മതിച്ചതായി കുറിച്ചിരിക്കുന്നത്. ഇത് തെറ്റാണെന്ന് അറിയാമല്ലോ-പ്രാഥമികമായി, മരിച്ച സ്ത്രീയെ ആശുപത്രിയിൽ എത്തിക്കേണ്ടുന്ന കടമയെങ്കിലും നിങ്ങൾക്കില്ലേ? ഇതെക്കുറിച്ചെന്താണ് കോടതിയുടെ മുമ്പിൽ ബോധിപ്പിക്കാനുള്ളത്?”

“സാവിത്രിയുടെ മരണം നടന്നത് തികച്ചും വിജനമായ പ്രദേശത്തു വെച്ചാണ്. അതിനടുത്തു തന്നെയാണ് ഒരു ശ്മശാനമുള്ളത്. ഞാൻ സത്യവിശ്വാസിയായ ക്രിസ്ത്യാനിയാണ്. കർത്താവിനേയും അതോടൊപ്പം ചെകുത്താനേയും വിശ്വസിക്കുന്നവനാണ്. ഒരാൾ മരിക്കാൻ കിടക്കുകയാണെന്ന് അറിയാമായിരുന്നെങ്കിൽ തന്നേയും സ്വന്തം ജീവനെ ഓർത്തു മാത്രമാണ് പിന്തിരിഞ്ഞു നടന്നത്. എന്റെ അന്നത്തെ അവസ്ഥ അങ്ങനെ ആയിരുന്നെങ്കിൽതന്നേയും ഞാൻ അതിന്റെ പേരിൽ അതിയായി പശ്ചാത്തപിക്കുന്ന ഒരു മനുഷ്യനാണ്.”

പ്രോസിക്യൂട്ടർ കോടതിയുടെ നേർക്കു തിരിഞ്ഞു:

“യുവർ ഓണർ, ഇവിടെ വളരെ ദുഃഖകരമായ വസ്തുതയാണ് ബോധിപ്പിക്കുവാനുള്ളത്. പ്രധാനപ്പെട്ട തെളിവായ സാവിത്രിയുടെ ചോരപുരണ്ട പ്രതിയുടെ കുപ്പായത്തെ തെളിവിനായി ഇവിടെ ഹാജരാക്കാൻ പോലീസിനു കഴിഞ്ഞിട്ടില്ല. അവരുടെ റിപ്പോർട്ട് പ്രകാരം പ്രതി കുപ്പായത്തേയും മുണ്ടിനേയും കത്തിച്ച് ചാമ്പലാക്കിയിരിക്കുകയാണ്. പ്രതിയുടെ ഈ പ്രവൃത്തി കരുതിക്കൂട്ടി തെളിവുകൾ നശിപ്പിക്കാനുള്ള ഒരു ഉദ്യമമായിരുന്നു.”

അടുത്ത ദിവസത്തേയ്ക്ക് കേസ് മാറ്റിവെച്ച് കോടതി പിരിയുമ്പോൾ സമയം അഞ്ചു കഴിഞ്ഞിരുന്നു. പോലീസുകാരുടെ തുണയോടെ വാനിന്റെ നേർക്കുനടന്ന പാർത്ഥൻ ചുറ്റിലും നോക്കുമ്പോൾ രേണുകേടത്തി മാഞ്ചോട്ടിൽ നിൽക്കുന്നതുകണ്ടു.

അവരോട് യാത്രപോലും പറയാനാവാതെ, മനസ്സിൽ വിമ്മിഷ്ടവുമായി അയാൾ വാനിനകത്തേയ്ക്കു കയറുകയായിരുന്നു.

പിറ്റേന്നുതന്നെ വീണ്ടും പ്രതിക്കൂട്ടിൽ നിന്നപ്പോൾ പാർത്ഥൻ നെടുതായി നിശ്വസിച്ചു.

നീണ്ട തെളിവെടുപ്പിന്റെയും സാക്ഷി വിസ്താരത്തിന്റെയും

അവസാനം എവിടെയാണെന്ന് അയാൾക്ക് അറിയാൻ കഴിഞ്ഞിരുന്നു.

മുകുന്ദന്റെ മുഖത്ത് പ്രകടമായ, സ്വതസിദ്ധമായി കൈവന്നതു പോലുള്ള പുഞ്ചിരിയാണ്. എങ്കിലും തന്റെയും വിധി ത്രാസിൽ തൂങ്ങുന്ന പരമപ്രധാനമായൊരവസ്ഥയുടെ പ്രതിഫലനം അയാളുടെ കണ്ണുകളിലുമുണ്ടായിരുന്നു.

കോടതി ശാന്തത കൈവരിച്ചിരിക്കുന്നു. ക്രോസ് വിസ്താരം കേൾക്കാനായി ജിജ്ഞാസയോടെ തടിച്ചുകൂടിയിരിക്കയാണ് ജനം.

സാക്ഷിക്കൂട്ടിൽ നിന്ന ഹമീദിനു നേരെതിരിഞ്ഞ് മുകുന്ദൻ ചോദിച്ചു:

''നിങ്ങൾ ഇന്നലെ പറഞ്ഞതെല്ലാം സത്യംതന്നെയല്ലേ?''

''അതെ.''

''അതിൽ ഒരു കളവുമില്ലല്ലോ?''

''ഇല്ല...''

''എന്നാൽ...'' മുകുന്ദൻ കോട്ടിന്റെ കീശയിൽ നിന്ന് ഒരു ചിറ്റു കടലാസ്സെടുത്ത് കോടതിയുടെ നേരെ തിരിഞ്ഞു.

''യുവർ ഓണർ, ഇത് പ്രീമിയർ വർക്ക്ഷോപ്പ് മാനേജർ ആഗസ്റ്റ് പതിനൊന്നിന് ഹമീദിനു നൽകിയ ബില്ലിന്റെ ശരിപ്പകർപ്പാണ്.''

കോടതി പരിസരത്ത് മുഴക്കത്തെപ്പോലെ സ്വരങ്ങൾ ഉയർന്നപ്പോൾ മുകുന്ദൻ ഹമീദിനോടായി ചോദിച്ചു;

''പത്താംതീയതി നിങ്ങളുടെ ആട്ടോറിക്ഷ എവിടെയായിരുന്നു?''

ഹമീദിന്റെ മുഖത്ത് മേഘക്കീറുകൾ വീണുകിടക്കുന്നു. അയാളുടെ തൊണ്ടപൊട്ടി വാക്കുകൾ മറഞ്ഞു.

''അത്.... അന്ന് വർക്കു ഷോപ്പിലായിരുന്നു...''

''അപ്പോൾ നിങ്ങൾ പറഞ്ഞ സത്യങ്ങൾ? ഈ നില്ക്കുന്ന പ്രതിയായ പാർത്ഥനും, സാവിത്രിയും നിങ്ങളുടെ ഓട്ടോയിൽ കയറി എന്നല്ലേ പറഞ്ഞത്?''

ഹമീദ് വിയർത്തുകുളിച്ച് സാക്ഷിക്കൂട്ടിൽ നിൽക്കുമ്പോൾ മുകുന്ദൻ കോടതിയുടെ നേർക്കായി തിരിഞ്ഞു.

''യുവർ ഓണർ, ഇതിൽനിന്നും ഹമീദ് ഒരു കെട്ടിച്ചമച്ച കഥ പറയുകയായിരുന്നു എന്നാണ് അനുമാനിക്കാൻ കഴിയുന്നത്. തന്മൂലം പ്രതി ആയ പാർത്ഥൻ പരിപൂർണ്ണമായും നിരപരാധിയാണെന്ന് തെളിയുന്നുമുണ്ട്... കൂടുതലായി സാക്ഷികളെ ക്രോസ്സ് ചെയ്യുന്നതോടെ ഞാനിതു സമർത്ഥിക്കാം. കോടതി പ്രീമിയർ വർക്കുഷോപ്പുകാരൻ നൽകിയ ബില്ലിന്റെ ശരിപ്പകർപ്പ് തെളിവായി സ്വീകരിക്കേണ്ടതാണ്...''

സെഷൻസ് ജഡ്ജി പകർപ്പ് വാങ്ങിച്ച് പരിശോധനക്കുശേഷം ഫയലുകളുടെ ആസ്തിയിൽ അതിനേയും അംഗമാക്കി.

''പ്രീമിയർ വർക്ക് ഷോപ്പ് ഉടമയേയും വിസ്തരിക്കേണ്ടതാണെന്ന് ഇതിനാൽ കോടതി ഉത്തരവിടുന്നു. സാക്ഷി ഇവിടെ ഹാജരുണ്ടോ?''

''ഉവ്വ്...''

പബ്ലിക്ക് പ്രോസിക്യൂട്ടർ ഗൗണിന്റെ ചിറകുകൾ കാറ്റത്തു പറപ്പിച്ച് സാക്ഷിക്കൂട്ടിനു നേരെ നിന്നു.

''ഹമീദുമായി നിങ്ങൾക്കെത്രവർഷത്തെ പരിചയമാണുള്ളത്?''

''അഞ്ചുവർഷത്തെ.''

''അയാൾ എന്നും നിങ്ങളുടെ വർക്ക്ഷോപ്പിൽ തന്നെയാണോ വാഹനം കേടുപാടുകൾ തീർക്കുന്നത്?''

''അതെ.''

''എന്നായിരുന്നു ഹമീദ് ആട്ടോറിക്ഷ നിങ്ങൾക്കു കേടുപാടുകൾ തീർക്കാൻ നല്ലിയത്?''

''ഒമ്പതിന്, ഫ്യൂവൽ പമ്പിനായിരുന്നു കേട്. കേടുപാടുകൾ തീർത്ത് പതിനൊന്നിനെ ഞാൻ നല്കുകയുണ്ടായുള്ളൂ.''

''ഇതു സത്യം തന്നെയല്ലേ?''

''അതെ. ഹമീദ് ആട്ടോറിക്ഷ അന്ന് വർക്ക്ഷാപ്പിലാണെന്ന് സമ്മതിച്ചതുതന്നെയാണ്. കൂടാതെ എന്റെ പണിക്കാരും അന്നേദിവസം പണിയ്ക്ക് ആട്ടോറിക്ഷ ഏൽപ്പിച്ചവരും സാക്ഷികളാണ്. ഞാൻ കേടുപാടുകൾ തീർത്ത് വാഹനം നല്കിയതിന്റെ രശീതി ആഗസ്റ്റ് പതിനൊന്നിന്റേതാണ്.''

മുകുന്ദന്റെ സ്വരം വീണ്ടും : ''നിങ്ങളുടെ പേര്?''

''പാപ്പച്ചൻ...''

''ജോലി...?''

''അംബിക സ്പിന്നിങ് മിൽസിൽ വീവറാണ്.''

''പത്തിന് രാത്രി നിങ്ങളെവിടെയായിരുന്നു?''

പാപ്പച്ചൻ മൗനം തുടരുകതന്നെയായിരുന്നു.

''ഇത് കോടതിയാണ്... എല്ലാം തുറന്നു പറയൂ...''

''മില്ലിൽ.''

''കാരണം...?''

''അന്നെനിക്ക് നൈറ്റ്ഷിഫ്റ്റായിരുന്നു.''

''നൈറ്റ് ഷിഫ്റ്റ് എപ്പോഴാണവസാനിക്കുക?''

''കാലത്ത് എട്ടിന്.''

“അപ്പോൾ നിങ്ങളും നുണ പറയുകയായിരുന്നുവല്ലോ?”
മുകുന്ദൻ കോടതിയുടെ നേർക്കുതിരിഞ്ഞ് തുടർന്നു:
“യുവർ ഓണർ, പ്രോസിക്യൂഷൻ, സാക്ഷികളുടെ പട്ടികയിലെ ഒന്നും രണ്ടും സാക്ഷികൾ ഇവിടെ സത്യവിരുദ്ധമായി തെളിവുകൾ നല്കുകയാണെന്നു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. അപ്പോൾ സാഹചര്യങ്ങൾമൂലം ഇവിടെ എത്തപ്പെട്ട പ്രതി പരിപൂർണ്ണ നിരപരാധിയാണെന്നാണ് തെളിയുന്നത്. കൂടാതെ ഡോക്ടറുടെ പോസ്റ്റ്മോർട്ടം റിപ്പോർട്ട് സൂചിപ്പിക്കുന്നത് സാവിത്രിയുടെ മരണം പുലർച്ചെ നാലിനും അഞ്ചിനും ഇടയ്ക്കു നടന്നിരിക്കും എന്നാണ്. എന്നാൽ രണ്ടും മൂന്നും സാക്ഷികൾ പ്രതിയെ കണ്ടുവെന്നു പറയുന്ന സമയമാകട്ടേ സത്യവിരുദ്ധവുമാണ്. മൂന്നാം സാക്ഷിയെ ക്രോസ്സ് ചെയ്യുന്നതിലൂടെ ഞാൻ കൂടുതലായി തെളിയിക്കാം...”
എന്നാൽ മാളവ്യ മുകുന്ദന്റെ ചോദ്യങ്ങളെ നേരിടാൻ തക്ക കരുത്തു നേടിയിരുന്നില്ല. അയാൾ അതിനുമുമ്പേ സാക്ഷിക്കൂട്ടിനരികെ ബോധരഹിതനായി വീഴുകയായിരുന്നു.
മുഖത്ത് വെള്ളം തെളിക്കുകയും ഒരിറക്കു ചായ അകത്തേക്കിറക്കുകയും ചെയ്തപ്പോൾ മാളവ്യയ്ക്ക് എണീറ്റുനില്ക്കാനുള്ള കെല്പുകിട്ടി. സാക്ഷിക്കൂട്ടിലെ അഴികളെ അമർത്തിപ്പിടിച്ച് അയാൾ ഉച്ചത്തിൽ പറഞ്ഞു.
“എല്ലാം നുണയാണ്... നുണ...”

മുപ്പത്തിമൂന്ന്

കേസ്സ് വിധി പറയാനായി അടുത്തമാസം അഞ്ചിനാണ് അവധിക്കുവെച്ചിരിക്കുന്നത്. പൊടുന്നനെ ഗതിമാറി ഒഴുകിയ കേസ്സിന്റെ പരിണാമം പൊതുവേ എല്ലാവർക്കും വ്യക്തമായി പറയാൻ കഴിഞ്ഞിരുന്നു.
കേസ്സ് വാദിച്ചുകഴിഞ്ഞ് ഒരു നിമിഷം പോലും സംസാരിക്കാൻ നില്ക്കാതെ മുകുന്ദൻ സീനിയറോടൊത്ത് പോവുകയായിരുന്നു. വാനിൽ തിരികെ ജയിലിലേക്ക് തിരിക്കുമ്പോഴും, ഇരുമ്പഴികളുടെ വിലങ്ങുകൾ ലോകത്തെ ആകെ തന്നിലേക്ക് തളച്ചിടുമ്പോഴും പാർത്ഥൻ വിടുതലായാലുള്ള നിമിഷത്തെക്കുറിച്ചോർക്കയായിരുന്നു.
ജയിൽപ്പുള്ളികളെല്ലാം കുറ്റവാളികളാണെന്നും അവരുടെ സ്വതന്ത്രമായ ഇച്ഛകളെല്ലാം തന്നെ തച്ചുടക്കേണ്ടതാണെന്നും അതിനായുള്ള ചുമതല അലിഖിത നിയമമായി തന്നിലേക്കർപ്പിക്കപ്പെട്ടിരിക്കയാണെന്ന് വിശ്വസിക്കുകയും ചെയ്തിരുന്ന വാർഡൻമാർക്ക്

പോലും കോടതിയിൽ നടന്ന വിചാരണ ഒരത്ഭുത സ്ഫോടനമായിരുന്നു.

കവാത്തുപരിശോധനയ്ക്കായി എത്തിയ ജയിലർപോലും പാർത്ഥന്റെ മുമ്പിൽ മൂകനായിരുന്നു. ദയാപൂർവ്വം കുറ്റവാളികളോട് പെരുമാറുന്ന ജയിലർക്ക് കൂട്ടത്തിൽ വഴിതെറ്റി വന്നുപെട്ട കുഞ്ഞാടിനെ കണ്ടപ്പോൾ കുറ്റബോധമാണുണ്ടായത്. അയാളുടെ നരച്ച രോമങ്ങൾക്കും മസ്തകത്തിൽ പൂശിയതുപോലുള്ള ഭസ്മക്കുറിക്കും പിന്നിലൊളിക്കപ്പെട്ട ബുദ്ധി എവിടേയോ ഒരാപാകത കണ്ടെത്തി പുകഞ്ഞുനീറുവാൻ ആരംഭിച്ചിരുന്നു.

ഉല്ലാസത്തോടെ മുഖത്ത് ആഹ്ലാദവുമായി തിരിച്ചുപോയ രേണുകേടത്തി രോഹിണിയോട് അമിതാവേശത്തോടെ കോടതിരംഗങ്ങൾ വിവരിക്കുകയായിരിക്കും. ഒരു രാത്രി നഗരത്തിൽ താമസിച്ച് പിറ്റേന്നെത്തുമ്പോൾ അമ്മായി അമ്പരക്കുകയായിരിക്കും.

മിസ്സിസ് പത്മനാഭന് തന്റെ വരുതി ചാടിനടന്ന മകൻ എന്നോ മരിച്ചുമണ്ണായപുത്രനാണ്. സംസ്കാരത്തിന്റെ മഹിമയെ ഉച്ചൈസ്തരം വിളിച്ചുകൂവുന്ന അവരിൽ മാതൃത്വം എന്നോ നഷ്ടപ്പെട്ട ഒരു വികാരമാണ്.

യൂണിയൻ ഹാളിൽ കൂട്ടായി നടക്കാവുന്ന ഒരു ചർച്ചയെ പാർത്ഥനു മുൻകൂട്ടി കാണാൻ കഴിയുന്നുണ്ട്. പക്ഷേ എന്നിട്ടും അവർ പിഴച്ച നിഗമനത്തിലേ ചെന്നെത്തൂ. അതായിരുന്നുവല്ലോ പഴയ നിഗമനവും.

നേർത്ത നിലാവുപൂശിയ രാത്രികളും, അകാശത്തിന്റെ കീറിൽ പകലുകൾ ചുട്ടുപഴുത്ത് തിളയ്ക്കുന്നതും തുടർന്നുകൊണ്ടേ ഇരിക്കുന്നു.

ഏതോ ഒരു നിമിഷത്തിൽ സംഭവിക്കാവുന്ന ഒരു മോചനത്തിനായാണ് എന്റെ കാത്തിരുപ്പ്. അത് തുടരുകതന്നെയാണ്.

എത്രതന്നെ ചിന്തിച്ചൊരുക്കൂട്ടിട്ടും വീണ്ടും നഗരത്തിലേക്ക് ചെന്നെത്താവുന്ന, ഓഫീസുകവാടം സുപരിചിതമാവുന്ന ഒരു ഘട്ടത്തെ ത്രാണിയോടെ അഭിമുഖീകരിക്കാൻ തക്ക കരുത്ത് അയാൾക്കുണ്ടായിരുന്നില്ല.

ആകാശത്തിന്റെ കുറിയഭാഗത്ത് ഒരു കീറ് മേഘം കുറെ നേരമായി കെട്ടിക്കിടപ്പാരംഭിച്ചിട്ട്. കാറ്റൊഴുക്കത്തുപോലും അത് അനങ്ങുന്നില്ലെന്നു തോന്നുന്നു. മേഘങ്ങളെ തുളച്ച് തീ ആളുന്ന രശ്മികളാണ് വരുന്നത്.

ആര്യവേപ്പിന്റെ ഇലകൾ കൊഴിഞ്ഞുകൊണ്ടേ ഇരുപ്പാണ്. നേരിയ കാറ്റിൽപ്പോലും ഒരുപാട് പഴുത്തിലകൾ പാറുന്നുണ്ട്.

പച്ചക്കറി തോട്ടത്തിന്റെ അഭിവൃദ്ധി അവസാനിച്ചിരിക്കുന്നു. വേനലിന്റെ വരവോടെ ഫലങ്ങളെല്ലാം കായ്ച്ചുതീർന്ന ചെടികൾ ഉണങ്ങി കരിഞ്ഞുകിടപ്പാണ്.

ഇലകളില്ലാത്ത, ശിഖരങ്ങൾ നീണ്ട് കൂർത്തനഖങ്ങളെപ്പോലായ ആര്യവേപ്പ് ഒരു മടുപ്പിക്കുന്ന കാഴ്ചയായിരിക്കുന്നു.

നിയതമായ തന്റെ കവാത്തു തുടരുകയാണ് വാർഡൻ. കനത്ത ഭാവം പ്രകടിപ്പിക്കാനായി മീശതെറുത്ത് കുറ്റിച്ചുരുട്ടുപോലാക്കിയ അയാൾ ഗാംഭീര്യതയോടെ നടക്കുമ്പോൾ ലോകം മുഴുക്കെ തന്റെ വരവുകണ്ട് വിറയ്ക്കുന്നുണ്ടെന്നു കരുതുന്നുണ്ടാവും-

അന്തേവാസിയായ കിഴവൻ സെൻട്രൽ ജയിലിലേക്കു മാറ്റപ്പെട്ടതുമൂലം ഒഴിഞ്ഞുകിടക്കുന്ന അടുത്തമുറി പാർത്ഥനിൽ അസ്വസ്ഥത ഉയർത്തുന്നുണ്ടായിരുന്നു. കിഴവന്റെ പരിഭവം നിറഞ്ഞ, രോഷം കൊണ്ട് മലിനമായ വാക്കുകൾ അടുത്തൊരു സഹജീവിയുടെ സാമീപ്യത്തെ ആയിരുന്നു ഓർമ്മിപ്പിച്ചിരുന്നത്.

അയാൾക്കുശേഷം കരുതലോടെ അടച്ചിടേണ്ടുന്ന, ഉപദ്രവകാരിയോ, അതുമല്ല എന്നെപ്പോലെ നിഗൂഢനായ ഒരു വ്യക്തിയോ വന്ന് ചേരാത്തതിന്റെ പേരിൽ ഒഴിഞ്ഞുകിടപ്പാണ് ഇരുട്ടുപോലും പകച്ചുനിൽക്കുന്ന ജയിലറ.

ജയിലർ ചുവന്നകടലാസ്സുമായി ആഹ്ലാദത്തോടെ വരുന്നതു കണ്ടപ്പോൾ പാർത്ഥൻ എണീറ്റ് ഇരുമ്പഴികൾക്കരികെ ചെല്ലുകയാണുണ്ടായത്.

“പാർത്ഥന് ഒരാൺകുഞ്ഞു ജനിച്ചു. എന്റെ അഭിനന്ദനങ്ങൾ.”

ടെലിഗ്രാം പേപ്പർ വാങ്ങുമ്പോൾ അയാൾ പറഞ്ഞു.

“അവനും ഇവിടെയാണല്ലോ ജീവിക്കേണ്ടത്?”

രേണുകേടത്തിയാണ് ടെലിഗ്രാം ചെയ്തിരിക്കുന്നത് . വീടിന്റെ മതിൽക്കെട്ടിനപ്പുറം ലോകം കാണാത്ത അവർ ഇപ്പോൾ കുടുംബത്തിലെ ഏതു കാര്യവും ചെയ്തുതീർക്കാൻ മുന്നോട്ടിറങ്ങേണ്ടിയിരിക്കുന്നു.

ചുവന്ന പനിനീർപ്പൂപോലെ മുഖമുള്ള കുഞ്ഞ്. ഗർഭാശയത്തിലെ തണുപ്പുള്ള, പഞ്ഞിയെപ്പോലെ മൃദുലമായ ശരീരം. ഭൂലോകത്തെകണ്ട് പകച്ച അവന്റെ മുഖത്ത് സൂര്യപ്രകാശവുമായി രമ്യതയിലെത്താൻ ശ്രമിക്കുന്ന കണ്ണുകൾ.

വെളുത്തു ചുളിഞ്ഞ ഉള്ളങ്കൈയ്യും പാദങ്ങളും മഞ്ഞിൻ കട്ടയെപ്പോലെ തണുത്തിരിക്കും.

രോഹിണിയുടെ അരികെ, അവളുടെ വിരലുകൾ ചേർത്തണ

യ്ക്കുന്ന കുഞ്ഞിന്റെ നല്ലൊരു ചിത്രം പാർത്ഥനു കാണാൻ കഴിഞ്ഞിരുന്നു.

രോഹിണിയുടെ അഭിമാനമുള്ള, സൃഷ്ടിയുടെ സംതൃപ്തിയുള്ള മുഖത്ത് അവാച്യമായ ഒരു പുഞ്ചിരിയാണ് നിഴലിക്കുന്നുണ്ടാവുക. എങ്കിലും എന്നെ കാണാഞ്ഞുള്ള ഒരു ഭീമമായ ദുഃഖം അവളുടെ കൺതടത്തിൽ കാണാം.

കുഞ്ഞിന്റെ ഇളംചുണ്ടുകൾ നുകരുമ്പോൾ പാലുതിങ്ങി കൊഴുത്ത രോഹിണിയുടെ മുലകൾ ചുരന്ന് ഇറ്റിവീഴുകയാവും.

മനസ്സിൽ നിറഞ്ഞുകവിഞ്ഞ സന്തോഷം ജയിലുയർത്തിയ വിഷാദവുമായി പിൻവാങ്ങുകയാണുണ്ടായത്.

കുഞ്ഞുമായി ശയിക്കുന്ന രോഹിണിയെ ആദ്യമായി ചെന്നു കാണുന്ന നിമിഷത്തെപ്പോലും പാർത്ഥൻ ഓർത്തിരുന്നു.

ഞാൻ അച്ഛനോടൊത്ത് കുഞ്ഞുനാളിൽ നേഴ്സിങ്ഹോം സന്ദർശിക്കുമായിരുന്നു. ഞായറാഴ്ചകളിലെ പകലുകൾ അവിടെത്തന്നെ. വിധാതാവായ ഡോക്ടരുടെ മകനെ ആദരവോടെ രോഗികളും അവരുടെ സുഹൃത്തുക്കളും നോക്കിപ്പോന്നു.

അപ്പോഴായിരുന്നു പുതുപിറവിയെടുത്ത അനേകം കുഞ്ഞുങ്ങളെ കാണാൻ കഴിഞ്ഞിരുന്നത്. ചില്ലുജനാലയിലൂടെ അകത്തു കിടക്കുന്ന കുഞ്ഞുങ്ങളുടെ ചലനങ്ങൾ നിരീക്ഷിക്കുന്ന എന്നെ അച്ഛൻ ഒരു മന്ദഹാസത്തോടെ ശാസിച്ച് വീട്ടിലേക്ക് തിരിച്ചയക്കുമായിരുന്നു.

ജയിലർ ഔപചാരികതയൊന്നും പ്രദർശിപ്പിക്കാതെ പോവുകയാണുണ്ടായത്. ടെലിഗ്രാം പേപ്പറിലേക്ക് വീണ്ടും നോക്കിയ പാർത്ഥൻ നെടുതായി നിശ്വസിച്ചു.

മിസ്സിസ്സ് പത്മനാഭന് ഒരു പൗത്രനുണ്ടായെന്നറിയുമ്പോൾ പുതുതായൊന്നും സംഭവിച്ചമട്ടുണ്ടാവില്ല. രേണുകേടത്തിയുടെ കുഞ്ഞിന്റെ ജന്മത്തിനായി അമ്മായി കേഴുകയായിരുന്നുവല്ലോ–

ജയിലർ സ്വകാര്യമായി, വളരെ പതുക്കെ ചോദ്യമുന്നയിച്ചപ്പോൾ ഞാൻ അമ്പരപ്പോടെ ആ മുഖത്തേക്കുനോക്കുകയായിരുന്നു. ഒരു സന്ധ്യ. ഒരു ദിവസത്തെ അവസാന പരിശോധന തീർത്ത്, കുടുംബത്തേക്കു പോവാൻ തിടുക്കപ്പെട്ടു നടക്കുന്ന ജയിലർ.

“ഡോക്ടർ അനന്തനും അഡ്വക്കേറ്റ് മുകുന്ദനും സ്വന്തം സഹോദരൻമാരാണോ?”

അതെ എന്നു പറഞ്ഞപ്പോൾ അയാൾ ആശ്ചര്യത്തോടെ എന്റെ മുഖത്തേക്ക് നോക്കുകയാണുണ്ടായത്.

ജയിലറുടെ പതിഞ്ഞ ശബ്ദം അപ്പോഴും കേട്ടു.

“മനുഷ്യൻ ഒരു കണക്കു കൂട്ടലിന്റെയും മുന്നിൽ ഒതുങ്ങുന്ന വനല്ല. ഞാൻ മറ്റൊന്നായിരുന്നു ധരിച്ചത്.”

അയാളുടെ ധാരണ എന്തായിരുന്നുവെന്ന് അപ്പോൾ പാർത്ഥൻ ചോദിക്കുകയുണ്ടായില്ല.

ആര്യവേപ്പിന്റെ ശിഖരങ്ങളിൽ തട്ടുന്ന കാറ്റ് ഒരു ചൂളംവിളിയുടെ പ്രതിദ്ധ്വനി ഉളവാക്കുന്നുണ്ട്. ജയിലറയിലേക്കുപോലും ചൂട് ഇരച്ചുകയറിവരുകയാണ്. കോട്ടയുടെ കരിങ്കൽ ഭിത്തികൾ ചുട്ടു പഴുത്തു തീപാറുന്നുണ്ട്.

മൂട്ടയും കൊതുകും ദുർഗന്ധവും വികലമായ ഭക്ഷണക്രമവും ഒരു നവ്യാനുഭൂതിതന്നെയാണ് നൽകുന്നത്.

ചുവരു ചാരിയിരുന്ന് കുറിയ ആകാശത്തെ കണ്ടുകൊണ്ടിരിക്കു കയായിരുന്നു പാർത്ഥൻ.

പിറക്കാൻ പോവുന്ന മകനെക്കുറിച്ച് രോഹിണിയുടെ മനസ്സിൽ ഒരുപാട് ആശങ്കകളാണ് ഉണ്ടായിരുന്നത്. അവൻ കാണാനെങ്ങ നെയായിരിക്കും? പാർത്ഥേട്ടനെപ്പോലെ ഇഴത്തൂർന്ന് വളർന്ന മുടി തന്നെ ആയിരിക്കുമല്ലോ? ഒത്ത തടിയുണ്ടാവില്ലേ? മെലിഞ്ഞിട്ടൊ ന്നുമാവില്ലല്ലോ?

വ്യക്തമായൊരുത്തരം നൽകാനാവാത്ത കുഞ്ഞിനെക്കുറിച്ചുള്ള അവളുടെ ജിജ്ഞാസ കാണുമ്പോൾ പാർത്ഥൻ ചിരിക്കുമായിരുന്നു.

ഇപ്പോൾ രോഹിണിക്ക് മോനെ താലോലിച്ച്, അവന്റെ ചൂട് നുകർന്നും പകർന്നും കിടക്കുവാനുള്ള ഭാഗ്യമുണ്ട്. ഇവിടെ ഞാനാ ണു ക്രൂരമായി ബന്ധിക്കപ്പെട്ടിരിക്കുന്നത്.

ഉച്ചയൂണുകഴിഞ്ഞ് തടവറകൾ ശബ്ദമുഖരിതമായിരിക്കുക യാണ്. വരാന്തയിലൂടെ ഒഴുകി എത്തുന്ന വാർഡന്റെ ബൂട്ട്സിന്റെ താളത്തിനൊത്ത് അറകളിൽ പൂട്ടിയിട്ട ചോരയും നീരും മോഹവു മുള്ള മനുഷ്യരുടെ ക്ഷീണിച്ചതും നിരാശാഭരിതമായ സ്വരങ്ങളുണ്ട്.

ഇരുമ്പുവാതിലിനരികെ എത്തിയ വാർഡൻ നടന്നു ചലിച്ച് കിതപ്പുമായി നിൽക്കുകയായി.

“മോൻ ജനിച്ചുവല്ലേ?”

“അതെ...”

കരഞ്ഞുകലങ്ങിയ കണ്ണുളോടെ വിടപറച്ചിൽ നടത്തുമായിരുന്ന രോഹിണി ഇവിടെ സകലർക്കും പരിചിതയായിരിക്കുന്നു. അവൾ കാഴ്ചയായി കൊണ്ടുവരുന്ന വിഭവങ്ങൾ വീതിക്കപ്പെടുമ്പോൾ രുചികൾ മറന്ന് വിറങ്ങലിച്ച സ്വാദുള്ള നാവുകൾക്ക് ഒരുത്സവമാണ് ഒരുക്കപ്പെടുക.

“അടുത്ത കോടതിയോടെ പാർത്ഥൻ ഇവിടെ നിന്നുപോവും.”

അയാൾ വീണ്ടും കവാത്തു തുടർന്നപ്പോൾ പാർത്ഥൻ ഒരുറക്കത്തിനുള്ള ശ്രമവുമായി കരിമ്പടം ഉറക്കു തിണ്ടിൽ വിരിച്ച് കിടപ്പാരംഭിച്ചു.

ഉറക്കം നഷ്ടപ്പെട്ട രാത്രികളുടെ കല്ലിച്ച ഓർമ്മ അയാളുടെ മുന്നിലൂടെ കടന്നുപോയി. അപരിചിതമായ ചുറ്റുപാടിൽ വന്നുപെട്ടപ്പോൾ, ഉറക്കം തീർത്തും ഒരു മിഥ്യയായ രാവുകളിൽ അനേകംപേരുടെ വക്രച്ച, വ്യക്തമായും തിരിച്ചറിയാനാവാത്ത വാക്കുകൾ ഉറക്കത്തിന്റെ അടിത്തട്ടിൽ നിന്നെന്നോണം അന്തരീക്ഷത്തിൽ വരണ്ട അഭിലാഷങ്ങളുടെ രൂപത്തോടെ ഉയർന്നുകേൾക്കുമായിരുന്നു.

ആദ്യകാലത്തെ അനുഭവങ്ങൾ പരിചിതമായപ്പോൾ പാർത്ഥന് അവയെല്ലാം തിരിച്ചറിയാനായി.

വീണ്ടും നഗരത്തിലേക്ക് ചെന്നുപെട്ടാൽ കാണാവുന്നത് ഇസ്മായിൽസേട്ടിനെ തന്നെയാണ്. അയാളുടെ വമ്പും പ്രതാപവും കൂടിക്കലർന്ന് ഒരു നവീന തത്വശാസ്ത്രമായി, അനേകം പേരുടെ ഇച്ഛാശക്തിക്കൊത്ത് ബലി കഴിക്കപ്പെടുന്നതു കാണുമ്പോൾ മൂകനായി ഒരു വണ്ടിക്കാളയെപ്പോലെ അനുസരിക്കാൻ മാത്രം എനിക്കുമാവില്ല.

കഴിഞ്ഞ സംഭവങ്ങൾ ഒരു ദുർഭൂതത്തെപ്പോലെ ഉയർത്തെണീറ്റ് നില്ക്കുന്നതു പാർത്ഥന് കാണാനാവുന്നുണ്ട്. അവ ബീഭത്സമായി അയാളെ ഉറ്റുനോക്കി ആർത്തുചിരിക്കയാണ്.

ഞാനൊരു വിഡ്ഢിയായിരുന്നു. എതുമേഖലയെയാണോ ഞാനുപേക്ഷിച്ചുവന്നത് അവിടെ ചെന്നെത്താനാണ്, ബാഹ്യമായ പകിട്ടിൽ എന്തിനേയും വളച്ചൊടിച്ച് നേട്ടങ്ങളുടെ നീണ്ടൊരു പട്ടിക ഉണ്ടാക്കാനാണ് സകലരും ശ്രമിക്കുന്നത്!

ഇവിടെ കുത്തൊഴുക്കു നടത്തുന്ന ആൾക്കൂട്ടത്തിലകപ്പെട്ട്, അലസമായി ചിന്താപരത നഷ്ടപ്പെട്ട് പിൻതുടർച്ചമാത്രം നടത്തുന്ന മനുഷ്യരെ കണ്ട് ദുഃഖത്തോടെ വിലപിച്ചു നില്ക്കുമ്പോൾ നിരക്കിൽ ഞെരുങ്ങി മജ്ജപോലും തകർന്നു പൊടിയുകയാണ്.

വെയിലാറി തുടങ്ങിയതോടെ ബന്ധുമിത്രാദികളുടെ വരവായി, ജയിലിന്റെ അന്തരീക്ഷത്തിൽ ആഹ്ലാദത്തിന്റെ പുതുമ കണ്ണീരു തൂവുമ്പോഴും പ്രിയപ്പെട്ടവരെ ഒരു നോക്കുകാണാൻ കഴിഞ്ഞതോർത്തുള്ള സന്തോഷം.

ഞായറാഴ്ചയിലെ അനേകം സന്ധ്യകൾ രമണിയമായിത്തീർന്ന് അവസാനിക്കുന്നത് ദുഃഖത്തോടെയാണ്. പിന്നീട് തടവറകളിൽ

പതിവിലും ശക്തമായി നിശ്ശബ്ദത ഭരിക്കപ്പെടുന്നു. നാട്ടിമ്പുറത്തേയും സ്വതന്ത്ര ജീവിതത്തേയും കുടുംബാന്തരീക്ഷത്തേയും ചുറ്റിപ്പറ്റി നിൽക്കുന്ന ഓർമ്മകളുമായി മനസ്സ് വ്യക്തികളുടെ ഇരുണ്ട ഇടനാഴികളിൽ കാലിടറി സഞ്ചരിക്കുന്നു.

ഒരു കൊടുംവിധി നല്കുന്ന ബന്ധനത്തെ തകർത്തെറിയണമെന്ന ചിന്ത എല്ലാരിലും സ്ഥായിയായി ഉണ്ടായിരുന്നു. പുറത്തു പറഞ്ഞാൽ നെഞ്ചുപിളർന്ന് ചോര അർപ്പണംചെയ്ത് ശവം പോലും ജീർണ്ണിച്ചുപോവുന്നത് ലോകരറിയുകപോലുമില്ലെന്ന സത്യമോർത്ത് മനുഷ്യർ ഭയന്ന് സർക്കസ്സ് കൂടാരത്തിലെ സിംഹത്തെപ്പോലെ അനുസരണശീലരാവുകയായിരുന്നു.

ഇരുമ്പഴികൾക്കപ്പുറം ജോസഫ് സന്തതസഹചാരിയായ വാർഡനുമായി വന്നപ്പോൾ പാർത്ഥൻ അമ്പരക്കുകയാണുണ്ടായത്.

‘‘അവസാനം നീ ഇവിടെ എത്തിയല്ലേ?’’

ഒരുത്തരം പ്രതീക്ഷിക്കാഞ്ഞാവും അയാൾ തുടർന്നത്.

‘‘യുദ്ധം സ്വന്തം വംശത്തോടാവുമ്പോൾ അവിടെ തെറ്റിന്റെയും ശരിയുടേയും പ്രശ്നമുണ്ടാവുന്നില്ല പാർത്ഥൻ. സ്വന്തം വംശത്തോട് യുദ്ധം ചെയ്യാൻ മുതിർന്നവരെ നശിപ്പിക്കുകയാണ് ആവശ്യം.’’

‘‘എനിക്കൊന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. പക്ഷേ...’’

‘‘എന്റെ രൂപയാണ് എല്ലാത്തിനും പ്രശ്നമായത്. അല്ലേ?’’

‘‘എന്ന് തീർത്തു പറയാനാവുമോ...? അതൊരു കാരണം മാത്രമാണ്. അത്രതന്നെ...’’

ഒരു യുദ്ധത്തിനായി സജ്ജീകരണം നടത്തുമ്പോൾ തെരുവിലെ അഴുക്കുചാലുകളെ തുടച്ചുമാറ്റാമെന്ന് ഞാൻ സ്വപ്നം കണ്ടിരുന്നു. കൊടുമ്പിരികൊണ്ട യുദ്ധത്തിനുശേഷം തടവുകാരനാക്കപ്പെട്ടപ്പോൾ അതൊരു വ്യാമോഹം മാത്രമാണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു.

സന്ധ്യയുടെ ചുവന്ന കിരണങ്ങളുടെ വെളിച്ചം ജയിൽവളപ്പിൽ ചിതറിക്കിടക്കുകയാണ്. സമയമറിയിക്കുന്ന മണിമുഴങ്ങിയപ്പോൾ കോട്ടയ്ക്കകം ആകെ മാറ്റൊലികൾകൊണ്ടു നിറഞ്ഞു.

‘‘പാർത്ഥന് അടുത്തുതന്നെ പുറമേക്കിറങ്ങാം. പിന്നെന്തു ചെയ്യാൻ?’’

തനിച്ച് ആരുമായും സഹവാസമില്ലാതെ ജീവിക്കാൻ എനിക്കാവില്ല. മാലോകരുടെ ദുരിതങ്ങളെ ആകെ മുന്നിൽ കണ്ടതുകൊണ്ടായിരുന്നുവല്ലോ, കോപ്പുകൂട്ടി രംഗത്തേക്കിറങ്ങിയത്.

‘‘എനിക്ക്, എനിക്ക് മാത്രമായി ജീവിക്കാനാവില്ല...’’

മിസ്സിസ് പത്മനാഭനോടും കയർത്തുപറഞ്ഞത് ഈ വാക്കുക

ളായിരുന്നു. കോളേജ് പഠിപ്പ് പാതിക്കുനിർത്തി നാടുനന്നാക്കാനിറങ്ങുന്നകാലം. അസമയത്ത് കയറിച്ചെല്ലുമ്പോൾ, തന്നിൽ താഴെയുള്ളവരുമായി സഹവാസമരുതെന്നും പറഞ്ഞ് അമ്മ വിലക്കിയത് മാനിക്കാതെ നടക്കുമ്പോൾ മിസ്സിസ് പത്മനാഭൻ ഒരു താക്കീതെന്നോണം എന്നോട് സംസാരിക്കുകയാണുണ്ടായത്.

കോടതിയിലെ വക്കീലായ മുകുന്ദൻ എങ്ങും ഒരു വക്കീലിനെപ്പോലെയാണ് പെരുമാറുന്നത്. താൻ അന്യനായ ഏതോ ഒരു പ്രതിയുടെ രക്ഷക്കായി വാദിക്കുകയാണ് എന്നത് സമൂഹത്തെ അറിയിക്കാനായി പരക്കം പായുകയാണ്.

ജോസഫ് തിരിച്ചുപോക്കിനൊരുങ്ങിയപ്പോൾ പാർത്ഥൻ പറഞ്ഞു:

"രോഹിണി ഒരാൺകുഞ്ഞിനെ പ്രസവിച്ചുവെന്ന് ടെലിഗ്രാമുണ്ട്."

"എന്ന്?"

"ഇന്നുതന്നെ. ഭാര്യയ്ക്കു വിശേഷിച്ചൊന്നുമില്ലാല്ലോ....?"

"ഏയ്യ്...."

ജോസഫിന്റെ അകൽച്ചക്കുശേഷം ഇരുളിന്റെ വരവും.

ജയിലറകൾ നിർജ്ജീവമായിരിക്കുയാണ്. വന്നുകണ്ട് ഓർമ്മകളെ പുതുക്കിപ്പോയവർ പൊറ്റംകെട്ടി ഉണക്കം തട്ടിയ പുണ്ണുകളെ ചുരമാന്തി പൊട്ടിച്ചിരിക്കുന്നു.

വെളുത്ത, രോഹിണിയുടെ കക്ഷത്തിനുതാഴെ കണ്ണുചിമ്മി ഉറങ്ങുന്ന ഒരാൺകുഞ്ഞിന്റെ രൂപത്തെ പാർത്ഥൻ ഓർക്കാൻ ശ്രമിച്ചു.

രോഹിണിയുടേതുപോലെ തിളക്കമുള്ള കണ്ണുകളും നിറവും തന്നെ ആവും അവനും. അവളുടേതുപോലെതന്നെ സ്വല്പം നീണ്ട് അറ്റം കൂർത്ത ഭംഗിയുള്ള മൂക്കുമായിരിക്കും.

മകനെക്കണ്ട് രോഹിണിയുടെ മുഖത്തേക്ക് നിർമ്മലമായി നോക്കാവുന്ന ഒരു ദിവസത്തേയും ഓർത്ത് പാർത്ഥൻ ജയിലറ യിൽ തന്നെ ചടഞ്ഞുകൂടിയിരിക്കുകയാണുണ്ടായത്.

മുപ്പത്തിനാല്

വീണ്ടും പ്രതിക്കൂട്ടിൽ നില്ക്കുമ്പോൾ പാർത്ഥന്റെ മനസ്സ് പിടഞ്ഞു തുള്ളുകയായിരുന്നു. രാത്രി മുഴുക്കെ ഉറക്കമിളച്ച് അതിപ്രധാനമായ ഒരു വിധി പ്രസ്താവനക്കായി കാത്തിരിക്കുമ്പോൾ മുകുന്ദന്റെ വാക്ചാതുര്യം നല്കിയ ആശകൾപോലും ഒരു ബലപരീക്ഷണത്തിന് വിധേയമാവുകയാണുണ്ടായത്.

ജയിലർ വളരെ ശുഭപ്രതീക്ഷയോടെ സംസാരിക്കുകയാണുണ്ടായത്. പ്രമുഖമായ കേസ്സിന്റെ വിധി അറിയാനായി അയാൾ നേരിട്ടെത്തിയിരിക്കുന്നു.

ജയിലിൽവന്നുകണ്ട മുകുന്ദനും മോചനത്തെക്കുറിച്ചേ എന്നോടുപറയാനുണ്ടായിരുന്നുള്ളൂ. സംസ്ഥാനത്ത് സ്ഥാനമഹിമയും പ്രൗഢിയും പേരുംപുകഴും സമ്പാദിച്ചുകൊടുക്കാവുന്ന, തന്റെ പ്രവർത്തനപരിധിയിൽ നിൽപ്പുറപ്പുനല്കാവുന്ന, അയത്ന സുന്ദരമായൊരു അന്ത്യത്തെ അയാൾക്ക് കാണാൻ കഴിഞ്ഞിരുന്നു.

അനേകം ദിവസങ്ങളുടെ ഉറക്കമിളപ്പിന്റെ ക്ഷീണവുമായി വാനിനകത്തിരിക്കുമ്പോൾ തിരിച്ചുവരവ് സെൻട്രൽ ജയിലിലേക്കാവുമോ എന്നോർക്കാൻ പാർത്ഥന് കഴിഞ്ഞിരുന്നു.

ഒരു നീണ്ട ഒളിവുകാലത്തിനുശേഷം അവിചാരിതമായി എന്നെ പിടിക്കുകയാണുണ്ടായത്. കോടതിയിൽ ചങ്കുറപ്പോടെ നില്ക്കുമ്പോൾ എന്റെ നട്ടെല്ലിൽ കാഠിന്യമുള്ള, ഇരുണ്ടവഴികളിൽ വെളിച്ചം പാകാൻ തക്ക ശക്തമായ ഒരു തത്വജ്ഞാനം അടിത്തറയായുണ്ടായിരുന്നു.

ഇവിടെ എല്ലാം ചോർന്നുപോയിരിക്കയാണ്. രക്തത്തിന്റെ കനവും നിറവും വെള്ളവുമായി ലയിച്ചു ചേർന്ന് അലിഞ്ഞലിഞ്ഞില്ലാതാവുകയാണ്.

പ്രതിക്കൂട്ടിൽ നില്ക്കുമ്പോൾ നാലുപാടും ഒരു നിരീക്ഷണം നടത്താൻ പാർത്ഥൻ അശക്തനായിരുന്നു.

കസേരകളിൽ ഒച്ചതാഴ്ത്തി സംസാരിച്ചുകൊണ്ടിരിപ്പാണ് വക്കീലൻമാർ. അവർക്കുപിമ്പേ കേസ്സുകെട്ടുകളെ താങ്ങിപ്പിടിച്ചും, കുശാഗ്രബുദ്ധിയോടെ ജൂനിയർ വക്കീലന്മാരുടെ പിഴവുകളെ പറഞ്ഞില്ലാതാക്കാൻ ബദ്ധശ്രദ്ധരായും നില്പാണ് ഗുമസ്തൻമാർ. ഗുമസ്തന്മാർക്കും പിന്നിലാണ് കക്ഷികളും കാണികളുമായ ജനം.

സുഹൃത്തുക്കളും പരിചിതരുമായ അനേകംപേർ ചുറ്റിലും നിറഞ്ഞുനില്ക്കുന്നത് ഒറ്റനോട്ടത്തിൽ തന്നെ അയാൾക്കു കാണാൻ കഴിഞ്ഞിരുന്നു.

ഗംഗാധരനും ഭക്തവത്സലൻ മാഷും രേണുകേടത്തിയും അമ്മായിയും രോഹിണിയും കുഞ്ഞും.

വാനിൽ നിന്നിറങ്ങുമ്പോൾ രോഹിണിയെ നേരിടുവാൻ അശക്തനായി പോലീസുകാരോടൊത്ത് കോടതിയ്ക്കകത്തേക്ക് നടപ്പായിരുന്നു ഞാൻ.

ചേമ്പറിനകത്ത് തപസ്സനുഷ്ഠിക്കുന്നതുപോലെ ഇരിപ്പാണ് സെഷൻസ് ജഡ്ജി. അയാളുടെ വാക്കും നോക്കും എഴുത്തും

മഹനീയവും സർവ്വശക്തമാവുന്ന ഒരു നിമിഷത്തെ നേരിടാൻ കാത്തിരിപ്പാണ് ജനം.

ചുവരിലെ കാലപ്പഴക്കമുള്ള ചില്ലുകൂട് അടർന്നുപോയ ഘടി കാരം മുഴങ്ങിയപ്പോൾ പാർത്ഥൻ തലയുയർത്തുകയായി. പത്തര കഴിഞ്ഞിരിക്കുന്നു.

കസേരയിൽ മുൻവശത്തെ നിരയിൽ തന്നെയാണ് മുകുന്ദന്റെ ഇരുപ്പ്. അരികെ, പബ്ലിക് പ്രോസിക്യൂട്ടറും സീനിയർ വക്കീലുമാണ്. മുകുന്ദന്റെ മുഖത്തും സംഭ്രാന്തി പൊഴിച്ച വിയർപ്പുകണങ്ങളാണു ള്ളത്. മുഖമപ്പാടെ ചുവന്നിരിക്കുന്നുമുണ്ട്.

ജഡ്ജി പ്രവേശിച്ചപ്പോൾ കോടതി പരിപൂർണ്ണമായി നിശ്ശബ്ദ മായി. പട്ടുവില്ലിസ്സിനു കീഴെ, ഉറക്കംമലച്ച് വീർത്ത കണ്ണുകളുമായി മുന്നിലെ വിധി പ്രസ്താവനയെ ഒന്നോട്ടിച്ചുനോക്കിയ അയാൾ പതുക്കെ ചുണ്ടനക്കി.

“അമ്പതുപേജുവരുന്ന വിധിയാണ്. എന്നാൽ ഞാൻ പ്രധാന മായി അവസാന ഭാഗം വായിക്കാം.”

ഈ കേസ്സിലെ പ്രതിയായ പാർത്ഥൻ മേൽപറഞ്ഞ സംഭവങ്ങളെ ആധാരമാക്കി കുറ്റവാളി അല്ലെന്ന നിഗമനത്തിലാണ് എനിക്ക് എത്താൻ കഴിഞ്ഞത്.

കേസ്സിലെ പ്രധാന സാക്ഷികളായ ഒന്നാംസാക്ഷി ആട്ടോറി ക്ഷാ ഡ്രൈവർ ഹമീദും രണ്ടും മൂന്നും സാക്ഷികളായ പാപ്പച്ചനും മാളവ്യയും കോടതിയെ കബളിപ്പിക്കാനായി തെറ്റായ മൊഴി നല്കു കയായിരുന്നു.

“പ്രോസിക്യൂഷന് സ്വന്തം വാദം തെളിയിക്കാനോ പ്രതി കുറ്റ വാളിയാണെന്ന് തെളിയിക്കാനോ കഴിഞ്ഞിട്ടില്ല. ആയതിനാൽ കുറ്റ വാളിയല്ലെന്നു ബോദ്ധ്യപ്പെട്ട് ഈ കേസ്സിലെ പ്രതി പാർത്ഥനെ നിരുപാധികം മോചിപ്പിക്കാൻ കോടതി ഉത്തരവിടുന്നു.”

ജഡ്ജി വീണ്ടും വായന തുടർന്നെങ്കിലും ഹാൾ ശബ്ദമുഖ രിത മാവുകയാണുണ്ടായത്. മുകുന്ദന്റെ കൈകൾ പിടിച്ചുകുലുക്കി അഭിന ന്ദിക്കുകയാണ് വക്കീലന്മാർ. അവർ ഉച്ചത്തിൽ അയാളുടെ വാക് ചാതുര്യത്തേയും സസൂക്ഷ്മം കണ്ടെത്തി. അവസാനനിമിഷത്തിൽ കോടതിയുടെ മുമ്പിൽ ഹാജരാക്കിയ പരമപ്രധാന തെളിവായ പ്രീമിയർ വർക്ക്ഷോപ്പിന്റെ ബില്ലിനേയും കുറിച്ചാണ് പറയുന്നത്.

ഒരു വെള്ളിടി ശിരസ്സിൽ വീണുകഴിഞ്ഞതിനുശേഷമുള്ള പ്രശാ ന്തതയോടെ പ്രതിക്കൂട്ടിൽ നില്പായിരുന്നു പാർത്ഥൻ.

ജഡ്ജി വിധി പ്രസ്താവിച്ച് ചേംബറിനകത്തേക്ക് തിരികെ പോയിരിക്കുന്നു.

വിധികേൾക്കാനായിവന്ന വക്കീലന്മാർ അടുത്ത കോടതിയിലേക്ക് കേസ്സുമുഴുപ്പിക്കാനായി പോവുകയാണ്.

കോടതിക്ക് ചുറ്റിലും തിങ്ങിവിങ്ങിനിന്ന ജനത്തിന്റെ ആക്കം കുറയുന്നുണ്ട്. പാർത്ഥൻ നെടുതായി നിശ്വസിച്ചു.

പോലീസുകാരുടെ കാവൽ വലയം ഭേദിച്ച് കോടതിമുറിയിൽ തന്നെ അനന്തര നടപടികൾക്കായി കാത്തുനില്ക്കുമ്പോൾ രോഹിണിയും കൂട്ടരും വാതില്പടിക്കപ്പുറം നില്ക്കുന്നതു കണ്ടു.

രേണുകേടത്തിയാണ് കുഞ്ഞിനെ എടുത്തിരിക്കുന്നത്. അമ്മായി നിറകണ്ണുകൾ തുടയ്ക്കുകയാണ്.

കോടതിമുറിയിൽ നിന്ന് പാർത്ഥൻ പുറത്തുകടന്നപ്പോൾ രോഹിണി അതിരുകവിഞ്ഞ സന്തോഷത്തോടെ ഉറക്കെ കരയുകയായിരുന്നു. അവളെ ആശ്വസിപ്പിക്കാനായി നെറുകയിലൂടെ വിരലോടിച്ച് രേണുകേടത്തിയുടെ കൈത്തണ്ടയിൽ ചായ്ഞ്ഞുറങ്ങുന്ന കുഞ്ഞിനെ കൗതുകത്തോടെ നോക്കിയപ്പോൾ അവർ കുഞ്ഞിനെ അയാളുടെ നേർക്ക് നീട്ടിപ്പിടിച്ചു.

ഒരിളം കുഞ്ഞിനെ എടുത്തുശീലിക്കാതെ, ഭീതിയോടെ മോനെ കൈകളിലേക്കു വാങ്ങിക്കുമ്പോൾ പാർത്ഥൻ ആകാംക്ഷയോടെ കുഞ്ഞിന്റ മുഖത്തേക്കു നോക്കി.

“മുപ്പതു കഴിഞ്ഞു പാർത്ഥേട്ടാ...”

രോഹിണി വിട്ടകലാത്തമട്ടിൽ അയാളുടെ അരുകുപറ്റി നില്പാണ്.

മുഖം കുനിച്ച് ശാന്തമായുറങ്ങുന്ന മോന്റെ നെറ്റിയിൽ ഉമ്മ വെച്ചപ്പോൾ ഞെട്ടിയുണർന്ന മോൻ അപരിചിതനായ പാർത്ഥനെ കണ്ട് കരച്ചിലു തുടങ്ങി. രോഹിണി കുഞ്ഞിനെ വാങ്ങിച്ച് തോളത്തണച്ച് മോന്റെ മുതുകിൽ താളം പിടിച്ചപ്പോൾ കുഞ്ഞ് വീണ്ടും ഉറക്കമായി.

ചുമലിൽ സുരക്ഷിതത്തോടെ ഉറങ്ങുന്ന കുഞ്ഞുമായി നില്ക്കുന്ന രോഹിണിയെ പാർത്ഥൻ കണ്ടു മറന്നതുപോലെ നോക്കി.

പെണ്ണ് കുറേ മെലിഞ്ഞിരിക്കുന്നു. ഒരമ്മ ആയതിനാലാവും. പഴയ രൂപഭാവങ്ങൾക്കൊക്കെ മാറ്റം വന്നിട്ടുണ്ട്. പൗഡറിട്ടിട്ടും മഞ്ഞളിന്റെ നിറംകാട്ടുന്ന കവിളുകൾ. എണ്ണപുരളാതെ മാടിക്കെട്ടിവെച്ച മുടി. നനഞ്ഞു കുതിർന്നതുപോലുള്ള പാലുനിറഞ്ഞ മുലകൾ.

പാർത്ഥൻ വീണ്ടും മോനേ വാങ്ങിച്ച് ചുമലിൽ അണച്ചുകിടത്തി. കുഞ്ഞ് അപ്പോഴും ഗാഢമായ സുഷുപ്തി തുടരുകയായിരുന്നു.

ഓഫീസ്സങ്കണങ്ങളിലെ പരിചിതരെല്ലാം തന്നെ കൈവഴിക

ളിലൂടെ തിരിഞ്ഞുനടപ്പാണ്. നമ്പ്യാരും സദാശിവനും വന്നിരിക്കാം. പക്ഷേ അവർ ഒരുനിമിഷംപോലും കാത്തുകെട്ടി നില്ക്കുകയുണ്ടായില്ലല്ലോ–

"നമുക്കൊരു ടാക്സി പിടിക്കാം."

ജോസഫിനെ അപ്പോഴേ പാർത്ഥൻ ശ്രദ്ധിക്കുകയുണ്ടായുള്ളൂ. കോടതി വളപ്പ് പിന്നിട്ട് നടക്കുമ്പോൾ ജോസഫ് തുടർന്നു :

"ഇവിടെ ഇങ്ങനെ നിന്നാൽ ശരിയാവില്ല..."

ചോലമരങ്ങളുടെ തണലത്തൂടെ, പഴുത്തിലകളെ ചവിട്ടിമെതിച്ചു നടക്കുമ്പോൾ പാർത്ഥൻ പതിയെ പറഞ്ഞു :

"കൊട്ടാരത്തിൽ കിടന്നപ്പോൾ ഇങ്ങോട്ടുവരാൻ തോന്നി. ഇവിടെ വന്നപ്പോൾ..."

എന്റെ ചുമലിൽ ഇപ്പോഴും അനേകം മുദ്രകളുണ്ട്. ഇവിടെ നിരന്തരം സ്തുതിക്കപ്പെടുന്നതും ഗാനാലാപം കേട്ട് കോരിത്തരിപ്പോടെ തെരുവിലൂടെ നടക്കുന്നതും ഇസ്മായിൽ സേട്ടുമാരാണ്.

എന്റെ എതിർപ്പിന്റെ ശക്തി എവിടേയോ കെട്ടടങ്ങിയിരിക്കുന്നു. അതെവിടെയോ, ഈ ഒഴുക്കിൽ തന്നേയോ ചോർന്നു പോയിരിക്കുന്നു.

പക്ഷേ എനിക്ക് ഞാനാവാൻ കഴിയുന്ന, എന്റെ ഭൂമിയാണല്ലോ നഷ്ടപ്പെട്ടിരിക്കുന്നത്.

ഗംഗാധരനും ഭക്തവത്സലൻ മാഷും ഉടനടി പോവുകയായിരുന്നു. യാത്രക്കൊരുങ്ങിയ ഗംഗാധരനെ അകറ്റി നിർത്തിയ പാർത്ഥൻ പറഞ്ഞു:

"എന്റെ കാര്യം കഴിഞ്ഞു. ഇനി ഉടനടി വിവാഹം നടത്തണം."

"അതാവും. പാർത്ഥൻ നാളെ അങ്ങോട്ടുവരില്ലേ?"

"വരാം."

"എന്നിട്ടാവാം എല്ലാ തീരുമാനങ്ങളും."

അവർ പോയപ്പോൾ പൂമുഖത്തെ കസേരയിൽ ചായ്ഞ്ഞു കിടന്ന് പാർത്ഥൻ ക്ഷീണം തീർത്തു.

പത്രക്കാർക്ക് പ്രചാരമുള്ള ഒരു വാർത്ത കിട്ടിയിരിക്കുന്നു.

സാവിത്രീവധക്കേസ്സിലെ പ്രതിയായ പാർത്ഥനെ കോടതി നിരുപാധികം കുറ്റക്കാരനല്ലെന്നു കണ്ട് വിട്ടയച്ചിരിക്കുന്നു.

അപ്പോൾ ഞാൻ സാവിത്രിയെ വധിച്ചവനും പ്രതിയുമാണ്.

ജോസഫ് കൊണ്ടുപിടിച്ച ഉറക്കം തന്നെയാണ്. പാർത്ഥൻ എണീറ്റു അകത്തേയ്ക്കു നടന്നപ്പോൾ അമ്മായി എതിരെ വരുന്നതുകണ്ടു.

“ഞ്യാങ്ങ്ടബര്യാർന്നൂ...”

“എന്താ...?”

“നീം ങ്ങനെ എത്രകാലം? പ്പൊ പഴേപോലൊന്നുല്ല. ഭാര്യേം കുട്ടീം ള്ളതാ. നെനക്ക് ജയില്ലോ മരത്തില്ലോ ഇരിക്കാങ്കഴിയ്യേണ്ടാവും. അവൾടെ ആധി ഞങ്ങളാ ചെലരൊക്ക്യാണ് കാണേണ്ടായത്...”

ഒരെത്തും പിടിയും കിട്ടാതെ കാറ്റത്ത് പാറ്റിയ പതിരിനെപ്പോലെ പറക്കുകയായിരുന്നു പാർത്ഥൻ. ജയിലിനകത്തിരുന്ന് മാസങ്ങളോളം നടത്തിയ വിചിന്തനത്തിനുശേഷവും അയാൾക്കൊരു തിരുമാനത്തിലെത്താൻ കഴിയുകയുണ്ടായില്ല.

സർവ്വതും ത്യജിച്ച് ശൂന്യഹസ്തനായി തെരുവിലേക്കിറങ്ങുമ്പോൾ നിറംപിടിച്ച കുറെ ആശകളായിരുന്നു എന്നിലുണ്ടായിരുന്നത്. ആ ആശകളുടെ തുരുത്തു നൽകിയ, അവിടെ രക്ഷപ്പെട്ട് സംതൃപ്തികണ്ടെത്തിയ കുറേ മനുഷ്യരെ ഓർക്കുമ്പോൾ എന്തും സഹിക്കാൻതക്ക കരുത്തു നേടിയിരുന്നു.

എവിടെനിന്നാണോ ഞാനിറങ്ങിവന്നത് അവിടേയ്ക്കുള്ള മാർഗ്ഗങ്ങളായിത്തീർന്നിരിക്കുന്നു ഇവിടെ സകലതും! അർത്ഥപൂർണ്ണമായ വാക്കുകൾ പറയുകയും അത് പ്രവൃത്തി പഥത്തിലെത്തുമ്പോൾ പുറംതിരിഞ്ഞുനിൽക്കുന്നവരുമാണ് അധികപക്ഷവും! നിർമ്മലവും മോഹനസ്വപ്നങ്ങൾ ഉൾക്കൊള്ളുന്നതുമായ വാക്കുകൾ പറഞ്ഞ് മനശ്ശല്യം തീണ്ടാതെ, ആർക്കുമൊരു ചേതവുമില്ലെന്നു ഭാവിച്ച് മഹത്തായ കൊടിയ വഞ്ചന നടത്തുന്നവർ ഇവിടെ തത്വദീക്ഷയെപ്പോലും പടവുകളാക്കിയിരിക്കുകയാണ്.

“സസ്പെൻഷനൊക്കെ വേഗന്യ തീര്യേണ്ടാവില്ല!”

“ഉവ്വ്...”

“ആളോക്കെണ്ടാച്ചാലും ആരുംല്ലാത്താരെപ്പോലൊപ്പാ. എല്ലാവർക്കും വ്ടെ അവനോന്നു പൊന്നും പണവും കൂട്ടണംന്നേയുള്ളൂ. അതില്ലാതെ നടക്കണോര് വഴീക്കെടന്ന് ചാവന്യേണ്ടാവൂ.”

“ഞാനെന്താണു ചെയ്യേണ്ടത് അമ്മായി...?”

എനിക്കൊന്നുമറിയില്ല. കുറെക്കാലം ജീവിച്ചിട്ട് അവസാനം ജീവിക്കാൻ മറന്നതുപോലെ. മുറ്റത്ത് വെളിച്ചം കണ്ടപ്പോൾ ഇരുട്ടുള്ള മുറിയിൽനിന്ന് പുറമേക്കിറങ്ങി. പക്ഷേ മുറ്റത്തും ഇരുട്ടായിരുന്നെന്ന് അവിടെ ചെന്നുനോക്കിയപ്പോഴെ അറിയാൻ കഴിഞ്ഞുള്ളൂ. അപ്പോഴേക്കും മുറിയുടെ വാതിൽ അടയ്ക്കപ്പെട്ടിരുന്നു.

കോടതിയിൽ നിന്നുപിരിയുമ്പോൾ മുകുന്ദനും മറ്റൊന്നല്ല പറഞ്ഞത്.

പാർത്ഥേട്ടൻ ഇനിയെങ്കിലും ജിവിക്കാൻ പഠിക്കൂ. ഇത്രയും കാലത്തെ അനുഭവം നല്ലൊരു പാഠമാവട്ടേ.

പക്ഷേ, ആൾക്കൂട്ടത്തിന്റെ അംശമാവാതെ, ഒഴുക്കിനെതിരെ മാത്രം നീന്താൻ പഠിച്ച ഞാനെവിടെയാണ് ജീവിതാർത്ഥം കണ്ടെത്തുക? ചെയ്യരുതാത്ത കുറ്റം ഏറ്റുപറയുമ്പോൾ എല്ലാറ്റിന്റേയും അവസാനത്തെ കാണാൻ എനിക്കു കഴിഞ്ഞിരുന്നു. ഔചിത്യത്തോടെ ആരാച്ചാർ നിർവ്വഹിക്കുമായിരുന്ന പ്രവൃത്തി എന്റെ ജിവിതത്തിന്റെ മാത്രമല്ല ജീവിതാർത്ഥത്തിന്റെ തന്നെയും പരിസമാപ്തിയായി രിക്കും.

ഇപ്പോൾ ഒരു വഴികണ്ടെത്താനാവാതെ അമ്പരപ്പോടെ നിൽക്കേണ്ടിവന്നിരിക്കുന്നു. പരിശുദ്ധവും യഥാർത്ഥവുമായ മാർഗ്ഗം ചൂണ്ടിക്കാണിച്ചു എന്നതിന്റെ പേരിൽ, ആ വഴിയിലൂടെ തനിയെ നടക്കാൻ നിർബ്ബന്ധിക്കപ്പെട്ടിരിക്കുകയാണ്.

''നീം ഏടാകൂടത്തിലൊന്നും തലേടാതെ കഴിക്ക്യന്യേ...'' അമ്മായി മേൽമുണ്ടിന്റെ കോന്തലയിൽ മുഖം തുടയ്ക്കുമ്പോൾ തുടർന്നു:

''പാർത്ഥന്റെ കഥ്യ്യാക്കെ നിക്കറ്യാലോ. നിഷ്കാമകർമ്മന്നെച്ചാ അദ്വ്ടെ പറയണോരേണ്ടാവു. പ്രവർത്തിക്കാന്തുനിഞ്ഞോര് ഏടാകൂടത്തില് പെട്ട് പോവന്യെ. ങ്ങാ.. നീ ഗംഗാധരനോട് സംസാരിക്ക്യേണ്ടായ്യോ ?''

''ഉവ്വ്... നാളെ ചെന്നാൽ വേഗംതന്നെ നടത്താൻ നോക്കണം...''

തളികയിൽ ചായയുമായി വരുമ്പോൾ രേണുകേടത്തിയുടെ മുഖത്ത് പുതുതായി കയറിക്കൂടിയ ലജ്ജയായിരുന്നു. അവരുടെ വരവുകണ്ട് ഗംഗാധരൻ മുഖം കുനിച്ച് അശ്രദ്ധ നടിച്ചു. രോഹിണി കുഞ്ഞിനെ ഉറക്കുകയായിരുന്നു.

അകമുറിയിലേക്കു വീണ്ടും ചെന്നപ്പോഴും ജോസഫ് ഉറക്കം തുടരുകയാണ്. അടുക്കളയിൽ രേണുകേടത്തിയാണ്. പേറു കഴിഞ്ഞ് തൊണ്ണൂറ് തികയാത്തതിനാൽ രോഹിണി കിടക്കയിൽ തന്നെ.

മുറിയിലേക്കു ചെന്നപ്പോൾ മോൻ ഉറക്കം തുടരുന്നുണ്ടായിരുന്നു. കട്ടിലിൽ രോഹിണിയുടെ അരികു ചേർന്നിരുന്ന അയാൾ അവളുടെ മൃദുലമായ കൈപ്പടം മടിയിൽവെച്ചു പതുക്കെതലോടി. ലാവ പ്രവാഹത്തെപ്പോലെ രോഹിണിയുടെ കണ്ണു നിറഞ്ഞ് നീരൊഴുകി.

''എനിക്ക് പാർത്ഥേട്ടനേയുള്ളൂ... ആ പാർത്ഥേട്ടനും കൂടി...''

''എനിക്ക് എല്ലാരുമുണ്ടായിരുന്നു. പക്ഷേ ഇന്ന്...ആരെകണ്ടാണോ രംഗത്തിറങ്ങിയത് അവർക്ക് ഞാനിന്നന്യനാണ്... എനിക്കു വയ്യ രോഹിണീ...''

പാടെ തളർന്ന് അവശനായതുപോലെ രോഹിണിയുടെ മാറിൽ മുഖമമർത്തിയ പാർത്ഥൻ ഉറക്കെ അണമുറിഞ്ഞതുപോലെ തേങ്ങി ക്കരയുകയാണുണ്ടായത്. ആവോളം കരഞ്ഞ് ശാന്തനാവട്ടേ എന്നു കരുതിയ രോഹിണി അയാളുടെ നെറുകയിലൂടെ വിരലോടിച്ചു കൊണ്ടേ ഇരുന്നു.

പുറത്ത് തീ പാറുന്ന വെയിലാണ്. അടഞ്ഞ വീട് തുറന്നു കണ്ട പ്പോൾ ജിജ്ഞാസയോടെ ഒരുനോക്കുകണ്ട് ഇടവഴിയിലൂടെ കടന്നുപോവുകയാണ് ജനം. പാർത്ഥന്റെ അറസ്റ്റും മോചനവും മുൻപേ പ്രചരിക്കപ്പെട്ട വാർത്തകൾക്ക് വിരാമം കുറിച്ചിരിക്കുന്നു.

"പാർത്ഥേട്ടൻ വിഷമിക്കരുത്, സാരമില്ല."

"ഞാൻ..."

മിസ്സിസ് പത്മനാഭന് പത്തിചതഞ്ഞ് തകർന്ന മകനെ കാണു മ്പോൾ സന്തോഷമായിരിക്കും. അനന്തേട്ടൻ നിർവ്വികാരനായി എന്നും അവൻ സ്വന്തം വഴിയിലൂടെ നടന്നിരുന്നുള്ളുവെന്നു പറഞ്ഞ് പുഞ്ചിരിക്കും. ഒരു ശല്യമൊഴിഞ്ഞതറിഞ്ഞ് ആശ്വസിക്കുക യായിരിക്കും മുകുന്ദൻ.

ക്ഷമാപണത്തോടെ നല്ലൊരു ജീവിതത്തിനായി ഭാവുകങ്ങൾ നേരുകയായിരുന്നു ജയിലർ. മാസങ്ങളോളം തിരിയിട്ട് ഒരേ വിഷ യത്തിൽ തന്നെ നൂണിറങ്ങി ചിന്തിച്ചിട്ടും അയാൾക്ക് ഒരറ്റത്തും ചെന്നെത്താൻ കഴിയുകയുണ്ടായില്ല.

"ഇത് ജീവിതമാണ് പാർത്ഥേട്ടാ. നമ്മൾ ചിന്തിക്കുന്നതാണ് സംഭവിക്കുന്നതെങ്കിൽ ഈ ജീവിതത്തിന് എന്തർത്ഥമാണുള്ളത്? ഒന്നുമില്ല. ജീവിതകാലം മുഴുവൻ മനസ്സിൽവെച്ചു പുലർത്തിയ ആശകൾ പൂർത്തീകരിക്കാൻ ചിലർ പ്രവർത്തിക്കുന്നു. ചിലപ്പോൾ ചില ആശകളെ നേടാൻ കഴിഞ്ഞെന്നിരിക്കും. പലപ്പോഴും ആ ശ്രമത്തിൽ തന്നെ മണ്ണടിഞ്ഞു പോവുകയാണ് മനുഷ്യൻ."

"പക്ഷേ, ഇനി ഞാനെന്തുചെയ്യാനാണ്?"

"എനിക്കും മോനും വേണ്ടി പാർത്ഥേട്ടൻ ജീവിക്കണം."

"അതാണ് പ്രശ്നം. എന്റെതെല്ലാം എനിക്ക് രണ്ടാം സ്ഥാന മായിരുന്നു. ഇപ്പോൾ ഒന്നാം സ്ഥാനം നഷ്ടപ്പെട്ടിരിക്കുന്നു. ഞാൻ എല്ലായിടത്തു നിന്നും പുറന്തള്ളപ്പെട്ടു രോഹിണീ."

"പാർത്ഥേട്ടൻ നല്ലവനാണ്. നല്ല മനുഷ്യർക്ക് ലോകവും നല്ല താണ്. മനുഷ്യരും നല്ലതാണ്. ചീത്തയും ഇവിടെ ഉണ്ടെന്നുപോലും അവർ ഓർക്കുന്നേയില്ല."

കുഞ്ഞുണർന്നപ്പോൾ രോഹിണി എണീറ്റ് മോനെ മുലയൂട്ടാ നിരുന്നു. പാലു വായനിറഞ്ഞ് കവിളുകവിഞ്ഞപ്പോൾ മോന്റെ

കോറുവായിലൂടെ ഒഴുകി. രോഹിണി സൗമ്യമായി മുലകുടിക്കുന്ന കുഞ്ഞിന്റെ നെറുകയിലെ മുടിയിഴകളെ മാടിഒതുക്കിക്കൊണ്ടേ ഇരുന്നു.

പാർത്ഥൻ തൊടിയിലേക്കിറങ്ങിയപ്പോൾ പാത്രം മോറുകയായിരുന്ന രേണുകേടത്തി എടുത്തുകുത്തിയിരുന്ന സാരിയുടെ കീഴറ്റം വിടർത്തിയിട്ടു.

അയാളുടെ വിളർത്തതും ഭാവശുന്യമായ മുഖത്തെകണ്ട് രേണുകേടത്തിയ്ക്കു വീണ്ടും അമ്പരപ്പായിരുന്നു തോന്നിയത്. കുറ്റമേറ്റു പറഞ്ഞ് തരിശുഭൂമിയിൽ തനിയെ നില്ക്കുമ്പോഴായിരുന്നു ഇതൊക്കെ.

കൊലമരത്തിൽനിന്ന് രക്ഷപ്പെട്ട് വീണ്ടും ജീവിതത്തിന്റെ മുന്നിലെത്തിയപ്പോൾ രേണുകേടത്തിക്കായിരുന്നു ആഹ്ലാദം മുഴുക്കെ. അവരുടെ വിഷാദാത്മകമായ മുഖം തെളിഞ്ഞ് ശോഭയാർന്നിരിക്കുന്നു.

“ഇനി ഞാനെന്തു ചെയ്യണം രേണുകേടത്തി?”

“പാർത്ഥേട്ടനെവടേം തോറ്റ് കൊടുക്കരുത്.”

“എങ്ങനെ?”

“അവനോന്ന് വേണ്ട്യല്ലെങ്കിലും രോഹിണ്യേം കുട്യേം ഓർത്ത് ജീവിക്ക്യന്യേ.”

“എന്നെ രേണുകേടത്തിക്ക് നല്ലതുപോലെറിയാം. ഞാനെന്നും എനിക്കായി ജീവിച്ചിട്ടില്ല. ചിലതെല്ലാം ജീവിതത്തിലുമുണ്ടായി എന്നുമാത്രം. ഇനി ഞാനെന്താണ് ചെയ്യേണ്ടത്?”

രേണുകേടത്തിക്കും വ്യക്തമായി അതിനൊരുത്തരമില്ലായിരുന്നു. പാർത്ഥന്റെ കഴിഞ്ഞകാല ജീവിതം അവർക്ക് തികച്ചും പരിചിതമാണ്. അവിടെ അയാൾ ഉപേക്ഷിച്ചതെല്ലാം മറ്റു പലർക്കും വേണ്ടിയായിരുന്നുവല്ലോ...

പാർത്ഥനെക്കുറിച്ചു പറയുമ്പോൾ മുഖം കറുപ്പിച്ച് വെറുപ്പ് പ്രദർശിപ്പിക്കുന്ന മിസ്സിസ്സ് പത്മനാഭനെ രേണുകേടത്തിക്കറിയാം. പിന്നെ അനന്തേട്ടനാണ് ബാഹ്യഭാവങ്ങളൊന്നുമില്ലാതെ പെരുമാറുന്നത്.

“എനിക്ക് ഇനി പുതുതായൊരുവഴി കണ്ടെത്താനാവില്ല.” പാർത്ഥൻ നെടുതായി നിശ്വസിച്ചു.

പാർത്ഥൻ തിരികെ മുറിയിലെത്തുമ്പോൾ ജോസഫ് ഉടുത്തൊരുങ്ങുകയായിരുന്നു. മുടിചീവി മുഖം പൗഡറിട്ടു മിനുപ്പിച്ച അയാൾ പറഞ്ഞു.

‘‘അഞ്ചിനാണ് ബസ്സ്...’’

‘‘ഉം...’’ കസേരയിലിരിക്കുമ്പോൾ പാർത്ഥൻ ജോസഫിനോടായി ചോദിച്ചു.

‘‘ഞാനിനി എന്തുചെയ്യണം?’’

ജോസഫിന്റെ മുഖത്ത് അപ്പോൾ ആശ്ചര്യമായിരുന്നു.

‘‘ഉടനടി ജോലി തിരിച്ചുകിട്ടും. പഴയ സ്വഭാവം പാടെ മാറ്റി ജീവിക്കാൻ ശ്രമിക്കണം.’’

‘‘എന്നുവെച്ചാൽ?’’

‘‘നല്ലൊരു കുടുംബനാഥനാവുക. ഇവിടെ വ്യക്തി അനന്തര തലമുറയ്ക്ക് രാഷ്ട്രത്തിൽ സുരക്ഷിതത്വം കണ്ടെത്തുന്ന കാലത്തേ ഒരു മാറ്റമുണ്ടാവൂ പാർത്ഥൻ. താനും തന്റെ സന്തതികൾക്കായി ചിലതു ചെയ്തേ പറ്റൂ.’’

‘‘പക്ഷേ...’’

അയാളുടെ വികലമായ മനസ്സിന്റെ തേങ്ങലായി വാക്കുകൾ അവസാനിക്കുകയാണുണ്ടായത്.

ജോസഫ് യാത്രപറഞ്ഞ് പോയിട്ടും പാർത്ഥൻ കസേരയിൽ ഇരുപ്പു തുടരുകയായിരുന്നു. അയാളുടെ മുന്നിലെ സന്നിഗ്ദ്ധഘട്ടം ഒരിക്കലും തരണം ചെയ്യാനാവാത്ത ക്ഷുദ്രജീവികൾ നിറഞ്ഞ ഉൾക്കടലിനെപ്പോലെ നിലകൊണ്ടു.

പ്രൊഫസർ ഓർമ്മിപ്പിച്ചത് എന്റെ നിമിഷത്തെ ആയിരുന്നുവല്ലോ. ഒന്നു കരയാനോ ചിരിക്കാനോ ആവാതെ പാർത്ഥൻ മൂകനായി. ആ മൂകത അയാളിൽനിന്ന് ചുറ്റുപാടിലും തുടർന്ന് ഭൂലോകത്തെ സകല കോണുകളിലേക്കും ഒഴുകുകയാണുണ്ടായത്.

മനുഷ്യനായിട്ടും കണ്ണും കാതും നാവും നഷ്ടപ്പെട്ട ജീവിയെപ്പോല പാർത്ഥൻ ഏകനാവുകയായിരുന്നു.

മുപ്പത്തിയഞ്ച്

ട്രെയിനിൽ ഉറക്കമിളച്ചിരുന്ന് നാട്ടിമ്പുറത്തെത്തുമ്പോൾ രാവടങ്ങിയിരുന്നു. പകലിന്റെ ആദ്യവെളിച്ചം വീണ് വഴി ശുദ്ധികലശം ചെയ്യപ്പെട്ടതുപോലെ ഉദാരമായിരുന്നു.

അടഞ്ഞ പടിപ്പുരയും മുറ്റവും കടന്ന്, താഴിട്ടവാതിൽ തുറന്ന് വീട്ടിൽ പ്രവേശിക്കുമ്പോഴും അവരുടെ വരവറിഞ്ഞ് ജനം വാരിയിട്ടതുപോലെ ഇടവഴിയിൽ നിറഞ്ഞിരുന്നു.

യാത്രയുടെ ആരംഭം തൊട്ടേ അമ്മായി രേണുകേടത്തിയുടെ

വിവാഹത്തെക്കുറിച്ചായിരുന്നു സംസാരിച്ചിരുന്നത്. ഗംഗാധരന്റെ സ്വഭാവം അവർക്ക് നന്നേ ബോധിച്ചിരുന്നു.

അനന്തേട്ടനെ ആകസ്മികമായി കോടതിവളപ്പിൽ വെച്ച് അമ്മായി കണ്ടുമുട്ടുകയായിരുന്നു. രേണുകേടത്തി വഴി ഒതുങ്ങിനിന്നപ്പോൾ അമ്മായി സംസാരിക്കാൻ മുതിർന്നു.

മേൽത്തട്ടിൽ വെയിലാറിത്തണുക്കുന്ന ഉച്ചയെ നോക്കി കിടപ്പായിരുന്നു പാർത്ഥൻ.

താഴേനിന്ന് അമ്മായിയുടെയും രേണുകേടത്തിയുടെയും സംസാരം കേൾക്കാനുണ്ട്. വെയ്പൊഴിഞ്ഞ അടുക്കള ഒരിക്കൽക്കൂടി ശാന്തമായിരിക്കുന്നു.

വയൽ വീണ്ടും പച്ചനാമ്പുകൾ കിളുർത്ത് കാറ്റത്തുലഞ്ഞു കിടപ്പാണ്. ഉച്ചിയിൽ പൊട്ടിച്ചിന്നുന്ന വെയിലിനെ തടുക്കാനായി ശിരസ്സിൽ തുണിയിട്ട് വരമ്പത്തൂടെ നടക്കുന്ന മനുഷ്യനെ ഒരു കുറിയ ജീവിയെപ്പോലെയാണ് കാണാനാവുന്നത്.

രോഹിണി മാറത്തിറുക്കിപ്പിടിച്ച കുഞ്ഞുമായി കോണിപ്പടികൾ കയറിവന്നു. േ

മൽത്തട്ടിലേയ്ക്ക് കണ്ണുംനട്ട് ഉറങ്ങാതെ കിടക്കു കയായിരുന്ന പാർത്ഥന്റെ അരികെ ഇരിക്കുമ്പോൾ അവൾ ചോദിച്ചു:

"പാർത്ഥേട്ടാ, മോനെന്തു പേരിടണം...?"

"ഓ..."

ഇടറിവീണ ചതുപ്പുനിലത്തിൽത്തന്നെ വീണ്ടും മനസ്സുചെന്നു പതിക്കുന്നു. തൊഴുത്ത് ശുദ്ധമാക്കാനുള്ള എന്റെ ശ്രമം തികച്ചും വിഫലമാവുകയായിരുന്നുവല്ലോ...

ഇപ്പോൾ ഞാനാണ് അന്യൻ.

മച്ചിലെ നിരത്തിയ പലകകളെ നോക്കി മട്ടമലർക്കെ കിടന്ന അയാളുടെ മാറത്ത് കുഞ്ഞിനെ കിടത്തുമ്പോൾ രോഹിണി തുടർന്നു:"ഈ അച്ഛനിനി മോന്റെ കാര്യം നോക്കിയാൽ മതി. നാട്ടാരെ നന്നാക്കാൻ നടന്നാൽ അവനവൻ നശിച്ച് വെണ്ണീറാവും."

ജോസഫും ഇതുതന്നെയാണ് പറഞ്ഞത്. ഒരിക്കൽ വീരഗാഥകൾ പാടിയ, ആത്മപ്രചോദനത്തിന്റെ വെന്നിക്കൊടിനാട്ടിയ പലരെക്കുറിച്ചും അയാൾക്ക് പറയാനുണ്ടായിരുന്നു.

മാറത്ത് കിടന്ന കുഞ്ഞ് കരയാനാരംഭിച്ചപ്പോൾ രോഹിണി അവനേയുമെടുത്ത് താഴേക്കിറങ്ങിച്ചെല്ലുകയായി.

തനിച്ചിരുന്നു ബാധിച്ച മടുപ്പോടെ പാർത്ഥൻ താഴേക്കിറങ്ങി.

തളത്തിൽ അമ്മായി കിടപ്പാണ്. രേണുകേടത്തിയുടെ തെക്കേ മുറിയിൽ ഇപ്പോൾ രോഹിണിയും കൂട്ടുചേർന്നിരിക്കുന്നു.

വൈകിട്ട് ഗംഗാധരനെ കാണേണ്ടിയിരിക്കുന്നു. കഴിവതും വേഗം നടത്താവുന്ന രേണുകേടത്തിയുടെ വിവാഹത്തിനുശേഷം–

ഇനി ഞാൻ എവിടെയാണ് ചെന്നെത്തുക?

പകവീട്ടുമാത്രമുള്ള പൊള്ളയായ ഒരു നിമിഷത്തെക്കുറിച്ചായിരുന്നു പരശുരാമൻ പറഞ്ഞുപോന്നത്. കോളേജ് കാമ്പസ്സിനു പിന്നിലെ പുഴയുടെ മണൽത്തിട്ട. നനവുള്ള മണലിൽ വിരലോടിക്കുമ്പോൾ പരശുരാമൻ വീണ്ടും പറയുന്നത് ഞാൻ കേട്ടു:

''ജീവിതത്തിന് പരമമായ ഒരു ലക്ഷ്യമാണ് വേണ്ടത്. ആ ലക്ഷ്യത്തിനായുള്ള അകമഴിഞ്ഞ ശ്രമം തന്നെയാണ് മഹത്തായ ഒരു ജീവിതത്തിന്റെ നിദാനം.''

ആ പരശുരാമൻ ഇപ്പോൾ എവിടെയാണാവോ? രാമുവും?

അയാൾ തൊടിയുടെ നനവും തണുപ്പുമുള്ള ചുറ്റുപാടിൽ അലസനായി നടക്കുമ്പോൾ രോഹിണിയുമെത്തി. അയാളുടെ വിരലുകളെ അമ്മാനമാടി നടന്ന അവൾ പതുക്കെ തേങ്ങുന്നതു കേട്ടപ്പോൾ അയാൾ മുഖം തിരിച്ചു.

മഴപെയ്യുന്നതുപോലെ രോഹിണി നിന്നു കരയുകയായിരുന്നു.

''പാർത്ഥേട്ടൻ ഇങ്ങനെ ആയാൽ... എനിക്ക് സഹിക്കാൻ കഴിയില്ല.''

''എനിക്ക് ഇങ്ങനെ ആയിത്തീർന്നല്ലോ എന്നോർത്തും ഇനി എങ്ങനെ ആവണം എന്നോർത്തുമാണ് വിഷമം...''

''രോഹിണി അമലയ്ക്ക് രൂപ നൽകിയിരുന്നുവോ?''

''ഇല്ല...''

''അമലയെക്കുറിച്ചൊന്നുമറിയാൻ കഴിഞ്ഞില്ല. കോടതിയിൽ പോലും അവൾ വന്നില്ലല്ലോ...?''

അതീവചാതുര്യത്തോടെ അവൾക്കൊരു പോംവഴി നിദ്ദേശിക്കാൻ കഴിയുമായിരുന്നു. ചിന്തകൾ തുളയ്ക്കുന്ന മനസ്സുമായി അടച്ചിട്ട മുറിയിൽ ലോകം മറന്നതുപോലെ കുത്തിയിരിക്കുമ്പോൾ അവളായിരുന്നു സങ്കീർണ്ണമായ പ്രശ്നങ്ങൾക്കു പോലും തലനാരിഴ കീറി മാർഗ്ഗനിർദ്ദേശം നൽകിയിരുന്നത്.

ഇടവഴിയിലൂടെ കുട്ടികൾ ആർത്തുചിരിച്ച്, പൂഴിപറത്തിക്കൊണ്ടോടി അകന്നപ്പോൾ പാർത്ഥൻ തിരികെ നടന്നു.

''**വേ**ഗന്യെ നടത്തണം. അട്ത്ത മഹൂർത്തം ന്നാച്ചാ അദ്ന്നന്യെ. നി ജോലി കിട്ട്യാ പാർത്ഥന് ലീവെട്ക്കാങ്കഴീല്ല്യാല്ലോ?''

''ഇല്ല...''

അമ്മായിയുടെ വാക്കുകളെ മാനിച്ച് രാഹുകാലം ഗണിച്ച് പടി ഇറങ്ങുകയായിരുന്നു പാർത്ഥൻ.

പിഞ്ചുകുഞ്ഞിനെ മാറോട് ചേർത്ത് പടിയ്ക്കൽ നിൽപ്പുണ്ടായിരുന്നു രേണുകേടത്തി. അവരുടെ അരികു പിന്നിട്ട് നിരത്തിലെ കുമിളകൾ പൊട്ടുന്ന ടാറിലൂടെ തിടുക്കത്തോടെ നടക്കുമ്പോൾ മംഗളമായി തീരാവുന്ന ഒരു ദാമ്പത്യത്തെ അയാൾക്ക് കാണാൻ കഴിഞ്ഞു.

നിരത്തിലെ പലരും കൗതുകത്തോടെയാണ് നോക്കുന്നത്. പിശാചിനെ കണ്ടുമുട്ടിയതുപോലുള്ള അമ്പരപ്പ് അവരുടെ കൺതടത്തിലുണ്ടായിരുന്നു.

സാവിത്രിയുടെ മരണത്തിന് ഉത്തരവാദി തികച്ചും ഞാനാണെന്ന ഭാവമാണ് പലർക്കും. ഗംഗാധരൻ ഉടുത്തൊരുങ്ങി പുറപ്പെട്ടു നിൽപായിരുന്നു.

ഞാൻ അങ്ങോട്ടുവരാൻ വിചാരിച്ചതാണ്.

നിരത്തിന്റെ ഓരം ചേർന്ന് നടക്കുമ്പോൾ ഗംഗാധരന് സാവിത്രിയുടെ മരണത്തെക്കുറിച്ച് അറിയാനായിരുന്നു തിടുക്കം. പെൺകുട്ടിയുടെ മരണമൊരുക്കിയത് ആരാണെന്നത് അവ്യക്തമായി ഇപ്പോഴും തുടരുകയാണ്.

മുക്കവല കടന്ന് ഇരുവശവും വയലുള്ള നിരത്തുകടന്ന് അവർ ഇടവഴിയിലേക്കു കയറി.

''പാർത്ഥൻ തികച്ചും ഒറ്റപ്പെട്ടുവല്ലേ...?''

അപ്പോൾ മൗനത്തോടെ അയാൾ ചുറ്റുപാടും നോക്കുകയേ ഉണ്ടായുള്ളൂ.

കോളേജ് കാമ്പസ്സിലെ ആജ്ഞാനുവർത്തികളായ വിദ്യാർത്ഥികളിൽനിന്നു വ്യത്യസ്ഥനായ ഞാൻ ഒറ്റപ്പെട്ടവനായിരുന്നു. എങ്കിലും വിരളമായെങ്കിലും പലരും കൂട്ടിനുണ്ടായിരുന്നു.

ഓഫീസിലെ മേലധികാരികളെ അനാവശ്യമായും കീഴ്വഴങ്ങുന്ന, നല്ല നടപ്പുകാട്ടി പ്രമോഷൻ സുസാദ്ധ്യമാക്കുന്ന അന്തരീക്ഷത്തിലും ഞാൻ വിഭിന്നനായിരുന്നുവല്ലോ–

ഗംഗാധരന് തന്റെ അനുഭവപരിധിക്കകത്തെ വാദ്ധ്യാർമാരെക്കുറിച്ചായിരുന്നു പറയാനുണ്ടായിരുന്നത്. കൊച്ചുങ്ങളെ പഠിപ്പിച്ച് കൊച്ചുങ്ങളുടെ നിഷ്കപടതയിലേക്ക് പ്രായമറിയാതെ വഴുതിവീണ തലനരച്ച മനുഷ്യർ.

പണിക്കരുടെ വീട്ടിലേക്കുള്ള പേരുപലക അകലേന്നുതന്നെ കാണാൻ കഴിഞ്ഞു. ആൾത്തിരക്കു കുറവായതിനാൽ പണിക്കർ കവടി നിരത്തി ഉടനടി തന്നെ അങ്കത്തിനൊരുങ്ങി.

''അന്നു വന്നവരാണ്. അടുത്തൊരു മുഹൂർത്തം മാത്രം അറിഞ്ഞാൽ മതി.''

ഗംഗാധരൻ പവിത്രതയോടെ ജാതകക്കെട്ടുകൾ നൽകിയപ്പോൾ പണിക്കർ ഭവ്യതയോടെ വാങ്ങിച്ചു.

അനന്തേട്ടനുമായുള്ള രേണുകേടത്തിയുടെ വിവാഹനിശ്ചയ ത്തിന് പണിക്കർ വീട്ടിൽ വരുകയായിരുന്നു. അമ്മാവന്റെ മേൽ നോട്ടത്തിൽ വിപുലമായ കാഴ്ചക്കാരു നിറഞ്ഞ വരാന്ത. ഉറക്ക മിളച്ച് ഞാനും അവർക്ക് കൂട്ടായിരുന്നു.

അപ്പോൾ ഉറക്കച്ചടവോടെ കാതുകൂപ്പിച്ചിരുപ്പായിരുന്നു രേണു കേടത്തി.

വെയിലിന്റെ ചൂടുകുറഞ്ഞുവരുന്നതോടെ തെളിച്ചവും കെട്ട ടങ്ങുകയാണ്. തൊടിയിലെ വൃക്ഷങ്ങളുടെ കടയ്ക്കൽ മാത്രമു ണ്ടായിരുന്ന തണലുകൾ ചെരിഞ്ഞുകുത്തി നീണ്ടു പടരുന്നു.

വെള്ളതേച്ച ചുവരിൽ നിറച്ചും ഗുരുഭൂതൻമാരുടെ പടങ്ങളാണു ള്ളത്. ചിത്രങ്ങളുടെ നടുക്ക് ഒത്തവലിപ്പത്തിലുള്ള പടത്തിനു താഴെ ചന്ദനത്തിരി പുകഞ്ഞുകത്തുന്നുണ്ട്.

മഹർഷിയെ പിൻതുടർന്ന്, ഹിമവൽസാനുവിൽനിന്ന് തപഃശ ക്തി നേടി നാടുപുകിയ പൂർവ്വപിതാമഹാനാണെന്നു തോന്നുന്നു.

“മകരം പത്തിനൊന്നുണ്ട്. അതുകഴിഞ്ഞാൽ മീനത്തിലാണ്. മകരം പത്തിന് ഇനി ഒരാഴ്ചയേയുള്ളൂ.”

ഗംഗാധരനുമൊത്ത് തിരികെ നടക്കുമ്പോൾ പാർത്ഥൻ ഗണിത ശാസ്ത്രവിശാരദനെപ്പോലെ ചിന്താധീനായി. രേണുകേടത്തിയുടെ സന്തുഷ്ടമായ ഒരു കുടുംബജീവിതത്തെ അയാൾക്ക് കാണാൻ കഴിഞ്ഞു.

പക്ഷേ എന്റെ മുന്നിൽ കുടികൊള്ളുന്ന കരാളമായ, രക്തപ ങ്കിലമായ ഒരു ഹസ്തം കഴുത്തിനുനേരെ നീളുകതന്നെയാണ്.

ഇവിടെ ഞാൻ പാടെ അടിയറവുപറ്റുകയാണ്. എന്റെ ഭൂമിയി ലൂടെ തനിച്ച് എത്രകാലമാണ് നടക്കാനാവുക?

പരശുരാമനും രാമുവും ഒരു തുമ്പും നൽകാതെ ജനക്കൂട്ടത്തിൽ ലയിച്ചിരിക്കുന്നു. പത്രങ്ങൾ അവർക്കായി നല്കിയ കോളങ്ങളെ ഇപ്പോൾ മന്ത്രിയുടെ പ്രസ്താവനയ്ക്കായി ഉപയോഗിക്കയാണ്.

വീണ്ടും നിരത്തിലേക്കെത്തിയപ്പോൾ ഗംഗാധരൻ പറഞ്ഞു:

“നമ്മൾ രണ്ടുപേരേ ഇരുകൂട്ടരുടേയും ഭാഗത്ത് അദ്ധ്വാനിക്കാ നുള്ളൂ. വിവാഹം അമ്പലത്തിൽവെച്ചു നടത്തിയാൽ മതി. അമ്പതു പേർക്ക് സദ്യ. ക്ഷണക്കത്തൊന്നും വേണ്ട. രണ്ടാംകെട്ടല്ലേ. എല്ലാം ഒതുങ്ങിയ മാതിരിമതി. നമുക്ക് അമ്പലത്തിൽ പോവാം. ഇനി അധികം സമയമൊന്നുമില്ലല്ലോ.”

“പോവാം...”

അമ്പലത്തിൽ ട്രസ്റ്റിയുടെ വരവിനായി അവർ ഒരുപാടുനേരം കാത്തുനില്ക്കുകയാണുണ്ടായത്. മേൽശാന്തി അശുദ്ധം തീണ്ടിയ തറവാട്ടുകാവിനെ പുണ്യാഹം തെളിച്ച് ശുദ്ധീകരിക്കാൻ പോയിരിക്കുന്നു.

പതിനാറുകാരനായ കീഴ്ശാന്തിയ്ക്കു മേലറിവുണ്ടായിരുന്നു.

ഇരുട്ടിയതോടെ എത്തിച്ചേർന്ന ട്രസ്റ്റിയുമായി തിയ്യതി കണിശമായി പറഞ്ഞു നിശ്ചയിച്ച് തിരിച്ചു പോരുമ്പോൾ നേരം വല്ലാണ്ട് കറുത്തിരുന്നു.

തുളസിമാല അമ്പലത്തിൽനിന്ന് കിട്ടുമെങ്കിൽതന്നെയും മറ്റു രണ്ടെണ്ണം വാങ്ങിക്കേണ്ടിയിരിക്കുന്നു. സദ്യവട്ടത്തിനുള്ള വെപ്പുപാത്രങ്ങൾ നിശ്ചിതവാടകയ്ക്ക് അമ്പലത്തിൽ നിന്ന് കിട്ടുമായിരുന്നു.

തിടുക്കത്തോടെ എല്ലാം ചെയ്തുതീർക്കുമ്പോഴും ഒരാഴ്ച ക്ഷണത്തിൽ അവസാനിക്കുന്ന കാലയളവേ ഉണ്ടായിരുന്നുള്ളൂ.

ഗംഗാധരനെ വഴിക്കുപേക്ഷിച്ച് നടക്കല്ലുകൾ കയറി, മുറ്റം കവച്ചു നടക്കുമ്പോൾ അമ്മായി വരാന്തയിൽ കുത്തി ഇരുപ്പു തുടരുന്നതാണ് പാർത്ഥൻ കണ്ടത്. രേണുകേടത്തി വാതില്പടിയിൽ ഇരുപ്പാണ്. അകമുറിയിലാണെന്നു തോന്നുന്നു രോഹിണി.

ചൂരൽക്കസേരയിൽ ചായ്ഞ്ഞിരിക്കുമ്പോൾ പാർത്ഥൻ വിവാഹത്തിന്റെ തിയ്യതി പറഞ്ഞു. അധികദിവസങ്ങൾ ഇടയില്ലാത്തതിനാൽ അമ്മായിയ്ക്ക് നടുക്കമായിരുന്നു.

"നാലാളെ അറീക്കണം ന്നേള്ളൂ. കേമൊന്നുവാക്കണ്ട. ഒന്നന്യേ കേമമായി നടത്തിട്ട് കാണ്വേണ്ടായല്ലോ."

രോഹിണിക്ക് കേസ്സുതീർന്നതിൽപ്പിന്നെ മുകുന്ദനെ ചെന്നു കാണാനായിരുന്നു തിടുക്കം. എന്നെ മരണവക്ത്രത്തിൽനിന്നു രക്ഷിക്കുക എന്നതിലുപരി സ്വന്തം സ്ഥാനമഹിമയെ കാത്തുപോരുക. കൂടുതൽ വക്കാലത്തുനേടുക എന്നതിനെക്കുറിച്ച് അവൾ പൂർണ്ണമായും അജ്ഞയായിരുന്നു.

അമ്മായി വീണ്ടും അനേന്തട്ടനുമായുള്ള രേണുകേടത്തിയുടെ വിവാഹത്തെക്കുറിച്ചാണ് പറയുന്നത്. ഇടവഴിമുഴുക്കെ നിറഞ്ഞു കിടന്ന പന്തൽ, നാട്ടാരെ മുഴുക്കെ അത്ഭുതസ്തബ്ധരാക്കിയ ഒരു വിവാഹം.

അമ്മായി വിവാഹത്തെക്കുറിച്ചു പറഞ്ഞുവന്നതിനാലാവും രേണുകേടത്തി എണീറ്റു പോയത്.

"അമ്പലത്തിൽവെച്ചു തന്നെയാണ് സദ്യ. ഞാനും ഗംഗാധരനും എല്ലാം ഏർപ്പാടുചെയ്തു."

“വ്ടെ പ്രത്യേകായൊന്നും ണ്ടാക്കണ്ടാല്ലോ?”

“വേണ്ട. ചെന്നു ക്ഷണിച്ച് വരുന്നവർക്ക് നല്ലൊരൂണു നൽകിയാൽ മതി.”

“ഒക്കെ നല്ലതിനനന്യാർന്നാ മത്യാർന്നൂ.”

തകർന്നൊരു ദാമ്പത്യബന്ധം രേണുകേടത്തിയുടെ മുന്നിൽ ഒരു പാഴ്ചിത്രമായി നിലകൊള്ളുന്നുണ്ട്. അനന്തേട്ടന്റെ പേരു കടന്നുവരാവുന്ന വാക്കുകളെപ്പോലും ഇപ്പോൾ കൗശലത്തോടെ നിയന്ത്രിക്കുകയാണ്.

അനന്തേട്ടൻ കോളേജിലേക്ക് എന്നെ തേടിവരുകയായിരുന്നു. ഹൗസ് സർജൻസി തുടർന്നു വരുന്ന കാലം. വാർഡന്റെ അനുമതിയോടെ അനന്തേട്ടൻ ഒരു രാത്രി എന്റെ മുറിയിൽ അന്തേവാസിയായപ്പോൾ മേറ്റ്സിനാകപ്പാടെ അമ്പരപ്പായിരുന്നു.

കാറും കോപ്പുമായുള്ള, പ്രഭുകുമാരന്റെ ഗാംഭീര്യതയോടെയുള്ള അനന്തേട്ടന്റെ വരവ് എന്നോടുള്ള ബഹുമാന്യതയെപ്പോലും സകലരിലും വർദ്ധിപ്പിക്കുകയായിരുന്നുവല്ലോ–

മുറ്റം നിറയെ പന്തലിടേണ്ടുന്നതിനെക്കുറിച്ചും ഗുരുവായൂരിൽ വഴിപാടു നടത്തേണ്ടതിനെക്കുറിച്ചുമാണ് അമ്മായി ഇപ്പോൾ പറയുന്നത്.

ചൂരൽക്കസേരയിൽ നിന്നെണീറ്റ് അകത്തേക്കുനടക്കുമ്പോൾ പാർത്ഥൻ കോണിച്ചുവട്ടിൽവെച്ച് രേണുകേടത്തിയെ കണ്ടു.

“കല്ല്യാണം കഴിഞ്ഞാൽ ഞങ്ങളെ മറക്കാതിരുന്നാൽ മതി.”

“നിക്കെന്തായാലും ഒരു പേട്യാ. കഴിഞ്ഞതന്യേ ഒരബദ്ധവോണ്ടായി. നീം ദും.”

“ഏയ്യ്... ഒന്നുമുണ്ടാവില്ല. രേണുകേടത്തി സുഖമായി ജീവിക്കും. ഗംഗാധരനും വളരെ നല്ലവനാണ്. നിങ്ങൾക്കൊരു ദുഃഖവുമുണ്ടാവില്ല.”

എല്ലാം പറഞ്ഞ് അശ്വസിപ്പിക്കാൻ ശ്രമിക്കുമ്പോഴും മനസ്സ് കൊടുമ്പിരിക്കൊള്ളുന്നുണ്ട്. രേണുകേടത്തിയുടെ അനന്തേട്ടനുമായുള്ള വിവാഹവും ഗംഗാധരന്റെ ഇന്ദിരയുമായുള്ള വിവാഹവും അശുഭചിന്തകളെ മാത്രമാണ് ഉയർത്തുന്നത്.

എന്റെ വിവാഹത്തിനുശേഷം പരശുരാമനേയും ഒരിടത്ത് ഭദ്രമായി തളച്ചിടേണ്ടതിനെക്കുറിച്ചായിരുന്നു രേണുകേടത്തി പറഞ്ഞുവന്നത്.

വ്യക്തിതാല്പര്യത്തിന്നപ്പുറം ജീവിതത്തെ കാണുന്നവർ അവിവാഹിതരാവുകയാണ് ഉത്തമമെന്ന ചിന്ത അയാൾ ഇപ്പോഴും തുടരുകതന്നെ ആവുമോ.

ആ കുടുംബത്തെ പൊടുന്നനെ കയ്യൊഴിച്ചതുപോലെയാണ്. വരുമാനമില്ലാതെ ഗതിമുട്ടിയ അവർ പഷ്ണികിടന്ന് എല്ലും തോലുമായിരിക്കും. അപ്പോഴും അമലയ്ക്ക് പഠിക്കേണ്ടിയിരുന്നുവല്ലോ.

"രോഹിണി നീം ഊണു കഴിക്കാതിരിക്ക്യാ. പാർത്ഥേട്ടനും ണ്ടോളൂ..."

"ഞാനവളോട് പറഞ്ഞതാണ്."

നേർത്തൊരു കോപമുണ്ടെങ്കിൽതന്നെയും സായൂജ്യതയോടെ അയാൾ കോണിപ്പടികൾ കയറി അകത്തേക്കുചെന്നപ്പോൾ അവൾ കുഞ്ഞിനെ മുലയൂട്ടുകയായിരുന്നു.

രാത്രി നിദ്രയിലേക്കാണ് ചെന്നുവീഴുന്നത്. മനുഷ്യർ നിശ്ചലരാവുന്നതോടെ ഭൂമി ഏറെക്കുറെ പ്രശാന്തമാവുന്നു. വയലുകളിൽ വെളുത്ത നിശാശലഭങ്ങൾ പറക്കുന്നുണ്ട്.

രാത്രികളിലെ മറന്ന ഉറക്കവുമായി മുറ്റത്തെ തെക്കേ കോണിലെ മാഞ്ചോട്ടിൽ നിൽക്കുകയായിരുന്നു പാർത്ഥൻ. രോഹിണി ഗാഢമായൊരുറക്കത്തിലേക്ക് വീണപ്പോൾ അയാൾ എണീറ്റുപോരുകയായിരുന്നു.

തന്റെ ഏതു നൊമ്പരവും ആവാഹിച്ച് ദുഃഖാകുലയാകുന്ന പെൺകുട്ടിയെക്കുറിച്ചോർക്കുമ്പോൾ പാർത്ഥനും ദുഃഖമായിരുന്നു തോന്നിയത്.

എന്റെ മുന്നിൽ പൊട്ടക്കിണറിനെപ്പോലെ പടുവായ, ഇരുട്ട് വിങ്ങിക്കിടക്കുന്ന ഒരു ഗർത്തമാണുള്ളത്. അനന്തേട്ടൻ കൈക്കൊണ്ട, മുകുന്ദൻ ചൂടിയ വഴിത്താര!

നേർത്ത നിലാവ് ആകാശത്തെ കീറി ചുറ്റിലും പ്രസരിക്കുന്നുണ്ട്. മാഞ്ചോട്ടിലെ നിഴല് കൂരിരുട്ടായിത്തീർന്നിരിക്കുന്നു.

ഒരു താളപ്പിഴപറ്റി തെണ്ടിനടന്ന, സർവ്വരും പുറന്തള്ളിയ അധൃഷ്യനായി നിലകൊണ്ട ഭാസ്കരൻ അറ്റകൈയിന് ആത്മഹത്യ ചെയ്യുകയായിരുന്നുവല്ലോ...

സ്വന്തം താവളത്തിലെ അനീതിയോടാണ് ഞാൻ ഏറ്റുമുട്ടിയത്. അവിടെ നിന്നാണ് ഞാൻ ഹീനമായി പുറന്തള്ളപ്പെട്ടത്.

പതിഞ്ഞ കാൽപെരുമാറ്റം അടുത്തെത്തിയപ്പോൾ പാർത്ഥൻ തലയുയർത്തി. രേണുകേടത്തിയുടെ ഉറക്കച്ചടവുള്ള മുഖം ഇരുട്ടത്ത് കാണാനാവുന്നേയില്ല.

"പാർത്ഥേട്ടനെന്താവ്ടെ?"

"ഒന്നുമില്ല." വരണ്ട തൊണ്ട നനച്ച് അയാൾ തുടർന്നു പറഞ്ഞു:

“ഇത്രയുംകാലം ഞാൻ എന്നെ കണ്ടെത്തിയിരുന്നു. പക്ഷേ ഇപ്പോൾ ഞാൻ എന്നിൽനിന്നുപോലും അന്യനാണല്ലോ...”

മിസ്സിസ് പത്മനാഭൻ കാറിത്തുപ്പി സ്വയംശപിച്ച് മകനെ അപഹാസ്യനാംവിധം വാഴ്ത്തുകയായിരുന്നു. അവരിൽനിന്ന് കുതറിത്തെറിച്ച് പുതിയ മേച്ചിൽപുറം തേടി ഓടിയെത്തുമ്പോൾ എന്റെ കർമ്മഭൂമിയെ ഞാൻ കണ്ടെത്തിയെന്ന് ധരിക്കുകയാണുണ്ടായത്.

പഴയ ധാരണകൾ പാഴിലായിരിക്കുന്നു. പുതുതായൊന്ന് കണ്ടെത്താനാവുന്നുമില്ല. ചോരചിന്തിച്ച് മംസത്തിന്റെ നുറുങ്ങുകൾ നല്കി ഊട്ടിവളർത്തിയ, എന്നെ ഞാനാക്കിയ ഇടത്തുനിന്നാണ് ഞാൻ പുറന്തള്ളപ്പെട്ടിരിക്കുന്നത്.

“രാത്രി ഒരുപാടായീന്നാ തോന്നണ്. നീംങ്ങനെ നിന്നാ നേരം പുലര്യേണ്ടാവും.”

രേണുകേടത്തിയുടെ പുറകെ നടക്കുമ്പോഴും പാർത്ഥന് ഒരുത്തരം കണ്ടെത്താൻ കഴിഞ്ഞില്ല. എല്ലാ ചോദ്യങ്ങളും എവിടേയോ അവസാനിച്ചിരിക്കുമെന്ന് അയാൾക്കുതന്നെ അറിയാൻ കഴിഞ്ഞിരുന്നു.

മുപ്പത്തിയാറ്

പരസഹസ്രം മനുഷ്യർക്കിടയിലും ഏകനായെന്ന തോന്നലായിരുന്നു പാർത്ഥന്. പലരും ഒരത്ഭുത ജീവിയെയെന്നോണം നോക്കുമ്പോൾ ഒരു കൊലപാതകിയെ ചികഞ്ഞുകണ്ടെത്താൻ ശ്രമിക്കുകയാണെന്ന് അനാവശ്യമായി അയാൾ തെറ്റിദ്ധരിച്ചുപോന്നു.

മുറ്റം മുഴുക്കെ പന്തലിട്ടപ്പോൾ, അവയ്ക്ക് വർണ്ണപ്പകിട്ടുള്ള തോരണങ്ങൾ അണിയിച്ചപ്പോൾ ഒരു കല്ല്യാണവീടിന്റെ അന്തരീക്ഷം കൈവരുകയാണുണ്ടായത്. കൂടാതെ മുത്തശ്ശിയുടെ താവഴിയ്ക്കുള്ള സന്തതികൾ പിറ്റേന്നു തന്നെ എത്തിയപ്പോൾ ബഹളം നിറഞ്ഞ പരിസരത്തോടെ വിവാഹത്തിന്റെയും ആദ്യചടങ്ങുകൾ ആരംഭിച്ചതുപോലെയുമായി.

നാടെമ്പാടും അത്യാവശ്യത്തിന് ഓട്ടം നടത്തുകയായിരുന്നു പാർത്ഥൻ. അടുക്കള കെട്ടിലേക്കുള്ള വിഭവങ്ങൾ വാങ്ങിച്ചെത്തിക്കാൻപോലും മറ്റൊരാളെ നിയോഗിക്കാനായില്ല.

ഒതുങ്ങിയ മട്ടിൽ ആരംഭിച്ച വിവാഹമായിരുന്നെങ്കിൽതന്നെയും പ്രാരാബ്ധങ്ങൾക്ക് ഒട്ടും കുറവില്ലായിരുന്നു. ഉറ്റബന്ധുമിത്രങ്ങളുടെ വരവുതന്നെ അടുക്കളയിലെ പുകനിരന്തരം വർദ്ധിപ്പിക്കുകയാ

യിരുന്നു. അകമുറിയിൽ ഒളിഞ്ഞൊതുങ്ങിക്കഴിയുകയായിരുന്നു രേണുകേടത്തി. അവരുടെ സഹപാഠികളും മാതാക്കളുമായ സഹൃത്തുക്കൾ ഒന്നടങ്കം വന്നതോടെ പൊട്ടിച്ചിന്നുന്ന ചിരിയുമായി വീട് പുതുമോടി അണിയുകയാണുണ്ടായത്.

തിരക്കിട്ട, സമയത്തിന് ഊണും ഉറക്കവും ഇല്ലാതുള്ള ഓട്ടം രേണുകേടത്തിയുടെ വിവാഹത്തോടെ അവസാനിക്കുകയാണെന്നോർത്തപ്പോൾ പാർത്ഥന് അവ്യാച്യമായ സന്തോഷമുണ്ടായിരുന്നു. അവരിനി സംതൃപ്തമായ ജീവിതത്തെയാണ് തേടേണ്ടത്.

വിവാഹത്തെക്കുറിച്ചറിയുമ്പോൾ ഒരുപക്ഷേ അനന്തേട്ടനും ദുഃഖമായിരിക്കും. തന്നെ ചുറ്റിപറ്റി കഴിഞ്ഞ സ്ത്രീയെ ആർക്കും അത്രകണ്ട് വേഗം മറക്കാനാവില്ലല്ലോ...

രേണുകേടത്തി അനന്തേട്ടനെക്കുറിച്ച് പറയുകയായിരുന്നു. നാട്ടിൽ ഞാൻ ചെന്ന ഒരു ഞായറാഴ്ച. എന്റെ വരവറിഞ്ഞ് രേണുകേടത്തി പകൽ മുഴുക്കെ മുറിയിൽ പഴയ കാലങ്ങളെ അനാവരണം ചെയ്ത് സമയം പോക്കുകയാണുണ്ടായത്.

കൊട്ടും കുരവയും മേളവുമില്ലാതെ അമ്പലത്തിൽ വെച്ച് മകളുടെ വിവാഹം വീണ്ടും നടത്തേണ്ടിവന്നതിനെക്കുറിച്ചോർത്തപ്പോൾ അമ്മായിക്കും ദുഃഖമായിരുന്നു. ഒരിക്കൽ പിതൃസ്ഥാനമലങ്കരിച്ച് ആർഭാടതയോടെ നടത്തിയ അനന്തേട്ടനുമായുള്ള രേണുകേടത്തിയുടെ വിവാഹത്തെക്കുറിച്ചായിരുന്നു അവർക്ക് പറയാനുണ്ടായിരുന്നത്. വായുവിൽ അടുക്കള ചായ്പിനുപുറത്തു കെട്ടിയ ഓലച്ചാളയിൽ നിന്നുയരുന്ന വിഭവങ്ങളുടെ മണം. തൊടിയിലെ പൊതമണ്ണിൽ ഓടിക്കളിക്കുന്ന പിള്ളേർ. പന്തലിലെ ആജ്ഞാപിക്കുന്ന നാട്ടരചൻമാർ.

അമ്പലത്തിലേക്ക് പോക്കുവരത്തിന് നാലു കാറുകൾ. ഗംഗാധരൻ നേരിട്ട് അങ്ങെത്തുമെന്നായിരുന്നു അറിയിച്ചത്.

മേൽത്തട്ടിലെ മുറിയിൽ പുതിയ മുഖങ്ങളെ കണ്ട് അമ്പരപ്പോടെ നോക്കുന്ന കഞ്ഞിനെപ്പോലും ചെന്നു കാണാൻ പാർത്ഥന് ഒഴിവുണ്ടായിരുന്നില്ല. വിയർത്തു കുളിച്ചുനടക്കുമ്പോൾ രോഹിണി കടന്ന് വന്ന് അയാളെ നിർബ്ബന്ധപൂർവ്വം ഊണു കഴിപ്പിക്കാറ് പതിവ്.

രാത്രി ഒട്ടുമുക്കാലും ഉറക്കമിളച്ച് കാറിൽ പരിവാരത്തോടെ അമ്പലത്തിലേക്കു ചെല്ലുമ്പോൾ പാർത്ഥൻ ചിന്താകുലനായിരുന്നു. ഗംഗാധരന്റെ സ്വഭാവത്തെ വ്യക്തമായി അറിയാൻ കഴിഞ്ഞിരുന്നെങ്കിൽതന്നെയും മനസ്സിൽ ഒരങ്കലാപ്പ്. നേർത്ത ഭീതി.

രേണുകേടത്തി പലവട്ടം പറഞ്ഞുപോന്നത് അവർക്കുള്ള അജ്ഞാതമായ ഭീതിയെക്കുറിച്ചായിരുന്നു.

കാറിലിരിക്കുമ്പോൾ അണിഞ്ഞൊരുങ്ങീട്ടും രേണുകേടത്തിയുടെ മുഖം വിഷണ്ണമായിരുന്നു. ഉറക്കത്തിന്റെ ശേഷിച്ചഭാഗം അവരുടെ കണ്ണുകളിൽ ഉണ്ടായിരുന്നെങ്കിൽതന്നെയും അനന്തേട്ടനുമായുള്ള വിവാഹത്തിന്റെതുപോലുള്ള പ്രസാദാത്മകത്വം ഉണ്ടായിരുന്നില്ല.

അമ്പലത്തിൽ ഗംഗാധരന്റെ വിരളമായ സുഹൃത്തുക്കൾ, ബന്ധുജനങ്ങൾ. പ്രേമവിവാഹം നടത്തിയ ഏട്ടനും കുടുംബവും, അനുജത്തിയും സന്താനങ്ങളും.

മാഷ്മാരുടെ അകമ്പടിയോടെ ഗംഗാധരൻ മണ്ഡപത്തിലേക്കെത്തിയപ്പോൾ പാർത്ഥൻ താൻ പിന്നിട്ട ഒരു നിമിഷത്തെക്കുറിച്ചോർക്കുകയായിരുന്നു. അപ്പോൾ എന്റെ സമീപത്ത് രോഹിണിയായിരുന്നു. പിന്നെ എന്റെ പരന്നുകിടക്കുന്ന സുഹൃത്‌വലയവും.

ഇസ്മായിൽസേട്ട് വീരോചിതവും വമ്പോടെ ധീരമെന്നും പറഞ്ഞുൽഘോഷിച്ച ഒരു സദസ്സ്! അയാളുടെ വാക്കുകൾക്ക് സദയം തപ്പുകൊട്ടിയ കുറെ മനുഷ്യർ! ഇന്നവരെല്ലാം എന്നിൽ നിന്നെത്രയോ അകലെയാണ്. ഞാൻ അധഃകൃതനായിത്തീർന്നിരിക്കുന്നു.

രോഹിണിയായിരുന്നു രേണുകേടത്തിയെ പന്തലിലേക്ക് ആനയിച്ചത്. ഗംധാധരൻ താലികെട്ടിയപ്പോൾ അയാളുടെ വിറയ്ക്കുന്ന കൈവിരലുകളിൽനിന്ന് ചെയിൻ വാങ്ങിച്ച് പ്രേമ കൊളുത്തിടുകയാണുണ്ടായത്.

പിന്നീട് അമ്പല പ്രദക്ഷിണവും തൊഴലും.

ഒരാഴ്ചത്തെ ഇടമുറിയാതുള്ള പ്രയത്നം മംഗളമായവസാനിച്ച, അല്ലലുകളൊന്നുമില്ലാതെ രേണുകേടത്തിയുടെ ജീവിതം തുടരുമെന്ന തൃപ്തിയോടെ പാർത്ഥൻ ആശ്വാസത്തോടെ ദീർഘിച്ച് നിശ്വസിച്ചു. വിഭവസമൃദ്ധമായ സദ്യ അവസാനിക്കുമ്പോൾ ഉച്ചിയിൽ വെയില് വീണു കാഞ്ഞ് പൊട്ടുന്നുണ്ടായിരുന്നു.

പുറത്ത് പകൽ ഉണരുന്നേയുള്ളൂ. കിഴക്ക് മെല്ലെകണ്ട് ചുവക്കുന്ന ആകാശമാണ്. കാറ്റിൽ എല്ലുതുളയ്ക്കുന്ന തണുപ്പാണുള്ളത്.

പാടത്തിനപ്പുറത്തെ നിരത്തിലൂടെ ഒച്ചയിട്ട് സംസാരിക്കുന്ന മനുഷ്യരുടെ ശബ്ദങ്ങൾ കേൾക്കാനുണ്ട്. നഗരത്തിലെ കമ്പോളത്തിലേക്ക് വേനൽ പള്ളത്തിലെ പച്ചക്കറികളുമായി ചെല്ലുന്ന മനുഷ്യർ രാത്രിയിലെ അവസാനത്തെ ബസ്സിനേ തിരികെ എത്തുമായിരുന്നുള്ളു

അനേകം നാളുകളുടെ കടുത്ത ക്ഷീണമുണ്ടെങ്കിൽതന്നെയും പാർത്ഥൻ രാത്രിമുഴുക്കെ ഉറക്കമിളയ്ക്കുകയായിരുന്നു.

ഗംഗാധരനെ അറയിലേക്ക് വിട്ട് നടുചായ്ക്കാനൊരുങ്ങുമ്പോൾ സമയം അർദ്ധരാത്രി പിന്നിട്ടിരുന്നു. എന്നിട്ടും അയാൾക്ക് ഉറങ്ങാൻ കഴിഞ്ഞില്ല.

മുറ്റത്തെ തോരണം തൂങ്ങിയ പന്തൽ ഒഴിഞ്ഞുകിടപ്പാണ്. വാടിയ കുരുത്തോലയും വർണ്ണക്കടലാസും തറയിൽ ചിതറിക്കിടപ്പുണ്ട്. കസേരകൾ ചേർത്തിട്ട് കൂർക്കം വലിച്ചുറങ്ങുകയാണ് ഏതോ ഒരയൽവാസി.

കിഴക്കിലെ വെളിച്ചം ചുറ്റിലും വല്ലാണ്ട് പടർന്നപ്പോൾ ഭൂമി ഉണരുകയായി.

പാർത്ഥൻ വെറുതേ തൊടിയിലൂടെ നടന്നു. വീണ്ടും വീടുണർന്നിരിക്കുന്നു. അടുക്കള ചായ്പിൽനിന്നും അമ്മായിയുടെ ഒച്ചകേൾക്കാനുണ്ട്. തിരിക്കുറ്റികൾ കരഞ്ഞ് അലറി തുറക്കുകയാണ് വാതിലുകൾ. മോറി വെളുപ്പിച്ച പാത്രങ്ങൾ വീണ്ടും പുകകയറി കറുക്കാനുള്ള ഒരുക്കത്തിലാണ്.

ഒന്നു നടുചായ്ക്കാനുള്ള കൊതിയോടെ തിരികെ നടക്കുകയായിരുന്നു. തെക്കിനിയിലെ കുതകുപാളി പതിയെ തുറക്കുന്നതുകണ്ടപ്പോൾ നടക്കാൻ മടിച്ച് അമാന്താത്താടെ പാർത്ഥൻ നില്ക്കുകയാണുണ്ടായത്.

ചുവന്നുതുടുത്ത മുഖവുമായി, ഉലഞ്ഞവസ്ത്രങ്ങളെ വാരിച്ചുറ്റി രേണുകേടത്തി ഇടനാഴിയിലേക്കിറങ്ങി വന്നപ്പോൾ പാർത്ഥന് അവരുടെ മുഖത്ത് ശാന്തമായി പുഞ്ചിരിക്കുന്ന കണ്ണുകളെ കാണാൻ കഴിഞ്ഞിരുന്നു.

മന്വന്തരങ്ങളുടെ ഏതോ സ്രോതസ്സിൽനിന്നാണ് കാലമൊഴുകുന്നതെന്നു തോന്നുന്നു. പരിമിതമായ കാലയളവിൽ സ്വന്തം ഇച്ഛക്കൊത്ത് ക്ഷണനേരം പോലും സമ്പൂർണ്ണതയോടെ ജീവിക്കാനാവാഞ്ഞ് വിലപിക്കുകയാണ് മനുഷ്യൻ. പിഴച്ച കാലടികളെ നേർവഴിക്കു നയിക്കാനുള്ള ശ്രമത്തിൽ പരാജയമടഞ്ഞ് കാലംപൂകി അജ്ഞാതനാവുകയാണ് മനുഷ്യർ.

എന്റെ വരുതിയെ മാനിക്കാഞ്ഞ് ഒഴുകുന്ന ഈ ഭൂമുഖത്ത്, ജീവിച്ചിരിക്കെ ശക്തിചോർന്ന് തളർന്നവശനാവുകയാണ് പ്രബലമായ പരാജയമെന്നു തോന്നുന്നു.

പാർത്ഥൻ ഗംഗാധരനോടൊത്ത് തൊടിയിലൂടെ നടക്കുകയായിരുന്നു. അനന്തേട്ടനുമായുള്ള രേണുകേടത്തിയുടെ വിവാഹം കഴിഞ്ഞിട്ടും വീട്ടിൽ ആളൊഴിയുകയുണ്ടായില്ല. പന്തൽ മുഴുക്കെ കൂറുകൂട്ടിയതുപോലെ നിരക്കനെ ബന്ധുജനങ്ങൾ കിടന്നുറക്ക

മായിരുന്നു. പലേടത്തുനിന്നുമായി വന്നടിഞ്ഞ അവർ ദിവസങ്ങൾ ക്കുമുമ്പേ നാലുകൈ നിരത്തി, ചീട്ടാടി, നേരംവെളപ്പിക്കാറായിരു ന്നു പതിവ്.

കല്ല്യാണം കഴിഞ്ഞതും യാത്രപറയുകയാണുണ്ടായത്. രണ്ടാം കെട്ടായ തിനാലാവും ആരും അമിതമായ ആഹ്ലാദം പ്രദർശിപ്പി ക്കുകയുണ്ടായില്ല. രേണുകേടത്തിയുടെ മുഖത്തുപോലും നേർ ത്തൊരു വിഷാദമുണ്ടായിരുന്നുവല്ലോ.

വെയില് തെളുന്നനെ വയലുകൾക്കുമീതെ പതിക്കുന്നുണ്ട്. വര മ്പത്തു നട്ട തുവരയും വെണ്ടയും കരിഞ്ഞു കോലംകെട്ടിരിക്കുന്നു. തെങ്ങിൻ പൂക്കുല വീണുചിതറിയ തൊടിയിൽ തണുപ്പുതന്നെ യാണ്.

പുലർച്ചെ കണ്ട രേണുകേടത്തിയുടെ മുഖം, ആദ്യവിവാഹ ത്തിന്റെ ആദ്യരാവിനുശേഷം പ്രഭാതത്തിൽ അവരുടെ മുഖത്ത് ഒരു ശോകച്ഛായ ആയിരുന്നു നിഴലിട്ടുനിന്നിരുന്നത്. പിന്നീട് അതേ മൗനവും ദുഃഖവും തുടരുകതന്നെയായിരുന്നു.

“ഗംഗാധരൻ എനിക്ക് ഒരു പെങ്ങളില്ല. ആ പോരായ്മ തീർത്തത് എന്നും രേണുകേടത്തിയായിരുന്നു... ഞാൻ അവ്ടെ ജനിച്ചുവെ ന്നേയുള്ളൂ. വളർന്നതെല്ലാം ഇവിടെത്തന്നെയാണ്.”

“അതെനിക്കറിയാമല്ലോ...?”

“രേണുകേടത്തിയെ ഒരിക്കലും ദുഃഖിപ്പിക്കരുത്.”

പാർത്ഥന്റെ നിറകണ്ണുകളെ കണ്ടപ്പോൾ ഗംഗാധരന്റെയും അടി യുറപ്പ് നഷ്ടപ്പെടുകയാണുണ്ടായത്.

“അതൊരിക്കലുമുണ്ടാവില്ല പാർത്ഥൻ. ഞങ്ങൾ രണ്ടുപേരും ജീവിതത്തിന്റെ കയ്പുനിറഞ്ഞ വശങ്ങളെ അനുഭവിച്ചവരാണ്.”

മിസ്സിസ്സ് പത്മനാഭൻ പുകഞ്ഞകൊള്ളിയായി കണക്കാക്കിയ പ്പോൾ അമ്മായി ആശ്വസിപ്പിക്കുകയായിരുന്നു. രേണുകേടത്തി ക്കും എന്റെ വഴിത്താരയിലെ തെറ്റുകളെപ്പോലും പലർക്കും മുമ്പാ കെ ന്യായീകരിക്കാൻ കഴിഞ്ഞിരുന്നു. എന്നിട്ട് എന്നെ തനിച്ചു കാണുമ്പോൾ ശാസിക്കാറായിരുന്നു പതിവ്.

ഊൺതളത്തിൽ പരശുരാമനെ അരികിലിരുത്തി രേണുകേ ടത്തി എന്റെ ദൂഷ്യങ്ങളെ വിളമ്പി നിറയ്ക്കുകയായിരുന്നു. നേര ത്തിന് തിന്നില്ല. നാട്ടിലായാലും വീട്ടിൽ വരുന്നത് വളരെ പരുങ്ങ ലിലാണ്. പിന്നെ കുറെ വ്യക്തിഗതമായ പരാധീനതകളും.

തിരികെ പോവുമ്പോൾ രേണുകേടത്തിയെ ഒരു നോക്കു കാണി ച്ചുതന്നതിന്റെ പേരിൽ പരശുരാമൻ എന്നെ ശ്ലാഘിക്കുകയാണു ണ്ടായത്.

മുത്തശ്ശിയുടെ ബന്ധുക്കളൊഴികെ മറ്റുള്ളവരെല്ലാം സ്ഥലം വിട്ടിരിക്കയാണ്. പ്രേമ രോഹിണിയുമായി ഒരു ചാർച്ചക്കാരിയെപ്പോലെ ഇഴുകിച്ചേർന്നിരിക്കുന്നു.

"പാർത്ഥനെന്നു പോവും?"

"ഒരാഴ്ച ഇവിടെ ഉണ്ടാവും..."

"എന്നാൽ നമുക്കൊന്നിച്ച് അങ്ങോട്ടുപോവാം.'

"ഇന്നില്ല. പിന്നീടുവരാം."

അതെന്നാണെന്ന് പാർത്ഥന് ഗണിച്ചു നിശ്ചയിക്കാനായില്ല.

എല്ലാം കണക്കുകൂട്ടി മെനഞ്ഞെടുക്കാൻ ശ്രമിച്ചപ്പോൾ ഏകദേശരൂപമായി എന്റെ മനസ്സിൽ ഒരു ചിത്രമുണ്ടായിരുന്നു. എനിക്കാവുന്നത് കളങ്കമില്ലാതെ ചെയ്ത് സ്വാസ്ഥ്യത്തോടെ പിൻവാങ്ങുക. പിന്നീട് അവസാനം?

സ്വന്തം താവളത്തിൽനിന്നു തന്നെയാണല്ലോ ഞാൻ ചവിട്ടിതൂത്തു മാറ്റപ്പെട്ടത്?

മുന്നിലേക്കുള്ള എന്റെ നീക്കങ്ങൾ ചുരുങ്ങി ചുരുങ്ങി തീരെ ഇല്ലാതാവുകയാണ്. കല്ലും കുണ്ടും നിറഞ്ഞപാതയിൽ കൂരിരുട്ടാണ് ഇരച്ചുകയറി എത്തിയത്.

തിരികെ അവർ പന്തലിലെത്തുമ്പോൾ അവിടം ഒഴിഞ്ഞു കിടപ്പായിരുന്നു. ചാണകം മെഴുകി തേച്ചമുറ്റം പരുക്കളെപ്പോലെ അടർന്നിരിക്കുന്നു.

"ഞ്യാ, പാർത്ഥനെ കാത്തിരിക്ക്യാന്നു..... ങ്ട് വായ്യോ...."

ഗംഗാധരനെ പന്തലിൽ തനിച്ചിരുത്തി അകത്തേക്കു ചെന്നപ്പോൾ അമ്മായി ചോദിച്ചു:

"കാറ് നേരത്തിനെത്ത്യേണ്ടാവില്ല്യേ?"

"ഉവ്വ്...."

"ങ്ട് വായ്യോ. സാധനൊക്കൊന്ന് നോക്കാല്ലോ..."

വെളിച്ചം കുറഞ്ഞ, കാലപ്പഴക്കത്തിന്റെ ചൂരും സാമീപ്യവുമറിയിക്കുന്ന മച്ചകത്തേയ്ക്ക്...

പുതിയ ട്രങ്കുപ്പെട്ടിയിൽ നിറച്ചും തുണിത്തരങ്ങൾ. പൊതിഞ്ഞു കെട്ടിയ മധുരപലഹാരങ്ങൾ. അത്യാവശ്യത്തിനു ഉപകരിക്കുന്ന ഓട്ടുകിണ്ടി മുതല്ക്കുള്ള പാത്രങ്ങൾ.

അനന്തേട്ടൻ ചില്ലിക്കാശിന്റെ വിഹിതംപോലും തിരികെ ഏൽപ്പിക്കുകയായിരുന്നു. അമ്മയുടെ ഗർവ്വുള്ള അപ്പോഴത്തെ സ്വരം കേൾക്കാനാവുന്നുണ്ട്.

"നശിച്ച സർവ്വാണികൾ.... ഓൾഡ് ഡെവിൾസ്..."

അമ്മായി മകളുടെ പുനർവിവാഹത്തെ ഓർത്താവും കണ്ണീരൊ

പ്പിയത്. കാറ്റോട്ടമില്ലാത്ത മുറിയിലെ വാടകെട്ടിയ അന്തരീക്ഷത്തിൽ പാർത്ഥനും നിന്നു തുടിച്ചു.

"ദൊക്കെ മതീല്യോ....?"

ഉവ്വെന്നറിയിക്കാനായി അയാൾ തലകലുക്കുകയേ ഉണ്ടായുള്ളൂ. മുറിക്കു പുറത്തു കടക്കുവാനുള്ള വെമ്പലോടെ പാർത്ഥൻ പടി താണ്ടുകയായിരുന്നു....

വിവാഹത്തിനുവരാൻ തരപ്പെടാഞ്ഞ് ക്ഷമാപണസഹിതം എത്തിയിരിക്കയാണ് ഗംഗാധരന്റെ രണ്ട് സഹഅദ്ധ്യാപകർ. മുറയ്ക്ക് ചായ കുടിയും വെറ്റില മുറുക്കും കഴിഞ്ഞിട്ടും തൊള്ള തുറന്ന് ഉയരുന്ന ചിരിയുമായി പന്തലിൽ തന്നെ കൂടിയിരിക്കയാണു അവർ.

വാക്കുകൾ വിരസതയിലേക്ക് വഴുതിവീണപ്പോൾ കൗശലത്തോടെ പാർത്ഥൻ എണീറ്റ് മേൽത്തട്ടിലേക്ക് വെച്ചടിക്കുകയാണുണ്ടായത്. കട്ടിലിൽ ചായ്ഞ്ഞുകിടന്നപ്പോൾ കനത്തൊരാശ്വാസമായിരുന്നു.

താഴത്തെ മുറികൾ ഇപ്പോഴും ശബ്ദമുഖരിതമാണ്. മുത്തശ്ശിയുടെ താവഴിയിലെ കുഞ്ഞുങ്ങൾ ബഹളംവെച്ചു നടക്കുകതന്നെയാണ്.

കോണിപ്പടികളുടെ ഞരക്കത്തോടെ രേണുകേടത്തി എത്തിയപ്പോൾ അയാൾ കട്ടിലിൽ നിന്നു താഴെ ഇറങ്ങുകയായി.

രേണുകേടത്തി പുതുപട്ടാണ് ഉടുത്തിരിക്കുന്നത്. നെറുകയിലെ സീമന്തരേഖയിൽ കങ്കുമവും തൊട്ടിരിക്കുന്നു. ഉരച്ചുചാലിച്ചു നെറ്റിയിൽ തേച്ച ചന്ദനത്തിന്റെ പ്രസരമാണെങ്ങും. ഒരു നവ്യമായ പ്രഭാതദീപ്തി പോലും അവരിൽ കുടിക്കൊള്ളുന്നുണ്ടെന്നു തോന്നുന്നു.

പാർത്ഥൻ സംതൃപ്തിയോടെ നെടുതായി നിശ്വസിച്ചു.

വർഷങ്ങൾ മുമ്പുകാണുമ്പോൾ, ഒരു വിവാഹപിറ്റേന്ന് ശവക്കുഴിയിൽ നിന്നെണീറ്റുവന്നതുപോലെ കഠോരവും ബീഭത്സവുമായിരുന്നു രേണുകേടത്തിയുടെ രൂപം.

"പാർത്ഥേട്ടൻ ന്ന്യെ അനുഗ്രഹിക്കണം."

"ഞാനോ?"

"ഉം..."

"ഞാനതിന് വയസ്സനൊന്നുമല്ലല്ലോ....?"

"അതല്ല. പാർത്ഥേട്ടന്റെ ന്ഗ്രഹണ്ടച്ചാല്ലേ നിക്ക് തൃപ്ത്യാവൂ..."

അവർ പറഞ്ഞുതീരുന്നതിനുമുന്നേ അയാളുടെ പാദങ്ങളെ തൊട്ടു വണങ്ങി. രേണുകയുടെ നെറുകയിൽ ആശീർവ്വാദത്തോടെ വിരൽവെച്ചപ്പോൾ അയാളുടെ നെഞ്ചുപിടച്ചു. കണ്ണുനിറഞ്ഞ് നീരുരുണ്ടുകൂടിയതു പോലും പാർത്ഥനറിയുകയുംണ്ടായില്ല.

രേണുകേടത്തി നിവർന്നുനിന്നപ്പോൾ അവരും കരയുന്നുണ്ടായിരുന്നു. തൊടിക്കപ്പുറത്തെ വെയിലിന് ചൂടേറുകയാണ്. വയലിൽ നിന്ന് തീനാമ്പുകളെപ്പോലെയാണ് അഗ്നിയുയരുന്നത്.

മുമ്പ് രേണുകേടത്തിയെ സ്വന്തം വീട്ടിലേക്ക് ആനയിക്കുമ്പോഴും ദുഃഖമായിരുന്നു. അവർക്ക് കാണാനാവാത്ത ദുരന്തത്തെ ഞാൻ മുൻകൂട്ടി കണ്ടെത്തുകയാണുണ്ടായത്.

“രേണുകേടത്തിക്ക് ഇനിയൊരു ദുഃഖമുണ്ടാവില്ല.”

അവർ പതിയെ ചിരിച്ച് തുടർന്നു പറഞ്ഞു:

“നീം ന്യെ രേണുകേടത്തീന്നു വിളിക്കണോ?”

“അതുവേണ്ടല്ലേ... അതൊരു ശീലമായി. രേണുകയെക്കാളും രേണുകേടത്തിയാണ് കേൾക്കാനും രസം.”

“നീം രേണുകേടത്തീന്നു വിളിക്ക്മ്പൊ അതൊരു ഓർമ്മവരുത്തലന്യാവും...”

അവർ തുടർന്നുചോദിച്ചു:

“പാർത്ഥേട്ടനും കൂടെ വരണോണ്ടെന്താ....?”

“ഇവടെ കുറെ കണക്കു തീർക്കാനുണ്ട്. രോഹിണി വരുന്നുണ്ടല്ലോ. അതുമതി.” അധഃസ്ഥിതയായ ദ്രൗഹിത്രിയുടെ മകൾ ഇപ്പോൾ എങ്ങും അഭിജാതയായിരിക്കയാണ്. നാലു പുറവും നിന്ന് ഏഷണിപറയുന്ന ജനത്തിന്റെ നാവടങ്ങിയിരിക്കുന്നു.

ഇടവഴിയിൽ വന്നുനിന്ന കാറ് ഹോണടിച്ച് വരവറിയിച്ചു.

പാർത്ഥൻ താഴേക്കിറങ്ങി ചെന്നപ്പോൾ വരാന്തയിൽ യാത്രാസാമാനങ്ങളെല്ലാം നിറഞ്ഞിരുന്നു. പ്രേമ മോനേയുമെടുത്ത് ചുവരുചേർന്നുനില്പാണ്. അമ്മായി വാതില്പടിക്കപ്പുറം ചുവന്നുകലങ്ങിയ കണ്ണുകളുമായി ചുരുങ്ങിക്കൂടിയിരിക്കുന്നു. ഗംഗാധരനും സുഹൃത്തുക്കളും പന്തലിൽതന്നെ.

രോഹിണിയെത്തേടി അകത്തേക്കു നടന്നപ്പോൾ പാതിചാരിയ വാതിലിനപ്പുറം അവൾ ഉടുത്തൊരുങ്ങുന്നതുകണ്ടു. പാർത്ഥൻ അകത്തേക്കു കടന്നപ്പോൾ അവൾ ചോദിച്ചു:

“ആണുങ്ങൾക്ക് ഈ നേരത്ത് വരാനൊരു നാണവുമില്ലല്ലോ?”

അയാൾ കസേര വലിച്ചിട്ട് ഇരുപ്പുറപ്പിക്കുകയായി. സാരിയുടെ ഞൊറിവുകൾ ശരിപ്പെടുത്തി, നിലക്കണ്ണാടി നോക്കി മുഖം മിനുക്കി യാത്രയ്ക്ക് തയ്യാറെടുത്ത്, രോഹിണി ചുറ്റിലും മറ്റാരുമില്ലെന്ന് ബോദ്ധ്യം വന്നപ്പോൾ അയാളുടെ മുഖം പിടിച്ചുയർത്തി നെറ്റിയിൽ അമർത്തി ചുംബിച്ചു.

“പാർത്ഥേട്ടനും വന്നൂടെ?”

“രോഹിണി പോവൂ...”

“പാർത്ഥേട്ടൻ വന്നാൽ ഗംഗേട്ടനും ഒരു കൂട്ടാവും. എനിക്ക് പാർത്ഥേട്ടനില്ലാതെ പോവാൻ തോന്നുന്നില്ല...”

ഞാൻ തീരെ അങ്ങില്ലാതായാൽ–

ലോലമായ ഒരു ഉറവ പൊട്ടി ഒലിക്കയാണ്. രണ്ടുനാൾ കൊണ്ടു തന്നെ. ഞാൻ ജയിലിൽനിന്നു മോചിതനായതോടെ രോഹിണി പുഷ്ടിപ്പെടുകയും മുഖത്ത് നിത്യേന പാടകെട്ടിക്കിടന്നിരുന്ന ഘനീഭവിച്ച ദുഃഖം അകലുകയും ചെയ്തിരിക്കുന്നു.

മോന്റെ മുഖം കാണുമ്പോൾ ആകെ തളർന്ന് പരവശനാകുന്നതു പോലെയാണ് തോന്നാറ്.

മോന്റെ ഒരുക്കൂട്ടങ്ങൾ നിറച്ച ബാഗുമായി രോഹിണിയോടൊത്ത് പുറത്തുകടന്നപ്പോൾ വരാന്തയിൽ രേണുകേടത്തിയെ യാത്ര അയയ്ക്കാനായി അംഗങ്ങളെല്ലാം ഒത്തുകൂടിയിരുന്നു.

കാറിൽ ഒന്നൊന്നായി പാർത്ഥൻ സാധനങ്ങളേറ്റിവെച്ചു. രേണുകേടത്തി പടി ഇറങ്ങുമ്പോൾ വിതുമ്പിപ്പൊട്ടിയ ചുണ്ടുകളെ അമർത്തിക്കടിച്ച് അമ്മായി നിന്നു. ഇടവഴിയോളം ചെന്ന് അവരെ യാത്രയാക്കിയ പാർത്ഥന്റെ കണ്ണുകളും അപ്പോൾ നിറഞ്ഞുകവിയുന്നുണ്ടായിരുന്നു.

അമ്മായി വീണ്ടും തനിച്ചായിരിക്കുന്നു. അവർക്ക് രേണുകേടത്തിയുടെ കഴിഞ്ഞകാല ജീവിതത്തെക്കുറിച്ചാണ് പറയാനുണ്ടായിരുന്നത്. തെരണ്ടു കുളിതൊട്ട് രണ്ടാം കെട്ടുവരെയുള്ള വിശേഷങ്ങൾ.

ഇരുട്ടുന്നതുവരെ അവരോടൊത്തിരുന്ന് വിലാപങ്ങൾ കേൾക്കുകയായിരുന്നു പാർത്ഥൻ. ഉച്ചയൂണു കഴിഞ്ഞപ്പോൾ മുത്തശ്ശിയുടെ താവഴിക്കാരും യാത്രയാവുകയായിരുന്നു. പിന്നീട്, പാർത്ഥനും മേൽത്തട്ടിൽ അഭയം പ്രാപിച്ചതോടെ പണിക്കാരത്തിയോടാണ് അമ്മായി വാർത്തകൾ വിളമ്പുന്നത്.

കാത്തുകെട്ടിയിരുന്ന രേണുകേടത്തിയുടെ കല്ല്യാണം കഴിഞ്ഞതോടെ അയാൾ വീണ്ടും തന്നിലേക്കുതന്നെ ചുരുണ്ടു കൂടി പൊള്ളയായൊരു കുമിളയെപ്പോലായി.

വയലുകൾക്കും നിരത്തിനുമപ്പുറം രാത്രി നാമ്പെടുത്തിരിക്കുന്നു. സന്ധ്യയോടെ എത്തുന്ന ഇരുട്ടിനു കൂട്ടായി ചീവിടുകളുടെ ചെവി കീറുന്ന ചെത്തവുമുണ്ട്.

ഇനി ഞാനെന്തു ചെയ്യാൻ?

മനസ്സിൽ ഊട്ടി ഉറപ്പിച്ച ദൃഢനിശ്ചയത്തെ അയാൾ ഒരിക്കൽക്കൂടി പരിശോധിച്ചു.

അനാവശ്യമായി കൊലമരത്തിലേക്കു കഴുത്തുനീട്ടുമ്പോൾ,

ചെയ്യരുതാത്ത കുറ്റത്തെ സമർത്ഥിക്കുമ്പോൾ എനിക്കായുള്ള ഭൂമിയെ കണ്ടെത്താൻ കഴിഞ്ഞിരുന്നു.

ഇനിയും അവിടം തന്നെയാണ് എന്റെ രക്ഷാസങ്കേതം.

രാത്രി അധികരിച്ചുവരുന്നുണ്ട്. നാട് ഉറക്കത്തിലേക്ക് വഴുതി വീണുകൊണ്ടിരിക്കയാണ്. എങ്ങും പോവാനില്ലെന്ന, ആർക്കുമായി ഒന്നും ചെയ്യാനില്ലെന്ന ചിന്ത അയാളെ അസ്വസ്ഥനാക്കിക്കൊണ്ടേ ഇരുന്നു.

സൗരോർജ്ജം ലഭിച്ചത് പെട്ടെന്ന് അവസാനിക്കുകയാണുണ്ടായത്. അതോടെ ഇരുട്ടും വന്നുവീണപ്പോൾ തികച്ചും ബലഹീനനാവുകയായിരുന്നു. അവസാനത്തെ വണ്ടി പന്ത്രണ്ടിനാണ്. പക്ഷേ പത്തുനാഴിക അപ്പുറമുള്ള സ്റ്റേഷനിലെത്താൻ?

കുപ്പായമിട്ട് കീശയിൽ രൂപ പരതി എണ്ണിതിട്ടപ്പെടുത്തി കോണിപ്പടികളിറങ്ങുമ്പോൾ പാർത്ഥൻ എന്തോ മറന്നതുപോലെ ചുറ്റിലും നോക്കി. ദ്രൗഹിത്രി തമ്പുരാട്ടിയുടെ പേരമകന്റെ അച്ഛനെ മാലോകർക്കുമുമ്പേ വിളിച്ചറിയിക്കാനുള്ള പഴുതുകളുമുണ്ട്. തികച്ചും ബലഹീനനായ മൺമറഞ്ഞ അവന്റെ അച്ഛൻ ഉജ്ജ്വലമായ, ഏതെതിരാളിയേയും തറപറ്റിക്കാൻ പോന്നവനാണെന്ന കഥ ഒരു പഴമ്പുരാണംപോലെ ദുരൂഹമായിരിക്കും.

വിവരമറിഞ്ഞ് രോഹിണി അണമുറിയെ കരയും. ദുഃഖിതയായി കുറെനാൾ മുറിയിൽ അടച്ചുപൂട്ടിയിരിക്കാം. പക്ഷേ എന്നിട്ടും അവൾക്ക് മകനായി ജീവിച്ചേ പറ്റൂ.

ഇടനാഴി കടന്നപ്പോൾ അമ്മായി വഴിതടഞ്ഞതുപോലെ മുന്നിൽ

"പാർത്ഥൻ പ്പെം ങ്ങ്ടാ?"

വാക്കു കേൾക്കാനായി മിഴിച്ചുനിന്ന അയാൾ ഒരുനിമിഷം പിന്നിട്ടതിനു ശേഷം പറഞ്ഞു:

"ഭക്തവത്സലൻ മാഷെ ഒന്നുകാണണം..."

"ഈ രാത്രിന്യോ...?"

"ഉം..."

എന്നിട്ട് ഒരു ഊരാക്കുടുക്കിൽ നിന്നോണമായിരുന്നു അമ്മായിയിൽനിന്ന് രക്ഷപ്പെട്ടത്. ഇടവഴിയും, കൂത്തുപറമ്പും കടന്ന് നാല്ക്കവലയിലെത്തിയപ്പോൾ ആളൊഴിഞ്ഞ അവിടം ശുദ്ധശൂന്യമായിരുന്നു.

ഒരൊളിവുകാലത്ത് നടുപ്പാതിരയ്ക്ക് രേണുകേടത്തി പടിയ്ക്കൽ വരെ വന്ന് യാത്ര അയച്ചതിനുശേഷം ഒരു ലോറിയിൽ കയറിപ്പറ്റി എങ്ങെങ്കിലുമെത്തിച്ചേരാനായി അർദ്ധരാത്രിയ്ക്ക് ഇവിടെയായിരുന്നു വന്നുചേർന്നത്.

അപ്പോൾ വ്യക്തവും പരിശുദ്ധവും സകലർക്കും ഗുണകരവുമായ അനേകരുടെ തീരാശാപത്തെ തൂത്തുമാറ്റാവുന്ന ഒരു വർഗ്ഗത്തെ സ്വപ്നം കാണാൻ കഴിഞ്ഞിരുന്നു. അത് ഇപ്പോൾ പറ്റേ വിഷധൂളികൾ നിറഞ്ഞ ഒരു സത്യമായിത്തീർന്നിരിക്കയാണല്ലോ–

മാടക്കടയിലെ സർബത്തു സ്റ്റാന്റിൽകയറി ഇരിക്കുമ്പോൾ ഏതോ ഒരു നിമിഷത്തിൽ കടന്നുവരാവുന്ന ലോറിയ്ക്കായി അയാൾ ജാഗരൂകനായിരുന്നു.

മുപ്പത്തിയേഴ്

"**എ**ന്റെ രോഹിണീ,

ഒരിക്കൽക്കൂടി ഞാനങ്ങനെ വിളിക്കട്ടേ. ഇനിയൊരു വിളിക്കോ എഴുത്തിനോ ഞാനുണ്ടായി എന്നുവരില്ല. കാരണം ഞാൻ മരിക്കുകയാണ്. ജീവിതത്തിന്റെ എല്ലാ അർത്ഥവും നഷ്ടപ്പെട്ട ഈ നിമിഷത്തിൽ എനിക്കതേ ചെയ്യാനാവൂ...

നിന്റെ പാർത്ഥേട്ടൻ വളരെ ബലഹീനനാണ് രോഹിണീ. എനിക്ക് കഴിഞ്ഞകാല സംഭവങ്ങൾ മൂലം നഷ്ടപ്പെട്ടത് എന്റെ ജീവിതമല്ല. എന്റെ ജീവിതവീക്ഷണത്തിന്റെ ആണി വേരാണ്.

സകലർക്കും വേണ്ടി ജീവിക്കാൻ കൊതിച്ച് തനിക്കായി ജീവിക്കാൻ മറന്ന ഈ ഞാൻ നിനക്ക് ദുഃഖമേ നല്കീട്ടുള്ളവല്ലേ...

എന്നോടു നീ ക്ഷമിക്കൂ. ഞാൻ നിന്റെ മുന്നിൽ ഏറ്റവും വലിയ അപരാധിയാണ്. ഒന്നു നീ ഓർക്കൂ രോഹിണീ. നിന്റെ പാർത്ഥേട്ടന് പിടിച്ച് നില്ക്കാൻ ഒരു തുമ്പെങ്കിലും ഉണ്ടായിരുന്നെങ്കിൽ ആ വഴിയെ സ്വീകരിക്കൂ.

എന്റെ മോനെക്കുറിച്ചാണ്...

നിന്റെ ഗതി അവനുണ്ടാവില്ല. പാർത്ഥൻ അച്ഛനാണെന്ന് അവനാരോടും പറയാം. അവനെ കൂടുതൽ ചിന്തിപ്പിക്കാതെ, തന്നിൽ കവിഞ്ഞ് നിസ്വാർത്ഥമായി ലോകത്തെ കാണാനനുവദിക്കാതെ നീ വളർത്തണം. എന്റെ ദുഃസ്വഭാവങ്ങളൊന്നുമില്ലാതെ അവൻ വളരണം. എന്നാലെ അവനിവിടെ ജീവിക്കാനാവൂ...

എനിക്ക് എന്നോടാണിപ്പോൾ സഹതാപം തോന്നുന്നത്. ഞാൻ തികച്ചും ഇത്തരത്തിൽ ആകേണ്ടവനല്ല. മനുഷ്യനെ സ്നേഹിച്ചു എന്നതിന്റെപേരിൽ സ്വയം അഭിമാനിച്ചു നടന്നവനാണ്...

ഒരാൾക്ക് ജന്മംതന്നെ ശാപമായിത്തീരാവുന്ന നിമിഷങ്ങളുമുണ്ടെന്ന് ഞാനറിഞ്ഞിരുന്നില്ല. ഇപ്പോൾ എനിക്കാ നിമിഷമാണ്. ഞാൻ അബലനായിത്തീർന്ന ഈ നിമിഷത്തിൽ, എന്റെ

ജീവിതത്തിന്റെ അർത്ഥംതന്നെ നഷ്ടപ്പെട്ട ഈ നിമിഷത്തിൽ മറ്റെന്തും ചെയ്യാൻ ഞാനശക്തനാണ്..

ഞാനിവിടംതന്നെ എന്റെ ശവക്കുഴിയായി തിരഞ്ഞെടുത്ത തിനെക്കുറിച്ച് എനിക്കൊന്നേ പറയാനുള്ളൂ. ഞാനീ തെരുവിലൂടെ ആത്മാർത്ഥതയോടെ ജാഥനയിച്ച് മുമ്പേ നടന്നിട്ടുണ്ട്. അടിയേറ്റി ട്ടുണ്ട്. നിന്നെയും അത്തരത്തിലൊരു നിമിഷത്തിലാണല്ലോ കണ്ടത്. ആ കാഴ്ച്ചയാണ് ബന്ധങ്ങളെ ഇത്രത്തോളം എത്തിച്ചത്...

എന്നെ ഓർത്ത്, എന്റെ പ്രിയപ്പെട്ടവരെ വിലപിക്കാനായി മാത്രം ഉപേക്ഷിച്ചുപോന്നതോർക്കുമ്പോൾ ദുഃഖം തോന്നുന്നുണ്ട്. പക്ഷേ എന്നെ ശക്തനായിമാത്രം കാണാൻ ഇച്ഛിച്ചവളാണല്ലോ നീ...

നിന്റെ പാർത്ഥേട്ടൻ ജീവിച്ചിരിക്കെ നിന്നെ വഞ്ചിച്ചിട്ടില്ല രോഹി ണീ. നിനക്ക് ഞാൻ അവസാനമായി എന്തും സഹിക്കാൻ തക്ക കരുത്താണ് നേരുന്നത്. നിനക്ക് താങ്ങാവുന്നതല്ല എന്റെ ഈ കൃത്യം എന്നെനിക്കറിയാം. പക്ഷേ നീ കരുത്തോടെ എല്ലാറ്റിനെയും നേരിടൂ. അമ്മായി നിന്റേയും അമ്മയാണ്. അവർ വേണ്ടത് ചെയ്യും...

എന്നും നിന്റെ മാത്രമായിരുന്ന, പാർത്ഥേട്ടൻ.''

മറ്റൊരെഴുത്തുകൂടി.

''പ്രിയ രേണുകേടത്തീ,

സത്യത്തിൽ നിങ്ങളെന്നും എന്റെ എട്ടത്തിയായിരുന്നുവല്ലോ...

ഞാനും മരിക്കുന്നു രേണുകേടത്തി. അതും സ്വയം ചെയ്യുന്നു വെന്നതാണ് ക്രൂരത. ഒന്നു മനസ്സിലാക്കൂ, രേണുകേടത്തിയുടെ പാർത്ഥട്ടന്റെ അവസാനത്തെ കയ്യാണ് ഇതെന്നു കരുതിയാൽ മതി.

രേണുകേടത്തിയുടെ വിവാഹത്തിനുവേണ്ടിയാണ് ഇതിത്രയും നീട്ടിക്കൊണ്ടുപോയത്. അതിനുമുമ്പായിരുന്നെങ്കിൽ വിവാഹം ഇനിയും നീട്ടിവെയ്ക്കപ്പെടുകയാവും ഫലം. ഒരു പക്ഷേ അല സിപ്പോയെന്നും വരാം. അതൊഴിവാക്കാനായിരുന്നു ഈ കാത്തി രുപ്പ് നടത്തിയത്...

കോടതി വിധിയിലൂടെ ഒരാത്മഹത്യതന്നെ ഫലത്തിൽ ചെയ്യാ നായിരുന്നു ഞാനുദ്ദേശിച്ചിരുന്നത്. രോഹിണിയുടെയും നിങ്ങളു ടെയും മുമ്പിൽ അതു പരാജയപ്പെട്ടപ്പോൾ ഈ മാർഗ്ഗത്തെ സ്വീകരി ക്കേണ്ടിവന്നു.

ഞാൻ എനിക്കായി ഒന്നും നേടിയില്ല. അതിനൊട്ടും കാംക്ഷി ച്ചിട്ടുമില്ല. പിന്നൊന്നെന്റെ ജീവിതത്തിൽ സംഭവിച്ചു. പ്രകൃതിയുടെ നിയമത്തിനു ഞാനും വിധേയനാവുകയായിരുന്നു. ഭാര്യയും കുഞ്ഞുമുണ്ടായി. അവരെ പെരുവഴിയിലേക്കാണ് ഞാനിറക്കി വിടുന്നതും...

എന്റെ ചെയ്തികളെ എനിക്കുതന്നെ ന്യായീകരിക്കാനോ പൊറുക്കാനോ കഴിയില്ല. എല്ലാമാകാൻ കൊതിച്ചു ഒന്നുമാകാതെ ഒരാൾകൂടെ ഈ ലോകത്തുനിന്നും പോവുന്നു. ഞാൻ ഈ മണ്ണിനേയും മനുഷ്യരേയും അതിയായി സ്നേഹിക്കുന്നവനാണ്. കാലം എന്നെ ഇങ്ങനെയും ആക്കിത്തീർത്തെന്നു കരുതു...

രോഹിണിയേയും കുഞ്ഞിനെയും ഞാൻ രേണുകേടത്തിയെ ഏല്പിക്കട്ടെ. അവളെ ആശ്വസിപ്പിക്കാൻ രേണുകേടത്തിക്കേ ആവൂ...

രേണുകേടത്തിയുടെ ഇനിയത്തെ ജീവിതം തീർച്ചയായും സന്തോഷപ്രദമായിരിക്കും. കഴിഞ്ഞകാലങ്ങളെ ഇനിയും ഓർത്തിരിക്കേണ്ടതില്ല. അത് അസംബന്ധമാവും.

ഞാൻ അമ്മായിയ്ക്കും എഴുതുന്നുണ്ട്. അമ്മയ്ക്കും അനന്തേട്ടനുമൊന്നുമില്ല. അവർക്കെന്നും ഞാൻ അന്യനായിരുന്നു.

എവിടേയോ വളർന്ന്, എവിടേയോ ചെന്നെത്തി, എവിടേയോ കിടന്ന്, മനുഷ്യർ മരിക്കുന്നു. ഞാനും മരിക്കുന്നു.

എഴുത്തു നിർത്തട്ടേ, രേണുകടത്തി...''

കവറിനുപുറത്ത് വിലാസങ്ങളുമെഴുതി കഴിഞ്ഞപ്പോൾ പാർത്ഥൻ ആകപ്പാടെ വിയർത്ത് നനഞ്ഞിരുന്നു.

ഭൂമിയിൽ ചൂടുപൊന്തി തുടങ്ങിയപ്പോൾ മുറിയിൽ കടന്നുകൂടിയതായിരുന്നു പാർത്ഥൻ. മുമ്പ് രാമുവോടൊത്തായിരുന്നു ഒരിക്കൽ ഇവിടെ വരുകയുണ്ടായത്. ജില്ലാസമ്മേളനത്തിന് പ്രതിനിധികൾക്ക് താമസസൗകര്യം ഏർപ്പെടുത്താനായിരുന്നു.

നഗരത്തിൽനിന്ന് ഒട്ടൊന്ന് അകന്ന് ഹോട്ടലിൽ മുറിയെടുക്കുമ്പോൾ പാർത്ഥൻ കുറെ കണക്കുകൂട്ടലുകൾക്ക് വിധേയനായിരുന്നു. കടുത്ത ശബ്ദാന്തരീക്ഷത്തിൽനിന്നും ജനപ്രളയത്തിൽനിന്നും അകന്നാണ്. ഒരു മരണവാർത്ത കാറ്റുപടരാവുന്നതുപോലെ പടരാവുന്നതുമല്ല. പിന്നെ രാത്രിയാവുന്നതുവരെ ശല്യം കൂടാതെ കഴിച്ചുകൂട്ടുകയുമാവും.

അലമാരയിൽ ഭദ്രമായി സൂക്ഷ്മതയോടെവെച്ച ഫോളിഡോൾ സുഖസുഷുപ്തിയിൽതന്നെയാണ്. അവന്റെ വീര്യം എന്റെ നെഞ്ചിൽ പടർന്ന് കരളുകാർന്ന് സിരകളെപൊട്ടിച്ച് ചൈതന്യവും ചലനവും ഊറ്റിക്കുടിക്കുമ്പോഴും ആരും അറിയുകയുണ്ടാവില്ല. പിന്നീട് നാലഞ്ചുനാളുകൾ കഴിഞ്ഞ് അടഞ്ഞുകിടക്കുന്ന വാതിലും ചീഞ്ഞുനാറുന്ന ശരീരവും ഒരു സൂചന നല്കുമ്പോൾ പോലീസിന്റെ സാമീപ്യത്തിൽ കതക് കുത്തിപ്പൊളിക്കുകയാണുണ്ടാവുക.

പാർത്ഥൻ തുറന്നിട്ട ജനാലയിലൂടെ പുറമേക്കുനോക്കിക്കൊണ്ടേ

നിന്നു. അറ്റത്തെ മുറിയായതിനാൽ സകലടത്തേയും കാഴ്ചകൾ കാണാനാവുന്നുണ്ട്. വെളിച്ചം പിടിപ്പിച്ച മട്ടുപ്പാവും ഇരുനിലകളുമുള്ള കെട്ടിടങ്ങൾ. വഴിവിളക്കുകളുടെ അകമ്പടിയോടെ നഗരത്തെയും കടന്നുപോവുന്ന നിരത്തുകൾ. നഗരത്തിന്റെ അവസാനത്തോടെ ആരംഭിക്കുന്ന ചേരികളിലെ നുറുങ്ങുന്ന പ്രകാശത്തേയും കാണാനാവുണ്ട്.

രോഹിണിയോടൊത്ത് ഈ നിരത്തിൽക്കൂടെയായിരുന്നു ഞാൻ നടക്കാറുണ്ടായിരുന്നത്. പരശുരാമന്റെ വാക്കുകളെ സ്മരിച്ചുംകൊണ്ട് ഞാൻ കടന്നുപോയതും ഈ വഴിയെതന്നെ. രാമുവിന്റെ മദ്യത്തിന്റെ ഗന്ധം ഇവിടെത്തന്നെയാണ് വറ്റിവരണ്ടില്ലാതായതും.

വാതിൽപ്പൊളിയിൽത്തട്ടി വരവറിയിച്ച് ഹോട്ടൽബോയ് കടന്നുവന്നു. ഊണുപാത്രം മേശപ്പുറത്തുവെച്ച് തിരിഞ്ഞുനടക്കാൻ ഭാവിച്ച അവൻ ചോദിച്ചു: ‘‘സാറിന് പ്രത്യേകിച്ച്?’’

‘‘ഒന്നും വേണ്ട... പിന്നെ എനിക്കൊന്ന് സുഖമായി ഉറങ്ങണം.’’ അവൻ അകന്നപ്പോൾ പാർത്ഥൻ വീണ്ടും തനിച്ചായി.

ജനാലയിലൂടെ തണുത്ത കാറ്റാണ് കടന്നുവരുന്നത്. നക്ഷത്രങ്ങൾ നിറഞ്ഞ ആകാശത്തിന് രമ്യമായ കാന്തിയാണുള്ളത്.

ഊണുകഴിഞ്ഞ് വാതിലിന് തഴുതിട്ട് അയാൾ അലമാര തുറന്ന് ഫോളിഡോളിന്റെ കുപ്പി കടിച്ചു തുറന്നപ്പോൾ മുറിയിൽ പൊടുന്നനെതന്നെ രൂക്ഷഗന്ധം നിറഞ്ഞു. കുപ്പിക്കകത്തെ കൊഴുത്ത ദ്രാവകത്തിലേയ്ക്ക് ഉള്ളുരുക്കത്തോടെയേ പാർത്ഥന് നോക്കാനായുള്ളൂ.

ഗ്ലാസ്സിലെ വെള്ളത്തിൽ മുഴുവനും ചേർത്ത് ഒരു തുള്ളിപോലും കുപ്പിയിൽ ശേഷിപ്പിക്കാതെ കസേരയിൽ ചായ്ഞ്ഞിരിക്കുമ്പോൾ അയാൾ നെടുതായി നിശ്വസിക്കയാണുണ്ടായത്.

ഇത് എന്റെ വിധിയാവും! കാലത്തിന്റെ കത്തൊഴുക്കിലെ ഏതോ ഒരംശമായിപ്പിറന്ന എന്റെ വിധി.

മൂക്കടച്ചുപിടിച്ച് ഒറ്റവീർപ്പിന് ഗ്ലാസ്സിലെ ദ്രാവകം അകത്തേക്കിറക്കുമ്പോൾ വേദനയറിയാതെ, മരണപ്പിടച്ചിലൊന്നുമില്ലാതെ ജീവനൊടുങ്ങുവാൻ മാത്രമായിരുന്നു അയാളാശിച്ചത്.

അപ്പോഴും പുറത്ത് തണുത്ത കാറ്റും പ്രശാന്തമായ പ്രകൃതിയുമായിരുന്നു.

മുപ്പത്തിയെട്ട്

മരണത്തിന്റെ വായിൽനിന്ന് എങ്ങനെ രക്ഷപ്പെട്ടുവെന്ന് പാർത്ഥന്തന്നെ വ്യക്തമായും പറയാൻ കഴിഞ്ഞിരുന്നില്ല. നെഞ്ചു

നീറ്റലും കുടലു കത്തലും അസഹനീയമായപ്പോൾ അയാൾ ഉറക്കെ നിലവിളിക്കുകയാണുണ്ടായത്. അടുത്ത മുറിയിൽ വസിക്കുന്നവരെല്ലാം ഓടിക്കൂടി കുതകുപൊളിച്ച് അകത്തു കടക്കുമ്പോഴയ്ക്കും അയാൾ ബോധരഹിതനായിരുന്നു.

പിന്നീട് ഒരു സ്വകാര്യ ആശുപത്രിയും അതിനൊത്ത ചുറ്റുപാടും.

മേശപ്പുറത്തെ എഴുത്തുകളിലെ മേൽവിലാസത്തിൽ കമ്പിയടിച്ച് രോഹിണിയും മറ്റുമെത്തുമ്പോഴും അയാൾ മരണക്കിടക്കയിൽ തന്നെയായിരുന്നു.

തുറന്നു മലച്ച കണ്ണുകളും വിളർത്ത് രക്തപ്രഭ തീരെ ഇല്ലാതായ ശരീരപ്രകൃതവും. വായുകിട്ടാതെ പാർത്ഥൻ തുടിക്കുകയായിരുന്നപ്പോൾ കൃത്രിമമായി ഓക്സിജൻ നല്കുകയായിരുന്നു. ഇടതു കൈത്തണ്ടയിൽ ആഴ്ന്നിറങ്ങിയ സിറിഞ്ചും അരികെ സ്റ്റാൻഡിൽ തൂക്കിയ ഗ്ലൂക്കോസിന്റെ കുപ്പിയും.

മരണത്തിന്റെ അഗാധതയിൽ പൊങ്ങുതടിയെപ്പോലെ അലയുമ്പോഴും അയാളുടെ വെളിച്ചം കയറാത്ത മനസ്സ് മരണത്തിന്നായിത്തന്നെ കൊതിക്കുകയായിരുന്നു. സ്വന്തം കാൽക്കീഴിലെ വാഗ്ദത്ത ഭൂമിനഷ്ടപ്പെട്ട അവിടെ തീർത്തും അന്യനായിത്തീർന്ന ഭീമമായ ദുഃഖം.

ഗംഗാധരൻ മാഷും രേണുകേടത്തിയും രോഹിണിയൊടൊത്തായിരുന്നു വന്നത്. കൂട്ടത്തിൽ അമ്മായിയും. അപ്പോഴും ഇടമുറിയാതെ തുടർന്നുവന്ന, പാർത്ഥനെ വിട്ടുമാറാതെ കെട്ടിപ്പിടിച്ച മരണത്തിന്റെ ശക്തിയുറ്റ കരങ്ങൾ ലേശംപോലും പരീക്ഷീണമായിരുന്നില്ല.

സ്വകാര്യആശുപത്രി ആയതിനാൽ, ഹോട്ടലിന്റെ ആഭിജാത്യത്തെ മുൻകണ്ട് പാർത്ഥന്റെ മരണശ്രമം ഒരു നിഷേധിക്കപ്പെട്ട വാർത്തയായിത്തീരുകയാണുണ്ടായത്.

പുറത്ത് വെയിൽ കനക്കുന്നതും സന്ധ്യയുടെ ഏതോ ഒരു മുഹൂർത്തത്തിൽ ഭൂമിയിൽ ഇരുട്ടുപടരുന്നതും പാർത്ഥൻ അറിയുകയേയുണ്ടായില്ല. രോഹിണിയുടെ കരൾ പൊട്ടിയ കരച്ചിൽപോലും അയാൾക്ക് വകതിരിവോടെ തിരിച്ചറിയാനായില്ല.

തുറന്നു മലച്ച കണ്ണുകളും വളരെ പതുക്കെ സ്പന്ദിക്കുന്ന നെഞ്ചിടിപ്പും, നിലനില്ക്കുന്ന അയാളുടെ ജീവന്റെ സാമീപ്യത്തെ വിളിച്ചറിയിക്കുകയാണ്.

പിന്നീട് രണ്ടുനാളുകൾക്കുശേഷം പരിസരബോധം ലഭ്യമായപ്പോൾ, മരണം വീണ്ടും വിദൂരതയിലെ സ്വപ്നമായപ്പോൾ അയാൾക്കു ചുറ്റിലും നില്ക്കുന്ന ആളുകളെ തിരിച്ചറിയാനായി.

നേരത്തിന് ആഹാരം കഴിക്കാത്ത, മുഷിഞ്ഞുലഞ്ഞ വസ്ത്ര ങ്ങളും തളർന്നവശമായ കണ്ണുകളോടും കൂടിയ മനുഷ്യർ. മരിക്കാനുള്ള ഉദ്യമം ഒരു പാഴ്ശ്രമമായെന്ന് അയാൾ അപ്പോഴറിയുക യായിരുന്നു.

മരണത്തിന്റെ പടുകഴിയിൽ നിന്ന് മോചിതനായപ്പോൾ ചുറ്റിലും നിന്നവർ ആശ്വാസത്തോടെ നിശ്വസിക്കുന്നത് അയാൾക്ക് കേൾക്കാൻ കഴിഞ്ഞിരുന്നു, വികാരത്തള്ളിച്ചകൊണ്ട് വലിഞ്ഞു മുറുകിയ അവരുടെ മുഖങ്ങൾക്ക് അയവുവന്നിരിക്കുന്നു. കണ്ണുകളിലെ നീരുറവുവറ്റി വരണ്ടിരിക്കുന്നു.

രോഹിണിയേയും രേണുകേടത്തിയേയും കാണുമ്പോൾ എന്നിട്ടും അയാൾക്ക് ഭയമാണുണ്ടായി രുന്നത്. ഒരപരാധിയെപ്പോലെ, കിടക്കയിലേക്കുതന്നെ വലിഞ്ഞു ചുരുങ്ങേണ്ട ഗതികേടാണ് വന്നിരിക്കുന്നത്.

അപ്പോഴും ഹോട്ടലിലെ അവസാന നിമിഷത്തെ അയാൾക്കോർക്കാൻ കഴിഞ്ഞിരുന്നു. പിടഞ്ഞോടിയെത്തുന്ന അനേകം കാലടികൾ, ആക്രോശങ്ങൾ, ഭീമമായ എന്തോ ഒന്ന് വാതിലിൽ തുടർച്ചയായി വീഴുമ്പോഴുള്ള മുഴക്കം.

ഒരിടവേളയായി മോഹാലസ്യത്തിന്റെ വരുതിയിൽനിന്ന് കുതറിത്തെറിച്ച് മോചിതനാവുമ്പോൾ തന്റെ ചുറ്റിലും ആകാംക്ഷയോടെ ഉറ്റുനോക്കുന്ന അനേകം മുഖങ്ങളെ പാർത്ഥന് കാണാൻ കഴിഞ്ഞിരുന്നു.

അവസാനം മരിക്കാൻ പോലുമായില്ലെന്ന ചിന്ത പാർത്ഥനെ അലട്ടിക്കൊണ്ടേയിരുന്നു.

രേണുകേടത്തിയും അമ്മായിയും മോനും ഗംഗാധരനുമൊത്ത് വാടകവീട്ടിലേക്ക് കുളിച്ച് വെടിപ്പാകാൻ പോയിരിക്കയാണ്. മുറിയിലെ ശാന്തമായ അന്തരീക്ഷത്തിൽ മേൽത്തട്ടിലെ കറങ്ങുന്ന പങ്കയെ നോക്കിക്കിടക്കുകയായിരുന്നു അയാൾ.

മൗനത്തോടെ ഊമകളെപ്പോലെ കൂടിയിരിക്കയാണ് രോഹിണിയും അമലയും. അമല എപ്പോഴാണ് വിവരമറിഞ്ഞെത്തിയതെന്ന് അയാൾക്കറിയാൻ കഴിഞ്ഞിരുന്നില്ല.

അടുത്ത മുറികളിൽ സദാ നിശ്ചലത തന്നെയാണ്. വരാന്തയിലൂടെ കടന്നുപോവുന്ന ആശുപത്രി ജീവനക്കാരുടെ ചെരിപ്പിന്റെ മടമ്പുകൾ മാത്രമാണ് അസ്വാരസ്യമുയർത്തുന്നത്.

മരുന്നും ഗ്ലൂകോസും കുത്തിക്കയറ്റി, കുടിച്ചുവീർത്ത ഞരമ്പുകൾ പൂർവ്വാധികം ബലിഷ്ഠമായിരിക്കുന്നു. മരണം കണ്ട കണ്ണുകളിൽ വാർന്നുപോയ ചൈതന്യം വീണ്ടും കയറിക്കൂടിയിരിക്കുന്നു.

തൊലി അടർന്നു ഉലച്ച ചുണ്ടുകൾ ചെത്തിക്കീറിയിട്ട വാഴപ്പോളയെ പ്പോലാണ്.

രോഹിണി പതിയെ വന്ന് കിടക്കയിലിരുന്ന് അയാളുടെ മുഖ ത്തേക്കുതന്നെ തറച്ചുനോക്കി. അവളുടെ കണ്ണുകൾ നിറഞ്ഞു തുളു മ്പുന്നതു കണ്ടപ്പോൾ കഴുത്തു തിരിക്കാൻ പോലുമാവാതെ പാടു പെട്ട് അയാൾ കണ്ണുകളിറുക്കെ അടച്ചു.

"പാർത്ഥേട്ടൻ ഇനിയും മരിക്കാൻ ശ്രമിക്കുന്നെങ്കിൽ എന്നേയും മോനേയും വിളിക്കൂ... ഞങ്ങൾ തീർച്ചയായും വരാം..."

ഘനീഭവിച്ച ദുഃഖത്തോടെ അവളുടെ മുഖത്തേക്കു നോക്കാനേ പാർത്ഥനായുള്ളൂ. കൊഴുത്തതും മാരകമായതുമായ ദ്രാവകമിറങ്ങി അയാളുടെ തൊണ്ടയാകെ പൊള്ളിച്ച് ശബ്ദങ്ങൾ അപ്രത്യക്ഷമാ യിരുന്നു.

പാർത്ഥൻ തളർന്ന വിരലുകളെ പതുക്കെ നീട്ടി രോഹണിയുടെ കൈവണ്ണയിൽ അമർത്തിപ്പിടിച്ചു.

ഡോക്ടർ ഇനി ഭയക്കാനില്ലെന്നാണ് പറഞ്ഞത്. എന്നിട്ടും അവൾ ക്കു പേടിയായിരുന്നു.

"എനിക്ക് സന്തോഷിക്കാനും ചിരിക്കാനും സ്നേഹിക്കാനും വെറുക്കാനുമായി പാർത്ഥേട്ടനേയുള്ളൂ. പാർത്ഥേട്ടൻ പോയാൽ ഞാൻ ജീവിച്ചിരിക്കില്ല."

രോഹിണി മുമ്പും ഇതായിരുന്നു എന്നൊടു പറഞ്ഞത്. ഞാനി ല്ലാത്ത അവൾക്കിവിടെ തുടർന്ന് ജീവിക്കാനാവില്ലെന്ന്.

അയാൾ പതിയെ നാവനക്കാൻ ശ്രമിച്ചെങ്കിലും വാക്കുകൾ പുറത്തു വരുകയുണ്ടായില്ല.

ഇപ്പോഴും നെഞ്ചാകെ കലങ്ങിനീറുന്നതുപോലെയാണ്. കുമിള കൾ പൊട്ടിത്തകകരുന്നതുപോലെ എന്തെല്ലാമോ എവിടെയോ ചിന്നിത്തെറിക്കുന്നു.

എങ്കിലും പഴയ അഗ്നിപർവ്വതത്തിലെ ലാവ ഒഴുക്ക് നിലച്ചി ട്ടുണ്ട്. വരണ്ട മണ്ണിൽ മഴപെയ്തതിനുശേഷമുള്ള ശാന്തതയും കുളിരുമുള്ള നനവുമാണ്. എന്നിട്ടും ഞാൻ മരിച്ചില്ല.

കഴിഞ്ഞ നിമിഷങ്ങളിലേക്ക് ഒന്നു പിന്തിരിഞ്ഞുനോക്കിയ പ്പോൾ പാർത്ഥന്റെ വെന്തചുണ്ടുകളിൽ പോലും പുഞ്ചിരിവിട രുകയാണുണ്ടായത്. സർവ്വതും ത്യജിച്ച് വെറും മണ്ണിലേക്കിറങ്ങിയ ഞാൻ മണ്ണിന്റെ ചുരും ചെത്തവുമറിഞ്ഞ് ദൈന്യതയോടെ വിലപി ക്കുന്നവർക്കായി, അവർക്ക് കണ്ടറിയാനാവാത്ത സത്യത്തെ വിളി ച്ചോതുകയായിരുന്നു. ആ മണ്ണിൽ നിന്നുതന്നെയാണ് ഞാൻ പുറന്ത ള്ളപ്പെട്ടതും.

എന്റെ മരണകാരണമറിയുമ്പോൾ ഇസ്മായിൽ സേട്ട് പുഞ്ചിരിക്കയാവും. ചെറിയൊരു പഴുതിലൂടെമാത്രം മരണത്തിൽനിന്ന് ഞാൻ രക്ഷപ്പെട്ടുവെന്ന ചിന്ത ആയിരിക്കും അയാളെ അസ്വസ്ഥനാക്കുക. മിസ്സിസ്സ് പത്മനാഭനോ മുകുന്ദനോ അനന്തേട്ടനു തന്നെയോ പ്രത്യേകിച്ചു വ്യാഖ്യാനിക്കുവാൻതക്ക കാരണമൊന്നും കണ്ടെത്താനുണ്ടാവില്ല.

ജയിലിൽനിന്ന് മോചിതനായെന്നറിഞ്ഞപ്പോൾ അനന്തേട്ടൻ സദുപദേശങ്ങളോടെ ഒരു കത്തെഴുതുകയായിരുന്നു. പഴയതുപോലെ ഉൾക്കരുത്തോടെ മറുപടിയെഴുതാൻ അപ്പോൾ എനിക്കായില്ല.

“പാർത്ഥേട്ടാ...?”

അയാൾ അവളുടെ മുഖത്തേയ്ക്കു നോക്കിയപ്പോൾ രോഹിണി തുടർന്നു:

“ഇപ്പോൾ സുഖം തന്നെയല്ലേ?”

തിളക്കമുള്ള അയാളുടെ കണ്ണുകളിൽക്കൂടിയായിരുന്നു അവൾ ഉത്തരം കണ്ടെത്തിയത്.

ചെരുപ്പിന്റെ മടമ്പുകൾ വരാന്തയിൽ മുഴക്കമായപ്പോൾ രോഹിണി കിടക്കയിൽനിന്നെണീക്കുകയായി. അകത്തേയ്ക്കു കയറിവന്ന നെഴ്സ് അയാളുടെ കൈവണ്ണയിൽ സിറിഞ്ച് ആഴ്ത്തിയിറക്കി വീണ്ടുമകന്നു.

രോഹിണി അയാളുടെ കൈത്തണ്ട അമർത്തി ഉഴിഞ്ഞുകൊണ്ടേ ഇരുന്നു.

നിറംമങ്ങി കെട്ടുവരുന്ന ഒരു ദിവസമാണ് പുറത്ത്. വരാന്തയിൽ വീഴുന്ന മഞ്ഞവെളിച്ചം സന്ധ്യയുടെ പ്രസരിപ്പുള്ള നിറത്തെ വിളിച്ചറിയിക്കുന്നുണ്ട്. നഗരത്തിൽനിന്നു പാടെ അകന്നിടത്തായിരുന്നു ആശുപത്രി എന്നതിനാൽ വാഹനങ്ങളുടെ ഇരമ്പത്തെ കേൾക്കാനാവുന്നില്ല.

രേണുകേടത്തിയും കൂട്ടരും ഇനിയും വന്നെത്തീട്ടില്ല. രോഹിണി മുഖത്തേക്കുതന്നെ ഉറ്റുനോക്കിക്കൊണ്ട് ആകാംക്ഷയോടെ കിടക്കയിലിരുപ്പാണ്.

അമല ഇരുമ്പഴികളിൽ പിടിച്ച് പുറമേക്കു നോക്കിക്കൊണ്ടു നില്ക്കുന്നു.

അവളുടെ മുഖത്തും കല്ലിച്ചു കിടപ്പാണ് ദുഃഖം. നാവനക്കി കൂടുതലായി വാക്കുകൾക്കായി തപ്പിത്തടഞ്ഞെങ്കിലും പാർത്ഥന് ഒരു വാക്കെങ്കിലും ഉരയ്ക്കാൻ കഴിയുകയുണ്ടായില്ല.

തൊണ്ടയിലൂടെ ഓറഞ്ചു നീരിറങ്ങിപ്പോവുമ്പോൾപ്പോലും

കടുത്ത നീറ്റലാണനുഭവപ്പെടുന്നത്. കട്ടിലിന്റെ ഇരുമ്പുകമ്പിയിൽ പിടിച്ച് എണീക്കാൻ ശ്രമിച്ചപ്പോൾ രോഹിണി താങ്ങിപ്പിടിക്കുകയായി.

"എണീക്കണോ പാർത്ഥേട്ടാ...?"

അയാൾ തലകുലുക്കി കക്കൂസിന്റെ നേർക്ക് കണ്ണയച്ചപ്പോൾ രോഹിണി കട്ടിലിൽനിന്നു താഴേക്കിറങ്ങി. കക്കൂസ്സിലേക്ക് വേച്ചുവേച്ച്, പെൺകുട്ടിയുടെ കൈകളിലെ സുരക്ഷിതത്വത്തോടെ നടക്കുമ്പോൾ മൂകമായ അയാളുടെ നാവിൽ വാക്കുകൾ കിടന്ന് എരിപൊരി കൊള്ളുകയായിരുന്നു.

രോഹിണിയും കക്കൂസ്സിനകത്തേക്ക് കടന്നുവരുകയാണുണ്ടായത്. ഓറഞ്ചു സത്തിനെപ്പോലെ മഞ്ഞിച്ച ദ്രാവകം ബേസിനിൽ പടർന്നപ്പോൾ അയാളുടെ ഉള്ളുകാളി.

മൂത്രമൊഴിച്ച് കിതപ്പോടെ രോഹിണിയുടെ ചുമലിൽ മുഖമമർത്തിയ പാർത്ഥൻ ചുവരിലെ കണ്ണാടിയിലേക്കു നോക്കി.

മുഖമാകെ വികൃതമായിരിക്കയാണ്. വെന്തുമലച്ച ചുണ്ടുകൾ കാണുമ്പോൾ അറപ്പാണ് തോന്നുന്നത്. പല്ലു തേച്ചിട്ട് നാളുകളായിരിക്കുന്നു. മരുന്നിന്റയും വെന്തമാംസത്തിന്റെയും നാറ്റമാണ് വായിൽനിന്നുയരുന്നത്.

സ്വന്തം രൂപം കണ്ട് അറപ്പോടെ പാർത്ഥൻ മുഖം തിരിക്കുകയായിരുന്നു. വീണ്ടും മുറിയിലെത്തിയപ്പോൾ അമലയ്ക്ക് കൂട്ടിന് വൃന്ദയുമെത്തിയിരുന്നു. കിടക്കയിൽ അയാൾ ചായ്ഞ്ഞു കിടന്നപ്പോൾ മൗനത്തോടെ മുഖത്തേക്കു നോക്കിനിന്ന വൃന്ദ കരയുന്നുണ്ടായിരുന്നു.

അശക്തമായ, വാക്കുകളെ മറന്നതുപോലുള്ള നാവ് അപ്പോഴും പിടച്ചുകൊണ്ടേ ഇരുന്നു. നാവ് പതിയെ അനക്കാൻ ശ്രമിക്കുമ്പോൾ മാംസച്ചീളുകൾ അടരുന്നതുപോലെയാണ്.

ഡോക്ടർ പറഞ്ഞത് മുറിവ് അപ്പാടെ ഉണങ്ങിയാൽ എല്ലാം ശരിപ്പെടുമെന്നായിരുന്നു. മാരകമായ വിഷമാണ്. വളരെ വിരളമായേ ആള് രക്ഷപ്പെടൂ. ഏതായാലും ഇനി പേടിക്കാനൊന്നുമില്ല.

അപ്പോൾ കണ്ടുംകേട്ടും എല്ലാം തിരിച്ചറിയാനായി ക്രൂശിക്കപ്പെട്ടവനെപ്പോലെ കിടപ്പായിരുന്നു പാർത്ഥൻ.

പോലീസുകാരന്റെ ലാത്തിയുടെ മടമ്പ് അടിവയറ്റത്തമർന്ന് ബോധത്തിന്റേയും അബോധത്തിന്റേയും മദ്ധ്യേ ജീവന്റെ ചെറിയൊരു തുടിപ്പുമായി ലോക്കപ്പ് മുറിയിൽ കിടക്കുമ്പോൾ ചുറ്റുപാടും നടന്നിരുന്ന സംഗതികളെ അതീന്ദ്രിയജ്ഞാനത്തിലൂടെ എന്നോണം എനിക്കറിയാൻ കഴിഞ്ഞിരുന്നു.

ഇപ്പോൾ കണ്ടറിഞ്ഞിട്ടും മൂകനാവുകയാണ് നിയുക്തമാർഗ്ഗം.

കരഞ്ഞൊലിപ്പിച്ച കണ്ണുകളെ തുടച്ച് വൃന്ദ തേങ്ങലുകളുമായി നിന്നു.

അവൾ ലോകത്തെ കണ്ടകാലം എന്നോ മറന്നിരിക്കുന്നു. അവളുടെ ചെറുപ്പം കൊട്ടിഅടച്ച മുറികളിൽ അഭിശപ്തതയോടെ വറ്റിവരണ്ടില്ലാതാവുകയാണ്.

നിരക്കനെയുള്ള എതോ മുറിയിൽനിന്ന് ഒരു കുഞ്ഞിന്റെ കരച്ചിൽ ഒഴുകിഎത്തുന്നുണ്ട്. തൊണ്ടകീറുന്ന ശബ്ദം ആശുപത്രിയുടെ മുകതയെ ആകെ തകർക്കുകയാണ്.

മുറിയിൽ പകൽവെളിച്ചം കുറഞ്ഞുവന്നപ്പോൾ അമല ലൈററിട്ടു.

"ഞങ്ങൾ പോട്ടെ, പാർത്ഥേട്ടാ.....?"

അമലയോടൊത്ത് വൃന്ദയും യാത്രയായപ്പോൾ രോഹിണി കിടക്കയിൽ അയാളുടെ അരികുചേർന്നു കിടക്കുകയുണ്ടായി. പാർത്ഥന്റെ രോമമുറ്റിയമുഖത്തൂടെ വിരലോടിക്കുമ്പോഴും അവൾ മുകയായിരുന്നു. ദീർഘനിശ്വാസം മാത്രമേ പുറത്തു കേൾക്കാനുണ്ടായിരുന്നുള്ളൂ...

പിന്നീട് അയാളുടെ ശോഷിച്ച എല്ലുകൾ എഴുന്നുനില്ക്കുന്ന മാറിൽ മുഖമമർത്തിയപ്പോൾ അവൾ ശരിക്കും ഉറക്കനെ കരയുന്നുണ്ടായിരുന്നു.

സുമുഖനും ചെറുപ്പക്കാരനുമായ ഡോക്ടർ പാർത്ഥനെ ഒന്നടങ്കം പരിശോധിച്ചു. സ്റ്റെതസ്ക്കോപ്പിന്റെ നാവ് മുതുകത്തും നെഞ്ചത്തുമായി പലവട്ടം ഇഴഞ്ഞു. ഡോക്ടർ അടിവയറ് ഞെക്കിയപ്പോൾ മജ്ജതുളയ്ക്കുന്ന വേദനയായിരുന്നു.

ഡോക്ടറുടെ പിമ്പെ സദാ സേവനതല്പരയായി നില്ക്കുകയായിരുന്നു നെഴ്സ്. സ്റ്റെതസ്കോപ്പ് കൈത്തണ്ടയിൽ ഞാത്തിയിട്ട് നിവർന്നുനിന്ന ഡോക്ടർ ചോദിച്ചു.

"പാർത്ഥന് ഇനിയും മരിക്കാൻ തോന്നുന്നുണ്ടോ?"

നാവനക്കാൻ പോലും അശക്തനായിരുന്ന അയാൾ മുകനായി. ഡോക്ടർ തുടർന്നു പറഞ്ഞു.

"മരിക്കാൻ ശ്രമിക്കുന്നവർ എന്നും ജീവിച്ചിരിക്കുന്നവരെക്കുറിച്ച് ഓർക്കാറില്ല. സ്വയം മരണത്തെ സ്വീകരിക്കാൻ തയ്യാറാവുമ്പോൾ അവർക്ക് അതിനൊക്കെ ന്യായീകരണങ്ങളും കണ്ടെത്താൻ കഴിയും. പക്ഷേ അതല്ല കാര്യം. മരണം ഒരിക്കലും ഒന്നിനും പോംവഴിയാകുന്നില്ല. അത് ജീവിച്ചിരിക്കുന്നവരുടെ പ്രശ്നം വർദ്ധിപ്പിക്കുകയേയുള്ളൂ."

രാത്രിമുഴുക്കെ ഡോക്ടർ കിടക്കയ്ക്കരികെ ഇരുപ്പുതന്നെയായിരുന്നുവെന്നാണ് രോഹിണി പറഞ്ഞത്. മണിക്കറുകൾ ഇടവിട്ട് അയാൾ ശുഷ്ക്കാന്തിയോടെ അത്യാസന്നനിലയെക്കുറിച്ചന്വേഷിച്ചിരുന്നുവത്രെ!

ഇളംകുഞ്ഞുമായി അന്യാധീനം വന്നതുപോലെ രോഹിണി നില്ക്കുന്നത് സകലരിലും സഹതാപം ഉണർത്തുകയാണുണ്ടായത്.

ഡോക്ടർ പോയപ്പോൾ രോഹിണി കിടക്കയിൽ വന്നിരുന്നു.

''ഞാൻ ജോസഫിന് എഴുത്തിട്ടിരുന്നു...!''

അയാൾ ചോദ്യഭാവത്തിൽ നോക്കിയപ്പോൾ അവൾ തുടർന്നു:

''ഇനി പാർത്ഥേട്ടന് അയാളെ പഴയ കൂട്ടുകാരനായുള്ളൂ...''

ജോസഫിനുപോലും എന്റെ ഈ നിമിഷത്തെക്കുറിച്ച് തിട്ടപ്പെടുത്താൻ കഴിഞ്ഞിരിക്കില്ല. വിവരമറിയുമ്പോൾ പരിഭ്രാന്തിയോടെ അയാൾ പരക്കം പാഞ്ഞിരിക്കും.

രോഹിണിയോട് കൂടുതലായി എഴുത്തിനെക്കറിച്ച് ചോദിക്കണമെന്നുണ്ടായിരുന്നു. അയാളുടെ അരക്ഷിതാവസ്ഥ അതിനനുവദിച്ചില്ല.

മുറികൾ കയറിയിറങ്ങി രോഗികളെ പരിശോധിച്ച് ഡോക്ടർ തിരികെപ്പോയിരിക്കുന്നു. കട്ടിലുകളിൽനിന്ന് തളർന്ന സ്വരങ്ങൾ ഉയരുന്നുണ്ട്.

തൊണ്ടവരണ്ട് വായ് തുറന്നപ്പോൾ; അയാളുടെ ഏതംഗചേഷ്ടയേയും ഊഹിച്ചറിയാൻ പഠിച്ചിരുന്ന രോഹിണി നാവിൻതുമ്പത്ത് ഓറഞ്ച് സത്ത് ഇറ്റിക്കുകയുണ്ടായി. ആർത്തിയോടെ അവ കീഴ്പോട്ടിറക്കുമ്പോഴും കടുത്ത വേദനയുണ്ടായിരുന്നു.

എന്നാണ് ഇവിടെ എത്തിയതെന്ന് വ്യക്തമായും ഊഹിക്കാൻ കഴിഞ്ഞിരുന്നില്ല. മാസങ്ങളോളമായി കട്ടിലിൽ അനങ്ങവയ്യാതെ കിടപ്പു തുടരുകതന്നെയാണെന്ന തോന്നലായിരുന്നു പാർത്ഥന്.

രേണുകേടത്തിയും ഗംഗാധരനും തിരികെ വരാമെന്നാണ് പറഞ്ഞത്. എന്നിട്ടേ രോഹിണിക്കു പോകാനാവൂ.

മുപ്പത്തിയൊൻപത്

കഷ്ടിച്ച് രണ്ടുവർഷം തള്ളിനീക്കിയാൽ അക്കരെ പറ്റാനാവുമെന്നായിരുന്നു അമല ധരിച്ചിരുന്നത്. അതിനായി അവൾ പരമാവധി ശ്രമിക്കുകയുണ്ടായത്രേ!

പാർത്ഥന്റെ അറസ്റ്റോടെ അവളുടെ വീട്ടിൽ പട്ടിണി കൊടുമ്പിരി കൊള്ളുകയാണുണ്ടായത്. അമ്മ്യാര് വിശന്നു കാഞ്ഞ വയറു പൊത്തിപ്പിടിച്ച് രോഷത്തോടെ പുലമ്പിക്കൊണ്ടേ ഇരുന്നു. വൃന്ദ മൗനം തുടരുക തന്നെയായിരുന്നു.

നിത്യേന പുകഞ്ഞുകൊണ്ടിരുന്ന അടുപ്പിൽ പുതുതായി ചാരമൊന്നും വീഴുകയുണ്ടായില്ല. വിശന്നു പൊരിഞ്ഞ് അമ്മ്യാര് നടക്കുന്നതു കാണുമ്പോൾ വീട്ടിലെ വസ്തുക്കളെ ഒന്നിനൊന്ന് വിലനിശ്ചയിച്ച് അമല വില്ക്കുകയാണുണ്ടായത്. ഗ്രാമത്തിലെ പതിവുസന്ദർശകനായ കാദര് ക്ലാവുപിടിച്ച പാത്രങ്ങളുമായി പോവുമ്പോൾ അണഞ്ഞമർന്ന അവരുടെ അടുപ്പിൽ തീ പുകയുമായിരുന്നു.

മാസങ്ങളോളം നീണ്ടുനിന്ന വില്പന കൊടുംപട്ടിണിയുടെ വരവോടെ അവസാനിക്കുകയായിരുന്നു. അപ്പോഴയ്ക്കും ചെമ്പുപാത്രങ്ങളും ഓട്ടുകിണ്ടിയുമായി സർവ്വതും വിറ്റുതീർന്നിരുന്നു. ഒടുക്കം അമലയുടെ ആഭരണങ്ങൾ കൂടി.

പാർത്ഥൻ പണിതുകൊടുത്ത ആ ആഭരണങ്ങളെ അരുമയോടെ അവളും കാത്തുപോന്നിരുന്നു. ജ്വല്ലറിക്കാരൻ ആവതും കുറച്ച് തുകനൽകി വസ്തു കൈക്കലാക്കിയപ്പോൾ മുന്നിലെ വീണ്ടും നീണ്ടുകിടക്കുന്ന ദിവസങ്ങളെ ഓർത്ത് അമല നടുങ്ങുകയായിരുന്നു.

ട്രെയിനിങ്ങ് സ്കൂളിലേക്കുള്ള ബസ്സ് യാത്ര ഒഴിവാക്കാൻ അവൾ ശീലിച്ചിരുന്നു. അഞ്ഞൂറ്റൊന്നിന്റെ കട്ട അമർത്തിത്തേച്ച് യൂണിഫോമിന്റെ നിറമാകെ കെട്ടുപോയിരുന്നു. എന്നിട്ടും ഒരു വർഷം കടന്നുകൂടിയാൽ പച്ചപിടിക്കാമെന്ന ചിന്ത അവൾക്ക് ആശ്വാസം നൽകുകയാണുണ്ടായത്.

ഉച്ചയൂണും ആർഭാടതയും അവൾ തീരെ ഒഴിവാക്കുകയുണ്ടായി. സഹപാഠികൾ സെറ്റുചേർന്നു ഉല്ലസിക്കുവാൻ പോവുമ്പോഴും അവൾ ഏകയായി. വീട്ടിൽ അരിഷ്ടിച്ചു കഴിഞ്ഞിരുന്നെങ്കിൽ തന്നെയും ട്രെയിനിങ്ങ് പൂർത്തിയാക്കാനായി കനത്ത തുക വേണ്ടിയിരുന്നു.

ചാർട്ടുകളും എയ്ഡുകളും തൊട്ട് സ്റ്റഡീ ടൂർ വരെ. കൂടാതെ ഉന്നതകുലജാത ആയിരുന്നതിനാൽ ഫീസിളവുപോലുമുണ്ടായിരുന്നില്ല.

ശിവദാസൻ അമലയുടെ കോളേജിൽ തന്നെയായിരുന്നു പഠിച്ചിരുന്നത്. അയാളും ഡിഗ്രി പൂർത്തിയാക്കാതെ ട്രെയിങ്ങിന് വന്നതായിരുന്നു.

മുൻപരിചയക്കാരനായതിനാൽ ഒരു ചെറിയ സൗഹൃദബന്ധം അവർക്കിടയിൽ ഉണ്ടായിരുന്നു.

പാർത്ഥന്റെ തിരോധനത്തിന്റെയും അറസ്റ്റിന്റെയും കഥ അയാൾക്കും അറിവുണ്ടായിരുന്നുവത്രേ!

ഒരു കൊടുംവേനലിന്റെ ഉദ്ഘാടനത്തോടെയാണ്, കുംഭചൂടോടെയാണ് അമലയിൽ ദശാപരിണാമം സംഭവിക്കുകയുണ്ടായത്.

സ്കൂൾവളപ്പിൽ തളർന്നുവീണപ്പോൾ സഹപാഠികൾ ഓടിക്കൂടുകയാണുണ്ടായത്. പിന്നീട് ശിവദാസനായിരുന്നു അവളെ വീട്ടിലെത്തിക്കാൻ കൂട്ടിനുചെന്നത്. അവളുടെ കുടുംബസ്ഥിതി മനസ്സിലാക്കിയപ്പോൾ ധനികപുത്രനായ അയാൾ വെച്ചുനീട്ടിയ സാമ്പത്തികസഹായത്തെ അപ്പോഴത്തെ ആവശ്യം മുൻനിർത്തി നിരാകരിക്കാൻ തക്ക കെൽപ്പ് അവൾക്കുണ്ടായിരുന്നില്ല.

ചെറിയ തുകകളിലൂടെ ആരംഭിച്ചുവന്ന സാമ്പത്തിക സഹായം വൻ തുകുകളിലേക്ക് നീങ്ങിയപ്പോൾ അയാളുടെ ദൂഷിതമനസ്സിൽ കുടികൊണ്ടിരുന്ന ആസക്തിയെ അമല അറിയുകയേ ഉണ്ടായില്ല.

ഒരപൂർവ്വവേളയിൽ അയാൾ ആവശ്യം ഉന്നയിച്ചപ്പോഴാണ് അമല ഞെട്ടിയത്. അതുവരെ കരുതിപ്പോന്ന എല്ലാ അർത്ഥങ്ങളും അർത്ഥരഹിതമാവുകയായിരുന്നുവല്ലോ...

പുരുഷൻമാരുടെ മുന്നിൽ തികച്ചും വിവസ്ത്രയാക്കി നിർത്തപ്പെട്ടതുപോലുള്ള അനുഭവമായിരുന്നു അവൾക്കുണ്ടായത്. ശിവദാസനോട് മറുത്തുപറയാൻ അവൾ അശക്തയായിരുന്നു. അല്ലെങ്കിൽ അയാൾ തിരികെ ആവശ്യപ്പെട്ടത് വമ്പിച്ചൊരു തുകയായിരുന്നുവല്ലോ...

പകൽനേരത്ത് ശിവദാസനുമൊത്ത് ഹോട്ടലിലെ മുറിയിൽ സമ്മേളിക്കുമ്പോഴും അടുത്തവർഷം എല്ലാറ്റിന്റെയും മോചനമായി അമല കുരുതുകയാണുണ്ടായത്.

ആദ്യനാളിലെ അനുഭവം നാൾക്കുനാൾ തുടർന്നതോടെ, കൂട്ടത്തിൽ പുതുതായി ശിവദാസന്റെ സുഹൃത്തുക്കളുമെത്തിയതോടെ വൃന്ദയ്ക്കും അടുപ്പിൽ തീകൂട്ടാനുള്ള വിഭവങ്ങൾ ധാരാളം ലഭിച്ചുപോന്നു. വീട്ടിൽ നവീന മാതൃകയിലുള്ള ഉപകരണങ്ങളും കയറിക്കൂടുകയായി.

വൃന്ദ എല്ലാം അറിഞ്ഞിട്ടും അജ്ഞയാവുകയായിരുന്നു. അവൾക്ക് അനുജത്തിയെ കുറ്റപ്പെടുത്തി സംസാരിക്കാനോ അവളെ പഴിചാരാനോ കഴിഞ്ഞിരുന്നില്ല. പൊട്ടക്കണ്ണി അമ്മ്യാർ മൂകയായി ഭജന മുറിയിലേക്കുവലിഞ്ഞ് താപസിയെപ്പോലെ വർത്തിച്ചുപോന്നു.

അമ്മ്യാരുകുട്ടിയുടെ, വിലാസകഥ ട്രെയിനിങ്ങ് സെന്ററിൽ നിന്ന് നാട്ടിലേക്കും വ്യാപിക്കുകയാണുണ്ടായത്. എച്ച്.എം.താക്കീതു നല്കീട്ടും അടുത്തുവരുന്ന പരീക്ഷയെ മുൻകണ്ട് അമല സഹപാഠികളോടൊപ്പം ഹോട്ടൽമുറിയെ തേടുന്ന കൃത്യം തുടരുകയായിരുന്നു.

പഠിപ്പുകഴിഞ്ഞാൽ, നാട്ടിമ്പുറത്തെ ഏതെങ്കിലും സ്കൂളിൽ ജോലി ലഭിച്ചാൽ സ്വസ്ഥമായി ജീവിക്കാനാവുമെന്ന് അവൾ കരുതുകയാണുണ്ടായത്.

ശിവദാസനോടൊത്ത് ഹോട്ടൽമുറിയിൽവെച്ച് പോലീസ് പിടിക്കുകയും വിവരമറിഞ്ഞ് ട്രെയിനിങ്ങ് സെന്ററിന്റെ അന്തസ്സ് സംരക്ഷിക്കാനായി വൻതുക ചെലവഴിച്ച് മാനേജർ അവളെ മോചിപ്പിക്കുകയും ചെയ്തപ്പോൾ സ്വഭാവദൂഷ്യത്തിന്റെ പേരിൽ സ്കൂളിൽ നിന്നും പുറത്താക്കപ്പെട്ട അമല തീർത്തും തെരുവാധാരമായി ത്തീർന്നിരുന്നു.

മുറിയിൽ ഏകയായപ്പോൾ അമല പാർത്ഥനോട് കഥപറഞ്ഞു. അപ്പോൾ അദ്ധ്യാപിക ആവുകയെന്ന അവളുടെ ആശ വാടി കൊഴിഞ്ഞിരുന്നു. വിഷണ്ണയായി എല്ലാം പറഞ്ഞുതീർത്തെങ്കിലും അമലയുടെ മുഖത്ത് അപ്പോഴും എരിതീയുടെ കാന്തി നിഴലിച്ചിരുന്നു.

സംസാരിക്കാൻ കഴിവു ലഭിച്ചിട്ടും വായയിലെ പുണ്ണും പൊറ്റവും ഭേദപ്പെട്ടിട്ടും പാർത്ഥൻ മൂകനാവുകയാണുണ്ടായത്.

എന്റെ മുന്നിൽ അമല ചിന്തയുടെ സൗരഭ്യം വിതറുകയായിരുന്നുവല്ലോ.

ആ അമലക്കുപോലും കാലപ്പഴക്കത്തിൽ തേയ്മാനം സംഭവിച്ചിരിക്കുന്നു.

"പാർത്ഥേട്ടന് എന്നോടിപ്പോൾ എന്തുതോന്നുന്നു?"

"എന്തു തോന്നാൻ?"

"ഞാൻ തരംതാണ വേശ്യയായിരിക്കുന്നു. പാർത്ഥേട്ടൻ തകർന്നപ്പോൾ സ്വയം പിൻവാങ്ങാൻ നിശ്ചയിക്കുകയായിരുന്നു. പക്ഷേ ഞാൻ മുന്നോട്ടുതന്നെ പോയി."

അമലയ്ക്ക് നഷ്ടപ്പെട്ടത് കാലത്തിന്റെയും ദേശത്തിന്റെയും ഒഴുക്കിൽ രൂപമാറ്റം വരാവുന്ന മിഥ്യധാരണയെ ആയിരുന്നു. എന്നാൽ എന്റെ കഥ അതല്ല.

പക്ഷേ എന്റേയും അമലയുടെയും കഥ വിഭിന്നമല്ല.

നട്ടുച്ച ഭൂമിയെ ആകെ വേവിച്ചു തീറ്റിക്കുകയാണ്. ആശുപത്രിയുടെ ഇരുനില ചുട്ടുപഴുത്ത് തീപ്പറ്റുകയാണ്. ജനാലയിലൂടെ

കാണാവുന്ന, നിരത്തിനപ്പുറത്തുള്ള പറമ്പിൽ അഗ്നിനാവുകൾ മേഞ്ഞുനടക്കയാണ്.

അമലയ്ക്ക് വീണ്ടും സ്വന്തം കുടുംബത്തെക്കുറിച്ചായിരുന്നു പറയാനുണ്ടായിരുന്നത്. ഗ്രാമത്തിൽ തീപടർന്നതുപോലെ അവളെക്കുറിച്ചുള്ള വാർത്ത ഒഴുകുകയായിരുന്നുവത്രേ. എന്നിട്ടും തകർന്ന ബ്രാഹ്മണ്യത്തിന്റെ മേൽക്കോയ്മയ്ക്ക് തരിമ്പും കൂസാതെ പോർവിളി നടത്തേണ്ടെന്നുമാത്രം കരുതി അവൾ പുതുതായി മറ്റൊരു വീട്ടിൽ പാർപ്പാരംഭിക്കുകയായിരുന്നു.

"പാർത്ഥേട്ടനെ നേരിടാൻ എനിക്ക് ധൈര്യമുണ്ടായിരുന്നില്ല. അതായിരുന്നു മുമ്പൊന്നും ഞാൻ വരാതിരുന്നത്..."

"തെറ്റ് പരിപൂർണ്ണമായും എന്റെയും അമലയുടേതുമല്ല. ഇവിടെ മറ്റു പലതിന്റേതാണ്..."

വരാന്തയിലെ കാൽപെരുമാറ്റം അടുത്തുവന്നപ്പോൾ പാർത്ഥൻ സംസാരം നിർത്തുകയാണുണ്ടായത്.

മോന് മിൽക്ക്ഫുഡ് വാങ്ങിക്കാനായി രോഹിണി പുറമേക്കിറങ്ങിയതായിരുന്നു. കട്ടിലിൽ ശാന്തമായുറങ്ങുകയായിരുന്ന കുഞ്ഞു ഉണർന്നതോടൊപ്പംതന്നെ രോഹിണിയുടെ വരവുമുണ്ടായി. വെയിലത്തുനടന്ന് വിയർത്ത അവൾ ഫാനിന്റെ കാറ്റേല്ക്കുംവിധം കട്ടിലിലിരുന്ന് മോനെ മുലയൂട്ടുവാനാരംഭിച്ചു.

ഞാൻ ജയിലറയിൽ കുടുങ്ങിക്കിടക്കുമ്പോൾ അമല തെരുവിൽ കുടി കഞ്ഞിക്കായി വിലപേശപ്പെടുകയായിരുന്നുവല്ലോ–

അമല യാത്ര പറഞ്ഞിറങ്ങിയപ്പോഴും പാർത്ഥൻ അവളെക്കുറിച്ചുതന്നെ ഓർക്കുകയായിരുന്നു. ഒരു കുടുംബത്തെ രക്ഷപ്പെടുത്താനാവുമെന്ന് കരുതിയായിരുന്നു ആദ്യന്തം ഉദ്യമിച്ചത്. പക്ഷേ എന്റെ പതനത്തോടെ അവരും തറപറ്റുകയായിരുന്നു.

വിവരമറിഞ്ഞ് ഭാര്യാസമേതം ഓടിയെത്തിയ ജോസഫ് ഇപ്പോൾ വീട്ടിലാണ് താമസം. അവന്റെ ഗർഭിണിയായ ഭാര്യയും രേണുകേടത്തിയും അടുക്കളയിൽ വിഭവങ്ങളൊരുക്കി ആശുപത്രിയിലേക്കെത്തിക്കുന്നു.

ഗംഗാധരൻ അവധി തീർന്നതിനാൽ ഇനിയൊന്നും ഭയക്കാനില്ലെന്നതിന്റെ പേരിൽ നാട്ടിലേക്ക് വണ്ടികയറിയിരിക്കയാണ്. നാട്ടിൽ വീടടച്ചു പൂട്ടീട്ടും അമ്മായി എങ്ങും പോവാതെ ആശുപത്രിയെ ചുറ്റിപ്പറ്റി കൂടിയിരിക്കയാണ്.

ആശുപത്രിവളപ്പിലെ മണലുപാവിയ വഴിത്താരയിലൂടെ നടക്കുകയായിരുന്നു പാർത്ഥൻ. കൂട്ടിന് രേണുകേടത്തിയും.

സന്ധ്യയുടെ ചുവപ്പ് ചുറ്റിലും പരന്നൊഴുകുന്നുണ്ട്. പകലിന്റെ തിളക്കം നഷ്ടപ്പെട്ട് വിളറിയ ആകാശം തുടുത്തു മിന്നുന്നുണ്ട്.

വളപ്പിനപ്പുറത്തെ നിരത്തിൽ വിരളമായി കടന്നുപോവുന്ന മനുഷ്യരും വാഹനങ്ങളും.

രേണുകേടത്തി വീണ്ടും എന്റെ മുമ്പിൽ ഒരു പോദ്യചിഹ്നത്തെയാണ് ഉയർത്തിയിരിക്കുന്നത്. എന്നിൽ നിന്നുയരുന്ന ചോദ്യങ്ങളെ നേരിടാൻ തന്നെ ഞാൻ അശക്തനായിരിക്കയാണ്.

ധൈര്യത്തോടെ കോളേജിൽനിന്ന് പടിയിറങ്ങിപ്പോന്നപ്പോൾ മനുഷ്യരാകെ എന്നെ പഴിപറയുകയായിരുന്നു. രേണുകേട ത്തിയായിരുന്നു തികച്ചും വ്യത്യസ്തയായി എന്നെ വാഴ്ത്തിയത്. എന്റെ തന്റേടത്തേയും വീറിനേയും അമലയും അഭിനന്ദിക്കുകയായിരുന്നു.

മുറിവുപറ്റി പടക്കളത്തിൽനിന്ന് പിൻവാങ്ങിയ, തന്റെ ശ്രമങ്ങളെല്ലാം ഒരു വനരോദനം മാത്രമായിരുന്നെന്നു മനസ്സിലാക്കിയ പ്രൊഫസർ ഇപ്പോൾ എവിടെയാണാവോ?

“പാർത്ഥേട്ടന്യേന്ത്യാ തീരുമാനിക്കേണ്ടായി?”

അവരുടെ മുഖത്തേക്കു പതർച്ചയോടെ പാർത്ഥൻ നോക്കുകയേ ഉണ്ടായുള്ളൂ.

വെറും വാചകകസർത്തായി അവസാനിക്കുന്ന, നിയമത്തിന്റെ സാധുതയും സംരക്ഷണവുമുള്ള മാർഗ്ഗത്തെ പിൻതുടരുന്നവരെ, അവർ സത്യത്തിൽ രക്ഷാകവചവുമായി യാത്ര തുടരുകയാണെന്നു പറയാൻ പരശുരാമനു കഴിഞ്ഞിരുന്നു. പക്ഷേ എനിക്കിനി എങ്ങും പോവാനില്ലെന്നു തോന്നുന്നു.

ഞാനിവിടെ അന്യനും ഏകനുമാണ്.

“എനിക്കിപ്പോഴും ഒന്നുമറിയില്ല.”

മരണവക്ത്രത്തിൽ കിടക്കുമ്പോഴും അയാൾ അതെക്കുറിച്ചു തന്നെയായിരുന്നു ചിന്തിച്ചത്. മുമ്പത്തെ അനേകം നാളുകളുടെ ചിന്താഫലമായിരുന്നു സ്വയം മരിക്കുക എന്നതും.

“ഞ്യാ എഴുത്ത് വായിക്ക്യണ്ടായി. ന്നാച്ചാലും പാർത്ഥേട്ടനും വ്ടെ ജീവിക്കണം. രോഹിണിടേത്യം മോനേം നീം നരകിപ്പിക്കണംന്നന്യാ?”

“ഞാനാ എഴുത്തിൽ എല്ലാമെഴുതിയിരുന്നു.”

ഗംഗാധരന്റെ എഴുത്തിലും സ്വയം ജീവിക്കേണ്ടുന്നതിനെക്കുറിച്ചാണ്. കൃത്യനിഷ്ഠയോടെ പരോപകാര താല്പര്യവുമായി ബെഡ്ഡുകളെ തേടി നടക്കുന്ന യുവാവായ ഡോക്ടർക്കും പറയാനുള്ളത് മറ്റൊന്നല്ല. ഇത്തവണ പത്രത്തിൽ വാർത്തയില്ലാത്തതിനാൽ അനന്തേട്ടൻ വിവരമറിഞ്ഞിരിക്കില്ല. ഏതോ ഒരു

ശുഭമുഹൂർത്തത്തിൽ പെറ്റുവീണ, തൂക്കുകയറിന്റെ കീഴെ ധ്യാന നിരതനായിനിന്ന മകനെ ഒരു നോക്കുകാണാൻ പോലും സമയം ചെലവിടാത്ത മിസിസ് പത്മനാഭനും എന്റെ ആത്മഹത്യാശ്രമത്തെ ക്കുറിച്ചറിഞ്ഞിരിക്കില്ല.

ഇരുട്ട് പറ്റെവീണ് ഭൂമി കറുത്തിരിക്കുന്നു. വരാന്തയിലെ വെളിച്ചം വളപ്പിലേക്ക് ചെരിഞ്ഞുകുത്തിവീഴുന്നുണ്ട്.

രേണുകേടത്തിയുടെ നിർബന്ധം മൂത്ത് രോഹിണി മോനുമായി വീട്ടിൽ കൂടിയിരിക്കയാണ്. പരിപൂർണ്ണമായി ഭേദപ്പെട്ടുവെന്നറി ഞ്ഞിട്ടും അവൾക്ക് ആശങ്കയാണ്.

തിരികെ മുറിയിലെത്തുമ്പോൾ ജോസഫ് മറ്റെങ്ങോ പോയി രുന്നു.

മങ്ങിക്കത്തുന്ന പ്രകാശത്തിനുകീഴെ കറങ്ങുന്ന പങ്കയുടെ ചലനമേറ്റെടുത്ത മനസ്സുമായി പാർത്ഥൻ കിടക്കയിൽ കിടക്കുക യാണുണ്ടായത്.

തോന്നിയപാട് വീട്ടിലേക്ക് കയറിച്ചെല്ലുമ്പോൾ അമ്മായി സൗമ്യ മായി ശാസിക്കുമായിരുന്നു. മകനോടെന്നോണം സ്നേഹഭാവ ങ്ങൾ ചൊരിഞ്ഞുവന്ന അവർക്ക് ഞാൻ പച്ചപിടിക്കാതെ കരിഞ്ഞു പോവുന്നല്ലോ എന്നോർത്തായിരുന്നു വ്യസനം.

ജീവിതത്തിൽ എപ്പോഴെങ്കിലും നടുനിവർക്കാനാവുമെന്ന് കൊ തിച്ച, കുടുംബത്തിലെ നരകയാതനകൾക്ക് അറുതി ഉണ്ടാവുമെന്ന ഭിലഷിച്ച അമലയും ക്രൂരമായി വഞ്ചിക്കപ്പെട്ടിരിക്കയാണ്.

അവൾ ചെന്നുപതിച്ച ഇടത്തെക്കുറിച്ച് എത്രതന്നെ ചിന്തിച്ചിട്ടും അമലയെ പഴിചാരാൻ പാർത്ഥന് കഴിഞ്ഞിരുന്നില്ല.

ആത്മാർപ്പണം ചെയ്തു കാലത്തെ കീഴടക്കാമെന്ന് കരുതിയ ഞാനും ഇന്നെവിടെയാണെത്തിയിരിക്കുന്നത്.

ഷൂസ്സിന്റെ തറയിൽ പതിയുന്ന പരുക്കൻ ഒച്ചയ്ക്കുശേഷം നേഴ്സിന്റെ അകമ്പടിയോടെ ഡോക്ടറുടെ വരവ്, അവർക്കു പുറകെ ജോസഫും.

ഡോക്ടർ സസൂക്ഷ്മം പരിശോധിക്കുമ്പോഴും അയാൾക്ക് ചിന്തി ക്കാൻ ധാരാളം വകയുണ്ടായിരുന്നു. ഞാൻ മരണത്തിൽനിന്നും രക്ഷപ്രാപിച്ചതിൽ ആഹ്ലാദിക്കുന്ന രോഹിണിയും രേണുകേട ത്തിയും അമ്മായിയും മറ്റും.

രോഹിണി ആത്മഹത്യാശ്രമത്തെക്കുറിച്ചുള്ള സംസാരംപോ ലും തന്ത്രപൂർവ്വം ഒഴിവാക്കിയിരിക്കയാണ്. എഴുത്തിനെക്കുറിച്ച് അവൾ മൗനം തുടരുകയാണ്.

പരിശോധനതീർത്ത് നിവർന്നു നിന്ന ഡോക്ടർ ചോദിച്ചു.

“പാർത്ഥന് ഇവിടം വിടണമെന്നില്ലേ?”
“ഉവ്വ്...”
“എന്നാൽ നാളെ പോവാം...”
ഇനിയും എങ്ങോട്ടാണു പോവേണ്ടതെന്ന് അയാൾക്ക് അപ്പോഴും അറിയാൻ കഴിഞ്ഞിരുന്നില്ല.

രേണുകേടത്തി കൊണ്ടുവന്ന ചോറ് ആറിത്തണുത്തിരിക്കുന്നു. അവ ഉണ്ണുമ്പോൾ വിഷദ്രാവകം തട്ടിമരവിച്ച നാവ് സ്വാദുകളെ തിരിച്ചറിയുന്നേയില്ല.

രേണുകേടത്തി പാത്രം മോറാൻ കുളിമുറിയിലേക്ക് ചെന്നപ്പോൾ മുറിയിൽ പാർത്ഥനും ജോസഫും മാത്രമായി. വന്നതിൽ പിന്നീട് കൂടുതൽ മൗനം പാലിച്ച ജോസഫ് വാചലനാവുന്നതിനെ ഓർത്ത് പേടിയോടെ ഉറക്കം കണ്ണുകളിൽ കയറിക്കൂടിയെന്ന നാട്യത്തിൽ അയാൾ പുതപ്പ് തലയറ്റം മൂടിപ്പുതച്ച് കിടക്കുകയായിരുന്നു.

ക്ലാസ്സുകഴിഞ്ഞാൽ പ്രൊഫസർ വീട്ടിലേക്ക് ചെല്ലാൻ ആവശ്യപ്പെടുകയാണുണ്ടായത്. യൂണിറ്റ് യോഗം കഴിഞ്ഞ് ചെല്ലുമ്പോഴേക്കും സമയം സന്ധ്യയോടടുത്തിരുന്നു. അപ്പോഴും പ്രൊഫസർ എന്റെ വരവ് പ്രതീക്ഷിച്ച് വരാന്തയിൽ ഇരുപ്പായിരുന്നു.

ചായ മൊത്തിക്കുടിച്ചുകൊണ്ടിരിക്കുമ്പോൾ പ്രൊഫസറുടെ നരച്ച പുരികങ്ങൾക്കു താഴേയുള്ള കണ്ണുകൾ വികസിച്ച് പോന്നു.

“എന്നെ പാർത്ഥൻ ഒരച്ഛനായി കണക്കാക്കിയാൽ മതി. ഞാൻ പൊതുവേ ആരേയും ഉപദേശിക്കാറില്ല. പക്ഷേ പാർത്ഥനോട് ചിലതു പറയാനുണ്ട്. ഇതൊരു കയ്യാങ്കളിയാണു കുട്ടി...”

അപ്പോൾ പ്രൊഫസറോട് അമർഷമാണ് തോന്നിയത്. ലക്ചർ ക്ലാസ്സുകളിൽ പതിയെ സംസാരിക്കുന്ന അദ്ദേഹം ആർജ്ജവത്തോടെ പതിതരുടെ മുമ്പിൽ നിന്ന് നീണ്ടതും ശക്തിദുർഗ്ഗങ്ങളുമായ പ്രഭാഷണങ്ങൾ നടത്തിയിരുന്ന കഥ എനിക്കറിയാം.

പാർട്ടി തെരഞ്ഞെടുപ്പിന്റെ പാളയത്തിലേക്ക് ചായ്ഞ്ഞു തുടങ്ങിയപ്പോഴായിരുന്നു അദ്ദേഹം പിൻവാങ്ങുകയുണ്ടായത്. അവിടെ പൊരുത്തക്കേടിന്റെ നാന്ദിയെ മുൻകൂട്ടിക്കണ്ട പ്രൊഫസർ തൂത്തുമാറ്റപ്പെടുകയായിരുന്നു.

എന്റെ മുന്നിൽ അപ്പോൾ പരശതം സുന്ദരസ്വപ്നങ്ങളാണുണ്ടായിരുന്നത്. പറഞ്ഞുകേട്ട അവർണ്ണനീയമായ സ്വർഗ്ഗരാജ്യത്തെപ്പോലെ സുഭിക്ഷമായ ഒരിടം.

അച്ചടക്കം, വിനയം ഇവ ചട്ടക്കൂടുകളെ വളർത്തുന്നതിനു വേണ്ടിയാണ്. പാർത്ഥന് ഒരു നല്ല വിദ്യാർത്ഥിയാവാൻ കഴിയില്ലെന്ന്

എനിക്കറിയാം. പക്ഷേ ഇന്നത്തെ ശരി നാളത്തെ തെറ്റാവുമ്പോൾ പാർത്ഥനും ഇവിടെ ജീവിക്കണമല്ലോ...

"എനിക്ക് എന്റേതായ മാർഗ്ഗങ്ങളുണ്ട്. അവിടെ എന്റെ ശരിയാണ് പ്രശ്നം." നെഞ്ചൂക്കോടെ, ശബ്ദങ്ങളെ വെള്ളിടിയായി പറഞ്ഞ പാർത്ഥന്റെ മരണം എന്നോ കഴിഞ്ഞിരിക്കുന്നു. ഈ പാർത്ഥൻ, ഞാൻ, വളരെ പതിതനും ദുഃഖിതനുമാണ്. അവന്റെ മുന്നിൽ കണ്ണഞ്ചിപ്പിക്കുന്ന ലോകമോ, വാഗ്ദാനങ്ങളോ, മാർഗ്ഗങ്ങളോ ഒന്നുമേ ഇല്ല.

സർവ്വതും കൈവെടിഞ്ഞ് തെരുവിലേക്കിറങ്ങുമ്പോൾ എന്നിൽ ശക്തമായ, എന്നെ ഭരിക്കുന്ന ആത്മധൈര്യമുണ്ടായിരുന്നു. ഇന്നെല്ലാം കുത്തിചോർത്തപ്പെട്ടിരിക്കയാണ്.

പ്രൊഫസർക്ക് വീണ്ടും അനേകായിരം സത്യങ്ങളെ ആയിരുന്നു വിളിച്ചോതാനുണ്ടായിരുന്നത്. അഹിംസ പറഞ്ഞ് മന്ത്രിക്കസേര ലഭിച്ചപ്പോൾ വെടിവെപ്പുനടത്തി, ആളെക്കൊന്ന് ജനങ്ങളെ പിരിച്ചുവിട്ട സർക്കാറിനെ മുതൽ, തെരഞ്ഞെടുപ്പിനുനിന്ന്, മജ്ജയും മാംസവും ജീവനും വെടിഞ്ഞ് ആത്മത്യാഗം ചെയ്ത മനുഷ്യരെ മറന്ന കസേരക്കളിയുടെ ഭാഗഭാക്കായ മറ്റൊരു പ്രാവിശ്യാസർക്കാറിനെവരെ.

രാത്രി പകലിലേക്ക് നീണ്ടുപോവുകയാണ്. നഗരത്തിന്റെ പതിഞ്ഞ ശബ്ദം ദൂരെനിന്നു കേൾക്കുന്നുണ്ട്. ആകാശത്തിന് മങ്ങിയ പ്രഭയേ ഉള്ളൂ. നക്ഷത്രങ്ങൾ ഭയന്നു വിരണ്ടതുപോലെ വിളർത്തിരിക്കുന്നു.

രേണുകേടത്തി സ്വസ്ഥമായി ഉറക്കം തുടരുകയാണ്. ജോസഫ് വരാന്തയിലാണ് കിടപ്പ്. ഉറക്കംവരാത്ത കണ്ണുകളുമായി കോസറിയിൽ ഇരുപ്പായിരുന്ന പാർത്ഥൻ താഴെക്കിറങ്ങി ജനാല്ക്കലോളം നടക്കുകയായി. മുറികളിൽനിന്ന് ക്ഷീണിതസ്വരങ്ങളെ, വിട്ടുകലുന്ന ജീവനെ വരിഞ്ഞുകെട്ടി തടയിടുന്നതുപോലുള്ള ശ്വാസഗതികളെ കേൾ ക്കാനുണ്ട്.

അടുത്ത മുറിയിൽ പ്രായാധിക്യംമൂലം രോഗഗ്രസ്തനായ വൃദ്ധനാണ്. പതിനാലു തികയാത്ത കൊച്ചുമോളാണ് അയാൾക്ക് കൂട്ട്. കാലത്തും വൈകിട്ടും ആശുപത്രി അങ്കണത്തിലേക്ക് കെട്ടി ഒരുങ്ങി എത്തുന്ന പ്രൗഢയെ കാണുമ്പോൾ മിസിസ്സ് പത്മനാഭനെയായിരുന്നു അയാൾ ഓർത്തുപോന്നത്.

കട്ടിൽ ഒഴിഞ്ഞുകിടക്കുന്നതു കണ്ടാവും ഉറക്കമുണർന്ന രേണുകേടത്തി താഴേക്കിറങ്ങിയത്. അവരുടെ ഉറക്കപ്പിച്ചുമാറാത്ത ഒച്ച പതിയെ കേട്ടു.

“പാർത്ഥേട്ടനൊറക്കൊന്നൂല്ലേ?”

“ഒരിക്കൽ നീണ്ടൊരുറക്കം നടത്താൻ ശ്രമിച്ചതായിരുന്നു. അതിന്റെ അവസാനം ഉറക്കമില്ലാത്ത രാത്രികളാണ്.”

“ങ്ങ്നെ ചിന്തിക്ക്യേണ്ടായിച്ചാ ഒരെത്തും പിടീം കിട്ട്യേണ്ടാവില്ല. കൊറേ്യാക്കെ പൊരുത്താവില്ലാച്ചാലും പൊരുത്താവാൻ ശ്രമിക്കണ്വ... നീ അതെ ഗതിള്ളൂ...”

അതാണ് കാര്യം. തരത്തിനൊത്ത് ഉചിതമായി കീഴ്വഴങ്ങൽ നടത്താൻ ഞാൻ ശീലിക്കേണ്ടിയിരിക്കുന്നു. അമർഷവും വെറുപ്പും മറന്ന്. തെറ്റിനെ അനുസരിക്കാനും ക്ഷമിക്കാനുമുള്ള കഴിവുനേടിയാലേ എനിക്കിവിടെ ജീവിക്കാനാവൂ.

“പാർത്ഥേട്ടൻ പ്പൊ എളേകുട്ട്യേ പോല്യാ. കണ്ണ് തൊറന്ന്ട്ടും ഇരുട്ടത്ത് നടക്കാ...”

വീണ്ടും ഉറങ്ങാൻ കിടക്കുമ്പോൾ രാത്രി അവസാനിച്ചിരുന്നു. ചിറകുതല്ലി കലപിലകൂട്ടി പ്രഭാതത്തിന്റെ വരവറിയിച്ച പറവകൾ ദിശ അറിയാനുള്ള വെളിച്ചത്തിനായി കാത്തിരിക്കുകയായിരുന്നു.

കാറിനകത്തേക്ക് തലയെത്തിച്ച് ഡോക്ടർ പറഞ്ഞു:

“ഇന്ത്യയിൽ ആത്മഹത്യാശ്രമം കുറ്റകരമാണ്. ശ്രമിച്ചാൽ മരിക്കണം. രക്ഷപ്പെടരുത്. അല്ലെങ്കിൽ കോടതി കയറേണ്ടിവരും. ഏതായാലും ഈ ഹോസ്പിറ്റലായതിനാൽ പാർത്ഥന് അതൊഴിവാക്കാൻ കഴിഞ്ഞു.”

ശനിയാഴ്ച സ്കൂളിന് അവധി ആയിരുന്നതിനാൽ ഗംഗാധരൻ കാലത്തുതന്നെ എത്തിയിരുന്നു. കനത്ത തുക പേ ചെയ്ത് വരാന്തയിലേക്കിറങ്ങുമ്പോഴേക്കും ജോസഫ് ടാക്സിയുമായി എത്തുകയായി.

കാറ് ആശുപത്രിവളപ്പുകടന്ന് ഇടവഴികടന്ന് നഗരത്തിലേക്കു പ്രവേശിക്കുമ്പോഴും പാർത്ഥൻ പുറമേക്കു കണ്ണുനട്ടിരിക്കയായിരുന്നു.

ഒരു പുതിയ ഭൂമിയിലേക്ക് പ്രവേശിച്ച അനുഭൂതിയായിരുന്നു അയാൾക്കുണ്ടായത്. ഇവിടെയാണ് എന്റെ വേരുകൾ ആണ്ടിറങ്ങിയതും പൂതൽ കയറി പാഴായതും.

പാർത്ഥൻ ഇരിപ്പിടത്തിൽ ചാരി ഇരുന്ന് നെടുതായി നിശ്വസിച്ചു. അരികെ ഇരുന്ന രോഹിണി ഇരിപ്പിടത്തിൽ ഇഴഞ്ഞുകിടന്ന അയാളുടെ വിരലുകളെ മടിത്തട്ടിൽ വെച്ച് പതുക്കെ തലോടുവാനാരംഭിച്ചു.

നാൽപത്

അപ്പോൾ അരുതായ്മയും പൊരുത്തക്കേടുമായി സമന്വയിച്ച് ഞാനും മൂന്നേറേണ്ടിയിരിക്കുന്നു. എങ്കിൽ മാത്രമേ എനിക്കിവിടെ പുതുതായൊരു താവളം സൃഷ്ടിക്കാനാവൂ.

അടച്ചിട്ട മുറിയിലെന്നോണം സ്വയം നിർമ്മിച്ച ബന്ധനത്തിലിരിക്കുകയിരുന്നു അയാൾ. പുറംലോകവുമായുള്ള ബന്ധം പാടെ അറ്റതുപോലെ. പകലുകൾ എരിയുന്നതും അണയുന്നതും അയാൾക്കു കാണാൻ കഴിഞ്ഞിരുന്നു. മൂകയായെങ്കിലും രോഹിണി കടന്നുവരുന്നതു കാണുമ്പോൾ പതർച്ചയാണ് തോന്നാറ്.

തിങ്കളാഴ്ചയോടെ രേണുകേടത്തി ഗംഗാധരനുമൊത്ത് പോവുകയായി. ഞായറാഴ്ചതന്നെ കുന്നങ്കുളത്തേക്ക് ജോസഫും കുടുംബവും ബസ്സുകയറുകയാണ്ടായത്. പിന്നെ രോഹിണിക്ക് കൂട്ടായി അമ്മായിയാണ് അവശേഷിച്ചിട്ടുള്ളത്.

തൊടിയിലൂടെ അലസമായി നടക്കുമ്പോൾ ജോസഫ് പറഞ്ഞു. ജീവിതത്തിൽ അഗാധമായി ചിന്തിക്കാതിരിക്കുക. ദുഃഖിക്കുമ്പോഴും പുഞ്ചിരിക്കാൻ ശ്രമിക്കുക. പുറംമോടിയോടെ നടക്കാൻ ശീലിക്കുക. അതാണാവശ്യം. കഴമ്പുള്ളവനെ തൂത്തെറിയാനേ ഇവിടെ മനുഷ്യർ കാണൂ.

അയാൾക്ക് പിന്നേയും ഒരുപാട് പറയാനുണ്ടായിരുന്നു.

രോഹിണിയുടെ അവധി തീരാറായിരിക്കുന്നു. അവൾ ആശുപത്രിയിലേക്ക് പോകാനാരംഭിക്കുന്ന തോടെ കൂടുതൽ ഒറ്റപ്പെടാനുള്ള സാധ്യതയാണ്. അവളുടെ സഹപ്രവർത്തകരായ, മുമ്പൊക്കെ പതിവായി വരാറുണ്ടായിരുന്ന മിത്രങ്ങൾ ഇപ്പോൾ തിരിഞ്ഞുനോക്കുന്നേയില്ല.

ദിവസങ്ങളോളം പഴക്കമുള്ള ഒരെത്തും പിടിയുമില്ലാതുള്ള ചിന്ത അയാളുടെ മൗഢ്യത്തെ വർദ്ധിപ്പിക്കുകയാണുണ്ടായത്. രേണുകേടത്തി യാത്രയാവുമ്പോൾ പറഞ്ഞത് പുതുതായി നാലുപേരുമായി കൂട്ടുചേരേണ്ടതിനെക്കുറിച്ചായിരുന്നു. പടി ഇറങ്ങുമ്പോൾ കണ്ണുകൾ നിറഞ്ഞു തൂവുന്നുണ്ടായിരുന്നു.

അമലയായിരുന്നുവല്ലോ ജീവിതസാക്ഷാൽക്കാരത്തെക്കുറിച്ചു പറഞ്ഞത്. അവളുടെ വാക്കുകളെല്ലാം ഇപ്പോൾ പിഴയായിരിക്കയാണ്. സംഹാരരുദ്രയും സർവ്വംസഹയുമായ ഒരു തരുണിയായി അമല ഭാവമാറ്റം നടത്തിയിരിക്കയാണ്. ഗ്രാമത്തിലെ ശല്യമൊഴിച്ച് നഗരത്തിന്റെ ഒത്ത നടുക്ക് സമ്പന്നന്മാരുടെ കൂത്തരങ്ങായ ലയ

ൺസ്‌ക്ലബ്ബിനരികെ തന്നെയാണ് അവളുടെ ഇപ്പോഴത്തെ രമ്യ ഹർമ്മം.

നീണ്ടുവലിഞ്ഞുപോവുന്ന വിരസവും ശൂന്യവുമായ പകലിന്റെ അവസാനത്തോടെ രാത്രി ആരംഭിക്കുമ്പോൾ പാർത്ഥനു ഭയമാണ് തോന്നാറ്. രാത്രിക്കുശേഷം വീണ്ടും പകലാണെന്ന, തടവറയിലെ അടുത്ത മണിക്കൂറുകളെ കണ്ണുമിഴിച്ച് തള്ളിനീക്കേണമെന്ന ചിന്ത അയാളെ നിരന്തരം വേട്ടയാടിക്കൊണ്ടേ ഇരുന്നു.

വെറുംകാപ്പി കുടിച്ച് മുറിയിൽതന്നെ ഇരുപ്പായിരുന്നു പാർത്ഥൻ. പൂമുഖത്ത് മോനുമായി കൂടിയിരിക്കയാണ് അമ്മായി. അടുക്കളയിൽ കാലത്തെ വിഭവങ്ങളാരുക്കുകയാണ് രോഹിണി.

ഇടവഴി പുലർച്ചെയുണർന്നതിനുശേഷം മനുഷ്യരില്ലാതെ വീണ്ടും മൂകമായിരിക്കുന്നു. കുട്ടികളെല്ലാം സ്കൂളിലേക്ക് പോയതിനാൽ അയൽവീടും നിശ്ശബ്ദമാണ്.

രോഹിണി ടീപോയിലേക്ക് മടക്കിയിട്ട പത്രം അതേപടി കിടപ്പാണ്. നിത്യേന കാലത്ത് അകമുറിയിലേക്കു വന്നുവീഴുന്ന പത്രം അടുക്കളപ്പണി കഴിഞ്ഞ് രോഹിണി മറിച്ചുനോക്കുന്നതോടെ ഉപയോഗശൂന്യമാവുകയാണ്. വാർത്തകളിൽ ചിന്താദീപ്തിയെ, നാടിന്റെ ഉൾത്തുടുപ്പുകളെ കണ്ടെത്തിയിരുന്ന പാർത്ഥന്റെ കാലം എന്നോ അസ്തമിച്ചിരിക്കുന്നു.

കോളേജിലെ അടച്ചിട്ട മുറിയിൽ നാലുപാടും യുവാക്കളുമായി പാർട്ടിയുടെ രഹസ്യ സർക്കുലർ വായിക്കുകയായിരുന്നു. വിമോചനസമരത്തിനെതിരെ പാഞ്ചജന്യം മുഴക്കിയ കാലഘട്ടം. എന്റെ കനത്തസ്വരത്തിൽ പിമ്പേ മുഷ്ടികളുയർത്താൻ അനേകം പേരുണ്ടായിരുന്നു. അവരൊക്കെ കാലക്രമേണ തെരുവിലേക്കിറങ്ങി താന്തങ്ങളുടെ മാളങ്ങളെ തേടിയപ്പോൾ കാറിന്റേയും ബാങ്ക് ബാലൻസിന്റേയും ദീപ്തിയിൽ സംരക്ഷിതരായപ്പോൾ ഞാൻ നല്ലൊരു ലക്ഷ്യത്തെ മുൻകണ്ട് പ്രവർത്തിക്കുന്നതിന്റെ പേരിൽ അഭിമാനിക്കുകയായിരുന്നു.

പണിതീർത്ത് അകമുറിയിലേക്ക് കടന്നുവന്ന രോഹിണി എതിരെ ഇരുപ്പുറപ്പിച്ച് പത്രം നിവർത്തിയതുപോലും അയാളറിഞ്ഞില്ല.

‘‘പാർത്ഥേട്ടൻ പത്രം നോക്കിയില്ലേ?’’

‘‘ഇല്ല... ഉം...?’’

‘‘രാമുവേട്ടനെ അറസ്റ്റു ചെയ്തുവെന്ന്...’’

രോഹിണി പത്രം നല്കിയപ്പോൾ അയാൾ ധൃതിപ്പെട്ട് ഒന്നു കണ്ണോടിച്ചു.

കണ്ണൂരിലെ തുണിമില്ലിന്റെ പരിസരത്തുവെച്ച് അവിചാരിതമായി പോലീസ് രാമുവെ അറസ്റ്റ് ചെയ്യുകയായിരുന്നുവത്രേ:

ആൾമാറാട്ടം നടത്തി ഇത്രയും നാൾ അയാൾ പലേടത്തുമായി കഴിഞ്ഞുകൂടുകയായിരുന്നു. തുണിമില്ലിൽ സമരം പൊട്ടിപ്പുറപ്പെടുവിച്ച് അവസരോചിതം മുതലാളി നല്കുന്ന വമ്പിച്ചതുക കൈപ്പറ്റി പൊടുന്നനെ സമരം പിൻവലിച്ച നേതാവിനെ അയാൾ കുത്തിമലർത്തുകയാണുണ്ടായത്. രാമുവിനോടൊത്ത് മാധവൻ എന്നൊരാളും പിടിക്കപ്പെടുകയുണ്ടായെന്ന്. പത്രം രോഹിണിയ്ക്കു നല്കുമ്പോൾ പാർത്ഥൻ പറഞ്ഞു:

“രാമുവും എന്നെപ്പോലെ വിഡ്ഢിയായിരിക്കുന്നു.”

“പാർത്ഥേട്ടൻ ഇനിയും അതെക്കുറിച്ചു ഒന്നും ഓർക്കേണ്ട...”

അവൾ കസേരയിൽ നിന്നെണീറ്റ് കോസറിയിൽ അയാളുടെ അരികുചേർന്നിരുന്നു. രോഹിണി ആശ്വസിപ്പിക്കാനായി കൈവണ്ണയെ തഴുകിക്കൊണ്ടിരിക്കുമ്പോഴും ഹോട്ടൽ മുറിയിലെ അവലക്ഷണംപിടിച്ച നിമിഷത്തെ ഓർക്കയായിരുന്നു അയാൾ. വിഷദ്രാവകത്തിന്റെ തീക്ഷ്ണത എന്റെ സംയമനത്തെ ആകെ നശിപ്പിക്കുകയായിരുന്നുവല്ലോ...

ഉറക്കമുണർന്ന് ഓടിക്കൂടിയ ജനങ്ങളിലൂടെ ഞാൻ വീണ്ടും ജീവിക്കാൻ വിധിക്കപ്പെട്ടിരിക്കുകയാണ്.

രോഹിണിയുടെ നിർബ്ബന്ധത്തിനു വഴങ്ങി അടുക്കളയിലേക്ക് നടക്കുമ്പോഴും, പാത്രത്തിന്റെ മുന്നിലിരുന്ന് തീറ്റി തുടരുമ്പോഴും ഈശ്വരനെപ്പോലെ പാർത്ഥൻ മൗനം തുടരുകയാണുണ്ടായത്. അമ്മായിക്കും പറയാനുള്ളത് ഒരേകാര്യം തന്നെ. കഴിഞ്ഞതൊക്കേണ്ട് മറക്കന്യേ. ന്നാലേനീ ജീവിക്കാനാവൂ.

പുറത്ത് വെയിലിന് ചൂടേറുകയാണ്. കാറ്റൊഴുക്ക് നിലച്ചതിനാൽ ഇലകൾക്കുപോലും ചലനമില്ല. സകലതും നിശ്ചലതയിലേക്ക് വഴുതി വീണിരിക്കുന്നെന്നു തോന്നുന്നു.

എന്തും കടിച്ചിറക്കി പരിഭവം കാട്ടാതെ വൈഷമ്യമെല്ലാം ഉള്ളിലൊതുക്കി കഴിഞ്ഞുകൂടുന്ന രോഹിണിയെ കാണുമ്പോൾ പാർത്ഥന് കുറ്റബോധമാണ് തോന്നാറ്. അവളോട് അനീതിയായിരുന്നു എന്നും ചെയ്തുപോന്നത്.

തിരികെ മുറിയിലേക്കു നടക്കുമ്പോൾ എതിരെ അമ്മായി. മോൻ മോണകാട്ടി ചിരിച്ചപ്പോൾ അയാൾ മോനേയുമെടുത്ത് അകത്തേക്കു നടന്നു. മോനെ മാറിടത്തിൽ കമഴ്ത്തിക്കിടത്തി, അവന്റെ ചൂടും ചവിട്ടുമേറ്റുകിടക്കുമ്പോൾ പാർത്ഥൻ ഒരു കാലഘട്ടത്തെയാകെ മറക്കാൻ ശ്രമിക്കുകയായിരുന്നു.

നാൽപത്തിയൊന്ന്

ഒരു സന്ധ്യയ്ക്ക് നഗരത്തിലെ തെരുവിലൂടെ പാർത്ഥൻ നട ക്കുകയായിരുന്നു. തിരക്കുറ്റ നഗരത്തിന്റെ മുഖത്തെ അയാൾ ആദ്യമായിക്കാണുന്ന കൗതുകത്തോടെയായിരുന്നു വീക്ഷിച്ചത്.

സന്ധ്യമയങ്ങുന്നതുവരെ അയാൾ വീട്ടിൽ അടച്ചുപൂട്ടിയ ഇരുപ്പുതുടരുകയായിരുന്നു. രോഹിണി കാര്യമൊന്നുമില്ലെങ്കിലും മകന് ബേബി ഫുഡ് വാങ്ങിക്കണമെന്നതിന്റെ പേരിൽ അയാളെ ജനസമ്പർക്കം പുലർത്തുന്നതിനും ചിന്താഭരിതമായ അരക്ഷിതാ വസ്ഥ പോക്കുന്നതിനുമായി അയയ്ക്കുകയായിരുന്നു.

റെയിൽവേ ഗേറ്റ് അടഞ്ഞുകിടക്കുന്നതിനാൽ വാഹനങ്ങൾ നാലു ദിശകളിലേക്കും നീണ്ടനിരയായി തമ്പടിച്ചു കിടക്കുന്നുണ്ട്. നടപ്പാതയിലൂടെ കാൽനടക്കാർ തിക്കിത്തിരക്കിയാണ് നീങ്ങുന്നത്.

പാർത്ഥൻ വിക്കറ്റ് ഗെയിറ്റ് കടക്കാൻ ശ്രമിക്കുമ്പോഴായിരുന്നു തൊട്ടുമുന്നെ പാന്റ്സ് ധരിച്ച മാന്യനായ മനുഷ്യൻ. അയാൾക്കുമ പ്പുറവും മറ്റൊരു ബഹുമാന്യൻ തന്നെ.

പൊടുന്നനെ പാന്റ്സ്കാരൻ അപ്പുറം നടന്നിരുന്ന മനുഷ്യന്റെ പെഴ്സ് വൈദഗ്ദ്ധ്യത്തോടെ കൈവശപ്പെടുത്തുകയുണ്ടായി. എന്നിട്ട് അയാൾ ആൾത്തിരക്കിലേക്ക് നൂണുകയറി അപ്രത്യക്ഷ നാകുകയായിരുന്നു.

പിന്നേയും കുറെ നടന്നുകഴിഞ്ഞാണ് അപരിചിതൻ തന്റെ തുക നഷ്ടപ്പെട്ടതിനെക്കുറിച്ചറിഞ്ഞത്. അയാൾ നെഞ്ചത്തലച്ച് പ്രാണൻ പോകുന്നതുപോലെ കരച്ചിലാരംഭിച്ചപ്പോഴും അതൊരു പതിവുകൃ ത്യമായി കണക്കാക്കി വിവരം തിരക്കിയ കാൽനടക്കാർ അയാളുടെ അശ്രദ്ധയെ പഴിപറഞ്ഞ് നടന്നു നീങ്ങുകയായിരുന്നു.

പാർത്ഥനും കൂടുതലായി ചിന്തിച്ചുനിന്നു മെനക്കെടാതെ നടത്തം തുടർന്നു. അയാളും ആൾക്കൂട്ടത്തിന്റെ അംശമാവുകയും ആൾക്കൂട്ടത്തിന്റെ സ്വഭാവവിശേഷങ്ങൾ ഉൾക്കൊള്ളുകയുമാണു ണ്ടായത്.

പാഠകം രണ്ട്

നാൽപത്തിരണ്ട്

ആറ് ജില്ലാതലസ്ഥാനങ്ങളിലായി പാർത്ഥന്റെ ജോലി പരിചയം വ്യാപിച്ചുകിടക്കുന്നു. മറ്റ് നാലിടങ്ങളിൽ ആവേശകരമായ അനുഭവങ്ങളായിരുന്നു അയാൾക്കു ലഭിച്ചത്. ജാഥകളും മീറ്റിങ്ങും സമരവും നിറഞ്ഞ പ്രതിഷേധം കൊണ്ട് വീർപ്പുമുട്ടിയ ശക്തിമത്തായ ജീവിതം. എന്നാൽ ഇസ്മായിൽ സേട്ടിന്റെ നാട് കനത്തൊരു ആഘാതമാണ് സൃഷ്ടിക്കുകയുണ്ടായത്. ഒഴുകിവന്ന നദി പൊടുന്നനെ ചൂടുപൊന്തുന്ന മണൽപ്പരപ്പിലേക്ക് പതിച്ച് അപ്രത്യക്ഷമായിരിക്കുന്നു.

പിന്നീട് ഒരന്തവുമില്ലാത്ത, അയാൾക്കുതന്നെ യാതൊരു നിതീകരണവും കണ്ടെത്താനാവാത്ത ഉല്ക്കാപതനത്തെപ്പോലെ രൂക്ഷമായ കുത്തൊഴുക്കാണ് ആരംഭിക്കുന്നത്.

രണ്ടരവർഷക്കാലത്തെ സസ്പെൻഷൻ തുക കനത്ത സംഖ്യ തന്നെയാണ്. അത്യാവശ്യകടങ്ങളും ബാദ്ധ്യതകളും തീർത്തിട്ടും ഒരുപാടു സംഖ്യ കെട്ടിയിരുപ്പുണ്ടായിരുന്നു. കൂട്ടത്തിൽ ബാങ്കിൽ പണയപ്പെടുത്തിയ രോഹിണിയുടെ ആഭരണങ്ങൾ എടുക്കുകയുമുണ്ടായിട്ടുണ്ട്.

മാസങ്ങളോളം മനുഷ്യരുടെ സാമീപ്യംപോലുമറിയാതെ അയാൾ മുറിക്കകത്തുതന്നെ അടച്ചുപൂട്ടി ഇരുപ്പായിരുന്നു. വിനിതന്റെ കൊഞ്ചികുഴയലും നിഷ്ക്കളങ്കമായ പരിഭവങ്ങളും. എന്നിട്ടും അസ്വസ്ഥതയാണ് അയാളിൽ സൃഷ്ടിക്കുകയുണ്ടായത്.

ഒരിക്കൽ മരണത്തെ പുല്കാൻ ശ്രമിച്ച് ഭാഗ്യംകൊണ്ടുമാത്രം രക്ഷപ്പെട്ട പാർത്ഥനെ അടുത്തപടിയായി വീണ്ടും മറ്റെന്തോ ചെയ്യുമെന്ന തോന്നലോടെ അയാളുടെ ഒരോ ചലനങ്ങളെയും മുൻകരുതലോടെ നീരിക്ഷിച്ച് ഭീതിയോടെ കഴിഞ്ഞുകൂടുകയായിരുന്നു രോഹിണി. രാത്രിയിൽ ഗാഢമായ ഉറക്കത്തിൽനിന്ന് അവൾ പലപ്പോഴും അരികെ അയാളുണ്ടോ എന്ന തോന്നലോടെ ഞെട്ടിയുണരുകയാണ്.

പക്ഷേ വീണ്ടും ജോലികിട്ടിയപ്പോൾ ഈ നഗരത്തിന്റെ അനന്യ ബാദ്ധ്യതകളെ ഉൾക്കൊണ്ടപ്പോൾ പാർത്ഥൻ പരിപൂർണ്ണമായും അവൾക്ക് നഷ്ടപ്പെടുകയായിരുന്നു.

പ്രത്യേകിച്ച് പറയാനില്ലാത്ത ഒരു നിമിഷത്തിലാണ് അതു നടക്കുകയുണ്ടായത്. വാഹനങ്ങളുടെ കണ്ണാടികളിൽ സൂര്യപ്രകാശം മഞ്ഞനിറം പൂശിയ ഒരു സന്ധ്യ. മനുഷ്യരും യന്ത്രങ്ങളും പുകപ

ടലവും മുഴക്കവും ഒന്നുചേർന്ന് ബ്രോഡ് വേയിലൂടെ ഒരു വ്യൂഹ മായി തെന്നിത്തെന്നി ഒഴുകുന്നുണ്ടായിരുന്നു. അത് അകലേന്നു കാണുമ്പോൾ കവാത്തുനടക്കുന്ന, രാജ്യാതിർത്തി മുഴുവനുമറിയാ തെ ദേശസേവനം നടത്തുന്ന കൂലിപ്പട്ടാളക്കാരുടെ ഒരു നിര ശത്രു സംഹാരത്തിനായി നീങ്ങുകയാണെന്നാണ് തോന്നിച്ചിരുന്നത്. ഇട വഴിയിൽ ഊളിയിടുന്ന പലരും കുടുംബത്തെ ഓർത്ത് പ്രാണരക്ഷാ ർത്ഥം എങ്ങോ അഭയം തേടുകയാണെന്നും തോന്നാം.

പാർത്ഥൻ പതിവുപോലെ നഗരത്തിലൂടെ നടക്കുകയായിരുന്നു. ഒരു യാദൃശ്ചിക സംഭവമല്ലാത്തവിധം നിത്യപരിചയമായ ബാറും ബീറും മാന്യൻമാരുടെ ബോറുമുള്ള കുടിസങ്കേതത്തിലേക്ക് കയറിച്ചെല്ലുകയായിരുന്നു.

പിറ്റേന്നും അയാൾ അവിടേയ്ക്കുതന്നെ ചെന്നു. അതിന്റെ പിറ്റേന്നും, തുടർന്ന് രണ്ടുമൂന്നു മാസം തുടർച്ചയായും. പിന്നെ പിന്നെ മാസത്തിന്റെ പതിനഞ്ചുദിവസം ബാറിലും ശേഷം നാളു കൾ ലോഡ്ജിനപ്പുറത്തുള്ള ആട്ടിൻ ചോരവറുത്തത് ചാരായത്തിന് കൂട്ടായി വിളമ്പുന്ന ഷാപ്പിലേക്കും കയറിക്കൂടുകയായിരുന്നു.

ഓഫീസിലേക്ക് അയാൾ കടന്നുചെല്ലുമ്പോൾ പലരും ഭയക്കു കയാണ്. പാർത്ഥൻ സ്ഥലത്തില്ലാത്തപ്പോൾ പലർക്കും പറയാനു ണ്ടായിരുന്നത് നീണ്ട പരാതികളായിരുന്നു.

തോന്നിയ നേരത്ത് കടന്നുവരും. തോന്നിയ പടി. തന്നിഷ്ടപ്പടി കാര്യങ്ങൾ ചെയ്യും. ഏത് അർജന്റ് ഫയലായാലും മേശപ്പുറത്ത് ഒരാഴ്ചകിടന്നേ സ്ഥലം വിടു. ഒരുദ്യോഗസ്ഥന്റെ അന്തസ്സ് രക്ഷി ക്കാനെങ്കിലും മാന്യത കാട്ടില്ല. പാന്റ്സും തള്ളി കയറ്റി വരുന്ന ആൾ വൈകിട്ട് അഴുക്കുകാനയിലാവും കിടക്കുക.

നമ്മുടെ സഹപ്രവർത്തകനാണെന്നു പറഞ്ഞ് പലരും നമ്മെ കളിയാക്കുകയാണ്. ഇപ്പോൾ ഓഫീസിനകത്തും കുടിച്ച് വരു ന്നുണ്ടെന്നാണ് തോന്നുന്നത്.

പഴയ പാർത്ഥന് ഇത്തരം വാക്കുകൾ വർഗ്ഗശത്രുവെ മുന്നിൽ കണ്ടതുപോലുള്ള ക്രൗര്യമാണ് ഉയർത്തുക.

രോഹിണി എല്ലാ ശനിയാഴ്ചയും വൈകിട്ട് അങ്ങോട്ടു ചെല്ലണ മെന്ന് നിർബന്ധപൂർവ്വം അപേക്ഷിക്കുകയായിരുന്നു. എന്നിട്ടും ഒന്നിടവിട്ട മാസങ്ങളിലേ അയാൾ അടുത്ത നഗരത്തിലേക്ക് യാത്ര ചെയ്യുകയുണ്ടായുള്ളൂ. പാർത്ഥന്റെ സന്ധ്യകളും ഒഴിവു ദിവസ ങ്ങളും ഗോൾഡ് മറൈൻെറ സ്വർണ്ണനിറം വിതറി കൊഴിഞ്ഞു വീണ ടിയുകയായിരുന്നു.

രോഹിണിയുടെ കത്തുകൾക്കുപോലും ആവശ്യാനുസരണം

അയാൾ മറുപടി അയയ്ക്കാതായി. അതല്ലെങ്കിൽ വല്ലപ്പോഴും നാലുവരി എഴുതി കടമ തീർക്കുകയാണുണ്ടായത്.

ലോഡ്ജിലേക്ക് രാത്രിയിൽ എപ്പോഴെങ്കിലും ഉറയ്ക്കാത്ത കാലുകളുമായി കടന്നുചെല്ലുമ്പോൾ സഹവാസികളായ സുഹൃത്തുക്കൾ ഉറക്കം നഷ്ടപ്പെട്ട ദേഷ്യത്തോടെ കലമ്പൽ കൂട്ടിപ്പോന്നു.

ഒരു രാത്രിയായിരുന്നു.

ഛർദ്ദിച്ചു നാറ്റി മുറിയിൽ തിന്നുതേട്ടിയ എച്ചിലുമായി അനുരഞ്ജനം സൃഷ്ടിച്ച് അയാൾ കിടന്നുറങ്ങുകയായിരുന്നു. മഹേന്ദ്രൻ എന്ന പുതിയ വിലപിടിപ്പുള്ള മനുഷ്യനെ പരിചയപ്പെട്ട ദിവസം.

മറ്റ് അന്തേവാസികൾ കാലത്തുതന്നെ വാതില്ക്കൽ വന്നുനിൽക്കുന്നതു കണ്ടപ്പോൾ അയാൾക്ക് ആശ്ചര്യമാണ് തോന്നുകയുണ്ടായത്. പാർത്ഥന് താമസിക്കാൻ ഇടം നൽകിയത് മഹാപാതകമായി കരുതുന്നവരാണ് എല്ലാവരും. ഈ അലവലാതി ലോഡ്ജിനുതന്നെ കളങ്കം വരുത്തിവെച്ചെന്നാണ് അവരെങ്ങും പറഞ്ഞുനടക്കുന്നത്.

''നോക്കൂ പാർത്ഥൻ, ഞങ്ങളും അല്പസ്വല്പം മദ്യപിക്കാറുണ്ട്. പക്ഷേ ഇങ്ങനെ സ്വയം നശിക്കാനും നാടിനും നാട്ടാർക്കും കുടുംബത്തിനും കൊള്ളരുതാത്തവനായി തീർന്നിട്ടില്ല.''

അയാളുടെ മുഖത്തുനോക്കിയപ്പോൾ പാർത്ഥനു ചിരിക്കാനാണു തോന്നിയത്, അതയാൾ ചെയ്യുകയും ചെയ്തു.

''നിങ്ങൾക്കെന്താണ് പറയാനുള്ളത്?''

''പാർത്ഥൻ കുടിനിർത്തി നല്ലവനാകുമെന്നു തോന്നുന്നില്ല. ഏതായാലും ഞങ്ങൾ പരമാവധി സഹിച്ചുകഴിഞ്ഞു ഇനി...''

''ഞാനിവിടം വിടണമെന്നല്ലേ?''

അതവർ പറയാൻ മടിച്ച് മൂകരായി നിൽക്കുകയുണ്ടായി.

''ഒരാഴ്ചയ്ക്കകം ഞാൻ സ്ഥലം മാറാം...''

അപ്പോൾ അവർക്കും എന്തൊരാശ്വാസമായെന്നോ.

പിന്നീട് പലരും അയാളോട് വളരെയധികം അനുകമ്പയോടെയാണ് പെരുമാറുകയുണ്ടായത്. രാത്രി മദ്യപിച്ചു വരുമ്പോൾ ശല്യം തീരാവുന്ന ദിവസത്തെ ഓർത്ത് ക്ഷമിച്ചും പോന്നു.

മഹേന്ദ്രനാണ് പാർത്ഥന് പുതുതായൊരു പാർപ്പിടം ശരിപ്പെടുത്തിക്കൊടുത്തത്.

പൊറുതിയ്ക്ക് ഒരു വീടുകിട്ടുന്നതിനായി പത്തുമാസത്തെ വാടക മുൻകൂറായി നല്കേണ്ടിയിരുന്നു. ജനപ്പെരുപ്പം സൃഷ്ടിച്ച പ്രളയത്തിൽ കുറേ വമ്പൻമാരുടെ കീശവീണ്ടും പെരുത്ത് പൊങ്ങുകതന്നെയാണ്. പകിടിവാങ്ങിച്ചും വാടക ഇനത്തിലുമായി കനത്ത

തുക നേടി സുസ്ഥാപിത വ്യവസായം നടത്തുന്ന പുതുനാമ്പുകളാണ് ഒരു നവീന അവബോധവുമായി ഉയർന്നുവന്നിരിക്കുന്നത്.

നഗരത്തിന്റെ പ്രധാനനിരത്തിൽനിന്ന് ഉരുത്തിരിയുന്ന ഇടവഴികളിലെല്ലാം മുറ്റം പോലുമില്ലാത്തവിധം അടിപ്പിച്ചു പണിത വീടുകളാണ്. അന്യോന്യമറിയാതെ, മുഖപരിചയം പോലുമില്ലാതെ ഒരേ തെരുവിൽത്തന്നെ സ്വന്തം വൃത്തപരിധിയിൽ ചുരുണ്ടുകൂടിയിരിക്കയാണ് മനുഷ്യർ. ഓരോരുത്തർക്കും എല്ലാവരുടേയും പ്രശ്നങ്ങളും അന്യമായിത്തീർന്നിരിക്കുന്നു. രണ്ടുറക്കമുറികളും ഒരു പൂമുഖവും. മുറ്റത്ത് ചെറിയൊരു മൺപരപ്പുമുണ്ട്. വേണെങ്കിൽ അവിടെ പൂച്ചെടികൾ നടാം. എന്നാൽ പാർത്ഥന്റെ വരവിനുശേഷം മുമ്പ് താമസിച്ചിരുന്നവർ നട്ട പനിനീരുപോലും ഉണങ്ങിക്കരിയുകയായിരുന്നു.

സന്ധ്യകളിൽ ബാറിലും ഇടവേളകളിൽ മുറിയിലും വെച്ച് നെഞ്ചെരിക്കുന്ന മദ്യം അയാളിലേക്കാണ്ടിറങ്ങി. പലപ്പോഴും കൂട്ടിന് മഹേന്ദ്രനായിരുന്നു. അതുമില്ലെങ്കിൽ പാർത്ഥൻ തനിയെ തന്നെ.

പാർത്ഥന്റെ പുതിയ താമസസ്ഥലത്തെക്കുറിച്ചറിഞ്ഞപ്പോൾ രോഹിണി ഒരാഴ്ച അയാളോടൊത്ത് താമസിക്കുകയുണ്ടായിട്ടുണ്ട്. അപ്പോഴായിരുന്നു അവൾ പാർത്ഥന്റെ പുതിയ നടപടിക്രമങ്ങളെക്കുറിച്ചറിഞ്ഞത്. വീടിനെ ചുറ്റിപ്പറ്റി എപ്പോഴും മദ്യത്തിന്റെ രൂക്ഷഗന്ധം നിറഞ്ഞു നിൽപ്പുണ്ടായിരുന്നു. ഉടഞ്ഞ കുപ്പികളും പൊട്ടിയ പ്ലേറ്റുകളുമായി ഒരു മുറി ഉപയോഗ ശൂന്യമായി അടഞ്ഞു കിടപ്പായിരുന്നു.

പാർത്ഥനെ പറഞ്ഞു ബോദ്ധ്യപ്പെടുത്താനുള്ള അവളുടെ ശ്രമങ്ങളെല്ലാം തികച്ചും വിഫലമാവുകയായിരുന്നുവല്ലോ.

‘‘ഞാൻ തികച്ചും ഒരു വിഡ്ഢിയായിരുന്നു. എന്റെ നഷ്ടം അതെന്റേത് മാത്രമാണ് രോഹിണി.’’

അപ്പോഴും അവൾ പറഞ്ഞുകൊണ്ടിരുന്നത് നല്ലവനായ പാർത്ഥന്റെ സവിശേഷതകളെക്കുറിച്ചായിരുന്നു. രോഹിണി തിരികെ പോയതിൽ പിന്നീട് വീണ്ടും മുറി കുപ്പിച്ചില്ലുകളെ കൊണ്ടു നിറയുകയും മുറ്റം കാടുകയറി മനുഷ്യവാസമില്ലാത്തതുപോലെ ആയിത്തീരുകയുമുണ്ടായി.

രോഹിണിയ്ക്ക് തിരികെ പോവുമ്പോൾ ഒരു സത്യാവസ്ഥ കണ്ടെത്താൻ കഴിഞ്ഞിരുന്നു.

അവൾ ആരാധിച്ചിരുന്ന, ലോകത്തെ പ്രാണൻ കളഞ്ഞും സ്നേഹിച്ചിരുന്ന പാർത്ഥൻ മരിച്ചിരിക്കുന്നു. കാപാലികനെപ്പോലെ രക്തം തേടി നടക്കുന്ന ആരോ ആയിത്തീർന്നിരിക്കയാണ് ഇയാൾ.

ശബ്ദമുഖരിതമായ പരിസരത്തോടെ ആരംഭിച്ച പാർത്ഥന്റെ പ്രയാണം ദുർഘടം പിടിച്ച വഴി പിന്നിടുന്നതിനു മുന്നേ താറുമാറായി കീഴെ പതിക്കുകയായിരുന്നു.

പാർത്ഥൻ ജനബഹുലമായ ഒരു തെരുവിലൂടെ നടന്നു.

പീച്ചാംകുഴലിലൂടെ ചീമ്പിത്തെറിക്കുന്ന ജലയൂപത്തെപ്പോലെ ഓഫിസുകളിലേയും ഉന്നത സാംസ്ക്കാരിക നിലവാരത്തിൽ പടിഞ്ഞാറൻ സെക്സ് ആസ്വദിക്കുന്ന തിയ്യേറ്ററിലെയും ജനങ്ങൾ തെരുവിലും വാഹനങ്ങളിലുമായി അടിഞ്ഞുകൂടിട്ടുണ്ട്.

വിയർപ്പും മൂക്കുതുളയ്ക്കുന്ന പരിമളവും ഇഴുകിച്ചേർന്ന സർവ്വ ഗന്ധങ്ങളെ ആകെയും നശിപ്പിച്ച വായു.

ഇപ്പോൾ ഭാഗ്യാന്വേഷികളുടെ നമ്പറുകളിൽ പിടിച്ചുതൂങ്ങി സാഫല്യം നേടാൻ ഞാൻ മറന്നുപോയിരിക്കുന്നു. ഇതുപത്തഞ്ചു രൂപയ്ക്കായി മേശക്കരികെ വരുന്നവരോടും, ഓഫീസ് ആവശ്യത്തിനായി എന്നെ അകത്തേക്കു വിളിക്കുന്ന ഓഫീസറോടും ഒരുപോലെ മടുപ്പും വെറുപ്പുമാണ് തോന്നുന്നത്.

ഈ ആൾക്കൂട്ടത്തിൽ ഞാൻ വന്നുപെടേണ്ടവനേ അല്ല. അമ്മായി എന്നെ തൊടിയിലേയ്ക്ക് ആനയിക്കുകയായിരുന്നു. ഞാൻ അവിടെത്തന്നെ അന്തേവാസിയായി കൂടിയിരുന്ന കാലഘട്ടം. രണ്ടുനാൾ മുമ്പായിരുന്നു ഡോക്ടർ പത്മനാഭൻ തികച്ചും അവിചാരിതമായി, എന്നാൽ സ്വാഭാവികത പാലിച്ചുകൊണ്ട് കാറുമായി ഗ്രാമത്തെ ആകെ മൂടിപ്പുതയ്ക്കുന്ന പൊടിപടലമുയർത്തിക്കൊണ്ട് വരുകയുണ്ടായത്.

അച്ഛൻ സംസാരിച്ചവശേഷിപ്പിച്ചതിന്റെ തുടർച്ചയായി അമ്മായി തൊണ്ടകീറി സംസാരിക്കുകയായിരുന്നു. പോസ്റ്റിങ്ങ് ഓർഡർ ലഭിച്ച് ഒരു യാത്രയ്ക്കായി തയ്യാറെടുത്ത ഞാനായിരുന്നു അവരുടെ മാന്യതയ്ക്കെല്ലാം പോറലേല്പിക്കുകയുണ്ടായത്.

മിസിസ്സ് പത്മനാഭന്റെ ദേഷ്യം പൊട്ടിത്തെറിച്ച് സമനില നിലം പരിശ്ശാക്കുന്നതുപോലുള്ള വികാരത്തെ ഞാൻ ഊഹിക്കുകയുണ്ടായിട്ടുണ്ട്.

ലക്ഷങ്ങളുടെ കണക്കുകൾ പറയുന്ന ബാങ്ക് അക്കൌണ്ടുകൾ, വിവിധ തുറകളിൽ നിക്ഷേപിച്ച ഷെയറുകൾ. നഗരത്തിൽ ഏതു നിമിഷത്തിലും വിറ്റുമാറിയാൽ ലക്ഷങ്ങളുടെ സംഖ്യനൽകുന്ന വിലപിടിപ്പുള്ള ആസ്തികൾ. അമ്മായി എന്റെ തീരുമാനത്തെ ഒരു പുനർചിന്തയ്ക്ക് വിടുക യായിരുന്നു.

മുൻവശത്തേക്ക് പാഞ്ഞുപോയ കാറ് പൊടുന്നനെ നിരത്തി

ഓരം ചേർന്നുനിന്നപ്പോൾ പാർത്ഥന്റെ ശ്രദ്ധയിൽപെട്ടു. വാഹനം നീങ്ങുമ്പോൾ കൈവീശി ഒച്ചതാഴ്ത്തി സംസാരിച്ച് യാത്രപറഞ്ഞ മഹേന്ദ്രൻ പാർത്ഥന്റെ അരികെവന്നു.

"പുതിയൊരു പാർട്ടിയാണ്. ഇഷ്ടന് ഒരു കൂപ്പുലേലം ശരിപ്പെടുത്തിക്കൊടുക്കണം. മൂന്നാറേരിയയാണ് നോട്ടം. അപ്പോൾ കഞ്ചാവും ചന്ദനത്തടികളും മലകയറി ഇറങ്ങിയാൽ അപ്പുറമെത്തിക്കാമല്ലോ. കൂട്ടത്തിൽ വീട്ടിയും..."

ഇനി അടുത്തത് കെ.എം.മ്മിനെക്കുറിച്ചാവും സംഭാഷണം. പിന്നെ അയാൾക്ക് മന്ത്രിയുടെ മേലുള്ള സ്വാധീനത്തെക്കുറിച്ചും.

റിഫൈനറിയും പോർട്ടും കടന്ന് നിരത്ത് വീണ്ടും നീളുകയാണ്. ആൾത്തിരക്ക് കുറഞ്ഞ വഴിയിൽ വാഹനങ്ങളാണ് അധികപക്ഷവും.

ഹോട്ടലുകളിലെ ഊണും ബാറിലെ മേളവുമായി എന്റെ മുന്നിലൂടെ പകലുകൾ ഇപ്പോൾ എത്രവേഗതയോടെയാണ് കടന്നുപോവുന്നത്. എന്തുതന്നെ ആയിട്ടും ഉറക്കം വരാത്ത രാത്രികളാണ് തികച്ചും വിരസതയുയർത്തുന്നത്.

കുറെ പതിവുചോദ്യങ്ങളാണ് എന്നെ അലട്ടിക്കൊണ്ടിരിക്കുന്നത്. ഹോട്ടൽ മുറിയിൽ ജീവിതം അവസാനിച്ചുവെന്നു കരുതിയ ആ നിമിഷത്തിലും, ജയിൽമുറിയിലെ മറ്റനേകം നിമിഷങ്ങളിലും ഇപ്പോഴും ഉയരുന്നത് അതേ ചോദ്യങ്ങളാണ്.

"മഹേന്ദ്രൻ എന്റെ കാര്യത്തെക്കുറിച്ച് ചിന്തിച്ചിട്ടുണ്ടോ..."

അയാൾ കൈലേസ്സിൽ ചിന്താഭരിതമായ മുഖം തുടയ്ക്കുന്നത് പാർത്ഥൻ ശ്രദ്ധിച്ചു.

ഗോൾഡ് മറൈൻ കണക്കറ്റ് അകത്തു ചെന്നപ്പോൾ സമീപത്ത് മനുഷ്യരാണെന്നു പോലുമോർക്കാതെ ഞാൻ പറയുകയായിരുന്നു. അൻപത്തേഴുതൊട്ട് ഇസ്മായിൽ സേട്ടുവരെയുള്ള സംഭവവികാസങ്ങൾ സവിസ്തരം പ്രതിപാദിച്ചപ്പോൾ അയാൾ നേർത്തൊരു പുഞ്ചിരി പൊഴിക്കുകയേ ഉണ്ടായുള്ളൂ. എത്രയോ വിദ്വാൻമാരെ കണ്ട മഹേന്ദ്രന് ഇസ്മായിൽ സേട്ടുമാരെക്കുറിച്ചെല്ലാം നല്ലതുപോലെ അറിയാമായിരുന്നു.

"ഞാനിന്ന് പാർത്ഥനെ കാണാൻ നിശ്ചയിച്ചതുതന്നെ കുറച്ച് അത്യാവശ്യമായി സംസാരിക്കാനായിരുന്നു."

പിന്നീട് അയാൾ കുറേക്കൂടി വിശദമായി സംസാരിക്കുകയായി. ഡിഗ്രി സർട്ടിഫിക്കറ്റുള്ളതിനാൽ മേലാളൻമാരെ ഉപയോഗിച്ച് ആർക്കും പ്രത്യക്ഷത്തിൽ അലോഹ്യം തോന്നാത്തവിധത്തിൽ പോസ്റ്റിങ്ങ് നടത്താനാവും. പക്ഷേ എല്ലാറ്റിനും സമയവും സന്ദർഭവുമാണ് ഒത്തുവരേണ്ടത്. കൂടാതെ പരമപ്രധാനമായ സ്ഥാനം

വഹിക്കുന്നത് വമ്പിച്ച തുകകളാണ്. അവ യഥോചിതം കൈമാറുമ്പോൾ ഒരിക്കലും തുറക്കാത്ത കോട്ടവാതിലുകൾപോലും പ്രകാശം കടത്തിവിടുകയുണ്ടാവും.

"ഞാൻ പാർത്ഥനെ അന്യനായി കണക്കാക്കീട്ടില്ല. പക്ഷേ എനിക്കു എന്റെ വിഹിതവും കെ.എംമ്മിന് അദ്ദേഹത്തിന്റേതും മന്ത്രിയ്ക്ക് അയാളുടേതും കിട്ടിയാലെ കാര്യങ്ങൾ നീങ്ങൂ..."

"ജോലിയെക്കുറിച്ച് ഞാൻ സൂചിപ്പിച്ചിരുന്നു."

"അതുശരിയാക്കാം..."

ഏതെങ്കിലുമൊരു കമ്പനിയിൽ പരമപ്രധാനമായ, നിലയും വിലയുമുള്ള സർവ്വരും ബഹുമതിയ്ക്കുന്ന ഒരു തസ്തിക ആയിരുന്നുവെങ്കിൽ!

എന്റെ മുന്നിൽ അടഞ്ഞവാതിലുകളെ വീണ്ടും തുറക്കുമ്പോൾ ഞാൻ ചിലതെല്ലാം കൈവെടിഞ്ഞേ പറ്റൂ. ഇപ്പോൾ എന്റെ പടവുകൾ കൂടുതൽ ഇരുണ്ടതും നടന്നു നീങ്ങാൻ പ്രയാസമേറിയതുമായിത്തീർന്നിരിക്കയാണ്. കാര്യങ്ങൾ ഇത്തരത്തിൽ വന്നുചേർന്നതിന്റെ ഉത്തരവാദിത്വം എന്റെ ചുമലിൽ തന്നെ പതിച്ചിരിക്കുമ്പോൾ ആരേയും പഴി പറഞ്ഞ് കൈകഴുകി അകന്നു നില്ക്കാനാവില്ല.

ഒരുപക്ഷേ പരശുരാമനായേയ്ക്കും സകലതിനും മൂലക്കല്ല്. ജോസഫ് എന്നോട് പലതവണ താക്കീതായി ഉപദേശമെന്നത് വ്യംഗ്യഭാവത്തിൽ ഉൾക്കൊണ്ട് പറയുകയായിരുന്നു. ജോസഫിന് പരശുരാമന്റെ ചെയ്തികളും വാക്കുകളും കാലഭേങ്ങളെ മറന്ന് വായുവിൽ പാറ്റുന്ന വെറും പതിരുകൾ മാത്രമായിരുന്നു.

ഞാൻ പറഞ്ഞുമയക്കി സംഘം ചേർക്കാൻ ശ്രമിച്ചപ്പോഴെല്ലാം ഇതെല്ലാം പണക്കാരുടെ സുവിശേഷങ്ങളാണെന്നു പറഞ്ഞ് ജോസഫ് അകലുകയായിരുന്നുവല്ലോ. ജോസഫ് ഏതു നിമിഷത്തിലും പൊടുന്നനെ വരുമെന്ന തോന്നൽ പാർത്ഥന് അസ്വസ്ഥതയാണ് നല്കിയത്.

എണ്ണിച്ചുട്ട അപ്പംപോലെ ബഹുകണിശമായി മാസാദ്യം കിട്ടുന്ന തുച്ഛമായ ഒന്നിനും തികയാത്തശമ്പളം ആവശ്യങ്ങളുടെ നീണ്ട പട്ടികയിൽ അത്യാവശ്യങ്ങൾ മാത്രം പരിഹരിക്കപ്പെടുന്നു. മേലധികാരിയുടെ ശാസനത്തിൻകീഴിൽ പത്തുതൊട്ട് അഞ്ചുവരെ തടങ്കൽ പാളയത്തിലേതുപോലെ മണിക്കൂറുകൾ നീങ്ങുന്നു.

സാറന്മാരുടെ വിളിയുമായി ഒരുലോകം കറങ്ങുമ്പോൾ ആരും വില മതിയ്ക്കാനാവാത്തവിധം താഴ്ന്നപടിയിലാണ്. അലവൻസും ഡി.എ. വർദ്ധനവും കണക്കുകൂട്ടി പത്തിരുപതുകൊല്ലം കസേര

യിൽ തുരുമ്പുകയറുന്നതുവരെ, വാർദ്ധക്യം വന്ന് അടുത്തൂൺ പറ്റുന്നതുവരെ ഇരുന്നാൽ ലഭിക്കുന്നത് നഗരത്തിൽ ഒരു വീടുപണിയാൻപോലും ഉതകാത്തെ ശുഷ്കസംഖ്യയാണ്.

‘‘സ്റ്റാർച്ച് കോംപ്ലക്സിനെക്കുറിച്ച് പാർത്ഥൻ കേട്ടിരിക്കുമല്ലോ. ഞാൻ കെ.എമ്മിനോട് പാർത്ഥന്റെ കാര്യം സംസാരിക്കുകയുണ്ടായി. അദ്ദേഹമാണ് വിവരം പറഞ്ഞത്.’’

‘‘അവിടെ?’’

‘‘ഒരു മാനേജരുടെ ഒഴിവുണ്ട്. കെട്ടിടം പണി ഉടനടി കഴിയും. ആറുമാസത്തിനകം ഉല്പാദനം ആരംഭിക്കും. പക്ഷേ കയറിക്കൂടാനാണു വിഷമം.’’

‘‘കെ.എം. വിചാരിച്ചാൽ...’’

‘‘കഴിയുന്നതുതന്നെ. പക്ഷേ വകുപ്പുമന്ത്രി മറ്റൊരാളാണ്. നേരത്തെതന്നെ ഈ വേക്കൻസി കെ.എമ്മിന്റെ ആളിനായി ഒഴിച്ചിട്ടിരിക്കുകയായിരുന്നു.’’

‘‘എന്തുതന്നെ ആയാലും എനിക്ക് സമ്മതമാണ്. മാനേജർ റാങ്കിനുതാഴെ ആവരുതെന്നേയുള്ളൂ.’’

അതിലൂടെ ഞാൻ ഉപേക്ഷിച്ച ഇടത്തിലേക്കു തന്നെ വീണ്ടും കയറിച്ചെല്ലുകയാവും. അതിൽ പിന്നീട് ഞാൻ പുതിയ മുഖത്തോടെയാണ് നടന്നുനീങ്ങേണ്ടത്. ഇപ്പോഴത്തെ ഓഫീസ്സന്തരീക്ഷത്തേയും ഇസ്മായിൽ സേട്ടിനെ മുട്ടി അവസാനിക്കുന്ന കാന്തികമണ്ഡലത്തിന്റെ ആകർഷണീയതയുള്ള ഒരു ലോകത്തേയും, അവിടെ ഞാൻ കാട്ടിക്കൂട്ടിയ കലാശങ്ങളേയും അവഗണിച്ചേ പറ്റൂ.

‘‘രൂപ ഒരുപാടു വേണ്ടിവരും. ഏകദേശം ഇരുപത്തഞ്ച്. പാർത്ഥനായതുകൊണ്ട് ഇതു വളരെ കുറവാണ്.’’

‘‘ഞാനുണ്ടാക്കാം...’’

അതേതു മാർഗ്ഗത്തിലൂടെയാണെന്ന് അയാൾക്ക് പറയാനും നിനയ്ക്കാനുമായില്ല. എന്നിട്ടും അടുത്തുതന്നെ പണവും പദവിയും കൊണ്ട് ജനങ്ങൾക്കിടയിൽ ഒട്ടും കുറവല്ലാത്തവിധം ബഹുമാന്യത നല്കുന്ന മാനേജർ സ്ഥാനത്ത് ചെന്നു പറ്റിയതുപോലെ അയാൾ സംതൃപ്തനായിരുന്നു.

കമ്പനി ആവുമ്പോൾ അനേകം ജനങ്ങൾ എന്റെ കിഴ്പണിക്കാരായുണ്ടാവും. സ്റ്റാർച്ച് കോംപ്ലെക്സ് എന്നത് പ്രവിശ്യയിലെ ആദ്യത്തെ സ്ഥാപനമാകയാൽ അതിന്റേതായ പ്രത്യേകതയും മാനേജർക്കുതന്നെ ആവും വഹിക്കാനാവുക.

നടന്നുനടന്ന് ദൂരം ഏറെ ചെന്നിരിക്കുന്നു. കണ്ണുമിഴിച്ച വഴിവിളക്കുകളും ഇരുട്ടുവീണ ആകാശവുമാണ്. കപ്പൽ കരയ്ക്കണ

ഞ്ഞപ്പോൾ പെരുത്ത കീശയുമായി പെണ്ണുങ്ങളെത്തേടി ഇറങ്ങി ത്തിരിച്ച നാവികരാണ് നിരത്തിലെമ്പാടും. അവരുടെ കടലിന്റെ അഗാധതയുള്ള കണ്ണുകളിൽ മദ്യം നുരഞ്ഞുകുത്തി ചുവപ്പായി ത്തീർന്നിട്ടുണ്ട്. എതിരെവരുന്ന പുരുഷന്റെ അരക്കെട്ടിൽ കൈകൾ വരിഞ്ഞുചുറ്റിയ, ഇംഗ്ലീഷുകാരുടെ വിടു പണിചെയ്ത്, കിടക്കറ പകുത്ത്, നേറ്റീവിനുണ്ടായ ചട്ടക്കാരി പെണ്ണിന്റെ മുഖത്ത് കല്ലിച്ചതു പോലുള്ള വിറങ്ങലിപ്പാണുള്ളത്.

കടൽത്തീരത്തെ ബാർ അറ്റാച്ച്ഡ് റെസ്റ്റോറന്റിലേയ്ക്ക് നടക്കു മ്പോൾ പാർത്ഥൻ അതീവസന്തുഷ്ടനായിരുന്നു. അയാൾക്ക് താൻ തൂത്തുമാറ്റി, വില കല്പിക്കാതെ ദൂരേയ്ക്ക് ചവിട്ടിനീക്കിയ പ്രതാ പൈശ്വര്യങ്ങളുടെ വരവ് അധികം അകലെയല്ലാതെ കാണാൻ കഴിഞ്ഞിരുന്നു.

മഹേന്ദ്രന് പുലർച്ചെതന്നെ കെ.എംമ്മിനെ കാണേണ്ടതുണ്ടാ യിരുന്നു. വകുപ്പുമന്ത്രി അടുത്തൊരിടത്ത് കടലാക്രമണം തടയാ നുള്ള കൻമതിൽക്കെട്ടിന്റെ നിർമ്മാണോൽഘാടനം നിർവ്വഹി ക്കാൻ എത്തുന്നുണ്ടത്രേ!

കെ.എം. ചെന്നാൽ മന്ത്രിയെക്കണ്ട് മൂന്നാറിലെ കൂപ്പുലേല ത്തിന്റെ രേഖാപരമായ നീക്കങ്ങളൊക്കെ ചെയ്തുതീർക്കാനാവും. മന്ത്രിയുടെ അവകാശത്തുകയുടെ ആദ്യഗഡുവും നൽകിയാൽ കാര്യങ്ങളെല്ലാം സുഗമമായി ചലിക്കുവാനാരംഭിക്കും.

കെ.എമ്മിനു കൂട്ടായി മഹേന്ദ്രനും ചെല്ലേണ്ടിയിരുന്നു. ബാറിൽ നിന്ന് പതിവിനു വിപരീതമായി വളരെ നേരത്തെയായിരുന്നു അവ തിറങ്ങുകയുണ്ടായത്. തികച്ചും പുതുമയോടെ അവർ വിഭിന്ന ദിശകളിലേയ്ക്കുള്ള ബസ്സുകളിൽ കയറിക്കൂടുകയുണ്ടായി.

ബസ്സിറങ്ങി നടക്കുമ്പോൾ പാർത്ഥന്റെ കാലടികൾ ലേശം പതറുന്നുണ്ടായിരുന്നു.

പ്രധാനനിരത്തും കരിമ്പടക്കെട്ടുകൾ പുതച്ച നായ്ക്കളുള്ള മാന്യൻമാർ വസിക്കുന്ന വീഥിയും കടന്ന് അയാൾ ഇടവഴിയിലേക്കു കയറുകയായി.

ഇരുമ്പുപടിതുറന്ന് മുറ്റത്തേക്കുകയറിയ പാർത്ഥൻ ചവിട്ടു പടിയിൽ കാൽമുട്ടിൽ മുഖം പൂഴ്ത്തിയിരിക്കുന്ന, മടിയിൽ ഉറങ്ങുന്ന വിനീതനുള്ള രോഹിണിയെകണ്ട് അമ്പരന്നു.

താഴുതുറക്കുമ്പോൾ അയാൾ ചോദിച്ചു. ''നീ...?''

''ഞാനെഴുത്തിട്ടിരുന്നു. പാർത്ഥേട്ടൻ അതു മറന്നുവല്ലേ? ഇന്ന ലെ വരുമെന്ന പ്രതീക്ഷയായിരുന്നു.''

അപ്പോൾ മാത്രമാണ് അയാൾ രോഹിണിയുടെ എഴുത്തിനെക്കുറിച്ച് ഓർക്കുകയുണ്ടായത്.

"എനിക്കങ്ങോട്ട് മാറ്റമായി. ഉടനടി പാർത്ഥേട്ടൻ വരണം. സാധനങ്ങളെല്ലാം എത്തിയ്ക്കണമല്ലോ."

ഓഫീസിൽവെച്ച് കൂടുതുറക്കുകയുണ്ടായതിനാൽ അയാൾ പൊതുവെ അക്കാര്യമങ്ങുമറന്നു. പിന്നെ സന്ധ്യയോടെ ബാറിനകത്തേക്കുകയറി പറ്റിയപ്പോൾ എല്ലാം ഒരു വിസ്മൃതി മാത്രമായി.

ഉറങ്ങുകയായിരുന്ന വിനീതനെ രോഹിണി കസേരയിൽ കിടത്തി. പെട്ടി അകത്തേക്കുവെച്ച് അവൾ എതിരെയായി കസേരയിലിരുന്നു.

"പാർത്ഥേട്ടൻ വല്ലാതായിരിക്കുന്നു."

അപ്പോൾ പാർത്ഥൻ വെറുതെ പുഞ്ചിരിക്കാൻ ശ്രമിച്ചു. രോഹിണിയും മെലിഞ്ഞ് കോലംകെട്ടിരിക്കുന്നു. വിനീതനെ പ്രസവിച്ചപ്പോൾ കൊഴിഞ്ഞുപോയ മുടികൾ വീണ്ടും കിളുർത്തിട്ടേയില്ല. മുഖമാകെ വിളർത്ത് വിവശമായിരിക്കയാണ്.

"പാർത്ഥേട്ടൻ ഇപ്പോഴും കുടിക്കുന്നുണ്ടല്ലേ?"

അതവൾക്ക് പ്രത്യക്ഷത്തിൽ മുറിയിലെ അന്തരീക്ഷത്തിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്.

ജനാല ചേർത്തിട്ട മേശപ്പുറത്ത് ഗോൾഡ് മറൈന്റെ ഇത്തിരി ശേഷിച്ചഭാഗം കുപ്പിയുടെ അടിത്തട്ടിലിരുപ്പുണ്ട്. ഹണ്ടറിന്റെ വലിച്ചുതീർന്ന കുറ്റികളും ചാരവുമാണ് തറയിലെല്ലായിടത്തും. രോഹിണി കഴിഞ്ഞ പ്രാവശ്യത്തെ വരവിന് അലക്കിവെളുപ്പിച്ചിട്ട ജനാലവിരി അഴക്കുനിറഞ്ഞ് നാറ്റത്തുണിയായി കാറ്റത്ത് പാറുകയാണ്.

"നീ എപ്പോഴാണു വന്നത്?"

"ആറിനിവിടെ എത്തി. മോൻ, വന്നതുമുതൽ പാർത്ഥേട്ടനെ അന്വേഷിക്കുകയായിരുന്നു."

അവളതു പറഞ്ഞപ്പോൾ അയാൾ വിനീതന്റെ നെറുകയിലൂടെ വിരലോടിച്ചു. മോന്റെ ജന്മത്തിനുമുമ്പെ എന്റെ ജീവിതം ക്രൂരമായി അവസാനിക്കുമെന്നായിരുന്നു കരുതിയത്. എന്നാൽ അതു നടക്കുകയുണ്ടായില്ല. ആൾത്തിരക്കിൽ നിന്നൊഴിഞ്ഞു മാറിനടന്ന ഞാൻ ഇപ്പോൾ മിക്ക ആളുകളേയും പിന്നിലാക്കി മുമ്പോട്ട് പായുകയാണ്.

രോഹിണി ഒന്നും കഴിച്ചിരിക്കില്ല.

അവൾ ഇത്രയും നേരം കാത്തിരുപ്പാണെന്നോർത്തപ്പോൾ അയാൾക്ക് ദുഃഖം തോന്നി.

“ഇവിടെ ബ്രഡ്ഡുകാണും. ഇനി പുറമേന്ന് ഊണുകിട്ടാനും വിഷമമാണ്.”

മദ്യപിക്കുമ്പോൾ മേൽഭക്ഷണമായുപയോഗിക്കുന്ന റൊട്ടി തിന്നുകൊണ്ടിരിക്കുമ്പോൾ രോഹിണി വാചാലതയോടെ പലതും പറയുന്നുണ്ടായിരുന്നു.

അയാളിപ്പോൾ ഒരച്ഛനാണെന്നതുപോലും മറന്നിരിക്കുന്നു വെന്ന്. കൂടാതെ ഭാര്യയായ രോഹിണിയേയും. പിന്നെ മനുഷ്യനന്മയെ പരിപൂർണ്ണമായും അകറ്റി ഇരിക്കയാണ്.

തീറ്റ കഴിഞ്ഞ് പാർത്ഥൻ വീണ്ടും മുൻവശത്തേക്കുവന്നു. വിനീതൻ അപ്പോഴും ഉറക്കംതന്നെ.

സമയം പതിനൊന്നു കഴിഞ്ഞിരിക്കുന്നു. ശരിയ്ക്കു പറഞ്ഞാൽ പാർത്ഥൻ മിതമായ നിരക്കിൽ കുടിച്ച് വളരെ നേരത്തെ മുറിയിൽ എത്തിയിരിക്കുയാണ്. രണ്ടുമണി എന്നതാണ് മഹേന്ദ്രനുമായി വിടപറയുന്ന രാത്രിയിലെ നിശ്ചിതസമയം.

രോഹിണി മുറികൾ ഒന്നൊന്നായി അടിച്ചുവാരുകയാണ്. കൂട്ടത്തിൽ ആരെ എല്ലാമോ പഴിപറയുന്നുമുണ്ട്.

ഇനി ഇവിടെ രോഹിണിയുമൊത്താണ് ജീവിതം ആരംഭിക്കേണ്ടത്. പുതുതായുരുത്തിരിഞ്ഞുവന്ന പാർത്ഥനെ അവൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞെന്നുവരില്ല. എങ്കിലും പഴയ നല്ലവനായ, മനുഷ്യരുടെ ദുഃഖത്തെ സ്നേഹിച്ച പാർത്ഥനെ മാത്രം ഇഷ്ടപ്പെട്ടിരുന്ന അവൾക്ക് ഇനി ഏച്ചുകൂട്ടിയത് മുഴച്ചുനില്ക്കുന്നതു പോലുള്ള അവസ്ഥയാണുണ്ടാവുക.

അയാൾ പുതുതായൊരു സിഗരറ്റിന് തീ കൊടുത്തു. നാലുപാടുംനിന്ന് നഗരത്തിന്റെ മുഴക്കമാണ് കേൾക്കുന്നത്. അന്തിവിളക്കുകൾ മിന്നുമ്പോൾ കോസറികളിൽ പുരണ്ട അനേകം പുരുഷൻമാരുടെ വിയർപ്പുഗന്ധത്തോട് ഒരു രാത്രിയോടെ പുതുതായൊരാളുടേതും ചെന്നുചേരും.

പതിതരേയും കൈമോശംവന്ന ജീവിതത്തെ ഓർത്ത് വിലപിക്കുന്നവരേയും കണ്ട് നൊന്തുകരഞ്ഞ പാർത്ഥന്റെ അസ്തമയം എന്നോ കഴിഞ്ഞിരിക്കുന്നു.

വിഷം എന്റെ തൊണ്ടയിലൂടെ ഇരുമ്പ് പഴുപ്പിച്ചുരുക്കിയതുപോലെ താഴേക്കിറങ്ങിയപ്പോൾ യഥാർത്ഥത്തിൽ എന്റെ മരണമായിരുന്നു നടക്കുകയുണ്ടായത്. പിന്നീട് മരണക്കിടക്ക വിട്ടെണീറ്റുവന്ന പാർത്ഥൻ ലോകരെ മറന്ന, തന്റെ വഴിതേടിച്ചെല്ലുന്ന അയാൾക്കുപോലും അപരിചിതനായ മനുഷ്യനായിരുന്നു.

ഉറക്കം കണ്ണുകളിൽ വന്നുതട്ടുന്നുണ്ട്. അയൽവീട്ടിലെ ബ്രിട്ടീഷ്

പെയിന്റ്സിലെ ഉദ്യോഗസ്ഥയായ സ്റ്റെനോയുടെ മുറിയിൽനിന്ന് അടക്കിപ്പിടിച്ച പുരുഷന്റെ ചിരിയാണ് കേൾക്കുന്നത്. അപ്പുറത്തെ ടെറസ്സിൽ ആകാശത്തിലെ ഇത്തിരി പോന്ന ചന്ദ്രന്റെ നിലാവ് വീണു കിടക്കുന്നു.

പാർത്ഥൻ ജനാലയിലൂടെ പുറമേയ്ക്കുനോക്കി കിടപ്പായിരുന്നു. അപ്പോഴും അയാളുടെ മുന്നിൽ രോഹിണിയുയർത്തിയ ഒരു ചോദ്യമായിരുന്നു വിറച്ചുതുള്ളിക്കൊണ്ടിരുന്നത്.

വിനീതൻ ഗാഢമായ ഉറക്കത്തിലാണ്. രോഹിണി അയാൾ ചൂണ്ടനക്കുന്നത് കേൾക്കാനായി അത്യധികം ശ്രദ്ധയോടെ കിടപ്പാണ്.

"പാർത്ഥേട്ടൻ ഇങ്ങനെയൊന്നുമായിരുന്നില്ല. നാം പ്രതീക്ഷിക്കുന്നതും ആശിക്കുന്നതും ലോകത്ത് സംഭവിച്ചെന്നുവരില്ല പക്ഷേ ആരേയും നോവിക്കാതെ നമുക്കും ഇവിടെ ജീവിക്കണം പാർത്ഥേട്ടാ..."

"എനിക്കിനി ഇങ്ങനെ ഒക്കെയേ ജീവിക്കാനാവൂ..."

"പക്ഷേ ഇതൊരു ജീവിതമല്ല പാർത്ഥേട്ടാ..."

"നീ ഉറങ്ങാൻ ശ്രമിയ്ക്ക്..."

അവൾ പറഞ്ഞുവന്നതുതന്നെ പുതുതായൊരു ജീവിതക്രമീകരണത്തെക്കുറിച്ചായിരുന്നു. വരുമാനംകൊണ്ട് ആരേയും ദ്രോഹിക്കാതെ സുഭിക്ഷമായി സംതൃപ്തിയോടെ കഴിഞ്ഞുകൂടാനാവും. കഴിഞ്ഞകാലങ്ങളെ ഒരനുഭവപാഠമായി ഉൾക്കൊണ്ട് നാം കരുതി ജീവിച്ചേ പറ്റൂ. ഈ ലോകം ഒരുനിമിഷത്തിൽ പതുക്കിപ്പണിയാവുന്നതോ ഒരാ ളുടെ ത്യാഗംകൊണ്ട് ആശയങ്ങളെ സാക്ഷാത്കരിക്കാവുന്നതോ ആയ ഒന്നുമല്ല.

പാർത്ഥൻ ഇരുട്ടിലേക്കു തന്നെ തുറിച്ചുനോക്കിക്കൊണ്ട് കിടന്നു. കൈ എത്തിച്ച് അയാളുടെ വിരലുകളെ കോർത്തുപിടിച്ച രോഹിണി ഉരുട്ടത്ത് മദ്യഗന്ധമുള്ള പാർത്ഥന്റെ ചുണ്ടത്ത് മുത്തമിടുമ്പോൾ പറഞ്ഞു.

"ഈ നശിച്ച നാറ്റം കാരണം..."

വളരെ നാളായി നിർത്തിവെച്ച ഒരു കൃത്യനിഷ്ഠയെ അവർ വീണ്ടും തുടരുകയായിരുന്നു. കല്യാണം കഴിച്ച് ലജ്ജകളഞ്ഞ പെൺകുട്ടി അയാളുടെ കണ്ണുകളിലേക്ക് വലിഞ്ഞുകയറിയ ഉറക്കത്തെ ഒരിക്കൽകൂടെ ആട്ടിയോടിക്കുകയായിരുന്നു.

പുറത്ത് അപ്പോഴും നടുരാത്രിയാണ്. ആളുകൾ ഉറങ്ങുമ്പോൾ പട്ടികൾ ചന്ദ്രനെക്കണ്ട് മോങ്ങുന്ന രാത്രി.

നാൽപത്തിമൂന്ന്

വീട്ടിൽ രോഹിണി വരുത്തിയ പരിഷ്ക്കരണം താളക്രമത്തെയെല്ലാം തെറ്റിച്ചിരിക്കുന്നു. അവൾ ഭാര്യയുടെതായ ആധിപത്യം സ്ഥാപിക്കുന്നതിനുള്ള ശ്രമമാണ് നടത്തുന്നതെന്നു തോന്നുന്നു.

പതിവുപോലെ പാർത്ഥൻ ചുവരലമാര തുറക്കാനായി ചെല്ലുകയായി. എന്നാൽ ശൂന്യമായ അറകളായിരുന്നു അയാൾക്കു കാണാൻ കഴിഞ്ഞത്. കുടിച്ചുതീർന്ന് ഒഴിഞ്ഞ കുപ്പികളെല്ലാം തന്നെ അപ്രത്യക്ഷമായിരിക്കുന്നു.

മേൽത്തട്ടിൽ പൗഡറു തൊട്ടുള്ള മുഖംമിനുക്ക് സാധനങ്ങളാണ്. താഴത്തെ അറയിൽ പേപ്പർ വിരിച്ച് വെടിപ്പാക്കിയിരിക്കുന്നു.

പാതിയോളം ഗോൾഡ് മറൈനുള്ള കുപ്പി രോഹിണി എങ്ങോ മാറ്റി വെച്ചിരിക്കുന്നു. അതു കണ്ടപ്പോൾ അയാൾക്ക് അരിശമാണ് വന്നത്.

അടുക്കളയിൽ പ്രാതലൊരുക്കുകയായിരുന്ന രോഹിണി അയാളുടെ വരവറിഞ്ഞ് തിരിഞ്ഞുനിന്നു. അവൾ സ്വാഭാവികതയോടെ ഒരു ചോദ്യമുയരുന്നതിനു മുമ്പേ പറഞ്ഞു:

''ഞാനത് പിൻവശത്തെ തെങ്ങിൻ ചോട്ടിലൊഴിച്ചു. മോനെ കുരുതിയെങ്കിലും പാർത്ഥേട്ടനിത് ഉപേക്ഷിക്കൂ...''

''നീ എന്നെ ആട്ടിത്തെളിക്കാൻ വരരുത്. എന്റെ മുന്നിൽ നീയും തടസ്സമാണെങ്കിൽ ഞാനെല്ലാ ബന്ധങ്ങളേയും വലിച്ചെറിയും.''

അവൾ അപ്പോൾ ദൈന്യമായ അമ്പരപ്പോടെ അയാളെ തറച്ചു നോക്കുകയേ ഉണ്ടായുള്ളൂ. ശരിയായി പല്ലുതേപ്പുപോലും നടത്താതെ അയാൾ തെരുവിലേക്കിറങ്ങുകയായി. പിന്നീട് നേരെ ഷാപ്പിലേയ്ക്കും.

വെള്ളം പോലും കലർത്താത്ത പരുക്കൻ ദ്രാവകം കുടലിലേക്കിറങ്ങുമ്പോൾ തലയോടുപോലും പുകഞ്ഞ് നീറുകയായിരുന്നു. ആരോടോ പക തീർക്കാനെന്നോണം അയാൾ പലതവണ നിറഞ്ഞ ഗ്ലാസ്സുകളെ കാലിയാക്കി.

ഷാപ്പിലെ ബെഞ്ചിൽ നിന്ന് താഴേക്കിറങ്ങുമ്പോൾ സമയം പത്തു കഴിഞ്ഞിരുന്നു. അന്ന് പ്രവർത്തനദിവസമാണെന്ന തോന്നലോടെ വായുവിൽ പറന്നുപോവുന്ന കാലുകളെ പണിപ്പെട്ട് അധീനതയിലാക്കാൻ ശ്രമിച്ച് അയാൾ തെരുവിലേക്കിറങ്ങി.

തെരുവ് ആൾക്കൂട്ടത്തെകൊണ്ടും വാഹനങ്ങളെകൊണ്ടും നിറഞ്ഞുകുമിഞ്ഞിരിക്കുന്നു. രാത്രി ഹാളിനകത്ത് കാബറേനർത്തകി തുടയും മാറുംകാട്ടി ആടിത്തിമർത്തപ്പോൾ ഉടമസ്ഥരെക്കാത്ത്

വായുവിലെ അഴുക്കടിഞ്ഞുകൂടിയ കാറുകൾ പ്രഭാതത്തിന്റെ വരവോടെ പൊടിയും കാക്കക്കാഷ്ഠവും തേച്ചു കളഞ്ഞ് വെയിലേറ്റ് മിന്നിത്തിളങ്ങുകയാണ്.

നിരത്ത് മുറിച്ചുകടക്കുമ്പോൾ പാർത്ഥൻ പലവാഹനങ്ങളുടേയും കാര്യക്ഷമതയെ പരിശോധിക്കുകയുണ്ടായി. അതിനകത്തിരുന്നവർ ആട്ടിത്തുപ്പി അസഭ്യം പറഞ്ഞ് താക്കീതോടെ അകന്നപ്പോൾ പാർത്ഥനും സകലർക്കും ഒരു താക്കീതും മുന്നറിയിപ്പുമായി തെരുവിലൂടെ ബുദ്ധികെട്ട് അലഞ്ഞുതിരിയുകയായിരുന്നു.

ഇവിടേയും സിവിൽസ്റ്റേഷനിലെ മേൽത്തട്ടിൽ തന്നെയാണ് ഓഫീസ്. സദാ കൃഷ്ണനാമമുരുവിടുന്ന, മാസാമാസം തിരുപ്പതിയിലേക്കു ചെല്ലുന്ന ഓഫീസർ. വിഭാര്യനും ചിന്മയാമിഷൻ അംഗവുമായ സൂപ്രണ്ട്. അവിവാഹിതയും കോന്ത്രമ്പല്ലിയുമായ, എന്നാൽ സൗര്യറാണിയാണെന്ന് ഭാവവുമുള്ള ടൈപ്പിസ്റ്റ്. പിന്നെ കുഞ്ഞുങ്ങൾ ധാരാളമുള്ള മൗനമായി പരാധീനതകളെ വിഴുങ്ങുന്ന പ്യൂൺ ചാത്തുവാണ്.

ഓഫീസ് വരാന്തയിൽ തിങ്ങിക്കൂടിനിന്ന ആളുകൾ പാർത്ഥന്റെ വരവു കണ്ടപ്പോൾ പുറത്തു പറയാനാവാത്ത വെറുപ്പുമായി വഴി ഒതുങ്ങി.

വാതിൽക്കലും തുടർന്ന് മേശയിലും അമർത്തിപ്പിടിച്ച് കുഴഞ്ഞു തളർന്നതുപോലെ കസേരയിലിരുന്നപ്പോൾ അയാൾ തലയുയർത്തി ചുറ്റുപാടും നോക്കുകയുണ്ടായില്ല.

അംബിക കീബോർഡിൽ നിന്ന് വിരലുകൾ മാറ്റി ഭീതിയോടെ വരാന്തയിലേക്കിറങ്ങി നിൽപ്പാണ്. സൂപ്രണ്ട് ഓഫീസറുടെ മുറിയിലേയ്ക്ക് തിരക്കിട്ട് പാഞ്ഞുചെന്നിരിക്കുന്നു. വാതിൽക്കൽ തടിച്ചുകൂടിയ കാഴ്ചക്കാരായ ജനത്തെ തടഞ്ഞുനിർത്താനുള്ള പാഴ്ശ്രമത്തിലാണ് ചാത്തു.

പാർത്ഥന് തലയുയർത്താൻ ശ്രമിച്ചിട്ടും അതിനായില്ല.

സൂപ്രണ്ട് വീണ്ടും കസേരയിൽ ചെന്നിരിക്കുകയും ഏറെനേരം അവജ്ഞയോടെ അയാളെ നോക്കുകയും തുടർന്ന് നിശ്വാസമുതിർത്ത് തന്റെ പണി തുടരുകയുമായി. സൂപ്രണ്ടിന്റെ വരവിനുശേഷം അംബികയുമെത്തി. എന്തോ സംഭവിക്കുമെന്നുഭാവിച്ച് ഉൽക്കണ്ഠാകുലരായി നിന്ന ജനം തിരക്കിട്ട് അവരവരുടെ ജോലികൾ തീർക്കാനായി വഴിതിരിഞ്ഞു നടന്നു.

ഓഫീസർ മുൻവശത്തേക്കുവന്ന് പാർത്ഥന്റെ കിടപ്പുകണ്ട് വീണ്ടും ഹാഫ് ഡോറിനപ്പുറത്തേക്കു പോയി.

പാർത്ഥന്റെ തലയുയർത്താനും പരിസരബോധം നേടിയെടു

ക്കാനുമുള്ള ശ്രമങ്ങൾ ഒന്നൊന്നായി പരാജയപ്പെടുകയായിരുന്നു. അയാൾ പതുക്കെ ഉറക്കത്തിലേക്ക് വഴുതിവീണു. ഉറക്കത്തിനു തുടർച്ചയായി നാലുദിക്കിലും കേൾപ്പിക്കുന്നവിധം കൂർക്കം വലിയും ഉയരുകയായിരുന്നു.

പാർത്ഥൻ ഉണരുമ്പോൾ മദ്ധ്യാഹ്നം പിന്നിട്ടിരുന്നു. അംബിക അവധിയെടുത്ത് യാത്രയായിരിക്കുന്നു. സൂപ്രണ്ട് ഓഫീസറുടെ മുറിയിൽ തന്നെയാണ്.

അപ്പോഴും അയാളുടെ ശിരസ്സിനകത്ത് കല്ലുരൽ ഏറ്റിവെച്ചതു പോലെ കനപ്പായിരുന്നു. പതുക്കെ പതുക്കെ ഒന്നിനുപിമ്പെ മറ്റെ ന്നോണം കാര്യങ്ങളെല്ലാം വ്യക്തമാകുന്നുണ്ട്.

കുറച്ച് താമസിച്ചാണെങ്കിലും കാലത്തുതന്നെ ഓഫീസിലെത്തി യിട്ടും രജിസ്റ്ററിൽ ഒപ്പിടുകയേ ഉണ്ടായില്ല. ഇനി അതിനു സാദ്ധ്യവു മാവില്ല.

അയാൾ വലിപ്പുതുറന്ന് അവധിക്കത്തെഴുതാനിരുന്നു.

കാലത്ത് ഒന്നും കഴിക്കാത്തതിനാൽ കഠിനമായ വിശപ്പാണ് തോന്നുന്നത്. എല്ലാം വെച്ചൊരുക്കി കാത്തിരുന്ന രോഹിണി എന്റെ പങ്ക് ഇപ്പോഴും കരുതിവെച്ചിരിക്കും.

അവളാണ് എല്ലാറ്റിനും കാരണക്കാരിയായി തീർന്നിരിക്കുന്നത്. അലമാരയ്ക്കകത്ത് കുപ്പി ഉണ്ടായിരുന്നുവെങ്കിൽ പുതുതായൊരു സംഭവവികാസം സൃഷ്ടി ക്കാതെ അയാൾ ഓഫീസിലേക്ക് വരുകയാവും.

പാർത്ഥൻ അവധിക്കത്തുമായി ഹാഫ് ഡോർ കടന്ന് ഓഫീ സറുടെ മുമ്പിലെത്തി. കത്തുവായിച്ച് കസേരയിൽ ലേശം പിന്നാ ക്കം ചായ്ഞ്ഞിരുന്ന ഓഫീസർ പതിയെ എണ്ണിത്തിട്ടപ്പെടുത്തിയ വാക്കുകളുരച്ചു :

"പാർത്ഥൻ ഇന്നെന്താ ഇവിടെ നടത്തിയതെന്ന് ഓർക്കു ന്നുണ്ടോ? ഇതൊരോഫീസാണ്. കള്ളുഷാപ്പോ ചാരായഷാപ്പോ അല്ല."

"അതെനിക്കറിയാം..."

"അപ്പോൾ എല്ലാമറിഞ്ഞിട്ടു തന്നെയാണല്ലേ?"

സൂപ്രണ്ടിന്റെ വാക്കുകളെ തടഞ്ഞ് ഓഫീസർ തുടർന്നു:

"പാർത്ഥൻ എന്നും മദ്യപിച്ചിട്ടാണ് ഇവിടെ വരുന്നത്. എനിക്ക് മേൽ നടപടികൾ സ്വീകരിക്കാൻ കഴിയാഞ്ഞിട്ടല്ല. ഇത്രയും കാലം ക്ഷമാപൂർവ്വം കാത്തിരിക്കുകയായിരുന്നു. എന്നാൽ ഇന്ന്..."

നാട്ടുകാർക്കു മുഴുക്കെ വെള്ളകോളറുകാർ കാട്ടിക്കൂട്ടുന്ന സംഭവ

വികാസങ്ങളെക്കുറിച്ച് വളരെ അധികം വർണ്ണിച്ച് പറയാനാണു ണ്ടാവുക. ഉപ്പിനുവരെ സർക്കാർ അടിച്ചേല്പിക്കുന്ന നികുതി പ്രാണഭീതിയോടെ സന്മനസ്സുകാട്ടി ഒടുക്കിത്തീർക്കുമ്പോൾ അവ മദ്യപാനികൾക്കും പണിയെടുക്കാതെ ഇസ്തിരിയിട്ട കുപ്പായങ്ങൾ മാത്രം ധരിച്ചുനടക്കുന്ന വിദൂഷകപരിഷകൾക്കും വീതിച്ച് പാഴിലാ യിത്തീരുകയാണെന്ന് അവർക്ക് പറയാം.

പൊതുവെ സിവിൽ സ്റ്റേഷനിലെ വിഭിന്ന ഓഫീസുകളിലേക്ക് വാർത്തകൾ വൈദ്യുതിയുടെ വേഗത്തിലാണ് സഞ്ചരിക്കുന്നത്. പ്രണയേതിഹാസങ്ങളും വീരകർമ്മങ്ങളും കാന്റീനിൽ വെച്ച് കൈ മാറി പല ഓഫീസുകളിലും ചർച്ചാവിഷയമായി ഒരു ദിവസത്തിന്റെ അവസാനത്തോടെ പ്രസക്തി നഷ്ടപ്പെട്ട് പിന്തള്ളപ്പെടുകയാണ് പതിവ്.

‘‘ഇതിനി തുടർന്നുകൊണ്ടുപോവാനാവില്ല...’’

‘‘സാറിന് എന്തു നടപടിയെടുക്കാനാവും...? ഏറിയാൽ കുറച്ചു കാലം സസ്പെൻഷനും ഇൻക്രിമെന്റ് കട്ടാക്കലും മറ്റുമല്ലേ...?’’

‘‘അപ്പോൾ ഞങ്ങൾ ഇത്രയുംകാലം ക്ഷമിച്ചിരുന്നതായിരുന്നു വല്ലേ തെറ്റ്...?’’

ഓഫീസർ വീണ്ടും ചിലതു പറയുകയുണ്ടായി. തന്റെ കഴിഞ്ഞ കാലത്തെ ഓർത്താണ് ഇത്രയും കാലം വെച്ചുപൊറുപ്പിച്ചത്. ഇനി മേൽ നടപടികൾ സ്വീകരിച്ചേ പറ്റൂ.

അവധിക്കത്ത് തിരികെ വാങ്ങിച്ച് സീറ്റിലേക്കു നടക്കുമ്പോൾ പാർത്ഥൻ ഒരുറച്ച തീരുമാനം കൈക്കൊണ്ടിരുന്നു.

ആരോരും വിലമതിക്കാത്ത ഈ ഗുമസ്തനുദ്യോഗം അജീർണ്ണം ബാധിച്ച ആമാശയത്തെപ്പോലെ അറുത്തു നീക്കാനാവാഞ്ഞ് ഇത്രയും കാലം ഏറ്റിനടപ്പായിരുന്നു. ഒന്നിനും തികയാത്ത മാസ വരുമാനം മറ്റു മാർഗ്ഗങ്ങളെ ഇല്ലാതാക്കുകയാണ് ചെയ്യുന്നത്.

രാജിക്കത്തെഴുതി മേശപ്പുറത്തു വെച്ചപ്പോൾ ഓഫീസർ അമ്പര പ്പോടെ മുഖത്തേക്കു നോക്കുകയായിരുന്നു.

‘‘ഒന്നുകൂടി ചിന്തിക്കൂ പാർത്ഥൻ...’’

അയാൾ പലപ്പോഴുമായി എത്രയോ തവണ ഇത്തരമൊരു സന്ദർഭത്തക്കുറിച്ച് ചിന്തിക്കുകയുണ്ടായിട്ടുണ്ട്. അപ്പോഴെല്ലാം അനാവശ്യമായ ഭീതിയായിരുന്നു അലട്ടിക്കൊണ്ടിരുന്നത്.

തെരുവിലേക്കിറങ്ങിയപ്പോൾ പാർത്ഥന് സംതൃപ്തിയാണ് തോന്നിയത്. പതിവായി നടന്നുകയറിയ ഈ വഴികളെല്ലാം ഇനി എന്റെ മു ന്നിൽ അപരിചിതമായി ത്തീർന്നിരിക്കയാണ്. മഹേന്ദ്രൻ വാഗ്ദാനം നല്കിയ ജോലി ഉടനടി ശരിപ്പെടുത്താനുള്ള

സാദ്ധ്യതകളെയാണ് ആരായേണ്ടത്. വിവരമറിയുമ്പോൾ രോഹിണി ചകിതയായി നില്ക്കും. അവൾ വീണ്ടും അന്യതാബോധത്തിലേക്ക് തന്നെയാണ് ചെന്നു വീഴുക. രോഹിണി ഒരു പക്ഷേ ജോസഫിനെഴുത്തിടുകയുണ്ടാവും. അയാ ൾ എന്നേ ഇതു പ്രതീക്ഷിച്ചതാണെന്നു പറഞ്ഞ് എന്നെ കുറേ ഉപദേശിച്ചെന്നിരിക്കും.

തീ ആളുന്ന വെയിലാണ് ആകാശത്തു നിന്നുതിരുന്നത്. മൈതാനത്തിലെ പുൽനാമ്പുകളെല്ലാം തന്നെ കരിഞ്ഞു പോയിരിക്കുന്നു. വൃക്ഷച്ചുവട്ടിൽ തണ്ണിമത്തൻ വിൽക്കുന്ന വൃദ്ധന്റെ ചുറ്റിലും നടന്നു ക്ഷീണിച്ചവർ കൂട്ടംചേർന്നു നിൽപ്പുണ്ട്.

ഇവിടെ സമത്വസുന്ദരത ആശയമായിത്തീരുന്നതോടൊപ്പം തന്നെ തിന്നാനില്ലാതെ ഭാഗ്യാന്വേഷികളായി അലയുന്ന ജനങ്ങളിൽനിന്ന് ചെറിയ തുക തട്ടിപ്പറിച്ച് ഖജനാവു നിറയ്ക്കാനുള്ള ശ്രമം നടത്തുകയാണ്.

ഞാനും കുറേക്കാലം ലോട്ടറി ഓഫീസിലെ കണക്കെഴുത്തു ഗുമസ്തനായിരുന്നുവല്ലോ.

ഇവിടേയ്ക്ക് പൊടുന്നനെ സ്ഥലംമാറ്റ കല്പനയുമായി വരുകയായിരുന്നു. ഇപ്പോൾ അതേമാതിരിയാണ് അകലുന്നതും.

വിവരമറിഞ്ഞപ്പോൾ രോഹിണി മൗനം തുടരുകയായിരുന്നു.

"പാർത്ഥേട്ടൻ വരൂ... ഊണുകഴിക്കാം..."

കാപ്പികുടി നേരത്ത് വിറങ്ങലിച്ച ചോറിന്റെ മുമ്പിൽ ഉണ്ണാനായി അയാളിരുന്നു. ചാരായം യാതൊരു തടസ്സവുമില്ലാതെ അകത്തേക്കിറങ്ങിയതിനാലാവും നാവ് വിറങ്ങലിച്ചും കൊണ്ടാണ്, ആളിക്കത്തുന്ന വിശപ്പ് ലോകങ്ങളെ മുഴുവൻ കീഴടക്കാൻ പോന്നതാണ്.

വാരിവലിച്ച് ആർത്തിയോടെ ഭക്ഷണത്തിന്റെ പകുതിയോളം തിന്നുതീർത്ത് ഒരു മൊടക്ക് വെള്ളം അകത്തേക്കിറക്കിയതിനു ശേഷം അയാൾ പറഞ്ഞു: "നല്ലൊരു ജോലി ഇനി കണ്ടെത്തേണ്ടിയിരിക്കുന്നു. വിലയും നിലയുമുള്ള ജോലി."

അപ്പോൾ രോഹിണി പുഞ്ചിരിക്കുകയേ ഉണ്ടായുള്ളൂ. ഇനി തനിക്കു ചെന്നെത്താനാവാത്തവിധം പാർത്ഥൻ അകന്നിരിക്കുന്നുവെന്ന് അവൾ അറിഞ്ഞു.

കൈകഴുകി മുറ്റത്ത് കസേരപിടിച്ചിട്ട് സന്ധ്യ കനക്കുന്ന ആകാശത്തെ നോക്കിക്കൊണ്ട് പാർത്ഥനിരുന്നു. അകത്ത് വിനീതൻ ശാഠ്യത്തോടെ രോഹിണിയോട് എന്തിനോ ആയി കലമ്പൽകൂട്ടുകയാണ്. ഇടവഴി മോടിപിടിപ്പിച്ച് കെട്ടിഒരുങ്ങി സ്വയം പ്രദർശനവസ്തുവായിത്തീർന്ന ജനങ്ങളെക്കൊണ്ട് നിറഞ്ഞിരിക്കുന്നു.

അമ്മായി തിരികെ നാട്ടിലേക്ക് പോവുമ്പോഴായിരുന്നു.

ഈ ആൾത്തിരക്കിൽ നിന്നകന്നുമാറാനായി അങ്ങോട്ടേയ്ക്ക് ക്ഷണിക്കുകയായിരുന്നു.

"നിക്ക് രേണൂം നിയും ഒരുപോലന്യാ. ഉള്ള വസ്തുന്റെ ഭാഗം രണ്ടാക്കണംന്നല്യേള്ളൂ. ദ് അവൾക്കും ഷ്ടന്യാവും."

രേണുകയോ ഗംഗാധരനോ അമ്മായിയോട് എതിരുപറഞ്ഞെന്നു വരില്ല. അരുനില്ക്കുകയാണുണ്ടാവുക.

എന്നിട്ടും ഞാൻ ഇവിടെത്തന്നെ കുരുങ്ങിക്കിടന്ന് നഷ്ടപ്പെട്ട ഭൂമിയെ പിടിച്ചുപറ്റാനായി ഒരു യുദ്ധസന്നാഹം ഒരുക്കുകയായിരുന്നുവല്ലോ.

മഹേന്ദ്രൻ കണിശമായും ജോലി ശരിപ്പെടുമെന്നാണ് പറഞ്ഞത്. ഇന്നല്ലെങ്കിൽ അടുത്തൊരു നിമിഷത്തിൽ ഇപ്പോഴത്തെ ജോലി രാജിവെയ്ക്കേണ്ടതുതന്നെയാണ്.

സൂപ്രണ്ട് ഇരുമ്പുപടിതുറന്ന് അകത്തേക്കുവന്നപ്പോൾ പാർത്ഥൻ എണീറ്റു.

"പാർത്ഥനിരിക്കൂ, മറ്റൊരു കസേരകൂടി കൊണ്ടുവന്നാൽ മതി..."

അകമുറിയിൽ നിന്നു പിടിച്ചിട്ട കസേരയിലിരിക്കുമ്പോൾ പാർത്ഥൻ സൂപ്രണ്ടിന്റെ വരവിനെക്കുറിച്ചാണോത്തത്.

എന്റെ രാജിവെയ്പ് സിവിൽ സ്റ്റേഷനിൽ മുഴുക്കെ ഒരു കോലാഹലമാണ് സൃഷ്ടിക്കുക. പലർക്കും തൊഴിലില്ലാതെ തെരുവുകളിൽ തെണ്ടിനടക്കുന്ന പുരുഷാരത്തെക്കുറിച്ചാണ് പറയാനുണ്ടാവുക.

"ഓഫീസർ രാജി അംഗീകരിച്ചിട്ടില്ല. എന്നോട് പാർത്ഥനെ വന്നു കാണാൻ പറയുകയായിരുന്നു."

"പക്ഷേ എന്റെ തീരുമാനത്തിന് മാറ്റമൊന്നുമില്ല."

"പാർത്ഥൻ നല്ലതുപോലെ ചിന്തിക്കൂ." അപ്പോഴേയ്ക്കും പുതുതായൊരാളിന്റെ സ്വരംകേട്ട് രോഹിണിയും വാതില്ക്കൽ വന്നു നിന്നു. അവളുടെ സാരിത്തുമ്പിൽ ഇറുകെ പിടിച്ച വിനീതൻ അപരിചിതനെക്കണ്ട് അകമുറിയിലേക്കോടി.

പാർത്ഥന് തന്റെ ചെയ്തിയെ മാറ്റുരച്ചു നോക്കേണ്ട ആവശ്യം തോന്നിയില്ല. ഭാഗ്യഹീനരുടേയും നിന്ദിതരുടേയും നടുക്കുനിന്നുള്ള മോചനമായാണ് അയാൾ കരുതുകയുണ്ടായത്.

സസ്പെൻഷനുശേഷം ജോലി തിരികെ ലഭിച്ചപ്പോഴും ഔദാര്യപൂർവ്വം അതങ്ങുപേക്ഷിക്കാനാണ് തോന്നുകയുണ്ടായത്. അപ്പോൾ രേണുകയ്ക്കും ഗംഗാധരനുപോലും ആശ്ചര്യമായിരുന്നു.

ഇപ്പോൾ ഒരിക്കൽ കൂടെ ഞാൻ സകലരേയും അത്ഭുതപ്പെടുത്തിയിരിക്കുന്നു.

"ഇതൊരു വിഡ്ഢിത്തമായിത്തീരരുത്. ഇത്രയും കാലത്തെ സർവ്വീസ് കളഞ്ഞു കുളിക്കരുത്."

"സൂപ്രണ്ട് പോവൂ. അയാളോട് അതങ്ങയയ്ക്കാൻ പറയൂ. ഏതായാലും ഞാനിപ്പോൾ കുടിച്ചിട്ടൊന്നുമില്ല."

തെരുവു വിളക്കുകൾ പ്രകാശിക്കുന്ന വഴിയിലൂടെ അയാൾ നടന്നകന്നു. രോഹിണി എതിരെവന്ന് കസേരയിലിരുന്നപ്പോൾ പാർത്ഥൻ ഒരു തരത്തിൽ അവളേയും ഭയത്തോടേയായിരുന്നു വീക്ഷിച്ചത്.

"ഞാൻ പാർത്ഥേട്ടനോടിതുവരെ രാജിവെച്ചതിനെക്കുറിച്ച് സംസാരിച്ചിട്ടേ ഇല്ല..."

"അതെനിക്കറിയാം."

"പാർത്ഥേട്ടന് ജോലിയില്ലെങ്കിലും എന്റെ ശമ്പളം കൊണ്ട് നമുക്ക് സുഖമായി കഴിയാനാവും. പക്ഷേ പാർത്ഥേട്ടൻ സ്വയം നശിക്കാൻമാത്രം തയ്യാറാകരുത്."

അതുപറഞ്ഞു തീർന്ന് രോഹിണി അണമുറിയെ കരയുകയായിരുന്നു. അവളുടെ കണ്ണീരൊലിച്ചമുഖം സന്ധ്യവീണ് കനത്തു വിങ്ങി. പാർത്ഥൻ അപ്പോഴും മൗനം തുടർന്നു.

ഈയ്യിടെയായി എന്റെ വേണ്ടപ്പെട്ടവർ എനിക്കുവേണ്ടി ദുഃഖിക്കുന്നെങ്കിൽ തന്നെയും അവരോടൊത്തു ചേരാൻ കഴിയുന്നേയില്ല.

ഇടവഴിയിലെ മനുഷ്യർ അകത്തേക്ക് പാളിനോക്കുന്നതു കണ്ടാവണം രോഹിണി എണീറ്റ് പോവുകയുണ്ടായത്. ഇരുന്നു മടുത്തപ്പോൾ പാർത്ഥൻ എണീറ്റു.

മഹേന്ദ്രൻ വൈകീട്ട് ബാറിൽ കാണാമെന്നാണ് പറഞ്ഞിരിക്കുന്നത്. ദ്രുതഗതിയിൽ ചലനങ്ങൾ നടന്നാലേ ജോലി കഴിവതും വേഗം ശരിപ്പെടൂ.

മഹേന്ദ്രനോടൊത്ത് കെ.എമ്മിനേയും ചെന്നുകാണേണ്ടിയിരിക്കുന്നു. അതിൽപിന്നീട് വകുപ്പുമന്ത്രിയേയും.

രോഹിണിയോട് യാത്രപറഞ്ഞാൽ അവൾ തടസ്സം പിടിക്കുമെന്ന തോന്നാലാടെ, അവളുടെ വിങ്ങിച്ചുവന്ന് കോടിയമുഖം കാണാൻ മടിച്ച് പാർത്ഥൻ തെരുവിലേക്കിറങ്ങുകയായിരുന്നു.

കൂപ്പുമുതലാളിയുടെ ആവശ്യ പ്രകാരം മഹേന്ദ്രനും കെ.എമ്മും തിരുവനന്തപുരത്തായിരുന്നു. അവർ എന്നു മടങ്ങുമെന്ന് പറയാനാവില്ലെന്നാണ് ഓഫീസിലെ പ്യൂൺ പറഞ്ഞത്.

രാത്രി ഇരുട്ടിലേയ്ക്കും തുടർന്ന് നിശബ്ദതയിലേയ്ക്കും വികസിക്കുന്നതറിയാതെ പാർത്ഥൻ തെരുവിലൂടെ നടക്കുകയായിരുന്നു.

ഓഫീസിലെ സംഭവങ്ങളും തുടർന്നുള്ള സൂപ്രണ്ടിന്റെ വരവും അയാൾ ഓർത്തുകൊണ്ടേ നടന്നു.

ഡോക്ടർ പത്മനാഭന്റെ മകൻ ഇപ്പോൾ തെരുവാധാരമാക്കപ്പെട്ടിരിക്കയാണ്. ഇത്രയും കാലത്തെ കർമ്മനിരത മാത്രമല്ല ജീവിതവും ജീവിതവീക്ഷണവുമാണ് അന്യം നിന്നുപോയിരിക്കുന്നത്. ഈ നഗരത്തിൽ എന്റെ സുഹൃദ്വലയം വളരെ പരിമിതമായ തോതിൽ വ്യാസം തീരെ ചുരുങ്ങിയാണ് നിലകൊള്ളുന്നത്.

ഇസ്മായിൽസേട്ടിന്റെ സാമ്രാജ്യത്തിൽ ആദ്യമായി കാലുകുത്തിയപ്പോൾ എന്റെ വരവറിഞ്ഞ് യൂണിയൻ ഭാരവാഹികൾ ഉത്സാഹപൂർവ്വം കോണിപ്പടികളെ ചവിട്ടിത്തള്ളി ഇരച്ചുകയറി വരുകയായിരുന്നു.

മാറ്റകല്പന കൈപ്പറ്റി ഇറങ്ങുന്നതിനുമുമ്പേ കഴിഞ്ഞകാല കഥകൾ ഓഫീസുകളിൽ പ്രചുരപ്രചാരമാർജ്ജിച്ചിരുന്നു.

തികച്ചും ഒറ്റപ്പെട്ടതുപോലെ ഒരു ദ്വീപുനിവാസി ആയിത്തീർന്നിരിക്കയാണ് ഞാൻ.

അയാൾ കൈത്തണ്ടയുയർത്തി പണിപ്പെട്ട് സമയം തിട്ടപ്പെടുത്തി. ടൌൺ ബസ്സുകളുടെ ഓട്ടം നിലച്ചതിനാൽ നിരത്തിൽ അത്രകണ്ട് ആൾത്തിരക്കില്ല. 'എയർലൈൻസ്' ഹോട്ടലിനപ്പുറത്തെ തിയ്യേറ്ററിൽ ഇടവേളയാണെന്നുതോന്നുന്നു.

പാർത്ഥന് കുറേദൂരം, വ്യക്തമായ ലക്ഷ്യവും ആവശ്യവുമില്ലാതെ നടക്കാനാണ് തോന്നിയത്. അയാൾ അതങ്ങ് ചെയ്യുകയും ചെയ്തു. കണ്ണിൽപ്പെട്ട ഇടവഴികളിലൂടേയും തെരുവുകളിലുടേയും ഉപേക്ഷിച്ചതെന്തോ തിരഞ്ഞെടുക്കാനാണെന്ന ഭാവത്തിൽ അയാൾ അലഞ്ഞുതിരിയുകയായിരുന്നു.

ബാറിൽ തനിച്ചിരുന്ന് കുടിക്കുമ്പോൾ തീവ്രമായ വീർപ്പുമുട്ടലുമായി ഉരുണ്ടുപിരണ്ടെണീറ്റുവന്ന അസ്വസ്ഥതയായിരുന്നു അയാളെ ഭരിച്ചത്. നാലുപാടും ആളുകളുണ്ടായിരുന്നിട്ടും ഒന്നുറക്കെ കരയാനാണ് തോന്നുകയുണ്ടായത്.

രേണുകയെ ചുറ്റിപ്പറ്റി, അമ്പലക്കുളവും ആറാട്ടുപറമ്പുമുള്ള എന്നിൽ നല്ലതും തിയ്യതും കണ്ടെത്താൻ പഠിപ്പിച്ച നാട്ടിമ്പുറത്തെ ഓർമ്മകളായിരുന്നു.

ഭക്തവത്സലൻ മാഷ് ഒരുനാൾ വായനശാല ഉപേക്ഷിക്കു കയായിരുന്നുവത്രേ. പൂതൽ കയറി താളുകൾ ആദ്യന്തം പിഴുതുപോയ പുസ്തകങ്ങൾ അയാളുടെ ജീവിതത്തെപ്പോലെ ഗതികിട്ടാപ്രേതമായി അടിഞ്ഞുകിടക്കുന്ന മുറിയിൽനിന്ന് ഒരു സുപ്രഭാതത്തിൽ മാഷ് സ്ഥലംവിട്ടെന്ന വാർത്ത ഗ്രാമവീഥികളിൽ ഒരാകർഷകമായ

സംഭവമായി വായ്ക്കുവഴി പ്രചരിക്കുകയായിരുന്നു. ഭക്തവത്സലൻ മാഷ് സന്യസിക്കാൻ പോയതാണെന്നും അതല്ല അയാൾ ദൂരെ നഗരത്തിലേക്ക് ഉപജീവനാർത്ഥം വഴിതേടിപ്പോയതാണെന്നുമുള്ള രണ്ട് വിഭിന്നാഭിപ്രായങ്ങൾ നിലവിലുണ്ടായിരുന്നു.

ഗംഗാധരൻ പാർത്ഥനോട് പറഞ്ഞത് മാഷ് എങ്ങോട്ടോ പോയി രിക്കുന്നുവെന്നാണ്. പവിത്രമായ വിശ്വാസങ്ങൾ പൊലിഞ്ഞു പോയപ്പോൾ മാഷ് ജീവിതത്തിൽനിന്നുതന്നെ അനാഥനായിത്തീ രുകയായിരുന്നുവല്ലോ.

ഞാനും കുറച്ചുകാലം അശരണനും ലക്ഷ്യം നഷ്ടപ്പെട്ടവ നുമാ യിരുന്നു. അടുത്തതായി മഹേന്ദ്രന്റെ വരവോടെയാണ് രംഗവേദി പുനരാവിഷ്കരിക്കപ്പെടുക. അവിടെ ഞാനായിരിക്കും ഏറ്റവും ധന്യനായ വ്യക്തി. രോഹിണിയ്ക്ക് അധമബോധമുയർത്തുന്ന ഈ ജോലി തുടരേ ണ്ടി വരില്ല. അവൾക്ക് നവീനമായി ലഭിക്കാവുന്ന സമൂഹ്യമാന്യ തയും സ്ഥാനവുമായിരിക്കും അലങ്കാരമായി തീരുക. അനന്തേട്ടനും മുകുന്ദനുതന്നേയോ എന്റെ ഈ ഉന്നതിയെക്കുറിച്ച്, നിലപാടുമാറി പുതുതായി വെട്ടിപ്പിടിച്ച ഭൂമിയെക്കുറിച്ച് പ്രവചിക്കാനായെ ന്നു വരില്ല.

അകലെ ഏതോ ഫാക്ടറിയിൽ നിന്ന് ഷിഫ്റ്റ് മാറുന്നതിനായുള്ള സൈറന്റെ മുഴക്കം കേൾക്കുന്നുണ്ട്. അതുകേട്ടാണെന്നുതോന്നുന്നു തെരുവുനായ്ക്കൾ ഓരിയിടുന്നത്-രാത്രി നഗരത്തിന്റെ സാമീ പ്യമറിഞ്ഞു ആകാശത്തു മാത്രമാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. നഗരം രാത്രിയിലും പ്രക്ഷുബ്ധവും ശബ്ദമുഖരിതവുമായി ചെറുസ്പ ന്ദനങ്ങളെ നെഞ്ചത്തൊളിപ്പിച്ചും കൊണ്ട്.

കലൂരോളമെത്തി എന്നറിഞ്ഞപ്പോൾ പാർത്ഥൻ വഴിതിരിഞ്ഞു നടക്കുകയായിരുന്നു.

നാൽപ്പത്തിനാല്

സ്റ്റീരിയോവിൽനിന്ന് ഏതോ പോപ്പുഗീതമാണൊഴുകുന്നത്. മേശപ്പുറത്തെ മങ്ങിയ പ്രകാശം മറുവശത്തെ ആൾക്കാരെ തിരിച്ചറിയിക്കുന്നില്ല. കിന്നരിതലപ്പാവു വെച്ച വെയിറ്റർമാർ റബ്ബർ മടമ്പുള്ള ചെരുപ്പുകളുരച്ച് നിശ്ശബ്ദരായി മുന്നിൽ വന്നുനില്ക്കു മ്പോൾ, ആജ്ഞകൾക്കനുസൃതമായി വിഭവങ്ങളുമായെത്തുമ്പോൾ മേശപ്പുറങ്ങളിൽനിന്നുയരുന്ന ചില്ലുഗ്ലാസ്സുകളുടെ ഒച്ചമാത്രമാണ് കേൾക്കാനുള്ളത്.

പെഗ്ഗിലെ അവസാനത്തെ തുള്ളിയും കുടിച്ചുതീർത്ത പാർത്ഥൻ ചുറ്റിലും കനംവീണ് താഴുന്ന കൺപോളകളുമായി നോക്കുകയായിരുന്നു.

മഹേന്ദ്രൻ ഒടിഞ്ഞുതൂങ്ങിയ കഴുത്തുമായി കസേരയിൽ ചടഞ്ഞുകൂടിയിരിക്കയാണ്. അയാളുടെ കുപ്പായത്തിന്റെ കുടുക്കുകളാകെ തുറന്ന് നെഞ്ചുമുഴുക്കെ പുറമേക്കു കാണുന്നുണ്ട്. വാതോരാതെ സംസാരിച്ചതിനാലാവും അയാൾ ഏറെ നേരമായി മൂകനാവുകയുണ്ടായത്.

മഹേന്ദ്രനെ വഴിക്കുകാത്തുനിന്ന് സന്ധ്യയോടെ അംഗീകൃത ബാറിനകത്തു കയറിയതായിരുന്നു പാർത്ഥൻ. മേശമുഴുക്കെ എച്ചിലുകളെക്കൊണ്ടും ഒഴിഞ്ഞ കുപ്പികളെക്കൊണ്ടും നിറഞ്ഞിട്ടും അവർക്കെണിക്കാനേ ആയില്ല. മതിവരാതെ മദ്യത്തിന്റെ മേധാവിത്വത്തിന് കീഴ്പ്പെട്ട് ഇരുപ്പു തുടരുകയായിരുന്നു അവർ.

ജനത്തിരക്കുള്ള നഗരമായതിനാൽ രാത്രിയുടെ വരപോലുമറിയാതെ, വഴിവിളക്കുകൾ കാവൽ പരിഷകളായി നിൽക്കുന്ന റോഡിൽ വാഹനങ്ങളും കാൽനടക്കാരും എമ്പാടുമുണ്ട്. തിയ്യറ്ററുകളിലെ ഗുദാമിൽ നിന്ന് ജനം പുറന്തള്ളപ്പെട്ടു തുടങ്ങിയിരിക്കുന്നു.

ബില്ല് പേ ചെയ്ത് പുറമേക്കു കടന്ന് നടപ്പാതയുള്ള നിരത്തിന്റെ ഒത്തനടുവിൽക്കൂടെ നടക്കുമ്പോൾ മഹേന്ദ്രൻ ചോദിച്ചു:

“പാർത്ഥൻ തനിച്ചു വീട്ടിൽ പോവില്ലേ?”

“ഓ...”

ഇപ്പോൾ എനിക്കീവഴികളെല്ലാം സുപരിചിതമാണ്. ലക്ഷ്യത്തിലേക്ക് കണക്കുകൂട്ടലിലൂടെ ഊടുവഴിയെ പിന്നിട്ട് നിശ്ചിത സമയത്തിന് മുമ്പായിത്തന്നെ എനിക്കെത്താൻ കഴിയും.

വഴിവിളക്കുകളുടെ പ്രകാശധോരണിയിൽ കുളിച്ചുനിൽക്കുന്ന നിരത്തുകളാണെങ്ങും. അവ ഞാഞ്ഞൂളുകളെപ്പോലെ വളഞ്ഞുപുളഞ്ഞ് അവാന്തരവിഭാഗങ്ങളായി ചോരഞരമ്പുകളെപ്പോലെ ചുറ്റിലും പടരുകയാണ്.

പുതുതായി നഗരത്തിലേക്ക് പോസ്റ്റിങ്ങായപ്പോൾ തികച്ചും ആശ്വാസമായിരുന്നു തോന്നിയത്. ലോഡ്ജിൽ കൂടിയതിൽ പിന്നീട് തരത്തിന് രോഹിണിയ്ക്കും ഒരു സ്ഥലമാറ്റം ശരിപ്പെടുത്താൻ കഴിഞ്ഞപ്പോൾ എന്റെ നഷ്ടപ്പെട്ട, അറുത്തു മുറിച്ചുമാറ്റപ്പെട്ട വേരുകൾ വീണ്ടും പുതുമണ്ണിൽ പുതുരൂപത്തിൽ ആഴ്ന്നിറങ്ങുകയാണുണ്ടായത്.

പഴയ കഥകളെ പറഞ്ഞുകേട്ട് ഗീതാലാപം നടത്തുന്നവരാണ് ഓഫീസിൽ. എന്റെ ചുമലിൽ പതിച്ച സാവിത്രിയുടെ കൊലപാതക

കുറ്റം എന്നിൽ നിന്ന് പിഴുതുമാറ്റപ്പെടാതെ ലയിച്ചുകിടപ്പാണ്.

ലേഡി ടൈപ്പിസ്റ്റ് അംബിക ഞാൻ മുറിയിൽ തനിച്ചായിരുന്നെങ്കിൽ ഇരിപ്പിടത്തിൽനിന്ന് ഭയചകിതയായി എണീറ്റുപോവാറാണ് പതിവ്. എന്റെ അസാന്നിദ്ധ്യത്തിൽ സാവിത്രിയെക്കുറിച്ചുള്ള തർക്കങ്ങളിൽ മുഴുകിയിരിക്കുകയാണ് സൂപ്രണ്ട്. അയാൾക്ക് വായ്ത്താരിപാടുന്ന കീഴ്ജീവനക്കാരും.

"പാർത്ഥന്റെ തീരുമാനത്തിന് മാറ്റമൊന്നുമുണ്ടാവില്ലല്ലോ?"

"ഇല്ല."

"എന്നാൽ ബാക്കി കാര്യം ഞാനേറ്റു. മഹേന്ദ്രന്റെ ഇന്ദ്രജാലം ഇനിയാണ് ആരംഭിക്കുക. പക്ഷേ കുറേ രൂപവേണം."

"ഉം....."

സംസ്ഥാനത്ത് രണ്ടിടത്തായി ആരംഭിക്കുന്ന സ്റ്റാർച്ച് കോംപ്ലക്സിലേക്കാണ് ഇപ്പോൾ നോട്ടമിട്ടിരിക്കുന്നത്. കനത്ത തുക ഭരണ കക്ഷിയുടെ എം.എൽ.എ.യ്ക്കു നൽകുന്നതിലൂടെ മാനേജർ പദവി തട്ടിയെടുക്കാമെന്ന പ്രത്യാശയായിരുന്നു അയാൾക്ക്.

പഴയമണ്ണിന്റെ സ്വാദിൽ എല്ലാം മറന്നതായിരുന്നു ഞാൻ. വളരെ വൈകി പുതുതായി ലഭിച്ച വെളിച്ചത്തിന്റെ പകിട്ടിൽ ചിലതു കണ്ടെത്തുമ്പോൾ ഞാൻ പരിപൂർണ്ണ വിഡ്ഢിയായിരുന്നുവെന്നാണ് നിരൂപിക്കാനാവുന്നത്.

മഴയും കാറ്റും വെയിലും കൂസ്സാതെ നടക്കുകയായിരുന്നു ഞങ്ങൾ. അന്നത്തെ ഉജ്ജ്വലനിമിഷങ്ങളെല്ലാം തന്നെ രക്തം വാർന്ന് വിളറി ഇപ്പോൾ എന്നെ നോക്കി ഇളിച്ചുകാട്ടുകയാണ്.

താനാരെന്നുപോലും വകതിരിച്ചറിയാനാവാത്ത പാർത്ഥൻ വിഡ്ഢിയായിരുന്നു. അയാൾ നഷ്ടപ്പെടുത്തിയ അപൂർവ്വനിമിഷങ്ങൾ പലർക്കും ഒരു ജീവിതം മുഴുക്കെ ആശിച്ചിട്ടും ലഭിക്കുന്നതല്ല.

മഹേന്ദ്രൻ വഴിതിരിയേണ്ടുന്നിടത്തെത്തീട്ടും അയാളോടൊത്ത് നടക്കുകയായിരുന്നു. കടൽത്തീരത്തിലേക്കു നീളുന്ന നിരത്തിൽ ആൾസഞ്ചാരം കുറവാണ്. കടലിന്റെ നടുക്കായി നങ്കൂരമിട്ടുകിടക്കുന്ന ടാങ്കറുകൾ തുറിച്ച് മിന്നുന്ന കണ്ണുകളുള്ള തിമിംഗലത്തെപ്പോലാണ്. കനത്ത കോൺക്രീറ്റു തിട്ടയിൽ തട്ടിപ്പൊട്ടി ചിന്നുന്ന തിരകൾ വീണ്ടും ഊക്കോടെ ഒരുനിമിഷംകൊണ്ട് സ്വരൂപിച്ച ഇരട്ടി ശക്തിയുമായി എതിരിടുകയാണ്.

വിദൂരതയിൽനിന്ന് കടലിന്റെ കുളിരുമായെത്തുന്ന കാറ്റേറ്റപ്പോൾ അയാളുടെ മത്തുപിടിച്ച തലക്കനത്തിന് കോട്ടം തട്ടുകയുണ്ടായി.

കണ്ണുകളിൽനിന്ന് ഉറക്കം തീരെ അകന്നിരിക്കുന്നു. ഇപ്പോഴായി കിടക്കയെ അഭയം പ്രാപിക്കുന്നത് രാത്രി വെളുക്കാറായ അവസാനയാമത്തിലാണ്.

ബാറിലേക്ക് ആദ്യനാളിൽ തനിച്ചായിരുന്നു ചെന്നുകയറിയത്. അവിടെ വച്ചായിരുന്നു മഹേന്ദ്രനെ കണ്ടുമുട്ടിയതും. തനിച്ചിരുന്ന് ഞാൻ കുടിക്കുന്നതു കണ്ടപ്പോൾ കമ്പനിക്കായി അയാൾ എന്നോടു കൂട്ടുചേരുകയാണുണ്ടായത്.

ഈ നടത്തം നേരം വെളുക്കുവോളം തുടരുമെന്നു തോന്നുന്നു. തിരികെ നടക്കാനാരംഭിച്ചപ്പോൾ മഹേന്ദ്രൻ പറഞ്ഞു:

"കെ.എം. പറഞ്ഞാൽ മന്ത്രി എന്തും ചെയ്യും... ഏറിയാൽ മൂന്നുമാസം അതിനകം പാർത്ഥന്റെ ജോലി ശരിപ്പെടും."

കെ.എം. എന്ന ശശിധരൻ മഹേന്ദ്രന്റെ സുഹൃത്തും നേതാവും അഭിവന്ദ്യഎം.എൽ.എ.യുമായിരുന്നു. മന്ത്രിതലത്തിൽ പിടിപാ ടുള്ള ഫോൺ റിങ്ങുചെയ്താൽ ഉത്തരവുകളും സ്ഥലമാറ്റങ്ങളും നടത്താൻ കഴിവുള്ള കെ.എം.ന്റെ പ്രതിപുരുഷനായിരുന്നു മഹേ ന്ദ്രൻ.

കെ.എം.നെ ഒരിക്കൽ പാർത്ഥൻ കണ്ടിട്ടുണ്ട്. മഹേന്ദ്രൻ പരിചയപ്പെടുത്തിയപ്പോൾ എളിമയോടെ നിന്നു തൊഴുകയായിരുന്നു.

മഹേന്ദ്രൻ വഴിതിരിഞ്ഞു നടന്നപ്പോൾ പാർത്ഥൻ തനിച്ചായി. കടലിലെ തിരമാലകളുടെ ആർത്തലപ്പ് ഇപ്പോഴും കേൾക്കാനുണ്ട്. യാതൊരു തടസ്സവുമില്ലാതെ ഒഴുകി എത്തുന്ന കാറ്റ് ചീറിപ്പായുകയാണ്.

രാത്രി കഴിയാറായതിനാലാണെന്നു തോന്നുന്നു നിരത്ത് ശുദ്ധശൂന്യമായിരിക്കുന്നത്. നിരപ്പായ നിരത്തിലും ഇടറുന്ന കാലടികളുമായി പാർത്ഥൻ യാത്ര തുടരുകയായിരുന്നു.

മഹേന്ദ്രന്റെ ഇന്ദ്രജാലം അയാൾ തന്നെ വിസ്തരിച്ചുപറയുകയാണുണ്ടായത്. റമ്മിന്റെ കലക്കമുള്ള കണ്ണുകളുമായി, സ്റ്റീരിയോവിൽ നിന്നുവരുന്ന പശ്ചാത്തലഗാനത്തിൽ ലയിച്ച് അവരിരിക്കയായിരുന്നു.

കുടുംബത്തിൽ വകയില്ലാത്തതിനാൽ മഹേന്ദ്രൻ ഡിഗ്രിയെടുക്കുകയുണ്ടായില്ല. പ്രീയ്ക്ക് ഉന്നതനിലവാരത്തിൽ മാർക്കുനേടീട്ടും അയാൾ എങ്ങും പുറന്തള്ളപ്പെടുകയാണുണ്ടായത്. കീഴ്വഴക്കങ്ങളുടേയോ ഒത്താശകളുടേയോ വില അറിയാതിരുന്ന തന്റേടിയായ മഹേന്ദ്രൻ ഒരു ഉപയോഗശൂന്യമായ വസ്തുവായിരുന്നു.

അയാൾക്ക് അനേകം നഗരങ്ങളുടെ, അവിടെ അധിവസിച്ചിരുന്ന പ്രമാണിമാരായ ധനവാൻമാരുടെ കൗതുകകരമായ അനേകം

കഥകളും പറയാനുണ്ടായിരുന്നു. തൊഴിൽ തേടി അയാൾ നാൾക്കു നാൾ നാടായ നാടെല്ലാം കണ്ട് പരിശുദ്ധവും സമ്പുഷ്ടവുമായ കുറേ സ്വപ്നങ്ങളേയും മനസ്സിൽപേറി യാത്ര തുടരുകയായിരുന്നു.

ആ യാത്ര ആകട്ടെ ഒടുക്കം അവസാനിച്ചത് ഈ നഗരത്തിന്റെ പടിവാതില്ക്കലും. ഒരു ഭിക്ഷാംദേഹിയായി കള്ളവണ്ടി കയറി പുലർച്ചെ ഇവിടെ ഇറങ്ങിയപ്പോൾ അയാൾക്ക് രാത്രിചെന്നുപറ്റാൻ ഒരു കൂരപോലുമുണ്ടായിരുന്നില്ല.

രണ്ടുനാൾ ഊണും ഉറക്കവുമില്ലാതെ അയാൾ തെരുവിലൂടെ അലയുകയായിരുന്നുവത്രേ!

വളരെ വർണ്ണനാത്മകമായാണ് മഹേന്ദ്രൻ പൂർവ്വകഥകൾ പറഞ്ഞുകൊണ്ടിരുന്നത്. ഹോട്ടലിലെ അടുത്ത തീൻമേശയ്ക്കു ചുറ്റുമിരിക്കുന്ന ആളുകൾപോലും തലയെത്തിച്ചുനോക്കുന്നുണ്ടായിരുന്നു

സുമുഖനും ശരീരത്താകമാനം ചുവന്നതും പുഷ്ടിപ്പെട്ടതുമായ മാംസം എമ്പാടുമുള്ള പ്രത്യക്ഷത്തിൽത്തന്നെ ഒരു ധനികന്റെ ധൂർത്ത്പുത്രനാണെന്ന് തോന്നിച്ചിരുന്ന അയാളുടെ കഥാഖ്യാനം ഒരമ്പരപ്പായിരുന്നു എന്നിലുളവാക്കിയത്.

മഹേന്ദ്രൻ കെ.എമ്മിന്റെ മുമ്പിലെത്തുമ്പോൾ വയറ് വിശന്നു പൊരിഞ്ഞിരുന്നതിനാൽ ഏതു ദാസ്യവൃത്തിയ്ക്കും അയാൾ തയ്യാറായിരുന്നു. നഗരത്തിലെ വക്കാലത്തു കുറഞ്ഞ വക്കീലായിരുന്നു കെ.എം. അക്കാലത്ത്.

ഒരു ഗുമസ്തനായി കെ.എമ്മിന്റെ കീഴിൽ ജോലിയിൽ ചേരുന്നതോടെയാണ് മഹേന്ദ്രന്റെ മഹേന്ദ്രജാലം ആരംഭിക്കുന്നത്.

കെ.എമ്മിന്റെ സുഹൃത്ത് തച്ചാടനായിരുന്നു ജില്ലാതലത്തിൽ മാത്രം വായനക്കാരുള്ള 'ഉദയരശ്മി' പ്രസിദ്ധീകരിച്ചിരുന്നത്. മഹേന്ദ്രന്റെ കൗശലം പത്രത്തിലൂടെയാണ് ആരംഭിക്കുന്നത്. തച്ചാടന്റെ കൈവശത്തുനിന്ന് കുറഞ്ഞ തുകയ്ക്ക് പത്രവും പ്രസ്സും കെ. എം. വാങ്ങിക്കുകയായിരുന്നു.

വളരെ അപൂർവ്വമായിമാത്രം കോടതിയിൽ വാദിക്കുമായിരുന്ന കെ.എമ്മിനെക്കുറിച്ച്, കാലത്ത് കെ.എം. വാദിച്ചുതീരുന്നതിനു മുമ്പെതന്നെ പാടവത്തോടെ രേഖാചിത്രങ്ങൾ സഹിതം സമ്പൂർണ്ണവാർത്തകൾ മഹേന്ദ്രന്റെ വാക്‌വിലാസത്തിൽ രൂപപ്പെട്ട് അച്ചടിച്ചുപോന്നിരുന്നു.

മഹേന്ദ്രന്റെ ഐന്ദ്രിക വലയത്തിലേക്ക് വഴുതി വീണ ജനം കെ.എമ്മിന്റെ മുമ്പിൽ കേസ്സുകെട്ടുകളുടെ കൂമ്പാരം തന്നെ ഉയർത്തുകയായി.

പിന്നീട് ഒരു തെരഞ്ഞെടുപ്പു വേളയിൽ മഹേന്ദ്രന്റെ അതീന്ദ്രിയ ജ്ഞാനത്തെ ഉൾക്കൊണ്ട് വിമതനായി നിന്ന പ്രതിനിധിയ്ക്കുവേണ്ടി എങ്ങും പ്രസംഗങ്ങളും അഭ്യർത്ഥനകളും പുറപ്പെടുവിക്കുകയാണുണ്ടായത്.

എതിർകക്ഷി ജനസമ്മതനായതിനാൽ വക്കീലിന്റെ ശ്രമം തീർത്തും വിഫലമാവുമെന്നായിരുന്നു സകലരുടേയും ധാരണ.

പ്രചരണയോഗം കഴിഞ്ഞ് റെസ്റ്റ്ഹൗസ്സിൽ രാത്രി നേതാവു തങ്ങുമെന്ന് രഹസ്യമായറിയാൻ കഴിഞ്ഞപ്പോൾ ഒരു കിളുന്നുപെണ്ണിനെ ചട്ടം കെട്ടി അയാൾക്ക് കൂട്ടിനുറങ്ങുവാൻ മഹേന്ദ്രൻ ഏർപ്പാടുചെയ്യുകയാണുണ്ടായത്. കൂട്ടത്തിൽ അവരുടെ രതിസംയോഗ മുറകളെ ചിത്രണം ചെയ്യാൻ ഒരു ഫോട്ടോഗ്രാഫറേയും.

അടുത്ത മുറിയിൽ കൂടിയിരുന്ന പെണ്ണ് നേതാവിന്റെ വാതില്ക്കൽ മുട്ടിവിളിച്ച് അകത്തുപ്രവേശിച്ചപ്പോൾ അവളെ ചവിട്ടിമെതിച്ച കറ്റയെപ്പോലെ ചാറും നീരും കുടിക്കുവാൻപോലും പ്രാദേശികനേതാക്കളും കൂട്ടിനുണ്ടായിരുന്നു.

തുറന്നിട്ട ജനാലയിലൂടെ മിന്നിമറഞ്ഞ ഫ്ളാഷ്ലൈറ്റിനെ കണ്ടെത്തുമ്പോഴേയ്ക്കും ഫോട്ടോഗ്രാഫർ ഓടിപ്പിടഞ്ഞ് മതിലുചാടി മഹേന്ദ്രൻ നിരത്തിനോരം ചേർത്തിട്ട ജീപ്പിൽ കയറിപ്പറ്റുകയാണുണ്ടായത്.

പിറ്റേന്ന് പത്രത്തിലും നോട്ടീസിലുമായി രതിക്രീഡയുടെ വിവിധ വിന്യാസങ്ങൾ പകർത്തപ്പെട്ടപ്പോൾ ഒരു ജനസമ്മത നേതാവിന്റെ രാഷ്ട്രീയരംഗത്തുനിന്നുമുള്ള ശവമടക്ക് നടക്കുകയാണുണ്ടായത്.

സ്ഥാനാർത്ഥി ജയിച്ചപ്പോൾ മന്ത്രിയായി. കെ.എം. ബഹു മാന്യനായി അടുത്ത തെരഞ്ഞെടുപ്പിൽ അയാൾ എം.എൽ.എ. യുമാകുകയായി.

കെ.എമ്മിലൂടെ പാർട്ടിയുടെ കൊമ്പത്ത് മഹേന്ദ്രന്റെ വിരലുകൾ പോലും ചെന്നെത്തുന്നുണ്ട്.

പാർത്ഥൻ അപ്പോഴും നടക്കുകയായിരുന്നു. ജില്ലാ ആശുപത്രിയും വാട്ടർടാങ്കും കടന്ന് യാത്രതുടരുകതന്നെ. ഇപ്പോൾ കടൽക്കാറ്റിന്റെ ശൈത്യത അനുഭവപ്പെടുന്നില്ല. നഗരത്തിന്റെ രാത്രിയിലെ ഇരമ്പം ലേശം മന്ദീഭവിച്ചിട്ടുണ്ട്. അടഞ്ഞ പീടികത്തിണ്ണകൾ ഉണ്ണാനും ഉടുക്കാനുമില്ലാത്തവരുടെ രക്ഷാസങ്കേതങ്ങളായിരിക്കുന്നു.

കരഞ്ഞു കേഴുന്നവരെ ഓർത്ത് വിലപിച്ചിരുന്ന പാർത്ഥൻ ഇന്നെനിക്കപരിചിതനാണ്. എന്റെ കഴിഞ്ഞകാലം എന്നെത്തന്നെ അത്ഭു

തപ്പെടുത്തുകയാണ്. ഒരുറക്കത്തിന്റെ വിട്ടുമാറാത്ത ആലസ്യം ഇത്രയുംകാലം നിരന്തരം എന്നെ പിന്തുടരുകയായിരുന്നുവല്ലോ.

ഞാൻ പകൽവെളിച്ചത്തിലും ഉറങ്ങുന്നവനാണെന്ന് ജോസഫാണ് പറഞ്ഞത്.

“പാർത്ഥൻ സ്വപ്നം കാണുകയും ആ സ്വപ്നലോകത്തിൽ താമസിച്ചുകൊണ്ടുതന്നെ ഒരു ലോകം പണിയാൻ ശ്രമിക്കുകയുമാണ്. പാർത്ഥൻ മറന്നത് മുന്നിലുള്ള സ്വന്തം ലോകത്തേയാണ്.”

അപ്പോൾ എനിക്ക് അനേകം കാര്യകാരണ ബന്ധങ്ങളെക്കുറിച്ചായിരുന്നു പറയാനുണ്ടായിരുന്നത്. പുരാതനകാലം മുതൽക്കുള്ള മനുഷ്യന്റെ വികാസചരിത്രം. പ്രാക്ചരിത്രഘട്ടത്തിൽ വേട്ടയാടി നടന്നിരുന്നത്. കന്നുകാലികളുമായി പുൽപരപ്പുകളെ തേടിഅലഞ്ഞ് ഉപജീവനം നടത്തി. സ്ഥിരമായി നദീതടത്തിൽ വാസമാരംഭിച്ചപ്പോൾ ഉയർന്നുവന്ന കുടുംബം, സ്വകാര്യസ്വത്ത്, സമുദായം ഇവയുടെ വികാസപരിണാമചരിത്രം.

ജോസഫ് എന്റെ വാദങ്ങളെ എല്ലാം മുരട്ടുതത്വങ്ങളായാണ് ഗണിച്ചുവന്നിട്ടുള്ളത്. അനാവശ്യമായി അമലയുടെ കുടുംബത്തോട് ഔദാര്യം കാട്ടുകയാണെന്നു പറഞ്ഞ് അയാൾ എന്നെ ശാസിക്കുക പോലുമുണ്ടായിട്ടുണ്ട്.

ഇപ്പോൾ സിസിലിയെ ഭാര്യയാക്കിയ ജോസഫിനെ എനിക്കു മാനിക്കാൻ കഴിയും. വിവാഹത്തിനുശേഷം ആറാംമാസം ജോസഫിന്റെ എഴുത്തിൽ സ്റ്റെല്ലയുടെ വിവരങ്ങളായിരുന്നു.

“പാർത്ഥൻ വിചാരിച്ചതുപോലെ സ്റ്റെല്ല ആത്മഹത്യ ചെയ്യുകയുണ്ടായില്ല. വിഷംതന്ന് എന്നെ കൊന്നതുമില്ല.

എന്നാൽ അവൾ പൂർണ്ണമായ സമ്മതത്തോടെ വിവാഹം കഴിച്ചിരിക്കുന്നു. ഒരു സർവ്വേയറാണ് വരൻ. നാട്ടിൽതന്നെ വേറൊരു വീട്ടിൽ താമസിക്കുകയാണ്.

നോക്കൂ പാർത്ഥൻ, ഞാനോ അവളോ ഇനി കഴിഞ്ഞ കാലഘട്ടത്തെ ഓർത്ത് ദുഃഖിച്ചെന്നു വരില്ല. ഞങ്ങൾ എല്ലാം ആക്രമിച്ചു കീഴടക്കി അനുഭവിക്കാനുള്ള ശ്രമവുമായി ജീവിതം തുടർന്നേയ്ക്കും. എന്നാൽ കഴിഞ്ഞകാല തലമുറകൾ തുടർന്നുവന്നതുപോലെ കുടുംബബന്ധങ്ങളും സമുദായവും ഞങ്ങളുടെ പ്രേമത്തെ തകർത്തെന്നു പറയുകയും എന്നാൽ ഞങ്ങളുടെ മക്കൾ പ്രേമിച്ചെങ്കിൽ അതിനെതിരെ നിലകൊള്ളുകയും ചെയ്യും. സാമ്പത്തിക ജീവിത സുരക്ഷിതത്വം നേടാൻ മാത്രമായിത്തീർന്നിരിക്കുന്നു മനുഷ്യരുടെ പൊതുവിലുള്ള ജീവിതം. ഈ സത്യത്തിൽ നിന്ന് ഞങ്ങളാരും ഒഴിഞ്ഞുമാറിയെന്നു വരില്ല.

പാർത്ഥന്റെ ഇതുവരെയുള്ള ജീവിതം നഷ്ടക്കച്ചവടമായിത്തീർന്നിരിക്കുന്നു. നിങ്ങളുടെ അദ്ധ്വാനംമൂലം ഒരണുവെങ്കിലും ഈ ലേകത്തിന് മാറ്റമൊന്നും സംഭവിച്ചിട്ടില്ല. പാർത്ഥന്റെ മരണം രോഹിണിയേയും മോനേയുമേ ബാധിക്കൂ.''

ജോസഫിന്റെ എഴുത്തുകളെല്ലാം ഇത്തരത്തിൽ ഒരേ പാതയിലാണ് അവസാനിക്കുന്നതും തുടരുന്നതും. പിന്നെ അയാൾക്കറിയിക്കാനുണ്ടായിരുന്നത് ഇയ്യിടെ വാങ്ങിച്ച സ്കൂട്ടറിനെക്കുറിച്ചോ, കാറായിരുന്നെങ്കിൽ വെയിലുകൊള്ളാതെ പോവാമെന്ന സൗകര്യത്തെക്കുറിച്ചോ ആയിരിക്കും.

പക്ഷേ ജോസഫും രേണുകേടത്തിയും അനന്തേട്ടനും ആശ്ചര്യപ്പെടാവുന്ന നിമിഷം അത്ര അകലെയൊന്നുമല്ല. അമലയ്ക്ക് എനിക്കു സംഭവിച്ച രൂപാന്തരത്തെക്കുറിച്ച് നേരാംവണ്ണം യുക്തമായി ചിന്തിക്കാനാവും.

ഇപ്പോൾ അമല എഴുത്തുകളിലൂടെ മാത്രമാണ് ബന്ധപ്പെടുന്നത്. തൊഴിലില്ലാതെ മുറിയിൽ ചടഞ്ഞുകൂടിയ അവസരത്തിൽ അവൾ കവറിനകത്തിട്ട് കുറച്ചുരൂപ എല്പ്പിക്കുകയുണ്ടായിട്ടുണ്ട്. നിർബന്ധിച്ച് എന്റെ കയ്യിൽ പിടിപ്പിക്കുകയായിരുന്നു.

കവറിനകത്ത് രൂപയോടൊത്ത് ഒരു കുറിപ്പുമുണ്ടായിരുന്നു.

ഇത് അദ്ധ്വാനിക്കുന്നവരുടെ വിഹിതമല്ല പാർത്ഥേട്ടാ. കോൺട്രാക്റ്റും വാണിജ്യകരാറുകളും ഏർപ്പെടുത്തുന്നതിനു വേണ്ടി എന്നെ ഉപയോഗിക്കുന്ന മാന്യൻമാരുടെ ചിലവു കണക്കിൽ പെടുന്ന ഒന്നാണ്. പക്ഷേ ഇതിന്റെ പിന്നിൽ ചൂഷണം ചെയ്യപ്പെട്ട അദ്ധ്വാനമുണ്ടെന്നു എനിക്കുമറിയാം.

ഇപ്പോൾ എനിക്ക് നല്ല ഡിമാന്റ് ഉള്ള കാലമാണ്. കിട്ടുന്ന വരുമാനം വേണ്ടുംവിധത്തിൽ ഉപയോഗിച്ചാൽ കുടുംബം അക്കര പറ്റുമെന്നാണ് തോന്നുന്നത്. പിന്നെ എനിക്കീ തൊഴിലും നിർത്താമല്ലോ.

മുമ്പും അമലയ്ക്ക് ലളിതമായ കുടുംബത്തെ ചുറ്റിനില്ക്കുന്ന ആശകളാണുണ്ടായിരുന്നത്. എങ്ങനെ എങ്കിലും സ്വന്തംകാലിൽ നില്ക്കാനാവുക.

അതവൾ എന്നോട് പലതവണ സൂചിപ്പിക്കുകയുണ്ടായിരുന്നുവല്ലോ. ഇപ്പോഴും ഞാൻ എങ്ങും എത്തപ്പെടാതെ പൊങ്ങുതടിയെപ്പോലെ പാറുകയാണ്. മദ്യത്തിന്റെ ഗന്ധത്തിൽ പകലുകളുണരുകയും അവ്യക്തമായ മുഖംകാട്ടി രാത്രികൾ അവസാനിക്കുകയുമാണ്.

അനിഷ്ടത്തോടെ മുഖംതിരിച്ചുനിന്ന രോഹിണി ഇപ്പോൾ ആ

പതിവ് അവസാനിപ്പിച്ചിരിക്കുന്നു. വെറുപ്പുണ്ടെങ്കിൽ തന്നെ എല്ലാം അനുസരിച്ച് മൂകയാകാൻ അവൾ ശീലിച്ചിരിക്കുന്നു.

ഇസ്മായിൽ സേട്ടിന്റെ പ്രസ്താവനകളും പരിശുദ്ധമായ പ്രസംഗങ്ങളും ഇപ്പോഴും പത്രത്തിൽ വരാറുണ്ട്. കൂട്ടത്തിലെ എതിർപ്പുകാരനായ എന്നെ തൂത്തെറിഞ്ഞതിലൂടെ അയാളുടെ അധികാരസീമ വർദ്ധിച്ചിരിക്കയാണ്.

പവിത്രനെപ്പോലുള്ള പറ്റുവരവുകാർ അയാളുടെ ഔദാര്യം കൊണ്ടുമാത്രമാണ് ഇപ്പോഴും അന്നം തിന്ന് മരിക്കാതെ ജീവിച്ചു പോരുന്നത്.

നഗരത്തിന്റെ മുകളിലെ നിലാവ് മനോഹരമായ ദൃശ്യമൊന്നുമല്ല കാഴ്ചവെയ്ക്കുന്നത്. നഗരത്തിലെ പ്രകാശം ലോകത്തെ ആകെ വിഴുങ്ങുകയാണ്. ചന്ദ്രന്റെയും നക്ഷത്രങ്ങളുടേയും മുഖം കൂടുതൽ ഇരുണ്ടുവരുന്നുണ്ട്.

ഇടയ്ക്കെല്ലാം സംഭവിക്കാറുള്ളതുപോലെ സിഗററ്റ് കൂട് വഴിക്കെവിടേയോ വീണുപോയിരിക്കുന്നു.

രോഹിണിയോടൊത്ത് വിജനമായ തെരുവിലൂടെ തോളോടു തോൾ ചേർന്ന് നടക്കുകയായിരുന്നു. അതെല്ലാം വിവാഹത്തിനു മുമ്പുള്ള കഥകൾ. അപ്പോൾ ഞാൻ ലോകത്തെ അറിയാതെ നിരക്ഷരനായ അജ്ഞാനിയെപ്പോലെ ജീവിക്കുകയായിരുന്നു. ധീരൻ, ആദർശശാലി, മനുഷ്യസ്നേഹി.

രോഹിണിയുടെ ചെറിയ ചെറിയ മോഹങ്ങൾ യഥാർത്ഥത്തിൽ വികലമായിരുന്നുവല്ലോ–

ഇരുളിനെ വകഞ്ഞുമാറ്റി ഗുഹാന്തർഭാഗത്തെ ജീവിതമുപേക്ഷിച്ച് വെളിച്ചത്തെ തേടി ചെല്ലേണ്ടിയിരിക്കുന്നു.

മറക്കുക. കഴിഞ്ഞകാലങ്ങളെക്കുറിച്ച് ചിന്തിച്ച് ഒരു നിമിഷം പോലും പാഴാക്കാതിരിക്കുക. ഭൂമുഖമാകെ വെട്ടിപ്പിടിക്കാനുള്ള ശ്രമത്തിൽ ചത്തുവീഴുന്ന മനസ്സുകളെക്കുറിച്ചോ, ചവിട്ടിതാഴ്ത്തപ്പെട്ട സുഹൃത്തുക്കളെ ക്കുറിച്ചോ, ചിന്തിക്കേണ്ടതില്ല. എന്റെ പിറവിയോടെയാണ് ലോകം ഉടലെടുത്തതെന്നും എന്റെ മരണത്തോടെ അതിന്റെ അന്ത്യവും നടക്കുമെന്നുള്ള സങ്കല്പത്തോടെ ജീവിക്കാൻ ശ്രമിക്കുക:

മദ്യത്തിന്റെ ലഹരി അപ്പോഴും അയാളിൽ കുടികൊള്ളുന്നുണ്ടായിരുന്നു. കയ്ച്ചു മലച്ചവായിൽ നിന്ന് ഏമ്പക്കം വരുമ്പോൾ 'ഗോൾഡ് മറൈന്റെ' രൂക്ഷഗന്ധമാണുയരുന്നത്. രാത്രി തീർന്നു പോവുകയാണെന്ന തോന്നലോടെ പിന്നീട് പാർത്ഥൻ ധൃതിപ്പെട്ട് നടക്കുകയാണുണ്ടായത്.

രോഹിണിയ്ക്ക് പത്തുനിമിഷം നടന്നാൽ ആശുപത്രിയിലേക്കെത്താനാവും. ഒന്നരവയസ്സുകാരൻ വിനീതനെ പണിക്കാരത്തിയെ ഏല്പിച്ചുപോവുമ്പോൾ അവൾക്ക് അരക്ഷിതാവസ്ഥയാണ് തോന്നാറ്-പാർത്ഥന് ബസ്സുകയറി മറിഞ്ഞുവേണം ഓഫീസിലെത്താൻ.

ഉറയ്ക്കാത്തകാലുകളുമായി പാർത്ഥൻ മുമ്പിൽ നിൽക്കുന്നതു കണ്ടപ്പോൾ രോഹിണി നെടുതായി നിശ്വസിച്ച് കതകിനു പിന്നിലേക്ക് മാറിനിന്നു. അയാൾ കിടപ്പറയിലേക്കു നടക്കുന്നതു കണ്ടപ്പോൾ പതിയെ ചോദിച്ചു:

"പാർത്ഥേട്ടൻ ഊണുകഴിക്കുന്നില്ലേ?"

രാത്രി മേശപ്പുറത്തുവെച്ച ചോറ് ഇപ്പോൾ പതിവായി കാലത്ത് പണിക്കാരത്തിയാണ് തിന്നാറ്. എന്നിട്ടും നിത്യേന ചോദ്യം ആവർത്തിക്കേണ്ടിവരുമ്പോൾ, അയാൾ വാക്കുകളെ തീരെ ഗൗനിക്കാതെ നടക്കുന്നതു കാണുമ്പോൾ പാടുപെട്ട് കണ്ണീരടക്കാൻ രോഹിണി ശ്രമിച്ചുപോന്നു.

എവിടെവെച്ചാണ് പാർത്ഥനെ നഷ്ടമായതെന്ന് അവൾക്ക് അറിയാൻ കഴിഞ്ഞിരുന്നില്ല.

അകത്തേക്കുകടന്ന പാർത്ഥൻ കിടക്കയിൽ വിലങ്ങനെ കിടന്നിരുന്ന വിനീതനെ പിടിച്ചുമാറ്റിയപ്പോൾ അവൻ വിമ്മിഷ്ടത്തോടെ ചിറികോട്ടി. ഒരുറക്കത്തിനായി കട്ടിലിൽ മലർക്കെ കിടന്നപ്പോൾ ചുവരിലെ ക്ലോക്ക് രണ്ടടിച്ചു.

രോഹിണി അകത്തേക്കു കടന്നുവന്നത് പാർത്ഥനറിഞ്ഞില്ല. കിടക്കയിൽ അരികെ കിടന്ന അവൾ പതുക്കെ തേങ്ങുവാനാരംഭിച്ചപ്പോൾ പാർത്ഥൻ ഉച്ചത്തിൽ അലറി:

"രാത്രി വന്നാലും കിടന്നുമോങ്ങും.... നശിച്ചത്."

"ഇല്ല പാർത്ഥേട്ടാ, ഇനി കരയില്ല..."

കണ്ണീരടക്കാൻ ശ്രമിച്ചിട്ടും അവൾക്കൊരിക്കലും അതിന് കഴിഞ്ഞിരുന്നില്ല. രോഹിണിയുടെ നേർത്ത തേങ്ങൽ മുറിയിൽ അലച്ചുകൊണ്ടേ ഇരുന്നു. അപ്പോഴേയ്ക്കും പാർത്ഥന്റെ ശീഘ്രഗതിയിലുള്ള ശ്വാസോച്ഛ്വാസത്തിന്റെ പ്രകമ്പിതസ്വരം മുറിയിൽ മുഴക്കമായി.

അയാളുറങ്ങിയെന്നറിഞ്ഞപ്പോൾ രോഹിണി പാർത്ഥന്റെ നെഞ്ചത്തു മുഖമമർത്തുകയാണുണ്ടായത്. കണ്ണീരുനിറഞ്ഞിട്ടും അപ്പോഴും അവളുടെ കണ്ണുകളിൽ തിളക്കമുള്ളൊരു പുഞ്ചിരി യുണ്ടായിരുന്നു.

പിറ്റേന്ന് രണ്ടാം ശനിയാഴ്ചയായിരുന്നു.

ഒരൊഴിവുദിവസം.

ഉറക്കമുണർന്ന് പാർത്ഥൻ കിടക്കയിലെണീറ്റിരിക്കുമ്പോഴേയ്ക്കും നേരം ഒരുപാട് വെളുത്തിരുന്നു. ജനാലയിലൂടെ കടന്നുവരുന്ന സുര്യവെളിച്ചത്തിന് നല്ല ചൂടുണ്ടായിരുന്നു. വാരാന്ത അവധിയായിരുന്നതിനാൽ രോഹിണി അടുക്കളയിലാണ്. വിനീതൻ അവ്യക്തമായി പണിക്കാരത്തിയോട് സംസാരിക്കുകയാണ്.

മദ്യത്തിന്റെ വാട അപ്പോഴും അയാളിൽ തങ്ങികിടപ്പുണ്ടായിരുന്നു. കട്ടിലിൽ നിന്നിറങ്ങിയ പാർത്ഥൻ പല്ലുതേച്ച് മുൻവശത്തേക്കു വന്നപ്പോൾ രോഹിണി ചായക്കോപ്പയുമായി നിൽപ്പുണ്ടായിരുന്നു.

അയാൾ ചായ മുഴുക്കെ കുടിച്ചുതീർന്നപ്പോഴും മൗനിതയായുള്ള നില്പ് രോഹിണി തുടരുകയായിരുന്നു.

''പാർത്ഥേട്ടാ...''

''ഉം...?''

''പാർത്ഥേട്ടൻ ഇനി കുടിക്കരുത്...''

അയാൾ പൊട്ടിച്ചിരിച്ചപ്പോൾ രോഹിണി ഭയന്നു വിളർത്ത മുഖത്തോടെ കുടിനീരിറക്കി.

''എന്നെ ഇനി ആരും ഉപദേശിക്കരുത്...''

മുമ്പ് രേണുകേടത്തിയും അമ്മായിയും സദുപദേശങ്ങൾ മാത്രമായിരുന്നു പൊഴിച്ചിരുന്നത്. ഒരായിരംകൂട്ടം നല്ലവനായി ജീവിക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് മിസിസ്സ് പത്മനാഭനും പറയുകയുണ്ടായിട്ടുണ്ട്. അതെല്ലാം ചവിട്ടുനാടകത്തിലെ ആടാൻ മറന്ന നിരീക്ഷകനായി നോക്കിനിന്ന ഒരു കഥാപാത്രം മാത്രമായിരുന്നുവല്ലോ ഞാൻ.

ഇനി എന്റെ രംഗമാണ്. നടനും നാട്യക്കാരനും വിദൂഷകനുമായി കടന്നുവരേണ്ടത് ഞാൻ തന്നെയാണ്. എന്നോട് വിധേയത്വം പുലർത്തി കൂറുകാട്ടി മുന്നേറേണ്ടതും ഞാൻ തന്നെയാണ്.

മഹേന്ദ്രനെ കെ.എമ്മിന്റെ ഓഫീസിൽ ചെന്നാൽ കാണാനാവും. പഴയ വക്കാലത്തു കെട്ടുകൾ നിറഞ്ഞ ഓഫീസിൽ രാഷ്ട്രീയ ധ്രുവീകരണത്തിനേയും രാഷ്ട്രത്തിന്റെ മൗലികസത്തയെ സംരക്ഷിക്കേണ്ടുന്നതിനേയും കുറിച്ചാണ് ചൂടുപിടിച്ച വാഗ്വാദങ്ങൾ നടക്കുന്നത്. എം.എൽ.എ. ആയതോടെ നക്കാപ്പിച്ച വരുമാനം മാത്രമുള്ള വക്കീൽ പണി ഉപേക്ഷിച്ച് കെ. എം. പുതുതായി വരുമാനമാർഗ്ഗങ്ങൾ തേടിയിരിക്കയാണ്.

അയാൾ ഉടുത്തൊരുങ്ങുമ്പോൾ രോഹിണി വീണ്ടും വന്നു.

''പാർത്ഥേട്ടൻ മഹേന്ദ്രനെ കാണാനല്ലേ പോവുന്നത്? ആ മനു

ഷ്യൻ മഹാചീത്തയാണ്. അയാളാണ് പാർത്ഥേട്ടനെ നശിപ്പിക്കുന്നത്. പാർത്ഥേട്ടനിന്നെങ്ങും പോണ്ട.''

''തന്തയെപ്പോലുമറിയാത്ത എന്റെ ഭാര്യയുടെ വാക്ക് ഞാൻ കേൾക്കണമല്ലേ? എന്റെ വഴിയിൽ നീയോ നിന്റെ വഴിയിൽ ഞാനോ ഒരിക്കലും തടസ്സമാവരുത്. എന്റെ ഇന്നത്തെ പോക്കുകാണുമ്പോൾ നിനക്ക് സഹിക്കുന്നില്ലെങ്കിൽ നമുക്ക് ബന്ധം വേർപെടുത്താം.''

അവൾ കൂടുതലായി കേൾക്കുന്നതിനുമുമ്പേ കരച്ചിലാരംഭിച്ചപ്പോൾ പാർത്ഥൻ പടി ഇറങ്ങി. വാതിൽപ്പൊളി ഊക്കോടെ അയാൾ ചേർത്തടച്ചത് മുറിയിൽ മുഴക്കമായി പ്രതിദ്ധ്വനിക്കുന്നുണ്ടായിരുന്നു.

മുറിയിൽ തനിച്ചായപ്പോൾ അയാൾ പറഞ്ഞതോർത്തുള്ള രോഹിണിയുടെ കണ്ണീരിന്റെ ആക്കം വർദ്ധിക്കുകയാണുണ്ടായത്.

നാൽപ്പത്തിയഞ്ച്

വീട്ടുവഹകൾ കെട്ടിപ്പൊതിഞ്ഞുവെയ്ക്കുമ്പോൾ അമല വീണ്ടും വരുകയായിരുന്നു. ഉച്ചതിരിഞ്ഞനേരം. ചൂടുപോയി ആറുന്ന ഭൂമി. മെലിഞ്ഞുനീണ്ട അമല നല്ലതുപോലെ തടിച്ചിരുന്നു. കൈകളിലും കഴുത്തിലും സ്വർണ്ണാഭരണങ്ങൾ നിറഞ്ഞ് തൂങ്ങുന്നു. മുഖത്ത് പുതുതായി കൊല്ലുന്ന ചിരി കയറി കൂടീട്ടുണ്ട്.

''ജീവിതത്തിന്റെ പൊതുസ്വഭാവത്തെക്കുറിച്ച് ചിന്തിക്കാതെ പാർത്ഥേട്ടൻ ജീവിക്കാൻ ശ്രമിക്കൂ. എനിക്കിനി അതേ പറയാനുള്ളൂ...''

അമലയുടെ വരവറിഞ്ഞതിനാലാവും രോഹിണി അകത്തുതന്നെ കഴിച്ചുകൂട്ടുകയുണ്ടായത്. അമ്മയായ ദ്രൌഹിത്രിയുടെ പുനരവതാരത്തെ അവൾ കാണേണ്ടെന്ന് തീരുമാനിച്ചിരിക്കും.

പാർത്ഥൻ ഇരുമ്പുപടിതുറന്ന് അകത്തേയ്ക്ക് കടന്നപ്പോൾ മുറിയിൽനിന്ന് മഹേന്ദ്രൻ ഇറങ്ങിവന്നു. പാർത്ഥനെ അകത്തേക്ക് ആനയിക്കുമ്പോൾ അയാൾ പറഞ്ഞു:

''ഞാൻ കെ.എമ്മിനോട് വിശദമായി എല്ലാം സംസാരിച്ചിട്ടുണ്ട്. അദ്ദേഹം വിചാരിച്ചാൽ ഇന്നിവിടെ നടക്കാത്ത സംഗതികളൊന്നുമില്ല.''

കെ.എമ്മിന്റെ ബുദ്ധിരാക്ഷസനായ മഹേന്ദ്രൻ തന്റെ പ്രാഗൽഭ്യത്തെ തീർത്തും വകവെയ്ക്കാതെയാണ് സംസാരിക്കുന്നത്. കെ.എമ്മിലൂടെ മഹേന്ദ്രനും മഹേന്ദ്രനിലൂടെ കെ.എമ്മും ഇപ്പോൾ ലോകർക്ക് സംപൂജ്യരായിരിക്കുന്നു.

ഇവിടേയ്ക്ക് മിച്ചമായി ഒന്നുമില്ലാതെ കടന്നുവന്ന മഹേന്ദ്രൻ ഒരു ജന്മത്തിനുവേണ്ട ആസ്തികളാകെ സംഭരിച്ചിരിക്കയാണ്. നഗരത്തിന്റെ ഹൃദയഭാഗത്തായി ഇരുനില ടെറസ്സും ഗ്രാമത്തിൽ പത്തേക്കർ തെങ്ങിൻ തോപ്പും കൂടാതെ അഞ്ചക്കം കവിയാറായ ബാങ്ക് ബാലൻസും.

കോൺവെന്റിൽ പഠിക്കുന്ന അയാളുടെ രണ്ടുകുഞ്ഞുങ്ങൾക്കും അച്ഛൻ അനുഭവിച്ച കൊടും ദാരിദ്ര്യത്തിന്റെ കഥ അജ്ഞാതമായിരുന്നു.

രാഘവനെ തീവണ്ടി ആപ്പീസിൽവെച്ചു കാണുകയാണുണ്ടായത്. എന്നോട് സ്വയം പരിചയപ്പെടുത്തി അയാൾ സംസാരിച്ചു പോന്നപ്പോൾ ഞാൻ അമ്പരക്കുകയായിരുന്നു. കോളേജിലെ സഹപാഠിയായ, മുൻനിരയിലിരുന്ന് അദ്ധ്യാപകന്റെ ഓരോ വാക്കുകൾക്കും ആവശ്യത്തിലേറെ മുൻതൂക്കം നല്കി രാവുമുഴുക്കെ ഉറക്കമിളച്ചു പഠിച്ച രാഘവൻ ഇപ്പോൾ ബോംബയിൽ ഒരുന്നത ഉദ്യോഗം ഭരിക്കുന്നു. അവന്റെ മാറാഠിക്കാരിയായ, പൊന്നുകൊണ്ട് ആസകലം മൂടിയ ഭാര്യയും സമീപത്തുണ്ടായിരുന്നുവല്ലോ...

രാഘവന് നേടാൻ കഴിഞ്ഞത് സ്വന്തം സാമ്രാജ്യത്തിലെ ആധിപത്യമായിരുന്നു. എനിക്കു നേടാൻ കഴിഞ്ഞത് കുറേ പുലയാട്ടു കഥകളും.

കസേരയിലിരിക്കുമ്പോൾ മഹേന്ദ്രൻ കെ.എമ്മിനോട് മുഖവുരയായി പരിചയം പുതുക്കുകയായി. സിഗരറ്റിന്റെ വിഷധൂളിയെപ്പോലുള്ള വലയത്തിലേക്കു നോക്കി കെ.എം. പറഞ്ഞു:

“ഞാൻ എന്റെ കഴിവിന്റെ പരമാവധി ശ്രമിക്കാം. എന്റെ ശ്രമങ്ങളൊന്നും ഇതുവരെയായി പരാജയപ്പെട്ടിട്ടില്ല. കഴിഞ്ഞ സെലക്ഷന് ആറ് എസ്.ഐ.മാർക്ക് ഞാനായിരുന്നു പോസ്റ്റിങ്ങ് ഓർഡർ വാങ്ങിച്ചുകൊടുത്തത്. ഞാൻ കെ.എം. ആണെങ്കിൽ ഇതും ശരിപ്പെടുത്താം. പാർത്ഥന് മൂന്നുമാസത്തിനകം പോസ്റ്റിങ്ങ് ഓർഡർ വാങ്ങിച്ചുതരാം.”

ആറ് എസ്.ഐ.മാർക്ക് നിയമനം നൽകാൻ പഴുതുകളിട്ടതിലൂടെ കീശയിൽ കുടുങ്ങിയ വമ്പിച്ച തുകയുടെ വലുപ്പത്തെക്കുറിച്ചു മാത്രമേ മഹേന്ദ്രൻ പറയാതിരുന്നുള്ളൂ. ദേശത്തുനിന്നു ജയിച്ച് മന്ത്രിയായ പ്രമുഖൻ കസേരയിലുള്ളിടത്തോളം കാലമേ ഈ കൊയ്ത്ത് തുടരുകയുണ്ടാവുള്ളുവെന്ന് മഹേന്ദ്രന് നിശ്ചയമുണ്ടായിരുന്നു. അതിനുമുമ്പേ കെ.എം. മന്ത്രിപുംഗവൻമാരുടെ ഇടയ്ക്കു ചെന്നുപറ്റേണ്ടിയിരിക്കുന്നു.

“ടെസ്റ്റും ഇന്റർവ്യൂവുമുണ്ടാകുമോ?”

“അത് നൂറിൽ എഴുപത്തഞ്ചുപേരുടെ കഥ. പാർത്ഥന്റെ നിയമനം നേരിട്ടുതന്നെ ആവും.”

“എന്നാലും...”

മഹേന്ദ്രൻ തുകയുടെ ഏകദേശ വലുപ്പത്തെക്കുറിച്ച് ബാറിൽ വെച്ച് സൂചിപ്പിച്ചിരുന്നു. മിസിസ്സ് പത്മനാഭന്റെ മകന് ഇപ്പോൾ ഇരുപതിനായിരം ഉറുപ്പിക എന്നത് നിനയ്ക്കാൻ പോലും ആവാത്ത്ര കനത്തതാണ്. ഒരു കിഴിവു സംഖ്യയായി അയ്യായിരം അനുവദിക്കപ്പെട്ടിരുന്നു.

ഒരിടവേളയ്ക്ക് അവസരം നൽകിക്കൊണ്ട് കെ.എം. അകത്തേക്കെണീറ്റുപോയപ്പോൾ മുറിയിൽ പാർത്ഥനും മഹേന്ദ്രനും മാത്രമായി.

ചുവരിൽ നിരക്കനെ നേതാക്കന്മാരുടെ ചില്ലിട്ട പടങ്ങളാണ്. ഗാന്ധിജിതൊട്ട് ഇന്ദിരാജിവരെ. മന്ത്രിയുടെ ചുമലിൽ കയ്യിട്ടുനില്ക്കുന്ന കെ.എമ്മിന്റെ പടം ചുവരിന് നടുക്കായുണ്ട്. പിന്നെ തുറന്ന കാറിൽ പ്രചാരണയോഗങ്ങളിലേക്ക് തൊഴുകയ്യോടെ കടന്നുചെല്ലുന്ന പടങ്ങളും.

അച്ഛന്റെ ഓഫീസുമുറിയിലും നിറച്ചും ചിത്രങ്ങളായിരുന്നു. നെഴ്സിങ്ങ്ഹോമിന്റെ ശിലാസ്ഥാപനം തൊട്ട് ഉൽഘാടനം വരെയുള്ള വിവിധഘട്ടങ്ങളുടെ അസുലഭനിമിഷങ്ങൾ!

“കെ.എം.ഇരുപതിനായിരം വേണമെന്നാണ് പറഞ്ഞത്. പതിനായിരം ഇപ്പോഴും ബാക്കി പോസ്റ്റിങ്ങായ ഉടനേയും...”

പാർത്ഥൻ മൗനം തുടന്നപ്പോൾ അയാൾ ചോദിച്ചു:

“എന്തു പറയുന്നു...?”

“തരാം...”

എങ്ങിനെ തുക സ്വരൂപിക്കാൻ കഴിയുമെന്ന് പാർത്ഥന് ചിന്തിക്കാനായില്ല. സസ്പെൻഷൻ കാലത്തെ ശമ്പളം മുഴുക്കെ ധാരാളിത്തം കാട്ടി കളഞ്ഞു കുളിച്ചിരിക്കുന്നു. പാസ്സ്ബുക്കിൽ ഇപ്പോഴും അഞ്ചു രൂപ മാത്രമാണ് നിക്ഷേപത്തുക.

കെ.എം. വീണ്ടും വന്നപ്പോൾ തൂവെള്ള ഖദർജുബ്ബ അണിഞ്ഞിരുന്നു. സന്നത് നിർത്തിയതോടെ അയാൾ ഖദറിലേക്ക് പരിവർത്തനം നടത്തുകയായിരുന്നുവത്രേ!

അകത്തുനിന്നും മിസ്സിസ്സ് കെ.എമ്മിന്റെതാവും ഒച്ച ഉയർന്നു കേൾക്കുന്നത്. അവർ ആരേയോ ശാസിച്ചൊതുക്കുകയാണെന്നു തോന്നുന്നു.

തുറന്നിട്ട വാതില്ക്കലൂടെ അകത്തേക്ക് പാർത്ഥൻ തലയെ

ത്തിച്ചു നോക്കിയപ്പോൾ കസേരയിലിരുപ്പുറപ്പിച്ച കെ.എം. പറഞ്ഞു: ‘‘ഭാര്യ ലക്ച്ചററാണ്. അവൾ ട്യൂഷനെടുക്കുകയാവും.’’

മണിക്കൂറൊന്നിന് ഇരുപത്തഞ്ചുരൂപ വീതം പത്തുപേരുടേതാവുമ്പോൾ അതൊരു കനത്ത തുകയാണ്. കാലത്തും വൈകിട്ടുമായി നാലിലധികം ബാച്ച് പിള്ളേർ വന്നുപോവുമ്പോൾ മിസ്സിസ്സ് കെ.എമ്മിന് ലഭിക്കുന്നത് ശമ്പളത്തെ വെല്ലുന്ന വമ്പിച്ച അക്കമാണ്.

കുറേ പൊയ്മുഖങ്ങളെക്കണ്ട് പതം വന്ന അയാളുടെ മനസ്സിൽ നിറച്ചും പുഞ്ചിരിയാണ് കുമിഞ്ഞു കൂടിയത്. ഇസ്മായിൽ സേട്ടുമാർ അവതാര പുരുഷന്മാരായി എങ്ങും വാണരുളുകയാണ്. അവരുടെ കാൽപ്പടങ്ങൾക്കടിയിൽ മഹത്വങ്ങളാണ് ഉടഞ്ഞുതകരുന്നത്.

‘‘ഞാൻ പതിനൊന്നിന് തിരുവനന്തപുരത്തു പോകും. അതിനകം പാർത്ഥൻ തുക എത്തിക്കണം.’’

‘‘ശരി...’’കെ.എമ്മിനോട് യാത്രപറഞ്ഞ് നിരത്തിലേക്കിറങ്ങിയപ്പോഴും പാർത്ഥൻ ചിന്താധീനനായിരുന്നു.

അറുത്തെറിഞ്ഞ ഒരു ബന്ധമാണ് അവസാനകയ്യായുള്ളത്. അതുമല്ലെങ്കിൽ അമ്മായിയാണ്. അച്ഛൻ എള്ളിട കീഴടങ്ങാതെ ബന്ധം ഛേദിച്ചതുപോലെ കണക്കുപറഞ്ഞ് സ്വത്ത് വിഭജിച്ചതിനെക്കുറിച്ചു പറഞ്ഞപ്പോൾ അമ്മായിക്കും ദുഃഖമായിരുന്നുവല്ലോ.

ഡോക്ടർ പത്മനാഭന്റെ മകൻ എന്നേ സമുദായത്തിൽ ഉന്നതനാവേണ്ടതായിരുന്നു. ആരാദ്ധ്യമായ ഒരു തൊഴിലും സമ്പത്തും വിഡ്ഢിയായ അയാൾ തൂത്തെറിഞ്ഞ് നടകൊള്ളു കയായിരുന്നുവല്ലോ.

പതിനൊന്നിന് ഇനി അഞ്ചു നാളുകളേയുള്ളൂ. അതിനകം തുക കണ്ടെത്തേണ്ടിയിരിക്കുന്നു. ഏകദേശം ആദ്യഗഡുവെങ്കിലും.

ഉച്ചവെയിലിന്റെ തീഷ്ണതയേറ്റ് തളർന്നവശനായി കിടപ്പായിരുന്നു പാർത്ഥൻ. മേൽത്തട്ടിൽനിന്നും ചൂടുകാറ്റാണ് വമിക്കുന്നത്. ജനാലയിലൂടെ എത്തുന്നതും അതേ കാറ്റുതന്നെ.

കട്ടിലിൽ കണ്ണുതുറന്നുകിടക്കുകയായിരുന്ന രോഹിണി തലയെത്തിച്ചു അയാളെ നോക്കുകയായി. അപ്പോഴും അയാളുടെ ചുളിവുവീണ നെറ്റിക്കു പിമ്പിൽ ഇരുപതിനായിരത്തിന്റെ അക്കം വട്ടമിട്ടു പറക്കുകയായിരുന്നു.

അയാളുടെ മിനുത്ത മുഖത്ത് വിരലുകളോടിച്ച് രോഹിണി പതിയെ ചോദിച്ചു:‘‘പാർത്ഥേട്ടന് എന്നോടിഷ്ടമില്ലേ...? ഇപ്പോഴായി പണ്ടത്തേപ്പോ ലൊന്നുമല്ല...’’

അവളുടെ വിരലുകളെ പിടിച്ചുമാറ്റുമ്പോൾ ഉറച്ച സ്വരത്തിൽ

പറഞ്ഞു: ‘‘ഇഷ്ടം...’’ അതയാൾ ഒരിക്കൽ കൂടെ നനുത്ത സ്വരത്തിൽ ആവർ ത്തിക്കുകയായി: ‘‘ഇഷ്ടം... ഞാൻ കളഞ്ഞുവന്ന ഭൂമിയെ എനിക്കു വീണ്ടെടുക്കണം രോഹിണീ...’’

‘‘അതിന് കുടിച്ചുനടന്നാൽ മതിയോ...?’’

അവളുടെ ചോദ്യം അയാൾ കേൾക്കുകയുണ്ടായില്ല.

മുത്തച്ഛന്റെ തീരാവാശിയായിരുന്നു മകനെ ഡോക്ടറാക്കണ മെന്നത്. നടപ്പുദീനം സാർവ്വജനീനയമായ പ്പോഴായിരുന്നു നാട്ടുകാർ ആദ്യമായൊരു അപ്പോത്തിക്കിരിയെ കണ്ടത്. മുത്തച്ഛന്റെ ഔദാര്യ ത്തിന്റെ കീഴിൽ അവർ വീട്ടുവളപ്പിലായിരുന്നു തമ്പടിച്ച് താമസമാ ക്കിയത്. പൊരുന്നു കോഴിയെപ്പോലെ ചത്തുവീഴുന്ന മനുഷ്യരെ ഒരു ദിവ്യശക്തിയാലെന്നോണം ഡോക്ടർ രക്ഷപ്പെടുത്തുകയാ യിരുന്നു.

നടപ്പുദീനത്തിന്റെ അകൽച്ചക്കുശേഷം നാട്ടാർക്ക് ആശ്വാസം നല്കി എല്ലാരുടേയും കണ്ണീരുകണ്ട് പോയ ഡോക്ടരുടെ ചിത്രം മുത്തച്ഛന്റെ മനസ്സിൽ വളർന്നു വികസിക്കുകയാണുണ്ടായത്.

നാട്ടിമ്പുറത്തെ പുന്നെല്ലിന്റെ ഗന്ധം മാത്രം ശ്വസിച്ചുശീലിച്ച പത്മനാഭൻ ഡോക്ടറായപ്പോൾ സകലരും ആശ്വസിക്കുകയാണു ണ്ടായത്.

എന്റെ അച്ഛൻ, പിറന്ന മണ്ണിനേയും കൂട്ടരേയും മറന്ന് വന്യമായ നഗരത്തിന്റെ അംശമാവുകയായിരുന്നു വല്ലോ.

മകനെ പഠിപ്പിച്ച് കേമനാക്കിയതിന്റെ പേരിൽ മുത്തച്ഛൻ ദുഃഖി ച്ചിരുന്നു. ഒരു താന്തോന്നിയെ പെറ്റുകൂട്ടിയതിന്റെ പേരിൽ, അച്ഛന്റെ ചാവിനുപോലും ഒരിറ്റുവെള്ളം നല്കാതെ സുകൃതക്ഷയം വരുത്തിയ മകന്റെ പേരിൽ മുത്തശ്ശിയും ദുഃഖിച്ചിരുന്നു.

പക്ഷേ ഇവിടെ എന്റെ ഭൂമിയെയാണ് ഞാൻ തേടുന്നത്. എന്റെ കാൽചുവട്ടിലൂടെ, എന്റെ അജ്ഞതമൂലം ഒലിച്ചുപോയ മണ്ണിന്റെ പുഷ്ടിയേയും പ്രൗഢിയേയും ആണ് വീണ്ടെടുക്കേണ്ടതായിരി ക്കുന്നത്.

രോഹിണിയുടെ കൈവശം നീക്കി ഇരുപ്പായി ഒറ്റപൈപോലും ഇല്ലെന്നറിയാമായിരുന്നിട്ടും അയാൾ ചോദിച്ചു:

‘‘നിന്റെ കൈവശം വല്ല ബാങ്കുബാലൻസുമുണ്ടോ...?’’

കുടുംബജീവിതത്തിന്റെ ആരംഭം തൊട്ടെ അവളുടെ കെട്ടിയിരു പ്പുതുകയിൽ നിന്നായിരുന്നു ചിലവുകൾ കഴിച്ചുപോന്നത്. പിന്നീട് അയാൾ ജയിലറയിലായതോടേയും, വിനീതന്റെ ജനനത്തോ ടേയും അക്കങ്ങൾ ചോർന്നുവാർന്ന് ഇല്ലാതാവുകയായിരുന്നു.

‘‘എന്താ പാർത്ഥേട്ടാ ആവശ്യം?’’

“ഞാനന്നുപറഞ്ഞ ജോലി ശരിപ്പെടും. ഇരുപതിനായിരം രൂപ കൊടുത്താൽ പോസ്റ്റിങ്ങ് ഓർഡർ കിട്ടും.”

അവൾക്ക് പരിചിതനായിരുന്ന പാർത്ഥൻ തികച്ചും വ്യത്യസ്തനായിരുന്നു. അയാൾ നെഞ്ചൂക്കോടെ ഇതിനെ എല്ലാം എതിർത്തുപോരുകയായിരുന്നു. ഒരു സംഘർഷത്തിന്റെ ലാഞ്ചന പോലും ഉയരരുതെന്ന തോന്നലോടെ അവൾ കൂടുതൽ മൂകയാവുകയാണുണ്ടായത്.

“നിന്റെ കയ്യിൽ ആഭരണമില്ലേ?”

“എല്ലാം വിറ്റാലും രണ്ടായിരം തെകയില്ല.”

പിന്നീട് ഉറക്കത്തിലെന്നോണം ഒന്നമർത്തി മൂളി പാർത്ഥൻ കണ്ണടച്ചു കിടക്കുകയായിരുന്നു.

അവൾ കട്ടിലിൽ നിന്നിറങ്ങിയപ്പോഴും, സ്റ്റൗകത്തിച്ച് കാപ്പി ഒരുക്കൂട്ടി എത്തിയപ്പോഴും അയാൾ അതേകിടപ്പു തുടരുകയായിരുന്നു.

“നമുക്ക് ഉള്ളതുകൊണ്ട് കഴിഞ്ഞാൽമതി പാർത്ഥേട്ടാ...”

“പക്ഷേ നിന്റെ മകനുതിന്നാൻ നിനക്കുതന്നെ അറിയാത്ത നിന്റെ തന്ത സമ്പാദിച്ച സ്വത്തൊന്നുമില്ലല്ലോ...”

കീഴ്ച്ചുണ്ടു കടിച്ചമർത്തി രോഹിണി കണ്ണീരടക്കാൻ ശ്രമിക്കുകയായിരുന്നു. കുറേനാളായി അവൾക്കുതന്നെ തിരിച്ചറിയാനാവാത്ത വിധം പ്രകൃതം മാറിപ്പോയിട്ടുണ്ടെന്നു തോന്നുന്നു. പഴയപോലെ പൊട്ടിക്കരയാനും പൊട്ടിച്ചിരിക്കാനും രോഹിണിക്ക് ഇപ്പോൾ കഴിയുന്നേയില്ല.

നഗരത്തെപ്പോലെ ബാറെന്നും സജീവമാണ്. ഹോട്ടലിന്റെ വിശാലമായ മുറ്റത്ത് വർണ്ണവിളക്കുകൾ കണ്ണുചിമ്മുന്ന ചവോക്ക് മരങ്ങൾക്കുതാഴെ കാറുകൾ കിടപ്പുണ്ടാവും. കാറിന്റെ ഉടമസ്ഥരെ കാത്ത് മൂടിനു തണുപ്പ് ബാധിച്ച് ഡ്രൈവർമാർ ഉറക്കത്തിലേക്കു വഴുതിവീഴുന്നുണ്ടാവും. ഏതോ നിമിഷത്തിൽ കുടിച്ചു കുന്തം മറിഞ്ഞുവരുന്ന ഉടമസ്ഥൻ തെറിപ്പാട്ടോടെ വിളിച്ചുണർത്തുമ്പോഴായിരിക്കും യന്ത്രം മുരൾച്ചയോടെ യാത്ര ആരംഭിക്കുക.

ഹണ്ടറിന്റേയും ഗോൾഡ് മറൈനിന്റെയും ദൂഷിതവലയത്തിൽ രക്ഷപ്പെടാനാവാത്തവിധം അകപ്പെട്ടിരിക്കുകയായിരുന്നു പാർത്ഥൻ.

മഹേന്ദ്രൻ പെഗ്ഗ് കാലി ആക്കുന്നതോടൊത്ത് ഹണ്ടർ തുടരെ പുകയ്ക്കുന്നുണ്ട്. അയാളുടെ കണ്ണുകൾ ചോരക്കുഴൽ പൊട്ടിയതുപോലെ ചുവന്നിരിക്കയാണ്. ഒരൊഴിവു ദിവസമായതിനാൽ നേരത്തെ കയറിക്കൂടുകയായിരുന്നു.

പാർക്കിലെ സിമന്റ് ബെഞ്ചിൽ സന്ധ്യയോടെ ചടഞ്ഞുകൂടുന്ന

മഹേന്ദ്രൻ പാർത്ഥനുമൊത്തുള്ള ബാറിലെ അഭിഷേകത്തിനു ശേഷം ഏതോ ഒരു നിമിഷത്തിലായിരിക്കും രാത്രിയിൽ വീടെത്തുക. പിന്നീട് പതിനാലുകാരിയായ മകൾ രാവിലെ വിളിച്ചുണർത്തുന്നതോടെ വേവലാതി നിറഞ്ഞ അയാളുടെ ഒരു ദിവസം കൂടി ആരംഭിക്കുകയായി.

ഒറ്റകമഴ്ത്തിനു പെഗ്ഗിലെ ദ്രാവകം മുഴുക്കെ കാലി ആക്കിയ പാർത്ഥൻ ഗോൾഡ് മറൈൻ നിറച്ചു പെഗ്ഗ് സമ്പൂർണ്ണമാക്കി.

അച്ഛൻ അടച്ചിട്ട മുറിയിൽ തനിച്ചിരുന്നാണ് മദ്യപിക്കാറ്. ഭാര്യയെ അരികെ ഇരുത്തി കമ്പനികൂടാൻ തക്ക സൗമനസ്സ്യമില്ലാത്ത അച്ഛനെക്കുറിച്ച്, പഠിച്ചിട്ടും സംസ്കാരസമ്പന്നനാകാൻ കഴിയാത്ത ഭർത്താവിനെക്കുറിച്ച് മിസ്സിസ്സ് പത്മനാഭന് എപ്പോഴും പരാതിയെ പറയാനുണ്ടായിരുന്നുള്ളു.

“പാർത്ഥൻ ഒന്നു ചെയ്യൂ. ഇനി വൈകിക്കാതെ ഡോക്ടർ അനന്തനെ ചെന്നുകാണൂ. അദ്ദേഹത്തിന് തുക നൽകാനാവുമല്ലോ...”

മിസ്സിസ്സ് പത്മനാഭനെ വകയ്ക്ക് കണക്കാക്കാതെ, അവജ്ഞയോടെ പുറന്തള്ളി പടിയിറങ്ങി നടക്കുകയായിരുന്നു. അപ്പോൾ എന്റെ മുന്നിൽ ഒരു തിരിച്ചുപോക്കോ കീഴ്വഴങ്ങലോ വന്നുചേരുമെന്ന ദശാസന്ധി ഉദയം ചെയ്തിരുന്നില്ല.

ഇപ്പോൾ ഡോക്ടർ പത്മനാഭന്റെ ഭാരിച്ച സ്വത്തിന് അനന്തേട്ടനും മുകുന്ദനും മാത്രമാണ് അധിപതികൾ. രോഹിണിയെ വിവാഹം ചെയ്തതിലൂടെയും എന്റെ നേർക്കുയർന്ന കൊലക്കുറ്റത്തിലൂടെയും ഞാനവിടെനിന്ന് പരിപൂർണ്ണമായി നിഷ്കാസിതനാവുകയായിരുന്നുവല്ലോ.

അടുത്ത ടേബിളിൽ യുവാവും യുവതിയുമാണ്. സ്റ്റൈറ്റ് ഡോസായ ബീയറിന്റെ നുരഞ്ഞുപൊന്തുന്ന മണം കാറ്റത്തെത്തുന്നുണ്ട്.

പതിവുപോലെ പുറമേക്കിറങ്ങുമ്പോൾ രാത്രി വല്ലാണ്ട് അധികരിച്ചിരുന്നു. ചവോക്കു മരങ്ങൾക്കുകീഴെ കാത്തുകിടപ്പായിരുന്ന കാറുകളെല്ലാം പോയിരിക്കുന്നു. വെളിച്ചത്തിൽ കുളിച്ച നിരത്ത് നീണ്ടുനീണ്ട് ദേശാടനം നടത്തുന്നു.

ഗോൾഡ് മറൈൻ തലയ്ക്ക് നന്നായി ഏശിയിരുന്നില്ല. വെളിച്ചം കുറഞ്ഞ് മങ്ങൽവീണ കണ്ണുകൾക്കു മുന്നിൽ കടന്നുവരുന്ന വസ്തുക്കളെ തിരിച്ചറിയാനാവുന്നുണ്ട്.

മഹേന്ദ്രൻ അവ്യക്തമായി ഉഴറിക്കൊണ്ട് എന്തോ പുലമ്പുകയാണ്. അരികത്തൂടെ കടന്നുപോയ മനുഷ്യൻ തറച്ചുനോക്കിയപ്പോൾ പാർത്ഥന് കോപമാണു വന്നത് നായ്ക്കൾ!

നിരത്ത് സമാന്തര വേരുപടലങ്ങളെപ്പോലെ ചുരന്നൊഴുകുക

യാണ്. ഇടവിട്ടകന്നു പോവുന്ന വാഹനങ്ങൾ ഒച്ചയിട്ട് അലറിവിളിക്കുന്നു. നടന്നുനടന്ന് വീണ്ടും അവർ തുറമുഖത്തോടടുക്കുകയാണുണ്ടായത്. കടലിലെ ശീതക്കാറ്റേൽ ക്കുമ്പോൾ മത്തുപിടിച്ച തലയ്ക്ക് തണുപ്പുതട്ടി വെട്ടം വീഴുകയാണ് പതിവ്. ദൈനംദിന ചടങ്ങായിത്തീർന്നിരിക്കുന്നു രാത്രിയിലെ തുറ മുഖംവരെയുള്ള ഈ നടത്തം.

വെളിവുവന്ന് തിരികെ നടന്ന് വീട്ടിലെത്തുമ്പോൾ എന്നും അർദ്ധരാത്രി കഴിഞ്ഞിരിക്കും. വിറങ്ങലിച്ച ചോറും ഉറക്കം വിട്ടുമാറാത്ത കണ്ണുകളുമാണ് സ്വാഗതം ചെയ്യുക.

കടലോരത്തെ വിളക്കുകാലുകളുടെയും നഗരത്തിന്റെ പ്രതിഛായ തന്നെയും കടലലകളിൽ ചാഞ്ചാടുന്നുണ്ട്. തുറമുഖത്ത് ഏതോ കൂറ്റൻ ചരക്കുകപ്പൽ വന്നണഞ്ഞിരിക്കുന്നു. അതിനകത്തെ വെളിച്ചം ദൂരെന്നും കാണാം.

അനന്തേട്ടന് ഞാൻ ഇത്തരമൊരു ആവശ്യവുമായി കടന്നു ചെല്ലുമെന്ന് ഒരിക്കലും പ്രതീക്ഷിക്കാനാവില്ല.

ജയിലിൽനിന്ന് വിടുതൽ കിട്ടിയതിനുശേഷം ആദ്യമായി അനന്തേട്ടനെ കാണുകയായിരുന്നു. അപ്പോഴേയ്ക്കും മിസ്സിസ്സ് പത്മനാഭൻ മകനോട് സംസാരിക്കുകയില്ലെന്ന് ദൃഢനിശ്ചയം ചെയ്തിരുന്നു.

അനന്തേട്ടൻ എന്റെ ഭാവിയെ ഗണിച്ച് ഒരു മനക്കണക്ക് കൂട്ടിപെരുക്കുകയായിരുന്നുവല്ലോ.

അച്ഛന്റെ സ്വത്തിൽ എന്റെ വിഹിതം തരാൻ തയ്യാറാണ്. അതച്ഛന് സമ്മതവുമാണ്. സ്വന്തമായി ബിസ്സിനസ്സോ, സ്ഥാപനമോ ആരംഭിക്കാനുദ്ദേശ്യമുണ്ടെങ്കിൽ അതിനുവേണ്ട ഒത്താശ്ശകളും ചെയ്യാം. പുറംനാട്ടിലേക്ക് ചെന്ന് പഠനം തുടരണമെങ്കിൽ അതുമാവാം.

അപ്പോൾ ചവിട്ടിത്തള്ളിയ അവസരങ്ങളെ ഇനി പിടിച്ചു പറ്റേണ്ടിയിരിക്കുന്നു. അന്നത്തെ സുഗമമായ വഴിത്താര ഇന്ന് ദുർഗ്ഗമവും കാടും പടലുംകയറി വെളിച്ചം തീരെ കുറഞ്ഞതുമാണ്.

"പാർത്ഥന് ഇക്കാര്യത്തിൽ സ്വന്തം വീട്ടുകാരെ ആശ്രയിച്ചേപറ്റൂ. മറ്റ് മാർഗ്ഗങ്ങളൊന്നുമില്ലല്ലേ?"

"ഇല്ല..."

രേണുകേടത്തി പണത്തെ നിന്ദ്യമായി കരുതിയ, അതിനുവേണ്ടി മനുഷ്യത്വത്തെ കുരുതികൊടുത്ത പാർത്ഥനെയായിരുന്നു ഇഷ്ടപ്പെട്ടത്. പക്ഷേ ഇപ്പോഴാണ് വെളിച്ചം ലഭിക്കുകയുണ്ടായത്.

എന്നെപ്പോലെ വിഡ്ഢിയായിരുന്ന അമലയും ഇപ്പോൾ ബോധ

വതിയാണ്. അവൾ കണ്ടെത്തിയ മാർഗ്ഗത്തിൽ അല്ലലുകളൊന്നു മുണ്ടാവില്ല.

എന്നിട്ടും അയാൾ നെടുതായി നിശ്വസിച്ചു.

മഹേന്ദ്രൻ തന്റെ കഥ വിവരിക്കുകയായിരുന്നു.

“അമ്മയും രണ്ടനുജൻമാരും ഒരനുജത്തിയുമുണ്ട്. ആദ്യകാലത്ത് ഞാനവരെ പാടെ മറന്നതുപോലായിരുന്നു. നില്ക്കക്കള്ളികിട്ടി യപ്പോൾ മാത്രമാണ് ഞാൻ നട്ടിലേക്ക് ചെല്ലുകയുണ്ടയത്. പക്ഷേ എനിക്കവരെ കാണാൻ കഴിഞ്ഞില്ല. തിന്നാനില്ലാതെ കിടപ്പാടം പണയപ്പെടുത്തിയ അവർ മറ്റെങ്ങോ പോയിരുന്നു...”

“എന്റെ വീടുനിന്ന സ്ഥലത്ത് നല്ലൊരു മാളികയായിരുന്നു. തുച്ഛ സംഖ്യക്ക് സ്ഥലത്തെ പുതുപണക്കാരൻ ഭൂമി കൈവശപ്പെടുത്തു കയായിരുന്നു...”

“എന്നാൽ ഒന്നുണ്ട്, എനിക്ക് അതേക്കുറിച്ചൊന്നും അധിക നേരം ഓർത്തിരിക്കാനാവില്ല. ഈ തിരക്കിൽ മനുഷ്യന്റെ മുന്നിലു ള്ള മരണത്തെപ്പോലും ഓർക്കാൻ മറന്നവനാണ് ഞാൻ. ഒരുപക്ഷേ ഏതെങ്കിലും ഒരപൂർവ്വനിമിഷത്തിൽ ഞാനെന്റെ സഹോദരനേ യോ, സഹോദരിയേയോ കണ്ടുമുട്ടിയെന്നിരിക്കും...”

“എന്റെ അമ്മ മരിച്ചിരിക്കും. അതു തീർച്ചയാണ്...”

മഹേന്ദ്രന്റെ മുഖത്തേക്ക് വിസ്മയത്തോടെ നോക്കിയപ്പോൾ അയാൾ തുടർന്നു:

“എന്തു നല്ല കഥകളാണ് ഇതെല്ലാം. പക്ഷെ ഓർക്കുമ്പോൾ ചിലപ്പോഴൊക്കെ ദുഃഖമാണ് തോന്നാറുള്ളത്. എന്റെ ഇന്നത്തെ ചുറ്റുപാടുകൾ അവർക്കറിയില്ല. എന്നാൽ അവരുടെ അവസ്ഥയെ എനിക്കറിയാം. പഠിക്കാതെ ചുമടു തൂക്കുന്നവരോ, ഏതെങ്കിലും കമ്പനിയിൽ തീരെ താണവരുമാനക്കാരോ ആയിരിക്കും അനുജ ന്മാർ. പെങ്ങൾ ഒരു ദരിദ്രന്റെ ഭാര്യയായി ജീവിക്കുകയുമാവും...”

എങ്കിലും ഇതെല്ലാം സമയം പോക്കാനെന്നതുപോലെ പറഞ്ഞ് സുന്ദരമനസ്കനായി നടക്കാൻ മഹേന്ദ്രനാവുന്നുണ്ട്. അതാണ യാളുടെ വിജയകാരണവും.

ജോസഫിന് സ്റ്റെല്ലയുടെ വിവാഹത്തെക്കുറിച്ച് ലോകത്തിന്റെ പൊതുവായ അവസ്ഥാവിശേഷമാണ് ഈ നിലപാടുകളെന്നു പറഞ്ഞ് നീതീകരണം നടത്താം. വളരെ വൈകിയ വേളയിലാണ് ഞാൻ ശരിയായ മാർഗ്ഗം കണ്ടെ ത്തിയതെന്നു പറഞ്ഞ് മുകുന്ദൻ ആക്ഷേപിക്കും. മിസ്സിസ് പത്മ നാഭന് ഒരു കടങ്കഥ ആസ്വദിച്ച അനുഭവമായിരിക്കും. അനന്തേട്ടന് പൊരുളറിയാതെ എനിക്കു സംഭവിച്ച മാറ്റത്തെ ഉൾക്കൊള്ളാ നാവില്ല.

“പാർത്ഥനെന്നുപോവും?”

“നാളെ വൈകീട്ടു പോവാം...”

മറ്റെങ്ങും പോവാനില്ലാത്തതുകൊണ്ട് അവിടം മാത്രമാണ് ഏക ആശ്രയം. ഇത്രയും കാലത്തെ വരവു ചെലവുകളുടെ കണക്കു കൂട്ടലിൽ മിച്ചം ഒരു വിഫലശ്രത്തിന്റെ കഥമാത്രമാണ്.

പാർത്ഥൻ നല്ലവനായിരുന്നു; വളരെ നല്ലവനായിരുന്നു എന്നു പറഞ്ഞ് വിലപിച്ചവർ ഒരു വൃത്താന്തം കേൾക്കാനിരിക്കുന്നതേയുള്ളു. ചുടലയിൽനിന്ന് മരിച്ച ആത്മാവുകൾ ചോര ചിന്തുന്ന നാവുമായി ഉയർത്തെണീക്കുമെന്നു പറഞ്ഞത് മുത്തശ്ശിയായിരുന്നു.

സ്റ്റാർച്ച് കോംപ്ലക്സിൽ സമുന്നതമായ മാനേജർ പദവി, കുറച്ചു കാലത്തിനകം ഒരു വിദേശ സഞ്ചാരവും പരിശീലനവും സംഘടിപ്പിച്ചാൽ വീണ്ടും വിപുലമായി അധികാരവും സ്ഥാനമാനങ്ങളും.

താഴെക്കിടയിൽ ജീവിച്ച്, തരംതാഴ്ന്ന മനുഷ്യരുമായിടപെട്ട് മലിനമായ ഒരു ജീവിതമാർഗ്ഗത്തെ പിന്തുടരേണ്ടുന്നവർ ഈ പാർത്ഥനേ അല്ല. കാറും ബംഗ്ലാവും സാമൂഹ്യമാന്യതയുമാണ് അവന്റെ മുന്നിലുള്ളത്. മഹത്തായ ലക്ഷ്യമാണ് പരമപ്രാധാന്യം. ലക്ഷ്യം സ്വീകരിക്കാനുള്ള മാർഗ്ഗം രണ്ടാംതരമാണെന്നാണല്ലോ ഞാൻ പഠിച്ചിട്ടുള്ളത്.

ഒരു രാത്രി കൂടി അവസാനിക്കാറായെന്നു തോന്നുന്നു.

നക്ഷത്രങ്ങളുടെ മുഖത്തുനിന്ന് പ്രകാശം പൊലിഞ്ഞു പോയിരിക്കുന്നു. ക്ഷീണം തീർക്കാനായി മാത്രം വഴിവക്കിൽ ലോറി നിർത്തി ഉറങ്ങിയ ഡ്രൈവർമാർ വീണ്ടും ജാഗരൂകരായിരിക്കുന്നു. വാഹനങ്ങളുടെ അരണ്ട പ്രകാശം മങ്ങിയ ചിന്താരൂപങ്ങളെപ്പോലാണ്. തിരികെ വീടുതേടി നടക്കുമ്പോൾ ഒരു രാത്രികൂടി നിശ്വാസമുതിർത്ത് ചത്തുപോവുന്നത് പാർത്ഥന് കാണാൻ കഴിഞ്ഞു.

നാൽപ്പത്തിയാറ്

മുകുന്ദനു കീഴെ ഒരു പെൺകുഞ്ഞായിരുന്നു. നാലാണ്ടുകൾ കഴിഞ്ഞ് മരിച്ചുപോയ അവളുടെ ഓർമ്മ പലരേയും വിടാതെ പിൻതുടരുകയാണ് ഉണ്ടായത്.

ശാലിനിയുടെ മരണത്തെ ഡോക്ടർ പത്മനാഭന് മുൻകൂട്ടി ഗണിച്ചറിയാൻ കഴിഞ്ഞിരുന്നു. ജന്മനാതന്നെ അവളുടെ ഹൃദയത്തിലെ വാൾവ് തകരാറിലായിരുന്നുവത്രേ!

ശാലിനിയുടെ മരണമറിഞ്ഞ് ഞാനും മുത്തശ്ശിയുമാണ് വന്നത്.

വീട്ടുമുറ്റത്തും തെരുവിനുചുറ്റിലും എമ്പാടും ചിതറിക്കിടക്കുന്ന കാറുകൾ തിക്കിത്തിരക്കി നിൽക്കപ്പൊറുതിയില്ലാതെ പറ്റിക്കൂടിയ പുരുഷാരം. മിസിസ്സ് പത്മനാഭന്റെ സാംസ്കാരിക സുഹൃത്തുക്കൾ ജീവിതത്തിന്റെ അനന്തവിശാലതയേയും മനുഷ്യന് വിധിയെ വെല്ലാനാവില്ലെന്നും ആവർത്തിച്ചു പറഞ്ഞ് ഔപചാരികതയോടെ അവരെ ആശ്വസിപ്പിക്കാൻ ശ്രമിക്കുകയാണുണ്ടായത്.

പിടക്കോഴി പറക്കമുറ്റിയ കുഞ്ഞിനെ കൊത്തി ആട്ടുന്നതു പോലെ മകളുടെ മരണത്തെപ്പോലും ഒരു സാധാരണ കർമ്മമായി കരുതി നഗരത്തിന്റെ ബഹുമുഖമായ മണ്ഡലങ്ങളിൽ പ്രയത്ന നിരതയാകാൻ അവർക്കു കഴിഞ്ഞിരുന്നു. എന്നിട്ടും ചില്ലിട്ടുതൂക്കിയ മകളുടെ പടത്തിലേയ്ക്കു നോക്കി അച്ഛൻ വിഷാദത്തോടെ മൂകനാവുമായിരുന്നു.

അച്ഛന്റെ തിരക്കുള്ള ജീവിതത്തിൽ ഒന്നിരുന്ന് ആശ്വസിക്കാനുള്ള സമയം ലഭിക്കുകയുണ്ടായില്ല. ഡോക്ടർ പത്മനാഭന്റെ പാതകളെ വെറുത്തിരുന്ന ഞാൻ ഇപ്പോൾ അങ്ങോട്ടേയ്ക്കാണ് കടന്നു ചെല്ലുന്നത്.

യാത്രയുടെ ആരംഭംതൊട്ടേ അനന്തേട്ടനെ അഭിമുഖീകരിക്കേണ്ടുന്നതിനെക്കുറിച്ചായിരുന്നു ചിന്തിച്ചുകൊണ്ടിരുന്നത്. അച്ഛന്റെ സ്വത്തിൽ ഒരു ഭീമമായ സംഖ്യ എന്റെ വിഹിതമായിരുന്നെങ്കിലും ധിക്കാരത്തോടെ ഞാനൊരു നിമിഷത്തിൽ ഇറങ്ങിപ്പോവുകയായിരുന്നുവല്ലോ.

ഒരു സന്ധ്യയ്ക്കായിരുന്നു. മിസ്സിസ്സ് പത്മനാഭൻ, അച്ഛന് പണമിടപാടുകളിൽ താൻ അദ്ധ്വാനിച്ചാർജ്ജിച്ച സ്വത്തായിരുന്നതിനാൽ ആർക്കും എഴുതിക്കൊടുക്കുവാൻ തക്ക അധികാരമുണ്ടെന്ന് സൂചിപ്പിക്കുകയായിരുന്നു. ജനിക്കാതെ മരിച്ചുപോയ കന്യകമാരുടെ ഗർഭത്തിന്റെ പങ്കും പലിശയുമാണ് ഈ പ്രതാപമെന്ന് കരുതിയിരുന്ന ഞാൻ അപ്പോൾ അവയെ അവജ്ഞയോടെയായിരുന്നു വീക്ഷിച്ചത്.

അനന്തേട്ടന്റെ കണ്ണിൽ തുച്ഛസംഖ്യയാണ് ഇരുപതിനായിരം. ഇസ്മായിൽ സേട്ട് ഇപ്പോൾ എനിക്കൊരു മാർഗ്ഗദർശി ആയിരിക്കയാണ്. കെ.എം. ചൂണ്ടിക്കാണിക്കുന്ന പാതയിലൂടെ മഹേന്ദ്രന്റെ രക്ഷാവലയവുമായി എനിക്കിനി മുന്നോട്ടുപോവാനാവും.

തീവണ്ടിയിലെ നീണ്ട യാത്രയും ഉറക്കമിളയ്ക്കലും കഠിനമായ ക്ഷീണമാണുയർത്തുന്നത്. യാത്രയിലെ ആദ്യത്തെ മൂന്നുമണിക്കൂർ നില്പുതന്നെയായിരുന്നു.

അനന്തേട്ടന് എന്റെ പുതുരൂപത്തെക്കുറിച്ചോ, അഭിപ്രായങ്ങളെ

ക്കുറിച്ചോ അറിഞ്ഞെന്നുവരില്ല. എന്നിൽ സംഭവിച്ച അപ്രതീക്ഷിത മാറ്റം അവർക്കമ്പരപ്പാണുണ്ടാക്കുക.

തികച്ചും എനിക്കുപോലും ഇപ്പോൾ ഞാനൊരു അത്ഭുത ജീവിയാണ്.

സെറ്റിയിൽ പത്രത്തിൽ താഴ്ന്ന കണ്ണുകളുമായി ഇരുപ്പായിരുന്നു പാർത്ഥൻ. എന്റെ വരവ് ആരും അറിഞ്ഞിട്ടില്ലെന്നു തോന്നുന്നു.

പടിയിറങ്ങി ആത്മബലി അർപ്പിച്ചുനടന്ന ആ കാലം എന്റെ മുമ്പിൽ വീമ്പുകാട്ടി പുച്ഛിച്ചു ചിരിക്കയാണ്. ഇവിടെ നിന്നിറങ്ങിയ പാർത്ഥൻ ഒടുക്കം ദുഃഖത്തോടെയാണെങ്കിലും ഇവിടേയ്ക്കു തന്നെയാണല്ലോ എത്തപ്പെട്ടിരിക്കുന്നത്.

പോർച്ചിൽ പുതിയ ഇറ്റാലിയൻ ഫിയറ്റാണ്. രാത്രി പൊഴിഞ്ഞ മഞ്ഞിൻതുള്ളികൾ ബോണറ്റിൽ മുത്തുകളായി മിന്നുന്നു. സൂര്യ വെളിച്ചം തുറന്നിട്ട വാതിലിലൂടെ അകത്തേക്കെത്തുന്നുണ്ട്. തറ യിൽ വിരിച്ച നീലകമ്പളത്തിൽ മേൽത്തട്ടിന്റെ പ്രതിച്ഛായയാണ് കാണുന്നത്.

സന്ധ്യയ്ക്ക് യാത്ര പുറപ്പെടുമ്പോൾ രോഹിണി മൗനത്തോടെ നിൽപു തുടരുകയായിരുന്നു. എന്റെ ഈ തീരുമാനത്തെ അവൾ ഒട്ടും പ്രതീക്ഷിച്ചില്ലെന്നു തോന്നുന്നു, നിത്യേന രാത്രി വീട്ടിലേക്കു പോവാറുള്ള പണിക്കാരത്തി ഇനി രണ്ടുനാൾ രോഹിണിയോ ടൊത്ത് അന്തിക്കൂട്ടിനുണ്ടാവും.

അകമുറിയിൽനിന്നോടി എത്തിയ കുഞ്ഞ് അമ്പരപ്പോടെ വാതില്ക്കൽ അമാന്തിച്ചുനിന്നു. പിന്നീട് അതേ തിടുക്കത്തോടെ അകത്തേക്കു പോവുകയുമായി.

കുഞ്ഞിന്റെ ചിലമ്പിച്ച ഒച്ച അകത്തു മുഴങ്ങുന്നതു കേൾ ക്കാനുണ്ട്. അനന്തേട്ടൻ ആശുപത്രിയിലായിരിക്കും. മിസ്സിസ്സ് പത്മ നാഭൻ കിടക്ക വിട്ടെണീറ്റിട്ടേ ഉണ്ടാവില്ല. രാത്രി കലങ്ങിമറിയുന്ന കണ്ണുകളുമായി കാറിൽ നിന്നിറങ്ങുന്ന അവർ സൂര്യൻ ഉച്ചസ്ഥാന ത്തെത്തുമ്പോൾ മാത്രമാവും ഉണരുക.

വാതില്ക്കൽ മിസ്സിസ്സ് പത്മനാഭൻ വന്നുനിന്നത് പാർത്ഥൻ ശ്രദ്ധിക്കുകയേ ഉണ്ടായില്ല.

“നീ വീണ്ടും വന്നുവല്ലോ...?” ചോദ്യം പറഞ്ഞുതീരുന്നതിനു മുമ്പെ അവരുടെ ശബ്ദം വീണ്ടും കേട്ടു:

“പുതുതായി ആരെയെങ്കിലും കൊന്നിരിക്കുമോ?”

കടവായിൽ പുകയുന്ന രോഷവുമായി പത്രം ടീപ്പോയിലേയ്ക്കു ചുരുട്ടി എറിയുമ്പോൾ പാർത്ഥൻ പറഞ്ഞു:

“വളരെ മുമ്പുതന്നെ ഞാനൊരാളെ കൊല്ലേണ്ടതായിരുന്നു.

അന്നതു ഞാൻ ചെയ്തില്ല. എന്റെ അമ്മയെ കൊല്ലാൻ ഞാൻ മടിച്ചു. അതു തെറ്റായിരുന്നു.''

ഒരു കിളുന്തുപയ്യനുമായി കൂട്ടുകൂടി നടപ്പായിരുന്നു മിസ്സിസ്സ് പത്മനാഭൻ. നഗരത്തിൽ വന്നുപെട്ട ആരോരുമില്ലാത്ത ഏതോ ഒരു ആഭാസൻ. അമ്മയുടെ ചാരിത്രരക്ഷകനായി അയാൾ മുഖത്തു ചായം പൂശിയപ്പോഴും അച്ഛൻ രോഗികളുടെ ദീനത്തെ മാറ്റാൻ അക്ഷീണം, അനവരതം യത്നിക്കുകയായിരുന്നു.

താന്തോന്നിത്തങ്ങൾ കണ്ടുമടുത്ത് ഇടഞ്ഞുനിന്ന ഞാനായിരുന്നു അപ്പോൾ വെറുക്കപ്പെട്ടവൻ.

ഇപ്പോൾ മിസ്സിസ്സ് പത്മനാഭൻ ഒരു നാവോഢപോലുമായിരുന്നെന്ന പ്രതീതിപോലും തോന്നിക്കുകയേയില്ല. എത്രതന്നെ ഒളിച്ചുകെട്ടിയിട്ടും പ്രായം അതിക്രമിച്ചുനില്പാണ്. നരച്ച് ഇഴകൾ കൊഴിഞ്ഞ് തലയോടു കാട്ടുന്ന മുടി. കനം വീണതും ചീർത്തതും ചുളിവുകൾ നിറഞ്ഞതുമായ കവിളുകൾ. ശിരസ്സിലേയ്ക്കാക്രമിച്ചുകയറുന്ന നെറ്റി. കഴുത്തിൽ നെയ്യ് മുറ്റി തൂങ്ങുന്ന മാംസ ചീളുകൾ.

ഒരുപാട് തിന്നുചീർത്ത തടി ഇപ്പോൾ ഒരു വികൃതകാഴ്ച ആയിരിക്കയാണ്.

''നീ എന്തിനിവിടെ വന്നു?''

മുറിയിൽ വാക്കുകൾ മുഴക്കമായലയുമ്പോൾ പാർത്ഥനെണീറ്റു.

''അത്... ഇവിടെ വരാൻ ഞാനാരുടേയും അനുമതി വാങ്ങേണ്ടതില്ല. എന്റെ അച്ഛന്റെ വീട്ടിൽ ഞാൻ വരും...''

പറഞ്ഞുതീർന്നപ്പോൾ നേർത്തൊരു സങ്കോചമാണ് അയാൾക്കു തോന്നിയത്.

പഴയൊരു നിറപ്പകിട്ടുള്ളൊരു നിമിഷത്തെ ഓർത്ത് പാർത്ഥൻ നടുങ്ങുകയുണ്ടായി.

''യൂ സ്റ്റുപ്പിഡ്... നീ പടികയറരുത്...''

അവരുടെ ഒച്ച ഉയർന്നതുകണ്ടാവണം അടഞ്ഞവാതിലുകൾ തുറന്നത്. മേൽത്തട്ടിൽ നില്പാണ് മുകുന്ദൻ. ഇടതുവശത്ത് അനന്തേട്ടനാണ്. നടുമുറിയുടെ വാതില്ക്കൽ മോന്റെ ചുമലിൽ കൈവെച്ചു നില്പാണ് യുവതി.

പാർത്ഥൻ തൊണ്ടചിനക്കി വീണ്ടും നാവനക്കാൻ മുതിർന്നപ്പോൾ അനന്തേട്ടൻ കൈക്കുപിടിച്ച് അകത്തെ മുറിയിലേക്കാനയിച്ചു കസേരയിലിരുത്തി വാതിലിനു തഴുതിട്ടപ്പോഴും കോപം മൂത്ത് പുലമ്പുന്ന മിസ്സിസ്സ് പത്മനാഭന്റെ സ്വരം കേൾക്കാനുണ്ടായിരുന്നു.

''അമ്മ ഇപ്പോൾ ആകെ ഒറ്റപ്പെട്ടിരിക്കയാണ്. അവർക്കിപ്പോൾ സകലതിനോടും ദേഷ്യമാണ്. സാംസ്കാരിക പ്രവർ

ത്തനമൊന്നുമില്ല. പ്രായമായല്ലോ. നീ എങ്കിലും കുറച്ച് സംയമനം പാലിക്കേണ്ടതായിരുന്നു.''

''എനിക്കതിന്റെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല...''

ഇപ്പോൾ ഹാൾ വീണ്ടും നിശ്ശബ്ദതയിലേക്കു പതിച്ചിരിക്കുന്നു. മുകുന്ദന്റെ ചിരിയാണ് അലയ്ക്കുന്നതെന്നു തോന്നുന്നു. അവന്റെ മകനാവും കൂലങ്കഷമായി എന്റെ വരവിനെക്കുറിച്ചന്വേഷിക്കുന്നത്.

പാർത്ഥൻ പാന്റ്സിൽനിന്ന് ഹണ്ടറെടുത്ത് പുകയ്ക്കാനാരംഭിച്ചു. ഒരു നിമിഷം അനന്തേട്ടന്റെ മുഖത്ത് ആശ്ചര്യത്തിന്റെ നീല ജ്വാല പടരുന്നത് അയാൾ കാണുകയുണ്ടായി.

''ഞാൻ വന്നത് ഇരുപതിനായിരം രൂപയ്ക്കാണ്. അച്ഛന്റെ സ്വത്തു തന്നെയാണല്ലോ ഇതെല്ലാം...''

''ഉം...''

അനന്തേട്ടന്റെ മുഖത്തുനിന്ന് ചോദ്യഭാവങ്ങളും എന്റെ പുതിയ ആവശ്യത്തെ ഓർത്തുള്ള കൗതുകവും വിട്ടകലുന്നേയില്ല.

ആശുപത്രിയിലേക്കു തയ്യാറെടുത്ത വേഷമാണ്. ഇപ്പോൾ അനന്തേട്ടൻ അകാലത്തിൽ വൃദ്ധനായിരിക്കുന്നു. മുഖത്തെ ചുളിവുകൾക്ക് ആഴംവെച്ചിരിക്കുന്നു. ഒരു ദിവസത്തെ പഴക്കുമുള്ള മുഖത്തെ രോമങ്ങളിൽ ചിലത് നരച്ചിട്ടുണ്ട്.

''ഏതായാലും ഞാൻ ആശുപത്രിയിൽ പോട്ടേ. പിന്നീട് സംസാരിക്കാം. നീ സ്വല്പം വിശ്രമിക്ക്.''

അനന്തേട്ടൻ അകന്നപ്പോൾ പാർത്ഥൻ കട്ടിലിൽ കിടക്കുകയാണുണ്ടായത്. ഉറക്കം കണ്ണുകളിൽ എമ്പാടും തിങ്ങി നില്പുണ്ടായിരുന്നിട്ടും അയാൾക്കുറങ്ങാനായില്ല.

പാർത്ഥൻ കെ.എം. വാഗ്ദാനം ചെയ്ത ഭൂമിയെക്കുറിച്ചോർക്കുകയായിരുന്നു. സമൂഹമദ്ധ്യത്തിൽ ഉയർന്ന ജോലി. നാലക്കമുള്ള ശമ്പളം. കാർ പെറ്റ് വിരിച്ച, ഫ്രിഡ്ജും എ.സിയുമുള്ള മുറി. ആവശ്യങ്ങൾ കണ്ട റിഞ്ഞ് ചെയ്യാൻ തുനിഞ്ഞുനില്ക്കുന്ന പരിചാരകൻമാർ.

സർക്കാർ ഇടപാടു നടത്താനായി സുഖലോലുപതയോടെയുള്ള രാജ്യസഞ്ചാരവും ആലോചനായോഗങ്ങളും.

വളരെ വിശാലമായ ഒരനുഭുതിയുടെ ആശ്ലേഷത്തിൽപ്പെട്ട് ഉറക്കത്തിന്റെ ലോലമായ തലത്തിലേയ്ക്ക് അയാൾ കൂപ്പുകുത്തുകയായിരുന്നു.

അനന്തേട്ടൻ സ്വല്പം സാവകാശമായി സംസാരിക്കണമെന്നു പറഞ്ഞ് ആശുപത്രിയിലേക്കു പോയിരിക്കയാണ്. മുകുന്ദനും കോടതിയിലേക്ക് കാറോടിച്ചുപോവുന്നത് അയാൾ

കാണുകയുണ്ടായി. അമ്മാവന്റെ രക്ഷാവലയം ഭേദിച്ച് സ്വന്ത മാർഗ്ഗംതേടി ഇവിടെ പ്രാക്ടീസാരംഭിച്ചിരിക്കുകയാണ് മുകുന്ദൻ. എന്റെ കേസ്സിന്റെ അന്ത്യരംഗത്തോടെ അവന്റെ പ്രശസ്തി പത്തുമാറ്റ് ഉയരുകയായിരുന്നുവത്രേ!

അനന്തേട്ടന്റെ മുറിയിൽ കട്ടിലിൽ കിടപ്പുതുടരുകയായിരുന്നു പാർത്ഥൻ.

ജനാലയ്ക്കപ്പുറം വിസ്തരിച്ചുകിടക്കുന്ന പൂന്തോട്ടമാണ്. ബോഗ ൺവില്ല മതിലിൽ പടർന്നുകിടപ്പുണ്ട്. വൈവിദ്ധ്യമുള്ള ഡാലിയ കളാണ് തിരയിട്ട് നട്ടിരിക്കുന്നത്.

എന്നെ അഭിമുഖീകരിക്കുമ്പോഴെല്ലാം അമ്മയ്ക്ക്, വിലാപങ്ങളെ പറയാനുണ്ടായിരുന്നുള്ളു. അവരുടെ കടുത്ത മനസ്സുമായി മല്ലിട്ട് ഒരേച്ചുകൂട്ടലിന്റെ സാദ്ധ്യത തീർത്തും ഇല്ലാത്തപ്പോൾ ഞാൻ പടിയിറങ്ങുകയായിരുന്നു. അപ്പോൾ എന്നെ എതിരേറ്റിരുന്ന ലോകത്തുനിന്നാണ് ഞാൻ പുറന്തള്ളപ്പെടുകയുണ്ടായത്.

വിരലുകൾക്കിടയിലെ സിഗരറ്റ് പുകഞ്ഞണഞ്ഞു കഴിഞ്ഞി രുന്നു. നിരത്തിൽ തീപാറുന്ന വെയിലാണുള്ളത്. ഒരു ദിവസത്തിൽ ആരംഭശൂരത്വത്തോടെ ഉയർച്ചയുമായി തിരക്കിട്ട് പായുകയാണ് ബസ്സുകൾ.

ഇവിടെനിന്നാണ് ഞാൻ ഏതിനും ഒരുങ്ങിക്കെട്ടി യാത്ര തിരിച്ചത്. എന്നിട്ടോ?

രേണുകേടത്തിക്ക് ഇവിടം ചതുർത്ഥിയായിരുന്നുവല്ലോ. എന്നും നേരിൽ കാണുമ്പോൾ അവർക്കും പറയാനുണ്ടായിരുന്നത് ഒത്തു ചേരാനാവാത്ത, സംഘർഷം മാത്രമുയർത്തിയ ഒരു വൈവാഹിക ബന്ധം സൃഷ്ടിച്ച കുറേ നിമിഷങ്ങളേക്കുറിച്ചായിരുന്നു.

ചായക്കോപ്പ മേശപ്പുറത്തുവെച്ച് പോവാൻ മടിച്ചുനിന്ന മുകുന്ദന്റെ ഭാര്യ പതിയെ പറഞ്ഞു:

‘‘പാർത്ഥേട്ടന്റെ ക്ലാസ്മേറ്റാണ് എന്റെ വലിയച്ഛന്റെ മോള്. അവര് പാർത്ഥേട്ടനെക്കുറിച്ചെന്നോട് പറഞ്ഞിട്ടുണ്ട്.’’

ചായ മൊത്തിക്കുടിച്ചുകൊണ്ടിരുന്ന അയാൾ മുഖമുയർത്തു കയേ ഉണ്ടായില്ല.

‘‘വിമല എന്നാണ് പേര്. ഒരു ഡോക്ടറാണ് കല്യാണം കഴിച്ചത്.’’

എത്ര ചികഞ്ഞു ചിന്തിച്ചിട്ടും വിമല എന്ന പെൺകുട്ടിയെ അയാ ൾക്ക് തിരിച്ചറിയാനായില്ല. അനിതയെ പ്രത്യക്ഷത്തിൽ ആദ്യമാ യിക്കാണുകയായിരുന്നു അയാൾ. ഏതോ പുരുഷനോടൊത്ത് വിലാസകഥകൾ രചിച്ച അവളെക്കുറിച്ച് കേട്ടറിവേ ഉണ്ടായിരു ന്നുള്ളൂ.

അനന്തേട്ടനോടൊത്ത് മുറിയിലേക്കു കടന്നുവന്ന മുകുന്ദൻ വിവാഹത്തെക്കുറിച്ച് സൂചിപ്പിക്കുകയായിരുന്നു. അവന്റെ ഇഷ്ട ങ്ങളെ മാനിക്കാഞ്ഞ് ഉള്ളുതുറന്നു പറഞ്ഞപ്പോൾ കുറെക്കൂടി വെ റുപ്പേ സമ്പാദിക്കാനായുള്ളൂ.

അനന്തേട്ടൻ അകത്തേക്കു കടന്നപ്പോൾ അനിത ഒഴിഞ്ഞ കോപ്പ യുമായി പോവുകയായി. ഓവർകോട്ടും സ്റ്റെതസ്ക്കോപ്പും അലമാര യിൽവെച്ച് പാന്റ്സ് ഉരിഞ്ഞ് കൈലിചുറ്റി കസേരയിൽ ഇരിക്കു മ്പോൾ അനന്തേട്ടൻ പറഞ്ഞു.

"എനിക്കും നിന്റെ വഴിയിൽ തെറ്റൊന്നും കണ്ടെത്താൻ കഴി ഞ്ഞിരുന്നില്ല. പക്ഷേ നിന്റെ മാർഗ്ഗം സ്വീകരിക്കാൻ എനിക്കു കഴി ഞ്ഞില്ല. ഞാൻ വളർന്ന ചുറ്റുപാടും എന്റെ ചിന്തയും അത്തര ത്തിലായിരുന്നു. എല്ലാവരുടെ മുന്നിലും നല്ലവനാകാനേ ഞാൻ പഠിച്ചുള്ളു. അതാണ് ഞാനിഷ്ടപ്പെട്ടിരുന്നതും."

ഒരു ചെളിക്കുണ്ടിലേക്കാണ് ഇറങ്ങിച്ചെന്നതെന്ന ഓർമ്മയുമായി ഒരപരാധിയെപ്പോലെ ഇരിക്കുകയായിരുന്നു പാർത്ഥൻ.

വൈകീട്ട് ചെന്നാലെ പുലർച്ചെ അവിടെ എത്താനാവൂ. ഉടനടി മഹേന്ദ്രനെ കാണേണ്ടിയിരിക്കുന്നു. കെ.എം. വാഗ്ദാനം പാലി ക്കുന്നതിലൂടെ ഞാൻ ചെന്നെത്തുന്നത് എന്റെ മറ്റൊരു രമ്യഭൂമി യിലേക്കായിരിക്കും.

"നീ രേണുകയെ കാണാറില്ലേ?"

"ഉവ്വ്..."

"അവൾ രക്ഷപ്പെട്ടതു നന്നായി."

അവിശ്വാസ്യതയോടെ അനന്തേട്ടനെ നോക്കിയപ്പോൾ അവിടെ കട്ടപിടിച്ച ദുഃഖത്തെയായിരുന്നു പാർത്ഥന് കാണാൻ കഴിഞ്ഞത്.

മുഖം പഴയപാട് തെളിഞ്ഞിട്ടില്ല. അനന്തേട്ടന്റെ ഉറക്കച്ചടവുള്ള കണ്ണുകളിലും സ്ഥായിയായ ദുഃഖത്തിന്റെ നിഴൽപാടുകളാണുള്ളത്.

ഇരുപതിനായിരത്തിന് ചെക്കെഴുതിത്തരുമ്പോൾ അനന്തേട്ടൻ കൂടുതലായൊന്നും ചോദിക്കുകയേ ഉണ്ടായില്ലല്ലോ.

"ചിലർക്ക് ജീവിതത്തിൽ വളരെ വൈകിയാണ് തെറ്റുകളെ ക്കുറിച്ച് ബോദ്ധ്യം വരുന്നത്. അപ്പോഴേക്കും നഷ്ടപ്പെടാവുന്നതിന്റെ പരമാവധി അയാൾക്കു നഷ്ടപ്പെട്ടിരിക്കും. പിന്നെ ചിന്തിച്ചതു കൊണ്ടോ ജീവിച്ചതുകൊണ്ടോ വലിയ അർത്ഥമൊന്നു മുണ്ടായെ ന്നുവരില്ല."

അനന്തേട്ടന്റെ ഈ മുഖം തികച്ചും ദുരൂഹമായിരുന്നുവല്ലോ. ആശുപത്രിയെ മാത്രം സ്നേഹിച്ചുപോന്ന, സമയനിബദ്ധതയോടെ ദിവസങ്ങളെ മെരുക്കിയെടുത്ത, വാക്കുകൾക്കുപോലും പരമാവധി

പിശുക്കു കാണിച്ച അനന്തേട്ടൻ. രേണുകേടത്തി സഹികെട്ടിറങ്ങിപ്പോവുമ്പോഴും അയാൾക്ക് അവജ്ഞയോടെ അവരുടെ വേർപാടിനെക്കുറിച്ചോക്കാൻ കഴിഞ്ഞിരുന്നു.

അനന്തേട്ടൻ കുളിക്കാനായി പുറമേക്കുനടന്നപ്പോൾ പാർത്ഥൻ ഹാളിലേക്കു കയറി.

മിസ്സിസ്സ് പത്മനാഭൻ അകമുറിയിൽ തന്നെ ഇരുപ്പാണ്. സദുവിന്റെ തിരിച്ചറിയാനാവാത്ത വാക്കുകൾ അകത്തുനിന്നെ ത്തുന്നുണ്ട്. അനന്തേട്ടന്റെ കുളികഴിയാൻ ഒരുപാടു നേരമാവും.

പോർച്ചും മണൽ വിതാനിച്ച വഴിത്താരയും കടന്ന് തോട്ടത്തിലൂടെ അയാൾ നടന്നു. ഉച്ചചൂടിന് വല്ലാത്ത ശക്തിയാണുള്ളത്. തലപൊട്ടി ചിന്നുമെന്നു തോന്നുന്നു.

വീട് പഴയ ഓർമ്മകളെയാണ് ഉണർത്തുന്നത്.

അച്ഛനോട് ശഠിച്ചുനിന്ന, അമ്മയോട് തർക്കുത്തരം പറഞ്ഞ് വാതുകാട്ടിനടന്ന, നെഞ്ചൂക്കും മനക്കട്ടിയുമുള്ള പാർത്ഥൻ. അന്ന് അയാൾ അജയ്യനായിരുന്നു. പ്രവാഹത്തിന്റെ അംശമാവില്ലെന്ന് കൊതിക്കയും അതിന്റെ വിഷലിപ്തത മുഴുവൻ ഉൾക്കൊള്ളുകയും തന്മൂലം അനന്തമായ വഴിയെത്തേടി ലക്ഷ്യപ്രാപ്തി നേടാമെന്ന സംതൃപ്തിയോടെ സഞ്ചരിക്കുകയുമായിരുന്നുവല്ലോ ഞാൻ.

രേണുകേടത്തിയുടെ വിവാഹം കനത്തൊരാഘാതമായിരുന്നു അനന്തേട്ടനിൽ ഉണ്ടാക്കിയത്. കഴിഞ്ഞ കാലങ്ങളെക്കുറിച്ചുള്ള ചിന്തകൾ അപരാധബോധത്തിന്റെ കൊടുംശിഖരങ്ങളെ അയാളുടെ മുന്നിൽ ഉയർത്തുകയായിരുന്നു.

മിസ്സിസ്സ് പത്മനാഭൻ നിർബന്ധം ചെലുത്തീട്ടും അയാൾ മറ്റൊരു വിവാഹത്തിന് തുനിയുകയുണ്ടായില്ല. ആശുപത്രിയുടെ മതിൽക്കെട്ടിനകത്ത് കുരുങ്ങിക്കിടന്ന മനസ്സ് അപ്പോഴേ ചിറകടിച്ച് പറക്കുകയേയുണ്ടായുള്ളു.

അപ്പോൾ അനേകം നരഹത്യകളുടെ ഭീകരരൂപങ്ങളെയായിരുന്നു അനന്തേട്ടന് ദർശിക്കാൻ കഴിഞ്ഞത്. ഡോക്ടർ പത്മനാഭൻ അടിവയറ്റത്തുനിന്ന് കലക്കിത്തെറിപ്പിച്ച അനേകം കൂമ്പിക്കരിഞ്ഞുപോയ ജന്മങ്ങൾ അയാളുടെ മുന്നിൽ പേക്കോലങ്ങളായി നിലകൊള്ളുന്നുണ്ടായിരുന്നു.

രക്തപങ്കിലമായ മാന്യതയുടെ ഒരു കൊട്ടാരം.

കാറിൽ ഞെളിഞ്ഞു നടക്കുമ്പോഴും ഡോക്ടർ പത്മനാഭന്റെ വരുമാനമാർഗ്ഗം നാട്ടിൽ പ്രചാരമാർജ്ജിച്ചിരുന്നു.

ഒരിക്കൽ ഒരർദ്ധരാത്രിയ്ക്ക് മൂത്ത് കരുപിടിച്ച കുഞ്ഞിനെ

തൂത്തുമാറ്റിയതുമൂലം ഒരു യുവതി മരണപ്പെടുകയാണുണ്ടായത്. മുഖാമുഖങ്ങളിലേക്കുനോക്കി മൂകരായിനിന്ന യുവതിയുടെ സഹോദരങ്ങൾ രഹസ്യത്തിന് പുകമറയിടാനായി ഒരു രക്ഷാ മാറ്റത്തെ തേടുകയായിരുന്നു.

പിന്നീട് നഗരത്തിന്റെ ഹൃദയഭാഗത്തായി പുതുതായൊരു നെഴ്സിങ്ങ് ഹാം ആരംഭിച്ചപ്പോൾ വമ്പിച്ച ബില്ലിനേയും മാന്യമായ രോഗങ്ങളെയും ആധാരമാക്കി പൂർവ്വാനുഭവങ്ങളെ പാടെ തേച്ചുമായ്ച്ചുകളയാൻ ഡോക്ടർ പത്മനാഭന് കഴിഞ്ഞിരുന്നു.

ഉച്ചയുറക്കം കളഞ്ഞ് ഉള്ളുതുറന്നു പറയുമ്പോൾ അനന്തേട്ടന്റെ മുഖം വല്ലാണ്ട് ഇരുണ്ടിരുന്നു. മുഖത്തുനിന്നു രക്തമപ്പാടെ വെടിച്ചുവാർന്നുപോയതുപോലെ.

പ്രായാധിക്യം മൂലം മിസ്സിസ്സ് പത്മനാഭന്റെ പദവിയിലേയ്ക്കു പലരും കടന്നുപറ്റുകയായിരുന്നു. തീവ്രദുഃഖത്തോടെ ഒരു പുറന്തള്ളപ്പെടലിന്റെ വ്യഥയുമായി രംഗത്തു നിന്ന് പിന്മാറ്റം നടത്തിയ അവർ അടച്ചിട്ട മുറിയിൽ പകയും രോഷവും പണിക്കാരത്തിയോട് തീർത്ത് ഒതുങ്ങികൂടുകയായി.

ആശുപത്രിയുടെ അങ്കണത്തിൽ വെച്ചാരംഭിക്കുന്ന, അവിടെത്തന്നെ അവസാനിക്കുന്ന ദൈർഘ്യം കുറഞ്ഞ വിരസമായ പകലുകൾ അനന്തേട്ടനിൽ നവീനമായ ബോധങ്ങളെ മെനഞ്ഞെടുക്കുകയാണുണ്ടായത്.

ഒരു പാപപരിഹാരമെന്നോണമുള്ള ചിന്ത. ആശുപത്രിയുടെ സംരക്ഷണത്തിനായി ഒരു ട്രസ്റ്റ് സ്ഥാപിക്കുക. സമിതിയുടെ കീഴിൽ ആശുപത്രി നടത്തിപ്പ്. സേവനതല്പരതയെ മാത്രം മുൻനിർത്തി ധർമ്മസ്ഥാപനമാക്കി ആശുപത്രിനടത്തിപ്പിനെ പുതുക്കിപണിയുക.

മിസ്സിസ്സ് പത്മനാഭൻ വിവരമറിഞ്ഞപ്പോൾ ഉറഞ്ഞുതുള്ളുകയായിരുന്നുവത്രെ! അവരുടെ കാലശേഷം എന്തുമാവാമെന്ന ധിക്കാരപൂർവ്വമുള്ള ആജ്ഞ. ആശുപത്രിയും മറ്റും അനന്തേട്ടന്റെ പേർക്കായതിനാൽ നിർവ്വികാരയെപ്പോലെ നോക്കിനില്ക്കാനെ അവർക്കായുള്ളൂ. ഒരു ശമ്പളക്കാരനും രക്ഷാധികാരിയുമായി സ്വന്തം ആശുപത്രിയിൽ പ്രവർത്തിച്ചുപോരുമ്പോഴും അനന്തേട്ടൻ സംതൃപ്തനായിരുന്നു.

ഡോക്ടർ പത്മനാഭന്റെ കരുത്തുറ്റ കൈകൾ പണിത നല്ലൊരു വരുമാനമാർഗ്ഗമായ ആശുപത്രി ഇതോടെ തകർന്നു പോവുകയാണ്. അച്ഛൻ ചിരസ്ഥായിത്വം കല്പിച്ച സ്ഥാപനം വ്യക്തിസീമയെ തീണ്ടാതെ ജനങ്ങളെ തേടുന്നു.

അനന്തേട്ടൻ ഉപേക്ഷിച്ചുപോയ വാക്കുകളുമായി ചടഞ്ഞുകൂടി ഇരുപ്പായിരുന്നു പാർത്ഥൻ.

പകൽവെളിച്ചം കുറഞ്ഞ് കുറഞ്ഞ് തീരെ ഇല്ലാതാവുന്നുണ്ട്. മതിൽക്കെട്ടിനപ്പുറത്ത് ഉച്ചചൂടിൽ തിരക്ക് കുറഞ്ഞ് പാഞ്ഞ ബസ്സുകൾ വീണ്ടും സജീവമായിരിക്കുന്നു. വിയർത്തുകുളിച്ച ശരീരങ്ങളുമായി ആളുകൾ ചവിട്ടുപടിയിൽപ്പോലും പിടിച്ചുതൂങ്ങി യാത്രയാണ്.

പകലിന്റെ വെളിച്ചം മങ്ങിവരവെ രാത്രി കനക്കുന്നു.

രാത്രി എട്ടരയ്ക്കാണ് തീവണ്ടി. കാലത്ത് ഒമ്പതിനുമുന്നെ അവിടെ എത്താം.

അനന്തേട്ടൻ വീണ്ടും അകത്തേയ്ക്കു വന്നപ്പോൾ പാർത്ഥൻ പറഞ്ഞു: ‘‘എട്ടരയ്ക്ക് എനിക്കു പോണം.’’

‘‘ഉം... ഞാൻ സ്റ്റേഷൻവരെ കൊണ്ടാക്കാം.’’

കാറിൽ സ്റ്റേഷനിലേക്ക് യാത്രയാവുമ്പോൾ അയാൾ കീശയിൽ തപ്പി ഓർമ്മ ശരിപ്പെടുത്തുകയായി. ഒരുന്നത മണ്ഡലത്തെ പ്രാപി ക്കാനുള്ള മാദ്ധ്യമമാണ് കൈയ്ക്കുള്ളിൽ. രോഹിണി ഇവിടെ എന്നും നിന്ദ്യയായിരുന്നു ഞാനും.

ഇരിപ്പിടത്തിൽ ചായ്ഞ്ഞിരുന്ന പാർത്ഥൻ നെടുതായി നിശ്വ സിച്ചു.

ചായംതേച്ച മുഖവുമായി പിന്നാക്കം ഓടുകയാണ് നഗരം. സന്ധ്യയ്ക്കുശേഷം മാളംവിട്ട് കൂട്ടുകൂടാനിറങ്ങിയിരിക്കയാണ് മിഥുനങ്ങൾ. ഷോപ്പിങ്ങ് സെന്ററുകളിൽ കമനീയമായ വസ്ത്രങ്ങൾ ക്കരികെ എല്ലാം വാരിക്കൂട്ടി സ്വായത്തമാക്കാനുള്ള അത്യാർത്തി യുമായി നിൽപ്പാണ് ഒരുപറ്റം പെണ്ണുങ്ങൾ.

അനന്തേട്ടൻ നഗരത്തിൽനിന്ന് കണ്ണുകൾ പറിച്ചെടുക്കുന്നേയില്ല. സ്റ്റിയറിങ്ങിൽ അനായാസം വിരലുകളോടുന്നുണ്ട്.

വിവരമറിഞ്ഞാൽ രേണുകേടത്തിക്കും ദുഃഖമായിരിക്കും. വളരെ വൈകിപ്പോയെന്നുവെച്ച് അവർക്കും അനുതപിക്കാനേ ആവൂ.

നാൽപ്പത്തിയേഴ്

നഗരത്തിലെ പൊന്തക്കാടുകളിലെവിടെയോ ആണ് മഹേന്ദ്രൻ അപ്രത്യക്ഷനായിരിക്കുന്നത്. ഉറക്കം തിട്ടൂരം നൽകിയ കണ്ണുകളു മായി തീവണ്ടിയിൽനിന്നിറങ്ങിയതുമുതൽക്കേ പാർത്ഥൻ അയാളെ തേടി നടപ്പായിരുന്നു.

പതിവു സങ്കേതങ്ങളിലൊന്നും അയാളെ കാണാൻ കഴിഞ്ഞില്ല.

വീട്ടിലും പാർട്ടി ഓഫീസിലും. കെ. എം. മിന്റെ ഓഫീസ് മുറിയിൽ അയാളെ കാത്ത് തപസനുഷ്ഠിക്കുകയായിരുന്നു കുറേ പേർ.

വെന്തുപൊരിയുന്ന വെയിലത്ത് കോഫീഹൗസിലെ കാപ്പി മാത്രം കഴിച്ചുകൊണ്ട് മഹത്തായ ഒരു നഗരത്തിൽ മഹേന്ദ്രനെ തിരഞ്ഞു നടക്കുമ്പോൾ അയാൾ അതീവ പരിക്ഷീണനായിരുന്നു.

എങ്കിൽത്തന്നെയും അവാച്യമായ ഒരനുഭൂതി. ഞാൻ വെടിഞ്ഞ സോപാനങ്ങൾ എന്റെ മുന്നിൽ വീണ്ടും ഉയരുകയാണ്. അനന്തേട്ടൻ കലമ്പൽ കൂട്ടുമെന്നായിരുന്നു പ്രതീക്ഷിച്ചത്. തികച്ചും വ്യത്യസ്തനായ, ലോകമറിഞ്ഞ് തന്റെ വികലമായ ചിന്തകളെ വെടിഞ്ഞ അനന്തേട്ടന്റെ മുമ്പിൽ ഞാൻ താങ്ങും വീറും ചോരക്കുതിപ്പും മാത്രമുള്ള, എന്നോ എന്നിൽ നിന്നകന്ന പാർത്ഥന്റെ പഴയ രൂപവുമായി കുത്തിയിരിപ്പ് തുടരുകയായിരുന്നുവല്ലോ...

വലിയ പ്രതീക്ഷയൊന്നുമില്ലാതെ ആയിരുന്നു ബാറിലേയ്ക്ക് പാർത്ഥൻ കടന്നുചെന്നത്. പൊതുവേ സന്ധ്യക്കുശേഷമേ മഹേന്ദ്രൻ ബാറിൽ വരൂ. പിന്നെ അപൂർവ്വമായ ചില അവസരങ്ങളിലാണ് പകല് കാണാനാവുക.

പകൽവെളിച്ചം കയറാത്ത ബാറിനകം അപ്പോഴും അരണ്ട വെളിച്ചത്തിൽ മുങ്ങിക്കിടപ്പാണ്. മേശത്തട്ടുകളിൽ പ്രതിഫലിക്കുന്ന പ്രകാശത്തിന്റെ തിളക്കമാണെങ്ങും. ഉറക്കച്ചടവോടെ കിടക്ക വിട്ടെണീറ്റുവന്ന കൂട്ടർ പെഗ്ഗിന്റെ സാന്നിദ്ധ്യത്തിൽ മോന്തൽ തുടരുകയാണ്.

ബാറിലെ ഒഴിഞ്ഞ കോണിൽ മഹേന്ദ്രൻ ഒരു യുവാവിനോടൊത്ത് സ്കോച്ചുമായി സല്ലപിക്കുന്നുണ്ടായിരുന്നു.

പാർത്ഥൻ കസേരയിലിരുന്നപ്പോൾ ഒരു പരിചയപ്പെടുത്തലിനു ശേഷം യുവാവിനോടായി മഹേന്ദ്രൻ തുടർന്നു:

“ഞാനും കെ.എമ്മും ചെന്ന് മിനിസ്റ്ററെ കാണാം. മന്ത്രി വിചാരിച്ചാൽ വിസ എളുപ്പത്തിൽ ശരിപ്പെടുത്താനാവും...”

“എനിക്ക് ഒരു മാസത്തിനകം കിട്ടണം...”

പുതുതായി തന്നെ തേടിയെത്തിയ ഒരു യുവാവിനെക്കുറിച്ച് മഹേന്ദ്രൻ കഴിഞ്ഞ നാളിൽ പറയുകയുണ്ടായിട്ടുണ്ട്. സമ്പന്നനാണ്. അച്ഛന്റെ ആദ്യ ഭാര്യയിലെ സന്തതി. ഇളയമ്മയിൽ മറ്റനേകം പേരുമുണ്ട്. പൊറുതിമുട്ടി മറുകര ചെന്നുചേരാനുള്ള ശ്രമമാണ്. വേണ്ടുന്ന രൂപാ അതെത്രയാണെങ്കിൽ ത്തന്നെയും ചിലവിടാൻ സന്നദ്ധനാണ്. പാസ്പോർട്ട് ശരിപ്പെട്ടിട്ടുണ്ട്. വിസ ശരിപ്പെടുത്തിക്കൊടുത്താൽ വമ്പിച്ച ഒരു സംഖ്യ കൈപ്പറ്റാനാവും.

കെ.എമ്മിന്റെ ബാഹുബലത്തിൻകീഴിൽ എന്തും തരപ്പെടു

ത്താനാവുമെന്ന നിശ്ചയദാർഢ്യം മഹേന്ദ്രനുണ്ടായിരുന്നു. കൂപ്പു കരാറ് വളരെ നല്ല നിലവാരത്തിൽ ഇടപാടുനടത്തുകയുണ്ടായി. ഇപ്പോൾ പുതിയ ഇരയാണ് മഹേന്ദ്രന്റെ കറക്കുചക്രത്തിൽ വീണിരിക്കുന്നത്.

സ്കോച്ചിന്റെ ബോധവൃത്തം തകർക്കുന്ന വലയത്തിലേക്ക് തലതെന്നി വീഴുമ്പോഴും പാർത്ഥൻ ഒരുന്നത മണ്ഡലത്തെക്കുറിച്ചോർക്കയായിരുന്നു.

അവിടെ എനിക്ക് പറിച്ചുനടാനാവുക, എനിക്ക് കണ്ടെത്താനാവുക, ഒരു സ്വർഗ്ഗസംതൃപ്തിയുടെ സംരക്ഷണമേഖലയായിരിക്കും. രോഹിണിക്കും മോനും എന്നിലൂടെ ലഭിക്കുന്ന ഉന്നതമായ ആസ്ഥാനം.

കേവലം നികൃഷ്ടമായ, ഒട്ടും സാമൂഹ്യമാന്യത ഇല്ലാത്ത ഉദ്യോഗം നോക്കുന്ന അവൾക്ക് അത് ഉപേക്ഷിക്കേണ്ടിവന്നേയ്ക്കും.

രവീന്ദ്രൻ തന്നെയാണ് ബില്ലു പേ ചെയ്യുകയുണ്ടായത്. ഹോട്ടലിന്റെ വിശാലമായ അങ്കണത്തിൽ കിടന്ന കാറിൽ കയറുമ്പോൾ അയാൾ വീണ്ടും വിസയേക്കുറിച്ചോർമ്മപ്പെടുത്തുകയുണ്ടായി.

നടപ്പാതയിൽ ആൾക്കൂട്ടത്തിന്റെ അംഗമായി ഉച്ചചൂടുകൊണ്ട് നടക്കുമ്പോൾ പാർത്ഥൻ പതിയെ ചിരിച്ചു. പഴയ പാർത്ഥന്റെ വിരേതിഹാസങ്ങളെക്കുറിച്ചോർക്കുമ്പോൾ ചിരിക്കാനേ ആവുന്നുള്ളൂ.

"രൂപ ശരിപ്പെട്ടോ?"

"ഉവ്വ്... ചെക്ക് മാറ്റണം."

"ബാങ്കിലേക്കു പോവാം..."

കുളിയും ഉറക്കവും വെടിഞ്ഞുള്ള രണ്ടുനാളത്തെ യാത്ര ഇതോടെ അവസാനിക്കുന്നെന്ന തോന്നലോടെ പാർത്ഥൻ നടക്കുകയാണുണ്ടായത്.

സ്കോച്ചിന്റെ എരിവ് ഞരമ്പുകളിലേക്കു പടർന്നിട്ടുണ്ട്. പുകഞ്ഞു കത്തുന്ന വെയിലിനെ താങ്ങാനാവുന്ന ശക്തി കണ്ണുകൾ നേടിയിരിക്കുന്നു. മഹേന്ദ്രൻ പതിവുപോലെ കാലുകൾ തൂക്കി എറിഞ്ഞാണ് സഞ്ചരിക്കുന്നത്. എതിരെ കടന്നുപോവുന്ന മനുഷ്യരുടെ മുഖത്ത് ആശ്ചര്യവും അവജ്ഞയുമാണുള്ളത്.

ബാങ്കിലെ തിരക്കുപിടിച്ച ക്യൂവിൽ തന്റെ ഊഴത്തിനായി കാത്ത് നിൽക്കുമ്പോഴും ആരോടോ ഉള്ള അമർഷവുമായി ചുറ്റുപാടും തച്ചുടച്ച് തരിശ്ശാക്കണമെന്ന തോന്നലുമായി അയാൾ അമറുകയായിരുന്നു.

തിരക്കിൽ നിന്നകന്ന് വീണ്ടും തെരുവിലെത്തിയപ്പോൾ

പാർത്ഥൻ പറഞ്ഞു: ‘‘നമുക്കിപ്പോൾതന്നെ രൂപ കെ.എമ്മിനെ ഏല്പിക്കാം...’’

‘‘അദ്ദേഹം ഒരു മീറ്റിങ്ങിനു പോയിരിക്കയാണ്. ഉച്ചകഴിഞ്ഞാലേ കാണാനാവൂ. ഞാൻ ഉച്ചയ്ക്ക് ഓഫീസിൽ പോവുന്നുണ്ട്.’’ എതിരെ കടന്നുപോയ മനുഷ്യനെ നോക്കി പരിചയഭാവത്തിൽ പുഞ്ചിരിച്ച് മഹേന്ദ്രൻ തുടർന്നു:

‘‘കെ.എമ്മിന് രൂപയൊന്നുമല്ല അത്യാവശ്യം. അത് കാര്യത്തിന്റെ ഒരു ഭാഗമാണെന്നേയുള്ളൂ. പാർത്ഥൻ ഒരു പാർട്ടി ഏർപ്പെടുത്തണം.’’

‘‘എവിടെ വെച്ച്?’’

‘‘വീട്ടിൽ വെച്ചുമതി. മറ്റന്നാൾ കെ.എം പോവുമല്ലോ. നാളെ രാത്രി ജില്ലാ കമ്മിറ്റിയുണ്ട്. അപ്പോൾ ഇന്നേ ഒഴിവുള്ളൂ. ഞാനും കെ.എമ്മും വൈകീട്ട് എട്ടുമണിക്കുശേഷം വരാം. അപ്പോൾ രൂപ തന്നാൽ മതി. എന്തു പറയുന്നു?’’

‘‘ശരി...പത്തായിരം ഞാനിപ്പോൾ തരാം. പിന്നീടുള്ളത് പറഞ്ഞതുപോലെ...’’

‘‘ഓ... എന്റെ കാര്യം...?’’

‘‘അതു ഞാൻ ശരിപ്പെടുത്താം.’’

മഹേന്ദ്രനും നല്ലൊരു വിഹിതം. പിന്നെ പാർട്ടിയ്ക്കും. വിടവു വന്ന തുക വീണ്ടും കണ്ടെത്തേണ്ടിയിരിക്കുന്നു.

ഓഫീസുകളുടേയും ഗുദാമുകളുടേയും മാളത്തിലേക്ക് ഉൾവലിഞ്ഞ മനുഷ്യർ നിരത്തിനെ ആൾസഞ്ചാരമില്ലാതാക്കിയിരിക്കുന്നു. കോളേജുകളിൽനിന്നിറങ്ങി തെരുവുകളിൽ തെണ്ടിത്തിരിയുന്ന പിള്ളരാണ് അധികപക്ഷവും.

മഹേന്ദ്രൻ ടാക്സിവിളിച്ച് അതിൽ കയറിക്കൂടിയപ്പോൾ പാർത്ഥൻ വീണ്ടും നടന്നു. ബസ്സ് സ്റ്റേഷനും റെയിൽവേസ്റ്റേഷനും കടന്ന് അയാൾ ഒഴുകി.

കീശയിൽ ഒരു സൗധം പണിയുവാൻതക്ക തുകയാണുള്ളത്. ഞാൻ മറന്ന ഭൂമിയിലേക്ക് വളരെ വൈകി കടന്നുചെല്ലുകയാണ്.

ഇസ്മായിൽ സേട്ടിന്റെ പ്രസ്താവന ഇപ്പോഴും പത്രങ്ങളിൽ തുടരുന്നുണ്ട്. രാമുവിന്റെ വിചാരണ അഞ്ചുവർഷത്തെ കഠിനതടവ് അനുവദിച്ചതോടെ അവസാനിച്ചിരിക്കുന്നു. പരശുരാമൻ ഇപ്പോഴും പിടികിട്ടാപ്പുള്ളിയായി അലയുകതന്നെയാണ്.

പകലായിരുന്നതിനാൽ വിദേശമദ്യഷാപ്പിൽ ആൾത്തിരക്ക് കുറഞ്ഞിരിക്കുന്നു. സ്കോച്ചും ഗോൾഡ് മറൈനും വാങ്ങുമ്പോഴേയ്ക്കും കീശ വാർന്നുപോയതുപോലെ തോന്നി.

കടയിൽ നിന്നിറങ്ങി നിരത്തിനോരം ആരേയോ കാത്തുകിട ക്കുന്നതുപോലെ നിന്നിരുന്ന ഓട്ടോവിൽ കയറുമ്പോഴും, ഡ്രൈവ റോട് പോവേണ്ട ഇടത്തെക്കുറിച്ച് പറയുമ്പോഴും പാർത്ഥൻ ഒരപ്ര തീക്ഷിതനിമിഷത്തിൽ കൂടുപൊളിക്കാവുന്ന, ടൈപ്പുചെയ്ത അക്ഷരങ്ങളെ സ്വപ്നം കാണുകയായിരുന്നു.

വിനീതൻ കിടക്കയിലേക്കു വലിഞ്ഞുകയറിയപ്പോൾ പാർത്ഥൻ ഉറക്കത്തിൽ നിന്ന് ഞെട്ടിയുണർന്നു. കിടക്കയിൽ വിലങ്ങനെവെച്ച കൈത്തണ്ടയിൽ മുഖമമർത്തി തെളുന്നനെ ചിരിച്ച മകനെ നോക്കി അസ്വസ്ഥതയോടെയാണെങ്കിലും അയാളും പുഞ്ചിരിച്ചു.

രോഹിണിയെ വിളിക്കാനായിചെന്ന പണിക്കാരത്തി ഇനിയും തിരികെ എത്തീട്ടില്ല. വിനീതന്റെ നെറുകയിലൂടെ വിരലോടിച്ച പാർത്ഥൻ നെടുതായി നിശ്വസിച്ചു.

മുറിയിൽ എത്തിയപാടെ കിടക്കയിൽ വീഴുകയായിരുന്നു അയാൾ. നഗരത്തിന്റെ എല്ലുതുളയ്ക്കുന്ന ചൂടിൽ വിയർത്തുകുളിച്ച് ചത്തപോലെ കിടപ്പു തുടരുകയായിരുന്നു.

പുറത്തു പകൽ നിന്നെരിയുകയാണ്. മനുഷ്യരില്ലാത്ത ഇട വഴിയിൽ വെയിലിന്റെ നാളങ്ങൾ കാറ്റത്തുപാറുന്നുണ്ട്.

രോഹിണിയുടെ വരവുകണ്ടാവണം വിനീതൻ താഴേക്കിറങ്ങി മുൻവശത്തേക്കോടിയത്. രോഹിണി അകത്തേക്കു വന്നപ്പോഴും ചുവന്നു പുഷ്പിച്ച കണ്ണുകളും വിട്ടുമാറാത്ത ഉറക്കവുമായി കിടപ്പുതുടരുകയായിരുന്നു പാർത്ഥൻ.

മോനെ എടുത്ത് അവന്റെ നെറുകയിൽ മുകർന്ന രോഹിണി പതിയെ ചോദിച്ചു: ‘‘പോയകാര്യം ശരിയായോ?’’

‘‘ഉവ്വ്...’’

‘‘രേണുകേടത്തിയുടെ എഴുത്തുണ്ടായിരുന്നു.’’

രേണുകേടത്തി–

കഴിഞ്ഞ അദ്ധ്യായങ്ങൾ എന്റെ മുന്നിൽനിന്ന് ഒരു മഞ്ഞിൻ പടലത്തിലേക്കെന്നോണം നടന്നു നീങ്ങിയിരിക്കയാണ്.

ഇവിടെവന്ന് ഒരുമാസം തികയുന്നതിനു മുമ്പേയായിരുന്നു രേണുകേടത്തിയുടെ പ്രസവത്തെക്കുറിച്ചറിഞ്ഞത്. ഒരാൺകുഞ്ഞി ന്റെ ജനനത്തെക്കുറിച്ച് അമിതാഹ്ലാദത്തോടെ ഗംഗാധരൻ എഴു തുകയുണ്ടായി.

ഇയ്യിടെയായി ഉറ്റമിത്രങ്ങളെക്കുറിച്ചുള്ള ചിന്തപോലും അസ്വാ സ്ഥ്യമാണുണ്ടാക്കുന്നത്. ഇപ്പോൾ അമ്മായിക്കുപോലും രോഹി ണിയാണ് മറുപടി അയക്കാറ്. തുടരെതുടരെ രണ്ടെഴുത്തുകളിട്ട്

മറുകുറി കിട്ടാഞ്ഞാവണം ജോസഫ് നിശബ്ദനായിരിക്കുന്നത്. ഇനി ജോസഫിന്റെ പൊടുന്നനെയുള്ള വരവാണുണ്ടാവുക.

"പാർത്ഥേട്ടന് മുഷിഞ്ഞ കുപ്പായമൊന്നു മാറ്റിക്കൂടെ?" പറഞ്ഞു തീരുന്നതിനുമുമ്പെ രോഹിണി മേശപ്പുറത്തെ പൊതിക്കെട്ട് ശ്രദ്ധിക്കുകയുണ്ടായി. കടലാസ്സുചീളുകൾ വിടുർത്തിയ അവൾ ദയനീയതയോടെ അയാളുടെ മുഖത്തേക്കുനോക്കി.

"പാർത്ഥേട്ടനിത് ഇവിടെയുമെത്തിച്ചുവല്ലേ?" മൗനമായി അയാൾ രോഹിണിയെ തറച്ചുനോക്കുകയേ ഉണ്ടായുള്ളൂ.

മുഖത്തെ രക്തപ്രസരിപ്പ് പാടെ അകന്നിരിക്കുന്നു. തിളക്കവും പുഞ്ചിരിയുമുള്ള കണ്ണുകളിൽ ഇപ്പോൾ ദുഃഖത്തിന്റെ ഛായയാണ് കുടികൊള്ളുന്നത്. അലസമായി വാരികോരി കെട്ടിയ മുടിയിൽ എണ്ണപോലും പുരണ്ടിട്ടില്ലെന്നു തോന്നുന്നു.

"ഇന്ന് വൈകീട്ട് ഇവിടെ കെ.എം. വരും. അദ്ദേഹത്തിനൊരു പാർട്ടി കൊടുക്കണം. അതിനാണ് ഞാൻ നിന്നെ വിളിപ്പിച്ചത്. നീ വേണ്ടതു ചെയ്യണം..."

"എന്നെക്കൊണ്ടാവില്ല പാർത്ഥേട്ടാ..."

"ആവും..."

"അത് ഞാൻ നിശ്ചയിക്കാം. പാർത്ഥേട്ടൻ സ്വയം നശിക്കുകയാണ്..."

"പാർട്ടിക്കു വേണ്ടത് നീ ഒരുക്കണം. ഊണിന് രണ്ടുപേർ കാണും. ഹോട്ടലിൽനിന്ന് ഞാൻ ചിക്കൻ ഫ്രൈ വാങ്ങിക്കാം..."

"പാർത്ഥേട്ടാ.... ഇതൊന്നും വേണ്ട.... നന്നല്ല..."

"ദ്രൗഹിത്രിയുടെ മോള് എന്നെ ഉപദേശിക്കണ്ട..."

അച്ഛന്റെ പരുക്കൻ ഒച്ചയും അമ്മയുടെ കണ്ണീരു നിറഞ്ഞ കണ്ണുകളേയും കണ്ടാവും വിനീതൻ കരച്ചിലാരംഭിച്ചത്.

പാർത്ഥൻ മുറിയിൽ നിന്നകന്നപ്പോഴും രോഹിണി നിന്നു കരയുകതന്നെയായിരുന്നു. സകലരോടുമായുള്ള വിദ്വേഷത്തോടെ തറ ചവിട്ടി പൊളിക്കുന്നതുപോലെ നടന്ന് പാർത്ഥൻ ഇടവഴിയിലേക്കു കയറിയിരിക്കുന്നു.

കനത്തു വിങ്ങി വർദ്ധിച്ചുവന്ന ദുഃഖവും നിരാശയും നിസ്സഹായതയുമായി രോഹിണി കിടക്കയിൽ വീഴുകയാണുണ്ടായത്. എന്നോ ജനിച്ച് എന്നോ മരിച്ച ദ്രൗഹിത്രി ഇപ്പോൾ അവരുടെ ഇടയ്ക്ക് ഒരു നോക്കുകുത്തിയെപ്പോലെയായിത്തീർന്നിരിക്കുന്നു.

തിരികെ പാർത്ഥൻ വരുമ്പോൾ സന്ധ്യയോടടുത്തിരുന്നു. കനത്ത പൊതിക്കെട്ടുമായി അയാൾ വീട്ടുപടിക്കൽ ഓട്ടോവിൽ നിന്നിറങ്ങുകയാണുണ്ടായത്.

പാർത്ഥന്റെ വരവും കാത്ത് നില്പായിരുന്നു രോഹിണി. വിനീതൻ അമ്മയുടെ ഒക്കത്ത് അള്ളിപ്പിടിച്ചിരുപ്പാണ്. പണിക്കാരത്തി വിഭവങ്ങളൊരുക്കി അന്തിക്കുകൂടാൻ വീട്ടിലേക്കു പോയിരിക്കുന്നു. ഈയ്യിടെയായി അസാധാരണമാംവണ്ണം അവളും മൗനയായിരിക്കയാണ്.

പാർത്ഥൻ അകമുറിയിലേക്കുവന്ന് മുണ്ടുരിഞ്ഞ് കുളിക്കു തയ്യാറെടുക്കുമ്പോഴും, കുളികഴിഞ്ഞ് തിരികെ മുടിചീവി ഒതുക്കി മുൻവശത്തെത്തിയപ്പോഴും രോഹിണി നാവനക്കുകയേ ഉണ്ടായില്ല. അച്ഛന്റെ പന്തിയില്ലായ്മ കണ്ടു മോനും മൂകനായിരിക്കുന്നു.

സന്ധ്യ തുടുത്തുവരുകയാണ്. മാനത്ത് നിറഭേദം വന്ന മേഘങ്ങൾ ദിശയറിയാതെ അനുയായികളെപ്പോലെ ആരുടെയോ വക്താക്കളായിത്തീർന്ന് അപരാതയിലേക്കൊഴുകുന്നു.

അയാളുടെ അരികുചേർന്ന് സെറ്റിയിലിരുന്ന രോഹിണി വിങ്ങിപ്പൊട്ടിയതുപോലെ കരച്ചിലാരംഭിച്ചു.

''എന്താ രോഹിണി?''

അവളുടെ നിറഞ്ഞ് തൂവിയ കണ്ണുകളെ കാണാനാവാതെ പാർത്ഥൻ മുഖം തിരിക്കുകയായിരുന്നു.

''............''

''ഞാൻ പറയുന്നത് പാർത്ഥേട്ടൻ കേൾക്കുന്നില്ലേ?''

''ഉവ്വ്...''

''പാർത്ഥേട്ടന്റെ മനോവിഷമം എനിക്കറിയാം. കുറെ എല്ലാം ഈ നാട്ടിനോട് പൊരുത്തപ്പെടാൻ ശ്രമിക്കണം. നമുക്കു രണ്ടുപേർക്കുംകൂടെ മോനെ നല്ലൊരു നിലക്കെത്തിക്കാൻ കഴിയും...''

''നിനക്കെന്നല്ല ആർക്കും എന്നെ അറിയില്ല.''

''എനിക്കുപോലും ഞാൻ അപരിചിതനാണ്. അതിർവരമ്പുകളുടെ മൺകട്ടതകർത്ത് ജേതാവായി നടന്നപ്പോൾ ഞാൻ ഈ നിമിഷത്തെ മുൻകണ്ടിരുന്നില്ല. സ്ഥലപരിമിതിയോടെ വകതിരിവുപേക്ഷിച്ച് വെറും ഒരു അനുയായി ആവുകയായിരുന്നു.''

ഒരു ചീഫ് എഞ്ചിനീയറായി അടുത്തൂൺ പറ്റേണ്ട, അച്ഛന്റെ മോഹം അതായിരുന്നു, ഞാൻ എൽ.ഡി.സിയായി ജോലി ചുമക്കുകയായിരുന്നു. വരണ്ട മണ്ണുചുരന്ന് ഭൂമിയുടെ നനവുതേടുന്ന ഞാഞ്ഞൂളിനെപ്പോലെ എന്റെ ശ്രമങ്ങളെല്ലാം വിഫലമാവുകയായിരുന്നുവല്ലോ.

''എനിക്കും മോനും പാർത്ഥേട്ടനേയുള്ളൂ. പാർത്ഥേട്ടൻ ഇങ്ങനെ ആയാൽ...''

''എനിക്കൊന്നും സംഭവിച്ചിട്ടില്ല. എല്ലാം നിന്റെ തോന്നലാണ്...''

വെള്ളതേച്ച ചുവരിൽനിന്നും കണ്ണുകൾ പറിച്ചെടുത്ത് അയാൾ തുടർന്നു:

"എന്തുകൊണ്ടോ ഞാനിങ്ങനെ ആയി. ചിലർക്ക് വളരെ വൈകിയാണ് വെളിച്ചം ലഭിക്കാറ്. എനിക്കും എന്റേതായ ചിലതെല്ലാം നേടാനുണ്ട്. ഒരിക്കൽ ഞാൻ വെറുത്തിരുന്നവയും എന്നാൽ ഇപ്പോൾ ഞാൻ കൊതിക്കുന്നവയും. എന്റെ മുമ്പിൽ ആരും അതിനൊരു തടസ്സമാവരുത്."

"പാർത്ഥേട്ടനുവേണ്ടി ഞാനെന്തും സഹിക്കും. പക്ഷേ, ഇതെല്ലാം അർത്ഥശൂന്യമാണ്; കാട്ടാളത്തമാണ് പാർത്ഥേട്ടാ..."

"എന്നത് നിന്റെ തോന്നൽ..... പാർട്ടിയ്ക്ക് വേണ്ടതെല്ലാം ഒരുക്കീട്ടില്ലേ?"

"ഉവ്വ്... ചോറും കുറച്ചുകറികളുമുണ്ട്..."

"മതി... നീ പോയി കുളിച്ചൊരുങ്ങ്..."

"എന്റെ ഭാര്യയുടെ സൗന്ദര്യം അവരുമൊന്നു കാണട്ടേ..."

പറഞ്ഞുതീർന്ന് അയാൾ ചിരിച്ചപ്പോൾ രോഹിണി നെടുതായി നിശ്വസിച്ച് എണീറ്റു. അവൾ അകന്നപ്പോൾ കാത്തിരുപ്പിന്റെ വിരസതയുമായി അയാൾ ഇരുപ്പുതുടർന്നു.

ഭൂമുഖത്തുനിന്ന് പകൽ വെളിച്ചത്തിന്റെ നുറുങ്ങുകണിക പോലും അകന്നിരിക്കുന്നു. വിഴിവിളക്കുകൾ പ്രകാശം ചൊരിഞ്ഞ് മുഖം കാട്ടുന്നുണ്ട്. കൂടുതൽ ശബ്ദായമാനമായ നഗരം ആർത്തലയ്ക്കുകയാണ്.

മുറിയിലും ഇരുട്ടുതന്നെ ആയിട്ടും വിളക്കിടാൻ പോലും മെനക്കെടാതെ പാർത്ഥൻ ഇരുപ്പ് തുടരുകയായിരുന്നു.

നാൽപത്തിയെട്ട്

"**നോ**ക്കൂ പാർത്ഥൻ, എനിക്ക് ഇന്നത്തെ തലമുറയെക്കുറിച്ചോർക്കുമ്പോൾ അഗാധമായ ദുഃഖമാണ് തോന്നുന്നത്. ആർഷസംസ്കാരത്തെക്കുറിച്ചുപോലും അറിയാത്ത പിള്ളേർ, ഭാരതീയർ ലോകത്തിനു നല്കിയ മഹനീയദർശനങ്ങളെക്കറിച്ചുപോലും അവർ അജ്ഞരാണ്. പാർത്ഥൻ എന്റെ വാദമുഖങ്ങളെ അംഗീകരിക്കുന്നുണ്ടല്ലോ...?"

അയാൾ കനംതൂങ്ങിയ തല കുലുക്കി അതേ എന്നറിയിച്ചു.

"ഇന്നത്തെ തലമുറ ഒരു ശ്മശാനത്തിന്റെ മുകളിലാണ് തന്റെ ചിന്താസൗധം കെട്ടിപ്പടുത്തിരിക്കുന്നത്. അവർക്ക് ആരേയും ബഹുമാനമില്ല. ധർമ്മാധർമ്മത്തേയും രാഷ്ട്രനീതിയേയും തീരെ മാനി

ക്കാൻ തക്കമനസ്ഥിതി ഇല്ല. ലൈംഗിക അരാജകത്വത്തിന്റേയും കുറ്റവാസനയുടേയും കേന്ദ്രമാണ് അവരുടെ മനസ്സുകൾ. എന്റെ കാഴ്ചപ്പാടുവെച്ച് പറയുന്നതാണ്. നിങ്ങളുടേതും അതാവുമെന്നു വിശ്വസിക്കട്ടേ?''

''അതതേ കെ.എം. സാറിന്റെ ദീർഘദർശനം എന്നും പിഴ ക്കാറില്ലല്ലോ?''

''പാർത്ഥൻ പറഞ്ഞതാണ് ശരി. എന്റെ സമുദായ കാഴ്ചപ്പാടിനെ വളർത്തിയത് ഒരു ലായറിന്റെ കഴിവുകളാണ്. നിങ്ങളെക്കാളുപരി, ഒരു കേസ്സിന്റെ തുമ്പ് കണ്ടെത്തി നിരപരാധിയെ രക്ഷിക്കാൻ ശ്രമി ക്കുന്നതുപോലെ അത്രകണ്ട് അവഗാഹമായി ഇന്ത്യൻ സമുദായ ത്തിലേക്കെനിക്കിറങ്ങിച്ചെല്ലാൻ കഴിയും. മന്ത്രിയും എന്റെ ഈ കഴിവിനെയാണ് എടുത്തുകാട്ടി സ്തുതിക്കാറുള്ളത്. മഹേന്ദ്രനും എന്റെ പ്രവചനങ്ങളെ ക്കുറിച്ചറിയാം. മഹേന്ദ്രൻ, എന്റെ കാഴ്ചപ്പാട് വല്ലപ്പോഴും പിഴച്ചിട്ടുണ്ടോ?''

''അതു സംഭവിച്ചാൽ ഈ രാഷ്ട്രത്തിന്റെ മൗലികമായ രൂപഘടന ക്കുതന്നെ മാറ്റം വരുമെന്നത് നിശ്ചയമാണ്. സാറിന്റെ കണ ക്കുകൂട്ടലാണ് ഇന്ത്യയിലെ ഏറ്റവും മികച്ച ദീർഘദർശിയായ രാഷ്ട്രീയ പ്രഭുവിൻെറ സമ്പന്നമായ വീക്ഷണം.''

''അതതേ... ഞാൻ പറഞ്ഞുവന്നത് ഇന്നത്തെ യുവതലമുറയെ ക്കുറിച്ചാണല്ലോ. എന്റെ അഭിപ്രായ ത്തിൽ ഇതിനെല്ലാം കളമൊരു ക്കുന്നത് നമ്മുടെ തെറ്റായ വിദ്യാഭ്യാസരീതിയെന്നാണ്. അതിന്റെ ഇന്നത്തെ രൂപത്തെ ഒന്നുടച്ചുവാർത്തേ പറ്റൂ. ആർഷ സംസ്ക്കാ രവും തൊഴിലധിഷ്ഠിത വിദ്യാഭ്യാസവുമാണ് ഇവിടെ അത്യാവ ശ്യം. യുവശക്തിയെ രാഷ്ട്രപുനർനിർമ്മിതിക്കായി തിരിച്ചുവിട്ടേ പറ്റൂ. ഇപ്പോൾ ഞാനാദ്യം പറഞ്ഞതു പോലെ അക്രമവാസന യാണെങ്ങും. ഞാനീ തീരുമാനത്തിലെത്തിയത് വളരെക്കാലം ഈ രാഷ്ട്രത്തെ നിരീക്ഷിച്ചതുകൊണ്ടാണ്. എന്റെ നിഗമനത്തിൽ തെറ്റൊന്നുമില്ലല്ലോ?''

''ഈ നിഗമനമേ ശരിയായുള്ളൂ...''

''എന്റെ അഭിപ്രായം ഇതാണ്. ഒരു തൊഴിലധിഷ്ഠിത വിദ്യാ ഭ്യാസകോർപ്പറേഷൻ സ്ഥാപിക്കുക. കോർപ്പറേഷന്റെ കീഴിൽ വാ ണിജ്യകേന്ദ്രങ്ങൾവരെ ഉണ്ടായിരിക്കണം. കോർപ്പറേഷന് ഗ്രാമീണ ജനങ്ങളുടെ ഇടയിലും നിർമ്മാണ പ്രക്രിയ നടത്താൻ കഴിയണം. ഞാൻ പറഞ്ഞുവരുന്നതിന്റെ അർത്ഥം ഇതാണ്. അതായത് ഇന്ത്യയുടെ ഹൃദയം കുടികൊള്ളുന്നത് ഗ്രാമങ്ങളിലാണ്. ഗ്രാമ ങ്ങൾ സ്വയം പര്യാപ്തമാവുന്ന തിലൂടേയേ നമുക്ക് പുരോഗമിക്കാൻ

കഴിയൂ. എന്റെ ഈ ചിന്താവിപ്ലവത്തെ ഞാൻ പലേടത്തും പ്രസംഗിച്ചിട്ടുണ്ട്. രാഷ്ട്രീയ താത്വികാചാര്യൻമാരായ പലരും തലകുലുക്കി സമ്മതിച്ചുപോന്ന സർവ്വസമ്മതമായ ഒരു കാര്യമാണ്.''

''ബ്രിട്ടീഷുകാർ നമ്മുടെ സമ്പത്തെല്ലാം പരിപൂർണ്ണമായും കാലിയാക്കിയാണല്ലോ കടന്നുകളഞ്ഞത്. ഇനിയും നാം ഉയത്തെഴുന്നേൽക്കേണ്ടിയിരിക്കുന്നു. സ്വാതന്ത്ര്യം നേടാനായി മൃത്യുവരിച്ചവരുടെ അഭിലാഷത്തെ സമ്പൂർണ്ണമാക്കാൻ ഇന്നത്തെ യുവതലമുറ അപ്പാടെ രാഷ്ട്രത്തിനായി ജീവത്യാഗം നടത്തുകയാണാവശ്യം. ഞാൻ ഇന്ത്യയെ സ്വയം പര്യാപ്തിയിലേയ്ക്കും ലോകരാഷ്ട്രങ്ങളുടെ കണ്ണിൽ അന്തസ്സുറ്റ ഒരു സ്ഥാനവും നേടാനായി ഒരിരുപത്തഞ്ചുവർഷം നീണ്ടുനില്ക്കുന്ന ഒരു ആസൂത്രിത രേഖ തയ്യാറാക്കീട്ടുണ്ട്. ഞാനത് നിയമസഭയിൽ അവതരിപ്പിക്കും. പിന്നീട് പാർലിമെന്റിൽ അവതരിപ്പിക്കാൻ വേണ്ട ഒത്താശകളും ചെയ്യും. എന്റെ ഭാവന സാഫല്യമായാൽ ഇവിടെ നിന്ന് ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യപ്പെടും തീർച്ച.''

സ്കോച്ചു കുപ്പികൾ അറ്റംവരെ പടർന്നു കഴിഞ്ഞിരിക്കുന്നു. ഗോൾഡ് മറൈന്റെ ലാസ്യലഹരിയാണെങ്ങും. കെ.എമ്മിന്റെ ഒച്ച വാക്കുകളിൽ നിന്ന് വാക്കുകളിലേക്ക് വഴുതി വീണുകൊണ്ടിരുന്നു.

എത്രനേരമായി ഇതാരംഭിച്ചെന്ന് തിട്ടപ്പെടുത്താൻ പാർത്ഥനു കഴിഞ്ഞിരുന്നില്ല. അഡ്വാൻസ്തുക നല്കിയതിൽ പിന്നീട് കുപ്പികൾ പൊട്ടിക്കുകയാണുണ്ടായത്.

നിശ്ശബ്ദനായിരുന്ന കെ.എം.വാചാലനായതോടെ മണിക്കൂറുകൾപോലും തേഞ്ഞുതേമ്പികുറഞ്ഞു വന്നിരിക്കുന്നു. കോഴിയുടെ തുട കടിച്ചുപറിച്ച് വീണ്ടും ഒരു പെഗ്ഗ്കൂടി അകത്താക്കിയ കെ.എം. കനംവീണ് താഴ്ന്ന കൺപോളകളെ അമർത്തി തിരുമ്മിപ്പോന്നു.

ഭൂമണ്ഡലമാകെ നിശ്ശബ്ദമായിരിക്കയാണ്. നഗരത്തിൽ ഉൾത്തുടിപ്പു പോലും തീരെ ഇല്ലാതായിരിക്കുന്നു. ഇടവഴി സർവ്വത്ര ശാന്തമാണ്.

രോഹിണി മോനുമൊത്ത് അകമുറിയിൽ കിടപ്പാണ്. വിമ്മിഷ്ടവും വിദ്വേഷവും ഒളിപ്പിച്ച് കെ.എമ്മിനെ എതിരേല്ക്കാൻ അവൾ പാടുപെടുന്നുണ്ടായിരുന്നു.

ഒഴിഞ്ഞ കുപ്പികളിലേക്ക് പാർത്ഥൻ വീണ്ടും മറൈൻ നിറച്ചു കൊണ്ടേ ഇരുന്നു.

മഹേന്ദ്രൻ സെറ്റിയിൽനിന്ന് എണീക്കാനാവാത്ത വിധം പൂസ്സായിരിക്കുന്നു. അയാളുടെ കണ്ണുകളിൽനിന്ന് ചോരക്കുഴൽ വെളിക്കു ചാടുമെന്നു തോന്നുന്നു.

മേശപ്പുറത്തും തറയിലുമായി എച്ചിലുകൾ ചിതറിക്കിടക്കുന്നുണ്ട്. കടിച്ചു ചതഞ്ഞ എല്ലിൻ കഷ്ണങ്ങളും ഉണങ്ങിയ ചോറ്റുവറ്റും. മഹേന്ദ്രൻ തട്ടിയുടച്ച കോപ്പചീളുകളായി തറയിൽ കിടപ്പുതന്നെയാണ്. പ്ലേറ്റുകളിലെ ചിപ്പ്സുപോലും തീർന്നിരിക്കുന്നു.

മൊരിച്ച ഇറച്ചി തിന്നുതീർത്ത് തുടയെല്ല് തറയിലേക്ക് പ്രതിയോഗിയുടെ നെഞ്ചിലേക്കെന്നോണം ഊക്കിലെറിഞ്ഞ കെ. എം. ജഗ്ഗിലെ തണുത്ത വെള്ളം ആർത്തിയോടെ മോന്തുവാൻ തുടങ്ങി.

ചോറു തിന്നിട്ടില്ലെങ്കിലും ചിക്കൻ ഫ്രൈ അപ്പാടെ തീർന്നിരിക്കുന്നു. മൂടി തുറക്കാത്ത ഒരു കുപ്പി ഗോൾഡ് മറൈൻ എല്ലാറ്റിനും കാവലായി മേശപ്പുറത്തു നില്പാണ്.

കഴുത്തിനുപിടിച്ചു പൊക്കിയതുപോലെ കസേരയിൽ നിന്നെണീറ്റ മഹേന്ദ്രൻ കുപ്പി കക്ഷത്തിലിറുകെ പിടിച്ച് പറഞ്ഞു:

"നമുക്കിനി മുൻവശത്തു ചെന്നിരിക്കാം..."

അയാൾ ഇഴയുന്ന കാലുകളുമായി നടപ്പുതുടർന്നപ്പോൾ പാർത്ഥൻ കുപ്പികളുമായി കെ.എമ്മിനോടൊത്ത് പിൻതുടരുകയായിരുന്നു.

തിട്ടമായി സമയം എത്രയായിരിക്കുമെന്ന് പറയാനായില്ല. നാടും നഗരവും ഉറങ്ങി മനുഷ്യർ ശാന്തരായിരിക്കുന്നു. മങ്ങിയ നിലാവിന്റെ ഒഴുക്ക് നഗരത്തിനു മീതെ ആകാശത്തുനിന്ന് വാർന്നു വീഴുന്നുണ്ട്. നിരാലംബമായ മേഘങ്ങൾ കാറ്റത്തലയുകയാണ്.

കസേരയിൽ നിന്നെണീക്കാൻ ശ്രമിച്ച പാർത്ഥൻ അതിനാവാതെ വെട്ടിയിട്ടതുപോലെ ഇരുന്നിടത്തേക്കു തന്നെ വീഴുകയാണുണ്ടായത്. കസേരയുടെ കൈപ്പിടിയിൽ ഇറുകെപ്പിടിച്ചെ ണീറ്റു നിന്ന മഹേന്ദ്രൻ പാർത്ഥന്റെ ചുമലിൽ കൈവെച്ച് അകലേക്കു വിളിച്ചു വാതിൽക്കൽ ചെന്നപ്പോൾ അയാൾ പറഞ്ഞു:

"പാർത്ഥന്റെ കാര്യം ശരിപ്പെടണമെങ്കിൽ ഇനി ഒന്നുകൂടെ കെ. എമ്മിന് നൽകണം. അയാൾ ഏതു തരത്തിലും സന്തുഷ്ടനായാലേ കാര്യം ശരിയാവൂ. ഇന്നിനി തിരികെ പോവാനാവില്ല. രാത്രി ഇവിടെ കൂടാം. ഒരു സ്ത്രീയെ വേണം കൂട്ടിന്..."

"അതിനിവിടെ ?"

"ഓ... ഭാര്യയില്ലേ...? ഇതെല്ലാം സാധാരണമാണ് പാർത്ഥൻ. എനിക്കും ജീവിതത്തിൽ പലതും നല്കേണ്ടിവന്നിട്ടുണ്ട്. നാം ഒന്നിനും അനാവശ്യമായി വിലകല്പിക്കാതിരിക്കുക. പിന്നെ കെ.എമ്മിന് പതിവ്രതകളായ ഭാര്യമാരെയാണിഷ്ടം..."

പാർത്ഥൻ മൗനമായി നിൽപ്പു തുടർന്നപ്പോൾ കെ.എം. എണീറ്റു.

നിൽപ്പുറപ്പു നഷ്ടപ്പെട്ട് വീഴാൻ തുനിഞ്ഞ അയാളെ താങ്ങിപ്പിടിച്ച് പാർത്ഥൻ കതകിനുനേർക്കു നടന്നു.

കെ.എമ്മിനെ അകത്തേക്കു കടത്തിവിട്ട് കതകിന്റെ പുറം താഴിട്ട അയാൾ വീണ്ടും മഹേന്ദ്രനോടൊത്ത് ഗോൾഡ് മറൈന്റെ കുപ്പിയിലെ അവസാനത്തെ ദ്രാവകവും ഊറ്റിക്കുടിക്കുകയായിരുന്നു.

പെട്ടെന്നാക്രോശിച്ച രോഹിണിയുടെ ശബ്ദം മുറിയിൽ മുഴക്കമായിരിക്കുന്നു. ഞെട്ടിയുണർന്ന വിനീതനും കരയുകയാണ്. കെ. എമ്മിന്റെ ക്രൂരമായ ചിരി ശബ്ദങ്ങളെ ആകെ കീഴ്പ്പെടുത്തുന്നുണ്ടായിരുന്നു.

ഒഴിഞ്ഞ കുപ്പി അരിശത്തോടെ തറയിലേക്കെറിഞ്ഞ പാർത്ഥനും വളരെ ഉച്ചത്തിൽ ചിരിക്കുകയാണുണ്ടായത്.

പാഠകം മൂന്ന്

നാല്പത്തൊമ്പത്

ഇപ്പോൾ പാർത്ഥേട്ടൻ സംതൃപ്തനാണ്! അദ്ദേഹം രൂപഭംഗിയുള്ള പുതിയൊരു ലോകത്തെ നേടിയിരിക്കുന്നു. ആജ്ഞാനുവർത്തിയായ കീഴുദ്യോഗസ്ഥന്മാർ. വീട്ടുവേലപോലും ചെയ്തുതരുന്ന വൃദ്ധനായ ഡ്രൈവർ. സമുദായ മദ്ധ്യത്തിൽ മാന്യമായ നിലയും വിലയും.

സർക്കാരിന്റെ ഉത്തരവുകളിൽ പിടിച്ചതൂങ്ങി ഈ കാട്ടുപ്രദേശത്തെ കാർഷികപരിവർത്തനത്തിലൂടെ വ്യവസായവൽക്കരിക്കാൻ ശ്രമിക്കുന്ന പാർത്ഥേട്ടൻ ഡിപ്പാർട്ട്മെന്റിന്റെ തന്നെ അഭിമാനഭാജനമായിത്തീർന്നിരിക്കുന്നു. മന്ത്രി പുതിയ യൂണിറ്റ് ഉൽഘാടനയോഗത്തിൽ പാർത്ഥേട്ടനെ സ്തുതിക്കുമ്പോൾ അദ്ദേഹത്തിന്റെ പേര് പത്രത്തിലൂടെ എങ്ങും ശ്രദ്ധിക്കപ്പെടുകയാണ്.

പക്ഷേ, ഒരു രാത്രിയുടെ കരാളരൂപത്തെ എന്നിട്ടും രോഹിണിക്ക് മറക്കാൻ കഴിഞ്ഞിരുന്നില്ല.

അപ്പോൾ അവൾ വീനീതനെ അള്ളിപ്പിടിച്ച് കിടന്നുറങ്ങുകയായിരുന്നു. കുടിയും തീറ്റിയും തുടർന്നുവന്ന് അലർച്ചയായപ്പോൾ സഹികെട്ട് ഉറങ്ങാൻ കിടക്കുകയാണുണ്ടായത്, വിനീതനെ കിടക്കയിൽനിന്ന് പിടിച്ചുമാറ്റുകയും മദ്ധ്യവയസ്കൻ എന്റെ മാറത്തേക്ക്, ഞാനെണീക്കാൻ ശ്രമിക്കുന്നതിനുമുമ്പേ അതിശക്തിയോടെ വന്നു വീഴുകയുമായിരുന്നു. തികച്ചും ബാലിശമായി എല്ലാം തീർന്നപ്പോൾ, എന്റെ എതിർപ്പുകളുടെ വൈഭവം പുരുഷശക്തിക്കുമുന്നിൽ അടിയറവു പറഞ്ഞപ്പേൾ ചിരികോട്ടി മുണ്ടുവാരി ചുറ്റി ഇറങ്ങി നടന്ന കെ.എം. പാർത്ഥേട്ടന്റെ മുമ്പിൽ സൗവർണ്ണതയുടെ കടമ്പ സ്ഥാപിക്കുകയായിരുന്നുവല്ലോ–

കാപാലികയും അഭിസാരികയുമായ ദ്രൌഹിത്രിയുടെ മകൾക്ക് ഇതാവും വിധി!

അനുരാധയെ വിവരമറിയിച്ചപ്പോൾ അവളെഴുതി.

നീ ജീവിതത്തിന്റെ സർവ്വപ്രധാനമായൊരു നിമിഷത്തെയാണ് അഭിമുഖീകരിക്കുന്നത്. സ്വയം മരണത്തിലേക്കുപോലും ചെന്നെത്താൻ ഇപ്പോൾ വിഷമം തോന്നില്ല. പക്ഷേ വിനീതന്റെ അമ്മയായ രോഹിണി അതുചെയ്യരുത്. അവന്റെ ജീവിതത്തേയും എന്തിന് നശിപ്പിക്കണം?

കുട്ടീ, വളരെ അപൂർവ്വമായ നിമിഷങ്ങളിലാണ് ജീവിതത്തിന്റെ അർത്ഥരാഹിത്യത്തെക്കുറിച്ചറിയാൻ കഴിയുക. നാം പൊള്ളയായ

ചില വസ്തുക്കളെയാണ് അതിഗൂഢമായി സ്നേഹിച്ചതെന്നോർക്കുമ്പോൾ സ്വയം അവജ്ഞയേ തോന്നുള്ളൂ.

രോഹിണിയുടെ മനസ്സിനെ എനിക്ക് നല്ലതുപോലെ അറിയാൻ കഴിഞ്ഞിട്ടുണ്ട്. നീ ഇത്രയും ദുഃഖിക്കേണ്ടവളല്ല. പക്ഷേ, നമുക്ക് വ്യക്തമായി നിർവ്വചിക്കാനാവാത്ത വിധിയെന്നോ പച്ചയായ ജീവിതമെന്നോ പറയാവുന്ന ചിലത് വളരെ ക്രൂരമായി മനുഷ്യനെ വേട്ടയാടാറുണ്ട്. എല്ലാ അനുഭവങ്ങളേയും സഹിച്ച് തുടർന്നും ജീവിക്കുക എന്നതാണ് മനുഷ്യന്റെ ധർമ്മം.

പാർത്ഥനെന്തേ ഇങ്ങനെ ആവാൻ? അന്നത്തെ മനുഷ്യൻ....!

എനിക്കുതന്നെ ആശ്ചര്യം തോന്നുകയാണ്. ഒരു മനുഷ്യജീവിക്ക് എത്രകണ്ട് നിസ്വാർത്ഥനും സ്വാർത്ഥനുമാവാൻ കഴിയുമോ അതെല്ലാം പാർത്ഥന്റെ ജീവിതത്തിലും സംഭവിച്ചിട്ടുണ്ട്. എനിക്കാ മനുഷ്യനോട് സഹതാപമാണ് തോന്നുന്നത്. പിന്നെ നിന്നെ ഓർത്താണ് ദുഃഖം.

വിശ്വസ്തയായ ഭാര്യയും നല്ലൊരു അമ്മയും സംതൃപ്തമായ ഒരു കുടുംബത്തിന്റെ നായികയുമായി ജീവിക്കാനുള്ള നിന്റെ മോഹത്തെക്കുറിച്ചാണ് ഓർമ്മവരുന്നത്. ചിലരുടെ ജീവിതം ഇത്തരത്തിലാവും ആർക്കും തടുക്കാനാവാത്ത എന്തോ ഒന്ന് അവരെ വല്ലാതെ ദുഃഖിപ്പിക്കും.

നീ ദുഃഖിക്കേണ്ടവളേ അല്ല. കാരണം ഒരുപാട് ദുഃഖം ജീവിതത്തിന്റെ ആരംഭത്തിൽ തന്നെ രോഹിണി അനുഭവിച്ചുതീർത്തിട്ടുണ്ട്. എനിക്ക് പലപ്പോഴും തോന്നാറുണ്ട്. എന്തിനാണ് ഈ നല്ല മനുഷ്യർക്കുമാത്രം ഇത്രയും കഠിന യാതനകൾ?

അടിച്ചു പതം വരുത്തുന്നതിലൂടെയാണ് സ്വർണ്ണത്തിന്റെ മേന്മ കൂടുന്നത്. അതുപോലെയാണ് മനസ്സും.

നീ സ്വയം ശക്തി സംഭരിച്ചേ പറ്റൂ. ജീവിതത്തിൽ ചിലടത്തെല്ലാം ചിലപ്പോൾ ഇഷ്ടക്കേടോടെയാണെങ്കിലും വഴങ്ങിക്കൊടുത്തേ പറ്റൂ. നമുക്കും നമ്മിൽ നിന്നുവന്ന സന്തതികൾക്കും വേണ്ടി അതു ചെയ്യേണ്ടിയിരിക്കുന്നു.

പൊരുത്തക്കേടുമായി പൊരുത്തപ്പെടാൻ മനുഷ്യന് അസാദ്ധ്യമാണ്. പക്ഷേ അതനിവാര്യമാണ്.

പിന്നീട് അനുരാധ സ്വന്തം കാര്യങ്ങളെക്കുറിച്ചാണെഴുതിയിരുന്നത്. ഭർത്താവ്, സന്തതികൾ, ജീവിതം.

രേണുകയ്ക്ക് എഴുത്തെഴുതുകയുണ്ടായെങ്കിലും കത്തു തപാലിലിടുകയുണ്ടായില്ല. അവരുടെ എഴുത്തുകൾക്കെല്ലാം തന്നെ തൊട്ടും തൊടാതെയും മറുപടി അയക്കാറാണ് പതിവ്. പാർത്ഥേ

ട്ടൻ എന്നേ ബന്ധങ്ങളെ അറുത്തുമുറിച്ചിരിക്കുന്നു. പോസ്റ്റിങ്ങ് ഓർഡറും തുടർന്ന് ട്രെയിനിങ്ങുമായി അദ്ദേഹം അകന്നപ്പോൾ മോനോടൊത്തു അനാവശ്യമായിത്തീർന്ന ജീവിതത്തെ വീണ്ടും തുടരുകയാണുണ്ടായത്. എന്റെ മുന്നിൽ വെളിച്ചം മറഞ്ഞ് ഇരുൾ കുത്തിയ ദിവസങ്ങൾ വന്നുപോവുന്നത് നിസ്സംഗതയോടെ നോക്കി നില്പായിരുന്നു.

പാർത്ഥേട്ടനോടൊത്തുള്ള കെ.എമ്മിന്റെ അതിക്രമത്തിനുശേഷമുള്ള നാളുകൾ വെറും ഈർഷ്യയുടേതായിരുന്നു. അകാരണമായി കടന്നുവരുന്ന മരണത്തിന്റെ സാന്ദ്രതയുള്ള ദുഃഖം. പൊട്ടിച്ചിന്തിയെറിഞ്ഞ ആത്മാവിന്റെ തേങ്ങൽ. നിഴൽ പാവകളെപ്പോലെ, കാൽപെരുമാറ്റത്തിന്റെ ധ്വനിപോലുമുയർ ത്താതെ നടന്നുനീങ്ങുന്ന മനുഷ്യർ. ഗുഹകളിൽ അഭയം തേടിയവാക്കുകൾ. നെടുംതൂണായി വളർന്ന വിറങ്ങലിച്ച, ചേരിതിരിവ് സൃഷ്ടിച്ച മൗനം.

ഏതോ ഒരു രാത്രിയിൽ അമ്മയോടൊത്ത് കോസറിയിൽ കിടന്നുറങ്ങുകയായിരുന്നു. ഞെട്ടിയുണർന്നപ്പോൾ അരികെ കിടന്ന ദ്രൌഹിത്രി തമ്പുരാട്ടിയെ കാണാനായില്ല. വരാന്തയിൽ ഏതോ ഒരു പുരുഷനുമൊത്തു അവർ കാമചേഷ്ടയിൽ ഏർപ്പെട്ടുകിടക്കുകയായിരുന്നു.

വ്യഭിചാരിയായ ദ്രൌഹിത്രിയുടെ മോൾക്ക് വിശ്വസ്തയായ നല്ലൊരു ഭാര്യയായി ജീവിക്കാനായിരുന്നു മോഹം. രാത്രികളിൽ അരക്ഷിതാവസ്ഥയുടെ ഭീതിയുമായി, ഏതെങ്കിലും നിമിഷത്തിൽ കുടിച്ചുന്മത്തനായ ഒരുവൻ കടന്നുവരുമെന്ന തോന്നലുമായി കിടക്കപ്പായിൽ ഉറങ്ങാതെ യാമങ്ങളെ എണ്ണിത്തീർത്തിരുന്ന അവൾ തലയിണയ്ക്ക് കീഴെ തേച്ച് മൂർച്ചകൂട്ടിയ മടവാൾ പതിവായി സൂക്ഷിച്ചുപോന്നു.

എന്നിട്ടും ഒടുക്കം ഇവിടെ എത്തുകയുണ്ടായത്.

പത്തുകഴിഞ്ഞപ്പോൾ പഠിപ്പുനിർത്തി വീട്ടിൽ അടിഞ്ഞുകൂടിയ നാളുകൾ. ചോന്നോത്തെ പ്രതാപിയായ യുവാവിന് കൗമാരം പൂചൂടിയ, നല്ല ആകാരവടിവുള്ള മകളെയായിരുന്നു നോട്ടം. അമ്മയുടെ മുഖമടച്ച് ആട്ടിയപ്പോൾ ദ്രൌഹിത്രി തമ്പുരാട്ടി കളഞ്ഞുകുളിച്ച ബ്രാഹ്മണ്യം പോലും വിറകൊള്ളുകയായിരുന്നു.

ദുർന്നടത്തക്കാരിയായ ദ്രൌഹിത്രിയുടെ മകൾ സ്വന്തം സ്ഥാനവലുപ്പത്തിനായി ഒരാൾക്ക് കിടക്ക നൽകുന്നതിൽ പാർത്ഥേട്ടന് അതൃപ്തിയൊന്നുമില്ലായിരുന്നു. അതിനെ ചെറുത്തുനിന്ന, അതിൽ പിന്നീട് ഭർത്താവിൽനിന്നകന്നുമാറി കിടക്കപകുത്തിട്ട ഞാനായിരുന്നു തെറ്റുകാരി പിഴയാളി.

ഇപ്പോൾ ജീവിതം പ്രത്യക്ഷത്തിൽ സുന്ദരമാണെന്നാണ് വെയ്പ്. കനത്തതുക ശമ്പളം പറ്റുന്നുണ്ട്. സുഖസമൃദ്ധമായി ജീവിക്കാനാവുന്നുണ്ട്.

മിച്ചമൂല്യവും അതിലുപരി കോഴ വാങ്ങി ലഭിക്കുന്ന തുകയും ബാങ്കിൽ അടിഞ്ഞുകൂടുന്നുണ്ട്.

മാന്യമായ രംഗങ്ങളിൽമാത്രം ഡിന്നർ പാർട്ടികളിലും സൽക്കാരങ്ങളിലും മദ്യപാനം നടത്തുക എന്നത് ഇപ്പോൾ പാർത്ഥേട്ടന്റെ പ്രെസ്റ്റിജിന്റെതന്നെ ഭാഗമാണ്. എങ്ങും പോവാതെ ആത്തേമാരെപ്പോലെ അടങ്ങിയിരിക്കുന്ന രോഹിണിയായിരുന്നു അയാൾക്ക് അപരിഷ്കൃതയായ അധമ.

ജോലിത്തിരക്കിലും ടൂറിലുമായി കഴിഞ്ഞുകൂടുന്ന പാർത്ഥേട്ടന്റെ വരവ് ഇപ്പോൾ വെളിപ്പെടുത്താനാവാത്ത ഏതെല്ലാമോ നിമിഷങ്ങളിലാണ്. വീട്ടിൽ ഭാര്യ ഇരിക്കെ ഷണ്ഡനായിത്തീർന്ന ഭർത്താവ് കല്ല്യാണി ജി മേനോനോടൊത്ത് കിടക്കറ പങ്കിട്ടതിനെക്കുറിച്ചു കേൾക്കുമ്പോൾ എനിക്ക് ഞെട്ടലോ, വിദ്വേഷമോ, ദുഃഖമോ അല്ല ഉണ്ടാകുന്നത്.

ഒരു പൊതുപ്രവർത്തകന്റെ ദയനീയവും ശോചനീയവുമായ അവസ്ഥയെക്കുറിച്ചോർക്കുമ്പോൾ പൊട്ടിച്ചിരിക്കാനാണ് തോന്നുന്നത്.

കല്ല്യാണി ജി മേനോൻ എന്ന ഗിരിവർഗ്ഗ പുനരുത്ഥാന കമ്മിറ്റി മെമ്പർ. മുഴുവൻ സമയം മനുഷ്യവർഗ്ഗത്തിന്റെ ഉന്നതിക്കായി അകമഴിഞ്ഞു സേവനത്തിനിറങ്ങിയ ആ സ്ത്രീയെ ഞാൻ കണ്ടിട്ടുണ്ട്.

ആശുപത്രിയിൽ നിന്നുവരുമ്പോൾ പൂമുഖത്തെ സെറ്റിയിൽ പാർത്ഥേട്ടന്റെ അരികത്തായിരുന്നു ഉച്ചത്തിൽ വാതുറന്ന് ചിരിക്കുന്നുണ്ടായിരുന്നു. യാതൊരുപ്രിയവും കാട്ടാതെ, മനുഷ്യരെയാണ് കണ്ടതെന്നുപോലും ഗൗനിക്കാതെ മുന്നോട്ടു നടന്നപ്പോൾ പിറകെ വന്ന അദ്ദേഹത്തിന് അതിഥിയെ ആദരിക്കാനാവാത്ത എന്നെ പഴിപറയാനേ നേരമുണ്ടായിരുന്നുള്ളൂ.

ഇപ്പോൾ ഈ രോഹിണിക്ക് ഒന്നും ഒരു പുത്തരിയായി തീർന്നിട്ടില്ല. അദ്ദേഹം രണ്ടു പെണ്ണുങ്ങളോടൊത്ത് എന്നെ സാക്ഷി നിർത്തി കിടക്ക പങ്കിടുന്നതുകണ്ടാൽ പോലും പ്രത്യേകിച്ചൊരു വികാരവുമില്ലാതെ, വെറുമൊരു കാഴ്ച കാണുന്നതുപോലെ നില്ക്കാനാവും.

അനുരാധ വീണ്ടുമെഴുതിയതുപോലെ പരിണാമം മനുഷ്യമനസ്സിലും നടക്കാറുണ്ടല്ലോ–

പക്ഷേ ഇവിടെ പരിണാമം ദൃശ്യമാണ്, ചലനാത്മകമാണ്. അവ മറ്റുപലർക്കും ദുഃഖമാണ് നൽകുന്നതും; അടിത്തറയൂട്ടിയ ജീവിതാവബോധങ്ങളെയാണ് തകർക്കുന്നത്.

വിനീതനെ ബോർഡിങ്ങിലേയ്ക്കയക്കുമ്പോൾ ആ തീരുമാനം പാർത്ഥേട്ടന്റേത് മാത്രമാവുകയായിരുന്നു. എന്റെ എതിർപ്പുകളെ തട്ടിമാറ്റിയ അദ്ദേഹം ഒരമാനുഷനെപ്പോലെ മുന്നിൽ നിലകൊണ്ടു.

"എനിക്ക് എന്റെ മകന്റെ കാര്യങ്ങളെക്കുറിച്ച് സ്വയമൊരു തീരുമാനമെടുക്കാനറിയാം. അവനവിടെ താമസിച്ചു പഠിക്കട്ടേ."

"ഈ ലോകത്തെക്കുറിച്ചറിയാതെ ചെറിയ ചെറിയ ദുഃഖങ്ങളുമായി ഈ നാടിന്റേതല്ലാത്ത ചിന്തയുമായി അവൻ വളരേണ്ടിയിരിക്കുന്നു."

പാർത്ഥേട്ടൻ ഈയിടെയായി വളരെ കുറച്ചേ സംസാരിക്കുന്നുള്ളൂവെങ്കിൽ തന്നേയും പെട്ടെന്ന് മുറിയിൽനിന്നുള്ള എന്റെ അകൽച്ച കൂടതലായി മറ്റൊരകൽച്ചയെയാണ് സൃഷ്ടിക്കുന്നത്.

എന്തിനാണ് പൊള്ളയായ കുറെ വാഗ്‌വിലാസങ്ങൾ? ആരെയാണ് ബോദ്ധ്യപ്പെടുത്തേണ്ടത്? അതിന്റെ ആവശ്യം?

എല്ലാം സഹിക്കാൻ ശ്രമിക്കുമ്പോഴും മനസ്സ് കൈപിടിയിൽ നിന്നു തെന്നി വഴുതിപ്പോവുന്നു. ഒരു രാത്രി അനുരാധയുമൊത്ത് കിടക്കയിൽ ഇരുപ്പായിരുന്നു. സന്ധ്യക്കുവന്നുപോയ പാർത്ഥേട്ടനെക്കുറിച്ചായിരുന്നു അവൾക്ക് പറയാനുണ്ടായിരുന്നത്.

ദുഃഖം അനുഭവിക്കുന്നെങ്കിൽതന്നെയും മഹാനായൊരു മനുഷ്യന്റെ കൂടെ ജീവിച്ച് അദ്ദേഹത്തിന്റെ മഹത്വത്തെ പുഷ്ടിപ്പെടുത്താൻ വേണ്ടി അനുഭവിക്കണം.

പാർത്ഥേട്ടനും ഒഴുക്കിന്റെ അംശമാവുകയായിരുന്നു. അതിൽ പിന്നീട് കപ്പൽച്ചേതം നടന്ന് കടലലകളിൽ ഊഞ്ഞാലാടുന്ന പായ്മരത്തെ പോലെയായിരുന്നു ഞാൻ.

പരശുരാമൻ, രാമു, അമല, ഇസ്മായിൽ സേട്ട്.

ഇസ്മായിൽ സേട്ടിനെ എതിരിട്ട് പാർത്ഥേട്ടനും ഫലത്തിൽ അയാളുടെ കക്ഷി ചേരുകയായിരുന്നുവല്ലോ–

തുറന്നിട്ട ജനാലയിലൂടെ പുറമേക്കു നോക്കിക്കൊണ്ട് നില്പായിരുന്നു രോഹിണി. അടയ്ക്കാത്ത കൺപോളകൾ വീർത്തും ചുവന്നുമാണ്. തണുത്ത കാറ്റത്തും വല്ലാണ്ട് വിയർക്കുന്നുണ്ട്.

കട്ടിലിനുതാഴെ പുല്ലുപായയിൽ കിടപ്പാണ് പണിക്കാരത്തി. തിരുവനന്തപുരത്തു നിന്ന് നാളെ പാർത്ഥേട്ടൻ എത്തുമായിരിക്കും. സാമൂഹ്യസേവികയായ കല്യാണി ജി മേനോനും ഗിരിവർഗ്ഗക്കാ

രുടെ നിരക്ഷരതാ നിർമ്മാർജ്ജനത്തെ മുൻനിർത്തി ഗൂഢമായ അഭിവാഞ്ഛയുമായി കൂട്ടുചേർന്ന് പോയിരിക്കയാണ്.

ജനലഴികളിൽ മുഖമമർത്തിയ രോഹിണി നെടുതായി നിശ്വസിച്ചു.

ഭൂമിക്കുമുകളിൽ കട്ടപിടിച്ച ഇരുട്ട് തമ്പടിച്ചു കിടക്കുന്നുണ്ട്. മഞ്ഞുപെയ്ത് വായുവിൽ ഈർപ്പം നിറഞ്ഞിരിക്കുന്നു. ഭൂതങ്ങളെപ്പോലെ ഇരുൾമുടിയ മരങ്ങളാണ് അടുത്ത തൊടിയിൽ നിറച്ചും.

ജനവാസം കുറഞ്ഞ മലയോരത്ത് എത്തപ്പെട്ടപ്പോൾ ആദ്യമായി ഒരമ്പരപ്പാണ് തോന്നിയത്. ഏതോ കാരഗൃഹത്തിലാണെന്ന പ്രതീതി.

കെ.എമ്മുമായുള്ള പാർത്ഥേട്ടന്റെ നീണ്ട സൗഹൃദം ഇവിടേയ്ക്ക് ഒരു സ്ഥലം മാറ്റത്തിലൂടെ എത്തിച്ചിരിക്കുന്നു. ഒരു ഡോക്ടറും ഹെഡ്നേഴ്സടക്കം മൂന്നുപേരും ഒരു കമ്പോണ്ടറുമുള്ള ആശുപത്രി. തൂപ്പുകാരികളായി വേറെ രണ്ടുപേരും. പത്തുകിടക്കകളിലെ നാലു കിടക്കയിലും ജന്മാവകാശം സ്ഥാപിച്ച് മുമ്പെങ്ങോ വന്നു കൂടിയ അനാഥരായ വയോവൃദ്ധൻമാരാണ്. അവരും എന്നെപ്പോലെ എങ്ങോട്ടും പോവാൻ ഗതിയില്ലാതെ നിന്ന് നട്ടം തിരിയുകയാണ്.

മലമ്പുള്ള് ചൂളം കുത്തി ഉച്ചത്തിൽ കരഞ്ഞപ്പോൾ ചുറ്റുപാടും നടുങ്ങിത്തെറിച്ചു. എതിരെയായി വൃക്ഷത്തലപ്പുകൾക്ക് പിന്നാമ്പുറത്ത് ഉത്തുംഗമായ മലയാണ്. മലയ്ക്കപ്പുറം അയൽ സംസ്ഥാനമാണെന്നു കേട്ടിട്ടുണ്ട്.

താണുകേണു പറഞ്ഞിട്ടും പാർത്ഥേട്ടൻ വിനീതനെ അയയ്ക്കുകയായിരുന്നു. വീണ്ടും ഉന്നതപീഠങ്ങളെ പ്രാപിക്കാനുള്ള ശ്രമത്തിൽ അദ്ദേഹം മാതൃത്വത്തേയും പിതൃത്വത്തേയും മറന്നിരിക്കുന്നു. നിന്ന് മടുത്ത രോഹിണി ഉറക്കം വരാഞ്ഞിട്ടും കിടക്കയെ പ്രാപിക്കുകയാണുണ്ടായത്.

എന്റെ ലോകം മറന്നുള്ള ഭാവം കണ്ടാവണം പാർത്ഥേട്ടൻ അമ്പരക്കുകയുണ്ടായത്. ഒരാഴ്ചയോളമായി മുറിയ്ക്കുകത്തുതന്നെ ചടഞ്ഞിരുപ്പായിരുന്നു ഞാൻ. പാർത്ഥേട്ടൻ അകത്തേക്കു കടന്നു വന്നപ്പോൾ എന്റെ മൗനത്തെകണ്ടു അമർഷത്തോടെ മുറിയിൽ നടന്നപ്പോഴും ഞാൻ നാവനക്കുകയേ ഉണ്ടായില്ല.

ഇനി നിന്റെ ഭാവമെന്താണ്?

കെ.എമ്മിന്റെ മദ്യം തുളച്ചുകയറുന്ന ചുണ്ടിന്റെ നനവ് ഇപ്പോഴും എന്റെ കവിളത്തുണ്ടെന്നു തോന്നുന്നു. പാർത്ഥേട്ടൻ കതകിന് താഴിട്ട് അപ്പുറത്ത് സഭ കൂടുകയായിരുന്നുവല്ലോ...കെ.എം പുലർ

ച്ചയോടെ എണീറ്റുപോവുമ്പോൾ വാതിലിനുതട്ടി തുറപ്പിക്കുകയാണുണ്ടായത്.

പാർത്ഥേട്ടനൊടൊത്തുള്ള ജീവിതം മഹനീയമായി കരുതിയ ഒരു പെൺകുട്ടിയുണ്ടായിരുന്നു. അവളുടെ മനസ്സിൽ നിറച്ചും സംരക്ഷണത്തിന്റേയും സംതൃപ്തിയുടേയും മോഹങ്ങളായിരുന്നു.

"നീ എന്റെ ഭാര്യയാണ്. ഭാര്യയുടെ കളങ്കത്തെ വിലമതിക്കേണ്ടത് ഭർത്താവായ പുരുഷനാണ്."

"അതിനു നിങ്ങൾ പുരുഷനല്ലല്ലോ..."

പാർത്ഥേട്ടൻ മുഖത്തേക്ക് കാലുഷ്യത്തോടെ തറച്ചുനോക്കിയപ്പോൾ ഞാൻ അനങ്ങാതെ നിന്നു. ചുവന്നുവിവർണ്ണമായ മുഖം പതുക്കെ മയംവന്നു മിനുത്തു.

"ഇനി നിനക്കെന്തും പറയാം. രോഹിണി ഒന്നു മനസ്സിലാക്കൂ. പഴയ പാർത്ഥൻ എന്നോ മരിച്ചിരിക്കുന്നു. ഈ പാർത്ഥന് ഒന്നും ഏശില്ല. നീ എന്റെ ഭാര്യയാണ്. എന്റെ മാർഗ്ഗം ശരിയോ തെറ്റോ എന്നതല്ല പ്രശ്നം. അതിനെ അനുഗമിക്കുകയാണ് നിന്റെ കടമ."

"ഒരു സീത?"

"അതെന്തോ, കുറച്ചുദിവസം കഴിഞ്ഞാൽ ഞാനൊരു ഫാക്ടറിയുടെ മാനേജറാവും. എന്റെ മാന്യയായ ഭാര്യയായിരിക്കും നീ. പുറമ്പൂച്ചിന്റെ ഈ ലോകത്ത് നമുക്കും സ്വൈരമായി ജീവിക്കാം."

പാർത്ഥേട്ടൻ മുറിയിൽ നിന്നിറങ്ങിപ്പോവുമ്പോഴും ഒരു വിവാഹറദ്ദിനെക്കുറിച്ചാണോർത്തു കൊണ്ടിരുന്നത്. ദ്രൌഹിത്രിയുടെ മകൾക്ക് വിവാഹാഭിലാഷം തന്നെ തീണ്ടാപ്പാടകലെ നിലകൊണ്ടിരുന്ന ഒരു കാലമുണ്ടായിരുന്നു. ഇപ്പോൾ അവൾക്ക് വിവാഹവിച്ഛേദത്തെക്കുറിച്ചും ചിന്തിക്കാൻ തക്ക അവസരമുണ്ട്:

അച്ഛനും അമ്മയും ജീവിച്ചിരിക്കെ വിനീതൻ ദ്രൌഹിത്രിയുടെ പൗത്രൻ തന്നെ ആവുമല്ലോ എന്നോർത്തപ്പോൾ അവൾ പിന്തിരിഞ്ഞു.

കളിക്കൂട്ടുകാരുടെ മുന്നിൽ, നാട്ടാരുടെ മുന്നിൽ ഞാൻ ഒരു പിഴസന്തതിയായിരുന്ന കാലം. വളർന്നപ്പോൾ ദാഹാർത്തരായി ഉറ്റുനോക്കിയെങ്കിലും എല്ലാരും കൊതിച്ചിരുന്നത് ഞാൻ നല്കാവുന്ന ഒരു രാത്രിയുടെ അനുഭൂതിയെ മാത്രമായിരുന്നു.

പാർത്ഥേട്ടനായിരുന്നു എനിക്കൊരു നിലയും വിലയും നല്കിയത്. തൊടിയിലൂടെ നടക്കുമ്പോഴായിരുന്നു അമ്മ പുറകെവന്നത്. നേഴ്സിങ്ങിനപേക്ഷിച്ച് കാത്തിരുപ്പു തുടർന്നകാലം. ഒരു സന്ധ്യ. അമ്മയുടെ മുഖത്തേക്കു നോക്കിയാൽ കലമ്പൽ കൂടുമായിരുന്നു അപ്പോഴൊക്കെ.

രാത്രി കിടന്നപായിൽ എണീറ്റിരുന്ന് ഞാൻ ഉച്ചത്തിൽ കരയുകയാണുണ്ടായത്. സ്വന്തം ജന്മത്തെ ശപിക്കുമ്പോഴും, ആത്മഹത്യക്ക് കൊതിക്കുമ്പോഴും എന്തിനെന്നില്ലാതെ ജീവിക്കാനായി അത്യാർത്തിയോടെ കാത്തു പോന്നു.

രാത്രി അച്ഛനെ ചൊല്ലിയായിരുന്നു കലഹത്തിന് തുടക്കമിട്ടത്. മകൾ പ്രായം തികഞ്ഞ് ലോകംകണ്ട് തഴമ്പിച്ചിട്ടും ജനനത്തിന്റെ രഹസ്യവിരുതോടെ തനിക്കു ഗർഭംനല്കി കടന്നുകളഞ്ഞ പുരുഷൻ ആരെന്നത് ദ്രൌഹിത്രി തമ്പുരാട്ടി മകളിൽനിന്നൊളിച്ചുവെയ്ക്കുകയായിരുന്നു.

അമ്മ പുറകെയുണ്ടെന്നറിഞ്ഞപ്പോൾ തിരിഞ്ഞു നോക്കാതെ ഞാൻ തൊടിയിലൂടെ അലക്ഷ്യമായി നടന്നു.

‘‘നീ നിൽക്ക്...’’ ചുമലിൽ പിടിച്ച അമ്മ എന്റെ യാത്രയെ തടയുകയായി.

അപ്പോൾ മുഖം തിരിച്ച് അമ്മയെ ഒന്നുനോക്കാനേയുള്ളു. ചോര ചിന്തുന്ന കാന്തിയുള്ള ആ മുഖമാകെ ഇപ്പോൾ കരിവാളിച്ചിട്ടുണ്ട്.

കവിളൊട്ടി മുഖത്തെ എല്ലുകൾ പൊന്തി രൂപംകെട്ടിരിക്കുന്നു. ഈ പ്രകാശവലയമുള്ള കണ്ണുകളാണ് ഒരു പുരുഷനെ കാംക്ഷിക്കുകയും ക്രൂരമായി വഞ്ചിക്കപ്പെടുകയുമുണ്ടായത്.

‘‘എന്റെ മോൾക്കായി ഈ അമ്മ ഒന്നും സമ്പാദിച്ചിട്ടില്ല. ഞാനെന്തിനു ജനിച്ചതെന്നുപോലും എനിക്കറിയില്ല. പിന്നെ എനിക്ക് മോളു പിറന്നു.’’

അമ്മയുടെ തൊണ്ടയിൽ നനവുനിറഞ്ഞ് വാക്കുകൾ കുതിർന്നു പോയി. അവരുടെ വിറങ്ങലിച്ച ശബ്ദം വീണ്ടും വായുവിൽ മുഴങ്ങി.

‘‘എന്റെ മോളെപ്പോലെ എനിക്കും പല മോഹങ്ങളുമുണ്ടായിരുന്നു. ഒരു കുടുംബജീവിതത്തെ ഞാനും സ്വപ്നം കണ്ടിരുന്നു. പക്ഷേ എന്റെ വിധി ഇതാണ്.’’

അമ്മയുടെ പറ്റുവരവുകാർ പാത്തും പതുങ്ങിയുമെത്തുമ്പോൾ, അവരുടെ കള്ള് കടിച്ചു ചുവന്ന കണ്ണുകളെ കാണുമ്പോൾ ശ്വാസം നിലച്ച് പായിൽ അനങ്ങാതെ ഞാൻ കിടക്കുമായിരുന്നു. എന്റെ മുലകുടിമാറുന്നതിനുമുമ്പേ അമ്മ അധഃപതിച്ച് പുണ്യവതിയായി ത്തീർന്നിരുന്നു!

അമ്മയോടൊത്ത് കിടന്ന് അർദ്ധരാത്രിക്കുണർന്നെണീക്കുമ്പോൾ അരികെ അവരെ കാണാതായ അനേകം രാവുകൾ! പുറത്തു നിന്നു കേട്ട അടക്കിപ്പിടിച്ച ചിരിയും സീൽക്കാരങ്ങളും!

‘‘എന്റെ മോൾക്ക് നല്ലതേ വരൂ... ഈ അമ്മയെപ്പോലെ മോള് ദുഃഖിക്കില്ല...’’

പിറ്റേന്നായിരുന്നു ഓർഡർ വന്നതും ഞാൻ ട്രെയിനിയായി യാത്ര ആരംഭിച്ചതും. പിന്നെ ദ്രൗഹിത്രി ദേവിയുടെ മരണം ആകസ്മികമായി സംഭവിക്കുകയാണുണ്ടായത്.

ഇപ്പോൾ ഞാനും അധഃപതിച്ചിരിക്കുന്നു. എന്റെ സുന്ദരനും മാന്യനും സമ്പന്നനുമായ ഭർത്താവ്!

മഹേന്ദ്രനും കെ.എമ്മും വീണ്ടും വീട്ടിൽ വരുകയുണ്ടായിട്ടുണ്ട്. അവർ കുടിച്ചു തിമർത്ത് അകന്നിട്ടുമുണ്ട്.

പൊടുന്നനെ കൂട്ടത്തോടെ മലയടിവാരത്തിൽ പക്ഷികൾ ചിലച്ചു. തുടർന്ന് ഓലക്കുടികളിലെ കോഴികളും കൂവി.

പകലിന്റെ വെട്ടം ഉയർന്നുയർന്നുവരവേ രോഹിണി ഉറക്കത്തിന്റെ ചേറ്റുകുണ്ടിലേക്ക് ആണ്ടിറങ്ങുകയായിരുന്നു.

ഒന്നു കണ്ണുചിമ്മുന്നതിനേ നേരമുണ്ടായിരുന്നുള്ളൂ. അപ്പോഴേയ്ക്കും പ്രഭാതമായി.

പണിക്കാരത്തി വിളിച്ചുണർത്തിയപ്പോൾ കല്ലുകനക്കുന്ന ശിരസ്സുമായെണീറ്റ രോഹിണി മുഖം കഴുകിയ പാടെ കടുംകാപ്പി ഊതിക്കുടിച്ചു.

പിന്നീട് ധൃതിപ്പെട്ടുള്ള ഒരുക്കങ്ങൾ. കുളികഴിഞ്ഞെത്തുമ്പോഴേക്കും മണി ഏഴുകഴിഞ്ഞിരുന്നു. പണിക്കാരത്തിയോട് ഉച്ചയ്ക്കലത്തെ ഊണിനുള്ള ഏകദേശ വിഭവങ്ങൾ പറഞ്ഞ് പടി ഇറങ്ങിയപ്പോൾ നിരത്തിലുള്ള ഏന്തിവലിച്ചു നടക്കുന്ന രോഗികളെയായിരുന്നു രോഹിണി ശകുനമായി കണ്ടത്.

ചരലുനിറഞ്ഞ കുന്നുമ്പുറത്തെ ആശുപത്രി പരിസരത്തെത്തുമ്പോഴേയ്ക്കും കൊടുംമഞ്ഞും തണുപ്പുമുണ്ടാർന്നിട്ടും അവൾ വിയർത്തു. നേഴ്സ് ഹേമ രോഹിണിയുടെ ശിരസ്സ് കുന്നിൻപള്ളയിൽ കണ്ടപ്പോൾതന്നെ യാത്രക്കൊരുങ്ങി. രജിസ്ട്രറിൽ ഒപ്പിട്ട് തൂവ്വാലയിൽ മുഖം തുടച്ച് കസേരയിൽ ഇരുന്ന രോഹിണി ഡോക്ടറുടെ വരവിനായി വീണ്ടും ഒരു നിമിഷം കാത്തു.

മലയിൽനിന്ന് തോരാനിട്ടതുപോലെ താണിറങ്ങിയ മഞ്ഞ് സൂര്യവെളിച്ചത്തിൽ ആവിയായി ഉയർന്നുപൊന്തുന്നുണ്ട്. ശിഖരങ്ങളിലെ ഇലത്തുമ്പുകളിൽ നിന്ന് മഞ്ഞിൻകണങ്ങൾ ഇറ്റിവീഴുന്നു. ഇവിടെ ആദ്യമായി വന്നുപെട്ടപ്പോൾ ഏകാന്തതടവിനു വിധിയ്ക്കപ്പെട്ടുവെന്ന തോന്നലായിരുന്നു എനിക്ക്.

എതിരെയുള്ള കുസേരയുടെ അനക്കം കേട്ടപ്പോഴെ രോഹിണി മുഖമുയർത്തുകയുണ്ടായുള്ളൂ. പതിവു സന്ദർശകനായി കാലത്തെന്നും ദൃഷ്ടിപൂജക്കെത്തുന്ന സുന്ദരേശൻ സുന്ദരമായി ചിരിച്ചു.

“ഞാൻ സിസ്റ്ററെ കാത്തുനില്പായിരുന്നു. സിസ്റ്ററെ കാലത്തു തന്നെ കണ്ടാലെ ഒരുന്മേഷം തോന്നൂ...”

അയാൾ മുഖത്തേക്കു തറച്ചുനോക്കുന്നതുകണ്ടപ്പോൾ വെറുപ്പു തോന്നീട്ടും രോഹിണി ചിരിച്ചു. സിറിഞ്ചും മരുന്നുകുപ്പികളുമായി വാർഡിലേക്കു നടക്കുമ്പോഴും സുന്ദരേശൻ അവളുടെ പുറകെ ഉണ്ടായിരുന്നു. വാർഡിലേക്കുള്ള ചവിട്ടുപടികയറുമ്പോൾ രോഹിണി തിരിഞ്ഞുനിന്നു.

“സുന്ദരേശൻ പോയി ജോലിനോക്കൂ... കാലത്തുതന്നെയുള്ള ഈ നടത്തം...”

നീണ്ടൊരു ഹാളായ വാർഡിനെ പനമ്പുതട്ടിക്കുമറച്ച് വിഭജിച്ചിരിക്കയാണ്. നാലു കട്ടിലുകൾ സ്ത്രീകൾക്കായി നീക്കിവെച്ചിട്ടുണ്ട്. രോഹിണിയുടെ വരവുകണ്ടപ്പോൾ ബന്ധുമിത്രാദികളായി കട്ടിലിനോരം ചേർന്നിരുന്നവർ താഴേക്കിറങ്ങി ആദരവോടെ നില്ക്കുകയായി.

വൃദ്ധന്റെ ശോഷിച്ച മാംസത്തിലേക്ക് സിറിഞ്ചിന്റെ മുനമ്പിറങ്ങുമ്പോൾ അയാൾ വേദന സഹിക്കവയ്യാഞ്ഞ് മുഖം കോട്ടുന്നുണ്ടായിരുന്നു. വിറച്ചുതുള്ളി കട്ടി കരിമ്പടവുമായി കിടക്കുന്ന യുവാവിന് ക്വായിന കൊടുത്തിറങ്ങുമ്പോഴേയ്ക്കും ഔട്ട് പേഷ്യന്റ് വിഭാഗത്തിൽ ഡോക്ടർ വന്നിരിപ്പുണ്ടായിരുന്നു.

അന്തേവാസികളായി സ്ഥിരവാസമനുഷ്ഠിക്കുന്ന വൃദ്ധന്മാരെയെല്ലാം ഒഴിവാക്കേണ്ടി ഇരിക്കുന്നു. പക്ഷേ അവരെ എങ്ങോട്ടയയ്ക്കാൻ?

അംബിക അവധിയിലായിരുന്നതിനാൽ ഫാർമസിയിലേക്ക് സുന്ദരേശനെ സഹായിക്കാനായി അവൾ ചെന്നു. രോഹിണി വരുന്നതുകണ്ടപ്പോൾ തന്നെ അയാളുടെ മുഖം വികസിച്ചു.

മലയടിവാരത്തിൽ നിന്ന് ഏറ്റുകട്ടിലിൽ രാത്രിമുഴുക്കെ ചുമന്നു നടന്ന് മരണവുമായി മല്ലിട്ടുകിടക്കുന്ന, പേറ്റുനോവ് സഹിക്കാഞ്ഞ് തൊള്ളയിടുന്ന പെണ്ണുങ്ങളെ എത്തിക്കുമ്പോൾ പ്രിയപ്പെട്ടവരുടെ ജീവന്റെ നിലനില്പിനായി ബന്ധുക്കൾ കരഞ്ഞു കേഴുകയാവും. ആവശ്യത്തിന് കെട്ടിടവും കിടക്കയും മരുന്നും ഉപകരണങ്ങളുമില്ലാത്ത ഈ ആശുപത്രിയിൽ എല്ലാം ഒരു വിഭ്രാന്തിയോടെയാണ് സംഭവിച്ചുതീരുക. ഭാഗ്യാതിരേകം കൊണ്ട് രക്ഷപ്പെടുന്നവരും, കാലബലമില്ലാഞ്ഞ് പരിമിതമായ സൗകര്യത്തെ മുൻനിർത്തി മൺമറഞ്ഞുപോവുന്നവരും.

ഡോക്ടറുടെ മുന്നിലെ നീണ്ടനിര അവസാനിച്ചിരുന്നു. അതോടൊത്ത് ഫാർമസിയുടെ ജനാലയ്ക്കലേയും.

സുന്ദരേശന്റെ അരികെ നിന്ന് രക്ഷപ്പെടുന്ന തൃപ്തിയോടെ രോഹിണി മുറിയിലേക്കുനടന്നു. പത്തിനുശേഷമേ ഡോക്ടർ വാർഡിലേക്കുചെല്ലൂ. പിന്നീട് പന്ത്രണ്ടുകഴിഞ്ഞാൽ അദ്ദേഹം കാറോടിച്ച് കമ്പോളത്തിനരികെയുള്ള താവളത്തിലേക്ക് പോവും. പിന്നെ സ്വകാര്യ ചികിത്സയുടെ തിരക്കാണ്.

നാട്ടിലെ ഏക അലോപ്പതി വിദഗ്ദ്ധനായ ഡോക്ടർ തന്നെയായിരുന്നു കോവിലകം തൊട്ട് ഫോറസ്റ്റ് റെയ്ഞ്ചർ വരേയുള്ളവരുടെ രക്ഷകൻ. കനത്തതുക മലവെള്ളപ്പാച്ചിൽ പോലെ വന്നണയുമ്പോഴും നഗരത്തിലെ സമൃദ്ധവും ആഡംബരഭൂയിഷ്ഠവുമായ ദിനങ്ങളെ മാത്രമേ അദ്ദേഹത്തിന് ഓർക്കാനുണ്ടായിരുന്നുള്ളൂ.

ഡോക്ടർ വാർഡിലേക്കു പോവാനായി ഇരിപ്പിടത്തിൽ നിന്നെണീറ്റപ്പോൾ തെർമോമീറ്ററുമായി രോഹിണിയും പുറകെ ചെല്ലുകയായിരുന്നു.

അൻപത്

സുന്ദരേശൻ ജോലിക്കു ചേരുന്നതിനു മുമ്പേ അയാളുടെ കഥ ആശുപത്രിയിൽ പാട്ടായിരുന്നു.

സുന്ദരേശന്റെ ജനനം ഒരു ഇടത്തരം കുടുംബത്തിലായിരുന്നു. മൂത്തമൂന്നുപേരും സ്ത്രീ പ്രജകളായിരുന്നതിനാൽ അമിതമായ വാത്സല്യത്തോടേയും സ്നേഹത്തോടേയുമായിരുന്നു അയാൾ ജീവിച്ചുപോന്നത്. മുപ്പത്തിഅഞ്ചാം വയസ്സിൽ മകന് ജന്മം നൽകിയ പങ്കി നാല്പത്തിനാലിൽ പൊടുന്നനെ അന്തരിക്കുകയുണ്ടായി.

അപ്പോഴേയ്ക്കും പെങ്ങൾമാരെല്ലാം വിവാഹിതകളായിരുന്നു. പിന്നീട് നടന്ന അച്ഛന്റെ മരണത്തോടെയാണ് സുന്ദരേശനിൽ ഉല്ക്കടമായ ജീവിത പരിവർത്തനം സംഭവിക്കുന്നത്.

മൂത്തപെങ്ങളോടൊത്ത് കുടിപാർപ്പാരംഭിച്ച അയാൾ ചെറ്റവാതിലും ഓല മേയ്ഞ്ഞതുമായ ഒരു സ്കൂളിൽ അദ്ധ്യയനവർഷങ്ങളെ കണ്ടെത്തുകയായിരുന്നു. ചേരും മാവും പൂത്തു നില്ക്കുന്ന പ്രാഥമികവിദ്യാലയം വെടിഞ്ഞ് നാലുനാഴിക അപ്പുറമുള്ള ഹൈസ്ക്കൂളിലേക്ക് തുടർന്നും ചേർന്നപ്പോൾ സുന്ദരേശന് പുതിയൊരു ലോകത്തെ ആയിരുന്നു കാണാൻ കഴിഞ്ഞത്.

സഹോദരിയും അതീവവത്സലയായിരുന്നു. കൂടാതെ അളിയനും.

കൗമാരം തീണ്ടാപ്പാടകലെ എത്തുമ്പോഴേക്കും അയാൾ തികഞ്ഞ വിടനായിത്തീർന്നിരുന്നു. പതിനാലുകാരന്റെ, സുന്ദരേശന്റെ

നോട്ടം പെണ്ണുങ്ങളുടെ ഉടുതുണിയെപ്പോലും ഉരിഞ്ഞ് അകംകണ്ടു.

അയൽവാസിയും പതിനേഴുകാരിയുമായ തങ്കത്തിന്റെ മുലയ്ക്ക് ഒരു സന്ധ്യയ്ക്കു ആളൊഴിഞ്ഞ ഇടവഴിയുടെ തുഞ്ചത്തുവെച്ച് പിടിച്ചു ഞെക്കിയതോടെ അയാൾ കുപ്രസിദ്ധനായിത്തീരുകയാണുണ്ടായത്. തങ്കം മുഖമടച്ച് ഒന്നു കൊടുക്കുകയുണ്ടായെങ്കിലും അവൾ ചെന്ന് വിധവയായ സഹോദരിയോട് വിവരമറിയിക്കുകയായിരുന്നു.

യൗവ്വനയുക്തയും കാമരൂപിണിയുമായ, അകാലത്തിൽ വൈധവ്യം വന്ന് പുരുഷസ്പർശത്തിന്റെ മാന്ത്രികമായ ഓർമ്മകളുമായി ചങ്ങലക്കെട്ടുകളുടെ കക്കൂസുകുഴിയിൽ അഭിലാഷങ്ങളെ അടക്കം ചെയ്ത, തീ കത്തുന്ന കണ്ണുകളും പൊരിഞ്ഞ് പുകയുന്ന ശരീരവുമുള്ള കാർത്ത്യായനി ഒരസുലഭ നിമിഷത്തിനായി കാത്തിരുപ്പായിരുന്നു. തികച്ചും രമണീയമായൊരന്തരിക്ഷത്തിൽ അയൽവാസിയും കുടുംബസന്ദർശകനുമായ എട്ടുംപൊട്ടും തിരിയാത്തവനെന്ന് സകലരും കരുതിയിരുന്ന സുന്ദരേശനെ മുറിയിലെ അരണ്ടവെളിച്ചത്തെ സാക്ഷിനിർത്തി അവൾ ക്രൂരമായൊരു കീഴ്പ്പെടുത്തലിലൂടെ വശപ്പെടുത്തുകയാണുണ്ടായത്.

പിന്നീട് ക്ലാസ്സിലെ മുലപൊങ്ങാത്ത പെൺകുട്ടികളുമായിപ്പോലും തന്റെ ദിവ്യമായ ചിന്താമണ്ഡലത്തിൽ വെച്ച് സുരതം ചെയ്ത് തൃപ്തനാകാൻ അവനു കഴിഞ്ഞിരുന്നു.

കിളരം കൂടിയ, സുമുഖനും വെള്ളാരങ്കല്ലുകളെപ്പോലെ തിളങ്ങുന്ന കണ്ണുകളുമുള്ള, വൈദഗ്ദ്ധ്യത്തോടെ വിനീതമായി സംസാരിക്കുന്ന സുന്ദരേശനെ ഒരു കാമസ്വരൂപനായ കണ്ണനെ എന്നോണം പലരും ആരാധിച്ചിരുന്നു. വിധവയുടെ ആർത്തി രാത്രികളിൽ അടക്കിവരവെ അയാൾ നവംനവങ്ങളായ പുതിയ പുഷ്പങ്ങളേയും തേടി അലയുകയായിരുന്നു.

പതിനാറുതികയാത്ത പത്താം ക്ലാസ്സിലെ പെണ്ണ് തീണ്ടാരി നിന്ന് വീട്ടിൽ കുത്തിയിരുപ്പുതുടർന്നപ്പോൾ വിവരമറിഞ്ഞ അവളുടെ അച്ഛൻ അഭിമാനത്തെ മറയിട്ട് സംരക്ഷിക്കാനായി നാട്ടിമ്പുറത്തെ വയസ്സി തള്ളയുടെ കൈപ്രയോഗത്തേയും നാട്ടുമരുന്നു പ്രയോഗത്തേയും അശ്രയിച്ച് ജന്മമൂറുന്ന ഒരു കുഞ്ഞിനെ ചോരത്തുള്ളികളായി ഉറക്കപ്പായിലേക്ക് അടിച്ചിറക്കുകയായിരുന്നു.

പിന്നീട് അധികഘോഷമൊന്നുമില്ലാതെ നടന്നു അവളുടെ വിവാഹവും. സ്വന്തം പല്ലിടയിലെ നാറ്റത്തെ കുത്തിപ്പൊന്തിക്കരുതെന്നു കരുതി ആവണം അയാൾ സുന്ദരേശനെ ചോദ്യം ചെയ്യുക പോലുമുണ്ടായില്ല.

അമ്മമാർക്കൊരു ഭീതിയും യുവതികൾക്ക് ഒരവതാരപുരുഷനുമായി വളർന്ന സുന്ദരേശന്റെ യാതന ആരംഭിക്കുന്നതും വിധവയോടൊത്തുതന്നെ. മറ്റു വിവാഹങ്ങളെ നിരസിച്ചു മദ്ധ്യവയസ്കയായിട്ടും യുവാവിൽ ശമനം കണ്ടെത്തിയ അവൾ ഗർഭിണി ആവുകയായിരുന്നു.

നാലാളറിയെ കുഞ്ഞിന്റെ പിതൃത്വം പറയാൻ മടിച്ച അവൾ മാങ്കൊമ്പത്ത് തന്റെ പങ്കിലമായജീവിതത്തിന്റെ അന്ത്യം കുറിക്കുകയായിരുന്നു.

ഒരു ജന്മശാപം പോലെ മോഹാർത്തനായി സുന്ദരേശൻ ജീവിച്ചപ്പോൾ വീണ്ടും കഥകൾ പറയാനായി.

കമ്പോണ്ടറായി ജോലികിട്ടിയതോടെ അയാളുടെ അവതാരലക്ഷ്യത്തിന്റെ മഹനീയസങ്കല്പം ഒന്നൂടെ സാക്ഷാൽക്കരിക്കയായി. നേഴ്സിങ്ങ് ക്വാർട്ടേഴ്സിലെ കിണറ്റിൽ ജന്മമോക്ഷം തേടിയ സീതമ്മയോടൊന്നിച്ചും സുന്ദരേശന്റെ പുരുഷത്വം കെട്ടിപ്പിണഞ്ഞുകിടന്നു. രോഹിണിയ്ക്ക് സീതമ്മയെ അറിയാമായിരുന്നു.

കൊലുന്നനെ വെളുത്ത, ദുഃഖാകുലവും കൂമ്പിയ മുഖമുള്ള ആ പെൺകുട്ടി ജില്ലാ ആശുപത്രിയിൽ കുറച്ചുകാലമുണ്ടായിരുന്നുവല്ലോ...

ചുറ്റുപാടും മറന്നതുപോലെ നടക്കുന്ന, രോഗികളോട് അനുതാപത്തോടെ പെരുമാറുന്ന സീതമ്മയുടെ നെഞ്ചിൽ തികച്ചും തീച്ചൂളയുടെ കനലുകളായിരുന്നുവെന്ന് സകലർക്കും അറിയാം. രണ്ടാംകെട്ടുകെട്ടിയ അവളുടെ അച്ഛൻ പുതുതായി വന്ന ഭാര്യയ്ക്കും മക്കൾക്കുമായി ഭാരിച്ച സ്വത്താകെ വില്പത്രമെഴുതി നീക്കിവെച്ചിരുന്നു. തന്തയുടെ താന്തോന്നിത്തങ്ങളെ ചോദ്യം ചെയ്ത, അച്ഛനെ തെരുവിലിട്ടുതല്ലിയ ഏട്ടൻ ജോലിതേടി ഏതോ വൻനഗരത്തിലേക്കു പോയിരിക്കുന്നു.

സുന്ദരേശന്റെ വാചകപൊലിമയിൽ സുരക്ഷിതത്വം കണ്ടെത്തിയ സീതമ്മ അറ്റകൈയ്യിന് ജീവിതം അവസാനിപ്പിക്കുകയായിരുന്നു.

ഡ്യൂട്ടി തീരാറായ ആശ്വാസത്തോടെ രോഹിണി വാർഡിലേക്കു നടന്നു. സന്ധ്യയായിരുന്നതിനാൽ ബന്ധുമിത്രാദികൾ ഇടുങ്ങിയ ഹാളിൽ നിറഞ്ഞിരിക്കുന്നു. കിടന്നുമടുത്ത് അസുഖം ലേശം മാറിയ രോഗികൾ എണീറ്റുനടപ്പാണ്.

യുവാവിന് ക്വയിന കൊടുത്ത് അവൾ എല്ലാവരുടേയും ടെമ്പറേച്ചർ പരിശോധിച്ചു. മഞ്ഞുകാലമായതിനാൽ കാട്ടുപനിയാണെ

ങ്ങും. വാതിലും ജനാലയുമില്ലാത്ത, കൊമ്പൻ കൊതുകുകൾ പാഞ്ഞുനടക്കുന്ന വാർഡിൽ രാത്രി വിറച്ചുതുള്ളുന്നു; പല്ലുകൾ കിടുകിടുക്കുന്ന രോഗികളുടെ ഞരക്കമായിരിക്കും.

സ്ത്രീകളുടെ മുറിയിൽ ഉച്ചയ്ക്ക് ഒരുയുവതിയെ അഡ്മിറ്റ് ചെയ്തിട്ടുണ്ട്. കാട്ടിൽ ഉണക്കച്ചുള്ളികൾ തീ കൂട്ടാനായി പെറുക്കുമ്പോൾ പൊടുന്നനെ മുള്ളൻപന്നി ആക്രമിക്കുകയായിരുന്നുവത്രേ! കൂട്ടിനുചെന്നവർ വിവരമറിയിച്ചാണ് നാട്ടുകാർ ഏറ്റിപ്പിടിച്ച് ആശുപത്രിയിലേക്കെത്തിച്ചത്.

ചോരയിൽ കുതിർന്ന് പരുക്കേറ്റ് വികൃതമാക്കപ്പെട്ട അവളുടെ നെഞ്ചിൽ ജീവന്റെ ചലനങ്ങൾ വളരെ കുറച്ചേ ഉണ്ടായിരുന്നുള്ളു. ഡോക്ടറെ അടിയന്തരമായി വരുത്തിച്ച് മുനമ്പൊടിഞ്ഞ് മജ്ജയിൽ കുടുങ്ങിയ മുള്ളുകളെ നീക്കം ചെയ്യുമ്പോഴേയ്ക്കും ഉച്ചതിരിഞ്ഞിരുന്നു.

ഈ ആശുപത്രിയുടെ പരിമിതമായ സൗകര്യം അവളുടെ ജീവനെടുക്കുമോ ആവോ!

പെൺകുട്ടിയുടെ കിടക്കയ്ക്കു ചുറ്റിലും നാട്ടുപെണ്ണുങ്ങളാകെ തടിച്ചുനിൽപ്പുണ്ട്.

“നിങ്ങൾക്കിവളെ ജില്ലാ ആശുപത്രിയിലേക്ക് കൊണ്ടുപൊയ്ക്കൂടെ?” അവർ ജിജ്ഞാസയോടെ മുഖത്തേക്ക് നോക്കിയപ്പോൾ രോഹിണി തുടർന്നു പറഞ്ഞു:

“അവിടെയാണെങ്കിൽ കൂടുതൽ സൗകര്യമുണ്ടാവും. ഇവിടെ കുത്തിവെക്കാൻ ആവശ്യത്തിന് മരുന്ന് പോലും ഇല്ല.”

രോഗിയെ അഡ്മിറ്റ് ചെയ്യുമ്പോൾ ഡോക്ടറും അതാണ് പറഞ്ഞത്. എങ്ങനെ എങ്കിലും നിങ്ങളിവളെ ജില്ലാ ആശുപത്രിയിൽ എത്തിക്കൂ.

പക്ഷേ പാടിക്കെട്ടി ഇരുപത്തഞ്ചുനാഴിക നടന്ന് പുലർച്ചെ അവിടെ എത്തുമ്പോഴേക്കും രോഗിയുടെ രക്തമാകെ സ്രവിച്ച് ഒരു ശവശരീരം മാത്രമാവും ശേഷിക്കുക. എന്നിട്ടും അവർ ദയയ്ക്കായി ദിവ്യനായ ഡോക്ടറുടെ മുന്നിൽ കേഴുകയായിരുന്നു.

ബോധം പാടെ നഷ്ടപ്പെട്ട അവളിപ്പോൾ കണ്ണുതുറന്നിട്ടുണ്ട്. സലൈന്റെ അവസാനത്തെ കുപ്പിയാണ് ഞരമ്പുകളിലേക്കു കയറുന്നത്. മരുന്നുവെച്ച് പൊതിഞ്ഞു കെട്ടിയ ശരീരമാകെ ഒരു പേക്കോലത്തിന്റെ പരുവത്തിലാണ്.

വാർഡിൽനിന്നു മടങ്ങി മുറിയിലേക്കെത്തിയ രോഹിണി സാരി ചുറ്റി യാത്രക്കു തയ്യാറെടുത്തു. അലസമായി മുടിചീവിക്കെട്ടുമ്പോഴേക്കും ഹേമയുമെത്തി.

കുത്തനെയുള്ള വെട്ടുകല്ലുപതിച്ച ചെരുവിലൂടെ നിരത്തിലേക്കിറങ്ങുമ്പോൾ എതിരെ സിഗരറ്റും പുകച്ച് സുന്ദരേശൻ വരുന്നുണ്ടായിരുന്നു. നേർത്തൊരു മന്ദഹാസവുമായി അയാൾ കൂട്ടുചേർന്ന് നടത്തമാരംഭിച്ചപ്പോഴും രോഹിണി മൗനം തുടരുകയാണുണ്ടായത്.

ഇപ്പോൾ ഈ മനുഷ്യൻ ഒരു തീരാശല്യമായിരിക്കുന്നു.

സന്ധ്യ ആവുന്നതിനുമുന്നേ കോടമഞ്ഞ് വീഴുന്നുണ്ട്. നിരത്തിനിരുവശത്തേക്കും പടരുന്ന വൃക്ഷക്കൂട്ടങ്ങളിൽ പകലിലെ ജൈത്രയാത്ര അവസാനിപ്പിച്ച് തമോമയമായ ഒരു രാത്രിയുടെ അവസാനത്തിനായി ചേക്കേറിയിരിക്കയാണ് പക്ഷികൾ.

ഒരു പഴയ സന്ധ്യ.

കാത്തു കാത്തിരുന്ന് വളരെ വൈകിയാണ് പാർത്ഥേട്ടനെത്തുകയുണ്ടായത്. ഞാൻ മുഖം വീർപ്പിച്ചപ്പോൾ ഒരു കുഞ്ഞിന്റെ ശാഠ്യമൊതുക്കാനെന്നോണം അദ്ദേഹം അതീവവാത്സല്യം പ്രദർശിപ്പിക്കുകയായിരുന്നു. ഏറെ അപൂർവ്വമായി ലഭിച്ച പാർത്ഥേട്ടനൊത്തുള്ള സായന്തനസവാരി. ആൾക്കൂട്ടത്തിലൂടെ നടക്കുമ്പോൾ അദ്ദേഹത്തിന്റെ സാമീപ്യം ഇഴകളില്ലാത്തവിധം ഇഴുകിച്ചേർ ന്നിരുന്നു. കറുത്തൊരു രാത്രിയുടെ ഭീകരമായ ഓർമ്മയുമായി ഞെട്ടിത്തെറിച്ച് രോഹിണി മുഖമുയർത്തിയപ്പോൾ സുന്ദരേശൻ പറയുന്നതുകേട്ടു:

“സിസ്റ്ററുടെ മുഖത്ത് എന്നും ദുഃഖമാണ്. എന്താ...?”

രേണുകയുടെ മുന്നിലും ഒരു വേഷമാടിത്തീർക്കുകയായിരുന്നു. അവരുടെ നെഞ്ചുതുളച്ച് ആഴ്ന്നിറങ്ങുന്ന കണ്ണുകളെകണ്ടപ്പോൾ സങ്കോചത്തോടെ മുഖം തിരിച്ചുപോന്നു.

“എല്ലാം പറഞ്ഞു ഒന്നാശ്വസിക്കാൻ രേണുകയെ വരുത്തുകയുണ്ടായെങ്കിലും ഒടുവിൽ എന്തിനെന്നില്ലാതെ ഒച്ചിനെപ്പോലെ ഉൾവലിഞ്ഞ് രക്ഷ പ്രാപിക്കുകയായിരുന്നു.”

ഇപ്പോൾ ആർക്കും, മോനൊഴികെ, എഴുത്തുകളിടുന്നേയില്ല. അനുരാധയുടെ പരിഭവം കുറിക്കുന്ന എഴുത്തുകളുടെ എണ്ണം പെരുത്തുവരുന്നുണ്ട്. അതേമാതിരി രേണുകയുടേതും.

“സിസ്റ്റർ ഭർത്താവുമായി അത്രകണ്ട് ലോഹ്യത്തിലൊന്നുമല്ലല്ലേ...?” സുന്ദരേശന് ഒരുത്തരം നല്കാതെ രോഹിണി നെടുതായി നിശ്വസിച്ചു. പുകച്ചുതീർന്ന സിഗരറ്റ് എറ്റിത്തെറിപ്പിച്ച് സുന്ദരേശൻ തുടർന്നു:

“എല്ലാ കർമ്മവും നിത്യേന തുടർന്നുവരുമ്പോൾ, അതിൽ യാതൊരു വൈവിധ്യവുമില്ലാതായിത്തീരുമ്പോൾ വിരസമായിത്തീരും.

പിന്നെ സിസ്റ്ററുടെ പ്രകൃതവും സാറിന്റെ പ്രകൃതവും തികച്ചും വ്യത്യസ്തമാണ്.''

''സുന്ദരേശൻ പോവൂ...''

''ഞാൻ വെറുതെ പറഞ്ഞതാണ്. ദുഃഖിക്കുന്നമനുഷ്യരെ കാണുമ്പോൾ എനിക്കും ദുഃഖം തോന്നുന്നുണ്ട്.''

''അതിനു തനിക്കു ഹൃദയമുണ്ടോ?''

സുന്ദരേശന്റെ മുഖത്ത് വിളർച്ച കയറിക്കൂടി.

''പഴയ കഥകളാണതെല്ലാം. പലരും പലതും കൂട്ടിക്കലർത്തിയതേ സിസ്റ്റർ കേട്ടിരിക്കൂ. തെറ്റും ശരിയും എന്റെ വശത്തുമുണ്ട്.''

''താൻ പോവൂ...''

സുന്ദരേശൻ പിന്തിരിഞ്ഞുനടന്നപ്പോൾ പിശാചുബാധ വിട്ടൊഴിഞ്ഞ ആശ്വാസവുമായി രോഹിണി നടന്നു.

ഈയ്യിടെയായി രാത്രികൾ ഒഴിവുദിവസങ്ങളിലെ പകലുകളെപ്പോലെ വിരസമായിത്തീർന്നിരിക്കുന്നു.

കണ്ണുചിമ്മാതെ കിടന്ന് കഴിഞ്ഞകാലത്തെ ഓർക്കാനേ ആവുന്നുള്ളൂ. ദ്രൗഹിത്രിയുടെ പരമ്പര തുടർന്നുപോവുന്നെന്നുവെച്ച് ആശ്വസിക്കാനുമാവുന്നില്ല.

മുറിയിൽ ഉറക്കമിളച്ചുകിടക്കുമ്പോൾ അപ്പുറത്ത് പാർത്ഥട്ടൻ ചോര കിനിയുന്ന ചുവന്ന കണ്ണുകളുമായി ഫയലുകളിൽ കൃത്യാന്തര ബാഹുല്യത്തോടെ ആണ്ടിറങ്ങുകയായിരിക്കും. സെറ്റുകൂടിയോ പാർട്ടികഴിഞ്ഞോ എത്തുന്ന അദ്ദേഹം ഒന്നുകണ്ണടയ്ക്കുന്നതോടെ പകലുമാവും.

മതിൽകെട്ടിനോരം ചേർന്നു കാറുകിടപ്പുണ്ടായിരുന്നു. കല്ല്യാണിജി മേനോന്റെ തെറിച്ച ചിരിയാണ് വായുവിൽ.

മുറ്റത്തേക്കു കയറിയ രോഹിണി ഒരുനിമിഷം അവിടെത്തന്നെ നിന്നു. പിന്നീട് മുറ്റം കവച്ച് വീട് വലംവെച്ച് പിന്നാമ്പുറം വഴി അകത്തേക്കു കയറി. മുറിയിലേക്കു ചെന്നപാടെ അവൾ കട്ടിലിലേക്കു തളർന്നതുപോലെ വീഴുകയാണുണ്ടായത്.

പാർത്ഥേട്ടന്റെ ചിരിയും മുൻവശത്തുനിന്നു കേൾക്കാനുണ്ട്. എല്ലാം കണ്ടും കേട്ടും മനസ്സിന് പതംവന്ന് മെരുക്കം കിട്ടിയിരിക്കുന്നു എന്നിട്ടും ഉല്ക്കടമായ ദുഃഖത്തോടെയോ നൈരാശ്യത്തോടെയോ തലയിണയിൽ മുഖമമർത്തി രോഹിണി തേങ്ങുകയായിരുന്നു.

കോവിലകത്തെ യുവരാജാക്കൻമാർ മാത്രം സംബന്ധം ചെയ്തുപോന്ന നാട്ടിലെ പെരുമയുള്ള കുടുംബം. കണ്ണെത്താത്തവിധം

പരന്നുകിടക്കുന്ന ഭൂസ്വത്ത്. കൊമ്പുകുത്തിവാഴുന്ന അധികാരം. എള്ളിട ദയയില്ലാതെ, ഉഗ്രരൂപികളായി വാണ പിതാമഹൻമാർ.

കല്ല്യാണി ജി മേനോന്റെ കുടുംബമാഹാത്മ്യം ലോകർക്കെല്ലാം യക്ഷിക്കഥയെപോലെ ചാരുതയോടെ പറയാൻ കഴിയുകയുണ്ടായി.

കോലോത്ത് സ്വരൂപം സാമൂതിരിയുടെ സാമന്തരാജാവായിരുന്നു. സാമൂതിരി ബ്രിട്ടിഷ് ആധിപത്യത്തിനു കീഴ്പ്പെട്ടപ്പോൾ കോവിലകം പുകഞ്ഞ് വെണ്ണീറായി. അതോടെ കല്ല്യാണി ജി. മേനോന്റെ കുടുംബവും.

രാജകുമാരൻമാർ അങ്കവസ്ത്രമൂരിയ മുറികളിൽ, രാജസന്താനങ്ങളെ ചുമന്ന യുവതികളുടെ ഗർഭങ്ങളിൽ തമ്പുരാക്കൻമാരുടെ ഉണ്ണികൾ വേളികഴിക്കുകയായി. എന്നിട്ടും എമ്പാടും ഭൂമിയും സ്വത്തും അവരുടെ അധിനത്തിൽതന്നെയായിരുന്നു.

കല്ല്യാണിക്കുട്ടി കല്ല്യാണി ജി മേനോനായ കഥ.

കീഴ്വഴക്കങ്ങളെ നിരാകരിച്ച് നാട്ടിലെ പെരുമയുള്ള തറവാട്ടിലെ ജനാർദ്ദനൻ മേനോനെ സ്വയംവരം നടത്തിയ അവർ ഒരു പരിവർത്തനം തന്നെയായിരുന്നു സൃഷ്ടിച്ചത്. കല്ല്യാണി ജി. മേനോനായതോടെ മറുനാട്ടിലേക്കുചെന്ന അവർ ഒരു വൈധവ്യത്തിന്റെ ചുമടുമായി, പച്ചപരിഷ്കാരിണിയായി തിരികെ എത്തുകയാണുണ്ടായത്. ഒരു ഡിന്നറിന് മൂക്കറ്റം കുടിച്ച് ജനാർദ്ദനമേനോൻ രക്തക്കുഴലു കൾ പൊട്ടി ചോര തുപ്പി മരിക്കുകയായിരുന്നുവത്രേ!

ഇപ്പോൾ പുരുഷത്വത്തിന്റെ ചൂടറിയിക്കാൻ ഉയർന്ന മണ്ഡലത്തിൽ കല്ല്യാണി ജി മേനോന് ആൾക്കാരുണ്ട്.

ഇരുട്ടുവീണിട്ടും രോഹിണി കിടക്കയിൽ കിടപ്പുതുടരുകയായിരുന്നു. പണിക്കാരത്തി കൊണ്ടുവെച്ച കാപ്പി ആറി തണുത്തിരിക്കുന്നു. കോപ്പയ്ക്കു ചുറ്റിലും പാറി നടന്നിരുന്ന ഈച്ച ചത്തുപൊന്തി കിടപ്പാണ്.

എല്ലുകോച്ചുന്ന തണുപ്പാണ് ജനാലയിലൂടെ കടന്നെത്തുന്നത്. കോടമഞ്ഞ് തിരശ്ശീല തൂക്കി ദിക്കുകളെ മറച്ചിരിക്കുന്നു. അവൾ കട്ടിലിൽ എണീറ്റിരുന്നപ്പോൾ അകത്തേക്കുവന്ന പണിക്കാരത്തി എഴുത്തുവെച്ചു നീട്ടി.

"നിനക്കു പോവാറായില്ലേ?"

"ഉവ്വ്..."

പണിക്കാരത്തി അകന്നപ്പോൾ രോഹിണി എഴുത്തുപൊട്ടിച്ചു. പാർത്ഥേട്ടൻ മുൻവശത്തിരുപ്പാണ്. എന്റെ വരവറിഞ്ഞിട്ടില്ലെന്നു തോന്നുന്നു.

“അമ്മേനെ കാണണംന്ന്ണ്ട്. നാലുമാസം കഴിഞ്ഞാലേ സ്കൂൾ പൂട്ടുള്ളൂവെന്നാണറിഞ്ഞത്. അമ്മ ഒന്ന്വടെ വരുമോ?

ഞാൻ നന്നായി പഠിക്കണ്ണ്ട്. പരീക്ഷ പേപ്പറെല്ലാം കിട്ടി. കണക്കില് മാർക്ക് കുറവാണ്. എന്നാലും ജയിച്ചു...

അച്ഛനെന്തിനാ എന്നെ ഇവിടെ ചേർത്തത് ? ഞാനും അമ്മയും കൊറേ കരഞ്ഞിട്ടും അച്ഛൻ കേട്ടില്ലല്ലോ...

അച്ഛനിപ്പോഴും അമ്മയെ തല്ലാറുണ്ടോ – അച്ഛൻ നന്നല്ല...

മോന് ഇവിടെ സുഖം തന്നെയാണ്. അമ്മ ആഴ്ച്ചക്കാഴ്ചക്ക് എഴുത്ത് അയക്കണം...

എന്റെ പൂട്ടിന് വിളിക്കാൻ അച്ഛന്റെ കൂടെ അമ്മയും വരണം. എല്ലാരോടും ഞാൻ അമ്മയെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. പ്രമോദിനെക്കുറിച്ച് അമ്മയ്ക്ക് എഴുതീട്ടില്ലേ; അവൻ പറഞ്ഞത് എന്റെ അമ്മയെ കാണാനൊന്നും കൊള്ളില്ലെന്നാ. അമ്മയെ കണ്ടാൽ അവൻ പിന്നെ ഒന്നും പറയില്ല...”

പിന്നേയും കൊറെ വിനീതന്റെ മാത്രമായ ചില്ലറ വിശേഷങ്ങൾ കൂടി....

വിനീതൻ പാതിയുറക്കത്തിലമർന്ന് കിടക്കുകയായിരുന്നു കെ.എം. സന്നിവേശിച്ച് അധികനാളുകൾ കഴിഞ്ഞിരുന്നില്ല. മൂക്കുചോരുവോളം കുടിച്ച് മുറിയ്ക്കകത്ത് കയറിയ പാർത്ഥേട്ടൻ ചുമലിൽ കൈവെച്ചപ്പോൾ ഞാൻ തട്ടിമാറ്റുകയാണുണ്ടായത്.

ചുമലിൽ അള്ളിപ്പിടിച്ച് മദ്യാസക്തിയോടെ പാർത്ഥേട്ടൻ മുഖം കുനിച്ചപ്പോൾ ഒരു ദുഷ്ടരാത്രിയുടെ ഓർമ്മ നുരഞ്ഞു പൊന്തി. പാർത്ഥേട്ടനെ തള്ളിമാറ്റി കട്ടിലിൽ നിന്നുതാഴെ ഇറങ്ങി.

പിന്നീട് വിനീതൻ ഉണർന്നു കഴിഞ്ഞപ്പോൾ ഒരു കയ്യാങ്കളിയും നടന്നു കഴിഞ്ഞിരുന്നു. തുടർന്നും അനേകം നാളുകളിലായി എല്ലാം ആവർത്തിക്കുന്നു.

ഒരു പന്തയക്കുതിരയായിത്തീർന്ന പാർത്ഥേട്ടൻ ഇപ്പോൾ മനുഷ്യരെ മറന്നിരിക്കയാണ്. ചെമ്പുകിടാരങ്ങളുടെ കിലുക്കവും പുറംപകിട്ടും അദ്ദേഹത്തിന്റെ മുന്നിൽ സന്തുഷ്ടമായ ഒരു ദേവലോകത്തെയാണ് സൃഷ്ടിക്കുന്നത്.

കാൽപെരുമാറ്റം അടുത്തുവന്നപ്പോൾ രോഹിണി കട്ടിലിൽ നിന്നും താഴെ ഇറങ്ങി.

“നീ വന്നുവല്ലേ...?”

“കല്യാണി മേനോൻ പോയോ?”

പരുഷമായ അവളുടെ ചോദ്യം കേട്ട് പാർത്ഥൻ ഒന്നു പുഞ്ചിരിക്കുകയേ ഉണ്ടായുള്ളൂ.

“അവർ ഇപ്പോൾ പോയി. ഇനി വീണ്ടും വരും.”

“യാത്ര സുഖമായിരുന്നുവല്ലോ?” വാക്കുകൾ വായുവിൽ ലയിച്ചു തീരുന്നതിനു മുമ്പേ വീണ്ടും ചോദിച്ചു.

“രണ്ടാളും എവിടെയാണ് തങ്ങിയത്?”

“നീ...”ദേഷ്യം കടിച്ചമർത്തിയ പാർത്ഥൻ സ്വയം കടിഞ്ഞാണി ടാനായി പണിപ്പെട്ടു. അയാൾ തുടർന്നുപറഞ്ഞു:

“നിനക്ക് ഒരു പുരുഷനും സ്ത്രീയും തമ്മിലുള്ള ബന്ധത്തെ തീരെ തരം താണവിധത്തിലേ വ്യാഖ്യാനിക്കാൻ കഴിയൂ. കാരണം നിന്റെ സംസ്കാരമതാണ്. നീ വളർന്നതും ഞാൻ വളർന്നതും വ്യത്യസ്തമായ രണ്ടു പരിതസ്ഥിതിയിലാണ്.”

എതിരെ കസേരയിലിരുന്ന പാർത്ഥൻ ഹണ്ടറിനു തീ കൊടുത്തു. ഇപ്പോൾ പാർത്ഥനെ അഭിമുഖികരിക്കുമ്പോഴെല്ലാം രോഹിണിക്ക് ഭയമാണ് തോന്നാറ് അവ്യക്തമായ ഭീതി.

നാട് ഇരുട്ടിനുമുമ്പേ നിശ്ശബ്ദതയിലേക്കാണ് പതിക്കുന്നത്. മലങ്കാറ്റും മരംകോച്ചുന്ന തണുപ്പും പല്ലുതുളക്കുന്ന വെള്ളവും പരിചിതമായിരിക്കുന്നു. മുറിയിലെ മങ്ങിയ വെട്ടത്തിലും അവൾ പാർത്ഥനെ നോക്കി.

ഇപ്പോൾ കുടിച്ചുതടവീണ കണ്ണുകളും ചുവന്നമുഖവുമാണ്. ഹെയർ ക്രീം ഉപയോഗിച്ച് കോതിവെച്ച മുടി ഉച്ചിയിലേക്കു കയ റുന്നുണ്ട്. മെലിഞ്ഞ പ്രകൃതം തീരെ നഷ്ടപ്പെട്ട് മേദസ്സു കയറിയ ശരീരഘടനയാണിപ്പോൾ.

കണ്ണുകളിലെ നിർമ്മലമായ പുഞ്ചിരി എന്നോ നഷ്ടപ്പെട്ടിരി ക്കുന്നു. പാർത്ഥേട്ടന്റെ കാൽച്ചുവട്ടിൽ ഒരു ലോകത്തെകണ്ട പെൺ കുട്ടിയ്ക്കും ഇന്നു മാറ്റങ്ങളുണ്ട്. അവളിപ്പോൾ ചിരിക്കുന്നതു പോലും ആർക്കോ വേണ്ടിയാണ്!

രോഹിണി പതുക്കെ മുറിയിൽനിന്ന് പുറമേക്കു കടക്കാൻ ശ്രമിച്ച പ്പോൾ അയാൾ തടഞ്ഞു നിർത്തി.

“നീ എന്റെ ഭാര്യയാണ്...”

“എന്നിപ്പോഴെനിക്കു തോന്നുന്നില്ല. ഞാൻ സ്നേഹിച്ചിരുന്ന ഒരു പാർത്ഥേട്ടനുണ്ടായിരുന്നു. അദ്ദേഹം വളരെ നല്ലവനുമായിരുന്നു.”

“അതെന്തൊ... രോഹിണി ഇന്നും പഴയ ചുറ്റുപാടിൽ തന്നെ യാണ്. ഈ ലോകത്തെ നിനക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല എനിക്കിന്നിവിടെ ഒരു നിലയും വിലയുണ്ട്. ഞാൻ പലതവണ പറഞ്ഞതുതന്നെ വീണ്ടും പറയുന്നെന്നു മാത്രം. എന്റെ ഭാര്യ പുണ്ണും പൊറ്റവും പൊറുപ്പിച്ച് നാലുകാശ് സമ്പാദിക്കണമെന്നില്ല. നീ എന്തുപറയുന്നു?”

“ഞാൻ പലതവണ പറഞ്ഞുകഴിഞ്ഞു...”

“ഒന്നുമില്ലെങ്കിലും നീ ദ്രൌഹിത്രിയുടെ മകളാണല്ലോ-നീ നന്നാവണമെന്ന് വിചാരിച്ചാലും നിന്റെ രക്തം അതിനനുവദിക്കില്ല.”

പാർത്ഥൻ രോഷത്തോടെ മുൻവശത്തേക്കു ചെല്ലുകയും എന്തെല്ലാമോ തട്ടിമറിക്കുകയും ചെയ്യുന്നത് രോഹിണി കേട്ടു. എല്ലാം നശിച്ച് വെണ്ണീറാവട്ടേ എന്ന തോന്നലോടെ, അതിലൊരു സംതൃപ്തിയുമായി രോഹിണി മുറിയിൽത്തന്നെ നിന്നു.

അകമുറിയിൽ അലമാര തുറക്കുകയും അടയ്ക്കുകയുമുണ്ടായി. മഹാൻ കുടിക്കാനുള്ള തയ്യാറെടുപ്പിലാവും.

ഇപ്പോൾ എന്തെല്ലാമാണ് എനിക്കപരിചിതമല്ലാത്ത കാര്യങ്ങൾ! വീട്ടിനകത്തുവെച്ചു തന്നെയുള്ള കുടി! അതേപടി നടക്കുന്ന കല്ല്യാണി ജി മേനോനുമൊത്തുള്ള ലാസ്യവിഹാരങ്ങൾ! സംഘം ചേർന്ന് പൊള്ളയായ വാക്കുകളുച്ചരിച്ച് സ്വന്തം കീശകനപ്പിക്കാനായുള്ള കർമ്മപരിപാടികൾ. മാനേജ്മെന്റിന്റെ കീഴിൽ നടക്കുന്ന കാര്യാലോചനായോഗങ്ങൾ!

രാത്രി ഇപ്പോഴും തുടരുന്നുണ്ട്. ഇരുട്ടു തുളച്ചെത്തുന്ന മലഞ്ചെരുവിൽ നിന്നുള്ള സമ്മിശ്രമായ കാട്ടുജന്തുക്കളുടെ ഒച്ച നിശ്ശബ്ദതയെ ചുട്ടുകരിക്കുകയാണ്.

രോഹിണി അപ്പോഴും ഉറങ്ങാതെ കട്ടിലിൽ കിടപ്പായിരുന്നു.

കുടിച്ചു കയറിവന്ന് വീണ്ടും ഒരു കലഹത്തിന് വിത്തിട്ട പാർത്ഥൻ അപ്പുറത്തെ മുറിയിൽ ലോകം മറന്നപോലെ കിടപ്പാണ്. ഒഴിഞ്ഞ കുപ്പികൾ തല്ലിത്തകർക്കുന്ന ശബ്ദം കേട്ടപ്പോഴും അവൾ നിശ്ചലയായി നില്പു തുടരുകയായിരുന്നു

എന്റെ പാർത്ഥേട്ടൻ എത്രയോ നല്ലവനായിരുന്നു. വിനീതൻ ഗർഭത്തിൽ ശാന്തമായി ഉറങ്ങുമ്പോൾ എന്റെ വയറ്റത്ത് മുഖമണച്ച് അവന്റെ നേർത്ത അനക്കങ്ങൾക്കായി ചെവി കൂർപ്പിച്ച പാർത്ഥേട്ടൻ ഇന്നന്യനാണ്. അതേപോലെ സകലർക്കുമായി സർവ്വതും പരിത്യജിച്ച പാർത്ഥേട്ടനും.

ഇസ്മായിൽ സേട്ടിനെ നേരിട്ട് ക്ഷതം പറ്റിയപ്പോഴായിരുന്നു പുതിയൊരു അസുരത്വവും ഇന്ദ്രീയാതീതമനസ്സുമുള്ള സംഹാരനൃത്തംചവിട്ടുന്ന പാർത്ഥേട്ടൻ ഉയിർകൊള്ളുകയുണ്ടായതെന്നു തോന്നുന്നു.

അവൾ പതുക്കെ നടന്ന് മുറിയുടെ വാതില്ക്കലെത്തി.

അകത്ത് വെളിച്ചമുണ്ട്. ഉടഞ്ഞ കുപ്പിച്ചില്ലുകൾ ചിതറിക്കിടപ്പാണ്

തറയിൽ. കട്ടിലിൽ മടിക്കുത്തഴിഞ്ഞ മുണ്ടുമായി ഗാഢമായ ഉറക്കത്തിലമർന്ന് കിടപ്പായിരുന്നു പാർത്ഥേട്ടൻ. മുണ്ടു ശരിപ്പെടുത്തി കരിമ്പടം കൊണ്ട് അയാളെ പുതപ്പിച്ച രോഹിണി വീണ്ടും മുറിയിലേക്കുതന്നെ നടന്നു.

അൻപത്തിയൊന്ന്

പ്രതീക്ഷിച്ചതുപോലെ പെൺകുട്ടി മരിച്ചിരിക്കുന്നു.

നെഞ്ചത്തലച്ച് അലമുറയിടുന്ന ഒരമ്മയുടെ ആർത്തനാദം വിറങ്ങലിച്ച കാടുകളിലേക്ക് വ്യാപിക്കുന്നുണ്ടായിരുന്നു. പാടികെട്ടി ശവമേറ്റി നടക്കുന്നവർ മൗനരാണ്. പുറകെ നടക്കുന്ന യുവാക്കളും.

അമ്മയുടെ വിലാപസ്വരമായിരുന്നു രോഹിണിയെ ഉണർത്തിയത്.

ഒരുവേള വേണ്ടുന്ന സജ്ജീകരണങ്ങളുണ്ടെങ്കിൽ അവളെ രക്ഷിക്കാമായിരുന്നു. ഉണർന്നിട്ടും മുറിക്കു പുറത്തുകടക്കാൻ മടിച്ച് രോഹിണി അതെ ഇരുപ്പു തുടരുകയാണുണ്ടായത്. അവളുടെ മനസ്സിൽ രാത്രിയിൽ അനാവശ്യമായിനടന്ന ഒരു കലഹം മോന്ത കാട്ടി ഇളിച്ചുകൊണ്ടേ ഇരുന്നു. മുമ്പെല്ലാം എന്റെ ഒഴിവുദിവസങ്ങൾ വളരെ അധികം മനോഹര മായിരുന്നു. പാർത്ഥേട്ടനെ തനിച്ചു കിട്ടുന്ന ഒരു ദിവസം. അദ്ദേഹത്തിന് വേണ്ടുന്നതു ചെയ്ത് ഒരു സായഹ്ന സവാരിയോടെ, അതുമല്ലെങ്കിൽ ഒരു സിനിമാകാഴ്ചയോടെ സമാപ്തി കുറിക്കുന്ന അന്നത്തെ നല്ലനാളുകൾ!

ഇപ്പോൾ പാർത്ഥേട്ടന് എന്നും തിരക്കാണ്. പുരാതന മഹാകവി അബ്ദുൾ മൗലവി സാഹിബിന്റെ ശതാബ്ദി ആഘോഷ കമ്മിററി തൊട്ട് വളം ഡിപ്പോവരെ അദ്ദേഹത്തിന്റെ കീഴിൽ ഉൽഘാടനം ചെയ്യപ്പെടുന്നുണ്ട്.

കോടമഞ്ഞ് വെയിലിന്റെ വരവോടെ അകന്നിരിക്കുന്നു. മഞ്ഞുവീണു നനഞ്ഞ മണ്ണിൽ വെള്ളത്തുള്ളികളാണ്. പുകപോലെ മഞ്ഞ് ഉയർന്നു പൊങ്ങുമ്പോൾ അവ്യക്തവും തികച്ചും വിഷാദഭരിതവുമായ എന്റെ മനസ്സിന്റെ ഏതോ കോണിൽ എന്തെല്ലാമോ പുകഞ്ഞുനിറുന്നു, പെരുകുന്നു.

വിരസമായ ദിനരാത്രങ്ങൾ ചാലിട്ട് വ്യതിയാനമില്ലാത്ത സംഭവങ്ങളുമായി ഇവിടെ വന്നുപോവുകയാണ്. ഇവിടെ വന്നുപെട്ടതിലുള്ള ദുഃഖവുമായി, എല്ലാം അനുഭവിക്കലാണു ജീവിതമെന്ന തോന്നലുമായി ഞാനിരിക്കുന്നു. പക്ഷേ പാർത്ഥേട്ടൻ ഇല്ലിക്കൊമ്പുകളിൽ ഇറുകെപ്പിടിച്ച് മരത്തിന്റെ ഉച്ചിയിലേക്കാണ് കയറുന്നത്.

ഈ രോഹിണി എന്നും ലളിതവും നിർമ്മലവുമായ ഒരു ജീവിതത്തെ ആയിരുന്നു കൊതിച്ചത്. പാർത്ഥേട്ടനും അത്തരത്തിലായിരുന്നുവല്ലോ...

രോഹിണി മുറിക്കുപുറത്തു കടന്ന് അടുക്കളയിലേക്കു ചെന്നപ്പോൾ പണിക്കാരത്തി സ്റ്റൗവിൽ കെറ്റിൽ വെച്ചിരിക്കയാണ്. പല്ലു തേച്ച് വീണ്ടും മുറിയിലെത്തിയ അവൾ കട്ടിലിൽ തന്നെ ചടഞ്ഞുകൂടി.

മുന്നിലെ നിരത്തിലൂടെ വിരളമായി എപ്പോഴെങ്കിലും കടന്നുപോവുന്ന മുളയും തേക്കിൻതടിയും കയറ്റിയ ലോറികൾ വല്ലാത്ത ഞരക്കമാണ് പുറപ്പെടുവിക്കുന്നത്. അവ വളവുതിരിയുമ്പോൾ താഴെയുള്ള അഗാധമായ കൊല്ലിയിലേക്ക് വലിച്ചെറിയപ്പെട്ട കുറെ മനുഷ്യജീവിതങ്ങളെ അനാവശ്യമായി ഓർത്ത് രോഹിണി ഞെട്ടാറുണ്ട്.

പണിക്കാരത്തി കോപ്പ മേശപ്പുറത്തു വെച്ച് തിരിച്ചുനടക്കാൻ ഭാവിച്ചപ്പോൾ രോഹിണി ചോദിച്ചു: ‘‘അദ്ദേഹം എണീറ്റോ?’’

‘‘ഉവ്വ്...’’

‘‘എന്നാൽ കാപ്പികൊടുക്ക്...’’

പാർത്ഥേട്ടൻ ഉറക്കമുണരുമ്പോൾ, ആദ്യമായി ഒരു ദിവസത്തെ അഭിസംബോധനചെയ്യുമ്പോൾ എന്റെ മുഖമായിരുന്നു കണികാണാൻ കൊതിച്ചിരുന്നത്.

കാപ്പിയുമായി ചെന്നപാടെ മുഖത്തേക്ക് ആകാംക്ഷയോടെ, രാത്രിയിലെ ഓർമ്മ നല്കുന്ന നേർത്തൊരു ചിരിയോടെ നിഷ്കളങ്കമായി അദ്ദേഹം നോക്കുമായിരുന്നു.

മാനവികത മുറ്റിനിന്നിരുന്ന പാർത്ഥേട്ടന്റെ കണ്ണുകൾ എവിടെയാണ് അപ്രത്യക്ഷമായത്.

അടുത്ത മുറിയിൽനിന്ന് പണിക്കാരത്തിയോട് തട്ടിക്കയറുന്ന പാർത്ഥേട്ടന്റെ സ്വരം കേൾക്കാനുണ്ട്. മൃദുലമായിരുന്ന ആ ശബ്ദം ഇപ്പോൾ പൂർണ്ണമായും പരുക്കനാണ്.

രോഹിണി വീണ്ടും ജനാലക്കലൂടെ പുറമേക്ക് അലക്ഷ്യമായി നോക്കിക്കൊണ്ടുതന്നെ ഇരുന്നു.

മഞ്ഞിൻപാടയെപ്പോലെയാണ് മേഘങ്ങളും. ആകാശം കമഴ്ത്തിയിട്ട നീലച്ചെപ്പിനെപ്പോലെ രൂപഭംഗി നേടിയിരിക്കുന്നു. മരക്കൂട്ടങ്ങൾക്ക് കാട്ടുചോലകൾക്കുമപ്പുറമുള്ള മലയുടെ മുനമ്പ് ആകാശത്തിന്റെ നടുമാറിലേക്ക് കുത്തിത്തുളച്ചുകയറി ഇരിക്കയാണ്.

ഇവിടെ അകപ്പെട്ടതുമുതൽ ഈ മണ്ണിനെ വെറുക്കുകയായിരുന്നു; ഇന്നും. ലോറിയിൽ വീട്ടുസാമാനങ്ങൾ രണ്ടുനാൾ മുമ്പേ

എത്തിയിരുന്നു. കാറിൽ ഈ പ്രദേശത്ത് ആദ്യമായിറങ്ങിയപ്പോൾ നാട്ടുപ്രമാണിമാരും കീഴ് ഉദ്യോഗസ്ഥന്മാരുമായ ഒരു പറ്റംപേർ പാർത്ഥേട്ടനേയും അദ്ദേഹത്തിന്റെ സഹധർമ്മിണിയേയും സ്വീകരിക്കാൻ കാത്തുകെട്ടി ഒരുങ്ങി നില്പുണ്ടായിരുന്നു!

അവർ ഭാവുകങ്ങൾ ആശംസിക്കുമ്പോൾ നൊന്തുനീറുന്ന മനസ്സുമായി കനൽക്കട്ടയിൽ വീണുചാവുന്ന പ്രാണിയുടെ വൈവശ്യത്തോടെ ഞാൻ പുഞ്ചിരിക്കുകയായിരുന്നുവല്ലോ–

ഇപ്പോൾ പണിക്കാരത്തി മൂലമാണ് പാർത്ഥേട്ടന്റെ എല്ലാ ദിനകൃത്യങ്ങളും നടന്നുപോരുന്നത്. അവൾ തന്നെയാണ് പലപ്പോഴും മാദ്ധ്യമമായും നിലകൊള്ളുന്നത്.

മുറിയിൽനിന്നു പുറത്തുകടന്ന രോഹിണി വാതില്ക്കൽ വെച്ച് കുളിച്ച് തലതോർത്തുന്ന പാർത്ഥനെ കണ്ടു. വീണ്ടും മുറിയിലേക്കു തന്നെ ഉൾവലിക്കാൻ ശ്രമിച്ചപ്പോൾ അയാൾ പറഞ്ഞു.

"എനിക്ക് നിന്നോട് കുറെ സംസാരിക്കാനുണ്ട്..."

"എത്ര സംസാരിച്ചാലും ഒരിടത്തും നമുക്കൊത്തുചേരാൻ കഴിയില്ല പാർത്ഥേട്ടാ....." അവൾ നെടുതായി നിശ്വസിച്ചു.

"അതെന്താ... എനിക്കിന്നൊരിടത്തു പോണം. വൈകിട്ടേ വരൂ..."

"കല്ല്യാണി ജി മേനോനുമുണ്ടാവുമല്ലേ?"

"അതേ, ഞാൻ പോകുന്നിടത്തെല്ലാം അവരുമുണ്ടാവും. കാരണം നിന്നെ ഒരിടത്തും കൊണ്ടുപോവാൻ കൊള്ളില്ലല്ലോ നീ ദ്രൗഹിത്രിയുടെ മകളല്ലേ?" പറഞ്ഞുതീരുന്നതിനുമുമ്പുതന്നെ രോഹിണി പൊട്ടിച്ചിരിച്ചപ്പോൾ പാർത്ഥനുപോലും അമ്പരപ്പാണുണ്ടായത്. തറചവിട്ടിപ്പൊളിച്ച്, കതക് ഊക്കോടെ തുറന്ന് മുറിയിലേക്കുപോവുന്ന പാർത്ഥനെ നോക്കി അവൾ പൊട്ടിച്ചിരിക്കുകയായിരുന്നു.

ഉണ്ണാനും ഉടുക്കാനുമില്ലാതെ അക്ഷീണം അദ്ധ്വാനിച്ചിട്ടും പട്ടിണിമാത്രം കൈമുതലാക്കിയ കാപട്യമറിയാത്ത ജനം. അപരിഷ്കൃതത്വം നല്കിയ മാർദ്ദവവും ലോലവുമായ മനസ്സുകൾ. കാട്ടുതേനും കാട്ടുമരുന്നും തുച്ഛവിലയ്ക്കു വാങ്ങിച്ചു വെള്ളാനകളായി കൊഴുത്തുതടിച്ച പുത്തൻ വാണിഭക്കാർ.

കാട് അവരുടെ സനാതനവും അതിർവരമ്പുകളില്ലാത്തതുമായി. സമൂഹത്തിന്റെ ആകപ്പാടെയുള്ള ഭൂസ്വത്തായിരുന്നു. കാട്ചുട്ട് വിത്തു വിതറി വിളവെടുത്ത് ഭക്ഷിച്ചിരുന്ന കാലം ഇന്നവർക്കന്യമാണ്. അവർക്ക് പരിചിതമല്ലാത്ത ഏതോ നീതി അവരുടെ

നേർക്ക് അനീതികാട്ടി മേലാളൻമ്മാരുടെ കൈകളിലേക്ക് മണ്ണിന്റെ അവകാശപത്രം സമർപ്പിച്ചിരിക്കുന്നു.

വനം വെട്ടിത്തെളിച്ചതുമൂലം കാടിന്റെ വ്യാസം ചുരുങ്ങിവരുകയാണ്. മണ്ണിന്റെമക്കൾ അഗതികളായി പുതിയ രാജനീതിക്കു കീഴ് വഴങ്ങപ്പെടുന്നു. റബ്ബർമരങ്ങളുടെ തണലുകൾ വനഭംഗിയെ നിശ്ശേഷം ഉന്മൂലനം ചെയ്തിരിക്കയാണ്. കൂടാതെ താഴ്‌വരകളിൽ പൂളയും നെല്ലും.

അപരിഷ്കൃതരും വനവാസികളുമായ മനുഷ്യർ വീണ്ടും ആദിമ കാലത്തിനുശേഷം പുതിയ ആര്യന്മാരുടെ വരവോടെ, നടുക്കാടുകളിലേക്ക് ഉൾവലിഞ്ഞിരിക്കുകയാണ്. അവിടെ ക്രൂരമൃഗങ്ങളുമായിപ്പോലും അവർക്ക് ഇണങ്ങിച്ചേരാൻ കഴിയുന്നുണ്ട്!

പെറുമാച്ചി കാട്ടിനെ തേടുകയുണ്ടായില്ല. റബ്ബർ മുതലാളിയുടെ കീഴിൽ വീട്ടുപണി ചെയ്ത് ഉപജീവനം തേടുകയായിരുന്നു അവൾ. അവളെപ്പോലെ പുതുതായി രൂപപരിണാമം സംഭവിച്ച അനേകം പേരും.

തുണിയുടുക്കാനും ജാക്കാറ്റിടാനും പഠിച്ച പെറുമാച്ചിയുടെ താരുണ്യവും മുതലാളിയുടെ കിടപ്പുമുറിയിൽവെച്ചുതന്നെ വിടർന്നു. അവൾ ഗർഭിണി ആയപ്പോൾ അയാൾക്ക് കുതിങ്കാലിലെ മുള്ള് പറിച്ചുകളയുന്ന ലാഘവത്തോടെ പെറുമാച്ചിയെ പുറന്തള്ളാനും തക്ക വിശാലഹൃദയമുണ്ടായിരുന്നു.

പെറുമാച്ചി എന്ന അമ്മയെക്കുറിച്ച് മകൾ കൊത്തഗാറിയ്ക്ക് വലിയ നിശ്ചയമൊന്നുമുണ്ടായിരുന്നില്ല. നല്ല ചന്തിയും നിറവുമുള്ള അമ്മ ശരീരപുഷ്ടിതീരുന്നതുവരെ പുറംനാട്ടുകാരായ പുരുഷന്മാരുടെ കണ്ണിലുണ്ണിയായിരുന്നുവെന്നത് അവൾക്കറിയാം. ഓർമ്മവെച്ച നാൾമുതൽ കൊത്തഗാറി ടാപ്പർമാരുടെ കോളനിയിലായിരുന്നു. തന്നെപ്പോലെ അനാഥരായ കാട്ടുജാതിക്കാരുടെ സന്തതികളെ തനിക്കുചുറ്റിലും കാണാനും കൊത്തഗാറിയ്ക്ക് കഴിഞ്ഞിരുന്നു. സ്വജാതീയരുടെ ജീവിതാചാരങ്ങളും അനുഷ്ഠാനങ്ങളും കൊത്തഗാറിയ്ക്ക് അജ്ഞാതമായിരുന്നു. വർഗ്ഗഭാഷയെപ്പോലും അവൾ മറന്നു. തനി മലയാളം അവളുടെ വാമൊഴിയായി.

പാർത്ഥൻ പറഞ്ഞപ്പോൾ കമ്പനി ഡ്രൈവറായിരുന്നു കൊത്തഗാറിയെ പണിക്കാരത്തിയായി ഏൽപ്പിച്ചത്. കാടിന്റെ ആകർഷകത്വവുമുള്ള പെൺകുട്ടിയെ കണ്ടപ്പോൾ രോഹിണിയ്ക്കും തൃപ്തിയായിരുന്നു.

കൊത്തഗാറി പുറകിൽ വന്നുനിന്നത് രോഹിണി അറിഞ്ഞില്ല. അവൾ മുരടനക്കിയപ്പോഴെ ശ്രദ്ധതിരിച്ചുള്ളൂ.

“എനിക്കു പോണം...” അവൾ പതർച്ചയോടെ പറഞ്ഞുതീർത്തു.

“എവിടെ?”

“ഞാനിനി വരില്ല. വേറെ വീട്ടില് വേലയ്ക്ക് പോവും...”

കൊത്തഗാറിയെ സ്വവർഗ്ഗക്കാർ ബഹിഷ്ക്കരിക്കയേ ഉണ്ടാവൂ. അവൾ ഇനി ഏതെങ്കിലും ഓടയിൽ കിടന്നു ചാവുന്നതുവരെ അന്യരെ ആശ്രയിച്ചു പുലരുകയേ നിവൃത്തിയുള്ളൂ.

“നിനക്കെന്താ ഇവിടം മടുത്തോ?”

അവൾ ഇല്ലെന്നറിയിക്കാനായി തലകുലുക്കിയപ്പോൾ രോഹിണി ചിരിച്ചു.

“പിന്നെ ?”

“അമ്മയും സാറും ഇങ്ങനെ ഇരുന്നാൽ ഞാൻ പൂവും. ഇവിടെ ഞാനിനി നിക്കില്ല...”

“ഏതായാലും വേറൊരുത്തി വന്നിട്ട് നീ പോയാൽ മതി...”

അവൾ അകത്തേക്കു പോയപ്പോൾ രോഹിണി വീണ്ടും തനിച്ചായി. പാർത്ഥേട്ടനൊത്തുള്ള ജീവിതം മോക്ഷപ്രാപ്തിയ്ക്ക് സമാന മാണെന്ന് കരുതിയിരുന്നു. അദ്ദേഹത്തോട് തുറന്നുപറയുക പോലു മുണ്ടായി. പക്ഷേ ആദ്യകാലത്തെ ഓർമ്മകളിൽ മാത്രം സ്വാസ്ഥ്യമുള്ള ഞാനിപ്പോൾ എങ്ങോട്ടാണ് നീങ്ങുന്നത്?

പണിക്കാരിയായ കൊത്തഗാറിക്കുപോലും ഇവിടം മടുത്തു തുടങ്ങിയിരിക്കുന്നു. എന്നിട്ടും ഞാൻ വെറുപ്പും നീരസവുമായി അള്ളിപ്പിടിച്ചു നില്പാണ്.

പാർത്ഥേട്ടന് കുറെക്കൂടി കാര്യഗൗരവത്തോടെ എന്നോട് സംസാരിക്കേണ്ടിയിരിക്കുന്നു. നീ ജോലി രാജിവെയ്ക്ക്. നാലു കുടുംബത്തെ പോറ്റാനുള്ള കഴിവ് എനിക്കിപ്പോഴുണ്ട്. എന്റെ അന്തസ്സിനെ ബാധിക്കുന്നതാണ് നിന്റെ ജോലി!

പഴയ പാർത്ഥേട്ടനായിരുന്നെങ്കിൽ സന്തോഷത്തോടെ രാജിവെയ്ക്കാമായിരുന്നു. ഇപ്പോൾ പാർത്ഥേട്ടന്റെ ചവിട്ടടിയിൽ ജീവിത സുരക്ഷിതത്വം കണ്ടെത്താൻ, അയാളെ ആസ്പദമാക്കി ഭാവി മെനഞ്ഞെടുക്കാൻ രോഹിണിക്കു കഴിഞ്ഞിരുന്നില്ല.

വെയില് കനക്കുന്നുണ്ടെങ്കിലും വായുവിൽ കുളിര് നിറഞ്ഞു നില്പുണ്ട്. തുറസ്സായ നിരത്തിൽ ഇപ്പോഴും ആൾസഞ്ചാരം കുറവാണ്. മുറ്റത്തേക്കിറങ്ങിയ രോഹിണി വെറുതെ വെയിലു കാഞ്ഞ് നില്ക്കുകയാണുണ്ടായത്.

പാർത്ഥൻ വന്നുകയറിയപ്പോൾ അതുവരെ കുറ്റിയടിച്ചതു പോലെ കസേരയിൽ ഇരുപ്പായിരുന്ന സുന്ദരേശൻ പെട്ടെന്ന്

എണീറ്റ് പോവുകയായി. പുതിയ ഭാവങ്ങളൊന്നും വെളിക്കുകാട്ടാതെ കുടിച്ചുമദിച്ച് ചെമ്പരത്തിപ്പൂപോലെ ചുവന്ന കണ്ണുകളുമായി അയാൾ മുറിയി ലേക്കു കയറിയപ്പോൾ രോഹിണിയും സ്വന്തം മുറിയിൽ അഭയം തേടുകയായിരുന്നു.

കട്ടിലിൽ രക്ഷാസങ്കേതം കണ്ടെത്തിയതുപോലെ കിടന്ന രോഹിണി ഉടനടിതന്നെ പതിഞ്ഞ കാലടികൾ മുറിയിലേക്കിഴഞ്ഞിറങ്ങിയപ്പോൾ എണീക്കുകയായി.

"എനിക്ക് നിന്നോടു കുറെ സംസാരിക്കാനുണ്ട്. നമുക്കു നടക്കാനിറങ്ങാം..."

ചെയ്തുവന്ന ഏതോ ദിവ്യകൃത്യമായിരിക്കുന്നു സായന്തന സവാരി. നഗരത്തിലൂടെ ഞങ്ങൾ നടക്കുകയായിരുന്നു. ഒരു ഞായറാഴ്ചദിവസം. പാർത്ഥേട്ടന്റെ പരിചിതരായ ഉദ്യോഗസ്ഥകൾ അരികിലൂടെ കടന്നുപോവുമ്പോൾ കഴുത്ത് പിന്നോക്കം വെട്ടിച്ച് അമത്തിപ്പിടിച്ച ചിരിയുമായി അകലുകയാണുണ്ടായത്.

ഈ നാട്ടിൽ വന്നുപെട്ടപ്പോൾ എല്ലാം ശവക്കുഴിയിൽ മൂടപ്പെട്ടിരിക്കുന്നു.

ഉന്മേഷത്തോടെ ഒരു യാത്രയ്ക്ക് ഒരുങ്ങാൻ തക്ക മനസ്ഥിതി ഇല്ലായിരുന്നിട്ടും ഒരേറ്റുമുട്ടൽ, അസ്വാരസ്യം ഒഴിവാക്കാൻവേണ്ടി രോഹിണി ഉടുത്തൊരുങ്ങുകയായിരുന്നു.

നിരത്തിലൂടെ കാത്തുവെച്ച മൗനവുമായി അവർ നടന്നു. സന്ധ്യയാണ്. ചുവന്ന ആകാശവും ചുവന്ന വൃക്ഷത്തലപ്പുകളുമാണ് ചുററിലും. ചോലമരങ്ങൾ നിരക്കനെ വളർന്നുനില്ക്കുന്ന നിരത്ത് ഇരുണ്ട ഏതോ ഗുഹാന്തർഭാഗത്തെയാണ് ഓർമ്മിപ്പിക്കുന്നത്.

എതിരെ വരുന്നവരെല്ലാം പാർത്ഥേട്ടനെ കണ്ട് വണക്കത്തോടെ ഔപചാരികത പുലർത്തി കുശലമന്വേഷിക്കുകയാണ്. എല്ലാവർക്കും ഒരു പുതുകാഴ്ച ആയിരിക്കാം ഇത്. ആശുപത്രി പരിസരവും ബ്ലോക്ക് ഓഫീസും കടന്ന് അവർ വീണ്ടും നടന്നു.

വിവാഹം കഴിഞ്ഞപാടെ നാട്ടിലേക്കു ചെന്നപ്പോൾ തീരെ ദുഃഖിതയായിരുന്നുവെങ്കിലും രേണുക പാർത്ഥേട്ടനെക്കുറിച്ചു പറയുകയായിരുന്നു. അവർ സ്വന്തം അനുഭവങ്ങളെ നിവർത്തിയിട്ടപ്പോൾ നല്ലൊരു മനുഷ്യന്റെ ജീവിത സഹായിയായിത്തീർന്നതിലുള്ള സംതൃപ്തി യായിരുന്നു എനിക്ക്.

"പാർത്ഥേട്ടനെന്താ പറയാനുള്ളത്?"

രോഹിണിയുടെ ചോദ്യമുയർന്നിട്ടും അയാൾ കടുത്ത മൗനം വീണ്ടും തുടരുകതന്നെയായിരുന്നു.

"നീ ജോലിയെക്കുറിച്ചെന്തു നിശ്ചയിച്ചു?"

“ഞാൻ എത്രതവണ പറഞ്ഞുകഴിഞ്ഞതാണ്.”

“ഞാനും പലതവണ ആവർത്തിച്ചതാണ്.”

“എന്നിട്ടും നമ്മൾ രണ്ടുപേരും വീണ്ടും ഒരേ വാക്കുകളെത്തന്നെ ആവർത്തിക്കുകയാണല്ലോ?”

സുഭാഷിണിയെ ആശുപത്രി കട്ടിലിൽ പൊടുന്നനെ കണ്ടപ്പോൾ എനിക്ക് അമ്പരപ്പാണ് തോന്നിയത്. പത്താംക്ലാസ്സുകഴിഞ്ഞ് അവൾ നഗരത്തിലെ കോളേജിൽ ചേരുകയാണുണ്ടായത്. പഠിച്ചുകഴിഞ്ഞിട്ടും ഉദ്യോഗം ലഭിക്കാഞ്ഞപ്പോൾ ഡിഗ്രി സർട്ടിഫിക്കറ്റ് കല്ല്യാണ കമ്പോളത്തിൻ മേത്തരം ഉല്പന്നമായി ചിലവഴിച്ച് സുമുഖനും ഉന്നത ഉദ്യോഗസ്ഥനുമായ ഒരാളെ അവൾ തട്ടിയെടുക്കുകയായിരുന്നു.

സുഭാഷിണിയ്ക്കു പറയാനുണ്ടായിരുന്നത് ഒരു ജോലി കരസ്ഥമാക്കിയ എന്റെ ഭാഗ്യത്തെക്കുറിച്ചായിരുന്നു. രേണുകയും അതു തന്നെ, അമലയ്ക്കു പോലും–

“നിനക്ക് നിന്റെ തീരുമാനത്തെ മാറ്റാനാവില്ലേ?”

“മാറ്റാം. പക്ഷേ ഇപ്പോൾ അതിന്റെ ആവശ്യമുണ്ടെന്നു തോന്നുന്നില്ലാ...”

“രോഹിണീ...”

അയാൾ ചുമലിൽ കൈവെച്ചപ്പോൾ അവൾ ചെറുതായൊന്നു ഞെട്ടുക പോലുമുണ്ടായി. പാർത്ഥന്റെ വിരലുകളെ ചുമലിൽ നിന്ന് പിടിച്ചുമാറ്റുമ്പോൾ അവൾ ദീർഘമായി നിശ്വസിച്ചു.

ഇപ്പോൾ എന്റേതായതെല്ലാം തകർന്നിരിക്കയാണ്. മോഹങ്ങളെല്ലാം മാറാല പിടിച്ച് അലങ്കോലപ്പെട്ടുകിടപ്പാണ്. വിരസമായ രാത്രികൾ പേടിപ്പെടുത്തുന്ന മറ്റൊരു രാത്രിയുടെ രാക്ഷസീയ പ്രഭാവത്തെ ഓർമ്മപ്പെടുത്തിക്കൊണ്ട് കടന്നുപോവുന്നു.

കെ.എമ്മിനെ അകത്തേക്കു കടത്തിവിട്ട് പാർത്ഥേട്ടൻ വാതിലിനു തഴുതിടുകയായിരുന്നുവല്ലോ!

പാർത്ഥേട്ടന്റെ രോഹിണിയുടെ മരണം അതോടെയായിരുന്നു നടന്നത്. പിന്നെ തലയോടുകളുടേയും മാംസം കരിഞ്ഞ് വെണ്ണീറായതിന്റെയും നടുക്കുനിന്ന്, ശ്മശാനപറമ്പിൽ നിന്ന്, രോഹിണിയുടെ പരേതാത്മാവിന്റെ പുനർജനനമായിരുന്നു നടന്നത്.

മുറയ്ക്കെഴുത്തുകളിടുമ്പോൾ അനുരാധയും എഴുതുന്നു. രോഹിണി പാടെ മാറീട്ടുണ്ട്. നീ ലോകത്തിലെ നന്മകളെ ആകെ മറന്നിരിക്കുന്നു. അല്ലെങ്കിൽ അവയെ കണ്ടില്ലെന്നു നടിക്കയാണ്.

“നീ നിന്റെ സ്വന്തം കാലിൽ നില്ക്കാൻ ശ്രമിക്കയാണ്. ഉം...” പാർത്ഥൻ ഹണ്ടറിനു തീ കൊടുത്ത് തുടർന്നുപറഞ്ഞു:

“ഡിപ്പാർട്ട്മെന്റ് സ്റ്റാർച്ചിന്റെ ആധുനിക നിർമ്മാണത്തേയും സഹകരണാടിസ്ഥാനത്തിൽ അവ നിർമ്മിക്കുന്നതിനേയും കുറിച്ചു പഠിക്കാൻ രണ്ടുപേരെ ഉപരിപഠനത്തിന് ജപ്പാനിലേയ്ക്കയ ക്കുന്നു ണ്ട്. മാനേജറായ ഞാൻ രണ്ടുപേരിലൊരാളായാൽ സഹകരണാടി സ്ഥാനത്തിൽ പുതുതായാരംഭിക്കുന്ന ഫാക്ടറിയിൽ ജനറൽ മാനേ ജറാണാവുക...”

“അതിന്?”

“അടുത്താഴ്ച മാനേജിങ് ഡയറക്ടർ ഒരു വിസിറ്റിനായി ഇവിടെ വരും. എനിക്ക് രഹസ്യമായി അറിയാൻ കഴിഞ്ഞതാണ്. അയാൾ ഊണിന് നമ്മുടെ വീട്ടിൽ തന്നെയാവും. നീ അദ്ദേഹത്തെ ഒന്നു സ്വീകരിക്കണം...”

അടിമുടി വെറുപ്പുമായി രോഹിണി പാർത്ഥനെ നോക്കി.

“നിങ്ങൾ മനുഷ്യനാണോ? ഞാനിപ്പോൾ ഏറ്റവുമധികം വെറു ക്കുന്നത് നിങ്ങളെയാണ്.”

അവളുടെ ശബ്ദം നിരത്തിന്റെ ഇരുവശവും പരന്നൊഴികിയ പ്പോൾ പാർത്ഥൻ പറഞ്ഞു:

“പര്യടനത്തിനുശേഷം ഉദ്യോഗവും മാറും. നീ ആ മനുഷ്യനെ സ്വീകരിക്കണം. പഴയതുപോലെ ഞാൻ മറ്റുവഴികൾ സ്വീകരി ക്കരുത്.” അയാൾ വീണ്ടും തുടർന്നു:

“നാം ഒരോന്നിനും അനാവശ്യമായ അർത്ഥം നല്കുന്നതാണ് തെറ്റ്. ഭർത്താവിന് വിമ്മിഷ്ടമില്ലാത്ത ഒരു കാര്യത്തിന് ഭാര്യ കീഴട ങ്ങുകയാണാവശ്യം. അതാണവളുടെ കടമ. പിന്നെ ഈ വഴികൾ തന്നെയാണ് എല്ലാവരുടെയും. മുഖ്യമന്ത്രിക്ക് പതിനേഴുകാരി മോളെ നല്കിയതുകൊണ്ടാണ് സീനിയോറിട്ടിയെപ്പോലും തഴഞ്ഞ് അയാൾക്ക് മാനേജിങ് ഡയക്ടറാകാൻ കഴിഞ്ഞത്. നീ എന്തുപറ യുന്നു?”

ഒരു നിമിഷം ചിന്തിച്ചതിനുശേഷം രോഹിണി പറഞ്ഞു:

“ശരി...”

പറഞ്ഞു തീരുമ്പോൾ അവൾക്ക് കുറെ കരയണമെന്നാണ് തോ ന്നിയത്. പക്ഷേ ഈയ്യിടെയായി തീരെ കരയാനുമാവുന്നില്ല.

“നീ കുറെയായി വല്ലാതെ മെലിഞ്ഞിട്ടുണ്ട്. കുറച്ച് റെസ്റ്റടുത്താൽ ശരീരത്തിന്റെ ക്ഷീണം മാറും...” പാർത്ഥന്റെ മുഖത്തേക്ക് തറച്ചു നോക്കിയ രോഹിണി കെട്ടിവെച്ച ചിരിയുടെ തടപൊട്ടിച്ചു പൊതു നിരത്തിലായിരുന്നിട്ടും ഉറക്കനെ ചിരിക്കുകയാണുണ്ടായത്.

ഇരുട്ടുവീണ് കുണ്ടും കുഴിയും നിറഞ്ഞ പാത നിരപ്പായപ്പോൾ അവർ തിരികെ നടത്തമാരംഭിച്ചു. പാർത്ഥൻ അരികെ ഉണ്ടായിരു

ന്നിട്ടും അവ്യക്തമായ എന്തിന്റേയോ മുൻസൂചനയായുള്ള ഭീതി തനിക്കു ചുറ്റിലുമുണ്ടെന്ന് രോഹിണിക്കുതോന്നി.

വീണ്ടും രാത്രി;

കോടമഞ്ഞും കട്ടപിടിച്ച ഇരുട്ടും. ഭൂമണ്ഡലമാകെ കൂരിരുട്ടിന്റെ വലയത്തിൽ അകപ്പെട്ടിരിക്കയാണ്.

അപ്പുറത്തെ മുറിയിലിരുന്ന് പാർത്ഥേട്ടൻ ശീലമായിത്തീർന്ന കുടി തുടരുന്നു. എന്റെ മാറ്റം കണ്ട് അതിയായ സന്തോഷമാണ് അദ്ദേഹത്തിന്.

അനുരാധയോട് പാർത്ഥേട്ടനുമായുള്ള ബന്ധത്തെക്കുറിച്ച് സൂചിപ്പിക്കുകയായിരുന്നു ഞാൻ. ഇരുണ്ട മുറിയും കട്ടിലിലെ പുറം തിരിഞ്ഞുള്ള കിടപ്പും ഉള്ളു തുറന്ന് പറയാൻ തക്ക അവസരം സൃഷ്ടിക്കുകയുണ്ടായി.

എന്റെ മനസ്സിൽ ഒരു പാപപങ്കിലത്വമാണുണ്ടായിരുന്നത്. ദ്രൗഹിത്രിയുടെ മകൾക്ക് എങ്ങും അനുരൂപനായ ഒരുവനെ കണ്ടെത്താനാവില്ലെന്ന തോന്നൽ. എത്രകണ്ട് അകമഴിഞ്ഞ് പെരുമാറിയിട്ടും അമ്മയുടെ പൂർവ്വകഥയറിയുമ്പോൾ നിതീകരണങ്ങളോടെ അറുത്തുമുറിച്ചുപറഞ്ഞ് അകന്നുപോവുമോ എന്ന പേടി.

അസ്ഥാനത്താണ് എന്റെ ചിന്തകളെന്ന് പാർത്ഥേട്ടൻ തെളിയിക്കുകയാണുണ്ടായത്.

വിവാഹസ്വപ്നം കൊഴിഞ്ഞുപോവുമല്ലോ എന്ന ചിന്തയോടെ കട്ടിലിൽ കിടന്ന് ആരോരുമറിയാതെ നിരന്തരം രാത്രിമുഴക്കെ കരഞ്ഞിരുന്ന പെൺകുട്ടി എങ്ങോ പോയ്മറഞ്ഞിരിക്കുന്നു. പക്ഷേ അവൾ ഇപ്പോഴും ദുഃഖിതയും നിരാശ്രയയുമാണ്. പിന്നെ ഇടക്കാലത്തെ മധുരിക്കുന്ന നല്ല ഓർമ്മകളാണ് ബാക്കിനില്ക്കുന്നത്.

പാർത്ഥൻ അകത്തേക്കു കയറിവന്നപ്പോഴും രോഹിണി കട്ടിലിൽ നിന്നെണീക്കുകയുണ്ടായില്ല. മദ്യത്തിന്റെ രൂക്ഷഗന്ധം മൂക്കുതുളച്ചപ്പോൾ അവൾ മുഖംതിരിച്ചു.

‘‘ഇന്നാണ് പുതിയ പാർത്ഥന്റെ ഭാര്യയായത്. നമുക്കതൊന്നാഘോഷിക്കണം...’’ അവൾ മുഖത്തേക്കു തറച്ചുനോക്കിയപ്പോൾ അയാൾ തുടർന്നു: ‘‘എത്രയായി നമ്മൾ തമ്മിൽ ബന്ധപ്പെട്ടിട്ട്...’’

രോഹിണി കട്ടിലിൽനിന്നു താഴെ ഇറങ്ങിയപ്പോൾ പാർത്ഥൻ കൈക്കു പിടിച്ചു. വിരലുകളുടെ ബലം ഏറിവന്നപ്പോൾ അവൾ കുതറിതെന്നി.

‘‘പാർത്ഥേട്ടൻ പോവൂ...’’

“ഞാൻ നിന്റെ ഭർത്താവാണ്...”

“ഭർത്താവ്...” അവൾ പുച്ഛത്തോടെ തുടർന്നു: “ആ പദത്തിന്റെ അർത്ഥംതന്നെ നിങ്ങൾ മറന്നിരിക്കുന്നു. പാർത്ഥേട്ടൻ പോവുന്നു ണ്ടോ? അതോ ഞാൻ പോണോ?”

വെറിപിടിച്ച മൃഗത്തെപ്പോലെ പാർത്ഥൻ ചീറ്റിക്കൊണ്ട് അമർഷ ത്തോടെ മുറിക്കു പുറത്തു കടന്നപ്പോൾ രോഹിണി കട്ടിലിലേക്ക് മലർക്കനെ വീണു. അവൾക്ക് കരയാനും ചിരിക്കാനുമാവാത്ത വിധം വികാരപ്രക്ഷുബ്ധതയായിരുന്നു.

പുറത്ത് അപ്പോഴും രാത്രിയായിരുന്നു. ജീവജാലങ്ങൾ പോലും നിശബ്ദമായിത്തീർന്ന, ദുഃസ്വപ്നം പോലെയുള്ള രാത്രി.

അൻപത്തിരണ്ട്

രണ്ടുമൂന്നു നാളായി ഊണും ഉറക്കവുമില്ലാതെ തിരക്കിട്ട് ഓടിനടപ്പാണ് പാർത്ഥേട്ടൻ. ഒരിരമ്പത്തോടെ കടന്നുവരുന്ന കാർ അതേപടി ഉടനടി അകലുകയുമാവും.

മാനേജിങ് ഡയറക്ടറുടെ വരവ് രഹസ്യമായ ഒരു പൊതു വാർത്തയായിരിക്കുന്നു.

ഉല്പാദനം കാര്യക്ഷമമാക്കാനുള്ള തിരക്കിലാണ് പാർത്ഥേട്ടൻ. ജോലിക്കാർ കണിശമായും കൃത്യസമയത്തിനുതന്നെ ഹാജരാ കേണ്ടിയിരിക്കുന്നു. ഒരഞ്ചുനിമിഷം ജോലിക്കാർ വൈകി എത്തു ന്നെങ്കിൽ ഉല്പാദനത്തിന്റെ തോതാണു കുറയുക. പകരം അഞ്ചു നിമിഷം നിശ്ചിത സമയം കഴിഞ്ഞും പണിയെടുത്താൽ ഉല്പാദന വർദ്ധനവിനോടൊത്ത് പാർത്ഥേട്ടന്റെ ഭരണപാടവമാണ് അംഗീകരി ക്കപ്പെടുക.

മരച്ചീനിയിൽനിന്നും നെല്ലിൽ നിന്നും സ്റ്റാർച്ച് വിഭജിക്കപ്പെടു മ്പോൾ ഭക്ഷ്യവസ്തുക്കളായി ത്തീരാവുന്ന അവയുടെ വിപണി സാദ്ധ്യതകളെക്കുറിച്ചാണ് ഇപ്പോൾ പാർത്ഥേട്ടൻ നിരന്തരം ചിന്തി ച്ചുപോരുന്നത്.

ഡയറക്ടരുടെ വരവു പ്രമാണിച്ച് രോഹിണി ലീവെടുക്കുകയാ യിരുന്നു. നാടകം ഇടയ്ക്കെപ്പോഴോ കണ്ടുശീലിച്ച താൻ നല്ലൊര ഭിനയം കാഴ്ചവെയ്ക്കണമെന്നോർത്തപ്പോൾ വിഷാദം നിറഞ്ഞ പുഞ്ചിരിയാണ് രോഹിണിയ്ക്ക് തോന്നിയത്.

മരിച്ചീനിയിൽനിന്ന് സ്റ്റാർച്ചുല്പാദിപ്പിക്കപ്പെടുന്നതുപോലെ എന്നിൽനിന്ന് എന്തെല്ലാമോ അങ്ങാടിയിലേക്ക് വാണിഭത്തിനിറ

ക്കാമെന്ന് പാർത്ഥേട്ടൻ കരുതുകയാണ്. എനിക്കുവേണ്ടി സർവ്വതും ത്യജിച്ചിറങ്ങിയ പാർത്ഥേട്ടൻ ഇപ്പോൾ തന്റെ ഉന്നതിക്കായി എന്നെ ഉപകരണമാക്കുകയാണ്.

കൊത്തഗാറി വിയർത്തു നനഞ്ഞ് അടുക്കളയിൽ പണിയെടുക്കയാണ്. പുലർച്ചെ എണീറ്റ രോഹിണി കറികളെല്ലാം ഒരുങ്ങിയപ്പോൾ മുറിയിലേക്ക് വീണ്ടും ഉൾവലിയുകയായിരുന്നു.

ഇപ്പോൾ പ്രതിനിമിഷം പറഞ്ഞുതീർക്കാനാവാത്ത ദുഃഖഭാരവുമായി മുറിയിൽ കഴിച്ചുകൂട്ടുക എന്നത് രോഹിണിയുടെ പതിവു സ്വഭാവമായിത്തീർന്നിരിക്കുന്നു.

ഇന്ന് പാർത്ഥേട്ടൻ പറഞ്ഞപടി പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

എന്റെ നഗ്നതയിൽ മുങ്ങിത്തപ്പി, പിറന്നപടി കിടന്നെണീറ്റു പോവുന്ന ഡയറക്ടർ അഭ്യുദയകാംക്ഷിയാവുന്നതോടെ പാർത്ഥേട്ടന്റെ അന്തസ്സും ആഭിജാത്യവും സമുദായത്തിൽ മാന്യതയും ഒന്നര മടങ്ങ് വിണ്ടും വർദ്ധിക്കുകയാണുണ്ടാവുക.

ഒരു കാലത്ത് തീർത്തും അവഗണിച്ച് നികൃഷ്ടമായി കരുതിയതെല്ലാം ഇപ്പോൾ പാർത്ഥേട്ടൻ വാരിക്കൂട്ടാൻ ശ്രമിക്കുകയാണ്. ഈ പോക്ക് എങ്ങോട്ടാണെന്നാണ് അറിയേണ്ടത്.

പാർത്ഥേട്ടൻമൂലം എനിക്കും ഒരു വിദൂഷകവേഷം കെട്ടേണ്ടി വന്നിരിക്കുന്നു.

കൊത്തഗാറി അകത്തേക്കുവന്നപ്പോൾ രോഹിണി മുഖമുയർത്തി.

“ഒരാള്...”

അവൾ മുൻവശത്ത് ചെന്നപ്പോൾ തികച്ചും അപരിചിതനായ പുരുഷനെയായിരുന്നു കണ്ടത്. പത്രം വായിക്കയാണ്. മുഖത്ത് നിറച്ചും ഇടതൂർന്ന രോമങ്ങളാണുള്ളത്. ലേശംകണ്ട് കുഴിയിലേക്കുതാണ കണ്ണുകൾ പത്രത്തിൽനിന്നുയരുന്നേയില്ല.

അയാൾ അവളുടെ വരവറിഞ്ഞില്ലെന്നു തോന്നുന്നു.

സകലതും പരിത്യജിച്ച സന്യാസിയുടേതുപോലുള്ള കാവിമുണ്ടാണ് ഉടുത്തിരിക്കുന്നത്. ഇസ്തിരി ഇടാത്ത, നേരാംവണ്ണം അലക്കി വെളുക്കാത്ത കുപ്പായം വെള്ളം കണ്ടിട്ട് കുറെ നാളായെന്നു തോന്നുന്നു.

“പാർത്ഥേട്ടൻ ഉടനടി വരില്ല... നിങ്ങൾ...?”

“ഞാൻ...”

പത്രം ടീപോയിലേക്കിടുമ്പോൾ അയാൾ തുടർന്നു:

“ഞാൻ ദത്തനാണ്. പാർത്ഥന്റെ കോളേജ് സഹപാഠിയാണ്...”

ദത്തൻ എന്ന സുഹൃത്തിനെക്കുറിച്ച് പാർത്ഥേട്ടൻ ഒരിക്കൽ

പ്പോലും സംസാരിക്കുകയുണ്ടായിട്ടില്ല. പരശുരാമനെക്കുറിച്ച് പല തവണ പറഞ്ഞിട്ടുണ്ട്, എന്തിനേറെ പ്രൊഫസറെക്കുറിച്ചും. കൂടാതെ പാർത്ഥേട്ടൻ പോലും മറന്നുപോയ അനേകം പെണ്ണുങ്ങളെക്കുറിച്ചും.

"അദ്ദേഹം എപ്പോൾ വരുമെന്നു പറയാനാവില്ല..."

"ഏതായാലും ഞാൻ കുറച്ചുനേരം കാത്തിരിക്കാം..."

ചായയും തീറ്റയ്ക്കായി ചിപ്പ്സും നല്ലിയതിനുശേഷം രോഹിണി വീണ്ടും മുറിയിലേക്കുനടന്നു.

ഈ കാട്ടുപ്രദേശത്തെ പ്രമുഖനായ പാർത്ഥേട്ടനെ കാണാൻ നാലുപാടു നിന്നും ആളുകളെത്താറുണ്ട്. അപ്പോഴെല്ലാം ചായക്കോപ്പകളുമായി അത്യാവശ്യമായി വരുത്തിയ അനാവശ്യമായ പുഞ്ചിരിയുമായി രോഹിണികടന്നു ചെല്ലാറാണ് പതിവ്.

നിഷിദ്ധമെന്നുകരുതിയ പലതും വലിഞ്ഞുകയറി എന്നിൽ ആധിപത്യം സ്ഥാപിച്ചിരിക്കയാണ്. പാർത്ഥേട്ടൻ ഇന്നലെ പോവുമ്പോഴും എന്നെ ഓർമ്മിപ്പിക്കുകയായിരുന്നുവല്ലോ–

"അവസരങ്ങളെ കൗശലത്തോടെ ഉപയോഗിക്കുന്നവനേ രംഗത്തുയരാൻ കഴിയൂ. അനാവശ്യമായി ധർമ്മാധർമ്മത്തെ വലിച്ചിഴച്ച് ന്യായാന്യായങ്ങൾ വകതിരിച്ചറിയാൻ ശ്രമിക്കുന്നത് തികച്ചും വിഡ്ഢിത്തമാണ്."

എന്നാൽ പഴയ പാർത്ഥേട്ടൻ ഒരു സമ്പൂർണ്ണ വിഡ്ഢിയാണെന്ന് എനിക്കു പറയേണ്ടിവരും. ഞാനതു പറഞ്ഞാൽ അദ്ദേഹമതു സ്വീകരിക്കുകയും ചെയ്യും.

ഇപ്പോൾ ഈ കാട്ടുമൊക്കിലെ പ്രധാന പൗരനാണ് പാർത്ഥേട്ടൻ. ആയിരത്തഞ്ഞൂറോളം വരുന്ന കീഴുദ്യോഗസ്ഥൻമാർ. നഗരത്തിലെ റോട്ടറി ക്ലബ്ബിൽ അംഗത്വം. കലക്റ്ററുടെ ആതിഥേയത്വത്തിൻ കീഴിൽ നടത്തപ്പെടുന്ന പാർട്ടികളിൽ അദ്ദേഹം പത്നീസമേതം ക്ഷണിക്കപ്പെടുന്നു. കൂടാതെ നഗരത്തിലെ വമ്പൻമാരുടെ ഫോൺ റിങ്ങുചെയ്താൽ ക്ഷാമവും അതേപടി ക്ഷേമവും സൃഷ്ടിക്കാൻ കഴിവുള്ള സാമുദായിക ജീവികളുടെ ഗൃഹസദസ്സുകളിൽപ്പോലും ഹാർദ്ദമായ വരവേല്പോടെ പാർത്ഥേട്ടന് കടന്നുചെല്ലാൻ തക്ക മാന്യതയാണിന്നുള്ളത്.

നല്ലവനും തലനരച്ചവനുമായ നഗരത്തിൽ നിത്യേന പോക്കുവരവു നടത്തുന്ന ഫാക്ടറിയുടെ ജനറൽ മാനേജർ എങ്ങും ആദരിക്കാനാവാത്ത വിധം ഒറ്റപ്പെട്ടവനാണെന്നാണ് കേൾവി.

എന്നെ ബലികഴിച്ച് പാർത്ഥേട്ടൻ സ്വർഗ്ഗം പ്രാപിക്കാനാണ് ശ്രമിക്കുന്നത്. പോർച്ചിൽ കാറുവന്നു നിന്നത് രോഹിണി അറിയുകയു

ണ്ടായില്ല. പക്ഷേ വാതിൽ ആഞ്ഞടയ്ക്കുന്ന ശബ്ദം കേട്ടപ്പോൾ അവൾ ഞെട്ടുകയായിരുന്നു.

"പരശുരാമനോ...?"

പാർത്ഥൻ ഇഷ്ടക്കേടു പ്രദർശിപ്പിക്കുന്ന വാക്കുകളെ കേട്ടപ്പോൾ അവൾ ജിജ്ഞാസയോടെ മുൻവശത്തേക്കു നടന്നു.

പരശുരാമനെക്കുറിച്ച് പാർത്ഥേട്ടൻ ഒരുപാട് പറയുകയുണ്ടായിട്ടുണ്ട്. അപ്പോഴെല്ലാം അദ്ദേഹം വളരെ ബഹുമാന സൂചകമായി വാക്കുകൾ പോലും ഉരത്തുപോന്നു.

"ഞാൻ പാർത്ഥനെ കാത്തിരിക്കുകയായിരുന്നു..."

"അതു വേണ്ടിയിരുന്നില്ല..." പാർത്ഥട്ടൻ സെറ്റിയിൽ ചായ്ഞ്ഞിരിക്കുമ്പോൾ തുടർന്നു: "നിങ്ങൾക്കെന്താണ് വേണ്ടത്? അഭയസ്ഥാനമാണെങ്കിൽ അതിവിടെ പറ്റില്ല. ചില്ലറ സംഖ്യയാണെങ്കിൽ ഞാൻ തരാം. പക്ഷേ ഒന്നുണ്ട്. മേലാൽ പരശുരാമൻ ഇവിടെ വരരുത്..."

ദേഷ്യം മൂത്ത് മുഖം ചുവന്നിരുന്നെങ്കിൽ തന്നേയും പുഞ്ചിരിയോടു കൂടി പരശുരാമൻ കസേരയിൽ നിന്നെണീക്കുകയായിരുന്നു.

"പാർത്ഥന്റേയും മുഖം നഷ്ടപ്പെട്ടുവല്ലേ...? പക്ഷേ മുഖമില്ലാത്തവരുടെ കൂട്ടത്തിൽ നിന്നാണ് താൻ വന്നത്. അപ്പോൾ പുതുതായൊന്നും സംഭവിച്ചില്ല എന്നതാണ് സത്യം..."

"പരശുരാമൻ കടന്നുപോവൂ. അല്ലെങ്കിൽ..."

പാർത്ഥൻ പറയാൻ അമാന്തിച്ചപ്പോൾ പരശുരാമൻ തുടർന്നു:

"അല്ലെങ്കിൽ പാർത്ഥൻ പോലീസിനെ വിളിക്കുമല്ലേ... ഏതായാലും അവരെ ഞാൻ എപ്പോഴെങ്കിലും നേരിട്ടുകാണും. ശരി ഞാൻ പോട്ടേ; ഇനി നമ്മൾ ശത്രുക്കളാണല്ലോ..."

പരശുരാമൻ പൊയ്ക്കഴിഞ്ഞപ്പോൾ തളർന്നതുപോലെ പാർത്ഥൻ സെറ്റിയിൽ ചുരുങ്ങിക്കൂടി.

കണ്ണുകൾ മേൽത്തട്ടിലെ നിശ്ചല മായ പങ്കയ്ക്കുചുറ്റും വട്ടമിട്ടുകൊണ്ടേയിരുന്നു.

പരശുരാമൻ ആദിവാസികളുടെ പട്ടിണിയും പകർച്ചവ്യാധിയുമുള്ള കുടിലുകളെ തേടി താഴ്‌വരയിൽ അപ്രത്യക്ഷനായപ്പോൾ അവൾ തിരികെ മുറിയിലേക്കു നടക്കുകയായി.

കൈമോശം വന്ന മണ്ണ് തിരികെ പിടിച്ചുപറ്റാനുള്ള ശ്രമത്തിൽ പരശുരാമൻ ആദിവാസികളുടെ കൂടെ ചേർന്നിരിക്കയാണ്. അവരുടെ ഇരുട്ടുമൂടിയ മനസ്സുകൾ പലയാവർത്തി പറഞ്ഞുവരുമ്പോൾ പറ്റെ ചുവന്നു തുടുക്കുന്നത്, രോഷം കൊണ്ട് അഗ്നിജ്വാലകളാവുന്നത് സകലർക്കും കാണാൻ കഴിയുന്ന പൊതുകാഴ്ചയാണ്.

പരശുരാമനെക്കുറിച്ചു പാർത്ഥൻ പറഞ്ഞും പത്രവാർത്തകളിലുമായി അവൾ ഒരുപാട് കേട്ടിരുന്നു.

നടന്നെത്തിയ കാൽപെരുമാറ്റം വാതിൽക്കലെത്തി അവസാനിച്ചു. പാർത്ഥൻ പറഞ്ഞു:

"പന്ത്രണ്ടിനുശേഷം ഞങ്ങൾവരും. ഇനി നിന്റെ ഭാഗമാണ്... ഞാൻ പോട്ടെ രോഹിണി... വല്ലാത്ത തിരക്കാണ്..."

അയാൾ ആരോടോ ആവലാതി പറഞ്ഞ് ആരുടേയും മറുപടി പ്രതീക്ഷിക്കാത്ത മട്ടിൽ പോവുകയായി. കാറ് മുരളുകയും അകലുകയും ചെയ്തു.

ഒന്നു കുളിച്ച് വസ്ത്രം മാറാനാണ് അദ്ദേഹം വന്നത്. പരശുരാമന്റെ ആകസ്മികമായ വരവ് എല്ലാം തകിടം മറിച്ചിരിക്കയാണ്. പാർത്ഥേട്ടൻ ഊണിനു വരുമ്പോൾ കൂടെ ഡയറക്ടറുമുണ്ടാവും. ഞാൻ ആ മനുഷ്യനെ സല്ക്കരിച്ച്, കിടക്ക നൽകി താലോലിച്ച് സന്തുഷ്ടനാക്കിയാലേ പാർത്ഥേട്ടന് വെളിച്ചത്തിന്റെ ഒരു വാതിൽ തുറന്നുകിട്ടൂ.

രോഹിണി തലയിണയിൽ മുഖമമർത്തി തേങ്ങുവാനാരംഭിച്ചു. ഒച്ച വല്ലാണ്ടുയർന്നപ്പോൾ കൊത്തഗാറി വാതിൽക്കൽ വന്നു നിന്നതു പോലും അവൾ അറിയുകയുണ്ടായില്ല. രോഹിണിയുടെ കരച്ചിൽ അവളെത്തന്നെ വിഴുങ്ങി പരിസരബോധം നശിപ്പിക്കുകയായിരുന്നു.

"**എ**ന്റെ അഭിപ്രായം നമ്മുടെ രാഷ്ട്രത്തിന്റെ പുരോഗതിക്ക് നിയമങ്ങളിലൂടെ നിയമങ്ങൾക്കപ്പുറമുള്ള മനുഷ്യസ്നേഹത്തിനു വേണ്ടി ഓരോ സർക്കാറുദ്യോഗസ്ഥനും പ്രവർത്തിക്കാൻ ബാദ്ധ്യസ്ഥനാണെന്നാണ്. യഥാർത്ഥത്തിൽ മനുഷ്യസ്നേഹിയായ ഒരടിമയാണ് സർക്കാറുദ്യോഗസ്ഥൻ."

"സർക്കാറിന്റെ ആജ്ഞകളെ ജനജീവിതത്തിലെത്തിക്കുകയാണ് അവന്റെ കടമ. മിസ്സിസ്സ് പാർത്ഥൻ എന്തുപറയുന്നു."

പച്ചമാംസം മാന്തിപ്പൊളിക്കുന്ന അയാളുടെ കണ്ണുകളെ ഭയന്നിരിക്കുകയായിരുന്നു രോഹിണി. കൗശലത്തോടെ കൂട്ടുചേർന്നുള്ള ഊണിൽനിന്ന് രക്ഷനേടാൻ ശ്രമിച്ചപ്പോൾ പാർത്ഥേട്ടൻ തന്നെയായിരുന്നു മാന്യതയുടെ പേരിൽ കുടുക്കിയത്.

മുഖമുയർത്താതെ പ്ലേറ്റിൽ വിരലോടിച്ചുകൊണ്ട് രോഹിണി പറഞ്ഞു:"ആണുങ്ങൾ സംസാരിക്കുമ്പോൾ ഞാനെന്തു പറയാൻ?"

"അപ്പോൾ മിസ്സിസ്സ് പാർത്ഥൻ ഇപ്പോഴും, ഒരന്തഃപുര കന്യകയാണല്ലേ? അതു പറ്റില്ല. എന്റെ അഭിപ്രായത്തിൽ ഭാരതീയ ഋഷി

വര്യൻമാരെല്ലാം കൂട്ടുചേർന്ന് ഇവിടെ സ്ത്രീകളെ അബലകളും ചപലകളും ബലഹീനകളുമാക്കുകയായിരുന്നു. സത്യത്തിൽ പുരുഷനോടൊത്ത ബുദ്ധിയും ധിഷണാവൈഭവവും സ്ത്രീക്കു മുണ്ട്. ലേശം ശാരീരികശക്തിയുടെ കുറവുണ്ടെന്നേയുള്ളൂ.''

തീറ്റിക്ക് ഉപശാന്തിയായി ഒരിറക്കുവെള്ളം കുടിച്ച് അയ്യർ തുടർന്നു:

''ഞാൻ പറഞ്ഞുവന്നതിതാണ്; ഇന്ത്യ ഇന്നു ലോകത്തിന്റെ കണ്ണിൽ അപരിഷ്കൃത രാജ്യമാണ്. അതിന്റെ സത്യസ്ഥിതിയുമാണല്ലോ ഇവിടത്തെ ആദിവാസികൾ. ഈ യുഗത്തിലും ഇത്തരം മനുഷ്യരുമുണ്ടെന്നത് എന്തുകഷ്ടമാണെന്നു നോക്കൂ.''

വിശ്വനാഥയ്യരുടെ വരവ് ഡിപ്പാർട്ടുമെന്റ് രഹസ്യമായിരുന്നു. പര്യടനത്തിന് മാനേജർ തസ്തികയിലുള്ള രണ്ടുപേരെ തിരഞ്ഞെടുക്കുക എന്നതായിരുന്നു ഉദ്ദേശ്യം. കൂടാതെ പൊടുന്നനെയുള്ള പരിശോധനയും.

രഹസ്യമായി വാർത്ത ചോർത്താനായപ്പോൾ അക്ഷീണം യത്നിച്ച്, കാലതാമസം വന്ന് വർഷങ്ങളായി ഒരു തുമ്പും കിട്ടാതെ, ഒരു തീരുമാനത്തിലുമെത്താനാവാതെ അമാന്തിച്ചുകിടന്നിരുന്ന ഫയലുകളെ പാർത്ഥേട്ടൻ പഠിച്ചു തീർത്ത് ഒരു നിഗമനത്തിലെത്തി.

എന്നിട്ടും ഒരു ഫോൺ കാൾ ലഭിച്ചപ്പോൾ അമ്പരപ്പു പ്രദർശിപ്പിച്ച് പിറ്റെന്നത്തെ ഒരുക്കത്തിനായി പാർത്ഥേട്ടൻ തിരക്കുകൂട്ടുകയായിരുന്നു. ഊൺ മേശക്കരികെ ഇരുന്നതല്ലാതെ രോഹിണിയ്ക്ക് ഉണ്ണാനേ തോന്നിയില്ല. പുലർച്ചേ എണീറ്റതുമുതൽ ഒരേ അദ്ധ്വാനമായിരുന്നു. ശരീരക്ഷീണത്തിനപ്പുറമാണ് മനസ്സിന്റെ നോവ്.

പാർത്ഥേട്ടന്റെ വാക്കുകൾ മനസ്സിൽ അള്ളിപ്പിടിച്ച് കിടപ്പാണ്.

കെ.എമ്മിന് ശേഷം ഇനിയും ഞാൻ ഒരുത്തന് എന്റെ കിടക്കറ പകത്തുകൊടുക്കേണ്ടിയിരിക്കുന്നു. പാർത്ഥേട്ടന്റെ ഉന്നതിക്കായി പിന്നീടു പലർക്കുമായി. മാദകമായ പുഞ്ചിരിയോടെ വരവേല്പു നടത്തേണ്ടിവന്നേയ്ക്കും.

അയ്യർ സമൃദ്ധിയായി ഉണ്ണുന്നുണ്ട്. പാർത്ഥേട്ടൻ എന്തോ ചിന്തിച്ച് ഒരാവർത്തന കൃത്യത്തെപ്പോലെ ഊണു തുടരുന്നെന്നു മാത്രം.

കാലത്ത് ഓഫീസിലേക്കു പോവുമ്പോഴും പാർത്ഥേട്ടൻ ഓർമ്മിപ്പിക്കുകയായിരുന്നു: എന്റെ ഭാവി നിന്റേതുമാണ്. എല്ലാം നമ്മുടെ മോനും നിനക്കും വേണ്ടിത്തന്നെ. പിന്നെ എന്റെ സമ്മതമുള്ള സ്ഥിതിക്ക് അനാവശ്യമായ കുറ്റബോധമൊന്നും തോന്നേണ്ടതില്ലല്ലോ.

നിരത്തിനോരം ചേർന്ന് കിടപ്പാണ് കല്ല്യാണി ജി മേനോന്റെ ഇറക്കുമതിചെയ്ത കാറ്. പാർത്ഥേട്ടൻ ഒരാർഭാടത്തിനായി രണ്ടു നാളത്തേയ്ക്ക് കാറ് ഇരവൽ വാങ്ങിക്കുകയാണുണ്ടായത്. ആദിവാസികളായ വനിതകളെ ഏകോപിപ്പിച്ച്, അവരുടെ സ്വാശ്രയത്തെ മുൻനിർത്തി ഒരു തൊഴിൽ സംഘടന രൂപീകരിക്കേണ്ടുന്നതിലേക്കായി പാർത്ഥേട്ടന്റെ നാടൻ കാറുമായി അവർ തിരുവനന്തപുരത്തു ചെന്നിരിക്കയാണ്. മന്ത്രിയെ കാണലും സാമ്പത്തിക സഹായവും അനുമതിപത്രം നേടലുമാവും അവരുടെ ലക്ഷ്യം

അയ്യരുടെ കൂർത്ത കണ്ണുകൾ വീണ്ടും ചികഞ്ഞെത്തുന്നതു കണ്ടപ്പോൾ രോഹിണി മുഖം തിരിച്ചു.

ആകപ്പാടെ വിടത്വത്തിന്റെ ലക്ഷണങ്ങളാണ് കൂടുതൽ. നരകയറിയ തല ഡൈചെയ്തിരിക്കുകയാണെന്നു തോന്നുന്നു. മാംസളമായ മുഖത്തെ അലങ്കരിക്കുന്ന കണ്ണട മറ്റുള്ളവരുടെ ദൃഷ്ടിപഥത്തിൽനിന്ന് രക്ഷനേടുന്നതിനുള്ള പുകമറയുമാണ്. കണ്ണുകളിൽ വൃത്തികെട്ട പുഞ്ചിരിയാണുള്ളത്.

കലം കമഴ്ത്തിയതുപോലുള്ള കുമ്പയെ കണ്ടപ്പോൾ രോഹിണിയ്ക്ക് ഓക്കാനമാണ് വന്നത്.

കെ.എമ്മിന്റെ ഭാരിച്ച ശരീരത്തിന്റെ ഓർമ്മ അയാൾ കടിച്ചുപൊട്ടിച്ച മുലഞെട്ടിൽ നിന്ന് നാലുനാൾ കഴിഞ്ഞിട്ടും രക്തം കിനിയുന്നുണ്ടായിരുന്നു. പിന്നീടത് പഴുത്ത് വിങ്ങി ചലം നുരഞ്ഞു പൊട്ടുകയാണുണ്ടായത്. തുടയിലും അടിവയറ്റിലും കൂർത്ത നഖങ്ങൾ ആഴത്തിലിറങ്ങിയ, ചോരനാരുകൾ വാർന്നുവീണ പാടുകളായിരുന്നു.

ഊണു കഴിഞ്ഞ് സെറ്റിയിലിരുന്നപ്പോൾ അയ്യർ മുറുക്കിനു തയ്യാറെടുത്തു. അരികെത്തന്നെ പാർത്ഥനിരുന്നു. വെറുപ്പും ഇഷ്ടക്കേടുമുണ്ടായിരുന്നിട്ടും എതിരെ രോഹിണിയും.

“നമ്മുടെ പ്രവർത്തിമണ്ഡലത്തിന് ഇപ്പോൾ ഒരു രാഷ്ട്രീയച്ഛവിയുണ്ട്. ഒരു നല്ല സിവിൽ ഭരണം സ്ഥാപിക്കാൻ അതില്ലാതാക്കുകയാണ് ആവശ്യം. നാം സർക്കാറിന്റെ പണി ആളുകളാണ്. രാജാവിന്റെ ആജ്ഞ മുതൽ ഏകാധിപതിയുടെ ആജ്ഞവരെ നടപ്പിലാക്കാൻ സിവിൽ സർവ്വീസ് ഉണ്ടായേ പറ്റൂ...”

കീഴ്ത്താടിയിലൂടെ ഒലിച്ചിറങ്ങുന്ന ചാന്തു ചിന്തിയതുപോലുള്ള വെറ്റിലച്ചാറിനെ തുടച്ചുകളഞ്ഞ്, കീഴ്ചുണ്ടുയർത്തിപ്പിടിച്ച് അയ്യർ തുടർന്നു: “ഇപ്പോൾ ഫയലുകളുടെ പിമ്പെ ജനങ്ങളാണ് ഓടിനടക്കുന്നത്. പകരം ഇനി ഫയലുകൾ പ്രശ്നങ്ങൾ തീർക്കാനായി. ജനത്തെ തേടിച്ചെല്ലണം.”

അഴിമതി നടത്തിയെന്നും, കനത്തൊരു തുക കൈക്കൂലി ഇനത്തിൽ ബന്ധുവായിട്ടും വസൂൽ പറ്റിയെന്നും കാണിച്ച് പത്രത്തിൽ കുമ്പളങ്ങവട്ടത്തിൽ നിരയിട്ട വാർത്ത പാർത്ഥേട്ടൻ വായിച്ചു തരുകയായിരുന്നു. മുഖ്യൻ നല്കിയ മകളുടെ ഗർഭത്തെ അലസിപ്പിച്ച കഥയും കൂടുതലായി അപ്പോഴാണ് പാർത്ഥേട്ടൻ പറഞ്ഞത്.

"ഊണ് വളരെ നന്നായി. മിസ്റ്റർ പാർത്ഥൻ ഭാഗ്യവാനാണ്. സഹധർമ്മിണിയുടെ വിഭവങ്ങൾ അസ്സലായിട്ടുണ്ട്. കൂടാതെ സഹധർമ്മിണി തന്നെയും..."

മഹത്തായൊരു ഹാസ്യം പറഞ്ഞപോലെ അയ്യർ സ്വയം ആസ്വദിച്ചു ചിരിച്ചപ്പോൾ പാർത്ഥനും ഏറ്റുപിടിച്ച് ചിരിക്കുകയായിരുന്നു.

ഡയറക്ടർക്ക് വീണ്ടും അനേകം ഡിപ്പോർട്ടുമെന്റൽ പരാതികളാണുണ്ടായിരുന്നത്. അനാവശ്യമായ ഫയലുകളുടെ കെട്ടിക്കിടപ്പ്. തന്മൂലം സംഭവിക്കുന്ന ജനങ്ങൾക്കു ലഭിക്കാതെ പോവുന്ന സർക്കാറിന്റെ സഹായങ്ങൾ. കൂടാതെ പ്രാപ്തിയും ശുഷ്കാന്തിയുമുള്ള ഉദ്യോഗസ്ഥൻമാരുടെ അഭാവവും:

അയ്യർ വീണ്ടും സംസാരിക്കാൻ തുനിഞ്ഞപ്പോൾ പാർത്ഥൻ ചോദിച്ചു: "ഡിപ്പാർട്ടുമെന്റ് കുറെപ്പേരെ പര്യടനത്തിനയയ്ക്കുന്നെന്നു കേട്ടു."

പാർത്ഥേട്ടന് ഇപ്പോൾ എത്ര ഭവ്യതയോടെയാണ്, ദാസ്യഭാവത്തോടെയാണ് മനുഷ്യരെ അഭിമുഖീകരിക്കാൻ കഴിയുന്നത്.

"ഹൂ സെഡ് ടു യൂ ? നിങ്ങളെങ്ങിനെ ഇതറിഞ്ഞു?"

"പറഞ്ഞു കേട്ടതാണ്. സത്യസ്ഥിതി സാറിനറിയാമല്ലോ എന്നു വെച്ച് ചോദിച്ചതാണ്. സാറിനോട് ചോദിക്കാതെ മുഖ്യമന്ത്രി പോലും ഒരു തീരുമാനവുമെടുക്കില്ലെന്നാണ് ഞാൻ കേട്ടിട്ടുള്ളത്."

അയ്യർ പ്രൗഢിയോടെ സെറ്റിയിൽ മുന്നാക്കം ആഞ്ഞിരുന്ന് പറഞ്ഞു: "ഇറ്റ് ഈസ് മൈ എബിലിറ്റി ആന്റ് കര്യർ. ഏതായാലും പാർത്ഥനറിഞ്ഞത് ശരിതന്നെയാണ്. ജപ്പാനിലേയ്ക്കാണ് അയക്കു ന്നത്. രണ്ടു മാനേജർമാരാണ് സ്റ്റേറ്റിൽ നിന്നാകെ ഉണ്ടാവുക."

"സാറ് വിചാരിച്ചാൽ ഞാനും കൂട്ടത്തിൽ ചേരാമല്ലോ?"

"അത് ശരിയാണ്. പക്ഷേ ആളെ തിരഞ്ഞെടുക്കുന്നത് യോഗ്യതയും പ്രാപ്തിയും മാനദണ്ഡമാക്കി യാണല്ലോ. പിന്നെ പാർത്ഥനുണ്ടെങ്കിൽ തന്നെ മുൻകൂട്ടി ഞാൻ പറയരുതല്ലോ. അതും ഡിപ്പാർട്ട്മെന്റിനെ അവഹേളിക്കലാവും."

ഇരുന്നുമടുത്തപ്പോൾ ഔപചാരികതയോടെ ക്ഷമാപണം ചെയ്ത് രോഹിണി എണീറ്റു. അവൾ അകത്തെത്തുന്നതിനു പുറകെ പാർത്ഥനുമെത്തി.

“നീ ഞാൻ പറഞ്ഞതോർത്തിട്ടുണ്ടല്ലോ. സ്വാമിയെ കുടുക്കാൻ നിനക്കേ ആവൂ. സ്ത്രീകൾ പറഞ്ഞാൽ എന്തും ചെയ്യുന്ന പ്രകൃതമാണ്. സ്വാമി റെസ്റ്റെടുക്കട്ടെ. ഞാൻ ഓഫീസിലേക്കൊന്നു പോയ് വരാം...”

അവസരോചിതം പാർത്ഥേട്ടൻ സ്ഥലമൊഴിവാക്കുകയാണ്. ആദ്യകാലത്ത് മനസ്സിൽ പതിഞ്ഞ പാർത്ഥന്റെ രൂപത്തെ ഓർക്കാൻ ശ്രമിച്ച രോഹിണി പതിഞ്ഞ പുഞ്ചിരിപൊഴിച്ചു.

പാർത്ഥൻ ആദരവോടെ ഡയറക്ടറോട് യാത്ര പറയുകയും കാർ സ്റ്റാർട്ടാക്കി അകലുകയും ചെയ്തിട്ടും അവൾ അവിടെതന്നെ നിന്നു.

വെട്ടം വീഴുന്നതിനു മുന്നെ വന്ന് പണിയെടുക്കാനാരംഭിച്ച കൊത്തഗാറി അടുക്കളയിൽ തന്നെ ചുരുണ്ടുകൂടിക്കിടന്ന് ഗാഢമായുറക്കമാണ്. ഇനി ഇവളും അധികനാൾ ഇവിടെ കണ്ടെന്നുവരില്ല.

തിരികെ മുൻവശത്തേക്കു നടന്ന്. രോഹിണി പറഞ്ഞു:

“ഊണു കഴിഞ്ഞതല്ലേ... സ്വല്പം നടുചായ്ക്കാം...”

“വീട്ടിൽ അതെന്റെ പതിവുകൃത്യമാണ്.”

ഒരു വഴികാട്ടിയായി മുറിയിലേയ്ക്ക്.

പാർത്ഥൻ പറഞ്ഞ വാക്കുകൾ അപ്പോഴും അവളുടെ മനസ്സിൽ കിടന്നു നീറുന്നുണ്ടായിരുന്നു.

മുറിയിൽനിന്നും പുറമേക്കു കടക്കാൻ ശ്രമിച്ചപ്പോൾ അയാൾ പറഞ്ഞു.

“മിസ്സിസ്സ് പാർത്ഥന് ധൃതിയൊന്നുമില്ലല്ലോ. നമുക്ക് കുറച്ചുനേരം വെറുതെ ഇരുന്ന് സംസാരിക്കാം. ഇഷ്ടപ്പെട്ടവരോട് ഉള്ളഴിഞ്ഞ് സംസാരിക്കലാണ് ജീവിതത്തിലെ യഥാർത്ഥ സംതൃപ്ത നിമിഷങ്ങൾ.”

അയാളുടെ കണ്ണുകളിൽ ഒരു ദുരുദ്ദേശ്യത്തിന്റെ നാന്ദികണ്ട രോഹിണി അടക്കിവെച്ച, പൊട്ടിച്ചിതറാവുന്ന മറ്റൊരു ചിരിയെ ഓർത്ത് കൂടുതൽ മൂകയാവുകയാണുണ്ടായത്.

അയ്യർ ഭൂമണ്ഡലത്തിലെ ആകെ വിശേഷങ്ങൾ പറഞ്ഞുതീർത്തിരിക്കുന്നു. കൂടാതെ സുന്ദരിയും യുവതിയുമായ രോഹിണി മലഞ്ചെരുവിലെ കാട്ടുപ്രദേശത്ത് വന്നുപെട്ടതിലുള്ള, ഒരു സാധാരണ വനിതയുടെ ജീവിതം ഇവിടെ തീർത്തും ദുഃസ്സഹമാണെന്നോർത്തുള്ള അഗാധമായ ദുഃഖം രേഖപ്പെടുത്തുകയുമുണ്ടായി.

അലമാരിയിലെ നിലക്കണ്ണാടിയിൽ നോക്കി മുടി കോതുകയായിരുന്നു; രോഹിണി, അയ്യർ നടന്ന് പിൻവശത്തെത്തീട്ടും അവൾ

അറിഞ്ഞതായി നടിച്ചില്ല. അയാൾ ചുമലിൽ കൈവെച്ചപ്പോൾ തിരിഞ്ഞുനിന്ന് അവൾ മാദകമായി ചിരിച്ചു.

"പാർത്ഥേട്ടനും ടീമിലുണ്ടാവില്ലേ...?"

"മിസ്സിസ്സ് പാർത്ഥൻ വിചാരിച്ചാൽ തീർച്ചയായുമുണ്ടാവും..."

പറഞ്ഞു തീർക്കുമ്പോഴേയ്ക്കും അയാൾ അവളുടെ മാർദ്ദവമുള്ള തോളിൽ ഞെക്കുകയുണ്ടായി.

"നിൽക്കൂ..."

തുറന്നു കിടക്കുകയായിരുന്ന കതകടച്ച് രോഹിണി വീണ്ടു മെത്തി. ആർത്തിയോടെ അവളെ വാരിപ്പുണരാൻ ശ്രമിച്ച അയ്യരെ തടഞ്ഞ് രോഹിണി പറഞ്ഞു:

"നിങ്ങളൊരു സുന്ദരനാണ്... .എനിക്ക് നിങ്ങളുടെ സൗന്ദര്യ മൊന്നു കാണണം..."

കുപ്പായത്തിന്റെ കടുക്കുകളിലൂടെ, അയഞ്ഞ കാലുറ പാളിക ളിലൂടെ അവളുടെ വിരലുകൾ ഇഴഞ്ഞു നടന്നപ്പോൾ വികാര ത്തിന്റെ വീർപ്പുമുട്ടലോടെ അടിവസ്ത്രം മാത്രമായി പൊറുതികെട്ട് തടപൊട്ടിയ മനസ്സുമായി അയാൾ നില്പായിരുന്നു.

"ദെൻ ഐ ആം..."

അയാൾ സാരിയുടെ നാമ്പുവിടർത്തി ജാക്കറ്റിന്റെ ഹുക്കുകളെ തേടിയപ്പോൾ രോഹിണി പൊടുന്നനെ ഒഴിഞ്ഞുമാറി. അതേ വേഗ ത്തിൽ തന്നെ അയ്യരുടെ കുപ്പായവും പാന്റ്സും ബനിയനും ജനാ ലയിലൂടെ പുറമേക്കെറിഞ്ഞ അവൾ പൊട്ടിച്ചിരിച്ചു.

രോഹിണിയുടെ പൊട്ടിച്ചിരി ദയനീയമായ ഒരാർത്തനാദമായി അവസാനിച്ചപ്പോഴും അയാൾ ഒരമ്പരപ്പിന്റെ വെളിച്ചത്തിൽ അതേ നില്പ് തുടരുകയായിരുന്നു.

"പീറ....പട്ടരേ കടക്കൂ പുറത്ത്..." അയാൾ മടിച്ചുനിന്നപ്പോൾ അവൾ ഉറക്കെ അലറി:

"എടോ തന്നോടാണ് പറഞ്ഞത്. നിനക്ക് എന്നെ വേണമല്ലേ..."

കതകു തുറന്ന് ഇരതേടുന്ന ഓന്തിനെപ്പോലെ പയ്യെ അടി വസ്ത്രം മാത്രമായി അയ്യർ മുറിക്കുപുറത്തേക്കു കടന്നപ്പോൾ രോഹിണി കതകിനു താഴിട്ട് വീണ്ടും കട്ടിലിൽ ചെന്നുകിടന്നു.

അവൾ ഉച്ചത്തിൽ പൊട്ടിച്ചിരിക്കവേ നിരത്തിൽ ഉടുതുണി യെടുക്കാനായി വീടിന്റെ പിന്നാമ്പുറത്തേക്കു പാഞ്ഞ ഡയറക്ടറെ കണ്ട് പിള്ളേർ കൂവി ആർക്കുന്നുണ്ടായിരുന്നു.

രോഹിണി വീണ്ടും ചിരിച്ചു..... വീണ്ടും, വീണ്ടും.......

രാത്രി രോഷാകുലനും നിരാശനുമായി കടന്നുവന്ന പാർത്ഥൻ കതകിന് തട്ടിവിളിക്കുകയാണുണ്ടായത്. അപ്പോഴേയ്ക്കും

രോഹിണിയുടെ ചിരിയുടെ ആക്കം അടങ്ങിയിരുന്നു. എന്നിട്ടും, പാർ ത്ഥന്റെ വരവറിഞ്ഞിട്ടും അവൾ കതക് തുറക്കുകയുണ്ടായില്ല.

വീണ്ടും അയാൾ കതകിന് തട്ടിയപ്പോൾ അവൾ പറഞ്ഞു;

‘‘പാർത്ഥേട്ടന്റെ വഴിയും എന്റെ വഴിയും രണ്ടാണ്. നമുക്കീ ബന്ധം ഇവിടെ അവസാനിപ്പിക്കാം. എന്തിനാണ് നമ്മൾ സ്വയം ദുഃഖിക്കാനായി ഒരു യുദ്ധം ചെയ്യുന്നത്?’’

കുറെക്കഴിഞ്ഞ് മുറിയിൽ കുപ്പിതുറക്കുന്നതും പെഗ്ഗ് നിറയുന്ന ഒച്ചയും അവൾ കേട്ടു.

പാർത്ഥേട്ടൻ ഒരു സുവർണ്ണാവസരം പാഴിലായതിനെ ഓർത്ത് ദുഃഖിക്കുകയാവും. പക്ഷേ ഞാൻ ദ്രൌഹിത്രിയുടെ മോൾക്ക് ഇവിടെ ജീവിതമേ നിരാകരിക്കപ്പെട്ടതായിരിക്കുന്നു. പാർത്ഥേട്ടന്റെ കാരുണ്യം കുറച്ചുകാലം എനിക്ക് തൃപ്തിനൽകി. അത് സ്മൃതി പേടകത്തിലെ മാധുര്യമുള്ള ഒരു കനിയായി ത്തീർന്നിരിക്കയാണ്.

പിന്നീട് പാർത്ഥൻ കതകിന് മുട്ടിവിളിക്കുകയോ, അവളെ പഴി പറഞ്ഞ് ശകാരിക്കുകയോ ഉണ്ടായില്ല. ഉരുകിയ ഈയ്യം തണുത്ത് ആകൃതിവന്നതു പോലെ ശാന്തമായ മനസ്സുമായി രോഹിണി രാത്രി മുഴുക്കെ ഗാഢമായ ഒരുറക്കത്തിലമരുകയായിരുന്നു.

പാഠകം നാല്

അൻപത്തിമൂന്ന്

ബസ്സിറങ്ങി നടക്കുമ്പോൾ വിനീതൻ ചോദിച്ചു.

''അപ്പൊ അച്ഛനെ കണ്ടാലെന്താ ചെയ്യാ?''

മകന്റെ നെറുകയിലൂടെ വിരലോടിച്ച രോഹിണി നെടുതായി നിശ്വസിച്ചു.

''മോൻ....സംസാരിച്ചോ.''

''എന്നാ... അമ്മയോ...?''

ഉത്തരം മുട്ടിയപ്പോൾ അവൾ പറഞ്ഞു:

''മോൻ വേഗം നടക്ക്...''

ഉച്ചച്ചൂടുകൊണ്ട് നടക്കല്ലുകയറുമ്പോഴേയ്ക്കും വല്ലാതെ വിയർത്തു. കതക് തുറന്ന് അകത്തു കയറിയപാടെ വിനീതൻ ആഹ്ലാദത്തോടെ മുറികളിലേക്ക് ഒന്നൊന്നായി ഓട്ടമാരംഭിച്ചു. കസേരയിൽ ചായ്ഞ്ഞിരുന്ന രോഹിണി വെറുതെ പുറംലോകത്തെ നോക്കിക്കണ്ടു.

വികലമായ ഓർമ്മകൾ ഇപ്പോൾ ഒരു വിഴുപ്പുഭാണ്ഡമായിത്തീർന്നിരിക്കയാണ്. പാർത്ഥേട്ടനോടൊത്ത് ആദ്യമായി ഒരു വീട്ടിൽ കുടിപാർപ്പാരംഭിച്ചതായിരുന്നു. ഇപ്പോഴും പുതിയൊരു വാടകവീട്ടിൽത്തന്നെ.

നാലുനാൾ മുറിയിൽ അടച്ചിരുപ്പുതന്നെയായിരുന്നു. പിന്നീട് ആശുപത്രിയുടെ പിൻവശത്തേക്കുള്ള നേഴ്സ് ക്വാർട്ടേഴ്സിലേക്ക് താമസം മാറ്റുകയാണുണ്ടായത്. അപ്പോഴേയ്ക്കും പട്ടിചത്തുനാറുന്നതുപോലെ അഭ്യൂഹങ്ങളുടെ കൂമ്പാരമായ വാർത്ത. അയ്യരുടെ അർദ്ധനഗ്നതാ പ്രദർശനവും മറ്റും എങ്ങും പ്രസിദ്ധമായിരുന്നു.

അകത്തുനിന്നും ഓടിയെത്തിയ വിനീതൻ മടിയിൽ കയറി ഇരുപ്പുറപ്പിച്ചപ്പോൾ മനസ്സുപൊട്ടിതേമ്പുന്ന തളർച്ചയുമായി രോഹിണി അവന്റെ നെറുകയിൽ മുകർന്നു. കുറെക്കാലമായി ഒഴുക്കുനിലച്ച കണ്ണീര് അപ്പോഴേക്കും ഒഴുക്ക് തുടരുകയുണ്ടായി.

ഭൂമി നിലാവിൽ കുളിച്ചതുപോലെ വെയിലുമായി അലിഞ്ഞുചേർന്നിരിക്കുന്നു. മഞ്ഞിൻകണങ്ങൾ ചൂടുകൊണ്ട് വെടിച്ചകന്നിരിക്കയാണ്. കാറ്റിലും മരംകോച്ചുന്ന തണുപ്പൊന്നുമില്ല.

വിനീതനെ കുളിപ്പിച്ചതിനുശേഷം രാത്രിക്കുള്ള ഊണൊരുക്കാമെന്ന തോന്നലോടെ രോഹിണി എണീറ്റു.

□



കാട്ടാളൻ

മനോജ്

മുഖ്യധാരാ ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ അപചയത്തിന്റെ ആരംഭഘട്ടത്തിൽ രൂപംകൊണ്ട ജീവിതത്തെ ആഴത്തിൽ സ്പർശിക്കുന്ന നോവൽ. ഉൽകൃഷ്ടനായ മനുഷ്യനെ കാട്ടാളനാക്കിത്തീർക്കുന്ന സാമൂഹിക-രാഷ്ട്രീയ അവസ്ഥകളുടെ ഒരു നേർചിത്രം.

നാലര പതിറ്റാണ്ടിനു ശേഷവും ജീവൻ തുടിക്കുന്ന മനുഷ്യരുടെ പരിണാമവിപരിണാമങ്ങളുടെ കഥ പറയുന്ന നോവലിന്റെ രണ്ടാം പതിപ്പ്.

BLUE INK BOOKS

KATTALAN
MANOJ
NOVEL | ₹:799

ISBN: 978-81-993534-5-9
9 788199 353459
www.bluinkbookskannur.com

Cover Design: Nived Kotheri